# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. [illegible]

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

**വാല്യം 13**

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

**വാല്യം 14**

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

**വാല്യം 15**

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

**വാല്യം 16**

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

**വാല്യം 17**

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി

**വാല്യം 18**

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

**വാല്യം 19**

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

**വാല്യം 20**

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

**വാല്യം 21**

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

**വാല്യം 22**

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ

**വാല്യം 23**

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

**വാല്യം 24**

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

**വാല്യം 25**

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

**വാല്യം 26**

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

**വാല്യം 27**

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം

## വാല്യം 28

### കോയിപ്രം ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്
*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ

വാല്യം 57

**കാഞ്ഞിരപ്പള്ളി ബ്ലോക്ക്**

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

**അടിമാലി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

**ദേവികുളം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

**നെടുംകണ്ടം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

**ഇളംദേശം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

**ഇടുക്കി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

**കട്ടപ്പന ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

**തൊടുപുഴ ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

**അഴുത ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

**പറവൂർ ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര

വാല്യം 67

**ആലങ്ങാട് ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

**അങ്കമാലി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

**കൂവപ്പടി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

**വാഴക്കുളം ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

**ഇടപ്പള്ളി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. [illegible]

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. [illegible]

**വാല്യം 85**

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ

**വാല്യം 90**

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. തൃക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

**വാല്യം 95**

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം

2

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി

വാല്യം 133

## ചേളന്നൂർ ബ്ലോക്ക് .

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ

**വാല്യം 141**

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

**വാല്യം 142**

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

**വാല്യം 143**

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

**വാല്യം 144**

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി

**വാല്യം 145**

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

**വാല്യം 146**

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

**വാല്യം 147**

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

**വാല്യം 148**

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ

**വാല്യം 149**

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേള്ളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എൻമകജേ
11. ബദിയടുക്ക

**വാല്യം 150**

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

**വാല്യം 151**

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

**വാല്യം 152**

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. [illegible]

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ


**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ആതവനാട് പഞ്ചായത്ത്

## ജനകീയാസൂത്രണം





## സമഗ്ര വികസന രേഖ

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# ആതവനാട് ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ
## സമഗ്രവികസനരേഖ




ആതവനാട്

☐ പത്രാധിപർ

സി. വിജയകുമാർ

☐ പത്രാധിപ സമിതി അംഗങ്ങൾ

ടി. ഹഫ്സ ഇസ്മായിൽ

സി. സഹീദ് അലി.

പി.കെ. ഉസ്മാൻ

വി.എം. മുഹമ്മത്

കെ.ടി. മുസ്തഫ

വി.എം. ഇസ്മായിൽ

സി. ശങ്കരൻ

കെ.ടി. അലി

പി. ശുധീർ കുമാർ

എ. മമ്മു മാസ്റ്റർ

ടി.കെ. ബാലകൃഷ്ണൻ

സി.കെ. കുഞ്ഞാലി.

☐ സഹായികൾ

പി. മുകുന്ദൻ

സി. ബാലകൃഷ്ണൻ

## താളുകളിൽ


1. ആമുഖം
2. പൊതുവിതരണം
3. സാമൂഹ്യ സാംസ്കാരികചരിത്രം
4. ഭൂപ്രകൃതി
5. കൃഷിയും ജലസേചനവും
6. മൃഗസമ്പത്തും പക്ഷി – മത്സ്യസമ്പത്തും
7. വിദ്യാഭ്യാസം
8. കുടിവെള്ളം
9. ആരോഗ്യം
10. ഊർജ്ജം
11. ഗതാഗതം
12. വ്യവസായം
13. പൊതുവിതരണം
14. സംസ്കാരം
15. വനിത
16. സഹകരണം
17. പട്ടികജാതി
18. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും
19. വിഭവസമാഹരണം
20. ഉപസംഹാരം

19

# ആതവനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



ടി. ഹഫ്സ ഇസ്മായിൽ *( പ്രസിഡന്റ് )*



സി. മുഹമ്മദലി *( വൈസ് പ്രസിഡന്റ് )*



കെ.പി. കരീം *( സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ )*

| | | |
|---|---|---|
| 1. | ഖാലിദ്. എം | *(മെമ്പർ)* |
| 2. | റഹീദാബി. പി. | " |
| 3. | മുഹമ്മദ് .എം.കെ | " |
| 4. | എം. സുലൈഖ | " |
| 5. | അയ്യപ്പൻ. കെ.പി. | " |
| 6. | സൽമ. ടി | " |
| 7. | മുഹമ്മദ്. വി.എം. | " |
| 8. | ചാലിൽ മൊയ്തീൻ | " |
| 9. | എൻ. കുഞ്ഞാപ്പു | " |

# ആമുഖം

ബ്രിട്ടീഷ് കോളനി വാഴ്ചയിൽ നിന്നും മോചനം നേടി ജനാധിപത്യഭരണക്രമത്തിലേക്ക് പ്രവേശിച്ച് നീണ്ട നാൽപ്പത്തി ഒൻപത് വർഷങ്ങളായി എങ്കിലും വികസനത്തിൻെറ പാതയിൽ മുന്നേറി എന്നു പറയുക പ്രയാസമാണ്.

കേരളത്തിൽ വികസന രംഗത്തെ മുന്നേറ്റ മാരംഭിക്കുന്നത് 1957 ലെ ഗവൺമെൻറിൻെറ കാലം മുതൽക്കാണ്. ഭൂപരിഷ്ക്കരണവും വിദ്യാഭ്യാസനയവും കേരളത്തിലെ സാമുഹ്യ സാമ്പത്തിക മേഖലകളിൽ മുന്നേറ്റമുണ്ടാക്കി. ആരോഗ്യം, സാക്ഷരതാ നിരക്ക്, ജീവിത നിലവാരം തുടങ്ങിയ വയിൽ വളരെയേറെ മുന്നേറിയപ്പോൾ കേന്ദ്രീകൃതാസൂത്രണത്തിൻെറ പാകപ്പിഴകൾമൂലം കൃഷി, വ്യവസായം തുടങ്ങിയ സാമ്പത്തികമേഖല കളിൽ നിലവാരത്തകർച്ചയും മുരടിപ്പും ഉണ്ടാക്കി. ഇത്തരമൊരു ഘട്ടത്തിലാണ് 1996ൽ അധികാര ത്തിലെത്തിയ സർക്കാരും സംസ്ഥാന ആസുത്രണ ബോർഡും അസൂത്രണം ജനകീയമാക്കി 9-ാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചതും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തനം ആതവനാട് പഞ്ചായത്തിലേക്ക് എത്തിയത് D R P ക്യാമ്പോടുകൂടിയാണ്. സപ്ത 11,12, 13 തിയ്യതികളിൽ തിരൂർ DIET ഹാളിൽ നടന്ന പ്രസ്തുത ക്യാമ്പിൽ 9 പേർ പങ്കെടുത്തു. അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യമുയർത്തി പഞ്ചായത്തിലേക്കിറങ്ങി. 17.9. 96 ന് പുത്തനത്താണിയിൽ വച്ച് പഞ്ചായത്ത് തലവികസന ശിൽപശാല നടന്നു. ശിൽപശാലയിൽ 84 പേരാണ് പങ്കെടുത്തത്. പിന്നീട് നാടിനെ പണർത്തിക്കൊണ്ട് നടന്ന ഗ്രാമസഭ കളിൽ 1270 പേർ പങ്കാളികളായി. 6-ാം വാർഡിലും 12-ാം വാർഡിലുമാണ് ഉയർന്ന പ്രാതിനിധ്യം ഉണ്ടായിരുന്നത്. ആസൂത്രണത്തെക്കുറിച്ചുള്ള അജ്ഞത കാരണം ഗ്രാമസഭാ റിപ്പോർട്ടുകൾ ഭൂരിഭാഗവും നിവേദനങ്ങളായി മാറി. രണ്ടാംഘട്ട DRP, LRP പരിശീലനത്തോടെയാണ് വികസനറിപ്പോർട്ടിൻെറ മുന്നൊരുക്കത്തിന് തുടക്കമായത്. പഞ്ചായത്തു പ്രസിഡൻറിൻെറ നേതൃത്വത്തിൽ പതിനഞ്ചോളം വരുന്ന DRP, LRP മാർ പഞ്ചായത്തിൻെറ തലങ്ങും വിലങ്ങും നടന്ന് വിഭവഭൂപടം തയ്യറാക്കി വാർഡു തോറും സാമൂഹികസാമ്പത്തിക സർവേക്ക് എർപ്പാട് ചെയ്തിരുന്നുവെങ്കിലും എല്ലാ വാർഡുകളിലും അതു വേണ്ടത്ര ഗുണകരമായിരുന്നില്ല. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുള്ള ദ്വിതീയ വിവരശേഖരണവും നടന്നു.

കഴിഞ്ഞ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി സാമ്പത്തിക സേവനമേഖലകൾക്ക് ഉണർവ്വ് പകർന്നുകൊണ്ട് ബഹുജനശക്തിയുടെ പിൻബലത്തോടെ നാടിൻെറ വികസന സ്വപ്നങ്ങൾ യാഥാർത്യമാക്കേണ്ടതുണ്ട്. 50 വീടുകൾ ഒരു അയൽക്കൂട്ടമെന്ന നിലയിൽ പ്രവർത്തന സജ്ജമാകണം. വികേന്ദ്രീകരിക്കപ്പെട്ട അസൂത്രണപ്രക്രിയയിൽ സർക്കാരിനോടൊപ്പം നമുക്കും പങ്കാളികളാകാം.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ആതവനാട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ആതവനാട്, കുറുമ്പത്തൂർ |
| താലൂക്കിൻെറ പേര് | : | തിരൂർ |
| ബ്ളോക്ക് പഞ്ചായത്ത് | : | കുറ്റിപ്പുറം |
| അസംബ്ളി മണ്ഡലം | : | കുററിപ്പുറം |
| പാർലമെൻറ് മണ്ഡലം | : | പൊന്നാനി |
| വിസ്തീർണ്ണം | : | 26.77 ചതുരശ്ര കീ.മി. |
| വാർഡുകൾ | : | 12 |
| അതിരുകൾ | : | വടക്ക് മാറാക്കര പഞ്ചായത്ത് |
| | | തെക്ക് കുറ്റിപ്പുറം പഞ്ചായത്ത് |
| | | കിഴക്ക് വളാഞ്ചേരി പഞ്ചായത്ത് |
| | | പടിഞ്ഞാറ് തിരുനാവായ പഞ്ചായത്ത് |
| ജനസംഖ്യ | : | 30707 |
| പുരുഷൻമാർ | : | 14771 |
| സ്ത്രീകൾ | : | 15936 |
| പട്ടികജാതി | : | 1226 |
| പുരുഷന്മാർ | : | 613 |
| സ്ത്രീകൾ | : | 613 |

# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകത്തിൻെറ അവകാശികളാണ് ഈ ഗ്രാമീണ ജനത. ഐതിഹ്യങ്ങളുടെ നിറക്കൂടുകൾക്കപ്പുറം ചരിത്രയാഥാർഥ്യങ്ങളും ഈ പാരമ്പര്യത്തെ ധന്യമാക്കിയിട്ടുണ്ട്.

മധ്യകാലഘട്ടത്തിൽ കേരളത്തിൽ കൊടികുത്തി വാണിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെ മേലാളൻമാരായിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കൻമാരുടെ അധികാര മേഖലയായിരുന്നു ഈ പ്രദേശം. 16 നൂറ്റാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ വന്നേരിയിൽ നിന്നും വരികയും വെട്ടത്തുരാജാവിൽനിന്നും മേൽക്കോയ്മ ലഭിക്കുകയും ചെയ്ത ആഴ്വാഞ്ചേരി തമ്പ്രാക്കൻമാർ പിന്നീട് ഈ പ്രദേശത്തിൻെറ ഉടമസ്ഥരായി മാറി. മേധാശക്തിയും പ്രാമാണിത്തവും കൊണ്ട് അവർ കേരളത്തിലെ മുഴുവൻ ജന വിഭാഗങ്ങളുടെയും ആദരവിന് പാത്രീഭൂതരായി.. രാജാക്കൻമാരെപ്പോലും അരിയിട്ട് വാഴിക്കാൻ അവർക്ക് അധികാരമുണ്ടായിരുന്നു.

ആഴ്വാഞ്ചേരി തമ്പ്രാക്കൾ വാഴുന്ന നാട് എന്ന വിശേഷണം ആതവനാടായി പരിണമിച്ചു എന്ന ഐതിഹ്യം പ്രസിദ്ധമാണ്. ചരിത്രപിമായി ഇതിൻെറ സാംഗത്യം സംശയാസ്പദമാണ്.

ബുദ്ധ ജൈനമതങ്ങളുടെ പ്രബലമായ സ്വാധീനം ഈ മേഖലയിൽ പ്രാചീനകാലത്ത് അനുഭവപ്പെട്ടിരുന്നു. 'ചിങ്ങിമട' പോലുള്ള പാറമടകൾ ബുദ്ധസന്യാസിമാരുടെ ധ്യാനകേന്ദ്രങ്ങൾ ആയിരുന്നു എന്ന് ഊഹിക്കപ്പെടുന്നു. അനുമാനങ്ങൾക്കപ്പുറം ശാസ്ത്രീയമായ ഒരു പഠനം ഇക്കാര്യത്തിൽ നടന്നിട്ടില്ല. പറയിപെറ്റ പന്തിരുകുലവുമായി ബന്ധപ്പെട്ട ധാരാളം ഐതീഹ്യകഥകൾ ആതവനാടിനുണ്ട്. കുറുമ്പത്തൂരിലെ പാക്കച്ചിറ പാക്കനാരുടെ ഐതീഹ്യവുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം തപസ്സനുഷ്ടിച്ചിരുന്നത് എന്നു പറയപ്പെടുന്ന മനോഹരമായ ഒരു ഗുഹ ഇവിടെയുണ്ട്.

പ്രസിദ്ധമായൊരു വനദുർഗാ ക്ഷേത്രം സ്ഥിതിചെയ്യുന്ന ചന്ദനക്കാവ് ഒരു കാലഘട്ടത്തിൽ സാംസ്ക്കാരിക കേന്ദ്രമായിരുന്നു. മേൽപത്തൂർ നാരായണഭട്ടതിരിയുടെ ജൻമഗൃഹം ഇവിടെയാണ്. പാരിസ്ഥിതിക സൗന്ദര്യം തികഞ്ഞ ഒരു വനം ഇന്നും ഈ ക്ഷേത്രത്തിനോട് ചേർന്ന് സംരക്ഷിക്കപ്പെടുന്നുണ്ട്.

സമീപകാല ചരിത്രം അവലോകനം ചെയ്യുമ്പോൾ ജൻമിത്തത്തിൻെറ അനുക്രമമായ തകർച്ചയുടെ ചിത്രം വ്യക്തമായി കാണാവുന്നതാണ്. 1921 ലെ കലാപം ആതവനാടിനെ ബാധിച്ചിട്ടുണ്ട്. സാമ്പത്തികമായി കവർച്ച നടത്തുന്നതിലേക്ക് കലാപം വഴിമാറിയിട്ടുണ്ട്. എന്നാൽ ജന്മിമാരിൽനിന്നും പിടിച്ചെടുത്ത ധാന്യവും മറ്റും പാവങ്ങൾക്കായി വിതരണം ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്. കലാപകാലത്തും ഹിന്ദു മുസ്ലിം ജൻമിമാർക്കിടയിൽ ഐക്യം നിലനിന്നിരുന്നതായി കാണാം.

പണ്ടുകാലം മുതൽക്കു തന്നെ ഈ പ്രദേശത്ത് അയിത്തം, മന്ത്രവാദം, ജാതീയത, തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്നു. ജന്മിത്തത്തിൻെറ ശക്തമായ സ്വാധീനവും ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചക്കുറവും ഈ അനാചാരങ്ങൾ തുടർന്നുപോരുന്നതിനു കാരണമായി. പിൽക്കാലത്ത് പുരോഗമന പ്രസ്ഥാനങ്ങളുടയും മറ്റും സ്വാധീനഫലമായാണ് ഇവയുടെ ശക്തി ക്ഷയിച്ചത്. ഗ്രന്ഥശാല പ്രസ്ഥാനവും ഈ രംഗത്ത് ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശ്രീ. കെ.പി. ഗോപാലൻെറ നേതൃത്വത്തിലുള്ള അയിത്തോച്ചാടന പ്രസ്ഥാനം കുറുമ്പത്തൂർ ഭാഗത്തും പാറേക്കളം താമിയുടെ നേതൃത്വത്തിൽ ആതവനാട്ടും സജീവമായിരുന്നു.

ആതവനാട് പഞ്ചായത്ത് നിലവിൽവന്നു. കേരളത്തിനു മുഴുവൻ മാതൃകയായികൊണ്ട് ശ്രീ. വേലായുധൻ സംസ്ഥാനത്തിലെ ആദ്യത്തെ ഹരിജൻ പ്രസിഡൻറും പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ടുമായി.

1989 ൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാ യജ്ഞം പഞ്ചായത്തിൽ സജീവമായിരുന്നു.

ൽ ഉദ്ഘാടനം ചെയ്യപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ പഞ്ചായത്ത് പ്രവർത്തിക്കുന്നത്. 1995 ഒക്ടോബർ 2 ന് നിലവിൽ വന്ന ഭരണസമിതിയാണ് അധികാരത്തിലിരിക്കുന്നത്. ശ്രീമതി. ഹഫ്സ് ഇസ്മായിലാണ് പ്രസിഡണ്ട്.

സാമുദായിക സൗഹാർദ്ദം അക്ഷരാർത്ഥത്തിൽ പുലരുന്ന ഈ പഞ്ചായത്തിൻെറ സമഗ്ര വികസനത്തിനായി ഇനിയുമേറെ ചെയ്തു തീർക്കാനുണ്ട്.

■

# ഭൂപ്രകൃതി

പഞ്ചായത്തിൻെറ ഭൂപ്രകൃതി പ്രധാനമായും കുന്നിൻ പ്രദേശങ്ങളും ഉയർന്ന സമതലങ്ങളും നിറഞ്ഞതാണ്. പടിഞ്ഞാറ് തിരുന്നാവായ, കൽപകഞ്ചേരി പഞ്ചായത്തുകളും കിഴക്ക് മാറാക്കര, വളാഞ്ചേരി പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൻെറ തെക്കേ അറ്റത്ത് നിന്ന് ഏകദേശം 3 കിലോമീറ്റർ അകലെയായി നിളാ നദി ഒഴുകുന്നു. തെക്ക് തിരുനാവായ, കുറ്റിപ്പുറം പഞ്ചായത്തുകളും വടക്ക് മാറാക്കറ പഞ്ചായത്തും സ്ഥിതിചെയ്യുന്നു. പ്രധാനമായും പഞ്ചായത്തിനെ വഭജിച്ചിരിക്കുന്നത് റോഡുകൾ വഴിയാണ്. പടിഞ്ഞാറ് തിരുനാവായ. പുത്തനത്താണി PWD റോഡും കിഴക്ക് കഞ്ഞിപ്പുര കാടാമ്പുഴ റോഡും വഴി പഞ്ചായത്തിനെ മറ്റ് പഞ്ചായത്തുകളിൽ നിന്ന് വിഭജിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ ആറോളം വാഡുകളിലൂടെയാണ് പ്രധാന ദേശീയ പാതയായ NH 17 കടന്നു പോകുന്നത്.

മലപ്പുറം ജില്ലയുടെ ഏതാണ്ട് തെക്ക് കിഴക്കായിട്ടാണ് ആതവനാട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പഞ്ചായത്ത് 26.77 ച.കി.മീറ്റർ വ്യാപിച്ചു കിടക്കുന്നു.

ഭൂപ്രകൃതി അനുസരിച്ച് ആതവനാട് പഞ്ചായത്തിനെ അഞ്ച് മേഖലകളാക്കി തരം തിരിക്കാം.

1. ഉയർന്ന സമതലം
2. ചെറു ചെരിവ്
3. ഇടത്തരം ചെരിവ്
4. താഴ്‌വര.
5. കുത്തനെയുള്ള ചെരിവ്

ഇവയിലോരോന്നിൻെറയും വിസ്തൃതി ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശവും നിമ്നോന്നത മേഖലകളാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി പ്രധാനമായും നാലായി തരം തിരിക്കാം. ഇരുപത് മീറ്ററിന് താഴെ, ഇരുപത് മീറ്ററിന് മുകളിൽ, 40 മീറ്ററിന് മുകളിൽ, 60 മീറ്ററിന് മുകളിൽ. നെല്ലിത്തടം കുന്ന്, മുഴങ്ങാണിക്കുന്ന്, വെട്ടിച്ചിറ, മാട്ടുമ്മൽ, അവണകംകുന്ന്, വെള്ളാരം കുന്ന്, അമ്പലപ്പറമ്പ് എന്നിവയാണ്. ഏറ്റവും താഴ്ന്ന പ്രദേശം പുന്നത്തലയും ഏറ്റവും ഉയർന്ന പ്രദേശം മുഴങ്ങാണി കുന്നുമാണ്. ഏറ്റവും താഴ്ന്ന പ്രദേശമായ പുന്നത്തലയിൽ നിന്ന് മുഴങ്ങാണി കുന്നിലേക്ക് 75 മീറ്ററോളം ഉയരം വരും. പഞ്ചായത്തിൻെറ വടക്ക്, കിഴക്ക്, പടിഞ്ഞാറ് പ്രദേശങ്ങൾ ഉയർന്നതും തെക്ക് താഴ്ന്ന പ്രദേശവുമാണ്.

നിമ്നോന്നത മേഖലകളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

ആതവനാട് പഞ്ചാത്തിൽ 75% ഭാഗവും ചെങ്കൽ പ്രദേശവും, 15% ഭാഗം ചെളിമണ്ണും 10% മറ്റുള്ളവയുമാണ്.

ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ കൊടുത്തിരിക്കുന്നു.

### ജനപ്രകൃതി

1991 ലെ സെൻസസ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ആതവനാട് പഞ്ചായത്തിലെ ജനസംഖ്യ 30707 ആയിരുന്നു. ഇതിൽ 14771 പുരുഷൻ മാരും 15936 സ്ത്രീകളും ഉണ്ട്. പരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ.

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ആതവനാട്. 1990 ലെ സാക്ഷരതാ പ്രവർത്തനത്തിൻെറ നടത്തിപ്പിന് വേണ്ടിയെടുത്ത സർവ്വെ പ്രകാരം 30% ജനങ്ങൾ നിരക്ഷരരാണ് (ഏകദേശം 9000 പേർ) ഇതിൽ തീവ്ര

സാക്ഷരതാ പ്രവർത്തനത്തിൻെറ ഭാഗമായി ഏതാണ്ട് 85 ശതമാനം ജനങ്ങളെ സാക്ഷരരാക്കാൻ കഴിഞ്ഞു.

കേരള സംസ്ഥാനത്തിലെ വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന ജില്ലയായ മലപ്പുറം ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചാ യത്തുകളിൽ ഒന്നാണ് ആതവനാട് പഞ്ചായത്ത്. സാഹചര്യങ്ങളും അജ്ഞതയും ഇതിന് പ്രധാന കാരണമായിരുന്നു. ഇതിനെല്ലാം മാറ്റം വന്നിട്ടു ണ്ടെങ്കിലും വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായി ത്വരിത ഗതിയിലുള്ള വർദ്ധനവ് കാണപ്പെടുന്നുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് വളരെ അധികം പിന്നോക്കമാണ്. യുവാക്കളിൽ മൊട്ടിടുന്ന ഗൾഫ് മോഹം കാരണം ഉന്നത വിദ്യാഭ്യാസം നേടുവാൻ കഴിയാതെ പോകുന്ന അവസ്ഥയുമുണ്ട്. മറ്റൊരു പ്രധാന കാരണം തൊഴിലില്ലായ്മയാണ്. ഭാരിച്ച കൈക്കൂലിയും മറ്റുമുള്ളതിനാൽ പലരും ഉയർന്ന വിദ്യാഭ്യാസം നേടുന്നതിൽനിന്ന് പിന്നോക്കം നിൽക്കാൻ കാരണമാകുന്നു. തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകളാണ്. അഭ്യസ്ഥവിദ്യരായ സ്ത്രീ പുരുഷന്മാരുടെ എണ്ണം തന്നെ ആനുപാതികമായി വളരെ കുറവാണ്.

മുമ്പ്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസമുണ്ടാ യിരുന്ന സ്കൂളുകളിൽ പോകാൻ ജനങ്ങൾ വിമുഖത കാണിച്ചിരുന്നെങ്കിൽ ഇന്ന് അതേ ഇംഗ്ലീഷ് മീഡിയത്തിൻെറ പിറകെ അന്ധമായി പോകുന്ന ഒരു കാഴ്ച നാം കാണുന്നു. ഈ മീഡിയത്തിൽ പലതും അംഗീകാരമില്ലാത്തവയും ഭാരിച്ച സിലബസു കളുള്ളതുമാണ്. ഇത് പലപ്പോഴും കുട്ടികൾ ഇടക്ക് വെച്ച് മീഡിയം മാറാനും പഠനം നിർത്താനും കാരണ മാകുന്നുണ്ട്. ഇതിനും ഒരു പരിഹാരം കാണേ ണ്ടതുണ്ട്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിട നിർമ്മാണം ഈ അടുത്ത കാലത്ത് വളർന്നു വന്ന കല്ല്വെട്ട് തുടങ്ങിയ മേഖലകളിലേക്കാണ് പോയി ക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, പരമ്പരാഗത തൊഴിൽ മേഖലകൾ നശിച്ച് കൊണ്ടിരിക്കുകയുമാണ്. നല്ലൊ രു ഭാഗം ജനങ്ങൾ ഇന്നും തൊഴി ലില്ലാത്തവരാണ്. ത്വരിതഗതിയിൽ പരിഹാരം കാണേണ്ട ഒരു പ്രശ്ന മാണ് തൊഴിലില്ലായ്മ.

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരു ന്നതിനാലും കീഴ്ജാതിക്കാരനു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നതിനാലും സാമ്പത്തിക പ്രതി സന്ധിയാലും ജനങ്ങൾ വിദ്യാഭ്യാസപരമായി പിറകൊട്ട് പോയിട്ടുണ്ട്. പ്രത്യേകിച്ച് മുസ്ലീം സമുദായക്കാർ തിങ്ങിപ്പാർക്കുന്ന ആതവനാട് പഞ്ചായത്തിൽ ഇംഗ്ലീഷ് ഭാഷയോട് മുസ്ലീങ്ങൾ ക്കുണ്ടായിരുന്ന വെറുപ്പും സ്ത്രികളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ നിന്ന് പിന്തിരിപ്പിച്ചത് കൊണ്ടും, ശൈശവ വിവാഹം നിലനിന്നിരിന്നതും വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണമായിരുന്നു. ഇതിനെ യെല്ലാം ചെറുക്കാനുള്ള ജനങ്ങളുടെ കൂട്ടായ പരിശ്രമം കാരണം ഇന്ന് താഴ്ന്ന ജാതിക്കാരിലും പിന്നോക്ക ജാതിക്കാരിലും വിദ്യാഭ്യാസ നിലവാരം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

## ജല പ്രകൃതി

വർഷത്തിൽ ശരാശരി 3000 മില്ലീ മീറ്റർ മഴ ലഭിക്കുന്ന പ്രദേശമാണ് ആതവനാട് പഞ്ചായത്ത്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ഡിസംബർ, ജനുവരി മാസത്തിലാണ്.

പുഴയോ കടലോ ഇല്ലാത്ത പഞ്ചായത്താണ് ആതവനാട്. കുന്നിൽ ചെരിവുകളിൽ നിന്ന് ഉത്ഭവി ക്കുന്ന തോടുകളും ജലം സംഭരിച്ച് വെച്ചിട്ടുള്ള കുളങ്ങളുമാണ് പ്രധാന ജലസേചന മാർഗ്ഗങ്ങൾ. കുളങ്ങളിൽ കൂടുതൽ ജലം സംഭരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും തോടുകളിൽ ചീർപ്പും മറ്റുള്ള കാര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്താൽ കൂടുതൽ കൃഷിക്കും കുടിവെള്ളത്തിനും പരിഹാരം കാണാൻ സാധിക്കും.

ഏകദേശം 25 ച.കി.മീറ്റർ പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. എങ്കിലും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുന്നിൻ പ്രദേശ ങ്ങൾ ഉൾപ്പെടുന്ന നെല്ലത്തടം കുന്ന്, മുഴാണികുന്ന്,

മാട്ടുമ്മൽ, അമ്പലപ്പറമ്പ് എന്നിവിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്ന മാണ് കുടിവെള്ള പ്രശ്നം.

## ജല ലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ

| മേഖലകൾ | വിസ്തൃതി | ശതമാനം |
|---|---|---|
| താഴ്ന്ന നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 600 | 22.41 |
| മോശമായ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 550 | 20.54 |
| സാധാരണ നിരക്കിൽ വെള്ളം ലഭിക്കുന്ന മേഖല | 1527 | 57.04 |
| ആകെ | 2677 | 100 |

## ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും

| ഉപരിതല മൺതരങ്ങൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| ചെങ്കൽ പ്രദേശം | 2007.75 | 75 |
| ചെളിമണ്ണ് | 401.55 | 15 |
| മറ്റുള്ളവ | 267.7 | 10 |
| ആകെ | 2677.00 | 100 |

അവലംബം പാഠന പര്യടനം ഗ്രാമസഭ റിപ്പോർട്ട്

## നിമ്നോന്നത മേഖലകളുടെ വിസ്തൃതി.

| | നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | 20 മീറ്ററിൽ താഴെ | 1400.00 | 52.3 |
| 2. | 20 മീറ്ററിന് മുകളിൽ | 730.00 | 27.27 |
| 3 | 40 മീറ്ററിന് മുകളിൽ | 447.00 | 16.7 |
| 4. | 60 മീറ്ററിന് മുകളിൽ | 100.00 | 3.73 |
| | ആകെ | 2677 | 100 |

## ഭൂപ്രകൃതി

| | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 75.00 | 2.8 |
| 2. | ചെറു ചെരിവ് | 825.00 | 30.81 |
| 3. | ഇടത്തരം ചെരിവ് | 1040.00 | 38.84 |
| 4. | താഴ്വര | 257.00 | 9.62 |
| 5. | കുത്തനെയുള്ള ചെരിവ് | 480.00 | 17.93 |
| | ആകെ | 2677.00 | 100.00 |

# കൃഷിയും ജലസേചനവും

ആതവനാട് പഞ്ചായത്തിൻെറ കാർഷിക ചരിത്രവും വികാസവും ഭൂപരിഷ്കരണവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. കൃഷി ഭൂമി മുഴുവനായും ജന്മിത്വത്തിന് കീഴിലായിരുനു. പാട്ട വ്യവസ്ഥയായിരുന്നു നിലവിലിരുന്നത്. കൊല്ലവർഷം 1113 ൽ ജന്മി കുടിയാൻ ബില്ല് കാണക്കുടിയാന്മാരെ കുടിയിറക്കുന്നത് വിലക്കിയപ്പോൾ ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾ സാർവത്രികമായി വളർന്നു വന്നു. 1957 ലും 1969 ലും നടപ്പായ ഭൂപരിഷ്കരണ ബില്ലുകൾ കാർഷിക മേഖലയിൽ അഭൂതപൂർവമായ മുന്നേറ്റത്തിന് നാന്ദി കുറിച്ചു. എന്നാൽ പാട്ടക്കുടിയാൻമാർ ഉടമകളായി മാറിയത് നെൽകൃഷിപ്പാടങ്ങൾ തൂർത്ത് നാണ്യവിളകൾ കൃഷിചെയ്യുന്നതിന് കാരണമായി. ഭൂപരിഷ്കരണത്തിന് അനുബന്ധമായി അവശ്യം നടപ്പാക്കേണ്ടിയിരുന്ന കാർഷിക പരിഷ്കരണത്തിൻെറ അഭാവം നെൽകൃഷിയുടെ പുറകോട്ടടിക്കു കാരണമായി.

### ഭൂപ്രകൃതി

ചെറിയ കുന്നുകളും ചരിവുകളും സമതലങ്ങളും നിറഞ്ഞതാണ് പഞ്ചായത്തിൻെറ മൊത്തത്തിലുള്ള ഭൂപ്രകൃതി. ഉയർന്ന പ്രദേശങ്ങളിൽ (കുന്നിൻെറ മണ്ടകളിൽ) ലാറ്ററൈറ്റ് മണ്ണും, വെട്ടുപാറയും അടങ്ങിയതാണ്. കുന്നിൽ ചെരിവുകളിൽ ചെമ്മണ്ണും ഒറ്റപ്പെട്ട കരിങ്കൽപ്പാറയും, സമതലങ്ങളിൽ ചെളിമണ്ണും നിറഞ്ഞതാണ്.

### കാർഷിക വിളകൾ

കുന്നിൻ മുകളിൽ തെങ്ങും കശുമാവും ഇടകലർന്നും, ചരിഞ്ഞ പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, വെറ്റില, വാഴ, കുരുമുളക്, ഫലവർഗ്ഗങ്ങൾ പരിമിതമായ തോതിൽ പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. ചെളിമണ്ണ് നിറഞ്ഞ സമതലപ്രദേശങ്ങളിൽ നെല്ല്, വാഴ, പച്ചക്കറികൾ, കപ്പ എന്നിവ കൃഷി ചെയ്യുന്നു. വയൽ നികത്തിയെടുത്ത പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങും കവുങ്ങുമാണ് കൃഷി ചെയ്യുന്നത്.

### കൃഷി രീതികൾ

*തെങ്ങ് :-*

പരമ്പരാഗതമായ കൃഷി രീതിയാണ് സ്വീകരിച്ചുവരുന്നത്. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി. തെങ്ങു കൃഷിക്ക് ജലസേചനം നടത്തുന്ന സമ്പ്രദായം തീരെയില്ല. തെങ്ങും കവുങ്ങും സംയുക്തമായി കൃഷിചെയ്യുന്ന സ്ഥല ങ്ങലിൽ തെങ്ങും നനയ്ക്കാറുണ്ട്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി തെങ്ങുകളുടെ ഇടയകലം കുറഞ്ഞുവരുന്ന പ്രവണത വ്യാപിച്ചു വരുന്നു. ഇത് ഉത്പാദന ക്ഷമത കുറയുന്നതിനും തെങ്ങുകൾക്കിടക്കുള്ള ഇടവേളക്കൃഷിക്കുള്ള സാധ്യത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. കൂടുതൽ നാടൻ ഇനങ്ങളും ഒറ്റപ്പെട്ട സങ്കര ഇനങ്ങളും കൃഷി ചെയ്യുന്നു.

### വള പ്രയോഗം

മുൻ കാലങ്ങളിൽ ഏക്കറിന് 25 ടൺ ചാണകവും ഒന്നിടവിട്ട വർഷങ്ങളിൽ വളമായി ചേർത്തിരുന്നു. എന്നാൽ ഇന്ന് വളപ്രയോഗത്തിൻെറ കാലയളവ് ഇരട്ടിയായി കൂടുകയും വളത്തിൻെറ അളവ് പകുതിയായി കുറയുകയും ചെയ്തു. വളത്തിൻെറ ലഭ്യത കുറവും, വിലക്കൂടുതലും മുഖ്യകാരണങ്ങളാണ്. പരിമിതമായ തോതിൽ രാസവളമുപയോഗിക്കുന്ന രീതി പ്രചരിച്ചു വരുന്നു.

### രോഗങ്ങൾ

കുമ്പ് ചീയൽ, ചെന്നീര് ഒലിപ്പ്, കൊമ്പൻ ചെല്ലി, മഹാളി തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വ്യാപകമായി കണ്ടു വരുന്നു.

*കവുങ്ങ് :-*

പരമ്പരാഗതമായ വിത്തും കൃഷി രീതിയുമാണ്

ഈ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്നത്. ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ മാത്രം കൃഷി ചെയ്യുകയും ജലസേചനം നടത്തുകയും ചെയ്യാറുണ്ട്. മൂന്ന് ദവസങ്ങൾ ഇടവിട്ട് ജലസേചനം നടത്തേണ്ട വിളയാണെങ്കിലും ജലക്ഷാമവും നനയ്ക്കുന്ന കാലയളവിലുള്ള വൈദ്യുതി ക്ഷാമവും പ്രതികൂല ഘടകങ്ങളാണ്. മഹാളി രോഗ ത്തിനെതിരെയുള്ള മരുന്ന്തെളി ഭാരിച്ച ചെലവ് വരുന്നതായതിനാലും തൊഴിലാളികളുടെ ദൗർലഭ്യം നിമിത്തവും ഇടനിലക്കാർ കരാർ അടിസ്ഥാനത്തിൽ നാമമാത്ര വിലയ്ക്കു വിളവ് തട്ടിയെടുക്കുന്നുണ്ട്. അടക്കയ്ക്കു സമീപ പ്രദേശങ്ങളളിൽ വിപണന സൗകര്യമില്ലാത്തതും കൃഷിക്കാരന് യഥാർത്ഥ വില കിട്ടാതിരിക്കാൻ കാരണമാകുന്നു.

മംഗള തുടങ്ങിയ സങ്കരയിനം വിത്തുകൾ പരിമിതമായ തോതിൽ കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. പച്ചിലവളം, വെണ്ണീർ, ചാണകം മുതലായവയാണ് വളമായി ഉപയോഗിച്ച് വന്നിരുന്നത്. വളത്തിൻെറ ഉപയോഗം കുറഞ്ഞു വരികയാണ്. രാസവള പ്രയോഗം നാമമാത്രമാണ്.

### പ്രധാന രോഗങ്ങൾ

മഹാളി, വൈക്കല്ലരി, മഞ്ഞളിപ്പ്, കൂരടക്ക കൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നുണ്ടെങ്കിൽ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിൽ മഞ്ഞളിപ്പ് രോഗം രൂക്ഷമാണ്.

*നെല്ല് :-*

ആര്യൻ, വേറ്റാടി, ചിറ്റ്യാനി, കഴമ, ഒടിയൻ മുതലായ വിത്തുകളാണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. എന്നാൽ ഇടക്കാലത്ത് IR8 .കൾച്ചർ 28, രോഹിണി, ത്രിവേണി, ജ്യോതി, പവിഴം, സീഓ മുതലായ വിത്തുകൾ പ്രചാരത്തിലായി. ഭീമമായ പരിചരണ ചെലവ് പ്രതിരോധശേഷിക്കുറവ്, വൈക്കോലിൻെറ ഉയരക്കുറവ് തുടങ്ങിയ കാരണങ്ങളാൽ കൃഷിക്കാർ പഴയ വിത്തുകളിലേക്ക് തന്നെ തിരിച്ചുപോയി കൊണ്ടിരിക്കുകയാണ്. ഗതാഗത സൗകര്യമുള്ള സ്ഥലങ്ങളിൽ ട്രാക്ടർ, പപ്പർ-ടില്ലർ എന്നിവ ഉപയോഗിച്ചും അല്ലാത്തിടത്ത് പരമ്പരാഗതമായ രീതിയിൽ ഉഴവു മൃഗങ്ങളെ ഉപയോഗിച്ചുമാണ് നിലമൊരുക്കുന്നത്. മുൻകാലങ്ങളിൽ നിലമുഴുത് പാകപ്പെടുത്തി വേണ്ടത്ര സമയം പഴക്കം ചെന്നാണ് കൃഷിയിറക്കിയിരുന്നത്. തത്ഫലമായി മണ്ണിന് ജല സംഭരണശേഷി വളരെ കൂടുതലും കള ശല്യം കുറവുമായിരുന്നു.

കളിൽ നടപ്പാക്കിയ കാർഷിക പരിഷ്കാരത്തിൻെറ ഫലമായി പുതിയ വിത്തുകളും പരിഷ്കരിച്ച കൃഷി രീതികളും പ്രചാരത്തിലായി. ഇക്കാലത്താണ് നിശ്ചിത അളവ് ഇടവിട്ട് വരിയായി നടുന്ന സമ്പ്രദായവും നെല്ലിൻെറ ഇടയിളക്കി രാസവളം ചേർക്കുന്ന രീതിയും നടപ്പായത്. ഈ രീതി തികഞ്ഞ പരാജയമാണെന്ന് ബോധ്യപ്പെട്ടതിനാൽ കൃഷിക്കാർ പൂർണ്ണമായും തിരസ്കരിക്കുകയാണുണ്ടായത്. പിൻകാലത്ത് പുതിയ വിത്തുകളെ ഉപയോഗിച്ചുള്ള പഴയ കൃഷിരീതിയും പരീക്ഷിക്കുക യുണ്ടായി. ഇന്ന് വർദ്ധിച്ച കൃഷിച്ചെലവിൻേറയും പ്രതിരോധ ശേഷിയുടേയും വൈക്കോൽ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ വിത്തുകളും പഴയ വിത്തുകളും ഒരുപോലെ ഉപയോഗിച്ചു വരുന്നുണ്ട്. ഗതാഗത സൗകര്യമുള്ളിടത്ത് ഉഴവിനും കീടനാശിനി പ്രയോഗിക്കാനും മാത്രമാണ് നെൽ കൃഷിയിൽ യന്ത്ര സാമിഗ്രികൾ ഉപയോഗിക്കുന്നത്. ജലസേചനത്തിന് പൂർണ്ണമായും മഴയെ ആശ്രയി ക്കുന്നു. മുൻ കാലങ്ങളിൽ ഏത്തം, കാളത്തേക്ക്, കയറ്റുകൊട്ട തുടങ്ങിയ നാടൻ സമ്പ്രദായങ്ങളും കൃഷിക്കാർ പരസ്പരം സഹകരിച്ച് ചിറകൾ കെട്ടി ചെറുതോടുകൾ വഴി ജലസേചനം നടത്തുന്ന രീതിയും നിലവിലുണ്ടായിരുന്നു. ഇന്ന് ഈ സമ്പ്രദായം പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുന്നു. ചിറവെള്ളം കയറാത്ത പ്രദേശങ്ങളിൽ വൈദ്യുത മോട്ടോർ, പമ്പ് സെറ്റ് മണ്ണെണ്ണ ഉപയോഗിച്ച തുടങ്ങിയവ ഉപയോഗിക്കുന്നു.

പഞ്ചായത്തിലാകെ ഉഴവ് ആവശ്യത്തിന് ഉപയോഗിക്കുന്ന 114 ജോടി മൃഗങ്ങളാണുള്ളത്. അത്രയും കലപ്പകളുമുണ്ട്. കാർഷിക മേഖലയിൽ ഉപയോഗിച്ചുവരുന്ന യന്ത്ര സാമഗ്രികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ട്രാക്റ്റർ | 1 |
| പവ്വർ ടില്ലർ | 3 |
| പവ്വർ സ്പേയർ | 1 |
| റോക്കസ് സ്പേയർ | 1 |
| നാഫ്സാക്ക് | 15 |
| വൈദ്യുത പമ്പ് സെറ്റ് | 695 |
| മണ്ണെണ്ണ പമ്പ് സെറ്റ് | 408 |
| ഡീസൽ പമ്പ് സെറ്റ് | 2 |

നെൽവയലുകളുടെ 60% വും നികത്തപ്പെട്ടിരിക്കുന്നു. അവിടെ പുരയിടങ്ങളും കെട്ടിടങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. നികത്തിയ സ്ഥലങ്ങളിൽ തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ, വാഴ, എന്നിവ കൃഷിചെയ്യുക കാരണം അടുത്ത കൃഷി സ്ഥലത്തേക്കുകൂടി നിഴൽ വ്യാപിച്ച് കൃഷിയോഗ്യമല്ലാതാകുന്നു. പരമ്പരാഗതമായി ഉപയോഗിച്ചു വന്നിരുന്ന വെള്ളത്തോടുകൾ നികത്തപ്പെടുന്നതിനാൽ ജലസേചന സൗകര്യങ്ങൾ നഷ്ടപ്പെടുന്നു. നികത്തിയ സ്ഥലങ്ങളിൽ ചുറ്റുമതിലുകൾ കെട്ടിത്തിരിക്കുന്നതുകൊണ്ട് ട്രക്റ്റർ ഉപയോഗി ക്കുന്നതിനുള്ള സൗകര്യവും നഷ്ടപ്പെടുന്നു. ഇക്കാരണങ്ങൾ കൊണ്ട് ഇത്തരം സാഹചര്യങ്ങൾ അടുത്ത കൃഷി സ്ഥലങ്ങൾ കൂടി നികത്തപ്പെടാനുള്ള പ്രേരക ഘടകങ്ങളാണ്.

പ്രാദേശികമായി കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ പ്രധാനമായും നിർമ്മാണ മേഖലകളിലേക്ക് കുടിയേറി കഴിഞ്ഞിരിക്കുന്നു.

ഇക്കാരണംകൊണ്ട് കൃഷിതൊഴിലാളികളെ വിശേഷിച്ചും സ്ത്രീ തൊഴിലാളികളെ ആവശ്യത്തിന് കിട്ടാത്ത അവസ്ഥ നിലവിലുണ്ട്. തൊഴിലാളികളുടെ കാര്യക്ഷമത മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയധികം കുറഞ്ഞുപോയിട്ടുണ്ട്. പുരുഷ തൊഴിലാളികളുടെ സ്ഥാനത്ത് തമിഴ് തൊഴിലാളികളെയാണ് ആശ്രയിക്കുന്നത്. തൊഴിലാളികൾ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടവരായതു കൊണ്ട് ആ മേഖലയിലെ കൂലിവ്യവസ്ഥ തന്നെ യാണ് കാർഷിക മേഖലയിൽ നിലനിൽക്കുന്നത്.

ക്രമാതീതമായി ഉയർന്ന കൃഷിചെലവ് കാരണവും ഉത്പന്നങ്ങളുടെ വിലക്കുറവും നിമിത്തം കാർഷിക വൃത്തി (വിശേഷിച്ച് നെൽകൃഷി) ലാഭകരമല്ല. മറ്റുമേഖലകളിൽ നിന്നും വരുമാനമുള്ള കൃഷിക്കാർക്കാണ് കുറെയെങ്കിലും കൃഷി നടത്താൻ കഴിയുന്നത്. ഗാർഹികാവശ്യത്തിന് വേണ്ടിയല്ലാതെ വിപണന ആവശ്യത്തിന് വേണ്ടി ആരും തന്നെ കൃഷി ചെയ്യുന്നില്ല. ഇക്കാരണം കൊണ്ട് മൂന്ന് വിളയും കൃഷി ചെയ്തിരുന്ന വയലുകളിൽ ഒറ്റ വിളമാത്രമായും അപൂർവ്വമായി രണ്ട് വിളയും നടന്നുവരുന്നുണ്ട്. അവശേഷിക്കുന്നവ തരിശിടുന്ന സ്വഭാവവും പല ഭാഗങ്ങളിലും ഉയർന്നു വരുന്നുണ്ട്. ഉദാഹരണമായി കാട്ടാംകുന്ന് പ്രദേശത്ത് കൃഷിഭവന്റെ വടക്ക് ഭാഗത്തായി സുമാർ 50 ഏക്കർ സ്ഥലം തരിശായി കിടക്കുന്നുണ്ട്. കാവുങ്ങൽ, ഒന്നാം വാർഡലിലെ ചേലക്കൊട്, പ്രദേശത്തും കൃഷി സ്ഥലങ്ങൾ തരിശായി കിടക്കുന്നുണ്ട്.

25 വർഷം മുമ്പ് ഉണ്ടായിരുന ഉൽപാദന ചെലവും ഇന്നത്തെ ഉൽപാദന ചെലവും ഇരുകാല ഘട്ടങ്ങളിലുമുള്ള ഉൽപ്പന്നങ്ങളുടെ വിലകൾ തമ്മിലുള്ള അന്തരവും പരിശോധിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു. (പട്ടിക 1-2)

| 1969 | | | 1996 | |
|---|---|---|---|---|
| ഇനം | അളവ് വില | വില | വില | വർദ്ധനവിന്റെ തോത് |
| തേങ്ങ | 1 എണ്ണം | 1 க | 4 க | 4 മടങ്ങ് |
| നെല്ല് | 1 പറ | 10 க | 50 க | 5 മടങ്ങ് |
| അടക്ക | 1000 എണ്ണം | 30 க | 300 க | 10 മടങ്ങ് |

പട്ടിക–2

| 1969 | | | 1996 | | |
|---|---|---|---|---|---|
| ഇനം | ചെലവ് | സേവന ലഭ്യത | ചെലവ് | സേവന ലഭ്യത | വർദ്ധനവിന്റെ തോത് |
| പുരുഷൻ | കൂലി 3ക | 9 മണിക്കൂർ | 120 ക | 6.5 മണിക്കൂർ | 55 മടങ്ങ് |
| സ്ത്രീ കൂലി | 2ക | 9 മണിക്കൂർ | 70 ക | 6.5 മണിക്കൂർ | 49 മടങ്ങ് |
| കന്നുപൂട്ട് | 5ക | 7 മണിക്കൂർ | 210 ക | 5 മണിക്കൂർ | 60 മടങ്ങ് |
| വളപ്രയോഗം ഏക്കറിന് | 250 ക | | 1600ക | | 6.4 മടങ്ങ് |

കാർഷിക മേഖലയിലെ ദയനീയ സ്ഥിതിയുടെ ഒരു ചിത്രം ഇതിൽനിന്നും വ്യക്തമാണ്.

### രോഗങ്ങൾ

ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ മുതലായ രോഗങ്ങളാണ് നെല്ലിനു പ്രധാനമായും ബാധിക്കുന്നത്. ഇവയ്ക്കു പരമ്പരാഗതമായ പ്രതിവിധികൾ ഉണ്ടായിരുന്നു. ഓലചുരുട്ടി പുഴുവിനെ രാവിലെ മുറം കൊണ്ട് വീശിപ്പിടിച്ച് നശിപ്പിക്കുക. ചാഴിയ്ക്കു തുണികൊണ്ട് പ്രത്യേക രീതിയിൽ വലയുണ്ടാക്കി വീശിപ്പിടിക്കുകയും ചെയ്തിരുന്നു. തണ്ടുതരപ്പനെ കോഴി കാഷ്ഠവും ഉപ്പും ചേർത്ത മിശ്രിതം ഉപയോഗിച്ച് നിയന്ത്രിച്ചിരുന്നു. എന്നാൽ ഇത്തരം സമ്പ്രദായങ്ങൾ പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ കീടനാശിനികളാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. ഇത് ശാസ്ത്രീയമായി ഉപയോഗിക്കുന്നതിലുള്ള അജ്ഞത കാരണം പലകീടങ്ങളും അതിജീവനശേഷി കൈവരിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി കൂടുതൽ അളവിൽ കീടനാശിനി ഉപയോഗിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

### വെറ്റില കൃഷി

ജലസേചനമുള്ള തോട്ടങ്ങളിൽ കവുങ്ങുകൾ കാലായി ഉപയോഗിച്ചും കൂട്ടക്കൊടിയായും കൃഷി ചെയ്യുന്നു. ജനസംഖ്യയിൽ 10% ന്റെ ഉപജീവന മാർഗ്ഗമായ ഈ കൃഷി ജല ദൗർലഭ്യം, ദ്രുതവാട്ടം, വെങ്കണ്ണി, ജൈവവളങ്ങളുടെ ദൗർലഭ്യം എന്നിവ കൊണ്ട് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. ഈ കൃഷി പ്രത്യേക സംരംക്ഷണം അർഹിക്കുന്നു.

### കുരുമുളക്

പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും വ്യാപകമായി കൃഷി ചെയ്തുവരുന്നു. പ്രത്യേക പരിചരണങ്ങൾ ഇല്ലാതെ വേണ്ടത്ര വിളവ് നൽകിയിരുന്ന നാടൻ ഇനങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. അത്യുത്പാദന ശേഷിയുള്ള പന്നിയൂർ1, കരിമുണ്ട തുടങ്ങിയവ പ്രചാരത്തിലായിട്ടുണ്ട്. ദ്രുതവാട്ടം എന്ന രോഗം കൃഷിയെ സമഗ്രമായി ബാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ കൃഷി രീതി ഈ രംഗത്ത് വേണ്ടത്ര ഇല്ല. രോഗ പ്രതി രോധത്തെ കുറിച്ച് കൃഷിക്കാർ ബോധവാന്മാരല്ല. വേണ്ടത്ര പരിചരണം നൽകി പരിപോഷിപ്പിച്ചാൽ നല്ല ഒരു നാണ്യ വിളയായി വീണ്ടും ഈ കൃഷിയെ വളർത്തിയെടുക്കാൻ കഴിയും. 10 ാം വാർഡിലെ അമ്പലപറമ്പ് ഭാഗത്തുള്ള കുരുമുളക് തോട്ടം ഒരു മാതൃകാ തോട്ടമാക്കികൊണ്ട് ഈ രംഗത്ത് ഒരു പുതിയ തുടക്കം കുറിക്കാൻ കഴിയും.

### കശുവണ്ടി

മുൻകാലങ്ങളിൽ പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ സമൃദ്ധമായി വളർന്നു വന്നിരുന്നു. അശാസ്ത്രീയമായ കൃഷിയായിരുന്നു ഉണ്ടായിരുന്നത്. ഈ സ്ഥിതിക്ക് ഇന്നും മാറ്റം വന്നിട്ടില്ല. പ്രത്യേക പരിചരണമോ വളപ്രയോഗമോ ഇല്ലാതെ ഗണ്യമായ വരുമാനം ഈ മേഖലയിൽ നിന്നും ലഭിച്ചിരുന്നു. കറയൊലിപ്പ്, പൂവ് കരിച്ചിൽ എന്നീ രോഗങ്ങൾ

കൊണ്ടും, ഭൂമി പുരയിടങ്ങളായി മാറുകയും തെങ്ങു കൃഷി വ്യാപിക്കുകയും, കാരണം ഇപ്പോൾ നാമമാത്രമായി കൊണ്ടിരിക്കുകയാണ്. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്, ശാസ്ത്രീയ കൃഷിരീതി കളെപ്പറ്റിയുള്ള അജ്ഞതയും ഈ കൃഷിയുടെ പുനഃരുദ്ധാരണത്തിന് കാരണമായി നിൽക്കുന്നു.

## പച്ചക്കറികളും, കിഴങ്ങു വർഗ്ഗങ്ങളും

മുൻകാലത്ത് ഗുണമേന്മയുള്ള പച്ചക്കറികളും കിഴങ്ങു വർഗ്ഗങ്ങളും സമൃദ്ധമായി വിളഞ്ഞിരുന്ന പ്രദേശമാണ് ആതവനാട് പഞ്ചായത്ത്. വർഷ ക്കാലത്ത് ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും ഒന്നാം വിളക്ക് ശേഷം പള്ളിയാൽ പ്രദേശങ്ങളിലും, രണ്ടാം വിളക്ക് ശേഷം വയലുകളിലുമാണ് പ്രധാനമായും കൃഷിചെയ്ത് വന്നിരുന്നത്. കുമ്പളം, വെള്ളരി, കയ്പ, വെണ്ട, പയർ, പടവലം, ചിരങ്ങ, മുളക്, തുടങ്ങിയ പച്ചക്കറികളും കപ്പ, മധുരക്കിഴങ്ങ്, കൊള്ളി കിഴങ്ങ്, കാവ്ത്ത്, കൂർക്ക, ചേന, ചേമ്പ്, ഇഞ്ചി, മുതലായ കിഴങ്ങു വർഗ്ഗങ്ങളുമാണ് കൃഷി ചെയ്തിരുന്നത്. ഈ കൃഷി ഇന്ന് നാമമാത്രമായി തീർന്നിരിക്കുന്നു. കുന്നിൻ പ്രദേശങ്ങളും വയലു കളും മറ്റു ആവശ്യങ്ങൾക്ക് വേണ്ടി നീക്കിക്കൊണ്ടിരി ക്കുന്നതുകൊണ്ട് ഈ കൃഷിക്ക് അനുയോജ്യമായ ഭൂമി ഇല്ലാതായി കൊണ്ടിരിക്കുകയാണ്. എങ്കിലും പരിമിതമായ തോതിൽ കൃഷി ചെയ്തു വരുന്നു. ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചുള്ള അജ്ഞതയും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും മുഖ്യ പ്രതികൂല ഘടകങ്ങളാണ്. പഞ്ചായത്തിലെ 4, 10, വാർഡുകളിലായി പച്ചക്കറി തോട്ടം എന്ന് എടുത്ത് പറയാവുന്ന ഏതാനും ഏക്കർ കൃഷിയുണ്ട്. കപ്പ, മധുരകിഴങ്ങ് എന്നിവ മുൻകാലത്ത് ജനങ്ങളുടം ഭക്ഷ്യാവശ്യങ്ങളിൽ ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. ഇന്ന് വളരെ പരിമിതമായ രീതിയിലാണ് കൃഷി ചെയ്യുന്നത്.

## എണ്ണ വിത്തുകൾ

എള്ള് മാത്രമാണ് പ്രാദേശികമായി കൃഷി ചെയ്തിരുന്ന എണ്ണവിത്ത്. മോഡൻ കൊയ്ത ശേഷം പറമ്പുകളിലും, മുണ്ടകം വിളക്ക് ശേഷം വയലുകളിലുമാണ് കൃഷി ചെയ്തിരുന്നത്. ഇപ്പോൾ വിരളമാണ്. 14 ഏക്കർ സ്ഥലത്ത് 1995-96 ൽ നിലക്കടല കൃഷി ചെയ്തതായി കൃഷി ഭവൻ ഓഫീസിൽ രേഖകൾ ഉണ്ടെങ്കിലും പഞ്ചായത്തിൽ എവിടേയും അത്തരം കൃഷി നിലനിൽക്കുന്നില്ല.

കാർഷിക വിളകളുടെ ഉൽപാദനക്ഷമതയുടെ ഏകദേശ ചിത്രവും 25 വർഷം മുമ്പ് കിട്ടിയിരുന വിളവും തമ്മിലുള്ള അന്തരവും പട്ടിക 3 ൽ വിവരിച്ചിരിക്കുന്നു.

പട്ടിക 3

| | 1969 | 1996 |
|---|---|---|
| വിളകൾ | ശരാശരി വിളവ് ഏക്കറിന് | ശരാശരി വിളവ് ഏക്കറിന് |
| തെങ്ങ് | 18000 എണ്ണം | 8000 എണ്ണം |
| കവുങ്ങ് | 800 കി.ഗ്രാം | 500 കി.ഗ്രാം |
| നെല്ല് | 1800 കി.ഗ്രാം | 800 കി.ഗ്രാം |
| കുരുമുളക് | 450 കി.ഗ്രാം | 300 കി.ഗ്രാം |
| നേന്ത്രവാഴ | 8000 കി.ഗ്രാം | 5000 കി.ഗ്രാം |
| കപ്പ | 10000 കി.ഗ്രാം | 8000 കി.ഗ്രാം |

### ജലസേചനം

പഞ്ചായത്തിലെ മൊത്തം കൃഷിയും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. തോടുകളും, കുളങ്ങളും ഉപയോഗപ്പെടുത്തി ജലസേചനം നടത്തുന്നുണ്ട്. ഇവിടെ ലഭിക്കുന്ന കാലവർഷത്തിൻെറ ബഹുഭൂരിഭാഗവും ഒഴുകിപോവുകയാണ് പതിവ്.

ഡിസംബർ, ജനുവരിയോട് കൂടി എല്ലാ തോടുകളും വറ്റി വരളുന്നു. തോടുകൾ വറ്റുന്ന മുറയ്ക്കു അതതു പ്രദേശങ്ങളിലുള്ള കുളങ്ങളിലേയും, കിണറുകളിലേയും ജല നിരപ്പ് കുറയുന്നു. മേയ്, ജൂൺ മാസങ്ങൾ ആകുമ്പോഴേക്കും മിക്ക പ്രദേശങ്ങളെയും പതിവായി വരൾച്ച ബാധിക്കാറുണ്ട്.

### പ്രധാന ജലസേചന പദ്ധതികൾ

അമ്മംചിറ, പാഴിയോട്ട് മന ചിറ, പാടം പള്ളം, മുരാരിചിറ, വളവിൽ ചിറ, മാന്തോട് ചിറ, മേച്ചേരി ചിറ എന്നിവയാണ് വിവിധ പദ്ധിതികൾ. ഇത് കൂടാതെ തോടുകളിലെ വിവിധ ഭാഗങ്ങളിൽ കൃഷിക്കാർ താത്ക്കാലികമായി നിർമ്മിക്കുന ചുറകളും, വൈദ്യുത, മണ്ണെണ്ണ, ഡീസൽ പമ്പു സെറ്റുകളുമാണ് കാർഷിക ജലസേചനാവശ്യങ്ങൾക്ക് നിർവഹിച്ചുവരുന്നത്. ഇതിൽ നിലവിലുള്ള പദ്ധതികൾ മിക്കവയും ഉപയോഗശൂന്യമാണ്.

### നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

മഴവെള്ളം, പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശീലനവും ബോധവൽക്കരണവും കൃഷിക്കാർക്ക് നൽകണം.

വാട്ടർ ഷെഡ് പദ്ധതി പഞ്ചായത്തിൻെറ എല്ലാ ചെരിവ് പ്രദേശങ്ങളിലും നടപ്പാക്കണം.

തുലാവർഷാവസാനത്തിൽ തോടുകളിൽ ജനപങ്കാളിത്തത്തോടെ തടയണകൾ നിർമ്മിച്ച് ജലം കെട്ടിനിർത്തി ഭൂമിയിലെ ജലവിതാനം താഴുന്നത് തടയാനും ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സമൃദ്ധമായ ജലസ്രോതസ്സുകളുണ്ട്. ഇവയിൽ മിക്കതും പ്രകൃതി സ്വന്തം തിനിമ നിലനിർത്തുന്ന പ്രദേശങ്ങളുമാണ്. എന്നാൽ സ്വകാര്യ വ്യക്തികളുടം കൈവശത്തിലുള്ള ഈ സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താതിരിക്കുകയും നശിച്ചുപോവുകയും ചെയ്ത സ്ഥിതിയുണ്ട്. ഇവ പൊതു സ്വത്താക്കി നില നിർത്താൻ ഭരണതലത്തിൽ നടപടിയുണ്ടാകണം.

ഒന്നാം വാർഡിൽ കരുവള്ളിച്ചോല, ചതിച്ചോല ഇവ ആഴം കൂട്ടി ഉപയോഗപ്പെടുത്തണം.

രണ്ടാം വാർഡിൽ ചിറക്കൽ ചിറ പഞ്ചായത്ത് ഏറ്റെടുത്ത് ഉപയോഗപ്രദമാക്കണം.

നാലാം വാർഡിൽപ്പെട്ട ഓങ്ങുന്നിക്കുളം, പുല്ലാനി ചിറ, മത്തിച്ചിറ എന്നിവ ആഴം കൂട്ടുകയും ഉനികത്തോട്ടിന് ചീർപ്പിടുകയും വേണം.

അഞ്ചാം വാർഡിലെ പൂഞ്ചോലത്തോട്, എടശ്ശേരിത്തോട്, കാനക്കാട്, നടുത്തോട് എന്നിവയിൽ ചിറകൾ കെട്ടണം.

ആറാം വാർഡിലെ മുണ്ടംക്കോട്ട് ചിറ ആഴം കൂട്ടി സംരക്ഷിക്കണം.

എട്ടാം വാർഡിൽ മനപ്പടി താഴെ ബണ്ട് കെട്ടണം. നമ്പിക്കുളം ഏറ്റെടുത്ത് നന്നാക്കണം. ബംഗ്ലോളിൻെറ താഴെ ബണ്ട് കെട്ടി ജലസേചനത്തിന് ഉപയോഗിക്കണം.

ഒമ്പതാം വാർഡിലെ മംഗലക്കോട്ട് ചിറ, കഴകം പാടത്ത് വലിയ കുളം അയ്യൻകുളം എന്നിവ നന്നാക്കി ഉപയോഗപ്രദമാക്കണം.

പത്താം വാർഡിൽ ആവണക്കിൻ കുന്ന്, വെള്ളാരൻ കുന്ന് 9,10, വാർഡുകളിലായി 1000 ഏക്കർ വിവിധ കൃഷികൾക്ക് ഇത് ഉപയോഗപ്പെടുത്താൻ സാധിക്കും.

പതിനൊന്നാം വാർഡിലെ ആലങ്ങത്തോട്, ചേരപ്പാറതോട് എന്നിവ ചെറകെട്ടി ഉപയോഗപ്രദമാക്കണം.

പന്ത്രണ്ടാം വാർഡിലെ ഇല്ലത്ത് ചിറ ബണ്ട് കെട്ടി ജലസേചന ഉപയുക്തമാക്കണം.

ഇതിനു പുറമെ ഇപ്പോൾ നടപ്പിലുള്ള പദ്ധതികൾ പലതും ഉപയോഗശൂന്യമായി കിട ക്കുന്നത് ജനപങ്കാളിത്തത്തോടെ അറ്റകുറ്റ പണികൾ നടത്തി നന്നാക്കുകയും പ്രധാന ജല സ്രോതസ്സു കളായ തോടുകൾ സ്വകാര്യ വ്യക്തികൾ കയ്യേറുന്നത് തടയുകയും തോടുകൾ ഇരുകരകളും തിണ്ടുകെട്ടി

സംരക്ഷിക്കുകയും വേണം.

കാർഷിക രംഗത്ത് പ്രധാനമായി ശാസ്ത്രീയ കൃഷിരീതിയെ കുറിച്ച് ബോധവത്കരണം നടത്തുകയും കൂട്ട് കൃഷി നടപ്പാക്കുകയും പാടശേഖര കമ്മിറ്റികൾ പുനഃരുദ്ധരിക്കുകയും ചെയ്യണം.

കാർഷിക ലോണുകൾ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുകയും വായ്പകളുടെ പലിശ തോത് കുറക്കുകയും തിരിച്ചടവിൻെറ കാലാവധി ദീർഘിപ്പിക്കുകയും വേണം.

തിരശു ഭൂമികൾ കണ്ടെത്തി അനുയോജ്യമായ കൃഷിയിറക്കുന്നതിനും സാമ്പത്തികവും, സാങ്കേതികവുമായ സഹായം നൽകണം.

തെങ്ങു കൃഷിക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ ജലസേചനം നടത്തുന്നതിന് സാങ്കേതിക നിർദ്ദേശങ്ങൾ.

പച്ചിലവള ചെടികളുടെ വിത്തും കൃഷിക്കാർക്ക് സമായസമയങ്ങലിൽ ലഭ്യമാക്കുകയും കൃഷി പ്രോൽസാഹിപ്പിക്കുകയും വേണം.

എല്ലാ കൃഷിക്കാർക്കും മണ്ണ് പരിശോധിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

നാണ്യ വിളകളുടെ വിപണനത്തിന് നിലവിലുള്ള സഹകരണ ബാങ്കുകളുടെ സേവനം ഉപയോഗപ്പെടുത്തി പ്രാദേശിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയുകയും നികത്തിയതിൻെറ അവശേഷിക്കുന്ന നെൽപാടങ്ങളിലേക്കു അടഞ്ഞുപോയ വഴികൾ തുറക്കുകയും, വെള്ളത്തോടുകൾ പുനഃസ്ഥാപിക്കുകയും വേണം.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പൊതു മാർക്കറ്റുകൾ ഏർപ്പെടുത്തണം. (പുത്തനത്താണി, വെട്ടിച്ചിറ, ആതവനാട് പാറ)

കൃഷിഭവൻെറ സേവനം നാമമാത്രമാണ്, സേവനം മെച്ചപ്പെടുത്തുകയും നിലവിലുള്ള ഉപദേശക സമിതികൾ പുനഃരുജ്ജീവിപ്പിക്കുകയും വേണം.

പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകാത്താ ജൈവ കീടനാശിനികൾ ഉണ്ടാക്കുന്നതിനെ കുറിച്ച് കൃഷിക്കാർക്ക് സാങ്കേതിക വിജ്ഞാനം നൽകണം.

എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തി മാസത്തിലൊരിക്കലെങ്കിലും വാർഡുതലത്തിൽ സെമിനാറുകളും, ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക. ഇതിന് സഹായിക്കുന്നതിന് കർഷകസമിതി ഉണ്ടാക്കി സ്ഥിരമായി നിലനിർത്തുകയും വേണം.

കൃഷി ഭവനുകളുടെ കാർഷികാനുകൂല്യങ്ങളെ കുറിച്ച് അതാതു സമയങ്ങളിൽ കൃഷിക്കാരെ അറിയിക്കുന്നതിന് സംവിധാനമുണ്ടാക്കണം.

മുന്തിയതരം കുരുമുളക് തൈകൾ വിതരണം ചെയ്യുകയും ശാസ്ത്രീയ കൃഷിരീതിയെ പറ്റി പഠിപ്പിക്കുകയും ചെയ്തുകൊണ്ട് കുരുമുളക് കൃഷി വ്യാപിപ്പിക്കാനും സാധിക്കുന്നതാണ്. 10-ാം വാർഡിലെ അമ്പലപറമ്പ് ഭാഗത്തെ കുരുമുളക് തോട്ടം മാതൃകയായി അംഗീകരിക്കാവുന്നതാണ്.

വെറ്റില കൃഷിക്ക് യോജിച്ച മണ്ണും സാഹചര്യങ്ങളുമുള്ള പഞ്ചായത്തിൽ ഒരു പ്രധാന കൃഷിയായി ഇതിനെ വളർത്തിയെടുക്കുക. പരമ്പരാഗതമായ വിത്തും കൃഷി രീതികളും സ്വീകരിച്ചിരിക്കുന ഈ രംഗത്ത് യാതൊരു വിധ ഗവേഷണ പ്രവർത്തനങ്ങളും നാളിതുവരെ നടന്നിട്ടില്ല. അതുണ്ടാകണം.

സഹകരണാടിസ്ഥാനത്തിൽ യുവാക്കളെ സംഘടിപ്പിച്ച് പച്ചക്കറി കൃഷിക്ക് വേണ്ട സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ചെയ്തു കൃഷി പ്രോത്സാഹിപ്പിക്കുകയും പുതിയൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കുകയും വേണം. കപ്പ, മധുരക്കിഴങ്ങ്, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ■

# മൃഗസമ്പത്തും പക്ഷി–മത്സ്യ സമ്പത്തും

ആതവനാട് പഞ്ചായത്തിൽ പോയ കാലങ്ങളിൽ മൃഗങ്ങളെ വളർത്തുന്നതിൽ സുപ്രധാനമായ സ്ഥാനമാണുണ്ടായിരുന്നത്. മഹാഭൂരിപക്ഷം ഇടത്തരം വൻകിട–ചെറുകിട കൃഷിക്കാർക്കും ഉഴവുകന്നുകളും പശുക്കളും എരുമകളും ഉണ്ടായിരുന്നു. മുടങ്ങാതെ കാര്യക്ഷമമായി നടത്തിയിരുന്ന നെൽകൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു ഉഴവു കന്നുകൾ. അക്കാലങ്ങളിൽ വിശാലമായി തരിശായി കിടന്നിരുന്ന ഭൂപ്രദേശങ്ങൾ കാലികൾക്ക് യഥേഷ്ടം മേയുവാൻ സാധ്യമായിരുന്നതാനാൽ കാലികളുടെ തീറ്റ പ്രശ്നം സുഗമമായി നടന്നിരുന്നു. ഏതാണ്ട് എല്ലാ കർഷക കുടുംബങ്ങളിലെന്ന പോലെ തൊഴിലാളി കുടുംബങ്ങളിലും ആട് വളർത്തൽ ഉപജീവനമാർഗ്ഗം കൂടി ആയിരുന്നതിനാൽ വ്യാപകമായിരുന്നു. തത്ഫലമായി പാലിൻെറയും മാംസത്തിൻെറയും ആവശ്യം ഭൂരിപക്ഷവും തദ്ദേശീയമായി തന്നെ നിറവേറ്റിയിരുന്നു.

കൃഷിയോടും കൃഷിക്കുപയോഗിക്കുന്ന നാൽക്കാലികളോടും കർഷക മനസ്സുകളിൽ ഉണ്ടായിരുന്ന മമതയുടെ വിളംബരം വിളിച്ചോതുന്ന തെളിവുകളായി പഞ്ചായത്തിൻെറ പല കേന്ദ്രങ്ങളിലും കാളപ്പൂട്ട്, പോത്തു പൂട്ട് തുടങ്ങിയ വാശിയേറിയ വിനോദങ്ങൾ വർഷാവർഷം നടത്തിയിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ തീർത്തും നിരാശാജനകമാണ്. മിക്ക കൃഷിക്കാർക്കും സ്വന്തമായി ഉഴവുകന്നുകളില്ല. അങ്ങിങ്ങ് ഒറ്റപ്പെട്ട കുടുംബങ്ങളിൽ സങ്കരയിനം പശുക്കളെ വളർത്തുന്നതൊഴിച്ചാൽ സമ്പന്നമായിരുന്ന മൃഗവളർത്ത് അന്യം നിന്നു വരുന്നു. വളരെ ചുരുങ്ങിയ കാലംകൊണ്ട് പ്രത്യുത്പാദനപരമായി എണ്ണസംഖ്യപെരുകുന്ന ഇറച്ചിമുയലുകളെ വളർത്താൻ മതിയായ സാഹചര്യങ്ങൾ പഞ്ചായത്തിനകത്ത് ഉണ്ടെങ്കിലും വെറും കൗതുകത്തിനായി മാത്രം ഒറ്റപ്പെട്ട കുടുംബങ്ങളിൽ മുയൽ വളർത്തുന്നതൊഴിച്ചാൽ ഈ മേഖല തീർത്തും ശൂന്യമാണ്.

കാവൽ നായ്ക്കളെ അങ്ങിങ്ങ് കുടുംബങ്ങളിൽ വളർത്തുന്നുണ്ട്. ചില നായാട്ടുകമ്പക്കാരെ ഒഴിച്ചാൽ ബാക്കി നാടൻ ഇനങ്ങളിൽ പെട്ടവയെയാണ് വളർത്തുന്നത്. അലഞ്ഞ് നടക്കുന്ന അനാഥ നായ്ക്കൾ സർവത്രയാണ്.

ഇറച്ചികോഴികൾക്ക് ബൃഹത്തായ ആവശ്യമുള്ള പ്രദേശമാണെങ്കിലും ഇവിടെ വളർത്തിക്കൊണ്ടുവരാതെ മുഴുവനും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ഇറക്കുമതിയെ മാത്രം ആശ്രയിക്കുകയാണ്. എന്നാൽ മിക്ക വീടുകളിലും നാടൻ ഇനത്തിൽപെട്ട മുട്ടക്കോഴികളെ വളർത്തുന്നുണ്ട്. ഇവയെ ശാസ്ത്രീയമായ രീതിയിലോ വ്യവസായിക അടിസ്ഥാനത്തിലോ അല്ല വളർത്തുന്നത് എങ്കിലും ഇവയിൽനിന്നും ലഭിക്കുന്ന മുട്ടകൾ പഞ്ചായത്തിലെ ജനങ്ങളുടെ പോഷക-ഭക്ഷ്യ ക്രമത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്.

സമൃദ്ധമായ ശുദ്ധ ജലാശയങ്ങളും വയൽ പ്രദേശങ്ങളും ഉള്ള നമ്മുടെ പഞ്ചായത്തിൽ താറാവ് വളർത്തുന്നതിന് വളരെയേറെ അനുകൂല സാഹചര്യമാണുള്ളത്. എന്നാൽ ഒരു കാഴ്ചവസ്തു എന്ന നിലക്ക് ഒറ്റപ്പെട്ട ചില കുടുമബങ്ങളിൽ വളർത്തുന്നതൊഴിച്ചാൽ ഈ മേഖലയും ശുഷ്ക്കമാണ്.

## മത്സ്യസമ്പത്ത്

വ്യാപകമായ ശുദ്ധജലാശയങ്ങളായ തോട്, കുളം, കിണർ എന്നിവയുള്ള പഞ്ചായത്തിൽ പിന്നിട്ട കാലങ്ങളിൽ നീർ മത്സ്യങ്ങളുടെ ലഭ്യത പ്രശംസനീയമായിരുന്നു. ഏറെ പോഷകമൂല്യമുള്ള കണ്ണൻ, മൊയ്യ്, പൂഴിയാൻ,തൊണ്ണി, പൊരിക്ക്, കടുങ്ങാലി, പരൽ, ആരൽ, മഞ്ഞീൽ, കടു തുടങ്ങിയ മത്സ്യങ്ങൾ ക്വിൻറലുകണക്കിൽ പിടിച്ച് ഭക്ഷിച്ചിരുന്നു.

ശുദ്ധജലമത്സ്യങ്ങൾക്ക് വ്യാപകമായി കണ്ടുവരുന്ന ഒരു തരം മുറിവ് രോഗം ഇവയുടെ വംശത്തിന് ഗണ്യമായ നാശം വരുത്തിയിട്ടുണ്ട്.

അവശേഷിക്കുന്നവയെ രോഗം കാരണം ഭക്ഷിക്കാൻ ആരും കൂട്ടാക്കുന്നില്ല. തന്നെയുമല്ല രോഗം പിടിച്ച് മത്സ്യങ്ങൾ ചത്തൊടുങ്ങുന്നതിനാൽ കുടിവെള്ളവും കുളിവെള്ളവും മലിനമാവുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. കന്നുകാലികൾക്കിടയിൽ കാണപ്പെടുന്ന കുളമ്പ്രോഗം, അകിടുവീക്കം, പേപ്പട്ടിരോഗം തുടങ്ങിയവയ്ക്ക് അധുനിക രീതിയിലുള്ള ചികിത്സയോ പരിചരണങ്ങളോ വേണ്ടത്ര ലഭ്യമല്ല.

2.മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ നോക്കുകുത്തികളാണ്. ഇവയുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്.

3.പാൽ വിപണനത്തിന് യാതൊരു സൗകര്യവുമില്ല. ഹോട്ടലുകൾ മാത്രമാണാശ്രയം.

4. വൈക്കോലിൻെറ ക്ഷാമം, വിലക്കയറ്റം, പച്ചപ്പുല്ലിൻെറ ദൗർലഭ്യം കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റം.

5. കന്നുകാലികളുടെ താങ്ങനാവാത്ത വില.

6. സ്വതന്ത്രമായി മേയുവാനുള്ള സ്ഥലപരിമിതി.

### പരിഹാര നിർദ്ദേശങ്ങൾ

1.പഞ്ചായത്തിൽ ഒരു മൃഗാസ്പത്രി സ്ഥാപിക്കുക

പഞ്ചായത്തിലെ കഞ്ഞിപ്പുരയിൽ പ്രവർത്തിക്കുന്ന ജില്ലാ കോഴിവളർത്തൽകേന്ദ്രത്തിൽ സ്ഥലസൗകര്യവും ഒരു മൃഗഡോക്ടറടക്കം എട്ടു ജീവനക്കാരും ഉണ്ട്. ഇവിടം മൃഗാസ്പത്രിയാക്കാവുന്നതാണ്.

2. കന്നുകാലികൾ വാങ്ങുന്നതിന് ചുരുങ്ങിയ പലിശനിക്കിൽ വരുമാനം കണക്കാക്കാതെ ദീർഘകാല വായ്പകൾ ലഭ്യമാക്കണം.

3. ശാസ്ത്രീയമായ രീതിയിൽ തൊഴുത്ത് നിർമ്മിക്കാൻ വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകണം.

4.വെട്ടിച്ചിറ, കാവുങ്ങൽ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പാൽവിപണനകേന്ദ്രങ്ങൾ ആരംഭിക്കണം.

5. പച്ചപ്പുൽ കൃഷിക്ക് കർഷകരെ സന്നദ്ധരാക്കണം.

6.കോഴി, താറാവ് തുടങ്ങിയവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് സഹായം നൽകണം.

7. ഒഴിഞ്ഞുകിടക്കുന്ന കുളങ്ങളും, ഉപയോഗശൂന്യമായ ക്വാറികളും മത്സ്യ വളർത്തു കേന്ദ്രമാക്കണം. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രചരിപ്പിക്കുകയും വേണം.

*അടിക്കുറിപ്പ്.*

നമ്മുടെ പഞ്ചായത്തിൻെറ ഗതകാല പാരമ്പര്യം പുനരുജ്ജീവിപ്പിച്ച് സമ്പൽസമൃദ്ധമായ മൃഗ പക്ഷി സമ്പത്തിൻെറ ഉടമകളാക്കുന്നതിന് നിദ്രാവസ്ഥയിലുള്ള പൊതുജനങ്ങളെ തൊട്ടുണർത്തി സാമൂഹ്യരംഗത്ത് കർമ്മോൻമുഖരാക്കുന്നതിന് പൊതുജന സഹകരണത്തോടെ ബന്ധപ്പെട്ട ഔദ്യോഗിക കേന്ദ്രങ്ങൾ കർമ്മപദ്ധതി തയ്യാറാക്കണം. ■

# വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് ഇത്. ആതവനാടിൻെ വിദ്യാഭ്യാസ ചരിത്രം 1950 നും മുമ്പെ കാവുങ്ങൽ വാരിയത്തു പറമ്പിൽ ആരംഭിച്ച ലോവർ പ്രൈമറി സ്കൂളിൽ നിന്നു തുടങ്ങുന്നു. ഇക്കാലത്ത് ആതവനാട് മനപ്പടിക്കൽ ഒരു പെൺ പള്ളിക്കൂടവും പ്രവർത്തിച്ചിരുന്നു. ഈ രണ്ടു വിദ്യാലയങ്ങളും ചേർന്നാണ് പിൽക്കാലത്ത് ആതവനാട് ജി.യു.പി.സ്കൂൾ ആയി മാറിയത്. ആതവനാട് പാറപ്പുറത്ത് പ്രവർത്തിച്ചിരുന്ന എൽ.പി.സ്ക്കൂൾ മാനേജ്മെൻറ് അനാസ്ഥയും മറ്റു ചില കാരണങ്ങളാലും തകർന്നു പോവുകയാണുണ്ടായത്.

സെക്കണ്ടറി വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ ആളുകൾ പത്തു കിലോമീറ്ററോളം നടന്ന് കുറ്റിപ്പുറം, വളാഞ്ചേരി തുടങ്ങിയ സ്ക്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. 1947 ലാണ് മാട്ടുമ്മൽ ഗവ. ഹൈസ്കൂൾ ആരംഭിക്കുന്നത്. വിദ്യാഭ്യാസ കാര്യത്തിൽ വന്ന വീഴ്ച പഞ്ചായത്തിൻെറ സമസ്ത മേഖലകളിലും അപചയം ഉണ്ടാക്കിയിട്ടുണ്ട്.

ആതവനാട് പഞ്ചായത്തിൽ 12 ഗവൺമെൻറ് അംഗീകൃത വിദ്യാലയങ്ങളും 5 അൺ എയിഡഡ് (ഗവ. അംഗീകാരമില്ലാത്ത) വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു സ്വശ്രയ ബി.എഡ്. കോളേജും ഉണ്ട്. അവിടെ ഇംഗ്ളീഷ്, സോഷ്യൽ സ്റ്റഡീസ്, അറബിക്ക്, കണക്ക്, നാച്യുറൽ സയൻസ് എന്നീ വിഭാഗങ്ങളിലായി ഇരുനൂറു പേർ ഒരു ബാച്ചിൽ പഠിക്കുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്ത് ഇപ്പോഴും പുജ്യത്തിൽ തന്നെ നില്ക്കുന്നു. പഞ്ചായത്തിൽ ഒരു സാങ്കേതിക സ്ഥാപനമോ കോളേജോ ഇല്ല. കുന്നും താഴ്വരയും ഇടകലർന്ന ഘടനയാണ് പഞ്ചായത്തിനുള്ളത്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നീതി പൂർവ്വകമായ വിതരണത്തിൽ വീഴ്ച വന്നിട്ടുണ്ട്. പട്ടിക കാണുക.

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | ജി.എൽ.പി. കാട്ടിലങ്ങാടി | 7 | കാട്ടിലങ്ങാടി |
| 2 | ജി.യു.പി. ആതവനാട് | 9 | ആതവനാട് പരിതി |
| 3 | ജി.എൽ.പി. ചോറൂർ | 11 | ചോറൂർ |
| 4 | ജി.യു.പി. കരിപ്പോൾ | 12 | കരിപ്പോൾ |
| 5 | എം.എം. എൽ.പി. ചെലൂർ | 3 | ചെലൂർ ചുങ്കം |
| 6 | എ.എം.യു.പി. സ്കൂൾ പൂളമംഗലം | 4 | പൂളമംഗലം |
| 7 | എ.എം.യു.പി. പുന്നത്തല | 2 | പുന്നത്തല |
| 8 | ജി.യു.പി. കൂടശ്ശേരി | 6 | കൂടശ്ശേരി |
| 9 | എ.എം.എൽ.പി. പുത്തനത്താണി | 3 | പുത്തനത്താണി |
| 10 | എച്ച്.എസ്. എൽ.പി. പേരുരാൽ | 5 | പേരുരാൽ |
| 11 | ജി.എച്ച് എസ് ആതവനാട് | 9 | മാട്ടുമ്മൽ |
| 12 | ഇസഡ്.എം.എച്ച്.എസ്. പൂളമംഗലം | 4 | പൂളമംഗലം |

| | |
|---|---|
| ഗവൺമെൻറ് എൽ.പി. | 2 |
| ഗവൺമെൻറ് യു.പി. | 3 |
| ഗവൺമെൻറ് എയ്ഡഡ് എൽ.പി. | 3 |
| ഗവൺമെൻറ് എയ്ഡഡ് യു.പി. | 2 |
| ആകെ | 10 |

മുകളിൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ നിന്നും 1,8,10 എന്നീ വാർഡുകളിൽ ഒരു വിദ്യാലയം പോലുമില്ല എന്ന വസ്തുത വ്ക്തമാകുന്നു.

മുകളിൽ നൽകിയവയ്ക്കു പുറമെ പഞ്ചായത്തിൽ 27 അംഗൻവാടികൾ ഉണ്ട്. കൂടാതെ 2 നേഴ്സറി സ്ക്കൂളുകളും ഉണ്ട്. സ്വകാര്യമേഖലയിൽ 3 അൺ ഏയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂള്ളുകളും ഉണ്ട്.

എൽ.പി.സ്കൂളുകൾ

വിദ്യാഭ്യാസ കാലത്തിൻെ ആത്യ ഘട്ടമാണം എൽ.പി. സ്ക്കൂൾ വിദ്യാഭ്യാസം. പഡ്ചായത്തിൽ ആകെ 5 എൽ.പി. സ്കൂളുകൾ ആണ് ഉള്ളത്. വളരെ ചെറിയ കുഞ്ഞുങ്ങൾ പഠിക്കുന്ന വിദ്യാലയങ്ങൾ ആയതു കൊണ്ട് സജീവവും സത്വരവുമായ ശ്രദ്ധ അർഹിക്കുന്നു.

പഞ്ചായത്തിലെ എൽ.പി. സ്ക്കൂളുകളിൽ ആകെ 3000 ത്തോളം കുട്ടികൾ പഠിക്കിന്നു. യു.പി സ്കൂളിലെ എൽ.പി. ഒഴിവാക്കിയിട്ടാണ് കണക്ക്.

പ്രസ്തുത സ്ക്കൂളുകളിലെ കുട്ടികളുടം എണ്ണം, തോറ്റവർ, കൊഴിഞ്ഞുപോയലർ എന്നിവ ചുവടെ കൊടുക്കുന്നു.

1............................

1. എച്ച് എസ് എൽപി. വിഭാഗം ചേരൂരാൽ
2. ജി.എൽ.പി.എസ്. കാട്ടിലങ്ങാടി
3. എം.എം. എ.എൽ.പി. ചെയൂർ
4. എ.എം. എൽ.പി. പുത്തനത്താണി
5. ജീ.എം.എൽ.പി. ചോറൂർ

ഭൗതിക സാഹചര്യങ്ങൾ

| | |
|---|---|
| ഗവൺമെൻറ് എച്ച്.എസ് | 1 |
| ഗവൺമെൻറ് എയ്ഡഡ് | 1 |
| ആകെ | 2 |

മിക്ക ഗവൺമെൻറ് എയ്ഡഡ് വിദ്യാലയങ്ങളുടെയും അവസ്ഥ ദയനീയമാണം. 1 ഏക്കറിൽ കുടുതൽ വിസ്തീർണ്ണമുള്ള എൽ.പി. സ്ക്കൂളുകൾ ഇല്ല. ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഇല്ല. ഉദാഹരണമായി കാട്ടിലങ്ങാടി ഗവൺമെൻറ് എൽ.പി.യിൽ കളിസ്ഥലം ഉണ്ടെങ്കിലും ഇനിയും 10 ക്ലാസ് മുറകളെങ്കിലും അത്യാവശ്യമാണ്. ഇവിടെ ഓല മേഞ്ഞ ഷെഡിലാണം പഠനം. ചോറൂർ എൽ.പി.യുടെയും അവസ്ഥ ഇതാണ്. ഒരു സ്ക്കുളിലും കുട്ടികളുടം എണ്ണത്തിനനുസരിച്ച് മൂത്രപ്പുര കക്കൂസുകൾ ഇല്ല.

ഫർണിച്ചർ തികയാത്തുതുമൂലം വളരെ ബുദ്ധിമുട്ടുനുഭവപ്പെടുന്നു.

ഭൗതിക സാഹചര്യങ്ങളുടെ പോരായ്മകൾ ഇങ്ങനെ ചുരക്കാം.


1. സ്ക്കൂളിന് വേണ്ടത്ര മുറികൾ ഇല്ല.
2. ഫർണിച്ചർ ആവശ്യത്തിനും തികയുന്നില്ല.
3. ആവശ്യമുള്ളത്ര അധ്യാപകരില്ല.
4 കളിസ്ഥലമില്ല.
5 കക്കൂസ് മൂത്രപ്പുര ഇവ ആവശ്യത്തിന് ഇല്ല.

പഠന നിലവാരം

പഞ്ചായത്തിലെ സ്ക്കുളുകളിലെ പഠന നിലവാരം വളരെ പിന്നിലാണെന്ന് ഗ്രാമസഭകളിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗ്രാമസഭാ റിപ്പോർട്ട് നോക്കുക.

...............

എൽ.പി. സ്ക്കൂളുകളിൽ 30% പേരും നിരക്ഷരരാണ് എന്ന കണ്ടെത്തൽ വിഷമകരമാണെങ്കിലും ഈ യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ.




| | |
|---|---|
| ആവറേജ് | 25% |
| അക്ഷരമറിയാത്തവർ | 30% |
| ആവറേജിനു താഴെ | 35% |
| ആവറേജനു മുകളിൽ | 10% |

മറ്റു പ്രശ്നങ്ങൾ

1. ബോധന രീതിയിലെ അശാസ്ത്രീയത

2. സിലവസിൻെറ ഭാരക്കൂടുതൽ.

3. അധ്യാപന പരിശീലനത്തിലെ പോരായ്മകൾ.

4. പി.ടി.എ യുടെ നിർജീവാവസ്ഥ.

5. കുട്ടികൾക്ക് സ്ക്കൂൾ അനാകർഷകമാകുന്നു.

6. രക്ഷാകർത്താക്കൾക്കിടയിലെ ദാരിദ്ര്യം.

7. രക്ഷിതാക്കളുടെ താല്പര്യക്കുറവ്

8. സ്കൂളിലേക്കുള്ള ദൂരക്കൂടുതൽ.

9. സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾക്കും അപ്പുറം കുട്ടികളെ ഉൾക്കൊള്ളേണ്ടി വരുന്നതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ.

ഇത്തരം പ്രശ്നങ്ങളുടെപരിഹാരം മാർഗത്തെക്കുറിച്ച് റിപ്പോർട്ടിൻെറ അവസാന ഭാഗത്തിൽ ചർച്ചചെയ്യുന്നുണ്ട്.

## യു.പി. വിഭാഗം

പഞ്ചായത്തിൽ ആകെ 5 യു.പി. സ്ക്കൂളുകൾ ആണ് ഉള്ളത്. ചാർട്ട് കാണുക.

1. ജി.യു.പി. കൂടശ്ശേരി

2. എ.എം.യു.പി. പുന്നത്തല.

3. ജി.യു.പി. ആതവനാട്.

4. എ.എം.യു.പി. പുളമംഗലം.

5. ജി.എം.യു.പി. കരിപ്പോൾ.

മുകളിൽ എൽ.പി. സ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾതന്നെയാണ് യു.പി. വിഭാഗത്തിലും നിലനിൽക്കുന്നത്.

## ഹൈസ്ക്കൂൾ

പഞ്ചായത്തിൽ ആകെ 2 ഹൈസ്ക്കുളുകൾ മാത്രമേ ഉള്ളൂ. ഒന്ന് മാട്ടുമ്മൽ ഉള്ള ഗവൺമെൻറ് ഹൈസ്ക്കൂളും മറ്റൊന്ന് പൂളമംഗലത്തുള്ള സൈനുദ്ദീൻ മെമ്മോറിയൽ ഹൈസ്ക്കൂളും. പഞ്ചായത്തിൻെറ ഗതാഗത സൗകര്യം കുറഞ്ഞ ഭാഗമായതിനാൽ മേൽപ്പറഞ്ഞ സ്കൂളുകളിലേക്ക് എത്താൻ കുട്ടികൾക്ക് വലിയ ബുദ്ധിമുട്ടാണ്. എൻ.എം.എച്ച്. എസ്. തിരുനാവായ, ഗവ. ഹയർ സെക്കൻററി സ്ക്കൂൾ കല്പകഞ്ചേരി, ചേരുരാൽ ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പഠിക്കുന്ന ധാരാളം വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ ഉള്ളവരാണ്. ഹൈസ്ക്കൂൾ പഠനം വളരെ വിഷമകരമാണ് ആതവനാട് പഞ്ചായത്തിലെ ബഹുഭൂരിപക്ഷത്തിനും. മാത്രമല്ല, പ്രസ്തുത വിദ്യാലയങ്ങളിലെ പഠന നിലവാരം വളരെ താഴെയുമാണ്. പഞ്ചായത്തിൻെറ ശ്രദ്ധ കൂടുതൽ പതിയേണ്ട മേഖലകൂടിയാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം.

1. ഇസഡ്.എം.എച്ച്.എസ്. പൂളമംഗലം


2. ജി.എച്ച്.എസ്. ആതവനാട്

## സ്ക്കുളുകളിലെ നിലവാരം.

പഞ്ചായത്തിൽ 2 ഹൈസ്ക്കൂൾ മാത്രമാണുള്ളത് എന്ന് മുമ്പുതന്നെ രേഖപ്പെടുത്തിയല്ലോ. ഇവയിൽ ഒന്ന് എയ്ഡഡും മറ്റേത് ഗവൺമെൻറുമാണ്. ആതവനാട് ഗവൺമെൻറ് ഹൈസ്ക്കൂളിന് 3 ഏക്കർ സ്ഥലം ഉണ്ട്. പക്ഷേ സ്വന്തം ഉപയോഗത്തിന് ആവശ്യമായ കെട്ടിടമില്ല. ലാബ്, ലൈബ്രറി

ഇല്ല. ഫർണിച്ചർ ഇല്ല. ആവശ്യമായ അധ്യാപകരോ ഔദ്യോഗിക തലത്തിൽ നിന്നുള്ള പോസിറ്റീവായ വിലയിരുത്തലുകളോ ഇല്ല. അതുകൊണ്ട്തന്നെ സ്ക്കൂളിൻെറ നിലവാരം വളരെ കുറവാണ്. സൈനുദ്ദീൻ മെമ്മോറിയൽ എച്ച്.എസ്. പൂളമംഗലം എയ്ഡഡ് വിദ്യാലയമാണ്. അധ്യാപകക്ഷാമത്തിൻെ പരാധീനത ഇല്ല. അതുകൊണ്ടുതന്നെ വിദ്യാലയം അല്പം നിലവാരം പുലർത്തുന്നു. എന്നാൽ ആവശ്യമായ സ്റ്റാഫും, ഭൗതിക സാഹചര്യങ്ങളും ഉണ്ടെങ്കിൽ ആതവനാട് ഹൈസ്ക്കുള്ളിനും അതേ നിലവാരം പുലർത്താൻ കഴുയുമെന്നതിന് സംശയമില്ല.

ഹൈസ്ക്കുളുകളുടെ നിലവാരമളക്കുന്നതിനുള്ള സൂചകമാണല്ലോ SSLC ഫലം. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിലെ രണ്ടു വിദ്യാലയങ്ങൾ SSLC തലത്തിലുണ്ടാക്കിയ വിജയം ഒന്നു താരതമ്യം ചെയ്യാം.




ഗ്രാഫിൽ നിന്നും രണ്ടുകാര്യങ്ങൾ വ്യക്തമാകുന്നു.

1. വിജയശതമാനം സൈനുദ്ദീൻ മെമ്മോറിയൽ സ്ക്കൂളിൽ ക്രമമായി കുറഞ്ഞുവരികയാണ്.

2. ഗവൺമെൻറ് ഹൈസ്ക്കൂളിൽ വിജയശതമാനം വളരെ കുറവാണ്.

എസ്.എസ്.എൽ.സി. വിഭാഗം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും പിന്നീട് ചർച്ച ചെയ്യുന്നുണ്ട്.

### കൊഴിഞ്ഞുപോക്ക്

ഇതൊരു ഭയാനകമായ പ്രശ്നമാണ് എൽ.പി. , യു.പി. വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണ്. എന്നാൽ ഹൈസ്കൂൾ വിഭാഗങ്ങളിൽ കഴിഞ്ഞ ഒരു വർഷം ഉണ്ടായ കൊഴിഞ്ഞുപോക്ക് പഞ്ചായത്തിൻെറ സെക്കൻററി വിദ്യഭ്യാസ മേഖലയിലെ അസംഘടിതാവസ്ഥ വരച്ചുകാട്ടുന്നു.

പഞ്ചായത്തിൻെറ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ

1. സ്ക്കുളുകളുടെ എണ്ണക്കുറവ്

പഞ്ചായത്തിൽ ആവശ്യത്തിനുള്ള സ്ക്കൂളുകൾ ഇല്ല. മുൻപ് കണ്ടപോലെ ചില വാർഡുകളിൽ നേഴ്സറി സ്കൂൾ പോലുമില്ല. ഉദാഹരണമായി കൂടശ്ശേരിപാറ ഭാഗത്തുള്ള കുട്ടികൾക്ക് സമീപ പ്രദേശത്ത് ഒരു എൽ.പി. സ്കൂൾ ഇല്ല. അതുകൊണ്ടുതന്നെ കുട്ടികൾ പൂളമംഗലം, കാട്ടാംകുന്ന്, കാട്ടിലങ്ങാടി, കരിപ്പോൾ തുടങ്ങിയ സ്ക്കൂളുകളിലേക്ക് എത്തുന്നത് മൂന്നു കി.മീറ്റർ നടന്നാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. അതുപോലെ പത്താം വാർഡിൽ ഒരു എൽപി. യുപി സ്കൂൾ

അത്യാവശ്യമാണ്. ജി.യു.പി.സ്ക്കൂൾ ആതവനാട്, ജി.എൽ.പി. സ്ക്കൂൾ ചോറൂർ എന്നിവിടങ്ങളിലേക്ക് വളരെ വിഷമിച്ചാണ് കുട്ടികൾ എത്തുന്നത്. വാർഡ് 7 ൽ കാട്ടിലങ്ങാടി എൽ.പി. യു.പി. യാക്കാനുള്ള ശ്രമവും വേണം.

2. അധ്യാപകരുടെ കുറവ്.

മിക്ക ഗവൺമെൻറ് വിദ്യാലയങ്ങളിലും ആവശ്യമുള്ളത്ര അധ്യാപകരില്ല. ഉദാഹരണമായി ജി.യു.പി. സ്ക്കൂൾ ആതവനാട്. ഗവൺമെൻറ് ഹൈസ്ക്കൂൾ ആതവനാട് എന്നിവിടങ്ങളിൽ ആവശ്യത്തിന് അധ്യാപകരില്ല. മാത്രമല്ല അധ്യാപകനിയമനം സ്ക്കൂൾ ആരംഭത്തിൽ നടക്കുന്നുമില്ല.

3. കെട്ടിടങ്ങളുടെ അപര്യാപ്തത.

മിക്ക ഗവൺമെൻറ് സ്ക്കൂളുകളിലും ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ല. ആതവനാട് ഗവൺമെൻറ് ഹൈസ്ക്കൂൾ, ജി.എൽ.പി. ചോറൂർ, ജി.യു.പി. ആതവനാട് ഇവിടങ്ങളിലെ അവസ്ഥ ശോചനീയമാണ്. ഹൈസ്ക്കൂൾ ഒഴിച്ചാൽ മറ്റു രണ്ടു സ്ക്കൂളുകളും ഓല ഷെഡുകളുടെ സഹായത്താലാണ് പ്രവർത്തിക്കുന്നത്.

4. വിദ്യാർത്ഥികളുടം ബാഹുല്യവും ഫർണിച്ചറിൻെറ ലഭ്യതക്കുറവും.

മിക്ക ഗവൺമെൻറ് സ്ക്കൂളുകളിലും ബെഞ്ച്, ഡെസ്ക്, മേശ മുതലായ ഉപകരണങ്ങൾ ഇല്ല. ആതവനാട് ജി.യു.പി. സ്ക്കൂളിൽ ഒരു ക്ലാസിൽ 170 വരെ കുട്ടികൾ പഠിക്കുന്നുണ്ട്. ഇത് കേരളത്തിനാകെ അപമാനമാണ്. അതുപോലെ കുട്ടികൾ ഞെരുങ്ങിയാണ് ക്ലാസ് മുറികളിൽ ഇരിക്കുന്നത്. മേശ, കസേര മുതലായവ ഇല്ല.

പാഠ പുസ്തകങ്ങളുടെ ലഭ്യതക്കുറവ്

പാഠ പുസ്തകങ്ങൾ ഒരിക്കലും കൃത്യമായി എത്താറില്ല. സൗജന്യമായി എൽ.പി. സ്ക്കൂളുകളിലേക്ക് അനുവദിക്കപ്പെട്ട പാഠപുസ്തകങ്ങൾ ഇതുവരെ എത്താത്ത സ്ക്കൂളുകൾ ഉണ്ട്. ആതവനാട് യു.പി. യിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് നവംബർ മാസം വരെയും പുസ്തകം കിട്ടിയിട്ടില്ല.

6. സിലവസിൻെറ ഭാരക്കൂടുതൽ.

യു.പി. വിഭാഗത്തിലെ പാഠപുസ്തകങ്ങളിലെ ഉള്ളടക്കം കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും കൂടുതലാണ്. അതുപോലെ തന്നെ പുസ്തകങ്ങൾ വളരെ അനാകർഷകങ്ങളുമാണ്. ഉദാഹരണമായി ആറാം ക്ലാസിലെ ഇംഗ്ലീഷ്, മലയാളം നോൺ ഡീറ്റെയ്ൽ ടെക്സ്റ്റ്.

7. ബോധന പ്രക്രിയയിലെ അശാസ്ത്രീയത

ഇന്നത്തെ ബോധന പ്രക്രിയ അശാസ്ത്രീയമാണ്. അധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസമാണ് ഇന്നുള്ളത്. കുട്ടികൾക്ക് വിദ്യാഭ്യാസരംഗത്തോട് മടുപ്പുതോന്നാൻ ഇതു കാരണമാകുന്നു. ആധുനിക വിദ്യാഭ്യാസ വീക്ഷണമായ ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ രീതി നടപ്പായിട്ടില്ല.

8. ലൈബ്രറി, ലാബറട്ടറി എന്നിവയുടെ അഭാവം.

ഹൈസ്ക്കുളുകളിലടക്കം മിക്ക വിദ്യാലയങ്ങളിലും ലാബറട്ടറി, ലൈബ്രറി എന്നിവ ശരിയായി പ്രവർത്തിക്കുന്നില്ല. ആതവനാട് ഹൈസ്ക്കൂളിൽ ലൈബ്രറി, ലാബറട്ടറി എന്നിവയ്ക്കു സ്വന്തമായി മുറികൾ കൂടി ഇല്ല. ഇത് ശാസ്ത്ര, ഭാഷാ, വിഷയങ്ങളിലെ മുരടിപ്പിനു കാരണമാകുന്നു.

9. രക്ഷിതാക്കളുടെ താല്പര്യക്കുറവ്

ഏകദേശം 80% രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെപ്പറ്റി അധ്യാപകരോട് അന്വേഷിക്കുകയോ സ്ക്കൂളുമായി ബന്ധപ്പെടുകയോ ചെയ്യുന്നില്ല. മാത്രമല്ല പി.ടി.എ. യോഗത്തിനു ക്ഷണിച്ചാൽ തന്നെ ഭൂരിപക്ഷം പേരും വിട്ടുനിൽക്കുകയാണ് പതിവ്. വന്നാൽ തന്നെ വിദ്യാഭ്യാസ പ്രശ്നങ്ങളിൽനിന്നു വിട്ടുമാറി ചർച്ച നടത്തി പിരിഞ്ഞുപോകലാണ് പതിവ്.

10. നിർജ്ജീവമായ പി.ടി.എ.

പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കുളുകളിലും പി.ടി.എ. യോഗം മാതൃസംഗമം എന്നിവ പേരിനു മാത്രം നടത്താറുണ്ട്. എന്നാൽ രക്ഷിതാക്കളുടെ പ്രാതിനിധ്യം വളരെ കുറവാണം. ജൂൺ മാസത്തിൽ പി.ടി.എ. ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അതോടെ മിക്ക അധ്യാപക രക്ഷാകർതൃസമിതികളും നിർജീവാവസ്ഥയിലാകും.

11. കൊഴിഞ്ഞുപോക്ക്

പഞ്ചായത്തിൽ കഴിഞ്ഞ വർഷം 74 കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇതു യു.പി. വിഭാഗത്തിലെ മാത്രം കണക്കാണ്. ഹൈസ്ക്കൂളിന്റെ കണക്ക് ചിത്രസഹിതം മുൻപ് വിശദീകരിച്ചതാണല്ലോ.

12. വിദ്യാഭ്യാസം പ്രവൃത്ത്യുൻമുഖമല്ല.

വിദ്യാഭ്യാസം പ്രവൃത്ത്യുന്മുഖമല്ല. വെറും വിവരണ പാഠങ്ങൾ മാത്രമാണ് വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്നത്. ഇത്, കേരളത്തിലെ മൊത്തം വിദ്യാഭ്യാസം ജീവിതഗന്ധിയാകുന്നില്ല. അത് ഇന്നത്തെ ചുറ്റുപാടിൽ പ്രായോഗികമാകുന്നുമില്ല.

13. ഓൾ പ്രമോഷൻ രീതി

പിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൂടി ജയിപ്പിക്കേണ്ടിവരുന്ന ഓൾ പ്രമോഷൻ രീതി പരിഷ്കൃത സമൂഹത്തിന് അധികകാലം അംഗീകരിക്കാൻ കഴിയുകയില്ല. അതുമൂലം ചില നേട്ടങ്ങൾ ഉണ്ടെങ്കിൽ പോലും പഠിക്കാതെയും ജയിക്കാം എന്ന ചിന്താഗതി കുട്ടികളിൽ വളരാൻ കാരണമായിട്ടുണ്ട്.

14. വിരസമായ വിദ്യാലയാന്തരീക്ഷം

വിദ്യാലയാന്തരീക്ഷം പൊതുവെ മടുപ്പുളവാക്കുന്നവയാണ്. ധനികരുടെ കുട്ടികൾക്ക് ആധുനിക കളിപ്പാട്ടങ്ങളടക്കമുള്ള വിദ്യാലയങ്ങളിൽ ചേരാൻ കഴിയുമെങ്കിലും ഭൂരിഭാഗത്തിനും അതിനു പ്രയാസമാണ്. സ്ക്കൂൾ അന്തരീക്ഷത്തിന്റെ വിരസതയാണ് മറ്റൊരു പ്രധാന പ്രശ്നം. മിക്ക സ്ക്കൂളുകൾക്കും സ്വന്തമായി കളിസ്ഥലം പോലുമില്ല.

15. രക്ഷിതാക്കളുടെ ദാരിദ്ര്യം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പല രക്ഷിതാക്കളും കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ ജോലിക്കു പറഞ്ഞയക്കുകയാണ് പതിവ് ഇത് കുട്ടത്തോടെയുള്ള കൊഴിഞ്ഞുപോക്കിനു കാരണമാകുന്നു.

16. സ്ക്കൂളുകളിലെ ജലക്ഷാമം

ഗവ. എൽ.പി. കാട്ടിലങ്ങാടി, ജി.യു.പി. കരിപ്പോൾ എന്നിവിടങ്ങളിൽ രൂക്ഷമായ ജലക്ഷാമമുണ്ട്. വേനൽക്കാലത്ത് വെള്ളം കിട്ടാതെ കുട്ടികൾ കഷ്ടപ്പെടുന്നു.

17. കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യമില്ല.

മിക്ക സ്ക്കൂളുകൾക്കും കായികവിനോദങ്ങൾക്കാവശ്യമുള്ള സ്ഥലമില്ല. മാത്രമല്ല, കായികാധ്യാപകരുമില്ല.

18. ഭൂരിഭാഗം വിദ്യാലയങ്ങളിലും അച്ചടക്കത്തിന്റെ നിലവാരം മോശമാണ്. ഇത് പഠനനിലവാരത്തെ ബാധിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിലെല്ലാം സ്ക്കൂളുകൾ അനുവദിക്കുക. കൂടശ്ശേരി ഭാഗത്തുള്ള കുട്ടികൾക്ക് എൽ.പി. സ്ക്കൂളിലേക്ക് വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ഇത് ഒഴിവാക്കാൻ ആതവനാട് ഹൈസ്ക്കൂളിലുള്ള ഉപയോഗശൂന്യമായ കെട്ടിടം എൽ.പി. സ്ക്കൂളാക്കി മാറ്റിയാൽ മതി. സാമ്പത്തികവും കായികവുമായി എന്തു സഹായം നൽകാനും തയ്യാറാണെന്ന് ഗ്രാമസഭ സമ്മതിച്ചിട്ടുണ്ട്.

2. അധ്യാപകരുടെ കുറവു നികത്തുന്നതിൽ സത്വരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. അധ്യാപകരുടെ നിയമനം സ്ക്കൂൾ വേനലവധി കഴിഞ്ഞു തുറക്കുന്ന സമയത്തുതന്നെ നടത്തണം. ഇതിനായി പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കണം. കഴിയുന്നതും സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള ശ്രമം വേണം.

3. താൽക്കാലിക ഷെഡുകളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ക്കൂളുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. നാട്ടുകാരുടെയും, പി.ടി.എ.യുടെയും സഹകരണത്തോടൊ കുറെ പണം സ്വരൂപിക്കാവുന്നതാണ്. സന്നദ്ധ സംഘടനകളെ സമീപിച്ചാൽ കായികമായ സഹായങ്ങൾ ചെയ്യാൻ തയ്യാറാകും എന്ന കാര്യത്തിൽ സംശയമില്ല. ജി.എൽ.പി. കാട്ടിലങ്ങാടി, ജി.എൽ.പി. ചോറൂർ. ജി.യു.പി. ആതവനാട്., ജി.യു.പി. കൂടശ്ശേരി എന്നിവിടങ്ങളിൽ ഉടൻ തന്നെ ആവശ്യമായ കെട്ടിടം നിർമ്മിക്കണം. ഓലഷെഡുകൾ നിർബന്ധമായും നീക്കം ചെയ്യണം.

4. വിദ്യാർത്ഥി ബാഹുല്യം കുറയ്ക്കുന്നതിനും നിലവാരം കൂട്ടുന്നതിനും അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുകയും സ്ക്കൂളുകൾക്ക് ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കുകയും വേണം. ആവശ്യമുള്ള ഫർണിച്ചർ പി.ടി.എ. യുടെ സഹായത്തോടെ നിർമ്മിക്കാവുന്നതാണ്.

5. പാഠ പുസ്തകങ്ങൾ കൃത്യസമയത്ത് എത്തിക്കുന്നതിന് പഞ്ചായത്തു തലത്തിൽ തന്നെ സംവിധാനം വേണം. പഞ്ചായത്തു പ്രസിഡണ്ടിൻെറ മേൽ നോട്ടത്തിൽ പ്രസ്തുത സമിതി പുസ്തക ലഭ്യത അവലോകനം ചെയ്യണം. ഓരോ സ്ക്കൂളിലും പി.ടി.എ. യും പ്രസ്തുത കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

6. സിലബസ് ഭാരം ലഘൂകരിക്കണം. പാഠ പുസ്തകങ്ങൾ നിർമിക്കുമ്പോൾ അവ സ്വയം പഠിക്കാൻ കുട്ടിയെ സഹായിക്കുന്ന വിധത്തിലായിരിക്കണം കെട്ടിലും മട്ടിലും പുതുമ വേണം. എൽ.പി., യു.പി. പാഠപുസ്തകങ്ങളിൽ ധാരാളം കഥകളും വർണചിത്രങ്ങളും ഉൾക്കൊളളിക്കണം. ദേശാഭിമാനം വളർത്തുന്ന തരത്തിലുള്ള പാഠങ്ങൾ ധാരാളം ഉൾക്കൊള്ളിക്കണം.

7. ബോധനരീതി ശിശു കേന്ദ്രീകൃതമാകണം. ശാസ്ത്രിയമായ കാഴ്ചപ്പാട് അവലംബിക്കണം. അധ്യാപകർക്ക് മതിയായ പരിശീലനം ഇടയ്ക്കു നൽകണം (Inservice Course). പഠനോപകരണങ്ങൾ പരമാവധി ഉൾക്കൊളളിക്കണം. പഠനോപകരണങ്ങൾ നിർമിക്കുന്നതിന് മാസത്തിൽ ഒരിക്കൽ ഒരു പഠനോപകരണ ശില്പശാല സംഘടിപ്പിക്കണം. പി.ടി.എ. ക്രിയാത്മകമായി സഹകരിക്കുകയും അവലോകനം ചെയ്യുകയും വേണം.

8. ലൈബ്രറി, ലാബറട്ടറി എന്നിവ ഓരോ സ്ക്കൂളിനും ഉണ്ടെന്ന് ഉറപ്പു വരുത്തണം. സ്പെഷ്യൽ ഫീസ് ഉപയോഗം ശരിയായ വിധത്തിലാക്കിയാൽ കുറെയെല്ലാം കാര്യങ്ങൾ ചെയ്യാവുന്നതാണ്. ആതവനാട് ഗവ. ഹൈസ്കൂളിന് സ്വന്തമായി ലൈബ്രറി, ലാബറട്ടറി എന്നിവയ്ക്ക് മുറികളില്ല. ഇതു പരിഹരിക്കേണ്ടതുണ്ട്. ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നുണ്ട് എന്നു വിലയിരുത്തേണ്ടതാണ്.

എല്ലാ യു.പി. സ്ക്കൂളിലും ലൈബ്രറി, ലാബറട്ടറി എന്നിവയുടെ പ്രവർത്തനം പി.ടി.എ. വിലയിരുത്തണം.

9. രക്ഷിതാക്കളുടെ താല്പര്യക്കുറവ്

രക്ഷിതാക്കളുടെ താല്പര്യക്കുറവ് അറിവില്ലായ്മ മൂലമാണ് ഉണ്ടാകുന്നത്. ഇത് മാറണമെങ്കിൽ ശരിയായ ബോധവൽക്കരണം നടത്തണം. അതിന് രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെ സഹായം ആവശ്യപ്പെടാവുന്നതാണ്. കൂടാതെ പി.ടി.എ. കൂടുതൽ സജീവമാക്കുകയും വേണം. ആഴ്ചയിൽ ഒരിക്കലെങ്കിലും അധ്യാപകരെ സന്ദർശിക്കാൻ രക്ഷിതാക്കൾ തയ്യാറാകണം. എങ്കിൽ മാത്രമേ കുട്ടികളുടെ പഠന പുരോഗതി മനസ്സിലാക്കാൻ രക്ഷിതാക്കൾക്കു കഴിയൂ.

10. പി.ടി.എ. സജീവമാക്കണം. എല്ലാ മാസത്തിലും പി.ടി.എ. യോഗം സംഘടിപ്പിക്കണം. വിദ്യാഭ്യാസ നിലവാരത്തെയും പ്രശ്നത്തെയും കുറിച്ച് ചർച്ച ചെയ്യണം. മാത്രമല്ല. വാർഡ് മെമ്പറെ പി.ടി.എ. യിൽ സ്ഥിരം അംഗമാക്കുകയും വേണം. എല്ലാ രക്ഷിതാക്കളുടെയും സാന്നിധ്യം ഉറപ്പു വരുത്തണം.

മാതൃസംഗമം

മാതൃസംഗമം കൂടുതൽ സജീവമാക്കണം. ചടങ്ങിനു മാത്രം നടക്കുന്ന യോഗങ്ങൾ കൂടുതൽ കാര്യക്ഷമമാകണം. എല്ലാ അമ്മമാരുടെയും സാന്നിധ്യം ഉറപ്പുവരുത്തണം. മാസത്തിൽ ഒരിക്കലെങ്കിലും മാതൃസംഗമം ചേരണം.

പി.ടി.എ. എക്സിക്യൂട്ടിവ് അംഗങ്ങളും മാതൃസംഗമത്തിലെ എസ്സിക്യൂട്ടിവ് അംഗങ്ങളും സംയുക്തമായി യോഗം ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

ക്ലാസ് തല പി.ടി.എ. രൂപീകരിക്കുന്നതും വളരെ ക്രിയാത്മകമായ നടപടിയാണ്.

11. കൊഴിഞ്ഞുപോക്ക് അധികവും ദാരിദ്ര്യം മൂലമുണ്ടാകുന്നതാണ്. ഇതിന് പരിഹാരമായി എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി നിർബന്ധമാക്കണം.

12. വിദ്യാഭ്യാസം പ്രവൃത്ത്യുന്മുഖമാക്കണം. വൈറ്റ് കോളർ നിലവാരത്തിൽ നിന്നും കൃഷിക്കാരുടെയും കൈത്തൊഴിലുകാരുടെയും നിലവാരത്തിലേക്ക് ചിന്തിക്കാവാൻ തയ്യാറാകണം. എല്ലാ സ്ക്കൂളുകളിലും ഉള്ള സ്ഥലം ഉപയോഗിച്ച് ഒരു ചെറിയ കൃഷിസ്ഥലവും വേണം. അതുപോലെ കൈത്തൊഴിലുകളായ കുട്ടനെയ്ത്ത്, സോപ്പ്, മെഴുകുതിരി നിർമ്മാണം എന്നിവയിൽ വിദഗ്ദ്ധൻമാരെ ഉപയോഗിച്ച് പരിശീലനം നൽകണം. എങ്കിലേ വിദ്യാഭ്യാസം ജീവിതഗന്ധിയാകൂ. ഇത് ഗാന്ധിജിയുടെ സ്വപ്നമാണല്ലോ.

13. ഓൾ പ്രമോഷൻ രീതി മാറ്റണം. മാത്രമല്ല. നാല്, ഏഴ്, ക്ലാസുകളിൽ പൊതു പരീക്ഷ ഏർപ്പെടുത്തുകയും വേണം. ഇത് എസ്.എസ്.എൽ. സി. പരീക്ഷപോലെ തന്നെ നടത്തണം.

14. വിരസമായ വിദ്യാലയാന്തരീക്ഷം രസകരമാക്കണം. ഇതിനായി കളിപ്പാട്ടങ്ങളും മറ്റു വിനോദോപാധികളും കണ്ടെത്താൻ ശ്രമിക്കണം.

15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യമായി പുസ്തകങ്ങളും യൂണിഫോമും പി.ടി.എ. യുടെ സഹകരണത്തോടെ വിതരണം ചെയ്യണം.

16. സ്ക്കൂളുകളിലെ ജലക്ഷാമം പരിഹരിക്കണം. ഇതിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം.

17. കായിക വിദ്യാഭ്യാസത്തിന് സിലബസിൽ പ്രാധാന്യം നൽകണം. അത് പരീക്ഷയുടെ ഭാഗമാക്കുകയും വേണം. ഓരോ സ്ക്കൂളിനും കളിസ്ഥലം കണ്ടെത്തണം. കായികാധ്യാപകരെ നിയമിക്കുകയും വേണം. ബുദ്ധിപരമായ പ്രാധാന്യമുള്ള ചെസ് തുടങ്ങിയ ഗെയിമുകൾക്ക് പ്രത്യേക പരിഗണന നൽകണം. ഇത്തരം കളികളുടെ പഞ്ചായത്തു തല മത്സരം സംഘടിപ്പിക്കുകയും വേണം.

18. സ്ക്കൂൾ തലത്തിൽ അച്ചടക്ക സമിതികൾ വേണം. പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾ, വാർഡ് മെമ്പർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കണം. ഹൈസ്ക്കൂളുകളിൽ പ്രത്യേ ഊന്നൽ നൽകേണ്ട മേഖലയാണിത്. സാഹിത്യ സമാജം ഓരോ മാസത്തിലും സംഘടിപ്പിക്കണം. പൗര ധർമ്മങ്ങളെപ്പറ്റി പഠിക്കുവാൻ സ്കൂൾ പാർലമെൻറ് സംഘടിപ്പിക്കണം. എൻ.സി.സി., സ്കൗട്ട് എന്നിവ സജീവമാക്കണം. ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടിക്ക് പഞ്ചായത്തു തലത്തിൽ സമ്മാനം നൽകണം. ഇതു വായനാശീലത്തെ പ്രോത്സാഹിപ്പിക്കും.

19. പണക്കാർക്കു മാത്രം പഠിക്കാൻ സാഹചര്യമൊരുക്കുകയും രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയും ചെയ്യുന്ന അൺ എയിഡഡ് സ്ഥാപനങ്ങൾ ഉടനടി നിർത്തലാക്കുക.

## ഗ്രാമസഭാ റിപ്പോർട്ട് സംഗ്രഹം

### വാർഡ് 1

1. വാർഡിൽ എൽ.പി., യു.പി., എച്ച്.എസ്. എന്നിവയില്ല. ഒരു അൺ എയിഡഡ് യു.പി.സ്കൂൾ പ്രവർത്തിക്കുന്നു.

2. കിലോമീറ്ററുകളോളം നടന്നാണ് കൊച്ചു കുട്ടികൾ സ്ക്കൂളിലെത്തുന്നത്. രണ്ട് എൽ.പി. സ്ക്കൂൾ അനുവദിക്കേണ്ടതാണ്.

3. ഒരു സാക്ഷരതാ കേന്ദ്രവും 3 അംഗനവാടികളും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും അനുവദിക്കണം.

### വാർഡ് 2

1. വാർഡിൽ 4 യു.പി.സ്കൂൾ ഉണ്ട്. അംഗൻവാടിക്ക് കെട്ടിടം വേണം. ഒരു പിതിയ അംഗൻവാടി കൂടിവേണം.

2. വായനശാലാ, ഗ്രന്ഥശാല, നേഴ്സറി സ്കൂൾ എന്നിവ വേണം.

3. പൂളമംഗലത്തെ എസ്.എസ്.എൽ.സി. നിലവാരം തൃപ്തികരം.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തണം.

### വാർഡ് 3

1. രണ്ട് എൽ.പി. സ്ക്കൂൾ ഉണ്ട്. യു.പിയും എച്ച്.എസ് ഉം ഇല്ല.

2. 3 അംഗൻവാടികൾ ഉണ്ട്. അവയ്ക്ക് സ്വന്തമായി കെട്ടിടമില്ല.

3. വായനശാല, ഗ്രന്ഥശാല ഇവ വേണം.

4. ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം പുത്തനത്താണിയിൽ ഉണ്ട്.

5. പുത്താനത്താണി എൽ.പി. സ്ക്കൂൾ യു.പി. ആക്കണം.

6. ഒരു എച്ച്.എസ്. കൂടി വേണം. മിച്ചഭൂമി ഏറ്റെടുത്താൽ ആവശ്യമായ സ്ഥലം ലഭിക്കും.

7. പുത്തനത്താണി സ്ക്കൂളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കണം.

വാർഡ് 4

1. എൽ.പി., യു.പി, എച്ച്.എസ്. പൂളമംഗലം സ്കൂൾ

2. മൂന്ന് അംഗൻവാടികൾ ഉണ്ട്. സ്വന്തമായി കെട്ടിടമില്ല.

3. കാട്ടാൻകുന്ന് സ്ക്കൂളിലേക്ക് 1.5 കി.മീറ്റർ നടന്നാണ് കുട്ടികൾ എത്തുന്നത്.

4. കാട്ടാൻ കുന്നു് സ്ക്കൂളിലെ ജലക്ഷാമം പരിഹരിക്കണം. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. അധ്യപകർ, ഫർണിച്ചർ, എന്നിവയുടെ അഭാവം ഉണ്ട്.

5. നാലാം വാർഡിൽ 2 അംഗൻവാടി വേണം.

6. പൂളമംഗലം സ്ക്കൂളിലെ പി.ടി.എ. ശക്തിപ്പെടുത്തണം.

വാർഡ് 5

1. വിദ്യാഭ്യാസപരമായി മുമ്പിൽ നിൽക്കുന്ന വാർഡ്.

2. ചേരുരാൽ എച്ച്.എസ്, കൂടശ്ശേരി യു.പി. ഇവിടങ്ങളിൽ കുട്ടികൾ പഠിക്കുന്നു.

3. ബാവപ്പടിയിൽ ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി ഉണ്ട്.

4. ഒരു വായനശാലയുണ്ട്.

5. സ്ക്കൂളുകളിലെ പഠനനിലവാരം ഉയർത്തണം. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.

6. പി.ടി.എ. സജീവമാക്കണം, വാർഡ് മെമ്പർ സ്ഥിരം അംഗമാകണം.

7. പഞ്ചായത്തിൽ ഒരു കോളേജ് വേണം

8. ദേശീയബോധം വളർത്തുന്ന പാഠങ്ങൾ സിലബസിൽ ഉൾക്കൊള്ളിക്കണം.

വാർഡ് 6

1. വാർഡിൽ 3 അംഗൻവാടികളിൽ 2 എണ്ണത്തിന് സ്വന്തം കെട്ടിടമില്ല.

2. കൂടശ്ശേരി പാറയിൽ ഒരു എൽ.പി. സ്കൂൾ വേണം. ഗവ. എച്ച്.എസ്.ൽ ഉപയോഗശൂന്യമായ കെട്ടിടം എൽ.പി. ആക്കാം.

3. യു.പി. സ്ക്കൂളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

4. അധ്യാപകരുടെ കുറവ് -ഹൈസ്കൂളിലെ- പരിഹരിക്കണം.

വാർഡ് 7

1. എൽ.പി. സ്ക്കൂളിന് സ്വന്തം കെട്ടിടം വേണം.

2. പാഠപുസ്തകങ്ങൾ കിട്ടിയിട്ടില്ല.

3. എൽ.പി., യു.പി ആക്കി യു.പി.ഗ്രേഡ് ചെയ്യണം.

4. വായനശാല, ഗ്രന്ഥശാല അനുവദിക്കണം.

5. വാർഡിന് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം വേണം.

വാർഡ് 8

വാർഡിൽ 4 അംഗൻവാടികൾ ഉണ്ട്. സ്ക്കൂൾ ഇല്ല. സ്വന്തമായി കെട്ടിടമില്ലാത്തവയാണ് അംഗൻവാടികൾ.

2. പറപ്പുറത്ത് ഒരു എൽ.പി. യു.പി. എച്ച്.എസ് അനുവദിക്കണം.

3. ആതവനാട് യു.പി. എച്ച്.എസ്. എന്നിവിടങ്ങളിലെ അധ്യാപകരുടെ കുറവു നികത്തണം.

4. പി.ടി.എ. ശക്തമാക്കണം.

വാർഡ് 9

1. ജി.യു.പി. സ്ക്കൂൾ ആതവനാടിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ചുറ്റുമതിൽ വേണം.

2. വാർഡിലെ പൗരമിത്രം വായനശാലയ്ക്ക് ഒരു റീഡിംഗ് റൂം നിർമിക്കാൻ സഹായം നൽകണം.

3. ജി.എച്ച്.എസ്. ലെ വിജയശതമാനം വർധിപ്പിക്കണം.

വാർഡ് 10

1. വാർഡിൽ ഒരു സ്ക്കൂൾ ഇല്ല. ചോറൂർ ജി.എൽ.പി.എസ് ലേക്ക് 3 കി.മീറ്റർ നടക്കണം. അടിയന്തിരമായി സ്ക്കൂൾ അനുവദിക്കണം.

2. അമ്പലപ്പറമ്പിലെ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം വേണം.

വാർഡ് 11

1. വാർഡിൽ യു.പി. എച്ച്.എസ്. ഇല്ല. എൽ.പി. സ്കൂൾ മാത്രം പ്രവർത്തിക്കുന്നു.

2. പൂളമംഗലം ഇസഡ്.എം.എച്ച്.എസ്. നെ പ്രധാനമായും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നു.

3. അംഗനവാടിക്ക് സ്വന്തമായി കെട്ടിടമില്ല.

4. എൽ.പി. സ്ക്കൂൾ യു.പി.സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുക.

വാർഡ് 12

1. അംഗൻവാടികൾക്ക് കെട്ടിടമില്ല.

2. ആതവനാട് ജി.എച്ച്.എസ്. ൻെറ അടുത്ത് എൽ.പി.സ്കൂൾ വേണം.

3. കരിപ്പോൾ ജി.യു.പി.എസ്. ലെ ജലക്ഷാമം പരിഹരിക്കണം. അധ്യാപക ക്ഷാമം, ഫർണിച്ചർ കുറവ് ഇവ പരിഹരിക്കണം.

4. വാർഡ് തല കലാകായിക മേളകൾ വേണം.

5. കരിപ്പോൾ സ്ക്കുളിലെ DPEP കെട്ടിടം പണി പൂർത്തിയാക്കണം.

# കുടിവെള്ളം

ജീവൻെറ ആധാരവും നിലനിൽപ്പും ജലമാണല്ലോ. ആതവനാട് പഞ്ചായത്തിലെ ഏതാണ്ട് 95% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 30% ജനങ്ങളും രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ പല ഭാഗങ്ങളിലും 200 മുതൽ 400 മീറ്റർ താണ്ടിയാണ് ജലം ശേഖരിക്കുന്നത്. ഇവ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ നിന്ന് പദ്ധതികളുണ്ടെങ്കിലും അവയൊന്നും തന്നെ പൂർണമായി ഉപയാഗപ്രദമല്ല. ശാസ്ത്രീയമായ ആസൂത്രണപ്രക്രിയയുടെ അഭാവം ഇതിൻെറ ഗുണം ലഭ്യമാവാതിരിക്കൻ കാരണമാണ്. ഉദാ 7-ാം വാർഡിലെ അത്താണിക്കൽ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർടാങ്ക്, നെച്ചിത്തൊടി, അയ്യപ്പനോവ് തുടങ്ങിയവ. 95-96 വർഷത്തിൽ 1500 ഓളം പേർക്ക് ജലജന്യപോഗങ്ങൾ ബാധിക്കുകയുണ്ടായിട്ടുണ്ട്. മിക്ക ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുള്ള പ്രധാന ആക്ഷേപം കുടിവെള്ള ദൗർലഭ്യമായിരുന്നു. പ്രധാനമായും ക്ഷാമമനുഭവിക്കുന്ന പ്രദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വാർഡ് 1

നെല്ലിക്കുന്ന് ഭാഗം

മുഴങ്ങാണി ഭാഗം

കുന്തറ ഭാഗം

വാർഡ് 2

ഓടായപുറം ഭാഗം

ചേലക്കാട്ട് മുകൾ ഭാഗം

വാർഡ് 3

കൊട്ടിപ്പാറക്കുന്ന്

അതിരുമട ഭാഗം

കുടികളത്താണി ഭാഗം.

വാർഡ് 4

കരിപാം പടി

പടിക്കൽ പള്ളിയേൽ

അവാംചിറ

പറയൻപള്ളിയേൽ

ചെലൂർക്കുന്ന്

വാർഡ് 5

ചന്ദനക്കാവ് പ്രദേശം

ബാവപ്പടി

വാർഡ് 6

മുളക്കത്തോടി ഹരിജൻ കോളനി

പൂളമംഗലം സബ് സെൻറർ പ്രദേശം

അയ്യപ്പനോവ് പ്രദേശം

വലിയുന്നാരത്ത് കുന്ന്

ചകിരിപ്പാറ

വാർഡ് 7

നെച്ചിത്തോടി ഹരിജൻ കോളനി

വാർഡ് 8

പാറപ്പുറം

കിഴക്കേപ്പാട്ട് കുളമ്പ്

നൂറാം പറമ്പ്

പാറേക്കളം ഹരിജൻ കോളനി

പാറക്കുന്നത്ത് പടി

മൊട്ടക്കുന്ന്

വാർഡ് 9

നീലാംകുന്നിന് ചുറ്റുമുള്ള പ്രദേശം

പാരിക്കുഴി കുളമ്പ്

പറക്കുന്നത് കോളനി

കോക്രാം കുന്നിൻെറ ചുറ്റുഭാഗം

വാർഡ് 10

പയനി കുളമ്പ്

അമ്പലപ്പറമ്പ്

വാർഡ് 11

ചോറ്റൂർ സ്ക്കൂളിന് സമീപം വില്ലൂർപടിവരെ ചകിരിമില്ലിന് താഴെ

വാർഡ് 12

പഞ്ചായത്താഫീസിന് സമീപം

പടിഞ്ഞാറേക്കര

മാട്ടുമ്മൽ ക്ഷേത്ര പരിസരം

കരിപ്പോൾ വെട്ടിച്ചിറ റോഡിൽ

കരിപ്പോൾ സ്ക്കൂൾ നിൽക്കുന്ന പ്രദേശം

## നിർദേശങ്ങൾ

പ്രധാനമായും ഉരുത്തിരിഞ്ഞ നിർദ്ദേശം കുഴൽകിണറുകൾ കുഴിച്ച് ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് തെട്ടി പൈപ്പ് വഴി അത്യാവശ്യ ഭാഗങ്ങളിലേക്ക് ജലമെത്തിക്കണം. പൂവം ചിന ഭാഗത്ത് തുറന്ന് കിണരുകുഴിച്ച് മോട്ടോർവെച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചാൽ 2,3 വാർഡുകളിലെ ചേലക്കാട് ഭാഗത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കാം. പൊതുകിണറുകൾ ഉപയോഗശൂന്യമായി കിടക്കുന്നത് അടിയന്തിരമായി റിപ്പയർ ചെയ്ത് ആഴം കുട്ടി ജല ലഭ്യത ഉണ്ടാക്കണം. 9 വാർഡിൽ കോക്രാംകുന്ന് G U P School ഗ്രൗണ്ടിലെ കുഴൽക്കിണറിൽനിന്നും സുഭിക്ഷമായി ലഭിക്കുന്ന ജലം അവിടെ ഒരു ടാങ്ക് കെട്ടി ചുറ്റുവട്ടത്തുള്ള വീടുകൾക്കും സ്ക്കൂളിലെ കുട്ടികൾക്കും വിതരണം ചെയ്യാം. ഇവിടം ഉയർന്ന പ്രദേശമായതിനാൽ ടാങ്ക് കെട്ടാൻ ചെലവ് കുറയും. 10 വാർഡിൽ അമ്പലപ്പറമ്പിൽ കുന്നിൻ മുകളിൽ ജലലഭ്യതയുള്ള പ്രദേശത്ത് സ്ഥലം വിട്ടുകൊടുക്കാനും ടാങ്ക് നിർമ്മിച്ച് കൊടുക്കാനും തദ്ദേശിയർ തയ്യാറാണ്. 12 വാർഡിൽ കരിപ്പാളിൽ 3 വർഷം മുമ്പ് കിണർ ടാങ്ക് എന്നിവയുടെ പണി പൂർത്തായയാക്കി വൈദ്യുത കണക്ഷൻ മാത്രം കാത്തിരിക്കുകയാണ്. പഞ്ചായത്താഫീസിൽപോലും ജലം ലഭിക്കാൻ ഇതിനെയാണ് അശ്രയിക്കുന്നത്. ഉടനെ വേണ്ട നടപടി എടുക്കണം. 6 വാർഡിലെ ചെനപ്പറമ്പ് മുളക്കത്തൊടി കോളനികളിലേയും പരിസരപ്രദേശങ്ങളിലേയും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏതാണ്ട് പണി പൂർത്തിയാക്കി വെച്ചിട്ടുള്ള പദ്ധതി കഴിയുന്നതും വേഗത്തിൽ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കണം

# ആരോഗ്യം

ആധുനിക ചികിത്സാ സമ്പ്രദായം വ്യാപകമാകുന്നതിനുമുമ്പ് ആയുർവ്വേദ ചികിത്സാ രീതിയായിരുന്നു ഏക അവലംബം. ഇതു കൂടാതെ ജ്യോതിഷം, മന്ത്രവാദം തുടങ്ങിയ അന്ധവിശ്വാസത്തി ലധിഷ്ഠിതമായ രീതികളും ആരോഗ്യ രംഗത്ത് നിലനിന്നിരുന്നു. ഉറക്കെഴുതി കുടിക്കൽ, നേർച്ചകൾ നേരൽ, കാവുവഴിപാട്, മന്ത്രവാദം, കൊതി, വിഷം തുടങ്ങിയവ ഊതി ഇറക്കൽ, വെള്ളം ജപിച്ചു കുടിക്കൽ, മന്ത്രച്ചര് കെട്ടൽ, അഴിക്കല്ല്, തകിട് മുതലായവയുടെ ഉപയോഗം തുടങ്ങി നിരവധി അശാസ്ത്രീയമായ ആചാരങ്ങൾ വ്യാപകമായി നിലവിലുണ്ടായിരുന്നു. ഇന്നും അതിന്റെ സ്വാധീനം ജനമനസ്സിൽ നിന്നും പൂർണമായും വിട്ടുപോയിട്ടില്ല.

നാട്ടു വൈദ്യൻമാരിൽ പ്രമുഖർ പൂശാലി രാമൻ, പേരഴിപ്പറമ്പിൽ കുഞ്ഞൻ വൈദ്യർ, ഇണ്ണീരി വൈദ്യർ, കേലു വൈദ്യർ, വലിയാക്കത്തൊടി തങ്ങൾ, ചെലൂർ, പാറപ്പുറത്തു ബാപ്പുട്ടി മുസ്ല്യാർ തുടങ്ങിയവരായിരുന്നു. കോളറ, വസൂരി, ചപ്പട്ട തുടങ്ങിയ പകർച്ച വ്യാധികൾ ജനങ്ങളെ ഭയപ്പെടുത്തിയിരുന്നു. ധാരാളം പേർ മരിക്കുകയും ചെയ്തിട്ടുണ്ട്. അവയുമായി ബന്ധപ്പെട്ട പല അന്ധ വിശ്വാസങ്ങളും നാട്ടിൽ നിലനിന്നിരുന്നു.

### ആധുനികതയുടെ വരവ്

ഏതാണ്ട് അമ്പതു വർഷങ്ങൾക്കുമുമ്പ് സ്ഥാപിക്കപ്പെട്ട തിരൂരിലെ സർക്കാർ ആശുപത്രി

## പഞ്ചായത്തില ചികിത്സാ കേന്ദ്രങ്ങൾ

| ക്രമ ന മ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥലം | ഉടമസ്ഥത | കെട്ടിത്തെ സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1. | പ്രാഥമികാരോഗ്യ കേന്ദ്രം | മാട്ടുമ്മൽ | പൊതുമേഖല | ഉണ്ട് |
| 2. | ഗവ. ആയുർവ്വേദ ഡിസ്പൻസറി | ആതവനാട് | പൊതുമേഖല | ഇല്ല |
| 3. | ഗവ. ആയിർവേദ ഡിസ്പൻസറി | മേല്പത്തൂർ | പൊതുമേഖല | ഉണ്ച്. |
| 4. | IPP സെൻറർ | കാവുങ്ങൽ | പൊതുമേഖല | ഉണ്ട് |
| 5. | IPP സെൻറർ | പൂളമംഗലം | പൊതുമേഖല | ഉണ്ട്. |
| 6. | IPP സെൻറർ | കുറുമ്പത്തൂർ | പൊതുമേഖല | ഉണ്ട് |
| 7. | IPP സെൻറർ | കഞ്ഞിപ്പുര | പൊതുമേഖല | ഉണ്ട് |
| 8. | IPP സെൻറർ | പാറപ്പുറം | പൊതുമേഖല | ഉണ്ട് |
| 9. | കാട്ടിലങ്ങാടി യത്തീം ഖാന ഹോസ്പിറ്റൽ | കാട്ടിലങ്ങാടി | സ്വകാര്യം | |
| 10 | വെട്ടിച്ചിറ | വെട്ടിച്ചിറ | സ്വകാര്യം | |
| 11. | AMM പുത്തനത്താണം | പുത്തുനത്താണി | സ്വകാര്യം | |
| 12. | വീനസ് | പുത്തനത്താണി. | സ്വകാര്യം | |
| 13. | ദുർഗ ആയുർവേദ ക്ലിനിക് | പുത്തനത്താണി. | സ്വകാര്യം | |

യുമായി ബന്ധപ്പെട്ടുകൊണ്ടാണ് പഞ്ചായത്തിൽ ആധുനിക ചികിത്സാരീതിയുടെ കടന്നുവരവ് അമ്പതു വർഷങ്ങൾക്കുശേഷവും അതേ ആശുപത്രി യെത്തന്നെ ആശ്രയിക്കേണ്ട സ്ഥിതിയിലാണ് പഞ്ചായത്തിലുള്ളവർ. 1989 ലാണ് സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം ആതവനാട് മാട്ടുമ്മലിൽ സ്ഥാപിച്ചത്. എന്നാൽ ചികിത്സക്കായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് പുത്തനത്താണി, വെട്ടിച്ചിറ, വളാഞ്ചേരി തിരൂർ എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളെയാണ്.

ഇവയ്ക്കുപുറമെ അലോപ്പതി, ആയുർവേദം, ഹോമിയോ, നാട്ടുചികിത്സ തുടങ്ങിയ മേഖലകളിൽ സ്വകാര്യ പ്രാക്ടീസ് നടത്തുവരും ഉണ്ട്.

ആരോഗ്യമേഖല പ്രശ്നങ്ങളും പരിഹാരങ്ങളും

1. പ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും 5 IPP സെൻററുകളിലും കൂടി 15 ജീവനക്കാരുണ്ട്. ഒരു പ്യൂണിൻെറയും ഒരു സ്വീപ്പറിൻെറയും പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. ഡോക്ടർ സ്ഥിരമായി ലീവിലുമാണ്. ഈ സ്ഥാപനങ്ങൾക്കായി വർഷത്തിൽ 363041 രൂപ ഗവൺമെൻറ് ചെലവാക്കാന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുടെ സേവനം ഒരു ചെറിയ ശതമാനത്തിനുപോലും പ്രയോജനപ്പെടുന്നില്ല. വേണ്ടത്ര മരുന്നില്ല. കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനവുമില്ല. സർക്കാറിൻെറ ആരോഗ്യ പ്രവർത്തനങ്ള കാര്യക്ഷമമല്ലെന്നുള്ളതിനുള്ള ഉത്തമോദാഹരണമാണിത്.

പഞ്ചായത്തിൽ ജനനനിരക്ക് വളരെ കൂടുതലാണ്. അത് സംസ്ഥാന ശരാശരിയേക്കാളും, ജില്ലാ ശരാശരിയേക്കാളും കൂടുതലാണ്. ഈ അവസ്ഥ മാറേണ്ടതുണ്ട്.

| വർഷം | ജനനം | മരണം. |
|---|---|---|
| 1993-94 | 1650 | 107 |
| 1994-95 | 1637 | 107 |
| 1995-96 | 1351 | 113 |

ആയുർവേദാശുപത്രികളിൽ ആവശ്യത്തിനു മരുന്നുകൾ ലഭിക്കുന്നില്ല. ഗവ. ആയുർവേദ ഡിസ്പൻസറി, കാട്ടലങ്ങാടിക്ക് സ്വന്തമായി കെട്ടിടമില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കണം. ഡോക്ടർമാർ അവധിയിൽ പോകുമ്പോൾ പകരം സംവിധാനം ഉണ്ടാക്കണം.

2. ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.

3. ഹെൽത്ത് സെൻറുകളിൽ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കണം.

4. 25 പേരെയെങ്കിലും കിടത്തി ചികിത്സിക്കുവാൻ തക്ക വിധത്തിൽ ആരോഗ്യ കേന്ദ്രത്തിൽ സൗകര്യം ഏർപ്പെടുത്തണം.

5. ആശുപത്രിക്ക് ജനപങ്കാളിത്തത്തോടെ വികസന സമിതിക്ക് രൂപം നൽകണം. സമിതിക്ക് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ച് അറിവു നൽകണം.

6. ജീവനക്കാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

7. ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിച്ച് മാസത്തിൽ ഒരിക്കൽ ഒരു വീട് സന്ദർശിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

8. പൊതുജനാരോഗ്യ രംഗത്ത് ബോധവൽക്കരണം നടത്തുന്നതിന് സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, സിനിമാ പ്രദർശനം എന്നിവ വ്യാപകമായി സംഘടിപ്പിക്കണം.

9. IPP സെൻറുകളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും മെഡിക്കൽ ഓഫീസർ ക്യാമ്പു ചെയ്ത് രോഗികളെ പരിശോധിക്കണം.

10. ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം. വികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സജീവമാക്കണം.

11. കുടുംബാസൂത്രണ രംഗത്ത് പഞ്ചായത്തിൻെറ നേട്ടം കേരളത്തിൻെറ നിലവാരത്തിൽ എത്തിയിട്ടില്ല. ഇതിനായി ആസൂത്രിതമായ

പ്രവർത്തനങ്ങൾ കൂടിയേ തീരു. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കണം. ധാരാളം ചർച്ചാക്ലാസുകളും സെമിനാറുകളും ഓരോ പ്രദേശത്തും സംഘടിപ്പിക്കണം. സിനിമ മുതലായ ആധുനിക മാധ്യമങ്ങളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കണം. താൽക്കാലിക കുടുംബാസൂത്രണ മാർഗങ്ങളെപ്പറ്റി ജനങ്ങളെ പ്രത്യേകിച്ചും സ്ത്രീകളെ ബോധവൽക്കരിക്കേണ്ടതാണ്. ഇതിനായി ആരോഗ്യ പ്രവർത്തകർ മുൻകൈ എടുക്കണം. പ്രചാരണത്തിന് സന്നദ്ധ സംഘടനകളുടെ സഹകരണം ആഭ്യർത്ഥിക്കാവുന്നതാണ്.

## പരിസര ശുചിത്വം

പരിസരശുചിത്വത്തിൻെറ കാര്യത്തിൽ പഞ്ചായത്ത് ഇനിയും ബഹുദൂരം മുമ്പോട്ടുപോകണം. പഞ്ചായത്തിൽ ആകെയുള്ള 5605 വീടുകളുൽ 1032 വീടുകൾക്ക് കക്കൂസില്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്കാണ് ഇത്തരത്തിലുള്ള ദുരവസ്ഥയുള്ളത്. വെളിമ്പ്രദേശങ്ങളിലുള്ള മലമൂത്ര വിസർജനം പൊതുജനാരോഗ്യത്തിനുതന്നെ ഭീഷണിയാണ്. പുത്തനത്താണി, വെട്ടിച്ചിറ, പാറപ്പുറം തുടങ്ങിയ സ്ഥലങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾ പുറന്തള്ളുന്ന മാലിന്യങ്ങൾ കുന്നു കൂടിക്കിടക്കുകയാണ്. ഇവ സംസ്കരിക്കുന്നതിനു ശാസ്ത്രീയമായ സ്ഥിരം സംവിധാനമില്ല. അഴുക്കുചാലുകൾ കാര്യക്ഷമവുമല്ല. മഴക്കാലത്ത് ഓടകൾ നിറഞ്ഞൊഴുകി റോഡുകൾ മലിനമാകുന്നു.

റോഡരികിൽ അശാസ്ത്രീയവും അനധികൃതവുമായ അറവുശാലകളിൽ നിന്നുള്ള മാലിന്യക്കൂമ്പാരങ്ങളും പരിസരമലിനീകരണം രൂക്ഷമാക്കുന്നു. ഇറച്ചി വിപണന കേന്ദ്രങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കപ്പെട്ടിട്ടില്ല. രോഗം ബാധിച്ചവയും ആരോഗ്യമില്ലാത്തുവയുമായ കന്നുകാലികളും പക്ഷികളും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. മാംസത്തിൻെറ ഗുണനിലവാരം ഉറപ്പാക്കാൻ ഒരു സംവിധാനവുമില്ല.

ഇറച്ചിയുടെ ആവശ്യത്തിന് ഉപയോഗിക്കുന്ന കുഴികളുടെ അവശിഷ്ടങ്ങൾ റോഡിൽ വലിച്ചെറിയുന്ന വൃത്തികെട്ട നടപടികൾ ചിലർ തുടരുന്നുണ്ട്.

പൊതു നിരത്തുകളിൽ വെച്ചുള്ള മത്സ്യക്കച്ചവടം ഒരു ആരോഗ്യ പ്രശ്നവും പരിസരശുചിത്വത്തെ തകരാറിലാക്കുന്നതുമാണ്.

പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ അമിതമായ ഉപയോഗം മണ്ണിൻെറ രാസഘടനയ്ക്കും നീരൊഴുക്കിനും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. ഇത് പഞ്ചായത്തിലെ മാത്രം പ്രശ്നമല്ലെങ്കിലും അധികം താമസിയാതെ ഇതൊരു രൂക്ഷമായ പാരിസ്ഥിതിക പ്രതിസന്ധിക്ക് കാരണമാകുന്നതാണ്.

കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതോപയോഗം മണ്ണിൻെറ ഘടനയ്ക്കും ഉല്പാദനക്ഷമതയ്ക്കും മാറ്റം വരുത്തിയിട്ടുണ്ട്. മാത്രമല്ല ഇവ ശുദ്ധജല സ്രോതസ്സുകളെ മലിനമാക്കുന്നുമുണ്ട്.

കിണറുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ ജലം വർഷകാലത്തും വേനൽകാലത്തും ഒരുപോലെ മലിനമാകുന്നു. ആരോഗ്യ വകുപ്പിൻെറ അനാസ്ഥമൂലം കിണറുകൾ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ വർഷത്തിൽ ഒരിക്കലെങ്കിലും നടക്കുന്നില്ല. കോളറ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം എന്നിവ പലയിടത്തും അനുഭവപ്പെടുന്നു.

ഉച്ചഭാഷിണികൾ മൂലം ഉണ്ടാകുന്ന ശബ്ദ മലിനീകരണം ജനങ്ങളുടെ ആരോഗ്യത്തെ വളരെയധികം ബാധിക്കുന്നു. രാത്രി വളരെ വൈകുന്നതുവരെ പ്രവർത്തിപ്പിക്കുന്നതിന് പലർക്കും ഒരു മടിയും ഇല്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. കക്കൂസില്ലാത്ത ഓരോ വീടിനും കക്കൂസ് നിർമ്മിച്ചുകൊടുക്കുക. നിർമിതി, കോസ്റ്റ് ഫോർഡ് എന്നിവയുടെ സഹകരണം ആവശ്യപ്പെടാം.

2. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രധാന അങ്ങാടികളിൽ ചവറ്റു കൊട്ടകൾ സ്ഥാപിക്കണം. അവ ആഴ്ചതോറും വൃത്തിയാക്കുന്നതിനു സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. കഞ്ഞിപ്പുരയിൽ കുന്നു കൂടിക്കിടക്കുന്ന ചകരിച്ചോറ് പരിസര പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നു. ഇതു പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണം.

3. ആരോഗ്യമുള്ള മൃഗങ്ങളെയും പക്ഷികളെയും മാത്രമെ ഇറച്ചി ആവശ്യങ്ങൾക്ക് ഉപയോഗിക്കാവൂ. ഇവയുടെ അവസ്ഥ പരിശോധി

ക്കുന്നതിനുള്ള സംവിധാനം വേണം. അറവു ശാലകൾക്ക് ലൈസൻസ് നൽകുന്ന സമ്പ്രദായം നിലവിൽ വരികയും ആരോഗ്യകരമായ വില്പന സൗകര്യം ഉറപ്പുവരുത്തുകയും വേണം. വാർഡുകൾ തോറും പൊതു ഇറച്ചി, മത്സ്യ വിപണന കേന്ദ്രം സ്ഥാപിക്കണം.

4. പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്ന പ്ലാസ്റ്റിക്ക് പോലുള്ളവയുടെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വേണം. ഇതിനായി പൊതുജന സംഘടനകളുടെ സഹായം ആവശ്യപ്പെടാം. പ്ലാസ്റ്റിക് കവറുകൾ പലതവണ ഉപയോഗിച്ച് പുതിയവ വാങ്ങുന്നതു കഴിയുന്നതും കുറയ്ക്കണമെന്നു ജനങ്ങളെ മനസ്സിലാക്കണം. മാത്രമല്ല പ്ലാസ്റ്റിക് കവറുകൾ ഒരിക്കലും നശിക്കുന്നില്ലെന്നും അത് കൃഷി, നീരൊഴുക്ക് തുടങ്ങിയവയെ ദോഷകരമായി ബാധിക്കുന്നുവെന്നും ജനങ്ങളെ ബോധവൽക്കരിക്കണം.

5. കൂടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടിയും ജനങ്ങളെ ബോധവൽക്കരിക്കണം. ജൈവ കീടനാശിനികളുടെ പ്രയോഗം വ്യാപകമാക്കണം. രാസവള പ്രയോഗത്തിനുപകരം ജൈവവളം പ്രചരിപ്പിക്കണം. ഇത് ആരോഗ്യകരമായ അന്തരീക്ഷം ഉണ്ടാക്കാൻ സഹായിക്കും.

6. കിണറുകൾക്കു ചുറ്റുമതിൽ നിർമിക്കാൻ സാമ്പത്തിക സഹായം നൽകണം.

7. രാത്രി 10 മണിക്കുശേഷം ഉച്ചഭാഷിണികൾ അനുവദിക്കരുത്. അത്യാവശ്യമാണെങ്കിൽ ശബ്ദം കുറഞ്ഞ Soound box കൾ ഉപയോഗിക്കാൻ അനുവാദം നൽകാം.

# ഊർജ്ജം

വികസനമെന്നാൽ റോഡാണെന്നും ഊർജ്ജമെന്നാൽ വൈദ്യുതിയെന്നും ഒരു മിഥ്യാധാരണ നമ്മുടെ ജനങ്ങൾക്കിടയിലുണ്ട്. മറ്റു ഊർജ്ജ സ്രോതസ്സുകളായ പെട്രോളിയം ഉൽപന്നങ്ങൾ, വിറക്, ചപ്പ് ചവറുകൾ, ബയോഗ്യാസ്, സൗരോർജ്ജം എന്നിവയും നാം ഉപയോഗിക്കുന്നു. ഇവയുടെ ഉപയോഗ വർദ്ധനയെ കുറിച്ച് ചിന്തിക്കുന്നതിന് മുമ്പ് ഇന്ന് ലഭ്യമായ ഊർജ്ജത്തെ പാഴ്ച്ചെലവും, ധൂർത്തും, ദുരുപയോഗവും ഒഴിവാക്കി അവയുടെ ഉപയോഗം എങ്ങിനെ മെച്ചപ്പെടുത്താം എന്ന് നാം ചിന്തിക്കണം.

ആതവനാട് പഞ്ചായത്തിൽ എറ്റവും കൂടുതൽ ഊർജ്ജം വിനിയോഗിക്കപ്പെടുന്നത് പാചകാവശ്യങ്ങൾക്കാണ്. ഇതിൽ തന്നെ 985 വീടുകളിലും പരമ്പരാഗത രീതിയിനുള്ള വിറക് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഇവക്ക് പകരം ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ ഉപയോഗിച്ചാൽ ഇപ്പോൾ ഉപയോഗിക്കുന്നതിൻെറ നാലിൽ ഒരു ഭാഗം വിറക് മതിയാകും.

1971 ൽ ആണ് ആതവനാട് പഞ്ചായത്തിലേക്ക് വൈദ്യുതിയെത്തുന്നത്. വൈദ്യുതി എത്തിയതിൻെറ സിൽവർ ജൂബിലി ആഘോഷിക്കുന്ന 1996 ൽ പഞ്ചായത്തിൽ ആകെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം 3741 ആണ്. പഞ്ചായത്തിലാകെ 772 വ്യാപാര ഉപഭോക്താക്കളും 46 വ്യാവസായിക ഉപഭോക്താക്കളും 433 കാർഷിക ഉപഭോക്താക്കളുമുണ്ട്.

വൈദ്യുതി ബോർഡിൻെറ ഒരു മേജർ സെക്ഷൻ ഓഫീസ് പുത്തനത്താണിയിലുണ്ട്. എങ്കിലും അററകുററപ്പണികൾ കൃത്യസമയത്ത് നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. എന്ന് പല ഗ്രാമസഭകളിലും പരാതി ഉയർന്നുവന്നിട്ടുണ്ട്.

വൈദ്യുതി ബോർഡിൻെറ കണക്കനുസരിച്ച് പഞ്ചായത്തിൽ 19 ട്രാൻസ്ഫോർമറുകളുണ്ട്. എന്നാൽ ഉപഭോക്താക്കൾക്ക് വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് പരാതികളേറെയാണ്. ഇതിനൊരു പരിഹാരമായി ആവശ്യമുള്ളിടത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ അററകുററ പണികൾ യഥാസമയത്ത് നടത്തുകയും ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിൽ 270 സാധാരണ അപേക്ഷകരും 87 ഒ.വൈ.ഇ.സി. അപേക്ഷകരും രണ്ട് ഒ.ടി.പി. അപേക്ഷകരും കണക്ഷൻ ലഭിക്രാൻ കാത്തിരിക്കുന്നു. ഈ വർഷം 25 സാധാരണ അപേക്ഷകർക്കും 67 ഒ.വൈ.ഇ.സി. അപേക്ഷകർക്കും ഒരു ഒ.ടി.പി. അപേക്ഷകനും കണക്ഷൻ ലഭിച്ചു. വൈദ്യുതി ഓഫീസിലെ കണക്ക് പ്രകാരം ആതവനാട് പഞ്ചായത്തിലെ മൂന്ന് ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

ഇതിനായി പഞ്ചായത്ത് ഓരോമാസവും 1527 രൂപ ഇലക്ട്രിക് ബില്ല് ഇനത്തിൽ ചെലവഴിക്കുന്നു.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ പലഭാഗത്തും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

### പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഇന്ധനക്ഷമത കുറഞ്ഞ അടുപ്പുകളാണ് ഉപയോഗിക്കുന്നത്.

പഞ്ചായത്തിൽ ഒരു വാർഡിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല.

യഥാസമയത്ത് അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.

പ്രേക്ഷണ-വിതരണ രംഗത്ത് ബോർഡിൻെറ ശ്രദ്ധക്കുറവ്,-മരച്ചില്ലകൾ മുറിക്കാതിരിക്കുന്നത് ഒരു ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

അഞ്ച് ഹരിജൻ കോളനികൂടി ഈ പഞ്ചായത്തിൽ വൈദ്യുതീകരിക്കാനുണ്ട്.

| നമ്പർ | വാർഡ് | ട്രാൻസ്പോർമർ സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | 1 | ഇല്ല |
| 2 | 2 | പുന്നത്തല 1 |
| 3 | 3 | പുത്തനത്താണി1, പുത്തനത്താണി2, പുത്തനത്താണി3 |
| | 3 | അതിരുമട, വെട്ടിച്ചിറ 5 |
| 4 | 4 | ചുങ്കം,1, കുട്ടികളത്താണി1 കുട്ടികളത്താണി 23 |
| 5 | 5 | മണ്ണാറക്കാട്, മേൽപത്തൂർ2 |
| 6 | 6 | കാട്ടാംകുന്ന്, പൂളമംഗലം 2 |
| 7 | 7 | ഇല്ല |
| 8 | 8 | കാവുങ്ങൾ, പരിതി, പാറപ്പുറം 3 |
| 9 | 9 | ഇല്ല |
| 10 | 10 | പാറപ്പുറം ഈസ്റ്റ്1 |
| 11 | 11 | കഞ്ഞിപുര1 |
| 12 | 12 | കരിപ്പോൾ, കൂടശ്ശേരിപ്പാറ 2 |
| | | ആകെ 19 |

അവലംബം കെ.എസ്.അബി. മേജർ സെക്ഷൻ ഡാറ്റ.

| വാർഡ് നമ്പർ | ഹരിജൻ കോളനിയുടെ പേര് | വൈദ്യുതി ലഭിച്ച കുടുംബം എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യു.ഉപ.എണ്ണം | പണം നൽകി വൈ.കണ.ലഭിക്കുന്ന കുടുംബം. |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 7 | നെച്ചിത്തൊടി | 10 | 3 | 7 |
| 8 | പരിധി ഈസ്റ്റ് | 8 | 2 | 6 |
| 10 | പാറപ്പുറം | 7 | 2 | 5 |
| | ആകെ | 25 | 7 | 18 |

പട്ടിക II. *ഹരിജൻകോളനി വൈദ്യുതീകരിച്ച വിവരങ്ങൾ അവലംബം. കെ.എസ്.ഇ.ബി. മേജർ സെക്ഷൻ ഡാറ്റ.*

പട്ടിക3 സ്ട്രീറ്റ് ലൈറ്റ് കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ലൈറ്റിന്റെ സ്വഭാവം | 40 | 70 | 250 |
| ബൾബ് | 5[illegible] | | |
| ട്യൂബ് | 10[illegible]2 | | |
| സോഡിയം വേപ്പർ | | 19 എണ്ണം | 3 എണ്ണം |

പല വാർഡിലും സ്ട്രീറ്റ് ലൈറ്റുകളില്ല. നിലവിലുള്ളവയിൽ പലതും പ്രവർത്തിക്കുന്നില്ല.

പ്രേക്ഷണ നഷ്ടത്തെക്കാൾ കൂടുതൽ വൈദ്യുതി മോഷ്ടിക്കപ്പെടുന്നു.

സ്റ്റെപ്പ്-അപ്പ് ഉപയോഗം മൂലം മറ്റുള്ള ഉപഭോക്താക്കൾക്ക് വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു

സ്ലാബ് സമ്പ്രദായമായതിനാൽ വൈദ്യുതി വേണ്ടതിലധികം ഉപയോഗിക്കുന്നു.

ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനകീയ പ്രശ്നങ്ങളോടുള്ള വിമുഖത, അഴിമതി എന്നിവ കൂനിന്മേൽ കുരുവെന്ന പോലെ ഉപഭോക്താക്കളെ വേട്ടയാടുനു.

ഊർജ്ജ നഷ്ടം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയുന്ന പുകയില്ലാത്ത അടുപ്പുകൾ, പ്രഷർ കുക്കറുകൾ, തച്ചിപ്പെട്ടി, മെച്ചപ്പെട്ട സ്റ്റൗ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

വൈദ്യുതി വിതരണരംഗത്തെ പ്രശ്നങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രാദേശിക തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാവേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റുകളുടെ ആവശ്യത്തിന്റെ ഒരു നീണ്ട പട്ടിക തന്നെ മിക്ക ഗ്രാമ സഭകളിൽ നിന്നും വന്നിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കണം.

ബോർഡിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള പരാതി ഒഴിവാക്കുന്നതിന് ജനകീയ പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

# ഗതാഗതം

ആതവനാട് പഞ്ചായത്തിൽ റോഡുകളുടെ സാമാന്യം മെച്ചപ്പെട്ട ഒരു നീണ്ട ശൃംഖലയുണ്ട്. റോഡുകളുടെ നിർമ്മാണത്തിനും ടാറിങ്ങിനും അറ്റകുറ്റപ്പണികൾക്കുമാണ് പഞ്ചായത്ത് വരുമാനത്തിൻേറയും സർക്കാർ പദ്ധതി വിവഹിതങ്ങളുടെയും ഭൂരിഭാഗവും ചെലവാക്കുന്നത്. എങ്കിലും ഇപ്പോഴും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും പ്രധാന കൃഷി സ്ഥലങ്ങളിലേക്കും ഇന്നും ഗതാഗതസൗകര്യം തൃപ്തികരമല്ല.

കേരളത്തിലൂടെ കടന്നു പോവുന്ന ദേശീയ പാതയായ എൻ.എച്ച്.17 പഞ്ചായത്തിലെ ആറു വാർഡുകളുലൂടെ കടന്നു പോവുന്നു. (ഏകദേശം ആറ് കിലോമീറ്റർ) പഞ്ചായത്തിൽ സഞ്ചാരയോഗ്യമായ 89 കി.മീ. റോഡുണ്ട്. ഇതിൽ ഏകദേശം 40 കി.മീ. ടാർ ചെയ്തവയാണ്.

| നമ്പ്ര് | റോഡ് | ഉടമസ്ഥത | ദൂരം | വീതി | ബസ്സ് ഗതാഗതം |
|---|---|---|---|---|---|
| 1 | കഞ്ഞിപ്പുര-അതിരുമട | PWD | 6KM | 12M | ഉണ്ട് |
| 2. | കഞ്ഞിപ്പുര-കാട്ടിലങ്ങാടി | PWD | 4.5KM | 8M | ഉണ്ട് |
| 3. | വെട്ടിച്ചിറ-കാട്ടിലങ്ങാടി | PWD | 5KM | 5M | ഇല്ല |
| 4. | ചുങ്കം-കുട്ടികളത്താണി | PWD | 2.5KM | 5M | ഇല്ല. |

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി |
|---|---|---|---|---|
| 1 | വെട്ടിച്ചിറ-മുഴങ്ങാണി | പഞ്ചായത്ത് | 1കി.മീ | 4 മീ |
| 2. | വെട്ടിച്ചിറ-പുന്നത്തല | | 2കി.മീ. | 4 മി |
| 3. | വീനസ്പടി-ചേലക്കോട് പള്ളി | | 1കി.മീ | 4 മീ |
| 4. | പുത്തനത്താണി-ചെലൂർ പള്ളി മാളിയേക്കൽ വഴി | | 1കി.മീ | 4 മീ |
| 5. | ബാവപ്പടി-കാട്ടിലങ്ങാടി | | 3.5 കി.മീ | 4മീ |
| 6. | വെട്ടിച്ചിറ-പൂളമംഗലം | | 1.5കി.മീ | 4മീ |
| 7. | പട്ടർക്കല്ല്-ചോറ്റൂർ | | 1കി.മീ | 4മീ |
| 8. | ചോറ്റൂർ-മാട്ടുമ്മൽ | | 1.75 കി.മീ | 4മീ |

| | | | |
|---|---|---|---|
| 9. | കൊത്തുകല്ല്-പള്ളിപ്പടി | 0.3കി.മീ | 4മീ |
| 10. | ചകിരിമില്ല്-കൊത്തുകല്ല് | 0.75കി.മീ | 4മീ |
| 11. | പാത്തീൻ പടി-അക്കരാക്കൽപടി | '1കി.മി | 4മീ |
| 12. | കൊത്തുകല്ല്-കൊണ്ടാട്ടിൽപടി | 0.2കി.മീ | 4മീ |
| 13. | പച്ചക്കണ്ടം-ചാലിൽകുളമ്പ് | 0.2കി.മീ | 4മീ |
| 14. | കരിപ്പോൾ-റായത്ത്നഗർ | 0.75 കി.മീ | 4മീ |
| 15. | കരിപ്പോൾ-പള്ളിപ്പൊടി | 0.25കി.മീ | 4മീ |
| 16. | പാറപ്പുറം-മൊട്ടക്കുന്ന് | 0.8കീ.മി | 6മീ |
| 17. | പരിതി-ഊരോത്ത്പള്ളിയാൽ | 1.25കി.മീ. | 6മീ |
| 18. | തട്ടാരുപടി-മേച്ചേരിച്ചിറ | 0.03 കി.മീ | 3മീ |
| 19. | കപ്യാരത്ത്പടി-പാറപ്പുറം | 0.63 കി.മീ | 6മീ |
| 20. | അത്താണിക്കൽ-മാനപ്പടി | 0.85കി.മീ | 4മീ |
| 21 | അത്താണി-പുത്തൻകോട് കുളമ്പ് | 0.2 കി.മീ | 4മീ |
| 22. | കാട്ടിലങ്ങാടി ജുമാമസ്ജിദ് | 0.7 കി.മീ | 4മീ |
| 23 | അയ്യപ്പനോവ്-എ.കെ.കെ.ആർ നഗർ | 0.35കി.മീ | 4 മീ |
| 24 | കാട്ടിലങ്ങാടി-ചന്ദനക്കാവ് | 2.05കി.മീ | 4മീ |
| 25. | മുക്കിലപ്പീടിക-മേല്പത്തൂർ | 0.5കി.മീ | 4മീ |
| | ആകെ | 41.28 കി.മീ | |

## ടാർ ചെയ്യാത്തത്

1. മുഴങ്ങാണി-റബ്ബർക്കാട്
2. മുഴങ്ങാടി-പൊതുശ്മശാനം
3. മുഴങ്ങണി-ഓടൈയപ്പുറം
4. നെല്ലിക്കുന്ന്-കുന്തറ
5. മുക്കിലപീടിക-ചിറക്കൽ
6. പുന്നത്തലസ്കൂൾ-പരുതിക്കാടൻപാടി
7. മുക്കിലപീടിക-ചോല
8. വരിക്കോടൻപടി-കൽപ്പുറത്ത്പടി
9. മാളിയേക്കൽപടി- വാരിക്കോടൻപടി
10 വാരിക്കോടൻപടി-ചോലക്കാട്പള്ളി.

11. അതിരുമട-പുരളക്കാട്കൊളമ്പ്
12. അതിരുമട-ചേലക്കോട്
13. വീനസ്പടി-മാളയേക്കൽപടി
14 പുത്തനത്താണി-സ്കൂൾറോഡ്
15 ചുങ്കം-ചഅറക്കൽ
16. പൂളമംഗലം-കരുവാൻപടി
17 പൂളമംഗലം-മുളക്കത്തൊടികോളനി
18. കൂടശ്ശേരിപാറ-പൂളമംഗലം
19. കൂടശ്ശേരിപാറ-വലിയോനാരത്ത്കുന്ന്
20. കൂടശ്ശേരിപാറ-വാരിയത്ത്പടി
21. മാട്ടുമ്മൽ എച്ച്.എസ്-മുണ്ടൻകോട്ചിറ
22. മാട്ടുമ്മൽകുന്ന്-ക്ഷേത്രം
23. എ.കെ.കെ. നഗർ-അച്ചുതൻ നായർപടി
24. എ.കെ.കെനഗർ-മണ്ണാർക്കാട്
25. മണ്ണാർക്കാട്-ശ്മശാനം
26. കുറുമ്പർത്തൂർപള്ളി-കൊമ്പത്തുചെന
27 കാട്ടാംകുന്ന് യു.പി.-ചേരൂലാൽ എച്ച്.എസ്.
28. മേൽപത്തൂർ-ശില്പി നഗർ
29. മണ്ണാറക്കാട്-കറാച്ചിപ്പടി
30. വെട്ടിച്ചിറജുമാമസ്ജിദ്-കമ്പിവളപ്പ്
31. കരിപ്പോൾ സ്കൂൾ-പട്ടർക്കല്ല്
32. കരിപ്പോൾ പള്ളി-ചോറ്റൂർപാടം
33. റാഹത്ത് നഗർ-കാടാമ്പുഴ
34. കരിപ്പോൾ-മലയിൽ
35. മാട്ടുമ്മൽ എച്ച്.എസ്.-കപ്യാരത്ത്പടി
36. മണ്ണേക്കരപ്പള്ളി-വാരിക്കുഴി
37. മേച്ചേരിചിറ-മാട്ടുമ്മൽ
38. മനപ്പടി-കാട്ടിലങ്ങാടിപള്ളി
39 പുത്തൻകോട്-അത്താണി
40. പറക്കുന്ന്-ചെറുകുന്നത്ത്മഠം
41. പാറപ്പുറം സർവ്വീസ് ബേങ്ക്-തിണ്ണക്കൽ

42. മൊട്ടക്കുന്ന്-പാപ്പുറം

43. ചെറിയമുണ്ടത്ത് ക്രഷർ-പാറക്കളം കോളനി

44. അത്താണിക്കൽ-കാട്ടിലങ്ങാടി

45. വട്ടോളിൽപടി-കിഴക്കേപ്പാട്ട്പടി

46. പയനികുളമ്പ്-വാക്കൽതൊടി

47. പാറക്കുന്ന്-ആതവനാട് ജുമാമസ്ജിദ്

48 കിഴക്കേപ്പാട്ട്പടി-ബംഗോൾനിരപ്പ്

49. മറ്റത്തൂർപടി-കരിപ്പോൾറോഡ്

50 നൂറ്തോട്-കരുവാൻതോട്

51. പള്ളിയാൽപടി-കൊടിഞ്ഞികുളമ്പ്.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്1.

1. നെല്ലിക്കുന്ന്-കുന്നററോഡ്. മുക്കിലപ്പീടികയുമായി ബന്ധിപ്പിക്കുന്ന റോഡ് 500മീ
2. നെല്ലിക്കുന്ന്-കുന്തറ റോഡ് 2-ാംവാർഡിലെ ചോല റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് 400മീ
3. മുഴങ്ങാണി-ബ്ലെൻകാട് റോഡ്- കുന്തറ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് 400മീ

വാർഡ്2.

1. ചെമ്പൻകോട്പാലം മുതൽ-ചിറക്കൽ പള്ളി വരെ നടപ്പാത നന്നാക്കൽ
2. വെട്ടിച്ചിറ പുന്നത്തല റോഡിൽ നിന്ന് പാലം വഴിയുള്ള എടമന പള്ളിവരെ നടപ്പാത നന്നാക്കൽ
3. അമ്പലത്തോട്-ചോല റോഡ് കുന്തറ റോഡുമായി ബന്ധിപ്പിക്കക 400 മീ
4. പുനത്തല സ്കൂളിന് സമീപത്തു നിന്ന് എടമന ജുമാമസ്ജിദ് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക-500മീ
5. ചിറക്കൽ പള്ളി റോഡ്-മാളിയേക്കൽ റോഡുമായി ബന്ധിപ്പിക്കുക, 500മീ
6. വരിക്കോടൻപടിറോഡ്-പുന്നത്തല സ്കൂൾ റോഡുമായി ബന്ധിപ്പിക്കുക. 200മീ
7. ഓടായപുറം റോഡ്-എടമന റോഡുമായി ബന്ധിപ്പിക്കുക.
8. വരിക്കോട്ടിൽപടി റോഡ്-മാളിയേക്കൽ പടിയുമായി ബന്ധിപ്പിക്കുന്നതിന് പാലം നിർമ്മിക്കുക.

വാർഡ് 3

1. ഉണ്ണ്യാൽ-കക്കാട്ട് കുളമ്പ് റോഡ് പണിയുക.

വാർഡ് 4.

1. ചുങ്കം എൻ.എച്ഛ്ൽ നിന്ന് ചെലൂർ ശിവക്ഷേത്രം വരെ ഉള്ള നടപ്പാത വീതികൂട്ടി ഗതാഗത യോഗ്യമാക്കി ടാർ ചെയ്യണം.
2. പടിക്കൽ പള്ളിയാലിൽ നിന്ന് കുണ്ടിക്കച്ചിറവരെ ഒരു നടപ്പാത നിർമ്മിക്കണം 150മീ
3. പള്ളിപ്പാറയിൽ നിന്ന് കുണ്ടുപാടത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിന് ഒരു നടപ്പാത നിർമിക്കണം

4. ഉള്ളിപ്പാറ-കുട്ടികളത്താണി റോഡിൽ നിന്ന് തന്തപ്പാടത്തേക്ക് ട്രാക്ടർ കൊണ്ടു പോകുന്നതിന് ഒരു നടപ്പാത നിർമിക്കണം 200മീ

5. കുട്ടികളത്താണി-തിരുനാവായ റോഡിൽനിന്ന് മങ്ങാടെ കുളമ്പിലേക്ക് ഉള്ള നടപ്പാത വീതി കൂട്ടി ടാർ ചെയ്യണം.

6. കാട്ടാം കുന്നിൽ നിനളം കുറുമ്പത്തൂർ പാടത്തേക്ക് പോകുന്ന റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

7. ചുങ്കം എൻ.എച്ച്.ൽ നിന്ന് മത്തിച്ചിറ പാടത്തേക്കുള്ള പഞ്ചായത്ത് റോഡ് ഇറക്കം വെട്ടി നിരത്തി ടാർ ചെയ്യുക.

8. മഞ്ഞിച്ചിറ മുതൽ ചൂതുമംഗലം യു.പി. സ്കൂൾ വരെ നടപ്പാത നിർമ്മിക്കണ്.

9. പൂളമംഗലം റോഡിൽ തട്ടാൻപടിയിൽ നിന്ന് അമ്മൻതിറ കോളനി വരെയുള്ള നടപ്പാത വീതികൂട്ടി ടാർ ചെയയ്യണം. 400 മീ.

10 വിദ്യാർത്ഥകളുടെ സൗകര്യം കണക്കിലെടുത്ത് കുണ്ടിക്കച്ചിറയിൽ ചിറകെട്ടി മുകളിൽ കൂടി ട്രാക്ടർ കൊണ്ടു പോകുന്നതിനുള്ള സൗകര്യം ചെയ്യുക.

വാർഡ്5.

1. കാട്ടാംകുന്ന്-ചേരൂരാൽ ഹൈസ്കൂൾ പടി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കൽ

2. മണ്ണാർക്കാട്- ചന്ദനക്കാടംചന്ദനക്കാവ് റോഡ് ടാറിടൽ.

3. മേൽപ്പത്തൂർ ഉദരംപള്ളിക്കുന്ന് കുറുമ്പത്തൂർ പാടം വരെയുള്ള റോഡ് ടീറിടൽ

4. ചന്ദനക്കാവ് കാടേങ്ങൾ പടി റോഡ് ടാറിടൽ

5. ചേരൂരാൽ മദ്രസ്സാ കുറുന്രത്തൂർ പാടം രോഡ് ടാറിടൽ

6. കാലടിക്കണ്ടം മുതൽ മേൽപത്തൂർ രോഡ് വരെ പുതിയ റോഡ് നിർമ്മിക്കൽ

7. ഇരിങ്ങാട്ടിൽ പീടിക റോഡ് മുതൽ കിളിയാകുന്ന് വരെ റോഡ് നിർമ്മിക്കണം

8. കാട്ടചാംകുന്ന് വരുരാൾ സ്ക്കുൾപടി റോഡിലെ പരേക്കുണ്ട് തോടിന് പാലം നിർമ്മിക്കണം.

വാർഡ് 6

1. വെട്ടിച്ചിറ മജ്മദ് മസ്ജിദ് സമീപത്ത്നിന്ന് ആരംഭിച്ച് പാക്കച്ചിറ പൂളമംഗലം റോഡിലേക്ക് ബന്ധിപ്പിക്കുക.

2. വെട്ടിച്ചിറ സോപ്പ് കമ്പനിയുടെ അടുത്തുനിന്ന് ആരംഴിച്ച് കരിങ്കപ്പാറ വട്ടക്കല്ലിൽപറമ്പ് വഴി ചകിരിപ്പാറ റോഡുമായി ബന്ധിപ്പിക്കണം

3. സുഹറാ ഫ്ലോർമില്ലിൻെറ സമീപത്തുനിന്ന് ആരംഭിച്ച് ചകിരിപ്പാറ മുളക്കാത്തൊടി ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കണം.

4. വല്യുന്നാരത്ത് കുന്നിൽ നിന്നും കുറുമ്പത്കൂർ വില്ലേജ് ഓഫീസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം

വാർഡ് 7

1. കൊമ്പത്ത്ചിന മുതൽ പത്തായക്കണ്ടം വരെയുള്ള റോഡ് കൂടശ്ശേരിപാറയിലേക്ക് ബന്ധിപ്പിക്കണം.

2. നെച്ചിത്തൊടി ബരിജൻ കോളനി റോഡ് ടാർ ചെയ്യണം.

വാർഡ് റിപ്പോർട്ട് കാണുന്നില്ല

1. പരിതിയിൽനിന്നും നൂറാം പറമ്പിലൂടെ പാറേകളലാങ്ങത് റോഡ്.

2. ഊരത്ത്പള്ളിയാൽ പാറേക്കളം റോഡ്.

3. പരിതി ഊരത്ത് പള്ളിയാൽ റോഡിൽ നിന്നും ബങ്കോളിലേക്ക് റോഡ്.

വാർഡ് 11

ആലമ്പറ്റ ചോലക്കാട് റോഡ് നിർമ്മിക്കണം.

വാർഡ് 9

1. മണ്ണേക്കര പാറിക്കുഴി റോഡിൽനിന്ന് വാരക്കട്ടാങ്ങലേക്ക് റോഡ് വെട്ടുക.

2. കപ്യാരത്ത് പടി മണ്ണേക്കറ റോഡിൽനിന്ന് മണ്ണാരുടെ ഭാഗത്ത് കൂടി പാടത്തേക്ക് റോഡ്

4. കരിപ്പാൻതോടിന് ചകുറുകെ 9 10 വാർഡുകളെ യോജിപ്പിക്കാൻ നടപ്പാലം നിർമ്മിക്കുക.

5. പാരിക്കുഴിയിൽനിന്നും 11 വാർഡിലെ പാനിയിൽപടി റോഡിലേക്ക് ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

## അടിയന്തിരമായി ടാർ ചെയ്യേണ്ടവ

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നെല്ലിക്കുന്ന് കുന്തറ റോഡ് 11 വാർഡ്
2. പരിക്കോടൻപടി കൽപ്പുറത്ത് പടി 2 വാർഡ്
3. ചിറക്കൽ മുക്കിലപീടിക 2 വാർഡ്
4. വീനാമ്പ് പടി മാളിയേക്കൽ പടി 3 വാർഡ്
5. ചുങ്കം മദ്രസ വഴി താഴേക്കുള്ളത് 4 വാർഡ്
6. പൂളമംഗലം കേളനി റോഡ് 4 വാർഡ്
7. ചേരുലിൽ കാട്ടാംകുന്ന് 5 വാർഡ്

8 കൂടശ്ശേരി പാറ ചകിരിപ്പാറ 6 വാർഡ്

9. കൂടശ്ശേരി പറ വലിയന്നാരത്തം കുന്ന് 6 വാർഡ്

10 കാട്ടിലങ്ങാടി ജുമാമസ്ജിദ് മനപ്പടി 7 വാർഡ്

11 വട്ടോളിൽപടി കിഴക്കേപ്പാട്ട്പടി 8 വാർഡ്

12 പാറപ്പുറം പൊന്നാണ്ടികുളമ്പ് 8 വാർഡ്

13 കപ്യാരത്ത് പടി മാട്ടുമ്മൽ 9 വാർഡ്

14 മണ്ണേക്കറ പാരിക്കുഴി 9 വാർഡ്

15 പച്ചക്കണ്ടം സർവീസ് ബാങ്ക് 10 വാർഡ്

16 കരിപ്പോൾ പട്ടർക്കല്ല് 12 വാർഡ്

17 റാഹത്ത് നഹർ റോഡ് 12 വാർഡ്

18 വെട്ടിച്ചിറ പുന്നത്തല റെഡ് ചേലകുത്ത് റോഡ് P.W.D ഏറ്റേടുക്കണം

19 പരിചി ഊരോത്ത് പള്ളിയാൽ റോഡ് ഏറ്റെടുക്കണം

20. മൊട്ടക്കുന്ന് പാറപ്പുറം റോഡ്

21 മുഴങ്ങാണി റബ്ബർകാട് റോഡ്

22 പുത്കനത്താണി കക്കാട്ട്കുളമ്പ് റോഡ്

23 പുത്തനത്താണി ചെല്ലൂർ റോഡ്

24 അതിരുമട കക്കാട്ട് കുളമ്പ് റോഡ്

25 വീനസ്പടി ചേലക്കോട്ട് പള്ളി തഴവാർ റോഡ്

26 ചുങ്കം കുട്ടികളത്താണി റോഡ് മുതൽ കുട്ടികളത്താണി വരെ

സന്നദ്ധ പ്രവർത്തനങ്ങളുടെയും വിഭവസമാഹരണത്തിൻെറയും സഹായത്തോടെ ജനകീയനായി പ്രവർത്തനം നടത്തിയാൽ ഗതാഗത രംഗത്ത് പുതിയൊരധ്യായം സൃഷ്ടിക്കാം. ഇന്നു നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കപ്പെടുകയും ചെയ്യും.

# വ്യവസായം

വ്യവസായത്തെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച നടന്നപ്പോൾ വലിയ വ്യവസായ സ്ഥാപനങ്ങൾ മാത്രമേ ജനമനസ്സിൽ ഉണ്ടായിരുന്നുള്ളു. എന്നാൽ അത്തരം പ്രവർത്തിക്കുന്ന ഒരു വലിയ സ്ഥാപന മില്ലതാനും. തുടങ്ങാനിരിക്കുന്ന സ്പിന്നിംഗ് മില്ലാണ് വലുത് എന്ന് പറയാവുന്ന ഒരു വ്യവസായ സ്ഥാപനം

ചെറുകിട വ്യവസായ രംഗത്തും കാര്യമായ യാതൊരു പുരോഗതിയും പഞ്ചായത്തിലില്ല എന്നു തന്നെ പറയാം. കഞ്ഞിപ്പുരയിലെ ചകിരിമിൽ, കുറച്ച് ക്വാറികൾ തടിവ്യവസായം, റൈസ് ഫ്ളോർ മില്ലുകൾ, കോഴിവളർത്തൽ കേന്ദ്രങ്ങൾ, സോപ്പ് ഫാക്ടറി, സ്റ്റുഡിയോ, ഇൻഡസ്ട്രിയൽ വർക്സ് എന്നിങ്ങനെ അവയെ തരം തിരിക്കാം.

കുടിൽ വ്യവസായങ്ങളിൽ ഏറ്റവും പ്രമുഖം പപ്പടനിർമ്മാണമാണ്. പായനെയ്ത്ത്, കൊട്ട, മുറം നിർമ്മാണം തുടങ്ങിയവയും നടക്കുന്നു. എന്നാൽ ഇവക്ക് വേണ്ടത്ര സഹായമോ ഒരു കൂട്ടായ്മയോ ഇല്ല എന്നു പറയാം. പിന്നെ കൊല്ലൻപണി, തട്ടൽ പണി തുടങ്ങിയവ പഞ്ചായത്തിൽ ഉടനീളം ഉണ്ടെങ്കി ലും അവയും ഒരു വ്യവസായമായി വളർന്നു എന്നു പറയുക വയ്യ.

രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന പഞ്ചായത്താണ്. പക്ഷേ വിദേശപണത്തിൻെറ സ്വാധീനം നിലനിൽക്കുന്നതിനാൽ അതിൻെറ തിക്തഫലങ്ങൾ ഏറെ അനുഭവപ്പെടുന്നില്ല. ധാരാളം വ്യവസായ സാധ്യതയുള്ള പഞ്ചായത്താണിത്.

### പ്രശ്നങ്ങൾ

1. വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനുള്ള കാര്യപ്രാപ്തിയുടെ കുറവ്.

2. വൈദ്യുതി ക്ക്ഷാമത്തിൻെറ രൂക്ഷത

3. നിർമ്മിക്കുന്നവ വിറ്റഴിക്കാനുള്ള സാധ്യത കുറവ്.

4. സാമ്പത്തിക പ്രയാസം, ബാങ്കുകളിൽനിന്നും മറ്റും സാമ്പത്തിക സഹായം ലഭ്യമാകാൻ ഉണ്ടാകുന്ന നൂലാമാലകൾ

5. വിദഗ്ദരുടെ അഭാവം.

### നിർദ്ദേശങ്ങൾ

1. വിദഗ്ദരായ ആളുകളെ സംഘടിപ്പിക്കൽ, പഞ്ചായത്തിൽ തന്നെ ഉണ്ട്. പഞ്ചായത്തിൽ ഉള്ളവർ പുറം നാട്ടിൽ ജോലി ചെയ്യുന്നവരുമുണ്ട്.

2.ഗൾഫ് മലയാളികളെ സംയുക്തമായി വ്യവസായം ആരംഭിക്കുവാൻ പ്രേരിപ്പിക്കണം.

3. ചെറുകിട വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കൽ സുഗമമാക്കണം.

4. വൈദ്യുതിയുടെ ന്യായപൂർണ്ണമായ വിതരണം ഉറപ്പുവരുത്തണം.

5. വിപണനമേഖല കണ്ടെത്തണം.

6. വൈദ്യുതിക്ഷാമം പരിഹരിക്കാൻ ഒരു സൗരോർജ്ജ പ്ലാൻറ് പച്ചക്കണ്ടത്തിന് സമീപം സ്ഥാപിക്കണം.

കുടിൽവ്യവസായങ്ങൾ വികസിക്കുന്നതിന് ജനങ്ങൾ തയ്യാറാണെന്നാണ് ഗ്രാമസഭകളിലൂടെ അറിയാൻ കഴിഞ്ഞത്. മാത്രവുമല്ല സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, കോഴിവളർത്തൽ കേന്ദ്രങ്ങൾ ഗാർമെൻറ്സ് നിർമ്മാണം തുടങ്ങിയവ നടത്തുവാനും സ്മിത്തി വ്യവസായങ്ങൾ വിപുലമായ രീതിയിൽ ആരംഭിക്കുവാൻ തയ്യാറാണെന്നും കാണുവാൻ കഴിഞ്ഞു. ഇവരെ ഉപയോഗപ്പെടുത്തി പഞ്ചായത്തിന് വ്യവസായ അടിത്തറയുണ്ടാക്കണം. ■

# പൊതുവിതരണം

കേരളത്തിലെവിടെയുമെന്നപോലെ പഞ്ചായത്തിലും പൊതുവിതരണകേന്ദ്രങ്ങളായ റേഷൻ ഷാപ്പുകൾ സജീവമാണ്. ഒൻപത് റേഷൻ ഷാപ്പുകളാണ് ഉള്ളത്. വെട്ടിച്ചിറയിൽ ഒരു മാവേലി സ്റ്റോറും. മാവേലി സ്റ്റോർ ഇപ്പോഴും സജീവമല്ല. ആതവനാട് വില്ലേജിലെ കാട്ടിലങ്ങാടിക്കും പാറപ്പുറത്തിനുമിടയിൽ ഒരു മാവേലി സ്റ്റോർ കൂടി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ സാധാരണക്കാരന് അമിതവിലകൊടുത്ത് കരിഞ്ചന്തയെ ആശ്രയിക്കേണ്ടിവരില്ല.

### മാർക്കറ്റ്.

പഞ്ചായത്തിലെ പ്രധാനമാർക്കറ്റ് പുത്തനത്താണിയിലാണ്. വെട്ടിചച്ചിറ കാട്ടിലങ്ങാടി എന്നീ പ്രദേശങ്ങളിലും ചെറിയ മാർക്കറ്റുകൾ ഉണ്ട്. സ്വകാര്യ ബിൽഡിംങിലും ഷെഡ്ഡിലുമായാണ് വ്യാപാരം നടക്കുന്നത്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറി മാത്രമേ ഈ പ്രദേശങ്ങളിൽ വിറ്റഴിക്കാൻ കഴിയുന്നുള്ളു. തേങ്ങ, കൊപ്ര, അടക്ക, കുരുമുളക്, വെറ്റില തുടങ്ങിയവ ഒന്നും തന്നെ ഇവിടെ വിറ്റഴിക്കാൻ സൗകര്യമില്ല. കോഴിക്കോട്ടും കുന്ദംകുളവും പോകേണ്ട അവസ്ഥയിലാണ്. ഇതിനാൽ ഇടത്തട്ടുകാരുടെ അമിതമായ ചൂഷണത്തിന് കൃഷിക്കാർ വിധേയമാകുന്നുണ്ട്. റോഡരുകിൽ യാതൊരു മാനദണ്ഡവിമില്ലാതെ ഇറച്ചിക്കടകളും അറവുശാലകളും അനധികൃതമായി പ്രവർത്തിക്കുന്നുണ്ട്.

### പരിഹാര നിർദ്ദേശങ്ങൾ

പച്ചക്കറി വിൽപനക്ക് വെട്ടിച്ചിറയിലും പുത്തനത്താണിയിലും പാറപ്പുറത്തും ആഴ്ച ചന്തകൾ സ്ഥാപിക്കണം.

നാണ്യവിളകൾ സംഭരിക്കുവാൻ സഹ സംഘങ്ങൾ മുന്നോട്ടു വരണം.

ഇറച്ചി മീൻ വിൽപനക്ക് പഞ്ചായത്ത് മാർക്കറ്റുകൾ ഏർപ്പെടുത്തണം. പൊതുറോഡിൽ 50 മീറ്റർ എങ്കിലും മാറ്റി സ്ഥാപിക്കണം.

മാർക്കറ്റുകൾ ശുചിയായിരിക്കുന്നതിന് ആഴ്ചയിൽ ഒരിക്കൽ വൃത്തിയാക്കണം.

അറവുമൃഗങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. ■

# സംസ്ക്കാരം

സമ്പന്നമായ ഒരു സംസ്ക്കാരിക പൈതൃകം ആതവനാടിന് അവകാശപ്പെടാനുണ്ട്. ഫ്യൂഡൽ പ്രഭു വർഗ്ഗത്തിൻെറ മേൽക്കോയ്മയിലായിരുന്നു ദീർഘകാലത്തോളം ആതവനാട്ടിലെ ജനത. രാജാക്കന്മാരെ അരിയിട്ടു വാഴിക്കാൻ അധികാരവമുള്ള ആഴ്വാഞ്ചേരി തമ്പ്രാക്കാൻമാരുടെ അധീശത്വമാണ് അക്കാലത്ത് നിലനിന്നിരുന്നത്. ഐതിഹ്യമാല പോലുള്ള കൃതികളിൽ തമ്പ്രാക്കളുടെ പ്രഭാവം വ്യക്തമാക്കുന്ന കഥകൾ കാണാൻ കഴിയും. പ്രശസ്ത സംസ്കൃത കവിയും പണ്ഡിതനും വൈയാകരണനുമായിരുന്ന മേൽപത്തൂർ നാരായണ ഭട്ടതിരിയുടെ ഇല്ലം സ്ഥിതി ചെയ്യുന്ന ചന്ദനക്കാവ് ആതവനാട് പഞ്ചായത്തിലാണ്. ഒരു കാലത്ത് തർക്കം വേദം മുതലായവയുടെ പഠനകേന്ദ്രവുമായിരുന്നു ഈ സ്ഥലം.

ദേശീയ സമരത്തിൻെറ അനുരണനങ്ങൾ അത്രയേറെ പ്രകടമല്ലെങ്കിലും ആതവനാട്ടിലും അനുഭവപ്പെട്ടു. ടി. പി. നാരായണൻ മാസ്റ്റർ, പുത്തൂര് നാരായണൽ എഴുത്തശ്ശൻ, കോലിശ്ശേരി യാഹു, ടി.എം. തങ്ങൾ തുടങ്ങിയ സ്വാതന്ത്ര്യസമര പോരാളികൾകക്ക് ആതവനാട് ജന്മം നൽകിയിട്ടുണ്ട്.

ഖിലാഫത്ത് പ്രസ്ഥാനം പിൽക്കാലത്ത് വർഗീയ സ്വഭാവം കൈകൊണ്ടപ്പോൾ ആക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കാൻ മുസ്ലീങ്ങളടക്കമുള്ള ചില സാമൂഹ്യ സ്നേഹികൾ മുന്നോട്ടു വരുകയുണ്ടായിട്ടുണ്ട്.

സാംസ്ക്കാരികമായി ഈ പ്രദേശം ആധുനിക കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നത് 1956ൽ ആരംഭിച്ച പൗരമിത്രം വായനശാലയുടെ ഉൽഭവത്തോടുകൂടിയാണ്. കേവലമൊരു ഗ്രന്ഥാലയത്തിനപ്പുറം വിജ്ഞാനകേന്ദ്രവും, രാഷ്ട്രീയ ചർചാവേദിയും, കലാ കേന്ദ്രവും ആയിരുന്നു. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ആദ്യകാലം മുതൽക്കേ വായനശാല സത്യുത്യർഹമായ സംഭാവന നൽകിവന്നു. പൂർണമായും ശ്രമദാനമായി ഒരു കെട്ടിടം ഗ്രന്ഥാലയത്തിനായി നിർമ്മിക്കപ്പെട്ടു. ഒരു വായനശാലയും ജനവിദ്യാകേന്ദ്രവും ഗ്രന്ഥാലയത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. ഒരു കൈയെഴുത്തുമാസികയും വായനശാലയുടേതായി പുറത്തിറക്കിയിരുന്നു.

മേൽപത്തൂർ സ്മാരക ഗ്രന്ഥാലയം, കരിപ്പാൾ പഞ്ചായത്ത് സാംസ്ക്കാരിക നിലയം, പുത്തനത്താണി ഗ്രന്ഥാലയം എന്നിവയാണ് മറ്റു ഗ്രന്ഥാലയങ്ങൾ. വിവരങ്ങൾ അന്യത്ര കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | പുസ്തകങ്ങൾ | മെമ്പർമാർ | കെട്ടിടത്തിൻെറ വിവരം | ഗ്രാൻറ് ലഭിക്കുന്നുണ്ടോ |
|---|---|---|---|---|---|---|
| 1. | പൗരമിത്രം വായനശാല ആൻറ് ഗ്രന്ഥാലയം | 1956 | 4100 | 200 | സ്വന്തം | ഉണ്ട് |
| 2. | മേൽപത്തൂർ സ്മാരക ഗ്രന്ഥാലയം | | | | ഇല്ല | ഇല്ല |
| 3. | പുത്തനത്താണി ഗ്രന്ഥാലയം | | | | ഇല്ല | ഇല്ല |
| 4. | കരിപ്പോൾ പഞ്ചായത്ത് സാംസ്ക്കാരിക നിലയം | 1989 | | | സ്വന്തം | ഉണ്ട്. |

ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് പുറകോട്ടാണെന്ന് കാണാം

സാംസ്കാരിക വികാസത്തിൽ നിർണ്ണായക പങ്കു വഹിക്കേണ്ടുന്നവയാണ് സാംസ്കാരിക സംഘടനകൾ. ധാരാളം സംഘടനകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പലതും അൽപായുസ്സുകളായിട്ടുണ്ട്. നിലനിൽക്കുന്ന ഒരു ഡസനിലധികം സംഘടനകളിൽ ഭൂരിഭാഗവും നാമമാത്രമായ പ്രവർത്തനം മാത്രം നടത്തുന്നവയാണ്. വാർഷികാഘോഷങ്ങൾ പലപ്പോഴും സ്ഥിരമായി നടത്താറില്ല. സ്ഥിരം നാടകസമിതികൾ എവിടെയും പ്രവർത്തിക്കുന്നില്ല. സ്ത്രീ പങ്കാളിത്തം പ്രവർത്തനങ്ങളിൽ തീരെ കുറവാണെന്നത് വിലയിരുത്തേണ്ട വസ്തുതയാണ്.

നാടൻകലകളുടെ സമൃദ്ധമായ സാന്നിധ്യം പഞ്ചായത്തിലുണ്ട്. പൂതൻ, തിറ, പരിചമുട്ടുകളി, ഞാറ്റുപ്പാട്ട് ചവിട്ടുകളി, ഒപ്പന, അറവനമുട്ട്, കാളകെട്ട്, പടകളി, തുടങ്ങി ധാരാളം കലാരൂപങ്ങൾ നിലനിൽക്കുന്നു. ആഴ്വാഞ്ചേരി മനയിൽ വെച്ച് നടക്കാറുള്ള കളമെഴുത്തുപാട്ട് അപൂർവമായൊരു കലാരൂപമാണ്.

മുസ്ലിങ്ങളാണ് ജനസംഖ്യയിൽ ഭൂരിഭാഗവും. ഹിന്ദുക്കളും നല്ലൊരു ശതമാനനുണ്ട്. ജോലി ആവശ്യാർത്ഥം വന്ന കൃസ്ത്യാനികളും നാമമാത്രമായുണ്ട്.

ചന്ദനക്കാവ് ക്ഷേത്രം, കുറുമ്പത്തൂർ ജുമാ

| ക്രമ നമ്പർ | പേര് | കെട്ടിട വിവരം | രജിസ്ട്രേഷൻ | പ്രവർത്തനമേഖല |
|---|---|---|---|---|
| 1. | പൗരമിത്രം സാംസ്കാരിക സമിതി | ഇല്ല | ഉണ്ട് | കലാ കായികം സാക്ഷരത |
| 2. | മേൽപത്തുർ കലാ വേദി | ഇല്ല | ഉണ്ട് | കലാ കായികം |
| 3. | ചന്ദൻ ആർട്സ് ആൻറ് സ്പോട്സ് ക്ലബ് ചന്ദനക്കാവ് | ഇല്ല | ഉണ്ട് | കലാ കായികം |
| 4. | സെവൻസ്റ്റാർ ആട്സ് ആൻറ് സ്പോട്സ് ക്ളബ് കാവുങ്ങൽ | ഇല്ല | ഉണ്ട് | കലാ കായികം |
| 5. | മെജസ്റ്റിക് ആർട്സ് ആൻറ് സ്പോട്സ് ക്ളബ് പരിതി | ഇല്ല | ഉണ്ട് | കലാ കായികം |
| 6. | ദുൽഫുക്കർ ആർട്സ് ആൻറ് സ്പോട്സ് ക്ലബ് വെട്ടിച്ചിറ ചുങ്കം | ഇല്ല | ഇല്ല | കലാ കായികം |
| 7. | കുരുക്ഷേത്ര പരിതി | ഇല്ല | ഇല്ല | കലാ കായികം |
| 8. | നവധാര വനിതാ സമാജം കണിപ്പുര | ഇല്ല | ഉണ്ട് | കലാ സ്ത്രീക്ഷേമം |
| 9. | കാട്ടിലങ്ങാടി ആർട്സ് ആൻറ് സ്പോട്സ് ക്ളബ് കാട്ടിലങ്ങാടി | ഇല്ല | ഉണ്ട് | കലാ കായികം |
| 10. | സീ റോക്ക് ആർട്സ് ആൻറ് സ്പോട്സ് ക്ളബ് ചകിരിപ്പാറ | ഇല്ല | ഇല്ല | കലാ കായികം |
| 11. | ലെജൻഡ് ആർട്സ് ആൻറ് സ്പോട്സ് ക്ളബ് കഞ്ഞിപ്പുര | ഇല്ല | ഇല്ല | കലാ കായികം |
| 12. | ബ്രദേഴ്സ് ആർട്സ് ആൻറ് സ്പോട്സ് ക്ളബ് പാറപ്പുറം | ഇല്ല | ഉണ്ട് | കലാ കായികം |
| 13. | നാട്ടുവനിത കാവുങ്ങൽ | ഇല്ല | ഇല്ല | കല |
| 14. | മൾട്ടിസ്റ്റാർ ആർട്സ് ആൻറ് സ്പോട്സ് ക്ളബ് കുറുമ്പത്തൂർ | | | |
| 15. | ഡൈനാമോസ് പുന്നത്തല | | | |
| 16. | പുത്തനത്താണി ടൗൺ ക്ളബ് | | | |
| 17. | മുസാഫർ പുത്തനത്താണി | | | |

അത്ത് പള്ളി, പാറപ്പുറം ആടാം കുന്നു പള്ളി എന്നിവയാണ് പഴക്കം ചെന്ന ആരാധനാലയങ്ങൾ.

വൈരങ്കോട് ഉത്സവത്തിലെ പ്രധാന വരവ് ആതവനാട്ടു നിന്നും പുറപ്പെടുന്നു. ജാതിമത ഭേദമന്യേ ധാരാളം ആളുകൾ പങ്കെടുക്കുന്ന ഈ ഘോഷയാത്ര നാടൻ കലകളുടെ പ്രദർശനവേദി കൂടിയാണ്. ചന്ദനക്കാവ് താലപ്പൊലി പാറപ്പുറം നേർച്ച എന്നിവയാണ് മറ്റു പ്രധാന ആഘോഷങ്ങൾ. മേൽപത്തൂർ നാരായണഭട്ടതിരിയുടെ ജൻമദേശമായ ചന്ദനക്കാവിലെ മേൽപത്തൂർ സ്മാരകത്തിൽ വിജയദശമി ദിവസം വിദ്യാരംഭവും നവംബറിൽ പ്രതിമ പ്രതിഷ്ഠാദിനവും ആഘോഷിച്ചുവരുന്നു.

### കായികരംഗം

കായികരംഗത്ത് പഞ്ചായത്ത് വളരെ പിന്നിലാണ്. പഞ്ചായത്തിന് പൊതു കളിസ്ഥലമോ കായികവികാസത്തിനുതകുന്ന മറ്റു സൗകര്യങ്ങളോ ഇല്ല. വേനൽക്കാലത്ത് കൊയ്തൊഴിഞ്ഞ പാടങ്ങളിൽ നടക്കുന്ന ഫുട്ബോൾ ടൂർണമെൻറുകളാണ് ആകെ നടക്കുന്ന കായിക മത്സരം.

സ്ക്കൂളുകളിൽ കായികവികസനത്തിന് ഉള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കലാകായിക സംഘടനകൾ കായികരംഗത്തിന് വേണ്ടത്ര പ്രോൽസാഹനം നൽകുന്നില്ല.

### നിർദ്ദേശങ്ങൾ

1. കളിസ്ഥലങ്ങൾ വികസിപ്പിക്കുക. ആതവനാട് ഹൈസ്ക്കൂളിന് മുന്നിലുള്ള കളിസ്ഥലം സ്റ്റേഡിയമാക്കി വികസിപ്പിച്ചാൽ സന്നദ്ധപ്രവർത്തനം ലഭ്യമാക്കാവുന്നതാണ്.

2. കായിക പരിശീലനത്തിനുള്ള സൗകര്യം വിദ്യാലയങ്ങളിൽ നിർബന്ധമായും ഉണ്ടാക്കുക.

3. ഗ്രാമീണ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക.

4. പഞ്ചായത്തുതല കായികമേള കാര്യക്ഷമമാക്കുക

5. കായിക സംഘടനകൾക്ക് ധനസഹായം നൽകുക

6. വാർഡു തലത്തിൽ കായികമേളകൾ സംഘടിപ്പിക്കുക

6. മുഴങ്ങാണി കളിസ്ഥലമാക്കുക

7. ചുങ്കത്ത് ഗ്രൗണ്ട് അനുവദിക്കാം

### പ്രശ്നങ്ങൾ

സമകാലിക സാഹചര്യത്തിൽ സാംസ്ക്കാരിക രംഗം നിരവധി പ്രശ്നങ്ങളെ നേരിടുന്നു.

1. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം. ടി.വി. കേബിൾ ടി.വി. എന്നിവയുടെ പ്രചാരം വ്യാപകമാവുന്നതിനാൽ വായനാശീലം കുറയുന്നു. ഇത് ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

2. ഗ്രന്ഥാലയങ്ങൾ, സാംസ്ക്കാരികസംഘടനകൾ എന്നിവയുടെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത

3. നാടൻ കലകളുടെ നാശോൻമുഖത

4. വിദ്യാലയങ്ങളിലെ വായനാസൗകര്യങ്ങളുടെ അപര്യാപ്തത

5. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ സ്വാധീനം.

### നിർദ്ദേശങ്ങൾ

1. കലാസമിതികൾക്കും ഗ്രന്ഥാലയങ്ങൾക്കും സ്വന്തമായി കെട്ടിടത്തിനുള്ള സഹായം നൽകുക.

2. വായനശാലകൾക്ക് പൊതു ടി.വി. പത്രമാസികകൾ എന്നിവ നൽകുക.

3. പഞ്ചായത്ത് കലാ മേള ജനപങ്കാളിത്തോടെ നടത്തുക.

4. നാടൻ കലകളെ പ്രോൽസാഹിപ്പിക്കുക

5.പഞ്ചായത്തിൽ കൂടുതൽ ഗ്രന്ഥാലയങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക.

6. സാക്ഷരതാ തുടർ പ്രവർത്തനം ശക്തമാക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

7. വായനശാലകളുടെ പ്രാതിനിധ്യത്തോടെ ഒരു സാംസ്ക്കാരിക പ്രസിദ്ധീകരണം ആരംഭിക്കുക.

8. അവശകലാകാരൻമാർക്ക് സാമ്പത്തിക സഹായം നൽകുക.

9.സെമിനാറുകൾ കവിയരങ്ങുകൾ തുടങ്ങിയ സാംസ്ക്കാരിക സദസ്സുകൾ സംഘടിപ്പിക്കുക.

10 നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഗ്രന്ഥാലയങ്ങളെ റഫറൻസ് ലൈബ്രറിയായി ഉയർത്തുക.

11 വായനശാലകളിൽ ബാലസാഹിത്യവിഭാഗം ആരംഭിക്കുക.

12 സാംസ്ക്കാരിക പ്രവർത്തനങ്ങൾ വിലയിരുത്താൻ പഞ്ചായത്തുതല സമിതി രൂപീകരിക്കുക.

13 നാടകസംഘങ്ങൾ, ഫിലിം സൊസൈറ്റികൾ എന്നിവ രൂപീകരിക്കാൻ സഹായിക്കുക.

14. പഞ്ചായത്തിലെ ഇൻഫോർമേഷൻ സെൻ്ററും, ഉദ്യോഗാർത്ഥികൾക്കായി ഗൈഡൻസ് ബ്യൂറോയും ആരംഭിക്കുക.

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ പ്രസക്തി വർദ്ധിച്ചു കൊണ്ടിരിക്കുന്ന കാലഘട്ട മാണല്ലോ ഇത്. എന്നിരുന്നാലും സ്ത്രീകൾ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ ഇന്നും വളരെ പിന്നിലാണ്. ആതവനാട് പഞ്ചായത്തിൻെറ കാര്യവും ഇതിൽ നിന്നും വളരെ വിഭിന്നമല്ല. വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ പുരുഷന്മാരെ അപേക്ഷിച്ച് വനിതകൾ വളരെയേറെ പിന്നിലാണ്.

ആതവനാട് പഞ്ചായത്തിൽ 51 ശതമാനം വനി തകളാണ്. 19 91 സെൻസസ് പ്രകാരം പഞ്ചായ ത്തിൽ ആകെ 15936 വനിതകളാണുള്ളത്. 1000 പുരുഷന്മാർക്ക് 1002 സ്ത്രീകളുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലാണ്.

മിക്ക തൊഴിൽ മേഖലകളിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെയേറെ പിന്നിലാണെന്ന് പട്ടികയിൽ നിന്നും വ്യക്തമാകുന്നു. കർഷക ത്തൊഴിലാളികൾ, അധ്യാപകർ, എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾ മുൻനിരയിൽ നിൽക്കുന്നത്.

പൊതുപ്രവർത്തന രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

മഹിളാ സംഘടനകൾ ഒറ്റപ്പെട്ട പ്രവർത്ത നങ്ങൾ കാഴ്ചവെയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

വനിതാ സഹകരണസംഘങ്ങൾ ഒന്നും തന്നെയില്ല.

| ക്രമ നമ്പർ | ആകെ ജന ങ്ങൾ | പുരുഷൻ | സ്ത്രീ | പട്ടികജാതി | | സാക്ഷരർ | |
|---|---|---|---|---|---|---|---|
| | | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 1 | 30707 | 14771 | 15936 | 613 | 613 | 10253 | 10376 |

## പ്രശ്നങ്ങൾ

1. തൊഴിൽമേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെകുറവാണ്.

2. അർഹമായ വേതനതുല്യത ലഭിക്കുന്നില്ല.

3. തൊഴിൽ പരമായ ചൂഷണം അനുഭ വിക്കുന്നത്.

4. പല തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.

5. DWCRA യൂണിററുകൾ, സഹായസഹ കരണസംഘങ്ങൾ എന്നിവ കാര്യക്ഷമമായി പ്രവർ ത്തിക്കുന്നില്ല.

6. പഞ്ചായത്തിലെ സ്ത്രീകളുടെ ഭാഗത്തു നിന്നും പൊതു പ്രവർത്തനരംഗത്ത് പ്രവർത്തി ക്കേണ്ട ആവശ്യകതയെ കുറിച്ച് വേണ്ടത്ര അറിവില്ല.

7. വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ വളരെ പിന്നോക്കം നിൽക്കുന്നത് വളരെ കുറഞ്ഞ പ്രാതി നിധ്യമേ ലഭിക്കുന്നുള്ളൂ.

8. സ്വയംതൊഴിൽ പദ്ധതികളിൽ ഭൂരിഭാഗം വനിതകളും ഏർപ്പെടുന്നില്ല. ഇതു സംബന്ധിച്ചുള്ള പദ്ധതികളെ കുറിച്ച് ഗ്രാഹ്യമില്ല.

9. രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘട

## തൊഴിൽ പങ്കാളിത്തം

| ക്രമ നമ്പർ | തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | കൃഷി | 920 | 26 | 946 |
| 2. | കർഷകത്തൊഴിലാളികൾ | 909 | 212 | 1121 |
| 3. | മൃഗസംരക്ഷണം | 558 | 36 | 594 |
| 4. | ഖനനം | 160 | 10 | 170 |
| 5. | ചെറുകിട വ്യവസായം | 79 | 23 | 102 |
| 6. | ഗതാഗതം-വാർത്താവിനിമയം | 485 | 08 | 493 |
| 7. | മറ്റു വ്യവസായങ്ങൾ | 238 | 08 | 346 |
| 8. | മറ്റുള്ളവ | 1036 | 523 | 1560 |
| | ആകെ | 4386 | 846 | 5232 |

നകൾ എന്നിവയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

10. സ്ത്രീ തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല. അംഗനവാടികളിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

11. അന്ധവിശ്വാസങ്ങൾ സ്ത്രീകളിൽ വളരെ കൂടുതലാണ്.

12. ആത്മധൈര്യത്തോടുകൂടിയുള്ള പ്രവർത്തനം കാഴ്ചവെക്കാൻ സ്ത്രീകൾക്കു കഴിയുന്നില്ല.

13. പൊതുസ്ഥലങ്ങളിലും മറ്റും പല പ്രശ്നങ്ങളും നേരിടുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

1. തൊഴിൽ മേഖലകളിൽ മാന്യമായ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തണം. ചിലപ്രത്യേക തൊഴിൽ മേഖലകൾ സ്ത്രീകൾക്കായി സംവരണം നൽകണം. ഉദാഹരണമായി തയ്യൽ, മൃഗസംരക്ഷണം തുടങ്ങിയവയിൽ. ഇത്തരം തൊഴിലുകൾക്ക് ഗവർമേൻറ് ധനസഹായം നല്കണം.

2. പുരുഷ സ്ത്രീ തൊഴിലാളികൾക്ക് വേതന തുല്യത ഉറപ്പു വരുത്തണം.

3. തൊഴിൽ മേഖലയിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം. ഇതിൻെറ കാര്യക്ഷമമായ മേൽനോട്ടത്തിന് പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിക്കണം.

4. DWCRA യൂണിറ്റുകൾ കാര്യക്ഷമമായി നടത്തുകയും പുതിയവ തുടങ്ങുകയും വേണം.

5. വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കണം.

6. രാഷ്ട്രീയ സന്നദ്ധ സംഘടനകൾ സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം നൽകണം. ഇതിനായി ബോധവൽക്കരണം നടത്തണം.

7. സ്ത്രീ തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് സർക്കാർ തലത്തിൽ സൗജന്യമായ ക്രഷുകൾ ആരംഭിക്കണം.

8. വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളെ മുൻനിരയിൽ കൊണ്ടുവരുന്നതിനായി രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങളും സാമ്പത്തിക സഹായവും നല്കുകയും വേണം.

9. സ്വയംതൊഴിൽ പദ്ധതികളെ ക്കുറിച്ച് വ്യക്തമായ ധാരണ നൽകണം. ആവശ്യമായ പരിഗണയും സഹായവും നൽകണം.

10. മഹിളാ സമാജങ്ങൾ രൂപീകരിക്കുന്നതിന്ന് മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും നല്കണം.

# സഹകരണരംഗം

ആതവനാട് പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി ഓരോ സഹകരണസംഘങ്ങളാണുള്ളത്. ആതവ നാട് വില്ലേജിൽ ആതവനാട് സർവീസ് സഹകരണ ബേങ്കും കുറുമ്പത്തുർ വില്ലേജിൽ കുറുമ്പത്തൂർ സഹ കരണ ബാങ്കുമാണ് കാർഷിക രംഗത്ത് പ്രധാനമായും പ്രവർത്തനം നടത്തുന്നത്. അതു കൂടാതെ മാട്ടുമ്മൽ അസ്ഥാന മായി ഒരു ഹരിജൻ സഹകരണ ബാങ്കു ണ്ടെങ്കിലും ഹരിജനങ്ങൾക്കിടയിൽ മാത്രം പ്രവർത്തനം ഒതുങ്ങിനിൽക്കുന്നു.

ബാങ്കുകളിൽനിന്ന് ലഭിക്കുന്ന ലോണുകൾ കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നവർ കുറവാണ്. മറ്റാവശ്യങ്ങൾക്ക് ഇതു ഉപയോഗപ്പെടുത്തുന്നത്. ഈ പ്രദേശത്തെ നിക്ഷേപകർ ഈ ബാങ്കുകളിൽ നിപിക്കുന്നതിന് താൽപര്യം കാണിക്കാത്തതിൻെറ ഫലമായി ബാങ്കുകളുടെ വളർച്ച മുരടിച്ചുനിൽക്കുകയാണ്.

അടിസ്ഥാന ജനവിഭാഗങ്ങളുമായി ബാങ്കുകൾക്ക് നേരിട്ട് യാതൊരു ബന്ധവുമില്ല. സഹകരണ മാവേലി സ്റ്റോറുകളോ, വിത്ത്, വളം, കീടനാശിനി എന്നിവ കൃഷിക്കാർക്ക് ആദായ നിരക്കിൽ എത്തിക്കുന്ന കാര്യത്തിലോ ബാങ്കുകൾ താല്പര്യം കാണി. ക്കാറില്ല.

പഞ്ചായത്തിൽ സഹകരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനം ബഹുദൂരം മുന്നോട്ട് പോകാനുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്ന പ്രദേശമാണിത്. വിദഗ്ദ തൊഴിലാളികളെ നിർലോഭമായി കിട്ടണം. ഇവരെ സംഘടിപ്പിച്ചുകൊണ്ട് സഹകരണമേഖലയിൽ കൺസ്ട്രക്ഷൻ കമ്പനി ആരംഭിക്കാനുള്ള സാദ്ധ്യതകളുണ്ട്.

കാര്യമായ വ്യവസായസംരംഭങ്ങളില്ലാതെ പഞ്ചാ യത്തിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് ധാരാളം വ്യവസായങ്ങൾ വിജയകരമായി നടത്താൻ കഴിയും പഞ്ചായത്തിൻെറ വിവിധഭഗങ്ങളിലുള്ള വിദഗ്ദരായ ഇരുമ്പുപണിക്കാരെ സംഘടിപ്പിച്ചുകൊണ്ട് സ്മിത്തി വ്യവസായം നടത്താനുള്ള സാദ്ധ്യതയുണ്ട്.

ആധുനിക സമൂഹത്തിൻെറ വളർച്ചയുടെ നാഴിക കല്ലാണ് സഹകരണരംഗം. ഈ മേഖലയിൽ നാം ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയഭേദമന്യേ ജനകീയാസൂത്രണത്തി ൻെറ സന്ദേശമുൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചാൽ നമുക്ക് മുന്നേറാൻ കഴിയും.

# പട്ടികജാതി ക്ഷേമം

പഞ്ചായത്തിലേ ആകെ ജനസംഖ്യയുടെ നാല് ശതമാനമാണ് പട്ടികജാതിക്കാർ. പഞ്ചായത്തിൽ ഇവരുടെ ആകെ എണ്ണം 1226 ആണ്. അതിൽ 613 പുരുഷന്മാരും 613 സ്ത്രീകളുമാണുള്ളത്. 6 അംഗീകൃത കോളനികളിലും ബാക്കി ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്.

കഴിഞ്ഞ മൂന്ന് ദശകം മുമ്പ് വരെയും അതി ശക്തമായ അടിച്ചമർത്തൽ ഈ വിഭാഗം നേരിടേണ്ടി വന്നിരുന്നു. ജാതിയുടെ പേരിൽ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. ഭൂപരിഷ്ക്കരണവും കുടികിടപ്പവകാശവും സാമൂഹിക പുരോഗതിക്ക് സഹായകമായി. മുൻ കാലങ്ങളിലെ ജാതിവ്യവസ്ഥിതിയുടെ അടിച്ചമർത്തലിൽ നിന്ന് ഏതാണ്ട് മോടനം നേടിയിട്ടുണ്ട്. പഴയ കാലത്തിൽ നിനും വ്യത്യസ്തമായി എല്ലാ ജാതി-മതക്കാരുടെയും ചടങ്ങുകളിൽ സംബന്ധിക്കാറുണ്ട്. പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയോടെ രാഷ്ട്രീയ-സാംസ്കാരിക രംഗത്തും ഉയർന്നു വന്നിട്ടുണ്ട് എങ്കലും സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർന്നു എന്ന് പറയുക വയ്യ.

നാടൻ കലകളുടെ ഉപജ്ഞാതാക്കളായ ഇവർ ഇന്നും അവയുടെ തനിമ നിലനിർത്തിപോരുന്നു. എടുത്ത് പറയാവുന്ന ഒരു കാര്യം ഈ പചായത്ത് ബോർഡിൻെറ ആദ്യത്തെ പ്രസിഡണ്ട് ഒരു പട്ടികജാതിക്കാരനായിരുന്നു എന്നതാണ്. ഇദ്ദേഹം കേരളത്തിലെ ആദ്യത്തെ ഹരിജൻ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. വേലായുധൻ എന്നായിരുന്നു അദ്ദേഹത്തിൻെറ പേര്.

## വിദ്യാഭ്യാസം

പട്ടികജാതി വിഭാഗത്തിനിടയിലെ എൺപത്തഞ്ച് ശതമാനം പേരും സാക്ഷരരാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര ഉയർച്ചയില്ല. സ്കൂളുകളിലെത്തുന്ന വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്കുണ്ട്. മറ്റുള്ളവരാണെങ്കിൽ നിലവാരത്തിൻെറ കാര്യത്തിൽ പുറകോട്ടു പോകുന്നു. എസ്.എസ്.എൽ.സി പരീക്ഷയ്ക്കിരിക്കുന്നവരിൽ തൊണ്ണൂറ് ശതമാനം പേരും പരാജയപ്പെടുന്നവരാണ്. സാമ്പത്തിക പരാധീനതയും ഭൗതികസാഹചര്യങ്ങളും ഇതിനു കാരണമാകുന്നു. ഉപരി വിദ്യാഭ്യാസത്തിന് പോകുന്നവർ വളരെ വിരളമാണ്.

### പരിഹാര നിർദ്ദേശങ്ങൾ

1. സാക്ഷരതാക്ലാസുകൾ സംഘടിപ്പിക്കുക.
2. വിദ്യാർത്ഥികളെ ഓരോ പ്രദേശത്തും വിളിച്ചു കൂട്ടി പരിഹാര ബോധനം നടത്തണം.
3. എസ്.എസ്.എൽ.സി. പരീക്ഷക്കിരിക്കുന്ന കുട്ടികൾക്ക് വർഷാരംഭം മുതൽ പ്രത്യേകം പരിശീലനം നൽകണം.
4. ഈ പ്രവർത്തനങ്ങളിലേക്ക് വിദ്യാഭ്യാസ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹായം ലഭ്യമാക്കണം.
5. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് തുടർന്ന് പഠിക്കാൻ സഹായം ചെയ്യണം.

### തൊഴിൽ

പട്ടികജാതിക്കാരിൽ ഭൂരിഭാഗവും കഴിഞ്ഞ കാലങ്ങളിൽ കാർഷിക വൃത്തിയാണ് ഉപജീവനത്തിന് തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ ഇന്ന് പുരുഷന്മാർ കാർഷികമേഖല വിട്ടുകഴിഞ്ഞ മട്ടാണ്. നിർമ്മാണ പപ്രവർത്തന രംഗത്തേക്ക് പറിച്ചു നട്ടിട്ടുണ്ട്. പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്ന ഇരുപത് കുടുംബങ്ങളാണ് പഞ്ചായത്തകിലുള്ളത്. പാറേക്കുളം, മുളക്കത്തൊടി, ചെനപ്രം കോളനികളിലാണ് കാര്യമായും പായ നെയ്ത്ത്, കൊട്ട, മുറം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനമാണ് നടക്കുന്നത്. ഈ രംഗത്ത് അസംസകൃത സാധനങ്ങൾ കിട്ടാനില്ലാത്തത് ഒരു പ്രശ്നമായി നിലനില്കുന്നു. സർക്കാർ ജോലിയുള്ളവർ വളരെ

വിരളമാണ്. പതിനഞ്ച് പേർക്ക് മത്രമാണ് സർക്കാർ തൊഴിലുള്ളത്.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക.

2. കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് സഹായധനം ലഭ്യമാക്കണം.

3. പരമ്പരാഗത കൈതൊഴിലുകൾ DWCRA യുടേയും മറ്റും കീഴിൽ കൊണ്ടുവന്ന് വിപുലപ്പെടുത്തണം.

4. ഇത്തരം കൈതൊഴിലുകക്ക് അസംസ്കൃത സാധനങ്ങൾ എത്തിക്കണം.

5. പുതിയ മേഖലകൾ കണ്ടെത്തണം.

6. നിർമ്മിതി കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിൽ പരിശീലനം നൽകണം.

. പഞ്ചായത്തിലെ കുഴൽ കിണർ കേട് വരുമ്പോൾ ശരിയാക്കുന്നതിന് ഈ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരെ പരിശീലപപ്പിക്കണം.

പാർപ്പിടം.

പാർപ്പിടരംഗത്ത് വലിയ മുന്നേറ്റമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി വീടില്ലാത്ത 40% കുടുംബങ്ങലുണ്ട്. ഇതിനുവേണ്ടി പഞ്ചായത്ത് എല്ലാ കുടുംബത്തിനും വീട് എന്ന ലക്ഷ്യത്തോടെ പ്രവർത്തി തയ്യാറാക്കണം. ഇത് പരിപൂർണ്ണമാകണമെങ്കിൽ ഭൂമിയില്ലാത്തവർക്ക് അത് നൽകാനുള്ള ഏർപ്പാടും ഉണ്ടാകണം. നിർമ്മാണ പ്രവർത്തന രംഗത്ത് നിർമ്മിതിയുടെ ട്രെയിനിംഗ് ലഭിച്ച പട്ടികജാതി യുവാക്കളെയും യുവതികളെയും ഉപയോഗിക്കുകയും വേണം. പാർപ്പിട പ്രശ്നം സങ്കീർണതയുള്ളതാണ് അത് പരിഹരിക്കപ്പെട്ടേ തീരു.

കക്കൂസ്

ആരോഗ്യരംഗത്തെ മുന്നേറ്റത്തിന് വീട് ഒന്നിന് ഒരു കക്കൂസ് നിർബന്ധമാണ്. ഈരംഗത്ത് നിരവധി പദ്ധതികൾ സർക്കാരിൻേറതായി വന്നുകഴിഞ്ഞുവെങ്കിലും വിതരണത്തിൻെറ അശാസ്ത്രീയതയും അറിവില്ലായ്മയും ഇന്നും പട്ടികജാതി വീടുകളിൽ കക്കൂസിൻെറ അഭാവം നിലനിൽക്കുന്നു. ഏതാണ്ട് 80 ഓളം വീടുകൾക്ക് ഇനിയും കക്കൂസ് ആവശ്യമുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. കൃത്യത പരിശോധിക്കേണ്ടതുണ്ട്. ഏറ്റവും ഹൃസ്വമായ കാലയളവ്കൊണ്ട് ഈ പ്രവർത്തനം പൂർത്തിയാക്കണം.

കുടിവെള്ളം.

എല്ലാ കോളനികളിലെയും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് കുടിവെള്ളക്ഷാമവും അതിൻെറ വിതരണവും. നെച്ചത്തൊടി കോളനിയിൽ രണ്ട് ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ഉപയോഗകരമല്ല. വെള്ളം എത്തിക്കാനുള്ള ഒരു സൗകര്യവുമില്ല. പാക്കച്ചിറയുമായ് ബന്ധപ്പെട്ടും ഇത്തരമൊരു ടാങ്കിൻെറ നിർമ്മാണം നടന്നിട്ടുണ്ട് എങ്കിലും അതിൻെറയും അവസ്ഥ ഇതുതന്നെയാണ്. മുളക്കത്തൊടി, ചെനപ്രം കോളിനകൾക്ക് പറക്കുന്നത് കോളനിയിൽ ഒരു കുഴൽ കിണർ ഉണ്ടെങ്കിലും വെള്ളം എല്ലാ വീടുകൾക്കു മെത്തുക പ്രയാസമാണ്. കാരണം 300-350 മീറ്റർ ദൂരം ചില വീട്ടുകാർക്ക് നടക്കേണ്ടി വരുന്നുണ്ട്. അമ്പലപറമ്പ് കോളനിയിലും കുടിവെള്ളക്ഷാമം ഉണ്ട്. പാറേക്കളം ഹരിജൻ കോളനിയിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ധാരാളം വെള്ളമുള്ള ഒരു കുഴൽ കിണർ ഈ പ്രദേശത്തുണ്ട്. അത് ഉപയോഗിച്ച് ഒരു ടാങ്ക് നിർമിച്ച് ജല വിതരണം നടത്തിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഒറ്റപ്പെട്ട ഹരിജൻ വീടുകളുള്ള പീരിക്കുഴി കുളമ്പിലും, നീലാം കുന്നത്തും രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.

നിർദ്ദേശങ്ങൾ

1. ചെനപ്രം കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പാക്കച്ചിറ പദ്ധതി, വിപുലപ്പെടുത്തി പ്രവർത്തനയോഗ്യമാക്കണം.

2. മുളക്കത്തൊടി കോളനിയിലേക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വലിയന്നേരപ്പ് കുന്നത്ത് കിണർ കുഴിച്ച് പൈപ്പ് ലൈൻ ഇട്ടാൽ കഴിയും.

3. നെച്ചിതൊടി, മങ്ങം പറമ്പ് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി നിർമ്മാണമാരംഭിച്ച രണ്ട് പദ്ധതികളും പൂർത്തിയാകാതെ കിടക്കുകയാണ്. അത് പൂർത്തിയാക്കിയാൽ ആ ദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

4. പാറേക്കളം ഹരിജൻ കോളനിയിലെ കുഴൽ കിണറിന് സമീപം ടാങ്ക് നിർമ്മിച്ചാൽ ഇവിടുത്തേയും ആറാം പറമ്പിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

5. ആതവനാട് യു.പി.സ്ക്കൂളിലെ ടാങ്ക് ഉയർത്തി വിസ്തൃതിപ്പെടുത്തിയാലും ആതവനാട് ഗവ. ഹൈസ്ക്കൂളിലെ കിണർ ഉപയോഗപ്പെടുത്തി ടാങ്ക് നിർമ്മിച്ചാലും പറക്കുന്നത്തെയും പാരിക്കുഴികുളത്തിലെ ജലക്ഷാമം പരിഹരിക്കാം.

6. തേനായി പറമ്പിൽ ഒരു കുഴൽ കിണർ നിർമ്മിക്കണം.

7. അമ്പലപറമ്പ്-ചെനപറമ്പ് പ്രദേശങ്ങളിലും കുഴൽ കിണർ നിർമ്മിക്കണം.

### ഗതാഗതം

ഹരിജൻ വാർഡായ ആറാം വാർഡിലാണ് മുളക്കത്തൊടി കോളനിയും ചെനപ്രം കോളനിയും. ഈ പ്രദേശത്തേക്കുള്ള റോഡ് ഗതാഗത യോഗ്യമല്ല. അടിയന്തിരമായി ഇത് പരിഹരിക്കപ്പെടണം. പാറേക്കളം ഹരിജൻ കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം. പറക്കുന്നത് കോളനിയിലേക്കുള്ള റോഡിൻെറയും അവസ്ഥ ശോചനീയമാണ്. നെച്ചിത്തൊടിയിലേക്കുള്ള റോഡ് പണി പെട്ടന്ന് തീർക്കുകയും ചെയ്യണം. ഒറ്റപ്പെട്ട ഹരിജൻ വീടുകളുള്ള നൂറാം പറമ്പിലേക്ക് ഒരു റോഡ് നിർമ്മിക്കുകയും വേണം.

### വൈദ്യുതി.

പഞ്ചായത്തിലെ നെച്ചിത്തൊടി, പാറേക്കളം, പറക്കുന്നത്, ചെനപ്രം, മുളക്കത്തൊടി, അമ്പലപറമ്പ് തുടങ്ങിയ കോളനികളിലും ഒറ്റപ്പെട്ടു കിടക്കുന്ന പട്ടികജാതി വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യിതീകരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് സത്വര നടപടിയെടുക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി ഇന്ന് വരെ നടപ്പാക്കിയ പദ്ധതികൾ വ്യഥാവിലായി എന്നാണ് പഠനങ്ങളിൽ നിന്നും മനസ്സിലാകുന്നത്. ഈ വിഭാഗത്തിനുവേണ്ടി ചെലഴിക്കുന്ന പണം ഉപയോഗപ്രദമാക്കുന്നതിന് ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു. വനിതകൾക്കും യുവാക്കൾക്കും തൊഴിൽ പരിശീലനം നൽകുകയും ചെയ്യണം. അവർക്ക് കിട്ടേണ്ട അവകാശങ്ങൾ കിട്ടുന്നു എന്നുറപ്പ് വരുത്തണം. ■

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

പഞ്ചായത്തിൽ ബഹ്യമായ വീക്ഷണത്തിൽ ഉയർന്നു നിൽകുന്ന ടെറസ്സ് മാളികകളും കെട്ടിടങ്ങളുമാണ് നിറഞ്ഞുനിൽക്കുന്നത്. ആകെയുള്ള 5605 വീടുകളിൽ നല്ലൊരു ശതമാനം ഓടിട്ടവയും ടെറസ്സുമാണ്. ഗൾഫ് പണത്തിൻെറ സ്വീധീനവുമാണിതിന് കാരണം. കൂടുതൽ പണവും വീട് നിർമ്മാണത്തിന് ചെലവഴിക്കുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും.

അതേസമയം 1200 ഓളം ഓലവീടുകളും കുടിലുകളുമുണ്ട്. സാമ്പത്തിക പ്രയാസം ഇവർക്കും അത്യാവശ്യം മോശമല്ലാത്ത ഒരു വീടുണ്ടാക്കുന്നതിനുള്ള അവസരം ഇല്ലാതാക്കുന്നു. അത്തരക്കാരെ കുറിച്ച് സത്വര ശ്രദ്ധ ആവശ്യമാണ്.

പ്രശ്നങ്ങൾ

1. വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത

2. കെട്ടിടനിർമ്മാണ വസ്തുക്കളുടെ അമിതമായ വിലകയറ്റം

3. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്ക്.

4. ബാങ്ക് വായ്പകൾ ലഭ്യമാക്കാനുള്ള പ്രയാസങ്ങൾ.

5. കിട്ടുന്ന ധനസഹായം തന്നെ തികച്ചും അപര്യാപ്തം.

പരിഹാര നിർദ്ദേശങ്ങൾ

1. ദാരിദ്ര്യത്തിൻെറയും പ്രയാസങ്ങളുടെയും അടിസ്ഥാനത്തിൽ അർഹതയുള്ളവരെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് സാമ്പത്തിക സഹായം നൽകുക.

2. ഇന്ന് വീട് നിർമ്മാണത്തിനുള്ള ചെലവ് ഭാരിച്ചതായതിനാൽ ഏറ്റവും ചുരുങ്ങിയത് 30,000 രൂപയെങ്കിലും ലഭ്യമാക്കണം.

3. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

4. പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം ആരംഭിക്കുക.

5. ഈ മേഖലയിലേക്ക് കാർഷിക രംഗം വിട്ട കർഷകത്തൊഴിലാളികളെയും മറ്റും വിളിച്ച് വിപുലപ്പെടുത്തുക.

6. വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കാനനുമതി നൽകാതിരിക്കുക. തുല്യത നടപ്പാക്കാൻ ശ്രമിക്കുക.

സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമ രംഗത്ത് പ്രധാനമായും പ്രവർത്തിക്കുന്നത് അംഗനവാടികളാണ്. എന്നാൽ പഞ്ചായത്തിലെ 27 അംഗനവാടികളിൽ ഭൂരിഭാഗത്തിനും കെട്ടിടമോ, സ്വന്തമായി സ്ഥലമോ ഇല്ല. യാതൊരു സൗകര്യങ്ങളുമില്ലാതെ ഞെങ്ങിഞെരുങ്ങിക്കഴിയുന്ന അവസ്ഥയാണ്. ആ രംഗത്ത് ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വേണ്ടത്ര സർക്കാർ ആനുകൂല്യങ്ങളോ സൗകര്യങ്ങളോ ഇല്ലതാനും. അവർ അവഗണിക്കപ്പെടുന്നുവോ എന്ന് പലപ്പോഴും സംശയിക്കപ്പെടുന്നു.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക്വേണ്ടി D W C R A, TRYSEM, ടൂൾകിറ്റ് തുടങ്ങി പദ്ധതികൾ നിരവധിയുണ്ടെങ്കിലും അതിനൊന്നും വേണ്ടത്ര പ്രചാരമില്ല. പഞ്ചായത്തിൽ വിരളിലെണ്ണാവുന്ന D W C R A യൂണിറ്റുകളേ ഉള്ളു. ഇതിൻെറ പ്രചാരണം കൂടുതൽ ശക്തമാക്കി I R D P പദ്ധതികൾ വിപുലപ്പെടുത്തണം.

കർഷകതൊഴിലാളി, വിധവ, വാർദ്ധക്യം, വികലാംഗർ തുടങ്ങിയപെൻഷനുകൾ പഞ്ചായത്തിലുള്ളവർക്ക് കിട്ടുന്നു. ഇതിനെ കുറിച്ചുള്ള അജ്ഞതയും കൂട്ടുവാനുള്ള പ്രയാസങ്ങളും പെൻഷൻകാരുടെ എണ്ണം കുറയുവാനിടവരുത്തിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. I R D P യിൽ ഉൾപ്പെട്ടവർ അതിന് യോഗ്യരാണെന്ന് ഉറപ്പുവരുത്തണം.

2. വനിതാ ക്ഷേമ പദ്ധതികൾക്ക് മുൻതൂക്കം നൽകണം.

3. പട്ടികജാതി വിഭാഗക്കാർക്കും അവശർക്കും സ്വയം തൊഴിലിനുള്ള സാമ്പത്തിക സഹായം നിരുപാധികം നൽകണം.

4.അംഗനവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുവാനുള്ള സത്വരനടപടി വേണം.

5. അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകണം. വേതനം വർദ്ധിപ്പിക്കണം.

6. അംഗനവാടികളിൾ കളിപ്പാട്ടങ്ങൾ വേണം. ആകർഷണീയമാക്കണം.

7. സമീപപ്രദേശത്തെ ഗർഭിണികളുടെയും കുട്ടികളുടെയും കണക്കുകൾ എടുക്കുന്നതിലും പോഷകാഹാര വിതരണത്തിലും അംഗനവാടി ജീവനക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തണം.

8. ഗ്രാമ വികസനവകുപ്പും ജനങ്ങളും തമ്മിലുള്ള അകലം കുറക്കണം. അതിന് സഹായകമായ രീതിയിൽ വേണമെങ്കിൽ ഒരു ജനകീയ സമിതി രൂപീകരിക്കണം. ▮

# വിഭവ സമാഹരണം.

ആതവനാട് പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ഒരു ചെറിയ വിശകലനം നടത്തുന്നത് ഈ പഞ്ചായത്തിൻെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടം ഒരു അവലോകനം ലഭിക്കുന്ന തിനും ഇനി ഏറ്റെടുക്കേണ്ട ദൗത്യങ്ങളുടം വ്യാപ്തി മനസ്സിലാക്കുന്നതിനും ഉചിതിമായിരിക്കും.

1995-96 ർ വരവിനത്തിൽ ഗവൺമെൻറ് ഗ്രാൻറു കളടക്കം 13,65,472.20 രൂപയും ചെലവി നത്തിൽ 13,91,854.15 രൂപയും വന്നതായി കാണുന്നു. ഇതിൽ നിന്നും 1995-96 ൽ മാത്രം വരവിനേക്കാൾ 25,881.95 രൂപ ചെലവിൽ കൂടിയതായി കാണാം.

മൊത്തം വരുമാനം താഴെ കാണിച്ച പ്രകാരം ഇനം തിരിക്കാം.

പഞ്ചാത്തിൻെറ വിവിധ നികുതികളിൽ നിന്ന് 6,70,419.45

വിവിധ സ്പെഷ്യൽ നിയമപ്രകാരം വസൂലാക്കിയത് 1,75,896.40

മററ് പലവക വരുമാനം 7,239.35

ഗവ. ഗ്രാൻറുകൾ 5,11,917.00

അതുപോലെ തന്നെ ഇനം തിരിച്ച ചെല വിനങ്ങളും പരിശോധിക്കുന്നത് നന്നായിരിക്കും.

പ്രസിഡണ്ടിൻെറയും മെമ്പർമാരുടെയും സിറ്റിംഗ് അലവൻസ്, ടി.എ., ബന്ധപ്പെട്ട മററു ചെലവുകൾ 62,306.00

എക്സി. അതോറിറ്റി, ജീവനക്കാരുടെ ശമ്പളം, ടി.എ, പെൻഷൻ കോൺട്രിബ്യൂഷൻ 3,28,775.00

സ്റ്റേഷനറി, ഫോൺ, പോസ്റ്റേജ്, ബന്ധപ്പെട്ട മറ്റു ചെലവുകൾ 33,377.65

4,24,458.65

പൊതു മാരാമാത്ത് മറ്റുള്ളവ എല്ലാം കൂടി 1,64,920.15

ഗവ. ഗ്രാൻറുകളുടം വിശദമായ പരിശോധന കൂടി നടത്തിയാലേ നമ്മുടെ അപഗ്രഥനം പൂർത്തിയാവുകയുള്ളു.

B.T. Grant 43,041.00

Untied grant fund 282,900.00

URM grant 17,154.00

MI grant 1,102.00

VTC grant 1,67,720.00

5,11,917.00

എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ചെലവായിട്ടുള്ളത് സാധാരണ വരുമാനത്തിൻെറ 33.75 ശതമാനമാണ്.

പഞ്ചായത്തിൻെറ വികസന പ്രവർത്തന വകയിൽ ഏറ്റവും കൂടുതൽ ചെലവു വന്നിട്ടുള്ളത് പൊതുമരാമത്ത് ആവശ്യങ്ങൾക്കാണ്. മൊത്തം ചെലവിൻെറ 50 ശതമാനത്തോളം.

ഇപ്പോൾ നമുക്ക് പഞ്ചായത്തിൻെറ വരവു ചെലവു കണക്കുകളുടെ ഒരു വർഷത്തെ ഒരു രേഖാ ചിത്രം കിട്ടിക്കഴിഞ്ഞു.

പൊതുമാരാമത്ത് പണികൾ ഏറിയപങ്കും കോൺട്രക്ടർ വർക്കുകൾ ആയിരുന്നുവെന്നത് ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യക്ഷ ഉൽപാദന മേഖലയിൽ സമീപകാലത്തായി മൂലധന നിക്ഷേപം നടത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതും ഒരു വസ്തുതയാണ്.

ഇനി നമുക്ക് പഞ്ചായത്തിനകത്ത് പ്രവർത്തിയ്ക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താം.

നമ്മുടെ പഞ്ചായത്തിൽ വാണിജ്യ ബാങ്കുകളുടെ ശാഖകൾ പ്രവർത്തിയ്ക്കുന്നില്ല. ആകെയുള്ളത് രണ്ടു വില്ലേജുകളിലായി പ്രവർത്തിയ്ക്കുന്ന രണ്ട് പ്രൈമറി സഹകരണ സർവ്വീസ് ബാങ്കുകളാണ്.

ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ ഒരു ശാഖ യും പ്രവർത്തിയ്ക്കുന്നു.

കാർഷികോൽപന്നങ്ങളുടെ വിലയിടിവും നെൽകൃഷിയിൽ നിന്നുള്ള പിറകോട്ടുപോക്കും കാരണം മുഴുവൻ കർഷകരുടെയും ആവശ്യങ്ങൾ ക്കും ഗ്രാമീണ ബാങ്കിനും കൂടി കഴിയുന്നില്ല എന്നു ള്ളതും ആഴത്തിൽ പഠിക്കേണ്ട കാര്യങ്ങളാണ്.

ചെറുകിട കച്ചവടക്കാരുടെയും കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിയ്ക്കുന്ന ചെറുകിടക്കാരു ടെയും പരിമിതമായ ആവശ്യങ്ങൾ ഗ്രാമീണ ബാങ്കു മുഖേന കുറേയൊക്കെ നടക്കുന്നുണ്ടെന്ന വസ്തുതയും കാണാതിരുന്നുകൂടാ.

സഹകരണ മേഖല ശക്തമല്ലെന്നു മാത്രമല്ല, ഏറെ ശോഷിച്ചതുമാണ്. വ്യാവസായിക, കാർഷിക, ക്ഷീരോൽപാദന, വീട് നിർമ്മാണ, മേഖലകളിലെന്ന പോലെ മറ്റ് സേവന മേഖലകളിലും സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നില്ലെന്നുള്ളത് മൊത്ത ത്തിൽ ക്ഷീണമുള്ള കാര്യമാണ്.

ഈ പരാധീനത മുതലെടുത്തുകൊണ്ടാണ് സ്വകര്യ പണമിടപാട് ഏജൻസികളും വ്യക്തികളും കലങ്ങിയ വെള്ളത്തിൽ നിന്ന് മീൻ പിടിയ്ക്കുന്നത്. ഇവരെ കൂടാതെ തമിഴ് നാട്ടിൽ നിന്നുള്ള ചില തീവെട്ടിക്കൊള്ളക്കാർ 200 മുതൽ 1000 ശതമാനം വരെ പലിശ ഈടാക്കികൊണ്ട് ആവശ്യമായ സംഖ്യ Door Knocking സമ്പ്രദായ പ്രകാരം വീടുകളി ലെത്തിച്ചു കൊടുക്കുന്നു.

ചെറുകിട കച്ചവടക്കാർ, വണ്ടിക്കച്ചവടക്കാർ, കൃഷിക്കാർ എന്നിവരാണ് ബ്ലേഡുകളിൽ നിന്നും പ്രധാനമായും കടം വാങ്ങുന്നത്.

വിദേശമലയാളികളുടെ സ്വാധീനം

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ സാമ്പത്തിക മേഖലയാകെ നിയന്ത്രി ക്കുന്നത് വിദേശത്ത് ജോലിയുള്ളവരുടെ വരുമാന മാണ്. വളരെ സൂക്ഷ്മതയോടെയും അവധാനത യോടെയും ഇടപെടുന്നതായാൽ വിദേശ വരുമാന ത്തിൻെറ ഒരു നല്ല ശതമാനം റീ ചാനലൈസ് ചെയ്യാൻ കഴിയുമെന്ന വിശ്വാസം വിവിധ വാർഡു കളിലെ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉയർന്നു വന്നിരുന്നു. വിദേശത്തു ജോലിയുള്ളവരുടെ തന്നെ അവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ ഏതാനും സുഹൃദ് സംഘങ്ങൾ ഓരോ വാർഡിലും ഉണ്ടാവുകയാണെങ്കിൽ വികസന പ്രവർത്തന ങ്ങളടക്കം പല നല്ല കാര്യങ്ങൾക്കും മുതൽ മുടക്കാൻ കഴിയുമെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

വികസന പ്രവർത്തനങ്ങളിലേക്ക് കാര്യമായ സംഭാവനകളും അവരിൽ നിന്ന് പ്രതീക്ഷി ക്കാവുന്നതാണ്.

വിഭവ സമാഹരണ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും അനുപേക്ഷണീയവുമായ ഒന്നാണ് മനുഷ്യശേഷി. ആതവനാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മനുഷ്യവിഭവ ശേഷി ഒട്ടും കുറവല്ല. അദ്ധ്വാനശേഷിയുള്ള യുവതലമുറയുടെ സേവന മനോഭാവം ഉപയോഗപ്പെടുത്തുക എന്നത് വളരെ ശ്രമകരമായ ഒരു പ്രക്രിയയാണ്. ഇവിടെ അഭ്യസ്തവിദ്യരുടെ ഇടയിൽ തന്നെ ഉയർന്ന പൊതു വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഉണ്ട്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ ഗൾഫ് രാജ്യ ങ്ങളിലേയ്ക്ക് താരതമ്യേന വളരെ കുറച്ചു മാത്രമേ പോകുന്നുള്ളു. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകു ന്നവർ ചില്ലറ കൈത്തോഴിലുകൾ അറിയാവുന്നവരും ഡ്രൈവർമാരും അദ്ധ്വാനശേഷി മാത്രം കൈമുത ലായുള്ളവരുമാണ്. ലഭ്യമായ വിവരങ്ങൾ വച്ചു നോക്കുമ്പോൾ ഈ പഞ്ചായത്തിൽ നിന്നും സുമാർ 1500 നും 2000 ത്തിനു മിടയിൽ ആളുകൾ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. കൂടാതെ മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യാൻ കഴിയുന്നവരുണ്ടോ എന്നറിയാൻ കഴിഞ്ഞിട്ടില്ല. ഗൾഫിൽ നിന്നും മടങ്ങിവന്നവർ ഈ പഞ്ചായത്തിൽ ഏകദേശം 3000 ത്തിനും 4000 ത്തിനും ഇടയിൽ വരും. എന്നാൽ ഇക്കഴിഞ്ഞ ഒക്ടോബർ 31 നോടുകൂടിയുള്ള ഒഴിച്ചുപോരലിൽ ഏകദേശം 75 പേരെങ്കിലും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി എത്തിയിട്ടുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

ഗൾഫ് വരുമാനത്തിൻെറ പ്രതിഫലനം കാര്യമാടും നിർമ്മാണ പ്രവർത്തനങ്ങളിലാണ് കാണപ്പെടുന്നത്. ഗൾഫ് വരുമാനത്തിൻെറ 50 ശതമാനത്തിൽ കൂടുതൽ കെട്ടിട നിർമ്മാണ ത്തിനായി ഉപയോഗിക്കുന്നു. ആർഭാടമായി സ്വന്തം വീടിൻെറ പണി തീർത്തവർ നഗരസ്വത്തിലേയ്ക്ക്

ആകർഷിക്കപ്പെടുന്നതായും പട്ടണങ്ങളിലും സിറ്റികളിലും കമേർഷ്യൽ കോംപ്ലക്സുകളുടെ നിർമ്മാണത്തിൽ ഏർപ്പെടുന്നതായും അറിയുന്നു.

സന്നദ്ധ സംഘടനകൾ

പഞ്ചായത്തിൽ സന്നദ്ധ സംഘടനകൾ എന്ന രീതിയിൽ പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ ഇല്ലെങ്കിലും രാഷ്ട്രീയ പാർട്ടികളുടം യുവജന സംഘടനകളും വിദ്യാർത്ഥി സംഘടനകളും മഹിളാ സംഘടനകളും സാമൂഹ്യരംഗത്ത് സജീവമാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പഞ്ചായത്തിൽ കാര്യമാട സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിതമായി രീതിയിൽ നടത്താനുള്ള മുൻകൈ ഇല്ലായിരുന്നു.

ഓരോ സ്കൂളിനോടനുബന്ധിച്ചും പി.ടി.എ. കൾ ഉണ്ടെങ്കിലും സ്ഥാപനങ്ങളുടം വളർച്ചയിലും വിദ്യാഭ്യാസ ഗുണമേന്മയിലും ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നതായി അറിവില്ല. കോളേജ് യൂണിയൻ, ഹൈസ്കൂൾ പാർലമെൻറ് തെരെഞ്ഞെടുപ്പുകളിൽ രാഷ്ട്രീയം പാടില്ലെന്നു പ്രമേയം പാസ്സാക്കി പിരിയുന്നതിൽ കവിഞ്ഞൊന്നും നടക്കാറില്ല.

ഓരോ ഹൈസ്ക്കൂൾ പരിസരത്തും ഡിഗ്രിയും പി.ജി. ഡിഗ്രിയും ഉള്ള ചെറുപ്പക്കാർ ഉണ്ടെങ്കിലും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂഷൻ കൊടുക്കുന്നതിന് ഉള്ള ഒരു വേദി ഉണ്ടാക്കുന്നതിന് മുൻകൈ എടുക്കുന്നതിന് ഈ പഞ്ചായത്തിൽ ഒരു പി.ടി.എ.യ്ക്കും കഴിഞ്ഞിട്ടില്ല.

നികുതികളിൽ നിന്നുള്ള വരുമാനം

വീട്ടുനികുതിയിനത്തിലും, തൊഴിൽ നികുതിയിനത്തിലും, കെട്ടിടനികുതിയിനതൃതിലും ഇഇൗപ്പോൾ സ്വീകരിച്ചു വരുന്ന സമ്പ്രദായം കുറേകൂടി ശാസ്ത്രീയ അടിസ്ഥാനത്തിലും കുറ്റമറ്റതു മാക്കേണ്ടിയിരിക്കുന്നു. നികുതിയടക്കാൻ അർഹത പ്പെട്ട മുഴുവൻ ആളുകളിൽനിന്നും നികുതി പിരിച്ചെടു ക്കേണ്ടിയിരിക്കുന്നു. നികുതി ചുമത്തുന്ന കാര്യ ത്തിൽ ഗ്രാമസഭകളിൽ വ്യാപകമായ പരാതികൾ ഉയർന്നിരുന്നതാണം. പരാതികൾ ഒഴിവാക്കുന്ന തിനും നികുതിയടവിൽനിന്നും അർഹതയുള്ളവർ ഒഴിഞ്ഞുമാറാതിരിക്കുന്നതിനും സമഗ്രമായ ഒരു സർവ്വേ നടത്തേണ്ടിയിരിക്കുന്നു.

ഇപ്പോൾ പഞ്ചായത്തിൻെറ മിക്കവാറും എല്ലാ വാർഡുകളിലും ചെങ്കല്ല് വെട്ടിയെടുത്തും കരിങ്കൽ പൊട്ടിച്ചെടുത്തും വ്യാപകമായ രീതിയിൽ ഖനനം നടത്തിവരുന്നുണ്ട്. പരിസ്ഥിതിക്ക് കോട്ടം പറ്റാത്ത രീതിയിൽ ഇങ്ങനെ ഖനനം ചെയ്യുന്ന വ്യക്യതികൾ ക്കും സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. അങ്ങിനെ ചെയ്യുന്നതു കൊണ്ട് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുന്ന തോടൊപ്പം പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗ മാകുന്നതുമാണ്.

ഗ്രാമ ചന്ത

20 കോല്ലങ്ങൾക്കപ്പുറം വെട്ടിച്ചിറയിൽ ഒരു ഗ്രാമചന്ത പ്രവർത്തിച്ചിരുന്നു. ധാരാളം പച്ചക്കറികൾ കൃഷി ചെയ്യുന്ന ഒരു മേഖല എന്നതിനാൽ ഒരു ഗ്രാമ ചന്തയുടെ പ്രസക്തി വർദ്ധിക്കുന്നതേയുള്ളു. ഗ്രാമ ചന്തയുടെ പുനഃപ്രവർത്തനം ആലോചിക്കാ വുന്നതാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴി ക്കുന്നതോടൊപ്പം തന്നെ പഞ്ചായത്തിന് ഒരു വരുമാനവും പ്രതീക്ഷിക്കാവുന്നതാണ്.

നേഷണൽ സേവിംഗ്സ് സ്കീം.

ഇന്ദിരാ വികാസ് പത്രയുടെ വില്പനയുടം നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കുമെന്നതു കൊണ്ട് പഞ്ചായത്തിലുടനീളം ഇന്ദിരാ വികാസ് പത്ര മുഖേനയുള്ള നിക്ഷേപത്തിന് ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. നേഷനൽ സേവിംഗ്സ് ജില്ലാ ഓർഗനൈസറെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ബോധവൽക്കരണ സെമിനാർ നടത്തുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്.

മേൽ പറഞ്ഞ വസ്തുതകളിൽ നിന്നും കിട്ടുന്ന ചിത്രം പൊതുവെ വിഭവ സമാഹരണത്തിലും വിനിയോഗത്തിലും നമ്മുടെ പഞ്ചായത്തിന് ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ടെന്നു തന്നെയാണ്. സാമ്പത്തികമായി കഴിയുന്നത്ര വിഭവ സമാഹരണം നടത്തുന്നതുപോലെ തന്നെ പ്രധാനമാണ് മാനവ വിഭവ ശേഷിയുടെ ബുദ്ധിപരവും കായികവുമായ കഴിവുകളുടെ കണ്ടെത്തലും ഉപയോഗപ്പെടുത്തലും. ഗൾഫ് ജോലിക്കാരെയും വിദ്യാസമ്പന്നരേയും കർമ്മോത്സുകരായ ചെറുപ്പക്കാരെയും പഞ്ചായ ത്തിലെ വികസന പ്രവർത്തനങ്ങളുടം മുഖ്യധാര യിലേയ്ക്ക് കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധി

ക്കേണ്ടതുണ്ട്. സാമ്പത്തിക മേഖലയിൽ നിലവിലുള്ള സഹകരണബാങ്ക്, കാര്യക്ഷമമാക്കേണ്ടത് അത്യന്താപേക്ഷിതമാണം. കൂടുതൽ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നത് സർവ്വതോന്മുഖമായ വികസനത്തെ ത്വരിതപ്പെടുത്തും. പൊതുജനാരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ സന്നദ്ധ സംഘടനകൾക്ക് ഏറെ ഫലപ്രദമായി പ്രവർത്തിയ്ക്കാൻ കഴിയും എന്നതിനാൽ അവരുടെ പ്രവർത്തനങ്ങളെ സജീവമാക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതത്തോടൊപ്പം ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ കൂടിയാകുമ്പോഴെ നമ്മുടെ പ്രദേശത്തിൻെറ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാവൂ.

# ഉപസംഹാരം

വികസനരംഗത്തെ ഇന്നത്തെ കാഴ്ചപ്പാടിൽ ഒരു പൊളിച്ചെടുത്ത് ആവശ്യമാണ്. പഞ്ചായത്തിൻെറ വരുമാനത്തിൻെറ പ്രധാന പങ്കും, സർക്കാറിൻെറ വിവിധഫണ്ടുകളും റോഡ് നിർമ്മാണത്തിൻെറ പേരിലാണ് ചെലവഴിക്കപ്പെടുന്നത്. ഇത് മറ്റു മേഖലകളെ സാരമായി ബാധിക്കുനു. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി സാധ്യമാകുകയുള്ളൂ.


വികസന പ്രക്രിയയിൽ ഇന്ന് തുടർന്നുവരുന്ന കോൺട്രാക്ട് സമ്പ്രദായവും ഡിപ്പാർട്ടു മെൻറലിസവും വികസനത്തിൻെറ ജനകീയ സ്വഭാവം നഷ്ടപ്പെടുത്തുന്നു. അഴിമതിയിൽ നിന്നും വികസന രംഗം മുക്തമാകണമെങ്കിൽ ജനകീയ സമിതികളുടെ പ്രവർത്തനം സജീവമാകേണ്ടതുണ്ട്. ഈ സമിതികളുടെ പ്രവർത്തനങ്ങൾ കൊണ്ട് വികസന പ്രക്രിയ അഴിമതിയിൽ നിന്നും മുക്തമാകുന്നു. മാത്രമല്ല ജനകീയ പങ്കാളിത്തത്തോടെ പദ്ധതി വിഹിതം പരിപൂർണ്ണമായി ഉപയോഗിക്കുന്നതിനും കഴിയുന്നു. പ്രതീക്ഷിത പദ്ധതിയേക്കാൾ കാൽഭാഗമെങ്കിലും പ്രവർത്തനം കൂടുതലായി കാഴ്ചവെക്കാനും കഴിയും.

ജനകീയാസൂത്രണം ഫലപ്രാപ്തിയിലെത്തണമെങ്കിൽ ജനസാന്ദ്രതയും ആവശ്യവും മുൻ നിർത്തി പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കണം.

റിപ്പോർട്ട് തയ്യാറാക്കലും, വിദഗ്ദ്ധരുകൾപ്പെട്ട സമിതികളുടെ രൂപീകരണവും, വിഭവസമാഹരണവുമെല്ലാം വനേഗത്തിൽ നടത്തി പഞ്ചായത്തിൻെറ സമഗ്ര വികസനത്തിനായി പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. പദ്ധതി വിഹിതത്തിൻെറ 35-40 ശതമാനം പഞ്ചായത്തുകൾക്കു ലഭ്യമാകുന്ന ആതവനാട് ഒരു വികസിത പഞ്ചായത്തായി മാറുമെന്ന് പ്രത്യാശിക്കാം. അതിനുള്ള തയ്യാറെടുപ്പാകട്ടെ ഇനിയുള്ള കാലം.

■

# അധികാരം ജനങ്ങൾക്ക്



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

എടയൂർഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ




ഭൂപടം



എടയൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ





വൻകിട വ്യവസായങ്ങൾക്കും യന്ത്രവൽക്കരണത്തിനും ഞാനെതിരല്ല. പക്ഷേ അവ ചെറുകിട വ്യവസായങ്ങളുടേയോ, കുടിൽ വ്യവസായങ്ങളുടേയോ നിലനിൽപിനെ ഹനിക്കുന്നതാവരുത്.

ഗാന്ധിജി

എഡിറ്റർ : പി. അഹമ്മദ്കുട്ടി മൗലവി
മാവണ്ടിയൂർ

എഡിറ്റോറിയൽ സ്റ്റാഫ് :

കെ. അബ്ദുറഹിമാൻ മാസ്റ്റർ
പി. കമ്മുക്കുട്ടി മാസ്റ്റർ
അബൂബക്കർ പുതുക്കുടി
ടി. കെ. ജോസഫ് മാസ്റ്റർ
റഷീദ് കീഴ്ശ്ശേരി
പി. ഷരീഫ് മാസ്റ്റർ
പി. അബ്ദുൾഖാദർ മാസ്റ്റർ
കെ. എച്ച്. ഷൗക്കത്തലി
മറിയാമ്മ ടീച്ചർ
കെ. ജി. പ്രീത ടീച്ചർ
കൊന്നക്കാട്ടിൽ മുഹമ്മദ്

## അനുബന്ധം പ്രവർത്തനരേഖ


| | | |
|---|---|---|
| അദ്ധ്യായം | 1 | ആമുഖം |
| ,, | 2 | പഞ്ചായത്ത് പൊതുവിതരണം |
| ,, | 3 | സാമൂഹിക – സാംസ്കാരിക ചരിത്രം |
| ,, | 4 | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി |
| ,, | 5 | കൃഷിയും ജലസേചനവും |
| ,, | 6 | മൃഗ സംരക്ഷണം |
| ,, | 7 | വ്യവസായം |
| ,, | 8 | വിദ്യാഭ്യാസം |
| ,, | 9 | കുടിവെള്ളവും പൊതുജനാരോഗ്യവും |
| ,, | 10 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, വാർത്താവിനിമയം |
| ,, | 11 | പാർപ്പിടവും, സാമൂഹ്യക്ഷേമവും |
| ,, | 12 | സംസ്കാരം |
| ,, | 13 | വനിത |
| ,, | 14 | സഹകരണം |
| ,, | 15 | പട്ടികജാതി പട്ടികവർഗ്ഗം |
| ,, | 16 | വിഭവസമാഹരണം |
| ,, | 17 | ഉപസംഹാരം |

# പഞ്ചായത്ത് മെമ്പർമാർ

## നിയോജക മണ്ഡലം

| | |
|---|---|
| കെ. ഉണ്ണീൻ | 1 |
| കെ.കെ. വത്സലകുമാരി | 2 |
| കെ. ഹഫ്സ | 4 |
| ടി. പി. അലീമ | 6 |
| പാലാറ അബ്ദുൾകരീം | 7 |
| പി. ഐ. സരോജിനി | 8 |
| പി. കാരി | 10 |

89



വള്ളൂരൻ സൈനുദ്ദീൻ

((പ്രസിഡണ്ട്))



കൊന്നക്കാട്ടിൽ മുഹമ്മദ്

[വൈസ് പ്രസിഡണ്ട്]



സി. പി. ഹംസ

[സ്റ്റാന്റിംഗ് കമ്മററി ചെയർമാൻ]



K. രാമൻ

സെക്രട്ടറി

~~[എക്സിക്യൂട്ടീവ് ഓഫീസർ]~~



പി. അഹമ്മദ്കുട്ടി മൗലവി മാവണ്ടിയൂർ


(D. R. P. കൺവീനർ)

# എടയൂർ പഞ്ചായത്ത് ഭരിച്ച പ്രസിഡണ്ടുമാർ

| | | |
|---|---|---|
| 1. പി. കെ. നാരായണമേനോൻ | 1956മുതൽ 1959 വരെ (വടക്കുമ്പ്രംപഞ്ചായത്ത്) | |
| 2. കെ. പി. കരുണാകരൻ നായർ | 1959മുതൽ 1961 വരെ | ,, |
| 3. കൊട്ടാമ്പാറ മുഹമ്മദ് | 1956മുതൽ 1963വരെ [എടയൂർ പഞ്ചായത്ത്] | |
| 4. പി. രാമകൃഷ്ണമേനോൻ | 1963മുതൽ 1979വരെ | ,, |
| 5. പാലാറ അബ്ദുഹാജി | 1979മുതൽ 1980വരെ | ,, |
| 6. വി. പി. മൊയ്തീൻ കുട്ടി എന്ന കുഞ്ഞു ഹാജി | 1980 മുതൽ1983 വരെ, | ,, |
| 7. കെ. പി. കുഞ്ഞിമൊയ്തീൻ | 1983മുതൽ 1986വരെ | ,, |
| 8. കെ. കുഞ്ഞയമുമാസ്റ്റർ | 1988 മുതൽ 1993വരെ | ,, |
| 9. എ. പി. മുസ്സഹാജി | 1993 മുതൽ1995വരെ | ,, |

## വൈസ് പ്രസിഡൻറുമാർ

1. കെ. പി. കരുണാകരൻ നായർ
2. എം. പി. ദാമോദരൻ നായർ
3. കൊട്ടാമ്പാറ തിയ്യാമുട്ടി ഹാജി
4. സി. പി. അബ്ദു
5. വി. പി. മൊയ്തീൻകുട്ടി എന്ന കുഞ്ഞുഹാജി
6. കെ. പി. കുഞ്ഞിമൊയ്തീൻ
7. എ. കെ. ഫാത്തിമ
8. എ. പി. മൂസഹാജി
9. വള്ളൂരൻ സൈനുദ്ദീൻ



# 1

# ആമുഖം

രാജഭരണ കാലത്ത് വികസന ചർച്ചകളിൽ സാധാരണക്കാരനു പങ്കുണ്ടായിരുന്നില്ല. ജനാധിപത്യം ആവിർഭവിച്ചപ്പോൾ ഈ പങ്ക് സാധാരണക്കാരന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചു. പക്ഷെ ആ മേഖല ഉന്നത വ്യവസായികൾ കയ്യടക്കിയ അനുഭവമാണ് ഇന്ത്യയടക്കമുള്ള ലോകരാഷ്ട്രങ്ങളിൽ ഇന്നും കാണപ്പെടുന്നത്. ഈ സാഹചര്യത്തിൽ വികസന ചർച്ചകളിൽ നിന്ന് പുറംതള്ളപ്പെട്ട ലോകരാഷ്ട്രങ്ങളിലെ ജനകോടികൾക്ക് ആശക്ക് വക നല്കുന്ന സംഭവബഹുലമായ ഒരു നിയമ നിർമ്മാണം (73–ാം ഭരണഘടനഭേദഗതി) നിയമം 1992 - 1993 ഏപ്രിൽ 20 ന് പാസാക്കിയെടുത്ത് ഏപ്രിൽ 24ന് തന്നെ പ്രാബല്യത്തിൽ കൊണ്ടുവന്നു.

ഈ സംഭവത്തോടെ വികസനത്തിനു വേണ്ടി ഇരുളടഞ്ഞ നേത്രങ്ങളുമായി ഇരുട്ടിൽ തപ്പിയിരുന്ന ജനകോടികൾക്ക് വികസന വിപ്ലവങ്ങൾക്കായി ഒരു പൊൻപുലരി പിറക്കുകയായിരുന്നു. കൂടുതൽ താമസിച്ചില്ല 1994 ഏപ്രിൽ 23–ാം തിയ്യതി കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭയിലെ ബഹുമാന്യനായ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന സി ടി അഹമ്മദലി പരേതനായ മന്ത്രി അഹമ്മദ് കുരിക്കളുടെ സ്വപ്നം സാക്ഷാൽക്കരിച്ചു കൊണ്ട് പ്രസ്തുത നിയമം പാസാക്കിയെടുത്ത് അന്നു തന്നെ ഗവർണ്ണറുടെ അനുമതിക്കു ശേഷം പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യനസ്തമിക്കുന്നതിന് മുമ്പ് കേരള ജനതക്ക് സമ്മാനിച്ചു. അതോടെ ഗാന്ധിജിയുടെയും നെഹ്റുജിയുടെയും സ്വരാജ്, പഞ്ചായത്ത്രാജ്, ജനാധിപത്യം, വികേന്ദ്രീകരണം, ഗ്രാമ വികസനം എന്നീ സ്വപ്നങ്ങൾ ഇന്ത്യയിലും വിശിഷ്യ കേരളത്തിലും സാക്ഷാൽക്കരിക്കപ്പെട്ടു.

ഭരണ സാരഥ്യം വഹിക്കുവാനുള്ള മഹാഭാഗ്യവും ജനസേവനത്തിനുള്ള അഭമ്യമായ അഭിനിവേശവും സമഞ്ജസമായി സമ്മേളിച്ചവരാണ് പഞ്ചായത്തീരാജ് സംവിധാനത്തിൽ ചെങ്കോലേന്തുന്നവരേവരും. ഭരണം ഉന്നതരുടെ ദന്തഗോപുരത്തിൽ നിന്നും സാധാരണ ജനമദ്ധ്യത്തിലേക്കിറങ്ങി വരുന്നതിന്റെ മന്ദ്രസാന്ദ്രിതി നാദമാണ് പഞ്ചായത്ത്രാജ് ഉതിർക്കുന്നത്.

അധികാരം ജനങ്ങൾക്ക് കൈമാറുക , എന്ന ലക്ഷ്യം പ്രാവർത്തികമാക്കിക്കൊണ്ട് ഐക്യജനാധിപത്യ മുന്നണി സർക്കാർ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടത്തി. ജില്ല, ബ്ലോക്ക്

ഗ്രാമപഞ്ചായത്ത് എന്നീ മൂന്ന് തലങ്ങളായി അധികാരം വിഭജിച്ച് കൊണ്ട് 1995 ഒക്ടോബർ 2ന് നിലവിൽ വരുത്തികൊണ്ട് ജനങ്ങളുടെ അവകാശം വകവെച്ച് നൽകി.

തുടർന്ന് കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണിഅധികാരത്തിൽ വന്നു. സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് ഒമ്പതാം പദ്ധതി ജനകീയമാക്കുക എന്നതാണ് ലക്ഷ്യമെന്ന് പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് ജനകീയ ആസൂത്രണ പരിപാടികളുമായി ഒമ്പതാം പദ്ധതിയിലേക്ക് നീങ്ങുന്ന ജനങ്ങൾക്ക് ആശങ്ക ഏറെ കാര്യങ്ങളിലുമുണ്ടെങ്കിലും നമ്മുടെ പ്രതീക്ഷകൾ അസ്തമിക്കുകയില്ല എന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം,

## ഈ നിയമ നിർമ്മാണത്തിൻെറ ലക്ഷ്യം


1 ത്രി തല പഞ്ചായത്ത് രാജ് സമ്പ്രദായം നടപ്പിലാക്കുക.

2 ആസൂത്രിത വികസനത്തിലും പ്രാദേശിക ഭരണകാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പ് വരുത്തുക,

3 സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാദ്ധ്യമാകത്തക്ക അധികാരവും അധികാരശക്തിയും നൽകി പഞ്ചായത്തുകൾക്ക് പ്രാദേശിക ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് കഴിവ് നല്കുക എന്നിവയാണ്.

എടയൂർ പഞ്ചായത്ത് ജനകീയാസൂത്രണ പരിപാടി ആരംഭിച്ചത് 1996 സപ്തംബർ 17 മുതലാണ്. പഞ്ചായത്തിൻെറ ഈ നൂററാണ്ടിൻെറ സാമൂഹ്യ സാംസ്കാരിക ചരിത്രശേഖരം, സാമൂഹ്യ സാമ്പത്തിക സർവ്വേ, വിഭവ ഭൂപടസർവ്വേ എന്നീ കാര്യങ്ങൾക്ക് സന്നദ്ധസേവകർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന 150 പേരുടെ ഒന്നര മാസക്കാലത്തെ നിരന്തര പ്രവർത്തനം കൊണ്ടാണ് ഈ വികസന രേഖ പൂർത്തിയാക്കാൻ കഴിഞ്ഞത്.


പ്രകൃതിരമണീയവും നയനമനോഹരവുമായ എടയൂർ എന്ന കൊച്ചുഗ്രാമത്തിൽ വൃക്ഷലതാദികളും തെങ്ങിൻതോപ്പുകളും പച്ചപരവതാനി വിരിയിച്ച നെൽവയലുകളും നൂററാണ്ടുകളുടെ ചരിത്ര മുറങ്ങിക്കിടക്കുന്ന ആദിമ മനുഷ്യൻെറ ശയനഗൃഹമായ പൊട്ടിപ്പാറഗുഹയും ചരിത്രമുറങ്ങുന്ന അയ്യപ്പൻ കോട്ടയും വെള്ളിമാൻ മലയും കളകളാരവം മുഴക്കികൊണ്ട് കന്നുകാലികൾ നീരാടുന്ന പുള്ളിച്ചോലകളും കാനനഭംഗി ഇന്നും നിലനിർത്തികൊണ്ട് മൊച്ചകൾ ആടിപാടികളിക്കുന്ന വൻകാടുകളും, ഒരിക്കലും വററാത്ത നീരുറവ നല്കുന്ന കാനൽ ചോലയും ഉൾക്കൊള്ളുന്ന 62.58 ഹെക്ടർ വിസ്തീർണ്ണമുള്ള എടയൂരെന്ന സാമ്പത്തികശേഷിയില്ലാത്ത സർക്കാരിൻെറ കാരുണ്യത്തിനുവേണ്ടി കൈനീട്ടുന്ന ഈ അവികസിത പ്രദേശത്തിലെ കുന്നുകളും മലകളും വയലേലകളും താണ്ടികൊണ്ട് തലങ്ങും വിലങ്ങും സഞ്ചരിക്കാനും 965 വർഷത്തെ ചരിത്രമുറങ്ങിക്കിടക്കുന്ന മൂന്നാക്കൽ ജുമാഅത്ത് പള്ളിയും നൂററാണ്ടുകളുടെ കഥ പറയുന്ന പൂക്കാട്ടിയൂരമ്പലത്തിൻെറയും സാമൂതിരിരാജവംശത്തിനോടും വള്ളുവനാട് സ്വരൂപത്തിനോടും മാറി മാറി നികുതി കൊടുത്തു എന്ന് പറഞ്ഞ് നികുതിയിൽ നിന്നും രക്ഷപ്പെട്ട് ഇടയിലെ ഊര് എന്നത് എടയൂരായെന്ന ചരിത്രമോതിതന്ന കാരണവന്മാരോടും രണ്ടാം സ്വാതന്ത്ര്യസമര മെന്നറിയപ്പെടുന്ന മലബാർ കലാപത്തിൻെറ ഭാഗമായി സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിൻെറ വെള്ളപട്ടാളത്തിൻെറ നിറതോക്കിനിരയായ തുരുമ്പത്ത് വീരാൻ മുസ്ല്യാരുടെ രക്തസാക്ഷിത്വത്തിൻെറ വീരഗാഥ അയവിറക്കി തന്ന വി.പി. ഹൈദർകുട്ടി അധികാരിയോ തിരുവായ്ക്കെതിർവായ് ഇല്ലാത്ത കാലഘട്ടത്തിൽ തമ്പ്രാൻെറ ക്രൂരമർദ്ദനത്തിനിരയായപ്പോൾ അരുത് തമ്പ്രാ അടിയങ്ങൾ പാവങ്ങളാണെന്നോതിയ കാരിയുടെ ചരിത്ര കഥ വിവരിച്ച മക്കാടത്ത് രാമകൃഷ്ണൻ നായർ മാസ്റ്ററോടുംഅതുപോലെ വിവിധ കാലഘട്ടങ്ങളിലും ഒട്ടനവധി വിവരങ്ങൾ പറഞ്ഞു തരികയും ക്രോഡീകരിക്കുകയും ചെയ്ത വ്യക്തിത്വങ്ങളും നിരവധിയാണ്. സമയബന്ധിതമായ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ അദ്ധ്യാപകരും ജീവനക്കാരും സന്നദ്ധ പ്രവർത്തകരും ശ്രദ്ധേയമായ പ്രവർത്തനത്തിലൂടെ ജനകീയ ആസൂത്രണ പരിപാടിയോട് സഹകരിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക വികസന പുരോഗതിക്ക് തയ്യാറാക്കപ്പെട്ട എടയൂർ ഗ്രാമപഞ്ചായത്തിൻെറ് വികസന രേഖ ഒരു യാഥാർത്ഥ്യമായി തീരുവാൻ സഹകരിച്ച എല്ലാവർക്കും ഹൃദയത്തിൻെറ ഭാഷയിൽ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത്‌രാജിൻെറ തീരുമുററത്ത് ഈ റിപ്പോർട്ട് സവിനയം കാഴ്ചവെക്കുന്നു.



# അദ്ധ്യായം 2

## പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | എടയൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | എടയൂർ |
| പാർലിമെന്റ് മണ്ഡലം | പൊന്നാനി |
| ,, പ്രതിനിധി | G. M. ബനാത്ത്‌വാല |
| അസംബ്ലി മണ്ഡലം | മങ്കട |
| ,, പ്രതിനിധി | K. P. A. മജീദ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | വളവന്നൂർ |
| ,, പ്രതിനിധി | അബ്ദുറഹിമാൻ രണ്ടത്താണി |
| ബ്ലോക്ക് പഞ്ചായത്ത് | കുറ്റിപ്പുറം |
| പ്രതിനിധികൾ | വടക്കുമ്പ്രം: K. T. കുഞ്ഞിമൊയ്തീൻ മാസ്റ്റർ<br>എടയൂർ: പി. കമ്മുക്കുട്ടി മാസ്റ്റർ |
| വിസ്തീർണ്ണം | 30.43 Sq km |
| അതിരുകൾ | തെക്ക്–ഇരിമ്പിളിയം–വളാഞ്ചേരി പഞ്ചായത്തുകൾ<br>വടക്ക്–കുറുവ പഞ്ചായത്ത്<br>കിഴക്ക്–മൂർക്കനാട് പഞ്ചായത്ത്<br>പടിഞ്ഞാറ്– വളാഞ്ചേരി–മാറാക്കര പഞ്ചായത്തുകൾ |
| ജനസംഖ്യ : | 26352 |
| പുരുഷൻ : | 12807 |
| സ്ത്രീകൾ : | 13545 |
| ജനസാന്ദ്രത : | 865 Per Sqkm |
| വാർഡുകൾ : | 11 [പതിനൊന്ന്] |
| പ്രസിഡണ്ട് : | വള്ളൂരൻ സൈനുദ്ദീൻ |
| വൈസ് പ്രസിഡണ്ട് | കൊന്നക്കാട്ടിൽ മുഹമ്മദ് |
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | സി. പി. ഹംസ |



## 3

# സാമൂഹിക സാംസ്കാരിക ചരിത്രം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ വളാഞ്ചേരി മാറാക്കര ഇരിമ്പിളിയം പഞ്ചായത്തുകളുടേയും പെരിന്തൽമണ്ണ താലൂക്കിൽ കുറുവ. മൂർക്കനാട്, പഞ്ചായത്തുകളുടേയും മദ്ധ്യേയായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. എടയൂർ വടക്കുംപുറം എന്നീ അംശങ്ങൾ ചേർത്ത് 1960-ൽ ഈ പഞ്ചായത്ത് രൂപീകൃതമായി.

വളരെ പുരാതനകാലത്തു തന്നെ ഈ പ്രദേശത്ത് ജനവാസമുണ്ടായിരുന്നു എന്നതിനു തെളിവുകളുണ്ട്. പൂക്കാട്ടിരി, മാവണ്ടിയൂർ പ്രദേശങ്ങളിൽ കാണപ്പെടുന്ന നന്നങ്ങാടികളും കുടക്കല്ലുകളുടെ അവശിഷ്ടങ്ങളും അതാണ് സൂചിപ്പിക്കുന്നത്. ഖനനങ്ങൾ നടത്തിയാൽ കൂടുതൽ തെളിവുകൾ കണ്ടെത്താവുന്നതാണ്.

മുമ്പ് പഞ്ചായത്തിൽ വലിയ കാടുകളുണ്ടായിരുന്നു. നായാടികൾ, ആളർ തുടങ്ങിയ ആദിവാസികൾ ഈ കാടുകളിൽ താമസിച്ചിരുന്നു. മൂനാക്കൽ പള്ളിക്ക് തെക്കുഭാഗത്ത് നായാടിപാറ എന്ന സ്ഥലത്തായിരുന്നു നായാടികളുടെകേന്ദ്രം.കോഴിക്കുന്നിലെഗുഹയിൽ നാലഞ്ചു വർഷംമുമ്പ്‌വരെആദിവാസികൾ താമസിച്ചിരുന്നു

വള്ളുവനാട് രാജാവിന്റെയും സാമൂതിരി രാജാവിന്റെയും അധീനപ്രദേശങ്ങൾക്കിടയിൽ സ്ഥിതി ചെയ്തിരുന്ന പ്രദേശമായിരുന്നു ഈ പ്രദേശം. രണ്ട് രാജാവിനും നികുതി കൊടുക്കാതെ രക്ഷപ്പെട്ട നാട്ടുകാരായതിനാൽ അതുകൊണ്ട് ഇതിനു എടയൂർ എന്ന പേർ ലഭിച്ചു എന്നു പറയപ്പെടുന്നു. എടമന തറവാട്ടിലെ അങ്ങുന്നമാരായിരുന്നു ഈ പ്രദേശത്തെ നാടുവാഴികൾ. പൂവത്തുംതറ ദേശത്തെ പള്ളിയാലിൽ തറവാട് ഇവരുടെ പിൻഗാമികളാണ്.

ഈ പഞ്ചായത്തിൽ വളരെ പഴക്കം ചെന്ന ഒരു പള്ളിയുണ്ട് മൂന്നാക്കൽ പള്ളി മൂനാലുകൾ നിന്നിരുന്ന പ്രദേശത്തായതുകൊണ്ട് മൂനാക്കൽ പള്ളി എന്നറിയപ്പെടാൻ കാരണമെന്നു പറയപ്പെടുന്നു. ആയിരം വർഷങ്ങൾക്കു മുമ്പ് നാടുവാഴിയിൽ നിന്നു ഭൂമി തീരുവാങ്ങിയാണ് മുസ്ലീങ്ങൾ പള്ളി പണിതത്രെ. പള്ളിയോടനുബന്ധിച്ച് വിശാലമായ 26ഏക്കർ ഖബർ സ്ഥാനം ഇവിടുത്തെ മുസ്ലിം ജനവാസത്തിന്റെ പൗരാണികത കാണിക്കുന്നു.

പള്ളിക്കുചുറ്റും മുസ്ലീങ്ങൾ താമസമാക്കിയതോടെ അവിടം തരകന്മാർ കച്ചവട ആവശ്യാർത്ഥം വരികയും ഒരുവാണിജ്യ കേന്ദ്രമായി മാറുകയും ചെയ്തു. ഇപ്പോഴും ഇതിനടുത്ത കുന്ന് അങ്ങാടിക്കുന്ന് എന്ന പേരിലാണ് അറിയപ്പെടുന്നത്. ചുക്ക്, കുരുമുളക് എന്നിവ വാങ്ങാൻ അറബികൾ ഇവിടെവന്നിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. മലഞ്ചരക്കുകൾ ഭാരതപ്പുഴയിലൂടെ പൊന്നാനി കടപ്പുറത്തും, കരവഴി തരൂർ പറവണ്ണ കടപ്പുറത്തും എത്തിച്ചിരുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന അമ്പലമാണ് പൂക്കാട്ടിയൂർ അമ്പലം. മുത്തമല നമ്പൂതിരിമാരാണ് ഈ അമ്പലം സ്ഥാപിച്ചിരുന്നതും നടത്തിയിരുന്നതും. ഇപ്പോൾ ദേവസ്വം ബോർഡ് നിശ്ചയിച്ച മാനേജരാണ് ഭരണം നടത്തിവരുന്നത്.


ദേശീയപ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും അലകൾ എടയൂരിലും എത്തി. മഹാത്മാ ഗാന്ധിയും മൗലാനാ ഷൗക്കത്തലിയും നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സന്ദേശവുമായി കോഴിക്കോട്ടും മഞ്ചേരിയിലുമെത്തിയപ്പോൾ അവരുടെ പ്രസംഗങ്ങൾ കേൾക്കാൻ എടയൂരിൽ നിന്നും പലരുംപോയി. വലിയ പറമ്പിൽ പോക്കർകുട്ടി, വടക്കേപീടികക്കൽ കുഞ്ഞാമു ഹാജി വെള്ളാട്ട പൊറെറകളത്തിൽ കുട്ടികൃഷ്ണമേനോൻ എന്നിവർ അവരിൽ ചിലരായിരുന്നു, സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി തക്ളിയും ചക്കയും ഉപയോഗിക്കാൻ പരിശീലനം നല്കുന്ന ഒരു കേന്ദ്രം പൊറെറക്കളം അപ്പുണ്ണിമേനോൻ നടത്തിയിരുന്നു.

1921ൽ മലബാർ സമരകാലത്ത് തുരുമ്പത്ത് വീരാൻ മുസ്ല്യാരെ പട്ടാളം അത്തിപ്പറ്റ വെച്ച് വെടിവെച്ചുകൊന്നു. വലിയപറമ്പിൽ പോക്കർകുട്ടിയെ പിടികിട്ടാത്തതിനാൽ അദ്ദേഹത്തിന്റെ വീട് തീവെച്ചു നശിപ്പിച്ചു. അദ്ദേഹം അന്ന് നാടുവിട്ടു പോയതാണ്. പിന്നീട് തിരിച്ചുവന്നിട്ടില്ല. കലമ്പൻ മൊയ്തുട്ടിയുടെ വീടും തീവെച്ചു. വള്ളൂരൻ വീരാൻ, ചോർണിയിൽ പരീക്കുട്ടി, കയിലൻമമ്മി, വെട്ടിക്കാട്ട് ഏന്തിൻ കുഴിലൻ ആന്ത്രുമാൻ എന്നിവരെ ജീവപര്യന്തം ശിക്ഷിച്ചു, ചോർണിയൽ പരീക്കുട്ടി ജയലിൽ വെച്ചു മരിച്ചു. ചിറ്റകത്ത് കുഞ്ഞിപോക്കർ എന്നിവരെ ബല്ലാരി ജയിലിലടച്ചു, പൂതുക്കുടി മമ്മു, മുക്രി അവറാൻ ചെറുക്കാക്കൻന്നത്ത് അഹമ്മദ് ചെട്ട്യാൻ ഹൈദ്രസ്സ് എന്നിവർ ഒരു കൊല്ലത്തെ ജയിൽശിക്ഷക്കു ശേഷം മടങ്ങിവന്നു. വലിയപറമ്പിൽ ഹൂറൈർകുട്ടി 1938ൽ വിദ്യാർത്ഥിയായിരുന്നപ്പോൾ സ്റ്റുഡൻസ് നാഷണൽ ഓർഗനൈഷന്റെ സെക്രട്ടറിയായി പ്രവർത്തിച്ചതിന്റെ പേരിൽ റേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലികിട്ടിയ ശേഷം പിരിച്ചുവിട്ടു.

എടയൂരിലെ ഒരു സാമൂഹ്യ പ്രവർത്തകനായിരുന്ന വി. പി. മുഹമ്മദലിസാഹിബ് ഉമറാബാദിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും പ്രകടനം നയിക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി കേരളത്തിൽ പ്രവർത്തനമാരംഭിച്ചത് വി. പി. മുഹമ്മദലി സാഹിബ് മുഖേന എടയൂരിൽ നിന്നാകുന്നു.

വിദ്യാഭ്യാസ രംഗത്ത് ഈ പ്രദേശം വളരെ പിന്നിലായിരുന്നു. അടുത്ത കാലത്ത് 6ലോവർ പ്രൈമറി സ്ക്കൂളുകളും 3അപ്പർ പ്രൈമറി സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ഉണ്ടായിട്ടുണ്ട്.

ഈ പഞ്ചായത്തിലെ കൊട്ടാമ്പാറ തറവാട്ടുകാർ പാരമ്പര്യ വൈദ്യന്മാരാണ്. കേരളത്തിന് പുറത്തുനിന്ന് ചികിത്സക്ക് ഇവിടെ ആളുകൾ വരാറുണ്ട്. സന്നിവാതജ്വരം ഇവിടെ പ്രത്യേകം ചികിത്സിക്കപ്പെടുന്നു, അടുത്തകാലത്ത് മരണപ്പെട്ട പരിവൈദ്യർ ഇവരിൽ പ്രമുഖനായിരുന്നു. പ്രമുഖ വിഷവൈദ്യൻ കെ. ടി. ഹസ്സൻമൗലവി അമ്പലപറമ്പിൽ വേലുവൈദ്യൻ, ആലപ്പറ സൈതാലി, തുറക്കൽ മുഹമ്മദ് മുസ്ല്യാർ കട്ടഞ്ചോലത്ത് സയ്യിദ് മുഹമ്മദ്കോയതങ്ങൾ എന്നിവർ പാരമ്പര്യ വൈദ്യന്മാരാണ് സയ്യിദ് മുഹമ്മദ് കോയതങ്ങളുടെ പാരമ്പര്യം നിലനിർത്തികൊണ്ട് മകൻ കെ. എസ്. എ. തങ്ങൾ ഇന്നും അപസ്മാര രോഗത്തിനും മറ്റും ചികിത്സനടത്തുന്നുണ്ട്.



# 4

# ഭൂപ്രകൃതി. ജനപ്രകൃതി, ജലപ്രകൃതി

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ വളാഞ്ചേരി, ഇരുമ്പിളിയം, മാറാക്കര പഞ്ചായത്തുകളോടും പെരിന്തൽമണ്ണ താലൂക്കിലെ കുറുവ, മൂർക്കനാട് പഞ്ചായത്തുകളോടും തൊട്ടുരുമ്മിക്കിടക്കുന്ന അവികസിത പ്രദേശങ്ങളായ എടയൂർ, പൂവത്തുംതറ, അത്തിപ്പററ, മാവണ്ടിയൂർ, വടക്കുംപ്രദേശങ്ങളും ഉൾപ്പെട്ടതാണ് എടയൂർ പഞ്ചായത്ത്. എടയൂർ പഞ്ചായത്തിന്റെ വടക്ക് കുറുവ പഞ്ചായത്തുമായി വേർതിരിക്കുന്ന മുത്തുവാഴി, കാപ്പെള്ള എച്ചിപറമ്പ് പാലപറമ്പ് എന്നീ കുന്നുകളുടെ തെക്കോട്ടുള്ള ചെരിവും പടിഞ്ഞാറ് മാറാക്കര വളാഞ്ചേരി പഞ്ചായത്തുകൾ വേർതിരിക്കുന്ന താണിയപ്പൻകുന്ന് നിരയും ചിരട്ടകുന്നിന്റെ കിഴക്കോട്ടുള്ള ചെരുവും കിഴക്ക് മൂർക്കനാട് പഞ്ചായത്തുമായി തിരിക്കുന്ന കോട്ടകുന്ന്, കോതകുന്ന് വലിയപറമ്പ് കുന്നിന്റെ പടിഞ്ഞാറ് ചെരുവും വെള്ളിമാം മലയുടെ വടക്കോട്ടുള്ള ചെരുവും മദ്ധ്യഭാഗത്തായി പറമ്പൻകുളം അഞ്ഞാടിക്കുന്ന് തുരുമ്പൻകുന്ന് മുത്തുററിയൽകുന്ന് വല്യകുന്ന് ചെരുവുകളും മണ്ണത്ത്പറമ്പ് മുതൽ ഇരിമ്പിളിയം പഞ്ചായത്തിനോട് ചേന്നും പാലോത്തക്കാട് തുടങ്ങി വളാഞ്ചേരി പഞ്ചായത്തിൽ ചേരുന്ന മാവണ്ടിയൂർ പാടശേഖരവും കാറേക്കാട് ചേനാടൻകുളമ്പിൽ നിന്നും തുടങ്ങി മാറാക്കരയിൽ ചേരുന്ന വയലോലകളും മാറാക്കരയിൽ നിന്നും തുടങ്ങി വളാഞ്ചേരിയിൽ ചേരുന്ന പനക്കാട്ടുപടി മാളിയേക്കൽ, തിണ്ടലം പാടശേഖരങ്ങളും ഇതിന്റെ മദ്ധ്യത്തിലൂടെ കരേക്കാട് തിണ്ടലംതോടും പിണ്ഡത്തോടും എടയൂർ അത്തിക്കതോടും ഇതിൽ ചേരുന്ന മററു ചെറിയതോടുകളും നീർകുഴികളും. ചോലകളും കുളങ്ങളും അടങ്ങിയതാണ് എടയൂർ പഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് എടയൂർ പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിക്കാം.

1 കുന്നിൻ മണ്ടയിലെ നിരപ്പ് ഭൂമി
2 കുന്നിൻ ചെരുവുകളായ ഭൂമി
3 സമനിരപ്പായ കൃഷിഭൂമി

## ഭൂപ്രകൃതി

| No | | വിസ്തൃതി |
|---|---|---|
| 1 | കുന്നിൻമണ്ടയിലെനിരപ്പ് | 1153.95 |
| 2 | താഴ്വര | 2580.56 |
| 3 | സമതലം | 3599.20 |
| 4 | പുറമ്പോക്ക് റോഡ് | 186.29 |
| | തോട്ടകളും ചോല എന്നിവ | |
| | | 7520,00 |

### ഇവയിൽ ഓരോന്നിന്റെയും വിസ്തൃതി ചുവടെ കൊടുക്കുന്നു.

| | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | കുന്നിൻമണ്ടയിലെ നിരപ്പ് | 1153 95 | |
| 2 | താഴ്വര | 2580.56 | |
| 3 | സമതലം | 3599.24 | |
| 4 | പുറമ്പോക്ക്, റോഡ് തോട്ടകളും, ചോല എന്നിവ | 186.29 | |
| | | 7520 04 | |

എടയൂർ പഞ്ചായത്തിന്റെ ഏകദേശം 50% സമതലവും 35% താഴ്വരയും 15% നിരപ്പുമാണ്.

മൺത്തരികളെ പ്രധാനമായും രണ്ടായിതിരിക്കാം

1 ചെങ്കൽമണ്ണ് 2 എക്കൽമണ്ണ് എന്നിവയാണ്.

ഇപ്പോൾ ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് തൊഴിലുള്ളവർ 3249 തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യർ 474കർഷകതൊഴിലാളികൾ 1236 കർഷകർ. 844 എസ് എസ് എൽ സി ക്ക് താഴെ 16072 എസ് എസ് എൽ സി ക്ക് മുകളിൽ 2238 ഗൾഫിലുള്ളവർ 1088മാണ്.

തൊഴിലില്ലാപടയുടെ എണ്ണം കൂടിവരികയാണെങ്കിലും അതിനുള്ള പരിഹാരത്തിനായിട്ടുള്ള മാർഗ്ഗങ്ങൾ കടലാസിൽ മാത്രം ഒതുങ്ങിയിരിക്കയാണ്. കേന്ദ്രസംസ്ഥാന സർക്കാറുകൾ കാര്യമായി സഹായിച്ചാലല്ലാതെ മറെറാരുമാർഗ്ഗവുമില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കിക്കൊണ്ടുള്ള വിദ്യാഭ്യാസപദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ് പ്രധാനതൊഴിൽ മേഖല കാർഷികമാണെങ്കിലും കൃഷിആദായകരമല്ലാത്തതിനാൽ ഈ രംഗത്ത് നിന്നുമുള്ള ഒഴിച്ചുപോക്ക് ധ്രുതഗതിയിലാണ്. കെട്ടിടനിർമ്മാണ രംഗത്തും മററു മേഖലകളിലേക്കും തിരിഞ്ഞിരിക്കയാണ് കൂടുതലാളുകൾ. ജാതീയമായ ഉച്ചനീചത്വങ്ങളും വർഗ്ഗ വർണ്ണ വ്യത്യാസങ്ങളുമില്ലാതെ ജനങ്ങൾ ഏകോദര സഹോദരങ്ങളെ പോലെ ജീവിക്കുന്ന എന്നതിൽ അഭിമാനിക്കാൻ കഴിയുന്ന ഒരു പ്രദേശമാണ് എടയൂർ പഞ്ചായത്ത്.

# ജല ലഭ്യത

| മേഖലകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|
| 1 താഴ്ന്നനിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 1531.30 ഹെക്ടർ | 50% |
| 2 മോശമായ വെള്ളം ലഭിക്കുന്ന പ്രദേശം | 1071.90 ,, | 35% |
| 3 വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം | ഇല്ല | |
| 4 ചാരികളം | ഇല്ല | |
| 5 ചതുപ്പനിലം | ഇല്ല | |
| 6 സാധാരണ നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശം | 459.38 He | 15% |
| ആകെ | 3062.58 ഹെക്ടർ | 100% |

## ഏററവും അധികം ജലക്ഷാമം അനുഭവപെടുന്ന പ്രദേശങ്ങൾ

| | | |
|---|---|---|
| 1 | ചെമ്മലകുന്ന്പറമ്പ് | വാർഡ് 1 |
| 2 | തേഞ്ഞാപറമ്പ്, തട്ടാരുപാറ | ,, 2 |
| 3 | പെരുമ്പറമ്പ്,വളയംപറമ്പ്,റഹ്മത്ത്നഗർ | ,, 3 |
| 4 | പുന്നാംചോല | ,, 4 |
| 5 | വട്ടപറമ്പ് | ,, 5 |
| 6 | പൊട്ടിപാറ ചീനിച്ചോട് | ,, 6 |
| 7 | ഹൈസ്കൂൾ പരിസരം ചക്കംപടി | ,, 7 |
| 8 | പരവത്തടം, വെട്ടത്ത്കളംപടി അത്താണിപരിസരം | ,, 8 |
| 9 | L.P. സ്കൂളിൻെറമേൽഭാഗം, ചൊററർതോട് പൊന്മക്കഴി | ,, 9 |
| 10 | പരപ്പിലായിൽപടി, കനിചോലകളമ്പ് GLP സ്കൂൾ പരിസരം | ,, 10 |
| 11 | അയനികുന്ന്, കോതേരപാലം മേൽഭാഗം ചേനാടൻ കളമ്പ്ജംക്ഷൻ | ,, 11 |

മണ്ണ് PH. 5to 5.4

| നമ്പർ | മണ്ണ് | ജൈവാംശം | ഭാവകം കിലോ. | ക്ഷാരഗുണം കിലോഹെക്ടർ |
|---|---|---|---|---|
| 1 | ലാററൈററ് | 1.5 Kg | 58 Kg | 120 Kg |
| 2 | എക്കൽ | 1.8 Kg | 55 Kg | 152 Kg |
| 3 | മണൽ | ഇല്ല | | |
| 4 | മററുള്ളവ | ഇല്ല | | |

## ജലപ്രകൃതി

തിരൂർതാലൂക്കിലെ ഏററവും വിസ്തൃതമായ(3062.58 ഹെക്ടർ വരുന്ന) എടയൂർ പഞ്ചായത്തിൽ ഏകദേശം വർഷത്തിൽ 3918 മില്ലി മീററർ മഴ ലഭിക്കുന്നതായി കണക്കാക്കുന്നു. പ്രധാനപ്പെട്ടതോടുകൾ പാലവള്ളിതോടും എരഞ്ഞിപ്പാലംതോടും പിണ്ഡതോട് അത്തിക്കത്തോട് ചേമ്പാലതോട് തിണ്ടലംതോട് എന്നിവയാണ് ഈ തോടുകൾ എല്ലാം കൂടി ചേരുന്നത് ഭാരതപ്പുഴയിലാണ്

പ്രധാനകുളങ്ങളും തോടുകളും ചിറകളും താഴെ കൊടുക്കുന്നു.

## ജനപ്രകൃതി

| ക്രമ നമ്പർ | വാഡ് നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി കുടുംബങ്ങൾ | ഹിന്ദുകുടുംബങ്ങൾ | മുസ്ലീംകുടുംബം | ക്രിസ്ത്യൻ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | I | 1072 | 1116 | 2188 | 65 | 30 | 221 | — |
| 2 | II | 1227 | 1329 | 2556 | 76 | 109 | 286 | — |
| 3 | III | 1253 | 1303 | 2556 | 26 | 90 | 284 | — |
| 4 | IV | 1351 | 1485 | 2836 | 25 | 55 | 208 | 2 |
| 5 | V | 1350 | 1297 | 2647 | 39 | 60 | 236 | 10 |
| 6 | VI | 1123 | 1265 | 2388 | 34 | 67 | 238 | 2 |
| 7 | VII | 1050 | 1092 | 2142 | 26 | 68 | 300 | — |
| 8 | VIII | 1113 | 1255 | 2368 | 81 | 80 | 162 | 5 |
| 9 | IX | 1113 | 1070 | 2183 | 40 | 78 | 274 | — |
| 10 | X | 1155 | 1251 | 2406 | 26 | 85 | 340 | 1 |
| 11 | XI | 1000 | 1082 | 2082 | 9 | 9 | 159 | — |
| 12 | Total | 12807 | 13545 | 26352 | 447 | 73 | 2708 | 20 |


1991ലെ സെൻസസ് കണക്കുപ്രകാരം ആകെ ജനസംഖ്യ 24399ഉം 3590. വീടുകളുമാണ്. 12590 സ്ത്രീകളും 11809 പുരുഷന്മാരും 1145 പട്ടികജാതിക്കാരുമാണ്. ഉണ്ടായിരുന്നത്. ആകെ വിസ്തൃതി 3062.58 ഹെക്ടർ ഭൂമിയുമാണ് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ 1781 പേർ കൂടുതലാണ്.

1996 പുതിയ ജനകീയാസൂത്രണ സംബന്ധമായ സർവ്വേപ്രകാരം ആകെ ജനസംഖ്യ 26352ഉം പുരുഷന്മാർ 12807ഉം സ്ത്രീകൾ 13545ഉം മാണ് വാർഡ്തല ജനസംഖ്യാവിവര പട്ടിക താഴെ കൊടുക്കുന്നു,

## പ്രധാനകുളങ്ങൾ തോട് ചിറകൾ

| ക്രമ നമ്പർ | വാർഡ് | ചിറകൾ | തോടുകൾ | കുളങ്ങൾ |
|---|---|---|---|---|
| 1 | I | മുണ്ടൻ ചിറ | പാലവള്ളിതോട് വാർഡ് 1 2 4 | ഒട്ടങ്ങാട്ടുകുളം |
| 2 | II | അത്തിക്കചിറ പാറക്കചിറ | അത്തിക്കതോട് | |
| 3 | III | പുളിക്കചിറ | | 1 അമ്പലപ്പാട്ട് ചോലകുളം<br>2 ചോർണികുളം |
| 4 | IV | എരണിപ്പാലംചിറ പന്തചിറ | | ഒട്ടർകുളം |
| 5 | V | —പാറക്കൽചിറ | എരണിപ്പാലംതോട് | |
| 6 | VI | മുറിത്താഴിചിറ മൂച്ചിക്കണ്ട് | പിണ്ടതോട് വാർഡ് 6.7,4, | കാനകുളം |
| 7 | VII | — കോലാടി | | |
| 8 | VIII | കക്കൻചിറ, മുട്ടിയാ, കോലുവാക്കൽ | തിണ്ടലം തോട് | പുത്തൻകുളം, പാറപ്പുറത്ത്ചോല |
| 9 | IX | ഓലാഞ്ചിചിറ, കാവുങ്ങചിറ | | |
| 10 | X | പുളിയമ്പാറചിറ | | കാക്കുളം |
| 11 | XI | | ചേമ്പാലതോട് വാർഡ് 8, 9, 10, 11 | കണ്ട്കുളം |

ജൂൺ ജൂലായ് മാസങ്ങളിലാണ് ഏററവും കൂടുതൽ മഴ ലഭിക്കുന്നത് ഏപ്രിൽ മെയ് മാസങ്ങളിലാണ് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നത് ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.



# 5

# കൃഷിയും ജലസേചനവും

എടയൂർ ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻപ്രദേശങ്ങളും, നിരപ്പുപ്രദേശവും വയലുകളും അരുവികളും ചെറിയ കുററിക്കാടുകളും നിറഞ്ഞ ഒരു ഭൂപ്രദേശമാണ് ഈ ഗ്രാമം. ചെറുകിട കർഷകർക്കാണ് ഈ ഗ്രാമത്തിൽ മുൻതൂക്കം.

ഇവിടെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, വാഴ, മരച്ചീനി, പച്ചക്കറി എന്നിവയാണ് മുഖ്യമായും കൃഷിചെയ്യുന്നത്. കൂടാതെ റബ്ബർ, വെററില, കശുമാവ് തുടങ്ങിയവയും കൃഷിചെയ്തുവരുന്നു.

## ഭൂവിനിയോഗം

| നമ്പർ | വിളയുടെപേര് | വിസ്തീർണ്ണം ഹെക്ടറിൽ | ഉല്പാദനം ആകെ | ഉല്പാദന ക്ഷമത |
|---|---|---|---|---|
| 1 | നെല്ല് 1-ാം വിള | 328 He | 459.2 MT | 1400 Kg/He |
| 2 | ,, 2-ാം വിള | 352 ,, | 510 ,, | 1450 ,, |
| 3 | ,, 3-ാം വിള | 54 ,, | 6.4 ,, | 1200 ,, |
| 4 | പയർ | 15 ,, | 12 ,, | 800 ,, |
| 5 | എള്ള് | 12 ,, | 6 ,, | 500 ,, |
| 6 | പച്ചകറികൾ | 22 ,, | 44 ,, | 2000 ,, |
| 7 | തെങ്ങ് | 908 ,, | 2860200 Nos | 3150 Nos |
| 8 | വാഴ | 102 ,, | 510 T | 5 T |
| 9 | മരച്ചീനി | 14 ,, | 112 ,, | 8 T |
| 10 | കുരുമുളക് | 52 ,, | 26 ,, | 560 Kg |
| 11 | പ്ലാവ് | 8 ,, | 16 ,, | 2000 ,, |
| 12 | കശുമാവ് | 13 ,, | 13.20 ,, | 1020 ,, |
| 13 | മാവ് | 5 ,, | 20 ,, | 4 T |
| 14 | റബർ | 25 ,, | 51 ,, | 2040 Kg |
| 15 | കമുക് | 102 ,, | 73.4 ,, | 720 ,, |
| 16 | വെററില | 5 ,, | 3781250 B | 756250 B |

നെൽകൃഷിവികസനത്തിന്നായി പഞ്ചായത്ത് കൃഷിഭവൻ മുഖേന പതിനൊന്ന് പാടശേഖരസമിതികൾ രൂപീകരിച്ച് ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം ഭംഗിയായി നടപ്പിലാക്കിവരുന്നു. ഒന്നാംവിള കഴിഞ്ഞ ഉടനെ വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ വാഴകൃഷിയും മററു സ്ഥലങ്ങളിൽ മരച്ചീനിയും പച്ചക്കറികളും, പച്ചമരുന്നുകളായ ആടലോടകവും, കൊടുവേലിയും ചിലയിടങ്ങളിൽ കൃഷി ചെയ്തുവരുന്നു.

# പാടശേഖര സമിതിയും വിളക്രമങ്ങളും

| നമ്പർ | പാടശേഖരത്തിന്റെ പേരു് | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1 | അത്തിപററ—പൂവത്തുംതറ | നെല്ല് | നെല്ല് പയർ | നെല്ല് പച്ചകറികൾ |
| 2 | അത്തിപററ—പുന്നാംചോല | നെല്ല് | നെല്ല് പയർ | do |
| 3 | കററികന്ന്—മാളിയേക്കൽ | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 4 | മാളിയേക്കൽ–പനക്കാട്ടുപടി | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 5 | ഒട്ടങ്ങാട്ടുകുളം | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 6 | മേപ്പാടം | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 7 | മൂന്നാക്കൽ | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 8 | കോലുവാക്കൽ | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 9 | കടവണ്ണ് പാടശേഖരം | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 10 | ചങ്ങണക്കോട്—പുതുവായ | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |
| 11 | പുളിയപററ—ഓലനി | നെല്ല് | do | നെല്ല്, വാഴ, പച്ചകറി |

നാളികേര വികസനത്തിന്നായിപഞ്ചായത്തുതലത്തിൽ ഒരു കേരസമിതി രൂപീകരിച്ച് ദൈനംദിന കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് വേണ്ട പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊടുക്കുന്നു. സമഗ്രനാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട നാളികേര കർഷകർക്ക് കിണർ കുഴിക്കുന്നതിനും പമ്പ്സെററ് വാങ്ങിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

കുരുമുളക് വികസനത്തിന്നായി പ്രാദേശിക തലത്തിൽ ജനപ്രതിനിധികൾ അടങ്ങിയ കുരുമുളക് സംരക്ഷണ സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. കുരുമുളക് കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് ബന്ധപ്പെട്ട വകുപ്പുമായി സംയോജിപ്പിച്ച് വേണ്ട നിർദ്ദേശങ്ങൾ ഈ സമിതി മുഖേന ചെയ്തുവരുന്നു.

## ജലസേചനം.

പ്രധാനമായും മഴയെ ആശ്രയിച്ചുതന്നെയാണ് പഞ്ചായത്തിൽ കൃഷിവിളകൾ നടത്തുന്നത്: അഞ്ച് പൊതുകുളങ്ങളും മൂന്നുതോട്ടുകളും, 2 ചോലകളും മാത്രമാണ് പഞ്ചായത്തിലുള്ളതു്. മൂന്നുതോട്ടുകളിൽ മൈനർ ഇറിഗേഷൻ വകുപ്പ് പഞ്ചായത്ത് വകുപ്പുമായി പതിനാറ് ചിറകൾ കെട്ടി പഞ്ചായത്തിലെ ഭാഗികമായ കൃഷിസ്ഥലങ്ങളിലും വെള്ളം എത്തിക്കുന്നുണ്ട്.

## പ്രധാന തോട്ടുകൾ

1 പിണ്ടത്തോട്
2 എടയൂർ തോട്
3 തിണ്ടലം കരേക്കാട് തോട്

## പ്രധാനകുളങ്ങൾ

1 ഒട്ടങ്ങാട്ടുകുളം
2 കാനകുളം
3 കണ്ടുകുളം
4 ഒട്ടരുകുളം
5 ചോർണികുളം
6 പാറപ്പുറത്ത് ചോല
7 കാക്കുളം
8 അമ്പലപ്പാട്ട് ചോല

## പഞ്ചായത്ത് കൃഷിഭവൻ

കാർഷിക രംഗത്ത് പുരോഗതി മുൻനിർത്തി 1987ൽ കേരളസർക്കാർ തുടങ്ങിവെച്ച സംരംഭമാണ് കൃഷിഭവൻ. ഇതെവർഷത്തിൽതന്നെ പഞ്ചായത്തിലും കൃഷിഭവൻ നിലവിൽവന്നു ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റൻറുമാരും ജോലി ചെയ്യുന്നുണ്ട്. കേര വികസന സമിതി, പാടശേഖരകമ്മററി കുരുമുളക് വികസനസമിതി എന്നിവ രൂപീകരിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം എത്തിച്ചുകൊടുക്കുന്നുണ്ട്. കൃഷിഭവൻ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അനുഗ്രഹമായിതന്നെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

# വളത്തിൻെറ ഉപയോഗം
(വളം കീടനാശിനികരം)

| വർഷം | നൈട്രജൻ (N) | (ഫോസ്ഫറസ് P) | (പൊട്ടാഷ് K) |
|---|---|---|---|
| 1987 | 7 MT | 13 MT | 10.5 T |
| 1988 | 9 ,, | 16 ,, | 13 5 T |
| 1989 | 12 ,, | 23 ,, | 18 M T |
| 1990 | 15 ,, | 28 ,, | 22 ,, |
| 1991 | 18 ,, | 35 ,, | 25 ,, |
| 1992 | 21 ,, | 40 ,, | 29 ,, |
| 1993 | 22 ,, | 42 ,, | 32 ,, |
| 1994 | 24 ,, | 45 ,, | 34 ,, |
| 1995 | 30 ,, | 54 ,, | 40 ,, |

## വളം, കീടനാശിനികൾ

പഞ്ചായത്തിലെ ഏക രാസ വളം ഡിപ്പോ വടക്കംമ്പ്രം സർവ്വീസ് സഹകരണ ബാങ്കിനോട് ചേർന്ന് പ്രവർത്തിച്ചിരുന്നുവെങ്കിലും സഹകരണ സംഘത്തിനു ലാഭകരമല്ലാത്തതിനാൽ ഇപ്പോരം തുറന്നു പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് തന്നെ കൃഷിക്കാർ മുഴവനും തൊട്ടടുത്ത വളാഞ്ചേരി ടൗണു മായാണ് ബന്ധപ്പെടുന്നത്. കന്നുകാലികളുടെ കുറവ് ജൈവവളത്തെ കുറക്കുന്നു നെല്ലിനും പച്ചക്കറി കരംക്കും മററു കൃഷിക്കും ആവശ്യമായ കീടനാശിനി കരം കൃഷിഭവൻ മുഖേന കർഷകർക്ക് എത്തിച്ചു കൊടുക്കുന്നു.

## കാർഷിക ഉപകരണങ്ങൾ

പഞ്ചായത്തിൽ കൃഷിഭവൻ മുഖേന മൂന്ന് ടാക്ടറും രണ്ട് ടില്ലറും 5 തെങ്ങു കയററയന്ത്രവും റോക്ക് സ്പ്രെയർ നാപ്സ്റ്റാക്ക് സ്പ്രെയർ പോട്ടബിരം പമ്പ്സെററ് എന്നിവയും ഹരിജൻ കർഷകർക്ക് കൈക്കോട്ട്, പിക്കാസ്, വെട്ടുകത്തി മുതലായവയും വിതരണം ചെയ്തിട്ടുണ്ട്.

## കൂലിനിരക്ക്

കൃഷിപ്പണിക്കാരുടെ ശരാശരി നിരക്ക് പുരുഷന് 100രൂപയും സ്ത്രീക്ക് 70 രൂപയുമാണ് നില വിലുള്ളത്. കൃഷിപ്പണിയിൽ പുതിയ തലമുറ താല്പര്യപ്പെടാത്തത് ഊരിന് ഒരുകുറവുതന്നെയായി അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ

നെൽകൃഷിക്ക് സർക്കാർ അനുവദിക്കുന്ന സബ്സിഡി വർദ്ധിപ്പിച്ച് ഏക്കറിന് 100രൂപ എന്നുള്ളത് 1000രൂപയായി വർദ്ധിപ്പിക്കുക. കൂട്ടു കൃഷി കാര്യക്ഷമമാക്കുന്നതിന് പാടശേഖര കമ്മററികരം മുഖേന ട്രാക്ടർ പവർടില്ലർ മുതലായ മററു യന്ത്രോപകരണങ്ങരം കൃഷിഭവൻ മുഖേന വിതരണം ചെയ്യുക. കർഷകർക്ക് യഥാസമയം നൽകേണ്ടതായ കാർഷിക ഉപദേശങ്ങരം, സബ്സിഡികരം വിത്ത്, വളം. തൈകരം എന്നിവ യഥാസമയം കൃഷിഭവൻ മുഖേന ലഭ്യമാക്കുക. മണ്ണ് പരിശോധന നടത്തുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക. 60 വയസ്സിനുമുകളിലുള്ള മുഴവൻ കർഷകർക്കും പെൻഷൻ ഏർപ്പെടുത്തുക. കൃഷിസ്ഥലങ്ങളിലേക്ക് ട്രാക്ററും മററു യന്ത്ര സാമഗ്രികളും എത്തിക്കുന്നതിന് മുൻഗണനാക്രമത്തിൽ ഗതാഗത സൗകര്യം ഏർപ്പെടുത്തുക. വൈദ്യുതി ഇല്ലാത്ത കൃഷിസ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക. കർഷകർക്ക് സൗജന്യമായി വൈദ്യുതി വിതരണംചെയ്യുക.

മണ്ണെണ്ണ പെർമിററുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുകയും ഉല്പന്നങ്ങൾ പഞ്ചായത്തു തലത്തിൽ വിററഴിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ, റബ്ബർ, കശുമാവ്, മരച്ചീനി, കുരുമുളക്, ഇഞ്ചി മഞ്ഞൾ എന്നീ കൃഷികളെ പ്രോത്സാഹിപ്പിക്കുകയും ഇവയുടെ ശാസ്ത്രീയമായ ഉല്പാദനവും വിപനണവും ലക്ഷ്യമാക്കി കർഷകർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നല്കുകയും ചെയ്യുക. കൃഷിക്കാർക്ക് ഏക്കർ 1ന് 20 ലിററർ വീതം മണ്ണെണ്ണക്ക് പെർമിററ് അനുവദിക്കുകയും ചുരുങ്ങിയ പലിശയിൽ ഏക്കർ 1ന് 25000രൂപ വീതം ബേങ്ക് വായ്പയും അനുവദിക്കുക.

## പ്രധാന കുളങ്ങൾ തോട് ചിറകൾ

| ക്രമനമ്പർ | വാർഡ് | ചിറകൾ | തോടുകൾ | കുളങ്ങൾ |
|---|---|---|---|---|
| 1 | I | മുണ്ടേൻ ചിറ | എടയൂർതോട് 1 2 4 വാഡ് | ഓട്ടങ്ങാട്ടുകളം |
| 2 | II | അത്തിക്കചിറ, പാറക്കചിറ | അത്തിക്കതോട് | |
| 3 | III | പുളിക്കചിറ | | 1 അമ്പലപാട്ട് ചോല<br>2 ചോർണി കുളം |
| 4 | IV | എരിഞ്ഞിപ്പാലംചിറ മരക്കാട്ട്ചിറ | | |
| 5 | V | | എരണിപ്പാലം തോട് | |
| 6 | VI | മുറിക്കാഴിചിറ, മൂച്ചിക്കണ്ട്, കോലാടി | തിണ്ടിലംതോട് വാഡ് 6 7 4 | കനകുളം |
| 7 | VII | | | |
| 8 | VIII | കണേർചിറ, മുട്ടിയറ, കോഴവാക്കൽ | | പുത്തൻകുളം |
| 9 | IX | ഓലാത്തിചിറ, കാവുങ്ങചിറ | | |
| 10 | X | പുളിയന്മാറചിറ | | കാക്കുളം |
| 11 | XI | | തിണ്ടലംതോട് വാർഡ് 11,10,9,8 | കുന്നികുളം |

## ജലസേചനം


പട്ടിക IVൽ കാണിച്ച മുഴവൻ ചിറകളും അററകുററ പണികൾ നടത്തി പുരോഗമനപ്പെടുത്തിയാൽ പഞ്ചായത്തിലെ ഏതാണ്ട് 50% കർഷകർക്ക് ജലസേചനം എത്തിക്കുവാൻ കഴിയുന്നതാണ്, പഞ്ചായത്തിലെ നാലു മേഖലകളായ എടയൂർ, മാവണ്ടിയൂർ, തിണ്ടലം, കരേക്കാട് എന്നീ പ്രദേശങ്ങളിലെ കൃഷികൾക്കും കുടിവെള്ളത്തിനും ഉപയോഗിക്കാൻ പാററാവുന്ന യഥാക്രമം ഒട്ടങ്ങാട്ടുകുളം, കാനകുളം, പുത്തൻകുളം, കണ്ടികുളം എന്നിവ ആഴവും വിസ്തൃതിയും കൂടി പമ്പ് സെററ് സ്ഥാപിച്ചാൽ ബാക്കി 50% കാർഷിക ആവശ്യത്തിനും വെള്ളം ലഭ്യമാവുന്നതാണ്. പഞ്ചായത്തിലെ തോട്ടുകൾക്ക് ഭിത്തി ഒകട്ടാത്ത മുഴവൻ പ്രദേശങ്ങളും കരിങ്കൽ മതിൽകെട്ടി വയലുകളിൽ വെള്ളം ഉറപ്പു വരുത്തുവാൻ ആവശ്യമായ സഹായങ്ങൾ മൈനർ ഇറിഗേഷൻ വകുപ്പിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക. 9–ാംവാർഡിലെ നമ്പൂതിരിപ്പടി 10–ാംവാർഡിലെ കാഞ്ഞിരക്കൽ 4–ാംവാർഡിൽ പുതുവാചിറ എന്നീസ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കുക.

## നഴ്സറി

പഞ്ചായത്ത് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്തുകൾ, തൈകൾ മുതലായ പഞ്ചായത്ത് തലത്തിൽ തന്നെ സംഘടിപ്പിച്ച് നഴ്സറി IRDPയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ താല്പര്യമുള്ള യുവതീയുവാക്കളെ ഉപയോഗപ്പെടുത്തി നടപ്പിലാക്കുക.

പുരാതന കാലത്ത് പഞ്ചായത്തിൽ ആവശ്യമായ ജലസ്രോതസ്സുകൾ കാര്യമായും ചോലകളെ കേന്ദ്രീകരിച്ചായിരുന്ന ഉപയോഗപ്പെടുത്തിയിരുന്നത്. കുന്നിൻ ചെരുവുകളിൽ ജന താമസം തുടങ്ങുകയും കുടുംബങ്ങളും കുടുംബസ്വത്തുക്കളും വിഭജിക്കപ്പെടുകയും ചെയ്തതോടെ ചോലകൾ ദുരുപയോഗപ്പെടുകയാണ് ചെയ്തത് പഞ്ചായത്തിലെ ചെറുകിട കർഷകർക്ക് ജലസേചന സൗകര്യത്തിന് കിണർ കഴിക്കുന്നതിനും പമ്പ്സെററ് സ്ഥാപിക്കുന്നതിനും ആവശ്യമായ ധനസഹായങ്ങൾ കൃഷിഭവൻ മുഖേന ഭൂപരിധിയില്ലാതെ നടപ്പിലാക്കുക.

ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ നെല്ല് ഒന്നാം വിളയായും മരച്ചീനി, വാഴ എന്നിവ ഏതാനും സ്ഥലങ്ങളിൽ ഇടവിളയായും കൃഷിചെയ്യുന്ന 1975ന് മുമ്പുള്ള കാലഘട്ടങ്ങളിൽ മൊത്തം തൊഴിലാളികളിൽ 70% കാർഷിക മേഖലയിലായിരുന്നെങ്കിൽ ഇപ്പോൾ കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിൽ 70%പേർ ജോലി ചെയ്യുന്നു. ഇതിന്റെ പ്രധാന കാരണം കാർഷിക മേഖലയിൽ നിത്യ തൊഴിൽ കുറവ്, യന്ത്രവൽക്കരണം, വൻകിട കൃഷിക്കാരുടെ എണ്ണം കുറവ് വൻകിട കൃഷിക്കാരുടെ കൃഷിയോടുള്ള താല്പര്യ കുറവ് (കാരണം വരവിനേക്കാൾ ചിലവ്) വിദ്യാഭ്യാസ പരമായ പുരോഗതി (കാരണം ഓഫീസ് ജോലിയോടുള്ള ആഗ്രഹം) എന്നിവ ഇതിൽ ചിലതാണ്. നെൽകൃഷി പൊതുവെ കുറഞ്ഞു വരുന്നതിന് ഒരു കാരണം തൊഴിലാളിക്ഷാമമാണെന്നു പറയാം. മറെറാന്ന്, വയലുകൾ വീടുവസ്സുന്നതിനും ദീർഘകാല വിളകൾക്കായി ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പഴയ തലമുറ ജലസേചനത്തിനായി ഉപയോഗിച്ചിരുന്ന ഏത്തം പോലെ കാളത്തേക്ക് പോലോത്തവ ഇന്ന് പലകാരണത്താലും അപ്രായോഗ്യമായി എന്നാൽ പകരമായി വരുന്ന മോട്ടോർ സംവിധാനത്തിൽ വൈദ്യുതി ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു കിട്ടാ കനിയായി തുടരുകയുംചെയ്യുന്നു. പഞ്ചായത്തിനകത്തെ ഭൂപ്രകൃതിവച്ചു നോക്കിയാൽ ഈ പഞ്ചായത്തിലേക്ക് ആവശ്യമായ അരിയും പച്ചക്കറികളും എല്ലാവിധ സാഹചര്യങ്ങളും അനുകൂലമാകുകയാണെങ്കിൽ ഇവിടെനിന്ന് തന്നെ കൃഷി ചെയ്യാൻ സാധിക്കും.



## അദ്ധ്യായം 6

## മൃഗസംരക്ഷണം

പശു, ആട്, എരുമ, ഉഴവുകാളകളും, പോത്തുകളുമാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിതന്നെ കാടപ്പക്ഷി, താറാവ് എന്നീ പക്ഷികളേയും ചെറിയ തോതിൽ വളർത്തുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 848 പശുക്കളും, 280ആടുകളും, 58എരുമകളും, 510 ഉഴവുകാളകളും, 760ഉഴവുപോത്തുകളും ഉണ്ട്. ഇറച്ചിക്കോഴിവളർത്തലിനു പുറമെ ഇറച്ചി ആവശ്യത്തിന് ചെറിയതോതിൽ മുയലുകളേയും വളർത്തിവരുന്നുണ്ട്. പക്ഷികളിൽ 9600കോഴികളും, 75താറാവുകളും, 150 കാടപക്ഷികളും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 90%വീടുകളിലും കോഴികളെയും, 40% വീടുകളിൽ പശുക്കളെയും വളർത്തുന്നുണ്ട്. വണ്ടിക്കാളകൾ പഞ്ചായത്തിൽനിന്നും അപ്രത്യക്ഷമായി എന്നുതന്നെ പറയാം.

കാലാവസ്ഥയിലുണ്ടായ ഗണ്യമായ മാറ്റവും മഴയുടെ കുറവും നെൽകൃഷിയെ സാരമായി കുറച്ചിട്ടുണ്ട്. ഇത് വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ കുറവുവരുത്തി കാർഷിക രംഗത്തെ യന്ത്രവൽക്കരണവും വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ കുറവു വരുവാൻ കാരണമായി.

വർഷാവർഷങ്ങളിൽ ഉണ്ടാകുന്ന കോഴിവസന്ത, കോഴികളുടെ എണ്ണത്തിലും, വാലുപഴുപ്പും, കുളമ്പ് രോഗവും, പശുക്കളുടെ എണ്ണത്തിലും കുറവു വരുത്തി.

ഒരു പാൽ സൊസൈറ്റിപോലുമില്ലാത്ത പഞ്ചായത്തിന്റെ സ്ഥിതി കാലിവളർത്തലിനെ നിരുൽസാഹപ്പെടുത്തുന്നതാണ്. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കാലിവളർത്തലിനെ നിരുൽസാഹപ്പെടുത്തുന്ന മറ്റൊരു ഘടകം.

പഞ്ചായത്തിലുള്ള ഒരേ ഒരു ഐ. സി. ഡി. പി. പുക്കാട്ടിരിയിലാണ്. ഇതിന്റെസേവനം പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള വാർഡുകളിൽ ലഭ്യമല്ല. ഒരു മൃഗാശുപത്രി ഇല്ലാത്തതുകൊണ്ട് ചികിത്സ കിട്ടാതെ എത്രയോ മൃഗങ്ങൾചത്തൊടുങ്ങുന്നുണ്ട്. ഇതും കാലികളുടെ എണ്ണത്തിൽ കുറവുവരുത്തിട്ടുണ്ട്. ഏക ദേശം ഏഴുകിലോമീറ്റർ ദൂരത്തുള്ള കാവുംപുറത്തെ മൃഗാശുപത്രിയാണ് ഏക ആശ്രയം. ഇത് വളാഞ്ചേരി പഞ്ചായത്തിലാണ്. ഇത്രയും ദൂരം എത്തുമ്പോഴേക്കും രോഗം പിടിച്ച കാലികൾ പലപ്പോഴും ചത്തുപോകാറുണ്ട്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ വാലുപഴുപ്പ്, അകിടുവീക്കം, കുളമ്പുരോഗം, പനി [കാലാവസ്ഥാമാററത്തിനനുസരിച്ച്] എന്നിവയാണ്. രോഗ പ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും ഉള്ള കാലി കർഷകരുടെ അജ്ഞത, തക്കസമയത്ത് ചികിത്സ കിട്ടാത്തതിന് ഒരു പ്രധാനകാരണമാണ്.

പഞ്ചായത്തിൽ 12 ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ടെങ്കിലും അധികവും പ്രവർത്തന രഹിതമാണ് ഇതിനു പ്രധാന കാരണം ഇതു സംബന്ധമായി ആളുകൾക്കുള്ള അജ്ഞതയാണ്. ഒരു വീട്ടിനാവശ്യമായ വെളിച്ചത്തിന്റെയും ഇന്ധനത്തിന്റെയും പ്രധാന ഭാഗം ഗോബർ ഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്നതാണ്. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിൽ നിന്നും സബ്സിഡി ഉണ്ടെങ്കിലും ഇതൊന്നും ജനങ്ങളിൽ എത്തുന്നില്ല.

കൃഷിക്കാവശ്യമായ ജൈവ വളങ്ങളിൽ പ്രധാനഭാഗം കാലിവളങ്ങളിൽ നിന്നാണ് കിട്ടുന്നതെങ്കിലും നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ടും, ഗണ്യമായി കുറഞ്ഞതുകൊണ്ടും കാലിവളർത്തലിലും മാന്ദ്യത വന്നിട്ടുണ്ട്.

മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിട്ടും ഇറച്ചിക്കുവേണ്ടി വൻതോതിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കോഴികളെ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇത് ഇറച്ചിക്കോഴി വളർത്തലിന് വൻ സാധ്യതകളുണ്ടെന്ന് കാണിക്കുന്നു. കോഴിവളർത്തൽ വർദ്ധിച്ചാൽ ജൈവ വളത്തിന്റെ പോരായ്മ നികത്താനും സാധിക്കും. ഉൾനാടൻ ജലാശയങ്ങളിൽ താറാവു വളർത്തലിനും സാദ്ധ്യതകളും ഉണ്ട്

### പ്രശ്നങ്ങൾ


1 ഐ. സി. ഡി. പി. സെന്ററുകളുടെ കുറവും ആശുപത്രിയില്ലായ്മയും കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്നു.
2 കാലിത്തീറ്റയുടെ ഗുണമേന്മ കുറവും വിലക്കൂടുതലും
3 തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്.
4 കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലായ്മ കോഴിവളർത്തൽ നിരുത്സാഹപ്പെടുത്തുന്നു,
5 പേപ്പട്ടി ശല്യം വളരെ കൂടുതലാണ്,
6 അത്യുല്പാദന ശേഷിയുള്ള നല്ലയിനം കാലികളെ വളർത്താനുള്ള അറിവില്ലായ്മ.
7 കാലിവളർത്തലിന് കിട്ടുന്ന ധനസഹായത്തിന്റ കുറവും കിട്ടാനുള്ള കാലതാമസവും
8 കാലികൾക്ക് മേയാൻ കാലിസ്ഥലങ്ങൾ കുറവായി-മിച്ചഭൂമിയിൽ നിന്നും ഇതിലേക്ക് 25 എക്കർസ്ഥലം അനുവദിക്കുക.

### സാധ്യതകൾ.

- പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ.സി. ഡി. പി. സെൻററുകളും ആശുപത്രിയും സ്ഥാപിച്ചാൽ മൃഗങ്ങളുടെ ജീവനാശം തടയാനും അത്യുൽപാദന ശേഷിയുള്ള കാലികളെ വളർത്തിഎടുക്കാനും കഴിയും.
- ഉൾനാടൻ ജലാശങ്ങളിൽ ആവശ്യമായ വികസനങ്ങൾ നടത്തിയാൽ താറാവു വളർത്തൽ വികസിപ്പിക്കാൻ കഴിയും.
- നാടൻ ഇനങ്ങളെ നിലനിർത്തിക്കൊണ്ടു തന്നെ പുതിയ നല്ലയിനം കോഴികളെയും കാലികളെയും വളർത്തിയെടുക്കാം.
- സാമ്പത്തിക സഹായവും സബ്സിഡിയും നൽകി കാടപ്പക്ഷി മുയൽവളർത്തൽ ലാഭകരമാക്കാം
- വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.
- ഒരു മിൽക്ക് സൊസൈറ്റി സ്ഥാപിച്ചാൽ പാലിന്റെ വിപണനവും സംസ്ക്കരണവും ലാഭകരമാക്കാം,
- വിൽപനകഴിഞ്ഞ് ബാക്കിവരുന്ന പാൽ തൈരും, മോരും വെണ്ണയുമാക്കി സംസ്ക്കരിച്ച് വിപണനം നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

### മത്സ്യബന്ധനം

ചെറിയ തോതിൽ മാത്രം ശുദ്ധജല മത്സ്യബന്ധന സൗകര്യമുള്ള പഞ്ചായത്തിൽ ശുദ്ധജലമത്സ്യബന്ധനം നടത്തുന്ന 50-ൽ കൂടുതൽ തൊഴിലാളികൾ ഇവിടെ ഉണ്ട്. ഇവർ സമീപ പഞ്ചായത്തുകളിൽ നിന്നും മത്സ്യ ബന്ധനം നടത്തിയാണ് ഉപജീവനം നടത്തുന്നത്. ചില സീസണിൽ മാത്രമെ ഇവർക്ക് ഈ തൊഴിൽ ചെയ്യാൻ അവസരമുള്ളു. നമ്മുടെ ഉൾനാടൻ ജലാശയങ്ങളിൽ ശുദ്ധജലമത്സ്യം വളർത്താൻ ധനസഹായങ്ങളും മറ്റു സഹായങ്ങളും ലഭ്യമാക്കിയാൽ 150 ആൾക്കെങ്കിലും ഈ മേഖലയിലൂടെ തൊഴിൽ നൽകാൻ പഞ്ചായത്തിന് സാധിക്കും-കടലോ, കായലോ പുഴയോ ഈ പഞ്ചായത്തിനോട് ബന്ധപ്പെട്ട് കിടക്കുന്നില്ല. അതിനാൽ ഈ പ്രദേശത്തുകാർക്ക് ഈ രംഗത്ത് പ്രവർത്തിക്കാൻ അവസരം വളരെ കുറവാണ്.



# 7

## വ്യവസായം

പഴയ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാർ ജില്ലക്ക് പ്രസിഡൻസി ശരാശരിയിലും ഉയർന്ന വ്യവസായ വളർച്ച നിരക്കുണ്ടായിരുന്നു. ഇന്നത്തെ മലപ്പുറം ജില്ലയുടെ ഭാഗമായ താനൂരിൽ 20–ാം നൂററാണ്ടിന്റെ ആദ്യദശകത്തിൽ പ്രവർത്തിച്ചിരുന്ന സോപ്പ് ഇൻസ്റ്റിററ്യൂട്ടിൽ ബർമ്മയിൽ നിന്നുപോലും വിദ്യാർത്ഥികളുണ്ടായിരുന്നു. പൊന്നാനി, തിരൂരങ്ങാടി, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽ നിന്നു് അക്കാലത്ത് കയറുല്പന്നങ്ങൾ കയററുമതി ചെയ്തിരുന്നു 1891ൽ കൊടക്കലിൽ സ്ഥാപിച്ച ബാസൽമിഷൻ ഓട്ടുകമ്പനിയാണ് ഈ ജില്ലയിലെ ആദ്യത്തെ ഫാക്ടറി.

(Source Census report 1901)

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കേരളത്തിൽ ചെലവഴിച്ച തുകയുടെ 2% മാത്രമേ വ്യവസായ മേഖലക്ക് വകയിരുത്തിയുള്ളു. 1946ൽ രണ്ടു പൊതുമേഖലാ സംരംഭങ്ങൾ മാത്രമുള്ള ഈ സംസ്ഥാനത്ത് ഇന്ന് 106 സംരംഭങ്ങളുണ്ടെങ്കിലും അവയിൽ 5 എണ്ണം മാത്രമേ മലപ്പുറം ജില്ലയിലുള്ളു. കേന്ദ്ര പൊതുമേഖലാ സംരംഭങ്ങൾ 18 എണ്ണം കേരളത്തിലുണ്ടെങ്കിലും അവയിലൊന്നുപോലും മലപ്പുറം ജില്ലയിലില്ല. ജനസംഖ്യകൊണ്ട് ഒന്നാംസ്ഥാനത്തുനിൽക്കുന്ന ഈ ജില്ല സ്വാതന്ത്ര്യാനന്തര കാലം മുതൽ വ്യവസായപിന്നോക്കപ്പെട്ടികയിലാണ്. കേന്ദ്രഗവൺമെൻറിന്റെ മാനദണ്ഡമനുസരിച്ച് വ്യവസായ രഹിതജില്ല, ഏററവും പിന്നോക്കജില്ല, പിന്നോക്കജില്ല എന്നിങ്ങനെ വിഭജിച്ചതിൽ ഏററവും പിന്നോക്കജില്ലഎന്ന വിഭാഗത്തിലാണ് മലപ്പുറം.

എടയൂർ പഞ്ചായത്തിൽ ചെറുകിടവ്യവസായവും കുടിൽവ്യവസായ യൂണിററുകളും കൂടി ആകെ 34 എണ്ണമേയുള്ളു. പുരുഷന്മാരും സ്ത്രീകളും അടക്കം 215 ആളുകൾക്ക് തൊഴിൽ നൽകാനേ ഈ മേഖലയിൽ കഴിയുന്നുള്ളു. 8–ാം പദ്ധതിക്കാലത്ത് ഓരോ പഞ്ചായത്തിലും വ്യവസായ എസ്റ്റേററുകൾ സ്ഥാപിക്കാൻ വ്യവസായ വകുപ്പിനു പരിപാടിയുണ്ടായിരുന്നു. നിർഭാഗ്യവശാൽ എടയൂർ പഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേററോ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേററോ ഇതുവരേയും യാഥാർത്ഥ്യമായില്ല.

# വ്യവസായം

| ക്രമനമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | പുരു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | പരമ്പരാഗതം | 65 | 30 | 35 | 65 |
| 2 | ചെറുകിട വ്യവസായം | 116 | 80 | 36 | 116 |
| 3 | മററു വ്യവസായം | 42 | 20 | 22 | 42 |

## ചെറുകിട വ്യവസായ യൂണിററുകൾ

| ക്രമനമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | പുരു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | തടിവ്യവസായം മരമില്ല് | 2 | 10 | 4 | 14 |
| 2 | റൈസ് മില്ല് | 16 | 16 | — | 16 |
| 3 | ബ്രഡ് കമ്പനി | 1 | 8 | 2 | 10 |
| 4 | അലൂമിനിയം കമ്പനി | 4 | 16 | 4 | 20 |
| 5 | തീപ്പട്ടികൊള്ളിനിർമ്മാണം | 1 | 4 | 12 | 16 |
| 6 | ക്രഷർ | 2 | 8 | 10 | 18 |
| 7 | പപ്പടം യൂണിററ് | 2 | 4 | 6 | 10 |
| 8 | പരമ്പരാഗത വ്യവസായം കൊട്ട മുറം മററു ഉല്പന്നങ്ങൾ | 2 | 30 | 35 | 65 |
| 9 | മററു വ്യവസായങ്ങൾ | 4 | 22 | 24 | 46 |

## വിവിധ മേഖലകളിലെ കൂലിനിരക്ക്

| ക്ര. നമ്പർ | ഇനം | കൂലി നിരക്ക് പു | സ്ത്രീ |
|---|---|---|---|
| 1 | മരമില്ല് | 120 | ഇല്ല |
| 2 | റൈസ് മില്ല് | 50 | — |
| 3 | ബ്രഡ് കമ്പനി | 60 | 40 |
| 4 | അലുമീനിയം കമ്പനി | 80 | 40 |
| 5 | തീപ്പെട്ടികൊള്ളി നിർമ്മാണം | 60 | 40 |
| 6 | ക്രഷർ | 100 | 50 |
| 7 | പപ്പടം | 50 | 35 |
| 8 | കൊട്ട, മുറം മുതലായവ | 50 | 40 |
| 9 | മററുള്ള കൂലി | 125 | 50 |

## സ്ത്രീപങ്കാളിത്തം

വ്യവസായ മേഖലയിൽ 215 തൊഴിലാളികളിൽ 97പേർ സ്ത്രീകളാണ് (45.12%) പുരുഷൻെറ കൂലി സ്ത്രീക്ക ലഭിക്കാറില്ല. തീപ്പെട്ടിക്കൊള്ളി നിർമ്മാണം, ക്രഷർ, പപ്പടംയൂണിററ്, കട്ട, മുറം നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീപങ്കാളിത്തം പുരുഷന്മാരേക്കാരം അധികമാണ്.

## കാർഷിക മേഖലയോട് ബന്ധമില്ല.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത വ്യവസായങ്ങളുടെ നിലനില്പിന്നും വളർച്ചക്കമുള്ള അടിസ്ഥാന ഘടകങ്ങളിലൊന്നാണല്ലോ. നാളികേരം, കശുവണ്ടി, ഔഷധ സസ്യങ്ങരം, നേന്ത്രക്കായ പഴവർഗ്ഗങ്ങരം, അച്ചാറുകരം എന്നിവയുമായി ബന്ധമുള്ള വ്യവസായങ്ങരംക്ക് ഈ പഞ്ചായത്തിൽ നിലനിൽക്കാൻ കഴിയുന്നതാണ്.

## പ്രശ്നങ്ങൾ.

1 ജനസംഖ്യ വർദ്ധനയും ഗൾഫ് പണത്തിൻെറ സ്വാധീനവും കള്ളപ്പണത്തിൻെറ കടന്നുകയറവും, ഹേതുവായി ഈ പഞ്ചായത്തിൽ ഭൂമിയുടെ വില സംസ്ഥാന ഗ്രാമീണ ശരാശരിയിലും ഉയർന്നു നിൽക്കുന്നു.

2 വ്യവസായങ്ങളെക്കുറിച്ച് സാമാന്യ ധാരണയുള്ളവർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്.

## സാദ്ധ്യതകൾ.

1 വേനൽക്കാലത്തും ജലസാന്നിദ്ധ്യമുള്ള 3 തോടുകരം. വലുതും ചെറുതുമായ ഇരുപത്തിനാലോളം പൊതുകുളങ്ങരം 9 ചോലകരം എന്നിവയെ കൊണ്ടു സമൃദ്ധമായ ഈ പഞ്ചായത്ത് ഏതുതരം വ്യവസായങ്ങരം ജലലഭ്യതയുടെ സൗകര്യം ചെയ്യുന്നു.

2 നാളികേരം. റബ്ബർ, കശുവണ്ടി, ഔഷധസസ്യങ്ങളുടെ സമൃദ്ധി, മാങ്ങ, നേന്ത്രക്കായ. പഴവർഗ്ഗങ്ങരം, എന്നിവയുടെ ലഭ്യത, ചെങ്കല്ല്, കരിങ്കല്ല്.

3 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് ധാരാളം വനിതകരം ജോലി ചെയ്യുന്നുണ്ട്. ഫാഷൻ ഡിസൈനിംഗ് സംബന്ധിച്ച് പഠനം നൽകിയാൽ ഇത് കയററുമതി അധിഷ്ഠിത വ്യവസായമാക്കാം.

## ഖാദിമേഖല.

1920–21 കാലഘട്ടത്തിൽ സ്വാതന്ത്ര്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചർക്ക, തക്ലി എന്നിവ ഉപയോഗിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യ ഒരു തറവാട് വടക്കുംമ്പ്രം മേഖലയിലുണ്ടായിരുന്നു. ചർക്ക ഉപയോഗിക്കാൻ പരിശീലനം നൽകുന്ന ഒരു ക്രാഫ്ററ് അദ്ധ്യാപകൻ കെ. വി. യു പി. സ്കൂളിൽ (വടക്കുംമ്പ്രം) അടുത്ത കാലം വരെ (1990) ഉണ്ടായിരുന്നു. മലബാറിൽ ഒരു വീവേഴ്സ് ടെയിനിംഗ് സെൻറർ ഉള്ളത് കണ്ണൂരിൽ മാത്രമാണ്. അവിടെ പരിശീലനം നേടിയവർ ഈ പഞ്ചായത്തിലില്ല ഉണ്ടാവുകയെന്നത് പ്രായോഗികവുമല്ല.

## ടൂറിസം.

പഞ്ചായത്തിലെ പത്തും പതിനൊന്നും വാർഡുകളിലുംപ്പെട്ട പള്ളിക്കരക്കാട്. പുല്ലാമ്പറമ്പുകാട്. എന്നിവ മുയൽ, മൊച്ച, കുരങ്ങ്, മയിൽ എന്നിവയുടെ ആവാസ കേന്ദ്രമാണ്. ഇവിടെയുള്ള ചോല എല്ലാലവും ജലസമൃദ്ധമാണ്. ഒരു പാർക്കിന് എല്ലാ സാധ്യതയും ഈ നിരപ്പിലുണ്ട്. ഇവിടേക്ക് ഇപ്പോരം റോഡ് സൗകര്യവുമുണ്ട്. ടൂറിസ്റ്റുകളെ ആകർഷിക്കുവാനുള്ള സൗകര്യം ഈ വാർഡിൽ ചെയ്യണമെന്നു നിർദ്ദേശിക്കുന്നു. നിരവധി ആളുകളെ ആകർഷിക്കുന്ന കാളപൂട്ട മത്സരങ്ങളും മററും നടത്തിയാൽ നമ്മുടെ ടൂറിസം മേഖല പൊതുവിൽ അറിയപ്പെടും.

## വൈദ്യുതി.

നിലവിലുള്ള വ്യവസായങ്ങരംക്ക് നിലനിൽക്കാനും പുതിയ വ്യവസായങ്ങരം ആരംഭിക്കാ

നം ഏററവും പ്രധാനതടസ്സം വൈദ്യുതി ആവശ്യത്തിനു ലഭിക്കാത്തതാണ്. പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുക. കററിപ്പുറം 110 കെ വി സബ്സ്റ്റേഷൻ ഏററവും വേഗം പ്രവർത്തനമാരംഭിക്കുക.

വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചുവരുന്നത് അല്പമെങ്കിലും പരിഹരിക്കാൻ സോളാർ ലാമ്പുകൾ പഞ്ചായത്തിൻെറ 10% വീടുകളിലെങ്കിലും സ്ഥാപിക്കുക.

## വ്യവസായകേന്ദ്രം

1997 ഏപ്രിൽ മാസത്തിൽ കേരള വ്യവസായവകുപ്പ് മലപ്പുറം ജില്ലയിലാരംഭിക്കുമെന്നു പ്രഖ്യാപിച്ച ജില്ലാവ്യവസായ വളർച്ചാകേന്ദ്രം(Industrial Growth Centre) പഞ്ചായത്തിലെ 11ാം വാർഡിലെ മിച്ചഭൂമിയിൽ ആരംഭിക്കുക. ഇതിലേക്കാവശ്യമായ 270 ഏക്കർ സ്ഥലം ഇവിടെ ലഭ്യമാണ്.

സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെൻെറ് ആൻഡ് എംപ്ലോയ്മെൻറ് കോർപ്പറേഷൻെറ (SIDECO) ഒരു വ്യവസായ എസ്റ്റേററ് പഞ്ചായത്തിലാരംഭിക്കുക. വ്യത്യസ്ഥ ഇനങ്ങളിലുള്ള വ്യവസായ സംരംഭകരെ ആകർഷിക്കാൻ ഇതുമൂലം സാധിക്കുന്നതാണ്.

## മററുഗ്രാമസഭാനിർദ്ദേശങ്ങൾ

1 D W C R A യൂണിററുകൾ
2 ക്ഷീരവ്യവസായം.
3 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
4 പേപ്പർ പ്ലെയ്ററ് നിർമ്മാണം.
5 നാളികേരത്തിൽ നിന്ന് വ്യത്യസ്ഥ ഉൽപ്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന Regional Researeh Laboratory യുടെ മെഷിനറി ലഭ്യമാക്കുക.
6 റബ്ബർ അധിഷ്ഠിത വ്യവസായം
7 ചകിരിനാരുപയോഗിച്ച് ഫൈബർ കർലിംഗ് യൂണിററ്
8 അടയ്ക്ക അധിഷ്ഠിത വ്യവസായം
9 ബനാന, ചിപ്സ് ബേക്കറി ഇനങ്ങൾ
10 Electrical Equipments
11 Waste ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മാണം
12 അവിൽ അരി, അരിപ്പൊടി എന്നിവ ഉല്പാദിപ്പിച്ച് വിതരണം
13 ചെരുപ്പ് വ്യവസായം
14 വെൽഡിംങ്, നിക്കലിംഗ്
15 സോപ്പുനിർമ്മാണം
16 ആയുർവ്വേദ യുനാനി ഔഷധ നിർമ്മാണം

## നിർദ്ദേശങ്ങൾ

1 ഔഷധി ഫാർമസ്യൂട്ടിക്കൽസിൻെറയോ സ്വകാര്യ മേഖലയിലൂടെയോ ഔഷധനിർമ്മാണ യൂണിററ് പഞ്ചായത്തിലാരംഭിക്കുക.

2 ചിരട്ടകൊണ്ട് Cup and Suacer (Handi crafts Development Corporation)

3 Small Industries Service Institute ൻെറ (Head Office Trissur) ഒരു extension centre പഞ്ചായത്തിലാരംഭിച്ച് Foot Wear Technologyയിലും Fruit Preservation Technology യിലും Training നല്കുക

4 ഡയറി ടെക്നോളജി ലഭ്യമാക്കുക (National Small Industries Corporation. New Delhi and S I S I TCR)

5 Nationel Institute of Fashion Technology (Training Centre Madras) യുടെ താഴെ പറയുന്ന കോഴ്സുകൾ ഈ പഞ്ചായത്തിലുള്ളവർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ചെയ്യുക.

a Garment Manufacturing Technology
b Textile Design and Development
c Night Wear Design and Technology
d Leather garment Design and Technology
e Fashion Design.


6 National Small Industries Corporation (Head Office New Delhi) ന്റെ താഴെ പറയുന്ന കോഴ്സുകൾ ലഭ്യമാക്കുക

a Post Deploma in foot wear Technology

b Supervisory course in foot wear manufaturing

c Supervisory course on leather goods manufaturing

7 തിരുവമ്പാടിയിലാരംഭിച്ചതു പോലെ ഒരു Coconut complex വിദ്യാർത്ഥിതലമുറ പഠനത്തിനു ചിലവാക്കുന്ന പണവും കാലവും ഭാവിയുടെ നിക്ഷേപമാക്കി മാററാൻ വ്യവസായവും തദ്വാരാ തൊഴിലും നല്കുന്ന മേഖലകളുടെ പോഷണം അനിവാര്യമാണ് പൊതു മാപ്പിന്റെ അടിസ്ഥാനത്തിൽ ഗ്രാഫിൽ നിന്നും പിരിഞ്ഞുപോന്ന പഞ്ചായത്തിലെ അൻപതിലേറെ ആളുകളേയും അവർ സംരക്ഷിക്കുന്ന കുടുംബങ്ങളേയും സംബന്ധിക്കുന്ന പ്രശ്നങ്ങളും നിലവിലുണ്ട് ഇതിനു പുറമെ വിദ്യാസമ്പന്നരായ തൊഴിലില്ലാത്തവരും പഞ്ചായത്തിലുണ്ട് ഭാവിതലമുറയും തൊഴിലില്ലായ്മയുടെ നീർക്കയത്തിൽ വീണു പോകാതിരിക്കാൻ തൊഴിലധിഷ്ഠിത വ്യവസായ പരിശീലനം അനിവാര്യമാണ്.



# 8

# വിദ്യാഭ്യാസം

1956ലെ കേരളപ്പിറവിക്ക് മുമ്പ് പഴയ മദ്രാസ് സംസ്ഥാനത്തിൽ മലബാർ ജില്ലയിലായിരുന്നു ഇന്നത്തെ എടയൂർ പഞ്ചായത്തിൻെറ സ്ഥാനം. മലബാർ പ്രദേശം ഐക്യ കേരളത്തിൻെറ ഭാഗമായതോടെ കോഴിക്കോട് ജില്ലയിൽ പൊന്നാനി താലൂക്കിൻെറ കിഴക്കെ അററത്ത് വള്ളുവനാട് താലൂക്കിനോട് ചേർന്നായിരുന്ന നമ്മുടെ പഞ്ചായത്ത്. താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും വളരെ വിദൂരത്തായ ഒരു സ്ഥിതിവിശേഷം പഞ്ചായത്തിൻെറ മൊത്തം പുരോഗതിക്ക് എന്നും ഒരു മാർഗ്ഗതടസ്സമായിരുന്നു. മൊത്തത്തിലുള്ള ഈ അവസ്ഥ വിദ്യാഭ്യാസ മേഖലയിലും കാര്യമായി അനുഭവപ്പെട്ടു. പഞ്ചായത്തിൻെറ വിവിധ മേഖലകൾക്ക് ജില്ലാ താലൂക്ക് ആസ്ഥാനങ്ങളിലെ വിദ്യാകേന്ദ്രങ്ങളുമായി ബന്ധപ്പെടാനുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ഈ മേഖലയുടെ വിദ്യാഭ്യാസ പുരോഗതി അന്യം നിർത്തി. പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന മുസ്ലീം സമുദായത്തിൻെറ വിദ്യാഭ്യാസത്തോടുള്ള ഭൂതകാല സമീപനം സമൂഹത്തിൽ അവരുടെ വിദ്യാഭ്യാസ നിലവാരം ഒന്നുകൂടി പിന്നിലാക്കി.

ഏകദേശം 7 പതിററാണ്ടുകൾക്ക മുമ്പാണ് വ്യവസ്ഥാപിതമായ ഒരു വിദ്യാലയം ഈ പ്രദേശത്ത് ആരംഭിച്ചത്. അതിനുമുമ്പ് ഇന്നത്തെ മതപഠന മദ്രസകളുടെ പ്രാകൃത രൂപമായ ഓത്തുപള്ളിക്കൂടങ്ങളിൽ അറബിമലയാളവും ഖുർ ആനും പഠിപ്പിക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. നമ്പൂതിരി, അമ്പലവാസികൾ തൊട്ട നായന്മാർ വരെ ഉൾപ്പെടുന്ന ഭൂപ്രഭുക്കന്മാർക്ക് മാത്രമായിരുന്നു ഉന്നത വിദ്യാഭ്യാസത്തിന് അർഹതയും സൗകര്യവും തികച്ചും യാഥാസ്ഥികരായിരുന്ന ബ്രഹ്മസ്വപ്രഭുക്കന്മാരിൽ ഉൽപതിഷ്ണുവായി അറിയപ്പെടുന്ന മൂത്തമന പുരുഷോത്തമൻ നമ്പൂതിരിയാണ് 1925ൽ പൂക്കാട്ടിരിയിൽ HLP സ്കൂൾ സ്ഥാപിച്ചത്. ബ്രിട്ടീഷുകാരുടെ വിഭജന തന്ത്രം വിദ്യാഭ്യാസ മേഖലയിലും പ്രതിഫലിച്ചതിൻെറ ഭാഗമായി ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും പ്രത്യേകം റേഞ്ചുകളിലായിട്ടാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. HLP സ്കൂൾ ഹിന്ദുറേഞ്ചിലാണ് ആരംഭിച്ചത്. വിദ്യാഭ്യാസത്തിലെ ചേരിതിരിവിൻെറ ഭാഗമായി 1929ൽ പൂക്കാട്ടിരി പ്രദേശത്ത് എടയൂർ സൗത്ത് എ. എം. എൽ. പി. സ്കൂൾ എന്ന മുസ്ലീം റേഞ്ച് സ്കൂൾ സ്ഥാപിച്ചു. 1950ൽ സ്വകാര്യമേഖലയിൽ K. M. U. P. സ്കൂൾ സ്ഥാപിതമാകുകയും 1956ൽ സൗത്ത് എ എം. എൽ. പി. സ്കൂളും കെ. എം. യു. പി. സ്കൂളും ഒരേ മാനേജ്മെൻറിൻെറ കീഴിൽ വന്നതോടെ ലയനം നടന്നു പിന്നീട് കെ.എം.യു.പി സ്കൂൾ എന്ന് അറിയപ്പെട്ടുപോന്നു. ഈ സ്ഥാപനങ്ങ

ളാണ് പഞ്ചായത്തിന്റെ തെക്ക് കിഴക്കൻ മേഖലയിലെ വിദ്യാഭ്യാസത്തിന് ആശ്രയം. 1928ൽ മാവണ്ടിയൂർ ഭാഗത്ത് S V A L P സ്ക്കൂൾ സ്ഥാപിതമാവുകയും 1936ൽ 5–ാം ക്ലാസ്സുവരെയുള്ള എടയൂർ നോർത്ത് A L P സ്ക്കൂൾ സ്ഥാപിക്കുകയും ചെയ്തു. 1948ൽ ഗവ: L P സ്ക്കൂൾ നഷ്ടപ്പെട്ടതിനാൽ വടക്കുംപുറം ഭാഗത്ത് M S നമ്പൂതിരി A L P സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ചുരുക്കത്തിൽ സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ഈ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു മുകളിൽ യാതൊരു വിദ്യാഭ്യാസ സൗകര്യവും ലഭ്യമായിരുന്നില്ല. പഞ്ചായത്തിനു പുറത്ത് താലൂക്ക് കേന്ദ്രങ്ങളിലും മറ്റും ഹയർ എലിമെൻററി ക്ലാസുകൾ ഉള്ള സ്ക്കൂളുകൾ ഉണ്ടായിരുന്നെങ്കിലും ഗതാഗതസൗകര്യമില്ലായ്മയും സാമ്പത്തിക പ്രശ്നങ്ങളും സാധാരണക്കാരനെ ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും അകററിനിർത്തി. 2 അണ($\frac{1}{8}$ രൂപ) ദിവസകൂലിയുള്ള സമയത്ത് 12 അണ ($\frac{3}{4}$ രൂപ) മാസാന്തഫീസ് ചുമത്തിയിരുന്ന ഹയർ എലിമെൻററി സ്ഥാപനങ്ങളിൽ പഠന സൗകര്യം ഉന്നതർക്ക് മാത്രമായി ചുരുങ്ങി. 1979വരെക്കും കേവലം ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു പോലും അന്യസ്ഥലങ്ങളെ അഭയം പ്രാപിക്കുകയേ പഞ്ചായത്ത് നിവാസികൾക്ക് മാർഗ്ഗമുണ്ടായിരുന്നുള്ളൂ. 1978ൽ ബഹു: സി എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കേ വിദ്യാഭ്യാസ പരമായി പിന്നോക്കം നില്ക്കുന്ന മലപ്പുറം ജില്ലയുടെ പുരോഗതി മുൻനിർത്തി ജില്ലയിലെ ഓരോ പഞ്ചായത്തിലും ഒരു ഹൈസ്ക്കൂൾ എങ്കിലും ഉണ്ടാവുക എന്ന ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി മാവണ്ടിയൂർ ബ്രദേഴ്സ് ഹൈസ്ക്കൂളിന് അനുമതിനൽകി.

1960വരേക്കും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കോട്ടക്കൽ, മലപ്പുറം, പട്ടാമ്പി, തിരൂർ മുതലായ സ്ഥലങ്ങളിൽ പോവുന്ന അവസ്ഥയാണുണ്ടായിരുന്നത്. U P വിദ്യാഭ്യാസത്തിന് കാടാമ്പുഴ, വളാഞ്ചേരി പ്രദേശങ്ങളിൽ പോകേണ്ടിയിരുന്നവർക്ക് 1950ൽ K M U P സ്ക്കൂൾ സ്ഥാപിതമായതോടെ തെല്ലൊരാശ്വാസമായി ഈ സംരംഭങ്ങളിൽ മുൻ കയ്യെടുത്ത് പ്രവർത്തിച്ച വിദ്യാഭ്യാസ പരിഷ്കർത്താക്കളും നവോത്ഥാന നായകന്മാരുമായ ജ: മൊയ്തുണ്ണിമാസ്റ്റർ, വിക്ടർജിമാസ്റ്റർ, M. P. മാസ്റ്റർ ഹാജി V. P. മുഹമ്മദലി സാഹിബ്, M S നമ്പൂതിരി എന്നിവരെ ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു ഇവരുൾപ്പെട്ട ഒരു നായകനിരക്ക് ഇടത്തരക്കാരും സാധാരണക്കാരുമായി ധാരാളം ആളുകളിൽ വിദ്യാഭ്യാസബോധം വളർത്തിയെടുക്കാൻകഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് മുസ്ലീം സമുദായത്തിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും തെര്യപ്പെടുത്താൻ ഇവരുടെ ശ്രമങ്ങൾ സഹായകമായി. ഒരുകാലത്ത് 6–ാം ക്ലാസ് എങ്കിലും വിദ്യാഭ്യാസമുള്ള ഒരാളെ കാണാൻകഴിയാത്ത ഈ പഞ്ചായത്ത് പ്രദേശത്ത് ധാരാളം ബിരുദധാരികൾ ഉള്ളത് ആശാവഹമാണ്.

ഇന്ന് ഒരു ഹൈസ്ക്കൂൾ അടക്കം 8 എയിഡഡ് വിദ്യാലയങ്ങളും 2 ഗവ: വിദ്യാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.

## പഞ്ചായത്തിലെ സ്ക്കൂളുകളുടെ പൊതു വിവരം

| സ്ക്കൂളിന്റെ പേര് | HS / UP / LP / Pre Primary | സ്ക്കൂളിന്റെ ഉടമസ്ഥത: സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ബ്രദേഴ്സ് ഹൈസ്കൂൾ മാവണ്ടിയൂർ | High | | × | | | 622 | 671 | 1293 | 50 | |

| സ്കൂളിന്റെ പേര് | HS UP LP Pre Primary | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡ് | അൺ എയിഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | | |
| എ. യു. പി സ്കൂൾ വടക്കുംപുറം | U P | | × | | | 724 | 761 | 1485 | 35 | |
| കെ. വി. യു. പി. സ്കൂൾ വടക്കുംപുറം | U P | | × | | | 711 | 654 | 1365 | 44 | |
| കെ. എം. യു. പി. സ്കൂൾ എടയൂർ | U P | | × | | | 680 | 626 | 1306 | 38 | |
| എ. എൽ. പി. സ്കൂൾ C K പാറ | L P | | × | | | 126 | 123 | 249 | 9 | |
| എച്ച്. എ. എൽ. പി സ്കൂൾ എടയൂർ | L P | | × | | | 130 | 137 | 267 | 10 | |
| എസ്. വി. എൽ. പി. സ്കൂൾ എടയൂർ | L P | | × | | | 185 | 189 | 374 | 11 | |
| എ. എം. എൽ. പി. സ്കൂൾ എടയൂർ | L P | | × | | | 306 | 341 | 647 | 12 | |
| ജി. എൽ. പി. സ്കൂൾ അത്തിപ്പാറ | L P | × | | | | 169 | 175 | 344 | 11 | |
| ജി. എൽ. പി. സ്കൂൾ വടക്കുംപുറം | L P | × | | | | 125 | 125 | 250 | 7 | |
| ഇസ്ലാമിക് റസിഡൻഷ്യൽ സ്കൂൾ വിദ്യാനഗർ | H S | | | × | × | 220 | 156 | 376 | 20 | |
| ബ്ലോസ്സം ഇംഗ്ലീഷ് സ്കൂൾ പൂക്കാട്ടിരി | Pre Primary | | | × | × | 53 | 36 | 89 | 7 | |
| ഓർഫൻ എഡ്യുക്കേഷനൽ കോംപ്ലക്സ് പൂക്കാട്ടിരി | Primary Collage | | | × | × | 26 | 26 | 26 | 4 | |

ഇവക്കുപുറമെ ഗവ: അംഗീകാരമില്ലാത്ത ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി അടക്കം 3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി പ്രവർത്തിക്കുന്നു. സാമൂഹ്യ വകുപ്പിന്റെ അംഗീകാരത്തോടെ പഞ്ചായത്തിൽ 21 അംഗൻവാടികൾ പ്രവർത്തിക്കുന്നു, അംഗൻവാടികൾ വഴി കുഞ്ഞുങ്ങൾക്ക് പോഷകാഹാരവും മാതാക്കൾക്ക് ബോധവല്ക്കരണവും നല്കിവരുന്നു. ഇന്ന് പഞ്ചായത്തിലെ മൊത്തം പതിമൂന്നു വിദ്യാലയങ്ങളിലും കൂടി 8079 വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള അസൗകര്യങ്ങളാണ് ഈ മേഖലയെ അലട്ടുന്ന പ്രധാന പ്രശ്നം.

# വാർഡ് തിരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്കൂളുകളുടെ എണ്ണം HSS/HS സർക്കാർ | HSS/HS എയിഡഡ് | HSS/HS അൺ എയിഡഡ് | HSS/HS മററുള്ളവ | HSS/HS ആകെ | UPS സർക്കാർ | UPS എയിഡഡ് | UPS അൺ എയിഡഡ് | UPS മററുള്ളവ | UPS ആകെ | LPS സർക്കാർ | LPS എയിഡഡ് | LPS അൺ എയിഡഡ് | LPS മററുള്ളവ | LPS ആകെ | നഴ്സറി സർക്കാർ | നഴ്സറി പഞ്ച. വക | നഴ്സറി സ്വകാര്യം | നഴ്സറി ആകെ | സാങ്കേതിക വിദ്യാലയങ്ങൾ ഏതെന്ന് ബ്രാക്കററിൽ സർക്കാർ | സാങ്കേതിക സ്വകാര്യം | സാങ്കേതിക ആകെ | കോളേജുകൾ സർക്കാർ | കോളേജുകൾ സ്വകാര്യം | കോളേജുകൾ ആകെ | പാരലൽ കോളേജ് ഹൈസ്കൂൾ വിഭാഗം | പാരലൽ കോളേജ് ഹൈസ്കൂൾ കോളേജ് രണ്ടും വിഭാഗം | പാരലൽ കോളേജ് ഹൈസ്കൂൾ കോളേജ് രണ്ടും വിഭാഗം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | – | | – | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| II | | | | | | | | | | | | | | | | | | | | | | | | | | | | |
| III | | | | | | | | | | | 1 | | | | 1 | | | | | | | | | | | | | |
| IV | | | | | | | | | | | | | | | | | | | | | | | | | | | | |
| V | | | | 1 | 1 | | 1 | | 1 | 2 | | 1 | | | 1 | | | 1 | 1 | | | | | | | | | |
| VI | | 1 | | | 1 | | | | | | | 1 | | | 1 | | | | | | | | | | | | | |
| VII | | | | | | | | | | | | | | | | | | | | | | | | | | | | |
| VIII | | | | | | | 1 | | | 1 | | | | | | | | | | | | | | | | | | |
| IX | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| X | | | | | | | 1 | | | | 1 | | | | | | | | | | | | | | | | | |
| XI | | | | | | | | | | | 1 | | | | 1 | | | | | | | | | | | | | |
| Total | | | | | 2 | | | | | 4 | | | | | 6 | | | | 1 | | | | – | | | | | |

## പട്ടിക 1 (B)
## L P ,U P, H S വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP ആൺ | LP പെൺ | LP % | UP ആൺ | UP പെൺ | UP % | HS ആൺ | HS പെൺ | HS % |
|---|---|---|---|---|---|---|---|---|---|
| | 1804 | 1809 | 50.07 | 1352 | 1320 | 49.4 | 622 | 671 | 51.9 |
| 7578 | 1804 | 1809 | 50.07 | 1352 | 1320 | 49.4 | 622 | 671 | 51.9 |

ആകെ ശതമാനം 50.02

## പട്ടിക 1 (C)
## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP ആകെ | LP SC/ST | LP % | UP ആകെ | UP SC/ST | UP % | HS ആകെ | HS SC/ST | HS % |
|---|---|---|---|---|---|---|---|---|
| 466 | 101+110 | 52.13 | 143 | 84+59 | 41.26 | 112 | 55+57 | 50.89 |

ആകെ% 43 50

## പട്ടിക 1 (D)
## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST ആൺ | SC/ST പെൺ | SC/ST ആകെ | മററുള്ളവർ ആൺ | മററുള്ളവർ പെൺ | ആകെ |
|---|---|---|---|---|---|
| 37 | 36 | 73 | 158 | 148 | 306 |

ആകെ 379

## പട്ടിക II ഗവർമെൻറ് സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ) | ഗവ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെഎണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ: സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 227 | 18 | | 7578 | 594 | 7.84 |

നിലവിലുള്ള ഹൈസ്ക്കൂളിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും 1 മുതൽ 6 കീലോമീററർ ദൂരംവരെ സഞ്ചരിച്ചുവേണം വിദ്യാർത്ഥികൾക്ക് വന്നുചേരാൻ. ഉപരിപഠനത്തിന് ഇപ്പോഴും അന്യ പഞ്ചായത്തുകളിലേയ്ക്കും താലൂക്ക് ആസ്ഥാനങ്ങളിലേയ്ക്കും പോകേണ്ട അവസ്ഥയാണുള്ളത്. വളാഞ്ചേരി M E S College, പൊന്നാനി M E S. തിരൂരങ്ങാടി P S M O, പട്ടാമ്പി ഗവ: സംസ്കൃതകോളേജ്, പെരിന്തൽമണ്ണ ഗവ കോളേജ്, മജ്ലിസ് ആർട്സ് & സയൻസ് കോളേജ് മുതലായവയിൽ ഉപരിപഠനത്തിനുള്ള ആശ്രയങ്ങൾ—ഇതിനു പുറമെ വളാഞ്ചേരിയിലും പരിസരങ്ങളിലുമുള്ള നിരവധി സമാന്തര സ്ഥാപനങ്ങളിലും ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനം നടത്തുന്ന സാങ്കേതികവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഈ പഞ്ചായത്തിൽ തീരെ ഇല്ലാത്ത അവസ്ഥയാണ്. തിരൂർ, പെരിന്തൽമണ്ണ പോളിടെക്നിക്കുകൾ ആണ് ഈ രംഗത്തുള്ള ആശ്രയം.

പഞ്ചായത്തിൽ എണ്ണത്തിന് 10 സർക്കാർ അംഗീകൃത സ്ഥാപനങ്ങളും 3 അംഗീകൃതമല്ലാത്ത സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പര്യാപ്തമല്ല അക്കാദമിക് സൗകര്യങ്ങളുടെ കാര്യമാണെങ്കിൽ അതിലും പരിതാപകരമാണ്.

### പട്ടിക IV ഭൗതിക സാഹചര്യങ്ങൾ

| സ്ക്കൂൾ | മാനേജ്മെന്റ് | ആകെ വിദ്യാർത്ഥിതകൾ | ആകെ അദ്ധ്യാപകർ | മൂത്രപുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| ബ്രദേഴ്സ് ഹൈസ്ക്കൂൾ മാവണ്ടിയൂർ | ,, | 1293 | 50 | 1 | 1 | ഉണ്ട് | ഇല്ല |
| എ. യു. പി. എസ് വടക്കുംമ്പ്രം | ,, | 1485 | 35 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| കെ. വി. യു. പി എസ്. വടക്കുംമ്പ്രം | ,, | 1365 | 44 | 2 | 1 | ഉണ്ട് | ഇല്ല |
| കെ. എം. യു. പി. എസ് എടയൂർ | ,, | 1306 | 38 | 4 | 1 | ഉണ്ട് | ഉണ്ട് |
| എ. എൽ. പി. എസ്. C K പാറ | ,, | 249 | 9 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| എച്ച്. എ. എൽ. പി. എസ്. എടയൂർ | ,, | 267 | 10 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| എസ്. വി. എൽ. പി. എസ്. എടയൂർ | ,, | 374 | 11 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| എ. എം. എൽ. പി. എസ് എടയൂർ നോർത്ത് | ,, | 647 | 12 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ജി. എൽ. പി. എസ് വടക്കുംമ്പ്രം | സർക്കാർ | 344 | 11 | 3 | ഇല്ല | ഇല്ല | ഇല്ല |
| ജി. എൽ. പി. എസ് അത്തിപ്പററ | സർക്കാർ | 250 | 7 | 1 | ഇല്ല | ഇല്ല | ഇല്ല |

അവലംബം സെക്കണ്ടറി ഡാററ

## അക്കാദമിക് നിലവാരം B H S മാവണ്ടിയൂർ

| ക്ലാസ്സ് | ആകെ കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം below 30% | 30-40 % | 40-50 % | 50-60 % | above 60% | above 90% | S S L C വിജയശതമാനം 91-93 | 93-94 | 94-95 | 95-96 | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| VIII | 516 | 435 | 45 | 16 | 8 | 12 | 0 | | | | | |
| IX | 410 | 344 | 30 | 20 | 8 | 8 | 0 | | | | | |
| X | 318 | 243 | 30 | 18 | 16 | 11 | 0 | 20.5 | 16.9 | 16.2 | 21 | |

അനൗപചാരിക വിദ്യാഭ്യാസരംഗം നമ്മുടെ പഞ്ചായത്തിൽ വളരെ ശോചനീയമായ അവസ്ഥയിലാണ്. ആദ്യകാലത്ത് കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ അനൗപചാരിക പഠനകേന്ദ്രങ്ങൾ വളരെനല്ല നിലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. ഈ രംഗത്ത് സ്തുത്യർഹമായ സേവനം നടത്തിവരുന്ന എടയൂർ ഗ്രാമീണവായനശാല ഈ പഞ്ചായത്തിലെ ഗ്രന്ഥശാലാസംഘം അംഗീകരിച്ച ഏക വായനശാലയാണ്. വളരെനല്ലൊരു ഗ്രന്ഥശേഖരമുള്ള ഗ്രാമീണ വായനശാലക്ക് സ്വന്തം കെട്ടിടമോ മറ്റു സാമഗ്രികളോ ഇല്ലാത്തപരിതാപകരമായ അവസ്ഥയാണുള്ളത്. അനൗപചാരിക വിദ്യാഭ്യാസവും, ആരോഗ്യ ബോധവൽക്കരണവും ലക്ഷ്യമാക്കിപ്രവർത്തിക്കുന്ന പൂക്കാട്ടിരി അല്ലാമ ഇഖ്ബാൽ സാംസ്കാരിക സമിതി (Reg) ഈ പ്രദേശത്ത് നിരവധി സ്തുത്യർഹമായ പരിപാടികൾആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ കീഴിൽ C H സ്മാരക വായനശാലവളരെനല്ല നിലയിൽ നടത്തിവരുന്നു. മിക്ക സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനത്തിനായി എൻഡോവ്മെന്റും മറ്റ് അവാർഡുകളും കൊടുക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയിൽ സ്വാധീനം ചെലുത്തുന്നതിന്റെ ഭാഗമായി പല പഞ്ചായത്തുകളിലും വിദ്യാഭ്യാസ കോംപ്ലക്സുകൾ ഉണ്ടാക്കി കുട്ടികളുടെ പാഠ്യ, പാഠ്യേതര കാര്യങ്ങൾക്ക് ശ്രദ്ധ ചെലുത്തുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പഞ്ചായത്തിൽ ഈ പദ്ധതികാര്യമായി പ്രാവർത്തികമായിട്ടില്ല. എന്നിരുന്നാലും D P E P ഓപ്പറേഷൻ ബ്ലാക്ക് ബോഡ് മുതലായ പദ്ധതികൾ കാര്യമാത്രപ്രസക്തമായി നടന്നുവരുന്നു. സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ വളരെഫലപ്രദമായി ഈ പ്രദേശത്ത് നടന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പരമായ പുരോഗതിക്കുവേണ്ടി ഇനിയും നാം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വാർഡുതല ഗ്രാമസഭകൾ ഈ വിഷയം വളരെ വ്യക്തമായി ചർച്ച ചെയ്ത് നിരവധി നിർദ്ദേശങ്ങളും ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്.

### ഗ്രാമസഭാ ചർച്ചകളുടെ ക്രോഡീകരണം

1 വിദ്യാഭ്യാസപരമായി വളരെ പിന്നിൽ നിൽക്കുന്ന സ്ത്രീകളുടെ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കാൻ ഗേൾസ് സ്കൂളുകൾ ആരംഭിക്കുക.

2 പഞ്ചായത്തിൽ ഒരു V H S S സ്കൂൾ അനുവദിക്കുകയോ നിലവിലുള്ള ഹൈസ്കൂൾ V H S S ആയി ഉയർത്തുകയോ ചെയ്യുക.

3 ഓരോ പഞ്ചായത്തിലും ഒരു പാരാ മെഡിക്കൽ സ്ഥാപനം എന്ന പ്രഖ്യാപിതസർക്കാർ നയത്തിന്റെ ഭാഗമായി പഞ്ചായത്തിൽ ഒരു പാരാമെഡിക്കൽ സ്ഥാപനം അനുവദിക്കുക.

4 സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ ഒരു ടെക്നിക്കൽ സെന്റർ സ്ഥാപിക്കുക.

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഗമം സജീവം | ക്ലസ്റ്റർ പി. ടി. എ പ്രവർത്തിക്കുന്നുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് 7 | 4 | 4 | … | 8 | 3 | 10 | … | 1 | … | 10 | സജീവം | … |
| ഇല്ലാത്തത് 3 | 3 | 6 | … | പരിമിതം 2 | 7 | … | … | 9 | 10 | | | 10 |

വിദ്യാഭ്യാസത്തിന്റെ നിലവാരം എടുത്തുപരിശോധിച്ചാൽ വളരെ മോശമായ അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെയും വിദ്യാലയങ്ങളുടെയും ഭൗതികസാഹചര്യങ്ങളിൽ കാര്യമായി സ്വാധീനിക്കുന്നതായി നമുക്ക് കാണാം. എന്നാൽ ഇത് അക്കാദമിക് തലത്തിൽ ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്തിട്ടുള്ളതെന്ന് പരിശോധിച്ചാൽ കാണാം. വിദ്യാഭ്യാസപരമായി യാതൊരു പാരമ്പര്യവുമില്ലാത്ത താഴെക്കിടയിലുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ കേവലം പൊങ്ങച്ചത്തിനായി ഇംഗ്ലീഷ് മീഡിയം പുസ്തകങ്ങൾ ചുമലിലേററി നടക്കുന്നത് ഇതിന്റെ പ്രതിഫലനമാണ്. വിദ്യാഭ്യാസത്തിനെ കേവലം കച്ചവടമാക്കിയ ഏതാനും കമ്പുദ്ധികളുടെ വരേണ്യവൽക്കരണ ചിന്തയുടെ സ്വാധീനമാണ് ഇതിലൂടെ നാം ദർശിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ 80%ലധികം ആളുകളും തങ്ങളുടെ മക്കളെ പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിച്ച്‌വളർത്താനാണ് ഉദ്ദേശിക്കുന്നത്. പ്രാദേശിക വിദ്യാലയങ്ങളിൽ നിന്ന് തന്നെ തങ്ങളുടെ പ്രാഥമികപഠനം പൂർത്തിയാക്കി ദൂരസ്ഥലങ്ങളിൽ ഉപരിപഠനം നടത്തിയ ധാരാളം ഉന്നതവ്യക്തിത്വങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിദേശരാജ്യങ്ങളിൽ ഉയർന്ന ജോലികളിലും ഉന്നതകേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നവരും സ്വദേശത്ത്തന്നെ ഉന്നത ഉദ്യോഗങ്ങളിലും പദവികളിലും ഇരിക്കുന്നവരും പത്രപ്രവർത്തകരും ശാസ്ത്രജ്ഞന്മാരും ഇതിൽ ഉൾപ്പെടുന്നു.

5 ഹൈസ്ക്കൂൾ ഭാഗത്തേക്ക് ബസ്സ്റൂട്ട് തുടങ്ങുക.

6 പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളും വൈദ്യുതീകരിക്കാൻ വേണ്ട നടപടി എടുക്കുക.

7 എടയൂർ പഞ്ചായത്തിന്റെ കാരക്കാട് മേഖലയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുക,

8 എല്ലാ സ്ക്കൂളുകളിലും സാനിറ്ററി സൗകര്യവും കളിസ്ഥലവും നിർമ്മിക്കാൻ നടപടി എടുക്കുക

9 വാർഡ് I, III, VI ൽ ഓരോ വായനശാലകൾ സ്ഥാപിക്കുക.

10 ഗ്രാമീണ വായനശാല (പൂക്കാട്ടിരി) ക്ക് സ്വന്തമായി കെട്ടിടവും, ജീവനക്കാരേയും അനുവദിക്കുക.

11 പഞ്ചായത്തിലെ L P സ്ക്കൂളുകളില്ലാത്ത എല്ലാ വാർഡുകളിലും സ്ക്കൂളുകൾ അനുവദിക്കുക, താണിയപ്പൻ മലയിൽ ഒരു ഏകഅദ്ധ്യാപക സ്ക്കൂൾ D P E P പദ്ധതിയിൽ തുടങ്ങുക.

12 സ്ക്കൂളുകളിലെ പഠന നിലവാരം ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

13 പഞ്ചായത്തിലെ ഗവ. സ്ക്കൂളുകൾക്ക് മതിയായ ക്ലാസ്സ്റൂമുകളും അദ്ധ്യാപകരെയും അനുവദിക്കുക.

14 സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകുക.

15 IV–ാം വാർഡിലെ ഏതെങ്കിലും സന്നദ്ധസംഘടനക്ക് കീഴിൽ ഒരു അനൗപചാരിക വിദ്യാകേന്ദ്രം സ്ഥാപിച്ച് പബ്ലിക് ടി വി സെറ്റ് സ്ഥാപിക്കുക.

16 കാരേക്കാട് ഭാഗത്തെ മിച്ചഭൂമി ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

17 പൂക്കാട്ടിരി പ്രദേശത്ത് ഒരു ടെക്നിക്കൽ സ്ക്കൂൾ അനുവദിക്കുക.

18 ദാരിദ്രരേഖക്ക് താഴെയുള്ള ആളുകളുടെ വിദ്യാഭ്യാസത്തിന് വേണ്ട ധനസഹായങ്ങൾ നല്കുക.

19 ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുക കല്ലുംകുണ്ട് ഹരിജൻ കോളനിയിൽ അംഗനവാടി അനുവദിക്കുക.

20 കലാ, കായിക രംഗങ്ങളിലും അക്കാദമിക് മേഖലയിലും വ്യക്തി മുദ്രപതിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രോത്സാഹനം നല്കുക.

21 പഞ്ചായത്തിൽ ഒരു പ്രീപ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കുക.

22 അത്തിപ്പറ്റ G L P സ്ക്കൂളിന് സ്വന്തംകെട്ടിടം നിർമ്മിച്ച് അപ്പ് ഗ്രേഡ് ചെയ്യുക.

23 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം അനുവദിക്കുക.

24 പഞ്ചായത്ത് ശിശുമന്ദിരം ഉടനെ തന്നെ ഉദ്ഘാടനംചെയ്ത് ജീവനക്കാരെ നിയമിക്കുക

25 നിലവിൽ അംഗൻവാടികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികളും പ്രീപ്രൈമറി സ്ഥാപനങ്ങളും അനുവദിക്കുക.


26 ഒന്നാം ക്ലാസ്സുകളിലെ ആൾ പ്രമോഷൻ സമ്പ്രദായംകൂടുതൽ ഫലപ്രദമായ രൂപത്തിലാക്കുക.

27 എടയൂർ നോർത്ത് ഭാഗത്തെ ഏതെങ്കിലും ഒരു എൽ പി സ്ക്കൂൾ യു പി ആയി അപ് ഗ്രേഡ് ചെയ്യുക

പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വിദ്യാഭ്യാസ വികസനത്തിന്റെ കേന്ദ്രബിന്ദു ഗ്രാമപഞ്ചായത്ത് ആയിമാറേണ്ടതുണ്ട്. ഇതിന് പ്രധാനമായ പരിഹാരമാർഗ്ഗം പഞ്ചായത്തീരാജ് സംവിധാനത്തിലെ വിദ്യാഭ്യാസ കോംപ്ലക്സുകൾ സജീവമാക്കുക എന്നത്മാത്രമാണ്. ഗ്രാമസഭകൾ ചർച്ചചെയ്ത് അംഗീകരിച്ച റിപ്പോർട്ടുകൾ വിശകലനം ചെയ്തതിൽ നിന്നും അടുത്ത 5 വർഷത്തേക്ക് അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കേണ്ടതും തുടർന്ന് മുൻഗണനാ ക്രമത്തിൽ നടത്തേണ്ടതുമായ പദ്ധതികൾ ഇവിടെ സൂചിപ്പിക്കട്ടെ. സ്ക്കൂളുകളുടെ ദൗർലഭ്യവും, വിദൂരതയും മിക്കവാറും എല്ലാ വാർഡുകളെയും അലട്ടുന്ന പ്രശ്നമാണ്. ഇതിന്പരിഹാരമായി കഴിയുന്നതും ഓരോവാർഡിലും ഓരോ LP സ്ക്കൂളും ഏറ്റവും ചുരുങ്ങിയത് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ കൂടിയും അനുവദിക്കാൻ നടപടി എടുക്കേണ്ടതാണ്. പല സ്ക്കൂളുകളുടെയും ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. ബന്ധപ്പെട്ട P T A കളെയും, നാട്ടിലുള്ള സഹകാരികളെയും പങ്കെടുപ്പിച്ച് സ്ക്കൂൾ സഹായസമിതികൾ രൂപീകരിച്ച് പഞ്ചായത്ത് വിദ്യാഭ്യാസ

കോംപ്ലക്സുകളുടെ മേൽനോട്ടത്തിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടതായ നടപടികൾ കൈകൊള്ളണം. ഇതിൽ കുടിവെള്ളം, മൂത്രപ്പുരകൾ, കക്കൂസുകൾ, ഉച്ചക്കഞ്ഞി വിതരണം മുതലായവക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. അക്കാദമിക് സൗകര്യങ്ങൾ കുറവുള്ള സ്കൂളുകളിൽ പ്രത്യേകിച്ച് ഫർണിച്ചറുകൾ, ലബോറട്ടറി, ലൈബ്രറിസൗകര്യങ്ങൾ എന്നിവയിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലേക്ക് എത്തിപ്പെടാൻ കാൽനട മാത്രമാണ്. ഇതിനൊരു പരിഹാരമെന്നോണം ഹൈസ്കൂൾ റോഡിലൂടെ ബസ്സ് റൂട്ട് അനുവദിക്കുന്ന ബസ്സുകൾ നിർബന്ധമായും ഓടിക്കാനും ഏർപ്പാടുണ്ടാക്കണം. ഇന്നേവരെ ഒരൊററ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയങ്ങളോ ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിലോ ഭൗതിക സൗകര്യങ്ങളുള്ള ഏതെങ്കിലും സ്ഥാപനത്തിനോ ട്രസ്റ്റുകൾക്കോ കീഴിൽ ഇത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടിയന്തിരമായും അനുവദിക്കേണ്ടതാണ്. അനൗപചാരിക വിദ്യാലയങ്ങളോ കേന്ദ്രങ്ങളോ തുടങ്ങാൻ താല്പര്യമുള്ള സന്നദ്ധസംഘടനകൾക്ക് അതിനുവേണ്ട ധനസഹായം നല്കേണ്ടതാണ്. പഞ്ചായത്തിലെ വായനശാലകളെ പരിപോഷിപ്പിക്കുന്നതിന് അത്യാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 26000ത്തിലധികം മൊത്ത ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ മൊത്തം 21 അംഗൻവാടികൾ ആണ് പ്രവർത്തിക്കുന്നത്. 1000ത്തിന് ഒന്ന് എന്ന വകുപ്പ് അനുപാതത്തിലേക്ക് എത്തണമെങ്കിൽ 5 അംഗൻവാടികൾ കൂടി ആരംഭിക്കാനും നിലവിലുള്ള അംഗൻവാടികൾക്ക് അത്യാവശ്യ സൗകര്യങ്ങൾ ഉണ്ടാക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ മലബാർ പ്രദേശത്തിന് മുഴുവൻ ഉപകാരപ്രദമായ പെയിൻ സർവ്വേ ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ ഏററവും പിന്നോക്കം നില്ക്കുന്നതും എന്നാൽ സർക്കാർ മിച്ചഭൂമിയായി അക്വയർചെയ്ത് വിതരണം ചെയ്യാതെ കിടക്കുന്ന ധാരാളം ഭൂമിയുള്ളതുമായ കാരക്കാട് ഭാഗത്ത് ഐ ടി ഐ പോളിടെക്നിക് ഐ ടി സി ആർട്സ് കോളേജ് മുതലായസ്ഥാപനങ്ങൾ നടത്താൻ വേണ്ട നടപടികൾ കൈകൊള്ളുക. പഞ്ചായത്തിലെ എടയൂർ നോർത്ത് ഭാഗത്ത് നിന്നുള്ള വിദ്യാർത്ഥികളുടെ സൗകര്യം പരിഗണിച്ച് എടയൂർനോർത്ത് എൽ പി സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി എടുക്കേണ്ടതാണ്. 9–ാംവാർഡിലുൾപ്പെട്ട താണിയപ്പൻ മലക്ക് സമീപവും 4–ാം വാർഡിലെ പുന്നാംചോലയിലും L P സ്കൂളുകൾ അടിയന്തിരമായും അനുവദിക്കേണ്ടതാണ്.

മേൽപറഞ്ഞ ഘടകങ്ങളുടെ സംയോജനവും, നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ PTA കളുടെയും, മാതൃസംഗമങ്ങളുടെയും കൂട്ടായ്മയും, ഗ്രാമപഞ്ചായത്തിൻെറ കീഴിലുള്ള വിദ്യാഭ്യാസ കോംപ്ലക്സിൻെറ മേൽനോട്ടവും സക്കാർ സഹായങ്ങളും ഒത്തുചേരുന്നതോടെ പ്രശ്ന നിർഭരമായ നമ്മുടെ വിദ്യാഭ്യാസമേഖല തീർച്ചയായും സ്വയം പര്യാപ്തതയിലേക്കുയരുമെന്ന് പ്രതീക്ഷിക്കാം.



# 9

# കുടിവെള്ളവും പൊതുജന ആരോഗ്യവും

മലിനസമാകാത്ത അന്തരീക്ഷവും കളങ്കമാകാത്ത പ്രകൃതിയും ശുചിത്വമുള്ള പാർപ്പിടവും ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 95% ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. ആകെ 3371 കിണറുകളുള്ളതിൽ വെള്ളമുള്ളത് 2779 കിണറുകളിലാണ് പഞ്ചായത്തിന്റെ 35% പ്രദേശങ്ങളിലും ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. വാട്ടർ അതോറിററിയുടെ രണ്ട് ശുദ്ധ ജല പദ്ധതികളാണ് പഞ്ചായത്തിലുള്ളത്. ശുദ്ധ ജലക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള എടയൂർ, ഇരിമ്പിളിയം, വളാഞ്ചേരി പഞ്ചായത്തുകൾക്കുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക എന്നത് മാത്രമാണ് നിലവിലുള്ള ശുദ്ധജല സ്രോതസ്സുകളുടെ പട്ടികയും KWA പദ്ധതികളും താഴെ കൊടുക്കുന്നു.

### ശുദ്ധജല സ്രോതസ്സുകൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 19 | 5 | 2779 | 520 | 48 | 3371 |

### KWA പദ്ധതികൾ

| പദ്ധതികൾ | മൊത്തം ടാപ്പുകൾ | ആവശ്യങ്ങൾ |
|---|---|---|
| 1 ചെററാർ ചോല, C. K. പാറ ഹരിജൻ കോളനി ശുദ്ധജലപദ്ധതി | 42 എണ്ണം | 1 കിണർ ആഴം കൂട്ടണം |
| 2 പവ്വത്തുംതറ- കാരേങ്ങപറമ്പ് ഹരിജൻകോളനി ശുദ്ധജലപദ്ധതി | 25 എണ്ണം | 2 ടാപ്പുകൾക്ക് ആവശ്യമായ ജലസംഭരണി. |

125 പഞ്ചായത്തിനെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രധാന പ്രശ്നമാണ് കുടിവെള്ളത്തിൻെറത് ചില പ്രദേശങ്ങളിൽ 5ഉം 6ഉം കിലോമീററോളം സഞ്ചരിച്ചാണ് കുടിവെള്ളം ശേഖരിക്കുന്നത്. ഏപ്രിൽ മെയ് മാസങ്ങളിൽ കുടവുമേന്തികൊണ്ടുള്ള സഹോദരിമാരുടെ ദുരിതം നിറഞ്ഞ യാത്ര ഇന്നും ഒരു സത്യംമാത്രമായി അവശേഷിക്കുന്നു.

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു

**കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗങ്ങളും :–**

ഒന്നാം വാർഡ് – ചെമ്മലകുന്ന് മടത്തിൽപടി ഹരിജൻ കോളനിയിലും കരുവാട് പ്രദേശത്തും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം ഒട്ടങ്ങാട്ടുകുളം ആഴംകൂട്ടി മിനിവാട്ടർസപ്ലൈ സ്കീം കൊണ്ട് പരിഹരിക്കാവുന്നതാണ്.

രണ്ടാം വാർഡ് :– പീടികപ്പടിതട്ടാരുപാം കോളനി, തേങ്ങാപറമ്പ് എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മേൽ പറഞ്ഞ ശുദ്ധജല സ്കീം ഉപയോഗപ്പെടുത്താവുന്നതാണ്.

മൂന്നാം വാർഡ് :— അത്തിപ്പററ, പെരുപറമ്പ് പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തിന് ഇന്ന് നിലവിലുള്ള ശുദ്ധജല സ്കീം നീട്ടി കൊണ്ട് പരിഹരിക്കാവുന്നതാണ്.

നാലാം വാർഡ് :— വന്നാംചോല, അമ്പലസിററി അംഗനവാടി മാരാക്കുന്ന്, കഴിഞ്ഞോടികുത്തമ്പ്, ആശാരിപടി എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മററൊരു ജല സ്രോതസ്സുമില്ലാത്തതിനാൽ പ്രസ്തുതപ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ച് പരിഹരിക്കാവുന്നതാണ്.

അഞ്ചാം വാർഡ് :— വട്ടപറമ്പ് മേഖലയിൽ അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് ഒന്നാം വാർഡിലുള്ള ഒട്ടങ്ങാട്ടുകുളം ശുദ്ധജല സ്കീം നീട്ടി കൊണ്ട് പരിഹരിക്കാവുന്നതാണ്.

വാർഡ് ആറ് — പൊട്ടിപാറ, ചീനിച്ചോട് പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിലെ പ്രധാന നീരുറവയായ കാനക്കുളം ആഴം കൂട്ടി പുതിയ കിണർ കുഴിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ പായരുകുന്ന് ഹരിജൻ കോളനി, മയങ്ങനാലുക്കൽ ഹരിജൻ കോളനി എന്നിവിടങ്ങളിലേക്കും കൂടി വ്യാപിപ്പിക്കാവുന്നതാണ്.

ഏഴാംവാർഡ്:– വേങ്ങരകുളംഏരിയ, മാവണ്ടിയൂർ ഹൈസ്ക്കൂൾ പരിസരം എന്നിവിടങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുള്ള താല്ക്കാലിക മാർഗ്ഗം പ്രസ്തുത പ്രദേശങ്ങളിൽ കുഴൽകിണറുകൾ ഉണ്ടാക്കുക എന്നതാണ്.

എട്ടാംവാർഡ്.– പരവത്തടം, വട്ടത്തുംകുളംപടി ചന്ദനപടീ, അത്താണിപരിസരം എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത വാർഡിലുള്ള പുത്തൻകുളം ശുദ്ധീകരിച്ച് മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കാവുന്നതാണ് എന്നാൽ പ്രസ്തുതകുളം ഇന്ന് സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ളതിനാൽ അത് വിട്ടുകിട്ടുന്നതിനുള്ള ശ്രമവും കൂടി നടത്തേണ്ടതാണ്. അല്ലെങ്കിൽ കുഴൽ കിണറുകൾ സ്ഥാപിക്കാവുന്നതാണ്.

ഒമ്പതാംവാർഡ്:– സി. കെ.പാറ എൽ.പി. സ്ക്കൂൾ ചെററാര ഭാഗത്തേക്കുമുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൻെറ ടാങ്ക് തൽസ്ഥാനത്തു നിന്നും പൊൻമ്മകുഴി ഭാഗത്തേക്ക് ഉയർത്തി സ്ഥാപിച്ച് മൂടിയിട്ടുള്ള ഇന്നത്തെ കിണർ ആഴം കൂട്ടി വിപുലികരിക്കാവുന്നതാണ്.

പത്താംവാർഡ്;– പരപ്പിലായിപ്പടി, കുററിചോല കുളമ്പ് കോലാർകുന്ന് എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുകയോ നിലവിലുള്ള സി കെ പാറ, പൊററാർ ചോല ശുദ്ധജല സ്കീം വിപുലീകരിക്കാവുന്നതാണ്.

പതിനൊന്നാംവാർഡ്.— അയനിക്കുന്ന് ഹരിജൻ കോളനി, കോതേര പാലത്തിന്മേൽഭാഗം എന്നീ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പത്താംവാർഡിലെ കാക്കുളം വിപുലീകരച്ച് ഒരു മിനി ശുദ്ധജല സ്കീം തുടങ്ങുകയോ കുഴൽ കിണറ് സ്ഥാപിച്ച് പരിഹരിക്കാവുന്നതുമാണ്.

ചെറുകിട ശുദ്ധജലപദ്ധതികൾ :—

ചെറുകിട ശുദ്ധജല പദ്ധതികളെ കുറിച്ച് എല്ലാവാർഡുകളിൽ നിന്നും ചർച്ചകൾ നടന്നുവെങ്കിലും ആറാം വാർഡിലെ അധികാരിപ്പടിമുന്നേക്കർ ഏരിയയിലുള്ള കുഴൽ കിണർ മോട്ടോർ സ്ഥാപിച്ച് തൊട്ടടുത്ത പറയരുകുന്ന് ഹരിജൻ കോളനിയിലേക്കും മയങ്ങനാലുക്കൽ ഹരിജൻ കോളനി, വട്ടപറമ്പ് ഹരിജൻ കോളനി എന്നിവിടങ്ങളിലേക്ക് ശുദ്ധജലമെത്തിക്കാവുന്നതാണ്.

അയനിക്കുന്ന്ഹരിജൻ കോളനി, പരപ്പിലായപ്പടി, കോതേരപാലത്തിന് മുൻഭാഗം എന്നിവിടങ്ങളിൽ കാക്കുളം വിപുലീകരിച്ച് ശുദ്ധജല സ്കീം തുടങ്ങാവുന്നതാണ് ഇതുകൊണ്ട് പത്ത് പതിനൊന്ന് വാഡുകളിൽ പൂർണ്ണമായ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

ഇടത്തരം പദ്ധതികൾ :—

1 എടയൂർ പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഒട്ടങ്ങാട്ടു കുളത്തിന് സമീപം കിണർ കുഴിച്ച് മിനിസ്കീമ് തുടങ്ങുകയാണെങ്കിൽ ഒന്ന് രണ്ട് വാർഡുകളിലെ ജലക്ഷാമം പൂർണ്ണമായി പരിഹരിക്കാം മൂന്ന്, നാല്, അഞ്ച് വാർഡുകളിൽ ഭാഗികമായും പരിഹരിക്കാവുന്നതാണ്.

2 ആറാം വാർഡിലെ കാനക്കുളം ആഴം കൂട്ടി മദ്ധ്യഭാഗത്തായി കിണർ കുഴിച്ച് ഇടത്തരം ശുദ്ധജല സ്കീം ആരംഭിച്ചാൽ അഞ്ച്, ആറ്, ഏഴ് വാർഡുകളിലെ ശുദ്ധജല ക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.

3 എട്ടാം വാർഡിലെ പടിഞ്ഞാറെ പുത്തൻകുളം വിപുലീകരിച്ച് പാർശ്വഭാഗത്ത് കിണർ സ്ഥാപിച്ച് ശുദ്ധജല സ്കീം പ്രാവർത്തികമാക്കുകയാണെങ്കിൽ എട്ടാം വാർഡിൽ പൂർണ്ണമായും ഏഴ്, ഒമ്പത് വാർഡുകളിൽ ഭാഗികമായും ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ മൊത്തം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ ഭൂരിഭാഗത്തെയും പ്രശ്നം പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയോടുകൂടി പഞ്ചായത്ത് കാത്തിരിക്കുന്നു. എടയൂർ, ഇരുമ്പിളിയം വളാഞ്ചേരി പഞ്ചായത്തുകൾക്ക് ഉപകാരപ്രദമായ രീതിയിൽ ലോകബാങ്ക് സഹായത്തോടുകൂടി തുടങ്ങിവച്ച പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക എന്നതാണ് ഏറ്റവും വലിയ ഒരു ആവശ്യം.

## കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശവും

| വാഡ് | പ്രശ്നം | പരിഹാരം |
|---|---|---|
| 1 | ഒട്ടങ്ങാട്ടുകുളം, മണ്ണത്തുപറമ്പ് ഹരിജൻ കോളനികൾ അംഗൻവാടി, കരുവാട് | ഒട്ടങ്ങാട്ടുകുളം നന്നാക്കി ടാങ്ക് നിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുക. കുഴൽ കിണറുകൾ പൊതുകിണർ |
| 2 | മണ്ണത്തുപറമ്പ് ഹരിജൻകോളനികൾ 1 മയങ്ങനാലുക്കൽ 2 തട്ടാരുപാറ 3 തേങ്ങാപറമ്പ്, ചീനിച്ചോട്, തെക്കേകര, പിടികപടി | ഒട്ടങ്ങാട്ടുകുളം നന്നാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുക കുഴൽകിണറുകൾ കുഴൽകിണറുകൾ |

| വാർഡ് | പ്രശ്നം | പരിഹാരം |
|---|---|---|
| | പുന്നാംചോല | മിനിവാട്ടർ സപ്ലൈ സ്കീം |
| | മദ്ദക്കൽകുന്ന്, കാരോത്തൽപടി. | കുഴൽകിണറുകൾ |
| 3 | ചേലക്കോട്, വാകക്കൂട്ട്പറമ്പ് | കുഴൽ കിണറിന് ഹാൻഡ്പമ്പ് ഫിററുചെയ്യുക |
| | ലക്ഷംവീട്കോളനി | ഇരിമ്പിളിയം, എടയൂർ. വളാഞ്ചേരി പഞ്ചായത്തുകൾ ഉൾപ്പെടുന്ന മേജർ സ്കീം |
| | പൂക്കാട്ടിരിഅമ്പലവട്ടം | കുഴൽകിണറുകൾ |
| 4 | പുന്നാംചോല ഹരിജൻകോളനി<br>കഴിഞ്ഞുടികളമ്പ് | എടയൂർ, ഇരിമ്പിളിയം, വളാഞ്ചേരി പഞ്ചായത്തുകൾ ഉൾപ്പെടുന്ന മേജർസ്കീം |
| | മായൻപടി മൂന്നാക്കൽപള്ളിറോഡ്<br>ടി ടി പടിക്ക്മേൽഭാഗം | മൂന്നാക്കൽ റോഡിലുള്ള കുഴൽകിണറിൽ മോട്ടോറും ടാങ്കും സ്ഥാപിച്ച് പൈപ്പ് ലൈൻ |
| 5 | പുവത്തുംതാ, ഹരിജൻകോളനി തെക്കഭാഗം അംഗനവാടികൾ ടി ടി പടി<br>മൂന്നാക്കൽ റോഡ്ഭാഗം പൂവത്തുംതറ<br>ഹരിജൻ കോളനിയുടെ കിഴക്കഭാഗം<br>മായിൻപടി | കുഴൽ കിണറുകൾ<br>എടയൂർ ഇരിമ്പിളിയം വളാഞ്ചേരി മേജർ സ്കീം |
| | ചീനിച്ചോട്, ചെങ്കണ്ടൻപടി,<br>പറങ്കച്ചിക്കാട് ഭാഗം | കുഴൽ കിണറുകൾ കുഴിക്കുക<br>കാനകളും നന്നാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുക. |
| 6 | മൂന്നാക്കൽ പടിഞ്ഞാറുഭാഗം | കുഴൽകിണറുകൾ കുഴിക്കുക |
| | തിണ്ടലംലക്ഷംവീട് കോളനി,<br>അത്താണി, മൂന്നാംകുഴി മേൽഭാഗം | കുഴൽ കിണറുകൾ |
| 7 | ഹരിജൻകോളനി തുരുമ്പ്കുന്ന്<br>അത്തികഴിഭാഗം വലാർത്തപ്പടി തക്കത്തു പാലഭാഗം, പഞ്ചനംപറമ്പ്, ചെമ്പ്രക്കളംവടക്കഭാഗം നാലകത്തു കോളനി ഹൈസ്കൂൾ കോതകട്ടിപടി | പൊതുകിണർ |
| | തെക്കത്തുപാല, തിണ്ടലം, ഹരിജൻ കോളനി മംഗലശ്ശേരികോളനി<br>തിണ്ടലം, അത്താണി | ഒമ്പതാം വാർഡിലെ പൈപ്പ്ലൈൻ തെക്കത്തു പാലഭാഗത്തേക്ക് നീട്ടുക<br>പൊതുകിണർ |
| 8 | മൂന്നാംകുഴി മേൽഭാഗം ഹരിജൻകോളനി തുരുമ്പ്കുന്ന്അത്തിക്കുഴി ഭാഗം<br>വലാർത്തപടി തെക്കപാല | കുഴൽകിണർ |
| | ചെകാർചോല, അത്ത്യാർകുഴി,പൊന്മക്കുഴി, ചെറിയാർകുഴി, വെള്ളാരംകുഴി | പുതിയ കിണറും വാട്ടർടാങ്കും<br>നിലവിലുള്ള സ്കീമിന്റെ കിണർ തുറന്ന് ആഴം |
| 9 | ചപ്പയിൽചോല, സ്കൂൾമേൽഭാഗം<br>പള്ളിയാൽതൊടിഭാഗം പൊതുകററിച്ചോല വള്ളിയാൽ | കൂട്ടുകയും ചെയ്യുക<br>കിണർനന്നാക്കുക<br>പൈപ്പുവെള്ളം എത്തിക്കുക |
| | ഉള്ളീരിപ്പടി | പൈപ്പുവെള്ളം എത്തിക്കുക |
| 10 | പരിപ്പിലാവിൻ പടിയിൽA· U P സ്ക്കൂളിന്റെതാഴെ, കററിച്ചോല<br>പള്ളിയാൽ, G.L.P സ്ക്കൂൾപടി<br>കോലാർകുന്ന് | കുഴൽ കിണർ |
| | മുളക്കൽതോട്, ചെമ്പാലത്തോട് | |
| 11 | നെച്ചിപ്പാറനിരപ്പിനുസമീപം<br>അംഗൻവാടിക്കുസമീപം, ചേനാടൻ<br>കളമ്പ്ജംഗ്ഷൻ | കുഴൽ കിണർ |

പ്രാവർത്തികമാക്കാവുന്ന മററു നിർദ്ദേശങ്ങൾ:—

1 ഏഴാം വാർഡിലെ പറമ്പൻകുളം എന്ന സ്ഥലത്ത് പ്രകൃതിപരമായ ജലം സംഭരിക്കുകയാണെങ്കിൽ നാല് വാർഡുകളിലെ ഒമ്പത് ചോലകളിൽ സമീപകിണറുകളിലും വേനൽക്കാലത്തും ജല സമൃദ്ധിയുണ്ടായിരിക്കും.

2 നിലവിലുള്ള ചിറകൾ അററകുററപണികൾ നടത്തി ശരിയായ ചീർപ്പ് സ്ഥാപിക്കുക.

3 സർക്കാർ ഉടമയിലും സ്വകാര്യ മേഖലകളിലുമുള്ള കുളങ്ങളും ചിറകളും ആഴം കൂട്ടി ജലം സംഭരിക്കുക.

## ആരോഗ്യം

1974 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ കുടുംബങ്ങളിൽ മാത്രമാണ് നിലനിന്നിരുന്നത് അതിൽ പ്രധാനികളാണ് കെ ടി. ഹസ്സൻമുസ്ല്യാർ കൊട്ടാമ്പാംപരി വൈദ്യർ, വേലുവൈദ്യർ, കൊട്ടാമ്പാറ നമ്പ്യാർ എന്നിവർ ആധുനിക ചികിത്സാസംവിധാനസ്ഥാപനങ്ങളോ നിലവിലില്ലായിരുന്നു. 28–1–74ൽ സ്ഥാപിതമായ ഗവർമെണ്ട് ഹോമിയോ ഡിസ്പെൻസറിയാണ് പ്രഥമസ്ഥാപനം 1990ൽ സ്ഥാപിച്ച പ്രൈമറി ഹെൽത്ത്, സെൻെറർ വടക്കംപ്രം 1994ഗവർമെണ്ട് ആയുർവ്വേദ ഡിസ്പെൻസറി, പൂക്കാട്ടിരി അടക്കം 5 ഐ. പി. പി. സബ് സെൻെറർ അടക്കം 8 സർക്കാർ ആരോഗ്യ കേന്ദ്രങ്ങളും 10 സ്വകാര്യ ആര്യോഗ്യ സ്ഥാപനങ്ങളും വളരെ പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവെങ്കിലും ആധുനിക ചികിത്സാരംഗത്ത് വളാഞ്ചേരി, പെരിന്തൽമണ്ണ മുതലായ പ്രദേശങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഇന്നും നിലവിലുള്ളത്. മേൽപറഞ്ഞ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവെങ്കിലും പൂർണ്ണമായതോതിലുള്ള ഒരാശുപത്രിയുടെ അപര്യാപ്തത ഇന്നും മുഴച്ചു നിൽക്കുന്നു. എന്നത് പരമാർത്ഥം മാത്രമാണ്. ഇന്ന് നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് 10 കിടക്കകളുള്ള വാർഡ് നിർമ്മിക്കുന്നതിന് രാജ്യസഭാമെമ്പർ അബ്ദുസമദ് സമാദാനിയുടെ എം പി ഫണ്ടിൽനിന്നും 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

1995-96 വർഷത്തിൽ 1167 ത്വക്ക് രോഗങ്ങളും 1815 വാതരോഗങ്ങളും 4360 പകർച്ചവ്യാധികളും 349 വിഷ ചികിത്സാ കേസുകളും 30776 മററു രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സമഗ്ര പരിപാടി നടപ്പിലാക്കിയാൽ രോഗരഹിതവും ആരോഗ്യ സമ്പുഷ്ടവുമായ ഒരു പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാൽകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻെറർ (വടക്കംപുറം) | IX | 1990 | 15 |
| 2 | ഗവ ആയുർവേദ ഡിസ്പെൻസറി (പൂക്കാട്ടിരി) | IV | 1994 | 4 |
| 3 | ഗവ: ഹോമിയോ ഡിസ്പെൻസറി (അത്തിപ്പററ) | III | 1974 | 3 |
| 4 | സബ് സെൻെറർ (IPP) | I | | 1 |
| 5 | സബ് സെൻെറർ (IPP) | V | | 1 |
| 6 | സബ് സെൻെറർ (IPP) | VI | | 1 |
| 7 | സബ് സെൻെറർ (FWC) | IX | | 1 |
| 8 | സബ് സെൻെറർ (IPP) | XI | | 1 |

29

പ്രാഥമികാരോഗ്യ കേന്ദ്രം 1

ആയുർവേദ ഡിസ്പെൻസറി 1

ഹോമിയോ ഡിസ്പെൻസറി 1

ഉപകേന്ദ്രങ്ങൾ (IPP) 5

ആകെ 27 ജീവനക്കാർ —

ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തം ബിൽഡിംഗ് ഇല്ല.

സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

## എടയൂർ പഞ്ചായത്ത്

### സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ

| നമ്പർ | പേര് | സ്ഥലം | ഇനം | കെട്ടിടം | ജീവനക്കാർ | സ്ഥാപിതം |
|---|---|---|---|---|---|---|
| 1 | കോട്ടംപാറ പാരമ്പര്യ വൈദ്യശാല | പൂക്കാട്ടിരി | ആര്യവൈദ്യം ആയുർവേദം | സ്വന്തം | 7 | 1906 |
| 2 | എടയൂർ മെഡിക്കൽസ് ക്ലിനിക് | പൂക്കാട്ടിരി | അലോപ്പതി | വാടക | 3 | 1995 |
| 3 | വൈദ്യരത്നപ്രഭ | C K. പാറ | ആയുർവേദം | വാടക | 2 | 1995 |
| 4 | യൂനാനി പാരമ്പര്യ ചികിത്സ | പീടികപടി | യൂനാനി | സ്വന്തം | 2 | 1995 |
| 5 | N. P. ആയുർവേദിക് മെഡിസിൻ | തിണ്ടലം | ആയുർവേദം | സ്വന്തം | 2 | 1963 |
| 6 | ശാന്തി ക്ലിനിക് | മണ്ണത്തുപറമ്പ് | ആലോപ്പതി | വാടക | 2 | 1994 |
| 7 | ഹൈദരിയ്യ പാരമ്പര്യ വൈദ്യശാല | പൂക്കാട്ടിരി | ആയുർവേദം | സ്വന്തം | 3 | 1948 |
| 8 | വൈദ്യരത്നപ്രഭ വൈദ്യശാല | പൂക്കാട്ടിരി | ആയുർവേദം | വാടക | 2 | 1990 |
| 9 | ആര്യവൈദ്യശാല ഏജൻസി, | പൂക്കാട്ടിരി | ആയുർവേദം | വാടക | 1 | 1993 |
| 10 | വിജയം ആയുർവേദിക് ഫാർമസി ഏജൻസി | C. K. പാറ | ആയുർവേദം | വാടക | 1 | 1995 |

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം മുഴുവൻ സമയം ലഭ്യമാക്കുകയും ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകൾക്കാൾ പ്രാധാന്യം ബോധവൽക്കരണത്തിന് ലഭ്യമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### കക്കൂസ്

പൊതുജനാരോഗ്യത്തിൽ കുടിവെള്ളത്തോടൊപ്പം പ്രാധാന്യമുള്ള ഒന്നാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വത്തിന് അത്യാവശ്യമായ ഒന്നാണ് കക്കൂസ്, ഇതിൽ 41. 11% കുടുംബങ്ങൾ

ക്ക് [1814] വീടുകളിൽ നിലവിൽ കക്കൂസില്ല. ആയത് പരിഹരിക്കുന്നതിനുള്ള ഘട്ടംഘട്ടമായിട്ടുള്ള പദ്ധതികളും പരിപാടികളും പഞ്ചായത്ത് ഭരണ സമിതി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നുണ്ട്.

## പ്രകൃതി ചികിത്സ

നമ്മുടെ പൗരാണിക ചികിത്സയിൽപ്പെട്ട ഒന്നാണ് പ്രകൃതി ചികിത്സ പ്രകൃതി ചികിത്സയുടെ പ്രചാരകൻ ഇന്ത്യയിൽ നമ്മുടെ രാഷ്ട്രപിതാവാണ്. ഈ ചികിത്സാരീതിയിലൂടെ പല മാറാ വ്യാധികൾ സുഖപ്പെടുത്തിയതായി കേരളത്തിലെ അറിയപ്പെടുന്ന പ്രകൃതി ചികിത്സാവിദഗ്ദനായ ഡോ. സി. ആർ ആർ വർമ്മ അവകാശപ്പെടുന്നു. എടയൂർ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രവുണ്ട്.

പൊതുജനാരോഗ്യത്തെ കുറിച്ചും ആശുപത്രികളെ സംബന്ധിച്ചും സ്വകാര്യ സ്ഥാപനങ്ങളെക്കുറിച്ചും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളും യൂനാനി ചികിത്സാലയത്തെ കുറിച്ചുള്ള വിവരങ്ങളും ആരോഗ്യ രംഗത്തെ വാർഡുതിരിച്ചുള്ള സ്ഥിതി വിവരങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന വിശദമായ പട്ടികൾ ഇതോടൊന്നിച്ച് കൊടുക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

1 വാർഡ്1 ഈ പ്രദേശത്തുകാർക്ക് 7 K M ലേറെ സഞ്ചരിച്ചാലെ ഒരു ആശുപത്രിയിൽ എത്താൻ സാധിക്കയുള്ളൂ. അതുകൊണ്ട് ഏതെങ്കിലും ഒരു ആശുപത്രി തുടങ്ങാൻ സൗകര്യം ചെയ്തുകൊടുക്കണം നിലവിലുള്ള ഹെൽത്ത് സെൻററിൻെറ ശോച്യാവസ്ഥ പരിഹരിക്കുക

2 വാർഡ്2 രണ്ടാം വാർഡിൽ ഒരു റൂറൽ ഡിസ്പൻസറിയും, ആയുർവ്വേദ, ഹോമിയോ ഡിസ്പൻസറികളും സ്ഥാപിക്കുക.

3 വാർഡ്3 ഇപ്പോൾ നിലവിലുള്ള ഹോമിയോ ഡിസ്പൻസറി 10 കിടക്കകളുള്ള ഡിസ്പൻസറിയാക്കി ഉയർത്താനുള്ള സൗകര്യം ഏർപ്പെടുത്തുക (ഇതിനുള്ള സ്ഥലം ഇവിടെ ലഭ്യമാണ്) പൂക്കാട്ടിരിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രി അത്തിപ്പററയിൽ പഞ്ചായത്തിൻെറ സ്വന്തം സ്ഥലത്ത് സ്ഥാപിച്ചു കിട്ടാൻ സൗകര്യം ചെയ്യുക.

4 വാർഡ്4 നാലാംവാർഡിൽആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം നടത്തുക, ഉപയോഗശൂന്യമായി കിടക്കുന്ന അത്തിപ്പററ സബ്സെൻറർ ഉപയോഗ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

5 വാർഡ്5 ആയുർവ്വേദ ഡിസ്പൻസറിക്ക് സ്ഥിരമായി കെട്ടിടം ഉണ്ടാക്കാൻ സൗകര്യ ചെയ്യുക വെറേറനറി ഡിസ്പൻസറിയും സ്ഥിരമായ കെട്ടിടവും ഡോക്ടറും.

6 വാർഡ് 5 ൽ നിലവിലുള്ള സബ്സെൻറർ ഉപകാരപ്രദമായരീതിയിൽ പുനസംവിധാനം ചെയ്യുക

7 വാർഡ്6 പ്രൈമറി ഹെൽത്ത് സെൻററിൽ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കുക. മരുന്നുകളും ലഭ്യമാക്കുക. ആയുർവ്വേദ, ഹോമിയോ ആസ്പത്രികൾ സ്ഥാപിക്കുക. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ചെയ്യുക.

8 വാർഡ് 7 ൽ പ്രാഥമിക ഹെൽത്ത് സെൻററിലെ ഉദ്യോഗസ്ഥർ വീടുവീടാന്തരം കയറി ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കുക കൊതുകുശല്യവും മററും നശിപ്പിക്കുന്നതിനാവശ്യമായ മരുന്നുകൾ വീടുവീടാന്തരം തെളിച്ച് നശിപ്പിക്കുക. ആയുർവ്വേദ, ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

9 വാർഡ് 8 ഹെൽത്ത് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ചെയ്യുക. ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും ചെയ്യുക.

10 C. K. പാറയിലെ (F W C) ഹെൽത്ത്സെൻററിലെ ശോചനീയാവസ്ഥ പരിഹരിക്കുക. നഴ്സിൻെറ സേവനം ലഭ്യമാക്കുക.

11 നിലവിലുള്ള ആശുപത്രിയിൽ 10ൽ കൂടുതൽ ആളുകളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ചെയ്യുക.

12 മല എന്ന സ്ഥലത്ത് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

13 വാർഡ് 10ൽ ഹെൽത്ത്സെൻറർ സ്ഥാപിക്കുക. ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കുക.

14 വാർഡ് X'ലെ ഹെൽത്ത് സെൻററിൽ മരുന്നോ ജോലിക്കാരോ ഇല്ല ഉടൻ ശരിയാക്കുക.

15 വാർഡ് 1ൽ ആരോഗ്യ സംരക്ഷണത്തിൻെറ ബോധവൽക്കരണത്തിന് ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ ഉപയോഗപ്പെടുത്തണം.

16 വാർഡ് 2ൽ ഹെൽത്ത് വർക്കേഴ്സ് മാസത്തിൽ ഒരു തവണയെങ്കിലും വീടുകൾ സന്ദർശിക്കുക

17 ആരോഗ്യ ശുചിത്വ പ്രശ്നങ്ങളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുക.

18 വാർഡ് 4ൽ പൂക്കാട്ടിരി അങ്ങാടി ശുചികരിക്കാനുള്ള സ്ഥിരസംവിധാനം ഉണ്ടാക്കുകയും പൂക്കാട്ടിരി ജുമാഅത്തു പള്ളിയും താഴ്ഭാഗത്തുള്ള പന്തപ്പുറം ഇടവഴിയിലേക്ക് ഒഴുകുന്ന മലിന ജലം തടയാനുള്ള സംവിധാനം നടത്തുക.

19 നിത്യമാർക്കററ് സ്ഥാപിക്കുക.

20 വാർഡ് 5ൽ ശുചികരണത്തിന് പഞ്ചായത്തിൽ സ്ഥിരം സ്വീപറെ നിയമിക്കുകയും ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസ് ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

21 വാർസ് 6ൽ കക്കൂസുകളില്ലാത്ത ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസുകൾ നിർമ്മിക്കുക

22 വാർഡ് 7ൽ സാമ്പത്തിക ശേഷി കുറഞ്ഞ എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിക്കുക.

23 വാർഡ് 8ൽ സ്കൂൾ പരിസരങ്ങളിൽ ആരോഗ്യത്തിനു ഹാനികരമായ ഐസ്, മിഠായി, അച്ചാർ എന്നിവയുടെ വില്പന നിരോധിക്കുകയും തിണ്ടലം അങ്ങാടിയിൽ ഹോട്ടലുകളിൽ നിന്നും വീടുകളിൽ നിന്നും വരുന്ന മാലിന്യങ്ങൾ ഒഴിഞ്ഞു പോകുന്നതിനുള്ള സംവിധാനം ചെയ്യുക.

24 പൊതു വെയിററിംഗ് ഷെഡ്ഡും മൂത്രപ്പുരയും നിർമ്മിക്കുകയും കക്കൂസുകൾ ലഭിച്ചവർ വേണ്ട രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.

25 വാർഡ് 9ൽ C. K. പാറ ഹെൽത്ത് സെൻററിൻെറ ശോച്യാവസ്ഥ പരിഹരിക്കുകയും ഒരു സിസ്റ്ററുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ചെയ്യുക. അറവുശാലകളിൽ നിന്നുള്ള മാലിന്യം തടയുക. എല്ലാവർക്കും കക്കൂസ് നിർമ്മിക്കുക.

26 വാർഡ് 10ൽ ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസുകൾ അനുവദിക്കുകയും അറക്കച്ചോല പള്ളിയാൽ താഴ് ഭാഗത്തു വെള്ളശല്യം ഒഴിവാക്കാൻ വേണ്ടതു ചെയ്യുക.

## ശുദ്ധജലം പൊതുകിണർ

1 വാർഡ് 1ൽ ഓടങ്ങാട്ടുകുളം ആഴം കൂട്ടി കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കും ലഭ്യമാക്കുക.

2 വാർഡ് 2ൽ ഒട്ടങ്ങാട്ടുകുളം നന്നാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുക.

3 വാർഡ് 3ൽ അത്തിപ്പററ പുന്നാംചോല ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പണിതുടങ്ങുന്നതിനുള്ള സംവിധാനം ചെയ്യുക.

4 വാർഡ് 4ൽ എടയൂർ, ഇരിമ്പിളിയം, വളാഞ്ചേരി പഞ്ചായത്തുകളും സംയുക്ത ശുദ്ധജല പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും നിലവിലുള്ള ടാപ്പുകളിൽ നിന്നു വെള്ളം ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കുക.

## പൊതു ജനാരോഗ്യം

| വാഡ് നമ്പർ | ശുചീകരണത്തിനാവശ്യമുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം പൊതു ടാപ്പുകൾ | പൈപ്പ് വെള്ളം ഹൗസ് കണക്ഷൻ | പൊതു കുഴൽ കിണർ | പൊതു കിണർ | കളിക്കളങ്ങൾ | ശ്മശാനങ്ങൾ | അറവു ശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | | | | | | 5 | 2 | | | 1 | — |
| 2 | | | | | | 5 | 3 | | | | — |
| 3 | | | | 6 | | 4 | 3 | | 1 | | — |
| 4 | | | | 14 | | 3 | 2 | | | | — |
| 5 | | | | 5 | | 5 | 3 | | | 1 | — |
| 6 | | | | | | 3 | 1 | | | | — |
| 7 | | | | | | 2 | 3 | | | | — |
| 8 | | | | | | 4 | 2 | | | | — |
| 9 | | | | 26 | | 12 | 2 | | | | — |
| 10 | | | | 16 | | 3 | 1 | | | | — |
| 11 | | | | | | 2 | 2 | | | | — |
| ആകെ | | | | 67 | | 48 | 24 | | 1 | 2 | |

5 വാർഡ് 5ൽ മൂന്നാക്കൽ റോഡിൽ നിലവിലുള്ള കുഴൽ കിണറിൽ മോട്ടറും ടാങ്കും സ്ഥാപിച്ച് പരിസര പ്രദേശങ്ങളിൽ സ്ഥാപിക്കുക. നിലവിലുള്ള കിണർ ശുദ്ധീകരിച്ച് വിതരണം ചെയ്യുക.

6 വാർഡ് 6ൽ കാനംകുളം ആഴം കൂട്ടി ശുദ്ധജല സ്കീം സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. പൊട്ടിപ്പാറ ചീനിച്ചോട് ആലിങ്ങൽപടി ചീനിച്ചോട്അംഗനവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

7 വാർഡ് 7ൽ പുതുക്കടി തിത്തീരിക്കുഴിപടിയിൽ പൊതുകിണർ പുനർനിർമ്മാണം നടത്തുക. തുരുമ്പ്കുന്ന് ലക്ഷം വീട് കോളനി, എന്നിവിടങ്ങളിൽ പൊതു കിണർ സ്ഥാപിക്കുക. പൈപ്പ് ലൈൻ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കുക.

8 വാർഡ് 8ൽ ഒമ്പതാം വാർഡിൻെറ അററത്തു നിൽക്കുന്ന പൈപ്പ്ലൈൻ വാർഡിലേക്കും ആരംഭിക്കുക. മട്ട്യാറ തോടിൻെറ സൈഡ് ഭാഗത്ത് പൊതുകിണർ സ്ഥാപിച്ച് കോളനികളിലേക്കും മററുഭാഗത്തേക്കും പൈപ്പ് ലൈൻ സ്ഥാപിക്കുക.

9 പടിഞ്ഞാറെ പുത്തൻകുളം ഏറെറടുത്ത് ആഴം കൂട്ടി കുടിക്കാനും കൃഷിക്കും ഉപയോഗ പ്രദമാക്കുക.

10 വാർഡ് 9ൽ ബാററർചോല, അത്ത്യാർകുഴി, പൊന്മക്കുഴി, ചെറിയാരക്കുഴി, വെള്ളാരംകുഴി, എന്നി വിടങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്നതിന് വേണ്ടതു ഉടൻ ചെയ്യുക. ഉപയോഗ്യ ശൂന്യമായ മുഴവൻ കിണറുകളും നന്നാക്കുക.

11 വാഡ് 10ൽ കുടിവെള്ളക്ഷാമമുള്ള കുററിച്ചോല പരപ്പിലായിൽപടി കോലാർകുന്ന്, G. L. P. സ്കൂം എന്നിവിടങ്ങളിൻ കുഴൽകിണർ കുഴിക്കുകയും കാക്കളം പരിപുലീകരിച്ച് മിനി ശുദ്ധജല സ്കീം തുടങ്ങുക.

12 വാഡ് 11ൽ പത്താംവാർഡിലെ കാക്കളം വിപുലീകരിച്ച് അയനിക്കുന്ന് ഹരിജൻ കോളനിയിലേക്ക് മിനി ശുദ്ധജല സ്കീം തുടങ്ങുകയാണങ്കിൽ 10, 11 വാഡുകളിലെ മുഴവൻ പ്രദേശത്തേക്കും 6, 7 വാർഡുകളിലെ മുഴവൻ പ്രദേശത്തേക്കും ശുദ്ധജലം നൽകുക.

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃ ശിശുസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | — | — | 1 | 2 | 5 | — | 24 |
| ആയുർവ്വേദം | — | — | 1 | 3 | — | — | 9 |
| ഹോമിയോ | — | — | 1 | — | — | — | 3 |
| യുനാനി | — | — | — | 1 | — | — | 2 |
| | | | | | | | 38 |

35

# എടയൂർ ഗ്രാമപഞ്ചായത്ത്

| വർഷം | ആശുപത്രി യുടെപേര് | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം—പ്രതിവർഷം എണ്ണം: ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ പാമ്പുകടി etc | മററുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1995–96 | വൈദ്യരത്ന പ്രഭാഏജൻസി C K പാറ | | | 58 | 122 | | | 420 | 600 |
| 1994–95 | ശാന്തിക്ലിനിക് മണ്ണത്തുപറമ്പ് | — | 1500 | 300 | 450 | 75 | — | 675 | 1500 |
| 1995–96 | | — | 1300 | 275 | 375 | 50 | — | 600 | 1300 |
| ആകെ | | — | 2800 | 575 | 825 | 125 | — | 1275 | 2800 |
| 1995–96 | എടയൂർ മെഡിക്കൽസ് | — | 1000 | 40 | 265 | 165 | — | 530 | 1000 |
| 1992–93 | ആയുർവേദിക് മെഡിസിൻസ് | ... | 1000 | 100 | 400 | 400 | ... | 100 | 1000 |
| 1993–94 | തിണ്ടലം N.P Agenes | ... | 1200 | 150 | 500 | 450 | ... | 100 | 1200 |
| 1994–95 | | ... | 1300 | 200 | 550 | 475 | ... | 75 | 1300 |
| 1995–96 | | ... | 1500 | 225 | 600 | 500 | ... | 175 | 1500 |
| ആകെ | | ... | 5000 | 675 | 2050 | 1825 | ... | 450 | 5000 |
| | വിശാകീർത്തി ഫാർമസി ചീനിച്ചോട് | 1996 ആഗസ്റ്റിൽ ഉൽഘാടനം ചെയ്തു. | | | | | | | |

## എടയൂർ ഗ്രാമ പഞ്ചായത്ത്
## ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

രോഗങ്ങരം സംബന്ധിച്ച വിവരം — പ്രതിവർഷം എണ്ണം

| വർഷം | ആശുപത്രിയുടെ പേര് | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാവിധ രോഗവും) | പകർച്ച വ്യാധികരം | വിഷ ചികിത്സ (പാമ്പുകടി etc) | മററുള്ള രോഗങ്ങരം | ആകെ |
|---|---|---|---|---|---|---|---|---|---|
| 1992—93 | PHC edayur | — | 7208 | 434 | 91 | 2628 | — | 4055 | 7208 |
| 1993—94 | ,, | — | 5841 | 398 | 108 | 1074 | — | 4261 | 5841 |
| 1994—95 | | — | 5388 | 126 | 73 | 1900 | — | 4289 | 5388 |
| 1995—96 | | — | 9506 | 209 | 241 | 321 | — | 8735 | 9506 |
| ആകെ | | — | 27943 | 1167 | 513 | 5923 | — | 21340 | 27943 |
| 1992—93 | ഗവ. ഹോമിയോ | — | 17901 | 4012 | 2130 | 4212 | 113 | 7434 | 17901 |
| 1993—94 | ഡിസ്പൻസറി എടയൂർ | — | 15660 | 3015 | 1480 | 3672 | 61 | 7432 | 15660 |
| 1994—95 | | — | 16543 | 3314 | 1671 | 3982 | 81 | 7495 | 16543 |
| 1995—96 | | — | 19501 | 4817 | 1815 | 4360 | 94 | 8415 | 19501 |
| ആകെ | | — | 69605 | 15158 | 7096 | 16226 | 349 | 30776 | 69605 |
| 1992—93 | ഗവ. ആയുർവ്വേദ ആശുപത്രി | Not | Opened | | | | | | |
| 1993—94 | പൂക്കാട്ടിരി | — | 37 | 6 | 15 | 5 | 5 | 6 | 37 |
| 1994—95 | | — | 18071 | 1842 | 12345 | 820 | 1140 | 1924 | 18071 |
| 1995—96 | | — | 10387 | 1006 | 7612 | 342 | 556 | 871 | 10387 |
| ആകെ | | — | 28495 | 2854 | 19972 | 1167 | 1701 | 2801 | 28495 |
| | യുനാനിപാരമ്പര്യ ചികിത്സാലയം പീടികപ്പടി | | മാനസിക രോഗം | | | മററുള്ള രോഗങ്ങരം | | | |
| 1992-93 | | | 675 | 230 | | ഇല്ല | | | |
| 1993–94 | | | 700 | | | ,, | | | |
| 1994–95 | | | 951 | | | ,, | | | |
| 1995–96 | | | 650 | | | ,, | | | |
| | | | 2976 | | | | | | |

137

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും


| വാർഡ് | സ്ഥാപനങ്ങൾ: പൊതു സ്ഥാപനങ്ങൾ | സ്ഥാപനങ്ങൾ: സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| I | പ്രൈമറി ഹെൽത്ത് സബ്സെന്റർ (IPP) | അലോപ്പതി ക്ലിനിക്ക്–1 | പനി, തലവേദന, വയറിളക്കം, ചൊറി ദന്തരോഗങ്ങൾ | സബ് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റാഫ് ഇല്ല. | രോഗികളെ ചികിത്സ നടത്തുന്നതിന് അത്യാവശ്യമരുന്നുകൾ ലഭ്യമാകാവുന്ന തരത്തിൽ ഏതെങ്കിലും വിഭാഗത്തിലുള്ള ഒരു ആശുപത്രി തുടങ്ങുക. |
| II | പൊതു സ്ഥാപനങ്ങളില്ല | യുനാനി പാരമ്പര്യ ചികിത്സാലയം–1 | പനി, തലവേദന വയറിളക്കം, ചൊറി ദന്തരോഗങ്ങൾ | കാര്യമായ ചികിത്സാലയം ഇല്ലാത്തകാരണം 9 KM ദൂരെയുള്ള വളാഞ്ചേരിയുമായി ബന്ധപ്പെടണം. | ഒരു റൂറൽ ഡിസ്പെൻസറിയും ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളും സ്ഥാപിക്കുക. |
| III | ഹോമിയോ ഡിസ്പെൻസറി | ഇല്ല | പനി, മഞ്ഞപ്പിത്തം ചൊറി തലവേദന ദന്തരോഗങ്ങൾ | ആവശ്യമുള്ള മരുന്നുകൾ ലഭ്യമല്ല. | 1 നിലവിലുള്ള ഹോമിയോ ഡിസ്പെൻസറി 10 കിടക്കകളുള്ള ഡിസ്പെൻസറി ആയി ഉയർത്തുക<br>2 പൂക്കാട്ടിരിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദആശുപത്രി അത്തിപ്പററയിലേക്ക് മാററി സ്ഥാപിച്ച് സ്വന്തം കെട്ടിടത്തിലേക്ക് ആക്കുന്നതിന് സൗകര്യം ചെയ്യുക.<br>3 ആശുപത്രിയുടെ നിലവിലുള്ള പ്രവർത്തി സമയം 8–1നുപകരം 10–5 ആക്കണം, |
| IV | ആയുർവ്വേദ ഡിസ്പെൻസറി–1 | ആയുർവ്വേദ ചികിത്സാലയം-2 ആയുർവ്വേദ മരുന്നുകൾ വിൽക്കുന്ന സ്ഥലം–2 മെഡിക്കൽ ഷോപ്പ്–1 | ചെങ്കണ്ണ് പനി ചെറിയ തോതിൽ മഞ്ഞപ്പിത്തം വയറിളക്കം | പൊതുസ്ഥാപനമായ ആയുർവ്വേദ ഡിസ്പെൻസറി ആവശ്യമായ മരുന്നുകൾ തിരെ ലഭിക്കാറില്ല. | 1 ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുക<br>2 രോഗികൾക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുക. |
| V | സബ് സെന്റർ–1 (IPP) | ഇല്ല | പനി, വയറിളക്കം തലവേദന ദന്തരോഗങ്ങൾ, ചൊറി | സബ്സെന്ററിൽ സ്റ്റാഫിന് ജോലിചെയ്യുന്നതിനാവശ്യമായ സാഹചര്യം ഇല്ല പ്രതിരോധകുത്തിവെപ്പുകൾ നടത്താറുണ്ട്. | നിലവിലുള്ള സബ്സെന്റർ ഉപകാരപ്രദമായ രീതിയിൽ പുനഃസംവിധാനം ചെയ്യുക. |

| | | | | | |
|---|---|---|---|---|---|
| VI | സബ്സെൻറർ–1 (IPP) | ഇല്ല | പനി വയറിളക്കം തലവേദന ചൊറി ദന്തരോഗങ്ങൾ | സബ്സെൻററിൽ ആവശ്യമായ സേവനംലഭിക്കുന്നതിന് സംവിധാനം ഇല്ല | സബ്സെൻററിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം. |
| VII | ഇല്ല | ഇല്ല | തലവേദന ഛർദ്ദി പനി വയറിളക്കം അതിസാരം | പ്രാഥമിക ഹെൽത്ത് സെൻററിലെ നഴ്സുമാരുടെ വീടസന്ദർശനം മാത്രമെ ഉള്ളു | വീട സന്ദർശനത്തിനോടൊപ്പം അമ്മമാർക്കും കുട്ടികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും വിററാമിൻ ഗുളികകൾ നൽകുകയും ചെയ്യുക. |
| VIII | ഇല്ല | ആയുർവ്വേദിക്ക് മെഡിസിൻഷോപ്പ്-1 | പനി, ഛർദ്ദി തലവേദന അതിസാരം ചൊറി | തൊട്ടടുത്ത വാഡിലുള്ള ഹെൽത്ത് സെൻററിൽ നിന്നും ലഭിക്കുന്ന സൗകര്യങ്ങളേ ഉള്ളു | 1 ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്റ്റ് ഡോക്ടറെ നിയമിക്കുക.<br>2 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. |
| IX | പ്രൈമറി ഹെൽത്ത് സെൻറർ F W C–1 | ആയുർവ്വേദ ഫാർമസി–1 | പനി, ഛർദ്ദി, വയറിളക്കം തലവേദന മഞ്ഞപ്പിത്തം | ഗൈനക്കോളജിസ്റ്റിൻെറ അഭാവം രോഗികളെ കിടത്തിചികിത്സിക്കാനുള്ള ബുദ്ധിമുട്ട് | 1 നഴ്സിൻെറ സേവനം മുഴുവൻ സമയത്തും ലഭ്യമാക്കുക.<br>2 ചുരുങ്ങിയത് 10 പേരെ എങ്കിലും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.<br>3 ഇതിനായി M. P. ഫണ്ടിൽഅനുവദിച്ച കെട്ടിടം പണി ഉടനെ ആരംഭിക്കുക. |
| X | ഇല്ല | ഇല്ല | പനി, തലവേദന വയറിളക്കം ചൊറി | അടുത്തുള്ള പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നുള്ള സേവനം മാത്രമെ ലഭ്യമാകുന്നുള്ളു. | 1 ഹെൽത്ത് സെൻററിൽ ഡോക്ടർ നേഴ്സ് ഇവരുടെ സേവനം സേവനം 24 മണിക്കൂറും ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കുക.<br>2 ഒരു ആരോഗ്യ കേന്ദ്രം പണിയുക.<br>3 ഹെൽത്ത് ഇൻസ്പെക്ടർമാരുടെ വീട സന്ദർശനം ഫല പ്രദമാക്കുക |
| XI | സബ്സെൻറർ–1 (IPP) | ഇല്ല | പനി തലവേദന ഛർദ്ദി, വയറിളക്കം മഞ്ഞപ്പിത്തം | ശരിയായ വിധത്തിൽ സേവനങ്ങൾ ലഭിക്കാൻ സംവിധാനം ഇല്ല. | 1 സബ്-സെൻറർ ഉപകാരപ്രദമായ രീതിയിൽ സംവിധാനം ചെയ്യുക.<br>2 ആവശ്യമായ മരുന്നും, ജോലിക്കാരേയും നിയമിക്കുക. |

## യുനാനി ചികിത്സയെ കുറിച്ചുള്ള വിവരണം

| വർഷം | യുനാനി ചികിത്സാ കേന്ദ്രം വടക്കാഞ്ചേരി | ഇൻപേഷ്യന്റെ എണ്ണം | ഔട്ട് പേഷ്യന്റെ എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷ ചികിത്സ (പാമ്പുകടി) | പ്രമേഹം | മാനസിക രോഗങ്ങൾ | വെള്ളപ്പാണ്ട് | അപസ്മാരം | കാൻസർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1992-93 | ,, | — | 75 | 8 | 15 | 4 | 3 | 20 | 17 | 3 | — | 5 | 75 |
| 1993-94 | ,, | — | 125 | 12 | 30 | 9 | 7 | 38 | 13 | 6 | — | 10 | 125 |
| 1994-95 | ,, | — | 160 | 15 | 39 | 12 | 11 | 40 | 17 | 14 | — | 12 | 160 |
| 1995-96 | ,, | — | 282 | 21 | 56 | 28 | 17 | 66 | 33 | 19 | 30 | 12 | 282 |
| ആകെ | ,, | — | 642 | 56 | 140 | 53 | 38 | 164 | 80 | 42 | 30 | 39 | 642 |

★



# 10

## ഗതാഗതം, ഊർജ്ജം മാർക്കററ് വാർത്താവിനിമയം

ഒരു പ്രദേശത്തിൻെറ വികസനത്തിൽ പ്രധാന ഘടകങ്ങളാണ് ഗതാഗതവും ഊർജ്ജവും. ഗതാഗതസൗകര്യങ്ങളിൽ റോഡ് മാർഗ്ഗേനയുളള സൗകര്യം മാത്രമേ ഈ പഞ്ചായത്തിലുളള. റെയിൽ സൗകര്യം അടുത്ത നൂററാണ്ടിലെങ്കിലും ഈ പഞ്ചായത്തിൽ ഉണ്ടാവാൻ സാദ്ധ്യമില്ല.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുണ്ടായിരുന്ന വളാഞ്ചേരി പെരിന്തൽമണ്ണ റോഡ് മാത്രമാണ് ഈ പഞ്ചായത്തിലെ ഗതാഗതസൗകര്യത്തിനുണ്ടായിരുന്ന ഏക ആശ്രയം ഈ റോഡ് തന്നെ ഒരററത്തു കൂടി മാത്രമാണ് കടന്നുപോകുന്നത്.

1955 ൽ രൂപീകരിക്കപ്പെട്ട പഞ്ചായത്തിൽ റോഡിൻെറ കാര്യത്തിൽ ആദ്യമായി വന്ന ആശയമാണ് മലപ്പുറം പളളിപ്പുറം റോഡ്. സ്വാതന്ത്ര്യം കിട്ടി 13 വർഷങ്ങാംക്കു ശേഷമാണ് ഭാഗികമായെങ്കിലും ഈ ആഗ്രഹം പൂവണിയുന്നത്. 1960 ൽ അന്നത്തെ എം. എൽ. എ യും സംസ്ഥാന സ്പീക്കർ പദവിയും അലങ്കരിച്ചിരുന്ന മർഹൂം കെ. എം സീതിസാഹിബിൻെറ ശ്രമഫലമായി പൂക്കാട്ടിരി മലപ്പുറം പൂക്കാട്ടിരി–വലിയകുന്ന് ലിങ്ക്റോഡുകളും നിർമ്മിക്കപ്പെട്ട് ഇന്ന് പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ ധാരാളം റോഡുകരം നിർമ്മിക്കപ്പെട്ടിരിക്കുന്നു. റോഡുകളുടെ പട്ടിക ഇതോടനുബന്ധിച്ചു ചേർത്തിയിരിക്കുന്നു.

അനുബന്ധം A

## എടയൂർ പഞ്ചായത്തിൽ മെററൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് | |
|---|---|---|
| 1 | ഒന്ന് | ചീനിച്ചോട്-പാലകന്ന് (കളത്തിൽപടി ഹരിജൻകോളനി റോഡ്) |
| 2 | ,, | മണ്ണുത്തുപറമ്പ്-കരുവാട് റോഡ് |
| 3 | ,, | നൂറടി-മൊട്ടക്കന്ന് റോഡ് |
| 4 | രണ്ട് | തട്ടാരുപാറ-മായിമംപടി ഹരിജൻ കോളനി റോഡ് |
| 5 | ,, | ചിനിച്ചോട്-ചെങ്കുണ്ടൻ പടി റോഡ് |
| 6 | ,, | പിടികപ്പടി-വെട്ടാട് റോഡ് ബാക്കിഭാഗം |
| 7 | മൂന്ന് | അത്തിപ്പററ-പള്ളി റോഡ് |
| 8 | ,, | അത്തിപ്പാററ-പുന്നാംചോല റോഡ് ബാക്കിഭാഗം |
| 9 | ,, | പഴയചന്ത-സ്മശാനം റോഡ് |
| 10 | ,, | ചേലക്കാട്-വേങ്ങക്കാട് റോഡ് |
| 11 | ,, | റഹ്മത്ത് നഗർ—ആലുവള്ളി അമ്പലം |
| 12 | നാല് | പടപ്പയിൽപടി—പുന്നാംചോല ഹരിജൻ കോളനി റോഡ് |
| 13 | ,, | ഇല്ലത്തപടി—അമ്പലപ്പടി റോഡ് |
| 14 | ,, | മച്ചിങ്ങൽപടി_രാമൻപടി ,, |
| 15 | ,, | ആൽപാററ പടി—അമ്പലപ്പടി റോഡ് |
| 16 | ,, | പുന്നാം ചോല കിണർ-മുളഞ്ചീരി ക്കന്ന് റോഡ് |
| 17 | അഞ്ച് | ചോല വട്ടപ്പറമ്പ് ഹരിജൻകോളനി റോഡ് |
| 18 | ,, | ടി. ടി. പടി —മൂന്നാക്കപ്പെള്ളി റോഡ് |
| 19 | ,, | പൂവത്തും തറ ഹരിജൻ കോളനി റോഡ് |
| 20 | അഞ്ച് | മായിൻപടി — മൂന്നാക്കൽപള്ളിറോഡ് |
| 21 | ,, | കുഞ്ഞാടിപ്പടി — നിസ്കാര പള്ളിറോഡ് |
| 22 | ആറ് | അധികാരിപ്പടി—മൂന്നാക്കൽ പള്ളി റോഡ് ടാറിംങ് |
| 23 | ,, | ചാത്തനാംകുന്ന് റോഡ് |
| 24 | ,, | ചീനിച്ചോട് വെങ്കുണ്ടൻപടി റോഡ് |
| 25 | ,, | ചീനിച്ചോട് മാത്തിൽകാട് റോഡ് |
| 26 | ,, | ചെമ്പോത്തിൽപടി പാലോത്തക്കാട് റോഡ് |
| 27 | ,, | ഹൈസ്കൂരം ഓടംകളം റോഡ് |
| 28 | ഏഴ് | A1 മദ്രസ്സ-നാലകത്തപടി റോഡ് ബാക്കി ഭാഗം |
| 29 | ,, | നാലകത്തപടി-അത്തിക്കഴി റോഡ് ബാക്കിഭാഗം |
| 30 | ,, | ചക്കംപടി അടാണിപ്പറം ചരുമല റോഡ് |
| 31 | ,, | ചക്കംപടി അടാണിപ്പറം റോഡിൽ നിന്നു തുടങ്ങി പാലകന്ന് പറമ്പൻകുളം റോഡ് |
| 32 | എട്ട് | തിണ്ടലം അത്താണി കക്കൻചിറ റോഡ് |
| 33 | ,, | തിണ്ടലം ഹരിജൻ കോളനി റോഡ് റീടാറിംഗ് |
| 34 | ,, | വീരാൻമൊല്ലപടി നട്ടചിറ റോഡ് |
| 35 | ,, | തിണ്ടലം ലക്ഷം വീട് അത്തിക്കഴിറോഡ് |
| 36 | ഏഴ് | തിണ്ടലം മാവണ്ടിയൂർ റോഡ് റീടാറിംഗ് |

## എടയൂർപഞ്ചായത്തിൽ മെററൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| | | |
|---|---|---|
| 37 | ഒമ്പത് | CK പാറ അങ്ങാടി ചെററാർ ചോല, ഹരിജൻ കോളനി ലിങ്ക് റോഡ് |
| 38 | ,, | എടയൂർ PHC റോഡ് |
| 39 | ,, | ചെററാർ ചോല ഹരിജൻ കോളനി റോഡ് ബാക്കി ടാറിംഗും പനക്കാട്ട് ഇടവഴിക്ക് പാലം നിർമ്മിക്കുക |
| 40 | ഒമ്പത് | താണിയപ്പൻകുന്ന് ചെററാർ കുട്ടക്കല്ല് റോഡ് |
| 41 | ,, | CK പാറ സ്കൂംപടി പൊന്മക്കഴി റോഡിന്റെ ഒന്നാം ഘട്ടം |
| 42 | പത്ത് | നമ്പൂതിരിപ്പടി AUP സ്കൂൾ റോഡ് |
| 43 | ,, | കക്കടമ്പ് AUP സ്കൂൾ റോഡ് |
| 44 | ,, | AUP സ്കൂൾ ആലിക്കപറമ്പ് മാറാക്കര റോഡ് |
| 45 | ,, | ചെങ്കണ്ടൻപടി ഓടൻകുളം ഹൈസ്കൂൾ റോഡ് |
| 46 | ,, | ചെങ്കണ്ടൻപടിചീനിച്ചോട് റോഡ് ഒന്നാം ഘട്ടം റീ ടാറിംഗ് |
| 47 | ,, | ടി. റോഡ് രണ്ടാം ഘട്ടം ടാറിംഗ് |
| 48 | പതിനൊന്ന് | ചേക്കുട്ടിഹാജിപടി ആനക്കല്ല് റോഡ് |
| 49 | ,, | GLP സ്കൂൾ റോഡ് |
| 50 | ,, | ചേമ്പുൻകുഴി ഒരിക്കൽ ചോല ഹെൽത്ത് സെൻറർ റോഡ് |
| 51 | ,, | ചോനാടൻകുളമ്പ് ജംഗ്ഷൻ ഒരിക്കൽ ചോല റോഡ് |
| 52 | ,, | കുളമംഗലം കരേക്കാട് കാടാംകുളങ്ങര PWD റോഡ് റീടാറിംഗും ഓടനിർമ്മാണവും |
| 53 | ,, | പൂക്കാട്ടിരി മലപ്പുറം PWD റോഡ് റീടാറിംഗും ഓട നിർമ്മാണവും |
| 54 | ,, | വലിയകുന്ന് പൂക്കാട്ടിരി PWD റോഡ് റീടാറിംഗും ഓടനിർമ്മാണവും |
| 55 | മൂന്ന് | കാരണപ്പടി പൂവ്വച്ചോട് റോഡ് |
| 56 | നാല് | കഴിഞ്ഞോടികുളമ്പ് മലയംപറമ്പ് റോസ് |



142

1980 മുതൽ ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന മങ്കാമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. എൽ എ. ജ കെ പി.എ.മജീദ് സാഹിബിന്റെ നിരന്തര ശ്രമഫലമായി പഞ്ചായത്തിലെ വടക്കുമ്പ്രം മേഖലയിൽ 1982ൽ അന്നത്തെ സംസ്ഥാന ഉപമുഖ്യ മന്ത്രിയായിരുന്ന മർഹൂം C. H മുഹമ്മദ് കോയ ശിലാസ്ഥാപനം ചെയ്ത കുളമണ്ഡലം കരേക്കാട് കാടാംകുളങ്ങര റോഡ് പഞ്ചായത്തിലെ ഏററവും പ്രധാനപ്പെട്ട റോഡായി മാറിയിരിക്കുന്നു. പൂക്കാട്ടിരി മലപ്പുറം റോഡിനും കുളമംഗലം കരേക്കാട് റോഡുമായി ബന്ധിപ്പിക്കുന്ന തിണ്ടലം മാവണ്ടിയൂർ വില്ലേജ് ഓഫീസ് റോഡ് ഏക ഹൈസ്കൂളമായും പഞ്ചായത്തിലെ പ്രധാന ഓഫീസുകളുമായി ബന്ധപ്പെടുന്ന മറെറാരു പ്രധാന റോഡാണ്.

P. W. D. ഏറെറടുത്ത് പണി ആരംഭിച്ചതും എടയൂർ പഞ്ചായത്തിലെ താണിയപ്പൻ കുന്നത്ത് ഭാഗത്ത് കൂടി കടന്ന് പോകുന്നതുമായ മൂടാൽ കാവുപുറം, കാടമ്പുഴ റോഡിന്റെ പണി ഉടൻ പൂർത്തിയാക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ റോഡുകളുമായി ബന്ധിപ്പിക്കുന്ന ഊടുവഴികരം റോഡുകളാക്കി മാററിയാൽ നിലവിലുള്ള മുഴുവൻ യാത്രാക്ലേശവും മാററാവുന്നതാണ്. പുതുതായി നിർമ്മിക്കേണ്ടതും, മെററൽ ചെയ്ത് ടാറിങ്ങിനു കാത്തിരിക്കുന്ന റോഡുകളുടെ പട്ടികയും അനുബന്ധം B ൽ ചേർത്തിരിക്കുന്നു,

കുളമംഗലം കരേക്കാട് കാടാംകുളങ്ങര റോഡിലൂടെ K S R T C ബസ് സർവ്വീസ് മലപ്പുറം ഭാഗത്തേക്ക് ആരംഭിക്കുക. വളാഞ്ചേരി, തിണ്ടലം മാവണ്ടിയൂർ റോഡ് വഴി ഹൈസ്കൂൾ ബന്ധിപ്പിച്ച് മലപ്പുറം, പെരിന്തൽമണ്ണ ഭാഗത്തേക്കു സർവ്വീസ് ആരംഭിക്കുക.

# എടയൂർ പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | |
|---|---|---|
| 1 | ഒന്ന് | ഒട്ടഞ്ഞാട്ട്കുന്ന് ചെമ്മലക്കുന്ന് റോഡ് |
| 2 | | പൊട്ടിക്കുന്ന് മണ്ണത്ത്പറമ്പ് വെങ്ങാട് റോഡ് |
| 3 | | പൂവത്തുംകണ്ട് നായാട്ടുപാറ മിച്ചഭൂമി |
| 4 | ,, | കരുവാട് പിലാത്തോട് |
| 5 | ,, | ചെമ്മലക്കുന്ന് സ്കൂൾപടി |
| 6 | ,, | മണ്ണത്തുപറമ്പ് ചിനിച്ചോട് പാലക്കുന്ന് റോഡ് ബന്ധിപ്പിക്കൽ |
| 7 | ,, | മണ്ണത്തുപറമ്പ് വെങ്ങാട് ആറാൽ ഭാഗത്തേക്ക് |
| 8 | രണ്ട് | മായമ്മുലപ്പടി അത്തിപ്പറ്റ |
| 9 | ,, | കാരേങ്ങൽപടി പീടികപ്പടി |
| 10 | ,, | വാൽപറമ്പ് പറയരുകുന്ന് |
| 11 | ,, | നിസ്കാരപള്ളി പഴംകുഴി അത്തിപ്പറ്റ |
| 12 | ,, | നാലുകണ്ടം അത്തിപ്പറ്റ |
| 13 | ,, | ആൽക്കപ്പറമ്പ് അമ്പാഴക്കുഴി |
| 14 | ,, | അമ്പലപ്പടി അധികാരിപ്പടി |
| 15 | ,, | നിസ്കാരപള്ളി അത്തിപ്പറ്റ ചെങ്ങനക്കോട് പൂവത്തിങ്കൽ പള്ള്യാൽ കമ്പളക്കുഴി വഴി ചേലക്കോട് |
| 16 | ,, | മഠത്തിൽപടി പാലക്കച്ചിറ ആൽപാറപടി |
| 17 | ,, | അമ്പാഴക്കുഴി പറങ്ങോട്ട്പറമ്പ് |
| 18 | ,, | കാരിക്കുന്ന്പള്ള്യാൽ പാറപ്പള്ളിവഴി സ്മശാനം |
| 19 | ,, | വട്ടപ്പറമ്പ് അമ്പാഴക്കുഴി |
| 20 | ,, | നാലകണ്ടം കമ്പളക്കുഴി കോരങ്ങാട്ട്കുന്ന് ഗോകുലം |
| 21 | ,, | പൂന്താണിക്കൽ കരിയങ്കാട് |
| 22 | ,, | പീടികപ്പടിപള്ളി അമ്പാഴക്കുഴി |
| 23 | ,, | പാറമ്മൽതൊടി പരിയാണി |
| 24 | ,, | നോർത്ത്സ്കൂൾ ചെമ്മലക്കുന്ന് |
| 25 | മൂന്ന് | ലക്ഷംവീട്കോളനി വടക്കേകരറോഡിലേക്ക് ബന്ധിപ്പിക്കൽ |
| 26 | ,, | ഇസ്മായിൽപടി പഴയചന്ത എടയൂർ റോഡിലേക്ക് ബന്ധിപ്പിക്കൽ |
| 27 | ,, | പഴയചന്ത എടയൂർറോഡ് പൂക്കാട്ടിരി എടയൂർറോഡുമായി ബന്ധിപ്പിക്കൽ |
| 28 | ,, | മൂർക്കത്ത്ഇടവഴി വലിയപറമ്പ് |
| 29 | ,, | വടക്കേകര മൂർക്കത്ത്പടി |
| 30 | ,, | ഹോമിയോ ഡിസ്പൻസറി കിഴക്കേമഠം |
| 31 | 4 | അയ്യപ്പൻ കല്ലിങ്ങൽതോട് |
| 32 | ,, | വാരിയർപടി കൊരട്ടിപള്ള്യാൽ |
| 33 | ,, | പൂശാലിപടി കററികുന്ന്പാടം |
| 34 | ,, | പുന്നാംചോല പുറമണ്ണൂർ |
| 35 | ,, | അയ്യപ്പക്ഷേത്രം കാരിയത്ത്പറമ്പ് |
| 36 | ,, | പൂക്കാട്ടിരിഅങ്ങാടി ഷണ്മുഖപുരം പഴർപടി |
| 37 | അഞ്ച് | കിഴിശ്ശേരിപടി ആശാരിപടി |
| 38 | ,, | കലമ്പൻ കുഞ്ഞിപോക്കർപീടിക മതിയത്ത് അമ്പലം |
| 39 | ,, | കെ എം. യു. പി. സ്കൂൾ കറുത്തികുന്ന് |
| | A | പൂശാലിപടി കോഴിക്കുന്ന് ഹരിജൻകോളനി റോഡുമായിബന്ധിപ്പിക്കുക |
| 40 | ,, | വട്ടപറമ്പ്അംഗൻവാടി അധികാരിപ്പടി |
| 41 | ,, | പൂക്കാട്ടിരി വലിയകുന്ന് PWD റോഡിൽ കിഴിശ്ശേരി പടിക്കസമീപം ഡ്രയിനേജ് നിർമ്മിക്കൽ |
| 42 | ,, | പുല്ലത്ത്ഇടവഴി വീതികൂട്ടി റോഡാക്കി TT പടി മൂന്നാക്കൽ പള്ളിറോഡിലേക്ക്മുട്ടിക്കുക |
| 43 | ,, | വട്ടപറമ്പ് ചിറക്കപള്ള്യാൽ ഇടവഴി സൈഡ്കെട്ടി നടപ്പാത നിർമ്മിക്കൽ |
| 44 | ,, | വട്ടപറമ്പ് പട്ടിപള്ള്യാൽ ഇടവഴി സൈഡ് കെട്ടുക |
| 45 | ,, | മായൻൽപടി അംഗൻവാടി |
| 46 | ,, | വട്ടപറമ്പ് പുല്ലാണിതോട് |
| 47 | ,, | മുട്ടിക്കൽ ഇടവഴി റോഡാക്കൽ |



144

## എടയൂർ പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാഡ് | |
|---|---|---|
| 50 | ആറ് | അലവിഹാജിപടി എരഞ്ഞിക്കാട്ട് ചോല റോഡ് രണ്ടാം ഘട്ടം |
| 51 | ,, | പാലോത്തക്കാട് റോഡ് |
| 52 | ,, | കാനക്കളം സമീപത്തേക്ക് റോഡ് |
| 53 | ,, | പമ്മീരിപടി അധികാരിപടി |
| 54 | ,, | ചീനിച്ചോട് അംഗൻവാടി കാക്കാട് റോഡ് ബന്ധിപ്പിക്കൽ |
| 55 | ,, | മാത്തിൽകാവ് മാവണ്ടിയൂർ |
| 56 | ,, | മാവണ്ടിയൂർ അങ്ങാടി മൂന്നാക്കൽ പള്ളി |
| 57 | ,, | പാറത്തിക്കുഴി കല്ലിങ്ങൽ ഇടവഴി റോഡ് നിർമ്മാണം |
| 58 | ,, | ടി. ഐ മദ്രസ്സ ഹൈസ്ക്കൂൾ റോഡ് |
| 59 | ഏഴ് | പഞ്ചനം ഇടവഴി റോഡ് നിർമ്മാണം |
| 60 | ,, | യാഹുഹാജിപടി തുരുമ്പംകുന്ന് അത്തിക്കുഴി |
| 61 | ,, | ചെമ്പ്രക്കളം ഇടവഴി രായിൻ മൊല്ലപടി |
| 62 | ,, | ചെരുമലപ്പടി ചെരുമലപ്പറമ്പ് |
| 63 | ,, | വേങ്ങരോളം പള്ള്യാൽ പമ്മീരിപാടം |
| 64 | ,, | പടിഞ്ഞാറെ ഇടവഴി |
| 65 | ,, | കറ്റപറമ്പിൽപടി പള്ളിറോഡ് പൂർത്തീകരണം |
| 66 | ,, | വേലായുധൻപടി പഞ്ചനംവഴി ഹൈസ്ക്കൂൾ അത്താണിപ്പുറം പാലക്കുന്ന് പറമ്പൻകുളം ഹൈസ്ക്കൂൾറോഡ് |
| 67 | എട്ട് | മംഗലശ്ശേരിപടി HC കോളനിറോഡ് |
| 68 | ,, | വെട്ടത്ത്കളംപടി HC കോളനിറോഡ് അഭിവൃദ്ധിപ്പെടുത്തൽ |
| 69 | ,, | പടിഞ്ഞാറെ പുത്തൻകുളം KVUP സ്ക്കൂൾ (തിണ്ടലം ഹരിജൻ കോളനിറോഡ്) |
| 70 | ,, | തിണ്ടലം ലക്ഷംവീട് അത്തിക്കുഴിറോഡ് |
| 71 | ,, | തിണ്ടലം വെള്ളിമാമല റോഡ് |

| നമ്പർ | വാർഡ് | |
|---|---|---|
| 72 | ഒമ്പത് | ആസ്പത്രിപടി കൂടാർച്ചോല മാവണ്ടിയൂർ റോഡ് |
| 73 | ,, | താണിയപ്പൻകുന്ന് ഗോപാലൻനായർ പീടികപ്പടി |
| 74 | ,, | C.K പാറ സ്ക്കൂൾപടി പൊൻമക്കുഴി ഹരിജൻ കോളനി റോഡ് രണ്ടാം ഘട്ടം |
| 75 | ,, | ചെററാര ചെററാരച്ചോല ഹരിജൻ കോളനി റോഡ് ബന്ധിപ്പിക്കൽ |
| 76 | ,, | കൊന്നക്കാട്ടിൽ ഇടവഴി കരടാവ് കൂട്ടക്കല്ല് റോഡ് |
| 77 | ,, | ആൽപറമ്പ്കൊട്ടാമ്പാറ പറമ്പൻകുളം ഹൈസ്ക്കൂൾ റോഡ് |
| 78 | ,, | വീരാൻമൊല്ലപടി പൊന്മക്കുഴി റോഡ് |
| 79 | പത്ത് | കററിച്ചോല ഇടവഴിക്ക് പാർശ്വഭിത്തി പട്ടത്ത് കററിച്ചോലക്കുന്ന് കമ്മനാട്ട്ചോല നടപ്പാത |
| 80 | ,, | അവിലുക്കൽ പള്ള്യാൽഇടവഴി തോട്‌വരെ നടപ്പാത |
| 81 | ,, | അത്തിക്കളമ്പ് പുളിയമ്പാററോഡ് |
| 82 | ,, | ചന്തുട്ടിപ്പടി കാര്യപറമ്പ് ബ്രദേഴ്സ് ഹൈസ്ക്കൂൾറോഡ് ബന്ധിപ്പിക്കൽ |
| 83 | ,, | M A M മദ്രസ്സ ഇടവഴി റോഡ് നിർമ്മാണം |
| 84 | ,, | കോൽക്കാരംപടി മോണപറമ്പ് |
| 85 | ,, | പല്ലാട്ട്പടി ചേമ്പാലപടി ചേക്കുട്ടി ഹാജിപടി റോഡ് |
| 86 | ,, | A U P സ്ക്കൂൾ കരുവഞ്ചേരി |
| 87 | ,, | കോലാർകുന്ന് ഇളയംപള്ള്യാൽ |
| 88 | ,, | മദ്രസ്സപടി കോലാർകുന്ന് റോഡ് സ്ക്കൂൾപടി വരെ നീട്ടുക |
| 89 | ,, | മൂക്കിലപീടിക പറമ്പൻകുളം ഹൈസ്ക്കൂൾ റോഡ് |

## എടയൂർ പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | |
|---|---|---|
| 90 | പതിനൊന്ന് | അത്താണി ചന്തുട്ടിപടി |
| 91 | ,, | H I മദ്രസ്സ കോതേരപാലംറോഡ് |
| 92 | ,, | ആനക്കല്ല്മാഞ്ഞാം പള്ളിക്കാട് റോഡ് |
| 93 | ,, | അയനിക്കുന്ന് ഹരിജൻ കോളനി റോഡ് |
| 94 | ,, | പതിയാരത്ത്പടി മാഞ്ഞാം പള്ളിക്കാട് |
| 95 | ,, | G L P സ്ക്കൂരം കോലർകുന്ന് ഇടവഴി റോഡ് |
| 96 | അഞ്ച് | മൂന്നാക്കൽപള്ളി അങ്ങാടിക്കുന്ന് വഴി എടയൂർ റോഡുമായി ബന്ധിപ്പിക്കുക |
| 97 | ഏഴ് | പറമ്പൻ കുളം റോഡ് ഹൈസ്ക്കൂരം റോഡുമായി ബന്ധിപ്പിക്കൽ |
| 98 | ആറ് | കല്ലിങ്ങൽ ഇടവഴി റോസ് ബാങ്കംപടി റോഡ് നിർമ്മിക്കൽ |
| 99 | ,, | അലവിഹാജിപടി പന്മീരിതൊടിറോഡ് പാലപ്പറമ്പുമായി ബന്ധിപ്പിക്കൽ |
| 100 | ഏഴ് | തിണ്ടലം അത്താണിറോഡ് ബാക്കി ഭാഗം വീതികൂട്ടൽ |

| നമ്പർ | വാഡ് | |
|---|---|---|
| 101 | ഒൻപത് | മൂർക്കത്ത് ഇടവഴി ചെററാരചോലറോഡ് നിർമ്മാണം |
| 102 | ഏഴ് | തെക്കത്ത് പാലഅങ്ങാടി വലാർത്തപടി റോഡ്നിർമ്മാണം |
| 103 | ,, | മേനോൻപടി ഓവുപാലം പഴയതോട് നടചിററോഡ് |
| 104 | ,, | ഉക്കാസ്പടി ചെമ്പൻമാർ ഇടവഴി ചെട്ടിപ്പടി റോഡ് നിർമ്മാണം |
| 105 | നാല് | പൂക്കാട്ടിരി അങ്ങാടി K I മദ്രസ്സ ചെറുക്കാട് നിലം റോഡ് |
| 106 | അഞ്ച് | പൂക്കാട്ടിരി താഴെ അങ്ങാടി പുല്ലത്ത് ഇടവഴി മൂന്നാക്കൽ പള്ളിറോഡ് |
| 107 | നാല് | കിഴിശ്ശേരിപടി വിരിപ്പംകുളം പൂക്കാട്ടിരി അങ്ങാടി റോസ് |
| 108 | നാല് | പൂക്കാട്ടിരി അങ്ങാടി മേലോടിക്കുളം പന്തപ്പറം അമ്പലവട്ടം റോഡ് |
| 109 | എട്ട് | തെക്കത്ത്പാല അങ്ങാടി വലാത്തപടി റോഡ് |



146

**ഊർജ്ജം** തിരൂർ താലൂക്കിൽ വിസ്തൃതിയിൽ ഏററവും മുൻപന്തിയിൽ നില്ക്കുന്ന എടയൂർ പഞ്ചായത്ത് 1975 ആണ് ആദ്യമായി വൈദ്യുതി കടന്നുവരുന്നത്. അതു തന്നെ പഞ്ചായത്തിലെ വടക്കുംമ്പ്ര മേഖലയിൽ മാത്രവും പഞ്ചായത്തിലെ മററു പ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് നിരന്തരം പ്രക്ഷോഭം നടത്തിയതിന്റെ ഭാഗമായി പൂക്കാട്ടിരി അങ്ങാടി ഉൾക്കൊള്ളുന്ന 2, 3 വാഡുകളിൽ 1977ൽ വൈദ്യുതി പ്രവർത്തനം ആരംഭിച്ചു. എന്നാൽ ആ പ്രവർത്തനം പൂർത്തിയാക്കി ലൈൻ ചാർജ് ചെയ്യുന്നത് 1981 ഫെബ്രുവരി 21ന് മാത്രമാണ്.

## എടയൂർ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളും, കപ്പാസിററിയും

| നമ്പർ | ട്രാൻസ്ഫോർമറുകളുടെ പേരും സ്ഥലവും | | 66 KV | 110 KV | റിമാർക്സ് |
|---|---|---|---|---|---|
| 1 | മണ്ണത്തുപറമ്പ് | (എടയൂർ) | × | | ചാർജ് ചെയ്തിട്ടില്ല |
| 2 | കൈപങ്ങതിരുത്ത് | (എടയൂർ) | × | | |
| 3 | പീടികപ്പടി | (എടയൂർ) | | × | |
| 4 | വായനശാല | (എടയൂർ) | × | | ചാർജ് ചെയ്തിട്ടില്ല |
| 5 | ആൽപററപ്പടി | (പൂക്കാട്ടിരി) | | × | |
| 6 | കിഴിശ്ശേരിപടി | (പൂക്കാട്ടിരി) | × | | |
| 7 | ഇല്ലത്ത്പടി | (പൂക്കാട്ടിരി) | | × | |
| 8 | T T പടി | (പൂക്കാട്ടിരി) | × | | ചാർജ് ചെയ്തിട്ടില്ല |
| 9 | വലാർത്തപടി | (തിണ്ടലം) | | × | |
| 10 | C K പാറ | (C K പാറ) | | × | |

ഇപ്പോൾ പഞ്ചായത്തിലെ 11 വാർഡുകളിലും ഭാഗികമായെങ്കിലും വൈദ്യുതി എത്തിയിരിക്കുന്നു. മൊത്തം 15 K M റോളം 11 K V ലൈനും 25KM റോളം LT ലൈനുകളും 10 ട്രാൻസ്ഫോർമറുകളും 1951 കണക്ഷനും ഉണ്ട്. ഇത്രയും ഉപഭോക്താക്കൾ പഞ്ചായത്തിലുണ്ടെങ്കിലും വൈദ്യുതിയുടെ ഓഫീസുകളൊന്നും ഈ പഞ്ചാത്തിൽ പ്രവർത്തിക്കുന്നില്ല. വൈദ്യുതിചാർജ് അടക്കുന്നതിനും മറ്റു ദൈനംദിന കാര്യങ്ങൾക്കും 12 Km ദൂരേയുള്ള വളാഞ്ചേരി ഇലക്ട്രിസിറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതായി വരുന്നു. പഞ്ചായത്തിലെ അംഗീകൃത ഹരിജൻ കോളനികളായ 15 എണ്ണത്തിൽ വെറും 3 കോളനികൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

1 ഉപഭോക്താക്കളുടെ കറൻറ് ചാർജ്ജ് ഈ പഞ്ചായത്തിൽ തന്നെ അടക്കാനുള്ള സംവിധാനം ഉണ്ടാക്കുക

2 പ്രധാന ടൌണിൽ സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കുക.

**സാദ്ധ്യതകൾ** വർഷങ്ങളോളമായി മിനിമം ഗ്യാരൻറി വെച്ച് കാത്തിരിക്കുന്ന മാവണ്ടിയൂർ പുന്നാംചോല പ്രവർത്തികൾ ഉടനെ നടപ്പിലാക്കുക. കരേക്കാട് തുടങ്ങിവെച്ച ലൈൻ പ്രവത്തി ത്വരിതഗതിയിൽ നടപ്പിലാക്കുക. വൈദ്യുതീകരിക്കാത്ത മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക. പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും സൗജന്യമായി വൈദ്യുതി എത്തിക്കുക, പഞ്ചായത്തിലെ പ്രധാന റോഡുകളിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക പഞ്ചായത്തിൻെറ അതിർത്തി പഞ്ചായത്തായ വളാഞ്ചേരി കാർത്തലയിൽ സ്ഥാപിക്കുന്ന 110 K V സബ്സ്റ്റേഷൻ പണിത്വരിതപ്പെടുത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക പഞ്ചായത്തിലെ 8% കർഷകർക്കെങ്കിലും അനർട്ട് പമ്പ്സെററ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക സോളാർ ലാമ്പ് ഗ്യാസ് കണക്ഷൻ എന്നിവ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ശ്രമിക്കുക. ഇവക്ക് ആവശ്യമായ പ്രചാരണവും പരസ്യവും നല്കുക.


**മാർക്കററ്** പുരാധന കാലത്തുതന്നെ പഞ്ചായത്ത് ഒരു വിപണന കേന്ദ്രമായി അറിയപ്പെട്ടു വരുന്നു തരകൻമാരുടെ വാണിജ്യ കേന്ദ്രമായിരുന്ന മൂനാക്കൽ പള്ളിക്കുമേൽ ഭാഗം ഇന്നു അങ്ങാടിക്കുന്ന് എന്ന പേരിൽ അറിയപ്പെടുന്നു. താനൂർ തിരൂർകടപ്പുറവുമായി ബന്ധപ്പെട്ടാണ് ഇവിടെ വാണിജ്യം നടത്തിയിരുന്നത്.

പൂളക്കിഴങ്ങ്, ചക്കരക്കിഴങ്ങ് [മധുരകിഴങ്ങ്) ചക്ക, നെല്ല് എന്നിവ അടുത്തകാലത്തായി ധാരാളം മാർക്കററിംങ്ങ് നടത്തിയിയിരുന്നു നെല്ല്, നാളികേരം, അടക്ക, കുരുമുളക്, നേന്ത്രവാഴ, പച്ചക്കറി, കുരുവണ്ടി എന്നിവയാണ്

## വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത് വേണ്ടത്ര പുരോഗതിയിലില്ലാത്ത എടയൂർ പഞ്ചായത്തിൽ ആകെ 3 പോസ്റ്റ്ഓഫീസുകളാണുള്ളത്. തിരൂർ താലൂക്കിൽ ഏററവും കൂടുതൽ വിസ്തൃതിയുള്ള ഈ പ്രദേശത്ത് ശിപായിമാർക്ക് എത്താൻ കഴിയാത്ത ഒരവസ്ഥയാണിന്നുള്ളത് ആയതിനാൽ 10 11 വാർഡുകൾക്ക് സംയുക്തമായി ഒരുപോസ്റ്റാഫീസും അത്തിപ്പാറയിൽ മറൊരു പോസ്റ്റാഫീസും സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിൻെറ ഏതാനും മേഖലകളിൽ മാത്രമാണ് ടെലിഫോൺ നിലവിലുള്ളത് എടയൂർ ചീനിച്ചോട് ഭാഗത്തേക്കുള്ള നിർദ്ദിഷ്ട ടെലിഫോൺ എക്സ്ചേജ് അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും നിലവിലുള്ള അപേക്ഷകർക്കെല്ലാം ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്, ഗ്രാമ സഭയിൽ നിന്നുള്ള ആവശ്യങ്ങൾ പ്രകാരം എല്ലാവാർഡുകളിലും എസ്. ടി. ടി. ബൂത്ത് അനുവദിക്കുകയും നിലവിലുള്ള ഹരിജൻ കോളനികളിൽ ടി. വി. സെററ് സ്ഥാപിക്കുകയും തപാൽ സാധനങ്ങൾ കൊണ്ടുപോകുന്നതിന് സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്നതിനാൽ കൃത്യസമയത്ത് അവ ലഭിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നതിനാൽ ഇ. ഡി. മെയിൻ കേരിയറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

| നമ്പർ | പഞ്ചായത്തിലെ ടാർ റോഡുകൾ | ഉടമസ്ഥത | ദൂരം കി. മി. | വീതി | ബസ് മററ യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | വട്ടാഞ്ചേരി പെരിന്തൽമണ്ണ | PWD | 4 KM | | ഉണ്ട് |
| 2 | വലിയകുന്ന് പൂക്കാട്ടിരി | PWD | 1.5 K M | | ഉണ്ട് |
| 3 | പൂക്കാട്ടിരി മലപ്പുറം | PWD | 6 K M | | ഉണ്ട് |
| 4 | കൊളമംഗലം കരേക്കാട് | PWD | 8.400 | | |
| 5 | മണ്ണത്തുപറമ്പ് ഉപ്പ്പാറ | പഞ്ചായത്ത് | 1 | 8 | |
| 6 | പീടികപ്പടി വെങ്ങാട് | ,, | 1.5 | 8 | |
| 7 | പഴയചന്ത സ്മശാനം | ,, | 200 മീററർ | 6 | |
| 8 | അത്തിപ്പററ പഴയചന്ത പെരുമ്പറമ്പ് | ,, | 800 മീററർ | | |
| 9 | അത്തിപ്പററ പുന്നാംചോല | ,, | 1.200K M | | |
| 10 | അധികാരിപ്പടി പറയരുകുന്ന് | ,, | 300 മീററർ | | |
| 11 | തിണ്ടലം മാവണ്ടിയൂർ | ,, | 2 5 K M | | |
| 12 | മാവണ്ടിയൂർ ബ്രദേഴ്സ് ഹൈസ്ക്കൂൾ | ,, | .500K M | | |
| 13 | ചീനിച്ചോട് ചെങ്കണ്ടൻ പടി | ,, | .500 | | |
| 14 | ചെങ്കണ്ടംപടി ചീനിച്ചോട് | ,, | 1.400 | | |
| 15 | തിണ്ടലം ഹരിജൻകോളനി റോഡ് | ,, | 2 | | |
| 16 | നമ്പൂരിപ്പടി മാളിയേക്കൽ ഇടവഴി | ,, | .450 | | |
| 17 | ചെററാർചോല ഹരിജൻകോളനി | ,, | 1 | | |
| 18 | A I മസ്ദ നാലകത്ത്പടി | ,, | .850 | | |
| 19 | നാലകത്ത്പടി അത്തിക്കഴി | ,, | .300 | | |
| 20 | മുക്കിലപീടിക കണ്ണൻകടവ് | ,, | .300 | | |
| 21 | പുന്നാംചോല പടപ്പയിൽപടി | ,, | .400 മീററർ | | |



# 11

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

ജനിച്ചമണ്ണിൽ അഭിമാനത്തോടെ ജീവിക്കാൻ സ്വന്തമായൊരു വീട് വേണം. അതിൻെറ കേടുപാടുകൾ യഥാകാലം പരിഹരിക്കാൻ കഴിയണം. വീട്ടിൽ നിന്നും കുടിവെള്ളത്തിന് ദീർഘദൂരം നടന്നു പോകേണ്ടിവരരുത്,

എടയൂർ പഞ്ചായത്തിൽ ഇന്നുള്ള 30% വീടുകളും കഴിഞ്ഞ 20 കൊല്ലത്തിനുള്ളിൽ നിർമ്മിച്ചവയാണ്. മൺചുമരുകൾ മേച്ചിൽപുല്ല് തറ ചാണകം തേക്കൽ എന്നിവ ഘട്ടം ഘട്ടമായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഗൾഫ്പണത്തിൻെറ സാന്നിദ്ധ്യം കാർഷികേതര മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വർദ്ധിച്ച തൊഴിൽ എന്നിവ പാർപ്പിട മേഖലയിൽ പ്രകടമായ പുരോഗതി പ്രദാനം ചെയ്തു. ധാരാളം തൊഴിലവസരങ്ങൾ നല്കുന്ന ഒരു മേഖലയായി പാർപ്പിട നിർമ്മാണം ഉയർന്നത് കഴിഞ്ഞ രണ്ടു ദശകങ്ങളിലെ പ്രത്യേകതയായി പഞ്ചായത്തിൽ വിലയിരുത്തപ്പെടുന്നു.

ഒരു വീട്ടിൽ ഒന്നിലേറെ കുടുംബങ്ങളും ചിലപ്പോൾ രണ്ടിലേറെ കുടുംബങ്ങളും തുടരുന്ന സ്ഥിതിയും വളരെ ചെറിയ ശതമാനമുണ്ട്. ഇത്തരം കുടുംബങ്ങൾ ഭാഗിച്ചു മാറുന്നത് റോഡിനോടു മുഖമാക്കി വീടുവെക്കാവുന്ന സ്വന്തം പാടത്തോ പള്ളിയാലിലോ ആയിരിക്കും. ഇതുമൂലം കൃഷിസ്ഥലത്തിൻെറ വിസ്തൃതി കുറയുന്നുണ്ട്, പക്ഷേ ഇതിനു പരിഹാരം കണ്ടെത്തുക എളുപ്പമല്ല. കാരണം സൗകര്യപ്രദമായ മറ്റൊരു പ്ലോട്ടു വാങ്ങി വീടുവെക്കാൻ ഭൂമിയുടെ വില വർദ്ധനകാരണം സാധാരണക്കാരനു കഴിയുന്നില്ല. തമിഴ്നാട്ടിലെപോലെ വീടുകൾ ഒരു മേഖലയിലും കൃഷിഭൂമി മറ്റൊരു മേഖലയിലും ആയിരിക്കാൻ മലയാളിയുടെപാർപ്പിട സങ്കൽപം അനുവദിക്കുന്നില്ല. ചെറിയവീടുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ കൂടുതലുള്ളത് തൊഴിലാളികളും ചെറുകിടകർഷകരുമാണ് പഞ്ചായത്തിലെ ഗണ്യമായ വിഭാഗം.

151

## വീടുകളെ സംബന്ധിച്ച വിവരം

| വാർഡ് | ഓട് | ടെറസ് | ഓല | ആകെ | വീടില്ലാത്ത കുടുംബം | കക്കൂസില്ലാത്ത കുടുംബം | വൈദ്യുതീകരിക്കാത്തത് |
|---|---|---|---|---|---|---|---|
| 1 | 259 | 61 | 49 | 369 | 65 | 200 | 160 |
| 2 | 141 | 32 | 186 | 359 | 78 | 257 | 147 |
| 3 | 250 | 33 | 16 | 299 | 19 | 129 | 160 |
| 4 | 431 | 19 | 92 | 542 | 28 | 108 | 108 |
| 5 | 277 | 56 | 26 | 359 | 20 | 138 | 185 |
| 6 | 208 | 35 | 56 | 299 | 30 | 137 | 129 |
| 7 | 230 | 18 | 18 | 266 | 16 | 152 | 310 |
| 8 | 360 | 47 | 84 | 491 | 15 | 117 | 166 |
| 9 | 289 | 13 | 42 | 344 | 30 | 217 | 110 |
| 10 | 349 | 17 | 42 | 408 | 45 | 205 | 69 |
| 11 | 205 | 14 | 71 | 290 | 40 | 154 | 332 |
| ആകെ | 2999 | 345 | 682 | 4026 | 386 | 1814 | 1876 |

Sourec: House Survey and House List of Panchayath.

വീടുള്ളതും വീടില്ലാത്തതുമായ ആകെ കുടുംബങ്ങൾ പഞ്ചായത്തിൽ 4412 ആണ്. പഞ്ചായത്തിലെ കുടുംബസംഖ്യയുടെ 8.75 ശതമാനത്തിനു താമസിക്കാൻ വീടില്ല. 41.11 ശതമാനം കുടുംബങ്ങൾക്ക് കക്കൂസില്ല. 46 6 ശതമാനം വീടുകൾക്ക് വൈദ്യുതിയില്ല. നിലവിലുള്ള വീടുകളുടെ 16.91 ശതമാനം ഓലയും പുല്ലും മേഞ്ഞതാണ്. 8.59% മാത്രമാണ് ടെറസ്. (പട്ടിക 1ൽ)

കാർഷിക വികസനബാങ്കിൽ നിന്നും വീട് നിർമ്മിക്കാൻ പഞ്ചായത്തിലെ 62 വ്യക്തികൾ കടമെടുത്ത മൊത്തം തുക 31 5 ലക്ഷം രൂപയാണ്. വിവിധ സ്കീമുകളിൽ കൂടി 161 വീടുകൾ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

/152

## വിവിധ സ്കീമുകളിൽ കൂടി അനുവദിച്ച വീടുകൾ

| വർഷം | RLGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 92–93 | 51 | 32 | 41 | 21 | 16 | 161 |

Source: VEO/Block office.

ഭവന വാസ്തുരംഗത്ത് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുക.

1. വാസ്തു വ്യവസ്ഥകൾ ലളിതമാക്കുക.
2. Plot അടിസ്ഥാനത്തിൽ വീട് നിർമ്മിച്ച് തവണവ്യവസ്ഥയിൽ നല്കുക.
3. ചിലവുകുറഞ്ഞ വീട് നിർമ്മാണം പ്രചരിപ്പിക്കുക.

### ഗ്രാമസഭാനിർദ്ദേശം

മിച്ചഭൂമിയിൽ ഹൗസിംഗ് കോളനി സ്ഥാപിക്കുക.

### RLEGP. NREP മുതലായ സ്കീമുകളെ സംബന്ധിച്ച് :-

ഈ സ്കീമുകളിൽ കൂടി അനുവദിക്കുന്ന തുക വീടുവയ്ക്കാൻ മതിയാകുന്നില്ല. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന, കൂലിനിരക്കിൽ വന്ന വർദ്ധന, പ്രസ്തുത സ്കീമുകളിൽ കൂടി മററു ചില സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന വീടുകളുമായി നമ്മുടെ വീടുകൾക്ക് ഘടനയിലുള്ള വ്യത്യാസം എന്നിവയാണ് കാരണങ്ങൾ. 50000 രൂപയിൽ കുറഞ്ഞ തുക ഈ രംഗത്ത് അപര്യാപ്തമാണ്.

ഒമ്പതാംപദ്ധതി അവസാനിക്കുമ്പോൾ പഞ്ചായത്തിൽ എല്ലാ സാമ്പത്തിക വിഭാഗത്തിലുംപെട്ടവർക്ക് അവരുടെ ഭവന നിർമ്മാണം പ്രശ്നം പരമാവധി പരിഹരിക്കാനുള്ള കൂട്ടായ ശ്രമങ്ങൾക്ക് നമുക്ക് ഒരുമിക്കാം.

### സാമൂഹ്യക്ഷേമം

വീട് കത്തിനശിച്ച സാമ്പത്തിക ദുർബ്ബല വിഭാഗത്തിന് അതു നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനും സാമ്പത്തിക സഹായം എന്നിവ സർക്കാരിൻെറ സ്കീമുകൾ നടപ്പാക്കി തുടങ്ങുന്നതിനു മുമ്പുതന്നെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. അത്തരം റിലീഫ് കമ്മററികൾ ഇന്നും നാട്ടിലും വിദേശങ്ങളിലുമുള്ള സാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സഹായത്താൽ പ്രവർത്തിച്ചുവരുന്നു.

IRDP സർവ്വേ

## ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വേയിൽ കണ്ടെത്തിയ കുടുംബങ്ങൾ | SC/ST കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായംമൂലംദാരിദ്ര്യ രേഖക്കുമുകളിലെത്തിയവർ | സഹായം ലഭിച്ചവരടക്കം ദാരിദ്ര്യരേഖക്കു താഴെ ആകെ |
|---|---|---|---|---|---|---|
| 1 | 204 | 7 | | | | |
| 2 | 206 | 6 | | | | |
| 3 | 220 | 11 | 177 | | | |
| 4 | 128 | 8 | (1മുതൽ 5 | 80 | 89 | 844 |
| 5 | 175 | 3 | വരെ വാർഡു | | | |
| 6 | 208 | 5 | കളിൽ) | | | |
| 7 | 218 | 7 | 164 | | | |
| 8 | 234 | 18 | (6 മുതൽ 10 | | | |
| 9 | 192 | 9 | വരെവാർ | | | |
| 10 | 203 | 8 | ഡുകളിൽ) | 49 | 112 | 1055 |
| 11 | | | | | | |
| ആകെ | 1933 | 82 | | 129 | 201 | 1899 |

92 93 ൽ വാർഡുകൾ 10 എണ്ണമേയുള്ളു. Source: ഗ്രാമ വികാസ് Block Office.

ദാരിദ്ര്യ രേഖക്കുതാഴെ ഈ പഞ്ചായത്തിലുള്ളവർ 1899 പേരാണ്. അതായത് ജനസംഖ്യയുടെ 7.21 ശതമാനം (പട്ടിക 3ൽ) I R D P സർവ്വേപ്രകാരം സാമ്പത്തിക സഹായം ലഭിച്ച ഹരിജൻ വിഭാഗത്തിൽപ്പെട്ടവർ 129 പേരാണ്.

പട്ടിക IV

## ട്രൈസം തൊഴിൽ പരിശീലനം

| പരിശീലന വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ നേടിയവർ | ഇതര തൊഴിലുകൾ നേടിയവർ | ശേഷിക്കുന്നവർ |
|---|---|---|---|---|
| റെസിമെയ്ഡ് ഗാർമെൻറസ് | | | | |
| വാഷിംഗ് സോപ്പ് | | | | |
| റെക്സിൻ ബാഗ് | 47 | 29 | 8 | 10 |
| പ്രിൻറിംഗ്, കമ്പോസിംഗ് | | | | |
| എംബ്രോയിഡറി | | | | |
| ഫോട്ടോ ഗ്രാഫി | | | | |

Source: ഗ്രാമവികസനം Block office.

പട്ടിക V

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

| തൊഴിൽ സംരംഭത്തിൻെറ പേര് | വർഷം | അംഗങ്ങൾ | പ്രവർത്തന നില |
|---|---|---|---|
| റെഡിമെയ്ഡ് ഗാർമെൻറ്സ് | 88–89 | 16 | പ്രവൃത്തനമില്ല |
| വാഷിംഗ് സോപ്പ് | 90–91 | 15 | Do |
| വെജിററബിൾ കൃഷി, വിപണനം | 92–93 | 10 | പ്രവത്തിക്കുന്നു. |

Source: ഗ്രാമ വികസനം V E O.

പട്ടിക VI

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വർഷം | അനുവദിച്ച എണ്ണം | പദ്ധതിയുടെ പേര് | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|---|
| 93–94 | 21+9 | CRSP+JRY | 30 |
| 94–95 | 1+16 | JRY+CRSP | 17 |
| 95–96 | 1+9 | JRY+CRSP | 10 |

Source: ഗ്രാമ വികസനം VEO

പട്ടിക VII ഗ്രാമീണ കൈത്തൊഴിൽകാർക്ക് ഉപകരണങ്ങൾനൽകിയ വിവരം RAP

| വർഷം | സഹായം ലഭിച്ചവർ | ഇനി സഹായത്തിന് അർഹതയുള്ളവർ |
|---|---|---|
| 93–94 | 7 | |
| 94–95 | 7 | |
| 95–96 | 12 | 15 |

Source: ഗ്രാമ വികസനം VEO

പട്ടിക 7ൽ വ്യക്തമാക്കാൻ ബാക്കിയുള്ളത് വിതരണം ചേയ്ത തൊഴിലുപകരണങ്ങളെ സംബന്ധിച്ചാണ്. അവ ബ്ലാക്ക്സ്മിത്ത് ടൂൾസ് കാർപെൻറർ ടൂൾസ്, എലക്ട്രിക് ഡ്രില്ലിംഗ് മെഷീൻ, ഗോൾഡ് സ്മിത്ത് ബഫിംഗ് മോട്ടോർ, ബ്ലോവർ ഡ്രിൽ (ഉല) കുട്ടക്കത്തികൾ എന്നിവയാണ്.

## ദുരിതാശ്വാസം

95–96ൽ വെള്ളപ്പൊക്ക ദുരിതാശ്വാസമായി എട്ടുപേക്ക് 7475 രൂപ അനുവദിച്ച് വിതരണം ചെയ്തു.

പഞ്ചായത്തിലെ പൊതുകിണറുകൾ 24 എണ്ണമാണ്. വരൾച്ചാദുരിതാശ്വാസം, ലോകബാങ്ക് പദ്ധതി, S.C.P സ്കീം C W S S എന്നീ ഇനങ്ങളിൽ കൂടി 48 കുഴൽ കിണറുകളും 67 ടാപ്പുകളും പഞ്ചായത്തിന്റെ വ്യത്യസ്ത മേഖലകളിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 10ാം വാർഡിൽ സ്ഥാപിച്ച 8 ടാപ്പുകളും പ്രവർത്തിക്കുന്നില്ല. നിർമ്മാണത്തകരാറു മൂലമാണിത് ഇത് അടിയന്തിരമായും പരിഹരിക്കാനുണ്ട്.

## പട്ടിക 8

### വൈകല്യം

| വാർഡ് നമ്പർ | അംഗനവാടി കോട് | ചലനം | കാഴ്ച | കേഴ്‌വി | സംസാരം | മന്ദ ബുദ്ധി | മററിനം | അംഗനവാടി ആകെ | വാർഡ് ആകെ |
|---|---|---|---|---|---|---|---|---|---|
| | 35 | 4 | 1 | 1 | 1 | 0 | 0 | 7 | |
| | 36 | 6 | 3 | 4 | 1 | 1 | 0 | 15 | |
| | 37 | 0 | 0 | 1 | 1 | 1 | 1 | 4 | |
| | 38 | 6 | 0 | 3 | 0 | 1 | 0 | 10 | |
| | 39 | 3 | 0 | 3 | 0 | 2 | 1 | 9 | |
| | 40 | 2 | 6 | 3 | 0 | 0 | 0 | 11 | |
| | 41 | 3 | 0 | 3 | 2 | 0 | 0 | 8 | |
| | 42 | 3 | 0 | 1 | 1 | 5 | 0 | 10 | |
| | 43 | 4 | 1 | 2 | 2 | 3 | 0 | 12 | |
| | 44 | 7 | 1 | 3 | 0 | 0 | 0 | 11 | |
| | 45 | 6 | 1 | 5 | 0 | 1 | 0 | 13 | |
| | 46 | 5 | 0 | 1 | 1 | 2 | 4 | 13 | |
| | 47 | 11 | 1 | 1 | 0 | 1 | 0 | 14 | |
| | 48 | 5 | 2 | 2 | 0 | 6 | 0 | 15 | |
| | 49 | 6 | 0 | 0 | 0 | 3 | 1 | 10 | |
| | 50 | 5 | 1 | 2 | 2 | 5 | 3 | 18 | |
| | 51 | 2 | 2 | 3 | 0 | 3 | 0 | 10 | |
| | 52 | 8 | 7 | 1 | 2 | 1 | 0 | 19 | |
| | 53 | 2 | 2 | 2 | 0 | 0 | 1 | 7 | |
| | 54 | 17 | 2 | 2 | 0 | 0 | 0 | 21 | |
| | 137 | 6 | 7 | 5 | 0 | 1 | 0 | 19 | |
| | ...... | 1 | 1 | 1 | 0 | 0 | 0 | 3 | |
| | ആകെ | 112 | 33 | 49 | 13 | 36 | 11 | 259 | |

......സെൻറർ നമ്പർ ഇല്ലാ വൈകി കിട്ടിയത് (28-2-96)വരെ.

Source: I C D S കാര്യാലയം.

57 പഞ്ചായത്തിൽ 259 വികലാംഗരുണ്ട്. (പട്ടിക 8ൽ) ഇവർക്കും വിധവകൾ, കർഷകത്തൊഴിലാളികൾ, തൊഴിലില്ലാത്തവർ എന്നിവർക്ക് സർക്കാർ ആനുകൂല്യം ലഭിച്ചുവരുന്നു. 1995 നവംബർ ഒന്നു മുതൽ ദുർബല വിഭാഗങ്ങൾക്കു സർക്കാർ ആനുകൂല്യം താഴെപറയുന്ന സ്കീമുകളിൽ കൂടിയാണ് നൽകി വരുന്നത്.

I ദേശീയ വാർദ്ധക്യകാല പെൻഷൻ (N O A P S) 65 വയസ്സുകഴിഞ്ഞ ദരിദ്രരായ അഗതികൾക്ക് പ്രതിമാസം 100 രൂപ അനുവദിക്കുന്നു. ഇതിനുള്ള അപേക്ഷ പഞ്ചായത്തുമുഖേനയാണു നൽകേണ്ടത്. സൂക്ഷ്മ പരിശോധന നടത്തുന്നത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്. കലക്ടറേററിൽ നിന്നുപാസായി വരുന്ന ഈ അപേക്ഷയിലെ അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഇനിമുതൽ ഗ്രാമസഭയിൽ വായിക്കേണ്ടതുണ്ട്. ഈ സ്കീം പ്രകാരം പഞ്ചായത്തിൽ 38 ആളുകൾക്കു പെൻഷൻ ലഭിച്ചു

(95–96 )

II ദേശീയ ഫാമിലി ബെനഫിററ് സ്കീം (NF BS) ദുർബല വിഭാഗത്തിലെ കുടുംബനാഥനോ നാഥയോ മരിച്ചാൽ ലഭിക്കുന്ന ആനുകൂല്യമാണിത്. സ്വാഭാവിക മരണത്തിനു 5000 രൂപയും അപകടമരണത്തിനു 10000 രൂപയുമാണ് അനുവദിക്കുന്നത്. പഞ്ചായത്തിൽ ഈ സ്കീം പ്രകാരം 4 പേർക്ക് തുക അനുവദിച്ചു. അപേക്ഷിച്ച ബാക്കിപേർക്ക് അടുത്ത വർഷം അനുവദിക്കാൻ സാധിക്കും.

III ദേശീയ മെൻേറർണിററി ബനഫിററ് സ്കീം (NMBS) ദരിദ്രരേഖക്കു താഴെയുള്ള 19 വയസിനു മേൽ പ്രായമുള്ള ഗർഭിണികൾക്ക് രണ്ടുപ്രസവങ്ങൾക്ക് 300 രൂപ വീതം ഈ പദ്ധതിയിൽ അനുവദിക്കുന്നു. പ്രസവത്തിനു 8 മുതൽ 12 ആഴ്ചക്കു മുമ്പ് ഈ തുക ലഭിക്കും. പ്രൈമറി ഹെൽത്ത്സെൻററിലോ താലൂക്ക് ആശുപത്രിയിലോ പ്രസവം സംബന്ധിച്ച രേഖ ഉണ്ടായിരിക്കണം. മുകളിലെഴുതിയ സ്കീമുകളിലേക്കു നൽകാനുള്ള അപേക്ഷയുടെ മാതൃക പഞ്ചായത്തിൽ നിന്നു ലഭിക്കുന്നതാണ്.

### അംഗനവാടികൾ.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്ന അംഗനവാടികൾ പഞ്ചായത്തിൽ 21 എണ്ണമുള്ള ആയിരം ജനങ്ങളുള്ള മേഖലക്ക് ഒരു അംഗനവാടി എന്ന ICDS ൻെറ ലക്ഷ്യം 26352 ജനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ പ്രയോഗത്തിൽ വന്നില്ല. പഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങളില്ലാത്ത പൂക്കാട്ടിരി, അത്തിപ്പററ, എടയൂർ പ്രദേശങ്ങളിൽ അനുവദിക്കുകയും, അവ നടത്താൻ താൽപരമുള്ള സന്നദ്ധ സംഘടനകളെ അവയുടെ പ്രവർത്തനം ഏൽപിക്കുകയും വേണം.

### റേഷൻഷോപ്പുകൾ (പൊതുവിതരണ കേന്ദ്രം)

പഞ്ചായത്തിൽ 9 റേഷൻഷോപ്പുകളാണുള്ളത്, 3719 കുടുംബങ്ങൾക്കു മാത്രമേ കാർഡ് ഉള്ളു. (NE 2576 + E1143)

### നിർദ്ദേശങ്ങൾ.

1 മാവണ്ടിയൂരിൽ ഒരു റേഷൻഷോപ്പ് സ്ഥാപിക്കുക

2 നിലവിലുള്ള കാർഡുകളിൽ പേരുചേർക്കാൻ ബാക്കിയുള്ളവർക്കു ഉൾപ്പെടുത്തുകയും കാർഡില്ലാത്ത കുടുംബങ്ങൾക്കു അത് അനുവദിക്കുകയും ചെയ്യുക.

3 പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുക.

4 അംഗനവാടികൾക്ക് പകുതിഎണ്ണത്തിന് സ്വന്തം സ്ഥലവും കെട്ടിടവുമില്ല. സ്ഥലം ഏറെറടുത്ത കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്തിനെ ഏൽപിക്കുക.


5 അനൗപചാരിക അടുപ്പുകൾ അംഗനവാടികളിൽ വ്യാപകമാക്കുക.

6 അംഗനവാടി ജീവനക്കാരുടെ വേതന വ്യവസ്ഥ ഉയർത്തുക.

7 ജനവിദ്യാ കേന്ദ്രങ്ങളില്ലാത്ത സ്ഥലങ്ങളിൽ (പൂക്കാട്ടിരി, അത്തിപ്പററ, പുന്നാംചോല, തിണ്ടലം, C K പാറ, ചേനാടൻകുളമ്പ്) ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങളിൽ ആവശ്യമായ പുസ്തകങ്ങളും കേരളം കേന്ദ്ര സർക്കാറുകളുടെ സഹായങ്ങളും അനുവദിക്കുക.

8 ഇപ്പോൾ അനുവദിച്ച റേഷൻസബ്സിഡി 4 kg അരിക്ക് എന്നത് കുടുംബത്തിൻെറ പൂർണ്ണ അളവിനും അനുവദിക്കുക.

9 സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുക



# സംസ്കാരം

158

തനതായ കേരളസംസ്കാരം പൂർണ്ണമായും പ്രതിഫലിക്കപ്പെടുന്ന തരത്തിലല്ലെങ്കിലും ഉത്തമമായ ഒരു സംസ്കാരം നമ്മുടെ പഞ്ചായത്ത് ഉയർത്തിപ്പിടിക്കുന്നു. ഒരു കാലത്ത് തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും നില നിന്നിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്ന് വിവിധ മത വിശ്വാസികളും വിവിധ ആശയക്കാരും തോളുരുമ്മി ജീവിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട മതങ്ങളായ ഹിന്ദു മുസ്ലീം, ക്രിസ്ത്യീയ മത വിശ്വാസികൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. തിരുവിതാംകൂറിൽനിന്നും കുടിയേറിപ്പാർത്ത ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുള്ളതിനാൽ ഒരു സമ്മിശ്ര സംസ്കാരം ഇവിടെ നിലനിൽക്കുന്നു ഇവിടത്തെ വിവിധ മത ദേവാലയങ്ങൾ ഇതിനുദാഹരണമാണ്. നമ്മുടെ സംസ്ഥാനത്ത് പൊതുവെയും ജില്ലയിൽ പ്രത്യേകിച്ചും പല സ്ഥലങ്ങളിലും കാലങ്ങളിലും പല തരത്തിലുള്ള സാമുദായിക സംഘട്ടനങ്ങളുംനടന്നപ്പോൾ നമ്മുടെ പഞ്ചായത്ത് ഇതിൽ നിന്നെല്ലാം വ്യത്യസ്ഥമായി മത സൗഹാർദ്ദം ഊട്ടിയുറപ്പിച്ച് നില കൊള്ളുന്നു. നിരവധി സാംസ്കാരിക സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തിൽ അറിയപ്പെടുന്ന ധാരാളം കലാകാരന്മാർ നമ്മുടെ പഞ്ചായത്തിന്റെ സംഭാവനയായുണ്ട്. അവരിൽ ചിലരാണ് തായമ്പക വിദഗ്ദൻ ദിവാകര പൊതുവാൾ കഥാപ്രസംഗരംഗത്തുള്ള അഹമ്മദ്കുട്ടി മൗലവി മാവണ്ടിയൂർ P P M കുട്ടിമൗലവി എടയൂർ നാടകരംഗത്തുള്ള K.G.പാൽ എന്നിവർ.

കേരള സംസ്ഥാനത്തിന് വ്യതിരക്തമായ ഒരു സാംസ്കാരിക നയമുള്ളപ്പോൾ അതിനനുസൃതമായ ഒരു സാംസ്കാരിക സമീപനം നമ്മുടെ പഞ്ചായത്തിനും ആവശ്യമാണ്. കേരളത്തിലെ ലളിതകലാ അക്കാദമിയുമായി ബന്ധപ്പെടുത്തി നമ്മുടെ സാംസ്കാരിക സംഘടനകളെ പരിപോഷിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കേരളത്തിന്റെ സാംസ്കാരം പുറംലോകത്തിന് പരിചയപ്പെടുത്താൻ ഏറ്റവും ഫലവത്തായ ഒരു വേദിയാണ് ഓണക്കാലത്ത് എല്ലാ ജില്ലകളിലും നടക്കുന്ന വിവിധ സാംസ്കാരിക പരിപാടികൾ. നമ്മുടെ പഞ്ചായത്തിന് ഇങ്ങിനെയുള്ള പരിപാടികൾ അന്യമാണ്. ഈ അവസ്ഥ മാററി നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാടൻ കലകളും കലാരൂപങ്ങളും കലാകാരന്മാരെയും സമന്വയിപ്പിച്ചുകൊണ്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ വർഷത്തിലൊരിക്കൽ കലാ മത്സരങ്ങളും കായിക മത്സരങ്ങളും സംഘടിപ്പിക്കപ്പെണ്ടേതുണ്ട്. ആദ്യകാലങ്ങളിൽ ധാരാളം സഹൃദവേദികളും ക്ലബ്ബുകളും ധാരാളം കലാപരിപാടികൾ ഈ പ്രദേശത്ത് സംഘടിപ്പിച്ചിരുന്നു. എന്നാൽ ഇയ്യിടെയായി ഈ വിഷയത്തിൽ വളരെയധികം മുരടിപ്പുണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ അമേച്വർ നാടകവേദിവളരെയധികം പുഷ്ടിപ്പെട്ടിരുന്നു. കായിക രംഗത്തും ധാരാളം പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിരുന്നു. ഓണക്കാലത്ത് കമ്പവലിയും ഓണത്തല്ലും പൂരക്കളിയും പെരുന്നാൾ ദിവസങ്ങളിലെ കൈകൊട്ടിക്കളിയും ഇന്നത്തെ തലമുറക്ക് അപ്രാപ്യമായിരിക്കുന്നു. ഇന്ന് വളർന്നു വരുന്ന സാമ്പത്തിക സംസ്കാരം നമ്മുടെ യഥാർത്ഥ സംസ്കാരത്തെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ദുസ്സഹമായ കാഴ്ചയാണ് നാം കാണുന്നത്. ഈ അവസ്ഥ മാററിയെടുക്കാൻ ഒരു കൂട്ടായ ശ്രമംതന്നെ വേണമെന്ന് ഇവിടെ ഉണർത്തട്ടെ.



ജീവിതത്തിന്റെ നിഖില മേഖലകളിലും വനിതാശബ്ദം മുഴങ്ങിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലും എടയൂർ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം വനിതകളുടെ സാമൂഹ്യസ്ഥിതി വളരെ പരിതാപകരമാണ്. നിയമപ്രകാരം പല രംഗങ്ങളിലും സംവരണം ഉണ്ടെങ്കിലും ആ ആനുകൂല്യം വനിതകൾക്ക് നൽകാനോ അതല്ലെങ്കിൽ സ്ത്രീകളുടെ അവകാശം നേടിയെടുക്കുന്നതിനോ ആരും മുതിരുന്നില്ല എന്നത് തന്നെയാണ് ഈ ശോചനീയാവസ്ഥക്ക് പ്രധാന കാരണം.

സാമൂഹ്യരംഗത്ത് പണ്ടുകാലം മുതൽക്കേ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ വളരെ പിന്നിലാണ്. വിദ്യാഭ്യാസകാര്യത്തിലാണെങ്കിൽ പഞ്ചായത്തിലെ ബഹുഭൂരിപക്ഷംവരുന്ന മുസ്ലിംസ്ത്രീകൾ വളരെയധികം പിന്നോക്കം നിൽക്കുന്നു. കാലാകാലങ്ങളിൽ ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവന്ന സംസ്കാരിക, സാമൂഹ്യ സംഘടനകളുടെ പ്രവർത്തനം ശ്ലാഘനീയം തന്നെ. പഞ്ചായത്തിൽ പ്രാചീനകാലം മുതൽ തന്നെ കൊണ്ടാടിപോരുന്ന നിരവധി ആഘോഷങ്ങളിലും സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. എടുത്തു പറയത്തക്ക പ്രാധാന്യമർഹിക്കുന്ന മഹിളാവ്യക്തിത്വങ്ങളാരുംതന്നെ ഈ പഞ്ചായത്തിലില്ലെന്നു തന്നെയാണ് ഭാഷ്യം. എന്നാൽ സ്വാതന്ത്ര്യനന്തരം ഉണ്ടായ വിദ്യാഭ്യാസ പുരോഗതി നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിലും കൂടുതൽ പ്രതിഫലിച്ചു. ഇതിന്റെ ഫലമായി സമീപകാലത്ത് ധാരാളം സ്ത്രീകൾ പല തൊഴിൽ മേഖലകളിലും എത്തിപ്പെട്ടു. ഇന്ന് അധ്യാപന രംഗത്ത് പഞ്ചായത്തിൽഭൂരിപക്ഷം സ്ത്രീകൾക്കാണ് ഈ രംഗത്ത് ഈ കാൽവെപ്പ് വളരെ വിജയപ്രദമാണ്.

ഗ്രാമീണ സ്ത്രീകളെ സംഘടിപ്പിക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ യാതൊരു നീക്കവും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും സ്ത്രീ പീഡനങ്ങളും നമ്മുടെ പഞ്ചായത്തിൽ തുലോം കുറവാണ്. എന്നിരുന്നാലും അവശതയനുഭവിക്കുന്ന സ്ത്രീജനങ്ങളെ കൈപിടിച്ചുയർത്താൻ ശ്രമം നടക്കാത്തിടത്തോളം കാലം ഈ പഞ്ചായത്തിലെ, സ്ത്രീകളുടെ പിന്നോക്കാവസ്ഥയിൽ മാററം വരില്ല. ഏതൊരു കാര്യവും ഉത്തരവാദിത്തത്തോടുകൂടി ഏറെറടുത്ത് നടത്താൻ സ്ത്രീകൾക്ക് ശേഷിയുണ്ടെങ്കിലും അവരെ കാര്യങ്ങൾ ഏൽപ്പിക്കാൻ പുരുഷന്മാർ മടിക്കുന്നു. ഈ അവസ്ഥ മാററിയെടുക്കുക എന്നത് സ്ത്രീകളുടെ തന്നെ ആവശ്യമായി വന്നിരിക്കുകയാണ്. ഇന്ന് ധാരാളം അഭ്യസ്ഥ വിദ്യരായ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും തൊഴിലെടുക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. ദാരിദ്ര്യം അകററാൻവേണ്ടി കൂലിവേല ചെയ്യുന്നവരാണ് സ്ത്രീതൊഴിലാളികളിൽ ഭൂരിപക്ഷവും. ഈ രംഗത്താണെങ്കിൽ അവർ പല നിലയിലും പീഡിപ്പിക്കപ്പെടുന്നതായി കാണാം.


| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷക തൊഴിലാളി | 65 രൂപ | 100 രൂപ |
| നിർമ്മാണതൊഴിലാളി | 75 രൂപ | 120 രൂപ |
| മററുതൊഴിലുകൾ | 60 രൂപ | 100 രൂപ |

ഗ്രാമീണ സ്ത്രീകൾക്കും കുട്ടികൾക്കും ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമായി കേന്ദ്രസർക്കാർ നടപ്പാക്കിവരുന്ന DWCRA പദ്ധതിയുടെ കീഴിൽ ഈ പഞ്ചായത്തിൽ ധാരാളം സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഒരു ഡസനോളം ചെറുകിട വ്യവസായ സ്ഥാപനങ്ങളുംസ്വയം തൊഴിൽ സ്ഥാപനങ്ങളും ആരംഭിച്ചിരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളുടെ നിയന്ത്രണം കാര്യക്ഷമമല്ലാത്തതിനാലും പല സംരംഭങ്ങളും സ്ത്രീകളുടെ നിയന്ത്രണത്തിൽനിന്നും കൈവിട്ടു പോയതിനാലും ലക്ഷ്യം കാണാതെ പോയിട്ടുണ്ട്. ഈ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

സംയോജിത സാമൂഹ്യദിഷ്ഠിത ദാരിദ്രനിർമാർജന പോഷകാഹാര പരിപാടി (CBNP) എന്ന ഒരു മഹിളാപ്രസ്ഥാനം 1994 മുതൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു ഈ സംരംഭത്തിൽ ദാരിദ്രരേഖക്ക് താഴെയുള്ള 1562 കുടുംബങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളിൽനിന്ന് 46 ക്ലേശ അചൽപക്കക്കൂട്ടങ്ങളും, (NHS) 46ക്ലേശ അയൽപക്ക സമിതികളും 6 ഏരിയ ഡവലപ്മെൻറ് സൊസൈററി (ADS) ഇവരിൽ നിന്നെല്ലാം തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടിന്റെ കീഴിലുള്ള ഒരു പഞ്ചായത്ത് കമ്യൂണിററി ഡവലപ്പ്മെൻറ് സൊസൈററിയും (CDS) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന CBNPഅംഗങ്ങൾക്കായി അംഗങ്ങളിൽനിന്ന്തന്നെ തുഛമായ സംഖ്യ ആഴ്ചതോറും പിരിച്ചെടുത്ത് സ്വരൂപിച്ച് ആവശ്യക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ത്രിഫ്റ്റ്സൊസൈററി മുഖേന വിതരണം ചെയ്യുന്നു. CBNP കുററിപ്പുറം ബ്ലോക്ക് CDS പ്രസിഡണ്ടും, മലപ്പുറം ജില്ലാ CDS മെമ്പറും ഈ പഞ്ചായത്തിൽ നിന്നാണ്. CBNP പ്രവർത്തനങ്ങൾക്ക് യൂനിസെഫിൽനിന്നും ലഭിച്ചുവന്നിരുന്ന ധനസഹായം നിലച്ചതോടെ ഈ പ്രസ്ഥാനം പ്രവർത്തനം നടത്താൻ കഴിയാതെ മുരടിച്ചു നിൽക്കുകയാണ്. സാക്ഷരതാപ്രവർത്തനങ്ങളും CBNP പ്രസ്ഥാനവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു.

പഞ്ചായത്തിലെ ഗ്രാമസഭകളിൽ വനിതാ ക്ഷേമകാര്യങ്ങളെകുറിച്ചു ചർച്ചയിൽനിന്നും ഉരുത്തിരിഞ്ഞ വസ്തുതകളും ആവശ്യങ്ങളും ചുരുക്കത്തിൽ കുറിക്കുന്നു.

വനിതാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പെൺകുട്ടികൾക്കു മാത്രമായി വിദ്യാലയങ്ങൾ സ്ഥാപിക്കുക. മഹിളാസമാജങ്ങളെ പരിപോഷിപ്പിക്കുക. സ്ത്രീധനവും സ്ത്രീപീഡനങ്ങളും നിരുത്സാഹപ്പെടുത്താനുള്ള ബോധവൽക്കരണം നടത്തുക. മദ്യനിരോധനം നടപ്പിൽ വരുത്തി സ്ത്രീകളെ പീഡനത്തിൽനിന്നും രക്ഷിക്കുക. സ്ത്രീകൾക്ക് നടത്താവുന്ന കുടിൽവ്യവസായങ്ങൾക്ക് ധനസഹായം അനുവദിക്കുക, വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും പരിപാലനത്തിനുള്ള ധനസഹായം നൽകുക, അത്യാവശ്യ മരുന്നുകളെകുറിച്ചും, പ്രാഥമിക ശുശ്രൂഷയെക്കുറിച്ചും ബോധവൽക്കരണം നടത്തുക, തുന്നൽ പരിശീലനകേന്ദ്രങ്ങളും റെഡിമെയ്ഡ് ഗാർമെൻറ് യൂനിററും സ്ഥാപിക്കുക, അശ്ലീല സിനിമാപോസ്ററുകളും വനിതകളെ അപമാനിക്കുന്ന പുസ്തകങ്ങളും നിരോധിക്കുക, ഫാമിലി ഹെൽത്ത് വിസിററർമാരുടെ സേവനം കാര്യക്ഷമമാക്കുക, വിധവാപെൻഷൻ യഥാസമയംവിതരണംചെയ്യുക, എല്ലാ വാർഡുകളിലും DWCRA യൂണിററുകൾ ആരംഭിക്കുക, പഞ്ചായത്ത് പരിസരത്ത് അബലാ മന്ദിരം സ്ഥാപിക്കുക.



# സഹകരണം

എടയൂർ പഞ്ചായത്തിൽ സഹകരണ സ്ഥാപനം എന്ന നിലയിൽ വടക്കുംപ്രം സർവ്വീസ് സഹകരണസംഘം മൂന്ന് സ്കൂൾ സൊസൈററിയും മാത്രമാണുള്ളത്. ആദ്യമായി 1951 വിവിദോദ്ദേശ്യ ഐക്യനാണയസംഘംഎന്ന പേരിൽ ആദ്യമായി ഈ സ്ഥാപനം വടക്കുംപ്രം അങ്ങാടിയിൽ കൊന്നക്കാട്ടിൽ ഖാദർ എന്നിവരുടെ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. സംഘത്തിൻെറ ആദ്യകാല പ്രസിഡൻറ് M. ദേവേശപിഷാരോടിമാസ്ററർ ആയിരുന്നു അതിനു ശേഷം 1962 വടക്കുംപ്രം സർവ്വീസ് സഹകരണ ബാങ്കായി എടയൂർ മേഖലയിലേക്ക് മാററപ്പെട്ടു. പ്രസിഡൻറ് കമ്മങ്ങാട്ട് പ്രഭാകരൻ നായർ ആയിരുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് ~~കെ. ബാലൻ~~ V. P. ശങ്കരനമ്പിയാർ നായർ മാസ്ററർ ആണ്.

## ഇന്നത്തെ അവസ്ഥ

1951ൽ പ്രവർത്തനമാരംഭിച്ച ഈസ്ഥാപനം കാലത്തിനനുസരിച്ച് വേണ്ടത്ര പുരോഗതിയിലല്ല. ഏകദേശം 3500കർഷകർ താമസിക്കുന്ന ഈ പഞ്ചായത്തിൽ സർവ്വീസ് സഹകരണബേങ്കിൽ ആകെ ഇപ്പോൾ ഉള്ള മെമ്പർമാർ 2965 മാത്രമാണ്. ബാങ്കിൻെറ ബൈലോ പ്രകാരം 5 രൂപാ പ്രകാരത്തിൽ 10, 10000/- (പത്തുലക്ഷത്തിപതിനായിരം) ഓഹരി മൂലധനം പിരിച്ചെടുക്കാമെങ്കിലും ആകെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 321029/- (മൂന്നു ലക്ഷത്തി ഇരുപത്തിഒന്നായിരത്തി ഇരുപത്തി ഒമ്പത്) രൂപ മാത്രമാണ്.

## കാർഷിക മേഖല

ഹ്രസ്വകാല വായ്പ ഏകദേശം 3500 കാർഷിക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് എടയൂർ. ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പയാണ് മുഖ്യമായും സർവ്വീസ് സഹകരണബാങ്ക്നൽകുന്നത് എങ്കിലും ഈ ആനുകൂല്യം എല്ലാ കർഷകർക്കും ലഭിക്കുന്നില്ല. കാരണം ഈ സ്ഥാപനത്തിൽ മുഴുവൻ കർഷകരും മെമ്പർമാരല്ല. ചില സാങ്കേതിക തടസ്സങ്ങളാൽ ഭൂരിഭാഗം കർഷകർക്കും അംഗത്വം ലഭിച്ചില്ല അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ നിക്ഷേപങ്ങൾ പുറത്തുള്ള ബാങ്കുകളിലേക്ക് പോകുന്നു. അതുകൊണ്ട്തന്നെ കാർഷികമേഖലലയിൽ കർഷകരെ സഹായിക്കാൻ ഈ സ്ഥാപനത്തിനു സാമ്പത്തികമായി സാധിക്കുന്നില്ല. ഈ പഞ്ചായത്തിലെ നിക്ഷേപങ്ങൾ മററു ബാങ്കിലേക്ക് പോകുന്നത്പോലെതന്നെ ഇവിടുത്തെ ജനങ്ങൾ കാർഷികേതര വായ്പകൾ അതെടുത്തപ്രദേശങ്ങളിലെ ബാങ്കുകളെ ആശ്രയിക്കേണ്ടി വരുന്നു. സ്ഥാപനത്തെ വളർത്തി എടുക്കണമെങ്കിൽ ഈ പഞ്ചായത്തിലെ നിക്ഷേപങ്ങൾ ഈ പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനമായ വടക്കുംപുറം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ ജനങ്ങളെ ബോധവാൻമാരാക്കുകയും ഭൂമിയുള്ളവരും സ്ഥിര താമസക്കാരുമായ എല്ലാവരേയും മെമ്പർമാരാക്കുകയും വേണം.

162

# എടയൂർ പഞ്ചായത്ത്
കാർഷിക വായ്പാ സംഘങ്ങൾ

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം ('000) | നിക്ഷേപം ('000) | വായ്പകൾ: കാർഷികം ('000) | വായ്പകൾ: കാർഷികേതരം ('000) | പ്രവർത്തന മൂലധനം ('000) | ലാഭമോ നഷ്ടമോ: ലാഭം ('000) | ലാഭമോ നഷ്ടമോ: നഷ്ടം ('000) | സ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | വടക്കുംപുറം സർവ്വീസ് സഹകരണ ബാങ്ക് | 1951 | എടയൂർ പഞ്ചായത്ത് | 2965 | (a) 5രൂപ / 321020 | | 3352-LT — 2335-ST — 124-GD | 1996 | 9000 | 1455 | | | |

പട്ടിക II

**പഞ്ചായത്തിന് പുറത്ത്നിന്നും പഞ്ചായത്ത് പരിധിയിലുള്ളവർക്ക് കാർഷിക / കാർഷികേതര വായ്പകൾ നൽകി സഹകരണ സ്ഥാപനങ്ങൾ**

| നമ്പർ | സ്ഥാപനത്തിന്റെ പേര് | കാർഷിക വായ്പകൾ ('000) | ഹൗസിംഗ് വായ്പകൾ ('000) | മൃഗസംരക്ഷണ വായ്പകൾ ('000) | മററിനങ്ങൾ |
|---|---|---|---|---|---|
| 1 | തിരൂർ സഹകരണ കാർഷിക വികസന ബാങ്ക് (വളാഞ്ചേരി ശാഖ) | 2430 | 3150 | 2970 | 450 |

### ദീർഘകാല കാർഷിക വായ്പ

തിരൂർ, തിരൂരങ്ങാടി താലൂക്കുകളുടെ പ്രവർത്തന പരിധിയിലുള്ള തിരൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘ കാല വായ്പ നൽകുന്നത്. ഈ ബാങ്കിന്റെ വളാഞ്ചേരി ശാഖ മുഖേനയാണ് ഈ പ്രദേശത്തുകാർക്ക് വായ്പ ലഭിക്കുന്നത്.

### നൽകിയ വായ്പകൾ

| വ്യക്തികളുടെ എണ്ണം | വായ്പയുടെ ഇനം | നൽകിയ സംഖ്യ |
|---|---|---|
| 62 | ഹൗസിംഗ് ലോൺ | 31. 5 ലക്ഷം |
| 32 | തെങ്ങ്കൃഷി | 9 ലക്ഷം |
| 8 | റബ്ബർകൃഷി | 4 .5 ലക്ഷം |
| 41 | വെററിലകൃഷി | 10 ലക്ഷം |
| 46 | പശു തൊഴുത്ത് | 11 .7 ലക്ഷം |
| 60 | കയ്യാലമതിൽ | 18 ലക്ഷം |
| 25 | പലവകയിൽ | 4 .5 ലക്ഷം |

### നിർദേശങ്ങൾ

1 ഈ സഹകരണ ബാങ്കിന്റെ പരിധിയിൽപ്പെട്ട എല്ലാകർഷകർക്കും അംഗത്വം നൽകുക.

2 ഈ സഹകരണ ബാങ്കിൻ പരിധിയിലുള്ള നിക്ഷേപങ്ങളും ബാങ്കിൽ നിക്ഷേപിക്കാൻ വേണ്ടതുചെയ്യുക. അങ്ങിനെ സമാഹരിക്കുന്ന നിക്ഷേപങ്ങളും അംഗങ്ങൾക്ക സ്വർണ്ണപണയ വയ്പ്പ, വിദേശയാത്രആവശ്യത്തിനുള്ള വായ്പ, പുരപ്പണി നിർമ്മാണത്തിനുള്ള വായ്പ, വിദ്യാഭ്യാസ ആവശ്യത്തിനുള്ള വായ്പഎന്നിവകൊടുക്കാൻ ശ്രമിക്കുക


3 കാർഷിക ആവശ്യത്തിനു സ്ഥിരമായി വളം നൽകുന്നതിന് വളം ഡിപ്പോ തുറന്നുപ്രവർത്തിക്കുക.

4 തെങ്ങ്കർഷകരെ സഹായിക്കുന്നതിന്വേണ്ടി കൊപ്രസംഭരണം പുനരാരംഭിക്കുക.

5 ക്ഷീരോൽപാദക സഹകരണ സംഘം തുറന്നു പ്രവർത്തിക്കാൻ വേണ്ടതു ചെയ്യുക.

6 എടയൂർ പഞ്ചായത്തിന്റെ ഹൃദയഭാഗമായ പൂക്കാട്ടിരി അങ്ങാടിയിൽ ഒരു നേ— ബേങ്കു അനുവദിക്കുക,

7 വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കാവുന്നതാണ്.



# പട്ടികവർഗ്ഗ ക്ഷേമം

164

പഞ്ചായത്തിലെ ജനസംഖ്യയിൽ 95% പട്ടികജാതി വിഭാഗമാണ്. പട്ടികവർഗ്ഗം ഈ പഞ്ചായത്തിലില്ല. 447 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. 15 അംഗീകാരമുള്ള കോളനികളും 6 അംഗീകാരമില്ലാത്ത കോളനികളും പഞ്ചായത്തിലുണ്ട്. ഒററപ്പെട്ടുതാമസിക്കുന്ന വീടുകളിലടക്കം 2504 അംഗങ്ങൾ ഉണ്ട്.

പട്ടിക I A
**നിലവിലുള്ള പട്ടികജാതി കോളനികൾ**
**(അംഗീകാരം ലഭിച്ചത്)**

| ക്രമനമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | മണ്ണത്തുപറമ്പ് | 1 |
| 2 | തട്ടാരുപാറ | 2 |
| 3 | അത്തിപ്പാറ (IHDP കോളനി) | 3 |
| 4 | പുന്നാംചോല | 4 |
| 5 | മയങ്ങനാൽ | 2 |
| 6 | പറയരുകുന്ന് | 2 |
| 7 | കളത്തിൽപടി | 1 |
| 8 | ചോലക്കൽ (ചോലവട്ടപ്പറമ്പ്) | 5 |
| 9 | പൂവ്വത്തും തറ | 5 |
| 10 | മംഗലശ്ശേരിപടി | 8 |
| 11 | തിണ്ടലം | 8 |
| 12 | വെട്ടത്തുകളംപടി | 8 |
| 13 | ചാത്തൻകാവുപാറ | 9 |
| 14 | അയിനിക്കുന്ന് | 11 |
| 15 | ചെററാർചോല | 9 |

| | | |
|---|---|---|
| 1 | നമ്പൂതിരിപടി | 10 |
| 2 | അമ്പലസിററി ഹരിജൻ കോളനി | 4 |
| 3 | തേങ്ങാപറമ്പ് | 2 |
| 4 | തിണ്ടലം ലക്ഷംവീട് | 7 |
| 5 | കല്ലംകുണ്ട് ഹരിജൻ കോളനി | 4 |
| 6 | ഓടംകുളം | 7 |

സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി വരിക്കാൻ കഴിഞ്ഞുവെങ്കിലും സാമ്പത്തികമായി വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ മിക്കവാറുംഅംഗങ്ങൾക്കുലഭിക്കുന്നുണ്ട്. കുടികിടപ്പവകാശങ്ങളും മിച്ചഭൂമിലഭ്യതയും സാമൂഹിക പുരോഗതിയുടെ കാര്യത്തിൽ ഏറെ സഹായിച്ചിട്ടുണ്ട്.

ഉച്ചനീചത്വങ്ങളിൽ നിന്ന്പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞുഎന്നുപറയുകവയ്യെങ്കിലും എല്ലാപൊതുപരിപാടികളിലും എല്ലാജാതി മതസ്ഥരുടെയും എല്ലാചടങ്ങുകളിലും പങ്കെടുക്കുന്നതിനുംകഴിയുന്നു.സർക്കാർ സഹായങ്ങൾ ഫലപ്രദമായും ലഭിക്കുന്നത് അംഗീകരിച്ച കോളനിവാസികൾ മാത്രമായതിനാൽ ഒററപ്പെട്ടു താമസിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർ സഹായങ്ങൾ പ്രയോജന പ്രദമാകുന്നില്ല.


കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലി എടുത്തുവരുന്നവരാണ്. കാർഷിക മേഖലയുടെ തകർച്ചയോടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയായവരിൽ മിക്കവരും കെട്ടിടനിർമ്മാണ രംഗത്തേക്ക് തിരിഞ്ഞിരിക്കയാണ് ഈ മേഖലകളിൽ സ്ത്രീകൾക്ക് 50 — 60 വരെയും പുരുഷൻ മാർക്ക് 100 — 120രൂപവരെയും. കൂലി ലഭിക്കുന്നുണ്ട്

പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞു എന്നുപറയാം. പഞ്ചായത്തു വകുപ്പും കുററിപ്പുറം ബ്ലോക്കു മുഖേനയും, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറും കൂട്ടായി ബന്ധിപ്പിച്ച് 188ൽപരം സൗജന്യവീടുകൾ പഞ്ചായത്തിൽ നിർമ്മിച്ചു താമസിച്ചുവരുന്നു. വിവിധപദ്ധതികളിൽ ഉൾപ്പെടുത്തി 100ഓളം കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട് പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഗുണകരമായ വിവിധക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി പഞ്ചായത്തുബോർഡ്മുഖേന നിരന്തരം ബന്ധപ്പെട്ടുപ്രവർത്തിച്ചു വരുന്നു.

## നിർദ്ദേശങ്ങൾ

അംഗീകരിക്കാത്ത കോളനികൾ അംഗീകരിക്കുക, വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതി എത്തിച്ച് സൗജന്യമായി വയറിംഗ് നടത്തി കണക്ഷൻ നൽകുക, കുടിവെള്ളത്തിനു ക്ഷാമം അനുഭവപ്പെടുന്ന കോളനികളും ഒററപ്പെട്ടു താമസിക്കുന്ന കുടുംബങ്ങളിലും വെള്ളം എത്തിക്കുവാൻആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക, ഗതാഗത സൗകര്യങ്ങളില്ലാത്ത കോളനികളിലേക്ക് പുതിയ റോഡ് നിർമ്മിച്ച് നിർമ്മിച്ച റോഡുകൾ അററകുററപണികൾ നടത്തി ടാറിങ്ങ് ചെയ്തുകൊടുക്കുക. ഏററവും പ്രധാനപ്പെട്ട ചോല–വട്ടപ്പറമ്പ് ഹരിജൻ കോളനിറോഡ് ചീനിച്ചോട് കളത്തിൽപടി പാലക്കൽ ഹരിജൻ കോളനിറോഡ് C. K. പാറ, ചിററാർചോല, ഹരിജൻകോളനികൾ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് പൂവ്വത്തുംതറ ഹരിജൻ കോളനിറോഡ് എന്നിവ എത്രയും പെട്ടെന്ന് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. 8, 9 വാർഡുകളിലെ മംഗലശ്ശേരിപ്പടി, തിണ്ടലം വെട്ടത്ത്കളംപടി ചെററാർചോല എന്നി ഹരിജൻ കോളനി നിവാസികൾക്ക് ദൂരസ്ഥലങ്ങളിലേക്ക് ഗതാഗതസൗകര്യാവശ്യാർത്ഥം കാവുംപുറം മുതൽ പനക്കാട്ട്പടി വരെയുള്ള നിലവിലുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തി വിദൂര ബസ്സ് സർവ്വീസുകൾ ആരംഭിക്കുക, പട്ടികജാതി വിഭാഗങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വിട്ടു കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

ചാത്തൻ കവുംപാറ ഹരിജൻ കോളനിയിലേക്ക് അനുവദിച്ച കിട്ടിയ T.V. സെററ് കോളനിയിൽ സ്ഥാപിക്കാൻ നടപടിയുണ്ടാവണം.



# 16

# വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനമായും വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വ്യവസായ മേഖലയും ഈ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ അങ്ങിങ്ങായി ഉണ്ടുതാനും ഈ രണ്ടു രംഗങ്ങളിലും മുന്നേററം നടത്തിക്കൊണ്ട് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം.

വ്യാവസായിക വളർച്ചക്ക് പഞ്ചായത്തിൽ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ പലതാണ്. ഗതാഗതത്തിനുള്ള റോഡുകളുടെ കുറവ്, വിദ്യുച്ഛക്തി ലഭിക്കാനുള്ള കാലതാമസം, സാമ്പത്തികസഹായം നൽകാൻ ബാങ്കുകൾക്കുള്ള താൽപര്യക്കുറവ്, മാർക്കററിങ്ങിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവ വ്യവസായങ്ങൾ തുടങ്ങുന്നവരെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങൾ. തന്മൂലം ഈ മേഖലകളിൽ നിന്നും വിഭവ സമാഹാരണത്തിനുള്ള സാദ്ധ്യത കുറവാണ്.

കാർഷിക മേഖലയെടുത്താൽ നെൽവയലുകളെല്ലാം നെൽകൃഷി നിർത്തി അവിടെ താമസിക്കാനുള്ള വീടുകളും മററുസ്ഥാപനങ്ങളും ഉയരുകയാണ്. ഉൽപാദനക്ഷമത കുറഞ്ഞുവരികയും, അമിത രാസവള പ്രയോഗംമൂലം മണ്ണിന്റെ ഘടന അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. കർഷകർക്ക് സീസണിൽ മാത്രമെ തൊഴിലുള്ള. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. കൃഷിയും കൃഷിയിറക്കേണ്ട ചെലവും തമ്മിൽ വളരെ അന്തരമുണ്ട്. ഈ പ്രശ്നങ്ങൾ തീർക്കാതെ കൃഷിയിൽനിന്നും വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കുറവാണ്.

മേൽപറഞ്ഞ രണ്ടു മണ്ഡലങ്ങളിലും ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ, അതിൻെറ ഗുണഫലങ്ങൾ വൈകാതെ കണ്ടു തുടങ്ങും.

സർക്കാർ ഗ്രാൻറുകൾ ഗവൺമെൻറിൽ നിന്നും പാസാക്കുന്ന മുറക്ക് തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനുള്ള നിയമനിർമ്മാണം നടത്തുകയും ഫണ്ടുകൾ ജനസംഖ്യാനുപാതികമായും ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളു. ഗ്രാൻറുകൾ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യവുമാണ്.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക വാർഡ് ക്രമത്തിൽ താഴെ കൊടുക്കുന്നു ഇവരിൽ പക്ഷെ ഉയർന്ന സാമ്പത്തികനില കൈവരിച്ചവർ വളരെ കുറവാണ്.

**ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ച കണക്ക്**

വാർഡ്—

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 65 | 71 | 68 | 78 | 210 | 124 | 62 | 104 | 98 | 95 | 115 |

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം4148 രൂപ 75പൈസ വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരേയും നികുതിദായകരാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ വല്ല ആവശ്യങ്ങൾക്കും (ലോൺ മുതലായവ) ലൈസൻസ് ആവശ്യമാകുമ്പോഴോ, പഞ്ചായത്തിൽ വല്ല ആവശ്യങ്ങൾക്കും വരുമ്പോഴൊ മാത്രമാണ് ലൈസൻസ് ഫീസ് അടയ്ക്കുന്നത്

കാർഷികവും അല്ലാത്തതുമായ കൂലിപണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറെറാരു വിഭാഗം.

## വിനോദനികുതി

പഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുന്ന നിരപ്പായ സ്ഥലം തെരഞ്ഞെടുത്ത് അതിൽ താൽക്കാലിക ഗാലറികൾ നിർമ്മിച്ച് അതിൽ നടത്തുന്ന ഫുട്ട്ബോൾ തുടങ്ങിയ മററു പരിപാടികൾക്കും നികുതി ഈടാക്കാവുന്നതാണ്, താൽപര്യമുള്ള ആളുകളെ സമീപിച്ച് സിനിമാശാലകൾ തുടങ്ങിയവ തുടങ്ങാൻ വേണ്ടകാര്യങ്ങൾ ചെയ്തു കൊടുത്ത് അതിൽ നിന്നുള്ള വരുമാനവും ഇതിൽ ഉൾപ്പെടുത്താവുന്ന ഒന്നാണ്.

## ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിൽ വൻതോതിൽ നടത്തിവരുന്ന കരിങ്കൽ ക്വാറികൾ വെട്ടുകൽ ക്വാറികൾ തുടങ്ങിയവയിൽ നിന്നും ഒരു നിശ്ചിത സംഖ്യ ലോഡിന് കണക്കാക്കി ഈടാക്കാവുന്നതാണ് കൂടാതെ സ്ഥിരമായി ബിൽഡിംഗ്, മററുകരാർപണിയിലേർപ്പെട്ടിരിക്കുന്ന സ്ഥിരം കരാറുകാരിൽ നിന്നും ഒരു ചെറിയ ശതമാനം കണക്കാക്കിവാങ്ങാവുന്നതാണ് പഞ്ചായത്തിന് കീഴിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകക്ക് കൊടുത്തും നിത്യ മാർക്കററ് സ്ഥാപിച്ചും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ ആകെ പ്രവർത്തിക്കുന്നത് ഒരു സഹകരണ ബാങ്ക് മാത്രമാണ് മുഖ്യമായും ആശ്രയിക്കുന്നത്, വളാഞ്ചേരിയിലൊ, വെങ്ങാട ഉള്ള ബാങ്ക്ശാഖകളിലാണ്, പുതുതായി പഞ്ചായത്തിൽ ഒരു ഗ്രാമീണബാങ്കെങ്കിലും തുടങ്ങിയാൽ ഇവിടെയുള്ള നിക്ഷേപങ്ങൾ മററു പഞ്ചായത്തുകളിലേക്ക് ഒഴുകാതെ അത് ഇവിടെ തന്നെ പിടിച്ചുനിർത്തി നാടിൻെറ വികസനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

1 വിററു വരവിൻെറ അടിസ്ഥാനത്തിൽ നിന്നും നികുതി പിരിച്ചെടുക്കാൻ കഴിയണം.

2 വാഡ് പ്രതിനിധികളും, വികസന സമിതികളും ഒത്തൊരുമിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. നമ്മുടെ നികുതി പണം പഞ്ചായത്തിൻെറ വികസനത്തിന് തന്നെയാണ് ഉപയോഗപ്പെടുത്തുന്നതെന്ന് മനസ്സിലാക്കി കൊടുക്കണം.

3 തങ്ങൾ പിരിക്കുന്ന നികുതിപണം എന്തിനുപയോഗിച്ചു എന്നും അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം.

## കെട്ടിടനികുതി

ഇപ്പോൾ കണക്കാക്കുന്ന കെട്ടിട നികുതി ശാ

സ്ത്രീയമല്ല. പകരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണവും ആഡംബരത്വവും, അതിന് ചെലവായ സംഖ്യകളും കൂടി അസസ്സ് ചെയ്ത് നികതിപിരിക്കാനുള്ള സംവിധാനമുണ്ടാക്കണം. വീട് അസസ്സ് ചെയ്യാൻ ഒരുവിദഗ്ദകമ്മിററിതന്നെ വേണ്ടതാണ്. നികതി ഈടാക്കാനുള്ള കാരണങ്ങൾ ആ വീട്ടടമസ്ഥനെ ബോധ്യപ്പെടുത്തുകയുംവേണം. പീടികമുറികളാണെങ്കിൽ അവയുടെ വാടകമനസ്സിലാക്കി നികുതി ചുമത്താവുന്നതാണ്. നികുതിപിരിക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കി ഓരോവാർഡിലും നിശ്ചിത തിയ്യതി വെച്ച് വാർഡ് മെമ്പറുടെയും വികസന സമിതിയുടെയും നാട്ടുകാരുടെയും സഹകരണത്തോടെ നികുതി പിരിച്ചെടുക്കാവുന്നതാണ്. ബാങ്കിൽ നികുതി കുടിശ്ശിക ഇല്ലാതാക്കാവുന്നതാണ്.

## തൊഴിൽ നികുതി

ഇപ്പോൾ ഗവൺമെന്റ് ജീവനക്കാരുടെയും എയിഡഡ് സ്കൂളുകളിലെയും ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കുന്നത് ഇത് എല്ലാവിഭാഗം തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്യൂറൻസ് പദ്ധതിപോലുള്ള സ്കീമിൽ ഉൾപ്പെടുത്തി അവരെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈ നിക്ഷേപങ്ങളുടെ 80 90 ശതമാനം മാണെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പകൊടുക്കാനും ആവശ്യമെങ്കിൽ പഞ്ചായത്തുകൾക്ക് തന്നെ വായ്പ എടുക്കുവാനുള്ള സാധ്യത പഞ്ചായത്ത് ആക്ടിലുണ്ട്. അത് കൊണ്ട് പുതിയ ബാങ്കുകളുടെശാഖ ഇവിടെ ഉണ്ടാകേണ്ടിരിക്കുന്നു.

## പൊതു സാമ്പത്തികനില

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 364256–59 | 254716–00 | 33869–56 |
| ചെലവ് | 372354–00 | 7,14,459–00 | 17120–85 |

169

## വർഷം 95-96

## പഞ്ചായത്ത് വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | | 124231.59 | |
| സർവ്വീസ് ചാർജ്ജ് | | 6133.41 | |
| തൊഴിൽ നികുതി | | 36520 00 | |
| ലൈസൻസ് ഫീസ് | | 4148.75 | |
| വസ്തുകൈമാററ നികുതി 75% | | 203505.00 | |
| വസ്തുകൈമാററ നികുതി 25% | | 50000.00 | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള | | 223516.45 | |
| മററുവരവുകൾ | | | |
| ഡപ്പോസിററ് | | 17538.40 | |
| മററുഗ്രാൻറുകൾ | | 435722.00 | |
| അൺടൈഡ് ഫണ്ട് | | 247800.00 | |
| S C P | | 114500.00 | |
| JRY | | 253600.00 | |
| ആകെ | | 1493699-60 | |

## ചിലവ് സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| ഭരണം | 372354.00 |
| പൊതുമരാമത്ത് | 153464.00 |
| വിദ്യാഭ്യാസം | 1000.00 |
| തെരുവുവിളക്കുകത്തിക്കുന്നത് | 4853.00 |
| മററുള്ളവ | 870280.85 |
| ആകെ | 1401941.85 |

# അദ്ധ്യായം 17

## ഉപസംഹാരം

കാലങ്ങളോളമായി നടത്തി കൊണ്ടിരിക്കുന്ന അശാസ്ത്രീയമായ വികസന സമീപനം മാറ്റി താഴെ കിടയിൽ നിന്നും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ജനങ്ങൾക്ക് കിട്ടിയ ഒരവസരമായി ജനകീയ ആസൂത്രണ പദ്ധതിയെ കാണുന്നു. ഈ പ്രഖ്യാപിത ലക്ഷ്യം യഥാർത്ഥമാക്കാൻ സർക്കാരും നാങ്ങളും തികച്ചും ബാദ്ധ്യസ്ഥരാണ്.


വികസനം ചുവപ്പുനാടകളിൽ കുരുങ്ങിക്കിടക്കുന്ന അവസ്ഥ മാറിയേ തീരൂ. അഴിമതിയും കൈക്കൂലിയും അവസാനിപ്പിച്ച് വികസനരംഗം വിമോചിക്കപ്പെടണം. ജനപങ്കാളിത്തത്തോടുകൂടി വികസനപ്രക്രിയ ത്വരിതപ്പെടുത്തുവാൻ ശ്രമം ഉണ്ടാവണം.

രാഷ്ട്രീയപാർട്ടികളുടെ ഐക്യനിര കെട്ടിപ്പെടുത്തി വികസന കാര്യങ്ങൾ ഐക്യത്തിലൂടെ ചർച്ച ചെയ്ത് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുവാൻ ശ്രമിച്ചാൽ നാട്ടിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുവാൻ കഴിയൂ. വികസനം എനിക്കും എന്റെ മുന്നിലൂടെയും എൻെറ പാർട്ടിക്കാർക്കും എന്ന സമീപനം മാറ്റിയേ പറ്റൂ.

9–ാം പദ്ധതിയിൽ ഉറപ്പെടുത്തിയ പദ്ധതി വിഹിതം മാത്രമാണ് നമ്മുടെ സാമ്പത്തികം. ജനവിഹിതം വളരെ ചുരുങ്ങിയ തോതിൽ മാത്രമേ പ്രതീക്ഷിക്കാവൂ. 'എങ്കിലും പദ്ധതി വിഹിതം തന്നെ പഞ്ചായത്തുകൾക്ക് യഥാസമയം ലഭിക്കുകയാണെങ്കിൽ വികസന രേഖയിലെ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയൂ. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപാടിനനുസരിച്ച് തുടങ്ങി വെച്ച പദ്ധതികൾ മാററി മറിക്കുന്ന പ്രവണത അവസാനിപ്പിച്ചില്ലെങ്കിൽ പൊതു ഖജനാവിലെ കോടികൾ നഷ്ടപെട്ടുപോകുമെന്ന് കൂടി ഓർമിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൻെറ സമഗ്രവികസനരേഖ പൂർണ്ണമാണ് എന്ന് അവകാശപ്പെടുന്നില്ല. പഞ്ചായത്തിൽ നടത്തിയ വിവിധതരം സർവ്വേകളിൽ മുഴവൻ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും കാരണവന്മാരും അഭ്യസ്ഥവിദ്യരും, പ്രധാനഉദ്യോഗസ്ഥരും, യുവജനസംഘടനകളും, DRP, LRPമാരും സജീവമായി പങ്കെടുക്കുകയുണ്ടായി. ജനസംഖ്യസെൻസസ് 1996 ജനുവരി ഒന്ന് കണക്കാക്കി പഞ്ചായത്തിലെ മുഴവൻ വീടുകളും കയറി ഇറങ്ങി നടത്തിയത് എടുത്ത് പറയാവുന്ന ഒരു പ്രവർത്തിയായി കാണുന്നു. ഭൂവിഭവസമാഹരണ സർവ്വേയിൽ പഞ്ചായത്തിലെ കാരണവന്മാരുടെ ഉത്സാഹം ആവേശകരമായി മാറി. പഞ്ചായത്തിൽ ജനകീയ ആസൂത്രണപദ്ധതി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനമായാണ് ഏറെറടുത്ത് നടത്തിയത് തികച്ചും ഒരു ഉത്സവകാലമായി തന്നെ അനുഭവപ്പെട്ടു.

മഹത്തായ ഈ പ്രവർത്തനത്തിലൂടെ പഞ്ചായത്തു വാസികളുടെ കയ്യിലെത്തുന്ന ഈ വികസന രേഖ ഒരു അമൂല്യ സമ്പത്തായി തീരട്ടെ എന്ന പ്രാർത്ഥനയോടെ ഇതുമായി ബന്ധപ്പെട്ട മുഴവൻ പ്രവർത്തകരേയും അഭിനന്ദിച്ചുകൊണ്ട് നിങ്ങളുടെ കൈകളിലേക്ക് സമർപ്പിക്കുന്നു.



# എടയൂർ ഗ്രാമപഞ്ചായത്ത് പ്രവർത്തനരേഖ

2–10–1996 നാണ് എടയൂർ ഗ്രാമപഞ്ചായത്ത് സമിതി നിലവിൽ വന്നത്. പഞ്ചായത്തിലെ സാമൂഹ്യസാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും മററ് മേഖലകളിൽ പ്രവർത്തിക്കുന്നവരുമായ ധാരാളം ആളുകൾ പങ്കെടുത്ത സത്യപ്രതിജ്ഞ ചടങ്ങിന് ശേഷം നടന്ന ചടങ്ങിൽ കക്ഷിരാഷ്ട്രീയത്തിനധീതമായി ജാതിമതചിന്തകൾക്കധീതമായും ഈ പഞ്ചായത്തിലെ ഭരണം നടത്തുവാൻ സർവ്വശക്തൻ തുണക്കട്ടെ എന്ന് പ്രസിഡണ്ട് സൈനുദ്ദീൻ വള്ളൂരൻ പറയുകയുണ്ടായി.

ഭൂമിശാസ്ത്ര പരമായി തികച്ചും 2മേഖലകളിലായി കിടക്കുന്ന ഈ പഞ്ചായത്ത് മുഴവനും ഒരു ഗ്രാമീണ പ്രദേശമാണ്. പട്ടണ പരിഷ്ക്കാരത്തിന്റെ അലകളൊന്നും തന്നെ ഇവിടെ ഇല്ല. തന്മൂലം പറയത്തക്ക വ്യാപാര വ്യവസായ ശൃംഗലകളൊന്നും തന്നെ ഇല്ലാതായി. അതുകൊണ്ട്തന്നെ പഞ്ചായത്തിന്റെ വരുമാനം മുരടിച്ച് പോയി. ഉദ്ദേശം 4ലക്ഷം രൂപ ചിലവും 2ലക്ഷംരൂപ വരവുമായാണ് പഞ്ചായത്ത് ഭരണം നിർവ്വഹിച്ച് വരുന്നത്.

ഭൂവിസ്തൃതിയിൽ തിരൂർ താലൂക്കിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈ പഞ്ചായത്തിൽ ജനസാന്ദ്രത വളരെ കൂടുതലാണ്. മുഴവൻ ജനങ്ങൾക്കും മുഴവൻ പ്രദേശങ്ങൾക്കും ആവശ്യമായ വികസനം എത്തിക്കുവാൻ വളരെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. കാലാകാലങ്ങളിൽ ഗവ: നിന്ന് കിട്ടുന്ന ഗ്രാന്റുകളെ മാത്രം ആശ്രയിച്ചാണ് കാര്യങ്ങൾ നീങ്ങുന്നത്. പഞ്ചായത്ത് സമിതി നിലവിൽ വന്നതിന് ശേഷം അത്തിപ്പറ്റ പുന്നാംചോല IHDP കോളനിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് സുമാർ 15ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റിന് ഭരണാനുമതിനൽകി ടെൻറർ വിളിച്ചിട്ടുണ്ട്. കൂടാതെ വളാഞ്ചേരി, എടയൂർ, ഇരിമ്പിളിയം എന്നീ മൂന്ന് പഞ്ചായത്തിലേക്ക് ശുദ്ധജലംഎത്തിക്കുന്നതിന് വേണ്ടി വാട്ടർ അതോററ്റി ആവശ്യപ്പെട്ട 2സ്ഥലങ്ങൾ സംഘടിപ്പിച്ച് അവർക്ക് പ്രസ്തുത ആവശ്യത്തിനു വേണ്ടി നൽകുവാൻ സാധിച്ചത് ആരംഗത്ത് ഒരുമുന്നേററം തന്നെ. പക്ഷെ ഈ ആവശ്യത്തിന് വേണ്ടിഇരിമ്പിളിയം പഞ്ചായത്തിൽ വാട്ടർ അതോററി ആവശ്യപ്പെട്ട സ്ഥലം ഇതേവരേയും ഇരിമ്പിളിയം പഞ്ചായത്ത് നൽകാത്തതിനാൽ പ്രസ്തുത കോമ്പ്രഹൻസീവ് വാട്ടർ സപ്ളെ പരിപാടിക്ക് മങ്ങലേറ്റിരിക്കുകയാണ്. പദ്ധതിയിൽ ഉൾപ്പെട്ട 9 കുഴൽകിണർ ഇതിനകം എടയൂർ പഞ്ചായത്തിൽ സ്ഥാപിച്ചു കഴിഞ്ഞു.

വിദ്യാഭ്യാസ രംഗത്ത് ഒരു മാററത്തിന് വേണ്ടി കാതോക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ വിപ്ലവത്തിനൊന്നും തന്നെ അടുത്ത സമയത്തിനുള്ളിൽ സാദ്ധ്യത കാണുന്നില്ല. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ മാവണ്ടിയൂർ ബ്രദേഴ്സ് ഹൈസ്ക്കൂളിൽ നിന്ന് 95-96-ൽ ഏററവും കൂടുതൽ മാർക്ക് വാങ്ങിയ 1ഉം 2ഉംസ്ഥാനക്കാരെ അനുമോദിച്ച് സ്ക്കൂൾപാർലിമെൻറിൽ അദ്ധ്യാപകരക്ഷാകർതൃസമിതിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ വെച്ച് പഞ്ചായത്ത്വക ക്യാഷ് അവാർഡ് വിതരണംചെയ്തുകൊണ്ട് വിദ്യഭ്യാസരംഗത്ത് ഒരുപുതിയ ഉണർവിന് അവസരം സൃഷ്ടിക്കുകയുണ്ടായി മുൻകാലങ്ങളെ അപേക്ഷിച്ച് പ്രസ്തുത ഹൈസ്ക്കൂളിൽ

ഇത്തവണ S. S. L. C വിജയശതമാനം വർദ്ധിച്ചതിൽ വളരെ ആഹ്ളാദം തോന്നുകയാണ്. D. P. E. P മുഖേന ചില അടിസ്ഥാന സൗകര്യങ്ങൾ ഗവ: സ്കൂളുകളിൽ ലഭ്യമാവാൻ സാദ്ധ്യതയുണ്ട്. D. P. E. P. പദ്ധതി സർക്കാർ വിദ്യാലയങ്ങൾക്ക് കെട്ടിട സൗകര്യവും ഏകഅദ്ധ്യാപക വിദ്യാലയങ്ങളും അനുവദിക്കേണ്ടതാണ്. ഇതുമൂലം വിദ്യാഭ്യാസ പുരോഗതിഘട്ടം ഘട്ടമായി വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ട്. വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുമായും പൊതു പ്രവർത്തകരുമായുംകൂടി ആലോചിച്ച് ഈ രംഗത്ത് ഒരു മുന്നേറ്റത്തിന് വേണ്ടി ചില ആസൂത്രണ പരിപാടികൾക്ക് പഞ്ചായത്ത് ഭരണസമിതി തുടക്കം കുറിച്ചിട്ടുണ്ട്. P. T. A. കൾക്കും ഈ കാര്യത്തിൽ സ്തുത്യർഹമായ സേവനം ചെയ്യുവാനുണ്ട്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ബ്രദേഴ്സ് ഹൈസ്കൂളിൽ രാഷ്ട്രീയടിസ്ഥാനത്തിൽ സ്കൂൾ പാർലമെന്റിലേക്ക് തിരഞ്ഞെടുപ്പ് വേണ്ട എന്ന P. T. A. തീരുമാനം ഈ സാഹചര്യത്തിൽവിലപ്പെട്ടതാണ്.

കഴിഞ്ഞ വർഷത്തെ പൾസ് പോളിയോ പരിപാടി ഈ പഞ്ചായത്തിൽ ലക്ഷ്യത്തിലധികം പൂർത്തിയാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെയും സഹകരണം ഈ കാര്യത്തിൽ ചെറുതായി കാണുന്നത് ശരിയല്ല. വർദ്ധിച്ച ബഹുജന പിന്തുണയും ഉത്സാഹമയം ലഭ്യമായിട്ടുണ്ട്, തുള്ളിമരുന്ന് ഈ പഞ്ചായത്തിലെ എല്ലാ അംഗൻവാടികളിൽ വെച്ചും തിരഞ്ഞെടുത്ത സ്കൂളിൽ വെച്ചും നടത്തുകയുണ്ടായി അതേപോലെതന്നെ ഈവർഷത്തെ പൾസ്പോളിയോ പ്രോഗ്രാം കഴിഞ്ഞ തവണത്തെപോലെ തന്നെ പൊതു ജനങ്ങളുടെയും സാമൂഹ്യ സാംസ്കാരിക രംഗത്തുള്ള വരുടെയും ഉദ്യോഗസ്ഥന്മാരുടെയും സഹകരണത്താൽ വൻ വിജയത്തോടെ നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷ കൂടാതെ ഈപഞ്ചായത്തിലെ 6–ാം വാർഡിൽ മലേറിയ രോഗം പ്രത്യക്ഷപ്പെട്ടതായി അറിയുവാൻ കഴിഞ്ഞു

പ്രസ്തുത സ്ഥലവും പരിസരവും D. D. T. സ്പ്രേ ചെയ്യുകയും പൊതുജനങ്ങളിൽ വന്ന്പെട്ടിട്ടുള്ള അവബോധത്തിനെതിരെ ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കുകയുണ്ടായി ഐക്യ രാഷ്ട്ര പക്ഷാചരണത്തോടനുബന്ധിച്ച് പൂവ്വത്തും കുറ പട്ടിക ജാതി സങ്കേതത്തിൽ വെച്ച് ഒ മെഡിക്കൽ ക്യാമ്പും ബോധ വൽക്കരണ സെമിനാറും പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ സഹകരണത്തോടെ ഒരു സിനിമാ പ്രദർശനവും നടത്തുകയുണ്ടായി പട്ടികജാതി വിഭാഗങ്ങൾ വളരെ സഹകരണത്തോടെ ഈ കാര്യത്തിൽ സഹകരിക്കുകയുണ്ടായി.

പഞ്ചായത്ത് ഒരു കാർഷിക മേഖലയാണെന്ന് പറയുകയുണ്ടായല്ലോ ജനങ്ങളുടെ മുഖ്യ തൊഴിലായ കൃഷി ഗൾഫ് പ്രസരിപ്പിൽ ആദായകരമല്ലാത്തതിനാൽ താളം തെറ്റിയ നിലയിലായിരുന്നു. പക്ഷേ കൃഷി വികസനത്തിലൂടെയല്ലാതെ ജനക്ഷേമം ഒരിക്കലും വർദ്ധിക്കുകയില്ലെന്ന് കഴിഞ്ഞ ചിങ്ങം 1ന് നടന്ന കാർഷിക സെമിനാറിലും അതിന് ശേഷം നടന്ന കർഷകയോഗങ്ങളിലും ഉൽബോധിപ്പിച്ചതിനൊറവും മററും ഫലമായി ഈ രംഗത്ത് ജനങ്ങളിൽ വന്നു ചേർന്നിരുന്ന അവബോധം ക്രമേണ നീക്കുന്നതിനും തൽഫലമായി കൃഷിയെ എല്ലാനിലക്കും നിലനിർത്തുന്നതിന് വേണ്ടി ജനങ്ങൾക്ക് താല്പര്യമുളവായിക്കൊണ്ടിരിക്കുകയുമാണ് ഒരുവീട്ടിൽ ഒരു പച്ചക്കറിതോട്ടംഎന്ന ആശയം കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുമായും കൂടി ആലോചിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

നിസ്വാർത്ഥരും നിഷ്കളങ്കരും വികസനതൽപരരുമായ ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രതിഫലേച്ഛ കൂടാതെ പല വികസന പ്രവർത്തനങ്ങളും നടത്തി അതിലെ റോഡുകൾ പഞ്ചായത്തിനെ ഏല്പിച്ചത് ജനങ്ങളുടെ സ്ഥിരോത്സാഹത്തിന് ഒരു തിലകക്കുറി തന്നെയാണ് ഇനിയും ഈ രംഗത്ത് ഒരു പാടു ചുവട് വെപ്പുകൾക്ക് അവസരമുണ്ട്, ജനങ്ങളുടെ പ്രതീക്ഷക്ക് അനുസരിച്ച് സർക്കാരിന്റെയുംജനങ്ങളുടെയും സഹായത്തോടെ വരും കാലങ്ങളിൽ ഒരു ജനകീയ മുന്നേറ്റത്തിന് അവസരം ലഭിക്കുവാൻ പോരുന്നതിൽ ഞങ്ങൾ കൃതജ്ഞരാണ്.

വി. സൈനുദ്ദീൻ

പ്രസിഡണ്ട്

എടയൂർ ഗ്രാമപഞ്ചായത്ത്

173

പഞ്ചായത്ത് D R P അംഗങ്ങൾ

1 പി. അഹമ്മദ്കുട്ടി മൗലവി മാവണ്ടിയൂർ, പഞ്ചായത്ത് കൺവീനർ
2 കെ. മുഹമ്മദ് വൈസ് പ്രസിഡണ്ട് എടയൂർ
3 പി, കമ്മുക്കുട്ടി മാസ്റ്റർ ബ്ലോക്ക് മെമ്പർ
4 കെ. ടി, കുഞ്ഞിമൊയ്തീൻകുട്ടിമാസ്റ്റർ ബ്ലോക്ക് മെമ്പർ
5 അബൂബക്കർ മാസ്റ്റർ പുതുക്കുടി കെ, വി, യു, പി സ്കൂൾ വടക്കുമ്പ്രം
6 എ.എൻ ജോയ്മാസ്റ്റർ
7 പി, ഷരീഫ് മാസ്റ്റർ കെ, എം, യു, പി സ്കൂൾ
8 കെ. വി സിദ്ദീക്ക് ഹാജി എടയൂർ
9 എം. കെ മുസ്തഫ പാങ്ങ് സർവ്വീസ് സഹകരണബാങ്ക്
10 കെ.കെ ഹംസ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
11 പി രാമചന്ദ്രൻ ചീനിച്ചോട്
12 എം എൻ കൃഷ്ണൻനായർ മാസ്റ്റർ എ എൽ പി സ്കൂൾ എടയൂർ നോർത്ത്
13 കെ ഹസ്സൻ സാക്ഷരതാ കോ–ഓർഡിനേറ്റർ എടയൂർപഞ്ചായത്ത്
14 കെ രാമൻ പഞ്ചായത്ത് സെക്രട്ടറി

78 L R P അംഗങ്ങൾ

CBNP പ്രവർത്തകർ

പഞ്ചായത്ത് മെമ്പർമാർ


ബ്ലോക്ക് മെമ്പർമാർ

അംഗനവാടി പ്രവർത്തകർ എന്നിവർ വാർഡ്തലത്തിൽ നേതൃത്വം നൽകി വരുന്നു


JVK കൺവീനർമാർമറ്റു സന്നദ്ധപ്രവർത്തകർ

ചിത്ര പ്രസ്സ് വലിയകുന്ന്

# അധികാരം ജനങ്ങൾക്ക്




# ഒമ്പതാം പദ്ധതി
# ജനകീയപദ്ധതി



# വികസനറിപ്പോർട്ട്

## രിമ്പിളിയം ഗ്രാമപഞ്ചായത്ത്

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി




## വികസന റിപ്പോർട്ട്

### ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്



'എൻെറ ജീവിതമാണ്
എൻെറ സന്ദേശം'

'സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാററം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ, അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുന്നത്'.

'സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽ ദാന പരിപാടിയല്ല. അതിൻെറ ലക്ഷ്യ, മാർഗ്ഗങ്ങൾ ദയയോ, ഭിക്ഷാദാനമോ അല്ല; ജനങ്ങളിൽ സ്വാശ്രയ ബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമോൻമുഖരാക്കുകയാണ്. അവരുടെ ശക്തിയുടെ കഴിവും വള ര ണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനി യോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തിയാർജിക്കണം'.

-ഗാന്ധിജി

178

## ഉള്ളടക്കം


1. ആമുഖം........................................................................5
2. പൊതു വിവരണം..........................................................9
3. ചരിത്ര പശ്ചാത്തലം.....................................................11
4. ഭൂപ്രകൃതിയും വിഭവങ്ങളും...........................................17

5 1. കൃഷിയും ജലസേചനവും.........................................20

5 2. മൃഗസംരക്ഷണം.........................................................29

5 3. വ്യവസായം.................................................................32

5 4. ഗതാഗതം, ഊർജ്ജം.....................................................35

5 5. കുടിവെള്ളം, പൊതുജനാരോഗ്യം.................................43

5 6. വിദ്യാഭ്യാസം...............................................................54

5 7 ഭവന നിർമാണം, സാമൂഹ്യ ക്ഷേമം................................63

5 8 പട്ടികജാതി ക്ഷേമം......................................................66

5 9 സ്ത്രീ പദവി...................................................................72

5 10 സംസ്കാരം.................................................................77

5 11 സഹകരണ മേഖല........................................................80

5 12 വിഭവ സമാഹരണം......................................................83

6 ഉപസംഹാരം...................................................................86

179



സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ വികേന്ദ്രീകൃത ആസൂത്രണത്തിനു പ്രധാനമായും 3 ലക്ഷ്യങ്ങളാണ് ഉള്ളത്.

ഒന്നാമതായി, സമൂഹത്തിൻെറ താഴെ തട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ്-നഗരസഭ സ്ഥാപനങ്ങൾ വഴി തങ്ങളുടേതു മാത്രമായ ഒരു ആസൂത്രണ പദ്ധതിയുടെ രൂപം നൽകാനും നടപ്പാക്കാനും സാധിക്കും. ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്.

രണ്ടാമതായി, സർക്കാർ നടപ്പാക്കുന്ന ഈ ആസൂത്രണ പരിപാടിയിൽ എല്ലാ രാഷ്ട്രീയ കക്ഷിയുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും കേരളത്തിൻെറ വികസനവുമായി ബന്ധപ്പെട്ട ഓരോ വ്യക്തിയുടെയും പങ്കാളിത്തമുണ്ടാവും.

മൂന്നാമതായി സമൂഹത്തെയാകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണ പരിപാടിയിൽ നിന്നും വ്യത്യസ്തമായ ഉൽപ്പാദനവും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന സാമൂഹിക സേവന മേഖലക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനമായിരിക്കും വികേന്ദ്രീകൃത ആസൂത്രണ പദ്ധതിക്കുള്ളത്.

-ഇ.എം.എസ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# ആമുഖം

## 1

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രാഷ്ട്ര വികസനത്തിന് ശാസ്ത്രീയമായ ആസൂത്രണം എന്ന ആശയത്തിൽ നിന്നാണ് പഞ്ചവൽസര പദ്ധതികൾ നാം ആവിഷ്കരിച്ചത്. അവയുടെ നടത്തിപ്പിൻെറ ഭാഗമായി രാഷ്ട്രത്തിൻെറ വിവിധ തലങ്ങളിൽ നാം നേടിയ പുരോഗതികൾ ധാരാളമുണ്ടെങ്കിലും നിരന്തരമായ പദ്ധതി പ്രവർത്തനങ്ങളിലൂടെ വികസന ആസൂത്രണത്തിലുണ്ടായ കേന്ദ്രീകരണം ഭരണകർത്താക്കളുടെ ശ്രദ്ധയിൽ പെട്ടു. ഇതിൻെറ ഫലമായി 73,74 ഭരണഘടനാ ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണത്തിന് നിയമസാധുതയായി. അതോടനുബന്ധിച്ചു കേരള നിയമസഭ പാസാക്കിയ പഞ്ചായത്തി രാജ് നിയമമനുസരിച്ച് ചട്ടങ്ങളും തുടർ നടപടികളും വരാൻ തുടങ്ങിയിട്ടുണ്ട്. വികേന്ദ്രീകരണ പ്രക്രിയ സെൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതോടെ പൂർണമാകുമെന്നു പ്രതീക്ഷിക്കാം. എങ്കിൽ തന്നെ വികസനത്തെകുറിച്ചു നിലവിലുള്ള കാഴ്ചപ്പാടു മാറേണ്ടതുണ്ട്. വികസനമെന്നാൽ ജനങ്ങളുടെ ഭൗതിക ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ് ഭൗതിക ജീവിത നിലവാരം ഉയരണമെങ്കിൽ ഉൽപ്പാദനവും ഉയരണം. ഇതുമാത്രം പോര സാമ്പത്തിക വളർച്ച സ്ഥായിയും നീതിപൂർവകവുമായിരിക്കണം. ഇത്തരത്തിലുള്ള സാമ്പത്തിക വളർച്ച നിലവിൽ വരണമെങ്കിൽ ലഭ്യമാകുന്ന അധികാരം വ്യക്തികളുടെ തന്നിഷ്ടതീരുമാനത്തിന് വിട്ടുകൊടുത്താൽ പോര. സാമൂഹിക ഇടപെടൽ വഴി മൊത്തത്തിൽ വളർച്ചയുടെ മുൻഗണനാക്രമങ്ങളെപ്പറ്റി തീരുമാനം എടുക്കുകയും ലഭ്യമായ പരിമിത വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്ന പ്രക്രിയയെ ആസൂത്രണം എന്നുവിളിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും നിലവിലുള്ള വിഭവങ്ങളും പരിഹാര മാർഗങ്ങളും ഏററവും കൂടുതൽ അറിയുക പ്രാദേശിക വാസികൾക്കായിരിക്കും. അതുകൊണ്ടു തന്നെ പ്രശ്ന പരിഹാരിത്തനായുള്ള ആസുത്രണത്തിൽ പ്രാദേശിക വാസികളെ കൂടെ ഉൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന അന്തസത്തയോടെയാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുവാൻ കേർള സർക്കാർ തീരുമാനിച്ചത്.


എന്നാൽ പുതിയ ഭരണഘടനാ ഭേദഗതി വഴി താഴെ തട്ടിലേക്ക് അധികാരം എത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നാം ഇത്തരം ഒരു മഹത് സംരംഭം ഏറെറടുത്തിരിക്കുന്നത്. പുതിയ നിയമങ്ങളിലൂടെ ലഭ്യമായ അധികാരങ്ങൾ ഫലപ്രദമായി കയ്യാളുന്നതിന് ജനങ്ങളെ തയ്യാറെടുപ്പിക്കുക എന്നത് ഇതിൽ പ്രധാനമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെ ഭരണ പാരമ്പര്യം ജനങ്ങളുടെ സ്വയം പ്രവർത്തന ക്ഷമതയെ ഒട്ടേറെ ചോർത്തികളഞ്ഞിരിക്കുന്നു. ഈ അനുഭവം ജനങ്ങളെ ഒരു നിസംഗതയിലേക്ക് നയിച്ചു. 'ഒന്നും ശരിയാവില്ല' എന്ന നിരാശാബോധം ഇന്നു രാഷ്ട്രീയ നേതൃത്വങ്ങളെ വരെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ധാരണകൾ മാററുക എന്ന ഭാരിച്ച ഉത്തരവാദിത്വത്തിൻെറ ഭാഗമായി വികസനത്തെക്കുറിച്ചുള്ള മാമൂൽ ധാരണകൾക്കെതിരെ ശക്തമായി ആശയ പ്രചാരണം തുടർന്നു നടത്തുമ്പോൾ പുതിയൊരു വികസന അവബോധത്തിനും തൊഴിൽ സംസ്കാരത്തിനും വേണ്ടിയുള്ള പ്രചാരണം ഇതിൻെറ ഭാഗമാണ്.

പുതിയ വികസന അവബോധം ഫലപ്രാപ്തിയിലെത്താൻ 2 ഉപാധികൾ പ്രധനമാണ്. ഒന്നാമത്തെത് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥലജലവിഭവങ്ങളുടെ സുഗമമായ വിനിയോഗത്തെ കുറിച്ചുള്ള സ്ഥിതി വിവര ധാരണകൾ ഉണ്ടാകുക. ഇത്തരത്തിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കാൻ പ്രാദേശിക വാസികൾക്കു മാത്രമേ കഴിയൂ. കേരളത്തിൻെറ മൊത്തം സ്ഥിതി വിവരകണക്കുകൾ വെച്ച് പദ്ധതികൾ ആസൂത്രണം ചെയ്താൽ പ്രാദേശിക സാധ്യതകളും ആവശ്യങ്ങളും പരിഗണിക്കപ്പെടുകയില്ല. കൂടാതെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ കൂടി വേണം. ഇത് പഞ്ചായത്തു തല സ്ഥാപനങ്ങളിൽ ലഭ്യമാണ്. രണ്ടാമത്തേത് ലഭ്യമായ വിവരങ്ങൾക്കനുസരിച്ചു ജനങ്ങളുടെ ആഗ്രഹങ്ങൾക്കനുസൃതമായി അവരെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്കു പ്രാദേശിക തലത്തിൽ രൂപം നൽകാൻ കഴിയുന്ന വിദഗ്ദരുടെ ചെറു സംഘങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഈ ചെറു സംഘങ്ങളിലെ വിദഗ്ദരുടെ സഹായത്തിൽ ശാസ്ത്രീയമായ സ്ഥലജലമാനേജുമെൻറാണ് നടപ്പിൽ വരുത്തേണ്ടത്. ഇതിൻെറ അടിസ്ഥാനത്തിലാണ് നാട്ടിലെ ഇന്നത്തെ കാർഷിക സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗം കണ്ടെത്തേണ്ടത്.

ഇത്തരത്തിൽ കാർഷിക മേഖല അഭിവൃദ്ധി പ്രാപിക്കുന്നതിനോടൊപ്പം ഇതുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ട കാര്യം കാർഷിക സംസ്കരണ വ്യവസായങ്ങളുടേതാണ്. പരമ്പരാഗത കൈവേലക്കാരുടെ വൈദഗ്ദ്യത്തെ എങ്ങനെ നവീകരിച്ചുയർത്താമെന്നും ഈ പദ്ധതികളിൽ ചിട്ടയായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും മററു ഭൗതിക സാഹചര്യങ്ങളിലെ പ്രശ്നങ്ങളും പ്രാദേശിക തലത്തിൽ തന്നെ ചർച്ച ചെയ്തു പരിഹാര മാർഗങ്ങൾ കണ്ടെത്തേണ്ടതിനും ഈ അവസരം നാം ഉപയോഗിക്കുകയാണ്.

ആരോഗ്യ രംഗത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ എന്നിവ പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിൽ വന്നിരിക്കുകയാണ്. ഇതിൻെറ ആവശ്യങ്ങൾ, പരിമിതികൾ എന്നിവ എന്തെല്ലാമെന്നു വിലയിരുത്തി ഇവയുടെ പ്രവർത്തനം എല്ലാ ജനങ്ങളിലേക്കും എത്തിക്കാൻ നമുക്കെന്തെല്ലാം ചെയ്യണമെന്നും നാം രൂപം നൽകേണ്ടതുണ്ട്.

9-ാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച ശേഷം നമ്മുടെ പഞ്ചായത്തിലും പങ്കാളികളാകാനുള്ള ആവേശം ഉളവായിട്ടുണ്ട്. ഗ്രാമസഭകൾക്കു മുമ്പു നടന്ന ഒരുക്കങ്ങൾ സ്കാഡ് പ്രവർത്തനങ്ങൾ, പ്രചരണങ്ങൾ എന്നിവ കടന്നുചെല്ലാത്ത ഇടമുണ്ടായിട്ടില്ല. എങ്കിലും ഗ്രാമസഭകളിൽ പങ്കാളിത്തം വേണ്ടത്ര ഉണ്ടാകാത്ത വാർഡുകളും ഉണ്ടായി. ഗ്രൂപ്പു ചർച്ചകൾ എല്ലായിടത്തും വേണ്ടത്ര ഫലപ്രദമായി എന്നു പറഞ്ഞു കൂട. ഉയർന്ന നിലവാരം പുലർത്തിയ പങ്കാളിത്തവും അതിൽ തന്നെ മികച്ച സ്ത്രീ പങ്കാളിത്തവും ഫലപ്രദമായ ചർച്ചകളും നടന്ന വാർഡുകളും ഉണ്ട്. പ്രവർത്തകർക്കു വേണ്ടി നടത്തിയ ക്യാമ്പുകളും മോശമായിരുന്നില്ല.





ഒരു ഗ്രാമസഭയിലെ ഗ്രൂപ്പു ചർച്ചയും ഉൽഘാടന വേദിയും

ക്യാമ്പുകളെയും ഗ്രാമസഭകളെയും കുറിക്കുന്ന പട്ടികകൾ കാണുക. ഒന്നാംഘട്ടത്തിൽ വന്ന പോരായ്മകൾ രണ്ടാംഘട്ടത്തിൽ നികത്തി ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വികസന സെമിനാറിൽ നാം എത്തി നിൽക്കുകയാണ്.

18

**ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം**
**ക്യാമ്പുകളിലെ പങ്കാളിത്തം**

| ഘട്ടം | കെ.ആർ.പി. | ഡി.ആർ.പി | എൽ.ആർ.പി. | വിദഗ്ദർ | പഞ്ചായത്ത് മെമ്പർമാർ |
|---|---|---|---|---|---|
| ഒന്നാം ഘട്ടം | - | 9 | 107 | 42 | 11 |
| രണ്ടാം ഘട്ടം | - | 8 | 103 | 04 | 10 |
| ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും പങ്കെടുത്തവർ | - | 7 | 103 | 04 | 10 |

**ഗ്രാമസഭ - പങ്കാളിത്തം**

| വാർഡ് | ഗ്രാമസഭ നടത്തിയ തീയതി | പങ്കെടുത്തവർ | ചർച്ച നടത്തിയ ഗ്രൂപ്പുകൾ |
|---|---|---|---|
| 1 | 2-10-96 | 176 | 6 |
| 2 | 2-10-96 | 180 | 6 |
| 3 | 25-9-96 | 156 | 6 |
| 4 | 22-9-96 | 128 | 6 |
| 5 | 2-10-96 | 280 | 6 |
| 6 | 29-9-96 | 160 | 6 |
| 7 | 29-9-96 | 211 | 6 |
| 8 | 29-9-96 | 130 | 6 |
| 9 | 22-9-96 | 118 | 6 |
| 10 | 2-10-96 | 462 | 6 |
| 11 | 29-9-96 | 125 | 6 |
| | ആകെ | 2126 | - |

ഇനി നിലവിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും അതുവഴി ജനങ്ങൾക്കു ആത്മവിശ്വാസവും ജനാധിപത്യ ബോധവും വളർത്തിയെടുത്തും നിർമാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്. രാഷ്ട്രീയ വർഗ വ്യത്യാസങ്ങൾ വകവെക്കാതെ മൊത്തം ജനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടു നടത്തിയ ദേശീയ സ്വാതന്ത്ര്യ സമര മുന്നേററങ്ങൾ ഇവിടെ സ്മരണീയമാണ്. സമ്പൂർണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ചു ഒന്നാം ഘട്ടത്തിൽ നാം നടത്തിയ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭരണകൂടത്തിൻെറ ഇച്ഛാശക്തിയും ജനകീയ പങ്കാളിത്തത്തിൻെറ സാധ്യതകളും നമ്മെ ബോധ്യപ്പെടുത്തിയതാണല്ലോ. നമുക്കു കഴിയുമെന്നു ബോധ്യപ്പെട്ട ഈ ജനകീയ മുന്നേററം വികസനത്തെയും ആസൂത്രണത്തെയും പററിയുള്ള ജനകീയവും ശാസ്ത്രീയവുമായ കാഴ്ചപാടിൽ ഊട്ടി വളർത്തേണ്ടിയിരിക്കുന്നു. ഇന്നു നാം നടത്തുന്ന ചർച്ചയും ഭാവി പരിപാടികളും നമ്മെ ലക്ഷ്യപ്രാപ്തിയിലെത്തിക്കുക തന്നെ ചെയ്യും. രാഷ്ട്രീയ രംഗത്തെ മൂല്യശോഷണത്തിനു വിരാമമിടാനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പരിഗണനകൾ അർഹതയുള്ളവർക്കു തന്നെ നേടിക്കൊടുക്കാനും സാധ്യമാകുന്ന രീതിയിൽ ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തുക എന്നതാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിൻെറ അന്തസത്ത. ഇതു ഉൾക്കൊള്ളുകയും കർമനിരതരാവുകയുമാണ് നമ്മുടെ കടമ.

> ഗ്രാമ സ്വരാജിൽ ഏതൊരു ഗ്രാമത്തിൻെറയും സാമ്പത്തിക പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്തണം.
>
> -ഗാന്ധിജി

# 2. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്, പൊതുവിവരങ്ങൾ

1. രൂപീകരണ വർഷം : 1962
2. ഭരണ സമിതികൾ :4
3. മുൻ പ്രസിഡണ്ടുമാർ :



മൊയ്തീൻകുട്ടി വൈദ്യർ



പുല്ലാനൂർ ബാലകൃഷ്ണൻ നായർ



ടി.പി.മുഹമ്മദ് എന്ന ബാപ്പുട്ടി ഹാജി



ഡോ. പി.എ. റഹീം



കൊടുമുടി സുകുമാരൻ മാസ്റ്റർ

4. അതിരുകൾ കിഴക്ക് -തൂതപ്പുഴ
പടിഞ്ഞാറ് കുറ്റിപ്പുറം, വളാഞ്ചേരി പഞ്ചായത്തുകൾ
വടക്ക് മൂർക്കനാട്, എടയൂർ പഞ്ചായത്തുകൾ
തെക്ക് ഭാരതപ്പുഴ

5. റവന്യൂ വില്ലേജ് ഇരിമ്പിളിയം
6. താലൂക്ക് തിരൂർ
7. ജില്ല മലപ്പുറം
8. ജില്ല ഡിവിഷൻ വളാഞ്ചേരി, വളവന്നൂർ
9. ബ്ലോക്ക് പഞ്ചായത്ത് കുററിപ്പുറം
10. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ എടയൂർ,വലിയകുന്ന്

**11 പഞ്ചായത്തു നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ**

1. ഗവൺമെൻറ് എൽ.പി. സ്കൂൾ 2
2. കൃഷിഭവൻ 1
3. പ്രൈമറി ഹെൽത്ത് സെൻറർ 1
4. ആയുർവ്വേദ ഡിസ്പെൻസറി 1
5. വെററിനറി ഡിസ്പെൻസറി 1
6. വി.ഒ. സർക്കിൾ 2
7. അങ്കണവാടി 22
8. ഫാമിലി വെൽഫേർ സെൻറർ 5
9. ശുദ്ധജല വിതരണ പദ്ധതി 3
10. കമ്മ്യൂണിററി ഇറിഗേഷൻ സ്കീമുകൾ 3

ലിഫ്ററ് ഇറിഗേഷൻ സ്കീമുകൾ 2

12. വിസ്തീർണം 24.06 ച.കി.മീ

13 ജനസംഖ്യ

| പുരു | സ്ത്രീ | ആകെ |
| --- | --- | --- |
| 14771 | 15936 | 30707 |

14. വാർഡുകളുടെ എണ്ണം 11

15. ഗ്രേഡിങ് II

## നിലവിലുള്ള ഭരണസമിതി അംഗങ്ങൾ




കാളിയത്ത് മൊയ്തു
വൈസ് പ്രസിഡണ്ട്



പി.പി. താമി മാസ്റ്റർ
പ്രസിഡണ്ട്



കൊടുമുടി സുകുമാരൻ മാസ്റ്റർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



ടി. അബ്ദുറഹിമാൻ ഹാജി



പി.ടി. ആയിഷ



പി. അബ്ദുറഹിമാൻ മാസ്റ്റർ



കെ.സി. നഫീസ ടീച്ചർ



കെ.പി. ചന്ദ്രിക ടീച്ചർ



പി.അഹമ്മദ്



സി.പി. സീനത്ത്



എ.വി. അബ്ബാസ്



വി.പി. കുഞ്ഞുമുഹമ്മദ്
സെക്രട്ടറി

# ചരിത്ര പശ്ചാത്തലം (3)



കിഴക്ക് തൂതപ്പുഴയും, തെക്ക് ഭാരതപ്പുഴയും പടിഞ്ഞാറ് കുററിപ്പുറം-വളാഞ്ചേരി പഞ്ചായത്തുകളും വടക്ക് എടയൂർ-മൂർക്കനാട് പഞ്ചായത്തുകളും അതിർത്തി കുറിക്കുന്ന ഇരിമ്പിളിയം പഞ്ചായത്ത് പ്രധാനമായും ഒരു കാർഷിക മേഖലയാണ്. 24.06 ച.കി.മീ വിസ്തീർണവും 1991ലെ സ്ഥിതി വിവരക്കണക്കനുസരിച്ച് 30707 ജനസംഖ്യയും ആണ് പഞ്ചായത്തിലുളളത്. നെല്ല്,കപ്പ തുടങ്ങിയ ഭക്ഷ്യവിളകളും അടക്ക, നാളികേരം, കുരുമുളക് തുടങ്ങിയ നാണ്യവിളകളും ഇവിടുത്തെ പ്രധാന കൃഷികളാണ്. നെൽകൃഷി ഒന്നാം വിള മാത്രം നടത്തിയിരുന്ന ഭൂമി 1964ൽ ഇരിമ്പിളിയം ലിഫ്ററ് ഇറിഗേഷൻ പദ്ധതി പ്രവർത്തനമാരംഭിച്ചതോടെ രണ്ടു വിളകളും നടക്കാൻ തുടങ്ങി. പിന്നീട് വർഷങ്ങൾക്കു ശേഷം, ഈയിടെ മാത്രം പ്രവർത്തനം ആരംഭിച്ച മങ്കേരി ലിഫ്ററ് ഇറിഗേഷൻ പൂർണമായ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ,പഞ്ചായത്തിൻെറ നെല്ലറ എന്ന് വിശേഷിപ്പിക്കാവുന്ന മങ്കേരി പുഞ്ചപ്പാടം പ്രദേശത്തിൻെറ മുഖച്ഛായ തന്നെ മാററി മറിക്കാൻ പര്യാപ്തമാകും.

ജൻമി കുടിയാൻ വ്യവസ്ഥ മററ് പ്രദേശങ്ങളെ പോലെ ഇവിടെയും നിലനിന്നിരുന്നു. കുടിയൊഴിപ്പിക്കൽ നിരോധന നിയമവും കേരളാ ഭൂപരിഷ്കരണ നിയമവും ഈ പ്രദേശത്തിൻെറ കാർഷിക മേഖലയിലും സാമൂഹ്യ സാംസ്കാരിക മേഖലയിലും വലിയ മുന്നേററത്തിന്, പോലെ കാരണമായി. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ ഈ മുന്നേററത്തിന് സാഹചര്യമൊരുക്കി. കൃഷിഭൂമി കൃഷിക്കാരൻെറതായത്, സ്വതന്ത്രമായി ഭൂമി കൈമാററം ചെയ്യാൻ അവരെ പ്രാപ്തരാക്കി. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് അവർക്കു കഴിഞ്ഞു. 1969ലെ കേരളാ ഭൂപരിഷ്കരണ ഭേദഗതി നിയമത്തിലെ മുഴുവൻ വകുപ്പുകളും 1970 ജനുവരി ഒന്നു മുതൽ നടപ്പാക്കിയെങ്കിലും മിച്ചഭൂമി ഏറെറടുക്കുന്നതിന് അധികൃതരുടെ ഭാഗത്തെ ഉദാസീനത ബോധ്യമായപ്പോൾ അത് അവസാനിപ്പിക്കുന്നതിനും സർക്കാരിന് മിച്ചഭൂമി കാണിച്ചു കൊടുക്കുന്നതിനുമായി സംസ്ഥാന വ്യാപകമായി ആരംഭിച്ച സമരം ഇരിമ്പിളിയം പഞ്ചായത്തിൽ ഐതിഹാസികമായ സംഭവമായി. 118 ദിവസം തുടർച്ചയായി നടത്തിയ പ്രസ്തുത സമരം പുരോഗമന ശക്തികൾക്ക് ഈ ഗ്രാമം വളക്കൂറുള്ള മണ്ണാണെന്ന് അസന്നിഗ്ദമായി തെളിയിക്കുന്നു. മർദ്ദനവും പോലീസ് ഭീഷണിയും വ്യാപകമായ കള്ളക്കേസുകളും തൊഴിലാളികളുടെ സമരാവേശത്തിന് മുന്നിൽ തെല്ലും വിലപ്പോയില്ല. മണ്ണിൻെറ മക്കൾക്ക് പുതിയൊരു ആവേശം പകർന്നു നൽകാൻ പ്രസ്തുത സമരം സഹായിച്ചു.

ജൻമിത്വത്തിൻെറ ചവിട്ടേററ് കരിഞ്ഞ നിരവധി മണ്ണിൻെറ മക്കളുടെ കഥകൾ ഈ ഗ്രാമത്തിന് പറയാനുണ്ട്. കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളും പാട്ടമളന്ന് മുടിഞ്ഞ കർഷക ഭവനങ്ങളും ഇവിടെയും

ധാരാളമായിരുന്നു. പണിയുന്ന മണ്ണ് സ്വന്തമായി കാണാനുള്ള ആഗ്രഹം മനസിലൊതുക്കി മണ്ണിലലിഞ്ഞ ജീവിതങ്ങളും നിരവധിയാണ്.

ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യ സമരത്തിലും ധീരോദാത്തമായ പോരാട്ടങ്ങൾക്ക് ആളും അർത്ഥവും നൽകി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത പല മഹാരഥൻമാരും ഈ പ്രദേശത്തുണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തോടൊപ്പം രൂപമെടുത്ത കർഷക പ്രസ്ഥാനത്തിനും അദ്ധ്യാപക പ്രസ്ഥാനത്തിനും ഈ മണ്ണ് വളക്കൂറുള്ളതായിരുന്നു. കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഒളിവിലായിരുന്ന സാരഥികൾക്ക് ഒളിവറകൾ ഒരുക്കുന്നതിലും ഈ ഗ്രാമം അറച്ചു നിന്നില്ല.

സ്വാതന്ത്ര്യ സമരത്തിൻെറ തീച്ചൂളയിലേക്ക് എടുത്തു ചാടി പ്രസ്തുത സമരത്തിൽ ധീരോദാത്തമായ പങ്ക് വഹിക്കുകയും പലപ്രാവശ്യം വർഷങ്ങളോളം ജയിൽവാസമനുഷ്ഠിക്കുകയും ചെയ്ത് താമ്ര പത്രം നേടിയ ശ്രീ. വടിക്കീട്ടിൽ ഗോപാലൻ നായർ ഈ പഞ്ചായത്തിൻെറ മുഴുവൻ ആവേശവും കരുത്തുമായി ഇന്നും നമ്മോടൊപ്പമുണ്ട് എന്ന യാഥാർത്ഥ്യം നമ്മെ കർമ്മപുളകിതരാക്കുന്നു.

സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി ബ്രിട്ടീഷ് ഭരണത്തിനെതിരെ നേതാജി സുഭാഷ് ചന്ദ്ര ബോസിൻെറ നേതൃത്വത്തിൽ രൂപീകൃതമായ ഐ.എൻ.എ യിൽ ശ്രീ. കീഴേതൊടി മേലേതിൽ കൃഷ്ണൻ എഴുത്തച്ഛൻ, ശ്രീ. വടക്കെ കളത്തിൽ ശങ്കുണ്ണി പണിക്കർ എന്നിവർ സൈനികരായി സേവനമനുഷ്ഠിച്ചിരുന്നു.

അയിത്താചാരണത്തിൻെറ തിക്ത ഫലങ്ങൾ അനുഭവിച്ച നിരവധി കുടുംബങ്ങൾ ഇവിടെയുണ്ടായിരുന്നു. ക്ഷേത്ര പ്രവേശനത്തിന് വേണ്ടി നടന്ന പോരാട്ടങ്ങൾക്കും ഈ ഗ്രാമം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇരിമ്പിളിയം കളരിക്കൽ ക്ഷേത്രപ്രവേശന സ്വാതന്ത്ര്യത്തിന് വേണ്ടി നടന്ന സമരത്തോടനുബന്ധിച്ചുള്ള യോഗത്തിൽ കേളപ്പജി നടത്തിയ പ്രസംഗം പഴമക്കാരുടെ മനസിൽ ഇന്നും പച്ച പിടിച്ചു നിൽക്കുന്നു. സ്വകാര്യക്ഷേത്രമെന്ന പരിവേഷം നിലനിർത്തി കൊടുമുടി ക്ഷേത്രത്തിൽ അവർണ ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. 1968ൽ മാത്രമേ ഒരു മുന്നേററത്തിൻെറ ഫലമായി ഈ ക്ഷേത്രത്തിൽ അവർണർക്ക് പ്രവേശനം ലഭിച്ചുള്ളൂ.

പുരാതന കാലം മുതൽക്ക് തന്നെ സാക്ഷരതയുടെ



കാര്യത്തിൽ ഈ പ്രദേശം സമീപ പ്രദേശങ്ങളെയപേക്ഷിച്ച് മുന്നിലായിരുന്നു. മുന്നോക്ക-പിന്നോക്ക-ധനിക-ദരിദ്ര വ്യത്യാസമില്ലാതെ തന്നെ എഴുതുവാനും വായിക്കുവാനുമുള്ള അറിവും പണ്ടുമുതലേ ഇവിടത്തുകാർക്കുണ്ടായിരുന്നു. 'വീട്ടെഴുത്തച്ഛൻ സമ്പ്രദായം' സാമ്പത്തിക ശേഷിയുള്ള വീടുകളിൽ നിലനിന്നിരുന്നു. ആയിരത്തി തൊള്ളായിരത്തി പത്തുകളിൽ ഈ പ്രദേശത്തെ ഏക വിദ്യാലയമായിരുന്ന വാണിവിലാസം സ്കൂൾ ഈ രംഗത്ത് വളരെയേറെ സേവനങ്ങൾ നൽകിയിട്ടുണ്ട്. പിൽകാലത്ത് സർക്കാർ,സ്വകാര്യ വിദ്യാലയങ്ങൾ പലതും നിലവിൽ വന്നെങ്കിലും പഴമക്കാർ പലരുടെയും മനസിൽ മായാത്ത ഓർമ്മയിൽ നിൽക്കുന്ന പ്രസ്തുത വിദ്യാലയത്തിൻെറ പ്രസക്തിയും പ്രാധാന്യവും ഇന്നും അനുസ്മരിക്കപ്പെടുന്നു. നല്ല നിലയിൽ പ്രവർത്തിച്ച് കൊണ്ടിരുന്നു 'വിജ്ഞാനപ്രദായനി' ഗ്രന്ഥാലയവും വിവിധ കായിക-കലാസമിതികളും ഈ പ്രദേശത്തെ സാംസ്കാരിക നേട്ടങ്ങൾക്ക് കാരണമായി. ദേശീയ മുസ്ലിം നേതാവും 'യുവലോകം' പത്രാധിപരുമായിരുന്ന ശ്രീ. കെ.സി. കോമുക്കുട്ടി മൗലവി, നൂറിലധികം നോവലുകളുടെ കർത്താവായിരുന്ന ശ്രീ. എം. ആർ. നാരായണ പിള്ള എന്നിവർ ഈ പ്രദേശത്ത് എത്തിപ്പെട്ടവരെങ്കിലും നമ്മളിൽ ഒരാളായി, നമ്മോടൊപ്പം എല്ലാ നല്ല പ്രവർത്തനങ്ങൾക്കും പങ്കാളികളാവുകയും മാർഗദർശനം നൽകിയിരുന്നതുമായ വസ്തുതകൾ ഇന്നും അനുസ്മരിക്കുന്നു.

വൈദ്യശുശ്രൂഷാ രംഗത്ത് പണ്ടുമുതലേ ഈ ഗ്രാമപ്രദേശം പേരു കേട്ടതായിരുന്നു. ടിപ്പുസുൽത്താൻെറ മലബാർ പടയോട്ടക്കാലത്ത് സൈന്യത്തിൻെറ പിടിയിൽ പെട്ട അബ്ബുട്ടി എന്ന അയ്യൂബ് വൈദ്യരുടെ വിചാരണ വേളയിൽ അദ്ദേഹം സുപ്രസിദ്ധ വൈദ്യരാണെന്ന് സുൽത്താന് ബോധ്യമായതിനാൽ സന്തോഷത്തോടെ വിട്ടയച്ചതായി ഒരു വൈദ്യശാല രേഖയിൽ കാണുന്നു. ശ്രീ. എം.ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്' നോവലിൽ ഇരിമ്പിളിയത്തെ മന്ത്രവാദി എരോമൻ നായരും (മന്ത്രവാദി അമ്മാവൻ) പാരമ്പര്യ ആയുർവേദ വൈദ്യൻ ശ്രീ. പെരങ്ങാട്ട് തൊടിയിൽ അയമുട്ടി വൈദ്യരും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആതുരസേവനം ഇന്നത്തെ പോലെ ലാഭകരമായ തൊഴിലല്ലാതിരുന്ന പഴയകാലത്തിനൂററാണ്ടുകളായി വൈദ്യം തൊഴിലായും സേവനമായും അനുഷ്ഠിച്ച് വന്നിരുന്ന വളരെ പ്രശസ്തരായ സംസ്കൃത പണ്ഡിതർ ഉൾക്കൊള്ളുന്ന ഒരു മുസ്ലിം കുടുംബം തന്നെ ഈ പ്രദേശത്തുണ്ട്. പണ്ടുമുതലേ അയൽപ്രദേശങ്ങളിൽ നിന്ന് കൂടി ചികിൽസ തേടി ആളുകൾ ഇരിമ്പിളിയത്തു വന്നിരുന്നു. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഹൈദരിയ വൈദ്യശാല, 1917ൽ സ്ഥാപിതമായ പി.എം.എ. ആൻറ് കമ്പനി, ആയുർവേദ മെഡിക്കൽ ഹാൾ എന്നിവ ഇന്നു നിലനിൽക്കുന്നില്ലെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ ആതുര ശുശ്രൂഷാ രംഗത്ത് നൽകിയ സേവനവും വിദഗ്ദ ചികിൽസാ രീതികളും ഈ പ്രദേശത്തെ ആദ്യകാലത്തു തന്നെ പ്രശസ്തിയിലേക്ക് ഉയർത്താൻ വളരെയേറെ സഹായിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ആയുർവ്വേദ ചികിൽസാരംഗത്ത് അന്നു ഉയർത്തിപിടിച്ച പ്രശസ്തി ഇന്നും ഈ പ്രദേശത്തിനുണ്ട് എന്നത് ഏവരും അംഗീകരിക്കുന്നു.

മലബാറിലെ തന്നെ ഏററവും പ്രാധാന്യമുള്ള ഹരിജൻ ക്ഷേത്രം -കണക്കർക്കാവ്- ഈ ഗ്രാമത്തിലാണ്. ഈ ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങൾ നടത്തുന്നത് ഹരിജനങ്ങളാണ്. ഇതിനെപററി ഒരു ഐതിഹ്യം



നിലനിൽക്കുന്നു. സഹോദരിമാരായ മൂന്നു ഭഗവതികൾ യാത്രാമധ്യേ ഇപ്പോൾ കണക്കർ കാവ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എത്തിയപ്പോൾ ഹരിജനങ്ങളുടെ കൊയ്ത്തുകളിയും ചവിട്ടുകളിയും കണ്ട് അതിൽ ആകൃഷ്ടയായ ഒരു സഹോദരി അവിടെതന്നെ നിന്നുവെന്നും 'നീ അവിടെ തന്നെ നിന്നോ' എന്നു പറഞ്ഞു മറ്റു രണ്ടു സഹോദരിമാരും (പറമ്പത്ത് കാവ് ഭഗവതിയും കൊടിക്കുന്നത്ത് കാവ് ഭഗവതിയും) യാത്രയായി എന്നും കളി കണ്ടു നിന്ന ഭഗവതിയെ അവിടെ കുടിയിരുത്തിയെന്നും കണക്കർ കാവ് ക്ഷേത്രം നിർമിച്ചുവെന്നുമാണ് ഐതിഹ്യം. കുംഭമാസത്തിലെ കൊട്ടിക്കുളിയും മേടമാസത്തിലെ പൂരവുമാണ് ഈ ക്ഷേത്രത്തിലെ പ്രധാന ആഘോഷങ്ങൾ. ധാരാളം പേർ ജാതിമതഭേദമന്യേ പങ്കെടുക്കുന്ന ഈ ക്ഷേത്രത്തിലെ ആഘോഷങ്ങൾ ഈ ഗ്രാമത്തിൻെറ തന്നെ ദേശീയോൽസവമായി നിലനിൽക്കുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി 1921ൽ നടന്ന മലബാർ കലാപം ജൻമിത്വത്തിനെതിരായി കർഷക സമരമായാണ് തുടങ്ങിയതെങ്കിലും ഈ പ്രസ്ഥാനത്തിന് ചില ഭാഗങ്ങളിൽ വർഗീയതയുടെയും കൊള്ളയുടെയും രൂപത്തലുള്ള ഭാവമാററം സംഭവിക്കുകയുണ്ടായി. ഈ ഗ്രാമത്തിലും ഇതോടനുബന്ധിച്ച അനിഷ്ട സംഭവങ്ങൾക്ക് പട്ടാഴി മന, വെണ്ടല്ലൂർ മൂത്തേടത്ത് മന, കൊടുമുടികാപ്ര മന തുടങ്ങിയ കുടുംബങ്ങൾ വിധേയമായപ്പോൾ പ്രസ്തുത കുടുംബങ്ങളെ സംരക്ഷിക്കുന്ന ചുമതല ഏറെറടുത്തത് ശ്രീ പെരിങ്ങാട്ട്തൊടി അഹമ്മദ്കുട്ടി വൈദ്യർ, കാളിയത്ത് ബീരാൻ, പള്ളിയാലിൽ ആലു, തെക്കിഞ്ചേരി മൊയ്തിൻകുട്ടി തുടങ്ങിയ മുസ്ലിം പ്രമുഖരായിരുന്നു. ഖിലാഫത്തിനോടനുബന്ധിച്ചു ബ്രിട്ടീഷ് പട്ടാളത്തിൻെറ കുന്തമുന മുസ്ലിം വിഭാഗത്തിനെതിരെ തിരിഞ്ഞപ്പോൾ മുസ്ലിം സഹോദരൻമാരെ സഹായിക്കുന്നതിന് ഹിന്ദുവിഭാഗത്തിൽ പെട്ട ശ്രീ. ഗോവിന്ദമാരാർ തുടങ്ങിയ ആളുകൾ തന്നെയാണുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ തന്നെ മതസൗഹാർദ്ദത്തിൻെറ പ്രതീകമായാണ് ഈ സംഭവത്തെ കാണേണ്ടത്. പൊതു ജീവിതത്തിൽ മൂല്യശോഷണവും ധർമ്മച്യുതിയും സംഭവിച്ചിരിക്കുന്ന ഈ വർത്തമാന കാലഘട്ടത്തിൽ പോലും ജാതിമത വർഗീയ കാഴ്ചപ്പാടില്ലാത്ത പ്രശാന്തമായ ഒരു ഗ്രാമമായി നമ്മുടെ പ്രദേശം അറിയപ്പെടുന്നു എന്ന വസ്തുത നമ്മെ അതീവ സന്തുഷ്ടരാക്കുന്നു. ഒരർത്ഥത്തിൽ നമുക്കു കിട്ടിയ ആ പൈതൃകം ഇന്നും കോട്ടം തട്ടാതെ നമ്മൾ കാത്തു സൂക്ഷിക്കുന്നു.

1961 ഡിസംബർ 31-ഓടു കൂടി മലബാർ ഡിസ്ട്രിക്ട് ബോർഡ് ഇല്ലാതാവുകയും അന്നു ഡിസ്ട്രിക്സ് ബോർഡിൻെറ ഭാഗമായിരുന്ന ഇരിമ്പിളിയം, വലിയകുന്ന് അംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 1-1-62ൽ 1960ലെ കേരളാ പഞ്ചായത്ത് ആക്ട് അനുസരിച്ചു ഇരിമ്പിളിയം പഞ്ചായത്ത് നിലവിൽ വരികയും ചെയ്തു. വെറും 1.6 കി.മീ. ചെമ്മൺ റോഡും (വലിയകുന്ന-ഇരിമ്പിളിയം റോഡ്) വട്ടപ്പറമ്പിലെ ഒരു ആലയും ആയിരുന്നു ഡിസ്ട്രിക്ട് ബോർഡിൻെറ സ്വത്തായി പഞ്ചായത്തിന് വിട്ടുകിട്ടിയത്. ആരംഭം മുതൽ 1963 ഡിസംബർ 31 വരെ സ്പെഷൽ ഓഫീസറുടെ ഭരണമായിരുന്നു. വെണ്ടല്ലൂർ, മങ്കേരി, ഇരിമ്പിളിയം, വലിയകുന്ന്, കൊടുമുടി, പുറമണ്ണൂർ എന്നീ ആറു വാർഡുകളായാണ് അന്ന് പഞ്ചായത്ത് വിഭജിക്കപ്പെട്ടത്

26-12-63ന് ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടക്കുകയും 1-1-64ന് ശ്രീ. പി.മൊയ്തീൻ കുട്ടി വൈദ്യർ പ്രസിഡണ്ടും ശ്രീ. പി.സൈനുദ്ദീൻ മാസ്ററർ വൈസ്പ്രസിഡണ്ടും ശ്രീമാൻമാർ ടി.യൂസഫ്ഹാജി, പുല്ലാനൂർ ബാലകൃഷ്ണൻ നായർ, പുതുശ്ശേരി ബാലകൃഷ്ണൻ നായർ, ടി.പി. മുഹമ്മദ് എന്ന ബാപ്പുട്ടി, സി. ചക്കൻ എന്നിവർ മെമ്പർമാരുമായി പുതിയ പഞ്ചായത്ത് കമ്മററി അധികാരമേൽക്കുകയും ചെയ്തു. ശ്രീമതി പി. മീനാക്ഷി ടീച്ചർ വനിതാ മെമ്പറായി നോമിനേററ് ചെയ്യപ്പെട്ടു.

1966ൽ ശ്രീ.പി. സൈനുദ്ദീൻ മാസ്ററർ, ശ്രീമതി. മീനാക്ഷി ടീച്ചർ എന്നിവർ അവരവരുടെ മെമ്പർ സ്ഥാനം രാജിവെച്ചതിനാൽ 5-ാം വാർഡിൽ ഇടക്കാല തെരഞ്ഞെടുപ്പ് നടക്കുകയും ശ്രീ.ടി.പി. പോക്കർ എന്ന കുഞ്ഞാപ്പുട്ടിമെമ്പറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് ഓഫീസ് ശ്രീ. പടിഞ്ഞാറേടത്ത് മന വാസുദേവൻ നമ്പൂതിരി സൗജന്യമായി വിട്ടു തന്ന 15 സെൻറു സ്ഥലത്ത് നിർമിച്ച സ്വന്തം കെട്ടിടത്തിൽ 13.5.1979 മുതൽ പ്രവർത്തനം ആരംഭിച്ചു. വനിതാ മെമ്പറായി ശ്രീമതി എം. മാലതി പിഷാരസ്യാർ നോമിനേററ് ചെയ്യപ്പെട്ടു. ശ്രീ. പുല്ലാനൂർ ബാലകൃഷ്ണൻ നായർ വൈസ് പ്രസിഡണ്ട് ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 8-2-74 ന് ശ്രീ മൊയ്തീൻ കുട്ടി വൈദ്യർ നിര്യാതനായതിനാൽ ശ്രീ.പുല്ലാനൂർ ബാലകൃഷ്ണൻ നായർ പ്രസിഡണ്ട് ആയി. തുടർന്നുള്ള പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീണ്ടുപോയതിനാൽ 1978 ആഗസ്ത് 17 വരെ പ്രസ്തുത പഞ്ചായത്ത് കമ്മററി അധികാരത്തിൽ തുടർന്നു.

പഞ്ചായത്ത് 8 വാർഡുകളായി പുനർവിഭജിക്കപ്പെട്ടു. 1979 സെപ്തംബർ മാസം നടന്ന രണ്ടാമത്തെ പഞ്ചായത്ത് പൊതുതിരഞ്ഞെടുപ്പിനെ തുടർന്നു 19-9-79 ന് ശ്രീ. ടി.പി. മുഹമ്മദ് എന്ന ബാപ്പുട്ടി പ്രസിഡൻറും ശ്രീ. എം.ടി പ്രഭാകരൻ വൈസ്പ്രസിഡണ്ടും ശ്രീമാൻമാർ എൻ. മുസ്സ മാസ്ററർ, പി.മുഹമ്മദലി മാസ്ററർ, കെ.സി. ചോഴിമാസ്ററർ, പി. അബ്ദുറഹീം, ടി.പി. മുഹമ്മദ് കുട്ടി, ശ്രീമതി കെ.കാളിക്കുട്ടി എന്നിവർ മെമ്പർമാരും ആയ പുതിയ പഞ്ചായത്തു കമ്മിററി അധികാരമേററു.

190

കാലാവധി തീർന്നതിനാൽ 26-10-84ന് കമ്മിററി ഇല്ലാതാവുകയും 27-10-84ന് സ്പെഷൽ ഓഫീസർ ചാർജ്ജെടുക്കുകയും ചെയ്തു.

9 വാർഡുകളായി പഞ്ചായത്ത് പുനർവിഭജിക്കപ്പെട്ടു. 1988 ഫെബ്രുവരി ആദ്യത്തിൽ 3-ാം പഞ്ചായത്ത് പൊതുതിരഞ്ഞെടുപ്പു നടക്കുകയും ശ്രീ. പി. അബ്ദുറഹീം പ്രസിഡണ്ടും, ശ്രീ. എം. സുകുമാരൻ മാസ്ററർ വൈസ് പ്രസിഡണ്ടും ശ്രീമാൻമാർ കെ. മൊയ്തു, കെ. കണക്കറായി, ടി.പി. മുഹമ്മദ് കുട്ടി, കെ. രാമചന്ദ്രൻ നായർ, ടി.പി. അബ്ദുൽ റഷീദ്, ശ്രീമതിമാർ കെ.നഫീസ, എം.കെ. വാസന്തിക ദേവി എന്നിവർ മെമ്പർമാരുമായി ഒമ്പതംഗ കമ്മിററി 10-2-88ന് അധികാരമേൽക്കുകയും ചെയ്തു. 4-8-90ന് ശ്രീ. അബ്ദുറഹീം പ്രസിഡണ്ടു സ്ഥാനം രാജിവെച്ച ഒഴിവിൽ ശ്രീ. എം സുകുമാരൻ മാസ്ററർ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നു ശ്രീ. കെ. മൊയ്തു വൈസ്പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. 18-3-94ന് ഗവൺമെൻറ് നിർദേശമനുസരിച്ചു സ്പെഷൽ ഓഫീസർ ചാർജ്ജെടുത്തു.

11 വാർഡുകളായി പഞ്ചായത്ത് വീണ്ടും വിഭജിക്കപ്പെട്ടു. 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് 25-9-95ന് നടന്ന 4-ാം പഞ്ചായത്ത് പൊതു തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| വാർഡ്-1 | ശ്രീ. കെ.മൊയ്തു |
| വാർഡ്-2 | ശ്രീ.പി.പി. താമി മാസ്ററർ |
| വാർഡ്-3 | ശ്രീ. ടി.അബ്ദുറഹിമാൻ ഹാജി |
| വാർഡ്-4 | ശ്രീമതി പി.ടി.ആയിഷ |
| വാർഡ്-5 | ശ്രീ.ടി.പി. അബ്ദുറഹിമാൻ മാസ്ററർ |
| വാർഡ്-6 | ശ്രീമതി. കെ.പി. നഫീസ |
| വാർഡ്-7 | ശ്രീമതി.കെ.പി. ചന്ദ്രിക |
| വാർഡ്-8 | ശ്രീ. പി. അഹമ്മദ് |
| വാർഡ്-9 | ശ്രീമതി. സി.പി. സീനത്ത് |
| വാർഡ്-10 | ശ്രീ. എം. സുകുമാരൻ മാസ്ററർ |
| വാർഡ്-11 | ശ്രീ. എ.വി. അബ്ബാസ് |

ശ്രീ.പി.പി. താമി മാസ്ററർ പ്രസിഡണ്ടായും, ശ്രീ. കെ.മൊയ്തു വൈസ് പ്രസിഡണ്ടായും ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

ശ്രീ. എം. സുകുമാരൻ മാസ്ററർ ചെയർമാനും, ശ്രീ.പി അബ്ദുറഹിമാൻ മാസ്ററർ, ശ്രീ. പി.അഹമ്മദ്, ശ്രീമതി. കെ.പി നഫീസ ടീച്ചർ എന്നിവർ മെമ്പർമാരുമായി സ്ററാൻറിങ്ങ്സ് കമ്മിററി ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്തിൻെറ കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തനം പരിശോധിച്ചാൽ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നു കാണാം.



പഞ്ചായത്തിൻെറ പടിഞ്ഞാറൻ കവാടം




പഞ്ചായത്തിൻെറ കിഴക്കൻ കവാടം-ജില്ലാ അതിർത്തിയും.

ഗതാഗത സൗകര്യത്തിൻെറ കാര്യത്തിലും ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമാണ പദ്ധതികളിലും മററു സാമൂഹ്യക്ഷേമ രംഗങ്ങളിലും ഒരു വലിയ മാററം പഞ്ചായത്തിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1988ന് ശേഷം പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കുന്നതിലും ഭവന നിർമാണ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലും നമുക്കു വളരെ ദൂരം മുന്നിലെത്താൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലെങ്കിലും...

സാനിറേറഷൻ സൗകര്യം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി മുഴുവൻ കുടുംബങ്ങൾക്കും ശുചിത്വമുള്ള കക്കൂസ് ഒരു വർഷത്തിനകം നിർമിച്ചുകൊടുക്കുന്ന ഒരു വലിയ പദ്ധതി ബഹുജന പങ്കാളിത്തത്തോടെ നാം ഇപ്പോൾ ഏറെറടുത്തിരിക്കുകയാണ്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും പാരമ്പര്യ തൊഴിൽ മേഖലയിലും ഉൽപ്പാദന വർദ്ധനവിനായി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി നമുക്കൊരുപാടു കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കാലഘട്ടം നമ്മളിലേൽപ്പിച്ച-9-ാം പദ്ധതിയുടെ ജനകീയവൽക്കരണം' എന്ന ദൗത്യം നമുക്കേറെറടുക്കാം.

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി




## വികസന റിപ്പോർട്ട്
### ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

193



**'എൻെറ ജീവിതമാണ്**
**എൻെറ സന്ദേശം'**

'സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാററം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ, അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുന്നത്".

'സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽ ദാന പരിപാടിയല്ല. അതിൻെറ ലക്ഷ്യ, മാർഗ്ഗങ്ങൾ ദയയോ, ഭിക്ഷാദാനമോ അല്ല; ജനങ്ങളിൽ സ്വാശ്രയ ബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമോൻമുഖരാക്കുകയാണ്. അവരുടെ ശക്തിയുടെ കഴിവും വളരണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തിയാർജിക്കണം'.

-ഗാന്ധിജി

## ഉള്ളടക്കം

1. ആമുഖം.....5

2. പൊതു വിവരണം.....9

3. ചരിത്ര പശ്ചാത്തലം.....11

4. ഭൂപ്രകൃതിയും വിഭവങ്ങളും.....17

5 1. കൃഷിയും ജലസേചനവും.....20

5 2. മൃഗസംരക്ഷണം.....29

5 3. വ്യവസായം.....32

5 4. ഗതാഗതം, ഊർജ്ജം.....35

5 5. കുടിവെള്ളം, പൊതുജനാരോഗ്യം.....43

5 6. വിദ്യാഭ്യാസം.....54

5 7 ഭവന നിർമാണം, സാമൂഹ്യ ക്ഷേമം.....63

5 8 പട്ടികജാതി ക്ഷേമം.....66

5 9 സ്ത്രീ പദവി.....72

5 10 സംസ്കാരം.....77

5 11 സഹകരണ മേഖല.....80

5 12 വിഭവ സമാഹരണം.....83

6 ഉപസംഹാരം.....86

195



സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ വികേന്ദ്രീകൃത ആസൂത്രണത്തിനു പ്രധാനമായും 3 ലക്ഷ്യങ്ങളാണ് ഉള്ളത്.

ഒന്നാമതായി, സമൂഹത്തിന്റെ താഴെ തട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ്-നഗരസഭ സ്ഥാപനങ്ങൾ വഴി തങ്ങളുടേതു മാത്രമായ ഒരു ആസൂത്രണ പദ്ധതിയുടെ രൂപം നൽകാനും നടപ്പാക്കാനും സാധിക്കും. ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്.

രണ്ടാമതായി, സർക്കാർ നടപ്പാക്കുന്ന ഈ ആസൂത്രണ പരിപാടിയിൽ എല്ലാ രാഷ്ട്രീയ കക്ഷിയുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഓരോ വ്യക്തിയുടെയും പങ്കാളിത്തമുണ്ടാവും.

മൂന്നാമതായി സമൂഹത്തെയാകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണ പരിപാടിയിൽ നിന്നും വ്യത്യസ്തമായ ഉൽപ്പാദനവും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന സാമൂഹിക സേവന മേഖലക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനമായിരിക്കും വികേന്ദ്രീകൃത ആസൂത്രണ പദ്ധതിക്കുള്ളത്.

-ഇ.എം.എസ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# ആമുഖം

## 1

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രാഷ്ട്ര വികസനത്തിന് ശാസ്ത്രീയമായ ആസൂത്രണം എന്ന ആശയത്തിൽ നിന്നാണ് പഞ്ചവൽസര പദ്ധതികൾ നാം ആവിഷ്കരിച്ചത്. അവയുടെ നടത്തിപ്പിന്റെ ഭാഗമായി രാഷ്ട്രത്തിന്റെ വിവിധ തലങ്ങളിൽ നാം നേടിയ പുരോഗതികൾ ധാരാളമുണ്ടെങ്കിലും നിരന്തരമായ പദ്ധതി പ്രവർത്തനങ്ങളിലൂടെ വികസന ആസൂത്രണത്തിലുണ്ടായ കേന്ദ്രീകരണം ഭരണകർത്താക്കളുടെ ശ്രദ്ധയിൽ പെട്ടു. ഇതിന്റെ ഫലമായി73,74 ഭരണഘടനാ ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകർണത്തിന് നിയമസാധുതയായി. അതോടനുബന്ധിച്ചു കേരള നിയമസഭ പാസാക്കിയ പഞ്ചായത്തി രാജ് നിയമമനുസരിച്ച് ചട്ടങ്ങളും തുടർ നടപടികളും വരാൻ തുടങ്ങിയിട്ടുണ്ട്. വികേന്ദ്രീകരണ പ്രക്രിയ സെൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതോടെ പൂർണമാകുമെന്നു പ്രതീക്ഷിക്കാം. എങ്കിൽ തന്നെ വികസനത്തെകുറിച്ചു നിലവിലുള്ള കാഴ്ചപ്പാടു മാറേണ്ടതുണ്ട്. വികസനമെന്നാൽ ജനങ്ങളുടെ ഭൗതിക ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ് ഭൗതിക ജീവിത നിലവാരം ഉയരണമെങ്കിൽ ഉൽപ്പാദനവും ഉയരണം. ഇതുമാത്രം പോര സാമ്പത്തിക വളർച്ച സ്ഥായിയും നീതിപൂർവകവുമായിരിക്കണം. ഇത്തരത്തിലുള്ള സാമ്പത്തിക വളർച്ച നിലവിൽ വരണമെങ്കിൽ ലഭ്യമാകുന്ന അധികാരം വ്യക്തികളുടെ തന്നിഷ്ടതീരുമാനത്തിന് വിട്ടുകൊടുത്താൽ പോര. സാമൂഹിക ഇടപെടൽ വഴി മൊത്തത്തിൽ വളർച്ചയുടെ മുൻഗണനാക്രമങ്ങളെപ്പറ്റി തീരുമാനം എടുക്കുകയും ലഭ്യമായ പരിമിത വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്ന പ്രക്രിയയെ ആസൂത്രണം എന്നുവിളിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും നിലവിലുള്ള വിഭവങ്ങളും പരിഹാര മാർഗങ്ങളും ഏററവും കൂടുതൽ അറിയുക പ്രാദേശിക വാസികൾക്കായിരിക്കും. അതുകൊണ്ടു തന്നെ പ്രശ്ന പരിഹാരിത്തനായുള്ള ആസുത്രണത്തിൽ പ്രാദേശിക വാസികളെ കൂടെ ഉൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന അന്തസത്തയോടെയാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുവാൻ കേർള സർക്കാർ തീരുമാനിച്ചത്.

എന്നാൽ പുതിയ ഭരണഘടനാ ഭേദഗതി വഴി താഴെ തട്ടിലേക്ക് അധികാരം എത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നാം ഇത്തരം ഒരു മഹത് സംരംഭം ഏറെറടുത്തിരിക്കുന്നത്. പുതിയ നിയമങ്ങളിലൂടെ ലഭ്യമായ അധികാരങ്ങൾ ഫലപ്രദമായി കയ്യാളുന്നതിന് ജനങ്ങളെ തയ്യാറെടുപ്പിക്കുക എന്നത് ഇതിൽ പ്രധാനമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെ ഭരണ പാരമ്പര്യം ജനങ്ങളുടെ സ്വയം പ്രവർത്തന ക്ഷമതയെ ഒട്ടേറെ ചോർത്തികളഞ്ഞിരിക്കുന്നു. ഈ അനുഭവം ജനങ്ങളെ ഒരു നിസംഗതയിലേക്ക് നയിച്ചു. 'ഒന്നും ശരിയാവില്ല' എന്ന നിരാശാബോധം ഇന്നു രാഷ്ട്രീയ നേതൃത്വങ്ങളെ വരെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ധാരണകൾ മാററുക എന്ന ഭാരിച്ച ഉത്തരവാദിത്വത്തിന്റെ ഭാഗമായി വികസനത്തെക്കുറിച്ചുള്ള മാമൂൽ ധാരണകൾക്കെതിരെ ശക്തമായി ആശയ പ്രചാരണം തുടർന്നു നടത്തുമ്പോൾ പുതിയൊരു വികസന അവബോധത്തിനും തൊഴിൽ സംസ്കാരത്തിനും വേണ്ടിയുള്ള പ്രചാരണം ഇതിന്റെ ഭാഗമാണ്.

പുതിയ വികസന അവബോധം ഫലപ്രാപ്തിയിലെത്താൻ 2 ഉപാധികൾ പ്രധനമാണ്. ഒന്നാമത്തേത് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥലജലവിഭവങ്ങളുടെ സുഗമമായ വിനിയോഗത്തെ കുറിച്ചുള്ള സ്ഥിതി വിവര ധാരണകൾ ഉണ്ടാകുക. ഇത്തരത്തിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കാൻ പ്രാദേശിക വാസികൾക്കു മാത്രമേ കഴിയൂ. കേരളത്തിന്റെ മൊത്തം സ്ഥിതി വിവരകണക്കുകൾ വെച്ച് പദ്ധതികൾ ആസൂത്രണം ചെയ്താൽ പ്രാദേശിക സാധ്യതകളും ആവശ്യങ്ങളും പരിഗണിക്കപ്പെടുകയില്ല. കൂടാതെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ കൂടി വേണം. ഇത് പഞ്ചായത്തു തല സ്ഥാപനങ്ങളിൽ ലഭ്യമാണ്. രണ്ടാമത്തേത് ലഭ്യമായ വിവരങ്ങൾക്കനുസരിച്ചു ജനങ്ങളുടെ ആഗ്രഹങ്ങൾക്കനുസൃതമായി അവരെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്കു പ്രാദേശിക തലത്തിൽ രൂപം നൽകാൻ കഴിയുന്ന വിദഗ്ദരുടെ ചെറു സംഘങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഈ ചെറു സംഘങ്ങളിലെ വിദഗ്ദരുടെ സഹായത്തിൽ ശാസ്ത്രീയമായ സ്ഥലജലമാനേജുമെന്റാണ് നടപ്പിൽ വരുത്തേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലാണ് നാട്ടിലെ ഇന്നത്തെ കാർഷിക സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗം കണ്ടെത്തേണ്ടത്.

ഇത്തരത്തിൽ കാർഷിക മേഖല അഭിവൃദ്ധി പ്രാപിക്കുന്നതിനോടൊപ്പം ഇതുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ട കാര്യം കാർഷിക സംസ്കരണ വ്യവസായങ്ങളുടേതാണ്. പരമ്പരാഗത കൈവേലക്കാരുടെ വൈദഗ്ദ്യത്തെ എങ്ങനെ നവീകരിച്ചുയർത്താമെന്നും ഈ പദ്ധതികളിൽ ചിട്ടയായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും മററു ഭൗതിക സാഹചര്യങ്ങളിലെ പ്രശ്നങ്ങളും പ്രാദേശിക തലത്തിൽ തന്നെ ചർച്ച ചെയ്തു പരിഹാര മാർഗങ്ങൾ കണ്ടെത്തേണ്ടതിനും ഈ അവസരം നാം ഉപയോഗിക്കുകയാണ്.

ആരോഗ്യ രംഗത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ എന്നിവ പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിൽ വന്നിരിക്കുകയാണ്. ഇതിൻെറ ആവശ്യങ്ങൾ, പരിമിതികൾ എന്നിവ എന്തെല്ലാമെന്നു വിലയിരുത്തി ഇവയുടെ പ്രവർത്തനം എല്ലാ ജനങ്ങളിലേക്കും എത്തിക്കാൻ നമുക്കെന്തെല്ലാം ചെയ്യണമെന്നും നാം രൂപം നൽകേണ്ടതുണ്ട്.

9-ാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച ശേഷം നമ്മുടെ പഞ്ചായത്തിലും പങ്കാളികളാകാനുള്ള ആവേശം ഉളവായിട്ടുണ്ട്. ഗ്രാമസഭകൾക്കു മുമ്പു നടന്ന ഒരുക്കങ്ങൾ സ്ക്വാഡ് പ്രവർത്തനങ്ങൾ, പ്രചരണങ്ങൾ എന്നിവ കടന്നുചെല്ലാത്ത ഇടമുണ്ടായിട്ടില്ല. എങ്കിലും ഗ്രാമസഭകളിൽ പങ്കാളിത്തം വേണ്ടത്ര ഉണ്ടാകാത്ത വാർഡുകളും ഉണ്ടായി. ഗ്രൂപ്പു ചർച്ചകൾ എല്ലായിടത്തും വേണ്ടത്ര ഫലപ്രദമായി എന്നു പറഞ്ഞു കൂട. ഉയർന്ന നിലവാരം പുലർത്തിയ പങ്കാളിത്തവും അതിൽ തന്നെ മികച്ച സ്ത്രീ പങ്കാളിത്തവും ഫലപ്രദമായ ചർച്ചകളും നടന്ന വാർഡുകളും ഉണ്ട്. പ്രവർത്തകർക്കു വേണ്ടി നടത്തിയ ക്യാമ്പുകളും മോശമായിരുന്നില്ല.





ഒരു ഗ്രാമസഭയിലെ ഗ്രൂപ്പു ചർച്ചയും ഉൽഘാടന വേദിയും

ക്യാമ്പുകളെയും ഗ്രാമസഭകളെയും കുറിക്കുന്ന പട്ടികകൾ കാണുക. ഒന്നാംഘട്ടത്തിൽ വന്ന പോരായ്മകൾ രണ്ടാംഘട്ടത്തിൽ നികത്തി ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വികസന സെമിനാറിൽ നാം എത്തി നിൽക്കുകയാണ്.

## ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം
## ക്യാമ്പുകളിലെ പങ്കാളിത്തം

| ഘട്ടം | കെ.ആർ.പി. | ഡി.ആർ.പി | എൽ.ആർ.പി. | വിദഗ്ദർ | പഞ്ചായത്ത് മെമ്പർമാർ |
|---|---|---|---|---|---|
| ഒന്നാം ഘട്ടം | - | 9 | 107 | 42 | 11 |
| രണ്ടാം ഘട്ടം | - | 8 | 103 | 04 | 10 |
| ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും പങ്കെടുത്തവർ | - | 7 | 103 | 04 | 10 |

## ഗ്രാമസഭ - പങ്കാളിത്തം

| വാർഡ് | ഗ്രാമസഭ നടത്തിയ തീയതി | പങ്കെടുത്തവർ | ചർച്ച നടത്തിയ ഗ്രൂപ്പുകൾ |
|---|---|---|---|
| 1 | 2-10-96 | 176 | 6 |
| 2 | 2-10-96 | 180 | 6 |
| 3 | 25-9-96 | 156 | 6 |
| 4 | 22-9-96 | 128 | 6 |
| 5 | 2-10-96 | 280 | 6 |
| 6 | 29-9-96 | 160 | 6 |
| 7 | 29-9-96 | 211 | 6 |
| 8 | 29-9-96 | 130 | 6 |
| 9 | 22-9-96 | 118 | 6 |
| 10 | 2-10-96 | 462 | 6 |
| 11 | 29-9-96 | 125 | 6 |
| | ആകെ | 2126 | - |

ഇനി നിലവിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും അതുവഴി ജനങ്ങൾക്കു ആത്മവിശ്വാസവും ജനാധിപത്യ ബോധവും വളർത്തിയെടുത്തും നിർമാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്. രാഷ്ട്രീയ വർഗ വ്യത്യാസങ്ങൾ വകവെക്കാതെ മൊത്തം ജനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടു നടത്തിയ ദേശീയ സ്വാതന്ത്ര്യ സമര മുന്നേററങ്ങൾ ഇവിടെ സ്മരണീയമാണ്. സമ്പൂർണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ചു ഒന്നാം ഘട്ടത്തിൽ നാം നടത്തിയ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭരണകൂടത്തിൻെറ ഇച്ഛാശക്തിയും ജനകീയ പങ്കാളിത്തത്തിൻെറ സാധ്യതകളും നമ്മെ ബോധ്യപ്പെടുത്തിയതാണല്ലോ. നമുക്കു കഴിയുമെന്നു ബോധ്യപ്പെട്ട ഈ ജനകീയ മുന്നേററം വികസനത്തെയും ആസൂത്രണത്തെയും പററിയുള്ള ജനകീയവും ശാസ്ത്രീയവുമായ കാഴ്ചപാടിൽ ഊട്ടി വളർത്തേണ്ടിയിരിക്കുന്നു. ഇന്നു നാം നടത്തുന്ന ചർച്ചയും ഭാവി പരിപാടികളും നമ്മെ ലക്ഷ്യപ്രാപ്തിയിലെത്തിക്കുക തന്നെ ചെയ്യും. രാഷ്ട്രീയ രംഗത്തെ മൂല്യശോഷണത്തിനു വിരാമമിടാനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പരിഗണനകൾ അർഹതയുള്ളവർക്കു തന്നെ നേടിക്കൊടുക്കാനും സാധ്യമാകുന്ന രീതിയിൽ ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തുക എന്നതാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിൻെറ അന്തസത്ത. ഇതു ഉൾക്കൊള്ളുകയും കർമനിരതരാവുകയുമാണ് നമ്മുടെ കടമ.

> **ഗ്രാമ സ്വരാജിൽ ഏതൊരു ഗ്രാമത്തിൻെറയും സാമ്പത്തിക പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്തണം.**
>
> **-ഗാന്ധിജി**

**കമുങ്ങ് കൃഷി:-** പുഴയോരങ്ങളിൽ പ്രത്യേകിച്ചും, മറ്റു ജലസേചനസൗകര്യമുള്ളിടത്തും ധാരാളം കമുങ്ങ് കൃഷിയുണ്ട്. ആവശ്യമായ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാത്തതും കമുങ്ങ് കയറ്റത്തൊഴിലാളികളുടെ കുറവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. മഹാളി രോഗം വ്യാപകമാണ്. ഇതിനുള്ള മരുന്നുകൾ പേരിനു മാത്രമാണ് കൃഷിഭവനുകളിൽ കൂടി ലഭ്യമാകുന്നത്. വേണ്ടത്ര ആളുകൾക്ക് മഹാളി മരുന്ന് സബ്സിഡി റേറ്റിൽ ലഭ്യമാക്കണം. മഞ്ഞളിപ്പ് രോഗം കമുങ്ങിനെ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ്. ഈ രോഗം ബാധിച്ച തോട്ടങ്ങളിൽ അടക്കയുടെ ഉൽപ്പാദനം ഗണ്യമായി കുറയുന്നു. ഈ 'വൈറസ്' രോഗത്തിന് ഗവേഷണം നടത്തി പ്രതിവിധി കണ്ടെത്തി നടപ്പാക്കിയില്ലെങ്കിൽ കമുങ്ങ് കൃഷി അപ്പാടെ നശിക്കും.

**വാഴകൃഷി:-** നാടൻ വാഴയും, നേന്ത്രവാഴയും ജലസേചനസൗകര്യമുള്ള പുഴയോരങ്ങളിൽ ധാരാളം കൃഷി ചെയ്യുന്നു. വാഴകൃഷിക്ക് ഏറ്റവും വലിയ ഭീഷണി കുമ്പടച്ചിൽ രോഗമാണ്. ഈ രോഗത്തിന് ഗവേഷണം വഴി പ്രതിവിധി കണ്ടെത്തി നടപ്പാക്കിയില്ലെങ്കിൽ വാഴകൃഷി പൂർണ്ണമായും നശിക്കും.

വാഴകൃഷിക്കുള്ള മറ്റൊരു ഭീഷണി ചുഴലിക്കാറ്റിലും മറ്റുമുള്ള നാശമാണ്. പ്രകൃതിക്ഷോഭത്തിനിരയാകുന്നവക്ക് യഥാസമയം സഹായം ലഭ്യമാക്കണം.

**പച്ചക്കറി കൃഷി:-** പഞ്ചായത്തിൻെറ പുഴയോരത്തുള്ള പുഴനമ്പ്രങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിന് കൂടുതൽ സാധ്യതയുള്ള ഒരു മേഖലയാണ്. ഈ കൃഷിക്കാർക്ക് ആവശ്യമായ വളം, കീടനാശിനികൾ ഇവ സബ്സിഡി റേറ്റിൽ നൽകിയും പലിശയില്ലാത്ത കാർഷിക വായ്പ ലഭ്യമാക്കിയും കൂട്ടുകൃഷിസംരഭങ്ങളേർപ്പെടുത്തിയും ആവശ്യമായ പ്രോൽസാഹനങ്ങൾ നൽകി പഞ്ചായത്തിലേക്കാവശ്യമായ പച്ചക്കറികളുടെ കാര്യത്തിൽ സ്വയം പര്യാപ്തതയുണ്ടാക്കാവുന്നതാണ്. ഈ രംഗം വികസിപ്പിക്കാൻ അടുക്കള തോട്ടത്തിനും കഴിയും. ഇക്കാര്യത്തിൽ ബോധവൽക്കരണം ആവശ്യമാണ്.

**റബ്ബർ കൃഷി:-** പഞ്ചായത്തിലെ 2,3,6,7 വാർഡുകളിലായി അൽപ്പസ്വല്പം റബ്ബർ കൃഷിയുണ്ട്. 3ഉം 9ഉം 10ഉം 11ഉം വാർഡുകളിലെ ഏക്കർ കണക്കിന് തരിശ് സ്ഥലങ്ങൾ റബ്ബർ കൃഷിക്കനുയോജ്യമാണ്. റബ്ബർ ബോർഡിൻെറ ബന്ധപ്പെടുത്തി റബ്ബർ കൃഷി വികസനത്തിന് കൃഷിഭവൻ മുൻകൈയെടുക്കണം.

**മറ്റു കൃഷികൾ:-** കുരുമുളക്, ഇഞ്ചി, കശുമാവ്, എള്ള് തുടങ്ങയവയും കൃഷി ചെയ്യുന്നുണ്ട്. കുരുമുളകും, ഇഞ്ചിയും ഇടവിളകളായാണ് കൃഷി ചെയ്യുന്നത്. പുറമണ്ണൂർ ഭാഗത്തുള്ള എള്ളു കൃഷി പുഴയോരത്തുള്ള മറ്റുള്ള സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാൻ വേണ്ട നടപടിയെടുക്കണം.

**സാധ്യതയുള്ള മററു കൃഷികൾ:-** കുറ്റിമുല്ല കൃഷി വളരെ നല്ല തോതിൽ നടത്താൻ സാധ്യതയുണ്ട്. 9-ാം വാർഡിലെ പോക്കാട്ടുകുഴി ഭാഗത്തും 7-ാം വാർഡിലെ അംബാൾ ഭാഗത്തും 1ഉം 10ഉം വാർഡുകളിലും ഇതിന് നല്ല സാധ്യതയുണ്ട്. ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകിയാൽ ഇതു വഴി നല്ലൊരു തൊഴിൽ മേഖല പടുത്തുയർത്താം.

ഔഷധച്ചെടികളുടെ കൃഷി നല്ല സാധ്യതയുള്ള മറ്റൊരു ഇനമാണ്. ധാരാളം ആയുർവ്വേദ ചികിൽസാ സ്ഥാപനങ്ങളും ഔഷധ നിർമാണ യൂണിറ്റുകളുമുള്ള ഈ പ്രദേശം എന്തുകൊണ്ടും അതിന് അനുയോജ്യമാണ്. കൊടുവേലിക്കിഴങ്ങ്, കച്ചോലം, മഞ്ഞൾ, കൂവ തുടങ്ങിയവ തെങ്ങിൻ തോട്ടങ്ങളിലും മറ്റും വ്യാപകമായി ഇടവിളകളായി കൃഷിചെയ്താൽ അത് വലിയ നേട്ടമാവും.

സെറികൾച്ചർ (മൾബറി) കൃഷിക്കും സാധ്യതയുണ്ട്. പക്ഷെ, മാർക്കറ്റിങ്ങ് (വിപണനം) പ്രശ്നം മൂലം കൃഷിക്കാർ ഇതിൽ നിന്നും പിന്തിരിയുന്നു. മൾബറികൃഷി സഹകരണസംഘങ്ങൾ രൂപീകരിച്ച് വിപണനപ്രശ്നങ്ങൾ പരിഹരിച്ച് ഈ കൃഷി പ്രോൽസാഹിക്കപ്പെടേണ്ടതാണ്.

**റഗുലേറ്റഡ് മാർക്കറ്റ്:-** കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാകാൻ വലിയകുന്നിൽ ഒരു റഗുലേറ്റഡ് മാർക്കറ്റ് സ്ഥാപിക്കണം.

**കൃഷിവികസനത്തിൽ കൃഷിഭവൻെറ പങ്ക് : -** കൃഷിവികസനത്തിൽ വലിയ പങ്ക് വഹിക്കേണ്ട കൃഷിഭവൻെറ പങ്ക് ഒട്ടും തൃപ്തികരമല്ല. പ്രകൃതിക്ഷോഭത്തിൽ പെട്ട കൃഷിക്കാർക്ക് വിള ഇൻഷുറൻസ് പ്രകാരം പ്രീമിയം അടച്ചിട്ടു പോലും ഇന്നേ വരെയും നഷ്ടപരിഹാരം ലഭ്യമായിട്ടില്ല. പോളിസി പോലും ഇന്നു വരെ ലഭിച്ചിട്ടില്ല. വിരിപ്പ്, മുണ്ടകൻ, ഇവക്ക് കൃഷിക്കാർക്ക് ലഭിക്കേണ്ട ഇൻസെൻറീവും രണ്ടു കൊല്ലമായി ലഭിക്കുന്നില്ല. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ ശ്രീ മംഗള തുടങ്ങിയ കമുങ്ങിൻ തൈകൾ, ഡി ഇൻറു ടി പോലുള്ള തെങ്ങിൻ തൈകൾ ഗ്രാൻറ്നെയിൽ, ടിൻറൽ വാഴ തുടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള വാഴതൈകൾ, നല്ലയിനം ഇഞ്ചി, കച്ചോലം എന്നിവയുടെ വിത്ത് നല്ലയിനം പച്ചക്കറി വിത്തുകൾ, കുരുമുളക് തൈകൾ, ഒട്ടുമാവിൻ തൈകൾ തുടങ്ങിയവ വേണ്ട സമയത്ത് കൃഷിഭവനിൽ നിന്ന് ലഭ്യമാകണം.

ഇത്തരത്തിൽ ചിലതൊക്കെ കൃഷിഭവനിൽ വരാറുണ്ടെങ്കിലും അവ യഥാർത്ഥ കൃഷിക്കാർ അറിയുന്നതേയില്ല. ഇതിന് പരിഹാരമായി റേഷൻ കടകൾ, പഞ്ചായത്ത്ഓഫീസ്, വില്ലേജ്ഓഫീസ് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ഇത്തരം കാര്യങ്ങളെ പറ്റി നോട്ടീസ് പതിച്ച് കൃഷിക്കാർക്ക് വിവരമെത്തിക്കണം. ഈ പഞ്ചായത്തിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന പച്ചില വളമാണ് കൊഴിഞ്ഞിൽ. നല്ല ജർമിനേഷനുള്ള, പരിശോധിച്ച് ചിട്ടപ്പെടുത്തിയ കൊഴിഞ്ഞിൽ വിത്ത് സബ്സിഡി റേറ്റിൽ കൃഷിഭവൻ മുഖേന യഥാസമയം ലഭ്യമാക്കണം. കൃഷിക്കാർക്കാവശ്യമായ കീടനാശിനികളും സബ്സിഡൈസ് റേറ്റിൽ ലഭ്യമാക്കണം. കീടനാശിനികൾ അടിക്കാനാവശ്യമായ സ്പെയറുകളും റോക്കർ സ്പെയറുകളും സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. കൂടാതെ, കൃഷിഭവനിൽ ഇവ ചുരുങ്ങിയ വാടകക്ക് ലഭ്യമാക്കുകയും വേണം. വിത്തുകളും മറ്റും സൂക്ഷിക്കാനാവശ്യമായ ലോഹപ്പത്തായങ്ങൾ സബ്സിഡൈസ്ഡ് നിരക്കിൽ ലഭ്യമാക്കണം. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധന നടത്താനും തദനുസൃതമായി കൃഷി ക്രമീകരിക്കാനും കൃഷിഭവൻ നേതൃത്വം നൽകണം. ഇലക്ട്രിക് മോട്ടോറുകൾ, പമ്പുസെറ്റുകൾ, സ്പെയറുകൾ, മറ്റു കാർഷികോൽപ്പന്നങ്ങൾ എന്നിവക്ക് സബ്സിഡി നൽകപ്പെടുന്ന അവസരങ്ങളിൽ കൃഷിക്കാരെ അറിയിക്കണം. ട്രാക്ടർ, ടില്ലർ എന്നിവ പാടശേഖര സമിതികൾക്ക് സബ്സിഡി നൽകുന്ന സ്കീമുകളുണ്ട്. എന്നാൽ സമിതികളുടെ മറവിൽ ചില ധനാഢ്യരാണ് ഇത് തട്ടിയെടുക്കുന്നത്. ഇത് തടഞ്ഞ് പാടശേഖര സമിതികൾക്ക് ഇത് നൽകുന്നതോടൊപ്പം അവ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ ആവശ്യമായ സംവിധാനം കൂടി ഒരുക്കണം. കൃഷിഭവൻ സൗകര്യപ്രദമായ ഒരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം. നടീൽ യന്ത്രം, കൊയ്ത്തുയന്ത്രം, മെതിയന്ത്രം തുടങ്ങിയവ ഇന്ന് ലഭ്യമാണ്. പക്ഷേ താങ്ങാൻ വയ്യാത്ത വിലയാണ്. അതിനാൽ ഇവ കൃഷിഭവനുകളിൽ ലഭ്യമാക്കി ചുരുങ്ങിയ ചിലവിൽ ഇവയുടെ സേവനം കൃഷിക്കാർക്ക് ലഭ്യമാക്കണം. കാർഷികരംഗത്ത് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയിലുള്ള ശൂന്യത നികത്താൻ ഇത് മുഖേന കഴിയും.

ഇന്ന് കൃഷിഭവൻ മുഖേന കാർഷിക മേഖലയിൽ നടക്കുന്ന പല സ്കീമുകളും എല്ലാ മേഖലകൾക്കും അനുയോജ്യമായിട്ടുള്ളതല്ല. ഓരോ മേഖലയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് സ്കീമുകൾ തയ്യാറാക്കണം.

അഗ്രിക്കൾച്ചറൽ ഓഫീസിൽ നിന്ന് ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശാസ്ത്രീയകൃഷിരീതിക്ക് കൃഷിഭവൻ നേരിട്ട് നേതൃത്വം കൊടുക്കുകയും യഥാസമയം ആവശ്യമായ നല്ലയിനം വിത്ത്, കീടനാശിനികൾ, തുടങ്ങിയവ ലഭ്യമാക്കുകയും നവീനയന്ത്രങ്ങളുടെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുകയും സർക്കാർതലത്തിൽ രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തി അവ തടയുകയും കാർഷിക വായ്പ പലിശയില്ലാതെ കൃഷിക്കാർക്ക് ലഭ്യമാക്കുകയും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാ സർക്കാർ മുൻകൈയെടുക്കുകയും കുതിച്ചുകയറുന്ന രാസവള വിലവർദ്ധന തടയുകയും ചെയ്താൽ തകർന്നു കൊണ്ടിരിക്കുന്ന കാർഷികരംഗത്തിന് പുതുജീവൻ നൽകാം. ഒരു പുതുയുഗം സൃഷ്ടിക്കുകയും ചെയ്യാം.

**ആസൂത്രണ പരിപാടിയിൽ ഗ്രാമീണ ജനങ്ങൾ പങ്കെടുക്കുന്നതോടെ ജനാധിപത്യ വൽക്കരണത്തിന്റെ ഒരു പുതിയ യുഗം പിറക്കുകയാണ്. ഗ്രാമതല ആസൂത്രണത്തിലൂടെ ഒരു പുതിയ വികസന സംസ്കാരം നമുക്കു വളർത്തിയെടുക്കാം.**

**-ഇ.കെ. നായനാർ** (ബഹു.കേരള മുഖ്യമന്ത്രി)

202

ഇരിമ്പിളിയം പഞ്ചായത്തിൽ കൃഷി ഭവൻ വഴി വിതരണം ചെയ്യപ്പെട്ട ഉപകരണങ്ങൾ

| ഉപകരണം | എണ്ണം |
|---|---|
| ട്രാക്ടർ | 3 |
| ടില്ലർ | 1 |
| നാടൻ സ്പ്രെയർ | 100 |
| റോക്ക് സ്പ്രെയർ | 30 |
| തെങ്ങ് കയറ്റ യന്ത്രം | 1 |
| പോർട്ടബിൾ പമ്പ് സെറ്റ് | 70 |

**കാർഷിക മേഖലയിലെ കൂലിനിരക്ക്**

| മേഖല | പതം | വാടക | കൂലി നിരക്ക് | |
|---|---|---|---|---|
| | | | ആൺ | പെൺ |
| ഞാറു പറി | | | | 100 മുടിക്ക് 10 രൂപ |
| നടീൽ | | | | 70 രൂപ |
| മറ്റു ജോലികൾ | | | 90-100 രൂപ | 55-60 രൂപ |
| ട്രാക്ടർ (മണിക്കൂറിന്) | | 180 രൂപ | | |
| കന്ന് (4 മണിക്കൂറിന്) | | 175 രൂപ | | |
| കൊയ്ത്ത് | അഞ്ചിലൊന്ന് | | | |

03

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| പുരയിടം | 1122 |
| പുറമ്പോക്ക് | 653 |
| കൃഷി യോഗ്യത്തിന് | 260 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 84 |
| നിലം | 348 |
| ആകെ | 2372 |

അവലംബം : കൃഷിഭവൻ രജിസ്റ്റർ

## വിളവിസ്തീർണ്ണവും ഉത്പാദനവും
**അടിസ്ഥാന വിവര രജിസ്റ്റർ**

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം |
|---|---|---|
| നെല്ല് (ഒന്നാം വിള) | 303 Hq | 900 എം.ടി |
| നെല്ല് (രണ്ടാം വിള) | 232 Hq | 700 എം.ടി |
| നെല്ല് (മൂന്നാം വിള) | 50 Hq | 175 എം.ടി |
| എള്ള് | 10 Hq | 2500 കി.ഗ്രാം |
| തെങ്ങ് | 645 Hq | 450,000 |
| വാഴ | 210 Hq | 1000 |

അവലംബം : കൃഷി ഭവൻ രജിസ്റ്റർ

## നടീൽ വസ്തു വിതരണം

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1500 | 1500 | 500 |
| കശുമാവ് | 300 | 700 | 1000 |
| കുരുമുളക് | 1500 | 5000 | 5000 |
| കവുങ്ങ് | 100 | 100 | 100 |

| കർഷകർ | ഭൂവിസ്തീർണം (ഹെക്ടർ) |
|---|---|
| 1. ഹെക്ടറിൽ താഴെ ഭൂവിസ്തീർണമുള്ള കർഷകർ | 3425 |
| 2. ചെറുകിട കർഷകർ(1-2 ഹെ) | 123 |
| വൻകിട കർഷകർ | 8 |

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# മൃഗസംരക്ഷണം

## 5-2

കേരളത്തിൽ മൃഗസംരക്ഷണരംഗത്ത് കഴിഞ്ഞ 40 വർഷങ്ങൾക്കിടയിലെ വളർച്ചയും വികാസവും പരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന വസ്തുത പാലിന്റെ ഉൽപ്പാദനത്തിലും ഉപയോഗത്തിലുമുണ്ടായ ഗണ്യമായ വർദ്ധനയാണ്. ഈ മേഖലയിൽ ഇത്രമാത്രം വികസനത്തിന് ഉപോൽബലകമായി വർത്തിച്ചിരിക്കുന്നത് ക്ഷീര വ്യവസായമേഖലയിലേക്ക് സഹകരണമേഖലയുടെ രംഗപ്രവേശമാണ്.

കേരളത്തിലെ വികസനം ആശാവഹമെങ്കിലും ഇതേ കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ ക്ഷീരവ്യവസായരംഗത്ത് കാര്യമായ പുരോഗതിയൊന്നും നേടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ നിലവിലുള്ള മൃഗങ്ങളുടെ എണ്ണം ഒന്നു പരിശോധിക്കാം.

| വാർഡ് | പശു നാടൻ | | പശു സങ്കരം | | ആട് |
|---|---|---|---|---|---|
| | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | |
| 1 | 75 | 50 | 50 | 15 | 48 |
| 2 | 61 | 18 | 75 | 30 | 15 |
| 3 | 30 | 10 | 45 | 30 | 38 |
| 4 | 60 | 28 | 125 | 10 | 46 |
| 5 | 25 | 10 | 150 | 25 | 118 |
| 6 | 35 | 30 | 120 | 60 | 80 |
| 7 | 70 | 50 | 75 | 25 | 90 |
| 8 | 61 | 19 | 75 | 22 | 125 |
| 9 | 32 | 11 | 81 | 33 | 111 |
| 10 | 63 | 31 | 14 | 35 | 10 |
| 11 | 92 | 32 | 36 | 16 | 112 |
| ആകെ | 604 | 289 | 846 | 301 | 793 |

അവലംബം (സെക്കണ്ടറി ഡാറ്റ)

കന്നുകാലി സമ്പത്തിൻെറ എണ്ണം വെച്ചു നോക്കുമ്പോൾ നാം മുന്നമാണ്. എന്നാൽ പാലിൻെറ ലഭ്യതയോ ഉള്ള കന്നുകാലി സമ്പത്തിൻെറ ഉൽപ്പാദന ക്ഷമതയോ വളരെ മോശമാണ്. ഇതിനുള്ള കാരണം അന്വേഷിക്കുമ്പോൾ പ്രാഥമികമായ സൂചനകൾ വ്യക്തമാക്കുന്നത് ഇവയുടെ പരിപാലനം തികച്ചും അശാസ്ത്രീയമാണ്. കന്നുകാലികൾക്കാവശ്യമായ തീറ്റപ്പുല്ലോ, വൈക്കോലോ, കാലിത്തീറ്റയോ കൃത്യമായി നൽകുന്നതിൽ ശ്രദ്ധിക്കുന്നില്ല. സ്വന്തമായ പറമ്പ് ഉള്ളവർ പോലും കന്നുകാലികളെ പുറംപറമ്പുകളെ ആശ്രയിക്കുക എന്ന ലക്ഷ്യത്തിൽ പുറത്തേക്ക് വിട്ടയക്കുന്നു. ഇതിൻെറ ഫലമായി കന്നുകാലികൾക്കാവശ്യമായ തീറ്റ ലഭിക്കുന്നില്ല എന്നു മാത്രമല്ല നമ്മുടെ പ്രദേശത്തെ കാർഷികവിളക്കി വൻഭീഷണയായി മാറുകയും ചെയ്യുന്നു. ഇതിനുള്ള കാരണം പഴയ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന ധാരാളം മേച്ചിൽപുറങ്ങളെ ലക്ഷ്യമാക്കി വിട്ടയച്ചിരുന്ന സ്വഭാവം ഇന്നും തുടരുന്നു എന്നതാണ്. എന്നാൽ ഭൂനിയമത്തിന് ശേഷം മേച്ചിൽപുറങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. എന്നാൽ ആവശ്യമായ തീറ്റപ്പുൽ തന്നെ നട്ടുവളർത്തുക. വൈക്കോൽ വാങ്ങി സംരക്ഷിക്കുക. പോഷകഗുണമുള്ള കാലിത്തീറ്റ നൽകുക തുടങ്ങിയ ശാസ്ത്രീയരീതിയിലേക്ക് മാറ്റുവാൻ നേതൃത്വപരമായ ഏകോപനം അടിയന്തിരമായിരിക്കുന്നു.

ശാസ്ത്രീയമായ പാലുൽപ്പാദനം എങ്ങനെ? പാലിൻെറ വിപണനത്തിന് ഇന്നു നേരിടുന്ന പ്രാദേശികപ്രശ്നം എങ്ങനെ പരിഹരിക്കാം എന്നതിനു നേരിട്ടുള്ള ഉത്തരം ഈ മേഖലയിൽ അടിയന്തിരമായി സഹകരണരംഗം രൂപീകരിക്കണമെന്നതു തന്നെയാണ്. അതുകൊണ്ട് നാം പ്രതീക്ഷിക്കുന്ന കാർഷിക ലക്ഷ്യത്തിനും നമ്മുടെ കന്നുകാലി സമ്പത്ത് സംരക്ഷിച്ചേ തീരൂ. ഇതിന് ഇവയുടെ പരിപാലനവും പാലിൻെറ വിപണനവും സഹകരണമേഖലയുടെ കീഴിൽ കൊണ്ടു വന്നേതീരൂ. ഇതിനുള്ള പ്രവർത്തനം നാം ഉടനടി ഏറ്റെടുത്തേ തീരൂ. പാലിൻെറ വിപണനം ലക്ഷ്യമാക്കി ഇതിൻെറ വ്യാവസായിക വികസനം എങ്ങനെ സാധ്യമാകും എന്നത് ഉയർന്ന തലത്തിൽ തന്നെ ആലോചിച്ച് ബ്ലോക്ക് തലത്തിലെങ്കിലും രൂപം നൽകാൻ നാം നേതൃത്വം നൽകണം.

നമ്മുടെ പഞ്ചായത്തിൽ തന്നെ കന്നുകാലികളെ നാം മാംസാവശ്യത്തിനും കുറവല്ലാത്ത തോതിൽ ഉപയോഗിക്കുന്നു. വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ വലിയ പരിസ്ഥിതി മലിനീകരണത്തിനു കാരണമാകുന്ന ഒന്നാണ് ഇറച്ചിവെട്ട്! ഇതിന് സൗകര്യപ്രദമായ ഒരു കേന്ദ്രം ഇന്നു പഞ്ചായത്തിലില്ല. ഇത്തരത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കാൻ നമുക്കി കഴിയുമോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിൽ തന്നെ മറ്റൊരു കാര്യം ഇറച്ചിആവശ്യത്തിനായി കാലികളെ നമുക്ക് പഞ്ചായത്തിൽ തന്നെ എങ്ങനെ ഉൽപ്പാദിപ്പിക്കാം എന്ന കാര്യവും നാം പരിഗണിക്കേണ്ടതുണ്ട്. രോഗവിമുക്തരായ മൃഗങ്ങളെയാണ് കശാപ്പുചെയ്ത് ഇറച്ചിക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു.

**വളർത്തു പക്ഷികൾ**

മുമ്പ് ചർച്ച ചെയ്ത് കന്നുകാലി രംഗം പോലെ ശാസ്ത്രീയമായ രീതികളുടെ അഭാവം ബാധിച്ചിരിക്കുന്ന ഒരു മേഖലയാണ് വളർത്തുപക്ഷികളിൽ പ്രധാനമായ കോഴികളുടേത്. നമുക്കാവശ്യമായ ഇറച്ചിക്കോഴികളോ, കോഴിമുട്ടയോ നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കാൻ നമുക്കി കഴിയുന്നില്ല.എന്നാൽ നമ്മുടെ പഞ്ചായത്തിലെ കോഴികളുടെ ലഭ്യമായ കണക്കുകൾ എങ്ങനെ എന്ന് പരിശോധിക്കാം.

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി (മുട്ടയിടുന്നത്) |
|---|---|---|
| 1 | 150 | 300 |
| 2 | 110 | 600 |
| 3 | 100 | 500 |
| 4 | 51 | 400 |
| 5 | 115 | 500 |
| 6 | 112 | 600 |
| 7 | 91 | 345 |
| 8 | 86 | 417 |
| 9 | 34 | 348 |
| 10 | 35 | 401 |
| 11 | 40 | 501 |
| ആകെ | 924 | 4912 |

ഗ്രാമീണമേഖലയായ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിൽ വളരെ സാധ്യതയുള്ള ഒന്നാണ് കോഴിവളർത്തൽ. ഇതിന് കോഴിവസന്ത പോലുള്ള രോഗങ്ങൾക്കെതിരെ കുത്തിവെപ്പ് നടത്തിയ കോഴിക്കുഞ്ഞുങ്ങളെ മൃഗാശുപത്രി വഴി വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇതിൻെറ സാധ്യതയെക്കുറിച്ചി ജനങ്ങളിൽ ആവശ്യമായ ബോധം ഉണ്ടായാലേ ഈ പദ്ധതിക്ക് വിജയ സാധ്യതയുള്ളൂ.

**മാംസോൽപ്പാദനം:-**

മാംസോൽപ്പാദനം ഏറ്റവും അശാസ്ത്രീയമായതും വൃത്തിഹീനമായ ചുറ്റുപാടിലുമാണ് നടക്കുന്നത്. മാത്രമല്ല കോഴി മാംസാവശ്യത്തിനായി കോഴികളെ അയൽസംസ്ഥാനത്തെയാണ് നമ്മുടെ പഞ്ചായത്തും കൂടുതൽ ആശ്രയിക്കുന്നത്. ഇതിൻെറ ഗുണനിലവാരം തൃപ്തികരമല്ലതാനും. ഇത്തരത്തിൽ സ്വകാര്യമേഖലയിൽ ഇന്നുള്ള കോഴിവളർത്തൽ കേന്ദ്രം നമ്മുടെ പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. അതുകൊണ്ട് നമുക്ക് തന്നെ ആവശ്യമായ കോഴികളെ എങ്ങനെ വളർത്താം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഓരോ വീട്ടിലേക്കും വേണ്ട മുട്ട ഓരോവീട്ടിലും എന്ന ലക്ഷ്യത്തോടെ കോഴികളെ ശാസ്ത്രീയമായി വളർത്താവുന്ന രീതിയിൽ ആവശ്യമായ വിദഗ്ദോപദേശവും, പ്രോൽസാഹനങ്ങളും നൽകുന്നത് നന്നായിരിക്കും.

**മറ്റു മൃഗങ്ങൾ**

നമ്മുടെ വളർത്തു മൃഗങ്ങളിൽ കന്നുകാലികളും കോഴിയും കഴിഞ്ഞാൽ പിന്നീടുള്ളതാണ് നായകൾ. കാവൽ ആവശ്യത്തിന് വേണ്ട രീതിയിൽ പരിപാലിപ്പിക്കപ്പെടുന്ന നായ്ക്കളുടെ എണ്ണം വളരെ കുറവാണ്. എന്നാൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായക്കളുടെ ശല്യം പഞ്ചായത്തിലെ എല്ലാ മേഖലയിലുമുണ്ട്. അതുകൊണ്ട് വളർത്തുന്ന നായക്കളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നും രജിസ്റ്റർ ചെയ്ത നായകൾക്ക് ആവശ്യമായ പ്രതിരോധ കുത്തിവെപ്പുകൾ കൃത്യമായി നൽകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും വേണം. അല്ലാത്ത നായക്കളെ നശിപ്പിക്കാനുള്ള പദ്ധതി എല്ലാ വർഷവും കൃത്യമായി നടപ്പിലാക്കുകയും ചെയ്താൽ പേപ്പട്ടി ശല്യത്തിൽ നിന്നും മോചനം നേടാൻ നമുക്ക് കഴിയും.

20

**പ്രശ്നങ്ങൾ**

1. പാലുൽപ്പാദനരംഗത്ത് ശാസ്ത്രീയമായ പരിപാലന രീതി ഇതുവരെയും അവലംബിച്ചിട്ടില്ല.
2. പാൽവിപണന രംഗം അസംഘടിതമായതിനാൽ വിപണനത്തിൽ പ്രശ്നങ്ങളുണ്ട്.
3. കന്നുകാലികൾക്ക് ആവശ്യമായ തീറ്റപ്പുല്ല് ലഭ്യമില്ല. പുറം പറമ്പുകളിലേക്ക് വിട്ടയച്ച് കൃഷിനാശത്തിനു കാരണമാകുന്നുണ്ട്.
4. ആടു വളർത്തലിലെ ലാഭസാധ്യത വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല.
5. മൃഗാശുപത്രിയുടെ ഉപയോഗം എല്ലാ മേഖലയിലേക്കും ലഭ്യമാക്കാൻ വാർഡ് അടിസ്ഥാനത്തിൽ മാസത്തിലൊരിക്കലെങ്കിലും ചികിൽസാ സൗകര്യം ലഭ്യമാക്കണം.
6. മാംസാവശ്യത്തിന് കന്നുകാലികളെയോ, കോഴികളേയോ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം ഇതുവരെയും ആരംഭിച്ചിട്ടില്ല.
7. കോഴിവളർത്തലിൽ നിന്നും ജനങ്ങൾ പിൻമാറുന്ന പ്രവണത കാണുന്നുണ്ട്.
8. രോഗപ്രതിരോധകുത്തിവെപ്പ് നൽകിയ കോഴികളെ നാട്ടുകാർക്ക് ലഭ്യമാക്കണം.
9. താറാവ്, മുയൽ എന്നിവ വളർത്തുന്ന രീതി പഞ്ചായത്തിൽ ഇതുവരെയും തുടങ്ങിയിട്ടില്ല.
10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായക്കളുടെ ശല്യം പഞ്ചായത്തിൽ വ്യാപകമാണ്.
11. തുറന്ന സ്ഥലത്തെ കശാപ്പും വിൽപ്പനയും ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാകുന്നു.

207

# വ്യവസായം

5-3

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

വ്യാവസായിക രംഗത്ത് തീരെ ശ്രദ്ധ ആകർഷിക്കാൻ കഴിയാതിരുന്ന പഞ്ചായത്താണ് നമ്മുടേത്. കാർഷിക മേഖലായാണല്ലോ നമ്മുടെ പൈതൃകം. കാർഷികോൽപ്പന്നങ്ങൾ ഉപയോഗിച്ച് വ്യാവസായിക സംരംഭങ്ങളെ സംബന്ധിച്ച് നമുക്കു ചർച്ച ചെയ്യേണ്ടതുണ്ട്. നമ്മുടെ പുഴകളുടെ പരിലാളനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കളിമണ്ണും ചെങ്കല്ലും, കരിങ്കല്ലും നൂതന സങ്കേതങ്ങൾ ഉപയോഗിച്ചു സംസ്കരിച്ചെടുക്കാമോയെന്നു പരീക്ഷിക്കേണ്ടിയിരിക്കുന്നു. പാരമ്പര്യമായി ആയുർവേദ ചികിൽസ നടത്തുന്ന കുടുംബങ്ങൾ തന്നെ നമുക്കേറെയുണ്ട്. ആയുർവ്വേദത്തിന് ജനമനസ്സുകളിലും ,സ്ഥാനമേറേയാണ്. എല്ലാം വാങ്ങി ഉപയോഗിക്കുന്ന ശീലം മാററി ഉൽപാദനത്തിൽ ഊന്നി പദ്ധതികളാവിഷ്കരിക്കാൻ നമുക്കിനിയും വൈകിക്കൂടാ. ഈ രംഗത്ത് താൽപര്യമുള്ളവർക്ക് ആവശ്യമായ സൗകര്യങ്ങളും, ആത്മ വിശ്വാസവും നൽകാൻ കഴിയുകയെന്നതാണ് പ്രധാനം.

**കളിമൺ വ്യവസായം:** ഭാരതപ്പുഴയുടെയും തൂതപ്പുഴയുടെയും തീര പ്രദേശങ്ങളിൽ കളിമണ്ണ് സുലഭമാണ്. പാരമ്പര്യതൊഴിലാളികൾക്ക് സ്ഥലമുടമകളിൽ നിന്നും മണ്ണു ലഭിക്കാൻ വിഷമം അനുഭവപ്പെടുന്നുണ്ട്. കളിമൺ രംഗത്ത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കരകൗശലവസ്തുക്കളും ഗൃഹോപകരണങ്ങളും നിർമ്മിക്കാനുള്ള സാധ്യതയുണ്ടെങ്കിലും പാരമ്പര്യതൊഴിലാളികൾക്ക് ഇക്കാര്യത്തിൽ നൂതന സാങ്കേതിക വിദ്യയിലുള്ള അഭാവം തടസ്സമായി നിൽക്കുന്നു. പാത്രങ്ങളുടെ മേഖലയിൽ അലുമിനിയം, സ്ററീൽ തുടങ്ങിയവയുടെ കടന്നുകയററത്തിൽ മൺപാത്രങ്ങളുടെ ഗുണനിലവാരവും മേൻമയും വിസ്മരിക്കപ്പെടുന്നു. സിറാമിക് പാത്രങ്ങളും കരകൗശലവസ്തുക്കളും പുറം പ്രദേശങ്ങളിൽ നിന്നും ധാരാളമായി പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്തലുള്ള ഈ രംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല

**നിലവിലുള്ള പാരമ്പര്യ തൊഴിലാളി കുടുംബങ്ങൾ**

| മേഖല | നിലവിലുള്ള വാർഡുകൾ | കുടുംബം |
|---|---|---|
| കളിമൺ വ്യവസായം | 2,3,4,6,10 | 15 |
| മുള വ്യവസായം/വള്ളിക്കൊട | 2,3,4,5,7 | 26 |
| പായ നെയ്ത്ത് | എല്ലാ വാർഡിലും | 63 |
| ഫർണിച്ചിർ നിർമാണം | എല്ലാ വാർഡിലും | 65 |
| ഇരുമ്പ് പണി | 1,3,5,6,7,8,9 | 15 |
| ഓട്ടുപാത്ര നിർമാണം | 6 | 6 |
| ആയുർവ്വേദ മരുന്നു നിർമാണം | 2,4,5,6,8,10 | 17 |
| സ്വർണ്ണപ്പണി | 3,4,5, | 27 |
| തുകൽ വ്യവസായം | 5,7,8,9,10 | 6 |

വ്യാവസായികാടിസ്ഥാനത്തിൽ ആകർഷകമായ ടൈൽസ്, ഉൽപ്പാദിപ്പിക്കാവുന്നതാണ് ഇതിനാവശ്യമായ വായപകളും, സാങ്കേതിക സഹായവും പാരമ്പര്യതൊഴിലാളികൾക്ക് കിട്ടേണ്ടതാണ്.

**മുള, വള്ളിക്കൊട്ട വ്യവസായം:-** അസംസ്കൃത വസ്തുക്കളുടെ കുറവ് ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. പുഴയോരങ്ങളിലും പുറംപ്രദേശങ്ങലിലും ഉള്ള മുളകൾ കയററി അയക്കപ്പെടുകയാണ് ചെയ്യുന്നത്. പുഴ പുറമ്പോക്കുകളിൽ മുളവെച്ച് പിടിപ്പിച്ച് നിലവിലുള്ള അസംസ്കൃത സാധന ദൗർലഭ്യം പരിഹരിക്കാവുന്നതാണ്. പാരമ്പര്യതൊഴിലാളികൾ മററു മേഖലകളിലേക്ക് ചേക്കേറുമ്പോൾ സാധ്യതയുള്ള ഈ മേഖലയിലേക്ക് തൊഴിലന്വേഷകർ വരാൻ അറച്ചുനിൽക്കുന്നു.

**പായനെയ്ത്ത്:-** സ്ഥിരമായ ഒരു തൊഴിൽ മേഖലയല്ല. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് തെങ്ങോല കൊണ്ട് ഗുണ മേൻമയുള്ള പായ നിർമാണത്തിൻെറ സാധ്യതകൾ ആരായേണ്ടതാണ്. കൈതോലയുടെ ലഭ്യത കുറഞ്ഞുവരികയാണ്.

**ഫർണിച്ചർ നിർമാണം:-** തടിയുടെ ലഭ്യതക്കുറവ് ഈ രംഗത്ത് ഒരു പ്രശ്നമാണ്. സ്വന്തമായി തടിവാങ്ങി സംഭരിച്ച് ഫർണിച്ചറുകളും കെട്ടിട നിർമാണ സാമഗ്രികളും നിർമ്മിക്കാൻ പാരമ്പര്യതൊഴിലാളികൾക്ക് കഴിയുന്നില്ല. നിത്യകൂലിക്ക് കെട്ടിട നിർമാണ രംഗത്തും ഫർണിച്ചർ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരാണ് അധികവും. ശരാശരി 130 രൂപ കൂലി ലഭിക്കുന്നു. പാരമ്പര്യമായി ഈ തൊഴിൽ ചെയ്യാത്ത കുടുംബങ്ങളിലെ അംഗങ്ങളും ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നു. മിക്ക പാരമ്പര്യ തൊഴിലാളികൾക്കും ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. സ്വന്തമായി ഫർണിച്ചർ വർക്ക്ഷോപ്പ് നടത്തുന്ന ആളുകളുണ്ട്. വായ്പ സൗകര്യവും നൂതന സാങ്കേതിക പരിശീലനവും ഈ മേഖലയിലെ സാധ്യതകൾ വർദ്ധിപ്പിക്കും.

**ഇരുമ്പു പണി:** കാർഷികോപകരണങ്ങളും വീട്ടുപകരണങ്ങളും കമ്പനികൾ ഇറക്കാൻ തുടങ്ങിയതോടു കൂടി ഈ പാരമ്പര്യ മേഖല ക്ഷീണിച്ചു വരുന്നു. പണിയായുധങ്ങളുടെ കേടുപാടു തീർക്കൽ, അനുബന്ധ അത്യാവശ്യ ഉപകരണങ്ങളുടെ നിർമ്മാണ്, എന്നിവയിലേക്ക് തൊഴിൽ മേഖല ചുരുങ്ങുന്നു. യന്ത്രസഹായത്തോടെ ഇരുമ്പുപയോഗിച്ചു ഗൃഹോപകരണങ്ങളും കെട്ടിട നിർമാണ സാമഗ്രികളും നിർമിക്കുന്ന യൂണിററുകൾ സ്ഥാപിക്കാൻ ആവശ്യമായ സഹായങ്ങൾ ലഭ്യമായാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് നിലനിൽക്കാനാകും.

**ഓട്ടുപാത്ര നിർമാണം:-** സാധ്യതയുള്ള മേഖലയാണ്. കേരളത്തിൻെറ വടക്കൻ ജില്ലകളിലേക്കു കയററി പോകുന്ന ഓട്ടുപാത്രങ്ങളും, കൗതുക വസ്തുക്കളും ഏജൻസികൾക്കു വേണ്ടി നിർമിക്കുന്നവരാണ് ഈ രംഗത്തെ തൊഴിലാളികൾ. ചൂഷണം ചെയ്യപ്പെടുന്നവരുമാണ് നിർമാണ പ്രക്രിയ വശത്താക്കാൻ കഴിയാത്തതുകൊണ്ടു പാരമ്പര്യേതര തൊഴിലാളികൾ ഈ രംഗത്തേക്കു വരുന്നില്ല.

**ആയുർവ്വേദ മരുന്നു നിർമാണം**

ചരിത്രപരമായി ആയുർവ്വേദമരുന്നുകളിൽ വിശ്വാസമുള്ള ജനങ്ങളാണ് ഈ പഞ്ചായത്തിൽ എന്നു നാമറിയുന്നു. ഔഷധ സസ്യങ്ങളുടെ വംശനാശവും ലഭ്യതക്കുറവും പാരമ്പര്യ വൈദ്യൻമാരുടെ വീടുകളിൽ മരുന്നു നിർമാണം അസാധ്യമാകുന്നു. ആയുർവ്വേദ മരുന്നുകളെ കുറിച്ചറിയുന്നവർ പോലും വിരളമായി കൊണ്ടിരിക്കുന്നു. ഈ രംഗം കയ്യടക്കിയ വൻകിടക്കാരുമായി മൽസരിക്കാൻ പാരമ്പര്യ വൈദ്യൻമാർക്ക് കഴിയാത്ത അവസ്ഥയും. അലോപ്പതി രംഗത്തെന്നപോലെ ഓഫറുകളും പരസ്യങ്ങളും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ പിന്നിലാക്കുന്നു. പാറൻറ് മരുന്നുകൾ എന്ന പേരിൽ പല വലിയ കമ്പനികളും ഇറക്കുന്ന മരുന്നുകൾ ആയുർവേദ മരുന്നുകളാണോ എന്നു പോലും സംശയിക്കേണ്ടിയിരിക്കുന്നു. ആൽക്കഹോളിക് കണ്ടൻറുകൾ അടങ്ങിയ പ്രിസർവേററീവ്സ് ചേർത്തു കൊണ്ട് മാർക്കററിൽ ഇറങ്ങുന്ന കഷായങ്ങൾ പലതും ഗുണനിലവാരം കുറഞ്ഞവയാണ്. കഷായ ചൂർണങ്ങളുണ്ടാക്കി വരുന്ന ഔഷധി പോലുള്ള സ്ഥാപനങ്ങളുടെ മാതൃക പിന്തുടരാവുന്നതാണ്.

ഇവിടുത്തെ പാരമ്പര്യ വൈദ്യകുടുംബങ്ങളിൽ ഒട്ടേറെ സിദ്ധൗഷധ രഹസ്യങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ പല കാരണങ്ങളാൽ ഉപയാഗിക്കപ്പെടാത്തതു കൊണ്ടും വെളിവാക്കപ്പെടാത്തതു കൊണ്ടും മണ്ണടിയാൻ സാധ്യതയുണ്ട്. ഇതു തടയാൻ പാരമ്പര്യ ചികിൽസകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഈ സിദ്ധൗഷധങ്ങൾ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. അപൂർവമായതും വില കൂടിയതുമായ ഔഷധ ചെടികളുടെ കൃഷിയും പ്രോൽസാഹിപ്പി ക്കേണ്ടിയിരിക്കുന്നു.

**സ്വർണ്ണപ്പണി:-** ജ്വല്ലറികൾക്കു വേണ്ടിയും മററ് ആവശ്യക്കാർക്കു വേണ്ടി നേരിട്ടും സ്വർണം, വെള്ളി ആഭരണങ്ങൾ നിർമിക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്തു വരുന്നവരാണ് ഈ രംഗത്തെ തൊഴിലാളികൾ. സ്വന്തമായി ജ്വല്ലറി നടത്തുന്നവർ ആരും തന്നെയില്ല.

**തുകൽ വ്യവസായം :-** പ്ലാസ്ററിക് യുഗത്തിൽ

ലാഭകരമല്ലാതായി തീർന്ന ഒരു പാരമ്പര്യ വ്യവസായ മേഖലയാണ്. ചെരുപ്പ്, ബാഗ്, അപ്പ്ഹോൾസ്ററി തുടങ്ങിയ മേഖലയിലേക്ക് പ്ലാസ്ററിക് സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി തൊഴിൽ രംഗത്ത് നിലനിൽപ്പുണ്ടാക്കാൻ കഴിയും.

**മററു വ്യവസായ സ്ഥാപനങ്ങൾ:-** 8-ാം വാർഡിൽ പ്രവർത്തിക്കുന്ന വൈദ്യരത്ന പ്രഭാ വൈദ്യശാലയും 6-ാം വാർഡിലെ സാസ്ക്ലേവർക്ക്സും 9-ാം വാർഡിലെ ഫർഹാന സറാമിക്സും 7-ാം വാർഡിലെ എൻ,സി വുഡ് ഇൻഡസ്ട്രീസും മാത്രമാണ് പഞ്ചായത്തിലുള്ളത്. ഇവ കൂടാതെ ഗെയ്ററ്, ഗ്രിൽസ് എന്നിവ നിർമിക്കുന്ന 2 സ്ഥാപനങ്ങൾ, 2 മോട്ടോർ വർക്കുഷാപ്പുകൾ, വലിയകുന്നിലുള്ള ഫർണിച്ചർ ഫാക്ടറി എന്നിവ കൂടി പ്രവർത്തിക്കുന്നു. പുറമണ്ണൂർ, വെണ്ടല്ലൂർ, മങ്കേരി എന്നിവിടങ്ങളിലാരംഭിച്ച ഡി.ഡബ്ല്യു.സി.ആർ.എ യൂണിററുകൾ, വലിയകുന്ന് മസാലപ്പൊടി നിർമാണ യൂണിററ് എന്നിവ പ്രവർത്തിക്കുന്നില്ല. ഇവയെപ്പററി മറെറാരു അധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. (സ്ത്രീ പദവി). പഞ്ചായത്തിൽ വിവിധ മേഖലകളിലായി 12 നെല്ലുകുത്തു മില്ലുകൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ 2 എണ്ണമില്ലുകളും പഞ്ചായത്തിലുണ്ട്.

**വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ**

1. പാരമ്പര്യ തൊഴിലിനോടു അനുഭവപ്പെടുന്ന അകൽച്ച
2. ആധുനിക യന്ത്രങ്ങളുടെയും പരിശീലനത്തിൻെറയും അപര്യപ്തത.
3. മൂലധനത്തിൻെറ അപര്യാപ്തത.
4. വായ്പകൾ ലഭിക്കാനുള്ള കടമ്പകൾ.
5. ലഭിക്കുന്ന വായ്പകൾ വകമാറി ചിലവഴിക്കൽ
6. പണിശാലകൾ നിർമിക്കാനാവശ്യമായ സ്ഥലത്തിൻെറ അഭാവം.
7. പാരമ്പര്യ തൊഴിലിലുണ്ടായിരുന്ന കൂട്ടായ്മയുടെ അഭാവം.
8. ചാതുർവർണ്യം അടിച്ചേൽപ്പിച്ച ജാതിയുടെയും ഉപജാതിയുടെയും അടിസ്ഥാനത്തിലുള്ള തൊഴിൽ തരംതിരിവ്
9. ഉൽപ്പന്നങ്ങൾക്ക് മാർക്കററിൽ നേരിടുന്ന മാൽസര്യം
10. അസംസ്കൃത വസ്തുക്കൾ ലഭ്യമാകാനുള്ള ബുദ്ധിമുട്ട്
11. ഗതാഗത സൗകര്യത്തിൻെറ അപര്യാപ്തത.
12. വൈദ്യുത രംഗത്തെ വിഷമതകൾ
13. അനധികൃത തൊഴലാളികളെ കൊണ്ടു ജോലി ചെയ്യിക്കുന്നതു മൂലം തൊഴിൽ സ്തംഭനങ്ങൾ
14. ഇന്ധനത്തിൻെറ വില വർദ്ധനവ്.
15) പുതിയ വ്യവസായികളെ ആകർഷിക്കാൻ കഴിയാത്ത അവസ്ഥ.

നാളികേരത്തിൻെറ ഉപോൽപ്പന്നങ്ങൾ (ചകിരി, ഇളനീർ) കളമൺ, കരിങ്കല്ല്, ഹോളോബ്രിക്സ് നിർമാണം, റെഡിമെയ്ഡ് വസ്ത്ര നിർമാണം, കറിപൗഡറുകളുടെയും അച്ചാറുകളുടെയും നിർമാണം, കാലിത്തീററ നിർമാണം തുടങ്ങിയ മേഖലകളിൽ വ്യവസായ സംരഭകരെ കണ്ടെത്തി ഈ മേഖലകളിലെ സാധ്യതകൾ ഉപയോഗിക്കാവുന്നതാണ്. പാരമ്പര്യ ചെറുകിട കുടിൽ വ്യവസായ രംഗത്തു വലിയ സാധ്യതകളുള്ള നമ്മുടെ പ്രദേശം വ്യാവസായിക മുന്നേററ മേഖലായക്കാൻ ചിട്ടയായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**ഭരണനിർവഹണത്തോടൊപ്പം ആസൂത്രണവും സമ്പത്തുൽപ്പാദവും തങ്ങളുടെ അടിയന്തര കടമയായി തദ്ദേശ ഭരണസ്ഥാപനങ്ങൾ മനസിലാക്കേണ്ടിയിരിക്കുന്നു. വമ്പിച്ച ജനകീയ ബോധവൽക്കരണ പരിപാടിയിലൂടെ മാത്രമേ ഇത് നേടിയെടുക്കാൻ കഴിയുകയുള്ളൂ.**

-പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി)

# ഗതാഗതം-ഊർജ്ജം

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

5-4

## ഗതാഗതം

ഇരിമ്പിളിയം പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൻെറ ഏറിയ പങ്കും കൃഷിഭൂമിയും നിവാസികളിൽ ഭൂരിഭാഗവും കൃഷിക്കാരും കർഷകത്തൊഴിലാളികളും ആണ്. സാമ്പത്തികമായി പിന്നോക്ക പഞ്ചായത്താണെങ്കിലും മനുഷ്യ വിഭവത്തിൻെറ കാര്യത്തിൽ നമ്മൾ സമ്പന്നരാണെന്നതു കൊണ്ടുതന്നെ ജനകീയസൂത്രണത്തിൻെറ ഭാഗമായി നമുക്ക് ഈ മേഖലയിൽ നല്ല പുരോഗതിയുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

ഈ പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിൽ കൂടി ഷൊർണ്ണൂർ-മംഗലാപുരം റെയിൽപാത കടന്നുപോകുന്നുണ്ടെങ്കിൽ കൂടി ഇതിൻെറ ഗുണഫലം നമുക്ക് നേരിട്ടു ലഭിക്കുന്നില്ല.

കാർഷികവിഭവങ്ങൾ ക്രയവിക്രയം നടത്തുന്നതിന് വേണ്ടി ഈ പഞ്ചായത്തിലെ വാർഡുകളെ ബന്ധിപ്പിക്കുകയും അടുത്ത വാണിജ്യകേന്ദ്രമായ വളാഞ്ചേരിയുമായി ബന്ധപ്പെടുത്തുന്നതുമായ റോഡ് ശൃംഖലക്ക് 63 കി.മീ ദൂരം വരും.

ഇത്രയും വിപുലമായ ഒരു റോഡ് ശൃംഖല കൈവരിക്കാൻ കഴിഞ്ഞത് മുൻ പഞ്ചവൽസരപദ്ധതികളുടെ നേട്ടമായി കണക്കാക്കാം.

മലപ്പുറം ജില്ലയുടെ തെക്കു കിഴക്ക് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഇരിമ്പിളിയം പഞ്ചായത്തിനെ തൂതയിലെ തിരുവേഗപ്പുറ പാലം പാലക്കാട് ജില്ലയുമായി കൂട്ടിയിണക്കുന്നു.

**നിലവിലുള്ള പി.ഡബ്ല്യൂ.ഡി റോഡുകൾ**

| നമ്പർ | പേര് | ദൂരം |
|---|---|---|
| 1 | വളാഞ്ചേരി-കൊപ്പം റോഡ് | 4.000 കി.മി |
| 2 | ലിങ്ക്-പൂക്കാടിരി റെയിൽവേ സ്റേറഷൻ റോഡ് | 9.50 കി.മി |
| | ആകെ | 13.50 കി.മി |

പട്ടികയിലെ രണ്ടാമത്തെ റോഡ് ഇരിമ്പിളിയത്തു നിന്നും ജില്ലാ ആസ്ഥാനത്തേക്ക് എത്തുവാനുള്ള ഏറ്റവും എളുപ്പ വഴിയാണെങ്കിലും സാധ്യത ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അറ്റകുറ്റപണികളുടെ കാര്യത്തിലും ശ്രദ്ധ കുറവാണ്.

**പി.ഡബ്ല്യൂ.ഡി ഏറ്റെടുത്ത റോഡുകൾ:-**

1. വളാഞ്ചേരി-വെണ്ടല്ലൂർ-മങ്കേരി റോഡിൻെറ പണി ആരംഭിച്ചിട്ടില്ല. റോഡിൽ വളാഞ്ചേരി പഞ്ചായത്തിൻെറ ഭാഗത്തും ഇരിമ്പിളിയം പഞ്ചായത്തിൻെറ കുറച്ചു ഭാഗങ്ങളിലും റോഡിന് വേണ്ടത്ര വീതി ലഭ്യമാക്കേണ്ടിയിരിക്കുന്നു. മങ്കേരി പ്രദേശത്തെ വികസനത്തിനത്യാവശ്യമായ ഈ റോഡ് മങ്കേരിയിൽ നിന്ന് പണി തുടങ്ങാനാവശ്യമായ നടപടികൾ ഉടൻ ആരംഭിക്കേണ്ടതുണ്ട്.

**2. കൊടുമുടി-പുറമണ്ണൂർ വെങ്ങാട് റോഡ്:-**

ഈ റോഡ് ഇരിമ്പിളിയം, മൂർക്കനാട് പഞ്ചായത്തുകളിലൂടെ കടന്നു പോകുന്നു. വളാഞ്ചേരി കൊപ്പം റോഡും, വളാഞ്ചേരി-പെരിന്തൽമണ്ണ റോഡുമായി ബന്ധിപ്പിക്കുന്ന ഈ റോഡിൻെറ പണി ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതി തൃപ്തികരമല്ല. ഗതാഗത സൗകര്യം കുറഞ്ഞ പുറമണ്ണൂരിലെയും

പി.ഡബ്ല്യൂ.ഡി ഏറെറടുത്ത റോഡുകൾ

| നമ്പർ | പേര് | ദൂരം |
|---|---|---|
| 1 | വളാഞ്ചേരി-വെണ്ടല്ലൂർ -മങ്കേരി-വാരിയത്തുപടി | 4.50 കി.മീ |
| 2 | കൊടുമുടി-പുറമണ്ണൂർ-വെങ്ങാട് റോഡ് | 4.00 കി.മീ |
| | ആകെ | 8.50 കി.മീ |

മൂർക്കനാട് പഞ്ചായത്തിലെ പ്രദേശങ്ങളിലെയും പുരോഗതിക്ക് ആക്കം കൂട്ടാവുന്ന ഒരു പ്രധാന റോഡാണിത്.

## പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡുകൾ

1. ടാർ ചെയ്തത്

| ക്രമനമ്പർ | പേര് | ദൂരം |
|---|---|---|
| 1. | വെണ്ടല്ലൂർ പറമ്പത്ത് കാവ് റോഡ് | 2.00 കി.മീ |
| 2. | വാരിയത്ത് പടി-മങ്കേരി റോഡ് | 1.500 കി.മീ |
| 3. | മേച്ചേരി പറമ്പ്-മങ്കേരി റോഡ് | 1.50 കി.മീ |
| 4. | മേച്ചേരി പറമ്പ്-റെയിൽവെ ലൈൻ റോഡ് | 0.30 കി.മീ |
| 5. | വടക്കും മുറി ഹരിജൻ കോളനി റോഡ് | 0.45 കി.മീ |
| 6. | പുറമണ്ണൂർ-പൂക്കാട്ടിരി-പഴയചന്ത റോഡ് | 0.25 കി.മീ |
| 7. | വെണ്ടല്ലൂർ- എം.ഇ.എസ് സെൻട്രൽ സ്കൂൾ റോഡ് | 0.30 കി.മീ |
| | **ആകെ നീളം** | **6.30 കി.മീ** |

**2. മെറ്റൽ റോഡുകൾ**

| | | |
|---|---|---|
| 1. | വാരിയത്ത്പടി-മങ്കേരി റോഡ് | 0.200 കി.മീ |
| 2. | വാരിയത്ത്പടി-തിരുനിലം റോഡ് | 0.200 കി.മീ |
| 3. | വടക്കുംമുറി ഹരിജൻ കോളനി റോഡ് | 0.400 കി.മീ |
| | ആകെ | 0.800 കി.മീ |

പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ടാർ ചെയ്ത റോഡ് ആകെ 6.30 കി.മീ മാത്രമാണുള്ളതെങ്കിലും, കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും, ആവശ്യമായ ഓവുചാലുകൾ ഇല്ലാത്തതിനാലും, വേണ്ടിടത്ത് പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാത്തതിനാലും നിലവിലുള്ള റോഡുകൾ ഗതാഗത യോഗ്യമല്ലാതായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം മെറ്റൽ ചെയ്ത ഭാഗങ്ങളിൽയഥാസമയം റീമെറ്റലിങ്ങും, ടാർവർക്കും നടത്താത്തതു മൂലം രൂക്ഷമായ ഗതാഗതപ്രശ്നം അനുഭവപ്പെടുന്നുണ്ട്.

## പഞ്ചായത്തിലെ പ്രധാന മൺപാതകളുടെ വിവരം

| നമ്പർ | പേര് | ദൂരം കി.മീ |
|---|---|---|
| 1. | വെണ്ടല്ലൂർ പറമ്പത്ത് കാവ് - ഹരിജൻ കോളനി റോഡ് | 0.500 |
| 2. | വെണ്ടല്ലൂർ മങ്കേരി റോഡ് | 2.00 |
| 3. | വാരിയത്ത് പടി തിരുനിലം റോഡ് | 1.000 |
| 4. | വട്ടപ്പറമ്പ് തിരുനിലം റോഡ് | 0.75 |
| 5. | മുക്കിലപീടിക-കുണ്ടുകുളങ്ങര പടി റോഡ് | 1.00 |
| 6. | മേച്ചേരിപ്പറമ്പ്-റെയിൽവെ ലൈൻ റോഡ് | 0.20 |
| 7. | മേച്ചേരിപ്പറമ്പ് -മങ്കേരി റോഡ് | 0.70 |
| 8. | കണക്കർക്കാവ് ഹരിജൻ കോളനി റോഡ് | 0.75 |
| 9. | കളരിക്കൽ സ്കൂൾ റോഡ് | 0.50 |
| 10. | പട്ടാഴി ഇല്ലത്ത് പടി റോഡ് | 0.50 |
| 11. | ആന്തൂർചോല റോഡ് | 0.70 |
| 12. | കുഞ്ഞൻപടിറോഡ് | 0.80 |
| 13. | മനക്കൽപടി ചേലപ്പാറ റോഡ് | 0.75 |
| 14. | കോട്ടപ്പുറം-നെല്ലാനിപ്പൊറ്റ ഹരിജൻ കോളനി റോഡ് | 0.70 |

| | |
|---|---|
| 15. പാറപ്പുറം-എടവഴി-ചോലക്കുഴി റോഡ് | 0.40 |
| 16. കോട്ടപ്പുറം-കോട്ടക്കാട് റോഡ് | 0.70 |
| 17.നീലാടപ്പാറ റോഡ് | 0.60 |
| 18. മേച്ചേരി പറമ്പ് മങ്കേരി റോഡ് മുതകൽ വേളികുളം റെയിൽവേ ലൈൻ | 0.80 |
| 18. വാരിയത്തപ്പടി മങ്കേരി റോഡ് | 0.300 |
| 19. ഇരിമ്പിളിയം ഗവ.ഹൈസ്കൂൾ റോഡ് | 0.150 |
| 20. ഗവ.എച്ച്.എസ് മായിൻപടി റോഡ് | 0.100 |
| 21. വലിയകുന്ന്-ലക്ഷംവീട് കോളനി റോഡ | 0.300 |
| 22. പെരനാംകുന്ന് റോഡ് | 0.300 |
| 23. പോക്കാട്ടുകുഴി ഹരിജൻ കോളനി | 0.500 |
| 24. കാളിയാർവട്ടംകടവ് റോഡ് | 0.300 |
| 25. കൊടുമുടിക്കാവ്-മലഞ്ചുഴി റോഡ് | 1.000 |
| 26. തിരുവേഗപ്പുറകുഴി റോഡ് | 0.10 |
| 27. കാരപ്പറമ്പ് റോഡ് | 0.40 |
| 28. പുറക്കുളം പടി - നിരവിൽ റോഡ് | 1.00 |
| 29. നിരവിൽ - തൊണ്ടിയിൽ പീടിക റോഡ് | 0.60 |
| 30.പുറമണ്ണൂർ കൃഷിഭവൻ റോഡ് | 0.20 |
| 31. പുറമണ്ണൂർ പള്ളിപ്പടി - വട്ടപ്പറമ്പ് റോഡ് | 1.00 |
| 32. കളിക്കളം റോഡ് | 0.50 |
| 33. പെരുമ്പറമ്പ് - പുഴക്കൽക്കടവ് റോഡ് | 0.450 |
| 34. ആയുർവ്വേദ ഡിസ്പെൻസറി - പുറമണ്ണൂർ റോഡ് | 0.70 |
| 35. പുറമണ്ണൂർ മദ്രസ്സ - അയ്യപ്പൻക്കാവ് കടവ് റോഡ് | 0.40 |
| 36. പുറമണ്ണൂർ തങ്ങൾപടി റോഡ് | 0.30 |
| 37. പോക്കാട്ടു പടി റോഡ് | 0.30 |
| 38. പുറമണ്ണൂർ പൊട്ടംചോല റോഡ് | 0.30 |
| 39. മോസ്കോ -മാനിയംകുന്ന്പടി റോഡ് | 0.50 |
| 40. കല്ലറംകോട്ട-ആന്തൂർചോല റോഡ് | 0.40 |
| 41. വടക്കുംമുറി-ഹരിജൻ കോളനി റോഡ് | 1.00 |
| 42. പുറമണ്ണൂർ പൂക്കാട്ടിരി പഴയചന്ത റോഡ് | 1.00 |
| 43. പുറമണ്ണൂർ വട്ടപ്പറമ്പ് റോഡ് | 0.20 |
| 44. പുല്ലാനൂർപടി-താഴത്തെപ്പടി റോഡ് | 0.35 |
| 45. വലിയകുന്ന് കായൽ റോഡ് | 0.20 |
| 46. വലിയകുന്ന് ഷാപ്പുംപടി വട്ടനാട്ടുപടി റോഡ് | 0.60 |
| 47. വട്ടനാട്ടുപടി നീലാടപാറ റോഡ് | 0.30 |
| 48. നടുവപ്പെട്ടി ചോലത്തടം റോഡ് | 0.25 |
| 49. താഴത്തെ അമ്പലപ്പടി നടുവപ്പെട്ടി റോഡ് | 0.25 |
| 50. മാമ്പറ്റപ്പള്ളിയാൽ റോഡ് | 0.10 |
| 51. വെണ്ടല്ലൂർ ഐ.ടി.സി റോഡ് | 0.15 |
| 52. പറമ്പത്ത്ക്കാവ് കാളിയത്ത് പടി റോഡ് | 0.15 |
| 53. പറമ്പത്ത് കാവ് എരമുഖം റോഡ് | 0.20 |
| 54. കക്കാട്ടുപടി ആലിൻകൂട്ടം ഹരിജൻകോളനി റോഡ് | 0.15 |
| **ആകെ നീളം** | **28.95 കി.മീ** |

ആവർത്തന ചിലവുണ്ടാക്കുന്ന ഇത്തരം റോഡുകൾ വരുമാനം കുറവായ പഞ്ചായത്തുകളുടെ സാമ്പത്തിക നിലയെ തന്നെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. ഗൾഫ് പണത്തിൻെറയും റോഡരികിലുള്ള സ്ഥലങ്ങളുടെ വിലവർദ്ധനവിൻെറയും സാഹചര്യങ്ങളിൽ സാധാരണക്കാർ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി ഗതാഗതസൗകര്യമുള്ള സ്ഥലങ്ങളിൽ നിന്നും ഉൾപ്രദേശങ്ങളിലേക്ക് മാറി താമസിച്ചു വരുന്നു. ഇതുമൂലം പുതിയ ഗതാഗത സൗകര്യങ്ങളുടെയും കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെയും ആവശ്യകത ഉൽഭവിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പട്ടികയിൽ പറഞ്ഞ പ്രകാരം 50 ലധികം വരുന്ന വാഹനഗതാഗതയോഗ്യമായ 29 കി.മീ ദൈർഘ്യമുള്ള റോഡ് ശൃംഖലയുണ്ട്. ഇതിൽ നല്ലൊരു വിഭാഗം റോഡുകളും വർഷക്കാലങ്ങളിൽ ഗതാഗതയോഗ്യമല്ലാതായി മാറുന്നു. മേൽപറഞ്ഞ റോഡുകളിൽ കൂടുതലും 3 മീറ്ററിൽ താഴ വീതിയുള്ളവയാണ്. ഓവു ചാലുകളുടെ അപര്യാപ്തത മൂലം മഴവെള്ളം റോഡിലൂടെ കുത്തിയൊഴുകി ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു. അതതു സ്ഥലങ്ങളിൽ ഇത്തരം റോഡുകളുടെ സംരക്ഷണം സന്നദ്ധ സംഘങ്ങൾക്കു ഏറ്റെടുത്തു നടത്താവുന്നതാണ്.

**പരിഹാരങ്ങൾ**

1. റോഡ് നിർമ്മാണത്തിൽ സാങ്കേതികമായ കാഴ്ചപ്പാടിൻെറ അഭാവം മൂലം നീർക്കെട്ട് അനുഭവപ്പെടുന്നു. നീർകെട്ട് ഒഴിവാക്കാനാവശ്യമായ കലുങ്കുകളും ഓവുചാലുകളും നിർമ്മിക്കണം.
2. പാതയോരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമഗ്രികൾ കൂട്ടിയിടുന്നത് നിയന്ത്രിക്കുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.
3. മഴക്കാലത്ത് പറമ്പുകളിലെ വെള്ളം റോഡുകളിലേക്ക് തിരിച്ചു വിടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ഇരിമ്പിളിയം പഞ്ചായത്ത് നിവാസികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്. ഈ വാഹനങ്ങളുടെ എണ്ണത്തിൽ നിന്നു തന്നെ പഞ്ചായത്തിലെ ജനസംഖ്യയിൽ പ്രകടമായ ഒരു ഭാഗം ഗതാഗതവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നു വ്യക്തമാകും. വാഹനങ്ങളുടെ ആധിക്യത്തിനനുസരിച്ച് റോഡുകളുടെ പരിപാലനത്തിൽ വേണ്ട ശ്രദ്ധ നൽകുവാൻ നമുക്ക് കഴിയുന്നില്ല. പഞ്ചായത്തിൻെറ ഗതാഗതസൗകര്യത്തിൽ ബസ്സുകളുടെ അഭാവം അറിയാതെ യാത്രാ സൗകര്യം സുഗമമാക്കുന്നതിൽ ജീപ്പുകളുടെ പങ്ക് ശ്രദ്ധേയമാണ്.

| വാർഡ് നമ്പ്ര് | ജീപ്പ് | കാർ | ലോറി | പിക്കപ്പ് | ഓട്ടോറിക്ഷ | ഇരുചക്രം | സൈക്കിൾ |
|---|---|---|---|---|---|---|---|
| 1 | 9 | 5 | - | - | 6 | 5 | 8 |
| 2 | 8 | 2 | - | - | 12 | 14 | 28 |
| 3 | 5 | 1 | - | - | - | 4 | 6 |
| 4 | 10 | 3 | - | 1 | 10 | 16 | 17 |
| 5 | 6 | 2 | 1 | - | 4 | 8 | 11 |
| 6 | 3 | 1 | 1 | 2 | 7 | 11 | 6 |
| 7 | 6 | 3 | - | 2 | 3 | 16 | 12 |
| 8 | 2 | 1 | 1 | 2 | 7 | 9 | 15 |
| 9 | 9 | 1 | - | 3 | 15 | 5 | 12 |
| 10 | 4 | 1 | - | - | 4 | 5 | 10 |
| 11 | 4 | - | - | - | 5 | 3 | 5 |
| ആകെ | 66 | 20 | 3 | 10 | 83 | 96 | 130 |



ഓട്ടോ സ്ററാൻറിൻെറ ആവശ്യകത

214

## പുതിയ റോഡുകളുടെ ആവശ്യം ഗ്രാമസഭാ ചർച്ചയിൽ നിന്ന്

വാർഡ്-1

1. കൊടലൊടി പറമ്പ് ഹരിജൻ കോളനി മുതൽ കാഞ്ഞിരത്തറ വരെ റോഡ് നിർമിക്കുക.
2. പാറപ്പുറം അങ്ങാടി മുതൽ പാറമ്മൽ തൊടി വരെ
3. പാറപ്പുറം മുതൽ കാഞ്ഞിരക്കുണ്ടു വരെ
4. മടത്തിൽ പടി-ആറുകഴായ
5. ഒസാൻപടി-പറമ്പത്തുകാവ്
6. സ്കൂൾ പടി-എരുമുഖം

വാർഡ്-2

1. മങ്കേരി തിരുകുന്ന് ക്ഷേത്രപരിസരത്ത് കൂടി വെണ്ടല്ലൂർ റോഡിനെ ബന്ധിപ്പിക്കുക.
2. മങ്കേരി കൂര്യാൽ പരിസരം - എൽ.പി. സ്കൂൾ
3. തുലാപറമ്പിൽ നിന്നു ചോല വഴി തിരുനിലം റോഡ്
4. മങ്കേരി പടിഞ്ഞാററുംമുറി ഹരിജൻ കോളനി റോഡ് വെണ്ടല്ലൂർ റോഡുമായി ബന്ധിപ്പിക്കുക.
5. വാരിയത്ത് പടി തിരുനിലം വഴി വെണ്ടല്ലൂർ റോഡ് നിർമിക്കുക.
6. തിരുനിലം-പുളിയപ്പററക്കുഴി-മങ്കേരി റോഡ്
7. മങ്കേരി-തുലാപറമ്പ്-വെണ്ടല്ലൂർ റോഡ്
8. വട്ടപ്പറമ്പ്-ചോലക്കുഴി ഇടവഴി റോഡാക്കണം.

വാർഡ്-3

1. വേളികുളം -കല്ലറംകോട്ട -പള്ളിപ്പടി
2. കണ്ണച്ചും തറ-നമ്പ്രം റോഡ്
3. ആന്തുരച്ചോല-മേച്ചേരിപ്പറമ്പ് റോഡ്
4. കല്ലറംകോട്ട - പള്ളിപ്പടി റയിൽ റോഡ്
5. ഷാപ്പുംപടി - മങ്കേരി റോഡ്

വാർഡ്-4

1. സ്റ്റേഡിയം - തേക്കൂത്ത് ക്ഷേത്രം കുളിക്കടവ് റോഡ്
2. വാരിയത്ത് പടി മങ്കേരി റോഡ് - നെല്ലിക്കപ്പറമ്പ് റോഡ്
3. വട്ടപ്പറമ്പ്-ചവറേങ്ങൻ കടവ്.
4. മാമ്പുപ്പള്ളിയാൽ റോഡ്
5. മോസ്കോ പാട്ടുപറമ്പ് - വട്ടപ്പറമ്പ്
6. മെയിൻ റോഡ്-ആനക്കര പാടശേഖരം-ചെമ്പൻ കടവ് റോഡ്
7. മെയിൻ റോഡ്-വെൽഫയർ സ്കൂൾ റോഡ്
8. വട്ടപ്പറമ്പ് പള്ളി - സ്കൂൾപടി പഞ്ചായത്ത് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
9. മെയിൻ റോഡ് - മമ്പററ പള്ളിയാൽ വഴി കളരിക്കൽ എൽ.പി. സ്കൂൾ റോഡ്

വാർഡ്-5

1. നല്ലാനിപ്പൊറ്റ ഹരിജൻ കോളനി-തിരുനിലം ഹരിജൻ കോളനി
2. ചോലപ്ര കുഞ്ഞൻ പടി റോഡ്-അമ്പലപ്പടി ഇറിഗേഷൻ കനാൽ വരെ നീട്ടുക.
3. ഇറിഗേഷൻ കനാൽ കുഞ്ഞൻപടി റോഡ്-അബുഹാജി പടി മുതൽ കോട്ടപ്പുറം മൂച്ചിച്ചോടുമായി ബന്ധിപ്പിക്കുക.
4. കുഞ്ഞൻ പടി റോഡിൽ നിന്നും കുഞ്ഞുട്ടിഹാജിപ്പടി മുതൽ നല്ലാനിപ്പൊറ്റ ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുക.
5. ആലുംകൂട്ടം കോളനി-വാരിയർ പടി റോഡ്.
6. തിരുനിലം ഐ.എച്ച്.ഡി.പി കോളനി മുതൽ വെണ്ടല്ലൂർ റോഡുമായി ബന്ധിപ്പിക്കൽ.

വാർഡ്-6

1. പള്ളിയുടെ പടിഞ്ഞാറു വശം റോഡ്
2. പട്ടൻമാർ കൊളമ്പ്-കോവിക്കോട്ടു പടി നടപ്പാത റോഡാക്കുക.
3. വെണ്ടല്ലൂർ റോഡിൽ നിന്നും ചോലയിലേക്കുള്ള വഴി റോഡാക്കണം.
4. വെണ്ടല്ലൂർ കോഴിക്കോട് പടി മുതൽ ചോറ്റാനിക്കര വാലിയിൽ പടി വരെ വീതി കൂട്ടി റോഡാക്കുക.
5. മമ്മിപ്പടി-ഹരിജൻ കോളനി റോഡ്
6. കോട്ടപ്പുറം പള്ളിയുടെ മുന്നിൽ നിന്നും കോഴശ്ശേരിക്കളം പടി വഴി പാടത്തേക്കു റോഡ്
7. വെള്ളാപുള്ളിക്കാട്-കോട്ടപ്പുറം പള്ളിയുടെ കിഴക്കു വശത്ത് കൂടി വരുന്ന റോഡുമായി ബന്ധിപ്പിക്കുക.

വാർഡ്-7

1. കൂര്യാൽ തൊടി-ചരലിൽ-കോഴക്കുന്നു റോഡ്
2. ആലിൻതൊടി പടിയിൽ നിന്നും തോട്ടിലേക്ക് റോഡ്
3. അയ്യപ്പൻ കരിയാട് ചുടല മുതൽ കരടിക്കുളം വരെ റോഡ്
4. വലിയകുന്ന് പോസ്റ്റോഫീസ് -തൃപുരാന്തക ക്ഷേത്രം റോഡ്
5. അയ്യപ്പൻ കാവ് - ലക്ഷംവീട് റോഡ്.
6. പോസ്റ്റോഫീസ്-ഇല്ലത്തെപ്പടി .
7. ആലുംതൊടി പടി-ചരലിൽ റോഡ്.
8. കൂര്യാൽതൊടി-പള്ളത്ത് കോളനി റോഡ്.
9. തേക്കിൻ കാട് -മേപ്പാടം റോഡ്.
10. കോട്ടപ്പുറം റൈസ് മിൽ - കളത്തിൽ തൊടി റോഡ്.
11. ആലുംകൂട്ടം പടി കാരാട്ടുതൊടി റോഡ്.

വാർഡ്-8

1. ചാത്തനാത്ത് പടി -കൊടുമുടി പാടം

2. കൊടുമുടി മാലഞ്ചുഴി റോഡിൽ നിന്നും അയ്യങ്കീരി പാടം വരെ റോഡ്.

വാർഡ്-9

1. പോക്കാട്ടുകുഴി-തിരുവേഗപ്പുറ കുഴി
2. ആക്കപ്പറമ്പ് -പോക്കാട്ടു കുഴി

വാർഡ് - 10

1. വട്ടപ്പറമ്പ് ഹരിജൻ കോളനി, മില്ലുംപടി നടപ്പാത റോഡാക്കുക.
2. നിരവിൽ കോളനി-പുത്തൻചോല റോഡ്.
3. പൊട്ടംചോല-പെരുമ്പറമ്പ് റോഡ്.
4. തങ്ങൾ പടി - കിഴക്കും പാടം നടപ്പാത റോഡാക്കുക.
5. കുന്നിക്കോൽ-കുറ്റിക്കാട് നടപ്പാത റോഡാക്കുക..
6. ഇരിക്കപറമ്പ്-കുടെകുന്നത്തു ഇടവഴി റോഡാക്കുക.
7. തോട്ടിലാക്കൽ നിന്നും കാലടി വഴി എടയൂർ പഞ്ചായത്തിൻെറ അതിർത്തിയിലേക്ക് (ചൂണ്ടയിൽ) പുതിയ റോഡ് നിർമിക്കണം.
8. തെച്ചിക്കുന്ന് ഇടവഴി (മദ്രസ-നമസ്കാര പള്ളി മുതൽ) റോഡ് നിർമിച്ച് ചെറിപ്പറമ്പ് കാലടി റോഡുമായി ബന്ധിപ്പിക്കുക.
9. കാലടിമുതൽ പട്ടിത്തറ വഴി പള്ളിപ്പടി വെങ്ങാട് പഴയ ചന്ത റോഡുമായി ബന്ധിപ്പിക്കുക.
10. ആശാരി ഇടവഴി റോഡാക്കി മാറ്റുക.

വാർഡ് -11

1. പുറമണ്ണൂർ തങ്ങൾ പടി-നെടുമ്പ്രം വഴി ലക്ഷം വീട് കോളനി ആയുർവ്വേദ ഡിസ്പെൻസറി റോഡു നിർമിക്കുക.
2. മദ്രസ്സപ്പടി-ബസരത്തിക്കടവ് റോഡ്.
3. പറയംവളത്ത് പടി-ഇരുമ്പാലയിൽ കടവ് വഴി റോഡ് നിർമിക്കുക.
4. സ്കൂൾ പടി - ലക്ഷം വീട് കോളനി റോഡ്.
5. വയ്യാടൻ പുരക്കൽ കോളനി റോഡ്.

ഇവക്കും പുറമെ ഗ്രാമസഭകൾ അതത് വാർഡുകളിൽ വീതി കൂട്ടേണ്ട പല ഇടവഴികളെ പറ്റിയും ആവശ്യമുന്നയിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ ഇത്തരം പ്രവർത്തികൾ മുൻഗണനനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. നടപ്പാലങ്ങളും കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ ഇറക്കാനാവശ്യമായ വഴികളും ഗ്രാമസഭാ ചർച്ചയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. വിസ്താര ഭയത്താൽ ഈ റിപ്പോർട്ടിൽ വിശദമായി ചേർക്കാൻ വിട്ടുപോയ മേൽ കാര്യങ്ങൾ കൂടി ടാസ്ക് ഫോഴ്സിൻെറ പരിഗണനയിൽ വരേണ്ടിയിരിക്കുന്നു.

നമുക്ക് നലവിലുള്ള ഗതാഗത സൗകര്യങ്ങൾ നമ്മുടെ സമ്പദ്മേഖലയുടെ ഭൂരിഭാഗവും ഇതിലേക്കായി ചിലവഴിക്കപ്പെട്ടിട്ടും നമ്മുടെ ആവശ്യം നിറവേറ്റുവാൻ പര്യാപ്തമായിട്ടില്ല. എങ്കിലും അടിയന്തിരപ്രാധാന്യമുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് ശാസ്ത്രീയമായി തെരഞ്ഞെടുത്ത് നടപ്പിലാക്കുവാൻ നാം വരുംകാലങ്ങളിൽ കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

## ഊർജ്ജം

കേരളം അതീവ ഗുരുതരമായി ഊർജ്ജ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ് എന്നത് ഇതിനോടകം നമുക്ക് ബോധ്യമായ കാര്യമാണ്. നമ്മുടെ നാടിനെ നേരിട്ടു ബന്ധപ്പെടുന്ന ഊർജ്ജ മേഖലകൾ പ്രധാനമായും രണ്ടാണ്. വൈദ്യുതി, ഇന്ധനം എന്നിവ. ഇതിൽ ഇന്ധനത്തിൽ ഗതാഗതവുമായി നാം ഉപയോഗിക്കുന്ന ഇന്ധനത്തിൽ ഗതാഗതവുമായി ബന്ധപ്പെട്ട് നാം ഉപയോഗിക്കുന്ന ഇന്ധനത്തിൻെറ ഏകദേശചിത്രം നമുക്കു മുൻപ് തന്നെ ലഭിച്ചു കഴിഞ്ഞു. ഇനി പ്രതിപാദിക്കേണ്ടത് വൈദ്യുതിയും ഗാർഹിക ഇന്ധനവുമാണ്.

## വൈദ്യുതി

മഴപെയ്താലും ഇല്ലെങ്കിലും പവർകട്ടും ലോഡ്ഷെഡിങ്ങും ഇതിനോടകം കേരളജനതയുടെ ഒരു ഭാഗമായി തീർന്നിരിക്കുന്നു. ഫ്രീക്വൻസി കുറവും വോൾട്ടേജിലെ കുറവും അപ്രഖ്യാപിത നിയന്ത്രണങ്ങളും ഈ മേഖലയുടെ വിശ്വാസ്യത തകർത്തിരിക്കുന്നു. എങ്കിലും സ്വന്തം വീട്ടിലെ വൈദ്യുത കണക്ഷൻ ഇനിയും ഒരു സ്വപ്നം മാത്രമായ ഒരു വിഭാഗം നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**ഇരിമ്പിളിയം പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുത ഉപഭോക്താക്കളെകുറിച്ചുള്ള വിവരം**

(അവലംബം: സെക്കണ്ടറി ഡാറ്റ)

| കാറ്റഗറി | എണ്ണം |
|---|---|
| ഗാർഹികം | 1568 |
| വ്യാപാരം | 276 |
| വ്യവസായം | 22 |
| കാർഷികം | 416 |
| ആകെ | 2282 |

**ഇരിമ്പിളിയം പഞ്ചായത്തിൽ അപേക്ഷ നൽകി കണക്ഷനു കാത്തിരിക്കുന്നവരുടെ വിവരം**

| കാറ്റഗറി | എണ്ണം |
|---|---|
| Ordinary | 160 |
| OTP | 31 |

OYEC സ്ഥിതിഗതികൾ ഇങ്ങനെയായിരിക്കെ പഞ്ചായത്തിലെ ആകെ വീടുകളിൽ പകുതിയും ഇനിയും വൈദ്യുത കണക്ഷൻ ലഭിക്കാത്തവയാണ്. വാർഡ് അടിസ്ഥാനത്തിൽ അവരുടെ പട്ടിക ചേർത്തിരിക്കുന്നു.

വൈദ്യുതീകരിക്കാത്ത വീടുകൾ

| വാർഡ് | ജനറൽ | എസ്.സി |
|---|---|---|
| 1 | 62 | 4 |
| 2 | 191 | 33 |
| 3 | 78 | 40 |
| 4 | 57 | 14 |
| 5 | 153 | 42 |
| 6 | 140 | 23 |
| 7 | 77 | 55 |
| 8 | 60 | 16 |
| 9 | 60 | 22 |
| 10 | 123 | 24 |
| 11 | 164 | 12 |
| ആകെ | 1165 | 285 |

(അവലംബം വാർഡ്തല സർവ്വേ)

മുകളിലെ പട്ടിക വ്യക്തമാക്കുന്നത് അടുത്ത വർഷങ്ങളിൽ വൈദ്യുത ഉപഭോഗം ഇരട്ടിയാകും എന്നതാണ്. സംസ്ഥാന തലത്തിൽ ഉൽപ്പാദന വർദ്ധസനവിനുള്ള നടപടികൾ ആവിഷ്കരിക്കുമ്പോൾ തന്നെ നിലവിലുള്ള വിതരണ സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇരിമ്പിളിയം പഞ്ചയാത്തിലേക്ക് പ്രധാനമായും തൃത്താല, എടപ്പാൾ സബ്സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുതി ലഭിച്ചു വരുന്നത്. കൊപ്പം സബ്സ്റ്റേഷനിൽ നിന്നുമുള്ള ലൈൻ നിർമ്മാണം പൂർത്തീകരിച്ചാൽ ഫലമായി വോൾട്ടേജിൽ പഞ്ചായത്തിലെ നില മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നാൽ ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള വിതരണ സമ്പ്രദായം തന്നെ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്. നിലവിലുള്ള 18 ട്രാൻസ്ഫോർമറുകൾ തന്നെ അവയുടെ പരിധിയിലധികമുള്ള ലോഡ് കൈകാര്യം ചെയ്യുന്നുണ്ട്. അതുകൊണ്ടു തന്നെ ട്രാൻസ്ഫോർമറുകളുടെ സ്ഥാനം, നിബിഡമായ വൃക്ഷക്കൂട്ടങ്ങളിലുടെയുള്ള ലൈനുകൾ എന്നിവ എങ്ങനെ മെച്ചപ്പെട്ട രീതിയിൽ മാറ്റി സ്ഥാപിക്കാമെന്നത് പഠന വിധേയമാക്കേണ്ടതാണ്.

ഇപ്പോൾ വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും വ്യാപകമായി ഉപയോഗിക്കുന്ന സ്റ്റെപ്പപ്പുകളുടെ ഉപയോഗം നിയന്ത്രിക്കുക എന്നത് അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. എന്നാൽ ആവശ്യമായ വോൾട്ടത ലഭ്യമല്ലാത്തതു കൊണ്ടാണ് അവർ അത് ഉപയോഗിക്കുന്നത് എന്ന ന്യായവാദവും പ്രസക്തമാണ്.

എന്നാൽ നിലവിലുള്ള വൈദ്യുത പ്രതിസന്ധിയെ നേരിടാനുള്ള മാർഗ്ഗങ്ങൾ നമ്മളും ആവിഷ്കരിക്കേണ്ടതാണ്. 'അനെർട്ട്' പോലെയുള്ള സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ പൊതുജനങ്ങളെ വേണ്ടരീതിയിൽ ബോധവൽക്കരിക്കേണ്ടതാണ്. സൗരോർജ്ജ റാന്തൽ തുടങ്ങി സൗരോർജ്ജ മോട്ടോർ, ടി.വി തുടങ്ങിയവ സ്ഥാപിക്കുന്നതിന് നൽകപ്പെടുന്ന സബ് സിഡിയെക്കുറിച്ച് ജനങ്ങൾക്ക് ബോധവാൻമാരാക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു. കൂടാതെ പ്രാരംഭഘട്ടത്തിൽ അധിക ചിലവ്, വില ഇനത്തിൽ വരുമെങ്കിലും ഫ്ളൂറസെൻറ് ട്യൂബുകളാക്കി മാറ്റുന്നത് പഞ്ചായത്തിന് ഉടൻ ഏറ്റെടുക്കാവുന്നതാണ്. വീടുകളിൽ ഫ്ളൂറസെൻറ് ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുവാനും പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

കെട്ടിടങ്ങളുടെ രജിസ്ട്രേഷനോടു കൂടെ തന്നെ വൈദ്യുത കണക്ഷനാവശ്യമായ സംവിധാനം കൂടെ ചേർക്കുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ചാൽ ഊർജ്ജാസൂത്രണത്തിൻെറ മേഖലയിൽ അത് ഒരു പുതിയ കാൽവെപ്പായിരിക്കും.

**ഗാർഹിക ഇന്ധനങ്ങൾ:-**

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണുള്ളത്. കാർഷിക മേഖലയിൽ കാര്യമായ ശ്രദ്ധയില്ലാത്തതുകൊണ്ട് വിറകിൻെറ ലഭ്യതക്ക് കേരളത്തിൻെറ മറ്റു മേഖലകളെ അപേക്ഷിച്ച് ഇവിടെ ക്ഷാമം അനുഭവപ്പെടുന്നില്ല. എന്നാൽ നാം ഇന്ന് ഉപയോഗിക്കുന്ന അടുപ്പുകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു. സാധാരണ അടുപ്പുകൾ ഊർജ്ജനഷ്ടത്തിനും കരിയും പുകയും മൂലം വീട്ടമ്മമാരുടെ ആരോഗ്യത്തിനും ദോഷകരമായി തന്നെ ബാധിക്കുന്നു എന്നത് നമ്മൾ തന്നെ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഈ മേഖലയിലും നാം കാര്യമായ ശ്രദ്ധ ചെലുത്തിയേ തിരൂ. സർക്കാർ തലത്തിലുള്ള ഗ്യാസ് വിതരണ ഏജൻസികളുടെ പരിധിയിൽ ഈ പഞ്ചായത്ത് വരാത്തതു മൂലം ഗുണഭോക്താക്കൾ ഈ രംഗത്തെ സ്വകാര്യ ഏജൻസികളിൽ നിന്ന് അധികവില കൊടുത്ത് ഗ്യാസ് കണക്ഷൻ വാങ്ങി വരുന്നു.

ഇതിനുള്ള പരിഹാരമെന്ത് എന്നത് ഇവിടെ പ്രസക്തമാകുന്നു. വിറക് ഒരു പരിധിവരെ സുലഭമായ നമ്മുടെ പഞ്ചായത്തിൽ മറ്റു മാർഗ്ഗങ്ങളെ കുറിച്ച് നാം ഇതുവരെ ചിന്തിച്ചിട്ടില്ല.

കന്നുകാലി മേഖലയിൽ ക്ഷീരവ്യവസായം വികസിക്കുന്നുവെങ്കിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നത് വളരെ ആദായകരമാണ്. പക്ഷെ, ക്ഷീരവ്യവസായത്തിൻെറ അനുബന്ധം എന്ന രീതിയിൽ മാത്രമേ ഇതിന് സാധ്യതയുള്ളൂ. മറ്റൊന്ന് ബയോഗ്യാസ് പ്ലാൻറുകളാണ്. പക്ഷെ ഇവയുടെ സ്ഥാപനത്തിനും

ചിലവേറും എന്നത് ഇതിന്റെ സാധ്യതയും കുറക്കുന്നു. മൂന്നാമത്തെ മാർഗം നിലവിലുള്ള വിറകടുപ്പുകൾ കാലാനുസൃതമായി പരിഷ്കരിക്കുക എന്നതാണ്. ശാസ്ത്രസാഹിത്യപരിഷത്തോ സ്ഥാപിക്കുന്നതോ കേന്ദ്രഗവൺമെന്റ് സ്ഥാപനമായി 'അനെർട്ടോ' സ്ഥാപിക്കുന്നതോ ആയ അടുപ്പ് സ്ഥാപിക്കുക എന്നത് സബ്സിഡി ലഭ്യമായതുമൂലം വളരെ ചിലവ് കുറഞ്ഞതാണ്. എന്നാൽ ഇവയുടെ ലഭ്യത വ്യക്തികൾക്ക് സാമ്പത്തിക ബാധ്യതക്ക് കാരണമാകുമെന്നതിനാൽ വാർഡ് അടിസ്ഥാനത്തിലോ പഞ്ചായത്ത് തലത്തിലോ ഇത്തരം അടുപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് 2000 ആണ്ടോടെ നമ്മുടെ ഊർജ്ജ ആവശ്യം നാം ഇന്ന് ഉപയോഗിക്കുന്നതിന്റെ ഇരട്ടിയായിതീരും എന്നതാണ്. ഇതിൽ നിന്നും ഈ വെല്ലുവിളി നേരിടാൻ തയ്യാറായി പരിപാടികൾ ആവിഷ്കരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

**വികേന്ദ്രീകരണം എന്നുവെച്ചാൽ കേന്ദ്രം ഇല്ലാതാവലല്ല, കേന്ദ്രം മാറലാണ്. ഏതാണ് കേന്ദ്രം? മുമ്പ് കേന്ദ്രം ഡൽഹിയും തിരുവനന്തപുരവുമാണെങ്കിൽ ഇപ്പോൾ കേന്ദ്രം ഗ്രാമങ്ങൾ ആയിരിക്കും. മുമ്പ് കേന്ദ്രം ചുരുക്കം നേതാക്കളും ഉദ്യോഗസ്ഥരുമാണെങ്കിൽ ഇന്ന് നാട്ടുകാരാണ് കേന്ദ്രം.**

**- സുകുമാർ അഴീക്കോട്**

# കുടിവെള്ളം- പൊതുജനാരോഗ്യം 5-5




## കുടിവെള്ളം

കിഴക്കും തെക്കും ഭാഗം തൂതപ്പുഴയാലും ഭാരതപ്പുഴയാലും അനുഗൃഹീതമാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്. മഴക്കാലത്ത് കൂലം കുത്തിയൊഴുകുന്ന തൂതപ്പുഴയും ഗാംഭീര്യമുൾക്കൊള്ളുന്ന ഭാരതപ്പുഴയും, ഉൾക്കൊള്ളാൻ കഴിയാത്ത ജലസമ്പത്തിൻെറ വികൃതികളാൽ വിഷമിക്കുന്ന ഗ്രാമവാസികളെ നോക്കി നൊമ്പരപ്പെടുന്നതും, വേനലിൽ ജലലഭ്യത ചൂഷണം ചെയ്യാനാകാതെ, നഷ്ടബോധത്താൽ ജലദൗർലഭ്യം മൂലം എരിപൊരി കൊള്ളുന്ന ഗ്രാമത്തെ നോക്കി നെടുവീർപ്പിടുന്നതും നാം കാണാറുണ്ട്. നമ്മുടെ പുഴകളുടെ ആയുരാരോഗ്യത്തെ സംരക്ഷിച്ച്, ജല സമ്പത്തിനെ പരമാവധി ചൂഷണം ചെയ്ത് നാം ഈ വെല്ലുവിളികൾ അതിജീവിച്ചേ തീരൂ.

ഉയർന്ന തലത്തിൽ കിടക്കുന്നതും 24.06 ച.കി.മീറ്റർ വിസ്തൃതിയുള്ളതുമായ ഗ്രാമ പഞ്ചായത്തിൽ 4670 കുടുംബങ്ങളിലായി 30707 പേർ തിങ്ങി താമസിക്കുന്നു. 1060 കുടുംബങ്ങളിലായി 2470 കുടുംബങ്ങൾ 4 മാസം കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരും ആണ്. 670 കുടുംബങ്ങൾക്കു മാത്രമാണ് വർഷം മുഴുവനും സ്വന്തം കിണിറുകളിൽ നിന്നും ജലം ലഭിക്കുന്നത്. പഞ്ചായത്ത് നടപ്പിൽ വരുത്തിയ മിനി ശുദ്ധജല വിതരണ പദ്ധതികളിലൂടെ പൊതു ടാപ്പുകൾ വഴി 470 കുടുംബങ്ങൾക്കു വർഷം മുഴുവനും കുടിവെള്ളം ലഭിക്കുന്നു.

കുടിവെള്ള ലഭ്യത




- ക്ഷാമമില്ലാത്തത് - 14%
  (12 മാസവും ജലം ലഭിക്കുന്നു)
- പൊതു ടാപ്പ് വഴി ജലം ലഭിക്കുന്നത് - 10%
- മിതമായ പ്രദേശം
  (8 മാസം ജലം ലഭിക്കുന്നു.)
- രൂക്ഷമായ പ്രദേശം
  (12 മാസവും ദൂരെ നിന്നും ജലം കൊണ്ടു വരുന്നവർ)

### കുടിവെള്ള ലഭ്യത
### വീടുകളുടെ അടിസ്ഥാനത്തിൽ

| | |
|---|---|
| ആകെ വീടുകൾ | 4670 |
| വർഷം മുഴുവനും ജലം ലഭിക്കുന്ന വീടുകൾ | 670 |
| പൊതു ടാപ്പു വഴി ജലം ലഭിക്കുന്ന വീടുകൾ | 470 |
| 8 മാസം മാത്രം ജലം ലഭിക്കുന്ന വീടുകൾ | 2470 |
| 12 മാസവും ദൂരെ നിന്നും ജലം കൊണ്ടു വരുന്നവർ | 1060 |

ശുദ്ധജല സ്രോതസുകൾ

| വാർഡ് | കിണറുകൾ | | കുഴൽ കിണറുകൾ | | ടാപ്പുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| | പൊതു കിണറുകൾ | സ്വകാര്യ കിണറുകൾ | പൊതു | സ്വകാര്യ | | |
| 1 | 7 | 165 | 5 | 3 | - | 180 |
| 2 | 7 | 648 | 5 | 24 | - | 684 |
| 3 | 3 | 114 | 6 | 10 | - | 133 |
| 4 | 3 | 252 | 4 | 8 | - | 267 |
| 5 | 4 | 268 | 2 | 13 | - | 287 |
| 6 | 5 | 205 | 3 | 12 | 22 | 225 |
| 7 | 5 | 346 | 6 | 8 | 10 | 365 |
| 8 | 1 | 225 | - | - | 1 | 226 |
| 9 | 4 | 105 | 3 | 8 | 24 | 120 |
| 10 | 7 | 173 | 2 | 4 | 14 | 186 |
| 11 | 3 | 113 | 2 | 3 | - | 121 |
| ആകെ | 49 | 2614 | 38 | 93 | 71 | 2794 |

ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന മൂന്ന് മിനി ശുദ്ധജല വിതരണ പദ്ധതികളിലൂടെ ശുദ്ധജല വിതരണം

1. കോട്ടപ്പുറം മിനി ശുദ്ധ ജല വിതരണ പദ്ധതി
2. കോട്ടപ്പുറം ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി
3. കാരപ്പറമ്പ് ശുദ്ധജല വിതരണ പദ്ധതി.

വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നു വന്ന കുടിവെള്ള സംബന്ധമായ പ്രശ്നങ്ങളും ഗ്രാമസഭ നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗങ്ങളും ചുവടെ കൊടുക്കുന്നു.

## കുടിവെള്ളം - പ്രശ്ന മേഖലയും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്ന പ്രദേശങ്ങൾ | നിർദ്ദേശിക്കുന്ന പരിഹാര മാർഗങ്ങൾ |
|---|---|---|
| 1 | വെണ്ടല്ലൂർ യു.പി സ്കൂളിനു താഴെ പറമ്പത്തുകാവ് കുന്നിനു വടക്കു പടിഞ്ഞാറു ഭാഗം കുത്തു കല്ല്, കൊടലൊടി പറമ്പ് | അതാത് മേഖലകളിൽ കുഴൽ കിണറുകളിൽ മോട്ടോർ സ്ഥാപിച്ച് ടാങ്കു കെട്ടി പൈപ്പു വഴി വെള്ളം വിതരണം ചെയ്യുക. 2) മുത്തേടത്ത് ഇല്ലത്ത് പാടത്ത് കിണർ കുഴിച്ച് ഐ.ടി.സികുന്നിൽ ടാങ്കു കെട്ടി പൈപ്പു വഴി വെള്ളം വിതരണം ചെയ്യുക. 3) കൊട്ടിലിങ്ങൽ ഭാഗത്ത് കിണർ കുഴിച്ച് എളായാറിൽ ടാങ്കു കെട്ടി പൈപ്പു വഴി ജലം വിതരണം ചെയ്യുക. |
| 2 | തിരുമാന്താം കുന്നിൻെറ വടക്കു കിഴക്കൻ മേഖലകൾ | കിളിയൻ, മൂച്ചി പാടത്ത് കിണർ കുഴിച്ചു 600 മീ. പൈപ്പിട്ട് തുലാപ്പറമ്പ് ഭാഗത്ത് നിരവിൽ ടാങ്കു കെട്ടി ജലവിതരണം നടത്തുക |

| | | |
|---|---|---|
| 3. | ആന്തൂരച്ചോല, മേമ്പ്രചോല, മേച്ചേരിപ്പറമ്പ്, പടവെട്ടി കുശവൻ കോളനി, വേളികുളം, പറമ്പത്ത് കടവ്, മുണ്ടക്കൻ പറമ്പ് പ്രദേശങ്ങൾ | പടവെട്ടിക്കുന്നിൽ ഒരു ജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിൻെറ മുഴുവൻ കുടിവെള്ള പ്രശ്നം പരിഹരിക്കാം. |
| 4 | വട്ടപ്പറമ്പ് എൽ.പി. സ്കൂൾ , നെല്ലിക്കപ്പറമ്പ്, മോസ്കോ പാട്ടക്ക പറമ്പ്, പ്രദേശങ്ങൾ | സൂചിപ്പിച്ച സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചോ, 5-ാം വാർഡിൽനിർദേശിച്ചപദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്യാം. |
| 5. | കളരിക്കൽ എൽ.പി സ്കൂൾ പരിസരം, ചെരിപ്പറമ്പ് മുകൾ ഭാഗം, ഹൈസ്കൂൾ, കുന്നിൻ പടി, പുളിയാൻ കുന്ന് പരിസരം, മനക്കൽ പടി ചോലപ്ര റോഡ്, സൊസൈററി പടി, പൊന്നാറ്റിൻ വെള്ളാപുള്ളിപ്പടി, ആലിൻ കൂടം, ഹരിജൻ സങ്കേതം, പട്ടാഴി മനക്കൽ പടി | 1) തിരുനിലം ഐ.എച്ച്.ഡി.പി കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുക. 2) ഇരിമ്പിളിയം പാടത്ത് കക്കാട്ടു പടിയിലോ, മായിൻ കോളനിയിലോ കിണർ കുഴിച്ചു പുളിയാൻ കുന്ന് നിരവിൽ ടാങ്കു നിർമിച്ചാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. |
| 6. | ഇല്ലത്തു പടി, പറമ്പത്ത് കാവ് ഹരിജൻ കോളനി, കോഴിക്കോട്ടെ പടി, പരുതിക്കുളം, ആശാരി കോളനി, നടുവപ്പെട്ടി, കൊടലൊടി പറമ്പ്, ഹരിജൻ കോളനി, കോട്ടപ്പുറം ഹരിജൻ കോളനി, അമ്പാൾ, മൊട്ടകുന്ന്,വെള്ളാപ്പുള്ളി പ്രദേശങ്ങൾ | 1) വാർഡ് 1, 5 എന്നിവിടങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ 2) കോട്ടപ്പുറം ഹരിജൻ കോളനിയിൽ നിലവിലുള്ള ടാങ്ക് ഉയർത്തി പൈപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക. 3) കോട്ടപ്പുറം മിനി വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് മൊട്ടകുന്ന് പടിഞ്ഞാറ് ഭാഗം ടാപ്പുകൾ കൊടുക്കുക. 4) നിർദ്ദേശിച്ച ഭാഗങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക. |
| 7. | കോട്ടപ്പടി, ചരലിൻ കോളനി, അയ്യപ്പൻ കര ഭാഗം, പുത്തനാഴി, വലിയകുന്ന് പോസ്ററാഫീസ് പരിസരം, കോട്ടക്കുന്ന് താഴ്വര | എരേക്കത്ത് ഏരിയയിൽ ടാങ്കു കെട്ടി ജലവിതരണം നടത്തുക. അയ്യപ്പൻ കരയുടെ ഭാഗത്തുള്ള നിലവിലുള്ള പഞ്ചായത്ത് കിണർ ആഴംകൂട്ടി ഉപയുക്തമാക്കുക.പുത്തനാഴി പ്രദേശത്ത് കുഴൽ കിണർ കുഴിക്കുക. പഞ്ഞനങ്ങാട്ടുകുളം താഴ്ത്തി സൈഡ്ഭിത്തി കെട്ടി വലിയകുന്ന് അങ്ങാടിക്കു സമീപം ടാങ്കു നിർമിച്ച് ജലവിതരണം നടത്തുക |
| 8. | വലിയകുന്ന് അങ്ങാടി, കൊടുമുടി വളവിൽ റേഷൻ ഷോപ്പ് പരിസരം | കാരപ്പറമ്പ് മിനി ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പു ലൈൻ നീട്ടുക. സൂചിപ്പിച്ച പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. കാളിയാർ വട്ടത്ത് ഒരു മിനി ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. |
| 9. | നീലാടപ്പാറ, ലക്ഷം വീട് കോളനിയുടെ പടിഞ്ഞാറു ഭാഗം | കാരപ്പറമ്പ് മിനി ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പു ലൈൻ വ്യാപിപ്പിക്കുക. |

221

10. ചോലക്കാട് ഹരിജൻ കോളനി, വട്ടപ്പറമ്പ് ഹരിജൻ കോളനി, കുന്നത്തു മേഖല, പൊട്ടൻ ചോല, നിരവിൽ കോളനി തോട്ടിലാക്കൽ പൊററയിൽ ഭാഗം, കൊടുമുടി വഴി പറമ്പ് കോളനി

കാരപ്പറമ്പ് മിനി ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ്പു ലൈൻ വ്യാപിപ്പിക്കുക. പെരുമ്പറമ്പിൽ ടാങ്കു കെട്ടി തൂതപ്പുഴയിൽ നിന്നും ജല പമ്പുചെയ്തു പ്രശ്നപ്രദേശങ്ങളിൽ ജലമെത്തിക്കുക. 2) നിരവിൽ കോളനി, വട്ടപ്പറമ്പ് കോളനി, കുന്നതുഭാഗം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക. 4) കാരപ്പറമ്പ് ചാപ്പൻ കുന്നിലുള്ള പൊതു കിണർ ആഴം കൂട്ടുക.

11. മൂരിക്കൽ പടി, മദ്രസ്സ, തങ്ങൾ പടി, ലക്ഷംവീട് കോളനി, മങ്കേരി, ഗണപതിയൻകാവ്, കോഴിക്കോട്ടെ പടി, ആയുർവേദ ഡിസ്പെൻസറി

വാർഡിൽ പത്തിൽ നിർദ്ദേശിച്ച പദ്ധതികൾ

**കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ നടപ്പിൽ വരുത്താവുന്ന പദ്ധതികൾ**

**എ). പുതിയ പദ്ധതികൾ**

തൂതപ്പുഴയിലെ മോതിക്കയത്തിൽ നിന്നും വെള്ളം പമ്പു ചെയ്ത് പെരുമ്പറമ്പിൽ ടാങ്കു കെട്ടി പൈപ്പ്പു ലൈൻ വഴി ചോലക്കാട് ഹരിജൻ കോളനി, വട്ടപ്പറമ്പ് ഹരിജൻ കോളനി, കുന്നത്തു മേഖല തോട്ടിലാക്കൽ പ്രദേശം, പൊട്ടം ചോല, വയ്യാടൻ പുരക്കൽ കോളനി, മോതിക്കൽ പടി, മദ്രസ്സ പിരസരം, തങ്ങൾ പടി, ലക്ഷംവീട് കോളനി, മങ്കേരി, ഗണപതിയൻ കാവ്, കോഴിക്കോട്ടെ പടി, ആയുർവ്വേദ പരിസരം എന്നിവിടങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി . പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ 400ൽപരം കുടുംബങ്ങൾക്ക് കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായി പരിഹാരം ലഭിക്കും.

2. ഇരിമ്പിളിയം പാടത്ത് കക്കാട്ടു പടിയിലോ, മായിൻ കോളനിയിലോ കിണർ കുഴിച്ചു പുളിയാൻ തൊടി നിരവിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ്പു ലൈൻ വഴി ആലിൻകൂട്ടം ഹരിജൻ കോളനി, പുളിയാൻ കുന്ന് , മനക്കൽ പടി, ചോലപ്ര റോഡ്, സൊസൈററി പടി, വെള്ളാപുള്ളി പടി എന്നിവിടങ്ങളിലേക്ക് ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി.

പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ 350ൽ പരം കുടുംബങ്ങൾക്ക് രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായി പരിഹാരം ലഭിക്കും.

3. ഇല്ലത്തു പടി പാടത്ത് കിണർ കുഴിച്ച് ഐ.ടി.സി കുന്നിൽ ടാങ്കു കെട്ടി പൈപ്പ്പു ലൈൻ വഴി പറമ്പത്തുകാവ് ഹരിജൻ കോളനി, കോഴിക്കോട്ടെ പടി, പരുതിക്കളം, ആശാരികോളനി, നടുവപ്പെട്ടി, കൊടലോടിപറമ്പ് ഹരിജൻ കോളനി, സ്കൂൾ പരിസരം എന്നീ മേഖലകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയാൽ 100-ൽ പരം കുടുംബങ്ങൾ ഗുണഭോക്താക്കളാകും.

4. നിലവിലുള്ള മംഗലം കിണറിൽ നിന്നു വെള്ളം പമ്പു ചെയ്ത് എരേക്കത്ത് ഏരിയയിൽ ടാങ്കു കെട്ടി പൈപ്പ്പു വഴി കോട്ടപ്പടി, ചരലിൽ കോളനി, കോട്ടക്കുന്ന് താഴ്‌വര എന്നിവിടങ്ങലിലേക്ക് ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി. ഗുണഭോക്താക്കൾ 75 കുടുംബങ്ങൾ.

5. കിളിയൻമൂച്ചി നിലത്ത് കിണർ കുഴിച്ച് ഏകദേശം 600 മീററർ പൈപ്പിലൂടെ തുലാപറമ്പിൻെറ വടക്കു പടിഞ്ഞാറു ഭാഗം നിരവിൽ, ടാങ്കു കെട്ടി മങ്കേരി വടക്കുംമുറി കോളനി പരിസരത്തേക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതി. ഗുണഭോക്താക്കൾ 70 കുടുംബങ്ങൾ.

6. പഞ്ഞനങ്ങാട്ടു കുളം താഴ്ത്തി പാർശ്വ ഭിത്തി കെട്ടി കുളത്തിനു സമീപം ടാങ്കു നിർമിച്ച് വലിയകുന്ന് പരിസരത്തേക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതി.

7. കാളിയാർ വട്ടത്ത് ഒരു മിനി കുടിവെള്ള പദ്ധതി നടപ്പിലാക്കി ആ ഭാഗത്തേയും വലിയകുന്ന് അങ്ങാടിയിലേയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി.

8. നടുവപ്പെട്ടി അമ്പലത്തിനു താഴെ പാടത്ത് കിണർ കുഴിച്ച് ടാങ്കു നിർമിച്ച് പൈപ്പ്പു വഴി നടുവപ്പെട്ടി അമ്പല പരിസരം കൊടലോടി പറമ്പ് ഹരിജൻ കോളനി

എന്നിവിടങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതി. ഗുണഭോക്താക്കൾ 200 കുടുംബങ്ങൾ.

ബി) നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം.

1. കാർഷികാവശ്യത്തിനു വേണ്ടി നിർമിച്ച കുളം ആഴം കൂട്ടി കുത്തുകല്ല് പറമ്പിൽ ഉള്ള ടാങ്കിൽ ശേഖരിച്ച് പൈപ്പു ലൈൻ വഴി വെണ്ടല്ലൂർ സ്കൂൾ പരിസരം, അമ്പലപ്പടി, പാറപ്പുറം, മഠത്തിൽ പടി, പറമ്പത്തുകാവ് തുടങ്ങിയ പ്രദേശങ്ങളിലേക്കു വെള്ളം എത്തിക്കുക.
2. നിർമ്മാണത്തിലിരിക്കുന്ന തിരുനിലം ഐ.എച്ച്.ഡി.പി കോളനി ശുദ്ധജല വിതരണ പദ്ധതി വേഗം പണിതീർക്കാൻ വേണ്ട നടപടി സ്വീകരിക്കുക. ഈ പദ്ധതിയിൽ നിന്ന് കളരിക്കൽ എൽ.പി സ്കൂൾ ചെറിപ്പറമ്പിൻെറ മുകൾ ഭാഗം, കൃഷ്ണൻ നായർ പടി, പട്ടാഴി മന പരിസരം, പൊന്നാറ് എന്നിവിടങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടി വെള്ളമെത്തിക്കുക.
3. കോട്ടപ്പുറം ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ ടാങ്ക് ഉയർത്തി പൈപ്പുലൈൻ ദീർഘിപ്പിക്കുക.
4. കോട്ടപ്പുറം മിനി വാട്ടർ സപ്ലൈസ് സ്കീമിൻെറ പൈപ്പ് ലൈൻ സ്കീം വിപുലീകരിച്ച് മൊട്ടക്കുന്ന് പടിഞ്ഞാറു ഭാഗം, അംബാൾ, വെള്ളാപുള്ളി എന്നീ മേഖലകളിലേക്ക് ദീർഘിപ്പിക്കുക.
5. നിലവിലുള്ള കാരപറമ്പ് മിനി വാട്ടർ സപ്ലൈ സ്കീമിൻെറ കപ്പാസിററി വർദ്ധിപ്പിച്ച് വട്ടപ്പറമ്പ് ഹരിജൻ കോളനി (പുറമണ്ണൂർ), തോട്ടിലാക്കൽ, നിരവിൽ, കൃഷിഭവൻ കെട്ടിടത്തിനു സമീപം, തിരുവേഗപ്പുറകുഴി കോളനി, കൊടുമുടി പഴയ റോഡിലെ റേഷൻ കട പരിസരം, നീലാടപ്പാറ എന്നിവിടങ്ങളിലേക്ക് ശുദ്ധജലമെത്തിക്കുക.

സി) തുറന്ന കിണർ

1. നല്ലാനിപ്പൊററ ഹരിജൻ കോളനിയിൽ കിണറു കുഴിച്ച് പൈപ്പു വഴി ഹരിജൻ കോളനിയിലും പരിസരത്തും കുടിവെള്ളമെത്തിക്കുക. സൊസൈററിപ്പടി പരിസരത്ത് ജലക്ഷാമം തീർക്കാൻ പൊതു ആവശ്യത്തിനു വിട്ടു തന്ന കിണർ നന്നാക്കുക. ചോലപ്ര റോഡു ഭാഗത്ത് സൗജന്യമായി വിട്ടു തന്ന കിണർ നന്നാക്കുക. അയ്യപ്പൻ കരയുടെ ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് കിണർ ആഴം കൂട്ടി പമ്പു സെററു സ്ഥാപിച്ച് ജലവിതരണം നടത്തുക. ചോലക്കാട് ഹരിജൻ കോളനിയിൽ നിലവിലുള്ള പൊതു കിണർ ആഴം കൂട്ടുക തുടങ്ങിയ ഗ്രാമസഭാ നിർദ്ദേശങ്ങൾ നടപ്പാക്കുക.

ഡി) കുഴൽ കിണറുകളുടെ വിപുലീകരണം

പറമ്പത്തുകാവ് ഹരിജൻ കോളനി ഇല്ലത്തു പടി ഭാഗത്തുള്ള കുഴൽ കിണറിൽ പമ്പു സെററ് സ്ഥാപിക്കുക. പുറമണ്ണൂർ യു.പി. സ്കൂളിനു മുൻ വശത്തുള്ള കുഴൽ കിണറിൽ മോട്ടോർ വെച്ച് ജലവിതരണം നടത്തുക. കണക്കർകാവ് ഹരിജൻ കോളനിയിലെ ധാരാളം വെള്ളമുള്ള കുഴൽ കിണറിൽ മോട്ടോർ വെച്ച് മേച്ചേരി പറമ്പ്, ആന്തൂരച്ചോല, കണക്കർക്കാവ് തുടങ്ങിയ ഹരിജൻ കോളനികളിലേക്ക് ശുദ്ധജലം എത്തിക്കുക. ഗ്രാമസഭയുടെ മററു നിർദ്ദേശങ്ങളും മുൻഗണനാ ലിസ്ററ് തയ്യാറാക്കി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

ഇ) പുതിയ കുഴൽകിണർ ആവശ്യമായ പ്രദേശങ്ങൾ

| വാർഡ് | പ്രദേശങ്ങൾ |
|---|---|
| 3 | ആന്തൂരച്ചോല |
| 5 | വെള്ളാപ്പുള്ളി പടി, പടിഞ്ഞാറേടത്ത് മനപ്പടി, ഹൈസ്കൂൾ റോഡ്, കുഞ്ഞുട്ടി ഹാജി പടി, ആലിൻകൂട്ടം ഹരിജൻ കോളനി, പഞ്ചായത്ത് ഓഫീസ് പരിസരം, കളരിക്കൽ ഭാഗം, പട്ടാഴി മനപ്പടി |
| 6 | മൊട്ടക്കുന്ന്, വെള്ളാപ്പുള്ളി കാട് |
| 7 | പുത്തനാഴി പ്രദേശം |
| 8 | വലിയകുന്ന് അങ്ങാടി, ചോലപ്പുറ റോഡിന് കിഴക്കുഭാഗം |
| 10 | നിരവിൽ ഹരിജൻ കോളനി പടിഞ്ഞാറു ഭാഗം, വട്ടപ്പറമ്പു ഹരിജൻ കോളനി, പരിയങ്ങാട്ടു പടി, പൊററയിൽ ഭാഗം |
| 11 | മോതിക്കൽ പടി, മദ്രസക്കു മുൻവശം തങ്ങൾ പടി, ലക്ഷംവീടു കോളനി, ആയുർവേദ ഡിസ്പെൻസറിക്കു സമീപം, മാങ്കേരി, ഗണപതിയൻ കാവ്, കോഴിക്കോട്ട പടി |

പ്രായോഗികമാക്കാവുന്ന മററു പൊതു നിർദ്ദേശങ്ങൾ

1. ജല സാക്ഷരതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
2. പൊട്ടക്കിണറുകളും കുണ്ടുകളും, കുഴികളും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം ശക്തമാക്കുക.
3. സാധ്യതയുള്ള പ്രദേശങ്ങളിൽ കുഴികൾ കുഴിച്ച് വരമ്പുകളിട്ടും മരങ്ങൾ വെച്ചു പിടിപ്പിച്ച് മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.
4. വ്യക്തിഗത കിണറുകളുടെ സംരക്ഷണം ശുചീകരണം, യുക്തമായ ഉപയോഗം എന്നീ പ്രവർത്തനങ്ങൾക്ക് പ്രേരണാ ജനകമായി ബോധവൽക്കരണം നടത്തുക.
5. പൊതു കിണറുകൾ സംരക്ഷിച്ച് സമീപത്തുള്ള കുടുംബങ്ങളുടെ മേൽനോട്ടത്തിൽ ശുദ്ധജല വിതരണത്തിന് ഉപയോഗിക്കുക.
6. സന്നദ്ധ സേവനത്തിലൂടെ പൊതു കിണറുകളുടെ സംരക്ഷണം ഉറപ്പു വരുത്തുക.
7. ജല സ്രോതസുകളുടെ മലിനീകരണം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

9. പൊതു ടാപ്പുകളിലെ കുടിവെള്ളത്തിൻെറ ദുരുപയോഗം കർശനമായി തടയുക.

മുകളിൽ സൂചിപ്പിച്ച പരിഹാര മാർഗങ്ങൾ കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള ക്ഷാമം പൂർണമായ തോതിൽ പരിഹരിക്കാൻ സാധ്യമല്ല. പല പദ്ധതികളിലും പൈപ്പു ലൈൻ നീട്ടുന്നത് നിലവിലുള്ള ജലവിതരണ ക്ഷമതയെ എങ്ങനെ ബാധിക്കുമെന്നു പരിശോധിക്കേണ്ടി വരും. വ്യാപകമായ തോതിലുള്ള കുഴൽ കിണറുകളും പ്രശ്ന പരിഹാരമല്ല. പുഴ ഒഴികെയുള്ള ജല സ്രോതസ്സുകളിൽ നിന്ന് വരൾച്ച കാലത്ത് ആവശ്യമായ ജലം ലഭിക്കണമെന്നില്ല. തൂതപ്പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്ത് പഞ്ചായത്തിൽ സമഗ്രമായി കുടിവെള്ളം എത്തിക്കുന്ന സ്കീം മാത്രമാണ് ശാശ്വത പരിഹാരം. ഈ ഉദ്ദേശ്യത്തോടു കൂടി ഇരിമ്പിളിയം, വളാഞ്ചേരി, എടയൂർ പഞ്ചായത്തുകൾക്കു ശുദ്ധജലം എത്തിക്കുന്ന കേരള വാട്ടർ അതോറിററിയുടെ എ.ആർ.ഡബ്ല്യു.എസ് സ്കീമിൻെറ പണി നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി ആരംഭിക്കുകയും വളരെ പെട്ടെന്ന് കമ്മീഷൻ ചെയ്യുകയും വേണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളും ഗ്രാമ വാസികളും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വരുന്ന 5 വർഷത്തിനുള്ളിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 200 മീററർ ദൂരപരിധിക്കുള്ളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

**സാക്ഷരതാ പ്രസ്ഥാനത്തിൽ നിന്നും വികസന സാക്ഷരതയിലേക്കുള്ള പ്രയാണത്തിൽ പങ്കുകൊള്ളുവാൻ മലപ്പുറം ജില്ലയിലെ മുഴുവൻ ജനങ്ങളും തയ്യാറെടുക്കുകയാണ്.**

**വികസനത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾക്ക് മാററം വരുത്തേണ്ടതുണ്ട്. റോഡും, പാലവും, വൈദ്യുതിയുമെന്ന സ്ഥിരം സമവാക്യങ്ങൾ തിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ പശ്ചാതലത്തിൽ ജനകീയ ആസൂത്രണ പരിപാടിയെ നാം വളരെ പ്രതീക്ഷകളോടെയാണ് നോക്കി കാണുന്നത്.**

- അഡ്വ.കെ.പി. മറിയുമ്മ
(പ്രസിഡണ്ട്, മലപ്പുറം ജില്ലാ പഞ്ചായത്ത്)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# ആരോഗ്യം

ഒരു രാഷ്ട്രത്തിൻെറ പുരോഗതി അവിടത്തെ മാനവവിഭവ ശേഷിയെ ആശ്രയിച്ചിരിക്കുന്നു. മനസ്സിനും ശരീരത്തിനും ആരോഗ്യമുള്ള വ്യക്തിക്കേ രാഷ്ട്രപുരോഗതിയിൽ പങ്കാളിയാവാൻ കഴിയുകയുള്ളൂ. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ചുരുക്കത്തിൽ ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിൻെറ അവിഭാജ്യ ഘടകമാണെന്നു പറയാം.

പാരമ്പര്യവൈദ്യമേഖലയുമായി ബന്ധപ്പെട്ടാണ് ഗ്രാമ പഞ്ചായത്തിൻെറ ആരോഗ്യ ചരിത്രം ആരംഭിക്കുന്നത്. വൈദ്യൻമാരുടെ കേന്ദ്രമാണ് നമ്മുടെ പഞ്ചായത്ത്. ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ തന്നെ (1917 കാലഘട്ടത്തിൽ) പി.എം.എ കമ്പനി വൈദ്യശാലകൾ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വിദേശത്തേക്ക് മരുന്നു കയറ്റി അയക്കുന്ന സമ്പ്രദായം തുടങ്ങിയിരുന്നു. ബാലചികിൽസാ രംഗത്തും കണ്ണു ചികിൽസാ രംഗത്തും അതുപോലെയുള്ള മറ്റു മേഖലകളിലും വിദഗ്ദരായ ഒട്ടനവധി പേർക്ക് നമ്മുടെ ഗ്രാമപഞ്ചായത്ത് ജൻമം നൽകിയിട്ടുണ്ട്. പാരമ്പര്യ വൈദ്യ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും മുസ്ലിം വിഭാഗത്തിൽപ്പെട്ട ജനതയായിരുന്നു. വൈദ്യമേഖലയുമായി ബന്ധപ്പെട്ട് സംസ്കൃതം പോലുള്ള ഭാഷകൾ കൈകാര്യം ചെയ്യേണ്ടതുകൊണ്ട് മുസ്ലിം വിഭാഗത്തിൽപ്പെട്ട ജനതക്ക് വിദ്യാഭ്യാസ കാര്യത്തിൽ മറ്റു പല പഞ്ചായത്തിലേയും മുസ്ലിം ജനതയേക്കാൾ കൂടുതൽ ഔന്നത്യം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് സ്മരണീയമാണ്. ആയുർവ്വേദ രംഗത്ത് വളരെയധികം സാധ്യതകളുണ്ടെങ്കിലും അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് പരമാർത്ഥം മാത്രം. നെൽ വയലുകളും, തെങ്ങിൻ തോപ്പുകളും, കമുകിൻ തോപ്പുകളും നിറഞ്ഞ ഗ്രാമ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. അതുകൊണ്ടു തന്നെ വ്യാവസായിക നഗരങ്ങളിലുള്ള പരിസ്ഥിതി പ്രശ്നങ്ങളൊന്നും ഇവിടെയില്ല. പ്രകൃതിയുടെ വരദാനമായ നദികളിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ മണൽ ഖനനം നടത്തുന്നത് കേരളത്തിൻെറ പൊതുവായ സ്വഭാവമായി മാറിയിരിക്കുകയാണല്ലോ. പ്രസ്തുത പ്രശ്നം നമ്മുടെ ഗ്രാമപഞ്ചായത്തിനെയും ബാധിച്ചിരിക്കുന്നു. അങ്ങാടികളിൽ ചപ്പുചവറുകൾ അടിഞ്ഞു കൂടി കിടക്കുന്നു. വർഷക്കാലങ്ങളിൽ കുന്നുകളിൽ നിന്നും മറ്റു ഉയർന്ന പ്രദേശങ്ങളിൽ നിന്നും കുത്തിയൊലിച്ചു വരുന്ന ചെളിവെള്ളം പല കിണറുകളേയും കുളങ്ങളേയും മലിനപ്പെടുത്തുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിൻെറ പടിവാതിൽക്കൽ നിൽക്കുമ്പോഴും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുറുകെ പിടിക്കുന്ന ഒരു കൂട്ടം ജനത ഗ്രാമപഞ്ചായത്തിലുണ്ടെന്നത് നഗ്നസത്യം മാത്രം.

ഗ്രാമപഞ്ചായത്തിൽ ആരോഗ്യരംഗത്ത് നിലനിൽക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. ആയുർവ്വേദ ഡിസ്പെൻസറി, പുറമണ്ണൂർ
2. പ്രാഥമിക ആരോഗ്യ കേന്ദ്രം, ഇരിമ്പിളിയം
3. ഐ.പി.പി. ഉപകേന്ദ്രം, വെണ്ടല്ലൂർ
4. ഐ.പി.പി. ഉപകേന്ദ്രം, മങ്കേരി
5. ഐ.പി.പി. ഉപകേന്ദ്രം, മേച്ചേരിപ്പറമ്പ്
6. ഐ.പി.പി. ഉപകേന്ദ്രം, പുറമണ്ണൂർ
7. ഐ.പി.പി. ഉപകേന്ദ്രം, വലിയകുന്ന്

ഗ്രാമപഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചത് ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ് ആഗസ്തിലാണ്. അതാകട്ടെ സർക്കാർ കെട്ടിടത്തിലല്ലതാനും. കൂടാതെ വൈദ്യുതി സൗകര്യമില്ല, ഫർണീച്ചറുകളുമില്ല. രോഗികളെ കിടത്തി ചികിൽസിക്കുവാൻ തക്കവിധത്തിൽ പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് ഒരു കെട്ടിടം ആവശ്യമാണ്. ആയുർവ്വേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമില്ല. 5 ഐ.പി.പി ഉപകേന്ദ്രങ്ങളിലും അടിയന്തിരമായി അറ്റകുറ്റപണികളും ഫർണീച്ചർ സൗകര്യവും ജലവിതരണവും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ നിലവിലുള്ള സർക്കാർ വക ആരോഗ്യകേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ആയു ്വേദ ഡിസ്പെൻസറിയിലും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും ചികിൽസിക്കപ്പെട്ട രോഗികളുടെ രോഗങ്ങൾ സംബന്ധിച്ച വിവരം ചുവടെ പട്ടികയായി കൊടുക്കുന്നു.

**പട്ടിക-3**

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | രോഗങ്ങൾ സംബന്ധിച്ച വിവരം -വർഷം (എണ്ണം) വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിൽസ | മറ്റുള്ള രോഗങ്ങൾ | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| **ആയുർവ്വേദ ഡിസ്പെൻസറി** | | | | | | | | | |
| 1995-96 | - | 21587 | 2150 | 15 100 | 3000 | 200 | 3837 | 21587 | |
| **പി എച്ച് സെൻറർ** | | | | | | | | | |
| 1996 | | 1268 | 50 | 20 | 200 | - | 998 | 1268 | പ്രാഥമിക ആരോഗ്യ കേന്ദ്രം ഒരുവർഷം മുതൽക്കേ പ്രവർത്തനം തുടങ്ങിയിട്ടുള്ളു |

### വിശേഷാൽ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞു വന്ന ആരോഗ്യ പ്രശ്നങ്ങൾ

1. രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ല.
2. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകണമെങ്കിൽ 3 കി.മീ. ദൂരം സഞ്ചരിക്കണം.
3. അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല.
4. ഹരിജൻ കോളനികളിൽ വാർദ്ധക്യ രോഗങ്ങളും പോഷകാഹാര കുറവുള്ള രോഗങ്ങളും ഉണ്ട്.
5. പൊതു കുളങ്ങളിലെ കുളിവെള്ളം ഒഴുക്ക് നിൽക്കുമ്പോൾ മലിനമാകുന്നു.
6. കൊക്കപ്പുഴു, വയറിളക്കം, ചർദി, ചൊറി, ന്യുമോണിയ, മണൽ, വാതരോഗം, മഞ്ഞപ്പിത്തം ഇവ

കാണുന്നു.
7. ഹോമിയോ ഡിസ്പെൻസറി സൗകര്യം പഞ്ചായത്തിൽ ഇല്ല.
8. എല്ലാ വാർഡുകളിലും സബ് സെൻററുകൾ ഇല്ല.
9. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം.
10. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും കോളനികളിൽ സാനിറ്റേഷൻെറ കുറവ്.
11. ശൈശവ വിവാഹം കാരണം ഗർഭഛിദ്രവും ശിശുക്കളിൽ ആരോഗ്യക്കുറവും കാണപ്പെടുന്നു.
12. വർഷക്കാലങ്ങളിൽ കിണറുകളിലും കുളങ്ങളിലും വെള്ളം മലിനമാകുന്നു.
13. പോക്കാടുകുഴി പൊതു ശ്മശാനത്തിൽ (വാർഡ് -9) ചുറ്റുമതിൽ ഇല്ല.
14. നിലവിലുള്ള സൗകര്യങ്ങളും ജീവകാരുണ്യ സേവനവും പരിപൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ.



മൽസ്യ മാർക്കററിൻെറ അഭാവം

കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 1 കുട്ടി | 151 |
| 2 കുട്ടികൾ | 442 |
| 2 ൽ കൂടുതൽ കുട്ടികൾ | 1274 |
| ആകെ | 1867 |

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (പട്ടിക-4)

| സ്ത്രീയുടെ പ്രായ ക്രമം | എണ്ണം |
|---|---|
| 15-19 | 268 |
| 20-24 | 651 |
| 25-29 | 708 |
| 30-34 | 668 |
| 35-39 | 606 |
| 40-44 | 418 |

സ്ഥിതി വിവരക്കണക്കുകൾ പരിശോധിച്ചാൽ ശൈശവ വിവാഹം, പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകുറവ് തുടങ്ങിയവ ധാരാളമാണെന്നു കാണാം.

അമ്മമാരുടെ എണ്ണം-ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ

| | |
|---|---|
| 1 കുട്ടി | 453 |
| 2 കുട്ടികൾ | 742 |
| 2 ൽ കൂടുതൽ കുട്ടികൾ | 1892 |

**വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ**

1. പ്രാഥമിക ആരോഗ്യകേന്ദ്രം വിപുലീകരിച്ചി രോഗികളെ കിടത്തി ചികിൽസിക്കാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക.
2. വിദ്യാലയങ്ങളിൽ പ്രഥമ ശുശ്രൂഷക്കു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. കാലികമായുണ്ടാകുന്ന അസുഖങ്ങൾക്ക് അടിയന്തിര സഹായം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇടക്കിടെ നൽകുക.
5. കിണറുകളിലെ വെള്ളം ക്ലോറിനൈഡ് ചെയ്ത് ശുദ്ധീകരിക്കുക.
6. പഞ്ചായത്തിൽ അറവുശാലയും മൽസ്യ മാർക്കറ്റും

തുടങ്ങുക.

7. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.

8. നിലവിലുള്ള ആയുർവ്വേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

9. ഓരോ സബ് സെൻററിലും ഡോക്ടറുടെ സന്ദർശനം ഉറപ്പ് വരുത്തുക.

10. ശൈശവ വിവാഹം നിരുൽസാഹപ്പെടുത്തുന്നതിന് വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

11. ജീവനക്കാരുടെ സേവനം കൂടുതൽ ഫലപ്രദമാക്കുക.

12. ജനപങ്കാളിത്തത്തോടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

**പഞ്ചായത്ത് തലത്തിൽ പ്രായോഗികമാക്കാവുന്ന ചില നിർദ്ദേശങ്ങൾ:-**

1) അങ്ങാടികളിലെ നിരത്തുകളിൽ കുന്നുകൂടി കിടക്കുന്ന ചപ്പു ചവറുകൾ അപ്പപ്പോൾ നീക്കം ചെയ്യാൻ പഞ്ചായത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2) ഹരിജൻ സങ്കേതങ്ങളിൽ നിലവിലുള്ള കിണറുകൾക്ക് ആവശ്യമായ പടവും ആൾമറകളും കെട്ടി ശുദ്ധ ജലം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

3) പഞ്ചായത്തിൽ ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന പോഷകാഹാര പരിപാടി മുഴുവ ഗർഭിണികൾക്കും കുട്ടികൾക്കും ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4) വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വയോജന ആരോഗ്യ കേന്ദ്രം ആരംഭിക്കുക.

5) പുകവലി, മദ്യപാനം, പുകയില കൂട്ടിയുള്ള മുറുക്കൽ എന്നിവ പ്രചരണ ബോധവൽക്കരണ പരിപാടികളിലൂടെ നിയന്ത്രണ വിധേയമാക്കുക.

6) അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

7) ഓരോ ആശുപത്രി പ്രദേശത്തും ആശുപത്രി സംരക്ഷണ സമിതി രൂപീകരിക്കുക.

8) ഔഷധങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങലും ഉപയോഗവും ജനകീയ പരിശോധനക്ക് വിധേയമാക്കുക.

9) 3000 പേർക്ക് ഒരു സബ് സെൻറർ എന്ന നിലക്ക് കൂടുതൽ സബ് സെൻററുകൾ തുടങ്ങുക.

10) പോക്കാട്ടുകുഴി പൊതുശ്മശാനം (വാർഡ്-9) ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

11) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡണ്ടിൻെറ പേരിൽ ഒരു വൈദ്യ സഹായ ഫണ്ട് രൂപീകരിച്ച് ദുർബലവിഭാഗങ്ങളിലെ മാരകവും വർദ്ധിച്ച സാമ്പത്തിക ചെലവും വരുന്നു. രോഗിക്ക് സാമ്പത്തിക സഹായം നൽകാനുള്ള ഒരു പദ്ധതി നടപ്പിലാക്കുക.

12) പഞ്ചായത്തടിസ്ഥാനത്തിൽ ഹെൽത്ത് വർക്കേഴ്സിനെ ഉപയോഗപ്പെടുത്തി രക്തസർവ്വെ നടത്തി രേഖകൾ വാർഡടിസ്ഥാനത്തിൽ സൂക്ഷിക്കുക.

**പാരമ്പര്യ വൈദ്യ മേഖല**

1. തലമുറകളിലൂടെ വായ്മൊഴിയായും വരമൊഴിയായും പകർന്നു കിട്ടുന്ന അറിവുകളുടെ സംഗ്രഹമാണല്ലോ പാരമ്പര്യവൈദ്യം. പഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ കൂടിച്ചേരൽ സംഘടിപ്പിക്കുക.

2. ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ ഔഷധ സസ്യ സൊസൈറ്റികൾ സംഘടിപ്പിക്കുക.

3. ആയുർവ്വേദത്തിലെ ഒറ്റമൂലിച്ചെടികൾ ഗൃഹപരിസരത്ത് വളർത്തുന്നതിന് വേണ്ട പ്രോൽസാഹനം നൽകുക.

4. ആയുർവ്വേദ ചികിൽസാരംഗത്ത് പ്രവർത്തിക്കുന്നവരുടെ സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.



ഒരു ആരോഗ്യ ക്ലാസ

## സമ്പൂർണ്ണ സാനിറ്റേഷൻ പഞ്ചായത്ത്

പഞ്ചായത്തിൽ 1492 കുടുംബങ്ങൾക്കു ശുചിത്വമുള്ള കക്കൂസുകളുടെ അഭാവമുണ്ട്. ഇതിൽ90%വും ദുർബല വിഭാഗത്തിൽ പെട്ടവരാണ്. വാർഡു തല സർവേയിൽ നിന്നും ലഭ്യമായതാണ് ഈ കണക്ക്. ഇതു പഞ്ചായത്തിലെ വലിയ ആരോഗ്യപ്രശ്നമാണ്. ജലജന്യ രോഗങ്ങളുടെ ഉറവിടവുമാണ്. ഈ ഭരണസമിതിയുടെ ആദ്യയോഗത്തിൽ ആദ്യ അജണ്ടയായി ഇക്കാര്യം ചർച്ച ചെയ്യുകയും മുഴുവൻ കുടുംബങ്ങൾക്കും ശുചിത്വമുള്ള കക്കൂസ് നിർമിക്കുന്ന പദ്ധതി ഏറ്റെടുക്കാൻ തീരുമാനിക്കുകയും ഉണ്ടായി. സോഷ്യോ ഇക്കണോമിക് യൂണിറ്റിൻെറയും പഞ്ചായത്തിൻെറയും ഗുണഭോക്താക്കളുടെയും കൂട്ടായ്മയിലൂടെ,ജനകീയ പങ്കാളിത്തത്തോടെ മുഴുവൻ കുടുംബങ്ങൾക്കും ശുചിത്വമുള്ള ഇരട്ടക്കുഴി കക്കൂസ് നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി പഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയോടനുബന്ധിച്ച പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികൾ ഏറ്റെടുത്തു കഴിഞ്ഞു. മാതൃകാ കക്കൂസുകളുടെ നിർമാണം വിശദമായ സർവ്വെ, ബോധവൽക്കരണ കുടുംബ ക്ലാസുകൾ എന്നിവ നടത്തിക്കഴിഞ്ഞു. 6 മാസത്തിനകം മുഴുവൻ കുടുംബങ്ങൾക്കു ശുചിത്വമുള്ള കക്കൂസ് നിർമിച്ചു കൊടുത്തു പഞ്ചായത്ത് സമ്പൂർണ സാനിറ്റേഷൻ പഞ്ചായത്തായി പ്രഖ്യാപിക്കുന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തനങ്ങളിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉണ്ടാകേണ്ടിയിരിക്കുന്നു.

നിലവിലുള്ള സാഹചര്യങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തി ഏവരുടെയും സഹകരണത്തോടുക കൂടി ഏവർക്കും സമ്പൂർണ്ണ ആരോഗ്യം എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

**ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയുടെ സാധ്യതകളെയും ജനങ്ങളുടെ ആവശ്യങ്ങളെയും കണക്കിലെടുത്ത് പരിപാടികൾ ആവിഷ്കരിക്കാൻ വികേന്ദ്രീകൃത ആസൂത്രണം കൊണ്ടു മാത്രമേ കഴിയൂ.**

**പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിവിധ മേഖലകളുടെ പരസ്പര ബന്ധം മനസ്സിലാക്കുന്നതിനും സംയോജിതമായി വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും സാധിക്കും.**

# വിദ്യാഭ്യാസം (5-6)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

മലബാർ മേഖലയിൽ വിദ്യാഭ്യാസ നിലവാരം പൊതുവെ മോശമായിരുന്നുവെങ്കിലും ആയുർവ്വേദ ചികിത്സാ സമ്പ്രദായം പ്രചാരത്തിലുണ്ടായിരുന്ന നമ്മുടെ പഞ്ചായത്ത് വദ്യാഭ്യാസപരമായി ഒട്ടാക്കെ മുന്നിലായിരുന്നു. ആയുർവ്വേദത്തിൻെറ സ്വാധീനം സംസ്കൃത ഭാഷാ പഠനത്തിൽ മുസ്ലിങ്ങളെക്കൂടി തൽപരരാക്കി.

ഈ നൂറ്റാണ്ടിൻെറ തുടക്കം വരെ ജൻമി കുടുംബങ്ങളിലും, വൈദ്യകുടുംബങ്ങളിലും മാത്രം ഒതുങ്ങി നിന്ന വിദ്യാഭ്യാസം പൊതുജനങ്ങൾക്കു കൂടി ലഭ്യമായത് ഇരിമ്പിളിയത്ത് സ്ഥാപിതമായ 'വാണീവിലാസം' പ്രൈമറി വിദ്യാലയത്തിലൂടെയാണ്. ഇന്ന് പഞ്ചായത്തിലുള്ള മിക്കവാറും പ്രൈമറി സ്കൂളുകൾ സ്വാതന്ത്ര്യത്തിന് മുമ്പ് സ്ഥാപിതമായവയാണ്. ഹൈസ്ക്കൂൾ പഠന സൗകര്യം പഞ്ചായത്തിൽ നിലവിൽ വന്നത് 1974-ൽ ഇരിമ്പിളിയം ഗവ: ഹൈസ്ക്കൂൾ സ്ഥാപിതമായതോടെയാണ്. നാട്ടുകാരുടെ അശ്രാന്ത പരിശ്രമ ഫലമായി '75ൽ മദ്രസ്സാ കെട്ടിടത്തിലാരംഭിച്ചസ്കൂൾ രണ്ടു വർഷത്തിനു ശേഷം സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. അതു വരെ വളാഞ്ചേരി ഹൈസ്ക്കൂൾ, നടുവട്ടം ഹൈസ്ക്കൂൾ, പട്ടാമ്പി ഹൈസ്ക്കൂൾ, എന്നിവിടങ്ങളിലേക്കാണ് കുട്ടിക് പോയിരുന്നത്. എം.ഇ.എസ് സെൻട്രൽ സ്കൂളിൻെറ സ്ഥാപനത്തോടെ, പുത്തൻ വിദ്യാഭ്യാസ പ്രവണത, 1990-ൽ നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചു. സ്വകാര്യ മേഖലയിൽ ഒരു സാങ്കേതിക വിദ്യാലയവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഗവൺമെൻറ് മേഖലയിൽ 3-ഉം സ്വകാര്യ മേഖലയിൽ 8-ഉം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഈ വിദ്യാലയങ്ങളിൽ 6168 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നുണ്ട്.

| സ്കൂൾ | കുട്ടികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | പുരു. | സ്ത്രീ | ആകെ |
| ജി.എച്ച്.എസ് ഇരിമ്പിളിയം | 849 | 872 | 1721 | 17 | 22 | 39 |
| ജി.എച്ച്.പി.എസ് മങ്കേരി | 103 | 97 | 200 | 2 | 5 | 7 |
| ജി.ഡബ്ല്യു.എൽ.പി.എസ് ഇരിമ്പിളയം | 77 | 44 | 121 | 1 | 4 | 5 |
| എ.എം.എൽ.പി.എസ് കൊടുമുടി | 144 | 130 | 274 | 3 | 7 | 10 |
| എച്ച്.എ.എൽ.പി.എസ് വലിയകുന്ന് | 165 | 194 | 359 | 3 | 9 | 12 |
| എ.എൽ.പി.എസ് ഇരിമ്പിളിയം | 69 | 57 | 126 | 1 | 4 | 5 |
| അയൂബ് എ.എൽ.പി.എസ് ഇരിമ്പിളിയം | 95 | 114 | 209 | 1 | 5 | 6 |
| എ.എം.എൽ.പി.എസ് വലിയകുന്ന് | 123 | 94 | 217 | 3 | 7 | 10 |
| വി.പി.എ.യു.പി.എസ് വെണ്ടല്ലൂർ | 426 | 426 | 852 | 7 | 22 | 29 |
| എ.എം.യു.പി.എസ്, ഇരിമ്പിളിയം | 536 | 532 | 1068 | 6 | 23 | 29 |
| എ.എം.യുപി.എസ് പുറമണ്ണൂർ | 540 | 481 | 1021 | 17 | 22 | 39 |
| ആകെ | 3127 | 3041 | 6168 | 59 | 127 | 186 |

അംബാൾ മേഖലയിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസത്തിനായി എടയൂർ പഞ്ചായത്തിലെ സ്കൂളുകളിലേക്കും കൊടുമുടി മേഖലയിൽ നിന്ന് തിരുവേഗപ്പുറ നരിപ്പറമ്പ് സ്കൂളിലേക്കും കുട്ടികൾ പോകുന്നുണ്ട്. വെണ്ടല്ലൂർ മേഖലയിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വളാഞ്ചേരി പഞ്ചായത്തിനേയും ആശ്രയിക്കുന്നുണ്ട്.

അംബാൾ, വേളിക്കുളം, നീലാടപ്പാറ, പത്താം വാർഡിലെ കൃഷിഭവൻ ക്വാർട്ടേഴ്സ് എന്നവിടങ്ങളിൽ പുതിയ പ്രൈമറി വിദ്യാലയങ്ങൾ തുറക്കേണ്ടതാണെന്നും കൊടുമുടി എൽ.പി, വലിയകുന്ന് എൽ.പി, കോട്ടപ്പുറം എൽ.പി. , മങ്കേരി ജി.എൽ.പി എന്നിവ അപ്ഗ്രേഡ് ചെയ്യേണ്ടതാണെന്നും, വെണ്ടല്ലൂർ, പുറമണ്ണൂർ എന്നിവിടങ്ങളിൽ ഹൈസ്കൂളുകൾ സ്ഥാപിക്കേണ്ടതാണെന്നും ഗ്രാമസഭകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

വിദ്യാലയങ്ങളിലേക്ക് കുട്ടികൾ നടക്കണ്ട ശരാശരി ദൂരം

| വാർഡ് നമ്പർ | എൽ.പി | യു.പി | എച്ച്.എസ് |
|---|---|---|---|
| 1 | 1.00 കി.മീ | 1.00 കിമി | 3.80 കി.മീ |
| 2 | 1.00 കി.മീ | 2.50 കി.മീ | 3.00 കി.മീ |
| 3 | 2.00 കി.മീ | 3.00 കി.മീ | 3.50 കി.മീ |
| 4 | 0.50 കി.മീ | 1.00 കി.മീ | 2.00 കി.മീ |
| 5 | 0.50 കി.മീ | 1.00 കി.മീ | 1.50 കി.മീ |
| 6 | 0.50 കി.മീ | 2.50 കീ.മീ | 3.50 കി.മീ |
| 7 | 1.50 കി.മീ | 2.50 കി.മീ | 3.00 കി.മീ |
| 8 | 0.50 കി.മീ | 2.00 കി.മീ | 1.50 കി.മീ |
| 9 | 1.50 കി.മീ | 2.50 കി.മീ | 2.00 കി.മീ |
| 10 | 2.00 കി.മീ | 2.00 കി.മീ | 3.00 കി.മീ |
| 11 | 0.750 കി.മീ | 0.750 കി.മീ | 4.00 കി.മീ |

**N.K.M.M.M.E.S സെൻട്രൽ സ്കൂളിൽ ഇരിമ്പിളിയം പഞ്ചായത്തിലെ കുട്ടികൾ**

| | ആൺ | പെൺ | ആകെ |
|---|---|---|---|
| ആകെ കുട്ടികൾ | 188 | 148 | 336 |
| ഇരിമ്പിളിയം പഞ്ചയാത്തിലെ കുട്ടികൾ | 23 | 17 | 40 |

| | ആകെ കുട്ടികളുടെ എണ്ണം | സ്കൂൾ ക്യാമ്പസിന്റെ വിസ്തീർണം | കെട്ടിടം/മുറികൾ | | | പ്രാഥമിക സൗകര്യം | | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | ലൈബ്രറി | ചുററുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർധ സ്ഥിരം | മുറികൾ | മൂത്രപ്പുര | കക്കൂസ് | | | | | |
| ഗവ. ഹൈസ്കൂൾ, ഇരിമ്പിളിയം | 1721 | 310 | 2 | 1 | 12 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| ഗവ. എൽ.പി സ്കൂൾ, മങ്കേരി | 200 | 100 | 1 | - | 5 | 0 | 0 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| ഗവ. വെൽഫെയർ സ്കൂൾ, ഇരിമ്പിളിയം | 121 | 121 (വാടക) | 1 | - | 5 | 2 | 0 | ഉണ്ട് | ഇല്ല. | ഇല്ല | ഉണ്ട് | ഇല്ല |
| വി.പി.എ.യു.പി.എസ്, വെണ്ടല്ലൂർ | 852 | 225 | 5 | - | 24 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| എ.എൽ.പി.എസ് ഇരിമ്പിളിയം | 126 | 18 | 1 | 1 | - | ഇലില | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| അയൂബ് എ.എം.എൽ.പി എസ്, ഇരിമ്പിളിയം | 209 | 30 | 1 | | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| എ.എം.യു.പി.എസ്,. ഇരിമ്പിളിയം | 1068 | 105 | 1 | 2 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| എച്ച്.എ എൽ.പി.എസ്, വലിയകുന്ന് | 359 | 114 | 6 | - | 2 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| എ.എം.എൽ.പി.എസ് വലിയകുന്ന് | 217 | 80 | 1 | 2 | 2 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഭാഗിക |
| എ.എം.എൽ.പി.എസ് കൊടുമുടി | 274 | 100 | 3 | - | 9 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| എ.എം.യു.പി.എസ്, പുറമണ്ണൂർ | 1021 | 150 | 3 | 5 | 11 | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഭാഗിക |

## ഭൗതിക സാഹചര്യങ്ങൾ - ആവശ്യമായവ

| ക്രമനമ്പർ | സ്കൂളിൻെറ പേര് | ബഞ്ച് | ഡസ്ക് | മേശ | കസേര | ബോർഡ് | അലമാര | റാക്ക് |
|---|---|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ് ഇരിമ്പിളിയം | 100 | 100 | 11 | 16 | 12 | 4 | 2 |
| 2 | ജി.ഡബ്ല്യു.എൽ.പി.എസ് ഇരിമ്പിളിയം | 5 | - | 3 | 5 | - | 1 | - |
| 3 | ജി.എൽ.പി.എസ് മങ്കേരി | 15 | 30 | 8 | 9 | 5 | 3 | - |
| 4 | വി.പി.എ.യു.പി.എസ്, വെണ്ടല്ലൂർ | 10 | 10 | 2 | 2 | 3 | 2 | - |
| 5 | എ.എൽ.പി.എസ്, ഇരിമ്പിളിയം | 8 | 26 | 6 | 4 | 4 | - | 1 |
| 6 | അയൂബ് എ.എം.എൽ.പി.എസ് | 20 | 15 | 2 | 4 | 5 | 2 | - |
| 7 | എ.എം.യു.പി.എസ്, ഇരിമ്പിളിയം | 30 | 60 | 6 | 10 | 5 | 2 | - |
| 8 | എച്ച്.എ.എൽ.പി.എസ്, വലിയകുന്ന് | 40 | 50 | 5 | 5 | 10 | 1 | 3 |
| 9 | എ.എം.എൽ.പി.എസ്, വലിയകുന്ന് | 25 | 50 | 8 | 8 | 4 | 1 | 1 |
| 10 | എ.എം.എൽ.പി.എസ്, കൊടുമുടി | 10 | - | 4 | 4 | 3 | 1 | 1 |
| 11 | എ.എം.യു.പി.എസ്, പുറമണ്ണൂർ | 50 | 100 | 10 | 20 | 4 | - | - |

മിക്ക സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. പട്ടികയിൽ നിന്നും വെണ്ടല്ലൂർ വി.പി.എ.യു.പി സ്കൂൾ താരതമ്യേന ഭൗതിക സാഹചര്യത്തിൽ മുൻ പന്തിയിലാണ്. 1721 കുട്ടികൾ പഠിക്കുന്ന ഇരിമ്പിളിയം ഗവ: ഹൈസ്കൂളിൽ പ്രാഥമിക സൗകര്യങ്ങൾ പോലും നിറവേറ്റാൻ പ്രയാസമാണെന്നും കാണാം.

11 സ്കൂളുകളിൽ ഗവ.ഹൈസ്കൂൾ ഇരിമ്പിളിയത്തിനും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി.ഡബ്ല്യു.എൽ.പി.എസ് ഇരിമ്പിളിയത്തിനും പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങളില്ല. ക്യാമ്പസ് വിസ്തൃതി ഒരു ഏക്കറിൽ കുറവായ 3 സ്കൂളുകളുണ്ട്. വിസ്തൃതമായ കളിസ്ഥലം ഒരു സ്കൂളിനുമില്ല. 2 സ്കൂളുകളിൽ മൂത്രപ്പുരകളും 7 സ്കൂളുകളിൽ കക്കൂസുമില്ല. എ.എൽ.പി.എസ് ഇരിമ്പിളിയത്തിന് കുടിവെള്ള സൗകര്യമില്ല. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറികൾ വേണ്ട വിധം പ്രവർത്തിക്കുന്നില്ല. രണ്ടു വിദ്യാലയങ്ങൾക്കേ ചുറ്റുമതിലുള്ളൂ. ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിൽ ഗവൺമെൻറിനെപ്പോലെ സ്വകാര്യമാനേജർമാരും ഉദാസീനത കാണിക്കുന്നു. മിക്ക സ്വകാര്യ മേനേജ്മെൻറുകളും വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ഇ3-ഇ4 പട്ടികകൾ വ്യക്തമാക്കുന്നു. ഇത്തരം മാനേജ്മെൻറുകൾക്കെതിരെ കർശന നടപടികൾ ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകേണ്ടതാണ്.

### പഠന നിലവാരം:

വിവിധ വിദ്യാലയങ്ങളിലായി 1 മുതൽ 10 വരെ ക്ലാസുകളിലായി 6168 കുട്ടികൾ പഠിക്കുന്നു.

സ്കൂളുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ സാരമായ കുറവ് നമ്മുടെ പഞ്ചായത്തിൽ ഇല്ല. ജനസംഖ്യാ വർദ്ധനവിനനുപാതികമായ സ്കൂൾ പ്രവേശനം ഉണ്ടാകാതിരിക്കാൻ കാരണം നമ്മുടെ പഞ്ചായത്തിലെയും ജനങ്ങളുടെ അൺ എയ്ഡഡ് വിദ്യാലയങ്ങളോടുള്ള ആഭിമുഖ്യവുമായേക്കാം.

ലോവർ പ്രൈമറി ക്ലാസുകളിൽ പഠന നിലവാരം താരതമ്യേന മെച്ചമായി കാണുന്നു. 30% മാർക്കിൽ കുറവുള്ള ശരാശരി 20% കുട്ടികളാണ് 3,4 ക്ലാസുകളിലുള്ളത്. 60%ത്തിൽ കൂടുതലുള്ള 22%

കുട്ടികളുമുണ്ട്. 30% ത്തിനും 60% ത്തിനും ഇടക്ക് 58% കുട്ടികളുമുണ്ടെന്ന് പട്ടിക വ്യക്തമാക്കുന്നു.

അപ്പർ പ്രൈമറി ക്ലാസുകളിൽ പഠന നിലവാരം കുറയുന്നതായാണ് കാണുന്നത്. 30%ത്തിൽ കുറവ് മാർക്കുള്ള 34% കുട്ടികളാണുള്ളത്. 60%ത്തിൽ കൂടുതൽ 12%ത്തിനും 54% കുട്ടികൾ 30% - 60%ത്തിനും ഇടക്ക് മാർക്കുള്ളവരാണ്. നിലവാരത്തകർച്ചക്ക് കാരണം മാതൃഭാഷാ പഠനത്തിൻെറ അഭാവവും, സിലബസിൻെറ

33

സ്കൂളുകളിൽ ഓരോ ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| ജി.എച്ച്.എസ്.എൽ, ഇരിമ്പിളിയം | | | | | | | | 646 | 616 | 459 |
| ജി.ഡബ്ല്യു.എൽ.പി സ്കൂൾ, ഇരിമ്പിളിയം | 26 | 35 | 30 | 30 | | | | | | |
| ജി.എൽ.പി. സ്കൂൾ, മങ്കേരി | 40 | 61 | 48 | 51 | | | | | | |
| എ.എം.എൽ.പി സ്കൂൾ, കൊടുമുടി | 72 | 72 | 68 | 62 | | | | | | |
| എച്ച്.എ.എൽ.പി സ്കൂൾ, വലിയകുന്ന് | 72 | 90 | 98 | 99 | | | | | | |
| എ.എം.എൽ.പി സ്കൂൾ, ഇരിമ്പിളിയം | 27 | 34 | 31 | 34 | | | | | | |
| അയൂബ് എൽ.പി. സ്കൂൾ, ഇരിമ്പിളിയം | 49 | 61 | 49 | 50 | | | | | | |
| എ.എം.എൽ.പി സ്കൂൾ,വലിയകുന്ന് | 54 | 57 | 64 | 42 | | | | | | |
| വി.പി.എ.യു.പി സ്കൂൾ, വെണ്ടല്ലൂർ | 82 | 99 | 114 | 107 | 142 | 154 | 154 | | | |
| എ.എം.യു.പി സ്കൂൾ, ഇരിമ്പിളിയം | 34 | 44 | 38 | 50 | 280 | 312 | 310 | | | |
| എ.എം.യു.പി സ്കൂൾ, പുറമണ്ണൂർ | 119 | 154 | 147 | 131 | 165 | 154 | 151 | | | |
| | 575 | 707 | 687 | 656 | 587 | 620 | 615 | 646 | 616 | 459 |

**ഇരിമ്പിളിയം പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം**
**(പാദ വാർഷിക പരീക്ഷയുടെ മാർക്കിനെ അവലംബമാക്കി)**

പൊതു വിദ്യാഭ്യാസ രംഗം
(96-97 പാദവാർഷിക അവലംബം)
(അധ്യപക വിദ്യാർത്ഥി അനുപാതം 1:34

| ക്ലാസ് | ആകെ കുട്ടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം ശതമാനത്തിൽ | | | | |
|---|---|---|---|---|---|---|
| | | 30% മാർക്കിൽ കുറവ് | 30-40 | 40-50 | 50-60 | 60ൽ കൂടുതൽ |
| 3 | 669 | 22 | 24 | 21 | 12 | 21 |
| 4 | 670 | 19 | 23 | 18 | 16 | 23 |
| 5 | 582 | 18 | 23 | 30 | 16 | 13 |
| 6 | 616 | 41 | 17 | 15 | 10 | 17 |
| 7 | 600 | 42 | 23 | 17 | 11 | 7 |
| 8 | 646 | 67 | 10 | 11 | 5 | 7 |
| 9 | 616 | 65 | 14 | 8 | 6 | 7 |
| 10 | 459 | 54 | 15 | 15 | 7 | 9 |

അൺ എയ്ഡഡ്
(96-97 പാദവാർഷിക അവലംബം)
(അധ്യപക വിദ്യാർത്ഥി അനുപാതം 1:20

| ക്ലാസ് | ആകെ കുട്ടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം ശതമാനത്തിൽ | | | | |
|---|---|---|---|---|---|---|
| | | 30% മാർക്കിൽ കുറവ | 30-40 | 40-50 | 50-60 | 60ൽ കൂടുതൽ |
| 3 | 60 | 30 | 3 | 20 | 24 | 50 |
| 4 | 47 | 4 | 4 | 28 | 15 | 49 |
| 5 | 43 | 7 | 9 | 19 | 23 | 42 |
| 6 | 35 | 11 | 20 | 9 | 37 | 23 |
| 7 | 28 | 11 | 18 | 29 | 21 | 21 |
| 8 | 19 | 5 | 16 | 16 | 26 | 37 |
| 9 | 19 | 11 | 16 | 21 | 21 | 31 |
| 10 | | | | | | |

കാറിന്യവും ബഹുഭാഷാ പഠനവുമാണ്. ഇത് കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്.

എന്നാൽ ഹൈസ്കൂൾ ക്ലാസുകളിൽ നിലവാരത്തകർച്ച വളരെ കൂടുതലാണെന്നു കാണാം. 30% മാർക്കിനു താഴെ 61% കുട്ടികളുണ്ട്. ഷിഫ്റ്റ് സമ്പ്രദായം, ക്ലാസിലെ കുട്ടികളുടെ ബാഹുല്യം എന്നിവ ഇതിന് കാരണങ്ങളാണ്. 10-ാം ക്ലാസിൽ, അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, ട്യൂഷൻ സെൻററുകളുടെയും ശ്രദ്ധകൊണ്ട് 30% ത്തിൽ താഴെ മാർക്കുള്ളവരുടെ സംഖ്യ54% ആയി കുറഞ്ഞിട്ടുണ്ട്. ഇത് ഈ വർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം വർദ്ധിക്കാനിടയാകുമെന്ന് പ്രതീക്ഷിക്കാം. ഈ വർഷത്തെ എസ്.എസ്.എൽ.സിക്കുള്ള കുട്ടികളിൽ 31% പേരും 40% മാർക്കിൽ കൂടുതൽ നേടിയിട്ടുണ്ടെന്ന് പട്ടിക വ്യക്തമാക്കുന്നു. ഇത് നിലനിർത്തുന്നതിന് പഞ്ചായത്ത് അധികൃതരും രക്ഷിതാക്കളും അധ്യാപകരും കൂട്ടായി ശ്രമിക്കേണ്ടതാണ്.

**ഇരിമ്പിളിയം ഗവ. ഹൈസ്കൂളിലെ കഴിഞ്ഞ വർഷങ്ങളിലെ വിജയശതമാനം**

| വർഷം | വിജയ ശതമാനം |
|---|---|
| 92-93 | 22-89 |
| 93-94 | 21.52 |
| 94-95 | 22.4 |
| 95-96 | 20.6 |
| 96-97 | 31 |

നമ്മുടെ പഞ്ചായത്തിലെ അൺ എയ്ഡഡ് സ്കൂളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആകുമ്പോൾ മറ്റു വിദ്യാലയങ്ങളിലേത് 1:37 ആണെന്ന് കാണാം. ഇതും നമ്മുടെ വിദ്യാലയങ്ങളിലെ നിലവാരത്തകർച്ചക്ക് കാരണമാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മിക്ക സ്കൂളുകളും വളരെ പിറകിലാണ്. ഇരിമ്പിളിയം എ.എം.യു.പി സ്കൂൾ മാത്രമാണ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുള്ളത്.

### ഗ്രാൻറും സ്കോളർഷിപ്പുകളും

| Sl. No. | Name of School | മെറിററ് സ്കോളർഷിപ്പ് | Lump Sum grant | Muslim girls Scholarship | വികലാംഗ സ്കോളർഷിപ്പ് | മൽസ്യ തൊഴിലാളി കുട്ടികൾ | യു.എസ്.എസ് സ്കൂൾ | ജവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യം | എൽ.എസ്.എസ് | അവാർഡു ജില്ലാ തലം |
|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ്, ഇരിമ്പിളിയം | 20 | 222 | 279 | 4 | 4 | 8 | | | |
| 2 | ജി.എൽ.പി.എസ് | | 58 | | 1 | | | | | |
| 3 | G.W.L.P.S,ഇരിമ്പിളിയം | | | | | | | | | |
| 4 | അയൂബ് എ.എംഎൽപിഎസ് | | 24 | | 1 | | | | | |
| 5 | A.M.L.P.S വലിയകുന്ന് | | 26 | | | | | 3 | | |
| 6 | H.A.L.P.S. വലിയകുന്ന് | | 28 | | 1 | | | | | |
| 7 | VPAUPS വെണ്ടല്ലൂർ | 8 | 70 | 112 | 3 | | | | | |
| 8 | AMUPS, പുറമണ്ണൂർ | 1 | 91 | 127 | 3 | | | | | |
| 9 | ALPS, ഇരിമ്പിളിയം | | 11 | | | | | | | |
| 10 | AMUPS, ഇരിമ്പിളിയം | 35 | 138 | 164 | 5 | | | 2 | 3 | 5 |
| 11 | AMLPS, കൊടുമുടി | | 22 | | | | | | | |

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. വളാഞ്ചേരി എം.ഇ.എസ് കോളേജ്, പട്ടാമ്പി ഗവ. സംസ്കൃത കോളേജ്, മജ്‌ലിസ് ആർട്സ് ആൻറ് സയൻസ് കോളേജ് എന്നിവയേയാണ് പ്രധാനമായും കലാലയ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത്. എന്നാൽ ഭൂരിഭാഗം കുട്ടികളും പരിസര പ്രദേശങ്ങളിലെ സമാന്തര സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇരിമ്പിളിയം ഹൈസ്കൂളിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തം 22 അംഗനവാടികളുണ്ട്. 3 എണ്ണത്തിനൊഴികെ മറ്റുള്ളവക്ക് സ്ഥിരമായ കെട്ടിടങ്ങളോ,ആവശ്യത്തിന് കളിപ്പാട്ടങ്ങളോ, പ്രാഥമിക സൗകര്യങ്ങളോ ഇല്ല. അതിനാൽ അവ അനാകർഷകങ്ങളായി തീരുന്നു. അംഗനവാടികളിലെ പ്രവർത്തകരുടെ കഠിനാധ്വാനം കൊണ്ടു മാത്രമാണ് അവ നില നിന്നു പോരുന്നത്. ഈ അവസ്ഥക്ക് പരിഹാരം കണ്ടെത്തി പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം ഉയർത്താനും അതു വഴി പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. എല്ലാ സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ കുറവാണ്.
2. ഇരിമ്പിളിയം ജി.എച്ച്.എസ് ൽ വിജയശതമാനം വളരെ കുറവാണ്.
3. സ്കൂളുകളിൽ നിരക്ഷരത നിലനിൽക്കുന്നു.
4. ഇരിമ്പിളിയം എച്ച്.എസിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് ഇല്ല.
5. പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ അഭാവം.
6. പി.ടി.എ, എം.ടി.എ കളുടെ അക്കാദമിക് കാര്യങ്ങളിലുള്ള അശ്രദ്ധ.
7. സ്കൂൾ പരിശോധനയുടെ അഭാവം.
8. ഗവ: ഹൈസ്കൂളിൽ അധ്യാപക നിയമനത്തിലെ കാലതാമസം, ക്ലാസു മുറികളുടെ എണ്ണം കുറവ്.
9. അധ്യാപക- വിദ്യാർത്ഥി അനുപാതത്തിലെ അപാകത.
10. അധ്യാപകരുടെ ആത്മാർത്ഥത കുറവ്.
11. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസത്തോടുള്ള ധാരണ.
12. വിരസമായ പഠന രീതികൾ.

## പരിഹാര മാർഗ്ഗങ്ങൾ

1. ഗവ. സ്കൂളുകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഗവൺമെൻറും പി.ടി.എയും ചേർന്ന് ഒരുക്കേണ്ടതാണ്.
2. നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങൾ എല്ലാ സ്കൂളുകൾക്കും ബാധകമാക്കി സ്വകാര്യ സ്കൂളുകളിലെ ഭൗതിക സാഹചര്യം ഉറപ്പു വരുത്തേണ്ടതാണ്.
3. വിഷയാടിസ്ഥാനത്തിൽ പിന്നോക്കാവസ്ഥ വിലയിരുത്തി സ്കൂൾ സമയത്തിനു ശേഷം പ്രത്യേക ക്ലാസുകൾ ഏർപ്പെടുത്തി ജി.എച്ച്.എസ് ലെ വിജയശതമാനം ഉയർത്തുക.
4. നിരക്ഷരത നിർമാർജ്ജനം ചെയ്യാൻ പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്കരിക്കുക.
5. സർക്കാർ സ്കൂളുകളിലെങ്കിലും അടുത്ത വർഷം പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.
6. പഠന നിലവാരം മെച്ചപ്പെടുത്താനായി പഞ്ചായത്ത് തലത്തിൽ പി.ടി.എ പ്രതിനിധികൾ, എം.ടി.എ പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ, പഞ്ചായത്ത് മെംബർമാർ, വിദ്യാഭ്യാസ വിദഗ്ദർ എന്നിവരുൾപ്പട്ട സമിതി ഉണ്ടാക്കുകയും ഈ സമിതികൾ മാസത്തിലൊരിക്കലെങ്കിലും സ്കൂളുകൾ സന്ദർശിച്ച് പഠന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാകുന്നു.
7. അധ്യാപക നിയമനം സർക്കാർ സ്കൂളുകളിൽ കൃത്യസമയത്ത് നടത്തുക.
8. അധ്യാപക നിയമനത്തിന് കോഴ സമ്പ്രദായം അവസാനിപ്പിക്കുകയും അഭിരുചിയുള്ളവരെ മാത്രം അധ്യാപക പരിശീലനത്തിന് തെരഞ്ഞെടുക്കുകയും ചെയ്യുക.
9. അധ്യാപകർക്കാവശ്യമായ ഇൻസർവീസ് കോഴ്സുകൾ ആവശ്യാനുസരണം നൽകുകയും പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

10. അദ്ധ്യപക വിദ്യാർത്ഥി അനുപാതം കാലാനുസൃതമായി പരിഹരിക്കുക.

1991-ലെ അധ്യാപകർക്കുള്ള ദേശീയ അവാർഡു നേടിയ ശ്രീ. രാമചന്ദ്രൻ മാസ്ററർ പഞ്ചായത്തിലെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ നിറഞ്ഞു നിന്നിരുന്ന വ്യക്തിത്വമായിരുന്നു.

मानव संसाधन विकास मंत्रालय
(शिक्षा विभाग)

अध्यापकों के लिये राष्ट्रीय पुरस्कार

MINISTRY OF HUMAN RESOURCE DEVELOPMENT
(Department of Education)

NATIONAL AWARDS FOR TEACHERS

1991



अध्यापन के क्षेत्र में प्रशंसनीय लोक सेवा के लिये सम्मानार्थ प्रदान किया जाता है।

Given in public recognition of valuable services to the community as a teacher of outstanding merit.

श्री एम॰ रामचन्द्रन,
प्रधानाध्यापक,
राजकीय यू॰ पी॰ विद्यालय,
पैंकन्नूर पो॰आ॰, मलप्पुरम
जिला, केरल।

Sri. M. Ramachandran,
Headmaster,
Govt. U.P. School, Painkannur
P.O., Malappuram
District, Kerala.

एन. वी. गिरि

सचिव भारत सरकार
नई दिल्ली
5 सितम्बर 1992

Secretary to Government of India
New Delhi 5th Sept. 1992

# ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം



## ഭവനനിർമ്മാണം

അവലോകനം: 24.06 Sq. Km. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മൊത്തം 4670 വീടുകളാണ് ഉള്ളത്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 30707 ആണ്.
പുരുഷൻമാർ - 14771; സ്ത്രീകൾ - 15936

ആകെ വീടുകളിൽ 458 എണ്ണം കോൺക്രീറ്റ് ചെയ്തതും 2910 എണ്ണം ഓട് മേഞ്ഞതും, 1302 എണ്ണം ഓല മേഞ്ഞതുമാണ്. സ്വന്തമായി വീടില്ലാത്തവർ -454. ഇതിൽ 147 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. കൈരളി ഭവന നിർമാണ പദ്ധതി പ്രകാരം 55 വീടുകളും പുനരധിവാസ ഭവന നിർമാണ പദ്ധതി, മററു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള ഹൗസിങ്ങ് ലോണുകൾ എന്നിവ മുഖേന കുറച്ചു വീടുകൾ നിർമ്മിച്ചിട്ടുണ്ട്. 40 അപേക്ഷകൾ രാജീവ് ദശലക്ഷം ഭവന നിർമാണ പദ്ധതിക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. മാസങ്ങളായെങ്കിലും ഇതുവരെ വായ്പ അനുവദിച്ചു ഉത്തരവായിട്ടില്ല.

ഈ പഞ്ചായത്തിൽ മൂന്ന് ലക്ഷംവീട് കോളനികളുണ്ട്.

1) പുറമണ്ണൂർ - ആകെ വീടുകൾ -19, ഓടിട്ടത് - 9 (വിവിധ സഹായ പദ്ധതികൾ മുഖേന). സ്വന്തമായി 5 പേർ ഓടിട്ടിട്ടുണ്ട്. 5 പേരുടെ വീടുകൾ ഓല മേഞ്ഞതാണ്. വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. ഒരു പൊതു കിണറുണ്ട് (മിതമായി വെള്ളം ലഭിക്കുന്നത്). ഒരു പൊതു കക്കൂസുണ്ട്. റോഡ് കോളനി വരെ എത്തിയിട്ടുണ്ടെങ്കിലും മെയിൻ റോഡ് വരെ ബന്ധപ്പെടുത്തിയിട്ടില്ല.

2) മങ്കേരി - ആകെ വീടുകൾ - 20. ഇതിൽ 19 എണ്ണവും ഓല മേഞ്ഞതാണ്. വൈദ്യുതീകരിച്ചിട്ടില്ല. ഒരു പൊതു കക്കൂസുണ്ട്. ഒരു പൊതു കിണർ ഉണ്ട്. റോഡുണ്ട്.

3) വലിയകുന്ന് - ആകെ വീടുകൾ - 20. ഓടിട്ടത് - 8 . ഗതാഗത സൗകര്യം ഉണ്ട്. കോളനി വൈദ്യുതീകരിച്ചുവെങ്കിലും എല്ലാവർക്കും വൈദ്യുതി കണക്ഷൻ ഇല്ല.

പുറമണ്ണൂർ കോളനിയിൽ നാലുപേർക്കും, വലിയകുന്ന് കോളനിയിൽ 4 പേർക്കും സ്വന്തമായി പട്ടയം കിട്ടേണ്ടതുണ്ട്. മങ്കേരിയിൽ 5 പേർക്കും പട്ടയം കിട്ടേണ്ടതുണ്ട്.

കെട്ടിട നിർമാണ സാധന സാമഗ്രികൾ ഒരു പരിധി വരെ ഈ പഞ്ചായത്തിൽ ലഭ്യമാണ്. കരിങ്കല്ലും, മെറ്റലും കിട്ടുന്നതിന് ബുദ്ധിമുട്ട് വരാറുണ്ട്. തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നുണ്ട്. ഒരു വിദഗ്ദ തൊഴിലാളിക്ക് 125-130 രൂപയും അവിദഗ്ദ തൊഴിലാളിക്ക് (പുരുഷൻ) 90-100 രൂപയും, സ്ത്രീ തൊഴിലാളിക്ക് 65-70 രൂപയും കൂലി നൽകുന്നുണ്ട്.

1985-90 കാലയളവിൽ യഥാക്രമം 70-75, 55-60, 25-30 രൂപ ആയിരുന്നു കൂലി.
കെട്ടിട നിർമ്മാണത്തിന് സാങ്കതിക വിദഗ്ദരുടെ സേവനം ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണസംഘങ്ങളോ ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന മറ്റു സ്ഥാപനങ്ങളോ ഇല്ല.

**പ്രശ്നങ്ങൾ:** കെട്ടിട നിർമാണ സാമഗ്രികൾക്ക് ഉള്ള വിലവർദ്ധനവ് കെട്ടിട നിർമ്മാണത്തെ സാരമായി ബാധിക്കുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ സുലഭമാണെങ്കിലും അവ രൂപപ്പെടുത്താനുള്ള സൗകര്യമില്ല.

ഭവന നിർമാണ വായ്പകൾ ലഭിക്കുന്നതിന് വിഷമതകൾ ഏറെയുണ്ട്. ഭവന രഹിതരിൽ നല്ലൊരു ശതമാനം പേർക്ക് സ്വന്തമായി സ്ഥലമില്ലാത്ത പ്രശ്നമുണ്ട്. ഹൗസിങ്ങ് കോളനികൾക്കുള്ള സ്ഥല സൗകര്യമില്ലായ്മ നിലവിലുണ്ട്.
ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ദരുടെ സേവനം വേണ്ടത്രയില്ല. കൂറ്റൻ മതിലുകൾ നിർമിക്കുന്നത് ഒരു പരിസ്ഥിതി പ്രശ്നമായിട്ടുണ്ട്.

**സാധ്യതകൾ:-** ഭവന നിർമാണ സഹകരണസംഘം സ്ഥാപിക്കുവാനുള്ള സാധ്യത ഉണ്ട്. ചെലവു കുറഞ്ഞ വീടുകൾ, നിർമാണ രീതി, കെട്ടിട നിർമാണ സാമഗ്രികളുടെ നിർമാണം എന്നിവ സംബന്ധിച്ച്

പ്രചാരണം നടത്തുന്നതിനുള്ള സാധ്യതകൾ ഉണ്ട്. സ്വകാര്യ മേഖലയിൽ 2 ഇഷ്ടിക കമ്പനികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**നിർദ്ദേശങ്ങൾ:-** പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമാണ സഹകരണസംഘം സ്ഥാപിക്കണം. നിർമ്മാണ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് പഞ്ചായത്തിൽ വരുന്ന കെട്ടിട നിർമാണങ്ങളും മറ്റു നിർമ്മാണ പ്രവർത്തികളും ഇവരെ ഏൽപ്പിക്കാവുന്നതാണ്. ഇതു വഴി ഒരു പരിധി വരെ ചെലവു കുറഞ്ഞ വീടുകൾ നിർമിക്കാവുന്നതാണ്. കെട്ടിട നിർമാണത്തിനാവശ്യമായ മെറ്റൽ യൂണിറ്റുകൾ സ്ഥാപിക്കുക., സിമൻറ് കട്ട, സിമൻറ് കട്ടില, ജനൽ, സിമൻറ് ഹുരുഡീസ് എന്നിവ ഉണ്ടാക്കുന്ന ഒരു കേന്ദ്രം ആരംഭിക്കുക.

സിമൻറ്, കമ്പി മുതലായവ ചുരുങ്ങിയ വിലക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങൾ ഈ മേഖലയിലുള്ള പ്രശ്ന പരിഹാരനിർദ്ദേശങ്ങളാണ്.

ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണ വൈദഗ്ദ്യം തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടതാണ്.
കെട്ടിട നികുതി സുതാര്യമാക്കണം. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക ഭവന നിർമാണത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

പുതിയ ഹൗസിങ്ങ് കോളനികൾ സ്ഥാപിക്കുവാനുള്ള സാധ്യതകൾ ആരായുക എന്നിവയും പ്രാധാന്യം അർഹിക്കുന്നു.

കൂറ്റൻ മതിലുകൾ കെട്ടുന്നതിന് പകരം ജൈവവേലി കെട്ടുന്നതിന് ആവശ്യമായി പ്രചരണം സംഘടിപ്പിക്കേണ്ടതുണ്ട്. ഭവന രഹിതകുടുംബങ്ങൾക്ക് ജെ.ആർ.വൈ പദ്ധതിയിൽ 5 വർഷം കൊണ്ട് 100 വീടുകൾ കൊടുക്കാവുന്നതാണ്. ബാക്കി വരുന്നവർക്ക് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാവുന്ന ഭവന നിർമ്മാണ ബോർഡ് വഴി സാമ്പത്തിക സഹായം എത്തിക്കാവുന്നതാണ്.

ദുർബല വിഭാഗങ്ങൾക്ക് പഞ്ചായത്തു തലത്തിൽ ഭവന നിർമാണ വായ്പകൾ നൽകാനുള്ള സാഹചര്യമുണ്ടാക്കി, നടപടിക്രമങ്ങൾ ലഘൂകരിച്ച്, വായ്പ ലഭ്യമാക്കുന്നതിന് നിലവിലുള്ള കടമ്പകൾ ഇല്ലാതാക്കണം. കൈരളി ഭവന നിർമാണ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ മുമ്പു പഞ്ചായത്തുകളെ ഏൽപ്പിച്ചതും, പഞ്ചായത്തുകൾ ഭംഗിയായി ആ ചുമതല നിർവഹിച്ചതും നമുക്കനുഭവമുള്ളതാണല്ലോ. സർക്കാറിൻെറ പുതിയ മൈത്രിപദ്ധതിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചാൽ വായ്പ നൽകുന്നതിലെ ചുവപ്പുനാടയും തിരിച്ചടവിലെ വിഷമതകളും പരിഹരിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിക്കാൻ ബാധ്യതപ്പെടുത്തുന്നത് അനർഹ ആനുകൂല്യം തട്ടിയെടുക്കുന്നത് തടയാന് സഹായകവുമായിരിക്കും.

## സാമൂഹ്യക്ഷേമം

ഐ.ആർ.ഡി.പി സർവ്വെ പ്രകാരം ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിൽ 1535 ദരിദ്ര കുടുംബങ്ങളാണുള്ളത് 20 ഹരിജൻ കോളനികളുണ്ട്. ഈ കോളനികളിൽ 543 വീടുകളുള്ളതിൽ 361 വീടുകൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്. ദരിദ്രകുടുംബങ്ങൾ അധികവും സ്ഥിര വരുമാനക്കാരല്ല. കാർഷികവൃത്തിയിലും നിർമ്മാണപ്രവർത്തനത്തിലും ഏർപ്പെട്ടിട്ടുള്ളവരാണ്. വിദ്യാഭ്യാസരംഗത്തും പുറകിലാണ്. തൊഴിൽ സ്ഥിരത ഇല്ല. വൈദ്യ ശുശ്രൂഷാരംഗത്തെ ഭാരിച്ച ചിലവുകൾ സാധാരണക്കാരനെ വിഷമിപ്പിക്കുന്നു. ഗവ:സാമ്പത്തികവും അല്ലാത്തതുമായ ആനുകൂല്യങ്ങൾ ഇവരിൽ പൂർണമായി എത്തുന്നില്ല. ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്ന സ്ഥിതിയാണ് ഇന്ന്. ഐ.ആർ.ഡി.പി ട്രൈസം പദ്ധതികൾ നിലവിലുണ്ടെങ്കിലും ഉദ്ദേശഫലം കിട്ടിയിട്ടില്ല. ദരിദ്ര വിഭാഗങ്ങളിലെ സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സ്വയം പര്യാപ്തത കൈവരുത്തുന്നതിനും വേണ്ടി പഞ്ചായത്തിൽ സി.ഡി.എസ് പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ ഗുണഭോക്താക്കളേയും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല.

ഐ.സി.ഡി.എസ് പദ്ധതി പ്രകാരം 22 അംഗനവാടികൾ ഉണ്ട്. ഒരെണ്ണം പ്രവർത്തനമില്ല. 3 എണ്ണത്തിന് സ്വന്തം കെട്ടിടമുണ്ട്. 6 എണ്ണത്തിന് സ്വന്തം സ്ഥലമുണ്ട്.
ഈ അംഗനവാടികളിലെല്ലാം കൂടി ആകെ
കുട്ടികളുണ്ട്
പോഷകാഹാരം ലഭിക്കുന്നവർ
ഉണ്ട്.
അംഗനവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.
വിവിധതരം ക്ഷേമ പദ്ധതികളിൽ നിന്നും ആനുകൂല്യം ലഭിക്കുന്നവർ:-
വിധവ 111, വികലാംഗർ-41, വാർധക്യം-117, കർഷക തൊഴിലാളി-253, ക്ഷയം-3, തൊഴിലില്ലായ്മ വേതനം-29.

**ദാരിദ്ര നിർമാണപദ്ധതികളിൽ നിലവിലുള്ളവ:-**

ഐ.ആർ.ഡി.പി, ജെ.ആർ.വൈ, ട്രൈസം, ഐ.എ.വൈ
കൃഷിവകുപ്പു മുഖേന - തെങ്ങിൻ തൈ, പണി ആയുധങ്ങൾ
മൃഗസംരക്ഷണ വകുപ്പിൽ നിന്നും -

കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ
ഐ.സി.ഡി.എസ് - വഴി - മരുന്നുകൾ, പോഷകാഹാരം
പി.എച്ച്.സി. - വഴി - പ്രതിരോധ കുത്തിവെപ്പുകൾ, കുടുംബക്ഷേമ പരിപാടികൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പ്രാഥമിക മെഡിക്കൽ സൗകര്യങ്ങൾ.

കർഷക തൊഴിലാളി ക്ഷേമനിധി, നിർമാണ തൊഴിലാളി ക്ഷേമനിധി, തയ്യൽക്കാരുടെ ക്ഷേമനിധി തുടങ്ങിയ മേഖലകളിൽ സാധ്യതകൾ മുഴുവനായി ഉപയോഗിക്കപ്പെട്ടിട്ടില്ല. നിർമാണ തൊഴിലാളി ക്ഷേമനിധിയിൽ 285 പേർ അംഗത്വം നിലനിർത്തുന്നു. ഇവരിൽ 8 പേർക്കു മരണാനന്തര ആനുകൂല്യവും 2 പേർക്കു പെൻഷനും 5 പേർക്കു വിവാഹ ധനസഹായവും ക്ഷേമനിധിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. കൃത്യമായ സംഖ്യ അടവാക്കാത്തതു മൂലം മറ്റു പലരുടെയും അംഗത്വം നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ട്.

കർഷക തൊഴിലാളികൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ കർഷക തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വം മുഴുവൻ പേർക്കുമില്ല. ക്ഷേമനിധിയിൽ സജീവത പുലർത്തു അംഗങ്ങൾ 293 എണ്ണമാണ്.

ക്ഷേമനിധി മേഖലയിൽ അർഹരായവരെ മുഴുവൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കി മാറ്റേണ്ടിയിരിക്കുന്നു.

**നിർദ്ദേശങ്ങൾ:-**

ഐ.ആർ.ഡി.പി പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്. അർഹരായവർക്ക് കിട്ടാതെ വരികയും അനർഹർക്ക് കിട്ടുകയും ചെയ്യുന്ന ഇന്നത്തെ സ്ഥിതിയിൽ മാറ്റം വരുത്തി അർഹരായവർക്ക് കിട്ടുന്ന വിധം നടപടികൾ സ്വീകരിക്കേണ്ടതാണ്. നൽകിയ സഹായം യാഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും , വായ്പ തിരിച്ചടക്കുന്നുവെന്നും ഉറപ്പു വരുത്തുന്ന സാമൂഹ്യ ഇടപെടലുകൾ ആവശ്യമാണ്. പെൻഷൻ പദ്ധതികൾക്ക് അപേക്ഷ നൽകി 3 മാസത്തിനകം കിട്ടത്തക വിധം നടപടികൾ ലഘൂകരിക്കേണ്ടതാണ്. ധനസഹായം ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള നടപടികൾ സുതാര്യമാക്കണം. സാമൂഹ്യക്ഷേമ പദ്ധതികൾക്കും, സാമ്പത്തിക സഹായപദ്ധതികൾ, വിവിധ പെൻഷനുകൾ എന്നിവ നൽകുന്നതിന് നിലവിലുള്ള നടപടികൾ സമൂലമായി മാറ്റം വരുത്തേണ്ടതും അവയുടെ പരിപൂർണ അധികാരം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതുമാണ് . അപേക്ഷകളിൽ കഴിവതും വേഗം തീരുമാനമെടുത്തു ഗ്രാമസഭകളെ അറിയിച്ച് അംഗീകാരം വാങ്ങിക്കേണ്ടതാണ്.

നിലവിലുള്ള നടപടി ക്രമങ്ങളുടെ വിഷമം തരണം ചെയ്യാൻ കഴിയാത്തതിനാൽ അർഹതപ്പെട്ട പലരും അപേക്ഷ നൽകാതിരിക്കുന്നു.

ട്രൈസം പദ്ധതി പ്രകാരം പരിശീലനം കിട്ടിയവർക്കു പഞ്ചായത്തിൽ തൊഴിൽ സാധ്യത ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തിൽ വൃദ്ധജനങ്ങളുടെ ക്ഷേമം മുൻ നിർത്തി ഒരു വൃദ്ധ സദനം സ്ഥാപിക്കേണ്ടതാണ്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകി വരുന്ന സഹായധനം വിവാഹത്തിന് മുമ്പു ലഭ്യമാക്കണം. നിലവിലുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം. ഇവയും ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

പ്രകൃതി ക്ഷോഭം, മാരകരോഗങ്ങൾ, പകർച്ച വ്യാധികൾ, അപകടങ്ങൾക്കുള്ള അടിയന്തിര ചികിൽസാ സഹായം,മുതലായവക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിൻെറ പേരിൽ ഒരു ദുരിതാശ്വാസനിധി ഏർപ്പെടുത്തേണ്ടതാണ്. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നതു മൂലവും, ജില്ലാ കലക്ടർ മുഖേന വിതരണം ചെയ്യുന്നതു മൂലവും പല പഞ്ചായത്തുകൾക്കും അർഹരായവർക്കു മുഴുവൻ അനുകൂല്യം നൽകുവാൻ കഴിയുന്നില്ല. അതേ സമയം വേണ്ടത്ര അപേക്ഷകളില്ലാത്ത പഞ്ചായത്തുകൾക്കു വേണ്ടി ഫണ്ടു ചെലവഴിക്കപ്പെടാതെ മരവിച്ചു കിടക്കുകയും ചെയ്യുന്നു. മലപ്പുറം ജില്ലയിൽ ഈ സ്ഥിതി വിശേഷം ഇന്നു നിലനിൽക്കുന്നുണ്ട്. വാർദ്ധക്യ കാല പെൻഷന് അർഹരായ 64 പേർ കൂടി പഞ്ചായത്തിൻെറ അംഗീകാരം കിട്ടി പെൻഷൻ കിട്ടാതെ ഈ പഞ്ചായത്തിലുള്ളപ്പോൾ ജില്ലാ കലക്ടർ വശം ഈയിനത്തിൽ ഫണ്ടു ചെലവഴിക്കപ്പെടാതെ കിടക്കുകയാണ്.

ദേശീയ ഫാമില ബെനിഫിറ്റ് സ്കീമിനും, സ്ത്രീകൾക്കുള്ള പ്രസാവാനുകൂല്യ പദ്ധതിക്കും കേന്ദ്രീകൃത ചട്ടങ്ങളുടെ നൂലാമാല കാരണം ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ഈയിനങ്ങളിലൊക്കെ ജില്ലാ തലത്തിൽ ഫണ്ടു ചെലവഴിക്കപ്പെടാതെ പോകുന്നു. നടപടിക്രമങ്ങളുടെ വിഷമതകൾ മൂലം വളരെ വൈകി മാത്രം അപേക്ഷകൾ പരിഗണിക്കപ്പെടുന്ന സ്ഥിതിയുണ്ട്. വൈകി ലഭിക്കുന്ന നീതി നീതിനിഷേധത്തിന് തുല്യമാണല്ലോ.

ചുരുക്കത്തിൽ സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങളിലെ കേന്ദ്രീകരണം അവസാനിപ്പിച്ച്, സ്കീമുകൾ നടപ്പാക്കുന്നതിലും നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനകീയമായി അർഹരെ കണ്ടെത്തുന്നതിലും, പദ്ധതികൾ സുതാര്യമാക്കുന്നതിലും കൂടുതൽ ശ്രദ്ധയും കണിശതയും ഊന്നലും നൽകേണ്ടിയിരിക്കുന്നു.

# 5-8

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ 17 ഹരിജൻ കോളനികളിലും 3 ലക്ഷം വീട് കോളനികളിലും ആയി പട്ടികജാതിക്കാർ താമസിക്കുന്നു. ഇവർ 517 വീടുകളിലായി 3387 പേർ വരും. ഇത് ആകെ ജനസംഖ്യയുടെ 12.76% ആണ്. ഇതിൽ വടക്കുംമുറി കോളനി, ലക്ഷംവീട് കോലളനികൾ, മേച്ചിരിപ്പറമ്പ് കോളനി, മങ്കേരി കോളനി തുടങ്ങി പല കോളനികളിലും ഹരിജനങ്ങൾ മറ്റുള്ളവരുമായി ഇടകലർന്ന് താമസിക്കുന്നു.

വിദ്യാഭ്യാസ- സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും സാമ്പത്തികമായി ഇന്നും പിന്നോക്കം നിൽക്കുന്നു. കാലാകാലം ജൻമിമാരുടെ അടിമപ്പണിക്ക് വിധേയരായിരുന്ന കർഷകത്തൊഴിലാളികൾക്ക് തെല്ല് ആശ്വാസം ലഭിക്കാൻ തുടങ്ങിയത് കുടിക്കിടപ്പവകാശം, മിച്ചഭൂമി വിതരണം എന്നിവ നടപ്പാക്കിയതിനു ശേഷം മാത്രമാണ് ഈ പ്രദേശത്തെ എല്ലാ ഹരിജനങ്ങൾക്കും എല്ലാ ജാതിമതസ്തരുടെയും ചടങ്ങുകളിലും മറ്റു പൊതുപരിപാടികളിലും പങ്കാളിത്തവും പരിഗണനയും ലഭിക്കുന്നു.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കിയ പല പദ്ധതികളും അറിവില്ലായ്മയും, കർക്കശമായ നിബന്ധനകളും കാരണം പൂർണ്ണമായല്ലാതെ ഭാഗികമായി നടപ്പിലാക്കുന്നു. ഇനിയും ഏറെ നേട്ടങ്ങൾക്കായി കോളനി നിവാസികൾ കാത്തിരിക്കുന്നു.

24

പാർപ്പിട പ്രശ്നം          പട്ടിക-1

| നമ്പർ | കോളനിയുടെ പേര് | ഓട് വീടുകൾ | ഓല വീടുകൾ | ആകെ |
|---|---|---|---|---|
| 1. | നല്ലാനിപ്പൊറ്റ | 11 | 6 | 17 |
| 2. | മങ്കേരി | 46 | 8 | 54 |
| 3. | കോട്ടപ്പുറം | 28 | 5 | 33 |
| 4. | വടക്കും മുറി (അംബാൾ) | 41 | 19 | 60 |
| 5. | തിരുവേഗപ്പുറക്കുഴി | 16 | 3 | 19 |
| 6. | ആലിൻകൂട്ടം | 12 | 4 | 16 |
| 7. | കണക്കർ കാവ് | 20 | 13 | 33 |
| 8. | വട്ടപ്പറമ്പ് | 8 | 2 | 10 |
| 9. | ചോലക്കാട് | 8 | 4 | 12 |
| 10. | വട്ടപ്പറമ്പ് (പുറമണ്ണൂർ) | 12 | 4 | 16 |
| 11. | വയ്യാടൻ പുരക്കൽ | 11 | 0 | 11 |
| 12. | മേച്ചീരിപ്പറമ്പ് | 30 | 16 | 46 |
| 13. | വലിയകുന്ന് ലക്ഷം വീട് | 8 | 11 | 19 |
| 14. | തിരുനിലം (ഐ.എച്ച്.ഡി.പി) | 49 | 7 | 56 |
| 15. | പോക്കാട്ടുകുഴി | 29 | 3 | 32 |
| 16. | തോട്ടക്കാട് നിരവിൽ | 10 | 7 | 17 |
| 17. | മങ്കേരി ലക്ഷംവീട് | 0 | 19 | 19 |
| 18. | കൊലോടിപ്പറമ്പ് | 18 | 6 | 24 |
| 19. | ഇല്ലത്തുപടി | 16 | 3 | 19 |
| 20. | പുറമണ്ണൂർ ലക്ഷംവീട് കോളനി | 12 | 7 | 19 |
| 21യ | കോളനിയിൽ പെടാത്ത വീടുകൾ | 49 | 0 | 49 |
| | ആകെ | 433 | 148 | 581 |

ആകെയുള്ള 581 വീടുകളിൽ 99 വീടുകളും കുടിലുകളാണ്. കോളനികളിൽ വീടുണ്ടാക്കിയവരിൽ 90% ത്തോളം വരുന്നവർ സർക്കാരിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായധനം, വായ്പ, തിരിച്ചടക്കേണ്ടതില്ലാത്ത തുക എന്നിവ കൈപ്പറ്റിയാണ് വീട് നിർമ്മിച്ചിട്ടുള്ളത്. ഇത് 38.30% വരുന്ന കോളനി നിവാസികൾക്കു കൂടി ബാധകമാക്കിയാൽ മാത്രമേ ഇവർക്കു സ്വന്തം വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. പല കോളനികളിലും കക്കൂസ് ഇല്ല. പഞ്ചായത്താരംഭിച്ച സാനിട്ടേഷൻ പദ്ധതി പൂർത്തിയാക്കുന്നതോടെ ഇക്കാര്യത്തിന് പരിഹാരമാകും.

**കുടിവെള്ളം** :- ആകെ വരുന്ന 20 കോളനികളിൽ അഞ്ച് എണ്ണത്തിൽ കുടിവെള്ള ക്ഷാമം ഇല്ല. 4 കോളനികളിൽ 2 മുതൽ 4 മാസം വരെ ജലം ലഭ്യമല്ല. മറ്റുള്ള എല്ലാ കോളനികളിലും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. കുടിവെള്ളത്തിനായുള്ള 2 മിനി ശുദ്ധജല പദ്ധതികളുടെ ഗുണഭോക്താക്കളാണ് പോക്കാട്ടു കുഴി, വലിയകുന്ന് ലക്ഷം വീട്, കോട്ടപ്പുറം എന്നീ കോളനി നിവാസികൾ.

**വൈദ്യുതി**:- ആറ് കോളനികളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. എത്തിയവയിൽ തന്നെ 105 വീടുകൾക്കേ ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളൂ. കോളനികളിലെ 20.30% വരുന്ന വീടുകൾ വൈദ്യുതീകരിക്കാൻ വേണ്ട സാധ്യതകൾ കണ്ടെത്തണം.

**ഗതാഗതം**:- ആകെ വരുന്ന കോളനികളിൽ അഞ്ചെണ്ണത്തിൽ കൂടി മാത്രമേ ടാർ റോഡ് കടന്നു പോകുന്നുള്ളൂ. ബാക്കി വരുന്ന 16 കോളനികളിലും മൺറോഡുകളാണ് ഉള്ളത്. അവ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. മോസ്കോ-ആന്തൂർ ചോല-മേച്ചേരിപ്പറമ്പ് ഹരിജൻ കോളനി റോഡ് നിർമ്മിക്കേണ്ടിയിരിക്കുന്നു. (പട്ടിക 3ൽ

പാർപ്പിട പ്രശ്നം - വാർഡു തലത്തിൽ പട്ടിക-2

| വാർഡ് നമ്പർ | പ്രദേശം | പട്ടികജാതി കുടംബങ്ങളുടെ എണ്ണം | വീടില്ലാത്തവർ | വൈദ്യുതീകരിച്ച വീടുകൾ |
|---|---|---|---|---|
| 1. | വെങ്ങല്ലൂർ | 28 | 6 | |
| 2 | മങ്കേരി, പട്ടപ്പറമ്പ്, തിരുനിലം | 128 | 16 | 33 |
| 3. | വേളിക്കുളം, മേച്ചേരിപ്പറമ്പ്, ആന്തൂരച്ചോല | 37 | 10 | 37. |
| 4. | ഇരിമ്പിളിയം, മോസ്ക്കൊ വട്ടപ്പറമ്പ് | 45 | 12 | 14 |
| 5. | തിരുനിലം, നെല്ലാനിപൊറ്റ, ആലിൻകൂട്ടം | 44 | 11 | 42 |
| 6. | കോട്ടപ്പുറം,വെങ്ങല്ലൂർ ഭാഗം | 68 | 26 | 23 |
| 7. | വലിയകുന്ന്, അംമ്പാൾ | 78 | 21 | 55 |
| 8. | കൊടുമുടി, വലിയകുന്ന്, തെക്കുംമുറി | 23 | 05 | 16 |
| 9. | വലിയകുന്ന്, വടക്കുംമുറി, പോക്കാട്ടു കുഴിഭാഗം | 60 | 16 | 22 |
| 10. | കാരപ്പറമ്പ്, തിരുവേഗപ്പുറ കുഴി മുതൽ പെരുമ്പറമ്പ് വരെ. | 62 | 21 | 24 |
| 11. | പുറമണ്ണൂർ | 12 | 03 | 12 |
| ആകെ | | 581 | 147 | 282 |

അവലംബം: വാർഡു തല സർവ്വേ

കൊടുത്തിരിക്കുന്നു)

ഈ പഞ്ചായത്തിലെ ഹിന്ദുക്കളുടെ ആരാധനാ കേന്ദ്രമായ 'കണക്കർക്കാവ്" ഭഗവതീ ക്ഷേത്രം കണക്കർക്കാവ് കോളനിയിൽ സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രത്തിൽ പൂജാദി കർമ്മങ്ങൾ ചെയ്യുന്നത് കോളനി നിവാസികളായ പട്ടികജാതിക്കാരാണ്. സംസ്ഥാനത്തു തന്നെ ഇത് ഒറ്റ തിരിഞ്ഞ സംഭവമായി ചരിത്രത്താളുകളിൽ സ്ഥാനം പിടിക്കേണ്ടതാണ്.

**ആരോഗ്യം**:- പി.എച്ച്.സി യുടെയും, ആയുർവ്വേദ ഡിസ്പെൻസറിയുടെയും ആനുകൂല്യം 11,10,9.8,7 എന്നീ വാർഡുകളിലെ കോളനി നിവാസകൾക്ക് ലഭ്യമാകുന്നു. 1 മുതൽ 6 വരെ വാർഡുകളിലെ കോളനി നിവാസികൾ പ്രൈവറ്റ് ചികിൽസ മേഖലയെ ആശ്രയിക്കുന്നു.

## വിദ്യാഭ്യാസം:

പൊതുവെ നിരക്ഷരരായിരുന്ന കോളനി നിവാസികൾ അക്ഷരവെളിച്ചം കിട്ടി സാക്ഷരരായത് ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിലൂടെ ആണ്. അക്ഷരവെട്ടം കിട്ടിയതോടെ കോളനി നിവാസികൾ കുട്ടികളുടെ പഠനത്തിൽ ശ്രദ്ധ ചെലുത്താൻ തുടങ്ങി. എസ്.എസ്.എൽ.സി പാസ്സായവരുടെ എണ്ണം ആനുപാതികമായി വളരെ കുറവാണ്. ഈ അവസ്ഥക്ക് മാറ്റം വരണം. 96,97ൽ പഠിച്ചു കൊണ്ടിരിക്കുന്ന ആകെ എസ്.സി. കുട്ടികളുടെ എണ്ണം 743 ആണ്. (പട്ടിക 4 നോക്കുക)

പട്ടിക-3

| നമ്പർ | കോളനിയുടെ പേര് | കുടിവെള്ള ലഭ്യത | ഗതാഗത സൗകര്യം | വൈദ്യുതീകരിച്ച വീടുകൾ | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | നല്ലാനിപ്പൊറ്റ | കിണർ (മിതം) | മണ്ണ് റോഡ് | | 200 മീറ്ററിനുള്ളിൽ ലൈനുണ്ട് |
| 2 | മങ്കേരി | ദരിദ്രം | മണ്ണ് റോഡ് | 6 | |
| 3 | കോട്ടപ്പുറം | ധാരാളം | മണ്ണ് റോഡ് | 19 | |
| 4 | വടക്കുംമുറി | ദരിദ്രം | മണ്ണ് റോഡ് | 18 | |
| 5 | തിരുവേഗപ്പുറ കുഴി | ധാരാളം | മണ്ണ് റോഡ് | - | |
| 6 | ആലിൻകൂട്ടം | ദരിദ്രം | മണ്ണ് റോഡ് | 1 | |
| 7 | കണക്കർ കാവ് | ധാരാളം | മണ്ണ് റോഡ് | 27 | |
| 8 | വട്ടപ്പറമ്പ് | മിതം | ടാർ റോഡ് | 10 വയറിങ്ങ് കഴിഞ്ഞു | വയറിങ്ങ് കഴിഞ്ഞു |
| 9 | ചോലക്കാട് | ദരിദ്രം | മണ്ണ് റോഡ് | - | ലൈനുണ്ട് |
| 10 | വട്ടപ്പുറത്ത് (പുറമണ്ണൂർ) | ദരിദ്രം | മണ്ണ് റോഡ് | 11 | |
| 11 | വയ്യാടൻ പുരക്കൽ | ധാരാളം | മണ്ണ് റോഡ് | വയറിങ്ങ് കഴിഞ്ഞു | |
| 12 | മേച്ചേരിപ്പറമ്പ് | ദരിദ്രം | ടാർ റോഡ് | 3 | 200 മീറ്ററിനുള്ളിൽ ലൈനുണ്ട് |
| 13 | വലിയകുന്ന് ലക്ഷംവീട് | ധാരാളം (ടാപ്പ്) | മണ്ണ് റോഡ് | ഇല്ല | |
| 14 | തിരുനിലം (ഐ.എച്ച്.ഡി.പി) | ദരിദ്രം | മണ്ണ് റോഡ് | | |
| 15 | പോക്കാട്ടു കുഴി (ഐ.എച്ച്.ഡി.പി) (മിതം പൊതുടാപ്പ്) | വാട്ടർ സപ്ലൈ സ്കീം പണി തുടങ്ങി മിതം | മണ്ണ് റോഡ് | 29 | വൈദ്യുതീകരണ ജോലി ടെണ്ടറായി |
| 16 | തേട്ടേക്കാട് നിരവിൽ | ദരിദ്രം | മണ്ണ് റോഡ് | 9 | |
| 17 | മങ്കേരി ലക്ഷംവീട് | മിതം | ടാർ റോഡ് | ഇല്ല | |
| 18 | കൊടലോടി പറമ്പ് | മിതം | മണ്ണ് റോഡ് | ഉണ്ട് | |
| 19 | ഇല്ലത്തുപടി | മിതം | ടാർ റോഡ് | ഉണ്ട് | |
| 20 | പുറമണ്ണൂർ ലക്ഷംവീട് | ധാരാളം | മണ്ണ് റോഡ് | ഇല്ല | |

അവലംബം വാർഡുതല സർവ്വേ.

**തൊഴിൽ:**

കാർഷിക മേഖലയിൽ 30 വയസ്സിന് മുകളിലുള്ളവർ പണിയെടുക്കുന്നു. പുത്തൻ തലമുറ കാർഷിക വൃത്തിയിൽ നിന്ന് അകലുന്നു. അവർ കൂലി കൂടുതലുള്ള . കെട്ടിട നിർമ്മാണത്തിനോടനുബന്ധിച്ച മേഖലയിൽ പണിയെടുക്കുന്നു. കരിങ്കൽ ക്വാറി, കരിങ്കൽ കെട്ട്, ചെങ്കൽ കെട്ട്, പടവ്, തേപ്പ്, വാർപ്പ്, മണൽ വാരൽ എന്നീ മേഖലയിൽ നല്ലൊരു വിഭാഗം ജോലി ചെയ്യുന്നു. കൂടാതെ ജീപ്പ്, ഓട്ടോ ഡ്രൈവർമാർ, ക്ലീനർ മറ്റു വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, തയ്യൽതൊഴിലാളികൾ എന്നീ മേഖലകളിലും കുറേ പേർ പണിയെടുക്കുന്നു. മൊത്തത്തിൽ കാർഷിക മേഖലയിൽ വിദഗ്ദതൊഴിലാളികളെ കിട്ടാത്ത അവസ്ഥയിലേക്ക് എത്തി നിൽക്കുന്നു. കാർഷിക വൃത്തി ഒരു സീസണൽ പണിയും കൂലി കുറവുള്ളതുമായതിനാൽ മേൽ പറഞ്ഞ മേഖലയിലേക്ക് തൊഴിലാളികൾ ചേക്കേറുന്നു. ഇവർക്ക് കാർഷിക മേഖലയിൽ ജോലി സ്ഥിരതയും കൂലി വർദ്ധനയും നൽകി തിരിച്ചു വിട്ടാൽ മാത്രമേ കാർഷികാഭിവൃദ്ധി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

പട്ടിക-4

245

## 96-97 വർഷത്തിൽ സ്കൂളുകളിൽ പഠിക്കുന്ന എസ്.സി കുട്ടികളുടെ വിവരം

| നമ്പർ | സ്കൂളിൻെറ പേര് | ആൺകുട്ടികൾ | | പെൺകുട്ടികൾ | | ആകെ കുട്ടികൾ | |
|---|---|---|---|---|---|---|---|
| | | ആകെ | എസ്.സി | ആകെ | എസ്.സി | | |
| 1. | എ.എം.എൽ.പി.എസ്, കൊടുമുടി | 144 | 56 | 130 | 26 | 274 | 62 |
| 2. | എ.എം.എൽ.പി.എസ് വലിയകുന്ന് | 123 | 20 | 94 | 08 | 217 | 26 |
| 3. | എച്ച്.എൽ.പി.എസ്, വലിയകുന്ന് | 165 | 15 | 194 | 13 | 359 | 28 |
| 4. | എ.എൽ.പി.എസ്, ഇരിമ്പിളിയം | 69 | 08 | 57 | 03 | 126 | 11 |
| 5. | ജി.എൽ.പി.എസ്, മങ്കേരി | 103 | 23 | 97 | 25 | 200 | 48 |
| 6. | ജി.എൻ.പി.എസ്, ഇരിമ്പിളിയം | 77 | 10 | 44 | 02 | 121 | 12 |
| 7. | അയൂബ് എൽ.പി.എസ്, ഇരിമ്പിളിയം | 95 | 15 | 114 | 11 | 209 | 27 |
| 8 | വി.പി.എ.യു.പി.എസ്, വെണ്ടല്ലൂർ | 426 | 40 | 426 | 38 | 852 | 78 |
| 9. | എ.എം.യു.പി.എസ്, ഇരിമ്പിളിയം | 538 | 74 | 532 | 68 | 1068 | 140 |
| 10. | എ.എം.യു.പി.എസ്, പുറമണ്ണൂർ | 540 | 49 | 481 | 42 | 1021 | 91 |
| 11. | ജി.എച്ച്.എസ്, ഇരിമ്പിളിയം | 849 | 125 | 872 | 96 | 1721 | 221 |
| | ആകെ | 3227 | 415 | 3041 | 328 | 6268 | 743 |

എസ്/സി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ ശതമാനം 11.85%
(അവലംബം - സ്കൂൾതലം-സെക്കണ്ടറി ഡാറ്റ)

**പ്രശ്നങ്ങൾ:-**

1) വിദ്യാഭ്യാസ പുരോഗതി കൈവരിക്കാ കഴിഞ്ഞിട്ടില്ല. ചില കോളനികളിൽ പഠിതാക്കളിൽ കൊഴിഞ്ഞു പോക്കി അനുഭവപ്പെടുന്നു.

2) നെൽകൃഷിയോട് ആഭിമുഖ്യം കുറഞ്ഞതോടെ ഈ മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞതിനാൽ മറ്റു മേഖലയിലേക്ക് തൊഴിൽ തൊഴിൽ തേടി പോകേണ്ടി വരുന്നു.

3) സ്വന്തമായി വിടില്ലാത്തവർക്ക് വീടുവെക്കാ ധനസഹായം ലഭിക്കുന്നുവെങ്കിൽ കൂടി അനുവദിച്ച തുകകൊണ്ട് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ തുക ദുർവിനിയോഗം ചെയ്യുന്നു.

4) കോളനികളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗതം, ആരോഗ്യ പരിപാലനം എന്നിവ മെച്ചപ്പെട്ടിട്ടില്ല.

5) എ.ആർ.ഡി.പി വായ്പ, പട്ടികജാതി വികസന കോർപ്പറേഷൻ, ഹരിജനക്ഷേമവകുപ്പ് എന്നിവയിൽ നിന്നും ലഭിക്കുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

6) കോളനി നിവാസികൾക്ക് അതത് വകുപ്പിൻെറ പ്രവർത്തനങ്ങളെകുറിച്ചും ഉള്ള കോളനികളിലെ സാഹചര്യങ്ങളെക്കുറിച്ചും ഉള്ള ബോധവൽക്കരണത്തിൻെറ അപര്യാപ്തത

**സാധ്യതകൾ**

1. വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെടുത്തുക.
2. സാങ്കേതിക വിദഗ്ദരുടെ നിർദ്ദേശത്തോടെ കിട്ടിയ തുകക്ക് അനുസൃതമായി ഭവന നിർമ്മാണം നടത്തുക.
3. കോളനികളിൽ ജലക്ഷാമമുള്ള നിരവിൽ, ചോലക്കാട്, വട്ടപ്പറമ്പ്, മങ്കേരി, വടക്കുംമുറി, ആലിൻകൂട്ടം, മേച്ചേരി പറമ്പ്, ഇല്ലത്തു പടി, തോട്ടേക്കാട് നിരവിൽ, മങ്കേരി ലക്ഷംവീട് കോളനി എന്നീ കോളനികളിലേക്ക് കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. തിരുനിലം കോളനിയിൽ വാട്ടർ സപ്ലൈ സ്കീമിൻെറ പണി തുടങ്ങിയതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വൈദ്യുതി എത്താത്ത കോളനികളായ ചോലക്കാട്, മങ്കേരി വടക്കുംമുറി (അംബാൾ) ആലിൻകൂട്ടം മേച്ചേരി പറമ്പ് കോളനിയുടെ ഭാഗമായ ആന്തൂരചോല എന്നീ കോളനികളൽ വൈദ്യുതി എത്തിക്കുക.
5. അംബാൾ വടക്കുംമുറി ചരലിൻ ഭാഗം , വലിയകുന്ന്,പുറമണ്ണൂർ, മങ്കേരി എന്നീ കോളനികളിൽ പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭിക്കാൻ വേണ്ടത് ചെയ്യുക.

6. അർഹരായ കർഷകത്തൊഴിലാളികൾക്ക് മുഴുവനും പെൻഷൻ നൽകണം.

7. ആന്തൂർചോല, ഹരിജൻ കോളനിയായി അംഗീകരിക്കട്ടെ.

8. ഹരിജൻ കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

9. ഗതാഗത സൗകര്യമില്ലാത്ത കോളനികളിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുക.

10. വലിയകുന്ന് ശ്മശാനം മതിൽകെട്ടി സംരക്ഷിക്കുക.

11. വലിയകുന്നി ലക്ഷംവീട് കോളനിയിൽ ഒഴിഞ്ഞി കിടക്കുന്ന സ്ഥലം അംഗൻവാടി കുട്ടികൾക്കുള്ള കളി സ്ഥലമാക്കുക.

12. ഹരിജൻ കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുക.

13. തുടർ സാക്ഷരതാപ്രവർത്തനം കോളനികളിൽ നടപ്പിലാക്കാൻ അയൽകൂട്ട സമിതികൾ രൂപീകരിക്കുക.

246

ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരേ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
ക്കാലമിതാ നമ്മളുടെ മുന്നിലെത്തി

ഇവിടെനമ്മൾ തലവെട്ടിച്ചകലരുതേ!
ഇവിടെ നമ്മൾ തലയാട്ടിത്തുലയരുതേ!
ഇവിടെ നമ്മളുണരുക
ഇവടെ നമ്മളുയരുക
ഇവിടെയെന്തു വേണമെന്നു-
നമ്മൾ നിശ്ചയിക്കുക

- മുല്ലനേഴി


ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# സ്ത്രീ പദവി


## 5-9

നൂ റ്റാണ്ടുകളായി അടിമത്വത്തിന്റെ നുകം പേറുന്ന ഇന്ത്യൻ സ്ത്രീകൾ, അജ്ഞതയുടെയും ദാരിദ്ര്യത്തിന്റെയും തടവറക്കുള്ളിൽ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മററു സമ്മർദ്ദങ്ങളുടെയും ചങ്ങലക്കെട്ടുകളിൽ ബന്ധിക്കപ്പെട്ടു നിശ്ശബ്ദമാക്കപ്പെടുന്ന ഇന്ത്യൻ സ്ത്രീത്വം. കടുത്ത ജീവിത യാഥാർത്ഥ്യത്തോട് മല്ലിടുന്ന ഭാരത സ്ത്രീ. ആയുർദൈർഘ്യം കുറവാണവൾക്ക്. സ്ത്രീധനത്തിന്റെ പേരിൽ കത്തിക്കരിയാൻ വിധിക്കപ്പെട്ടവൾ. നിയമ പരിരക്ഷകൾ നിഷേധിക്കപ്പെടുന്നു. ജീവിതത്തിന്റെ തിളക്കമേറിയ ബാല്യം എച്ചിൽ പാത്രങ്ങൾക്കിടയിലും ചുവന്ന തെരുവുകളിലും കരിങ്കൽ ക്വാറികളിലും ഹോമിക്കപ്പെടുന്നു. ഇതിൽ നിന്നും തെല്ലൊരു മാററം വന്നിട്ടുള്ള നമ്മുടെ പഞ്ചായത്തിലേക്കൊരു എത്തിനോട്ടം.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ ഏകദേശം 51.5% സ്ത്രീകളാണ്. ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ബാല്യവിവാഹം പോലുള്ള ദുരാചാരങ്ങൾ ഇവിടെയും നിലനിന്നിരുന്നതായി കാണാം.പെൺകുട്ടികളെകൂടുതൽ പഠിപ്പിക്കാൻ രക്ഷിതാക്കൾക്കും താൽപര്യമില്ലായിരുന്നു. പെൺകുട്ടികൾ വീടിന്റെ വിളക്കായി വീട്ടുകാര്യങ്ങൾ മാത്രം നോക്കിയിരുന്നാൽ മതി എന്ന ധാരണയും ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പെൺകുട്ടികളെ മാററി നിർത്തി. ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമായ 'വാണീവിലാസം' സ്കൂളിന്റെ സ്ഥാപനത്തിൽ കൂടി ചില പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നേടാൻ കഴിഞ്ഞു. മുസ്ലിം പെൺകുട്ടികൾക്കും വിദ്യാഭ്യസം നേടുന്നതിന് അവസരവും പ്രോൽസാഹനവും ലഭിച്ചത് ശ്രദ്ധേയമാണ്. ഇവിടത്തെ ആദ്യ മുസ്ലിം ബിരുദധാരിണി പെരിങ്ങാട്ടു തൊടിയിൽ ആയിഷ ടീച്ചറാണ്. ബിരുദാനന്തര ബിരുദം നേടിയ ആദ്യത്തെ വനിത വെണ്ടല്ലൂരിലെ പ്രൊ. മായാദേവിയാണ്. പ്രഥമ പഞ്ചായത്ത് വനിതാ അംഗമാകാൻ അവസരം ലഭിച്ചത് ശ്രീമതി. മീനാക്ഷി ടീച്ചർക്കാണ്. പൊതു രംഗത്തു വരാൻ സ്ത്രീകൾ അറച്ചു നിന്നിരുന്ന ആ കാലഘട്ടത്തിൽ അതിനു ധൈര്യം കാണിക്കുകയും നേതൃനിരയിലേക്ക് ഉയരുകയും ചെയ്ത മഹതികളാണ് ചക്കിങ്ങായിൽ പറമ്പിൽ കുഞ്ഞുക്കുട്ടിയമ്മയും, മങ്കേരി ചവറേങ്ങൽ സൈനബ(ദേവകി)യും അവിടന്നങ്ങോട്ടുള്ള കാലഘട്ടത്തിൽ വിദ്യഭ്യാസം, രാഷ്ട്രീയം, സംസ്കാരം, പൊതുജനാരോഗ്യം എന്നീ രംഗങ്ങളിൽ വനിതകളേറെ വന്നെങ്കിലും സംസ്ഥാന തലത്തിലേക്കോ, ദേശീയ തലത്തിലേക്കോ ഉയരാൻ ആർക്കും സാധിച്ചിട്ടില്ല. വനിതകളുടെ ബോധ വൽക്കരണത്തിനു വേണ്ടി മഹിളാ സമാജങ്ങൾ, രാഷ്ട്രീയ വനിതാ സംഘടനകൾ,കർഷക തൊഴിലാളി സംഘടനകൾ എന്നിവ രൂപികരിക്കപ്പെട്ടെങ്കിൽകൂടി ഇന്നും വനിതാ രംഗത്തു കാര്യമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും ഇതിന് മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.



ആയിഷ ടീച്ചർ



മീനാക്ഷി ടീച്ചർ

1990ൽ സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ പ്രവർത്തകരായുംപഠിതാക്കളായും ധാരാളം സ്ത്രീകൾരംഗത്തു വന്നു. പട്ടിക പരിശോധിച്ചാൽ ഇത് വ്യക്തമാകും.

### അക്ഷരകേരളം - ഒന്നാംഘട്ടം ഇരിമ്പിളിയം പഞ്ചായത്ത്

| ഇൻസ്ട്രക്ടർമാർ | | | പഠിതാക്കൾ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 134 | 98 | 232 | 373 | 827 | 1200 |

സ്ത്രീകളുടെ സാമൂഹ്യ പങ്കാളിത്തത്തെക്കുറിച്ചു ഒരു അവബോധം സ്ത്രീകളിൽ ഉണ്ടാക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. എന്നാൽ ഈ രംഗത്തു വന്ന പലരെയും നാടിന്റെ വികസന പ്രവർത്തനങ്ങളിൽവേണ്ടത്ര പ്രയോജനപ്പെടുത്താൻ

കഴിഞ്ഞിട്ടില്ല. ഇന്നു നടന്നു കൊണ്ടിരിക്കുന്ന സാമൂഹ്യാധിഷ്ഠിത ദാരിദ്ര്യ നിർമാർജന പദ്ധതിയുടെ പ്രവർത്തകരായും ഗുണഭോക്താക്കളായും ധാരാളം വനിതകളെ അണി നിരത്താൻ കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ട വനിതകളുടെ മുററത്തെ ബാങ്കായി ത്രിഫ്ററ് പദ്ധതി ഉയരണം.

സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവരും ഇടത്തരക്കാരുമായ സ്ത്രീകൾ ഒഴിവു സമയം മുഴുവൻ ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ അടിമകളായി കഴിഞ്ഞു കൂടുന്നു. സമൂഹത്തിലെ അനീതികൾക്കെതിരെ പ്രതികരിക്കാൻപോലും കഴിയാത്ത ഒരവസ്ഥയിലേക്കാണ് ഇതവളെ നയിക്കുന്നത്. ഗൗരവമായ വായനക്ക് അവൾ സമയം കണ്ടെത്തുന്നില്ല. അറിവു വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. എന്നു മാത്രമല്ല വേണ്ട സമയത്തു വേണ്ട തീരുമാനങ്ങൾ എടുക്കാനോ, പ്രവർത്തിക്കാനോ അവൾക്കു കഴിയുന്നില്ല. പുരുഷൻെറ നിഴലായി അവൾ സ്വയം മാറുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളിൽ അധികവും കർഷക തൊഴിലാളികളും നിർമാണ തൊഴിലാളികളുമാണ്. കാർഷിക രംഗത്തെ തകർച്ച ആ രംഗത്തു പ്രവർത്തിക്കുന്ന വനിതകളെ സാരമായി ബാധിച്ചിട്ടുണ്ട്. സ്ത്രീ സമത്വം എന്ന ആശയം തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ഭരണ ഘടനയാണ് ഇന്ത്യക്കുള്ളത്. എന്നാൽ തൊഴിൽമേഖലകളിൽ ക്രൂരമായ വിവേചനം നിലനിൽക്കുന്നു. കൂലി നിരക്ക് പരിശോധിച്ചാൽ ഇതു വ്യക്തമാകും.

**കൂലി നിരക്ക്**

| തൊഴിൽ മേഖല | ആൺ | പെൺ |
|---|---|---|
| കർഷക തൊഴിലാളി | 100/- -110/- | 70/--75 |
| നിർമാണതൊഴിലാളി | 100/--130/- | 65/-75/- |

അവലംബം വാർഡുതല സർവേ

സ്ത്രീകൾ കുടുമ്പനാഥകളായ 787 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരത്തിലുളള 'സിംഗിൾ പാരൻറ്' കുടുംബങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേററാൻ കഴിയാതെ സ്ത്രീകൾ വിഷമിക്കുന്നു. 896 വിധവകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അർഹതയുള്ളവർക്ക് മുഴുവൻ വിധവാ പെൻഷൻ, വാർധക്യ കാല പെൻഷൻ, പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കാനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

**ഇരിമ്പിളിയം പഞ്ചായത്ത് കമ്മ്യൂണിററി ഡെവലപ്പ്മെൻറ് സൊസൈററി സാമൂഹിതാധിഷ്ഠിത പോഷകാഹാര ദാരിദ്ര്യ ശമന പരിപാടി**

| ഏരിയ ഡവലപ്പ് മെൻറ് സൊസൈററികൾ | മൊത്തം റിസ്ക് ഫാമിലി | അംഗസംഖ്യ | ത്രിഫ്ട് (സാമാന്യം) | എൻ.എച്ച്.ജി വായ്പ | ഉപഭോഗ വായ്പ | മററു ഏജൻസികൾ | | പലിശ രഹിത വായ്പ | |
|---|---|---|---|---|---|---|---|---|---|
| | | | | | | | യൂനിസെഫ് | | |
| വെണ്ടല്ലൂർ | 115 | 65 | 12215-00 | 8000-00 | 1500-00 | ലഭിച്ച സംഖ്യ - 19,500 രൂപ | 6000-00 | ലഭിച്ച സംഖ്യ - 22500 രൂപ | സാനിറേറഷൻ സ്കീമിന് നൽകാൻ |
| മങ്കേരി | 260 | 83 | 21458-00 | 9000-00 | 2500-00 | | 4500-00 | | |
| വേളീകുളം | 221 | 120 | 5388-00 | - | - | | - | | |
| ഇരിമ്പിളിയം | 115 | 60 | 13438-00 | 8500-00 | 1000-00 | | | | |
| കോട്ടപ്പുറം | 151 | 84 | 17000-00 | 10,000-00 | 4000-00 | | | | |
| വലിയകുന്ന് | 145 | 102 | 11500-00 | 9000-00 | 500-00 | | | | |
| കൊടുമുടി | 116 | 112 | 16500-00 | 11000-00 | 1000-00 | | 9000-00 | | |
| പുറമണ്ണൂർ | 231 | 30 | 4000-00 | 2500-00 | | | | | |
| ആകെ | 1394 | 656 | 100199-00 | 58500-00 | 10500-00 | | 19500-00 | | |

249

## സ്ത്രീകൾ-കുടുംബനാഥകളുടെയും, വിധവകളുടെയും വിവരം

| വാർഡ് നമ്പർ | കുടുംബനാഥകൾ | വിധവകൾ |
|---|---|---|
| 1 | 70 | 73 |
| 2 | 128 | 99 |
| 3 | 77 | 78 |
| 4 | 56 | 66 |
| 5 | 49 | 100 |
| 6 | 68 | 72 |
| 7 | 102 | 113 |
| 8 | 42 | 71 |
| 9 | 79 | 79 |
| 10 | 60 | 90 |
| 11 | 56 | 55 |
| ആകെ | 787 | 896 |

വെണ്ടല്ലൂർ, കൊപ്ര സംസ്കരണ യൂണിററ്, പുറമണ്ണൂർ പ്ലാസ്ററിക് നിർമാണ യൂണിററ്, മങ്കേരി മെററൽ നിർമ്മാണ യൂണിററ് എന്നിങ്ങനെ 3 ഡി.ഡബ്ല്യൂ. സി.ആർ.എ യൂണിററുകൾ പഞ്ചായത്തിലുണ്ടെങ്കിലും ഇന്നവ മൃതപ്രായത്തിലാണ്. മാർക്കററിങ്ങ്കണ്ടെത്താൻ വനിതകൾക്കു കഴിയുന്നില്ല. നല്ല മാനേജ്മെൻറിൻെറ അഭാവം, കൂട്ടായ്മ കുറവ്, മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന യൂണിററുകൾ, കച്ചവടക്കണ്ണോടു കൂടി മേൽതട്ടിൽ നിന്നും വിതരണം ചെയ്യുന്ന യന്ത്ര സാമഗ്രികൾ തുടങ്ങിയവ ഇത്തരം യൂണിററുകളുടെ തകർച്ചക്കു കാരണമായി.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ സ്ഥിതി അൽപം മെച്ചമാണ്. പഞ്ചായത്തിൽ ആകെയുള്ള 186 അധ്യാപകരിൽ 127 പേരും വനിതകളാണ്. അങ്കൺവാടികളുടെ സ്ഥിതി ശോചനീയമാണ്. 3 അംഗൻവാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പഞ്ചായത്തിലെ 6268 സ്കൂൾ വിദ്യാർത്ഥികളിൽ 3041 പേർ പെൺകുട്ടികളാണ്. സെയിൽസ് ഗേൾസ് ആയും, പ്രൈവററ് ആശുപത്രികളിൽ നേഴ്സായും, ടൈലറിങ്ങ് ആൻറ് ഗാർമെൻറിലും, ട്രാവൽ ഏജൻസികളിലും പെൺകുട്ടികൾ ജോലി ചെയ്യുന്നുണ്ട്. പക്ഷെ ഇവരുടെ വേതനം തുഛമാണ്.

**പ്രശ്നങ്ങൾ**

1. രാഷ്ട്രീയ സാമൂഹ്യ രംഗത്തു വരാൻസ്ത്രീകൾ മടിക്കുന്നു.
2. പുരുഷ മേധാവിത്വം
3. ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ അതി പ്രസരം സ്ത്രീയെ ഉപഭോഗ വസ്തുവായും വിൽപന ചരക്കായും ചിത്രീകരിക്കപ്പെടുന്നു.
4. സ്ത്രീകളുടെ തൻേറടക്കുറവും ആത്മവിശ്വാസക്കുറവും
5. സ്ത്രീധനവും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളും
6. സ്ത്രീകളുടെ ഇടയിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
7. അമ്മ,പുത്രി,ഭാര്യ എന്നീ നിലകളിൽ മാത്രം സ്ത്രീയെ കാണുന്ന നയം (സ്വന്തമായ മേൽവിലാസം ഇല്ലായ്മ)
8. കൂട്ടു കുടുംബ തകർച്ചയുടെ ഫലമായി ഉണ്ടായ വർധിച്ച അധ്വാന ഭാരം.
9. വീട്ടു ജോലി പോലുള്ള പ്രതിഫലമില്ലാത്ത അധ്വാനം സമൂഹം അംഗീകരിക്കാതെ വരുന്നത്.
10. കുറഞ്ഞ കൂലി നിരക്ക്.
11. സിംഗിൾ പാരൻറ് കുടുംബങ്ങളിലെ സ്ത്രീകളുടെ സാമ്പത്തിക പ്രശ്നങ്ങൾ.
12. സ്വയം തൊഴിൽ രംഗത്തു നേരിടുന്ന പ്രശ്നങ്ങൾ (സാമ്പത്തികം, മാനേജ്മെൻറ്, മാർക്കററിങ്ങ്)

## പഞ്ചായത്തിലെ സി.ഡി.എസിൻെറ പ്രവർത്തനം

സി.ഡി.എസ്

സി.ഡി.എസ് പ്രസിഡണ്ട്

അസോസിയേററഡ് പഞ്ചായത്ത് കോ-ഓർഡിനേററർ

കോ-ഓർഡിനേററർ (ആർ.പി)
8 എ.ഡി.എസ് കൾ

നാല് എ.ഡി.എസ് കൾക്ക് ഒരു കമ്മ്യൂണിററി ഓർഡിനൈസർ

നാല് എ.ഡി.എസ് കൾക്ക് ഒരു കമ്മ്യൂണിററി ഓർഡിനൈസർ

1 2 3 4 5 6 7 8

8 ചെയർ പേഴസൺമാർ

48 അയൽക്കൂട്ട സംഘങ്ങൾക്ക് (എൻ.എച്ച്.ജി) അഞ്ചു കമ്മ്യൂണിററി വളണ്ടിയർമാർ

മൊത്തം - 656 അയൽകൂട്ട മെമ്പർമാർ

## സാധ്യതകളും നിർദേശങ്ങളും

വാർഡു വനിതാ സഭ - വാർഡു തലത്തിൽ സ്ത്രീകൾ ഒത്തു ചേർന്നു അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുക.
അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണം

സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക. സ്ത്രീധനത്തിൻെറ പേരിലും മററുമായി നടക്കുന്ന അതിക്രമങ്ങൾക്കു കടുത്ത ശിക്ഷ നൽകുക.
ബാഗ്, കുട, നോട്ടുബുക്ക്, മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി, സോപ്പ് എന്നിവയുടെ നിർമാണ കേന്ദ്രങ്ങളും പായ നെയ്ത്ത് തുന്നൽ എന്നിവയുടെ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

ജോലികളിൽ സ്ത്രീകൾക്കു 33% സംവരണം നൽകുക.
പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ കൂടിയും, കോളേജ് സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം എന്നിവയും തുടങ്ങുക.

കോഴി, ആട്, തേനീച്ച വളർത്തൽ ,അടുക്കള തോട്ട നിർമാണം എന്നിവക്കു പ്രോൽസാഹനം നൽകുക.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശിശു പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. അടുക്കളയുടെ അകത്തളങ്ങളിൽ മാത്രമല്ല അതിലേറെ ഉച്ചത്തിൽ പുറം തലങ്ങളിലും സ്ത്രീയുടെ ശബ്ദം ഉയരണം. അതിനുള്ള അനുകൂല സാഹചര്യം 9-ാം പദ്ധതി ജനകീയ പദ്ധതി നമ്മുടെ മുന്നിൽ തുറന്നു തരുമെന്നു നമുക്കു പ്രത്യാശിക്കാം.

'ദാനമായി ലഭിക്കുന്ന അധികാരം യഥാർഥ അധികാരമല്ല. അധികാരം തന്നവർക്കു തന്നെ അത് തിരിച്ചെടുക്കുകയും ചെയ്യാം.

സമൂഹത്തിൻെറ ഒരു തലത്തിൽ ചെയ്യാവുന്ന ഏതൊരു പ്രവർത്തനവും ആ തലത്തിലേ ചെയ്യാവൂ. മേൽ തലത്തിലേക്ക് മാററരുത്. അപ്പോൾ ഓരോ തലത്തിനും ഏറെറടുക്കാവുന്ന ഉത്തരവാദിത്വവും അധികാരവും ഏതെന്ന് അവർ നിശ്ചയിക്കും.

# സംസ്കാരം

5-10

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

**കോ**ട്ടേക്കാടും മുളഞ്ചീരിക്കുന്നും പെരുമ്പറമ്പും പടവെട്ടിക്കുന്നും ചുണ്ടോലക്കാടും വൃക്ഷനിബിഡമായിരുന്ന കാലം. തൂതപ്പുഴയും ഭാരതപ്പുഴയും വേനൽവർഷ ഭേദമന്യേ ജല സമ്പുഷ്ടമായിരുന്ന കാലം.

ചുണ്ടോലക്കാട്ടിലെ അറുപത് വളവിലൂടെ തെളിനീരൊഴുകിയ അരുവികളും കോട്ടപ്പുറം പാടം, പുഞ്ചപ്പാടും, മങ്കേരി , ഇരിമ്പിളിയം, കൊടുമുടി എന്നീ പാടങ്ങളിലൂടെ നനവേകി, ഉയിരേകി, മന്ദമൊഴുകിയ വലിയ തോടും പെരുന്തോടും, പൂവാലിത്തോടും തോട്ടിലാക്കൽ തോടും സുഭിക്ഷമായിരുന്ന കാലം.

കണ്ണൻകുളവും പഞ്ഞനങ്ങാട്ടു കുളവും നെയ്തകുളവും വാളുവ കായലും ഗ്രാമത്തിന് കുളിരേകിയ കാലം.പുള്ളുവൻപാട്ടും ഞാററുപാട്ടും കോൽക്കളിയും അറവനമുട്ടും പരിചമുട്ടും, തുമ്പിതുള്ളലും ഗ്രാമത്തിന് ഉൾപുളകമേകിയ കാലം.

കാററകൊട്ടും, ആട്ടക്കളവും പടകളിയും, പകിട കളിയും തലമ പന്തും ഗ്രാമത്തിലെ മൈതാനങ്ങളെയും, പറമ്പുകളെയും, കൊയ്ത്തു കഴിഞ്ഞ പാടങ്ങളെയും സജീവമാക്കിയിരുന്ന കാലം.

പൂതനും തിറയും പഞ്ചാരിയും, പഞ്ചവാദ്യവും വാർത്തമുട്ടും, കുഴൽ വിളിയും പൂരപ്പറമ്പുകളെ, നേർച്ച പറമ്പുകളെ പുളകം കൊള്ളിച്ചിരുന്ന കാലം.

തുമ്പയും മുക്കുററിയും അരളിയും പൂക്കുടകൾ നിറഞ്ഞ് ഓണപ്പൂ. വിളികൾ ഏററുവിളിച്ചിരുന്നകാലം. ഓത്തുപള്ളിക്കൂടങ്ങളും നാട്ടെഴുത്താശാൻമാരും അറവിൻെറ ചെപ്പു തുറന്നിരുന്ന കാലം-

-ഗ്രാമത്തിൻെറ സാംസ്കാരിക പൈതൃകത്തിൻെറ ഓർമകൾ-

ഇന്ന്
വിഡിയോ സെൻററും കേബിൾ ടി.വിയും ബിയർ പാർലറും, ബ്യൂട്ടി പാർലറും, നൂൺഷോയും, നൈററ് ക്ലബും 'മ' പ്രസിദ്ധീകരണങ്ങളും ക്രിക്കററും
ഒരു വലിയ മാററം
ഇതിനിടെ നമുക്കു നഷ്ടപ്പെട്ടതോ?
നമ്മുടെ നാടൻ പാട്ടുകൾ
നമ്മുടെ നാടൻ കളികൾ
ഗ്രന്ഥശാല പ്രസ്ഥാനം
കലാസമിതികൾ
നമ്മുടെ തനതായ എല്ലാമെല്ലാം.

കലാസാംസ്കാരിക മേഖല

ഈ രംഗത്ത് ഇന്നലെയുടെ വഴികാട്ടികൾ മൺമറഞ്ഞു. അവരുടെ നേട്ടങ്ങളിലേക്ക് എത്തിനോക്കി വേണം ഇന്നിനെ വിലയിരുത്താൻ. കൃഷിയേയും സാമൂഹ്യമാററത്തേയും പുരോഗമന ആശയങ്ങളേയും ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിൽ നാടകങ്ങളിലൂടെ എത്തിക്കാൻ നേതൃത്വം നൽകിയ ശ്രീമാൻമാർ എം.പി. വേലു, ദാമോദരൻ മാസ്ററർ മങ്കേരി, കൊടുമുടി രാമചന്ദ്രൻ മാസ്ററർ, മരക്കാർ മൗലവി എന്നിവരെ ഇത്തരുണത്തിൽ സ്മരിക്കുന്നു.

പിന്നീട് വിജയകലാസമിതി, ഇരിമ്പിളിയം വിജ്ഞാന പ്രദായനി വായനശാല, വലിയകുന്ന് ഗ്രാമീണവായനശാല എന്നിവയുടെ വാർഷികങ്ങളിൽ അവതരിപ്പിച്ചിരുന്ന നാടകങ്ങളും ഇവക്ക് നേതൃത്വം നൽകിയ പ്രവർത്തകരും രംഗത്തു വന്നു. ആദ്യകാല കലാ സമിതികളിൽ പലതും നശിക്കുകയും പുതിയവ രംഗത്ത് വരികയും ചെയ്തു. ഇന്ന് സ്കൂളുകളിലും സാംസ്കാരിക



കോട്ടപ്പുറം മുഖാമുങ്ങൽ ജാറം

സംഘടനകളിലും വാർഷികങ്ങൾ പലതുംനടക്കുന്നില്ല എന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

കണക്കർകാവ്, കൊടുമുടിക്കാവ്, പറമ്പത്ത് കാവ് എന്നീ അമ്പലങ്ങളിലെ വേലപൂരങ്ങളും കോട്ടപ്പുറം, കൊടുമുടി പുറമണ്ണൂർ എന്നിവിടങ്ങളിലെ ആണ്ടുനേർച്ചയും ഈ ഗ്രാമത്തിൻെറ ഉൽസവങ്ങളായി നിലിൽക്കുന്നു.

**കായിക മേഖല**

പഞ്ചായത്ത് തലത്തിൽ എൽ.പി.,യു.പി. വിദ്യാർത്ഥികൾക്കായി നടത്തിയിരുന്ന 'പ്ലേ ഫെസ്ററിവെൽ' ഇതിൻെറ തുടർച്ചയായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന ഉദയാ സ്പോർട്സ്, ബ്രദേഴ്സ് സ്പോർട്സ്, കൊടുമുടി സ്പോർട്സ് എന്നീ ക്ലബുകൾ കുട്ടികൾക്ക് പ്രചോദനം നൽകിയിരുന്നു. വോളിബോളിൻെറ ഈററില്ലമായി അന്ന് ഇരിമ്പിളിയം ഗ്രാമം അറിയപ്പെട്ടിരുന്നു. വോളിബോൾ രംഗത്തെ അതികായനായിരുന്ന ശ്രീമാൻ ഹൈദ്രു മാസ്ററെ ഇവിടെ സ്മരിക്കട്ടെ. പിന്നീട് പുതിയ സ്പോർട്സ് ആൻറ് ആർട്സ് ക്ലബുകൾ പലതും നിലവിൽ വന്നു.

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ**

| നമ്പർ | സാംസ്കാരിക കേന്ദ്രങ്ങൾ | വാർഡ് |
|---|---|---|
| 1 | ഉദയ ആർട്സ് , തിരുനിലം | 2 |
| 2 | സംഗീത മോസ്കോ | 4 |
| 3 | സ്വതന്ത്ര വേദി, ഇരിമ്പിളിയം | 4 |
| 4 | പുലരി, ഇരിമ്പിളിയം | 4 |
| 5 | ശ്രുതി ആർട്സ്, ഇരിമ്പിളിയം | 4 |
| 6 | നവകലാസമതി, കളരിക്കൽ | 5 |
| 7. | സുരഭി കലാസാംസ്കാരിക വേദി, കോട്ടപ്പുറം | 6 |
| 8. | യുവധാര, കോട്ടപ്പുറം | 6 |
| 9. | ശ്രീരാഗം ആർട്സ്, വലിയകുന്ന് | 7 |
| 10 | ബ്ലോസം ആർട്സ് ആൻറ് സ്പോർട്സ്, വലിയകുന്ന് | 7 |
| 11 | കല, കൊടുമുടി | 8 |
| 12 | നിസഗ, കൊടുമുടി | 8 |
| 13. | ഫിറോസ് ആർട്സ് ആൻറ് സ്പോർട്സ് | 8 |
| 14 | ഗ്രാമോദയ, പുറമണ്ണൂർ | 10 |
| 15 | മൈത്രി,വെങ്ങല്ലൂർ | 1 |
| 16 | തൂത ആർട്സ് ആൻറ് സ്പോർട്സ് | 4 |
| 17 | ഫ്രൻറ്സ് മോസ്കോ | 4 |
| 18. | അക്ഷര ആർട്സ് ആൻറ് സ്പോർട്സ്,വലിയകുന്ന് | 5 |
| 19 | യുവധ ആർട്സ്, ചോലാപ്പ റോഡ്, വലിയകുന്ന് | 5 |
| 20 | നവോദയ, അംബാൾ | 7 |
| 21 | വൈ.എം.സി.സി. കൊടുമുടി | 8 |
| 22 | ഇ.എസ്.എൽ.സി,കൊടുമുടി | 8 |
| 23 | സ്മാഷ്, കൊടുമുടി | 9 |
| 24 | വിജ്ഞാനപ്രദായനി വായനശാല, ഇരിമ്പിളിയം | 4 |
| 25 | ഗ്രാമീണ വായനശാല, വലിയകുന്ന് | 7 |
| 26. | അക്ഷര വായനശാല, കളരിക്കൽ | 5 |
| 27 | ഫിനിക്സ്, അംബാൾ | 7 |

അവലംബം : സെക്കണ്ടറി ഡാറ്റാ കളക്ഷൻ

[illegible]യിൽ പലതും നന്നായി പ്രവർത്തിക്കുന്നു. [illegible] കായികരംഗത്തേക്ക് ക്രിക്കററ് കടന്നു [illegible]ന്നു. സ്പോർട്സ് ക്ലബുകൾക്ക് പലതിനും [illegible] സ്ഥലത്തിൻെറ അഭാവവും സാമ്പത്തിക [illegible]മുട്ടും കാരണം മുന്നോട്ടു പോകാൻ പററാത്ത [illegible]വസ്ഥ ഇന്ന് അനുഭവപ്പെടുന്നു.

## ഗ്രന്ഥശാലാ പ്രസ്ഥാനം

വിജ്ഞാന പ്രദായനി വായനശാല, വലിയകുന്ന് ഗ്രാമീണ വായനശാല എന്നിവയാണ് ആദ്യകാലസ്ഥാപനങ്ങൾ. ഇന്നാട്ടുകാർക്ക് 55-60 കാലഘട്ടം തൊട്ടുതന്നെ ഇവയിലൂടെ അറവിൻെറ വെള്ളിവെളിച്ചം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. യുവതീയുവാക്കളുടെയും വീട്ടമ്മമാരുടെയും കാരണവൻമാരുടെയും ഹരമായി മാറിയിരുന്ന വായനാശീലം ഇന്ന് ഇല്ലാതായിതീർന്നിരിക്കുന്നു. ടി.വി. പെട്ടിക്കു മുമ്പിൽ അടിമപ്പെട്ടു ടി.വി.പെട്ടിക്കു മുമ്പിൽ ചടഞ്ഞിരിക്കുന്ന ആബാലവൃദ്ധം ജനങ്ങളുടെ നിര വലുതായിരിക്കുന്നു.

നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വായനാശാലകൾ ഇന്ന് നാശത്തിൻെറ വക്കിലെത്തി നിൽക്കുന്നു. ഇന്നു ഫിനിക്സ് വായനാശാല അംബാൾ,വെണ്ടല്ലൂർ മൈത്രി വായന ശാല, അക്ഷര വായനശാല കളരിക്കൽ, എന്നിവ കൂടി നിലവിൽ വന്നിരിക്കുന്നു. ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലുള്ള വിജ്ഞാന പ്രദായനീ വായനശാല (ഇരിമ്പിളിയം) ഗ്രാമീണ വായനശാല (വലിയകുന്ന്), കോട്ടപ്പുറം യുവധാര എന്നിവ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ:-

1. പുത്തൻ തലമുറയുടെ കൂട്ടായ്മ കുറവ്
പഞ്ചായത്തു തലത്തിൽ കലാപ്രതിഭകൾക്കു നൽകുന്ന പ്രോൽസാഹനത്തിൻെറ അപര്യാപ്തത.
3. പഴയ കളിസ്ഥലങ്ങൾ പലതും പറമ്പും പുരയിടങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു.
4. പതിനൊന്നിന പരിപാടിയിൽ പഞ്ചായത്തു നിർമിച്ച തൂത സ്റേറഡിയത്തിലേക്ക് വിവിധ പ്രദേശത്തു നിന്നുള്ളവർക്കു എത്തി ചേരാനുള്ള വിഷമം.
5. ഗ്ലോബൽ സംസ്കാരത്തിന് അടിമകളായ യുവനിര.
6. പഞ്ചായത്ത് കേരളോൽസവം സർക്കാർ ഉൽസവമായി മാറുന്ന അവസ്ഥ.

## നിർദ്ദേശങ്ങൾ

1. ഇരിമ്പിളിയം പഞ്ചായത്ത് ഗ്രന്ഥാലയം സ്ഥാപിച്ച് ഇതിൻെറ കീഴിൽ വിവിധ വായനശാലകളെ കൊണ്ടുവരിക.
2. ഇവക്കു വേണ്ട പുതിയ പുസ്തകങ്ങൾ, പത്രങ്ങൾ, വാരികകൾ, എന്നിവ പഞ്ചായത്ത് ഗ്രന്ഥാലയം വഴി വിതരണം ചെയ്യുക.
3. ഇരിമ്പിളിയംപഞ്ചായത്ത് നാട്യസംഘം സ്ഥാപിക്കുക.
4. ഇതിൻെറ കീഴിൽ വിവിധ കലാ സമിതികളെ കൊണ്ടുവരികയും വേണ്ട നിർദ്ദേശങ്ങളും സാമ്പത്തിക ആനുകൂല്യങ്ങളും നൽകുകയും ചെയ്യുക.
5. പഞ്ചായത്ത് കായിക സമിതി രൂപീകരിക്കുക- എല്ലാ സ്പോർട്സ് ക്ലബുകളെയും ഇതിൻെറ കീഴിൽ കൊണ്ടുവരികയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.
6. തൂത സ്റേറഡിയം പുറത്തുള്ള പുറമ്പോക്ക് ഭൂമി കൂടി ചേർത്തു വിപുലീകരിക്കുക.
7. കൊടുമുടി, പുറമണ്ണൂർ എന്നീ പ്രദേശങ്ങൾക്കും വെണ്ടല്ലൂർ, മങ്കേരി എന്നീ പ്രദേശങ്ങൾക്കു ഉപകാരപ്രദമാകുന്ന രീതിയിൽ പുതിയ സ്റേറഡിയങ്ങൾ നിർമിക്കുക.
8. സ്വന്തം സ്ഥലമുള്ള വിജ്ഞാനപ്രദായനി വായനശാലക്കു കെട്ടിടം നിർമിക്കാൻ സഹായിക്കുക.
9. സാക്ഷരതാ പ്രവർത്തനം സജീവമാക്കുകയും നവസാക്ഷരസാഹിത്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക.


കോട്ടപ്പുറം ജുമാ അത്ത് പള്ളി


കൊടുമുടി കാവ്

# സഹകരണം (5-11)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

കാർഷികമേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനായിട്ടാണ് നമ്മുടെ ഗ്രാമത്തിലും സഹകരണസംഘം ആവിർഭവിച്ചത്. വലിയകുന്ന് ആസ്ഥാനമായി 'വലിയകുന്ന് വിവിദോദ്ദേശ്യ സഹകരണ ഐക്യ നാണയസംഘവും' ഇരിമ്പിളിയം ആസ്ഥാനമായി ഇരിമ്പിളിയം വിവിദോദ്ദേശ്യ ഐക്യ നാണയ സഹകരണ സംഘവും 1924ൽ നിലവിൽ വന്നു. ആദ്യകാലത്ത് 5 രൂപവീതം 25 പേരിൽ നിന്നും പിരിച്ചെടുത്ത് 125 രൂപ മൂലധനമായി പഴയ മലബാർ കോ-ഓപ്പറേററീവ് സെൻട്രൽ ബാങ്കിൽ 1927ൽ അഫിലിയേററ് ചെയ്ത് 1000 രൂപ വീതം കേഷ് ക്രെഡിററ് ലിമിററ് പാസാക്കി വാങ്ങി 50,100 എന്നീ തുകകളായി മെമ്പർമാർക്കു വായ്പ നൽകുകയാണ് ചെയ്തിരുന്നത്. കാർഷികമേഖലയിലെ ആവശ്യങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ഈ രണ്ടു സഹകരണ സംഘങ്ങളും ഒരുമിച്ച് 31-10-1961ൽ ഇരിമ്പിളിയം സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 10445 രജിസ്ററർ ചെയ്യുകയും 1-4-1962 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

നമ്മുടെ നാട്ടിൽ സഹകരണ പ്രസ്ഥാനം പടുത്തുയർത്തുന്നതിൽ മുഖ്യ പങ്കു വഹിച്ച ഒരു സഹകാരിയാണ് എ.പി. കരുണാകര പിഷാരടി, ഇരിമ്പിളിയം സർവീസ് സഹകരണ ബാങ്കിൻെറ രൂപീകരണത്തിലും വളർച്ചയിലും സാരഥികളായിരുന്ന പി.എ. മുഹമദ് കുട്ടി വൈദ്യർ (ബാപ്പു വൈദ്യർ) കക്കാട്ടിൽ കുട്ടിശങ്കരൻ നായർ, പുല്ലാനൂർ ബാലകൃഷ്ണൻ നായർ തുടങ്ങിയവരാണ്.

| അംഗങ്ങളുടെ എണ്ണം | | | | കടം വാങ്ങിയവർ | |
|---|---|---|---|---|---|
| കർഷകർ+കർഷക തൊഴിലാളികൾ | പട്ടികജാതി അംഗങ്ങൾ | മററുള്ളവർ | ആകെ | ജനറൽ | എസ്.സി |
| 1112 | 813 | 1449 | 3374 | 2300 | 350 |

*അവലംബം : സെക്കണ്ടറി ഡാറ്റ*

ആദ്യകാലങ്ങളിൽ വിത്ത്,വളം,കീടനാശിനി, കന്നുകാലികളെ വാങ്ങൽ, ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ നടത്താൻ, കായ്കറി നട്ടു വളർത്താൻ ആഘോഷചിലവ് തുടങ്ങിയവക്കായിരുന്നു. വായ്പകൾ നൽകിയിരുന്നത്. നിലവിലുള്ള അംഗങ്ങളുടെയും കടം വാങ്ങിയവരുടെയും വിവരം.

കാർഷികാഭിവൃദ്ധിക്കായി രാസവളത്തിൻെറയും കീടനാശിനികളുടെയും കൊഴിഞ്ഞിൽ വിത്തുകളുടെയും കാർഷികോപകരണങ്ങളുടെയും, പച്ചിലവിത്തുകളെയും വാഴക്കന്നുകളും തൊഴിലില്ലായ്മ വേതനവും കർഷകതൊഴിലാളി പെൻഷനും ബാങ്കു വഴി വിതരണം ചെയ്തിരുന്നു.

ഇന്ന് ബാങ്ക് ഒരംഗത്തിനു പരമാവധി 25000 രൂപ കടം നൽകിയിരുന്നു. കാർഷിക വായ്പ കൃഷിഭൂമിയുടെ അടിസ്ഥാനത്തിൽ 5000 രൂപയും കാർഷികേതര വായ്പ 5000 രൂപയും കൊടുത്തു വരുന്നു. സ്വർണ പണയത്തിൻമേൽ 25000 രൂപ വരെ ബാങ്ക് വായ്പ നൽകുന്നുമുണ്ട്

മുകളിൽ കാണിച്ച പട്ടിക പ്രകാരം 20% വായ്പ കാർഷികാവശ്യങ്ങൾക്കും 80% വായ്പകൾ കാർഷികേതര വായ്പവാശ്യങ്ങൾക്കുമായിട്ടാണു നൽകുന്നത്. നമ്മുടെ പഞ്ചായത്തിലെ കാർഷിക വികസനത്തിന് ഉത്തേജനം ലഭിക്കണമെങ്കിൽ വായ്പ വ്യവസ്ഥയിൽ കാര്യമായ മാററം വന്നേ തീരൂ.

കശുവണ്ടി, കൊപ്ര തുടങ്ങിയവ സംഭരിക്കാനാവശ്യമായ ഫലപ്രദമായ ഡിപ്പോകൾ സ്ഥാപിക്കുന്നത് കൃഷിക്കാരെ ചൂഷണവിമുക്തരാക്കാൻ സഹായിക്കും.

പഞ്ചായത്തിലെ നിക്ഷേപങ്ങളിൽ ഒരു ചെറിയ ഭാഗം മാത്രമേ സ്വീകരിക്കപെടുന്നുള്ളൂ. അയൽ പട്ടണങ്ങളിലെ ബാങ്കുകളിലേക്ക് പ്രവഹിക്കുന്ന നിക്ഷേപങ്ങളുടെ സംഖ്യ

വലുതാണ്. ഈ പ്രവണത പരിശോധിക്കപ്പെടേണ്ടതാണ്. ബാങ്കിൻെറ അടച്ചു തീർത്ത ഓഹരി മൂലധനം 270000 രൂപയും സർക്കാർ ഓഹരി 28700 രൂപയും കേരഫെഡ് ഷെയർ 50000 രൂപയുമാണ്.

നിലവിലുള്ള സൊസൈററി ആക്ട് പ്രകാരം രജിസ്ററർ ചെയ്ത ഈ മേഖലയുമായി ബന്ധപ്പെടുത്താവുന്ന മററു സ്ഥാപനങ്ങൾ

1. പോക്കാട്ടുകുഴി ഹരിജൻ സൊസൈററി
2. തിരുനിലം ഹരിജൻ സൊസൈററി
3. പാടശേഖര കമ്മററികൾ
4. പുറമണ്ണൂർ, മങ്കേരി, വെണ്ടല്ലൂർ എന്നിവിടങ്ങളിലുള്ള ഡി.ഡബ്ല്യു. സി.ആർ.എ യൂണിററുകൾ.
5. കണക്കർകാവ് കമ്മ്യൂണിററി ഇറിഗേഷൻ കമ്മററി
6. പുറമണ്ണൂർ കമ്മ്യൂണിററി ഇറിഗേഷൻ കമ്മററി

## സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

പഞ്ചായത്തിൻെറ വികാസപ്രവർത്തനങ്ങളിൽ സഹകരണ മേഖലക്ക് പങ്ക് വഹിക്കാൻ കഴിയുന്നില്ല. നിലവിലുള്ള ബാങ്കിൻെറ പ്രവർത്തനം പഞ്ചായത്തിലെ നിലവിലുള്ള ബാങ്കിൻെറ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ മേഖലയേയും തൃപ്തിപ്പെടുത്താൻ പര്യാപ്തമല്ല. ചെറുകിട വ്യവസായരംഗത്തും പാരമ്പര്യ വ്യവസായ മേഖലയിലും മററു തൊഴിൽ ദാന മേഖലയിലും സഹകരണസംരംഭങ്ങളില്ല. പഞ്ചായത്തിലെ നിക്ഷേപം മുഴുവൻ പഞ്ചായത്തിൽ തന്നെ സ്വരൂപിക്കാൻ കഴിയുന്നില്ല. കാർഷിക മേഖലയിലെ ആവശ്യങ്ങൾ (വായ്പ, വിപണനം) മുഴുവനായി നിറവേററപ്പെടുന്നില്ല.

വായ്പകളുടെ തിരിച്ചടവിൽ കാര്യക്ഷമമല്ല വായ്പകൾ വാങ്ങുന്ന ആവശ്യത്തിനു തന്നെ ചിലവിക്കപ്പെടുന്നില്ല.

പ്രൈമറി സഹകരണ സംഘങ്ങൾ മേൽഘടകങ്ങളുടെ കമ്മീഷൻ ഏജൻറുമാരായി പ്രവർത്തിക്കേണ്ട അവസ്ഥ. സഹകരണ സാധ്യതകളെയും ചുമതലകളെയും പററിയുള്ള ബോധവൽക്കരണ ത്തിൻെറ അഭാവം.

## സാധ്യതകളും നിർദ്ദേശങ്ങളും

ആയുർവ്വേദം, കളിമൺ, മുള, പാൽ, റെഡി മെയ്ഡ്, വസ്ത്രനിർമാണം, കരിങ്കൽ വെട്ടുകൽ,സിമൻറുൽപ്പന്നങ്ങൾ,കാർഷികോൽപ്പന്നങ്ങൾ(4 ഉപയോഗിച്ച വ്യവസായ യൂണിററുകൾ അടക്ക, നാളികേരം, വെററില, നേന്ത്രക്കായ, കുററിമുല്ല, പച്ചക്കറി) തുടങ്ങിയ രംഗങ്ങളിൽ സാധ്യതയുള്ളതാണ്. വിദേശ മലയാളികളുടെ സഹകരണ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കാവുന്നതാണ്.

കാർഷിക വ്യവസായിക മാർക്കററിങ്ങൾ മേഖലകൾ പഞ്ചായത്ത് വികസനസമിതിയുടെയും നിലവിലുള്ള സഹകരണ സംഘത്തിൻെറയും മേൽനോട്ടത്തിൽ കൊണ്ടു വരിക.
സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
ഭാരിച്ച തിരഞ്ഞെടുപ്പു ചിലവ് ലഘൂകരിക്കുക.
കർഷകർക്ക് ക്യാഷ് ക്രെഡിററ് സമ്പ്രദായം ഏർപ്പെടുത്തുക.
വായ്പാവിനിമയത്തിൽ ഗ്രാമസഭകളുടെ മൂല്യ നിർണയം ഉറപ്പു വരുത്തുക.
നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് എല്ലാ കാലത്തും വിതരണം ചെയ്യുക.
സംഘങ്ങൾക്ക് ദേശസാൽകൃത ബാങ്കുകളുടെ സഹകരണം ഉറപ്പു വരുത്തുക.

സഹകരണമേഖല വിലയിരുത്തുമ്പോൾ വ്യക്തമാകുന്നത് നിലവിലുള്ള പ്രവർത്തനം പഞ്ചായത്തിലെ മൊത്തം ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ലയെന്നതാണ്. ഒരു ചെറിയ വിഭാഗം മാത്രമേ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടുന്നുള്ളൂ. നിലവിലുള്ള സഹകരണ ബാങ്കിൻെറ ധനസ്ഥിതി ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെയുള്ള നിക്ഷേപസമാഹരണവും നിലവുലുള്ള നിയമ തടസ്സങ്ങൾ പരമാവധി ലഘൂകരിക്കുകയും വലിയ കുന്നിൽ ഒരു ശാഖ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമാണ്.

സാധ്യതയുള്ള പുതിയ മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുകയും അവ പഞ്ചായത്ത് തലത്തിൽ മേൽനോട്ടം ചെയ്യപ്പെടുകയും ജനകീയ ഈടുറപ്പുള്ളതാക്കുകയും വേണം.

257

# ഇരിമ്പിളിയം പഞ്ചായത്ത്

## ഇരിമ്പിളയം സഹകരണ ബാങ്കിനെ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം | | പൊതുജന നിക്ഷേപം | | വായ്പകൾ | | | പ്രത്യേക വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|
| തിയ്യതി | | അംഗീകൃതം | പിരിഞ്ഞു കിട്ടിയത് | സ്ഥിരം | ഹ്രസ്വം | കാർഷികം ഹ്രസ്വം | കാർഷികം ദീർഘം | പണ്ടം പണയം | ദീർഘം | മദ്ധ്യകാലം |
| 1-4-62 | 3280 | 1510000 | 350000 | 2850000 | 2300000 | 782000 | 500000 | 4800000 | 70000 | 26000 |

| സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ (സ്വീകരിച്ചവ) | | | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞു കിട്ടാനുള്ളവ | | സ്ഥാപനത്തിലെ ചെലവുകൾ | |
|---|---|---|---|---|---|---|
| സ്ഥാപനം | സ്വഭാവം | തുക | | | | |
| ജില്ലാ സഹകരണ ബാങ്ക് | കാർഷികം + പണ്ടം | 5,00,000 + 15,00,000/- | കാർഷികം<br>കാർഷിക രംഗം<br>പണ്ടം<br>മദ്ധ്യകാലം | 2,21,000/-<br>3,38,000/-<br>1,95,000/-<br>12,000/- | എസ്റ്റാബ്ലിഷ്മെൻറ്<br>കണ്ടിജൻസീസ് | 2,00,000<br>6,00,000 |

# വിഭവ സമാഹരണം

**5-12**

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് വ്യാവസായികമായി പിൻനിരയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ്. ഇവിടെ 2 ഇഷ്ടിക കമ്പനികളും ഒരു ഈർച്ചമില്ലും ഒരു ആയുർവ്വേദ മരുന്നു കമ്പനിയും മാത്രമാണ് പ്രവർത്തിക്കുന്നത്. ചെറുകിട വ്യവസായങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കാർഷിക മേഖല തളർച്ചയുടെ വക്കിലെത്തിയിരുക്കുന്നു. കാർഷിക ഭൂമികൾ പലതും നികത്തപ്പെട്ട് വീടും പറമ്പുമാകുന്ന അവസ്ഥയാണിന്ന്. നൂതനരീതിയിൽ കൃഷി സമ്പ്രദായങ്ങൾ മാററമുണ്ടായിരിക്കുന്നു. ഈ മേഖലയിൽ പുത്തനുണർവുണ്ടായാൽ മാത്രമേ സാമ്പത്തികമായ ഉയർത്തെഴുന്നേൽപ്പിന് കഴിയൂ.

സർക്കാർ ഗ്രാൻറുകൾ പലതും നാമമാത്രമാണ്. ഇതിനു തന്നെ ഭരണ സിരാകേന്ദ്രവുമായി ബന്ധപ്പെടേണ്ട അവസ്ഥ ഇന്നുണ്ട്. സ്ററാമ്പ് ഡ്യൂട്ടി, ഗ്രാൻറ്, വെഹിക്കിൾ ഗ്രാൻറ് എന്നിവ ഒന്നോ രണ്ടോ വർഷത്തിലൊരിക്കൽ മാത്രമാണ് നമുക്കു ലഭിക്കുന്നത്. ജനസംഖ്യാനുപാതികമായി ഗ്രൻറു വിതരണം ചെയ്യുന്ന അവസ്ഥയിൽ നിന്നും മാററം ആവശ്യമാണ്.

നമ്മുടെ ആകെ പ്രതീക്ഷ ഗൾഫു മേഖലകളിൽ ജോലി ചെയ്യുന്നവരിലാണ്. ആകെ ജനസംഖയുടെ 4% ഗൾഫ് രാഷ്ട്രങ്ങളിൽ ജോലി ചെയ്യുന്നു ഇവരുടെ സാമ്പത്തിക വരുമാനത്തിനനുസൃതമായി എന്തെങ്കിലും നൂതന സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഗൾഫു ജോലിക്കാരുടെ വാർഡു തിരിച്ചുള്ള കണക്ക്

ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം ഗൾഫിലെ ജോലിക്കാരുടെ കുടുംബത്തിനും പഞ്ചായത്തിലെ മററു ഇതര ജനങ്ങൾക്കും ഏതൊക്കെ രീതിയിൽ ഉപയോഗപ്പെടുത്താമെന്നു തീരുമാനിക്കണം.

### 1 സ്ഥാപനലൈസൻസ്:-

ഈ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങൾക്കിന്നു ഫീസ് ഈടാക്കുന്നുണ്ട്. ഈയിനത്തിൽ കാലോചിതമായ മാററം വരുത്തേണ്ടതാണ്. ഇന്നു മൊത്തത്തിൽ പഞ്ചായത്ത് ഓഫീസുമായി എന്തെങ്കിലും ആവശ്യത്തിനു ബന്ധപ്പെടുമ്പോൾ മാത്രം നികുതി കൊടുക്കുന്ന ഒരു പ്രവണതയാണ് നിലവിലുള്ളത്. ഇതുമാററി നികുതി കൊടുക്കുന്നത് ഒരു പൗരൻെറ കടമയാണെന്നും ഇതുവഴി സ്വരൂപിക്കുന്ന പണം പഞ്ചായത്തിൻെറ വികസനം നടത്താനാണ് ഉപയോഗിക്കുന്നത് എന്നും ജനങ്ങൾക്കു ബോധ്യം വരണം.

### 2 കെട്ടിടനികുതി

ഇന്ന് പഞ്ചായത്തിൽ കെട്ടിട നികുതി കണക്കാക്കുന്നതും ഈടാക്കുന്നതും തറ വിസ്തീർണത്തിനനുസൃതമായാണ്. ഈ രീതി ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിർ തറ വിസ്തീർണമല്ല, കെട്ടിടനിർമാണത്തിനുപയോഗിച്ച സാധനങ്ങളുടെ നിലവാരത്തിനനുസരിച്ചു നികുതി നിശ്ചയിക്കണം. ഇത് അഴിമതി രഹിതമായി നടപ്പാക്കാൻ ഒരു ജനകീയ കമ്മിററി രൂപീകരിക്കണം. ഈ ജനകീയ കമ്മിററിയുടെ സഹായത്തോടെ മുഴുവൻ നികുതിയും പരിച്ചെടുക്കാൻ പ്രയാസമുണ്ടാകില്ല. വരുംകാല അയൽകൂട്ട സമിതികൾ ഇക്കാര്യത്തിൽ സഹായകരമായിരിക്കും.

### 3. തൊഴിൽ നികുതി

ഇന്ന്സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമേ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. ഇതു യഥാർത്ഥത്തിൽ കിട്ടേണ്ട

ഗൾഫു ജോലിക്കാരുടെ വിവരം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11. | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗൾഫ് | 164 | 109 | 164 | 124 | 102 | 96 | 158 | 82 | 86 | 110 | 135 | 1289 |

നികുതിയുടെ വളരെ ചെറിയൊരു ഒരു ഭാഗം മാത്രമാണ്. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും നിർമാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ മററു മേഖലയിൽ പണിയെടുക്കുന്നവർ) എന്നിവരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളിൽ ഉ ൾപ്പെടുത്തി ഏകീകരിക്കണം. ഇങ്ങനെ ഇത്തരിത്തിൽ വരുന്ന എല്ലാവരിൽ നിന്നും ഒരു ചെറിയ ശതമാനം നികുതി ഈടാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

**4. വിനോദനികുതി**

നമ്മുടെ പഞ്ചായത്തിൽ വേനൽക്കാലങ്ങളിൽ പല ഭാഗങ്ങളിലും ഫുട്ബോൾ, വോളിബോൾ എന്നിവയുടെ പ്രാദേശിക മൽസരങ്ങൾ നടക്കാറുണ്ട്. ഇവയെല്ലാം പഞ്ചായത്തിനെ അറയിച്ചു കൊണ്ടു നടത്തുകയും ലഭിക്കുന്ന വരുമാനത്തിൻെറ ചെരിയൊരു ശതമാനം പഞ്ചായത്തിൽ നികുതിയിനത്തിൽ അടക്കുകയും വേണം.

**5. ഖനന നികുതി**

നമ്മുടെ പഞ്ചായത്തിൻെറ അതിർത്തികളിൽ കൂടി തൂതപ്പുഴ, ഭാരതപ്പുഴ എന്നിവ കടന്നു പോകുന്നു. പുഴയിൽ നിന്നു മണൽ കോരികൊണ്ടുപോകുന്നുണ്ട്. ഈയിനത്തിൽ പഞ്ചായത്തിനു ലഭിക്കുന്ന നികുതി വളരെ കുറവാണ്. ഇതു ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. കൂടാതെ, ചെങ്കല്ലു ക്വാറികളും, കരിങ്കൽ ക്വാറികളും ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ നിന്ന് ഇന്നു നികുതി ഈടാക്കുന്നില്ല. ചെങ്കല്ലിനും, കരിങ്കല്ലിനും ഒരു ലോഡൊന്നിന് ഒരു നിശ്ചിത സംഖ്യ നികുതി നിശ്ചയിച്ച് ഈടാക്കിയാൽ ഈയിനത്തിൽ പഞ്ചായത്തിന് വലിയ വരുമാനം ഉണ്ടാക്കാൻ കഴിയും.

**മററു മാർഗങ്ങൾ**

നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു സ്ഥലങ്ങൾ 384.96 ഏക്കർ ഉണ്ട്.

| | |
|---|---|
| വലിയകുന്ന് അംശം | 170.85 1/2 ഏക്കർ |
| ഇരിമ്പിളിയം അംശം | 214.10 1/2 ഏക്കർ |

ഈ പുറമ്പോക്കു സ്ഥലങ്ങൾ കൃത്യമായി അളന്നു തിട്ടപ്പെടുത്തി പുറമ്പോക്കു കൈവശം വെച്ചിരിക്കുന്നവരെ ഒഴിപ്പിച്ചു ഭൂമി ലീസിന് പുതുതായി ലേലം ചെയ്തു നൽകണം. ഇങ്ങനെയായാൽ ഈ ഇനത്തിൽ വരുമാനം കൂട്ടാൻ കഴിയും.

എല്ലാ പഞ്ചായത്തുകളിലും ഒന്നോ രണ്ടോ സിനിമാ ശാലകൾ നിലവിലുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ഒരു സിനിമാ തിയററർ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സഹകരണാടിസ്ഥാനത്തിൽ ഒരു തിയററർ നിർമിക്കുകയാണെങ്കി ൽ ഈയിനത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം രൂപയുടെ വരുമാനം പഞ്ചായത്തിനുണ്ടാക്കാൻ കഴിയും.

ഗ്രാമത്തിൽ ധനകാര്യ സ്ഥാപനങ്ങൾ രണ്ട്. 1) സഹകരണ ബാങ്ക്. 2) സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്. നമ്മുടെ പഞ്ചായത്തിലെ 4%ത്തോളം വരുന്ന ഗൾഫുകാരുടെ സഹായത്തോടെ ഓരോ വാർഡിലും ഒന്നോ രണ്ടോ തൊഴിൽ സംരംഭമുണ്ടാക്കാൻ കഴിയും. ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് സർക്കാറിൽ നിന്നും മററു സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കും. ഇതിലൂടെ പഞ്ചായത്തിന് നേട്ടമുണ്ടാക്കാൻ കഴിയും. കോ-ഓപ്പറേററീവ് ബാങ്ക്, ഗ്രാമീൺ ബാങ്ക് എന്നിവയുടെ സഹായത്തോടെ കുടിൽ വ്യാവസായ രംഗത്തും ഹ്രസ്വകാർഷിക വിളയായ പച്ചക്കറി ഉൽപ്പാദനരംഗത്തും ഒരു പുത്തനുണർവുണ്ടാ കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഇതിൻെറ മാർക്കററിങ്ങിനോടു ബന്ധപ്പെടുത്തി നേരിയ വരുമാനം ഉണ്ടാക്കാൻ കഴിയും.

60 കിലോമീററോളം ദൈർഘ്യം വരുന്ന ചെറുതും വലുതുമായ ഒരു റോഡു ശൃംഖല ഇന്നു നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൻെറ അററകുററപണിക്കായി ഒരു വലിയ തുക പഞ്ചായത്തിൻെറ വിവിധ ഫണ്ടുകളിൽ നിന്നും വർഷാവർഷം ചെലവഴിക്കപ്പെടുന്നു. ഗതാഗത ത്തിനായി ഉപയോഗിക്കുന്ന ഇത്തരം റോഡുകളുടെ ഒരു വലിയ തുക അററകുററപണികൾ അതതു വാർഡടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്താനുള്ള ഒരവബോധം ജനങ്ങളിലുണ്ടാക്കണം. ഇതു സാധ്യമായാൽ ഈയിനത്തിലൊരു വലിയ തുക മിച്ചം വരുത്തുവാൻ പഞ്ചായത്തിനു കഴിയും. ഇതിനു മനുഷ്യസമ്പത്തു പരമാവധി ഉപയോഗപ്പെടുത്തണം.

മേൽപറഞ്ഞരീതിയിൽ എന്തെങ്കിലും അടിയന്തിരമായി ചെയ്താൽ മാത്രമേ സാമ്പത്തിക പ്രതിസന്ധി മുറിച്ചു കടക്കാൻ നമുക്കു കഴിയു. കൂടാതെ മനുഷ്യാധ്വാനം മുതൽമുടക്കായി ചെറിയ റോഡു നിർമാണത്തിനും റോഡു സംരക്ഷണത്തിനും കെട്ടികിടക്കുന്ന ജലം ഒഴിവാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കണം. ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെട്ട മററു മെച്ചപ്പെട്ട നിർദ്ദേശങ്ങളും പരിഗണിക്കപ്പെടണം.

260

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം<br>1 | ധനാഭ്യർത്ഥന<br>2 | | പിരിച്ചത്<br>3 | | ബാക്കി<br>4 |
|---|---|---|---|---|---|
| കെട്ടിട നികുതി | 121101 | 09 | 121101 | 09 | - |
| സർവീസ് ചാർജ്ജ് | 5955 | 73 | 5955 | 73 | |
| തൊഴിൽ നികുതി | 38405 | - | 38405 | - | |
| വാഹന നികുതി | | | | | |
| വിനോദ നികുതി | | | | | |
| അധി.വിനോദ നികുതി | | | | | |
| പ്രദർശന നികുതി | | | | | |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ് | | | | | |
| ചന്ത വരവ് | | | | | |
| ലാൻറ് സെസ്സ് | | | | | |
| ലൈസൻസ് ഫീസ് | 3148 | 50 | 3148 | 50 | |
| കെട്ടിട നികുതി സർചാർജ്ജ് | | | | | |
| വസ്തു കൈമാററ നികുതി 75% | 2,31,608 | - | 231,608 | - | 31.3.94 വരെ മാത്രമേ കിട്ടിയിട്ടുള്ളൂ. |
| വസ്തു കൈമാററ നികുതി 25% | | | | | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള ഫണ്ട് വരവ് | | | | | |
| സംഭാവന | | | | | |
| ഡെപ്പോസിററ് | 9874 | 50 | 9874 | 50 | |
| മണൽ | 75000 | | 75000 | | |
| കടത്ത് | 2100 | | 2100 | | |
| അൺടൈഡ് ഫണ്ട് | 362300 | | 362300 | | |
| ജെ.ആർ.വൈ | 518622 | | 51862 | | |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (പഞ്ചായത്ത് ഫണ്ട്)

| ഇനം | തുക |
|---|---|
| ഭരണം | 354985 |
| പൊതുമരാമത്ത് | 56755 |
| വിദ്യാഭ്യാസം | 36412 |
| ജലവിതരണം,ഓടകൾ, പൊതുജനാരോഗ്യം | 42257 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 21924 |
| മററുള്ളവ . | - |

**പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചു 1995-96 ലെ വരവ്**

| | |
|---|---|
| കൃഷി | 87204 |
| മൃഗസംരക്ഷണം | 2900 |
| എസ്.സി, എസ്.ടി | 138 |
| പി.എച്ച്.സി | 24000 |

# ഉപസംഹാര കുറിപ്പുകൾ

6

ഇന്നലെകളിൽ നിന്ന് ഇന്നിലേക്ക്.
ഇന്നിലെന്നും നിൽക്കാനാവില്ലല്ലോ.

വിടരുന്ന നാളെകൾ നമുക്കുണ്ട്.
ഇന്നലെകളിലൂററം കൊള്ളേണ്ടവയേറെയുണ്ട്.
തിരുത്തപ്പെടേണ്ടവയും കുറവല്ല.

ഇന്നും പരിശോധിക്കപ്പെടണം.
പരിഹരിക്കപ്പെടണം.
നാളെയുടെ ഊററം.
ഈ തിരിച്ചറിവിൽ നിന്നാകട്ടെ.

ദിവസങ്ങളായി, ആഴ്ചകളായി, മാസങ്ങളായി
ഒരു ഉൾക്കാഴ്ചയുടെ സന്ദേശ വാഹകരാണ് നാം.

ഈ ചിങ്ങം ഒന്നിന്
തുടക്കം കുറിച്ചു,
നാട്ടുകൂട്ടങ്ങൾ ഏറ്റെടുത്തു.
നമുക്കാവില്ലെന്ന് നാമറിഞ്ഞത്, അറിവല്ലാതായി
നമ്മുടെ കാര്യം നോക്കാൻ നാമല്ലാതെ മററാരുണ്ട്?

എല്ലാററിനും മേലോട്ടു നോക്കാൻ നമുക്കാവുമോ?
നമുക്ക് ചെയ്യേണ്ടത് കണ്ടറിയേണ്ടേ?

'നമുക്കു നാമെ പണിവതുഫാകും
നരകവുമതു പോലെ'.
നരകം മടുപ്പിക്കും. വെറുക്കുന്നവർ, എല്ലാരും.
ഇവിടം നമുക്കു വേണ്ടതുണ്ട്.
കണ്ടെത്താൻ, എത്തിപ്പിടിക്കാൻ നമുക്കാവും.
കണ്ടെത്തിയവർ, എത്തിപ്പിടിച്ചവർ, എണ്ണക്കുറവുള്ളവർ.
അവകാശികൾ നാമും.
തുല്യ പങ്കിനർഹർ.
അർഹിച്ചത് പിടിച്ചു വാങ്ങുമ്പോൾ, നേടുമ്പോൾ
അർഹിച്ചത് നാകമിവിടെത്തന്നെ
മറിച്ചെങ്കിൽ 'നരക'വും.

നാട്ടുകൂട്ടങ്ങൾ ചേർന്ന് വിശേഷാൽ ഗ്രാമസഭയായി.
നാടറിഞ്ഞു. നാടിനെയറിഞ്ഞു.
മണ്ണറിഞ്ഞു. മണ്ണിനെയറിഞ്ഞു.
മണ്ണും, മാനവനുമെന്ന ഉൺമയറിഞ്ഞു.

ആവശ്യങ്ങൾ പട്ടികയായി
അറിഞ്ഞും, അറിയിച്ചും കനൽ കൂട്ടി.
മൂശയുണർന്നു
രൂപപ്പെടുത്തണം,
അടിച്ചും ചതച്ചു, പൊടിച്ചും.

മിനുസപ്പെടുത്താനുണ്ട്,
ചെത്തിയും, തേച്ചും.
മൂർച്ച കൂട്ടാനുണ്ട്.
രാകിയും, വാർന്നും.
കൂട്ടായ്മ കൈവിടാതെ,
അന്യനാകാതെ, അന്യനാക്കാതെ.

നമുക്കഭിമാനിക്കാം.
ഈ മണ്ണിലിതാദ്യം.
ആദ്യമായവ മുമ്പും നമുക്കുണ്ടായി.

വികസന രേഖ
പോരായ്മകളുണ്ടാകാം.
കൂടിച്ചേരലിൽ, തുടരുന്ന കൂടിച്ചേരലുകളിൽ
സമ്പൂർണ്ണമാക്കാം.

കൂടണം അറച്ചു നിൽക്കാതെ.
പറയണം പേടിയില്ലാതെ.
ഉത്തരം കിട്ടുവാൻ
ചോദ്യങ്ങൾ വേണം.
തിരുത്തണം വേണ്ടതിനെ,
ചേർക്കണം വേണ്ടതൊക്കെ.
പലതിലും പലപാത,
ഇവിടം നമുക്കൊരു പാത.
അറിവുള്ളവരെ കൂട്ടാം.
കൂട്ടായ്മ ശീലം വളർത്താം,

എല്ലാം ഒന്നായി നടക്കുമോ?
ആവില്ലെന്ന് ഉറപ്പ്.
ആദ്യമേതെന്നറിയണം,
പിന്നെയെന്തെന്നും,
ഒന്നിൽ തുടങ്ങാം.
തുടർന്ന് രണ്ടായി, മൂന്നായി, നാലായി,
അങ്ങിനെയങ്ങിനെ....

തികയാതെവരാം.
തികക്കാനുള്ളത് നോക്കണം.
എൻെറ പങ്കും, നിൻെറ പങ്കും,
നമ്മുടെ പങ്കും.
പലതുള്ളിയല്ലെ പെരുവെള്ളം?
ഒരുമയല്ലെ മഹാബലം?

ഇതു രണ്ടാംഘട്ടം.
ഘട്ടങ്ങളിനിയും.
കർമ്മസമിതികൾ വേണം,
വിദഗ്ദ സമിതികൾ വേണം,
വികസന സമിതികൾ വേണം.

ഇടപെടാനാകണം, ഇടത്തട്ടില്ലാതെ.
ഇടപാടു തീർക്കണം ഇടനിലക്കാരെ.

നാം
അറിയണം നമ്മെത്തന്നെ,
നമ്മുടെ ശക്തിയെ,
അജയ്യ ജന ശക്തിയെ.

ജനാധികാരം ജനാഭിലാഷം

അഭിവാദനങ്ങളോടെ,
എഡിറ്റോറിയൽ ബോർഡ്

**Lay out : Kutty, Kodumudi**
**Design and Typesetting : K.E. Prathap**
**Printed at: Tirur Offet Printers, Tirur-1**

## വികസന രേഖാ പ്രവർത്തകർ

ചെയർമാൻ : കൊടുമുടി സുകു
ജനറൽ കൺവീനർ : പി.എം. ഗോപാലൻ (അസി. എഞ്ചിനീയർ)

## ഉപസമിതികൾ

### 1. കൃഷി-ജലസേചനം

1. ഡോ. പി.എ. റഹീം (കൺവീനർ)
2. എം. രാജൻ നായർ (ഡി.ആർ.പി)
3. കുഞ്ഞുണ്ണി പി.പി.
4. കൃഷി ഓഫീസർ
5. പി. സൈനുദ്ദീൻ മാസ്റ്റർ
6. മൊയ്തീൻ ഹാജി
7. കെ.വി. നാരായണൻ നായർ

### 2. മൃഗ പരിപാലനം

1. ടി. മുഹമ്മദാലി മാസ്റ്റർ (കൺവീനർ)
2. പി.ടി ആയിഷ
3. വെറ്ററിനറി ഡോക്ടർ
4. പി.സി.എ.നൂർ
5. രാവുണ്ണി നായർ, പുറമണ്ണൂർ

### 3. വ്യവസായം

പി. ഹംസമാസ്ററർ (കൺവീനർ)
അബ്ദുറഹിമാൻ ഹാജി .ടി.
സി.പി. അബ്ബാസ് അലി മാസ്റ്റർ (ഡി.ആർ.പി)
കെ.പി. മുഹമ്മദ്
സി. മുസ്തഫ

### 4 ഗതാഗതം, ഊർജ്ജം

പി. ഗോപാലകൃഷ്ണൻ (കൺവീനർ)
എ.വി. അബ്ബാസ്
ഇ.പി. സുബ്രഹ്മണ്യൻ
എം അനിൽ കുമാർ
ഗോവിന്ദൻ കുട്ടി മാസ്റ്റർ കെ.
വിജയരാഘവൻ കെ.വി.

### 5. കുടിവെള്ളം, പൊതുജനാരോഗ്യം

പി. രവിമാസ്റ്റർ (കൺവീനർ)
പി. അബ്ദു റഹിമാൻ മാസ്റ്റർ
തൊണ്ടിയിൽ മുഹമ്മദലി
ആയുർവ്വേദ ഡോക്ടർ
എ.പി. നാരായണൻ മാസ്റ്റർ
ശങ്കര നാരായണൻ എം.
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

### 6. വിദ്യാഭ്യാസം

പി. നാരായണൻ നമ്പൂതിരി മാസ്റ്റർ (കൺവീനർ)
സി.പി. സീനത്ത്
ഉണ്ണികൃഷ്ണൻ എം. (ഡി.ആർ.പി.)
ടി.ആർ. മുരളീദാസ്
പരീക്കുട്ടി മാസ്റ്റർ
ജയചന്ദ്രൻ കെ.
അബ്ദുള്ള മാസ്ററർ.പി.

### 7. ഭവന നിർമാണം, സാമൂഹ്യക്ഷേമം

സി.പി. ഗോപാല പിഷാരോടി (കൺവീനർ)
കാളിയത്ത് മൊയ്തു
ടി.പി. അബ്ദുൾ ഗഫൂർ
ഐ.സി.ഡി.എസ് സൂപ്പർ വൈസർ
മുഹമ്മദ് ഷരീഫ് കെ.
ടി.പി.എ. റഷീദ്

### 8. പട്ടികജാതി ക്ഷേമം

സന്തോഷ് കുമാർ എം. (കൺവീനർ)
ഷൺമുഖൻ കെ.പി.
ഗുഹൻ വി.ഇ.ഒ.
സി.പി. അയ്യപ്പൻ
ടി.കെ. മുണ്ടൻ
സി. കുഞ്ഞാടി
എ.സി. വിജയൻ

### 9. സ്ത്രീ പദവി

കെ.പി. ചന്ദ്രിക (കൺവീനർ)
ജ്യോതി.പി.
പി. അലി മാസ്ററർ
പി.ടി. സോമസുന്ദരൻ
ശൈലജ
ഗീത
എ.വി. ആബിദ

264

## 10. സംസ്കാരം

കെ.വി. വിജയകുമാർ (കൺവീനർ)
കെ.സി. നഫീസ ടീച്ചർ
ടി.പി. അബൂബക്കർ ഡി.ആർ.പി.
പി. സോമസുന്ദരൻ
ഒ.വിജയരാജ്

## 11. സഹകരണ മേഖല

പി.എം. ബാലചന്ദ്രൻ (കൺവീനർ)
അഹമ്മദ് പി.
കെ.പി. മുഹമ്മദാലി മാസ്ററർ
പി. അബൂബക്കർ മാസ്ററർ
പി.എം. കൊച്ചുണ്ണി

## 12. വിഭവ സമാഹരണം

പി. ഖാലിദ് (കൺവീനർ)
ഒ. ഗോപാലൻ
ഇ. മുകുന്ദൻ
മാധവൻ നായർ എൻ.പി.
സുലൈമാൻ മാസ്ററർ പി.

## 13. ചരിത്ര പഠനം

പി.വി ബാലചന്ദ്രൻ (കൺവീനർ)
പി.സി. മരക്കാർ അലി
എൻ. മുഹമ്മദ്.
ഷറഫുദ്ദീൻ

## 14. പഠന പര്യടനം

കൺവീനർമാർ:- ഗ്രൂപ്പ് 1. ഗോപാലകൃഷ്ണൻ.പി.
2. നാരായണൻ മാസ്ററർ എ.പി.

കവർ രൂപകൽപ്പന : വാഴക്കുന്നം ശങ്കരനാരായണൻ
സ്ററിൽസ് : ശ്യാംശങ്കർ


അച്ചടി : **തിരൂർ ഓഫ്സെററ് പ്രിൻേററഴ്സ്, തിരൂർ-1**

## 15. എഡിറേറാറിയൽ ബോർഡ് :

കൊടുമുടി സുകു
പി.വി. ബാലചന്ദ്രൻ
ടി.ടി. മുഹമ്മദലി
കെ.പി.എ. സത്താർ
ഡോ.പി.എ. റഹീം
പി.എം. കൊച്ചുണ്ണി
പി.പി. കുഞ്ഞുണ്ണി
എഡിറ്റർ : എം. ഉണ്ണികൃഷ്ണൻ



Printed at: Tirur Offset Printers, Ph: 23|12


ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം
മലപ്പുറം ജില്ല
ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്
അധികാരം ജനങ്ങൾക്ക്
ഗ്രാമതല ആസൂത്രണം
ഉണരുന്ന നാട്ടുകൂട്ടങ്ങളും നാട്ടറിവുകളും
ശാസ്ത്രീയമായ സമീപനം
പദ്ധതി വിഹിതം 40% പഞ്ചായത്തുകൾക്ക്
കൂട്ടായ്മയും പങ്കാളിത്തവും
അന്യവൽക്കരിക്കാത്ത വികസന തന്ത്രം
അഴിമതി രഹിത വികസന സൂത്രം
ജനാധികാരം-ജനാഭിലാഷം

266

# മാറാക്കര ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ



കേരളം




# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# മാറാക്കര ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

## സമഗ്ര വികസന രേഖ



269



"സ്വന്തം രാജ്യത്തിന്റെ നിർമിതിയിൽ തങ്ങൾക്കും ഫലപ്രദമായ ഒരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗക്കാരോ, താഴ്ന്ന വർഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും."

-മഹാത്മാഗാന്ധി


## എഡിറ്റോറിയൽ സ്റ്റാഫ്

പി. രാധാകൃഷ്ണൻ

സി. എം. ഷാഫി

കെ. കുഞ്ഞിമൊയ്തീൻ

എം. അഹമ്മദ്

രമേഷ് കുമാർ പി.

വി. ശങ്കരൻ

എ. കെ. സുധാകരൻ

കെ. മുയ്തീൻകുട്ടി

സുരേഷ് പി. ജി.

എൻ. മുഹമ്മദലി

എൻ. രവീന്ദ്രൻ

കെ. ആർ രഘുനാഥ്

സുകുമാരൻ ടി.കെ.

## ഡി. ആർ. പി.മാർ

1 പി. കൃഷ്ണൻനായർ

2 എം. ജി. നീലകണ്ഠൻ നായർ

3 പാമ്പലത്ത് മുഹമ്മദ് ഹാജി

4 കെ. മൂസ്സ കുഞ്ഞുട്ടി

5 എ. പി. മൊയ്തീൻകുട്ടി

6 ബഷീർ രണ്ടത്താണി

7 എം. ഹംസ

8 കെ. മൊയ്തീൻകുട്ടി

9 പി. രാധാകൃഷ്ണൻ

Layout : P. Radhakrishnan

Design: Unni Kadampuzha

Typesetting: Tirur D.T.P. Centre.

Printed at: Tirur Offset Printers, Tirur-1

**1996 November**




അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗവും താണ വർഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

-മഹാത്മാഗാന്ധി

# മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതി



കൊല്ലേത്ത് അബ്ദുറഹിമാൻ




എൻ.കെ. സുബ്രഹ്മണ്യൻ



പി. സൈനബ (പ്രസിഡണ്ട്)



ടി. ആർ. വേലായുധൻ



കാടാമ്പുഴ മൂസ്സ



കെ.പി. കോയക്കുട്ടി
(വൈസ്.പ്രസിഡണ്ട്)



ഒ.കെ. അബ്ദുൽഅസീസ്



മണ്ണാരുതൊടി മുഹമ്മദലി
(കുഞ്ഞാവ)



ഒറ്റകത്ത് ജമീല
(ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി)



എ. പി. ഇയ്യാത്തുട്ടി



പുല്ലാട്ടിൽ ലൈല

# ഉള്ളടക്കത്തിലേക്ക്

1. ആമുഖം.

2. പഞ്ചായത്ത്: പൊതുവിവരണം.

3. സാമൂഹിക - സാംസ്കാരിക ചരിത്രം.

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.

5. സാമൂഹിക - സാമ്പത്തിക മേഖലകൾ.

5-1 കൃഷിയും ജലസേചനവും.

5-2 മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും.

5-3 വ്യവസായം.

5-4 വിദ്യാഭ്യാസം.

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും.

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

5-7 സാമൂഹ്യക്ഷേമവും പാർപ്പിടവും.

5-8 സംസ്കാരം

5-9 വനിതാക്ഷേമം.

5-10 സഹകരണം.

5-11 പട്ടികജാതി, പട്ടികവർഗക്ഷേമം.

5-12 വിഭവ സമാഹരണം.

5-13 ടൂറിസം

6. ഉപസംഹാരം.

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



പുന്നപ്പുറത്ത് മാധവൻ നമ്പൂതിരിപ്പാട്
(1964 – 1979)




പി. കൃഷ്ണൻനായർമാസ്റ്റർ
(1979-1995)



സി. ആയിശുടീച്ചർ
(ബ്ലോക്ക് പഞ്ചായത്ത് മെംബർ)



എം. ജി. നീലകണ്ഠൻ നായർ
കൺവീനർ, ജനകീയാസൂത്രണം
മാറാക്കര ഗ്രാമപഞ്ചായത്ത്.



# ആമുഖം

നിരവധി ബലിയർപ്പണങ്ങളുടെ വരദാനമായി 1947 ആഗസ്റ്റ് 15 പുലർന്നു. ഗംഗയിലൂടെ, കാവേരിയിലൂടെ, പമ്പയിലൂടെ ഒട്ടനവധി വെള്ളം ഒഴുകി. ഋതുക്കൾ മാറിമാറി വന്നു. സ്വപ്നങ്ങൾ വിരിഞ്ഞു, പൊലിഞ്ഞു. അധികാരം കയ്യാളിയ കരങ്ങൾ മാറി. ഭരണരംഗത്തും വികസന രംഗത്തും ജനകീയ പുനസ്സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കപ്പെട്ടില്ല. "ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ" എന്ന അബ്രഹാം ലിങ്കന്റെ ഗെറ്റിസ് ബർഗ്ഗ് പ്രഭാഷണം പ്രസംഗപീഠങ്ങളിൽ ആവർത്തിക്കപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റെ 47 വർഷങ്ങൾക്കു ശേഷമാണ് രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നമായിരുന്ന ഗ്രാമ സ്വരാജ് നടപ്പാക്കാനുള്ള ഭരണ ഘടനാ വാഗ്ദാനം പാലിക്കപ്പെട്ടത്.

ജനങ്ങളുടെ ആശയും അഭിലാഷങ്ങളും എന്തെന്നറിയാത്ത, ജനജീവിതവുമായി ബന്ധമില്ലാത്ത ഉദ്യോഗസ്ഥർ ദില്ലിയിലും തിരുവനന്തപുരത്തുമിരുന്ന് മണ്ണിനോട് ബന്ധമില്ലാത്ത ആസൂത്രണ പ്രക്രിയ നടത്തി. സ്വന്തം കാര്യം തീരുമാനിക്കാനും നടപ്പാക്കുന്നതിൽ സജീവമായി ഇടപെടാനും അവസരം നിഷേധിക്കപ്പെട്ടു. 9ാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

ആസൂത്രണത്തിലെ എല്ലാ പ്രതിബന്ധങ്ങളേയുംമറികടന്ന് സമയബന്ധിതമായി തങ്ങളിൽ അർപ്പിതമായ നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. 9ാം പദ്ധതിയുടെ അടങ്കലിന്റെ 40 % തുക വരുന്ന സ്കീമുകൾ വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് മുനിസിപ്പൽ സമിതികൾ വഴി രൂപപ്പെടുത്തിയെടുക്കുക എന്നതു മാത്രമല്ല ഉദ്ദേശം. നാനാവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം ലക്ഷ്യമിടുന്നു.

ഇന്നത്തെ കേരളവും ഗ്രാമ പഞ്ചായത്തുകളും അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും, ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രണ വിധേയമാക്കാൻ കഴിയുമെന്നുറപ്പാണ്.


മാറാക്കര പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1996 സപ്തമ്പർ 14ന്റെ പഞ്ചായത്ത് തല ആലോചനാ യോഗത്തോടെയാണ്. 13 - 9 - 96ന് തിരൂർ DIETൽ വെച്ചു നടന്ന DRP ക്യാമ്പിൽ വെച്ച് ശ്രീ എം. ജി.നീലകണ്ഠൻ നായരെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ പഞ്ചായത്ത് കൺവീനറായി തിരഞ്ഞെടുത്തു. സപ്തമ്പർ 17 ന് വമ്പിച്ച ജനപങ്കാളിത്തത്തോടെ ഒന്നാം ഘട്ട ശില്പശാല സംഘടിപ്പിച്ചു. വിശേഷാൽ ഗ്രാമ സഭകൾ നടത്താൻ ജനതയെ പ്രാപ്തരാക്കി. പഞ്ചായത്തിലെ 11 വാർഡുകളിലും വിജയകരമായി ഗ്രാമസഭാ യോഗങ്ങൾ 1996 ഒക്ടോബർ 4 ഓടെ പൂർത്തിയാക്കാൻ കഴിഞ്ഞു. തുടർന്ന് ഒക്ടോബർ 22ന് വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു പഞ്ചായത്ത് തല യോഗം ചേർന്നു. ഈ യോഗത്തിൽവെച്ച് വിവിധ വിഷയ ഗ്രൂപ്പ് കൺവീനർമാരെ തിരഞ്ഞെടുത്തു. വിവിധ സർക്കാർ ഓഫീസുകളിൽനിന്നും പഞ്ചായത്ത് ഓഫീസിൽ നിന്നും സ്ഥിതി വിവര കണക്കുകൾ ശേഖരിക്കാൻ തീരുമാനിച്ചു. ഒക്ടോബർ 29 ന് വീണ്ടും വിദഗ്ധരേയും വിവിധ ഓഫീസ് മേധാവികളേയും ചേർത്ത് വിളിച്ച യോഗത്തിൽവെച്ച് നവമ്പർ 10 ന് പഞ്ചായത്തുവക വികസന ശിൽപശാല നടത്താൻ തീരുമാനിച്ചു. നവമ്പർ 4ന് പഞ്ചായത്ത് ഭരണ സമിതി ഒറ്റക്കും 6 ന് വാർഡു കൺവീനർമാരെ ചേർത്തുകൊണ്ടും യോഗംചേർന്നു.

ഇതിനിടയിൽ സ്ഥിതിവിവരകണക്കുകൾ മിക്കതും ശേഖരിച്ചുകഴിഞ്ഞിരുന്നു. 3 ദിവസംകൊണ്ട് പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് വിവരങ്ങൾ ശേഖരിച്ചു. വികസനസെമിനാർ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. പല ഘട്ടങ്ങളിലും പ്രയാസങ്ങൾ നേരിട്ടെങ്കിലും മാറാക്കര പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം വിജയകരമായി പൂർത്തിയാക്കിയതിൽ സന്തോഷമുണ്ട്. നവമ്പർ 12 ന് ചേർന്ന മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം വികസന റിപ്പോർട്ട് ഐക്യകണ്ഠേന അംഗീകരിച്ചു.

മാറാക്കര ഗ്രാമ പഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റേയും സാംസ്കാരിക പൈതൃകത്തിന്റേയും അടിത്തറയിൽ രാഷ്ട്രീയ സാമൂഹ്യസന്നദ്ധ പ്രവർത്തകരുടെ സേവന തൃഷ്ണ ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുകയാണ്. 21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ നിന്ന് ഈ വെല്ലുവിളി ഏറ്റെടുക്കുന്നതിലുള്ള ആഹ്ലാദം നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കുവാനുള്ള മഹാ യജ്ഞത്തിൽ നമുക്കും പങ്കുചേരാം.

# പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്: മാറാക്കര ഗ്രാമ പഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജുകൾ: മാറാക്കര, മേൽമുറി.
ബ്ലോക്ക് പഞ്ചായത്ത്: കുറ്റിപ്പുറം.
താലൂക്ക്: തിരൂർ.
അസംബ്ലി മണ്ഡലം: കുറ്റിപ്പുറം.
പാർലമെന്റ് മണ്ഡലം: പൊന്നാനി.
വിസ്തീർണ്ണം: 27. 76 ചതുരശ്ര കിലോമീറ്റർ.
അതിരുകൾ: വടക്ക്: കോട്ടക്കൽ, പൊന്മള ഗ്രാമപഞ്ചായത്തുകൾ.
കിഴക്ക്: കുറുവ, എടയൂർ ഗ്രാമ പഞ്ചായത്തുകൾ.
തെക്ക്: വളാഞ്ചേരി, ആതവനാട് ഗ്രാമ പഞ്ചായത്തുകൾ.
പടിഞ്ഞാറ്: ദേശീയ പാത-17, കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്.
ജനസംഖ്യ: 30669
പുരുഷന്മാർ: 15409
സ്ത്രീകൾ: 15260
ജനസാന്ദ്രത: 1104
അക്ഷരാഭ്യാസമുള്ളവർ: 80%
വാർഡുകൾ: 11
പ്രസിഡണ്ട്: പി. സൈനബ
വൈസ് പ്രസിഡണ്ട്: കെ. പി. കോയക്കുട്ടി.
സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ : ഒറ്റകത്ത് ജമീല
പഞ്ചായത്ത് സെക്രട്ടറി : തുളസീദാസ്



# സാമൂഹിക സാംസ്കാരിക ചരിത്രം

``ആലംകോട്ടക്കലച്ചിപ്പുറയിലുമമരും
മർത്ത്യരുൽസാഹ പൂർവ്വം
കാലങ്ങോട്ടൊന്നു വെക്കുന്നതിനുമൊരിടമി-
ല്ലാതെ വന്നാർ നിരന്നാർ''

വെൺമണിമഹൻ നമ്പൂതിരിപ്പാടിന്റെ പൂരപ്രബന്ധം എന്ന കാവ്യത്തിൽ `അച്ചിപ്ര'യെകുറിച്ച് ഇങ്ങിനെ പരാമർശിച്ചിട്ടുണ്ട്. മാറാക്കര എന്ന പേരിനേക്കാൾ ഒരു കാലത്ത് അച്ചിപ്ര എന്ന പേര് പ്രസിദ്ധമായിരുന്നു. ആനക്കുഴിമാട് മുതൽ കോട്ടക്കൽ പഞ്ചായത്ത് അതിർത്തിയിലുള്ള നെച്ചി വരമ്പ് വരെയുള്ള ഭൂപ്രദേശത്തെയാണ് ഈ പേരിനാൽ സൂചിപ്പിച്ചിരുന്നത്. തൃശ്ശിവപേരൂർ പൂരം കാണാനെത്തുന്ന വിവിധ ദേശക്കാരെക്കുറിച്ച് വർണ്ണിക്കുന്നിടത്താണ് വെൺമണി അച്ചിപ്രയെപറ്റി പരാമർശിക്കുന്നത്. (125 വർഷം മുമ്പ് 1047 മേടമാസത്തിലാണ് പൂരപ്രബന്ധത്തിന്റെ രചന പൂർത്തിയാക്കുന്നത്.)

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലും അച്ചിപ്രയെകുറിച്ച് പറയുന്നുണ്ട്. തിരുവിതാംകൂർ മഹാരാജാവിന്റെ കൊട്ടാരത്തിൽ 6 വർഷം കൂടുമ്പോൾ നടന്നിരുന്ന `മുറജപ'ത്തിൽ കാർമ്മികത്വം വഹിച്ചിരുന്നത് അച്ചിപ്ര വാദ്ധ്യാൻ മനയിലെ നമ്പൂതിരിമാരായിരുന്നു. `ഹരിക്കാരൻ' എന്ന രാജദൂതൻ വന്ന് നമ്പൂതിരിയെ പരിവാര സമേതം കൊട്ടാരത്തിലേക്ക് ആനയിച്ചിരുന്നു. ഒരിക്കൽ യാത്രാമധ്യേ രാത്രി സമയത്ത് നമ്പൂതിരി കായംകുളം കൊച്ചുണ്ണിയെ പരിചയപ്പെട്ടതായും സന്തുഷ്ടനായ കൊച്ചുണ്ണി അദ്ദേഹത്തെ ആപൽശങ്ക കൂടാതെ ലക്ഷ്യസ്ഥാനത്തെത്തിച്ചതായും പറയപ്പെടുന്നു.

അച്ചിപ്രയിലെ പടിഞ്ഞാറേ കരയായിരുന്നു `മായർകര'. മായർകര ലോപിച്ചാണ് മാറാക്കര എന്ന പേര് രൂപപ്പെട്ടത്. മാറാക്കര വില്ലേജിലെ ചെറുപറമ്പ് വാർഡ് ഉൾക്കൊള്ളുന്ന കരയുടെ പുരാതന നാമമാണ് മായർകര. മായൻ (മായർ) എന്നാൽ വിഷ്ണു എന്ന് അർത്ഥമുണ്ട്. വിഷ്ണുക്ഷേത്രമുള്ള കര മായർകരയായി മാറിയതായിരിക്കാം. ഇക്കാര്യം ഗവേഷകർക്ക് വിടാം. അച്ചിപ്രയിൽ മേലെയുള്ള കര മേൽമുറിയും കീഴെയുള്ള കര കീഴ്മുറിയുമായിരുന്നു.

ഈ പഞ്ചായത്തിലെ മേൽമുറി വില്ലേജിലാണ് പ്രസിദ്ധമായ ശ്രീ കാടാമ്പുഴ ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. ദിനംപ്രതി ആയിരക്കണക്കിന് ഭക്ത ജനങ്ങൾ ദർശനത്തിനെത്തുന്ന ``കാടാമ്പുഴ''യെ കുറിച്ച് പ്രസിദ്ധമായ ഒരൈതിഹ്യമുണ്ട്. കാട്ടാളൻ അമ്പെയ്ത അഴയാണ് കാടാമ്പുഴ. അർജുനന് പാശുപതാസ്ത്രം നൽകാൻ കാട്ടാളരൂപത്തിൽ ശിവൻ അവതരിച്ചത് ഇവിടെയാണ് എന്നാണ് ഐതിഹ്യം.

മേല്പത്തൂർ ഭട്ടതിരിപ്പാടിന്റെ ജൻമ ഗേഹം മാറാക്കരയോടു ചേർന്നുകിടക്കുന്ന കുറുമ്പത്തൂർ വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. (വീടും ഇല്ലപറമ്പും ഇന്നും സംരക്ഷിക്കപ്പെടുന്നുണ്ട്.) മേൽപ്പത്തൂരിന്റെ പ്രകാശപുഞ്ജം ഈ ഗ്രാമത്തിലും പ്രസരിച്ചിരിക്കാം. മാമാങ്കത്തിന്റെ പടനിലമായ തിരുനാവായ ഇവിടെനിന്ന് അധികം ദൂരത്തല്ല. മാമാങ്കത്തിന്റെ പടഹധ്വനിയും പടയൊലിയും ഈ ഗ്രാമത്തിലും മാറ്റൊലി കൊണ്ടിരിക്കാം. കോട്ടക്കൽ നിന്നുയർന്ന കഥകളി മേളത്തിന് ഈ ഗ്രാമം കാതോർത്തിട്ടുണ്ട്. ഇവിടുത്തെ ഇതിഹാസ കഥാപാത്രമാണ് നൊട്ടൻ. പ്രഭുക്കളെ ചെണ്ടകൊട്ടിക്കുന്നതിൽ വിരുതനായിരുന്നു ഈ വിദൂഷക പ്രഭു. കൗപീനത്തിന്റെ വാലിൽ ഓലക്കുടയും കെട്ടി പടാപടാരവത്തോടെ നടന്നുപോയ ഇദ്ദേഹത്തിന്റെ കഥകൾ ഇന്നും നിലനിൽക്കുന്നു. മേൽമുറിയിലെ പ്രസിദ്ധമായ വയലായിരുന്നു ``നുഴലിക്കണ്ടം''. മണ്ണാഴമുള്ള ഈ കണ്ടത്തിൽ ഉഴവുകാരനും കാളകളും ആണ്ടുപോയി എന്ന് പഴമയുടെ ഏടുകളിൽ കാണുന്നുണ്ട്. ഗ്രാമത്തിന്റെ മധ്യത്തിലൂടെ ഒഴുകുന്ന അരീക്കര തോട് ഒരു കാലത്ത് പുഴയായിരുന്നു എന്ന് വിശ്വസിക്കുന്ന കാരണവൻമാരുണ്ട്. തോടിന്റെ ഇടത്തേകരയിൽ കിണറുകൾ കുഴിക്കുമ്പോൾ വലിയ മരത്തടികളും മണലും കണ്ടത്

ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. പുഴ ശുഷ്കിച്ച് വഴിമാറി ഒഴുകിയതാകാം എന്നാണ് കാരണവൻമാരുടെ അഭിപ്രായം.

പഴയ മദിരാശി സംസ്ഥാനത്ത് മലബാർ ജില്ലയിൽ ഉൾപ്പെട്ട പ്രദേശമാണ് മാറാക്കര. ഈ ശതകത്തിന്റെ ആരംഭകാലത്ത് അടിമ-ഉടയാൻ വ്യവസ്ഥിതിയാണ് നിലനിന്നിരുന്നത്. ജന്മി-നാടുവാഴികളാണ് നാടുഭരിച്ചിരുന്നത്. കരം പിരിക്കുന്നത് ഉൾപ്പെടെയുള്ള സകല അധികാരങ്ങളും ഇവരിൽ നിക്ഷിപ്തമായിരുന്നു. ഇവർക്ക് ബ്രിട്ടീഷ് ഭരണത്തിന്റെ സംരക്ഷണവും ഉണ്ടായിരുന്നു. ``ചെറുമക്കൾക്കും പിന്നോക്കക്കാർക്കും മാപ്പിളമാർക്കും അന്ന് അടിമകൾ (Bonded labours) എന്ന നിലയേ ഉണ്ടായിരുന്നുള്ളൂ" എന്ന് സർദാർ കെ. എം. പണിക്കർ രേഖപ്പെടുത്തിയിട്ടുണ്ട്. 1920-ൽ പെരിന്തൽമണ്ണയിൽവെച്ച് ``മലബാർ കുടിയാൻ സംഘം" രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾ കോൺഗ്രസ് പ്രവർത്തനവുമായി സംയോജിപ്പിക്കുകയും ചെയ്തിരുന്നു. കുടിയാൻ സംഘത്തിന്റെ പ്രധാന സംഘാടകരായിരുന്ന എം. പി. നാരായണമേനോനും കാട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരും ഈ കാലത്ത് മാറാക്കരയും സന്ദർശിച്ചിരിക്കാമെന്ന് സൂചനയുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഉഴുതുമറിച്ചിട്ട വള്ളുവനാടൻ-ഏറനാടൻ മണ്ണിലാണ് ഖിലാഫത്തിന്റെ മുള പൊട്ടിയത്.

മലബാർ ജില്ലാ കളക്ടറായിരുന്ന ലോഗൻ സായിപ്പിന്റെ മലബാർ മാന്വൽ എന്ന രേഖയിൽ പരാമർശിക്കുന്ന കർഷകസമരങ്ങളുടെ പാരമ്പര്യം പേറുന്നവർ ഇവിടെയുമുണ്ടായി. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന ഖിലാഫത്തിന്റെ അലയൊലികൾ ഈ ഗ്രാമത്തെയും ഇളക്കിമറിക്കുകയുണ്ടായി. ബ്രിട്ടീഷുപട്ടാളം ഗ്രാമത്തിലൂടെ മാർച്ച് ചെയ്തു. സമരത്തോടു ബന്ധപ്പെട്ട് നിരവധി പേരെ അറസ്റ്റുചെയ്തു. പാമ്പലത്ത് കോമുഹാജി, നെല്ലിശ്ശേരികോയ, പുത്തൻപീടികക്കൽകുട്ടിഹസ്സൻ തുടങ്ങി നിരവധിപേർ ജയിലിലായി. മണ്ണേത്ത് അലവി, പള്ളിമാലിൽ ആലിക്കുട്ടി, പുല്ലാട്ടിൽ മുഹമ്മദ് തുടങ്ങി നിരവധി ആളുകളെ ആന്തമാനിലേക്ക് നാടുകടത്തി.

ആധുനിക വിദ്യാഭ്യാസത്തിന്റെ പുത്തൻവെളിച്ചം ഈ ഗ്രാമത്തിലേക്ക് കടന്നുവന്നത് 1920 കളിലാണ്. ആദ്യത്തെ ഔപചാരിക വിദ്യാലയം 1920- ൽ സ്ഥാപിതമായി. ഇന്നത്തെ മേൽമുറി ജി.എൽ.പി.സ്കൂൾ ആയിരുന്നു അത്. ഈ സ്കൂൾ ബോർഡുസ്കൂൾ എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. തുടർന്ന് 1925ൽ മേൽമുറി സൗത്ത് എ.എൽ.പി. സ്കൂളും 1928ൽ മാറാക്കര എ.യു.പി. സ്കൂളും സ്ഥാപിക്കപ്പെട്ടു.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന അബ്ദുറഹിമാൻ സാഹിബിന്റെ സഹപ്രവർത്തകൻ ഓടായപ്പുറത്ത് ചേക്കുട്ടിസാഹിബ് ഇന്നത്തെ കൽപ്പകഞ്ചേരി പഞ്ചായത്തിലെ രണ്ടത്താണിയിലാണ് താമസിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിൽ മാറാക്കര ഗ്രാമവും ഉൾപ്പെട്ടിരുന്നു. ഫറൂക്ക് പാലത്തിന് ബോംബു വെച്ച കേസിലെ മുഖ്യപ്രതിയായിരുന്ന ഇദ്ദേഹം സന്യാസി വേഷത്തിൽ ഒളിവിലിരുന്നതും മാറാക്കരയിലായിരുന്നു.

1930കളിൽ ഇവിടം കോൺഗ്രസിന്റെ ഊർജ്ജിതമായ പ്രവർത്തനമേഖലയായി. പരേതനായ എം.പി. നമ്പൂതിരി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. 1942 ലെ ക്വിററ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ മുന്നൊരുക്കകാലത്താണ് 1937 ൽ പറപ്പൂരിലെ കോൺഗ്രസ് സമ്മേളനം നടക്കുന്നത്. ഈ സമ്മേളനത്തിൽ മാറാക്കരയിൽ നിന്ന് പടിഞ്ഞാറ്റുകര കൃഷ്ണൻനമ്പൂതിരിയും എം.എസ്.നമ്പൂതിരിയും പുല്ലാട്ടിൽ സദക്കത്തുള്ള മാസ്റ്ററും പങ്കെടുക്കുകയുണ്ടായി. എം.എസ്. നമ്പൂതിരിയും സഹോദരൻ എം.പി. നമ്പൂതിരിയും ബ്രാഹ്മണ്യത്തിന്റെ പൂണൂൽ പൊട്ടിച്ചെറിഞ്ഞുകൊണ്ട് സാമൂഹ്യവിപ്ലവത്തിനും തിരികൊളുത്തി.

തലമത്തട്ടി എന്നു വിളിക്കപ്പെട്ട 1943 ലെ കോളറ ഈ ഗ്രാമത്തിലെ ഒരുപാട് ജീവൻ അപഹരിച്ച ദുരന്തമായിരുന്നു. തുടർന്ന് പട്ടിണിയും പട്ടിണിമരണങ്ങളും ഈ ഗ്രാമത്തെ ഗ്രസിച്ചു. അന്ധവിശ്വാസ ജഡിലമായ അക്കാലത്തും രക്ഷാപ്രവർത്തനങ്ങൾക്ക് ചിലരെങ്കിലും മുന്നോട്ടുവന്നു. മതജാതിഭേദം മറന്ന് നടന്ന രക്ഷാപ്രവർത്തനങ്ങൾ ഈ ഗ്രാമത്തിന്റെ വിശുദ്ധമായ ഏടുകളിലൊന്നാണ്.

അന്ന് പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 85 ശതമാനവും ഏതാനും ജന്മികുടുംബങ്ങളുടെ കൈവശമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകസംഘത്തിന്റെയും നേതൃത്വത്തിൽ ഭൂമിക്കുവേണ്ടിയുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെയും സമരങ്ങൾ നടന്നിരുന്നു. കർഷകസംഘം നേതാവായിരുന്ന പി.വി. കുഞ്ഞിക്കണ്ണൻ ഈ പ്രദേശം കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. സമരങ്ങളുടെ തുടർച്ചയായി ഭൂപരിഷ്കരണനിയമം നിലവിൽവന്നു. 19657നും 1970നും ഇടയിലുണ്ടായ ഭൂ പരിഷ്കരണ നിയമങ്ങൾ സാധാരണക്കാരായ ബഹുഭൂരിപക്ഷം ജനവിഭാഗങ്ങളെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യജീവിതത്തിൽ അവർണ്ണനീയമായ മാറ്റങ്ങളാണ് വരുത്തിയത്.

നവോത്ഥാനത്തിന്റെ ഈ കാലഘട്ടത്തിലാണ് മാറാക്കര പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതും ആദ്യത്തെ ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടതും. 1962 ൽ പഞ്ചായത്ത് രൂപീകൃതമായി. 1968 ലാണ് വി.വി.എം. ഹൈസ്ക്കൂൾ സ്ഥാപിതമാവുന്നത്. ഇവിടെ സർക്കാർ ആശുപത്രിയുണ്ടായതും ഗതാഗത സൗകര്യങ്ങളിൽ കുതിച്ചുചാട്ടമുണ്ടായതും ഇക്കാലത്താണ്. കലാ സാംസ്കാരിക രംഗത്തെ ജ്വലിച്ചു നിന്നിരുന്ന നവജീവൻ വായനശാലയും (1949ൽ), അച്ചിപ്ര കലാസമിതിയും (1953ൽ) രൂപീകരിക്കപ്പെട്ടതും ഇക്കാലത്തുതന്നെ. വായനയുടെ അനന്തവിശാലതയിലേക്ക് പഞ്ചായത്ത് നിവാസികളെ ആനയിച്ച മാറാക്കര സ്പോർട്സ് ക്ലബ് ആന്റ് ലൈബ്രറി സ്ഥാപിക്കപ്പെട്ടതും ഈ സമയത്തായിരുന്നു. ചെറുകാടിന്റെ അടിമ, സ്വതന്ത്ര, തറവാ

ടിത്തം,കുട്ടിത്തമ്പുരാട്ടി,കെ.ടി.മുഹമ്മദിന്റെ ഇതുഭൂമിയാണ്, വിശറിക്കുകാറ്റുവേണ്ട, ഇ.കെ.അയമുവിന്റെ വമ്പത്തിനീയാണ്പെണ്ണ്, ജ്ജ് നല്ല മന്സനാകാൻ നോക്ക് തുടങ്ങിയ പ്രസിദ്ധ നാടകങ്ങൾ അച്ചിപ്രകലാസമിതിയിലൂടെ ഇവിടത്തുകാർ ആസ്വദിച്ചു. മൂത്താട്ടുമന കേന്ദ്രമായി എം.പി. ഭട്ടതിരിപ്പാടിന്റെ ഋതുമതിയും വി.ടി.ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്നീ നാടകങ്ങളും അരങ്ങേറി. മാറാക്കരയിലെ സാംസ്കാരിക മുന്നേറ്റത്തിൽ ഈ നാടകങ്ങൾ നാഴികക്കല്ലുകളായിമാറി. ഇക്കാലത്ത് യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളും നടന്നു. മഹിളാസമാജങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

മാറാക്കര, മേൽമുറി വില്ലേജുകളെ ഉൾപ്പെടുത്തി മാറാക്കര പഞ്ചായത്ത് രൂപീകരിച്ചത് 1962ൽ ആയിരുന്നു. തുടക്കത്തിൽ പഞ്ചായത്തിന്റെ ആസ്ഥാനം കല്ലാർമംഗലത്തായിരുന്നു. പിന്നീട് പഞ്ചായത്തിന്റെ മധ്യഭാഗത്തുള്ള മരുതൻചിറയിലേക്ക് ഓഫീസ് മാറ്റി സ്ഥാപിച്ചു. എ.സി. നിരപ്പിലുള്ള സ്വന്തം കെട്ടിടത്തിലാണ് ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത്.

ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1963 ഡിസംബറിൽ നടന്നു. അടുത്ത വർഷം ജനുവരി മാസത്തിൽ ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽവന്നു. പുന്നപ്പുറത്ത് മാധവൻ നമ്പൂതിരിപ്പാട് ആദ്യത്തെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. മെംബർമാർ:- മൂർക്കത്ത് സെയ്ത്, തെക്കഞ്ചേരി ബാലകൃഷ്ണനുണ്ണിനായർ, സി.എച്ച്.മൊയ്തീൻകുട്ടി, ഓണത്തുകാട്ടിൽ മൊയ്തീൻഹാജി, മലയത്ത് വേലായുധൻനായർ, കരിമ്പന മുഹമ്മദ്. വനിതാമെംബറായി പടിഞ്ഞാറ്റുകര നളിനി അന്തർജനത്തെ നോമിനേറ്റു ചെയ്തു. അന്നു വാർഡുകളുടെ എണ്ണം ഏഴായിരുന്നു.

രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നത് 1979 ലാണ്. അന്നേക്ക് വാർഡുകളുടെ എണ്ണം 9 ആയി വർധിച്ചു. ഒന്നാം വാർഡ് വനിതാസംവരണ സീറ്റായി. അഞ്ചാം വാർഡ് ഹരിജൻ സീറ്റായി നിർണയിക്കപ്പെട്ടു. ഈ തെരഞ്ഞെടുപ്പിൽ മൂന്നാം വാർഡിൽനിന്നു ജയിച്ച പി. കൃഷ്ണൻനായർ മാസ്റ്റർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. അംഗങ്ങൾ:- 1. കെ.തിത്തീരക്കുട്ടി. 2. കല്ലായി രായു. 4. ചൂരപ്പുലാക്കൽ പോക്കരുട്ടി എന്ന കുഞ്ഞാവ. 5. കെ. ചാത്തൻ. 6. പൂക്കയിൽ കുഞ്ഞാപ്പ. 7. പുന്നപ്പുറത്ത് മാധവൻ നമ്പൂതിരിപ്പാട്. 8. ആലിങ്ങൽ കുഞ്ഞുഹാജി. 9. പുതുക്കുടി മുഹമ്മദ് എന്ന ബാപ്പുഹാജി.

അടുത്ത പഞ്ചായത്ത് ബോർഡ് 1988 ൽ നിലവിൽവന്നു. ഇപ്പോൾ വാർഡുകളുടെ എണ്ണം 10 ആയി വർധിച്ചു. പി.കൃഷ്ണൻനായർ മാസ്റ്റർ പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാർ:- 1. മാട്ടിൽ ഹംസമാസ്റ്റർ 2. പാമ്പലത്ത് മുഹമ്മദ്ഹാജി 3. നഫീസടീച്ചർ 5. കല്ലൻ റസിയ 6. എ.പി. ചങ്ങൻ 7. ചൂരപ്പുലാക്കൽ ആലിക്കുട്ടി 8. കാടാമ്പുഴ മൂസ 9. എം. വേണുഗോപാലൻ 10. മാട്ടിൽ സെയ്തലവിഹാജി എന്നകുഞ്ഞാപ്പഹാജി.

1910-ൽ സി. കുഞ്ഞിരാമ മേനോൻ സെക്രട്ടറിയായി മലബാർ ജില്ലാ കോൺഗ്രസ് കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും 1930 ന്റെ ആദ്യപകുതിയിലാണ് കോൺഗ്രസ് പ്രവർത്തനം ഇവിടെ സമാരംഭിച്ചത്. കോൺഗ്രസ് പ്രവർത്തകരിലൊരുവിഭാഗം കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയിലേക്ക് ആകർഷിക്കപ്പെടുകയും അവരുടെ നേതൃത്വത്തിൽ 1930 ന്റെ അവസാന പകുതിയിൽ കമ്മ്യൂണിസ്റ്റു പാർട്ടി രൂപീകരിക്കപ്പെടുകയും ചെയ്തു. ഇക്കാലത്ത് കേരളത്തിന്റെ ഒന്നാമത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ്, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപകനേതാക്കളായ കെ. ദാമോദരൻ, ടി.സി. നാരായണൻനമ്പ്യാർ, കെ.എ. കേരളീയൻ തുടങ്ങിയവർ മാറാക്കരയിൽ ഒളിവിലിരുന്നിട്ടുണ്ട്. ഇവരിൽ ചിലരെ അറസ്റ്റു ചെയ്തത് ഇവിടെ വെച്ചായിരുന്നു. 1953 ലാണ് മുസ്ലിംലീഗിന്റെ ഔദ്യോഗിക ഘടകം രൂപീകൃതമായത്. ചെറുവക്കത്ത് കുട്ടിഹസ്സൻഹാജി പ്രസിഡണ്ടും അയിനിക്കുന്നൻ അബൂബക്കർ സെക്രട്ടറിയുമായിരുന്നു. 1930-ൽ ഗുരുവായൂരിൽ ചേർന്ന കോൺഗ്രസ് കമ്മറ്റിയിൽ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തെകുറിച്ചുള്ള ഒരു പ്രമേയം കെ. കേളപ്പൻ അവതരിപ്പിക്കുകയും ഭിന്നാഭിപ്രായത്തോടെ കെ. പി. സി. സി അത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ സത്യാഗ്രഹവും കേളപ്പന്റെ നിരാഹാര സമരവും നടന്നു. തുടർന്ന് 1932-ൽ വിഷ്ണുഭാരതീയൻ, എ. കെ. ഗോപാലൻ, ടി. എസ്. തിരുമുമ്പ്, മൊയാരത്ത് ശങ്കരൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ക്ഷേത്രപ്രവേശന ജാഥയുടെ ആവേശം മാറാക്കരയും ഉൾക്കൊണ്ടു. ഹരിജനങ്ങൾക്കു മുമ്പിൽ ക്ഷേത്രകവാടങ്ങൾ തുറക്കപ്പെട്ടു. മാറാക്കരയിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് സി. എസ് വാരിയരും മലയത്ത് വേലായുധൻ നായരും ചാങ്ങലിയോട്ട് അനിയൻ നമ്പൂതിരിയുമായിരുന്നു. അബ്ദുറഹിമാൻ സാഹിബ്, ഇ. മൊയ്തുമൗലവി, കെ.സി. കോമുക്കുട്ടി മൗലവി, എ.കെ. ഗോപാലൻ തുടങ്ങിയദേശീയനേതാക്കളും സാഹിത്യനായകനായ മഹാകവി ഒളപ്പമണ്ണ, ആത്മീയാചാര്യനായിരുന്ന പാണക്കാട് പൂക്കോയതങ്ങൾ, സാമൂഹ്യപരിഷ്കർത്താവായിരുന്ന വി.ടി. ഭട്ടതിരിപ്പാട്, ഉർദു പണ്ഡിതനും കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന സെഡ്.എ. അഹമ്മദ്, മഹാമാന്ത്രികൻ വാഴംകുന്നം, മഹാകവിഅക്കിത്തം തുടങ്ങിയവരുടെ പാദസ്പർശത്താൽ മാറാക്കര ധന്യമായിട്ടുണ്ട്.

കവിയും മാതൃഭൂമി സഹപത്രാധിപരുമായ കെ.വി. രാമകൃഷ്ണന്റെ ജന്മംകൊണ്ട് അനുഗ്രഹീതമായതും ഈ ഗ്രാമമാണ്.

മാറാക്കര ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. പി.മാധവൻ നമ്പൂതിരി മാസ്റ്റർക്ക് ശ്രേഷ്ഠരായ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവർഡ് ലഭിക്കുകയുണ്ടായി. ഇന്ന്, വിദ്യാഭ്യാസത്തിന്റെ ഉന്നത ശ്രേണികൾകീഴടക്കിയ പലരും ഈ പഞ്ചായത്തിലുണ്ട്.

മദ്രാസ് സർക്കാറിന്റെ സഹായത്തോടെ സി.എം. അബ്ദുൽ ഷുക്കൂർ മാസ്റ്റർ നടത്തിവന്നിരുന്ന വയോജന വിദ്യാലയം "മൊരമ്പൻ സ്കൂൾ" എന്ന പേരിൽ വർഷ

ങ്ങളോളം നിലനിന്നിരുന്നു. ഈ സ്ഥാപനം 1956 ഓടെ പ്രവർത്തനരഹിതമായി. സജീവസാക്ഷരതാപ്രവർത്തനം ഈ പഞ്ചായത്തിൽനടന്നിട്ടുണ്ട്. നിരക്ഷരത പൂർണ്ണമായും തുടച്ചുമാറ്റാനായിട്ടില്ലെങ്കിലും 80 ശതമാനം പേരും അക്ഷരത്തിന്റെ വെളിച്ചം ലഭിച്ചവരാണ്.

പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് മാറാക്കര ബ്രാഞ്ച് ഓഫീസാണ്. കോട്ടക്കൽ നിന്ന് കിലുങ്ങുന്ന കുന്തവും നീട്ടിപ്പിടിച്ച് ഓടിവന്നിരുന്ന അഞ്ചലോട്ടക്കാരൻ നാട്ടുകാരിൽ കൗതുകവും അൽഭുതവും ഉണർത്തിയിരുന്നു. അന്ന് മെയിൽബാഗ് കൊണ്ടുവരുന്ന ആളെ അഞ്ചലോട്ടക്കാരൻ എന്നാണ് വിളിച്ചിരുന്നത്. കാലക്രമേണ രണ്ടത്താണി, കാടാമ്പുഴ, കരേക്കാട്, കല്ലാർമംഗലം പോസ്റ്റോഫീസുകൾ സ്ഥാപിതമായി. പഞ്ചായത്തിൽ ആദ്യമായി ഫോൺകണക്ഷൻ കിട്ടുന്നത് 1978ൽ മാറാക്കര പോസ്റ്റോഫീസിലേക്കാണ്. ഇന്ന് ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ വർധിച്ചിട്ടുണ്ട്. കാടാമ്പുഴയിൽ ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നു. 1980 ൽ മാറാക്കരയിൽ വൈദ്യുതി എത്തി. രണ്ടത്താണിയിലെ ട്രാൻസ്ഫോർമർ മുഖേനയാണ് ഈ പഞ്ചായത്തിൽ വൈദ്യുത ദീപങ്ങൾ മിഴിതുറന്നത്.

പ്രസിദ്ധമായ ചില കളരി സംഘങ്ങൾ ഇവിടെയുണ്ടായിരുന്നു. `പരുന്തുരാക്കം' തുടങ്ങിയ മുറകൾ അറിയുന്ന അഭ്യാസികൾ ഇവിടെ ഉണ്ടായിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്. മരുതിൻ ചിറയിൽ ഇവരുടെ പിൻമുറക്കാരായ ഒരു കുടുംബം ഉണ്ട്. ജ്യോതിഷത്തിൽ അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു മരുതിൽ രാമൻകുട്ടി പണിക്കർ. `പന്തീരായിരം ഏറ്' എന്ന അപൂർവ്വക്ഷേത്രകലയിൽ വിദഗ്ദനായിരുന്നു ഈയിടെ അന്തരിച്ച പരിയാരത്തു നാരായണൻ നമ്പൂതിരി. പാരമ്പര്യ ചികിത്സാരംഗത്തെ പ്രതിഭകളിൽ അഷ്ടവൈദ്യൻ വി.പി. രാവുണ്ണി വൈദ്യർ, എരേക്കത്ത് അയ്യപ്പൻ വൈദ്യർ, വാഴയിൽ കണ്ടപ്പൻവൈദ്യർ, ചെന്ത്രത്തിൽ കേശവൻകുട്ടിനായർ എന്നിവരുടെ നാമം നന്ദിയോടെ സ്മരിക്കപ്പെടുന്നുണ്ട്. ബാലചികിത്സയിൽ അത്തിപ്പറ്റ തടത്തിൽ അഹമ്മദ്ഹാജിയും പാമ്പലത്ത് കോമുഹാജിയും മർമ്മ ചികിത്സാരംഗത്ത് തെക്കഞ്ചേരി രാഘവനുണ്ണി നായരും സാമൂഹ്യ പരിഷ്കരണ രംഗത്ത് കെ.പി. അഗ്നിശർമ്മൻ നമ്പൂതിരിയും അഭിമാനപൂർവ്വം സ്മരിക്കപ്പെടുന്നു. താനൂരിൽ നിന്ന് മീൻകുട്ടയും തലയിലേറ്റി ഓടിവന്നിരുന്ന ബീരാൻകാക്കയും അദ്ദേഹത്തിന്റെ ``മീൻപൂക്കും" വിസ്മൃതിയുടെ കയങ്ങളിലേക്ക് താണുകൊണ്ടിരിക്കുന്നു. പി. കുട്ടിഹസ്സൻ മാസ്റ്ററുടെ കല്യാണപാട്ട് ഒരു കാലത്ത് സമ്പന്നഗൃഹങ്ങളിലെ കല്യാണത്തിന്റെ അവിഭാജ്യഘടകമായിരുന്നു.

പുരാതനകാലത്ത് നാട്ടുവഴികളും കാളവണ്ടിച്ചാലുകളുമായിരുന്നു ഗതാഗത മാർഗങ്ങൾ. ഇവയിൽ പലതും ഇപ്പോൾ റോഡുകളായി മാറിക്കഴിഞ്ഞിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് മുന്നിട്ടിറങ്ങിയത് വ്യക്തികളും കൂട്ടായ്മകളുമായിരുന്നു. ഇത്തരം വ്യക്തികളിൽ പുന്നപ്പുറത്ത് മാധവൻനമ്പൂതിരിപ്പാട്, ഇടയത്ത് മാധവൻനായർ, പുത്തൻപീടികക്കൽ മൊയ്തീൻകുട്ടിഹാജി, പുത്തൂർമന രാമൻ നമ്പൂതിരി, കെ. പി. നാരായണൻ നമ്പൂതിരിപ്പാട് എന്നിവർ ഓർമ്മിക്കപ്പെടുന്നു. പ്രഥമ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നതിനുശേഷം നിർമ്മിക്കപ്പെട്ട ആദ്യത്തെ റോഡ് കല്ലാർമംഗലം-രണ്ടത്താണി റോഡ് ആയിരുന്നു. 1964-65 വർഷത്തിലാണ് ഇതിന്റെ പണി പൂർത്തിയായത്.

1929 ൽ രൂപീകരിക്കപ്പെട്ട വിവിധോദ്ദേശ ഐക്യ നാണയസംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. മാറാക്കര സർവ്വീസ് സഹകരണ ബാങ്കായിമാറിയ ഈ സ്ഥാപനമടക്കം മൂന്ന് ബാങ്കിങ്ങ് സ്ഥാപനങ്ങൾ ഇന്ന് പഞ്ചായത്തിലുണ്ട്.

ഉത്സവങ്ങളും നേർച്ചകളും ഇവിടെ സമ്പന്നമായിരുന്നു. മരുതിലമ്പലത്തിലെ താലപ്പൊലി, കല്ലാർമംഗലത്തെ തേർപൂജ, മാടമ്പിയാർകാവിലെ വിളക്ക്, പഴമള്ളൂർ നേർച്ച, കല്ലാർമംഗലത്തെ ശ്രീകുറുംബഭഗവതിക്ഷേത്രത്തിലെ പൂരം, ആറ്റുപുറം നേർച്ച എന്നിവ പ്രസിദ്ധമാണ്. മാടമ്പിയാർകാവിലെ വിളക്കും ഹരിജനങ്ങളുടെ ഉത്സവമായ പുളിക്കൽ മണ്ഡപത്തിലെ ഉത്സവവും ശ്രീകുറുംബപുരവും ഇന്നും ശോഭയോടെ നിലനിൽക്കുന്നു. മറ്റെല്ലാം ഓർമ്മകളായി മാറിക്കഴിഞ്ഞു. ഈ ചരിത്രത്തിൽ വാധ്യാൻമനയിലെ കഥകളിസംഘം സൂചിതമാകാതിരുന്നുകൂടാ.

പകിടകളി ഈ ഗ്രാമത്തിന്റെ ഹരമാണ്. ഇന്നും ചില സ്ഥലത്ത് ഈ കളി നടക്കുന്നുണ്ട്. ``പന്ത്രണ്ടാംതായവും" ``പതിനഞ്ച്നായും പുലിയും" ഇന്നും സമൂഹം മറന്നിട്ടില്ല. ബാലികമാർ ഒത്തുചേരുന്നിടത്ത് `വട്ടുകളി' നിലനിൽക്കുന്നു. കോലാട്ടവും കുമ്മിയും നാം മറന്നു. തിരുവാതിരക്കളിമാത്രം വിദ്യാലയവേദികളിൽ അരങ്ങേറുന്നു. മാപ്പിളപ്പാട്ടിന്റെ ഈണം വിസ്മൃതമായി. ദഫ്മുട്ട് ഇന്ന് ആർക്കറിയാം!

ഈ പഞ്ചായത്തിന്റെ വളർച്ചയിൽ ശ്രീ. കാടാമ്പുഴ ഭഗവതിക്ഷേത്രം വഹിച്ചപങ്ക് നിസ്തുലമാണ്. പഞ്ചായത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ പുണ്യക്ഷേത്രത്തോട് ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടത്തെ ഗതാഗത സൗകര്യം വികസിച്ചത്. ഇവിടെ ആദ്യമായി ബസ്സോടിയത് കാടാമ്പുഴ-കോഴിക്കോട് റൂട്ടിലായിരുന്നു. പഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രവും കാടാമ്പുഴ തന്നെ. ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശമാണ് കാടാമ്പുഴ.

പഞ്ചായത്തിലെ പുരാതനമായ മുസ്ലിംപള്ളിയാണ് അച്ചിപ്ര കല്ലാർമംഗലം ജുമാമസ്ജിദ്.

ഇന്ന് പഞ്ചായത്തിന് സ്വന്തമായ സാംസ്കാരിക നിലയവും ലൈബ്രറിയും, കാടാമ്പുഴയിൽ ബസ്സ് സ്റ്റാന്റുമുണ്ട്. അന്നത്തെ ബഹു: ധനകാര്യമന്ത്രി ഉമ്മൻചാണ്ടിയാണ് സാംസ്കാരിക നിലയം ഉൽഘാടനം ചെയ്തത്.

വിവിധ മേഖലകളിൽ പഞ്ചായത്തിനുണ്ടായ വികസനത്തിൽ മുൻപ്രസിഡണ്ടുമാരായ പി.മാധവൻനമ്പൂതിരിപ്പാടിന്റെയും പി. കൃഷ്ണൻനായർമാസ്റ്ററുടെയും

സേവനം നിസ്സീമമാണ്. സഹൃദയരും സേവനോത്സുകരുമായ ഇവർ ഇന്നും സമൂഹമധ്യത്തിൽ നിറഞ്ഞുനിൽക്കുന്നുണ്ട്.

മാറാക്കര പഞ്ചായത്തിലെ ആദ്യത്തെ മെഡിക്കൽ ബിരുദധാരി ഡോ: സി. ബാലകൃഷ്ണൻ F.R.C.S (ലണ്ടൻ) ആണ്. ഈ പഞ്ചായത്തിൽനിന്ന് ഉന്നതവിദ്യാഭ്യാസത്തിൽ ആദ്യം ഡിഗ്രി നേടിയത് ഇദ്ദേഹത്തിന്റെ അമ്മാവൻ സി.കെ. നായരായിരുന്നു. തെക്കഞ്ചേരി തറവാട്ടിലെ ശാന്ത അമ്മയാണ് ആദ്യത്തെ ബിരുദധാരിണി. സ്റ്റാറ്റിസ്റ്റിക്കൽവകുപ്പ് ഡയറക്ടറായിരുന്ന സി. സൈനബയാണ് ബിരുദം നേടിയ ആദ്യത്തെ മുസ്ലിംവനിത. പിന്നോക്കജാതിക്കാർ ഉന്നതവിദ്യഭ്യാസരംഗത്തേക്ക് വൈകിയാണ് എത്തിയത്.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ആദ്യം നടന്ന തിരഞ്ഞടുപ്പിൽ മദ്രാസ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് പി. കെ. മൊയ്തീൻ കുട്ടി സാഹിബായിരുന്നു. കുറ്റിപ്പുറം നിയമസഭാ മണ്ഡലം രൂപീകരിച്ചതിന് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ കെ. എം. സീതീസാഹിബ് വിജശ്രീലാളിതനായി. ഇദ്ദേഹത്തിന്റെ മരണത്തെതുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ മുഹസിൻബിൻഅഹമ്മദ് വിജയിച്ചു. പിന്നീട് ഡോ: സി.എം. കുട്ടി, ചാക്കീരി അഹമ്മദ് കുട്ടി, കൊരമ്പയിൽ അഹമ്മദ്ഹാജി, പി.കെ. കുഞ്ഞാലിക്കുട്ടി എന്നീ ജനനായകരും ഈ മണ്ഡലത്തെ പ്രതിനിധീകരിച്ചു. ഏക ജില്ലാകൗൺസിൽ തിരഞ്ഞെടുപ്പിൽ ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ആതവനാട് ഡിവിഷനിൽ നിന്ന് ആളൂർ പ്രഭാകരനും 1995-ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കാടാമ്പുഴ ബ്ലോക്ക് ഡിവിഷനിൽനിന്ന് സി. ആയിശു ടീച്ചറും ജില്ലാ ഡിവിഷനിൽനിന്ന് അബ്ദുറഹിമാൻ രണ്ടത്താണിയും തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിലെ 9-ാം വാർഡിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട പാമ്പലത്ത് സൈനബയാണ് ഇപ്പോഴത്തെ പ്രസിഡണ്ട്.

യുവജനപ്രസ്ഥാനങ്ങളുടെ സജീവമായ സാന്നിദ്ധ്യം മാറാക്കരയിലുണ്ട്. ഇവിടത്തെ യുവചൈതന്യം ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ജീവനാഡിയായി മാറുമെന്ന് തീർച്ചയാണ്.

കോലാട്ടത്തിന്റെയും കോൽക്കളിയുടെയും, തിരുവാതിരപ്പാട്ടിന്റെയും ഒപ്പനപ്പാട്ടിന്റെയും, തിരുവാതിരത്തുടിയുടെയും ദഫ്മുട്ടിന്റെയും, ആട്ടക്കളത്തിന്റെയും പടകളിയുടെയും, പരിചമുട്ടുകളിയുടെയും പൂതംകളിയുടെയും, ഓണത്തല്ലിന്റെയും പൂവിളിയുടെയും ഗതകാലസ്മരണയിൽ മയങ്ങിക്കിടക്കുകയാണ് മാറാക്കര. ജനകീയാസൂത്രണത്തിന്റെ പുതിയ പ്രഭാതം വിരിയുകയാണ്. ഐക്യത്തിന്റെ, സൗഹാർദ്ദത്തിന്റെ, കൂട്ടായ്മയുടെ, ക്രിയാത്മകതയുടെ ഒരുനല്ലനാളെയിലേക്ക് മാറാക്കര ഗ്രാമപഞ്ചായത്ത് പ്രവേശിക്കുകയായി.

ഇതിലേ............. ഇതിലേ.............

## അവലംബം:

1. പൂരപ്രബന്ധം - വെൺമണി മഹൻ നമ്പൂതിരിപ്പാട്.
2. ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി
3. ഖിലാഫത്ത് സ്മരണകൾ - മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി.
4 കേരളചരിത്രത്തിന് ഒരു ആമുഖം - ഇ.എം.എസ്.
5 ജീവിതപ്പാത - ചെറുകാട്.
6. എന്റെ ജീവിതകഥ - എ.കെ.ജി.
7. കഴിഞ്ഞ കാലം - കെ. പി. കേശവമേനോൻ.
8. പഴശ്ശി സമരങ്ങൾ - ഡോ: കെ.കെ.എൻ. കുറുപ്പ്.
9. കേരളത്തിലെ കർഷകസമരങ്ങൾ - ഡോ: കെ.കെ.എൻ. കുറുപ്പ്.
10. നായർമേധാവിത്വത്തിന്റെ പതനം - റോബിൻജെഫ്രി (കാനഡ).
11. മലബാർസമരം: എം.പി. നാരായണമേനോനും, സഹപ്രവർത്തനകരും - പ്രൊ: എം.പി.എസ്. മേനോൻ.
12. കേരളചരിത്രം നൂറ്റാണ്ടുകളിലൂടെ - പ്രൊ: ശ്രീധരമേനോൻ.
13. അരനൂറ്റാണ്ടിലൂടെ - പി. നാരായണൻ നായർ
14. മൗലവിയുടെ കഥ - ഇ. മൊയ്തുമൗലവി.
15. Against Lord and states - സർദാർ കെ. എം. പണിക്കർ.
16. National Problems In Kerala - E. M. S
17. സെറ്റിൽമെന്റ് രേഖകൾ .
18. നാട്ടറിവുകളും കേട്ടറിവുകളും കൈമാറിയ പഴമക്കാരും പുതുമക്കാരും.

ചരിത്രം ക്രോഡീകരിച്ചത്: സി. എം. ഷാഫി, പി. രാധാകൃഷ്ണൻ.

ബുദ്ധിമാൻമാർ സ്വന്തം ബുദ്ധിയെ
പുകഴ്ത്തിപ്പറയുകയോ, മഹാൻമാ
രാണെന്ന് നടിക്കുകയോ ചെയ്യില്ല.
-ജവഹർലാൽ നെഹ്റു.



# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.

മാറാക്കര പഞ്ചായത്തിൽ ചെമ്പാറയും കരിമ്പാറയും ധാരാളമായി ഭൂമിക്കടിയിലും പുറമെയും കാണപ്പെടുന്നു. പാറയുടെ അംശമേ കാണാത്ത ചില പ്രദേശവുമുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് മാറാക്കരയെ 6 ഭൂഭാഗങ്ങളായി വേർത്തിരിക്കാം. അവ 1. ഉയർന്ന കുന്നിൻപ്രദേശം. 2. ഉയർന്ന സമതലം. 3. കുന്നിൻചെരിവുകൾ 4. കുത്തനെയുള്ള ചെരിവുകൾ 5. ഇടസമതലം 6. താഴ്വരകൾ. വിശദാംശങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

### പട്ടിക - 1
### ഭൂപ്രകൃതി മേഖലകൾ

| ക്രമ നമ്പർ | തരം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന കുന്നിൻ പ്രദേശം | 222.08 | 8 |
| 2. | ഉയർന്ന സമതലം | 555.20 | 20 |
| 3. | കുന്നിൻചെരിവുകൾ | 360.88 | 13 |
| 4. | കുത്തനെയുള്ള ചെരിവുകൾ | 305.36 | 11 |
| 5. | ഇടസമതലം | 471.92 | 17 |
| 6. | താഴ്വരകൾ | 860.56 | 31 |
| | ആകെ | 2776 | 100 |

## 1. ഉയർന്ന കുന്നിൻ പ്രദേശം:-

മൊത്തം ഭൂവിസ്തൃതിയുടെ 8 ശതമാനം വരുന്ന ഈ ഭാഗങ്ങൾ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ്. വലിയ നിരപ്പ്, വട്ടപ്പറമ്പിലെ കൂമാൻകല്ല് ഭാഗം, വെട്ടുതോട്, ഇമ്മിണിയത്ത്, ചേനാടൻകുളമ്പ്കുന്ന്, തവളകൊണുക്കിന്റെ മുകൾഭാഗം എന്നിവ ഉൾപ്പെടുന്നതാണ് ഈ ഭൂവിഭാഗം. നിരന്നതും ഒറ്റപ്പെട്ടതുമായ ചെമ്പാറയും കരിമ്പാറയും ഫലഭൂയിഷ്ടമല്ലാത്ത ചെമ്മണ്ണും ചെകിടിമണ്ണും നിറഞ്ഞ പ്രദേശങ്ങളുമാണ്. ചിലയിടങ്ങളിൽ ചെറുമരങ്ങൾ വളരുന്നുണ്ടെങ്കിലും ഒട്ടുമിക്ക പ്രദേശങ്ങളും മൊട്ടക്കുന്നുകളാണ്. ഇവ കൃഷിക്കനുയോജ്യമല്ല. പല സ്ഥലങ്ങളിലും മനുഷ്യന് എത്തിപ്പെടുക തന്നെ സാഹസകരമാണ്. ഇതിൽ വലിയനിരപ്പ്, കൂമാൻകല്ല് പ്രദേശങ്ങളിൽ ജലലഭ്യത വളരെകുറവാണ്.

## 2. ഉയർന്നസമതലം:

മേൽവിവരിച്ച കുന്നുകളുടെ അത്രതന്നെ ഉയരമില്ലാത്ത എന്നാൽ മുകൾവശം നിരപ്പായ പ്രദേശങ്ങളാണ് ഇത്. രണ്ടത്താണിയിലെ ചിനഭാഗം, പൂവൻചിന നെല്ലിത്തടം, ചെറുപറമ്പ്, കാടാമ്പുഴയിലെ പിലാത്തറ, തുവപ്പാറ, കാടാമ്പുഴവലിയനിരപ്പ്, പത്തായക്കല്ല്, ചാലയിക്കുടം, പറപ്പൂര്, യാറത്തിങ്ങൽ, ഒറക്കോട്ട് മുകൾഭാഗം എന്നിവ ഉയർന്നസമതലങ്ങളാണ്. ഈ പ്രദേശങ്ങളിൽ സുലഭമായി ജലം ലഭിക്കുന്നതിനാൽ കാർഷികമേഖലയാണ്. പ്രത്യേകിച്ചും ധാരാളം ജലം ആവശ്യമുള്ള വെറ്റില, നെല്ല്, കമുങ്ങ്, പച്ചക്കറികൃഷി ഇവ വ്യാപകമാണ്. ചെമ്പാറപ്രദേശങ്ങൾ മനുഷ്യപ്രയത്നത്താൽ മൺപ്രദേശങ്ങളാക്കി മാറ്റി കൃഷിക്കുപയുക്തമാക്കിയിട്ടുണ്ട്.

## 3. കുന്നിൻചെരിവുകൾ:

ഉയർന്ന കുന്നിൻപ്രദേശങ്ങളുടെയും ഉയർന്ന സമതലത്തിന്റെയും തൊട്ടുതാഴെയുള്ള ഈ ഭൂഭാഗം ചെരിഞ്ഞപ്രദേശങ്ങളാണ്. ഉയർന്നകുന്നിൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന വലിയ ചെമ്പാറക്കൂട്ടങ്ങളും കരിങ്കൽകൂട്ടങ്ങളും ഇവിടെ ദൃശ്യമാണ്. വലിയനിരപ്പ്, കുളക്കാട് മുകൾഭാഗം, വട്ടപ്പറമ്പ്, ചെറുപറമ്പ്, രണ്ടത്താണിമുള്ളൻമട, കീഴ്മുറിമുകൾഭാഗം ഹൈസ്കൂൾപ്രദേശം എന്നിവ ചേർന്നതാണ് ഈ ഭൂവിഭാഗം. നിരന്തരമണ്ണൊലിപ്പിന്റെ ഫലമായി മുകൾമണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ട

പ്പെട്ടിട്ടുണ്ട് എങ്കിലും ചില പ്രദേശങ്ങൾ കൃഷിക്കനുയോജ്യമാണ്. എന്നാൽ ഈ പ്രദേശത്തിന്റെ 35 ശതമാനം കുറ്റിക്കാടുകളാണ്. അവിടവിടെ മരങ്ങളും കുറ്റിച്ചെടികളും വളർന്നുനിൽക്കുന്നു. ഞാവൽ ഇവിടെ കാണപ്പെടുന്ന ഒരു സർവ്വസാധാരണമരമാണ്. അങ്ങിങ്ങ് അല്പാല്പം കശുമാവ് കൃഷിയുമുണ്ട്.

### 4. കുത്തനെയുള്ളചെരിവുകൾ:

ഇവ കുന്നിൻചെരിവുകൾ തന്നെയാണെങ്കിലും കുത്തനെയായതിനാൽ മഴക്കാലത്ത് ജലം കുത്തിയൊലിച്ച് മണ്ണൊലിച്ച് വരുവെട്ടുചാലുകൾ രൂപംകൊണ്ടിട്ടുണ്ട്. കരിമ്പാറക്കുട്ടികളും വെള്ളാരങ്കല്ല് നിറഞ്ഞ ചെകിടിമണ്ണും ഈ പ്രദേശങ്ങളിൽ ചിലതിന്റെ പ്രത്യേകതയാണ്. എന്നാൽ നല്ല ചുവന്ന മണ്ണുള്ള പ്രദേശങ്ങളും വിരളമല്ല. റബ്ബർ കൃഷി ഈ പ്രദേശങ്ങളിൽ ദുർലഭമായി മാത്രം കണ്ടുവരുന്നു. ആകെ വിസ്തൃതിയുടെ 1.5 ശതമാനം മാത്രമേ ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ചെമ്മങ്ങോട്, കരിങ്ങാങ്കുഴി എന്നീ പ്രദേശങ്ങൾ ഇത്തരം ചെരിവുകൾക്കുദാഹരണമാണ്. ഭൂമി തട്ടുകളാക്കി തെങ്ങും ഈ പ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്നുണ്ട്. ഞാവൽക്കൂട്ടങ്ങളും, വള്ളിപ്പടർപ്പുകളും, കുറ്റിച്ചെടികളും, മുൾച്ചെടികളും കനത്തതോതിൽ മണ്ണൊലിപ്പില്ലാത്ത പ്രദേശങ്ങളിൽ കാണാം. ചോലകൾ എന്ന് പരക്കെ അറിയപ്പെടുന്ന നീരുറവകളിൽ പലതും ഇത്തരം ചെരിവുകളിലാണ് സ്ഥിതിചെയ്യുന്നത്. രണ്ടത്താണി ഭാഗത്തെ അടാട്ടിൽ ചോല, ഇല്ലിക്കൽചോല, തുറക്കൽചോല, ചൂരപ്പുലാക്കൽചോലസമുച്ചയം കാടാമ്പുഴക്കടുത്ത മൂലാംചോല, ഏനിക്കൽകുളമ്ചോല, വെട്ടിങ്ങാപ്പുറംചോല എന്നിവ ഇത്തരം നീരുറവകളിൽ ചിലത് മാത്രമാണ്.

### 5. ഇടസമതലം:-

കുന്നിൻചെരിവുകൾക്കും കുത്തനെയുള്ള ചെരിവുകൾക്കും താഴെയുള്ള പ്രദേശമാണിത്. കരേക്കാട്, പറപ്പൂര്, ചാലിയക്കുടം, മേൽമുറി, ചെട്ട്യാരം, ചെറിയനിരപ്പ്, ചെറ്റാര, കരിങ്ങാങ്കുഴി അടിവശം എന്നീ ഭൂഭാഗങ്ങൾ ഫലഭൂയിഷ്ടമാണ്. വൻതോതിൽ ദീർഘകാല, ഇടവിളകൾ കൃഷിചെയ്യുന്ന മേഖലയാണിത്. തെങ്ങ്, കമുങ്ങ്, വാഴ, വെറ്റില, കുരുമുളക്, കശുമാവ്, മരച്ചീനി, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, ധാന്യങ്ങൾ എന്നിവ ഇതിൽ പ്രധാനമാണ്. ജനങ്ങൾ വീടുകെട്ടി താമസിക്കുവാനും കന്നുകാലികൾക്ക് മേച്ചിൽപുറങ്ങളായും ഈ പ്രദേശങ്ങൾ ഉപയോഗിച്ചുവരുന്നു. പഴയ തറവാടുകളിൽ പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി നിലനിർത്തിയിരുന്ന 'കാവുകൾ' ഈ മേഖലയിൽ ധാരാളമുണ്ടായിരുന്നു. അവയിൽ ചിലത് ഇന്നും നിലനിൽക്കുന്നു.

### 6. താഴ്വരകൾ:-

ഏറ്റവും കൂടുതൽ ഭൂവിസ്തൃതി താഴ്വരകൾക്കാണ്. ഈ പ്രദേശത്താണ് പഞ്ചായത്തിലെ പ്രധാന കൃഷിയിടങ്ങൾ. പ്രകൃതിദത്തമായ ജലവാഹിനികളായ തോടുകളും അവയിൽ മനുഷ്യനിർമ്മിത ചിറകളും, പ്രധാന കുളങ്ങളും, കിണറുകളും, നെൽപാടങ്ങൾക്ക് ജലം എത്തിക്കുന്നു. നെല്ല്, വാഴ, മരച്ചീനി, തെങ്ങ്, കമുങ്ങ്, വെറ്റിലകൃഷി ഈ പ്രദേശത്താണ് ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത്. ധാരാളം ജലം ലഭ്യമായ പ്രദേശമായതിനാലാണ് ഇവിടം കൃഷിക്ക് വ്യാപകമായതോതിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ജനങ്ങൾ വയൽക്കരകളിലും, കരപ്രദേശങ്ങളിലും വീടുവെച്ചുതാമസിക്കാനും വ്യാപകമായി ഈ പ്രദേശത്തെ ഉപയോഗപ്പെടുത്തുന്നു.

പഞ്ചായത്തിലെ ഇത്തരം മുഴുവൻ പ്രദേശങ്ങളിലും ചരൽകലർന്ന ചെമ്മണ്ണാണ് (Laterite Soil) കാണപ്പെടുന്നത്. എന്നാൽ 30 ശതമാനം ചെങ്കൽ പ്രദേശങ്ങളാണ്. അപൂർവ്വമായി കരിങ്കൽ പ്രദേശങ്ങളുമുണ്ട്. ചെങ്കല്ല്, കരിങ്കല്ല് എന്നിവ കെട്ടിടനിർമ്മാണത്തിന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. യന്ത്രങ്ങളുപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ചെങ്കല്ല് വെട്ടിയെടുത്തും, തോട്ടവെച്ച് കരിമ്പാറകൾ പൊട്ടിച്ചും ലോറികളിൽ കയറ്റി ദൂരസ്ഥലങ്ങളിലേക്ക് പോലും കൊണ്ടുപോകുന്നു.

## ജനപ്രകൃതി

1991 ലെ കാനേഷുമാരി കണക്കുപ്രകാരം മാറാക്കര പഞ്ചായത്തിലെ ജനസംഖ്യ 27845 ആയിരുന്നു. ഇതിൽ 13295 പേർ പുരുഷന്മാരും 14550 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1255 സ്ത്രീകൾ കൂടുതലാണ്. ജനസംഖ്യയിൽ 6 വയസ്സിനു താഴെയുള്ള ആൺകുട്ടികൾ 2813 ഉം പെൺകുട്ടികൾ 2714 ഉം ആണ്. പട്ടികജാതി ജനസംഖ്യ 1139 ആണ്. ഇതിൽ 555 പുരുഷന്മാരും 584 സ്ത്രീകളും ഉണ്ട്. ആകെ ജനസംഖ്യയിൽ 19278 പേർ സാക്ഷരരാണ്. ഇതിൽ 9472 പുരുഷന്മാരും 9806 സ്ത്രീകളുമാകുന്നു. 1990 ലെ സാക്ഷരതാസർവ്വേ പ്രകാരം പഞ്ചായത്തിൽ 1368 പുരുഷന്മാരും 2156 സ്ത്രീകളും നിരക്ഷരരായി ഉണ്ടായിരുന്നെന്ന് കണ്ടെത്തി. ആകെയുള്ള 3524 പേരിൽ 70 ശതമാനത്തെ സാക്ഷരരാക്കാൻ കഴിഞ്ഞു.

1996 ലെ സർവ്വേ പ്രകാരം മാറാക്കരയിലെ ജനസംഖ്യ 30669 ആണ്. ഇതിൽ 15409 പുരുഷന്മാരും, 15260 സ്ത്രീകളുമാണ്.

വിദ്യാഭ്യാസരംഗത്ത് മലപ്പുറം ജില്ലയിൽ ഒട്ടും പിന്നിലല്ലാത്ത ഒരു പഞ്ചായത്താണ് മാറാക്കര. എങ്കിലും പഠനനിലവാരം മെച്ചമല്ല. പുതിയ ജില്ലാപ്രാഥമിക വിദ്യാഭ്യാസ പദ്ധതി വ്യാപകമാകുന്നതോടെ ഈ നിലവാരത്തകർച്ച മാറ്റിയെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. വിവധ മേഖലകളിൽ ഉന്നതവിദ്യാഭ്യാസം നേടിയ നിരവധി പേരെ ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്.

വയലേലകളിൽ കഠിനാധ്വാനം ചെയ്തിരുന്ന ഭൂരിപക്ഷവും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ തേടി ഗൾഫിൽ ചേക്കേറിയതിനാൽ കാർഷിക രംഗം ഇന്ന് തളത്തിൽ

അനാഥമാണ്. ബാക്കിയുള്ളവരിൽ നല്ലൊരുഭാഗം തൊഴിലാളികൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. വൻതോതിലുള്ളവീട്, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നതിനാൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടായിരുന്നെങ്കിലും ഗൾഫിൽനിന്നുള്ള തിരിച്ചുവരവ് ഈ രംഗത്തെ തളർത്തിയിരിക്കുന്നു. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന ഗ്രാമീണവ്യവസായങ്ങൾ ആരംഭിക്കുക മാത്രമേ ഇതിനു പരിഹാരമായുള്ളു.

ഉന്നതകുലജാതരായ നാട്ടുപ്രമാണിമാർ ഉച്ചനീചത്വങ്ങൾ മറ്റെല്ലാ പ്രദേശത്തേയുംപോലെ മാറാക്കരയിലും വെച്ചുപുലർത്തിയിരുന്നു. കാലം മാറിയതോടെ അത്തരം പ്രതാപം നഷ്ടപ്പെട്ടു. നിയമം വഴി ജന്മിത്തം അവസാനിപ്പിച്ചതോടെ ഇതു തീരെ അസ്തമിച്ചു എന്നു തന്നെ പറയാം. ഇന്ന് ജാതിമതഭേദമന്യേ ജനങ്ങൾ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ കൈകോർത്തു പ്രവർത്തിക്കുന്നു.

## ജലപ്രകൃതി


ഈ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 2910 മില്ലിമീറ്റർ മഴ ലഭിക്കുന്നുണ്ട്. ജൂൺ ജൂലായ് മാസങ്ങളിലെ ഇടവപ്പാതിയാണ് പ്രധാന മഴക്കാലം. ജനുവരിമുതൽ ഫെബ്രുവരി അവസാനം വരെ മഴയുടെ ലഭ്യത കുറവാണ്.

പഞ്ചായത്തിലെ ജലവാഹിനികളായ തോടുകളാണ് ഉപരിതലജലസ്രോതസ്സ്. ഇതിൽ പ്രധാനതോട് കോട്ടക്കൽ ഭാഗത്തേക്ക് ഒഴുകിപ്പോകുന്ന വെള്ളരിഞ്ഞിതോടാണ്. കുടിവെള്ളത്തിന് ഏപ്രിൽ മെയ് മാസങ്ങളിൽ ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്. ഭൂമിയുടെ നിമ്നോന്നത ജലലഭ്യതക്ക് ഒരു മാനദണ്ഡമല്ലെന്ന് പിലാത്തറ ഭാഗത്തെ ഭൂഗർഭ ജലസ്രോതസ്സുകളിൽ നിന്ന് മനസ്സിലാകും. ഈ പ്രദേശത്തെ ജനങ്ങൾ 'വെള്ളടാങ്ക്' എന്നാണ് വിളിക്കുന്നത്.

◎

എവിടെയാണോ മനസ്സ് നിർഭയമാകുന്നത്,
എവിടെയാണോ ശിരസ്സ് ഉയർന്നിരിക്കുന്നത്,
എവിടെയാണോ വിജ്ഞാനം സ്വതന്ത്രമാകുന്നത്,
എവിടെയാണോ ലോകം രാഷ്ട്രങ്ങളുടെ
ഇടുങ്ങിയ അതിരുകളായി മുറിക്കപ്പെടാതിരിക്കുന്നത്,
എവിടെയാണോ വാക്കുകൾ സത്യത്തിന്റെ–
അഗാധമായ കയങ്ങളിൽനിന്ന് ആവിർഭവിക്കുന്നത്,
എവിടെയാണോ നിലയ്ക്കാത്ത കഠിനാദ്ധ്വാനം–
അതിന്റെ കൈകൾ പരിപൂർണതയിൽ അർപ്പിക്കുന്നത്
സ്വാതന്ത്ര്യത്തിന്റെ ആ മഹിതസ്വർഗത്തിലേക്ക്
ദൈവമേ, എന്റെ രാജ്യം ഉണരണേ!

– രവീന്ദ്രനാഥ ടാഗോർ
(ഗീതാഞ്ജലി)



# കൃഷിയും ജലസേചനവും

മാറാക്കര തികച്ചും ഒരു കാർഷികഗ്രാമമാണ്. നാലു ഭാഗത്തും ഉയർന്ന പ്രദേശത്തിനിടയിൽ താഴ്ന്നു കിടക്കുന്ന സമതലങ്ങളാണ് അധികവും. പൂവൻചിനക്കുന്ന്, ഇമ്മിണിയത്ത്കുന്ന്, വട്ടപ്പറമ്പ്, വെട്ടുതോട്, മുഴങ്ങാണി, വലിയനിരപ്പ്, പല്ലിക്കുന്ന്, പത്തായക്കല്ല് ഭാഗങ്ങൾ ഉയർന്ന കുന്നിൻപ്രദേശങ്ങളാണ്. ഇതിൽ വലിയനിരപ്പ് പ്രദേശമാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്.

മുഖ്യകൃഷി നെല്ല്, തെങ്ങ്, കമുങ്ങ് ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ ധാന്യങ്ങൾ വാഴ, വെറ്റില, കുരുമുളക് എന്നിവകൃഷിചെയ്തിരുന്നു.

ഭൂരിഭാഗം കൃഷിക്കാരും ഭൂഉടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. വിശദാംശം പട്ടിക 1ൽ ചേർത്തിരിക്കുന്നു.

### പട്ടിക. 1
### (വില്ലേജ് ഓഫീസ് രേഖകൾ)

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 2669 |
| 2. | ഒരുഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 1221 |
| 3. | രണ്ട് ഹെക്ടറിനുമുകളിൽ | 105 |
| | ആകെ | 3995 |

ആദ്യകാലത്ത് നെൽകൃഷിക്കായിരുന്നു പ്രാമുഖ്യം. സാധാരണഭാരതീയ കർഷകരെപ്പോലെ പൂർണ്ണമായും മഴയെആശ്രയിച്ചായിരുന്നു കൃഷിനടത്തിയിരുന്നത്. തോടുകളിൽ നാടൻ ചിറകൾകെട്ടിയും കുളം, കിണർ എന്നിവയിൽ ഏത്തംവെച്ചും കാളത്തേക്കുവഴിയും ജലസേചനം നടത്തിയിരുന്നു.

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. കോഴിക്കോട് സാമൂതിരിയുടെ സാമന്തകുടുംബമായ കോട്ടക്കൽ കിഴക്കെകോവിലകം, തെക്കഞ്ചേരികുടുംബം തുടങ്ങിയവരായിരുന്നു പ്രധാനികൾ.

മൊത്തം ഭൂവിസ്തൃതിയുടെ 19 ശതമാനം നെൽകൃഷിചെയ്തിരുന്ന വയലുകളായിരുന്നു. നാടൻ വിത്തിനങ്ങളായ ആര്യൻ, തവളക്കണ്ണൻ, വെള്ളാത്തൻ, ചിറ്റേനി, തൊണ്ണൂറാൻ എന്നിവ ജൈവവളമുപയോഗിച്ച് കൃഷിചെയ്തിരുന്നു. ജലസേചനസൗകര്യമില്ലാത്ത പറമ്പുകളിൽ മോടൻനെല്ലും കൃഷിചെയ്തിരുന്നു. പുതിയ നെൽവിത്തിനങ്ങളും കൃഷിസമ്പ്രദായങ്ങളും ആവിർഭവിച്ചതോടെ അവ ഗ്രാമസേവകൻ വഴി മാറാക്കരയിലുമെത്തി. ഇതോടെ രാസവള – കീടനാശിനി പ്രയോഗവും പമ്പുസെറ്റുകളുപയോഗിച്ച് ജലസേചനവും ട്രാക്റ്ററുപയോഗിച്ച് നിലമുഴുതലും ആരംഭിച്ചു.

പാടങ്ങളിൽ ഇടവിളയായി ചാമ, പയർ, എള്ള് എന്നിവയും മരച്ചീനി, മധുരക്കിഴങ്ങ്, ചേമ്പ്, ചേന, കാച്ചിൽ എന്നിവയും വേനൽകാല പച്ചക്കറികളും ധാരാളമായി കൃഷിചെയ്തിരുന്നു. കൂടാതെ കർക്കിടകത്തിലെ പഞ്ഞ കാലത്ത് താള്, തകര എന്നിവ പാകംചെയ്തും വിവിധ കിഴങ്ങുകൾ ചുട്ടും പുഴുങ്ങിയും ജനങ്ങൾ ആഹാരത്തിനുപയോഗിച്ചിരുന്നു.

ജലസേചനത്തിനായി തോടുകളിൽ വാഴച്ചപ്പ്, കവുങ്ങിൻപട്ട, ഓല, കവുങ്ങ് എന്നിവ ഉപയോഗിച്ച് താല്കാലിക തടയണകൾ നിർമ്മിച്ച് കൃഷിസ്ഥലങ്ങളിലേക്ക് ജലം തിരിച്ച് വിട്ടിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, പോള, കാളത്തേക്ക് എന്നിവയും ഉപയോഗിച്ചിരുന്നു. കൂടാതെ ചോലകളിൽ നിന്ന് ചാലുകൾ വഴിയും വെള്ളമെത്തിച്ചിരുന്നു. കീടനിയന്ത്രണത്തിന് ചാഴിയെനശിപ്പിക്കാൻ മുറംവീശൽ, വെണ്ണീർപറപ്പിക്കൽ ഓലചുരുട്ടിപുഴുവിനെ അകറ്റാൻ ഇല്ലിത്തലപ്പുവീശൽ, എലികളേയും പെരുച്ചാഴികളേയും പിടിക്കാൻ മുളംകുറ്റികെണി, എന്നീ നാടൻരീതികളാണ് ആദ്യകാലത്ത് പ്രയോഗിച്ചിരുന്നത്. കമുങ്ങ്കൃഷിക്കാണ് ദീർഘകാല വിളകളുടെ കൂട്ടത്തിൽ പ്രാമുഖ്യമുണ്ടായിരുന്നത്. പഴുക്ക, പച്ച അടക്കകളുടെ പ്രധാന വിപണനകേന്ദ്രം കോട്ടക്കൽ ആഴ്ചചന്തയായിരുന്നു. കൂടാതെ നാട്ടിൽ തന്നെയുള്ള കളങ്ങളിൽ അടക്ക ഉണക്കാനായി ശേഖരിക്കുകയും കൊട്ടയടക്കയാക്കി വിൽപനക്കായി കൊച്ചിമാർക്കറ്റിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. ക്രമേണ കൊച്ചി അടക്കാവിപണിയുടെ പ്രാധാന്യം കുറയുകയും സമീപപ്രദേശങ്ങളായ ചങ്ങരംകുളം, പഴഞ്ഞി, അടക്കമാർക്കറ്റുകൾ സജീവമാവു

കയും ചെയ്തു.

കൊപ്രയുടെ പ്രധാന വിപണി അന്നും ഇന്നും കോഴിക്കോടുതന്നെ.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി ലഭിച്ച വയലുകൾ പല കർഷകരും നികത്തി വീടുവെക്കുകയും ദീർഘകാലവിളകളായ തെങ്ങ്, കമുങ്ങ് എന്നിവയുടെ കൃഷിയാരംഭിക്കുകയും ചെയ്തു. ഉയർന്ന പള്ളിയാൽ പ്രദേശങ്ങൾ നെൽകൃഷി നിർത്തി തോട്ടങ്ങളാക്കി മാറ്റി. ഇത്തരം പ്രദേശങ്ങൾ ഇപ്പോഴും ജനങ്ങൾക്ക് വീടുവെക്കാൻ ഏറെ പ്രിയമുള്ളതാണ്. കൃഷിപൊതുവെയും നെൽകൃഷി പ്രത്യേകിച്ചും മാന്യതക്കുറവും സ്ഥിരമായി നഷ്ടവും വരുത്തുന്നതിനാൽ ജനങ്ങൾ മറ്റു തൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞു. കൂടാതെ വിദഗ്ദരായ പല കർഷകതൊഴിലാളികളും കർഷകരും ഗൾഫിലേക്ക് പോയതും ഈ മേഖലയെ തളർത്തി.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 2776 ഹെക്ടർആണ്. ഇത് ഉയർന്ന കുന്നിൻ പ്രദേശം, ഉയർന്ന സമതലം, കുന്നിൻചെരിവുകൾ, കുത്തനെയുള്ള ചെരിവുകൾ, ഇടസമതലം, താഴ്വരകൾ എന്നിങ്ങിനെ കാണപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ടവിവരങ്ങൾ പട്ടിക 2,3 ൽ കാണാം.

### പട്ടിക 2
### ഭൂപ്രകൃതി

| No | ഭൂപരിധി | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന കുന്നിൻപ്രദേശം | 228.08 | 8 |
| 2. | ഉയർന്ന സമതലം | 555.20 | 20 |
| 3. | കുന്നിൻചെരിവുകൾ | 360.80 | 13 |
| 4. | കുത്തനെയുള്ള ചെരിവുകൾ | 305.36 | 11 |
| 5. | ഇടസമതലം | 471.92 | 17 |
| 6. | താഴ്വരകൾ | 860.56 | 31 |
| | ആകെ | 2776 | 100 |

### പട്ടിക 3
### ഭൂവിനിയോഗം (കൃഷിഭവൻരേഖ)

| നമ്പർ | വിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | മിശ്രിത വിളകൾ | 41 |
| 2. | തെങ്ങ് | 880 |
| 3. | റബ്ബർ | 9 |
| 4. | കശുമാവ് | 22 |
| 5. | നെല്ല് | 350 |

ഈ പഞ്ചായത്തിൽ മുഴുവൻ ചരൽ കലർന്ന ചെമ്മണ്ണാണ് കാണപ്പെടുന്നത്. വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലത വർദ്ധിച്ച് ഉൽപാദനം കുറയാൻ കാരണമായി. കൃഷിഭവൻ രേഖകൾ പ്രകാരം 1993 നെ അപേക്ഷിച്ച് 4904 k.g. രാസവളം കൂടുതലായി 1994 ൽ ഉപയോഗിച്ചതായികാണുന്നു. 1995 ലെ രാസവള ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് പട്ടിക നാലിൽ കാണാം.

### പട്ടിക 4
### രാസവളത്തിന്റെ ഉപയോഗം (കൃഷിഭവൻരേഖ)

| വർഷം | സഹകരണമേഖല | സ്വകാര്യമേഖല |
|---|---|---|
| 1993 | 9277 kg. | 3500kg |
| 1994 | 14681 kg. | 3000kg |
| 1995 | 8656 kg | 1500kg |

ആകെ ഭൂവിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ തെങ്ങ് കൃഷിയാണ്. താഴ്ന്ന പ്രദേശങ്ങളിൽ നെല്ല് കൃഷി ചെയ്തുവരുന്നു. കവുങ്ങ് കൃഷി മൂന്നാം സ്ഥാനത്താണ്.

## നെൽകൃഷി

### പട്ടിക 5
### വിളവിസ്തീർണ്ണം (കൃഷിഭവൻരേഖ)

| നമ്പർ | വിള | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 325 |
| 2. | നെല്ല്(രണ്ടാംവിള) | 350 |
| 3. | നെല്ല് (മൂന്നാംവിള) | 5 |

കൃഷിഭൂമി നികത്താൻ തുടങ്ങിയതോടെ നെൽകൃഷിചെയ്തിരുന്ന സ്ഥലത്തിന്റ വിസ്തൃതിവളരെയധികം ചുരുങ്ങിയിട്ടുണ്ട്. രണ്ടും മൂന്നും വിളകൾ ഒരു വർഷത്തിൽ എടുത്തിരുന്ന വയലുകളിൽ ലാഭകരമല്ല എന്ന കാരണംകൊണ്ട് ഒരുവിള മാത്രം കൃഷിചെയ്യാൻ തുടങ്ങിയതും നെല്ലുൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചു. അശാസ്ത്രീയമായ രാസവളപ്രയോഗവും വേനൽകാലത്ത് തരിശിടലും കാരണം മണ്ണിന്റെ ഗുണമേന്മ ഗണ്യമായി നഷ്ടപ്പെട്ടിട്ടുണ്ട്. മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

## പട്ടിക 6.

## ഇടവിളകളുടെ വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| നമ്പർ | വിള | ഉൽപാദനക്ഷമത (ഹെക്ടറിൽ) | വിസ്തീർണം (ഹെക്ടറിൽ) | ഉൽപാദനം (മെട്രിക്ടൺ) |
|---|---|---|---|---|
| 1 | പയർ | 250 കി. | 30 | 7.5 |
| 2 | എള്ള് | 200 കി. | 14 | 2 |
| 3 | പച്ചക്കറി | 400 കി | 25 | 10 |
| 4. | വാഴ | 6കി. | 55 | 8.25 |
| 5. | മരച്ചീനി | 2കി. | 66 | 13.2 |
| 6. | കുരുമുളക് | .200കി. | 8 | 3.2 |
| 7. | വെറ്റില | 3000ഇല | 10 | 30 |
| 8. | ജാതി | 200 എണ്ണം/ഒരുമരം | 5 | 25 |
| 9. | കിഴങ്ങ് വർഗം | 200 കി. | 10 | 2. |

പ്രധാന വിളയായ തെങ്ങ് ഭൂരിഭാഗം വരുന്ന കുന്നിൻ ചെരിവിലും താഴ്ന്ന പ്രദേശത്തുള്ള വയൽ തോടുവരമ്പുകളിലും കൃഷി ചെയ്തിരിക്കുന്നു. മലബാർ ഭാഗത്ത് കാറ്റുവീഴ്ച കാണപ്പെടുന്ന ഒരു പ്രധാന പ്രദേശമാണ് മാറാക്കര പഞ്ചായത്ത്. ഇതു പരിഹരിക്കാൻ ഉള്ള മാർഗങ്ങൾ ഗ്രാമ സഭാ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ തെങ്ങ്, കമുങ്ങ്, കശുമാവ് എന്നീ വിളകളുടെ ഉൽപ്പാദനവും കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണവും പട്ടിക 8-ൽ കൊടുത്തിട്ടുണ്ട്.

## പട്ടിക 7

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖ)

| | തെങ്ങ് എണ്ണം | | | | രോഗംബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1. | 120 ഹെക്ടർ | 10800 | 9600 | 20400 | 80 | - | 100 | 400 | - | 580 |
| 2 | 80 ,, | 5600 | 7400 | 13600 | 120 | - | 60 | 300 | - | 480 |
| 3. | 50 ,, | 3500 | 5000 | 8500 | 300 | - | 80 | 200 | - | 630 |
| 4. | 60 ,, | 5000 | 5200 | 10200 | 110 | - | 90 | 150 | - | 375 |
| 5. | 85 ,, | 9500 | 4950 | 14450 | 25 | - | 90 | 180 | - | 295 |
| 6. | 60 ,, | 6900 | 3300 | 10200 | 10 | - | 18 | 80 | - | 108 |
| 7. | 125 ,, | 12850 | 8400 | 21250 | 15 | - | 28 | 119 | - | 162 |
| 8. | 75 ,, | 7540 | 3200 | 12250 | 20 | - | 15 | 100 | - | 135 |
| 9. | 88 ,, | 6450 | 8000 | 14450 | 6 | - | 19 | 118 | - | 143 |
| 10. | 94 ,, | 7900 | 8080 | 15980 | 20 | - | 50 | 151 | - | 221 |
| 11. | 46 ,, | 4870 | 3000 | 7870 | 8 | - | 24 | 136 | - | 168 |

287

## പട്ടിക 8.
## വിളവിസ്തീർണ്ണവും ഉൽപ്പാദനവും
## ദീർഘകാല വിളകൾ. (കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണ്ണം(ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത |
|---|---|---|---|---|
| 1. | തെങ്ങ് | 880 | 38. 5ലക്ഷം | 25 എണ്ണം/തെങ്ങൊന്നിന് |
| 2. | കശുമാവ് | 22 | 1. 76 മെ.ടൺ | 560 ഗ്രാം/ഒരു മരത്തിന് |
| 3. | കമുങ്ങ് | 350 | 16 കോടി അടക്ക | 200/കമുങ്ങൊന്നിന് |

### പാടശേഖര സമിതികൾ

മാറാക്കര കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ ചേർത്തുകൊണ്ട് ഏഴ് പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പലതും ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്. പാടശേഖര സമിതിയുടെ വിശദാംശങ്ങൾ പട്ടിക 9-ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 9.
## പാടശേഖര സമിതിയും വിളക്രമങ്ങളും
## (കൃഷിഭവൻ രേഖ)

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം (ഹെക്ടർ) | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1. | മരുതിൻചിറ | 45 | 50 | - |
| 2. | കല്ലാർമംഗലം | 20 | 30 | - |
| 3. | കീഴ്മുറി | 23 | 25 | - |
| 4. | മലയിൽ | 30 | 35 | 10 |
| 5. | മേൽമുറി | 55 | 60 | - |
| 6. | പറപ്പൂർ | 45 | 55 | - |
| 7. | പാങ്ങൂത്ത് | 60 | 65 | - |

### കാർഷികോപകരണങ്ങൾ

പാടശേഖര കമ്മിറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ യന്ത്രോപകരണങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഒരു കാലത്ത് കൃഷിക്ക് പൂർണ്ണമായും ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾക്ക് പട്ടിക 10 കാണുക.

### നടീൽ വസ്തുക്കൾ

കൃഷിഭവൻ മുഖേന വിവിധ കാലയളവുകളിലായി പലതരം നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. കമുങ്ങ്, കുരുമുളക്, തേക്ക് എന്നിവയാണ് കൂടുതൽ വിതരണം ചെയ്തിട്ടുള്ളത്. പൂർണ്ണ വിവരങ്ങൾ പട്ടിക 11-ൽ കാണാം.

## പട്ടിക 11.
## വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ കണക്ക് (കൃഷിഭവൻ രേഖ)

| നമ്പർ | ഇനം | എണ്ണം | | |
|---|---|---|---|---|
| | | 1993-94 | 1994-95 | 1995-96 |
| 1. | തെങ്ങ് | 406 | 644 | 493 |
| 2. | കശുമാവ് | 160 | 820 | 960 |
| 3. | കുരുമുളക് | 5000 | 5000 | 5000 |
| 4. | കമുങ്ങ് | 186 | 150 | 6000 |
| 5. | മാവ് | 38 | 20 | 25 |
| 6. | ജാതി | 570 | 30 | - |
| 7 | കറുവപ്പട്ട | 10 | – | – |
| 8. | പഴവർഗം | - | 18 - | |
| 9. | തേക്ക് | - | 4500 | - |

### കീടനാശിനി

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതിയോ സ്വീകരിച്ചു കാണുന്നില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. കീടനാശിനിയുടെ ഉപയോഗം പട്ടിക 12-ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 12
## കീടനാശിനിയുടെ ഉപയോഗം (കൃഷിഭവൻ രേഖ)

| വർഷം | ദ്രവം | ഖരം |
|---|---|---|
| 1993-94 | 250 ലിറ്റർ | 50 കി. |
| 1994-95 | 240 ,, | 60 കി. |
| 1995-96 | 60 ,, | 25 കി. |

28

## പട്ടിക 10

## കൃഷിക്ക് വേണ്ടി ഉപയോഗമുള്ള കാർഷികോപകരണങ്ങൾ (കൃഷിഭവൻ രേഖ)

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | | മരുന്ന്തളി ഉപകരണങ്ങൾ | | | തെങ്ങുകയറ്റയന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പെയർ | നാപ്സ്റ്റാക് സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | | |
| 1. | - | 1 | 23 | 1 | 2 | - | - | - | 10 |
| 2. | - | 1 | 6 | 1 | 2 | - | 1 | 1 | 8 |
| 3. | - | 1 | 8 | 1 | 5 | - | - | - | 12 |
| 4. | 2 | 1 | 7 | 1 | 4 | - | - | - | 8 |
| 5. | 1 | 1 | - | - | 2 | - | - | - | 6 |
| 6. | - | - | 16 | 1 | 3 | - | - | - | 12 |
| 7. | 1 | - | 12 | 2 | 2 | - | - | - | 4 |
| 8. | - | - | 5 | 3 | 2 | - | - | - | 5 |
| 9. | - | - | 16 | 1 | 2 | 5 | - | - | 5 |
| 10. | - | - | 13 | 2 | 3 | - | - | - | 9 |
| 11. | - | - | 18 | 1 | 6 | - | - | - | 7 |

### കുളങ്ങൾ

പഞ്ചായത്തിലെ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നതെങ്കിലും ജലസേചനത്തിനായി കുളങ്ങളും കിണറുകളും ഉപയോഗിക്കുന്നു. പഞ്ചായത്തിലെ പൊതു കുളങ്ങളെ സമ്പന്ധിച്ച വിവരം താഴെ പട്ടിക 13-ൽ ചേർത്തിട്ടുണ്ട്.

## പട്ടിക 13

## കുളങ്ങളെ സംബന്ധിച്ച വിവരം

(വില്ലേജ് ഓഫീസ് രേഖ)

| നമ്പർ | കുളം | ഉൾപ്പെടുന്ന വാർഡ് | സ്ഥിതിചെയ്യുന്ന വില്ലേജ് |
|---|---|---|---|
| 1. | വട്ടപ്പറമ്പിന് താഴെ | 1 | മാറാക്കര |
| 2. | വട്ടപ്പറമ്പിനടുത്ത് തത്രംപള്ളിപ്പടി | 2 | മാറാക്കര |
| 3. | വല്ലംകുളം | 4 | മാറാക്കര |
| 4. | പാന്തൽ പഞ്ചായത്ത് കുളം | 5 | മാറാക്കര |
| 5. | പൊട്ടൻചോലക്കുളം | 6 | മേൽമുറി |
| 6. | ഒറക്കോട്ടുകുളം | 10 | മേൽമുറി |
| 7. | പറപ്പൂർകുളം | 11 | മേൽമുറി |

### ദുരിതാശ്വാസം

വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നീ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ചവർക്കായി 1993-94-ൽ 2609 രൂപയും 1994-95-ൽ 2792 രൂപയും കർഷകർക്ക് ലഭിച്ചിട്ടുണ്ട്. കൃഷിഭവൻ രേഖകൾ അനുസരിച്ചുള്ള കണക്കുകൾ പട്ടിക 14-ൽ ചേർക്കുന്നു.

## പട്ടിക 14

## ദുരിതാശ്വാസ വിതരണ കണക്ക്.

(കൃഷിഭവൻ രേഖ)

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1993-94 | - | - | 0. 57ഹെ. | - | 3 | 2609.00 |
| 1994-95 | 11.1ഹെ. | - | - | - | 11 | 2792.00 |

### ജലസേചനം

മഴയെ ആശ്രയിച്ചു തന്നെയാണ് പഞ്ചായത്തിൽ കൃഷി നടത്തുന്നത്. ഇടവപ്പാതിയും (തെക്കുകിഴക്കൻ മൺസൂൺ- ജൂൺ മുതൽ ആഗസ്ത് വരെ) തുലാം വർഷവും (വടക്കുപടിഞ്ഞാറൻ മൺസൂൺ- സപ്തംബർ മുതൽ ഒക്ടോബർ വരെ) മാണ് മഴ ലഭിക്കുന്ന പ്രധാന കാലം. മാറാക്കരയിലെ ശരാശരി മഴ ലഭ്യത പട്ടിക 15-ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 15

**ശരാശരി മഴയുടെ അളവ്** (മില്ലീമീറ്ററിൽ) അവലംബം: Land resources of Kerala.

| ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സെപ്തമ്പർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 7 | 21 | 86 | 221 | 688 | 797 | 399 | 206 | 291 | 157 | 30 |

പഞ്ചായത്തിലെ നിലവിലുള്ള ജലസേചന സൗകര്യങ്ങളുടെ വിശദാംശങ്ങൾ പട്ടിക 16-ൽ ചേർത്തിരിക്കുന്നു.

## പട്ടിക 16

**കൃഷിക്ക് വേണ്ടിയുള്ള ജലസേചന സംവിധാനങ്ങൾ.** (വില്ലേജ് രേഖ)

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1. | - - | - | - | 1 | 30 ഹെക്ടർ |
| 2. | - ഇല്ല - | ഇല്ല | പൂവൻചിന | 2 | 55 ഹെക്ടർ |
| 3. | - - | - | | 2 | 60 ഹെക്ടർ |
| 4. | - - | - | | 2 | 65 ഹെക്ടർ |
| 5. | - - | | വട്ടപ്പറമ്പിന് താഴെ | 1 | 30 ഹെക്ടർ |
| 6. | - - | | 1 | 2 | 60 ഹെക്ടർ |
| 7. | - - | | 1 | - | - |
| 8. | - - | - | - | - | |
| 9. | - - | - | | 1 | 30 ഹെക്ടർ |
| 10. | - - | | 10 | 1 | 35 ഹെക്ടർ |
| 11. | - - | 1 | - | - | |

### പ്രശ്നങ്ങങ്ങൾ

ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവും തൊഴിലാളികളുടെ എണ്ണക്കുറവും ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും കാലവർഷ വ്യതിയാനങ്ങളും നെല്ലുൽപ്പാദനം ഗണ്യമായി കുറച്ചു. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു.

നാളികേരത്തിന്റെ വിലക്കുറവ്, നല്ലയിനം തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവ്, പരിമിതമായ ജലസേചന സൗകര്യങ്ങൾ, തെങ്ങ് കയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം എന്നിവ തെങ്ങുകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളാണ്. തെങ്ങിന്റെ നീർവാർച്ച രോഗം, കൂമ്പ് ചീയൽ, മഞ്ഞളിപ്പ് രോഗങ്ങൾ എന്നിവ തേങ്ങയുൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില ഭാഗങ്ങളിൽ പാടങ്ങൾ നികത്തി വീടുകൾ വെച്ചത്കാരണം അതിന് താഴെയുള്ള ഭാഗങ്ങളിലേക്ക് നിലവിലുണ്ടായിരുന്ന ജലസേചന തോടുകൾ അടഞ്ഞുപോയത് അത്തരം കർഷകരെ വല്ലാതെ ബുദ്ധിമുട്ടിലാക്കി.

കാലാകാലങ്ങളിൽ മണ്ണുപരിശോധന നടത്താത്തതിനാൽ കർഷകർ അശാസ്ത്രീയ വളപ്രയോഗം നടത്തുന്നു. ഇത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണ് സാമ്പിൾ എങ്ങിനെ ശേഖരിക്കണമെന്ന് ആദ്യം കൃഷിക്കാരെ പഠിപ്പിക്കേണ്ടതുണ്ട്. കൃഷിവകുപ്പുദ്യോഗസ്ഥർ പരിശോധനാ ഫലങ്ങൾ യഥാസമയങ്ങളിൽ കൃഷിക്കാരെ അറിയിക്കുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും വേണം.

മൊത്തത്തിൽ ജനങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെട്ടതും കഠിനാദ്ധ്വാനത്തിനനുസരിച്ച് ഉൽപ്പന്നങ്ങൾക്ക് വില കിട്ടായ്കയും ഉൽപ്പാദന ചിലവിലെ വർദ്ധനവും നെൽപാടങ്ങളിലെ ഇടക്കാല വിളക്കൃഷിയിൽ നിന്നും അടുത്ത കാലത്തായി കർഷകരെ അകറ്റി നിർത്തുന്നു.

യന്ത്ര വൽക്കരണം കാർഷിക രംഗത്ത് വ്യാപക മായിട്ടില്ല. ട്രാക്ടറിന്റെ ഉപയോഗം തന്നെ ഭൂമി തുണ്ടായ തിനാൽ ചില പ്രദേശങ്ങളിൽ അപ്രായോഗികമാണ്.

കൃഷിഭവൻ വഴിയുള്ള കാർഷികാനുകൂല്യങ്ങളെ പറ്റിയും വിവിധ കാർഷിക പദ്ധതികളെപ്പറ്റിയും കാലാ കാലങ്ങളിൽ ജനങ്ങൾ അറിയുന്നില്ല. കൃഷിഭവൻ സ്ഥിതി ചെയ്യുന്ന പ്രദേശമൊഴിച്ചാൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ്

1. കൂടുതൽ പേരെ കാർഷിക രംഗത്തേക്ക് ആകർഷിക്കുക.
2. കാർഷിക വിളകൾക്ക് കൃത്യവില ലഭ്യമാക്കുക.
3. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. വിളകളെ നശിപ്പിക്കുന്ന രോഗങ്ങൾക്ക് പ്രതി രോധ നടപടികൾ സ്വീകരിക്കുക. (വാഴയുടെ കൂമ്പടപ്പ്, കുരുമുളകിന്റെ ദ്രുതവാട്ടം, വെറ്റിലയുടെ വള്ളി ചീയൽ, കമുങ്ങിന്റെ കൂമ്പുചീയൽ)
5. രാസവളത്തിന് സബ്സിഡി ഏർപ്പെടുത്തുക
6. സഹകരണബാങ്ക് വളംഡിപ്പോ വാർഡിൽ സ്ഥാപിക്കുക
7. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക
8. കൃഷിഭവന്റെ സേവനം ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കുക.
9. ആഴ്ചയിൽ രണ്ട് ദിവസം കൃഷി അസിസ്റ്റന്റ് വാർഡിൽ ക്യാമ്പ് ചെയ്ത് കർഷകർക്ക് നിർദ്ദേശം നൽകു കയും വേണ്ട സ്ഥലങ്ങൾ സന്ദർശിക്കുകയും വേണം.
10. അത്യുല്പാദനശേഷിയുള്ള വിത്ത് വിതരണം ചെയ്യുക.
11. മണ്ണ് പരിശോധന നടത്തുക. മണ്ണ് ശേഖരി ക്കേണ്ട വിധം കർഷകരെ പഠിപ്പിക്കണം.
12. കാർഷിക ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി അനുവദിക്കുക

### വാർഡ് 2

1. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. കാർഷികോപകരണങ്ങൾ കുറഞ്ഞ വാടകക്ക് ലഭ്യമാക്കുക
3. അമ്മേങ്ങര തോട്ടിൽ ചീർപ്പും ബണ്ടും സ്ഥാപി ക്കുക
4. കൃഷിഭവന്റെ സേവനം ജനങ്ങളിൽ എത്തിക്കുക
5. സൗജന്യവൈദ്യുതി എല്ലാ വിളകൾക്കും ഏൽപ്പെ ടുത്തുക
6. വനിതകളെ കാർഷികരംഗവുമായി ബന്ധപ്പെടു ത്തുക. അവർക്ക് പച്ചക്കറി കൃഷിയിൽ പരിശീലനം നൽകുക.
7. കോട്ടക്കൽ ആര്യവൈദ്യശാലയുമായി സഹക രിച്ച് പഞ്ചായത്തിലെ തൊഴിൽ രഹിതർക്ക് ഔഷധസസ്യ കൃഷിയിൽ പരിശീലനം നൽകുകയും ഇത് ഒരു പ്രോജ ക്ടായി ഏറ്റെടുക്കുകയും ചെയ്യാം.

### വാർഡ് 3

1. ജലസേചനസൗകര്യത്തിന്റെ അഭാവം

താഴെ പറയുന്ന സ്ഥലങ്ങളിൽ ചിറകൾ നിർമ്മി ക്കണം.

**വെള്ളരിഞ്ഞി തോട്**

a) നീലത്ത് പടി
b) ഓട്ചിറ ഭാഗം
c) തലേക്കോട്
d) ചേമഞ്ചിറ
e) കാവറനിലം ഭാഗം

**കാവിൽ തോട്**

a) അമ്മേങ്ങര
b) പാണ്ടംവക്ക്
c) കാവിൽ പീടിക
d) കല്ലുപാലം

## പൊതുകുളം നിർമ്മിക്കേണ്ട സ്ഥലങ്ങൾ

**അമ്മേങ്ങര**

1 വല്ലംകുളം റിപ്പയർ ചെയ്യുകയും കുളക്കാട്ട്ചോ ലയിൽ ജലസംഭരണി പണിയുകയും വേണം.

2. അത്യുല്പാദനശേഷിയുള്ള വിത്തുകൾ, കീടനാ ശിനി എന്നിവ യഥാസമയം സൗജന്യനിരക്കിൽ ലഭ്യമാ ക്കുക.

3. ജൈവവളത്തിന് സബ്സിഡി നൽകി അതിന്റെ പ്രാധാന്യം കർഷകർക്ക് ബോദ്ധ്യപ്പെടുത്തുക. ജൈവവള വിത്തുകൾ സൗജന്യമായി നൽകുക.

4. നിലവിലുള്ള നെൽകൃഷി ഉൽപാദന ബോണസ് ഹെക്ടറിന് 1000 രൂപയാക്കുക. നെല്ലിന്റെ തറവില ക്വിന്റ ലിന് 750രൂപയായി നിശ്ചയിക്കുക.

5. കാർഷികോപകരണങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

6. താഴെപറയുന്ന പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കാൻ സൗകര്യം ഏർപ്പെടുത്തുക.

a) നീലത്തിടവഴി b) കാഞ്ഞിരക്കുണ്ടം ഇടവഴി-ഇല്ല ത്തിടവഴി c) അമ്മേങ്ങര-പാന്തൽനിലം d) വല്ലംകുളം ഇട വഴി-നൂഞ്ഞിപ്പാടം

7. കാറ്റുവീഴ്ചമൂലം നശിച്ച തെങ്ങുകൾ നശിപ്പിക്കാ നുള്ള സംവിധാനം ഏർപ്പെടുത്തുക. തെങ്ങൊന്നിന്

2500രൂപ ധനസഹായം അനുവദിക്കുക. പ്രസ്തുതരോഗം പകരാതിരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക.

8. സമഗ്ര നാളികേരവികസനപദ്ധതിയുടെ ധനസഹായം 50%ആയി ഉയർത്തുക. ഈ പദ്ധതിയുടെ ധനസഹായപരിധി 30 സെന്റിൽനിന്ന് 15 സെന്റായി കുറക്കുക.

9. കേരഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുക.

10. കണിക ജലസേചന ധനസഹായം 75% ആയി ഉയർത്തുക

11. മണ്ണ് സംരക്ഷണ പ്രവർത്തനത്തിന് സാമ്പത്തികസഹായം നൽകുക.

12. ഓരോ വർഷവും നാളികേരത്തിന് തറവില നിശ്ചയിച്ച് തേങ്ങ വാങ്ങുവാൻ സഹകരണബാങ്കിനെ ചുമതലപ്പെടുത്തണം.

13. കവുങ്ങിന്റെ മഞ്ഞളിപ്പ് രോഗം മാറാനുള്ള സഹായം അനുവദിക്കുക.

14. രോഗം ബാധിച്ചവ വെട്ടിമാറ്റാൻ സാമ്പത്തിക സഹായം അനുവദിക്കുക.

15. പ്രതിരോധ ശേഷിയുള്ള കമുങ്ങിൻതൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

16. കുമിൾ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

17. കമുങ്ങ് കൃഷിക്ക് കൂട്ടായ മരുന്നുതളി ഏർപ്പെടുത്തുക.

18. ദ്രുതവാട്ടത്തിന് പരിഹാരം കാണുക. നല്ലയിനം കുരുമുളക് വള്ളികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

19. കുരുമുളക് കൃഷിക്ക് ധനസഹായം അനുവദിക്കുക.

20. വെറ്റിലകൃഷിയെ ഒരു കൃഷിയായി അംഗീകരിച്ച് മറ്റു കൃഷികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുക.

21. ജാതികൃഷി പോത്സാഹിപ്പിക്കുക. ജാതിക്ക ഇറക്കുമതി അവസാനിപ്പിച്ച് ഇവിടത്തെ ജാതിക്കക്ക് തറവില നിശ്ചയിക്കുക.

22. ഇടവിളകൾക്ക് പ്രോത്സാഹനം നൽകുക.

23. പച്ചക്കറി കൃഷിയിൽ വനിതകൾക്ക് പ്രത്യേക പരിശീലനം നൽകുക.

24. എല്ലാ വിളകൾക്കും വൈദ്യുതി സൗജന്യമായി അനുവദിക്കുക.

25. എല്ലാ വിളകൾക്കും സൗജന്യ വിളഇൻഷൂറൻസ് ഏർപ്പെടുത്തുക. ഇൻഷൂർ സംഖ്യ വർദ്ധിപ്പിക്കുക.

26. കൃഷിഭവൻ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് മാത്രം അനുവദിക്കുക.

27. സഹകരണബാങ്കിൽനിന്നും കുറഞ്ഞ പലിശക്ക് അർഹതപ്പെട്ടവർക്ക് വായ്പ അനുവദിക്കുക.

28. കർഷർക്ക് 55 വയസ്സ് കഴിഞ്ഞാൽ പെൻഷൻ, ക്ഷേമനിധി എന്നിവ അനുവദിക്കുക.

## വാർഡ് 4

1. വെള്ളരിഞ്ഞി, മരുതിൻചിറ തോടുകളിൽ ചീർപ്പ് സ്ഥാപിക്കുക.

2. മണ്ണ് പരിശോധന നടത്തുക.

3. നെൽകൃഷിസ്ഥലം മണ്ണിട്ട് നികത്തുന്ന പ്രവണത തടയുക.

4. കണികജലസേചനം ഏർപ്പെടുത്തുക.

5. നീർമറി പദ്ധതിയിൽ വാർഡിനെ ഉൾപ്പെടുത്തുക.

6. കൃഷിഭവൻ സേവനം മെച്ചപ്പെടുത്തുക.

## വാർഡ് 5

1. മേൽമുറി – കീഴ്മുറി തോട്ടിൽ കേടുവന്ന ചീർപ്പ് കേടുപാട് തീർക്കുക.

2. പഞ്ചായത്ത് കുളം, അയ്യപ്പൻചോല എന്നിവ റിപ്പയർ ചെയ്യുക.

3. ട്രാക്ടർ ഇറക്കാൻ പത്തടിപ്പാതകൾ നിർമ്മിക്കുക.

4. കൃഷിഭവൻ ആനുകൂല്യങ്ങൾ യഥാസമയം ജനങ്ങൾ അറിയാനുള്ള സംവിധാനം ഏർപ്പെടുത്തുക.

## വാർഡ് 6

1. സൗജന്യനിരക്കിൽ രാസവളം, വിത്ത് എന്നിവ വിതരണം ചെയ്യുക.

2. നീർമ്മറിയിൽ വാർഡിനെ ഉൾപ്പെടുത്തുക.

3. മരുതിർചിറ -ഏർക്കര തോടിന് കൽഭിത്തി പണിയുക.

4. പൊട്ടൻചോല -മേലേച്ചാൽ ചോല എന്നിവ വികസിപ്പിക്കുക.

5. മുക്കാട് ഭാഗത്ത് ചിറ കെട്ടുക. നിലവിലുള്ള ചിറ ഉപയോഗയോഗ്യമാക്കുക.

6. മേലേച്ചാൽ ചിറയും പള്ളിയാൽ കുളവും മണ്ണെടുത്ത് ജലസേചനത്തിന് ഉപയുക്തമാക്കുക.

## വാർഡ് 7

1. വിള ഇൻഷൂറൻസ് ഏർപ്പെടുത്തുക.

2. കോണിക്കൽ -കല്ലുപാലം തോട് വൃത്തിയാക്കുക.

3. കാടാമ്പുഴ -കാവിൽകുളമ്പിൽ ജലസംഭരണി പണിയുക.

4. മികച്ച കർഷകരെ ആദരിക്കുക.

5. സ്വന്തമായി കൃഷിസ്ഥലമുള്ളവർ കൃഷി നടത്താതിരുന്നാൽ സന്നദ്ധരായവർക്ക് കൃഷി നടത്താൻ കൊടുക്കുക.

## വാർഡ് 8

1. മങ്ങാട്ട്ചോല ഭാഗത്ത് ബണ്ടുകെട്ടി വെള്ളം നിർത്തി കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്പെടു

ത്തുക.

2. നീരിടി പാടത്തേക്ക് ട്രാക്ടർ ഇറക്കുവാൻ ലക്ഷം വീട് ഭാഗത്തുനിന്ന് റോഡ് ഉണ്ടാക്കുക.

3. നീരിടി പാടത്ത് വെള്ളം കെട്ടിനിൽക്കുന്നത് തടയാൻ തോടിന്റെ മതിൽ കെട്ടി ഉയർത്തുക.

4. നീരിടി പാടത്തിനോട്ചേർന്ന് കുളം നിർമ്മിക്കുക.

## വാർഡ് 9

1. കണ്ണങ്കടവ് പാലം മുതൽ ഓലാന്തിത്തോടിന്റെ ഇരു വശവും 1 കി. മി. വശംകെട്ടി കൃഷിക്ക് ഉപയോഗപ്രദമാക്കുക.

2. കുളയങ്ങര തോട്, പാലക്കാട്കുണ്ട്, ഓലാന്തിത്തോട്, മുട്ടത്ത്മല തോട്, ചെകുത്താൻകുണ്ട്, മൂലാഞ്ചോല തോട് എന്നിവയിൽ പന്ത്രണ്ട് തടയണകൾ നിർമ്മിച്ച് ഇരുപ്പുനിലങ്ങൾ മുപ്പൂവാക്കുക.

3. 9-ാം വാർഡ് മുഴുവൻ നീർമ്മറി പദ്ധതിയിൽ ഉൾപ്പെടുത്തുക.

4. കോഴിക്കുളം, പറപ്പൂർചോല, കൈതക്കുളം, മൂലാൻചോല, പാലക്കാട് ചോല, ചെകുത്താൻകുണ്ട്, ചീനിക്കുഴി, കൈതക്കുളം എന്നീ ചോലകൾ ശാസ്ത്രീയമായി സംരക്ഷിച്ച് ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്തുക.

5. കൃഷിഭവന്റെ സേവനം യഥാസമയം ലഭ്യമാക്കുക.

6. കാർഷിക ബോധവൽക്കരണം നടത്തുക.

7. പാങ്ങൂത്ത് പാടത്തിന്റെ മദ്ധ്യത്തിൽകൂടി വെള്ളം ഒഴിഞ്ഞ്പോകാൻ തോട് നിർമ്മിക്കുക.

## വാർഡ് 10

1. ഒറക്കോട്ഭാഗം കുളം നന്നാക്കുക.

2. അരിക്കത്ത്കുളം, കളയത്തുകുളം എന്നിവ നന്നാക്കുക.

3. കണ്ണംകുളം മുതൽ കണ്ണംകടവ് വരെയുള്ള തോടിന്റെ ഇരുവശവും ഭിത്തി കെട്ടുക.

4. പൂളക്കത്തോട്ടിൽ ചെക്ക് ഡാമുകൾ പണിയുക.

## വാർഡ് 11

1. നെൽകൃഷിക്ക് ഏക്കറിന് 1000 രൂപ സബ്സിഡി നൽകുക.

2. കൃഷിവകുപ്പിലെ ഡമോൺസ്ട്രേറ്റർമാരുടെ സേവനം ഉറപ്പുവരുത്തുക.

3. പാടശേഖരസമിതിക്ക് പവർടില്ലർ, ട്രാക്ടർ എന്നിവ ലഭ്യമാക്കുക.

4. മണ്ണ് പരിശോധനക്ക് മൊബൈൽ ലാബിന്റെ സേവനം ലഭ്യമാക്കുക.

5. പൂളക്കൽനിന്ന് വടക്കോട്ട് കിടാപ്പ് തോട് വരെയും ചെറമുഖം പാടം വരെയും രണ്ടു ഭാഗവും കെട്ടി തോടിന് വീതി കൂട്ടുക. ചിറകൾ പണിയുക.

6. വെറ്റിലകൃഷിക്ക് ആവശ്യമായ ധനസഹായവും മാർക്കറ്റിങ്ങും ഏർപ്പെടുത്തുക.

7. പാറക്കുളം നന്നാക്കുക. പൂളക്കൽ, പൂളക്കൊടി എന്നിവിടങ്ങളിൽ പുതുതായി പൊതുകുളം കുഴിക്കുക.

# പൊതു നിർദ്ദേശങ്ങൾ

1. കേടുപാടുസംഭവിച്ച എല്ലാ ചീർപ്പുകളും അടിയന്തരമായി നന്നാക്കി എടുക്കണം. പുതിയ സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടായ ജലസേചനപദ്ധതി (പത്ത് ഏക്കറിന് ഒരുമിച്ചുള്ളത്-85% ഗവ: പങ്ക്) വ്യാപകമായി നടപ്പാക്കണം.

2. `സോയൽ ഹെൽത്ത് കാർഡ്' സമ്പ്രദായം ഏർപ്പെടുത്തണം. ഓരോ കർഷകകുടുംബത്തിന്റേയും മണ്ണിനെ സംബന്ധിക്കുന്ന എല്ലാ ശാസ്ത്രീയ വിവരങ്ങളും ഇതിൽ രേഖപ്പെടുത്തണം. എന്ത് കൃഷി, ഏത് രീതിയിൽ, എന്ത് വളം, ഏത് തോതിൽ ചേർത്ത് ചെയ്യണമെന്ന അവബോധം കർഷകനുണ്ടാകാൻ ഇത് ഉപകരിക്കും.

3. ശാസ്ത്രീയ ഭൂവിനിയോഗരീതി വളർത്തിക്കൊണ്ട് വരണം. കാരണം കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. ചുരുങ്ങിയ ഇടത്ത് കൂടുതൽ ഉൽപാദനം നടത്താൻ ഇതേ മാർഗമുള്ളൂ.

4. ഗ്രൂപ്പ് ഫാമിംഗ്:- കർഷകർക്കിടയിൽ ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കണം. ഈ രംഗത്തെ വിരസത ഒഴിവാക്കാൻ ഈ നടപടി സഹായിക്കും. അവശേഷിക്കുന്ന നെൽപാടങ്ങൾ ഗൗരവത്തോടെ സംരക്ഷിക്കണം.

5. വിത്തിനങ്ങൾ:- അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ സമയത്തിന് കർഷകർക്ക് യഥാസമയം ലഭ്യമാക്കണം. പ്രാദേശികമായിതന്നെ ഇതിന് സംവിധാനങ്ങളേർപ്പെടുത്തണം. മേത്തരം നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് നഴ്സറികളെ പ്രയോജനപ്പെടുത്തണം. ഫലവൃക്ഷങ്ങളുടെ (മാവ്, പ്ലാവ്) കൃഷി ആസൂത്രിതമായി വ്യാപിപ്പിക്കണം.

6. പച്ചക്കറി:- അടുക്കള തോട്ടത്തിന്റെ പ്രാധാന്യം വീട്ടമ്മമാരെ ബോധ്യപ്പെടുത്താനായി ബോധവൽക്കരണം നടത്തണം. മേത്തരം വിത്തിനങ്ങൾ അവർക്ക് ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണം. സ്കൂൾ കുട്ടികൾക്കിടയിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനായി കൃഷി രീതികൾ അവരെ പഠിപ്പിക്കണം.

7. ഔഷധ സസ്യങ്ങൾ:- നിലവിലുള്ള പ്രകൃതിദത്ത ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം തൊഴിൽ രഹിതർക്ക് ഔഷധ സസ്യ കൃഷിയുടെ സാധ്യതകൾ ബോധ്യപ്പെടുത്താൻ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

8. കീടനാശിനി:- ആധുനിക ഫാക്ടറികളിൽ ഉൽപാദിപ്പിക്കുന്ന കീട നാശിനികൾക്കും കളനാശിനികൾക്കും പകരം അത്രതന്നെ ഗുണമേന്മയുള്ളത് പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ഉൽപ്പാദിപ്പിക്കാമെന്ന് കർഷകരെ പഠിപ്പിക്കണം.

കശുവണ്ടി എണ്ണ, വേപ്പിൻകുരു, സോപ്പുലായനി, പുകയി ലക്കഷായം എന്നിവയുടെ നിർമ്മാണവും പ്രയോഗവും അവരെ പരിശീലിപ്പിക്കണം.

9. രാസവിള വിതരണം:- ഓരോ പഞ്ചായത്തിലേയും സഹകരണ ബാങ്കുകളുടെ ഒരു പ്രാധാന ചുമതലയായി ഇതിനെ കാണണം. പല ബാങ്കുകളും നഷ്ടത്തിന്റെ പഴു തിൽ രാസവള വ്യാപാരം നിർത്തലാക്കിയിട്ടുണ്ട്. അത് പുനസ്ഥാപിക്കണം. ശാസ്ത്രീയ വള പ്രയോഗ രീതികളിൽ കർഷകരെ ബോധവൽക്കരിക്കുന്നതോടൊപ്പം ജൈവവ ളത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുകത്തുകയും വേണം. പാഴാക്കി കളയുന്ന കാലിമൂത്രം ശാസ്ത്രീയമായി തൊഴു ത്തുകളിൽ ശേഖരിച്ച് പച്ചക്കറി കൃഷിയിൽ പ്രയോഗി ക്കാൻ കർഷകരെ പ്രാപ്തരാക്കണം.

10. ജലസേചനം:- തെങ്ങുകൃഷിയിൽ ജലസേചന ത്തിന്റെ പ്രാധാന്യത്തെപ്പറ്റി കർഷകരെ ബോധവൽക്കരി ക്കണം. ഇതിനായുള്ള സർക്കാർ പദ്ധതിയെപറ്റി വിശദീ കരണങ്ങൾ എല്ലാ കൃഷിക്കാരിലുമെത്തിക്കണം. കണിക ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. 11ാം വാർഡിലെ പൂളക്കത്തോട്ടിൽ ചെക്ക്ഡാമുകൾ നിർമ്മിച്ചാൽ 10, 11 വാർഡുകളിലെ ഭൂരിഭാഗം കിണറുകളിലേയും ജലവി താനം ഉയർത്താൻ സഹായിക്കും.

11. ഇൻഷുറൻസ്:- കർഷകർക്ക് ആത്മവിശ്വാസം പകരുന്നതിനും കൃഷിയെ സംരക്ഷിക്കുന്നതിനും വിള കൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കണം.

12. പൊതുവിപണി:- പ്രാധാന ഉൽപ്പന്നങ്ങളായ തേങ്ങ, അടക്ക, കശുവണ്ടി, വെറ്റില എന്നിവക്ക് പഞ്ചാ യത്ത് തലത്തിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടു ത്തണം. നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങാനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഇവിടെ നിലവിലുണ്ട്.

13. നഴ്സറി:- ധാരാളം വിപണന സാധ്യതയുള്ള ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല എന്നിവയുടെ നഴ്സറി കൾക്ക് ധാരാളം സാധ്യതയുണ്ട്.

14. മൾബറി കൃഷി:- പട്ടുനൂൽ പുഴു വളർത്തൽ രംഗത്ത് കർഷകരെ ബോധവൽക്കരിക്കുകയും പരിശീ ലിപ്പിക്കുകയും വേണം. കൃഷി രീതികൾ പഠിപ്പിക്കണം. മൾബറിതണ്ടുകൾ, പുഴുവിന്റെ മുട്ട എന്നിവ ലഭ്യമാക്കണം. വിപണി പരിചയപ്പെടുത്തണം. ബ്ലോക്കടിസ്ഥാനത്തിൽ കൊക്കൂൺ ശേഖരിച്ച് വിപണനം നടത്തണം.

15. കൂൺ കൃഷി:- കുറഞ്ഞ ചിലവിൽ ലാഭകരമായി നടത്താവുന്ന കൂൺ കൃഷിയിൽ തൊഴിൽ രഹിതർക്ക് പരി ശീലനം നൽകണം.


16. കശുവണ്ടി:- തരിശായി കിടക്കുന്ന പഞ്ചായ ത്തിലെ 855 ഹെക്ടർ ഭൂമിയിൽ കശുമാവ് കൃഷിചെയ്യാം. ഇതിനായി പഞ്ചായത്തു തലത്തിൽ ഒരു പദ്ധതി തയ്യാറാ ക്കേണ്ടതാണ്.

എല്ലാ തലത്തിലും കർഷകരെ പ്രോൽസാഹിപ്പിക്കാ നുള്ള നടപടികൾ ഉണ്ടായാൽ മാറാക്കര പഞ്ചായത്തിന് കാർഷിക രംഗത്ത് മുന്നേറാൻ കഴിയും.

◎

***രാഷ്ട്രം എങ്ങിനെയാണ് സമ്പന്നമാകുന്നത്?***
***മരപ്പണിക്കാരൻ ഒരു കസേരയുണ്ടാക്കുമ്പോൾ***
***രാഷ്ട്രം സമ്പന്നമാകുന്നു;***
***ഇരുമ്പുപണിക്കാരൻ ഒരായുധം നിർമിക്കുമ്പോൾ***
***രാഷ്ട്രം സമ്പന്നമാകുന്നു;***
***കൃഷീവലൻ ഒരുപിടി ധാന്യം വിളയിക്കുമ്പോൾ***
***രാഷ്ട്രം സമ്പന്നമാകുന്നു.***

***– ഒന്നാം സ്വാതന്ത്ര്യ ദിനത്തിലെ***
***നെഹ്റുവിന്റെ പ്രസംഗത്തിൽനിന്ന്***



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. കുറച്ചുവർഷങ്ങൾക്കു മുമ്പുവരെ ഉഴവ് കാളകളേയും പോത്തുകളേയും വളർത്തുവാൻ ജനങ്ങൾക്ക് താൽപര്യമുണ്ടായിരുന്നു. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം മൂലമാവാം ഇന്ന് വളരെ കുറച്ച് ഉഴവുകാളകളും പോത്തുകളുമാണ് പഞ്ചായത്തിലുള്ളത്.

വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ദുർലഭം വീടുകളിൽ താറാവുകളേയും വളർത്തുന്നുണ്ട്. ഉൽപാദനശേഷി കുറഞ്ഞ നാടൻ കോഴികളാണ് കൂടുതലും.

പഞ്ചായത്തിലാകെ ഒരു മൃഗാസ്പത്രിയാണുള്ളത്. കാടാമ്പുഴയിൽ വാടകക്കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന ഇതിന്റെ പ്രയോജനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ലഭിക്കുന്നില്ല.

പഞ്ചായത്തിലെ വളരെ കുറച്ചു വീടുകളിൽ മാത്രമാണ് അത്യുൽപാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നത്. ഭൂരിപക്ഷം പശുക്കളും പാലുൽപാദനശേഷി കുറഞ്ഞവയാണ്.

പഞ്ചായത്തിൽ പുല്ല്, വൈക്കോല് എന്നിവയുടെ ലഭ്യത കുറവാണ്. ഒഴിഞ്ഞു കിടന്നിരുന്ന വെളിമ്പറമ്പുകൾ കൊച്ചുകൊച്ചു പുരയിടങ്ങളായി മാറിയതോടെ കാലി വളർത്തലിന് ചെലവേറി. ഇന്ന് പശുക്കൾക്കുവേണ്ട വൈക്കോൽ കൂടിയ വിലക്ക് മറ്റു ജില്ലകളിൽനിന്ന് കൊണ്ടു വരികയാണ്. ഈ പഞ്ചായത്തിൽ പാൽ വിതരണ സൊസൈറ്റികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. പാൽ വിതരണ സൊസൈറ്റിയുടെ ആവശ്യകതയെകുറിച്ച് ഗ്രാമസഭാ ചർച്ചകളിൽനിന്ന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. കന്നുകാലികളിൽ കണ്ടുവരുന്ന രോഗങ്ങൾ കുളമ്പു രോഗം, അകിടുവീക്കം, ഉദരരോഗം എന്നിവയാണ്. ഇത്തരം അവസരങ്ങളിൽ വളരെ കുറച്ചുപേർക്കുമാത്രമാണ് മൃഗാസ്പത്രിയുടെ പ്രയോജനം ലഭിക്കുന്നത്. പശുക്കളിലെ രോഗപ്രതിരോധ നടപടികളെ കുറിച്ചുള്ള ബോധവൽക്കരണം വളരെ അത്യാവശ്യമാണ്. കൂടാതെ കന്നുകാലി കർഷകരിൽ ബോധവൽക്കരണവും സഹായകമാവും.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു ഭാഗം മറ്റു ജില്ലകളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു. കോഴി വളർത്തുന്നവർക്ക് വേണ്ടത്ര പ്രോത്സാഹനവും ധനസഹായവും ലഭിക്കാത്തതാവാം ഈ രംഗത്ത് തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വിഘാതം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ കോഴി വളർത്തൽ കേന്ദ്രം തുടങ്ങുക.
2. കോഴി വളർത്താൻ താൽപര്യമുള്ളവർക്ക് സൗജന്യനിരക്കിൽ കോഴികളെ നൽകുക.
3. രണ്ടത്താണി ടൗണിനടുത്ത് മൃഗാസ്പത്രി സ്ഥാപിക്കുക.
4. കാലിത്തീറ്റ, കോഴിത്തീറ്റ സബ്സിഡി അനുവദിക്കുക.
5. പാൽ വിതരണ കേന്ദ്രം ആരംഭിക്കുക.
6. കാലിത്തൊഴുത്ത്, വളക്കുഴി നിർമ്മാണത്തിന് ധനസഹായം നൽകുക.
7. രണ്ടാം വാർഡിൽ മൃഗാസ്പത്രി സ്ഥാപിക്കുക.
8. തീറ്റപ്പുല്ല് വിതരണം കൃഷിഭവൻ മുഖേന നടപ്പിലാക്കുക.
9. പൂവൻചിന കേന്ദ്രമാക്കി ക്ഷീരവികസന യൂണിറ്റ് സ്ഥാപിക്കുക.
10. ചേലക്കുത്ത് മൃഗാസ്പത്രി, ആല, ഡയറിഫാം, മുയൽ വളർത്തുകേന്ദ്രം എന്നിവ അനുവദിക്കുക.
11. കറവുമാടുകൾക്ക് പോഷകാഹാരം സൗജന്യമായി വിതരണം ചെയ്യുക.
12. മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകളുടെ മെച്ചമായ സഹകരണം കൊണ്ട് പാലുൽപാദനം, മുട്ടയുൽപാദനം എന്നിവ ഗണ്യമായി വർദ്ധിപ്പിക്കാം.
13. ഇറച്ചിക്കോഴി വളർത്തലിന് ധനസഹായം നൽകണം.
14. കന്നുകുട്ടികളെ വിതരണം ചെയ്യുക.

## പൊതുനിർദ്ദേശങ്ങൾ

1. മാറാക്കര വില്ലേജിൽ മൃഗാസ്പത്രി വേണം.

2. കാടാമ്പുഴ, രണ്ടത്താണി എന്നിവിടങ്ങൾ കേന്ദ്ര മാക്കി പാൽ വിതരണ സഹകരണ സംഘങ്ങൾ സ്ഥാപി ക്കുക.

3. കോഴി വളർത്തലിനും കന്നുകാലി വളർത്ത ലിനും ധനസഹായം നൽകുക.

4. പേപ്പട്ടി ശല്യം തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

5. കൃഷിക്കനുയോജ്യമായ തരിശു ഭൂമിയിൽ തീറ്റ പ്പുൽ കൃഷി ആരംഭിക്കുക.

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യ സ്രോതസ്സുകൾ ചെറിയചെറിയ കുളങ്ങളിലും തോടുകളിലും ഒതുങ്ങുന്നു. ഈ പഞ്ചായത്തിലേക്കാവശ്യമായ മത്സ്യം വിദൂരസ്ഥല ങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. സാധാരണക്കാരന് താങ്ങാനാവാത്ത വിധം വില കൂടുതലും ഇതുമൂലം അനു ഭവപ്പെടുന്നു. നമ്മുടെ പഞ്ചായത്തിലുള്ള കുളങ്ങളിൽ മത്സ്യം വളർത്തുന്നത് പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ നമുക്കാവശ്യമായ മത്സ്യത്തിന്റെ ചെറിയ ഒരു ഭാഗമെ ങ്കിലും ഉൽപ്പാദിപ്പിക്കാനാവും.

**സാധ്യതകൾ:-**

1. നിലവിലുള്ള കുളങ്ങളിൽ മത്സ്യം വളർത്തുന്ന തിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.

2. മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിത രണം ചെയ്യുക.

3. മത്സ്യം വളർത്തുകേന്ദ്രങ്ങൾ ആരംഭിക്കുക.

◎

പ്രകൃതിനിയമങ്ങളെ ബോധപൂർവമോ അജ്ഞതകൊണ്ടോ ലംഘിക്കുന്നതിൽനിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്.

-ഗാന്ധിജി

# വ്യവസായം

മാറാക്കര പഞ്ചായത്തിൽ നെയ്ത്ത്, പായനെയ്ത്ത്, വാകപ്പൊടിയുണ്ടാക്കൽ, ഇരുമ്പുപകരണങ്ങൾ ഉണ്ടാക്കൽ തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പൂർണമായും നിലച്ചുകഴിഞ്ഞു. കുട്ട-വട്ടി നെയ്ത്ത് പേരിനെങ്കിലും നിലനിൽക്കുന്നുണ്ട്. ഇവിടെ സ്വകാര്യ മേഖലയിലോ പൊതു മേഖലയിലോ വൻകിട വ്യവസായ യൂനിറ്റുകളില്ല. ചെറുകിട മേഖലയിലെ സ്വകാര്യ യൂണിറ്റുകളും മേൽമുറിയിലെ അമ്പർ ചർക്ക പരിശീലന കേന്ദ്രവും കരേക്കാട് പ്രവർത്തിക്കുന്ന കിടക്ക നിർമ്മാണ യൂണിറ്റുമാണ് പ്രധാന വ്യാവസായിക യൂണിറ്റുകൾ. 35 വർഷം മുമ്പ് ചേലക്കുത്ത് പ്രവർത്തനമാരംഭിച്ച റൈസ് മില്ലാണ് ആധുനിക കാലത്തെ പ്രഥമ വ്യവസായ യൂണിറ്റ്. കെ. പി. നാരായണൻ നമ്പൂതിരിയാണ് ഈ മില്ല് സ്ഥാപിച്ചത്. പഞ്ചായത്തിനകത്ത് വിവിധ മേഖലകളിലായി

## പട്ടിക 1
## ചെറുകിട വ്യവസായ യൂണിറ്റുകൾ

| നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു: | സ്ത്രീ: | ആകെ |
| 1. | നാളികേരം (കൊപ്ര സംസ്കരണം) | 5 | 10 | 3 | 13 |
| 2. | തടിവ്യവസായം | 4 | 20 | - | 20 |
| 3. | എഞ്ചിനീയറിംഗ് | 3 | 6 | - | 6 |
| 4. | ആയുർവേദ മരുന്ന് | 1 | 1 | - | 1 |
| 5. | അച്ചടി | 2 | 4 | - | 4 |
| 6. | ഭക്ഷ്യസംസ്കരണം | 7 | 7 | - | 7 |
| 7. | ഖാദി മേഖല | 1 | - | 22 | 22 |
| 8. | ഹോളോ ബ്രിക്സ് | 5 | 12 | - | 12 |
| 9. | സോപ്പുനിർമ്മാണം | 1 | 2 | - | 2 |
| 10. | പപ്പടം | 2 | 5 | 1 | 6 |
| 11. | മരംഫർണിച്ചർ | 4 | 10 | - | 10 |
| 12. | സ്റ്റീൽ ഫർണ്ണിച്ചർ | 1 | 20 | - | 20 |
| 13. | കിടക്ക നിർമ്മാണം | 1 | - | 10 | 10 |
| 14. | പ്ലാസ്റ്റിക് ഉപകരണങ്ങൾ | 1 | 4 | 3 | 7 |
| 15. | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1 | 4 | - | 4 |
| 16. | കോഴിവളർത്തൽ | 2 | 4 | - | 4 |
| 17. | കല്ല്‌വെട്ട് | 6 | 18 | - | 18 |
| 18. | കരിങ്കൽ ക്വാറി | 4 | 40 | 10 | 50 |
| 19. | ഹവായ് ചെരുപ്പ് | 1 | 1 | - | 1 |
| 20. | ബേക്കറി | 1 | 2 | - | 2 |
| 21. | സോഡാ നിർമ്മാണം | 2 | 3 | - | 3 |

54 ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഉള്ളത്. ഇവയിൽ ജോലിചെയ്യുന്ന 222 പേരിൽ പുരുഷന്മാർ 173ഉം സ്ത്രീകൾ 49ഉമാണ്. വിശദാംശങ്ങൾ പട്ടിക 1-ൽ.

മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരുടെ ആധിപത്യം കാണാം. സ്ത്രീകളുടെ എണ്ണം പരിമിതമാണ്. വിശദാംശങ്ങൾ പട്ടിക 2ൽ.

### പട്ടിക 2

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ |
| 1. | ചെറുകിട വ്യവസായങ്ങൾ | 50 | 3 | 53 |
| 2. | ഭക്ഷ്യ സംസ്കരണം | 7 | - | 7 |
| 3. | മറ്റു വ്യവസായങ്ങൾ | 116 | 24 | 140 |
| 4. | ഖാദി യൂണിറ്റ് | 20 | 22 | 42 |
| 5. | പരമ്പരാഗത കുടിൽ വ്യവസായം കുട്ട-വട്ടി നിർമ്മാണം | 5 | 6 | 11 |
| | ആകെ | 198 | 55 | 253 |

പ്രധാന കാർഷിക വിളകളായ നാളികേരം, അടക്ക, വെറ്റില, കശുവണ്ടി തുടങ്ങിയവയെ ആശ്രയിച്ചുള്ള വ്യവസായ യൂണിറ്റുകൾ കുറവാണ്.

ഈ പഞ്ചായത്തിൽ സാക്ഷരതയും ആരോഗ്യ പരിരക്ഷയും മെച്ചമാണ്. വാർത്താ വിനിമയ സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളുമുണ്ട്. ഈ ഘടകങ്ങൾ വ്യാവസായിക വളർച്ചക്ക് അനുയോജ്യമാണ്. ഉപഭോഗ വസ്തുക്കളിൽ പ്രിയമുള്ളവരാണ് ഭൂരിപക്ഷം ആളുകളെങ്കിലും വ്യാവസായിക രംഗത്ത് മുന്നേറാൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1. മുഖ്യ കാർഷിക ഉൽപന്നങ്ങൾ വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. വൈദ്യുതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
3. വോൾട്ടേജ് ക്ഷാമം.
4. മാർക്കറ്റിംഗ് സൗകര്യം കുറവ്.
5. അസംസ്കൃത വസ്തുക്കൾ വേണ്ടത്ര കിട്ടാനില്ല.
6. പുതിയ സംരംഭകന്റെ ഭയാശങ്കകൾ.
7. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.
8. ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്.
9. വനിതകൾക്ക് തൊഴിലവസരം കുറവ്.
10. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
11. വിദേശ മലയാളികളുടെ പങ്കാളിത്തക്കുറവ്.
12. സ്വയം തൊഴിൽ ചെയ്യാനുള്ള താൽപര്യമില്ലായ്മ.
13. സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള പരക്കം പാച്ചിൽ.

പുതിയ സംരംഭകനെ നിരാശനാക്കുന്ന പല ഘടകങ്ങളുമുണ്ട്. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണം സമൂഹത്തിൽ നടക്കണം.

## സാധ്യതകൾ

സഹകരണ മേഖലയിലുള്ള കല്ലാർമംഗലം സോപ്പു യൂണിറ്റിന്റെ പ്രശ്നങ്ങൾ എന്തെന്ന് പഠിച്ച് ഉൽപാദനമാരംഭിക്കാൻ ശ്രമിക്കേണ്ടതുണ്ട്. കരേക്കാട് കിടക്കയൂണിറ്റിൽ സ്റ്റോർ ചെയ്യാനുള്ള സൗകര്യമില്ല. പണി പൂർത്തിയായ കിടക്കകൾ എലികൾ നശിപ്പിക്കുന്നതിനാൽ ഓർഡർ കിട്ടുന്നതിനനുസരിച്ചേ ഉൽപ്പാദനം നടത്താൻ കഴിയുന്നുള്ളൂ. അതിനാൽ തൊഴിലാളികൾക്ക് ഭാഗികമായി മാത്രമേ ജോലി ലഭിക്കുന്നുള്ളൂ. മാർക്കറ്റിംഗ് സൗകര്യവും അവിടുത്തെ പ്രധാന പ്രശ്നമാണ്. ഈ യൂണിറ്റിലെ വനിതാ തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രവർത്തനം നിലച്ച കല്ലാർമംഗലം കറിപൗഡർ യൂണിറ്റ് പുനരുദ്ധരിക്കാനുള്ള സാധ്യത ആരായേണ്ടതാണ്.

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ VI-ാം വാർഡിൽ പ്രവർത്തിക്കുന്ന അമ്പർ ചർക്ക പരിശീലന കേന്ദ്രത്തിൽ 22 വനിതകൾ ജോലി ചെയ്യുന്നുണ്ട്. കുറഞ്ഞ കൂലി നിരക്ക് ഇവിടുത്തെ പ്രധാന പ്രശ്നമാണ്. ഇതോടനുബന്ധിച്ച് ഒരു നെയ്ത്തു ശാല സ്ഥാപിക്കാവുന്നതാണ്. ഇവിടുത്തെ നൂല് ഉപയോഗിച്ച് മറ്റു അനുബന്ധ വ്യവസായങ്ങൾക്കുള്ള സാധ്യതകളും ആരായേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള കൂലി നിരക്കിന്റെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

### പട്ടിക 3
### വിവിധ മേഖലകളിലെ കൂലി നിരക്ക്

| നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1. | പപ്പടം | 50 | 50 |
| 2. | അച്ചടി | 60 | 35 |
| 3. | കൊപ്രസംസ്കരണം | 70 | 40 |
| 4. | തടിവ്യവസായം | 110 | - |
| 5. | ബേക്കറി | 60 | - |
| 6. | ആയുർവേദം | 65 | 40 |
| 7. | ഓയൽ മിൽ | 65 | - |
| 8. | ഭക്ഷ്യധാന്യം പൊടിക്കൽ | 65 | - |
| 9. | സോഡാ നിർമ്മാണം | 60 | - |
| 10 | എഞ്ചിനീയറിംഗ് | 100 | - |
| 11 | കല്ലുവെട്ട് | 100 | - |
| 12 | ഖാദി | - | 50 |

കുറിപ്പ്:

നിലവിലുള്ള പല യൂണിറ്റുകളിലും സംരംഭകനോ കുടുംബാംഗങ്ങളോ ബന്ധുക്കളോ ആണ് തൊഴിൽ ചെയ്യുന്നത്. അതുകൊണ്ട് കൂലിയെ സംബന്ധിച്ച വിലയിരുത്തലിൽ അശാസ്ത്രീയത വരാൻ സാധ്യതയുണ്ട്.

തേങ്ങ, ചിരട്ട, മാങ്ങ, ചക്ക, കശുമാങ്ങ, കശുവണ്ടി, തേങ്ങാവെള്ളം എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തി ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാൻ കഴിയും. സുലഭമായി ലഭിക്കുന്ന എല്ല് പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. മാറാക്കര പഞ്ചായത്തിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി തുടങ്ങാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക നാലിൽ കൊടുത്തിരിക്കുന്നു.

### പട്ടിക 4
### ജനറൽ SSI വിഭാഗം

1. ചകിരിയുൽപ്പന്നങ്ങൾ
2. അച്ചാർ നിർമ്മാണം
3. മാങ്ങ, ചക്ക, കൈതച്ചക്ക, ജാം
4. വെളിച്ചെണ്ണ
5. ഹെയറോയിൽ
6. തേങ്ങാവെള്ളം കൊണ്ടുള്ള ശീതള പാനീയങ്ങൾ
7. ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ
8. ചിരട്ടപ്പൊടി
9. ചാർക്കോൾ (ആക്ടിവേറ്റഡ് കാർബൺ)
10. ചാർക്കോൾ ഓയിൽ
11. എല്ലുപൊടി
12. കന്നുകാലിത്തീറ്റ
13. പറങ്കിമാങ്ങ സ്ക്വാഷ്, ജാം, കാന്റീ
14. അവിൽ

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള പല ഉൽപ്പന്നങ്ങളുമുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തിയാൽ അനായാസേന വിപണനം ചെയ്യാം. ഇത്തരം യൂണിറ്റുകളുടെ ഒരു പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 5
### ജനറൽ SSI വിഭാഗം

1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. ആധുനിക രീതിയിലുള്ള മരുന്ന് നിർമ്മാണം
3. മരം ഫർണ്ണിച്ചർ
4. ഹവായ് ചെരുപ്പ്.
5. സ്കൂൾ ബാഗ്
6. പ്ലാസ്റ്റിക് ബട്ടൺ
7. അലങ്കാരപ്പണി ചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
8. ലിക്വിഡ് ഡിറ്റർജന്റ്
9. ക്ലീനിംഗ് പൗഡർ
10. ഇലക്ട്രിക്കൽ ജനറൽ വർക് ഷോപ്പ്
11. ഓട്ടോ ഇലക്ട്രിക് ഷോപ്പ്
12. ജനറൽ എഞ്ചിനീയറിംഗ്.
13. ഇലക്ട്രോണിക് ഫാൻ റെഗുലേറ്റർ
14. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
15. ഇലക്ട്രോണിക് ഓവർലോഡ് കട്ടോഫ്
16. എമർജൻസി ലാംപ്
17. സ്വിച്ച് ബോഡ്
18. സിന്തറ്റിക് വിനാഗിരി

### വനിത

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ.
2. സോപ്പുപൊടി നിർമ്മാണം.
3. പേപ്പർ കവർ നിർമ്മാണം.

### സഹകരണ സംഘം

1. കുട നോട്ട്ബുക്ക് നിർമ്മാണം.
2. കറിപൗഡർ.
3. കരിങ്കല്ല് ജെല്ലിയാക്കൽ
4. സിമന്റ് കൊണ്ടുള്ള ജനാല, വാതിൽകട്ട്ല തുടങ്ങിയവ.
5. സ്റ്റീൽ ഫർണിച്ചർ
6. പവർലൂം തുണി നിർമ്മാണം.
7. നെയ്ത്ത്.
8. പഠനസഹായ സാമഗ്രികളും ലാബറട്ടറി ഉപകരണങ്ങളും.
9. സോളാർ ലൈറ്റുകൾക്കുള്ള പ്ലേറ്റും അനുബന്ധ ഉപകരണങ്ങളും.
10. കൂൺ കൃഷി.
11. സിമന്റ് ഇഷ്ടിക നിർമ്മാണം.
12. കിടക്ക നിർമ്മാണം.

അവലംബം: ജില്ലാ വ്യവസായ കേന്ദ്രം.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. തേനീച്ച വളർത്തൽ.
2. സോഡാ നിർമ്മാണം.
3. ഫാൻ അസംബ്ലിംഗ്.
4. പി. വി. സി. പൈപ്പ് നിർമ്മാണം.
5. ക്ഷീര വികസന കേന്ദ്രം.
6. റേഡിയോ അസംബ്ലിംഗ്.
7. പ്ലാസ്റ്റിക് വ്യവസായം.
8. കരിങ്കല്ല് ജെല്ലിയാക്കൽ.
9. പായ നെയ്ത്ത്.
10. കോഴി വളർത്തൽ.

11. സോപ്പുനിർമ്മാണം.
12. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
13. ഹോളോ ബ്രിക്സ് യൂണിറ്റ്.
15. ഇലക്ട്രോണിക് വ്യവസായം.
16. കസേര മുടയൽ.
17. ചകിരി ഉൽപ്പന്ന യൂണിറ്റ്.
18. ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ.
19. കൊട്ട-വട്ടി നിർമ്മാണം.
20. ഫർണിച്ചർ.
21. സോഡാ നിർമ്മാണം.
22. കളിമൺ വ്യവസായം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ വാർഡുതലത്തിൽ

### വാർഡ് 1

1. ചകിരി ഉല്പന്ന യൂണിറ്റ്
2. ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമിക്കൽ.
3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
4. കോഴി, തേനീച്ച വളർത്തൽ.
5. അച്ചാർ നിർമാണം, സോപ്പുനിർമാണം.
6. റേഡിയോ അസംബ്ലിംഗ്.
7. പി.വി.സി. പൈപ്പ് നിർമാണം.

### വാർഡ് 2

1. കശുവണ്ടി സംസ്കരണ ഫാക്ടറി.
2. നാളികേര സംസ്കരണ യൂണിറ്റ്.
3. റെഡിമെയ്ഡ് വസ്ത്രനിർമാണം.
4. കോഴി വളർത്തൽ.
5. ക്ഷീരവികസനകേന്ദ്രം.

### വാർഡ് 3

1. കൊപ്രസംസ്കരണകേന്ദ്രം.
2. ഖാദിമേഖലയിൽ നൂൽനൂൽപ്കേന്ദ്രവും കൈത്തറിനെയ്ത്തും.
3. തച്ചാടി ഹരിജൻകോളനി കേന്ദ്രമാക്കി കൊട്ട-വട്ടി നിർമാണം.

### വാർഡ് 4

1. കോഴിവളർത്തൽ.
2. റെഡിമെയ്ഡ് വസ്ത്രനിർമാണം.
3. കറിപൗഡർ നിർമാണം.
4. കസേര മെടച്ചിൽ.
5. ഇലക്ട്രോണിക് മേഖലയിലെ കുടിൽ വ്യവസായം.
6. സോപ്പ് നിർമാണം.

### വാർഡ് 5

1. മെറ്റൽ നിർമാണം (കരിങ്കല്ല് ജെല്ലിയാക്കൽ).
2. പായനെയ്ത്ത്.
3. പൊടിമില്ല്.
4. അച്ചാർ നിർമാണം.
5. സോപ്പ് നിർമാണം.
6. തടി ഉരുപ്പടി നിർമാണം.
7. കൊപ്ര സംസ്കരണം.
8. റെഡിമെയ്ഡ് വസ്ത്രനിർമാണം.

### വാർഡ് 6

1. കോഴിവളർത്തൽ.
2. കൈത്തറി വ്യവസായം.
3. റെഡിമെയ്ഡ് വസ്ത്രനിർമാണം.
4. ബെഡ് യൂണിറ്റ്.
5. ഹെയർ ഓയിൽ യൂണിറ്റ്.
6. വെളിച്ചെണ്ണ യൂണിറ്റ്.
7. ക്ഷീരവ്യവസായം.

### വാർഡ് 7

1. ക്ഷീരവ്യവസായ യൂണിറ്റ്.
2. റെഡിമെയ്ഡ് വസ്ത്രനിർമാണം.

### വാർഡ് 8

1. ഹോളോബ്രിക്സ്.
2. കൊപ്രസംസ്കരണം.
3. കോഴിവളർത്തൽ.
4. കറിപൗഡർ.
5. റെഡിമെയ്ഡ് വസ്ത്രനിർമാണം.
6. കളിമൺ വ്യവസായം.

### വാർഡ് 9

1. കൊപ്രസംസ്കരണം.
2. കശുവണ്ടി സംസ്കരണം.
3. ക്ഷീരവികസനം.
4. ചകിരിമിൽ.

### വാർഡ് 10

1. ഫർണിച്ചർ വ്യവസായം.
2. കോഴിവളർത്തൽ.
3. മീൻ സൊസൈറ്റി.
4. സോഡാ കമ്പനി.

### വാർഡ് 11

1. റെഡിമെയ്ഡ് വസ്ത്രനിർമാണം.
2. ചകിരി, ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ

## വൻകിടവ്യവസായത്തിനുള്ള സാധ്യതകൾ

കോക്കനട്ട് കോംപ്ലക്സ്.

സഹകരണടിസ്ഥാനത്തിൽ കശുവണ്ടിസംസ്കരണം.

മരച്ചീനി അടിസ്ഥാനമാക്കിയുള്ള വ്യവസായം.

## പൊതുനിർദേശങ്ങൾ:-

1. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവരുടെ പട്ടിക തയ്യാറാക്കുകയും വിദഗ്ദ പരിശീലനം നൽകുകയും ചെയ്യുക

2. തേങ്ങ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെകുറിച്ച് വാർഡുകൾ തോറും പരിശീലന കളരികൾ നടത്തുക.

3. വൈദ്യുതി ഉറപ്പുവരുത്തുക.

4. വിദേശ മലയാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുക.


5. കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുക.

6. നാശോൻമുഖമായ നാട്ടറിവുകൾ സംരക്ഷിച്ച് പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കഴിയും. വാർഡ് തോറും `കാരണവർ സംഗമം' സംഘടിപ്പിക്കുക.

7. കാർത്തലയിൽ സ്ഥാപിതമാകുന്ന സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്തി കപ്പാസിറ്റി വർദ്ധിപ്പിക്കുക.

8. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

മേല്പറഞ്ഞ നിർദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് നടപ്പാക്കിയാൽ ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന് മുന്നേറാൻ സാധിക്കും. സർക്കാർ ഉദ്യോഗങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്ന നമ്മുടെ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനും ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കംകൂട്ടാനും കഴിയും.



5.4



# വിദ്യാഭ്യാസം

***Waht is Education ?***
***Is it book-learning ?***
***No. Is it diverse knowledge ?***
***Not even that.***
***Education is the manifestation of the perfection already in man. Real education is that which enables one to stand on his own legs.***
***-Vivekananda***

മാറാക്കര പഞ്ചായത്തിന്റെ വിദ്യാഭ്യാസമേഖലയെക്കുറിച്ച് ചിന്തിക്കുമ്പോൾ സമ്പന്നവും വൈവിദ്ധ്യവുമായ ഒരു മുഖമാണ് തെളിയുന്നത്. ഈ ശതകത്തിന്റെ ആരംഭത്തിലും നാട്ടാശാന്മാരുടെ കുറെ പള്ളിക്കൂടങ്ങൾ ഇവിടെ ഉണ്ടായിരുന്നു. മുസ്ലിങ്ങളുടെ ഇടയിൽ ``അറബി മലയാളം" ലിപി സാർവ്വത്രികമായി പ്രചരിച്ചുവന്നിരുന്നു. ആദ്യകാല ഗുരുഭൂതന്മാരിൽ സി. അയമുട്ടിമൊല്ല, വേലുപ്പട്ടർ, പുത്തൻപീടികക്കൽ ഉസ്സൻകുട്ടിമൊല്ല, പാതിരപ്പള്ളികുട്ടൻനായർ, ചോലശ്ശേരി മൊയ്തീൻമൊല്ല, പെരുന്തു, മൂർക്കത്ത് മുഹമ്മദ്മൊല്ല, ചെമ്മുക്കൻ മുഹമ്മദ് എന്നീ നാമങ്ങൾ മറന്നുകൂട.

1920 കളിലാണ് മാറാക്കര ആധുനിക വിദ്യാഭ്യാസ രംഗത്തേക്ക് കാലെടുത്തുവെക്കുന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനം ശക്തിപ്പെട്ടുവന്നിരുന്ന കാലമായിരുന്നു. വിദ്യാഭ്യാസതല്പരരായ കുറെ ചെറുപ്പക്കാർ വിദ്യാഭ്യാസസംരംഭങ്ങളുമായി ഈ രംഗത്തേക്ക് കടന്നുവന്നു.

1920 ൽ സ്ഥാപിതമായ ജില്ലാ ബോർഡ് സ്കൂളാണ് പഞ്ചായത്തിലെ പ്രഥമ ഔപചാരിക വിദ്യാലയം. (ഇന്നത്തെ മേൽമുറി ജി.എൽ.പി. സ്കൂൾ) ചാലപ്പുറം ബാങ്ക് ചെയർമാനും ഡെപ്യൂട്ടി ഇൻസ്പെക്ടറുമായിരുന്ന യശഃശ്ശരീരനായ അമ്പത്തൊടിയിൽ സി.കെ. നായരാണ് ഈ സ്കൂൾ സ്ഥാപിക്കാൻ മുൻകയ്യെടുത്തത്. 1925ൽ മേൽമുറി സൗത്ത് എ.എൽ.പി.സ്കൂൾ സ്ഥാപിതമായി. ഈ സ്കൂൾ 1965ൽ യു.പി.സ്കൂളായി ഉയർത്തുകയും മേൽമുറി സൗത്ത് എ.യു.പി.സ്കൂൾ എന്ന പേരിൽ സ്ഥലംമാറ്റി സ്ഥാപിക്കപ്പെടുകയും ചെയ്തു. 1928ൽ സ്ഥാപിതമായ മാറാക്കര എയ്ഡഡ് യു.പി.സ്കൂളാണ് മാറാക്കരയിലെ ഒന്നാമത്തെ മിഡിൽ സ്കൂൾ. വിദ്യാഭ്യാസതല്പരനായിരുന്ന ശ്രീ.പി.സി. നാരായണൻ നമ്പൂതിരിയാണ് ഇത് സ്ഥാപിച്ചത്. 1956ൽ അന്നത്തെ ജില്ലാ ബോർഡ് മെമ്പറായിരുന്ന തെക്കഞ്ചേരി രാഘവനുണ്ണിനായരുടെ ഉത്സാഹത്താൽ കല്ലാർമംഗലം ജി.എൽ.പി.സ്കൂൾ സ്ഥാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്ഥലത്തും കെട്ടിടത്തിലുമാണ് ഇന്നും ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

ആദ്യകാലത്ത് നിശ്ചിത വിദ്യാഭ്യാസയോഗ്യതയോ പരിശീലനമോ ലഭിച്ച അദ്ധ്യാപകർ ദുർലഭമായിരുന്നു. അന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾ കോട്ടക്കൽ രാജാസ് ഹൈസ്കൂളിനെയാണ് ആശ്രയിച്ചുപോന്നത്. അപൂർവ്വം ചിലർ കല്പകഞ്ചേരിയിലും തിരൂരിലും വളാഞ്ചേരിയിലും മലപ്പുറത്തുമുള്ള ഹൈസ്കൂളുകളിലും പഠിച്ചിരുന്നു. 1968ൽ മാറാക്കര വി.വി.എം. ഹൈസ്കൂൾ സ്ഥാപിതമാകുന്നതുവരെ ഈ സ്ഥിതി തുടർന്നുവന്നു.

ഏഴ് ദശകത്തിലധികം ദൈർഘ്യമുള്ള മാറാക്കര പഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രത്തിന്റെ സൃഷ്ടാക്കളും ആദ്യകാല പതാകവാഹകരിൽ പ്രധാനികളുമാണ് പരേതരായ സി.എസ്.നായർ, കെ.ഗോപാലൻ നായർ, സി.എസ്.വാരിയർ, സി.എം.അബ്ദുൽഷുക്കൂർ, ഇ.യാഹു, എം.രാമുണ്ണിമേനോൻ, ഇ. എൻ വേലായുധൻ നായർ, കുട്ടൂസ ഹാജി, എം.കുട്ടികൃഷ്ണൻനായർ, ചാരത്ത് രാമൻനായർ, എ.കെ.വേലായുധൻനായർ, അബ്ദുള്ളക്കോയതങ്ങൾ, പി.മുഹമ്മു, സി.ആമിക്കുട്ടി, പി.പദ്മാവതി, ഒ. കുട്ടികൃഷ്ണൻനായർ, സി.വി.ഗോപാലൻ തുടങ്ങിയ അദ്ധ്യാപകശ്രേഷ്ഠർ. കുഞ്ഞിപ്പെണ്ണ്, സുനീതിതമ്പുരാട്ടി,

ശ്രീദേവിവാരസ്യാർ എന്നിവർ ആദ്യകാല അധ്യാപികമാരിൽ ഉൾപെടുന്നു. പിന്നോക്കവിഭാഗങ്ങൾക്കിടയിൽ നിന്ന് അധ്യാപനരംഗത്തേക്ക് വന്ന ആദ്യത്തെ വനിതയാണ് കുഞ്ഞിപ്പെണ്ണ്. മേൽമുറി സൗത്ത് സ്കൂളിന്റെ സ്ഥാപകനായ ചോലശ്ശേരി അയമുട്ടിമൊല്ല, മുസ്ലിങ്ങളെ ആധുനിക വിദ്യാഭ്യാസ രംഗത്തേക്ക് ആകർഷിക്കുന്നതിൽ മഹത്തായ പങ്കുവഹിച്ചവരിൽ പ്രഥമ സ്ഥാനീയനാണ്. (ഇദ്ദേഹം 1921ൽ പലായനം ചെയ്തപ്പോൾ പാണക്കാട് പൂക്കോയതങ്ങളുടെ ഗുരുനാഥനായിരുന്നിട്ടുണ്ട്.)

മുൻചൊന്ന അധ്യാപകശ്രേഷ്ഠർ കൊളുത്തിയ ദീപം ഏറ്റുവാങ്ങിയ പിൻമുറക്കാരിൽ പ്രധാനികളാണ് P. അഷ്ട മൂർത്തി നമ്പതിരി, ശ്രീകൃഷ്ണൻ എഴുത്തച്ഛൻ, P. കൃഷ്ണൻ നമ്പൂതിരി, നാരായണൻ ഭട്ടതിരി തുടങ്ങിയവർ.

ഓടായപ്പുറത്ത് ചേക്കുട്ടിസാഹിബ് ദേശീയസമര പ്രവർത്തനങ്ങളോടൊപ്പം വിദ്യാഭ്യാസരംഗത്തും സേവനമർപ്പിച്ച ഉല്പതിഷ്ണുവായിരുന്നു. ഇദ്ദേഹമാണ് ആദ്യത്തെ മലയാളപാഠപുസ്തകമായ കോമളപാഠാവലി രചിച്ചത്. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വിദ്യാഭ്യാസചലനങ്ങളുണ്ടാക്കിയിട്ടുണ്ട്.

1947ലെ സ്വാതന്ത്ര്യം, 1956ലെ കേരളപ്പിറവി, 1957ലെ ഭൂനിയമം തുടങ്ങിയ ചരിത്ര സംഭവങ്ങൾ മാറാക്കരയിലും വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ വികാസത്തിന് ആക്കംകൂട്ടി. വിദ്യാഭ്യാസ രംഗത്തെ നീതിനിഷേധങ്ങൾക്കെതിരെ ഇവിടെയും പ്രതികരണങ്ങളുണ്ടായി. സ്കൂൾ കോംപ്ലക്സുകളുടെ പ്രാഗ് രൂപമായ `ശനിയൻ സഭ' മാറാക്കരയിലും നടന്നുവന്നിരുന്നു. അധ്യാപകർ ഏകമനസ്സോടെ സഭകൾ ബഹിഷ്കരിച്ചു. മാറാക്കരയിൽ ശനിയൻസഭാ ബഹിഷ്കരണം നടന്നത് മേൽമുറി ജി. എൽ.പി. സ്കൂളിൽ വെച്ചായിരുന്നു. 1957-ൽ വിദ്യാഭ്യാസനിയമം വരുന്നതിന് മുമ്പ് മാനേജർമാരാണ് അധ്യാപകർക്ക് ശമ്പളം വിതരണം ചെയ്തിരുന്നത്. ഒപ്പിടുന്ന സംഖ്യ പലപ്പോഴും കയ്യിൽ കിട്ടാറില്ല. ഒപ്പിട്ട സംഖ്യ കയ്യിൽകിട്ടണമെന്ന് ആവശ്യപ്പെട്ടതിന് എം.പി. നമ്പൂതിരിയെ മാനേജർ പിരിച്ചുവിട്ട സംഭവം മാറാക്കരയിൽ കോളിളക്കമുണ്ടാക്കി.

വയോജനങ്ങളെ അക്ഷരം പഠിപ്പിക്കാനുള്ള ശ്രമങ്ങൾ വ്യാപകമായി നടന്നിട്ടുണ്ട്. മദ്രാസ് സർക്കാറിന്റെ സാമ്പത്തിക സഹായത്തോടെ ഇന്നത്തെ നാലാം വാർഡിൽ നടന്നിരുന്ന വയോജനവിദ്യാലയം `മൊരമ്പൻ സ്കൂൾ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ വിദ്യാലയം 1956ൽ അതിന്റെ ദൗത്യം പൂർത്തിയാക്കി. മാറാക്കര യു.പി. സ്കൂൾ കേന്ദ്രമാക്കി അറുപതുകളിൽ നടത്തപ്പെട്ടിരുന്ന വയോജനക്ലാസുകളുടെ പ്രധാന സംഘാടകർ കെ.പി. ദാമോദരൻ നമ്പൂതിരി, സി.വി. ഭാസ്കരൻ, എം.ജി. നീലകണ്ഠൻനായർ, പി. വാസുദേവൻനമ്പൂതിരി എന്നിവ

## പട്ടിക 1A
## വിദ്യാർത്ഥികൾ അധ്യാപകർ

| നമ്പർ | സ്കൂൾ | മേനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ജി. എൽ. പി. സ്കൂൾ കരേക്കാട് | ഗവ. | 115 | 98 | 213 | 4 |
| 2. | ജി. എം. എൽ. പി. സ്കൂൾ മേൽമുറി | ഗവ. | 132 | 153 | 285 | 7 |
| 3. | ജി. എം. എൽ. പി. സ്കൂൾ കല്ലാർമംഗലം | ഗവ. | 85 | 67 | 152 | 5 |
| 4. | ജി. എൽ. പി. സ്കൂൾ ചെറുപറമ്പ് | ഗവ. | 98 | 123 | 221 | 6 |
| 5. | എ. എം. എൽ. പി. സ്കൂൾ കീഴ്മുറി | എയ്ഡഡ് | 86 | 83 | 169 | 6 |
| 6. | എ. എം. എൽ. പി. സ്കൂൾ കാടാമ്പുഴ | എയ്ഡഡ് | 366 | 343 | 709 | 18 |
| 7. | എ. യു. പി. സ്കൂൾ മാറാക്കര | | | | | |
| | എൽ. പി. | എയ്ഡഡ് | 140 | 161 | 301 | 9 |
| | യു. പി. | | 335 | 353 | 688 | 15 |
| 8. | എ. യു. പി. സ്കൂൾ മേൽമുറി സൗത്ത് | | | | | |
| | എൽ. പി | എയ്ഡഡ് | 117 | 125 | 242 | 5 |
| | യു. പി. | | 134 | 121 | 255 | 8 |
| 9. | എ. യു. പി. സ്കൂൾ കാടാമ്പുഴ | എയ്ഡഡ് | 468 | 361 | 829 | 27 |
| 10. | വി. വി. എം. ഹൈസ്കൂൾ മാറാക്കര | എയ്ഡഡ് | 564 | 628 | 1192 | 46 |
| | ആകെ | | 2640 | 2626 | 5266 | 156 |

അവലംബം: സെക്കണ്ടറി ഡാറ്റ

രായിരുന്നു. ഇന്നാട്ടുകാരിൽ വായനാശീലം വളർത്തുന്നതിൽ മാറാക്കര സ്പോർട്സ് ക്ലബ് & ലൈബ്രറി കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. അച്ചിപ്ര കലാസമിതി പ്രസിദ്ധീകരിച്ചിരുന്ന `ഗ്രാമദീപം' എന്ന കയ്യെഴുത്തുമാസിക ആകർഷകമായിരുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ 6 എൽ.പി.സ്കൂളുകളും 3 യു.പി.സ്കൂളുകളും 1 ഹൈസ്കൂളുമുണ്ട്. മൊത്തം 10 സ്കൂളുകൾ. ഇവയിൽ 4 എണ്ണം സർക്കാർ മേഖലയിലും 6 എണ്ണം സ്വകാര്യമേഖലയിലും ഉള്ളവയാണ്. ഈ 10 സ്കൂളുകളിലായി 5266 വിദ്യാർത്ഥികൾ പഠിക്കുന്നു. ആൺകുട്ടികൾ 2640. പെൺകുട്ടികൾ 2626. ആകെ അദ്ധ്യാപകരുടെ എണ്ണം 156. പട്ടിക 1A നോക്കുക.

കോട്ടക്കൽ പഞ്ചായത്തിലുള്ള മരവട്ടം എൽ. പി. സ്കൂൾ, തൗക്കത്ത് എൽ. പി. സ്കൂൾ, കല്പകഞ്ചേരി പഞ്ചായത്തിലുള്ള രണ്ടത്താണി ജി. യു. പി. സ്കൂൾ, ആതവനാട് പഞ്ചായത്തിലുള്ള കരിപ്പോൾ ജി. എം. യു. പി. സ്കൂൾ, എടയൂർ പഞ്ചായത്തിലുള്ള വടക്കുംപുറം എൽ. പി. സ്കൂൾ, വടക്കുംപുറം യു. പി. സ്കൂൾ എന്നീ പ്രൈമറി സ്കൂളുകളിൽ ഈ പഞ്ചായത്തിലെ ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. ഇത് പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളുടെ അപര്യാപ്തതയിലേക്ക് വിരൽ ചൂണ്ടുന്നു.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്താറുണ്ട്. 1996-97 സ്കൂൾ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ കണക്ക് പട്ടിക I B യിൽ കൊടുത്തിട്ടുണ്ട്.

## പട്ടിക 1 B
## പഠനം നിർത്തിയവരുടെ കണക്ക്

| SC | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഇല്ല | ഇല്ല | ഇല്ല | 37 | 8 | 45 |
| | | | ആകെ | | 45 |

അവലംബം : സെക്കണ്ടറി ഡാറ്റ

സാമ്പത്തികമായും സാമൂഹികമായും പിന്നണിയിൽ നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളാണ് ഇങ്ങിനെ കൊഴിഞ്ഞുപോകാൻ കൂടുതൽ സാധ്യതയുള്ളത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളിൽപെട്ട കുട്ടികളാരും ഈ വർഷം ഇടക്കുവെച്ച് പഠനം നിർത്തിയിട്ടില്ല എന്നത് സന്തോഷകരമായ സൂചനയാണ്. എങ്കിലും കൊഴിഞ്ഞുപോയ മറ്റുള്ളവരുടെ സാഹചര്യങ്ങൾ പഠനവിധേയമാക്കേണ്ടതാണ്. ആകെയുള്ള 5266 വിദ്യാർത്ഥികളിൽ പട്ടികജാതിയിൽപെട്ടവർ 224 ആണ്. ഇവരിൽ 88 പേർ പ്രൈമറിയിലും 83 പേർ അപ്പർ പ്രൈമറിയിലും 53 പേർ ഹൈസ്കൂളിലും പഠിക്കുന്നു. പട്ടിക- ID

## പട്ടിക 1 C
## എൽ. പി, യു. പി, എച്ച്. എസ് വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| എൽ. പി | | | യു. പി | | | എച്ച്. എസ് | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1139 | 1133 | 2272 | 937 | 835 | 1782 | 564 | 628 | 1192 |

അവലംബം : സെക്കണ്ടറി ഡാറ്റ

മൊത്തം വിദ്യാർത്ഥികളിൽ 2272 പേർ പ്രൈമറിയിലും 1782 പേർ അപ്പർ പ്രൈമറിയിലും 1192 പേർ ഹൈസ്കൂളിലുമാണ് പഠിക്കുന്നത്. IC നോക്കുക .

## പട്ടിക-I D
## പട്ടികജാതി കുട്ടികളുടെ കണക്ക്

| എൽ. പി | | | യു. പി | | | എച്ച്. എസ് | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 47 | 41 | 88 | 42 | 41 | 83 | 27 | 26 | 53 |

ആകെ 224

അവലംബം: സെക്കണ്ടറി ഡാറ്റ

ഈ പഞ്ചായത്തിന് പുറത്തുള്ള ജി. വി. എച്ച്. എസ്. കൽപകഞ്ചേരി, കല്ലിങ്ങൽപറമ്പ് ഹൈസ്കൂൾ, കോട്ടക്കൽ ജി. ആർ. എച്ച്. എസ്. സെഡ്. എം. എച്ച്. എസ്. പൂളമംഗലം, ജി. എച്ച്. എസ്, ആതവനാട്, വളവന്നൂർ ബാഫഖി യത്തീംഖാന ഹൈസ്കൂൾ, വളാഞ്ചേരി ഹൈസ്കൂൾ, മാവണ്ടിയൂർ ഹൈസ്കൂൾ, പാങ്ങ് ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഈ പഞ്ചായത്തിലെ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവരെ അങ്ങോട്ടാകർഷിക്കുന്ന പ്രധാന ഘടകം: (1) മെച്ചപ്പെട്ട യാത്രാ സൗകര്യം, (2) പഞ്ചായത്തിലെ ഹൈസ്കൂളുകളുടെ അപര്യാപ്തത.

ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകളും അൺഎയ്ഡഡ് സ്കൂളുകളും തേടിപ്പോകുന്നവരുടെ സംഖ്യ കൂടുന്നുണ്ട്. പ്രീ പ്രൈമറി തലത്തിലാണ് ഈ പ്രവണത കൂടുതൽ കാണുന്നത്. കോളേജുകളോ സാങ്കേതിക വിദ്യാലയങ്ങളോ പഞ്ചായത്തിലില്ല. എങ്കിലും ഇത്തരം വിദ്യാലയങ്ങളിൽ പഠിക്കുന്നവർ ധാരാളമുണ്ട്. അവർ വളാഞ്ചേരി, തിരൂർ, മലപ്പുറം, തിരൂരങ്ങാടി, പട്ടാമ്പി, കോളേജുകിലും കോട്ടക്കൽ തിരൂർ കോഴിക്കോട്, മഞ്ചേരി കമ്പ്യൂട്ടർ സെന്ററുകളിലും വളവന്നൂരിലെ ഐ. ടി. സി യിലും തിരൂരിലെ പോളിടെക്നിക്കിലും കോട്ടക്കലുള്ള വനിതാ പോളിയിലും പഠിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ വിജയ ശതമാനം വളരെ കുറവാണ്. 93-94, 94-95 വർഷങ്ങളെ അപേക്ഷിച്ച് 95-96 ൽ വിജയ ശതമാനത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. പട്ടിക-5 നോക്കുക.

## പട്ടിക 5

### S. S. L. C വിജയ ശതമാനം കഴിഞ്ഞ 5 വർഷം

| സ്കൂൾ | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| V. V. M. H. S മാറാക്കര | 20% | 27% | 15% | 15% | 19% |

കൂടുതൽ കുട്ടികളും കണക്ക്, ഇംഗ്ലീഷ്, സയൻസ് വിഷയങ്ങളിലാണ് പരാജയപ്പെടുന്നത്. SSLC വിജയിക്കുന്നവരുടെ മാർക്ക് വളരെ കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ കുറച്ചു പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുന്നത്. മറ്റുള്ളവർ കനത്ത ഫീസ് നൽകി പാരലൽ കോളേജുകളിൽ അഭയം തേടുന്നു. കാടാമ്പുഴയിലും രണ്ടത്താണിയിലുമുള്ള ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കുറച്ചു കുട്ടികൾ പരിശീലനം നേടുന്നുണ്ട്.

സ്കൂളുകളിലെ പഠന നിലവാരം ആശാവഹമല്ല. 96-97ലെ കാൽക്കൊല്ല പരീക്ഷാമാർക്ക് (3 മുതൽ 10 വരെ ക്ലാസുകളിലെ) പട്ടികയിൽ ചേർത്തത് കാണുക. പട്ടിക VI

## അങ്കണവാടി

11 വാർഡുകളിലായി 25 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമുള്ളവ 4 എണ്ണം മാത്രമാണ്. മറ്റുള്ളവ വാടക കെട്ടിടങ്ങളിലോ ഓലഷെഡുകളിലോ ആണ് പ്രവർത്തിക്കുന്നത്. കൂടുതൽ അങ്കണവാടികൾ സ്ഥാപിച്ചുകൊണ്ടുമാത്രമേ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളിലേക്കുള്ള ഒഴുക്ക് തടഞ്ഞുനിർത്താനാവു.

## പട്ടിക VI

### പാദവാർഷിക പരീക്ഷ-1996-97

| ക്ലാസുകൾ | 30% താഴെ ലഭിച്ചവർ | 80%-40% | 40%-50% | 50%-60% | 60നുമേലെ | ആകെ വിദ്യാർത്ഥികൾ |
|---|---|---|---|---|---|---|
| 3 | 109 | 75 | 112 | 137 | 189 | 596 |
| 4 | 125 | 129 | 130 | 94 | 96 | 564 |
| 5 | 296 | 122 | 89 | 41 | 26 | 574 |
| 6 | 261 | 124 | 96 | 27 | 43 | 551 |
| 7 | 282 | 140 | 112 | 64 | 49 | 647 |
| 8 | 80 | 8 | 5 | 5 | 2 | 481 |
| 9 | 78 | 12 | 5 | 3 | 2 | 405 |
| 10 | 85 | 10 | 3 | - | 2 | 306 |

അവലംബം: സെക്കണ്ടറി ഡാറ്റ

## സാക്ഷരത

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പുതന്നെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അഭ്യസ്ത വിദ്യരായ യുവാക്കൾ തങ്ങളുടെ പ്രദേശത്തുള്ള നിരക്ഷരർക്ക് അക്ഷരത്തിന്റെ വെളിച്ചം പകർന്നുകൊടുക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. ആ ക്ലാസുകളിലുള്ള ചിലരൊക്കെ സാക്ഷരരായെങ്കിലും ക്ലാസുകൾക്ക് ദീർഘായുസ്സ് ഉണ്ടായില്ല.

എറണാകുളം ജില്ലയുടെ പിൻപറ്റി കേരളമാകെ സമ്പൂർണ്ണസാക്ഷരത കൈവരിക്കാനുള്ള ബൃഹദ്‌യജ്ഞം ആരംഭിച്ചപ്പോൾ മാറാക്കരയിലും ആവേശകരമായ പ്രതികരണമാണ്ഇതിനുലഭിച്ചത്. സ്വാതന്ത്ര്യസമരത്തിനുശേഷം സകല ജന വിഭാഗങ്ങളേയും ഒരു പ്രസ്ഥാനത്തിനു കീഴിൽ അണിനിരത്തിയ ആ യജ്ഞത്തിൽ തുടക്കം മുതൽ തന്നെ പഞ്ചായത്തിലെ ജനങ്ങൾ മത, രഷ്ട്രീയ വിഭാഗീയതകൾക്കതീതമായി പങ്കെടുത്തു. ശ്രീ. കെ. കുഞ്ഞിമൊയ്തീൻ ഈഘട്ടത്തിൽ എ. പി. ഒ. ആയി നിയമിതനായി. ഇതിന്റെ ഫലമായി പഞ്ചായത്തിൽ നൂറോളം സാക്ഷരതാക്ലാസ്സുകൾ ആരംഭിക്കാനും അക്ഷരത്തിന്റെ ലോകത്തേക്ക് ധാരാളം ആളുകളെ നയിക്കാനും സാധിച്ചു. പക്ഷെ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും ക്ലാസ്സുകളിൽ പലതും നിലച്ചുപോയി. അക്ഷരമറിയുക എന്ന പരിമിത ലക്ഷ്യവുമായി വന്ന പലരും അധികം വൈകാതെ ക്ലാസ്സുകളിൽ നിന്നു' വിട്ടതും ഇൻസ്ട്രക്റ്റർമാരിൽ പലരുടെയും താൽപര്യകുറവും ക്ലാസ്സുകൾ കുറയാൻ കാരണമായി. കേരളത്തിലെ ഭരണമാറ്റത്തെ തുടർന്ന് സാക്ഷരതാ രംഗത്തുണ്ടായ അനിശ്ചിതത്വവും പരിശീലകർക്ക് അവർ പ്രതീക്ഷിച്ച പ്രോൽസാഹനം ലഭിക്കാത്തതും അവശേഷിച്ചിരുന്ന ക്ലാസ്സുകൾ കൂടി നിലയ്ക്കാൻ കാരണമായി.

രണ്ടാംഘട്ട സാക്ഷരതാ പരിപാടി ആരംഭിച്ചപ്പോൾ ശ്രീ.വി.കെ. ജെയ്സോമ്നാഥ് പുതിയ കോ.ഓർഡിനേറ്ററായി നിയമിതനായി. അസ്തമിച്ചുപോയ സാക്ഷരതാ ക്ലാസ്സുകളെ പുനരുജ്ജീവിപ്പിക്കാൻ അദ്ദേഹം ഒരു ഭഗീരഥ ശ്രമംതന്നെ നടത്തി. പഞ്ചായത്തിലാകമാനം 35 അക്ഷരസംഘങ്ങളും 4 ജനവിദ്യാകേന്ദ്രങ്ങളും രൂപംകൊണ്ടു. ധാരാളം പരിശീലനപരിപാടികൾ സംഘടിക്കപ്പെട്ടു. വിദ്യാലയങ്ങളിലെ നിരക്ഷരത നീക്കംചെയ്യാൻ പരിപാടികൾ ആവിഷ്കരിച്ചു. അദ്ദേഹം 93-ൽ അഖിലേന്ത്യാ സാക്ഷരതാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഉത്തർപ്രദേശിലേക്ക് പോയതിനെതുർന്ന് പി. രമേശ്കുമാർ കോ.ഓർഡിനേറ്ററായി ചുമതയേറ്റു.

മൂന്നാംഘട്ട തുടർസാക്ഷരതാ പരിപാടിയിൽ ഒന്നാം ഘട്ടത്തിലുണ്ടായിരുന്ന ജനപങ്കാളിത്തം ലഭിക്കാത്തത് പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിച്ചു. അക്ഷരസംഘങ്ങളൊക്കെ രൂപീകരണശേഷം കാര്യമായ പ്രവർത്തനം നടത്താതെ അസ്തമിച്ചുപോയിരുന്നു. പ്രധാനമായും ഈ ഘട്ടത്തിൽ നടന്നത് ജനവിദ്യാകേന്ദ്രങ്ങളെ സജീവമാക്കുന്ന

പ്രവർത്തനമായിരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ ആരോഗ്യം, രോഗപ്രതിരോധം, കൃഷി, നിയമം, മദ്യപാനം, പഞ്ചായത്ത് രാജ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ധാരാളം ബഹുജനബോധവൽക്കരണ പരിപാടികൾ നടന്നു. മെഡിക്കൽ ക്യാമ്പുകളും, സിനിമാപ്രദർശന ങ്ങളും, രക്തഗ്രൂപ്പുനിർണ്ണയക്യാമ്പുകളും, ദേശീയദിന, ഓണാഘോഷപരിപാടികളും ഇക്കാലത്തുനടന്ന മറ്റു പ്രവർത്തനങ്ങളാണ്. മാറാക്കര ജനവിദ്യാകേന്ദ്രത്തോടു ചേർന്ന് ചെറിയ ഒരു തയ്യൽയൂണിറ്റ് തുടങ്ങുവാനും ഇന്ന തിന് കുറേക്കൂടി വികാസം പ്രാപിക്കുവാനും കഴിഞ്ഞി ട്ടുണ്ട്. മേൽമുറി, മാറാക്കര, കരേക്കാട് ജനവിദ്യാകേന്ദ്ര ങ്ങൾ ഇന്നും സജീവമായി നിലനിൽക്കുന്നു. രണ്ടത്താണി ജനവിദ്യാകേന്ദ്രം പ്രവർത്തനക്ഷമമല്ല. 3 ജനവിദ്യാകേന്ദ്ര ങ്ങൾക്ക് പഞ്ചായത്ത് ഫർണിച്ചർ നൽകിയിരുന്നു. മേൽമു റിയിൽ JVK യിൽ ലൈബ്രറിയും തുടങ്ങിയിട്ടുണ്ട്.

ഒന്നരവർഷത്തിലധികമായി കോ-ഓർഡിനേറ്റർ അഡീഷണൽ ചാർജ്ജ് വഹിക്കുകയാണ്. കേരളത്തിലാ കെതന്നെ സാക്ഷരതാ പ്രസ്ഥാനം വളർച്ച മുരടിച്ചിരിക്കു കയാണ്. പഞ്ചായത്തിൽ ഒരു മുഴുവൻ സമയ കോ-ഓർഡിനേറ്ററെ നിയമിക്കുകയും, ജനവിദ്യാകേന്ദ്രങ്ങളു ടേയും അക്ഷരസംഘങ്ങളുടേയും പ്രവർത്തനം ഊർജ്ജി തമാക്കാൻ വേണ്ട സഹായവും ചെയ്താൽ സാക്ഷരത രംഗത്ത് ഇനിയും പഞ്ചായത്തിന് ഒട്ടേറെ മുന്നേറാൻ കഴിയും. വീണ്ടും നിരക്ഷരതയിലേക്ക് വഴുതിവീഴുന്ന ജന ങ്ങളെ കരകയറ്റേണ്ടത് നമ്മുടെ ബാദ്ധ്യതയല്ലേ?

## അക്കാദമിക് സര്യങ്ങൾ:-

ഇത്തരം ഒരു റിപ്പോർട്ടിൽ അക്കാദമിക് സൗകര്യം പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ്. ഇത് വിദ്യാല യത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ്. ക്ലാസ്സു മുറിയിലെ നിർജ്ജീവവും യാന്ത്രികവുമായ സാഹചര്യ ത്തിൽ ചതഞ്ഞരയുന്ന ബാലമനസ്സിന് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. വൃത്തിയും വലുപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചർ, പഠനോപകര ണങ്ങൾ, ലൈബ്രറി, ലബോറട്ടറി, ദൃശ്യ-ശ്രാവ്യഉപകരണ ങ്ങൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളാണ്. പല സ്കൂളുകളിലും ഉള്ള സൗകര്യം പോലും ഉപയോഗപ്പെടുത്തുന്നില്ല. അക്കാദമിക് സൗകര്യ ങ്ങളുടെ കണക്ക് പട്ടിക III ൽ കാണുക.

## ഭൗതിക സൗകര്യങ്ങൾ:-

ആകെയുള്ള 10 സ്കൂളുകളിൽ 2 എണ്ണത്തിൽ കക്കൂസില്ല. കുടിവെള്ളമില്ലാത്ത ഒരു സ്കൂളുമുണ്ട്. വൈദ്യുതി ഇല്ലാത്ത സ്കൂളുകളുടെ എണ്ണം 7 ആണ്. വൈദ്യുതി പഠന നിലവാരം ഉയർത്തുന്ന ഒരു ഘടകമാണ്. മൂത്രപ്പുരയും കക്കൂസുമുണ്ടെങ്കിലും പലതും ഉപയോഗ യോഗ്യമല്ല. വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും അജ്ഞതയും സാംസ്കാരിക തകർച്ചയുമാണ് മുഖ്യകാ രണങ്ങൾ. സ്കൂൾ കോമ്പൗണ്ടുകൾക്ക് മതിലുകൾ ഉണ്ടാ ക്കണം. പൊതുസ്ഥാപനങ്ങൾ വൃത്തിയാക്കി സംരക്ഷിക്കാ നുള്ള ബാധ്യത സമൂഹത്തിനുണ്ടെന്ന് ബോദ്ധ്യപ്പെടു ത്തണം. ഭൗതികസാഹചര്യങ്ങളുടെ പട്ടിക VII ൽ നോക്കുക.

### പട്ടിക III
### അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ഭാഗികം | ലാബ് | പ്രവർത്തിക്കാത്തത് | ഉണ്ട്, പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടി. വി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്റ്റോക്ക്ബോസ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം | ക്ലാസ് പി. ടി. എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 1 | 3 | 5 | 3 | 2 | 10 | 7 | 7 | ഇല്ല | ഇല്ല | ഇല്ല | 4 | 9 | 3 |
| ഇല്ലാത്തത് | 2 | - | - | 5 | - | - | - | 3 | 3 | - | - | - | - | 1 | 7 |

അവലംബം: സെക്കണ്ടറി ഡാറ്റ

## പട്ടിക VII
## ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ജി. എൽ. പി. സ്കൂൾ കരേക്കാട് | 213 | 4 | 2 | 2 | ഉണ്ട് | ഇല്ല |
| ജി. എൽ. പി. സ്കൂൾ മേൽമുറി | 285 | 7 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| ജി. എൽ. പി. സ്കൂൾ കല്ലാർമംഗലം. | 152 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| ജി. എൽ. പി. സ്കൂൾ ചെറുപറമ്പ് | 221 | 6 | 2 | 2 | ഉണ്ട് | ഇല്ല |
| എ. എം. എൽ. പി. കീഴ്മുറി | 169 | 6 | 1 | 1 | ഉണ്ട് | ഇല്ല |
| എ. യു. പി. സ്കൂൾ മാറാക്കര | 989 | 24 | 2 | 1 | ഉണ്ട് | ഉണ്ട് |
| എ. യു. പി. സ്കൂൾ മേൽമുറി സൗത്ത് | 497 | 13 | 2 | 1 | ഉണ്ട് | ഇല്ല |
| എ. യു. പി. സ്കൂൾ കാടാമ്പുഴ | 829 | 27 | 2 | 2 | ഉണ്ട് | ഉണ്ട് |
| വി. വി. എം. സ്കൂൾ മാറാക്കര | 1192 | 46 | 3 | 1 | ഉണ്ട് | ഇല്ല |
| എ. എൽ പി. സ്കൂൾ കാടാമ്പുഴ | 709 | 18 | 1 | 1 | ഉണ്ട് | ഉണ്ട് |

അവലംബം: സെക്കണ്ടറി ഡാറ്റ

ശരാശരി 283 കുട്ടികൾക്ക് ഒരു മൂത്രപ്പുരയും 478 പേർക്ക് ഒരു കക്കൂസുമാണ് ഉള്ളത്.

ഇലക്ട്രോണിക് മാധ്യമങ്ങൾ വിദ്യാർത്ഥികളിൽ ദുഷ്പ്രവണതകൾ സൃഷ്ടിക്കുന്നുണ്ട്. പത്രങ്ങളുടെ സ്വാധീനം ചിലപ്പോൾ അനഭിലഷണീയമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഗൈഡുകളെയും ട്യൂഷൻ സെന്ററുകളേയും ആശ്രയിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. ``സ്പൂൺ ഫീഡിങ്ങ്' നുള്ള താല്പര്യം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും വ്യാപകമാകുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അധ്യാപന രീതിയിൽ മാറ്റം വരുത്താതെ ഈ ദു:സ്ഥിതി മാറ്റാൻ സാധ്യമല്ല. ഈ പഞ്ചായത്തിൽ കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ ശാസ്ത്രമാസികകളായ യൂറീക്കയും ശാസ്ത്രകേരളവും വായിക്കപ്പെടുന്നുണ്ട്. വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്താൻ ഇവ സഹായകരമാണ്.

## പട്ടിക-VIII
## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്കൂൾ | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | മുസ്ലിംഗേൾസ് സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള ആനുകൂല്യം | വികലാംഗ സ്കോളർഷിപ്പ് |
|---|---|---|---|---|---|---|
| 1 | AUPS കാടാമ്പുഴ | 9 | 41 | 148 | - | - |
| 2. | ALPS കാടാമ്പുഴ | - | 33 | - | - | 2 |
| 3. | GLPS ചെറുപറമ്പ് | - | 15 | - | - | - |
| 4. | AUPS മാറാക്കര | 9 | 45 | 98 | 2 | - |
| 5. | AUPS മേൽമുറി സൗത്ത് | 2 | 22 | - | - | 2 |
| 6. | GLPS മേൽമുറി | - | 9 | - | - | - |
| 7. | GLPS കല്ലാർമംഗലം | - | 8 | - | - | - |
| 8. | AMLPS കീഴ്മുറി | - | - | - | - | 1 |
| 9. | VVMHS മാറാക്കര | 3 | 53 | 125 | - | 4 |

അവലംബം: സെക്കണ്ടറി ഡാറ്റ



# കായികരംഗം

കായികരംഗത്ത് തരക്കേടില്ലാത്ത പ്രകടമാണ് നമ്മുടെ വിദ്യാർത്ഥികൾ കാഴ്ച വെച്ചിട്ടുള്ളത്. 16 വയസിനുതാഴെയുള്ള കുട്ടികൾക്കായി നടത്താറുള്ള ബാൾ ബാഡ്മിന്റൻ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സംസ്ഥാനതല വിജയികളാവാൻ മാറാക്കര ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. കായികമത്സര രംഗത്ത് ജില്ലാ- സബ്ജില്ലാ തലങ്ങളിൽ ഒട്ടേറെ അഭിമാനാർഹമായ വിജയം കൊയ്യാൻ മാറാക്കര യു.പി. സ്കൂളിനും മേൽമുറി സൗത്ത് യു.പി.സ്കൂളിനും, മാറാക്കര ഹൈസ്കൂളിനും കാടാമ്പുഴ യു.പി.സ്കൂളിനും കഴിഞ്ഞിട്ടുണ്ട്. കലാരംഗത്ത് സംസ്ഥാന-ജില്ലാ-സബ്ജില്ലാ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രതിഭകൾ ഈ ഗ്രാമത്തിലും ഉണ്ടെന്നുള്ളത് അഭിമാനാർഹമാണ്.

## സാമ്പത്തികാനുകൂല്യങ്ങൾ

1995-96ൽ 23 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പും 371 പേർക്ക് മുസ്ലിം ഗേൾസ് സ്കോളർഷിപ്പും 96-97ൽ 226 പേർക്ക് ലംപ്സം ഗ്രാന്റും ലഭിച്ചിട്ടുണ്ട്. 9 പേർക്ക് വികലാംഗ സ്കോളർഷിപ്പ് കിട്ടി. ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിന് 2 പേർ അർഹരായി. പട്ടിക VIII നോക്കുക.

പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ലഭിക്കുന്ന ഇത്തരം സ്കോളർഷിപ്പുകൾക്കായി ഭീമമായ സംഖ്യ ചിലവഴിക്കപ്പെട്ടുവെങ്കിലും ആശിച്ചഫലം കിട്ടുന്നതായി കാണുന്നില്ല. ഈ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ വിജയശതമാനം വളരെ കുറവാണ്.

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

## വാർഡ് I

1) ഈ വാർഡിൽ സ്കൂളുകൾതീരെ ഇല്ലാത്തതിനാൽ ഒരു എൽ.പി. ഒരു യു.പി. ഒരു ഹൈസ്കൂൾ എന്നിവ ആരംഭിയ്ക്കണം.

2) സ്കൂൾതല സിലബസ് പരിഷ്കരിക്കണം.

3) തുടർസാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

## വാർഡ് II

1) പൂവൻചിന ഭാഗത്ത് എൽ.പി.സ്കൂൾവേണം.

2) പെറുപറമ്പ് ഗവ. എൽ.പി.സ്കൂൾ യു.പി. സ്കൂളായി ഉയർത്തണം.

## വാർഡ് III

1) കല്ലാർമംഗലം ഗവ. എൽ.പി.സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. പ്രസ്തുത സ്ഥാപനം യു.പി. സ്കൂളായി ഉർത്തുക.

2) കല്ലാർമംഗലം പള്ളിഭാഗത്ത് ഒരു അങ്കണവാടി അനുവദിക്കുക.

3) ഈ വാർഡിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കുക.

4) ചേലക്കുത്ത് ജനവിദ്യാകേന്ദ്രം തുറക്കുക.

5) ചേലക്കുത്ത് ഒരു പൊതു ലൈബ്രറി സ്ഥാപിക്കുക.

## വാർഡ് IV

1) വാർഡിൽ എൽ.പി.സ്കൂൾ അനുവദിക്കുക.

2) പാറമ്മൽ, എ.സി. നിരപ്പ് അങ്കണവാടികൾക്ക് കെട്ടിടം പണിയുക.

3) ഒരു നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ സ്ഥാപിക്കുക.

4) I.T.I. സ്ഥാപിക്കുക.

5) ഹൈസ്കൂൾ സ്ഥാപിക്കുക.

6) യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

7) കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുക.

## വാർഡ് V

1) ഉയർന്ന മാർക്ക്നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനം നൽകുക.

2) സ്കൂൾ യൂണിഫോം സൗജന്യമായി വിതരണം ചെയ്യുക.

3) സാക്ഷരതാ പ്രവർത്തനം തുടർന്നുനടത്തുക.

4) അങ്കണവാടികൾക്ക് കെട്ടിടം പണിയുക.

## വാർഡ് VI

1) ഏർക്കരയിൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

2) പൊട്ടൻചോലയിൽ എൽ.പ.സ്കൂൾ സ്ഥാപിക്കുക.

3) മരവട്ടം എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.

4) പെരിങ്കുളത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുക.

5) കാടാമ്പുഴയിൽ ഹൈസ്കൂൾ സ്ഥാപിക്കുക.

6) പത്തായക്കല്ലിലെ സ്വന്തമായി സ്ഥലമുള്ള അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുക.

## വാർഡ് VII

1) മുനമ്പത്തും ചാലിയക്കുടത്തും അങ്കണവാടികൾ സ്ഥാപിക്കുക.

2) വാർഡിൽ ഹൈസ്കൂൾ സ്ഥാപിക്കുക.

3) ഞാവൽകാട്ടിൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

4) ദരിദ്രവിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം നൽകുക.

5) കൂടുതൽ മാർക്ക് നേടുന്ന ഹരിജൻവിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക.

## വാർഡ് VIII

1) മുഴങ്ങാണിയിൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

2) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

## വാർഡ് IX

1) മൂലാൻചോല ഭാഗത്ത് എൽ.പി.സ്കൂൾ സ്ഥാപിക്കുക.

2) വാർഡിലെ അങ്കണവാടികൾക്ക് കെട്ടിടം പണിയുക.

3) അങ്കണവാടിയിലെ ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തുക.

4) കാടാമ്പുഴക്ക് സമീപം ഹൈസ്കൂൾ സ്ഥാപിക്കുക.

5) തൂവപ്പാറക്കടുത്ത് സബ്സെന്ററിർ സ്ഥാപിക്കുക.

6) രണ്ട് വായനശാലകൾ സ്ഥാപിക്കുക.

7) മൂലാഞ്ചോലയിലെ സബ്സെന്ററിന്റെ പ്രവർത്തനം പുനഃസ്ഥാപിക്കുക, വേണ്ടത്രജീവനക്കാരെ നിയമിക്കുക.

## വാർഡ് X

1) കരേക്കാട് ഗവ. എൽ.പി.സ്കൂൾ യു. പി. സ്കൂളായി ഉയർത്തുക.

2) ഈ സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി വിഭാഗം സ്ഥാപിക്കുക.

3) യാറത്തിങ്ങൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

4) അങ്കണവാടികൾക്ക് കെട്ടിടം പണിയുക.

5) വായനശാല സ്ഥാപിക്കുക.

## വാർഡ് XI

1) ആനക്കുഴിമാടിന് സമീപം പട...മ്പിൽ ഹൈസ്കൂൾ സ്ഥാപിക്കുക.

2) കരുവഞ്ചേരിയിൽ പുതിയ അങ്കണവാടി അനുവദിക്കുക.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭകളിലെ ചർച്ചകളിൽനിന്ന് വന്ന നിർദ്ദേശങ്ങളടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 11 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവമായ ചർച്ചക്ക് വിധേയമായിട്ടുണ്ട്. പൊതുവിദ്യാഭ്യാസരംഗത്തെ ശോചനീയാവസ്ഥയെക്കുറിച്ച് ഗ്രാമസഭാംഗങ്ങൾ ബോധവാന്മാരാണെന്ന് തെളിയുകയുണ്ടായി. വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ അക്കാദമിക് സൗകര്യങ്ങൾ എന്നിവ ചർച്ചക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ ലഭ്യത, അദ്ധ്യാപകവിദ്യാർത്ഥി അനുപാതം, ഉച്ചക്കഞ്ഞി, രക്ഷാകർത്തൃസമിതി, മാതൃസംഗമം, പുതിയ സ്കൂളുകളുടെ ആവശ്യകത, അപ്ഗ്രേഡ് ചെയ്യൽ, പരീക്ഷകൾ, അദ്ധ്യാപകപരിശീലനം, പാഠ്യേതരപ്രവർത്തനങ്ങൾ എന്നിത്യാദി വിഷയങ്ങളെകുറിച്ചെല്ലാം ചർച്ച നടന്നിട്ടുണ്ട്. എന്നാൽ ഡി.പി.ഇ.പി., DIET എന്നിവയെക്കുറിച്ച് ഒരു ഗ്രാമസഭയിലും ചർച്ച നടന്നിട്ടില്ല. ഇവയെക്കുറിച്ച് നാട്ടുകാർക്കൊന്നും അറിയില്ല. ഇവജനകീയമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഭീമമായ സംഖ്യമുടക്കുന്ന ഡി.പി.ഇ.പി. പദ്ധതി ലക്ഷ്യനിർണ്ണയംചെയ്ത് അനാവശ്യചിലവുകൾ ഒഴിവാക്കി മോണിറ്ററിംഗിന് വിധേയമാക്കണമെന്ന മുറവിളി ന്യായമാണെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെ വിജയശതമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്ന് ചിലർ സൂചിപ്പിച്ചു. സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കണമെന്ന് ശക്തിയായ അഭിപ്രായമുണ്ടായി. തുടർ സാക്ഷരതാപദ്ധതി പരാജയപ്പെട്ടതുകൊണ്ട് സാക്ഷരർ നിരക്ഷതയിലേക്ക് വഴുതിവീഴുന്നു എന്നത് സത്യമാണ്. അങ്കണവാടികളും ചർച്ചാവിധേയമായിട്ടുണ്ട്. കെട്ടിടമില്ലായ്മയാണ് പ്രധാന പ്രശ്നമായി ഉയർന്നുവന്നത്. വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ കൊടുത്ത് ഉത്തേജനംനൽകണമെന്നും ചർച്ചയിൽ ഉയർന്നുവന്നു. യൂണിഫോമിന്റെ കാര്യവും ചില ഗ്രാമസഭകളിൽ ചർച്ചാവിഷയമായിട്ടുണ്ട്.

## പൊതുനിർദ്ദേശങ്ങൾ

1. L.P സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറികൾ ആരംഭിക്കുക.

2. പഞ്ചായത്ത് തലത്തിലും സബ്ജക്റ്റ് തലത്തിലും കൗൺസിലുകൾ രൂപീകരിക്കുക.

3. പഠനോപകരണ ശില്പശാലകൾ സംഘടിപ്പിക്കുക.

4. പഞ്ചായത്തുതലത്തിൽ ജനപങ്കാളിത്തത്തോടെ പരീക്ഷകൾ നടത്തുക - ചിലവ് കുറക്കാം. റിസൾട്ടിനു വേണ്ടി കാത്തിരിക്കേണ്ടിവരുന്നില്ല.

5. രക്ഷാകർത്തൃ സമിതികളും മാതൃരക്ഷാകർത്തൃ സമിതികളും സജീവമാക്കുക.

6. മനുഷ്യപ്രയത്നം ഉപയോഗപ്പെടുത്തി സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ പഞ്ചായത്ത് ഏറ്റെടുക്കുക.

7. ഉച്ചക്കഞ്ഞി ഉറപ്പുവരുത്തുക.

8. പാഠപുസ്തകങ്ങൾ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.

9. സ്വന്തം ഗ്രാമത്തെക്കുറിച്ചുള്ള അറിവും കൂറും വർദ്ധിപ്പിക്കാൻ 4 മുതൽ 9 വരെയുള്ള ക്ലാസുകളിൽ പ്രാദേശികപഠനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. ഗ്രാമപഠനക്കുറിപ്പുകൾ തയ്യാറാക്കാനുള്ള ചുമതല സബ്ജക്റ്റ് കൗൺസിലുകൾക്ക് കൊടുക്കുക.

10. വില്ലേജ് എജുക്കേഷൻ കമ്മറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

11. അനുകൂല സാഹചര്യമില്ലാത്ത പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കായി അനൗപചാരിക വിദ്യാകേന്ദ്രങ്ങൾ ഏരിയാതോറും സംഘടിപ്പിക്കുക. താല്പര്യമുള്ള വിദ്യാസമ്പന്നരുടെ സഹകരണം ഇതിന് ഉപയോഗപ്പെടുത്താം.

12. 7,8,9 ക്ലാസുകളിലെ വിദ്യാർത്ഥികളെ അവരവർക്ക് താല്പര്യമുള്ള തൊഴിൽ മേഖലയുമായി ബന്ധപ്പെടുത്തുക. റേഡിയൊ-TV റിപ്പയർ, വയറിംഗ്, പ്ലംപിങ്ങ്, കെട്ടിടനിർമ്മാണം, തുന്നൽ തുടങ്ങിയവ. ആഴ്ചയിൽ 2 മണിക്കൂർ വീതം ഇതിനുകണ്ടെത്തുക. ഇതിനനുസരിച്ച് ടൈംടേബിൾ ചിട്ടപ്പെടുത്താൻ പ്രയാസം വരില്ല.

13. ആഗസ്റ്റ് മുതലുള്ള മാസങ്ങളിൽ സ്കൂളുകളിൽ കൂട്ടായ പങ്കാളിത്തത്തിൽ പച്ചക്കറികൃഷി നടത്തുക. വിദ്യാർത്ഥികൾക്ക് മണ്ണിനോട് കൂറ് വർദ്ധിപ്പിക്കാം- കൃഷിയിലുള്ള മുരടിപ്പ് ഒഴിവാക്കാം- കൃഷിയോടുള്ള അവജ്ഞ ഒഴിവാക്കാൻ കഴിയും.

14. പ്രൈമറി തലത്തിൽ ഭാഷക്ക് പ്രാധാന്യം കൊടുത്തു കൊണ്ട് സിലബസ് ലഘൂകരിക്കണം.

15. അങ്കണവാടികളെ സ്കൂളുമായി ബന്ധപ്പെടുത്തണം.

16. DPEP പദ്ധതിയുടെ ലക്ഷ്യം നിർണ്ണയിക്കുക. അനാവശ്യമായി ചിലവ് ഒഴിവാക്കുക, അധികസംഖ്യ മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വഴിതിരിച്ചു വിടുക

ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ ഈ രംഗത്തെ ശോചനീയാവസ്ഥ ഒഴിവാക്കാം.


"അസതോമാ സത്ഗമയ
തമസോമാ ജ്യോതിർഗമയ
മൃത്യോർമാ അമൃതംഗമയ"

ഋഗ്വേദം

എന്നെ അസത്യത്തിൽനിന്ന് സത്യത്തിലലേക്കും, ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും, മരണത്തിൽനിന്ന് അമൃതത്തിലേക്കും നയിച്ചാലും.

"തത് സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യസീമഹീ
ധിയോയോനഃ പ്രചോദയാത്"

-ഗായത്രീമന്ത്രം



**5.5**

# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനതയാണ് ഒരു നാടിന്റെ സമ്പത്ത്. ഇതിന് ആരോഗ്യപരമായ പരിസരംവേണം. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ 'ശുദ്ധമായ വായു, ശുദ്ധമായവെള്ളം, ശുചിത്വമുള്ള പാർപ്പിടം' എന്നിവ എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ മിക്കവീടുകളിലും കിണറുകളുണ്ടെങ്കിലും ജലലഭ്യത വേനൽകാലമാകുന്നതോടെ കുറയുന്നതായികാണുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പതിനെട്ടോളം കുഴൽകിണർ കുഴിച്ചിട്ടുണ്ടെങ്കിലും പകുതിയിലധികം ഉപയോഗശൂന്യമായികിടക്കുന്നു. (പട്ടിക.1,2) കേരള വാട്ടർ അതോറിട്ടിയുടെ രണ്ട് ചെറുകിട ജല വിതരണ പദ്ധതികൾ നിലവിലുണ്ട്. പക്ഷേ പലപ്പോഴും ഇവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയാണുള്ളത്. ഈ പദ്ധതിയിൽ 24 പൊതു ടാപ്പുകളിലൂടെ ജലവിതരണം നടക്കുന്നുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ 40% കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരാണ്.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലകളും വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ലഭിച്ച പരിഹാരനിർദേശങ്ങളും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

### പട്ടിക. 3
### കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാര നിർദേശങ്ങളും.

| വാർഡ് | പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | പാറമ്മൽ മദ്രസ, മുക്കിലപ്പീടിക വായനശാലഭാഗം, മുള്ളൻമടക്കൽമുകൾഭാഗം, ചന്തപ്പറമ്പ്കോളനി, മരുന്നൻകോളനി. | ആറ്റുപുറംപാടത്ത് കുഴൽകിണർകുഴിച്ച് നിലവിലുള്ള ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് കുടിവെള്ളം ഉറപ്പുവരുത്തുക. മുക്കിലപ്പീടികക്ക സമീപം കുഴൽകിണർകുഴിച്ച് ടാങ്കെട്ടി കുടിവെള്ളം ലഭ്യമാക്കുക. കുഴൽകിണർകുഴിച്ച് ഹാന്റ്പമ്പ് ഫിറ്റ്ചെയ്യുക. |
| 2. | വാർഡിന്റെ എല്ലാഭാഗത്തും കുടിവെള്ളക്ഷാമം ഉണ്ട്. ചെറുപറമ്പ് സ്കൂൾ പ്രദേശം, കൊളക്കാട്പ്രദേശം, കുണ്ടൻപിടാവ്, ചക്കരച്ചാമാട്ഹരിജൻകോളനി, ആശാരികോളനി, ചെറുപറമ്പ സ്കൂളിനു കിഴക്ക് ഭാഗം. | കുഴൽകിണറുകളും ഓപ്പൺകിണറുകളും കുഴിക്കുക. ജലസംഭരണിയായ പൂവൻചിനക്കടുത്ത് വലിയകിണർകുഴിച്ച് വെള്ളം വാർഡിന്റെ എല്ലാഭാഗത്തും എത്തിക്കുക. തിരുന്നാവായ ശുദ്ധജലപദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുക. |
| 3. | ചെറിയനിരപ്പ്, പറങ്കൂച്ചിക്കാട്, തച്ചാടിപറമ്പ്കോളനി, മണ്ടായപ്പുറം മൊയ്തീൻകുട്ടിയുടെ വീടിനുസമീപം, ചെറിയനിരപ്പ്, വെള്ളാടൻവീടിനു ചുറ്റുവട്ടം, കല്ലാർമംഗലം സ്കൂൾപരിസരം. | പറങ്കൂച്ചിക്കാട് മണ്ടായപ്പുറം മൊയ്തീൻകുട്ടിയുടെ വീടിനുസമീപം, ചെറിയനിരപ്പ്, വെള്ളാടൻവീടിനുസമീപം,കല്ലാർമംഗലംസ്കൂൾപരിസരം, സർവ്വീസ്ബാങ്ക്പരിസരം, വാണിയംതൊടിപടി, എന്നിവിടങ്ങളിൽ കുഴൽകി |

| | | |
|---|---|---|
| | | ണർകുഴിക്കുക. വല്ലൻകുളം നന്നാക്കി മുഴങ്ങാണിയിൽ ടാങ്ക് കെട്ടി പൈപ്പ്ലൈൻ സ്ഥാപിക്കുക. തച്ചാടികോളനിയിൽ ഒരു പൊതുകിണർ കുഴിക്കുക. |
| 4 | ചെമ്പ്രങ്കോട്, മണ്ഡകം, കരിങ്ങാങ്കുഴി, മുള്ളൻമട, ചോലക്കൽ. | ചെമ്പ്രങ്കോട് ഭാഗത്ത് കുഴൽകിണർകുഴിക്കുക. മണ്ഡകം ഭാഗത്തുള്ള പതിനഞ്ചോളം വീടുകൾക്ക് ടാപ്പുകൾവഴി വെള്ളം എത്തിക്കുക. വെട്ടുതോട് കേന്ദ്രമാക്കി കുടിവെള്ളശേഖരണ പദ്ധതി നടപ്പിലാക്കുക. വല്ലകുളത്തിന്റെ ഒരു ഭാഗം വേർതിരിച്ച് കുടിവെള്ളപദ്ധതിക്ക് ഉപയോഗപ്പെടുത്തുക. അരീക്കര പാടത്ത് ഓപ്പൺകിണർ കുഴിച്ച് നിലവിലുള്ള പൈപ്പുലൈനുമായി ബന്ധപ്പെടുത്തുക. പള്ളിയാൽ ഭാഗത്ത് ഓപ്പൺകിണർ വേണം. |
| 5. | ഏർക്കര പാലത്തിനുമുകൾഭാഗം, മാറാക്കരഹൈസ്കൂൾപരിസരം, പോസ്റ്റാഫീസ് പരിസരം, പല്ലിക്കുന്ന്. | കീഴ്മുറിതോട്ടിൽ കുഴൽകിണർ കുഴിച്ച് ഹൈസ്കൂൾ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുക. ഏർക്കരക്ഷേത്രം, പാലം എന്നിവിടങ്ങളിൽ കുഴൽകിണർകുഴിക്കുക. ഉപയോഗശൂന്യമായ പഞ്ചായത്തുകുളം നന്നാക്കി മതിൽകെട്ടി സംരക്ഷിക്കുക. |
| 6. | പത്തായക്കല്ല്, പാലപ്പറമ്പ്, ചെലൂക്കാരൻകുളമ്പ്, പൊട്ടൻചോല, തവളക്കൊണുക്ക്, കരേക്കാട് തൊടി, മരുതിൻചിറ, താണിക്കുഴി. | തവളക്കൊണുക്കിൽ ടാങ്ക് നിർമ്മിക്കുക. പത്തായക്കല്ല്, മരുതിൻചിറ എന്നിവിടങ്ങളിൽ ഓപ്പൺകിണർകുഴിച്ച് ടാങ്ക് സ്ഥാപിച്ച് പൊട്ടൻചോലപ്രദേശങ്ങളിൽ വെള്ളം എത്തിക്കുക. പല്ലിക്കുന്ന് ശുദ്ധ ജല പദ്ധതി മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക. താണിക്കുഴിയിലെ കുഴൽകിണർ റിപ്പയർ ചെയ്യുക. പാലപ്പറമ്പിലും പത്തായക്കല്ലിലും കുഴൽകിണർ നിർമ്മിക്കുക. |
| 7. | ചെട്യാരം, മേൽമിറിക്കാട്, സൗത്ത്സ്കൂൾപരിസരം, കറുത്തേടം, കുറ്റിപ്പാല. | കുറ്റിപ്പാല കോളനിപ്രദേശം, പത്തായക്കല്ല് എന്നിവിടങ്ങളിൽ കുഴൽകിണർകുഴിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുക. ഉരുളിയൻകുന്നത്ത് വന്നുനിൽക്കുന്ന പൈപ്പ്ലൈൻ കുരിയാൽക്കൽ ഭാഗത്തുകൂടി മേൽമുറി സൗത്ത് വരെ നീട്ടുക. കുറ്റിപ്പാല. കാട്ടിൽപെരുവഴി, മേൽമുറി ഭാഗത്തേക്ക് പാക്കത്ത് പാടത്ത് നിന്ന് വെള്ളെംഎടുത്ത് വിതരണം നടത്തുക. |
| 8. | ലക്ഷംവീട്കോളനി, നീരടിപറമ്പ് ചക്കിപ്പടിഭാഗം, മുഴങ്ങാണി, പിലാത്തറ മങ്ങാട്ടുചോല ഭാഗം. | ലക്ഷംവീടുകോളനിയിലെ പഞ്ചായത്ത്കിണർ വൃത്തിയാക്കുക, ലക്ഷംവീട്കോളനി, മുഴങ്ങാണി, പിലാത്തറ, മങ്ങാട്ടുചോല, കാടാമ്പുഴ പടിഞ്ഞാറെനിരപ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക. |
| 9. | മൂലാഞ്ചോല, തൂവപ്പാറ, തീണ്ടാർപ്പ്ഹരിജൻകോളനി, ചെകുത്താൻകുണ്ട്. | മൂലാഞ്ചോലഭാഗം, തൂവപ്പാറപള്ളിക്ക് കിഴക്ക് വശം, മജീദ്കുണ്ട് ഹെൽത്ത് സെന്ററിനു സമീപം, 14-ാം നമ്പർ അങ്കൻവാടിക്ക് സമീപം, തീണ്ടാർപ്പ് ഹരിജൻ കോളനി എന്നീസ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിച്ച് ഹാന്റ് പമ്പ് ഫിറ്റുചെയ്യുക. |
| 10. | പൂളക്കൽ, ആരങ്ങോട്ട് കുളത്തിനുസമീപം, ചോലക്കാട്ടുപടിപ്രദേശം, ഒറക്കോട്ടിൽ. | പൂളക്കൽ ഭാഗത്ത് ഓപ്പൺകിണർകുഴിച്ച് വെള്ളം പമ്പ്ചെയ്താൽ മിക്കഭാഗത്തേയും ജലക്ഷാമം പരിഹരിക്കാം. |

| | | |
|---|---|---|
| | | ചോലക്കാട് ഒരു കുഴൽകിണർ കുഴിക്കുക. കൊട്ടാരത്ത്നിരപ്പ്, ഒറക്കോട് ഓപ്പൺകിണർ കുഴിക്കുക. |
| 11. | കരുവഞ്ചേരി, ചട്ടിച്ചോല, ആശാരിക്കുളമ്പ്, അവറുകുന്ന്, ആലുക്കൽകുന്ന്, ചവിടിയൻകുന്ന്, പെരുമ്പിൽകൊടികുളമ്പ്. | പൂളക്കൽ ഓപ്പൺകിണർകുഴിച്ച് കരുവഞ്ചേരി, ചട്ടിച്ചോല, ആശാരിക്കുളമ്പ്, അവറുകുന്ന്, ആലുക്കൽകുന്ന് എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. |

## ഗ്രാമസഭാനിർദേശങ്ങൾ:-

I പാറമ്മൽ മദ്രസക്ക് സമീപം, മുള്ളൻമട ഭാഗം, കണ്ടേങ്ങൾ പീടിക സമീപം, മുക്കിലപീടിക സമീപം, ചന്തപ്പറമ്പ്കോളനി, മരുന്നൻകോളനി എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിച്ച് ഹാന്റ് പമ്പ് ഫിറ്റുചെയ്യുക. മുക്കിലപീടിക ഭാഗത്ത് കുഴൽകിണർകുഴിച്ച് ടാങ്ക്കെട്ടി കൂടുതൽ ആളുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

II വാർഡിന്റെ എല്ലാ ഭാഗത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പൂവൻചിന ജലസംഭരണിക്കടുത്ത് വലിയകിണർ കുഴിച്ച് വെള്ളം വാർഡിന്റെ എല്ലാഭാഗത്തും എത്തിക്കാൻ സഹായിക്കുന്ന വിധം സംവിധാനം വേണം. തിരുന്നാവായ ജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വാർഡിനെ ഉൾപ്പെടുത്തണം.

III പറങ്കൂച്ചിക്കാട്, കല്ലാർമംഗലംസ്കൂൾ പരിസരം, മണ്ടായപ്പുറം മൊയ്തീൻകുട്ടിവീട് പരിസരം, തച്ചാടിപറമ്പ് കോളനി, വാണിയംതൊടി പരിസരം, സർവ്വീസ് ബാങ്ക് പരിസരം, ചെറുനിരപ്പ് എന്നിവിടങ്ങളിൽ കുഴൽകിണർസ്ഥാപിക്കുക. വല്ലംകുളം നന്നാക്കി വലിയനിരപ്പിൽ ടാങ്കു കെട്ടി പൈപ്പുലൈൻ സ്ഥാപിച്ചാൽ മൂന്നാം വാർഡിലെ ജലക്ഷാമം ഒട്ടൊക്കെ തീരും. കുളക്കാട്ടിലെ ജലം ശേഖരിച്ച് പൈപ്പുവഴി വിതരണം ചെയ്താൽ ജലക്ഷാമം പരിഹരിക്കാം.

IV ചെമ്പ്രങ്ങോടു ഭാഗത്ത് കുഴൽകിണർ കുഴിക്കുക. ടാപ്പുകൾ കൂടുതൽ സ്ഥാപിക്കുക. മണ്ഡകം ഭാഗത്തുള്ള പതിനഞ്ചോളം വീടുകൾക്ക് ടാപ്പ് സ്ഥാപിച്ച് വെള്ളം എത്തിക്കുക, മുള്ളൻമട, ചോലക്കൽ എന്നിവിടങ്ങളിൽ ടാപ്പുകൾ നീട്ടിസ്ഥാപിക്കുക. വെട്ടുതോടു കേന്ദ്രമാക്കി കുടിവെള്ളശേഖരണ പദ്ധതി നടപ്പിലാക്കുക. വല്ലംകുളത്തിന്റെ ഒരുഭാഗം വേർതിരിച്ച് കുടിവെള്ളപദ്ധതിക്കായി ഉപയോഗിക്കുക, തിരുനാവായ പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

V മാറാക്കര ഹൈസ്കൂൾ, ഏർക്കര പോസ്റ്റോഫീസ് പരിസരം തുടങ്ങി വാർഡിലെ മിക്കഭാഗങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. കീഴ്മുറിതോട്ടിൽ ഒരു കുഴൽകിണർ കുഴിച്ച് ഹൈസ്കൂൾ പരിസരത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് കുളം ആഴംകൂട്ടി കെട്ടിപ്പടുത്ത് സംരക്ഷിക്കുക.

VI പത്തായക്കല്ല് ഭാഗത്ത് വാട്ടർടാങ്ക് സ്ഥാപിച്ച് ചെലൂക്കാരൻ കുളമ്പ്, പൊട്ടൻചോല എന്നീ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുക. തവളകുണുക്കിൽ ടാങ്ക് നിർമ്മിക്കുക. നിലവിലുള്ള പല്ലിക്കുന്ന് പദ്ധതി പൊട്ടൻചോല, കരേക്കാട്തൊടി മരുതിൻചിറ പ്രദേശങ്ങളിലേക്ക് വ്യാപിപ്പക്കുക, പൊട്ടൻചോല താണിക്കുഴി ഭാഗത്ത് കുഴൽകിണർ റിപ്പയർ ചെയ്യുക. പൊട്ടൻചോല കറുത്തേടം ചോല, മേലേചോല എന്നിവ പുനർനിർമ്മിക്കുക.

VII ചെട്യാരം, മേൽമുറിക്കാട്, സൗത്ത് സ്കൂൾപരിസരം, കറുത്തേടം, കുറ്റിപ്പാല പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരഹരിക്കുക. ഉരുളിയൻ കുന്നത്ത് വന്നു നിൽക്കുന്ന പൈപ്പ്ലൈൻ കൂരിയാൽക്കൽ ഭാഗത്തുകൂടി മേൽമുറി സൗത്ത് സ്കൂളിനടുത്തേക്ക് നീട്ടുക. കുറ്റിപ്പാല, കാട്ടിൽപെരുവഴി മേൽമുറി ഭാഗത്തേക്ക് പാക്കത്ത് ഭാഗത്തുനിന്ന് വെള്ളമെടുത്ത് ശുദ്ധജലവിതരണം നടത്തുക.

VIII ലക്ഷംവീട് കോളനിയിലെ പഞ്ചായത്ത് കിണർ വൃത്തിയാക്കുക. ലക്ഷംവീട് കോളനിയിൽ കുഴൽകിണർകുഴിക്കുക. മങ്ങാട്ട്ചോല ഇറിഗേഷൻ വകുപ്പിനെകൊണ്ട് പരിശോധിച്ച് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുക. കാടാമ്പുഴ ടൗൺ കാടാമ്പുഴ പടിഞ്ഞാറേ നിരപ്പ്, നീരടി, പിലാത്തറ, മുഴങ്ങാണി ലക്ഷംവീട് പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടപ്പിലാക്കുക. ദരിദ്രവിഭാഗങ്ങൾക്ക് കിണർകുഴിക്കാൻ സഹായം നൽകുക.

IX മൂലഞ്ചോല ഭാഗത്ത് കുഴൽ കിണർ കുഴിക്കുക തുവ്വപ്പാറ പള്ളിക്ക് കിഴക്കുവശം കുഴൽകിണർ കുഴിക്കുക. മജീദ് കുണ്ടിൽ ഹെൽത്ത് സെന്ററിന് സമീപം 14-ാം നമ്പർ അങ്കൻവാടിക്ക് സമീപം കുഴൽകിണർ. തീണ്ടാർപ്പ് ഹരിജൻ കോളനി ഭാഗത്ത് ജലവിതരണം ത്വരിതപ്പെടുത്തുക.

X പൂളക്കൽ എന്ന സ്ഥലത്ത് ഓപ്പൺകിണർ കുഴിച്ച് വെള്ളം പമ്പുചെയ്യാൻ സൗകര്യമുണ്ടാക്കിയാൽ വാർഡിൽ മുഴുവൻ വെള്ളം എത്തിക്കാം. വാർഡിലെ കുഴൽ കിണറുകളും പൊതുകിണറുകളും റിപ്പയർ ചെയ്യുക. സർവ്വേ നടത്തിയ ആരങ്ങോട്ടുകുളത്തിനു സമീപം കിണർ ചോലക്കാട്, കൊട്ടാരം നിരപ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ.

XI പൂളക്കൽ എന്ന സ്ഥലത്ത് നാടൻകിണർ കുഴിച്ച് കരുവഞ്ചേരി, ചട്ടിച്ചോല, ആശാരിക്കുളമ്പ്, ഔറുകുന്ന്, ആലുക്കൽകുന്ന് എന്നിവിടങ്ങളിൽ പൈപ്പുലൈൻ ഏർപ്പെടുത്തുക. ചവുടിയൻ കുന്ന്, പെരുമ്പിൽപടികുളമ്പ്, താണിക്കൽ കുഞ്ഞഹമ്മദിന്റെ പറമ്പിന്സമീപം ഓരോ കുഴൽകിണർ കുഴിക്കുക.

313

## പട്ടിക. II
## ശുദ്ധജലസ്രോതസ്സുകൾ
## പൊതുകിണറുകൾ

| കിണർ | കുഴൽകിണർ | ആകെ |
|---|---|---|
| 13 | 18 | 31 |

അവലംബം: സെക്കണ്ടറി ഡാറ്റ

## പട്ടിക III
## K.W.A പദ്ധതികൾ

| I | IV | VII | VIII | മൊത്തംടാപ്പുകൾ |
|---|---|---|---|---|
| 5 | 13 | 5 | 1 | 24 |

അവലംബം: സെക്കണ്ടറി ഡാറ്റ

### ആരോഗ്യം

1970 വരെ പരമ്പരാഗതമായ ചികിത്സരീതികളെയും ചികിത്സകരെയും ആശ്രയിച്ചായിരുന്നു ഈ ഗ്രാമപഞ്ചായത്തിലെ ആതുരശുശ്രൂഷാരംഗം. കോട്ടക്കൽ ആര്യവൈദ്യശാലയുടെ സാമീപ്യം ആയുർവ്വേദ ചികിത്സാരീതിയോട് ജനങ്ങൾക്ക് ആഭിമുഖ്യമുണ്ടാവാൻ കാരണമായി. ധാരാളം പരമ്പരാഗത ആയുർവ്വേദ വൈദ്യൻമാർ ഇവിടെ ഉണ്ടായിരുന്നു. പരമ്പരാഗത ചികിത്സാരംഗത്ത് പ്രമുഖനായിരുന്ന ശ്രീ രാവുണ്ണിവൈദ്യരെപ്പോലുള്ളവരുടെ സേവനം സ്മരണീയമാണ്. എഴുപതികളിലാണ് അലോപ്പതി ചികിത്സാരീതി പഞ്ചായത്തിലെത്തിനോക്കിയത്. ധാരാളം അന്ധവിശ്വാസങ്ങൾക്കടിമപ്പെട്ടിരുന്ന ഒരു ജനതതിയെ ശാസ്ത്രീയമായ രോഗനിർണയവും ചികിത്സയും നടത്തുവാൻ അലോപ്പതി ചികിത്സകരുടെ ആവിർഭാവവും ആധുനിക വിദ്യാഭ്യാസവും സഹായിച്ചിട്ടുണ്ട്.

ജനങ്ങളുടെ ആരോഗ്യസ്ഥിതി പൊതുവെ മെച്ചമാണ്. എന്നാൽ ജലജന്യരോഗങ്ങളും, കാൻസർപോലുള്ള മാരകരോഗങ്ങളും കൂടുതലായി കാണപ്പെടുന്നുണ്ട്. 1995 ൽ പഞ്ചായത്തിലെ IV-ാം വാർഡിൽ ഹെപ്പിറ്റൈറ്റിസ് B വിഭാഗത്തിൽപ്പെട്ട മാരകമായമഞ്ഞപ്പിത്തം ബാധിച്ച് രണ്ടുപേർ മരണമടയുകയുണ്ടായി. സാമൂഹ്യപ്രവർത്തകരുടെ യഥോചിതമായ ഇടപെടലും ആരോഗ്യപ്രവർത്തകരുടെ സഹായസഹകരണങ്ങളും രോഗബാധ വളരെപെട്ടന്നു തന്നെ തടയുന്നതിനുസാധിച്ചു.

### സ്ഥാപനങ്ങളും സേവനങ്ങളും

മാറാക്കര പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

പ്രാഥമികാരോഗ്യകേന്ദ്രം 1
ഐ.പി.പി. ഉപകേന്ദ്രങ്ങൾ 6



ഇവയാണ് പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ (പട്ടിക 1) കൂടാതെ കാടാമ്പുഴയിൽ സ്വകാര്യമേഖലയിൽ ഒരാശുപത്രിയും പ്രവർത്തിച്ചുവരുന്നു.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. ഏതാണ്ട് പത്തോളം രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള PHC യിലെ IPP വാർഡ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. മാറാക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഒരു വാഹനം അടിയന്തിരമായി അനുവദിക്കണം. പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ആവശ്യമായ മരുന്നുകൾ യഥാസമയത്ത് അനുവദിക്കുകയാണെങ്കിൽ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താം.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള IPP സബ്സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഫീൽഡ് വർക്കർമാർ ആരോഗ്യബോധവൽക്കരണരംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പൊതു

## പട്ടിക 1.
## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ (PHC രേഖ)

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത്സെന്റർ | IV | 15 |
| 2. | ഐ.പി.പി. സബ്സെന്റർ | III | 1 |
| 3. | ഐ.പി.പി. സബ്സെന്റർ | V | 1 |
| 4. | ഐ.പി.പി. സബ്സെന്റർ | VI | 1 |
| 5. | ഐ.പി.പി. സബ്സെന്റർ | IX | 1 |
| 6. | ഐ.പി.പി. സബ്സെന്റർ | X | 1 |

ആരോഗ്യകേന്ദ്രങ്ങൾ ഉപയോഗപ്പെടുത്താൻ ജനങ്ങൾക്കുള്ള വിമുഖത മാറ്റിയെടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങളുടെ വിശദാംശങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

**കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും**

| തടസ്സകാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സി.ബി.എൻ.പി തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. ഹരിജൻ കോളനികളിലും മറ്റും നേരിടുന്ന സ്ഥലപരിമിതി. | പൊതുവായി സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാം |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവത്കരണം വിപുലമാക്കുക. സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ഈ മേഖലയിലേക്ക് തിരിച്ചുവിടാം |

### കക്കൂസ്

പൊതുജനാരോഗ്യരംഗത്ത് കുടിവെള്ളം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം. ശുചിത്വം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ് കക്കൂസ്. പഞ്ചായത്തിലെ എല്ലാവീടുകളിലും കക്കൂസുണ്ടാവുക എന്ന സ്വപ്നം യാഥാർത്ഥ്യമാവാൻ ബോധപൂർവമായ ശ്രമം നടത്തേണ്ടതുണ്ട്. ജനങ്ങൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന ഹരിജൻകോളനിപോലുള്ള സ്ഥലങ്ങളിലാണ് കക്കൂസിന്റെ അഭാവം കൂടുതലായി കാണപ്പെടുന്നത്.

ഗ്രാമസഭയുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രായസങ്ങളും അവക്കുള്ള പരിഹാരങ്ങളും (പട്ടിക 2)ൽ കൊടുത്തിട്ടുണ്ട്.

### പരിസരശുചിത്വം

വ്യവസായവത്കരണം വളരെകുറഞ്ഞ പ്രദേശമായതിനാൽ പരിസരമലിനീകരണം താരതമ്യേന കുറവാണ്. അറവുശാലകളിലെ അവശിഷ്ടങ്ങൾ, മത്സ്യമാർക്കറ്റിലെ അവശിഷ്ടങ്ങളും, പച്ചക്കറികളുടെ അവശിഷ്ടങ്ങൾ എന്നിവ പൊതുനിരത്തിൽ നിക്ഷേപിക്കുന്ന പ്രവണത ഈയിടെയായി കൂടുതലായി കണ്ടുവരുന്നു. ഇത് ഗുരുതരമായ പരിസരമലിനീകരണത്തിനിടയാക്കുന്നു. കാടാമ്പുഴ, രണ്ടത്താണി തുടങ്ങിയ അങ്ങാടികളിൽ പരിസരമലിനീകരണം രൂക്ഷമായികണ്ടുവരുന്നു. രണ്ടത്താണിയിലെ സാമൂഹ്യപ്രവർത്തകർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ "ക്ലീൻ രണ്ടത്താണി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കാടാമ്പുഴ, രണ്ടത്താണി തുടങ്ങിയ അങ്ങാടികളിൽ തൂപ്പുകാരെ നിയമിക്കുക. ഇവിടങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനായി പ്രത്യേക സംവിധാനമേർപ്പെടുത്തേണ്ടതുമുണ്ട്. പരിസരശുചിത്വത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം വളരെ അത്യാവശ്യമാണ്. "ക്ലീൻ രണ്ടത്താണി"യുടെ മാതൃകയിൽ കാടാമ്പുഴയിലും മറ്റു പ്രദേശങ്ങളിലും ശുചീകരണപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

I രണ്ടത്താണി ടൗൺ ശുചീകരണത്തിനു തൂപ്പുകാരെ വെക്കുക. ചപ്പുചവറുകൾ നിക്ഷേപിക്കാൻ സംവിധാനമേർപ്പെടുത്തുക. അറവുശാല സ്ഥാപിക്കുക.

II അനധികൃത അറവുകൾ നിർത്തുക. അറവിന്റെ അവശിഷ്ടങ്ങൾ പൊതുനിരത്തിൽ നിക്ഷേപിക്കുന്നത് തടയുക.

III മത്സ്യമാർക്കറ്റ് ഏർപ്പെടുത്തുക. അറവുശാല സ്ഥാപിക്കുക. അറവിന്റെ അവശിഷ്ടങ്ങൾ കുഴിച്ചുമൂടുക. ആരോഗ്യപരിശോധന നടത്തിയ ഉരുക്കളെ മാത്രമേ കശാപ്പുചെയ്ത് വിതരണം ചെയ്യാവൂ.

IV ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ കിണറുകളിൽ ചുറ്റുമതിൽ ഇല്ലാത്തതിനാൽ അഴുക്കുവെള്ളം കിണറുകളിലേക്ക് ഒഴുകിയിറങ്ങുന്നു.

V അറവിന്റെ അവശിഷ്ടങ്ങൾ കഴിച്ചുമൂടുക.

VI കാടാമ്പുഴയിൽ പൊതുനിരത്തിനോട് ചേർന്ന് അഴുക്കുചാൽ നിർമ്മിക്കുക. കാടാമ്പുഴ താഴെ അങ്ങാടി

യിൽ പൊതുനിരത്തിലും ബസ്സ്സ്റ്റാൻഡ് പരിസരത്തും കൊണ്ടിടുന്ന ചകിരിതുപ്പുകൾ നിക്ഷേപിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

VII കൊതുകുനശീകരണത്തിന് സംവിധാനം ഏർപ്പെടുത്തണം.

ആരോഗ്യവുമായി ബന്ധപ്പെട്ട് ഗ്രാമസഭയിൽ നിന്ന് വന്ന മറ്റ് നിർദേശങ്ങൾ.

I പോഷകാഹാരക്കുറവ് ദരിദ്ര കുടുംബത്തിലെ കുട്ടികളെ ബാധിക്കുന്നു. ചികിത്സക്ക് കി.മീറ്ററുകളോളം സഞ്ചരിക്കണം.

II കക്കൂസില്ലാത്ത വീടുകളിൽ അത് നിർമ്മിക്കാനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കണം. സബ്സെന്ററിന്റെ അഭാവം പ്രതിരോധ കുത്തിവെപ്പുകളെ പ്രതികൂലമായിബാധിക്കുന്നു.

III പൊതുശ്മശാനം മതിൽകെട്ടി സംരക്ഷിക്കണം.

IV കക്കൂസില്ലാത്ത വീടുകൾ കണ്ടെത്തി രണ്ടു വർഷത്തിനുള്ളിൽ കക്കൂസുകൾ നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

V ദരിദ്ര വിഭാഗത്തിൽപെട്ട കക്കൂസില്ലാത്തവർക്ക് അത് നിർമ്മിക്കാൻ വേണ്ട ധനസഹായം നൽകുക.

VI കക്കൂസില്ലാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള വർക്ക് ധനസഹായം നൽകുക.

VIII ലക്ഷംവീടുകൾക്ക് കൂടുതൽ കക്കൂസുകൾ നൽകുക. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം നൽകുക.

IX ഹരിജൻകോളനി കക്കൂസുകൾ പുനർനിർമ്മിക്കുക. പേപ്പട്ടിശല്യം അവസാനിപ്പിക്കുക.

X കക്കൂസില്ലാത്തവർക്ക് അത് നിർമ്മിക്കാൻ ആവശ്യമായ ധനസഹായം നൽകുക.

## പട്ടിക -3
## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും.

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെകുറിച്ചുള്ളവിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| I | | അലോപ്പതി-1<br>ആയുർവേദം-1 | വയറിളക്കം പനി ദന്തരോഗങ്ങൾ പോഷകാഹാര കുറവുകൊണ്ടുള്ള രോഗങ്ങൾ. | ഗവ. ഉടമയിലുള്ള പൊതുചികിത്സാകേന്ദ്രങ്ങൾ ഇല്ല. ആരോഗ്യക്ലാസ്സുകൾ നടക്കാറുണ്ട്. | മുക്കിലപീടികയിൽ സബ്സെന്റർവേണം പ്രൈമറിഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സനടത്തണം. ആഴ്ചയിലൊരിക്കൽ ഡോ.വാർ ഡിൽ ക്യാമ്പ് നടത്തണം. |
| II | | | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികം | വാർഡിൽസബ്സെന്റർ സ്ഥാപിക്കുക. |
| III | PHC<br>സബ്സെന്റർ 1 | | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികമായി നടക്കുന്നു | സബ്സെന്റർ സജീവമാക്കുക. കുട്ടികൾക്കും സ്ത്രീകൾക്കും മരുന്നുകൾ നൽകുക. ഹോമിയോ. ഡിസ്പെൻസറി ആരംഭിക്കുക. |
| IV | പ്രൈമറി ബെൽത്ത് സെന്റർ | - | ,, | ഒരുഡോക്ടർമാത്രമുള്ളതുകൊണ്ട് രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. 10 ബെഡ്ഡും മറ്റ് എല്ലാ സൗകര്യങ്ങളും ഉപയോഗശൂന്യമായി നശിച്ചുകൊണ്ടിരി | രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഹോമിയോ, ഡിസ്പെൻസറി, ആയുർവ്വേദ ആസ്പത്രി സ്ഥാപിക്കുക, ഇതിനാവ |

| | | | | | |
|---|---|---|---|---|---|
| | | | | ക്കുന്നു. ഇവിടേക്ക് അനുവദിച്ചവാഹനം കുറ്റിപ്പുറം PHC യിലേക്ക് കൊണ്ടുപോയി. | ശ്യമായ 3 ഏക്കർസ്ഥലം ഒഴിഞ്ഞുകിടക്കുന്നു. |
| V | PHC സബ്സെന്റർ 1 | - | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികമായി നടക്കുന്നു. മറ്റ് പ്രവർത്തനങ്ങൾ തൃപ്തികരമല്ല. | ഏർക്കരയിലെ സബ്സെന്ററിൽ അത്യാവശ്യമരുന്നുകൾ വിതരണംചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. ആയുർവ്വേദ ആസ്പത്രിസ്ഥാപിക്കുക. |
| VI | PHC സബ്സെന്റർ 1 | - | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗീകം. ആരോഗ്യ പ്രവർത്തകർ വല്ലപ്പെഴുംവീടുൾ കയറിയിറങ്ങാറുണ്ട്. | പത്തായക്കല്ല് സബ്സെന്റർ ഉയർത്തി ഡിസ്പെൻസറിയാക്കുക. പൊട്ടൻചോല, മരുതിൻചിറ, ഏർക്കര സബ്സെന്ററുകൾ സ്ഥാപിക്കുക. |
| VII | ആരോഗ്യസ്ഥാനങ്ങളൊന്നുമില്ല. | അലോപ്പതിക്ലിനിക്-1 ഹോമിയോക്ലിനിക്-1 | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗീകം. ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. കുത്തിവെയ്പ്പുകൾ ഇടയ്ക്ക് നടക്കാറുണ്ട്. | വാർഡിൽ സബ്സെന്റർ സ്ഥാപിക്കുക. ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുക. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നൽകുക. |
| VIII | ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല. | അലോപ്പതി ആസ്പത്രി-1 ആയുർവ്വേദ ക്ലിനിക്-3 | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗീകം. ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. പ്രതിരോധ കുത്തിവെപ്പുകൾ നടക്കാറുണ്ട്. | പിലാത്തറയിലും മുഴങ്ങാണിയിലും സബ്സെന്ററുകൾ സ്ഥാപിക്കുക. താഴ്ന്നവരുമാനക്കാർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം. കാടാമ്പുഴയിൽ അഴുക്കുചാൽ. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരങ്ങൾ. |
| IX | PHC സബ്സെന്റർ-1 | - | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗീകം ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. | സബ്സെന്റർ പ്രവർത്തനം മെച്ചപ്പെടുത്തുക |
| X | PHC സബ്സെന്റർ 1 | - | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികം. കുത്തിവെപ്പുകൾനടക്കാറുണ്ട് ക്ലാസ്സുകൾനടക്കാറില്ല. | ആയുർവ്വേദആശുപത്രി വേണം. ഡിസ്പെൻസറി വേണം. |
| XI | ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല. | - | ,, | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികം. | സബ്സെന്റർവേണം. ഡോക്ടറെനിയമിക്കണം. ആയുർവ്വേദആശുപത്രി വേണം. |

### പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദേശങ്ങൾ.

### പഞ്ചായത്ത് ആരോഗ്യസമിതി:-

(1) പഞ്ചായത്തിലെ ഡോക്ടർമാരുടെയും, പാരമ്പര്യചികിത്സകരുടെയും, ആയുർവേദ, ഹോമിയോ ചികിത്സകരേയും ഉൾപ്പെടുത്തി പഞ്ചായത്ത് ആരോഗ്യസമിതി രൂപീകരിക്കാം. ഈ സമിതിയിൽ സാമൂഹ്യപ്രവർത്തകർ മറ്റു മതസംഘടനാ പ്രവർത്തകരെയും ഉൾപ്പെടുത്താം. ഈ സമിതി ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

(2) 'ഡാനിഡ'യുടെ സഹായത്തോടെ സി.ബി.എൻ.പി പരിപാടിക്ക് കീഴിൽ വെട്ടം പോലുള്ള പഞ്ചായത്തുകളിൽ നടപ്പിൽ വരുത്തിയ സമ്പൂർണ സാനിറ്റേഷൻ പദ്ധതി നമ്മുടെ പഞ്ചായത്തിലും നടപ്പിൽ വരുത്തണം.

(3) തിരൂനാവായ ശുദ്ധജല പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തന്നെ മാറാക്കര പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

പരമപ്രധാനമായ ആരോഗ്യരംഗത്ത് ഡിപ്പാർട്ട്മെന്റും ഗ്രാമപഞ്ചായത്തും കണ്ടുവെച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്താൽ `2000 മാണ്ടോടെ എല്ലാവർക്കും ആരോഗ്യം' എന്ന സ്വപ്നം സഫലമാക്കാൻ കഴിയും.

### ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1993-94 | 425 | 88 | - |
| 1994-95 | 347 | 77 | 3 |
| 1995-96 | 354 | 85 | 2 |
| 96 | 323 | 77 | 1 |

(മാറാക്കര PHC രേഖകൾ)

### പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 612 | 154 | 188 | 12 |
| 1994-95 | 576 | 172 | 109 | 08 |
| 1995-96 | 641 | 144 | 89 | 36 |

(PHC രേഖകൾ)





# ഗതാഗതം ഊർജ്ജം

മാറാക്കര പഞ്ചായത്തിലെ ഒന്നാമത്തെ പഞ്ചായത്ത് ഭരണസമിതിനിലവിൽവന്നതിന്ശേഷം ആദ്യമായി നിർമ്മിച്ചത് കല്ലാർമംഗലം - രണ്ടത്താണി റോഡായിരുന്നു. 1964-65 വർഷത്തിലാണ് ഇതിന്റെ പണി പൂർത്തിയായത്. ഇതിന് മുമ്പ് റോഡ് നിർമ്മാണത്തിന് ചിലവ്യക്തികളും കൂട്ടായ്മകളും മുന്നിട്ടിറങ്ങിയിരുന്നു. ഇങ്ങിനെയാണ് വെട്ടിച്ചിറ മുതൽ യാറത്തിങ്ങൽവരേയും നിമ്മിണിമുതൽ ചേങ്ങോട്ടൂർവരേയും വെട്ടിച്ചിറ മുതൽ ചേലക്കുത്ത് വരേയും റോഡുകൾ നിർമ്മിക്കപ്പെട്ടത്. ഇതിന് മുൻകയ്യെടുത്ത വ്യക്തികളിൽ പുന്നപ്രത്ത് മാധവൻനമ്പൂതിരി, ഇടയത്ത് മാധവൻനായർ, പുത്തൻപീടികക്കൽ മൊയ്തീൻകുട്ടിഹാജി, പുത്തൂർ രാമൻനമ്പൂതിരി കെ.പി.നാരായണൻനമ്പൂതിരി എന്നിവരുടെപേരുകൾ എടുത്ത് പറയേണ്ടതാണ്. ഈ റോഡുകൾ ആധുനികറോഡുകളുടെ പ്രാഗ് രൂപമായിരുന്നു.

മാറാക്കരയിലെ ഗതാഗത സൗകര്യം വികസിച്ചത് ശ്രീ കാടാമ്പുഴ ഭഗവതിക്ഷേത്രത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ്. ഇന്ന് കോഴിക്കോട്, ഗുരുവായൂർ, പാലക്കാട്, തൃശൂർ ഭാഗങ്ങളിലേക്ക് ഇവിടെനിന്ന് നേരിട്ട് സർവ്വീസുകളുണ്ട്.

ഈപഞ്ചായത്തിലെ പടിഞ്ഞാറുഭാഗത്ത് കൂടി ബോംബെ-കന്യാകുമാരി ദേശീയ പാത കടന്ന് പോകുന്നു. ഈ ദേശീയപാതയിൽ വെട്ടിച്ചിറയിൽ നിന്ന് കാടാമ്പുഴ വഴി പാങ്ങ് പടപ്പറമ്പിലേക്കുള്ള റോഡാണ് ഏറ്റവും വാഹന ഗതാഗതമുള്ള പഞ്ചായത്തിലെ P.W.D റോഡ്.

മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല ഈ പഞ്ചായത്തിലുണ്ടെങ്കിലും മിക്കറോഡുകളും ശോചനീയാവസ്ഥയിലാണ്. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ പഞ്ചായത്തിൽ വേണ്ടത്ര ഫണ്ടില്ലാത്തതാണ് ഈ ദുരവസ്ഥക്ക് കാരണം. നിമ്നോന്നത ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിൽ വർഷക്കാലങ്ങളിൽ ജലം കുത്തിയൊഴുകുന്നതിന്റെ ഫലമായി വേണ്ടത്ര അരിച്ചാലുകളില്ലാത്ത റോഡുകൾക്ക് കനത്തതോതിൽ കേടുപാടുകൾ സംഭവിക്കുന്നു. ടാർ റോഡുകളിൽ വെള്ളം കെട്ടി നിന്ന് മുകൾഭാഗം പൊട്ടിപ്പൊളിഞ്ഞ്പോവുക സർവ്വസാധാരണമാണ്.

## പ്രശ്നങ്ങൾ

### ടാർറോഡുകളുടെ പ്രശ്നങ്ങൾ:-

നിലവിലുള്ള ടാർറോഡുകൾ മിക്കവയും അറ്റകുറ്റപണികളുടെ അഭാവം മൂലം യാത്രക്ക് അനുയോജ്യമല്ലാതായിതീർന്നിട്ടുണ്ട്. അത് കൊണ്ട് ഇവ യഥാസമയം അറ്റകുറ്റപണിനടത്തി യാത്രായോഗ്യമാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. നിർമാണസമയത്ത് പരിസരവാസികൾ വേണ്ടത്രസ്ഥലം റോഡിന്ന് വിട്ടുകൊടുക്കാൻ മടിച്ചു നിൽക്കുന്നത് കാരണം പല റോഡുകളും വേണ്ടത്ര വീതിയില്ലാത്തവയാണ്. ഇത് വാഹന ഗതാഗതത്തേയും കാൽനടയാത്രക്കാരേയും പ്രതികൂലമായി ബാധിക്കുന്നു.

യാത്രാരംഗത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ അടിയന്തിരമായി രണ്ടത്താണി- ചേലക്കുത്ത്- കാടാമ്പുഴ റോഡ്, കാടാമ്പുഴ- വട്ടപറമ്പ്- കോട്ടക്കൽറോഡും റിപ്പയർ ചെയ്ത് ബസ്സ് സർവ്വീസ് ആരംഭിച്ചാൽ മതിയാകും. കൂടാതെ കാടാമ്പുഴ- ചേങ്ങോട്ടൂർ- മലപ്പുറം ബസ്സ് സർവ്വീസ് ആരംഭിച്ചാൽ മലപ്പുറത്തേക്കുള്ള ദൂരം 13 കിലോമീറ്റർ കുറയ്ക്കുവാനും യാത്രാക്ലേശം പരിഹരിക്കാനും കഴിയും

### മൺറോഡുകളുടെ ശോചനീയാവസ്ഥ:

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് ഉയർന്ന നിർദ്ദേശങ്ങളിൽ അധികവും നിലവിലുള്ള മൺറോഡുകളുടെ ദയനീയാവസ്ഥയെ ആസ്പദമാക്കിയുള്ളതാണ് താറുമാറായ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപണിനടത്തുക എന്നതാണ് പ്രധാന ആവശ്യം. നിരവധിറോഡുകൾ ടാർ ചെയ്യാനും നിർദ്ദേശമുണ്ട് ഇവ അനുബന്ധം. A യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

വാർഡ് തിരിച്ചുള്ള ഈപട്ടികയിലെ മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് മെമ്പർ മാരുടെ നിർദ്ദേശവും അനുസരിച്ചാണ്.

നിലവിലുള്ള മൺറോഡുകളിൽ പലതിനും വേണ്ടത്ര അരിച്ചാലുകളില്ല. ഇതു കാരണം വർഷക്കാലത്ത് റോഡിലൂടെ ജലം കുത്തി ഒഴുകി ചാലുകളും കുഴികളും

രുപപ്പെട്ട് സുഗമമായ ഗതാഗതത്തിന് തടസ്സം വരുത്തുന്നു. ഇത് പരിഹരിക്കാൻ വേണ്ടത്ര ഓടകളും കലുങ്കുകളും നിർമ്മിക്കേണ്ടതാണ്. പല റോഡുകളുടെയും പാർശ്വഭിത്തികൾ ഇടിഞ്ഞുപോയിട്ടുണ്ട് ഇതും ശരിപ്പെടുത്തേണ്ടതാണ്.

## പുതിയ മൺറോഡുകൾ;-

നിരവധി പുതിയ മൺറോഡുകൾ നിർമ്മിക്കാൻ ഗ്രാമസഭാനിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വാർഡ് മെമ്പർമാരും ഈ കാര്യം ഊന്നിയിട്ടുണ്ട്. ജനങ്ങളുടെ മുഖ്യ ആവശ്യ

## അനുബന്ധം. A
## നിലവിലുള്ള റോഡുകൾ.

(ഗ്രാമസഭാറിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമ്മാർ, പ്രധാനപ്രവർത്തകർ എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ) കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും, തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയേയും സൂചിപ്പിക്കുന്നു.

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം: കി. മി. | വീതി. മി. | ഒരുവർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട് | ടാർ | | ഓട | | കലുങ്ക് | | ഒരുവർഷത്തിൽ ശ്രമദാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്ത്. | ചെയ്യാത്തത് | ഉള്ളത്. | വേണ്ടത്. | ഉള്ളത്. | വേണ്ടത്. | അറ്റകുറ്റപണി. സംഭാവന രൂപ. | ശ്രമദാനം ദിനം | ആകെ രൂപ. |
| 01 | 0101 | ചേലകുത്ത്- രണ്ടത്താണി | 2 km | 8 | | ✔ | | | | | | | | |
| 01 | 0102 | മൂച്ചിക്കൽ- കീഴ്മുറി | 1/2 | 6 | | ✔ | | | | | | | | |
| 01 | 0103 | മൂച്ചിക്കൽ- ചക്കരച്ചാമാട് | 1 | 6 | | | | | | | | | | |
| 01 | 0104 | ചന്തപറമ്പ്- ഹരിജൻ കോളനി | 5 | 6 | | | | | | | | | | |
| 01 | 0105 | രണ്ടത്താണി NH- മുള്ളൻ മട കുറ്റിപ്പുറം | 1.5 | 6 | | | | | | | | | | |
| 01 | 0106 | ആറ്റുപ്പുറം- കാരാട്ടു കുളമ്പ് | .5 | 6 | | | | | | | | | | |
| 01 | 0107 | ആകുപ്പുറം- മരുന്നുൻ കോളനി | .5 | 6 | | | | | | | | | | |
| 01 | 0108 | ആറ്റുപ്പുറം- കുളമ്പ് | .5 | 6 | | | | | | | | | | |
| 01 | 0109 | മുക്കില പീടിക- ചൂരപ്പുലാക്കൽ ചോല | .5 | 4 | | | | | | | | | | |
| 02 | 0201 | പൂവൻ ചിന NH - കാവിൽ പീടിക. | 1.75 | 8 | | ✔ | | | | | | | | |
| 02 | 0202 | പൂവൻ ചിന - വാരിക്കോടൻപടി. | .5 | 6 | | ✔ | | | | | | | | |
| 02 | 0203 | ചന്തപറമ്പ്- ചക്കരമട ഹരിജൻ കോളനി | .75 | 6 | | | | | | | | | | |
| 02 | 0204 | കൊല്ലത്ത്ക്കാട്- പുന്നതല സ്കൂൾ. | 1.2 | 4 | | | | | | | | | | |
| 02 | 0205 | വരിക്കോൻ പടി- നെല്ലിത്തടം അത്താണിപ്ലാവ്. | 1.5 | 4 | | | | | | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 02 | 0206 | പൂവൻചിന -ഹരിജൻ കോളനി. | .75 | 3.5 | | | | | | | | | |
| 02 | 0207 | ആറ്റുപുറം - ചെറുപറമ്പ്. | 1 | 4 | | | | | | | | | |
| 02 | 0208 | കാവിൽപീടിക. - ചെറുപറമ്പ് സ്കൂൾ. | .2 | 6 | | | | | | | | | |
| 02 | 0209 | ചക്കച്ചാംമാട്. ഹരിജൻ കോളനി കുളമ്പ്. | .4 | 3.5 | | | | | | | | | |
| 02 | 0210 | എം.പി. റോഡ് - മണ്ണങ്ങൻപാറ. | .3 | 3.5 | | | | | | | | | |
| 03 | 0301 | രണ്ടത്താണി - ചേലക്കുത്ത് - കാടാമ്പുഴ. | 1 | 8 | | ✔ | | | | | | | |
| 03 | 0302 | കാവിൽപീടിക - ചേലക്കുത്ത് | .6 | 5 | | | | | | | | | |
| 03 | 0303 | വെട്ടിച്ചിറ - ചേലക്കുത്ത്. | 3 | 8 | | ✔ | | | | | | | |
| 03 | 0304 | വെള്ളരിഞ്ഞി - തെക്കഞ്ചേരിപ്പടി - AC നിരപ്പ് | 2 | 6 | | ✔ | | | | | | | |
| 03 | 0305 | പള്ളിഇടവഴി - പാടം. | .07 | 5 | | | | | | | | | |
| 03 | 0306 | മുഴങ്ങാണി - പുന്നത്തല. | 1 | 8 | | | | | | | | | |
| 03 | 0307 | ഇല്ലിക്കൽപ്പടി - പുന്നത്തല | 2 | 5 | | | | | | | | | |
| 03 | 0308 | പാച്ചിനിപ്പാടം - ആത്രപ്പടി. | .3 | 3.5 | | | | | | | | | |
| 04 | 0401 | കാടാമ്പുഴ - കോട്ടക്കൽറോഡ് | 1.5 | 8 | | ✔ | | | | | | | |
| 04 | 0402 | AC നിരപ്പ് - ചേലക്കുത്ത്. | 1 | 8 | | ✔ | | | | | | | |
| 04 | 0403 | AC നിരപ്പ് - പള്ളിയാൽ. | 1.1 | 6 | | ✔ | | | | | | | |
| 04 | 0404 | കരിങ്ങാംകുഴി - AC നിരപ്പ്. | 1.5 | 4 | | | | | | | | | |
| 04 | 0405 | AC നിരപ്പ് - മൂർക്കനാട്പള്ളി | .4 | 5 | | | | | | | | | |
| 04 | 0406 | ചെട്ടിയാർപടി - മൂർക്കനാട്അമ്പലം. | .4 | 4 | | | | | | | | | |
| 04 | 0407 | പള്ളിയാൽ - മമ്മസ്സൻപടി | .7 | 4 | | | | | | | | | |
| 04 | 0408 | ഉരുളിക്കുന്ന് - പാറമ്മൽ | 1 | 4 | | | | | | | | | |
| 04 | 0409 | മുള്ളൻമട - ഹരിജൻ റോഡ് | 1 | 8 | | ✔ | | | | | | | |
| 05 | 0501 | മാറാക്കര - പോസ്റ്റോഫീസ് - വട്ടപ്പറമ്പ് | 2 | 8 | | ✔ | | | | | | | |
| 05 | 0502 | ചേമ്പിലത്തോടിപടി - പള്ളി ഇടവഴി. | .75 | 6 | | ✔ | | | | | | | |
| 05 | 0503 | കൊണ്ടപ്പടി - മുഹമ്മുട്ടിഹാജിപ്പടി | .5 | 4 | | | | | | | | | |
| 05 | 0504 | വട്ടപ്പറമ്പ് - വലിയതൊടിപ്പടി. | .5 | 4 | | | | | | | | | |
| 05 | 0505 | അരണഇടവഴി - മാട്ടുമ്മൽപ്പടി. . | 75 | 4 | | | | | | | | | |
| 05 | 0506 | വട്ടപ്പറമ്പ് - ചെറുമുക്ക് - പെരിങ്കുളം. | 1 | 6 | | | | | | | | | |
| 05 | 0507 | വട്ടപ്പറമ്പ് - കീഴ്മുറി. | | | | | | | | | | | |
| 05 | 0508 | കളത്തിൽതൊടിപ്പടി - അരണഇടവഴി. | 1.25 | 6 | | | | | | | | | |
| 05 | 0509 | വട്ടപ്പറമ്പ് - കുമൻകല്ല്. | | | | | | | | | | | |
| 06 | 0601 | മരുതിൻചിറ - ബാലവാടിപ്പടി. | 2.7 | 6 | | ✔ | | | | | | | |
| 06 | 0602 | മരുതിൻചിറ - പത്തായക്കല്ല്. | 3 | 4 | | ✔ | | | | | | | |
| 06 | 0603 | മരുതിൻചിറ - പാലം | .2 | 5 | | ✔ | | | | | | | |
| 06 | 0604 | പെരിങ്കുളം - പത്തായക്കല്ല്. | 1 | 6 | | | | | | | | | |
| 06 | 0605 | പത്തായക്കല്ല് - മുക്കാട്. | 1 | 4 | | | | | | | | | |
| 06 | 0606 | പൊട്ടൻചോല - ഏർക്കര | 1.5 | 4 | | | | | | | | | |
| 06 | 0607 | മനക്കൽപടി - മേൽമുറിതോട്. | .15 | 5 | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 06 | 0608 | മരുതിൻചിറ - പല്ലിക്കുന്ന്. | .4 | 4 | | | | | | | | | | |
| 06 | 0609 | ഏർക്കര - മേൽകുളമ്പ്. | .5 | 3.5 | | | | | | | | | | |
| 06 | 0610 | പൊട്ടൻചോല - കരേക്കാട്ട്തൊടി. | .5 3 | .5 | | | | | | | | | | |
| 06 | 0611 | താണിക്കുഴി - മഠത്തിൽതൊടി. | .8 | 6 | | | | | | | | | | |
| 06 | 0612 | പത്തായക്കല്ല് - ചിറക്കൽ - ഇന്ത്യനൂർ. | .8 | 4 | | | | | | | | | | |
| 06 | 0613 | പെരിങ്കുളം - പത്തായക്കല്ല്. | 1 | 6 | | | | | | | | | | |
| 07 | 0701 | കാടാമ്പുഴ - ചാലിയക്കുടം - പത്തായക്കല്ല്. | 2.2 | 6 | | ✔ | | | | | | | | |
| 07 | 0702 | ആനക്കുഴിമാട് - കല്ലുപാലം. | .6 | 6 | | ✔ | | | | | | | | |
| 07 | 0703 | മുനമ്പം - കല്ലുപാലം. | 1 | 6 | | | | | | | | | | |
| 07 | 0704 | കല്ലുപാലം - മേൽമുറിക്കാട്. | .6 | 6 | | | | | | | | | | |
| 07 | 0705 | എടയത്ത് അത്താണി - കാട്ടിൽപെരുവഴി. | 1.5 | 8 | | | | | | | | | | |
| 07 | 0706 | മുനമ്പം - പെന്തൻ - പറപ്പൂർ. | | | | | | | | | | | | |
| 07 | 0707 | ഉരുളിക്കുന്ന് - ചെട്ടിയാരം. | 1 | 4 | | | | | | | | | | |
| 07 | 0708 | ചെട്ടിയാരം - കരിമ്പൻമൂച്ചിക്കൽ. | .9 | 8 | | | | | | | | | | |
| 08 | 0801 | കാടാമ്പുഴ - കാടാമ്പുഴ നിരപ്പ്. | .3 | 6 | | ✔ | | | | | | | | |
| 08 | 0802 | പിലാത്തറ - ലക്ഷംവീട് - മുഴങ്ങാണി. | .2 | 6 | | | | | | | | | | |
| 08 | 0803 | വെട്ടിച്ചിറ - മുഴങ്ങാണി. | 1.5 | 8 | | | | | | | | | | |
| 08 | 0804 | പിലാത്തറ - മുഴങ്ങാണി. | 1 | 6 | | | | | | | | | | |
| 08 | 0805 | കൂട്ടാർമട - വെട്ടിച്ചിറ. | 1.5 | 6 | | | | | | | | | | |
| 08 | 0806 | നീരിടി നിരപ്പ് - കണിയാട്. | 1 | 6 | | | | | | | | | | |
| 08 | 0807 | നീരിടിനിരപ്പ് - പള്ളിപ്പറമ്പ്. | .5 | 6 | | | | | | | | | | |
| 09 | 0901 | തുവ്വപ്പാറ - തീണ്ടാർപ്പ് ഹരിജൻ കോളനി. | 2.6 | 5 | | | | | | | | | | |
| 09 | 0902 | കരേക്കാട് - പോസ്റ്റോഫീസ് - പാങ്ങൂത്ത് - തുവ്വപ്പാറ. | 1.9 | 5 | | | | | | | | | | |
| 09 | 0903 | കരിമ്പൻമൂച്ചി - പാങ്ങൂത്ത്. 1 5 | | | | | | | | | | | | |
| 09 | 0904 | പുളിയൻനിരപ്പ് - മൂച്ചിക്കൂടൻ ചേലങ്ങോട്ടുപടി. | 1 | 6.5 | | | | | | | | | | |
| 09 | 0905 | തുവ്വപ്പാറ - കാരിയാടൻ പടി - ചേലക്കോട്ട് പടി. | 1.25 | 5 | | | | | | | | | | |
| 09 | 0906 | യാറത്തിങ്ങൽ - മജീദ് കുണ്ട്. | 1 | 8 | | | | | | | | | | |
| 09 | 0907 | കണിയാട് - ഈങ്ങാംകുഴി. | 1 | 8 | | | | | | | | | | |
| 09 | 0908 | പള്ളിക്കണ്ടം - തെയ്യംപാട്ടിപ്പടി. | .5 | 4 | | | | | | | | | | |
| 09 | 0909 | കണിയാട് - കഞ്ഞിപ്പുര. | 1.5 | 8 | | | | | | | | | | |
| 10 | 1001 | പാലത്തിങ്ങൽ - കരേക്കാട് LP സ്കൂൾ. | 1.5 | 8 | | ✔ ✔ | | | | | | | | |
| 10 | 1002 | ഹരിജൻകോളനി - മാനാത്തിക്കുളമ്പ് - നെല്ലിക്കാട്. | 2 | 6 | | | | | | | | | | |
| 10 | 1003 | മജീദ് കുണ്ട് - പുളിനിരപ്പ്. | 1 | 6 | | | | | | | | | | |
| 10 | 1004 | കണ്ണംകുളം - കണ്ണംകടവ്. | 3 | 8 | | | | | | | | | | |
| 10 | 1005 | മൂച്ചിക്കൂടം - റഹ്മത്താബാദ്. | 1 | 6 | | ✔ | | | | | | | | |
| 10 | 1006 | യാറത്തിങ്ങൽ - ഒറക്കോട്. | 1.5 | 4 | | ✔ | | | | | | | | |
| 10 | 1007 | വെണ്ണേങ്ങര - നരിമട. | 1 | 8 | | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 10 | 1008 | പുളിഞ്ചോട് - തലാപ്പിൽപടി. | .5 | 4 | | | | | | | | | | |
| 10 | 1009 | യാറത്തിങ്ങൽ - പോസ്റ്റോഫീസ്. | 1.5 | 8 | | | | | | | | | | |
| 10 | 1010 | പടിക്കൽതൊടി - പെരിങ്ങോട്ട്പറമ്പ്. | 2 | 6 | | | | | | | | | | |
| 10 | 1011 | യാറത്തിങ്ങൽ - നിരപ്പ്. | 1 | 8 | | | | | | | | | | |
| 11 | 1101 | പൊതുവാൾ - അവറാൻകുന്ന് - ചട്ടിച്ചോല. | 1 | 5 | | | | | | | | | | |
| 11 | 1102 | പിലാത്തടം - പുത്തിരിക്കാട്. | 1.5 | 6 | | | | | | | | | | |
| 11 | 1103 | അവറാൻകുന്ന് - ചട്ടിച്ചോല. | 1.5 | 5 | | | | | | | | | | |
| 11 | 1104 | കാലൊടിപ്പടി - മദ്രസ്സാറോഡ്. | .6 | 8 | | | | | | | | | | |
| 11 | 1105 | ചൗരിയേങ്ങൽപ്പടി - കള്ളിപ്രായി. | .75 | 4 | | | | | | | | | | |
| 11 | 1106 | ചുള്ളിക്കാട് - ഞാവൽക്കാട്. | 1 | 6 | | | | | | | | | | |
| 11 | 1107 | ഞാവൽക്കാട് - പാറക്കുളം. | 1 | 6 | | | | | | | | | | |
| 11 | 1108 | വൈദ്യർകുളമ്പ് - വടക്കുമ്പ്രം സ്കൂൾ. | | | | | | | | | | | | |

ങ്ങളിലൊന്നായി പുതിയ റോഡുകൾ വെട്ടുക എന്നത് ഉയർന്നുവന്നിട്ടുണ്ട്. ഇവ അനുബന്ധം B യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

## റോഡ് നിർമ്മാണം ഉയർത്തുന്ന ചില പാരിസ്ഥിതിക പ്രശ്നങ്ങൾ:-

പുതിയ റോഡുകളുടെ നിർമ്മാണം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും ചില പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തുടക്കമിട്ടു. നിരവധിമരങ്ങൾ വെട്ടിനശിപ്പിക്കപ്പെട്ടു ഇത് മൺറോഡുകളിലെ ഇരു പാർശ്വങ്ങളിലുമുള്ള മണ്ണ് ഇടിയുന്നതിന് കാരണമായി.

ഉയർന്ന പ്രദേശങ്ങളിലെ ജലം താഴ്ന്ന സമതലങ്ങളിലേക്ക് ഒഴുകി പോയിരുന്നു. മൺറോഡുകളുടെ നിർമ്മാണം ഈ ഒഴുക്കിന് തടസ്സമായി നീർക്കെട്ടുകൾ കൊണ്ടു ഗതാഗത യോഗ്യമല്ലാതായി മാറുന്ന ഒരു അവസ്ഥ സംജാതമായിട്ടുണ്ട്.

## സാധ്യതകൾ;-

റോഡ് ഗാതഗതംമെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള നിർദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ഉരുത്തിരിയുന്നു.

1) റോഡിന്റെ വീതികുറവ് പല അപകടങ്ങൾക്കും ഹേതുവാകുന്നു. 3-ാം വാർഡിലെ കല്ലാർമംഗലം ജുമാഅത്ത് പള്ളിയുടെ മുൻവശത്തുള്ള ഭാഗം, 5-ാംവാർഡിലെ മാറാക്കര യു.പി. സ്കൂളിലേയ്ക്കുള്ള റോഡ് വൈലതൂർപടി ഭാഗവും ടാർ ചെയ്ത റോഡുകളിൽവീതി കൂട്ടേണ്ടതാണ്.

2) റോഡിന്റെ അപകടകരമായ വളവുകൾ ലഘൂകരിക്കേണ്ടതാണ്. 7-ാം വാർഡിലെ ഹരിജൻ റോഡിലെ ഉരുളിക്കുന്ന് വളവ്, ചാലയക്കുടംവളവ് കഴിവതും നിവർത്തേണ്ടതാണ്. മാടേങ്ങൽ ഭാഗം, കുറ്റിപ്പാല.

3) പൊതുറോട്ടിലെ കയ്യേറ്റം പുറമ്പോക്ക് കയ്യേറ്റം ഇവ ഒഴിപ്പിക്കുക റോഡ് സൈഡിലെ സ്ഥിരം നിർമ്മാണങ്ങൾ ഇവ ഒഴിവാക്കേണ്ടതാണ്. ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ കഴിവതും അരികിൽ സ്ഥാപിക്കേണ്ടതാണ് മരം വളർത്തുന്നത് തടയണം.

## ആരംഭിക്കാവുന്ന ബസ്സ് റൂട്ടുകൾ

1. കാടാമ്പുഴ, പത്തായക്കല്ല് - ചേങ്ങോട്ടൂർ-മലപ്പുറം.
2. കാടാമ്പുഴ, പാങ്ങ് - പടപ്പറമ്പ് പെരിന്തൽമണ്ണ.
3. കാടാമ്പുഴ-AC നിരപ്പ്-പടപ്പറമ്പ്-കോട്ടക്കൽ.
4. കോട്ടക്കൽ-രണ്ടത്താണി-ചേലക്കുത്ത്-കാടാമ്പുഴ.
5. കാടാമ്പുഴ-മരവട്ടം-പൂത്തൂർ-കോട്ടക്കൽ.
6. കാടാമ്പുഴ, മുനമ്പം-പത്തായക്കല്ല്-കോട്ടൂർ-കോട്ടക്കൽ
7. കാടാമ്പുഴ-കരേക്കാട്-വടക്കുമ്പുറം-വളാഞ്ചേരി.
8. വെട്ടിച്ചിറ-ചേലക്കുത്ത്-കോട്ടക്കൽ.

പഞ്ചായത്തിലെ റോഡുകളിൽ പലതിനും കുറുകെയുള്ള തോടുകൾക്ക് പാലം പണിതാൽ ഗതാഗതം സുഗമമാക്കാം. കൂടാതെ നടപ്പാലങ്ങളും കലുങ്കുകളും നിർമ്മിക്കേണ്ടതുണ്ട്. ഇവയുടെ പട്ടിക അനുബന്ധം C യിൽ ചേർത്തിയിരിക്കുന്നു.

## അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ് 9 ൽ ടാർചെയ്ത ഒരിഞ്ച് റോഡുപോലുമില്ല.

## റോഡ് വികസനം

പഞ്ചായത്ത് ഫണ്ടിന്റെയും ഗ്രാന്റിന്റെയും ഭീമമായ

## അനുബന്ധം C.
## പുതിയതായി നിർമ്മിക്കേണ്ട പാലങ്ങൾ, കലുങ്കുകൾ, നടപ്പാലം.

| വാർഡ് | റോഡിന് പാലം | നടപ്പാലം | കലുങ്ക് |
|---|---|---|---|
| 3.- | | 1. അമ്മേങ്ങരമദ്രസ്സ<br>2. ഓട്ടുചിറ | പള്ളിപ്പടി |
| 5 | | ഏർക്കര മദ്രസ്സിനു സമീപം | |
| 6 | ഏർക്കര<br>പൊട്ടൻ ചോലറോഡിന്<br>കുറുകെ | തിയ്യത്തുണ്ടംപടി<br>ഏർക്കരതത്രംപള്ളിപ്പടി.<br>ഏർക്കര ഒ.കെ.ബി.പടി. | മഠത്തിൽപടി-താണി<br>ക്കുഴിറോഡിൽ രണ്ട്<br>സ്ഥലത്ത്. |
| 7 | ചാലിയക്കുടം<br>ദേവസ്വംഭാഗം | നെല്ലിക്കുഴിക്ക്സമീപം<br>മൂസിക്കുട്ടിഹാജിയുടെ<br>(കല്ല്പാലം). | |

വിഹിതം റോഡുകൾക്കാണ് ചിലവഹിക്കുന്നത് എന്നാൽ ഇത്തരം റോഡുകളെ സംബന്ധിച്ച് വസ്തുനിഷ്ടമായ കൃത്യമായ വിവരങ്ങൾ നമുക്കില്ല.

### വിവിധതരംറോഡുകൾ

10 അടിവീതിയുള്ള ഗതാഗതയോഗ്യമായ വഴികളെ റോഡുകൾ എന്ന് വിളിക്കാം. ഇത് മൂന്ന് തരമുണ്ട്. ടാർ റോഡ്, മെറ്റൽറോഡ്, മൺറോഡ്. ചില അഖിലേന്ത്യാ പദ്ധതികളിൽ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നത് വീതി കൂടി കണക്കിലെടുത്തിട്ടാണെന്നതിനാൽ വീതിയുടെ അടിസ്ഥാനത്തിൽ ഇവയെ തരംതിരിക്കണം.

### റോഡ് പട്ടികകൾ

മാറാക്കര പഞ്ചായത്തിലെ നിലവിലുള്ള റോഡ് റജിസ്റ്റർ അശാസ്ത്രീയമാണ് ഇത് റോഡുകളുടെ വികസനത്തിന് അടിസ്ഥാന രേഖയായിപരിഗണിച്ചാുകൂട. പഞ്ചായത്തിൽ നിലവിലുള്ള PWD, പഞ്ചായത്ത് ടാർ, മൺറോഡുകളുടെ ഒരു ആധികാരിക പട്ടിക (അനുബന്ധം A) സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണന അനുസരിച്ചു തയ്യാറാക്കണം. എല്ലാ റോഡുകൾക്കും കോഡുനമ്പറുകൾ നൽകേണ്ടതാണ്. ഈ കോഡുനമ്പറിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡ് നമ്പറിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ ഈ വാർഡിൽ റോഡിനുള്ള മുൻഗണനയേയും സൂചിപ്പിക്കുന്നു.

നിലവിലുള്ള റോഡുകളുടെ സമഗ്രപട്ടിക തയ്യാറാക്കുമ്പോൾ പട്ടിക 1-ൽ പറയുന്ന വിവരങ്ങൾ ആണ് രേഖപ്പെടുത്തേണ്ടത്. വർഷംതോറും ഇത് പുതുക്കേണ്ടതുമാണ്.

### പട്ടിക-1

1. വാർഡ്:
2. കോഡ്:
3. പേര്: (തുടക്കം, ഒടുക്കം, ജങ്ക്ഷനുകൾ എന്നിവ വ്യക്തമായി കാണിക്കേണ്ടതാണ്.
4. ദൂരം:
5. വീതി:
6. ടാർചെയ്തദൂരം:
7. മെറ്റൽചെയ്തദൂരം:
8. മെറ്റൽചെയ്യേണ്ടദൂരം:
9. ഓവുചാൽനിലവിലുള്ളദൂരം:
10. ഓവുചാൽആവശ്യമായ ദൂരം:
11. പാർശ്വസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം:
12. പാർശ്വസംരക്ഷണഭിത്തി ആവശ്യമായ ദൂരം:
13. നിലവിലുള്ള കലുങ്കുകളുടെ എണ്ണം:
14. ആവശ്യമായ കലുങ്കുകളുടെ എണ്ണം:
15. തന്നാണ്ടിൽ ചിലവഴിച്ച പൊതുഫണ്ട്:
16. സഞ്ചിതതുക (15+മുൻവർഷത്തെ)

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും (അനുബന്ധം B) മുൻപറഞ്ഞ വിവരങ്ങൾ വെച്ച്കൊണ്ട് തയ്യാറാക്കേണ്ടതാണ്. നിർമ്മാണത്തിനു ശേഷം ഇവ അനുബന്ധം A യിലേക്ക് മാറ്റേണ്ടതാണ്.

അനുബന്ധം A യിൽ നിർദേശിക്കപ്പെട്ട എല്ലാ റോഡുകളുടെയും അറ്റകുറ്റപണികൾ എത്രയും പെട്ടെന്ന് ചെയ്ത് തീർക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതയുടെ മുറക്ക് പട്ടിക B, C എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമ്മിക്കേണ്ടതാണ് ശേഷം അനുബന്ധം A യിൽ കൂടുതൽ മുൻഗണന നൽകിയിട്ടുള്ള റോഡുകൾ തിരഞ്ഞെടുക്കാവുന്നതാണ്. ഭരണസമിതിയുടെ തീരുമാനം അനുസ

രിച്ച് വാർഡുകളിൽ ചിലവഴിക്കുന്ന തുക ജനസംഖ്യാനുപാതികമായിരിക്കേണ്ടതാണ്.

### ജനകീയപങ്കാളിത്തം

പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിന് ജനശക്തിയെ ഉപയോഗപ്പെടുത്താവുന്നതാണ്. നിർമ്മാണ ചെലവിന്റെ 1/3 ഭാഗം ശ്രമദാനം, പൊതുസംഭാവന എന്നിവയിലൂടെ കണ്ടെത്തേണ്ടതാണ്.

## അനുബന്ധം-B

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദേശിക്കുന്ന പേര്. | കോഡ് | ദൂരംകി.മി. |
|---|---|---|---|
| I | കുണ്ടോടിപറമ്പ് - ചേലക്കുത്ത് (ലിങ്ക്) | 0101 | 0.7 |
| | മുള്ളൻമട റോഡ്-മൂച്ചിക്കൽ ചോലക്കുണ്ട് (ലിങ്ക്) | 0102 | 0.6 |
| | ആറ്റുപുറം - മരുന്നൻകുളമ്പ് (നീട്ടൽ) | 0103 | 0.5 |
| | മുള്ളൻമട - കീഴ്മുറി പാടം | 0104 | 0.4 |
| | ചന്തപ്പറമ്പ് - കാരാട് - മൂർക്കത്ത് പടി | 0105 | 0.2 |
| | ഇയ്യക്കാട് - ചെറുപറമ്പതിർത്തി | 0106 | 0.45 |
| | മുള്ളൻമടറോഡ് - പുല്ലാട്ടുപടിറോഡ് - കണ്ടേങ്ങൽപടി (ലിങ്ക്) | 0107 | 0.8 |
| | ചന്തപ്പറമ്പ് NH - കുഴൽകിണർ-ചക്കരച്ചാംമാട് കോളനി | 0108 | 0.2 |
| II. | കാവിൽ പീടിക - കൊട്ടാരം | 0201 | .75 |
| | കാവിൽ പീടിക - പുന്നത്തല | 0202 | 1.0 |
| | ചെറുപറമ്പസ്കൂൾ - ഇല്ലത്തപ്പടി | 0203 | 0.5 |
| | തവളൻചിന - ഹരിജൻകോളനി | 0204 | 0.5 |
| III. | പുതുപറമ്പിൽ കുഞ്ഞിക്കാദർപടി-മൊല്ലാർതൊട്ടി-അമ്മേങ്ങര | 0301 | 1.0 |
| | കല്ലാർമംഗലം സ്കൂൾ - വാക്കയിൽ ഇടവഴി-ചേലക്കുത്ത് | 0302 | 1.5 |
| | കരുവളത്തിൽപടി - ചെറിയനിരപ്പ് | 0303 | 0.5 |
| | തെക്കഞ്ചേരിപടി - കുളക്കാട്ചോല | 0304 | 1.0 |
| | ചെറുനിരപ്പ് - പള്ളിയാൽറോഡ് | 0305 | 0 .75 |
| | ചെറുനിരപ്പ് - കുഞ്ഞിക്കാദർപടി | 0306 | 0.5 |
| | ചേലക്കുത്ത് - ശ്രീകുറുമ്പാഭഗവതിക്ഷേത്രം. | 0307 | 0.2 |
| | പള്ളിപ്പടി - അഞ്ചുകണ്ടൻപടി-സഹകരണബാങ്ക് | 0308 | 0.5 |
| | പറങ്കൂച്ചിക്കാട് - എടമനപലലി. | 0309 | .4 |
| IV. | ചെട്ട്യാർപടി - മൂർക്കനാട് ക്ഷേത്രം. | 0401 | .3 |
| | അമ്മച്ചാൽനിരപ്പ് - ഗോവിന്ദൻവൈദ്യൻവീട്-പാറമ്മൽ. | 0402 | .5 |
| | പള്ളിയാൽ - മണ്ഡപം -ചേലക്കുത്ത് (ലിങ്ക്) | 0403 | 1 |
| | കാടാമ്പുഴ AC നിരപ്പ് റോഡ് -ആശാരിഅയ്യപ്പൻവീട് - പനച്ചിക്കുണ്ട് പൂളക്കുണ്ട്-ഹിദായത്തുൽ മദ്രസ റോഡ്. | 0404 | 2 |
| | മൂർക്കനാട്ക്ഷേത്രം - കൊല്ലർകുഴിപ്പടി - ഏർക്കരപ്പാലം. | 0405 | 1 |
| | പാറമ്മൽ - തെക്കത്തെടവഴി - മൂർക്കനാട് പള്ളിയാൽ റോഡ്. | 0406 | 1 |
| | തോണ്ടാൽപടി - വൈലത്തൂർപടി. | 0407 | .75 |
| | മൂർക്കനാട് - കല്ലാർമംഗലം LP സ്കൂൾ. | 0408 | |
| | ചേലക്കുത്ത്റോഡ് - തൊണ്ടാൽപ്പടി. | 0409 | |
| | പള്ളിയാൽ - വലിയപള്ളിയാൽ. | 0410 | |
| | കരിങ്ങാംകുഴി - മാടംബിയാർക്ഷേത്രം-പള്ളിയാൽ | 0411 | |
| | എച്ച്.ഐ. മദ്രസ്സ - മരുന്നിൻചിറ. | 0412 | |

| വാർഡ് | നിർദേശിക്കുന്ന പേര്. | കോഡ് | ദൂരംകി.മി. |
|---|---|---|---|
| V | വട്ടപ്പറമ്പ് ചരിവിൻഇടവഴി | 0501 | |
| | ഏർക്കര - വട്ടപ്പറമ്പ് പള്ളി. | 0502 | |
| | മാറാക്കര UP സ്കൂൾ - പടിഞ്ഞാറ് ഇടവഴി - വട്ടപ്പറമ്പ്. | 0503 | |
| | കീഴ്മുറി എൽ.പി.സ്കൂൾ - വട്ടപ്പറമ്പ്. | 0504 | |
| | എടക്കുടതിരുത്ത് - കീഴ്മുറി എൽ.പി.സ്കൂൾ. | 0506 | |
| VI 1. | ഏർക്കര - തവളക്കൊണക്ക് | 0601 | |
| 2. | പൊട്ടൻചോല - പാലപ്പറമ്പ് | 0602 | |
| 3. | പത്തായക്കല്ല് - മൊളിയംമുട്ട- ഇന്ത്യനൂർ റോഡ്. | 0603 | |
| 4. | താണിക്കുഴി-ചാലിയക്കുടം. | 0604 | |
| 5. | മരുതിൻചിറ - പള്ളിക്കുന്ന് - അമ്പത്തൊടി. | 0605 | |
| 6. | പത്തായക്കല്ല് - മുക്കാട് - ഇന്ത്യനൂർ. | 0606 | |
| 7. | പള്ളിക്കുന്ന് - ഏർക്കര. | 0607 | .2 |
| 8. | ബാലവാടിപടി - ഖാദിയൂണിറ്റ്. | 0608 | |
| 9. | ഏർക്കരകുളമ്പ് - പെരുങ്കുളം. | 0609 | |
| 10. | മരുതിൻചിറ - തടത്തിൽപ്പടി - പള്ളിക്കുന്ന് | 0610 | |
| 11. | മരുതിൻചിറ - കക്കാടുതൊടി - പള്ളിക്കുന്ന്. | 0611 | |
| 12. | പാലപ്പറമ്പ് - ചക്കനാടുക്കുളമ്പ്. | 0612 | |
| 13. | പള്ളിക്കുന്ന് - ഒ.കെ.ബി.പടി - ഏർക്കര. | 0613 | |
| VII | മുനമ്പം - മേൽമുറിക്കാട് ഹരിജൻ കോളനി. | 0701 | |
| | മുനമ്പം - കാട്ടിൽപെരുവഴി - അത്താണി. | 0702 | |
| | ആനക്കുഴിമാട് - തൗഞ്ചത്ത്ക്കാട് - മേൽമുറികാട്. | 0703 | |
| | ഹരിജൻ റോഡ് - ഉരുളിക്കുന്ന് - മാണിയൻകുന്ന്-കാടാമ്പുഴ റോഡ്. | 0704 | |
| | ഉരുളിയൻകുന്ന് - ചെട്ടിയാരം. | 0705 | 1. |
| | മുക്കിലപ്പീടിക - വടക്കത്തെകാട് -എടേത്ത് അത്താണി | 0706 | |
| VIII | കാടാമ്പുഴ പടിഞ്ഞാറെനിരപ്പ് റോഡ് - ലക്ഷംവീട് കോളനിറോഡ് (ലിങ്ക്) | 0707 | 1-2 |
| | നീരിടി - കണിയാട് | 0708 | 1 |
| | നീരിടി നിരപ്പ് - മങ്ങാട്ടുചോല നിരപ്പ് | 0709 | .5 |
| | PMSA സ്കൂൾ - മുഴങ്ങാണി റോഡ് (ലിങ്ക്) | 0710 | .5 |
| | പിലാത്തറ - കുണ്ടോടി. | 07011 | .5 |
| | നീരിടി നിരപ്പ് - പള്ളിപ്പറമ്പ്. | 0712 | .5 |
| | നീരിടി നിരപ്പ് - കഴുങ്ങത്ത്കുന്ന് | 0713 | 1 |
| IX | പാലക്കാടുകുന്ന് - പുള്ളിയൻനിരപ്പ് | 0801 | |
| | ആൽപറ്റപ്പടി റോഡ് - തീണ്ടാർപ്പടി ഹരിജൻകോളനി റോഡ് (ലിങ്ക്) | 0802 | |
| | തീണ്ടാർപ്പ് - മണ്ണാർ ഇടവഴി. | 0803 | |
| | മലയിൽ റോഡ് -തുവ്വപ്പാറ പള്ളിക്കണ്ടം റോഡ് (ലിങ്ക്) | 0804 | |
| | ഇങ്ങാംക്കുഴി - പാടം - പള്ളിക്കണ്ടം. | 0805 | 1 |
| | തൂവപ്പാറ - കടാരം - പെരിങ്ങോട്ടുപറമ്പ്. | 0806 | 1.25 |
| | തീണ്ടാർപ്പ് കോളനി - കരേക്കാട്കോളനി. | 0807 | |
| X | മദ്രസ്സപടി - പിലാത്തോട്ടംറോഡ് | 0901 | |
| | യാറത്തിങ്ങൽപോസ്റ്റോഫീസ് റോഡ് (പെരിങ്ങോട്ടുപറമ്പ്) - തൊള്ളക്കായി | 0902 | |

| വാർഡ് | നിർദേശിക്കുന്ന പേര്. | കോഡ് | ദൂരംകി.മി. |
|---|---|---|---|
| XI | യാറത്തിങ്ങൽ കരേക്കാട് പോസ്റ്റോഫീസ് റോഡ് - കാടാംകുളങ്ങര. | 1101 | |
| | ചിറമുഖം - മുക്കണ്ണിനാലുകണ്ടം - നെച്ചിക്കാട് റോഡ്. | 1102 | |
| | കരുവാഞ്ചേരി - വെണ്ണേങ്ങര റോഡ് - വടക്കുംമ്പ്രം സ്കൂൾ. | 1103 | |
| | പിലാത്തടം - പുത്തരിക്കാട് റോഡ് - കരേക്കാട് മെയിൻ റോഡ് (ലിങ്ക്) | 1104 | |
| | മദ്രസ്സറോഡ് - ആശാരികുളമ്പ്. | 1105 | |
| | ആനക്കുഴിമാട് - പറപ്പൂർ - കോഴിമുറിജാറം - പാങ്ങ്. | 1106 | |
| | എടേത്തപ്പടി - പാറക്കുളം. | 1107 | |
| | അവറുകുന്ന് - പുത്തിരിപ്പാടം. | 1108. | |

## ഊർജ്ജം

1980ൽ രണ്ടത്താണി ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തതോടെയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ വൈദ്യുതബൾബുകൾ പ്രകാശിച്ചത്. ഇതിനുശേഷം 82 ൽ കാടാമ്പുഴയിലും മരുതിൻചിറയിലും ട്രാൻസ്ഫോർമറുകൾ ചാർജ്ജ് ചെയ്തു. 1980ൽ രണ്ടത്താണി ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തതോടെ പഞ്ചായത്തിലെ 1 ഉം, 2 ഉം വാർഡുകളിലെ പകുതി ഭാഗം വൈദ്യുതീകരിക്കപ്പെട്ടു. 1982 ഓടുകൂടി ഇന്നത്തെ 3,4,5,6,7,8,9 വാർഡുകളിൽ ഭാഗികമായി വൈദ്യുതി എത്തുകയുണ്ടായി. 9 വർഷത്തിനു ശേഷം 91 ൽ പത്തായക്കല്ല് ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തു. ഇതോടുകൂടി പറപ്പൂർ, പത്തായക്കല്ല് പ്രദേശങ്ങൾ വൈദ്യുതീകരിക്കപ്പെട്ടു. 1991ൽതന്നെ കരേക്കാട് റേഷൻഷോപ്പിനുസമീപവും 94 ൽ കരേക്കാട് മില്ലിനു സമീപവും ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. ഇതോടുകൂടി പഞ്ചായത്തിലെ നല്ലൊരു ഭാഗം സ്ഥലത്തും വൈദ്യുതി എത്തി.

ഇപ്പോൾ പഞ്ചായത്തിൽ 18 സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകളുണ്ട്. പട്ടിക 1 ൽ വിശദാംശം കാണാം.

### പട്ടിക 1
### ട്രാൻസ്ഫോർമറുകൾ - പട്ടിക

| ക്രമനമ്പർ | സ്ഥിതിചെയ്യുന്നസ്ഥലം. |
|---|---|
| 1. | മുട്ടത്തുമല. |
| 2. | കാടാമ്പുഴ ടൗൺ. |
| 3. | കാടാമ്പുഴ സോമിൽ. |
| 4. | മൂച്ചിക്കൽ. |
| 5. | കാടാമ്പുഴ PHED. |
| 6. | മരുതിൻചിറ. |
| 7. | മഠത്തിൽപടി. |
| 8. | വട്ടപ്പറമ്പ്. |
| 9. | പത്തായക്കല്ല്. |
| 10. | കരേക്കാട്നോർത്ത്. |
| 11. | കരേക്കാട് സൗത്ത്. |
| 12. | രണ്ടത്താണി PHED. |
| 13. | ആറ്റുപുറം. |
| 14. | കീഴ്മുറി. |
| 15. | ചേലക്കുത്ത്. |
| 16. | രണ്ടത്താണി. |
| 17. | മൂച്ചിക്കൽ. |
| 18. | ഏർക്കര. |

എടരിക്കോട് സബ്സ്റ്റേഷനിൽനിന്നുമാണ് മാറാക്കര ഗ്രാമപഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. പുത്തനത്താണി മേജർ സെക്ഷൻ ആണ് വൈദ്യുതി വിതരണം ചെയ്യുന്നത്. കഴിഞ്ഞവർഷംആകെ 52 കണക്ഷനുകൾ കൊടുത്തിട്ടുണ്ട്. വിശദാംശം പട്ടിക 4 ൽ.

വൈദ്യുതചാർജ്ജ് അടക്കാൻ ഉപഭോക്താക്കൾക്ക് നാലുമുതൽ എട്ട് കി.മി. വരെ യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. 3882 ഉപഭോക്താക്കളിൽ 88% ഗാർഹിക ഉപഭോക്താക്കളാണ്. വ്യാപാര ആവശ്യത്തിന് 1%ത്തിനു താഴെ മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളൂ. കൂടാതെ കാർഷികാവശ്യത്തിന് 5%ഉം, ഗാർഹികാവശ്യത്തിന് 93% ഉം വൈദ്യുതി ഉപയോഗപ്പെടുത്തുന്നു.

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് പരാതിയുള്ളവരാണ്. മിക്ക ഗ്രാമസഭകളിൽ നിന്നും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. രണ്ട് ഹരിജൻ കോളനികൾ മാത്രമാണ് ഭാഗികമായി വൈദ്യുതീകരിച്ചിട്ടുള്ളത് - പട്ടിക 2 നോക്കുക.

### പട്ടിക 4
### നിലവിലുള്ള ഉപഭോക്താക്കൾ

| | തരം | എണ്ണം |
|---|---|---|
| 1. | ഗാർഹികം | 3307 |
| 2. | വ്യാപാരം | 352 |
| 3. | വ്യാവസായികം | 32 |
| 4. | കാർഷികം | 191 |
| | ആകെ | 3882 |

## പട്ടിക -2
## വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

| വാർഡ് | കോളനിയുടെ പേര്. | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ | സൗജന്യം | പണം നൽകി ഉപയോഗിക്കുന്നവർ. |
|---|---|---|---|---|
| 2. | ചക്കരച്ചാംമാട് കോളനി | 12 | - | 12 |
| 6. | കാട്ടിൽപെരുവഴി | - | - | - |
| 7. | മുക്കിലപ്പീടിക | 8 | - | 8 |
| | മേൽമുറിക്കാട് | - | - | - |
| | കുറ്റിപ്പാല. | - | - | - |
| 9. | തീണ്ടാർപ്പ്. | 15 | - | 15 |
| 10. | പടിക്കൽപറമ്പ്. | 15 | - | 15 |
| ആകെ | | 50 | - | 50 |

(കുറ്റിപ്പുറം ബ്ലോക്ക് റിക്കാർഡുകൾ)

### പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല

2. വിതരണരംഗത്തെ പ്രശ്നങ്ങൾ.

A) ലൈനിനടുത്തുള്ള മരങ്ങൾ മുറിക്കുന്നില്ല.

B) സെക്ഷൻ ഫ്യൂസുകൾ ഉപയോഗിക്കാറില്ല.

3. പഞ്ചായത്തിൽ രണ്ട് സ്ഥലത്ത് മാത്രമേ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ പഞ്ചായത്തു വർഷംതോറും 5628 രൂപ ചിലവഴിക്കുന്നുണ്ട്. പട്ടിക 3 നോക്കുക.

## പട്ടിക - 3
## 1995-96ൽ പഞ്ചായത്തിലെ തെരുവു വിളക്കുകൾ

(അവലംബം: മാറാക്കര ഗ്രാമപഞ്ചായത്ത് ഭരണറിപ്പോർട്ട്)

| വാർഡ് | സ്ഥലം. | ബൾബുകളുടെഎണ്ണം | വർഷം ചിലവഴിക്കുന്നതുക. |
|---|---|---|---|
| 7 | ചാലിയക്കുടം | | |
| | മൂനമ്പം | 15 | 5628 |
| 8 | കാടാമ്പുഴ | 12 | |
| ആകെ | | 27. | 5628 |

4. സ്റ്റെപ്അപ്പുകളുടെ ഉപയോഗം സാധാരണക്കാരായ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

5. ബോർഡു ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി, ജനങ്ങളുടെ സഹകരണമില്ലായ്മ ഇതെല്ലാമാണ് വൈദ്യുതരംഗത്തെ പ്രധാനപ്രശ്നങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ഗ്രാമസഭ വാർഡുതല റിപ്പോർട്ടുകൾ നോക്കുക.

### പൊതു നിർദ്ദേശങ്ങൾ:-

1. കാർത്തല സബ്സ്റ്റേഷന്റെ പണി പൂർത്തിയായാൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമുണ്ടാക്കാം.

2. ജനപങ്കാളിത്തത്തോടുകൂടി ലൈനിലുള്ള മരങ്ങൾ മുറിച്ച് മാറ്റുക.

3. സെക്ഷൻ ഫ്യൂസുകൾ സ്ഥാപിക്കുക.

4. പഞ്ചായത്തോഫീസിൽ ബില്ലിങ്ങ് യൂണിറ്റ് സ്ഥാപിക്കുക. ഇതിനുവേണ്ടി ഒരു ക്ലാർക്കിനെ ചുമതലപ്പെടുത്തിയാൽ അധിക സാമ്പത്തികബാദ്ധ്യതയുണ്ടാവില്ല.

5. വൈദ്യുതിയുടെ ദുരുപയോഗം കുറക്കാൻ സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

6. വൈദ്യുത ബോർഡ് അറിയാതെ ധാരാളം വൈദ്യുതി ചോർത്തുന്നുണ്ട്. 6 ട്രാൻസ്ഫോർമർ വീതം ഓരോ ലൈൻമേനെയും ചുമതല ഏൽപ്പിച്ചു രാത്രികാലങ്ങളിൽ റാൻഡം ചെക്കപ്പ് നടത്താനുള്ള സംവിധാനമുണ്ടാക്കുക. (മൂന്ന് ലൈൻമാൻമാരാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്).

7. ഉപഭോക്താക്കളുടെ ത്രൈമാസ യോഗം വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ നേരിട്ടറിയാൻ സംവിധാനമുണ്ടാക്കുക.

8. വിജനമായ സ്ഥലത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാതിരിക്കുക. പൊതു ജനങ്ങൾ ഫ്യൂസ് കൈകാര്യം ചെയ്യുന്ന പ്രവണത തടയാൻ ഇതുകൊണ്ട്

സാധിക്കും.

9. 8-ാം വാർഡിലെ ലക്ഷംവീട് കോളനിയിലും 2ലെ ചക്കരച്ചെമ്മാട് ഹരിജൻ കോളനി, 9 ലെ തീണ്ടാർപ്പ് കോളനി, 10 ലെ പടിക്കപ്പറമ്പ് കോളനിയിലും സൗരോർജ്ജ സെല്ലുകൾ സ്ഥാപിക്കുക.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

### വാർഡ് I

1. മുക്കിലപീടിക- ഇയ്യക്കാട് ഭാഗത്ത് വൈദ്യുതി എത്തിക്കുക. വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

a. രണ്ടത്താണി ടൗൺ

b. മുച്ചിക്കൽ ജങ്ഷൻ.

c. ചന്തപ്പറമ്പ്.

d. ചേലക്കുത്ത് ജങ്ഷൻ (രണ്ടത്താണി)

e. മുള്ളൻമട.

f. കണ്ടേങ്ങൽപടി.

g. സിറ്റി നഗരം.

h. ആറ്റുപുറം.

2. പുകയില്ലാത്ത അടുപ്പ് വ്യാപകമായി സ്ഥാപിക്കുക.

2-ാം വാർഡിന്റെ പകുതിഭാഗം വൈദ്യുതിയില്ല.

വോൾട്ടേജ് ക്ഷാമം.

പവർക്കട്ട് ഒഴിവാക്കുക.

ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

1. പൂവൻചിന.
2. കാവിൽപീടിക.
3. ചക്കരച്ചാമ്മാട്.
4. കാട്ടിൽകുളമ്പ്.

നിലവിലുള്ള സിംഗിൾ ഫേസ് ത്രീഫെയ്സ് ആക്കുക.

എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുക.

കൃഷിക്ക് സൗജന്യ വൈദ്യുതി അനുവദിക്കുക.

6 മാസത്തിൽ ഒരിക്കൽ മീറ്റർ റീഡിംഗ് എടുക്കുക.

പഞ്ചായത്തിന് പ്രത്യേകമായി വൈദ്യുത വിതരണ ശൃംഖല സ്ഥാപിക്കുക.

വൈദ്യുതിവിതരണ തകരാറുകൾ അടിയന്തിരമായി ശെരിപ്പെടുത്തണം.

### വാർഡ് III

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സിംഗിൾ ഫേസ് ത്രീഫേസ് ലൈനുകളാക്കുക.
2. തേക്ക് പോസ്റ്റുകൾക്ക് പകരം കോൺഗ്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക.
3. താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

a. പാച്ചിനിപ്പാടം മദ്രസ്സ

b. അമ്മേങ്ങര.

c. എം.കെ.നഗർ (കാവിലപ്പീടിക)

4. ചേലക്കുത്ത് ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക.
5. റോഡിൽ നിന്ന് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
6. തെരുവുവിളക്ക് സ്ഥാപിക്കാത്ത സ്ഥലങ്ങൾ.

a. ചേലക്കുത്ത് മുതൽ രണ്ടത്താണിവരെ.

b. ചേലക്കുത്ത് മുതൽ തെക്കഞ്ചേരിപടി വരെ.

c. ചേലക്കുത്ത് മുതൽ എം.കെ.നഗർവരെ.

d. ചേലക്കുത്ത് മുതൽ ചെറുനിരപ്പ് വരെ.

7. സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

a. ചേലക്കുത്ത് അങ്ങാടി.

b. എം.കെ. നഗർ.

c. പള്ളിഇടവഴി.

d. പാച്ചിനിപ്പാടം.

### വാർഡ് IV

1. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക.
2. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
3. തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

a. മരുതിൻചിറ ട്രാൻസ്ഫോർമർ മുതൽ AC നിരപ്പ് വരെ.

b. മരുതിൻചിറ ട്രാൻസ്ഫോർമർ - പമ്പ് ഹൗസ്.

c. മറത്തിൽപടി ട്രാൻസ്ഫോർമർ - പള്ളിയാൽ.

d. മറത്തിൽ പടി ട്രാൻസ്ഫോർമർ - വെള്ളഴിഞ്ഞി.

### വാർഡ് V

1. NOC പടി, പെരിങ്ങളം ഭാഗത്തെ വീടുകളിൽ വൈദ്യുതകണക്ഷൻ നൽകുക.
2. മാറാക്കര യു.പി.സ്കൂളിനു സമീപമുള്ള ഹരിജൻ കോളനി വൈദ്യുതീകരിക്കുക.
3. NOC പടി, കീഴ്മുറി, വട്ടപ്പറമ്പ് എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

### വാർഡ് VI

1. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

a. പൊട്ടൻചോല.

b. ചെലൂക്കാരൻകുളമ്പ്, പാലപ്പറമ്പ്, താണിക്കുഴി.

2. പൊട്ടൻചോല വൈദ്യുതി എത്തിക്കുക.
3. നിലവിലുള്ള സിംഗിൾ ഫേസ് ത്രീഫേസ് ആക്കുക.

### വാർഡ് VII

1. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത്.

a. ചെട്ടിയാരം.

b. ആനക്കുഴിമാട്.

c. മുനമ്പം.

## വാർഡ് VIII

1. മങ്ങാട്ടു ചോലയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. വെട്ടിച്ചിറയിൽ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുക.

3. മുഴങ്ങാണി ട്രാൻസ്ഫോർമർ ഉടൻ ചാർജ് ചെയ്യുക.

4. വെട്ടിച്ചിറ- കല്ലാർമംഗലം ജംഗ്ഷനിൽ മെർക്കുറി ലൈററ് സ്ഥാപിക്കുക.

5. ലക്ഷംവീട് കോളനി, പിലാത്തറ, കാടാമ്പുഴ എന്നിവിടങ്ങളിൽ മെർക്കുറിവിളക്ക് സ്ഥാപിക്കുക.

## വാർഡ് IX

1. വാർഡിലെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കണം.

2. വേണ്ട സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. തൂവ്വപ്പാറ, മൂലച്ചോല, പല്ലിക്കണ്ടം, വെട്ടിങ്ങാപുറം, പാങ്ങൂത്ത്, മല, വൈദ്യുതി എത്തിക്കുക.

## വാർഡ് X

1. വൈദ്യുതി ലൈൻ വേണ്ട സ്ഥലങ്ങൾ.

a. റേഷൻഷോപ്പ് - ചേലക്കുളമ്പ്.

b. ഒറക്കോട്ട് ഭാഗം.

c. മജീദ് കുണ്ട്.

d. പൂന്തോടം.

2. കാർത്തലയിലെ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് ഉടനെ പണിതീർക്കുക.

3. തെരുവു വിളക്ക് സ്ഥാപിക്കേണ്ടതാണ്.

4. യാറത്തിങ്ങൽപള്ളിക്ക് സമീപം.

5. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത്.

a. തടപറമ്പ്.

b. യാറത്തിങ്ങൽ ഹെൽത്ത് സെന്റർ.

c. കിഴക്കെ കമ്പനിക്ക് സമീപം (DWCRA യൂണിറ്റ്, കരേക്കാട്) ഉടൻ കണക്ഷൻ നൽകുക.

6. എല്ലാവീടുകൾക്കും കണക്ഷൻ നൽകുക.

## വാർഡ് XI

1. വാർഡിലെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കണം.

2. താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

a. തൂവ്വപ്പാറ

b. തീണ്ടാർപ്പ് ഹരിജൻ കോളനി.

c. മജീദ് കുണ്ട്.

d. പെരിങ്ങോട്ടു പറമ്പ്.

3. തൂവ്വപ്പാറ, മൂലാഞ്ചോല, പല്ലിക്കണ്ടം, വെട്ടിങ്ങാപ്പുറം, പാങ്ങൂത്ത്, മല എന്നിവിടങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

## വാർഡുകളിലെ ഊർജ പ്രശ്നങ്ങൾ - ഗ്രാമ സഭാ നിർദ്ദേശങ്ങൾ.

വാർഡ് പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ട സ്ഥലം പുതിയ ലൈൻ വലിക്കേണ്ട സ്ഥലം തെരുവ് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലം ഹരിജൻ കോളനി വൈദ്യുതീകരിച്ചതാണോ ഇനിയും വൈദ്യുതീകരിക്കേണ്ട വീടുകളുടെ എണ്ണം നിലവിലുള്ള സിംഗ്ൾ ഫേസ് ത്രീഫേസാക്കേണ്ട സ്ഥലങ്ങൾ സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കത്താത്ത തെരുവ് വിളക്കുകൾ

1 മുക്കിലപ്പീടിക മുക്കിലപ്പീടിക - ഇയ്യക്കാട് ചേലക്കുത്ത് ജംഗ്ഷൻ രണ്ടത്താണി ടൗൺ മൂച്ചിക്കൽ ജംഗ്ഷൻ ചന്തപ്പറമ്പ് സിറ്റി നഗർ മുള്ളൻമട കണ്ടേങ്ങൽപടി ആറ്റുപുറം

ചേലക്കുത്ത ജംഗ്ഷൻ രണ്ടത്താണി ടൗൺ മൂച്ചിക്കൽ ജംഗ്ഷൻ ചന്തപ്പറമ്പ് സിറ്റി നഗർ മുള്ളൻമട കണ്ടേങ്ങൽപടി ആറ്റുപുറം.

2 പൂവ്വൻചിന കാവിൽപീടിക ചക്കരച്ചാമാട് കാട്ടിൽ കുളമ്പ് ആറ്റുപുറം താഴെഭാഗം പൂവ്വൻചിനയുടെ തെക്കും വടക്കും, പുന്നത്തല ഭാഗം

3 പാച്ചിനിപ്പാടം മദ്രസ്സ, അമ്മേങ്ങര, എം. കെ. നഗർ, പറുങ്കൂച്ചിക്കാട്.

ചേലക്കുത്ത് മുതൽ രണ്ടത്താണി വരെ. ചേലക്കുത്ത് - തെക്കഞ്ചേരിപടി, ചേലക്കുത്ത് - എം. കെ. നഗർ, ചേലക്കുത്ത് - ചെറുനിരപ്പ്

അമ്മേങ്ങര ഭാഗംവരെ. കല്ലാർമംഗലം സ്കൂൾ - തെക്കഞ്ചേരിപ്പടി, മറ്റെല്ലാ ലൈനുകളും ചേലക്കുത്ത്, എം. കെ. നഗർ, പള്ളിഇടവഴി, പാച്ചിനിപ്പാടം.

4. പള്ളിയാൽ, എ. സി. നിരപ്പ്. ചെറ്റാരക്കൽ കോളനി, മാടമ്പിയാർ ക്ഷേത്രം, വലിയപള്ളിയാൽ മിച്ചഭൂമി, ചെമ്മംകോട്, മുളങ്കലായി, മണ്ഡകം, കരിങ്ങാങ്കുഴി.

മരുതിൻചിറ ട്രാൻസ്ഫോമർ മുതൽ എ. സി നിരപ്പു വരെ. എ. സി നിരപ്പ് - പമ്പ്ഹൗസ് വരെ, മഠത്തിൽപടി - പള്ളിയാൽ, വെള്ളരിഞ്ഞി - മഠത്തിൽപടി. അല്ല. 100 പള്ളിയാൽമുതൽ ഇപ്പോഴുള്ള സിംഗ്ൾ ഫേസുകൾ മുഴുവൻ

എ. സി നിരപ്പ് ആശുപത്രിക്കു മുമ്പിൽ.

5 N. O. C പടി - പെരിങ്കുളം, മാറാക്കര യു. പി സ്കൂളിന് സമീപം ഹരിജൻ കോളനി. N. O. C പടി, കീഴ്മുറി, വട്ടപ്പറമ്പ്. അല്ല.

6 പൊട്ടൻചോല. ചെല്ലൂകാരൻ കുളമ്പ്, പാലപ്പറമ്പ്, താണിക്കുഴി. പൊട്ടൻചോല ഭാഗങ്ങൾ, മുക്കാട്, ഏർക്കര മേലെ കുളമ്പ്.

മരുതിൻചിറ - പൊട്ടൻചോല, പത്തായക്കല്ല് - പൊട്ടൻചോല - ഏർക്കര, പത്തായക്കല്ല് - പെരിങ്കുളം, മരു

തിൻചിറ - മാറാക്കര പോസ്റ്റോഫീസ്.

നിലവിലുള്ള സിംഗ്ൾ ഫേസ് ത്രീഫേസാക്കുക. മരുതിൻചിറ, ഏർക്കര, പത്തായക്കല്ല്, പെരിങ്കുളം, പൊട്ടൻചോല.

7 ചെട്ടിയരം, കരിമ്പൻമൂച്ചിക്കൽ, മുനമ്പം - മുക്കിലപ്പീടിക, ആനക്കുഴിമാട്, പറപ്പൂർ ഇന്ദിരാസ്തൂപത്തിന് സമീപം.

മേൽമുറിക്കാട് - മേലെകല്ലുപാലം, നിമ്മിണിപ്പറമ്പ്.

ചുള്ളിക്കാട് -ഹരിജൻ റോഡ്, യാറത്തിങ്ങൽ പള്ളി - ഹെൽത്ത് സെന്റർ, മുനമ്പം - മുക്കിലപ്പീടിക, കാടാമ്പുഴ - മുനമ്പം - ഹരിജൻ കോളനി, മുനമ്പം - സൗത്ത് സ്കൂൾ, മുക്കിലപ്പീടിക - പള്ളി. 100 അനക്കുഴിമാട് മുതൽ നിമ്മിണിപ്പറമ്പ് വരെ, മേൽമുറിക്കാട് ലൈൻ.

കാടാമ്പുഴ മേലേഅങ്ങാടി, യാറത്തിങ്ങൽ പള്ളിക്ക് സമീപം, മുനമ്പം, മുക്കിൽ പീടിക, കല്ലുപാലം, ചെട്ടിയാരം, മുനമ്പം മുതൽ മുക്കിലപ്പീടിക വരെയുള്ളവ.

8 മങ്ങാട്ടുചോല, വെട്ടിച്ചിറ, മുഴങ്ങാണി, കൂട്ടാർമട, കാടാമ്പുഴ പടിഞ്ഞാറേ നിരപ്പ്, മങ്ങാട്ടു ചോല, ആനപ്പാറ, പിലാത്തറ, കൂട്ടാർമട.

ലക്ഷംവീട് കോളനി, പിലാത്തറ, കൂട്ടാർമട റോഡ് ജംഗ്ഷൻ, കാടാമ്പുഴ - പടിഞ്ഞാറെ നിരപ്പ്. ഇല്ല. 200 വെട്ടിച്ചിറ - കൂട്ടാർമട ജംഗ്ഷനിൽ ലക്ഷംവീട് കോളന, പിലാത്തറ, കാടാമ്പുഴ.

9. കൂട്ടാർമട, തുവ്വപ്പാറ, തീണ്ടാർപ്പ് കോളനി, മജീദ്കുണ്ട്, പെരിങ്ങോട്ടു പറമ്പ്.

തുവ്വപ്പാറ, മൂലാഞ്ചോല, പല്ലിക്കണ്ടം, വെട്ടിക്കാപ്പുറം, പാങ്ങൂത്ത്, മല, തീണ്ടാർപ്പ്, പെരിങ്ങോട്ടു പറമ്പ്. പെരിങ്ങോട്ടുപറമ്പ് - ലക്ഷംവീട് കോളനി, കാടാമ്പുഴ - ജാറത്തിങ്ങൽ, കാടാമ്പുഴ - തുവ്വപ്പാറ, കൂട്ടട നിരപ്പ് ജംഗ്ഷൻ - മലമദ്രസ്സ- തീണ്ടാർപ്പ് കോളനി, മജീദ്കുണ്ട് - ചോലക്കപ്പടി - കടാരം. അതെ 450 തുവപ്പാറ, കാടാമ്പുഴ, ജാറത്തിങ്ങൽ, തീണ്ടാർപ്പ് കോളനി.


10 യാറത്തിങ്ങൽ ഹെൽത്ത് സെന്ററിന് സമീപം, തടംപറമ്പിൽ, റേഷൻ ഷാപ്പ് - ചോലക്കുളമ്പ്, ഒറക്കോട്ടു ഭാഗം, മജീദ്കുണ്ട്, പൂന്തോട്ടം.

കരേക്കാട് പോസ്റ്റോഫീസിന് വടക്ക്, തടംപറമ്പ് പള്ളിക്ക് സമീപം. 200 ഒറക്കോട്ടു ഭാഗത്തേക്കുള്ള ലൈൻ, യാറത്തിങ്ങൽ - കരേക്കാട്.

11 പറപ്പൂർ - നിമ്മിണിപ്പറമ്പ്, പുത്തിരിക്കാട്, ആശാരിക്കുളമ്പ്.

പറപ്പൂർ, കോണിക്കൽ, ചട്ടിച്ചോല, ആശാരിക്കുളമ്പ്, കരുവഞ്ചേരി.

കരേക്കാട് ടൗൺ, ആനക്കുഴിമാട് - കോണിക്കൽ, പുലാത്തടം - പുത്തിരിക്കാട്. 300 പുലാത്തടം, ആനക്കുഴിമാട്, അവറാൻകുന്ന് ഭാഗം, കരേക്കാട് അങ്ങാടി.





# സാമൂഹ്യക്ഷേമം പാർപ്പിടം

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന പരിപാടികൾ സാമൂഹ്യാധിഷ്ഠിത പോഷകാഹാര ദാരിദ്ര്യ നിർമ്മാജന പദ്ധതിയും വിവിധ തൊഴിലാളി ക്ഷേമനിധികളുമാണ്. ഇതിലൊന്നാമത്തേത് രണ്ട് വർഷം മുമ്പ് മലപ്പുറം ജില്ലയിൽ ആരംഭിച്ച യൂനിസെഫ് സഹായമുള്ള, വനിതകൾ നേതൃത്വം നൽകുന്ന പദ്ധതിയാണ്. ആർട്ടിസാൻസ് ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ രണ്ടാമത്തേതിൽ പെടുന്നു.

വനിതാക്ഷേമം, പട്ടികജാതി വികസനം, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, മറ്റു സാമൂഹ്യക്ഷേമ ഏജൻസികൾ മുഖേനയുള്ള വിവിധങ്ങളായ പദ്ധതികളെ കുറിച്ച് ഉപഭോക്താക്കൾക്കുള്ള അജ്ഞത പ്രസ്തുത പദ്ധതികളുടെ സഹായം വേണ്ടപ്പെട്ടവർക്ക് ലഭിക്കാത്ത അവസ്ഥ സൃഷ്ടിക്കുന്നു. തൊഴിലാളി ക്ഷേമനിധികളുടെ പ്രവർത്തനങ്ങളും ഒരു വലിയ വിഭാഗത്തിന് ഇന്നും അപ്രാപ്യമായി നിൽക്കുന്നു. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിന് കീഴിലുള്ള മേൽമുറി, മാറാക്കര സർക്കിളുകൾ വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികളും നാമമാത്രമാണ്. എങ്കിലും ഐ. ആർ ഡി. പി സഹായ ലഭ്യത, ഭവന ലഭ്യത തുടങ്ങിയവയിൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തുന്നത് ആശ്വാസകരമാണ്.

രണ്ട് വി. ഇ. ഒ സർക്കിളുകൾ വഴിയും നടപ്പാകുന്ന പദ്ധതികൾ ഏറ്റവും അർഹതപ്പെട്ട ആളുകൾക്ക് തന്നെ ലഭ്യമാക്കേണ്ട കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിക്കേണ്ടതുണ്ട്. കൂടാതെ വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകാൻ ബന്ധപ്പെട്ട വകുപ്പു മേധാവികൾ സംബന്ധിക്കുന്ന ചർച്ചാ ക്ലാസുകളും മറ്റും സംഘടിപ്പിക്കേണ്ടതുണ്ട്.

### എ. ആർ. ഡി. പി. സർവേ
### സഹായ ലഭ്യതാ കണക്ക്
### മാറാക്കര പഞ്ചായത്ത്. (ബ്ലോക്ക് രേഖകൾ)

| വർഷം | എണ്ണം | സബ്സീഡി | വായ്പ |
|---|---|---|---|
| 1992-93 | 56 | 137000രൂപ | 221000 രൂപ |
| 1993-94 | 50 | 161000 ,, | 259000 ,, |
| 1994-95 | 42 | 191000 ,, | 411000 ,, |
| 1995-96 | 36 | 145000 ,, | 445000 ,, |
| ആകെ | 184 | 634000 ,, | 1336000 ,, |

അവലംബം : സെക്കണ്ടറി ഡാറ്റ

1992-ലെ ഐ. ആർ ഡി. പി സർവേയിൽ 23 പട്ടികജാതി കുടുംബങ്ങളടക്കം 1447 കുടുംബങ്ങൾ ധാരിദ്ര്യ രേഖക്ക് താഴെയുള്ളവരായി കണ്ടെത്തി. 1995-96-ലെ കണക്ക് പ്രകാരം ഇത് 1826 ആയി ഉയർന്നു (27 പട്ടികജാതി കുടുംബങ്ങൾ). 1992 മുതൽ 1996 വരെയുള്ള കാലയളവിൽ വായ്പയും സബ്സീഡിയുമടക്കം 1970000 രൂപാ വിതരണം ചെയ്തതായി കാണുന്നു. 1992-93 വരെയുള്ള കാലഘട്ടത്തിൽ ബ്ലോക്കു മേഖേനയുള്ള സഹായം ലഭിച്ചവരിൽ 61 വനിതകളും 26 വികലാംഗരും 7 ചെറുകിട കർഷകരും 227 ഇടത്തരം കർഷകരും 256 കാർഷകേതര തൊഴിലാളികളും 43 ഗ്രാമീണ പരമ്പരാഗത തൊഴിലാളികളും ഉൾപ്പെടുന്നു. 1995-96 വരെയുള്ള കാലമായപ്പോഴേക്കും ഇതിൽ കാര്യമായ വർദ്ധനവുണ്ടായി - സ്ത്രീകൾ 109, വികലാംഗർ 26, ചെറുകിട കർഷകർ 14, ഇടത്തരം കർഷകർ 251, കർഷകത്തൊഴിലാളികൾ 1058, കാർഷികേതര തൊഴിലാളികൾ 374, മറ്റുള്ളവർ 69. 1992-93 കാലംവരെ 451 കക്കൂസുകൾക്കും 95-96 കാലംവരെ 553 കക്കൂസുകൾക്കും സഹായം വിതരണം ചെയ്തിട്ടുണ്ട്.

രൂപയുടെ മൂല്യത്തിൽ വന്ന കുറവും മറ്റു സാഹചര്യങ്ങളും പരിഗണിച്ച് ദാരിദ്ര്യ രേഖയുടെ പരിധി കാര്യ

മായ തോതിൽ ഉയർത്തുകയും തദ്വാരാ കൂടുതൽ കുടുംബങ്ങളെ സഹായലഭ്യതക്ക് അർഹമാക്കുകയും വേണം.

## DWCRA സഹായ ലഭ്യതാ വിവരം
## മാറാക്കര പഞ്ചായത്ത്

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

| വർഷം. | സ്കീമുകളുടെ എണ്ണം | സബ്സീഡി | വായ്പ |
|---|---|---|---|
| 1989-90 | 2 | 43000 | 141000 |
| 1992-93 | 1 | 28000 | 28000 |
| 1993-94 | 1 | 15950 | 15950 |

അവലംബം : സെക്കണ്ടറി ഡാറ്റ

10-ാം വാർഡിലെ ഹരിജൻ കോളനിക്ക് സമീപം സ്ഥാപിച്ച കിടക്ക, തലയിണ നിർമ്മാണ യൂണിറ്റ് ബ്ലോക്കിനാകെതന്നെ മാതൃകയാക്കത്തക്ക വിധം ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിന് ഇനിയും അനന്തമായ വികസന സാധ്യതകളാണ് ഉള്ളത്. ചേലക്കുത്ത് ആരംഭിച്ചിരുന്ന കറീപൗഡർ നിർമ്മാണ യൂണിറ്റ് പ്രവർത്തനം നിർത്തിയിട്ട് നാല് വർഷത്തോളമായി. മറ്റ് ആടുവളർത്തൽ യൂണിറ്റുകളുടെ ഗതിയും തഥൈവ.

1992-96 കാലയളവിൽ 109 വനിതകൾക്ക് വിവധ പദ്ധതികളിലായി സഹായം ലഭിച്ചിട്ടുണ്ട്. DWCRA വഴി ആരംഭിച്ച തൊഴിൽ പദ്ധതികളുടെ എണ്ണം നാമമാത്രമാണെന്ന് കണക്കുകൾ തെളിയിക്കുന്നു. ഇതിൽതന്നെ നിലനിൽക്കുന്നത് ഒന്നുമാത്രവും. അഭ്യസ്ഥ വിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ രൂക്ഷമായി അനുഭവപ്പെടുന്ന പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം ഇനിയും ഒട്ടേറെ സ്ഥാപനങ്ങൾ തുടങ്ങേണ്ടതുണ്ട്. CBNP യുടെ എല്ലാ അയൽകൂട്ടങ്ങളേയും തൊഴിൽ യൂണിറ്റുകളാക്കി മാറ്റുന്ന പക്ഷം ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാനാവും.

ഈ വർഷം എ. സി. നിരപ്പ് അശ്വതി മഹിളാ സമാജത്തിന്റെ കീഴിൽ നീർമറി പ്രദേശ വികസനത്തിന്റെ ഭാഗമായി തയ്യൽ മെഷീനുകൾ ലഭ്യമാക്കി തയ്യൽ യൂണിറ്റ് തുടങ്ങിയിട്ടുണ്ട്. ഇതിനെ ഗാർമെന്റ് മെയ്ക്കിംഗ് യൂണിറ്റാക്കി വികസിപ്പിക്കുന്ന പക്ഷം വനിതകളുടെ തൊഴിലില്ലായ്മാ പ്രശ്നം കുറച്ചുകൂടി പരിഹരിക്കപ്പെടും.

### ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

## ട്രൈസം പരിശീലന ലഭ്യതാ പട്ടിക
## മാറാക്കര സർക്കിൾ (ബ്ലോക്ക് രേഖ)

| വർഷം | എണ്ണം |
|---|---|
| 1992-93 | - |
| 1993-94 | - |
| 1994-95 | 3 |
| 1995-96 | 1 |
| ആകെ | 4 |

## മേൽമുറി സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 1992-93 | 2 |
| 1993-94 | 2 |
| 1994-95 | 2 |
| 1995-96 | 0 |
| ആകെ | 6 |

1992-96 കാലഘട്ടത്തിൽ പഞ്ചായത്തിലാകെ 10 പേർക്കു മാത്രമേ ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചിട്ടുള്ളൂവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ വളരെ അലസ മനോഭാവമാണ് പുലർത്തിപ്പോന്നിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പരിശീലനം ലഭിച്ചവർക്കുതന്നെ യോഗ്യതയുള്ള മേഖലയിൽ തൊഴിൽ ലഭിക്കുന്നില്ലെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. പരിശീലനത്തിന്റെ ഗുണമേന്മയും, വ്യാപ്തിയും, സ്റ്റൈപ്പൻഡും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരം കാര്യങ്ങളെകുറിച്ചുള്ള അജ്ഞതയാണ് പരിശീലനം ലഭിച്ചവരുടെ എണ്ണം ഇത്രയും കുറയാനുള്ള മറ്റൊരു കാരണം. യുവജനസംഘടനകൾക്കും സാക്ഷരതാ സമിതികൾക്കും ഇക്കാര്യത്തിൽ വളരെയേറെ ചെയ്യാനുണ്ട്.

### ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് ടൂൾകിറ്റ്

1992-93 മുതൽ 1995-96 വരെയുള്ള കാലത്ത് പഞ്ചായത്തിലാകെ 37 പേർക്കായി 95285 രൂപയാണ് വിതരണം ചെയ്തതായി കാണുന്നത്. 93-94 വർഷം മുതൽ ഇതു ലഭിച്ച ആളുകളുടെ എണ്ണവും തുകയും കുറഞ്ഞുവരുന്നതായി കാണുന്നു. അർഹരായവർക്ക് ഈ പദ്ധതിയെപ്പറ്റിയുള്ള അജ്ഞത നിമിത്തം സഹായം ലഭിക്കുന്നില്ല എന്നു കരുതേണ്ടിയിരിക്കുന്നു.

## ടൂൾകിറ്റ് വിതരണം - മാറാക്കര പഞ്ചായത്ത്

| വർഷം | എണ്ണം | തുക |
|---|---|---|
| 1992-93 | 5 | 9385 |
| 1993-94 | 13 | 30352 |
| 1994-95 | 10 | 28516 |
| 1995-96 | 9 | 27032 |
| ആകെ | 37 | 95285 |

## സി. ആർ എസ്. പി

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ്നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഈ പദ്ധതിപ്രകാരം 93-96 കാലത്ത് ഈ പഞ്ചായത്തിൽ രണ്ട് വി.ഇ.ഒ സർക്കിളിലുമായി 46 കക്കൂസുകളാണ് നിർമ്മിച്ചിട്ടുള്ളത്. വർഷംതോറും ഇതിന്റെ സഹായം ലഭിക്കുന്ന വരുടെ എണ്ണം കുറഞ്ഞുവരുന്നു. പകുതിയോളം കുടുംബങ്ങൾക്ക് കക്കൂസില്ലാത്ത് സാഹചര്യത്തിൽ ഈ പദ്ധതിയുടെ സഹായം വിപുലപ്പെടുത്തേണ്ടതാണ്.

### CRSP കക്കൂസ് ലഭ്യത - പഞ്ചായത്ത്

| വർഷം | എണ്ണം |
|---|---|
| 1993-94 | 20 |
| 94-95 | 16 |
| 95 - 96 | 10 |
| ആകെ | 46 |

## വില്ലേജ് ആപ്പീസുകൾ മുഖേനയുള്ള ക്ഷേമ പദ്ധതികൾ

റവന്യൂവകുപ്പ് കാര്യമായി വിവിധ പെൻഷനുകളും നിർധനരായ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് ലഭ്യമാക്കുന്നത്. അർഹരായവർക്കു മുഴുവൻ കിട്ടുന്നല്ലെന്നതും ധനസഹായലഭ്യത അനിശ്ചിതമായി വൈകുന്നുവെന്നതും ഈ രംഗത്തെ മുഖ്യപരാതിയാണ്. അഗതി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയവക്ക് അർഹരായവർ പഞ്ചായത്തിൽ നിരവധിയാണ്; ലഭിക്കുന്നവർ തുച്ഛവും.

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം - (മാറാക്കരവില്ലേജ്)

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗ പെൻഷൻ |
|---|---|---|---|---|
| 1991 | 1 | 3 | 1 | 1 |
| 92 | 4 | 2 | 1 | - |
| 93 | 4 | 1 | 1 | - |
| 94 | 2 | - | - | 1 |
| 95 | 3 | - | - | - |
| 96 | 2 | 2 | 25 | 3 |

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം (മേൽമുറി വില്ലേജ്)

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | | ക്ഷയരോഗ പെൻഷൻ |
|---|---|---|---|---|---|
| 90 - 91 | 5 | 4 | - | 2 | - |
| 91 - 92 | 5 | 2 | 1 | - | 2 |
| 92 - 93 | 8 | - | 2 | - | 1 |
| 93 - 94 | 1 | - | - | - | - |
| 94 - 95 | 3 | 1 | 2 | 6 | - |
| 95 - 96 | 2 | 1 | - | - | - |

കർഷകത്തൊഴിലാളിപെൻഷൻ, അഗതിപെൻഷൻ, അവശകലാ, സാഹിത്യകാരൻമാർക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവയെപ്പറ്റിയുള്ള യഥാർത്ഥ കണക്കുകൾ ലഭ്യമല്ല.

### അങ്കണവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് മികച്ചസേവനം കാഴ്ചവെക്കുന്ന അങ്കണവാടികൾ പതിനൊന്നു വാർഡുകളിലുമായി 25 എണ്ണമാണ് പഞ്ചായത്തിലുള്ളത്. ഐ.സി.ഡി.എസ്സിന്റെ പ്രഖ്യാപിത ലക്ഷ്യംവെച്ചു നോക്കുമ്പോൾ ഇത് കുറവാണ്. അതുകൊണ്ടു തന്നെ ഇതിന്റെ സേവനം ലഭിക്കാത്ത ഒരു വലിയസമൂഹം ഇപ്പോഴും പഞ്ചായത്തിലുണ്ട്. കൂടാതെ അങ്കണവാടി പ്രദേശങ്ങളിൽ ഉൾപ്പെട്ട കുട്ടികളിൽതന്നെ പല കാരണങ്ങൾകൊണ്ട് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രയോജനം ഉപയോഗപ്പെടുത്തുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണ്. പല അങ്കണവാടികളിലും സ്ഥിരമായി വരുന്ന കുട്ടികളുടെ എണ്ണം 15 ൽ താഴെയാണ്. നിലവിലുള്ളവയിൽ 4 എണ്ണത്തിനുമാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളത്. പ്രവർത്തനമാരംഭിച്ചിട്ട് 3 വർഷം പിന്നിട്ട ഇരുപതോളം അങ്കണവാടികൾക്ക് ഇപ്പോഴും സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ലെന്നത് ഈ രംഗത്ത് സർക്കാറും പൊതുജനങ്ങളും കാണിക്കുന്ന അനാസ്ഥ വിളിച്ചോതുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും വാടകക്കെട്ടിടങ്ങ

ളിലെ സ്ഥലപരിമിതിയും പ്രവർത്തന കേന്ദ്രങ്ങൾ ഇടക്കിടക്ക് മാറ്റേണ്ടിവരുന്നതും കളിപ്പാട്ടങ്ങളുടേയും മറ്റും അപര്യാപ്തതയും കുട്ടികളെ ഈ കേന്ദ്രങ്ങളിൽ നിന്ന് അകറ്റുന്നതിന് കാരണമായിഭവിക്കുന്നു. ഇവിടങ്ങളിലെ ജീവനക്കാരുടെ സ്ഥിതിയും പരമദയനീയമാണ്. 7 മണിക്കൂർ അങ്കണവാടി പ്രവർത്തനത്തിനുപുറമെ ആരോഗ്യം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം തുടങ്ങി നിരവധി വകുപ്പുകൾ രൂപം കൊടുക്കുന്ന പദ്ധതികളുടെ വിജയത്തിനായും ഇവർ അദ്ധ്വാനിക്കുന്നു. സാക്ഷരത, സി.ബി.എൻ.പി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ ഇവർ നൽകുന്ന സേവനം മഹത്തരമാണ്. എങ്കിലും ഇവർക്ക് ലഭിക്കുന്ന വേതനം മറ്റെല്ലാതൊഴിൽ മേഖലയേക്കാളും വളരെ കുറവാണ്. ഇതിന് പരിഹാരമുണ്ടാക്കാതെ അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനേക്കുറിച്ചാലോചിക്കുന്നത് മൗഢ്യമാണ്. അസംതൃപ്തരായ തൊഴിലാളികൾക്ക് മികച്ചസേവനം ഏറെക്കാലം നൽകാനാവില്ലെന്ന സത്യം വിസ്മരിച്ചുകൂടാ. അങ്കണവാടി നിർമ്മാണത്തിനുള്ള തുകയും, കളിപ്പാട്ടങ്ങൾ വാങ്ങാനുള്ള തുകയും, ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പദ്ധതിയുടെ ആദ്യവർഷം തന്നെ എല്ലാ അങ്കണവാടികൾക്കും സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കണം.

## അങ്കണവാടികളുടെ വിവരം

| Sl NO. | വാർഡ് | എണ്ണം | അങ്കണവാടിസെന്റർ നമ്പറുകൾ | കുട്ടികൾ 3-6വയ | കെട്ടിടം ഉള്ളവ | കെട്ടിടം ഇല്ലാത്തവ | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തവ | കളിപ്പാട്ടം ഉള്ളവ | കളിപ്പാട്ടം ഇല്ലാത്തവ | പണിനടക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 1 | 145 | 44 | - | 1 | - | 1 | - | 1 | - |
| 2 | 2 | 2 | 3,138 | 70 | - | 2 | - | 2 | - | 2 | - |
| 3 | 3 | 3 | 2,4,6 | 94 | - 2 | 1 | 2 | 1 | 2 | | 1(2) |
| 4 | 4 | 2 | 5,7 | 63 | - | 2 | - | 2 | - | 2 | - |
| 5 | 5 | 3 | 1,117, 118 | 96 | - | 3 - | 3 | - | 3 | - | |
| 6 | 6 | 2 | 8, 9 | 74 | 1(8) | - | 2 | - | 2 | - | 1 (9) |
| 7 | 7 | 2 | 11, 142 | 70 | 2(8) | - | 2 | - | 1 | 1 | - |
| 8 | 8 | 2 | 12, 13 | 89 - | 2 | - | 2 | - | 2 | - | |
| 9 | 9 | 4 | 14, 114,115,116 | 111 | - 4 | 1(4) | 3 | 2 | 2 | - | |
| 10 | 10 | 2 | 15, 16 | 61 - | 2 - | 2 | 1 | 1 | - | | |
| 11 | 11 | 2 | 10,17 | 50 | 1(17) | 1 | 1 | 1 | - | 2 | - |

അവലംബം : ICDS പ്രൊജക്ട് ഓഫീസ് കുറ്റിപ്പുറം.

## അങ്കണവാടികളിൽ നിന്നു ലഭിച്ച വിവരം

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | a പഞ്ചായത്തിലെ ആകെ ജനസംഖ്യ | 30669 |
| | b പുരുഷൻമാർ | 15409 |
| | c സ്ത്രീകൾ | 15260 |
| 2. | a പട്ടികജാതി ജനസംഖ്യ. | 1190 |
| | b പട്ടികവർഗ്ഗ ജനസംഖ്യ | - |
| 3. | അങ്കണവാടികളുടെ എണ്ണം | 25 |
| 4. | a ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ | 235 |
| | b ഒന്നുമുതൽ രണ്ടുവയസ്സുവരെ പ്രായമുള്ള കുട്ടികൾ | 604 |
| | c രണ്ടുമുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 655 |
| | d മൂന്നുമുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 1408 |
| 5 | a ഗർഭിണികളുടെ എണ്ണം | 333 |
| | b ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ | 27 |
| 6. | മുലയൂട്ടുന്ന അമ്മമാർ | 233 |

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 7. | a കഴിഞ്ഞവർഷത്തെ ആകെ ജനനങ്ങൾ | 475 |
| | b ചാപിള്ള ജനനങ്ങൾ | 2 |
| 8. | (a) ഒരുവയസ്സിനു താഴെ പ്രായത്തിൽ മരിച്ചകുട്ടികൾ | 2 |
| | (b) 1 മുതൽ 3 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികൾ | - |
| | (c) 3 മുതൽ 6 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികൾ | - |
| 9. | (a) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകൾ | 1 |
| | (b) മറ്റു മരണങ്ങളുടെ എണ്ണം | 87 |
| 10 | (a) അനുപൂരകപോഷകാഹാരം ലഭിച്ച കുട്ടികൾ | 918 |
| | (b) ,, ,, ഗർഭിണികൾ | 72 |
| | (c) ,, ,, മുലയൂട്ടുന്ന അമ്മമാർ | 79 |

അവലംബം: ICDS പ്രൊജക്ട് ഓഫീസ്, കുറ്റിപ്പുറം.

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | ഒന്നാംഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാംഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിനു മുമ്പ് | 145 | 116 | 54 | 45 | 16 | 15 | 1 | - |
| 1 മുതൽ 3 വയസ്സ് | 226 | 170 | 127 | 110 | 34 | 36 | 3 | 3 |
| 3 മുതൽ 6 വയസ്സ് | 287 | 261 | 166 | 177 | 52 | 59 | 9 | 4 |

(അവലംബം ICDS പ്രൊജക്ട് ഓഫീസ് കുറ്റിപ്പുറം)

## ശിശുക്കളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെപ്പു വിവരം.

| പ്രായം | ബി. സി. ജി. | ഡി. പി. ടി. | | | | പോളിയോ. | | | | ഡി. ടി. | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | B | I | II | III | B | I | II | III | B | |
| 1 വയസ്സിന് മുമ്പ് | 266 | 269 | 219 | 188 | 22 | 285 | 218 | 188 | 28 | - | - | - | - | 130 |
| 1-3 വയസ്സ് | 542 | 511 | 489 | 440 | 252 | 545 | 617 | 476 | 238 | - | - | - | | 334 |
| 3-6 വയസ്സ് | 577 | 568 | 545 | 517 | 318 | 589 | 582 | 540 | 402 | 212 | 154 | 68 | 3 | 401 |

(അവലംബം: I C D S)

### ടി. ടി

| | I | II | III |
|---|---|---|---|
| ഗർഭിണികൾ | 99 | 63 | 15 |

അയേൺ ഗുളികകൾ, ഫോളിക് ആസിഡ് ഗുളിക ലഭിച്ച
ഗർഭിണികൾ : 165
,, കുട്ടികൾ : 480
വിറ്റാമിൻ A ലഭിച്ച കുട്ടികൾ: 581
ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ: ലഭ്യമല്ല.
വീട്ടിൽ നടന്ന പ്രസവങ്ങൾ: ലഭ്യമല്ല.

**ക്ഷേമനിധികൾ:**

കൃഷിഭവൻ മുഖേനയുള്ള കർഷക ക്ഷേമനിധിയിൽ 100 പേർ ചേർന്നിരുന്നുവെങ്കിലും ഏതാനും പേർക്ക് തുടർ ഗഡുക്കൾ അടക്കായ്കയാൽ അംഗത്വം നഷ്ടപ്പെട്ടു. ഇപ്പോൾ 78 പേർ അംഗങ്ങളായുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ മാറാക്കര വില്ലേജിൽനിന്ന് 28 പേരും മേൽമുറിവില്ലേജിൽനിന്നും 3 പേരും അംഗങ്ങളായുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ 500 ഓളം പേർ അംഗങ്ങളായി ചേർന്നിരുന്നുവെങ്കിലും 150ഓളം പേർ മാത്രമേ അവശേഷിക്കുന്നുള്ളൂ.

### C. B. N. P. & P. A. P

യുനീസിഫ് സഹായത്തോടെ മലപ്പുറം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയാണ് C.

B. N. P. ക്ലേശകുടുംബങ്ങളിലെ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ അവരുടെ വിവിധ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പദ്ധതിയാണിത്. പഞ്ചായത്ത് C. D. S പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. 150ഓളം കമ്മ്യൂണിറ്റി വളണ്ടിയർമാരും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും ഒരു അസോസിയേറ്റ് പഞ്ചായത്ത് കോ-ഓർഡിനേറ്ററുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതിന് കീഴിൽ 30 അയൽ കൂട്ടങ്ങളും നാല് ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളുമാണുള്ളത്. 1994-ൽ നടത്തിയ സർവേയിൽ ആയിരത്തോളം ക്ലേശകുടുംബങ്ങളെ കണ്ടെത്തി. സ്ത്രീകൾക്കായുള്ള പ്രത്യേക സമ്പാദ്യ പദ്ധതിയും (ത്രിഫ്റ്റ് സൊസൈറ്റി) ഈ പദ്ധതിക്കു കീഴിൽ നടക്കുന്നു. 15000-ൽ പരം രൂപ ഈ ഇനത്തിൽ നിക്ഷേപമുണ്ട്. ചേലക്കൂത്ത്, മാറാക്കര എ. ഡി. എസ്സുകൾ പ്രവർത്തനക്ഷമമല്ല. 1 മുതൽ 5 വരെ വാർഡുകളിലേക്കായി ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ നിയമിക്കുന്ന പക്ഷം പ്രസ്തുത പ്രദേശത്തുകൂടി പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാകും. ഇതിനു കീഴിൽ 50 ഓളം വനിതകൾക്ക് 4 ദിവസം നീണ്ടുനിന്ന ആരോഗ്യ പരിശീലനം നൽകിയിട്ടുണ്ട്. ഇവരുടെ സേവനം ലഭ്യമാക്കുന്നത് ആരോഗ്യകേന്ദ്രം മുൻകയ്യെടുക്കണം. എല്ലാ അയൽകൂട്ടങ്ങളേയും സ്വയം തൊഴിൽ യൂണിറ്റുകളാക്കി വികസിപ്പിക്കണം. സർക്കാർ പദ്ധതികളുടെ എല്ലാ വിധ പ്രയോജനങ്ങളും ആദ്യം ലഭിക്കേണ്ട ജനസമൂഹമാണ് എ. ഡി. എസ് അംഗങ്ങൾ.

രണ്ടുവർഷം മുമ്പ് നടത്തിയ സർവ്വേ പ്രകാരം ശേഖരിച്ച വിവരങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു.

### C.B.N.P. Rapid Survey Data

| വാർഡ് | നിരക്ഷരർ | ക്ലേശകുടുംബങ്ങളുടെ എണ്ണം | നിലവാരംകുറഞ്ഞ വീട് | കക്കൂസില്ലാത്തവർ | ഒരാൾക്ക് മാത്രം ജോലിയുള്ളത് | 6 അംഗങ്ങളിൽ കൂടുതലുള്ള കുടുംബം | കുടിവെള്ളം ലഭ്യമല്ലാത്തവർ | ഭക്ഷ്യധാന്യലഭ്യമില്ലാത്ത കുടുംബം | Sc/ St | മറ്റ് (പ്രത്യേക) സാമൂഹ്യപ്രശ്നങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| I | 55 | 39 | 85 | 31 | 47 | 21 | 21 | 2 | 7 | 32 |
| II | 47 | 29 | 34 | 41 | 39 | 24 | 18 | 5 | 18 | 36 |
| III | 75 | 53 | 27 | 76 | 54 | 54 | 29 | 12 | 15 | 52 |
| IV | 96 | 52 | 61 | 82 | 81 | 61 | 47 | 7 | 38 | 58 |
| V | 61 | 45 | 41 | 43 | 37 | 29 | 81 | 5 | 7 | 32 |
| VI | 102 | 50 | 54 | 88 | 85 | 64 | 129 | 12 | 26 | 61 |
| VII | 64 | 40 | 31 | 64 | 49 | 41 | 20 | 12 | 4 | 39 |
| VIII | 54 | 25 | 24 | 46 | 46 | 30 | 4 | 13 | 22 | 32 |
| IX | 207 | 139 | 125 | 173 | 170 | 166 | 99 | 5 | 13 | 108 |
| X | 150 | 81 | 84 | 135 | 109 | 129 | 42 | 13 | 5 | 32 |
| ആകെ | 553 | 911 | 514 | 765 | 717 | 619 | 504 | 86 | 155 | 535 |

## പൊതു വിതരണം

പഞ്ചായത്തിലാകെ 9 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇവയിലാകെ 4818 കാർഡുകളുണ്ട്. പൊതുവിതരണ രംഗത്ത് മാവേലിസ്റ്റോറുകളൊന്നുമില്ല. കാടാമ്പുഴയിലൊരു മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ജനങ്ങളുടെ ആവശ്യം ഇതുവരെ സാധിതപ്രായമായിട്ടില്ല. സർവ്വീസ് സഹകരണ ബാങ്ക് ഓണക്കാലത്ത് ചന്തകൾ സംഘടിപ്പിക്കാറുണ്ട്. എല്ലാ റേഷൻ ഷാപ്പുകളിലൂടെയും അവശ്യ സാധനങ്ങൾ വിതരണം ചെയ്താൽ വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കും. റേഷൻ സാധനങ്ങളിൽ സമീപകാലത്ത് വന്ന വില വർദ്ധനവ് ഉപഭോക്താക്കളെ വിഷമത്തിലാക്കിയിട്ടുണ്ട്. റേഷൻ കാർഡുകളെ സംബന്ധിച്ചുള്ള പരാതികൾ തീർക്കുവാനും പുതിയ റേഷൻ കാർഡുകൾ അനുവദിക്കാനും പഞ്ചായത്തിന് അധികാരം നല്കേണ്ടതുണ്ട്. പൊതുവിതരണ കേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ ജനവാസം കൂടിയ സ്ഥലത്ത് ആവശ്യമുള്ളത്ര കേന്ദ്രങ്ങൾ തുടങ്ങേണ്ടതുണ്ട്. വട്ടപ്പറമ്പ് പ്രദേശത്ത് റേഷൻ ഷാപ്പിനായുള്ള അപേക്ഷ

കുറേക്കാലം മുമ്പ്തന്നെ വന്നിട്ടുണ്ട്.

ഉപഭോക്താക്കളെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനായി മാറാക്കരയിൽ കേരളാ കൺസ്യൂമർ എജുക്കേഷൻ സൊസൈറ്റിയുടെ ഘടകം പ്രവർത്തിക്കുന്നു. ബഹുജന ബോധവൽക്കരണ ക്ലാസുകൾ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

പൊതു വിതരണ സംവിധാനത്തെകുറിച്ചുള്ള പട്ടിക കൂടുതൽ വിവരങ്ങൾക്കായി താഴെ കൊടുക്കുന്നു.

## വാർഡ് III

1. IRDP പദ്ധതിപ്രകാരം വായ്പ എടുത്തവർക്ക് 50% സബ്സിഡി അനുവദിക്കുക.

2. ചേലക്കുത്ത് മാവേലിസ്റ്റോർ അനുവദിക്കുക.

3. അമ്മേങ്ങര, പള്ളിഇടവഴി എന്നിവിടങ്ങളിൽ അങ്കണവാടികൾ അനുവദിക്കുക.

4. പഴയ DWCRA യൂണിറ്റ് പുന:സ്ഥാപിക്കുക.

### പൊതുവിതരണ സംവിധാനത്തെകുറിച്ചുള്ള വിവരങ്ങൾ. 1995-96

| പൊതു വിതരണ കേന്ദ്രത്തിന്റെ നമ്പർ | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ | | മണ്ണെണ്ണ (ലി.) | | |
|---|---|---|---|---|---|---|---|---|---|---|---|
| | N. E. | E | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3-12) | ആകെ | അരി (ക്വി.) | ഗോതമ്പ് (ക്വി.) | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്തത് | കാർഡുവഴി വിതരണം ചെയ്തത് |
| A.R.D 25 | 249 | 180 | 429 | 2330 | 575 | 2905 | 2512 | 139.44 | 22 | 3108 | 19260 |
| 161 | 145 | 369 | 514 | 2839 | 819 | 3658 | 1920 | 168 46 | 7200 | 17586 | |
| 162 | 183 | 311 | 494 | 2458 | 734 | 3192 | 1680 | 153.21 | 23 | 3564 | 18444 |
| ,, 163 | 269 | 254 | 523 | 2669 | 657 | 3326 | 2877 | 159.64 | 53 | 7668 | 22236 |
| ,, 164 | 359 | 161 | 520 | 2682 | 732 | 3414 | 2926 | 163.87 | 30 | 2844 | 25404 |
| ,, 165 | 463 | 87 | 550 | 3207 | 1071 | 4278 | 3592 | 205.34 | 18 | 2580 | 29880 |
| ,, 166 | 193 | 346 | 539 | 2750 | 921 | 3671 | 1920 | 168 | 30 | 4372 | 19854 |
| ,, 167 | 111 | 222 | 383 | 1672 | 451 | 2123 | 1921 | 101.90 | 10 | 1320 | 13152 |
| ,, 168 | 634 | 232 | 866 | 4050 | 1237 | 5287 | 4481 | 253.78 | 107 | 13752 | 43608 |

(അവലംബം: ബന്ധപ്പെട്ട പൊതുവിതരണകേന്ദ്രരേഖകൾ)

# ഗ്രാമസഭാനിർദ്ദേശങ്ങൾ

## വാർഡ് I

1. രണ്ടത്താണിയിൽ സാമൂഹ്യ-സാസ്കാരിക വേദിയും നിലയവും സ്ഥാപിക്കണം.

2. പെൻഷന് അർഹതയുള്ള 250 ഓളം പേർക്ക് അത് ലഭ്യമാക്കണം.

3. അങ്കണവാടി സ്ഥാപിക്കുക.

## വാർഡ് II

1. കർഷകതൊഴിലാളിപെൻഷൻ അർഹതയുള്ളവർക്ക് മുഴുവൻ ലഭ്യമാക്കുക.

## വാർഡ് IV

1. പള്ളിയാലിൽനിന്ന് സ്ഥലംമാറ്റിയ അങ്കണവാടി പുന: സ്ഥാപിക്കുക.

## വാർഡ് V

1. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് കളിപ്പാട്ടങ്ങൾ ലഭ്യമാക്കുക.

## വാർഡ് VI

1. ചാലിയക്കുടം, പെരിങ്കുളം ഭാഗങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുക.

2. മേൽമുറി ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റി പുന: സ്ഥാപിക്കുക.

## വാർഡ് VII

1. പത്തായക്കല്ലിൽ റേഷൻഷോപ്പ് അനുവദിക്കുക.

2. മുനമ്പം, ചുള്ളിക്കാട് പ്രദേശങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുക.

3. കാടാമ്പുഴയിൽ ശിശുവിഹാർ സ്ഥാപിക്കുക.

4. അഗതികൾക്കുള്ള പാർപ്പിടങ്ങൾ, പെൻഷനുകൾ അർഹരായവർക്ക് അനുവദിക്കുക.

## വാർഡ് VIII

1. എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികളും അർഹരായ മുഴുവൻപേർക്കും ലഭ്യമാക്കുക.

2. ദരിദ്രർക്കും ഹരിജനങ്ങൾക്കും ഭവനനിർമ്മാണ സഹായം ഉറപ്പുവരുത്തുക.

3. മുഴങ്ങാണി, ലക്ഷംവീട് കോളനി, ആനപ്പാറ ഭാഗങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുക.

4. മുഴങ്ങാണിയിൽ റേഷൻഷോപ്പ് അനുവദിക്കുക.

5. കാടാമ്പുഴയിൽ മാവേലിസ്റ്റോർ തുടങ്ങുക.

6. അർഹരായവർക്ക് മുഴുവൻ ടൂൾകിറ്റ് വിതരണം ചെയ്യുക.

7. കാടാമ്പുഴയിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.

## വാർഡ് IX

1. സ്വന്തമായി സ്ഥലമുള്ള തുവ്വപ്പാറ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുക.

2. അങ്കണവാടി ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തുക.

## വാർഡ് X

1. കരേക്കാട് എൽ.പി. സ്കൂളിനോടുചേർന്ന് പ്രീ-പ്രൈമറി ക്ലാസ്സ് സ്ഥാപിക്കണം.

2. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കുള്ള ബ്ലോക്കിന്റെ ധനസഹായം അർഹതയുള്ളവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുക.

3. പുളിയൻ നിരപ്പിൽ അങ്കണവാടി സ്ഥാപിക്കുക.

## വാർഡ് XI

1. കരുവഞ്ചേരിയിൽ പുതിയ അങ്കണവാടി സ്ഥാപിക്കുക.

◎



# പാർപ്പിടം

മേൽമുറി, മാറാക്കര എന്നീ രണ്ടുവില്ലേജുകൾ ചേർന്ന മാറാക്കര പഞ്ചായത്ത് കേരളത്തിലെ കുറഞ്ഞ വരുമാനമുള്ള പഞ്ചായത്തുകളിൽ ഒന്നാണ്. ഇവിടുത്തെ വീടുകളിൽ അധികവും താഴ്ന്ന വരുമാനക്കാരുടെ ഇടത്തരം ഓടിട്ട വീടുകളാണ്. ഗൾഫ് പണം മൂലം സമീപകാലത്ത് നിർമ്മിക്കപ്പെട്ട വീടുകൾ മിക്കതും കോൺഗ്രീറ്റിലാണ്. പഞ്ചായത്തിലാകെ 4229 വീടുകളുണ്ട് (1991-ലെ സെൻസസ്).

ഭവനകാര്യത്തിൽ പഞ്ചായത്തിലെ എടുത്തുപറയത്തക്ക ഒരു പ്രത്യേകത ശില്പചാതുരിയാർന്ന നമ്പൂതിരി ഇല്ലങ്ങളാണ്. കേരളത്തിലെ ഏററവും കൂടുതൽ മനകളുള്ള ഗ്രാമങ്ങളിലൊന്നാണ് മാറാക്കര. ഇവയുടെ തനിമ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതും ശ്രദ്ധേയമാണ്. നാലുകെട്ടും നടുമുറ്റവുമുള്ള വീടുകൾ കോൺക്രീറ്റ് കൂടാരങ്ങൾക്ക് വഴി മാറുന്നുവെന്നത് ദുഖകരമാണ്.

വിവിധ സർക്കാർ സ്കീമുകളിലൂടെ ഈ പഞ്ചായത്തിന് ലഭിച്ച വീടുകളുടെ എണ്ണം വളരെ കുറവാണ്. തീരെ താഴ്ന്ന വരുമാനക്കാർക്കായി ഒരു വലിയ ഭവന നിർമ്മാണ പദ്ധതി നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്. അറ്റകുറ്റ പണികൾക്ക് ധനസഹായം ലഭ്യമാക്കുന്ന മറ്റൊരു പദ്ധതിയും നടപ്പിലാക്കണം. പുതുതായി പണിയുന്ന വീടുകൾക്കെല്ലാം പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകണം.

മേൽമുറി മുതൽ കോട്ടക്കൽ വരെ വിശാലമായി കിടക്കുന്ന നെൽ വയലുകളിൽ പലതും ഗൃഹനിർമ്മാണത്തിനായി മണ്ണിട്ടു നികത്തപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിക്കാകെ കോട്ടംവരുത്തുന്ന ഈ പ്രവണത കർശനമായി തടയേണ്ടതാണ്. ലക്ഷംവീട് കോളനിയിലും ഹരിജൻ കോളനിയിലും ഓല മേഞ്ഞ വീടുകൾ നിലനിൽക്കുന്നു. ഇവർക്ക് പുര കെട്ടിമേയാനുള്ള സഹായം ഒരുകാലത്തും യഥാസമയം ലഭിക്കാറില്ല. മാത്രവുമല്ല ലഭിക്കുന്ന സംഖ്യ വളരെ തുഛവുമാണ്. ഇവരുടെ വീടുകൾ ഓടിട്ടതാക്കുവാനും വീടില്ലാത്തവർക്കെല്ലാം ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനും ബഹുജനസഹായത്തോടെസർക്കാർ പരിപാടി തയ്യാറാക്കണം. കേരളത്തിനനുയോജ്യമല്ലാത്ത കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണതക്കെതിരെ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

### ഭവനലഭ്യതാ പട്ടിക. മാറാക്കര പഞ്ചായത്ത്

| | I. A. Y. | M. W. S. | J. R. Y. | ആകെ |
|---|---|---|---|---|
| 1993-94 | 2 | - | 5 | 7 |
| 1994-95 | 3 | - | 7 | 10 |
| 1995-96 | 11 | . 1 | - | 12 |

R. L. E. G. P, N. R. E. P പദ്ധതികൾ യോചിപ്പിച്ചാണ് J. R. Y പദ്ധതി 1993-94ൽ ആരംഭിച്ചത്.

തദ്ദേശീയരും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവരുമടക്കം ധാരാളം തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഭവന നിർമ്മാണ സാനമഗ്രികൾ വൻതോതിൽതന്നെ മാറാക്കര പഞ്ചായത്തിൽനിന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റിഅയക്കപ്പെടുന്നു.

ഭവന നിർമ്മാണ സ്ഥാപനങ്ങളുടെ പഞ്ചായത്തിലെ ലഭ്യതാ പട്ടിക.

| | ഇനം | എണ്ണം |
|---|---|---|
| 1. | ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് | 6 |
| 2. | ചെങ്കൽ ക്വാറികൾ | 27 |
| 3. | കരിങ്കൽ ക്വാറികൾ | 7 |
| 4. | മാർബിൾ കടപ്പ വിൽപന കേന്ദ്രങ്ങൾ | 1 |
| 5. | മരമില്ല് | 4 |
| 6. | കരിങ്കൽ ക്രഷർ | 2 |

കൂലിക്കുറവ്, സ്ഥിരമായുള്ള ലഭ്യത എന്നിവ കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ മറുനാടൻ തൊഴിലാളികളേയാണ് കൂടുതൽപേരും ഉപയോഗപ്പെടുത്തുന്നത്. റോഡ്, കരിങ്കൽ, ചെങ്കൽ ക്വാറികൾ, കെട്ടിട നിർമ്മാണം എന്നീ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള 300ലേറെ തൊഴിലാളികൾ മാറാക്കരയിലുണ്ട്. ഇവർ വാടകക്കെട്ടിടങ്ങളിലും കടത്തിണ്ണകളിലുമായി അന്തിയുറങ്ങുന്നു. തദ്ദേശീയരായ യുവാക്കളിൽ ഇത്തരം തൊഴിലുകളോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി കാണുന്നു.

## ഗ്രാമസഭ: പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### വാർഡ് I

1. ഒന്നാം വാർഡിലാകെ ഏകദേശം 650 വീടുകൾ, 100-ൽപരം കുടിലുകൾ. നിർമ്മാണം അധികവും രണ്ടത്താണി. ഭവന നിർമ്മാണ സഹകരണ സംഘമില്ല. ലക്ഷം വീടു കോളനി നിർമ്മിക്കാനുള്ള സ്ഥലമുണ്ടെങ്കിലും അത് അനതികൃതമായി കുടിയേറിയിരിക്കുകയാണ്. താമസക്കാരിൽ 30%ത്തോളം സ്വന്തമായി വീടില്ലാത്തവരാണ്. നിർമ്മാണത്തൊഴിലിൽ 5% പേർ ഏർപ്പെട്ടിരിക്കുന്നു.

നിർദ്ധനരായിട്ടുള്ള 200 ഓളം കുടുംബങ്ങൾക്ക് സ്വന്തം വീടുണ്ടാക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം. 100 പരം വീടുകൾ പുനർമിർമ്മാണം ചെയ്യാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം. വാർഡിൽ ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കാനുള്ള നിയമോപദേശം ലഭ്യമാക്കണം. ദരിദ്രർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭ്യമാക്കണം. ദുർബല വിഭാഗങ്ങൾക്ക് ഗൃഹ നിർമ്മാണത്തിന് സ്ഥലം അനുവദിക്കണം.

II രണ്ടാം വാർഡിൽ വീടുകളുടെ എണ്ണം ഏകദേശം 400 എണ്ണമുണ്ട്. ഇതിൽ കുടിലുകൾ 20% വരു. ഓടിട്ടത് 50% കോൺഗ്രീറ്റ് വീടുകൾ 30% വും വരും. ഗതാഗത സൗകര്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ വീടുകൾനിർമ്മിച്ചുവരുന്നു. വീടില്ലാത്തവർക്ക് ഭവന നിർമ്മാണ പദ്ധതികൾ, വായ്പാ പദ്ധതികൾ എന്നിവ കൂടുതൽ അനുവദിച്ച് ജനങ്ങളുടെ താമസ സൗകര്യം മെച്ചപ്പെടുത്തണം.

III ഈ വാർഡിലാകെ 365 വീടുകളാണുള്ളത്. ഓടിട്ടവീടുകൾ മുന്നോറോളം. ഓലവീടുകൾ 25-ൽ താഴെ. തീരെ വീടില്ലാത്തവർ നൂറിൽ താഴെ. വീടില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി വീടു നിർമ്മിക്കുകയും വൈദ്യുതിയില്ലാത്ത വീടുകൾക്ക് അത് ലഭ്യമാക്കുകയും വേണം. ദരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് അനുവദിക്കണം.

IV നാലാം വാർഡിൽ അമ്പതോളം കുടുംബങ്ങൾക്ക് വീടുകളില്ല അവർക്ക് അടിയന്തിരമായി വീട് ലഭ്യമാക്കണം.

V ഈ വാർഡിൽ 500ലധികം വീടുകളുണ്ട്. എല്ലാ വിഭാഗത്തിൽ പെട്ടവരുംകുടിലുകളിൽ താമസിക്കുന്നുണ്ട്. 10% കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. നിർമ്മാണ തൊഴിലാളികൾ ധാരാളമുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാൻ സർക്കാർ ഏജൻസികൾ സഹായം നൽകണം.

VI വാർഡിൽ 800 ഓലെ വീടുകളുണ്ട്. 20-ൽ അധികം ഓലമേഞ്ഞ വീടുകളാണ്. കോൺഗ്രീറ്റുവീടുകൾ 75 ഓളം വരും. ഭവന നിർമ്മാണ സഹകരണ സംഘമില്ല. സ്വന്തമായി വീടില്ലാത്ത 25 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചുകൊടുക്കണം. പുൽവീടുകൾ മാറ്റി ഓടിടുവാനും സംവിധാനമുണ്ടാക്കണം. പുൽവീടുകൾ ഓടിടുവാൻ ധനസഹായം നൽകുക. ഈ വീടുകൾക്ക് കക്കൂസ്, പുകയില്ലാത്ത അടുപ്പ് എന്നിവ ഏർപ്പെടുത്തുക.

VII 7-ാം വാർഡിൽ നിലവിലുള്ള ഹരിജൻ കോളനികളിലെ പുൽവീടുകൾ ഓടുമേയാൻ അടിയന്തിര സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതുപോലെ വീടില്ലാത്ത 40-ൽ പരം കുടുംബങ്ങൾക്ക് വീടുനിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കണം. പിലാത്തറ ലക്ഷംവീട് കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും ചിലവുകുറഞ്ഞ

നിർമ്മിതി വീടുകൾ പണി ചെയ്തു നൽകണം. വീടിന്റെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും ഇടത്തരക്കാർക്കും ദുർബല വിഭാഗങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കണം. വർദ്ധിച്ചുവരുന്ന കോൺഗ്രീറ്റ് ഭ്രമം തടയാൻ നടപടികൾ സ്വീകരിക്കണം. കെട്ടിട നിർമ്മാണം നടത്തുന്നവർ റോഡിൽനിന്ന് ആവശ്യമായത്ര അകലം പാലിക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തണം.

കാടാമ്പുഴയിൽ ഒരു വൃദ്ധസദനം സ്ഥാപിക്കണം.

IX ഒമ്പതാം വാർഡിൽ അധികവും പുൽപെരയാണ്. അവർക്ക് ഓടുവീട് നിർമ്മിക്കാനുള്ള സഹായം ലഭ്യമാക്കണം. ആ വീടുകൾക്ക് കക്കൂസ്, പുകയല്ലാഅടുപ്പുകൾ അനുവദിക്കുക.

X ഈ വാർഡിലെ മിച്ചഭൂമി ഭൂരഹിതർക്ക് വീടുവെക്കാൻ അനുവദിക്കുക. പാവപ്പെട്ട വീടില്ലാത്ത, കക്കൂസില്ലാത്ത കുടുംബങ്ങൾ ധാരാളമുണ്ട്. അവർക്ക് വീടുനിർമ്മിക്കാനും കക്കൂസ് നിർമ്മിക്കാനും അടിയന്തിര സഹായം ലഭ്യമാക്കണം.

XI പാർപ്പിട പ്രശ്നം പഞ്ചായത്തിൽ വലിയ തോതിൽ നിലനിൽക്കുന്നുണ്ടെങ്കിലും ഗ്രാമസഭകളിൽനിന്ന് ഇതിനെ കുറിച്ച് വേണ്ടത്ര പ്രതികരണം ഉണ്ടായിക്കാണുന്നില്ല. ഭവന നിർമ്മാണ തൊഴിലാളികൾ, സാധനസാമഗ്രികൾ എന്നിവ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും അത് വേണ്ടത്ര കുടുംബങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. കരിങ്കൽ ക്വാറികളിൽനിന്നും ചെങ്കൽക്വാറികളിൽനിന്നും നിരവധി ലോറികളിൽ ദിവസവും പ്രസ്തുത സാധനങ്ങൾ കയറ്റിപ്പോകുന്നു. ഇവിടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്താൻ പഞ്ചായത്തുതലത്തിൽ പരിശീലനം നൽകേണ്ടതാണ്. കൂടാതെ കേരളത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥക്കും യോജിക്കുന്ന തരത്തിലുള്ള വീടുകളേ സർക്കാർ ഏജൻസികൾ പഞ്ചായത്തിൽ നിർമ്മിക്കാവൂ.

◎

ഭാരതമെന്നുകേട്ടാലഭിമാന-
പൂരിതമാകണ മന്തരംഗം,
കേരളമെന്നപേർ കേട്ടാൽ തിളക്കണം
ചോര നമുക്ക് ഞരമ്പുകളിൽ

-വള്ളത്തോൾ

ഏകം സദ്വിപ്രാ ബഹുദാവദന്തി

-ഋഗ്വേദം

(സത്യം ഒന്നുതന്നെ; എങ്കിലും ജ്ഞാനികൾ അതിന് പല പേരും പറയുന്നു.)



5.8

# സംസ്കാരം

സംസ്കാരം മനുഷ്യന്റെ മാത്രം സവിശേഷതയാണ്. ജീവിത ചര്യയിലും പെരുമാറ്റ രീതിയിലും അവയ്ക്ക് പ്രേരകമായ ഭൗതിക ഹേതുക്കളിലും അത് കുടികൊള്ളുന്നു. മനുഷ്യസംസ്കാരത്തിന്റെ പ്രതിഫലനങ്ങൾ എല്ലാ ജീവിത വ്യവഹാരങ്ങളിലും ദർശിക്കാവുന്നതാണ്. ഭാഷ, ആശയങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, നിയമങ്ങൾ, കലാസൃഷ്ടികൾ, സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, സാങ്കേതികവിദ്യ എന്നിവയൊക്കെ സംസ്കാരത്തിന്റെ സാക്ഷികളാണ്. ഈ ഘടകങ്ങളുമായുള്ള മനുഷ്യന്റെ സമ്പർക്കത്തിൽ നിന്ന് ഉടലെടുക്കുന്ന അമൂർത്തചൈതന്യമാണ് സംസ്കാരം. ഇത് തന്നെയാണ് മനുഷ്യനെ തിരക്കുകളിൽ നിന്ന് വേർതിരിക്കുന്നതും.

സംസ്കാരം മനുഷ്യരുടെ ജൈവ വാസനകളെ സാമൂഹിക പ്രചോദനങ്ങളായിമാറ്റുകയും അവരെ കർത്തവ്യ നിരതരാക്കി ജീവിത സാക്ഷാൽകാരത്തിന്ന് പ്രാപ്തരാക്കുകയും ചെയ്യുന്നു. പുരോഗമന യാഥാസ്ഥികതിക ആശയങ്ങൾ പരസ്പരം ഏറ്റുമുട്ടുമ്പോൾ അവയെ വിശകലനം ചെയ്ത് പഠിച്ച് കാലോചിതമായി ത്യാജ്യ ഗ്രാഹ്യ വിവേചനം ചെയ്ത് പഠിച്ച് നന്മക്കായി തിരഞ്ഞെടുക്കുകയാണ് നമ്മുടെ കർത്തവ്യം. ജനകീയാസൂത്രണം നവസംസ്കാരത്തെ പ്രചരിപ്പിക്കുവാൻ, ഭൗതികനേട്ടങ്ങൾ ഉറപ്പിക്കുവാൻ, ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാൻ അത്യന്താപേക്ഷിതമാണ്.

മഹത്തായൊരു സാംസ്കാരിക പാരമ്പര്യത്തിന്റെ പൈതൃകം മാറാക്കരയിൽ കുടി കൊള്ളുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള `മാറാക്കര' പിന്നീട് നമ്മുടെ അച്ചിപ്ര പ്രദേശത്തിന്റെ മുഴുവൻ പേരായ `മാറാക്കര'യായി മാറുകയാണുണ്ടായത്. മാറാക്കരയുടെ സാംസ്കാരിക ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ഒട്ടനവധി മാന്യ വ്യക്തികൾ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

1949ൽ നവജീവൻ വായനശാലയും 1953ൽ അച്ചിപ്ര കലാസമിതിയും രൂപീകരിക്കപ്പെട്ടു. വായനയുടെ അനന്തവിശാലതയിലേക്ക് പഞ്ചായത്ത് നിവാസികളെ ആനയിച്ച മാറാക്കര സ്പോർട്സ് ക്ലബ്ബ് & ലൈബ്രറി സ്ഥാപിക്കപ്പെട്ടതും ഈ നവോത്ഥാന കാലഘട്ടത്തിലായിരുന്നു. ആനുകാലികങ്ങൾ അപൂർവ്വമായിരുന്ന അക്കാലത്ത് പ്രസിദ്ധം ചെയ്തിരുന്ന `ഗ്രാമദീപം' എന്ന കയ്യെഴുത്ത് മാസിക അപൂർവ്വ ചാരുതയോടെ വർഷങ്ങളോളം പ്രസിദ്ധീകരിക്കപ്പെട്ടു. ഇക്കാലത്ത് ചെറുകാടിന്റെ തറവാടിത്തം, അടിമ, കുട്ടിത്തമ്പുരാട്ടി, സ്വതന്ത്ര കെ.ടി.മുഹമ്മദിന്റെ ഇതു ഭൂമിയാണ്, വിശറിക്കു കാറ്റുവേണ്ട, ഇ.കെ. അയമുവിന്റെ വമ്പത്തീ നീയാണ് പെണ്ണ്, ജജ് നല്ല മന്സനാകാൻ നോക്ക് തുടങ്ങിയ നാടകങ്ങൾ അച്ചിപ്ര കലാസമിതിയിലൂടെ ഇവിടത്തുകാർ ആസ്വദിച്ചു. മൂത്താട്ടുമന കേന്ദ്രമായി ഋതുമതിയും അടുക്കളയിൽ നിന്ന് അരങ്ങത്തേക്കും അരങ്ങേറി. ഈ നാടകങ്ങൾ മാറാക്കരയിലെ സാംസ്കാരിക മുന്നേറ്റത്തിൽ നാഴികക്കല്ലുകളായിമാറി.

1962-63 ൽ രൂപംകൊണ്ട മാറാക്കര സ്പോർട്സ് ക്ലബ്ബ് & ലൈബ്രറി.

ഇതോടൊപ്പം രൂപംകൊണ്ട അച്ചിപ്ര കലാസമിതി, 1968ൽ ഏർക്കരയിൽ രൂപം കൊണ്ട ഫ്രന്റ്സ് ആർട്സ് ക്ലബ്ബ് മാറാക്കര, 1980 ൽ ചേലക്കുത്ത് കേന്ദ്രമായി രൂപം കൊണ്ട കവിത ആർട്സ് & സ്പോർട്സ് ക്ലബ്ബ് തുടങ്ങിയവ, മാറാക്കരയുടെ സാംസ്കാരിക പുരോഗതിക്ക് വളരെയേറെ സംഭാവനകൾ നൽകിയ സ്ഥാപനങ്ങളാണ്. ഈ സംഘടനകൾക്ക് നേതൃത്വം നല്കിയിരുന്ന പലരും ഇന്ന് നമ്മോടൊപ്പമില്ല. പരേതനായ ശ്രീ സി. എസ്. നായർ ശ്രീ.സി.എസ്. വാരിയർ മാസ്റ്റർ, ശ്രീ.പി.സി. നാരായണൻ നമ്പൂതിരിപ്പാട്, ചന്ദ്രത്തിൽ മാധവൻനായർ, ശ്രീ.സി.വി. ഭാസ്കരൻ മാസ്റ്റർ, N.N. ഏർക്കര, ഹാജി കുട്ടുസ്സൻമാസ്റ്റർ എന്നിവരെ ഇത്തരുണത്തിൽ ആദരപൂർവ്വം സ്മരിക്കട്ടെ.

മേൽ സൂചിപ്പിച്ച സംഘടനകളിൽ ഫ്രന്റ്സ് ആർട്സ് ക്ലബ്ബ് മാത്രമേ ഇന്ന് നിലനിൽക്കുന്നുള്ളൂ. പക്ഷേ പഴയ പ്രതാപം ഇന്നിതിനില്ല. സാംസ്കാരിക രംഗത്ത് കനപ്പെട്ട സംഭാവനകൾ നല്കിയ ഈ സംഘടനടയെ പുനരുജ്ജീവിപ്പിക്കേണ്ടത് നമ്മുടെ ബാധ്യതയല്ലേ?

എൺപതുകളിൽ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ വേലിയേറ്റം തന്നെ പഞ്ചായത്തിലുടനീളം ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഏതാണ്ട് പതിനൊന്നോളം

ആർട്സ് & സ്പോർട്സ് ക്ലബ്ബുകളും എട്ട് ഗ്രന്ഥാലയങ്ങളും നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ചില സംഘടനകൾ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം ക്ലബ്ബുകളും 'സൊറപറച്ചിൽ' കേന്ദ്രങ്ങളായി മാത്രം നിലനിൽക്കുന്നത് ദു:ഖകരമായ സത്യമാണ്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ തൊട്ടറിയാനും ക്രിയാത്മകമായി പ്രതികരിക്കാനും ഇത്തരം സാംസ്കാരിക സംഘടനകൾ തയ്യാറാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പരസ്പര ധാരണയില്ലാതെ പ്രവർത്തിക്കുന്ന ഈ ക്ലബ്ബുകളെ കോർത്തിണക്കി പഞ്ചായത്തുതലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും. ഓണാഘോഷം, കേരളോത്സവം, ബഹുജനബോധവൽക്കരണ പരിപാടികൾ എന്നിവ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ 'നാടറിയുന്ന' വിധം സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ എട്ട് ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മാറാക്കര പഞ്ചായത്ത് സാംസ്കാരികനിലയം ലൈബ്രറിക്കും, കാടാമ്പുഴ ദേവസ്വം ലൈബ്രറിക്കും മാത്രമേ സ്വന്തമായി കെട്ടിടങ്ങളുള്ളൂ. മറ്റുള്ള ലൈബ്രറികളെല്ലാം തന്നെ വളരെയധികം സാമ്പത്തിക ഞെരുക്കത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഗ്രന്ഥാലയങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങുവാനും, ദിനപത്രങ്ങളും വാരികകളും ഇല്ലാത്ത ലൈബ്രറികളിൽ അത് വിതരണംചെയ്യുവാനുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകണം എന്ന നിർദ്ദേശം മിക്ക ഗ്രാമസഭകളിൽനിന്നും വരുകയുണ്ടായി. കുട്ടികളിലും യുവജനങ്ങളിലും വായനശീലം വളർത്തുന്നതിന് ലൈബ്രറികൾ പരിപോഷിപ്പിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ വായനക്കാർക്ക് പ്രധാനാശ്രയമുള്ളത് പഞ്ചായത്ത് സാംസ്കാരികനിലയം ലൈബ്രറിയാണ്. പഞ്ചായത്തിലെ മൊത്തം ലൈബ്രറികളിൽ കൂടുതൽ വിതരണം നടക്കുന്നത് നോവൽ വിഭാഗത്തിലുള്ള പുസ്തകങ്ങളാണ്. ഗൗരവതരമായ വായനകളിൽ ഒരു ചെറിയ ശതമാനം മാത്രമേ ഏർപ്പെടുന്നുള്ളൂ. പഞ്ചായത്തിലെ സ്ക്കൂളുകളിൽ സാമാന്യം മോശമല്ലാത്ത ഗ്രന്ഥശേഖരങ്ങളുണ്ടെങ്കിലും പുസ്തകവിതരണം കാര്യക്ഷമമായി നടക്കുന്നില്ല. പുസ്തകങ്ങൾ ചിട്ടയായി വിതരണം ചെയ്യാനുള്ളു സംവിധാനം എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ അദ്ധ്യാപകർ കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.

ഇന്ന് കേരളത്തിൽ പ്രചാരത്തിലിരുക്കുന്ന ഒട്ടുമിക്ക പത്രങ്ങളും, ആനുകാലികങ്ങളും നമ്മുടെ പഞ്ചായത്തിലും വിതരണംചെയ്യപ്പെടുന്നുണ്ട്. സാംസ്കാരിക മലിനീകരണത്തിന് ആക്കംകൂട്ടുന്ന അശ്ലീലപ്രസിദ്ധീകരണങ്ങളുടെ വ്യാപനം വർദ്ധിച്ചുവരുന്നു. ഇതിനെതിരെ കർശന നടപടി അധികൃതരുടെ ഭാഗത്ത്നിന്നുണ്ടാവേണ്ടതുണ്ട്. പുതിയ കേബിൾ ടി.വി. സംസ്കാരം യുവാക്കളെ അവരറിയാതെ തന്നെ ജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റുന്നു. ഈ മേഖലയിൽ ബോധപൂർവ്വമായ 'ഇടപെടൽ' ആവശ്യമാണ്. പഴയ സാംസ്കാരിക തനിമ നിലനിർത്താൻ സന്നദ്ധ സംഘടനാ പ്രവർത്തകർ കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പലവാർഡുകളിലും വായനശാലകളോ കലാസമിതികളോ ഇല്ല.

2. കുട്ടികളിലും യുവജനങ്ങളിലും സർഗ്ഗാത്മക കഴിവുകൾ വളർത്താനും പ്രകടിപ്പിക്കാനുമുള്ള വേദികൾ കുറവാണ്.

3. ഗൗരവമായ വായനശീലം പൊതുവെ കുറഞ്ഞു വരുന്നു.

നിർദ്ദേശങ്ങൾ

1. മാറാക്കര പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കാടാമ്പുഴയിൽ പബ്ലിക് ലൈബ്രറി ആരംഭിക്കുക. 2,9,10,11 വാർഡുകളിൽ സന്നദ്ധ സംഘടനകൾ മുഖേന വായനശാലകൾ ആരംഭിക്കാൻ ധനസഹായം നൽകുക. 2.കോംപ്ലക്സ് തലത്തിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

3. പഞ്ചായത്തിലെ നാടൻകലാകാരൻമാർ, ശില്പചിത്രകരകൗശലവിദഗ്ദധർ, സാഹിത്യകാരൻമാർ തുടങ്ങിയവരുടെ ഒരു List ഉണ്ടാക്കി പഞ്ചായത്തിൽ സൂക്ഷിക്കുകയും അവരുടെ സേവനം ക്രിയാത്മകമായി ഉപയോഗപ്പെടുത്താനുള്ള സാഹചര്യങ്ങളൊരുക്കുകയും ചെയ്യുക.

4. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻകലകൾ (ഓണവില്ല്, പാണൻപാട്ട്, കൊയ്ത്തുപാട്ട്, തുമ്പിതുള്ളൽ, ആട്ടക്കളം) സംരക്ഷിക്കാനും, പുനരുജ്ജീവിപ്പിക്കാനും സാധ്യമായതൊക്കെ ചെയ്യുക.

5. പൊതു പരിപാടികൾ നടത്താൻ എല്ലാ സൗകര്യങ്ങളുമുള്ള ഓഡിറ്റോറിയം കാടാമ്പുഴയിൽ സ്ഥാപിക്കുക.

6. പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളിൽ വായനശീലം വളർത്താൻ പ്രോത്സാഹനം നൽകുക. സ്കൂൾ വായനശാലകൾ ഉപയോഗപ്പെടുത്താൻ കുട്ടികളെ സഹായിക്കുക. ഇതിനായി സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുക.

7. നിലവിലുള്ള എല്ലാ വായനശാലകളിലും പഞ്ചായത്ത് വക പത്രങ്ങളും ആനുകാലികങ്ങളും സൗജന്യമായി അനുവദിക്കുക.

8. തച്ചാടി ഹരിജൻ കോളിനിയിൽ ഒരു ഗ്രന്ഥശാലയും ടെലിവിഷനും സ്ഥാപിക്കുക.

കായികരംഗം

ഒരു സമൂഹത്തിലെ വ്യക്തികളുടെ സമഗ്രവും സർവ്വതോന്മുഖമായ പുരോഗതിയായിരിക്കും ആ സമൂഹത്തിന്റെ വളർച്ചയുടെ ചൂണ്ടുപലക. കായിക പരിശീലനവും പ്രവർത്തനവും മനുഷ്യന്റെ സമഗ്ര വികസനത്തിന്റെ ഒരു പ്രധാന ഘടകവും വിദ്യാഭ്യാസ പ്രക്രിയയുടെ ഒരു അവിഭാജ്യഘടകവുമാണ്. കായികപരിശീലനം ജനങ്ങളുടെ ആരോഗ്യം നിലനിർത്തുവാനും പുഷ്ടിപ്പെ

ടുത്താനും, ചുറുചുറുക്കുള്ളവരാക്കുവാനും അവരുടെ ഒഴിവ് സമയം സമ്പുഷ്ടമാക്കുവാനും സഹായിക്കുന്നു. നമ്മുടെ രാജ്യത്ത് ഒരു കായിക സംസ്കാരം രൂപീകരിക്കാനാണ് നാം ശ്രദ്ധചെലുത്തേണ്ടത്. ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസമുള്ള ആരോഗ്യദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കുകയാണ് കായിക സംസ്കാരത്തിന്റെ സാമൂഹ്യകടമ.

കായികരംഗത്ത് നിരവധി പേരെ ജില്ലയ്ക്കും സംസ്ഥാനത്തിനുതന്നെ സംഭാവനചെയ്ത പാരമ്പര്യമുള്ള നമ്മുടെ പഞ്ചായത്തിൽ ഇന്ന് വളർന്നു വരുന്ന കായിക താരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. സ്കൂൾ തലത്തിൽ കുട്ടികൾ കാണിക്കുന്ന താൽപര്യം നിലനിർത്തുന്നിനും, പോഷിപ്പിക്കുന്നതിനും ആവശ്യമായ ബഹുജനപങ്കാളിത്തത്തോടുകൂടിയുള്ള കായിക മത്സരങ്ങൾ നടത്താറില്ല. നടത്തണം. കായികാഭിരുചി വികസിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന കായിക മത്സരങ്ങൾ നാമമാത്രമായി അവസാനിപ്പിക്കുന്നു. എല്ലാറ്റിനുപരി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നമ്മുടെ പഞ്ചായത്തിന് സ്വന്തമായി കളിസ്ഥലമോ സ്റ്റേഡിയമോ ഇല്ലാത്തത് ഇവിടുത്തെ കായിക പ്രേമികളെ അലട്ടുന്ന വലിയൊരു പ്രശ്നമാണ്.

### പ്രശ്നങ്ങൾ:-

1. സ്റ്റേഡിയത്തിന്റെ അഭാവം.

2. കലാ-കായിക പ്രേമികളെ പ്രോത്സാപിപ്പിക്കുന്ന കേരളോത്സവം പോലുള്ള പരിപാടികൾ ബഹുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നില്ല.

3. സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനമില്ലായ്മ.

4. പാരമ്പര്യ കായിക മൽസരങ്ങളുടെ പ്രോൽസാഹന കുറവ്. ആട്ടക്കളം,

തലമപന്ത്, കബഡി, കളരി, പടകളി തുടങ്ങിയവയെ പുനരുജ്ജീവിപ്പിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്താഫീസിന് സമീപമുള്ള എ.സി. നിരപ്പിലെ Education Trust ന്റെ കൈവശമുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് സ്റ്റേഡിയമായി വികസിപ്പിക്കുക.

2. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളെ ഏകീകരിച്ച് കോ- ഓർഡിനേഷൻ കമ്മറ്റിക്കു കീഴിൽ കേരളോൽസവംപോലുള്ള മത്സരങ്ങൾ നടത്തി അവ ജീവസ്സുറ്റതാക്കുക.

(ക്ലബ്ബുകൾ, വായനശാലകൾ എന്നിവയെകുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധന പട്ടികയിൽ ചേർത്തിരിക്കുന്നു)

3. പഞ്ചായത്ത് തലത്തിൽ വിവിധകലകൾക്കും കായിക പ്രവർത്തനങ്ങൾക്കും വേണ്ടി സംഘങ്ങൾ ഉണ്ടാക്കി രജിസ്റ്റർ ചെയ്യുക. ഓരോ വിഭാഗത്തിലും പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് റജിസ്ട്രേഷൻ ഏർപ്പെടുത്തുക.

4. പെൺകുട്ടികൾക്കും സ്ത്രീകൾക്കും പരിശീലനത്തിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുക. സൈക്കിളിംഗ്, കളരിപ്പയറ്റ്, കരാട്ടെ എന്നിവ പരിശീലിപ്പിക്കുക.

5. ജീവിതത്തിലുടനീളം കായിക പരിശീലനപ്രക്രിയയിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് പ്രൈമറിതലം മുതൽ സ്പോർട്സ് പാഠങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തുക.

6. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടു നടത്താവുന്ന കായിക മത്സരങ്ങൾക്ക് പ്രോത്സാഹനം നൽകുക.

7. കായിക ക്ഷമത പ്രകടിപ്പിക്കുന്നവരെ ആദരിക്കുവാനും അംഗീകരിക്കുവാനും വേദികളൊരുക്കുക.

5-8 പഞ്ചായത്തുതല ക്രോഡീകരണം- സംസ്കാരം. സ്പോർട്സ്.

I. മാറാക്കര ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, രണ്ടത്താണി ജന വിദ്യാകേന്ദ്രം എന്നീ സാംസ്കാരിക, സാമൂഹ്യപ്രവർത്തന കേന്ദ്രങ്ങളും ഒരു ഗ്രന്ഥശാലയും ഉണ്ട്. `യാഫ' എന്ന പേരിൽ ഒരു ക്ലബ്ബും വായനശാലയും കൂടി ഈ വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. 3 മുസ്ലിം ദേവാലയങ്ങൾ ഈ വാർഡിലുണ്ട്.

നിർദ്ദേശങ്ങൾ: വാർത്താമാധ്യമ സൗകര്യങ്ങൾ കുറവായതിനാൽ പൊതു ടെലിവിഷൻ, റേഡിയോ 3 സ്ഥലങ്ങളിലെങ്കിലും സ്ഥാപിക്കുക. 2 വായനശാലകൾക്കു കൂടി ഗ്രാന്റ് അനുവദിക്കണം. വായനശാലകളിൽ ദിനപത്രം സൗജന്യമായി നൽകുക. ഒരു കളിസ്ഥലം നിർമ്മിക്കുക.

II. സാംസ്കാരിക രംഗത്ത് ഈ പ്രദേശം വളരെപിന്നോക്കമാണ്. ക്ഷേത്രങ്ങളും പള്ളികളും മാത്രമാണ് വാർഡിലുള്ള സാംസ്ക്കാരികസ്ഥാപനങ്ങൾ. പ്രതിഭകൾക്ക് വളർന്നുവരുവാനുള്ള സാഹചര്യം ഇല്ല. പൊതു ടെലിവിഷൻ, റേഡിയോ ഇല്ല.

### നിർദ്ദേശങ്ങൾ:

പൂവൻ ചിനയിലും കാവിൽ പീടികയിലും ഗ്രന്ഥശാല, വായനശാല സ്ഥാപിക്കുക. എൽ. പി. സ്കൂൾ പ്രദേശത്ത് പൊതു ടെലിവിഷൻ സ്ഥാപിക്കുക.

III. ഈ വാർഡിൽ ചേലക്കുത്ത് ദിവ്യ ആർട്സ് & സ്പോർട്സ് ക്ലബ്, റിക്രിയേഷൻ ക്ലബ്ബ്, നവജീവൻ ഗ്രന്ഥശാല & സ്പോർട്സ് ക്ലബ്ബ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നിരവധി ഹിന്ദു മുസ്ലിം ദേവാലയങ്ങളുണ്ട്. ജാതിമത ഭേദമന്യേ സർവ്വരും സമ്പന്ധിക്കുന്ന ചില ഇതിസവങ്ങൾ ഈ പ്രദേസത്ത് നടന്നുവരുന്നുണ്ട്. ശ്രീ കുറുമ്പ ഭഗവതിക്ഷേത്രം താലപ്പൊലി മഹോത്സവം, ശ്രീ തിരുനെല്ലൂർ മണ്ഡപത്തിലെ ഉത്സവം എന്നിവ ഇവയിൽ ചിലതാണ്.

## നിർദ്ദേശങ്ങൾ

കായിക പ്രതിഭകൾക്ക് വളർന്നുവരുവാൻ ഉതകുമാറ് ഒരു കളിസ്ഥലം നിർമ്മിക്കണം. നവജീവൻ വായനശാലയിൽ പൊതു ടെലിവിഷൻ സെറ്റ് സ്ഥാപിക്കുകയും പഞ്ചായത്തുവക പത്രമാസികകൾ നൽകുകയും വേണം.

IV പഞ്ചായത്തു സാംസ്കാരിക നിലയവും ഗ്രന്ഥാലയവും ഈ വാർഡിലാണ് സ്ഥിതിചെയ്യുന്നത്. ജൈത്ര ആർട് & സ്പോർട് ക്ലബ്ബ് കായിക രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ആരാധനാലയങ്ങൾക്കു കുറവില്ല. പുരാതനമായ മാടമ്പിയാർ കാവ് ക്ഷേത്രം, മരുതിൽ ശിവക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവങ്ങൾ പ്രസിദ്ധമാണ്. മാറാക്കര ജനവിദ്യാകേന്ദ്രം സാക്ഷരതാ രംഗത്ത് പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ:

പഞ്ചായത്ത് ഓഫീസിനു സമീപമുള്ള ഒഴിഞ്ഞ സ്ഥലം മിനി സ്റ്റേഡിയമാക്കി മാറ്റണം. പഞ്ചായത്ത് ഗ്രന്ഥാലയം കൂടുതൽ പേർക്ക് ഉപയുക്തമാകുന്ന വിധത്തിൽ പുരോഗമിപ്പിക്കണം. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഡിഷ് ആന്റിയനയും, മരുതിൻചിറയിൽ ടെലിവിഷനും സ്ഥാപിക്കണം. ജനവിദ്യാകേന്ദ്രത്തിന് ധനസഹായം നൽകണം.

V അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, അനശ്വര ഗ്രന്ഥാലയം & വായനശാല, മാസ്കൊ മാറാക്കര, എഫ്. എ. സി. മാറാക്കര, അച്ചിപ്ര കലാസദനം എന്നീ സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചവാദ്യം, കോൽക്കളി, ദഫ്മുട്ട്, തുടങ്ങിയ കലാരൂപങ്ങൾ പ്രചാരത്തിലുണ്ട്. സ്ഥിരമായി പ്രവർത്തിക്കുന്ന അമച്വർ നാടക സംഘടങ്ങളുണ്ട്.

## നിർദ്ദേശങ്ങൾ:

പൊതുറേഡിയോ, ടെലിവിഷൻ സെറ്റുകൾ ഗ്രന്ഥശാലയോടനുബന്ധിച്ച് സ്ഥാപിക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാ സാംസ്കാരിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്യുക. ലൈബ്രറിയും വായനശാലയും വികസിപ്പിക്കുന്നതിന് പത്രങ്ങൾ നൽകിയും പുസ്തകങ്ങൾ വാങ്ങാൻ ഗ്രാന്റു നൽകിയും സഹായിക്കുക. പഞ്ചായത്തിലെ ഏക പഞ്ചവാദ്യസംഘമായ അച്ചിപ്ര കലാസദനത്തിന് മതിയായ പ്രോത്സാഹനം നൽകുക. FAC യുടെ നൃത്തവിദ്യാലയം പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. വി.വി.എം. ഹൈസ്കൂൾ ഗ്രൗണ്ട് റിപ്പയർ ചെയ്ത് നന്നാക്കുക.

VI ആറാം വാർഡിൽ മരുതിൻതചിറ പ്രദേശത്ത് യുവചേതനലൈബ്രറി, P.K മെമ്മോറിയൽ ലൈബ്രറി, YSSC എന്ന സ്പോർട്സ് ക്ലബ്ബ് എന്നിവയും പത്തായകല്ല് അല്ലാമാ മുഹമ്മദ് ഇഖ്ബാൽ ലൈബ്രറി & സാംസ്കാരിക കേന്ദ്രവും സ്ഥിതിചെയ്യുന്നു. പൊതുവായ ഉത്സവങ്ങൾ നടത്തിവരുന്നുണ്ട്.

നിർദ്ദേശങ്ങൾ: ചാലിയകൂടം ഭാഗത്ത് വായനശാല സ്ഥാപിക്കുക. പൊട്ടൻചോലയിൽ ഗ്രന്ഥശാല സ്ഥാപിക്കണം. സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതുടെലിവിഷൻ സ്ഥാപിക്കണം. പ്രവർത്തനരഹിതമായി കിടക്കുന്ന ഗ്രന്ഥശാലകളെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആർട്സ് ക്ലബ്ബുകളുടെ അഭാവം പരിഹരിക്കണം.

VII ഏഴാം വാർഡിലെ പ്രമുഖ സാക്ഷരതാ സന്നദ്ധ പ്രവർത്തക കേന്ദ്രം മേൽമുറി ജനവിദ്യാകേന്ദ്രം (മുനമ്പം) ആണ്. കൂടാതെ `ഹൈനസ്' കല്ലുപാലം എന്ന ഒരു ആർട്സ് & സ്പോർട്സ് ക്ലബ്ബ്കൂടി ഈ വാർഡിലുണ്ട്. ജനവിദ്യാകേന്ദ്രം വായനശാല & ഗ്രന്ഥശാലയും കാടാമ്പുഴദേവസ്വം വക ഗ്രന്ഥശാല & വായനശാലയുമാണ് വിജ്ഞാന വർദ്ധനവിനുതകുന്ന രണ്ട് സ്ഥാപനങ്ങൾ. പ്രസിദ്ധമായ കാടാമ്പുഴ ഭഗവതി ദേവസ്വം ഈ വാർഡിലാണ്. മറ്റു നിരവധി ആരാധനാലയങ്ങളും പ്രാദേശിക ഉത്സവങ്ങളും ഉണ്ട്.

## നിർദ്ദേശങ്ങൾ:

കാടാമ്പുഴയിലും മുനമ്പത്തും പൊതുടെലിവിഷൻ സ്ഥാപിക്കണം. മേൽമുറി ജനവിദ്യാകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം സ്ഥാപിക്കാൻ ധനസഹായം നൽകുകയും പഞ്ചായത്തു വക ദിനപത്രങ്ങളും ആനുകാലികങ്ങളും നൽകുകയും വേണം. കായികപ്രതിഭകൾക്ക് വളരാനുള്ള സംവിധാനം ഏർപ്പെടുത്തണം. പഞ്ചായതത്തിലെ വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പരിപാടികളിൽ ജനവിദ്യാകേന്ദ്രത്തിന് അർഹമായ പരിഗണന നൽകണം. മുനമ്പത്തെ ഗ്രന്ഥശാല വികസനത്തിന് സഹായം നൽകണം.

VIII `കാസ്ക്' കാടാമ്പുഴ എന്ന സാംസ്കാരിക സ്ഥാപനം മാത്രമേയുള്ളൂ.

ആരാധനാലയങ്ങളും പൊതു ഉൽസവങ്ങളും പരിമിതമായെങ്കിലും ഉണ്ട്.

നിർദ്ദേശങ്ങൾ: കാടാമ്പുഴയിൽ പൊതുകുളിസ്ഥലം, പൊതുഗ്രന്ഥാലയം & വായനശാല എന്നിവ സ്ഥാപിക്കണം. പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ കാടാമ്പുഴ ദേവസ്വത്തിനോടനുബന്ധിച്ച് വർഷംതോറും സാംസ്കാരിക ഉത്സവം ആഘോഷിക്കണം. ഗ്രാമകലാ കേന്ദ്രങ്ങൾക്ക് മതിയായ പ്രോൽസാഹനം നൽകണം.

IX യാതൊരു കലാ സാംസ്കാരിക, കായിക പ്രവർത്തനകേന്ദ്രങ്ങളും ഇല്ല. കാടാമ്പുഴ കലാവേദി, ഗ്രാമകലാ കേന്ദ്രം എന്നീ സ്ഥാപനങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്നു.

## നിർദ്ദേശങ്ങൾ:

വാർഡിലെ കലാ കായിക പ്രതിഭകൾക്ക് ഉയർന്നു

വരാൻ സാഹചര്യമൊരുക്കുക. ഗ്രന്ഥാലയവും വായനശാലയും ജനവാസം കൂടുതലുള്ള പ്രദേശത്ത് സ്ഥാപിക്കുക. പ്രവർത്തനന രഹിതമായ കലാസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.

X പത്താം വാർഡിലെ ആശാരിക്കുളമ്പിൽ സാക്ഷരതാ സാമൂഹ്യപ്രവർത്തക കേന്ദ്രമായ കരേക്കാട് ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു. വനിതകളുടെ ഒരു കൂട്ടായ്മ ഇവിടെയുണ്ട്.

## നിർദ്ദേശങ്ങൾ:

കരേക്കാട് ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക. ഈ ഭാഗത്ത് ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കണം. കരേക്കാട് എൽ.പി. സ്കൂൾ കേന്ദ്രമായി പൊതുടെലിവിഷൻ സ്ഥാപിക്കണം.

XI പതിനൊന്നാം വാർഡിൽ സൂപ്പർസ്റ്റാർ സ്പോർട്സ് ക്ലബ്ബ് കരേക്കാട് സ്ഥിതിചെയ്യുന്നു. അവർ കായിക, സാക്ഷരതാ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. ധാരാളം മുസ്ലിം ദേവാലയങ്ങളുണ്ട്. വാർത്താ മാദ്ധ്യമങ്ങളും കലാ സാംസ്കാരിക പ്രവർത്തനങ്ങളും കുറവാണ്.

## നിർദ്ദേശങ്ങൾ:

ക്ലബ്ബിന് കൂടുതൽ പ്രവർത്തിക്കാൻ വേണ്ട മാർഗനിർദേശവും ധനസഹായവും നൽകണം. കരേക്കാട് അങ്ങാടിയിൽ പൊതു ടെലിവിഷൻ സ്ഥാപിക്കണം. സാംസ്കാരിക പ്രവർത്തകരെ സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തണം. ഫുട്ബാളിൽ നല്ലൊരു ടീമുള്ള ക്ലബ്ബിന് കളിക്കാൻ ഗ്രൗണ്ടില്ലായെന്ന പ്രശ്നം പരഹരിക്കാൻ G.L.P.School ഗ്രൗണ്ട് കളിക്കനുയോജ്യമാക്കണം.

Our country is a very big country and there is a great deal to be done by all of us. If each one of us does his or her little bit, Then all this mounts up and the country prospers and goes ahead fast.

-Javaharlal Nehru


## മാറാക്കര പഞ്ചായത്തിലെ കലാ കായിക സമിതികളെ കുറിച്ചുള്ള പട്ടിക

| | പേര് | പേര് സ്ഥാപിച്ച | വർഷം അംഗങ്ങളുടെ | എണ്ണം സംഗീതനാടകഅക്കാദമി/ സപോർട്സ് കൗൺസിൽ / നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ | സ്വന്തമായകെട്ടിടം | Radio/ T.V. | മുഖ്യ പ്രവർത്തനങ്ങൾ. |
|---|---|---|---|---|---|---|---|
| 1 | ജൈത്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ് A.C നിരപ്പ്. രജി.നമ്പർ 247/96 | 1994 | 40 | ഇല്ല | വാടക | ഇല്ല | 1. കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>2. ഫുട്ബോൾ ടൂർണ്ണമെന്റുകൾ എല്ലാ വർഷവും സംഘടിപ്പിക്കാറുണ്ട്. |
| 2 | 2. അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഏർക്കര, മാറാക്കര റജി.നമ്പർ 841/91. | 1990 | 115 | നെഹ്റു യുവകേന്ദ്രയിൽ അഫിലിയേഷനുണ്ട്. | വാടക | ഇല്ല | 1. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>2. കലാ കായിക മൽസരങ്ങൾ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി സംഘടിപ്പിക്കാറുണ്ട്. 3. വിദ്യാഭ്യാസ രംഗങ്ങളിൽ കുട്ടികൾക്കാവശ്യമായ പ്രോത്സാഹനം നൽകുന്നു (കാഷ് അവാർഡ് നൽകുന്നു).<br>4. ആയിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി പ്രവർത്തിക്കുന്നു.<br>5 പോളിയോ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം.<br>6. ത്വക്ക് രോഗചികിത്സാകേമ്പുകൾ സംഘടിപ്പിക്കുന്നു.<br>7. ഓണാഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. |
| 3 | ദിവ്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചേലക്കുത്ത്, മാറാക്കര റജ.നമ്പർ 211/90. | 1990 | | നെഹ്റു യുവകേന്ദ്രയിൽ അഫിലിയേഷനുണ്ട്. | വാടക | ഇല്ല. | 1. കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.<br>2. സംഗീതക്ലാസ്സുകൾ നടത്തുന്നു.<br>3. വിദ്യാഭ്യാസരംഗത്ത് കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു. |

| | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടകഅക്കാദമി/ സ്പോർട്സ് കൗൺസിൽ / നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ | സ്വന്തമായകെട്ടിടം | Radio/ T.V | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 4 | ഭാവനാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് രണ്ടത്താണി റജി.നമ്പർ 404/86. | 1986 | 38 | ക്രിക്കറ്റ്ടീം സ്പോർട്സ്കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. | വാടക. | ഇല്ല | 1. കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. 2. ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. 3 പോളിയോ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. 4. ക്രിക്കറ്റ്, ഫുട്ബോൾ, ഷട്ടിൽ ടൂർണമെന്റുകൾ സംഘടിപ്പിക്കാറുണ്ട്. 5. ഓണാഘോഷ പരിപാടികൾ നടത്താറുണ്ട്. |
| 5 | ഫ്രന്റ്സ് ആർട്സ് ക്ലബ്ബ്, മാറാക്കര. | 1968 | 40 | സംഗീതനാടക അക്കാദമിയിൽ അഫിലിയേഷൻ ഉണ്ടായിരുന്നു. | വാടക | ഇല്ല | 1. സംഗീത ക്ലാസ്സുകൾ നടത്തുന്നു. 2. നൃത്ത വിദ്യാലയം (18 വർഷത്തോളം) ക്ലബ്ബിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. |
| 6 | യുവശക്തി സ്പോർട്സ് ക്ലബ്ബ് മരുതിൻചിറ | 1989 | 52 | - | വാടക | ഇല്ല | 1. ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കാറുണ്ട്. 2. നല്ല നിലവാരമുള്ള ഒരു ഫുട്ബോൾ ടീം ഉണ്ട്. |
| 7 | ഹൈനസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് കല്ലുപാലം. | 1995 | 34 | - | വാടക | ഇല്ല. | 1. കായിക മത്സരങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. |
| 8 | മാസ്കോ മാറാക്കര. റജി.നമ്പർ 62/88. | 1988 | 45 | നെഹ്റു യുവകേന്ദ്രയിൽ അഫിലിയേഷനുണ്ട്. | വാടക | ഇല്ല | 1. കലാകായിക മത്സരങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. 2. കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേദികൾ ഒരുക്കികൊടുക്കാറുണ്ട് |

| | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടകഅക്കാദമി/ സപോർട്സ് കൗൺസിൽ / നെഹ്റു യുവകേന്ദ്ര അഫിലിയേഷൻ | സ്വന്തമായകെട്ടിടം | Radio/ T.V. | മുഖ്യ പ്രവർത്തനങ്ങൾ. |
|---|---|---|---|---|---|---|---|
| | | | | | | | 3. രക്തഗ്രൂപ്പു നിർണയകേമ്പുകൾ സംഘടിപ്പിച്ചിരുന്നു. |
| 8 | സൂപ്പർസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കരേക്കാട് രജി.നമ്പർ 425/95 | 1995 | 100 | നെഹ്റു യുവകേന്ദ്രയിൽ അഫിലിയേഷനുണ്ട്. | വാടക | ഇല്ല | 1. കായിക മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്.<br>2. ഫുട്ബോളിൽ നിലവാരമുള്ള ഒരു ടീം ഉണ്ട്.<br>3. ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. |
| 9 | യാഫാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് രണ്ടത്താണി മൂച്ചിക്കൽ | 1990 | 50 | | വാടക | ഇല്ല | 1. ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കാറുണ്ട്.<br>2. റീഡിംഗ് റൂം പ്രവർത്തിക്കുന്നു. |
| 10 | ക്ലബ്ബ് കാടാമ്പുഴ(കാസ്ക്) മുൻ ഗ്രാമകലാകേന്ദ്രം | 1986 | 50 | | വാടക | ഇല്ല | കായികമത്സരങ്ങളിൽ പങ്കെടുക്കുക. ഫുട്ബോളിൽ ടീമിനെ വളർത്തുക. കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു. |

| | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | സ്വന്തം കെട്ടിടം വാടക | അംഗങ്ങളുടെ എണ്ണം | പുസ്തകം എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ. |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | 2. ആരോഗ്യബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു<br>3. സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു.<br>4. ഇൻഫർമേഷൻ സെന്ററായി പ്രവർത്തിക്കുന്നു. |
| 6 | മേൽമുറി ജനവിദ്യാകേന്ദ്രം റജി.നമ്പർ 297/94 | 1992 | | വാടക | 54 | 200 | 45 | | 1. സാക്ഷരത പ്രവർത്തനത്തിന്റെ ഭാഗമായി പ്രവർത്തനമാരംഭിച്ചു.<br>2. സാമൂഹ്യസേവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു<br>3. പഞ്ചായത്തീ രാജ് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.<br>4. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, കാർഷിക സെമിനാർ, സൗജന്യമെഡിക്കൽ ക്യാമ്പ്, 'നിയമവും പൊതുജനങ്ങളും' സെമിനാർ സംഘടിപ്പിച്ചു.<br>5. ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നു. |
| 7 | AIM ലൈബ്രറി പത്തായക്കല്ല്. | 1991 | | 27 | വാടക | 600 | 10 | | സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നു. ആരോഗ്യബോധവൽക്കരണം, ദാനധർമ്മം. |
| 8 | ദേവസ്വംലൈബ്രറി കാടാമ്പുഴ (മതഗ്രന്ഥശാല) | 1981 | | 150 | സ്വന്തം | 4000 | 200 | ദിനപത്രം-5<br>വാരിക-8<br>മാസിക-2<br>ദ്വൈവാരിക-4 | മതഗ്രന്ഥവായനശാലയാണ്. |



5.9

# വനിതാ ശിശുക്ഷേമം

അടുത്ത കാലങ്ങളിലായി രാജ്യത്താകമാനം വനിതാ വിമോചന പ്രസ്ഥനങ്ങളുടെ വലിയതോതിലുള്ള മുന്നേറ്റം നടക്കുകയുണ്ടായെങ്കിലും മാറാക്കര പഞ്ചായത്തിൽ അതിന്റെ അലയൊലികൾ കേൾക്കുകയുണ്ടായില്ല. എന്നാൽ മുൻകാലങ്ങളിൽ വിപ്ലവാത്മകമായ ചില സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പഞ്ചായത്താണ് മാറാക്കര. നമ്പൂതിരി ഇല്ലങ്ങളിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ പോരാടിയ ശ്രീ.വി.ടി. ഭട്ടതിരിപ്പാടിന്റെ `അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന് മൂത്താട്ടുമനയുടെ മുറ്റം വളരേമുൻപുതന്നെ വേദിയായിട്ടുണ്ട്. നമ്പൂതിരി സ്ത്രീകൾക്കിടയിൽ മറക്കുട മാറ്റാനും, ഇല്ലങ്ങൾക്കു പുറത്തിറങ്ങാനും തന്റേടം നൽകാൻ ഈ സംഭവം ഇടയാക്കിയിട്ടുണ്ട്. ചാന്നാർ ലഹളയെതുടർന്ന് ആവേശമുൾക്കൊണ്ട മാറാക്കരയിലെ ഹരിജൻ സമുദായത്തിലെ യുവതികൾ മാറുമറക്കാനുള്ള അവകാശത്തിനായി ഉണർന്നെണീറ്റിട്ടുണ്ട്. മലയത്ത് ലക്ഷ്മിക്കുട്ടിഅമ്മ, മലയത്ത് പാറുക്കുട്ടിഅമ്മ, സി.ശ്രീദേവി വാരസ്യാർ, ഭാരതി ടീച്ചർ തുടങ്ങിയവർ വനിതാവിമോചന പ്രസ്ഥാനങ്ങൾക്കും മഹിളാ സംഘങ്ങൾക്കും ആദ്യകാലങ്ങളിൽ നേതൃത്വം നൽകിയവരാണ്.

പഞ്ചായത്ത് രാജ് ഭരണക്രമം നിലവിൽവന്നശേഷം അധികാരസ്ഥാനങ്ങളിൽ വനിതകൾക്ക് കടന്നുവരുവാനും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ജനപ്രതിനിധികളിൽ 4 പേർ വനിതകളാണ്. പ്രസിഡണ്ട് പദവിയിലിരിക്കുന്നതും വനിത തന്നെ. മഹിളാ സമാജങ്ങളും മറ്റു വനിതാ മുന്നേറ്റ പ്രസ്ഥാനങ്ങളും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു. അടുക്കളയുടെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങികഴിഞ്ഞിരുന്ന മുസ്ലിം സ്ത്രീകൾ വിദ്യാഭ്യാസ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു. പിന്നോക്ക വിഭാഗങ്ങളിൽപെട്ട വനിതകളുടെ പ്രാതിനിധ്യം തൊഴിൽമേഖലയിൽ വർദ്ധിച്ചിട്ടുണ്ട്.

ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ സാമൂഹ്യ അനാചാരങ്ങൾക്കും മദ്യപാനംപോലുള്ള വിപത്തുകൾക്കും എതിരെ സംഘടിക്കപ്പെട്ട വനിതാ മുന്നേറ്റങ്ങൾ കേരളവനിതകൾക്കൊരു മാതൃകയാണ്. ഇത്തരം സംഘടിത മുന്നേറ്റങ്ങൾ സ്ത്രീകളുടെ ഭാഗത്തുനിന്നും സാക്ഷരകേരളത്തിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

നിയമം മൂലം നിരോധിക്കപ്പെട്ട സ്ത്രീധന സമ്പ്രദായം, ശൈശവവിവാഹം, തുടങ്ങിയ അനാചാരങ്ങൾ സമൂഹത്തിൽ മടങ്ങിയെത്തുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അമിതമാകുന്ന വിവാഹചിലവുകൾ പെൺകുട്ടികളുടെ രക്ഷിതാക്കളെ നിത്യദാരിദ്രത്തിലേക്ക് തള്ളിവിടുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

I ഒന്നാം വാർഡിൽ വനിതകളുടേതു മാത്രമായ സംഘങ്ങൾ തീരെ ഇല്ല. അവരുടെ നേതൃത്വപരമായ കഴിവുകൾ വിനിയോഗിക്കാൻ ഉള്ള കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. സി.ബി.എൻ.പി. & പി.എ.പി.യുടെ അയൽക്കൂട്ടങ്ങൾ നിർജ്ജീവമാണ്.

നിർദ്ദേശങ്ങൾ: സ്ത്രീകൾക്ക് നേതൃത്വം നൽകാവുന്ന അച്ചാർ നിർമ്മാണം, മസാലപ്പൊടി നിർമ്മാണം, വനിതാ ഗാർമെന്റ്സ്, ചകിരി സംസ്കരണം, അടക്ക സംസ്കരണയൂണിറ്റ്, ഔഷധസസ്യം, കോഴിവളർത്തൽ തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം. സ്ത്രീകൾക്ക് വീടുമായി ബന്ധപ്പെട്ടുചെയ്യാവുന്ന മൃഗപരിപാലനം, തുന്നൽ തുടങ്ങിയവക്ക് സഹായം നൽകണം. മഹിളാ സമാജങ്ങൾ അങ്കണവാടികൾ കേന്ദ്രമാക്കി രൂപീകരിക്കാൻ നിർദ്ദേശിക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

II ഈ വാർഡിലും വനിതകളുടെ ഉന്നമനത്തിനായുള്ള സാംസ്കാരികകേന്ദ്രങ്ങളോ, മഹിളാസമാജങ്ങളോ, തൊഴിൽ യൂണിറ്റുകളോ ഇല്ല. സി.ബി.എൻ.പി പ്രവർത്തനം ഈ വാർഡിൽ നടന്നിരുന്നെങ്കിലും നേതൃത്വം നൽകേണ്ട കമ്മ്യൂണിറ്റി ഓർഗനൈസർ ഇല്ലാത്തതിനാൽ നിലച്ചുപോയി. സ്ത്രീകൾ കൂലിവേല ചെയ്ത് കുടുംബം പുലർത്തുന്ന സ്ഥിതി പല വീടുകളിലും ദൃശ്യമാണ്. സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

**നിർദ്ദേശങ്ങൾ:**

വനിതാ സഹകരണസംഘങ്ങളും, തൊഴിൽ യൂണിറ്റുകളും പരമാവധി സ്ഥാപിക്കണം. മഹിളാ സമാജങ്ങൾ രൂപവൽക്കരിച്ച് സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കണം. സ്ത്രീധനം പോലുള്ള സാമൂഹ്യവിപത്തിനെതിരെ ബഹുജന ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് സംഘടിപ്പിക്കണം. സി.ബി.എൻ.പി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കണം. കാവിൽപീടിക, പൂവ്വൻചിന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുക.

III മൂന്നാം വാർഡിൽ മുമ്പ് വനിതകളുടേതായ ഒരു കറിപൗഡർ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ധാരാളം വനിതാപ്രവർത്തകർ വാർഡിലുണ്ടെങ്കിലും വനിതാസംഘങ്ങൾ വാർഡിലില്ല.

നിർദ്ദേശങ്ങൾ: വനിതകൾക്കായി ചേലക്കുത്ത് ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക. മഹിളാ സമാജങ്ങളും സ്വയം തൊഴിൽ കേന്ദ്രങ്ങളും സ്ഥാപിക്കുക. സി.ബി.എൻ.പി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക. ചേലക്കുത്ത്, പുന്നത്തല, കല്ലാർമംഗലം അങ്കണവാടികൾക്ക് കെട്ടിടം പണിയുക.

IV എ.സി. നിരപ്പ് കേന്ദ്രമായി അശ്വതി മഹിളാസമാജവും തയ്യൽപരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്ത ഈ കേന്ദ്രത്തിന് കൂടുതൽ സഹായങ്ങൾ പഞ്ചായത്ത് നൽകേണ്ടതുണ്ട്. സാക്ഷരതാ പ്രവർത്തകരായ ധാരാളം വനിതകൾ ഈ വാർഡിൽ ഇനിയും തൊഴിൽ രഹിതരായുണ്ട്. മാറാക്കര ഹെൽത്ത് സെന്ററിന്റെ എല്ലാ സൗകര്യങ്ങളുമുള്ള പ്രസവവാർഡ് ആർക്കും തന്നെ പ്രയോജനപ്പെടുന്നില്ല. എ.സി. നിരപ്പിലേയും (No:5) 7-ാം നമ്പർ അങ്കണവാടിക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കണം. എ.സി.നിരപ്പ് അങ്കണവാടിക്ക് പഞ്ചായത്ത് സ്ഥലം നൽകണം. കൂടുതൽ തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനും എ.സി.നിരപ്പിലെ കേന്ദ്രം ഗാർമെന്റ് മേക്കിംഗ് യൂണിറ്റാക്കിമാറ്റാനും സഹായം നൽകണം.

V വനിതാ നേതൃത്വമുള്ള സംഘടനകൾ ഉണ്ട്. വനിതാ ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനങ്ങളുണ്ട്. വനിതകൾക്ക് കൂലി നിരക്കുവ്യത്യസ്തമാണ്. വനിതാ സ്വയം തൊഴിൽ കേന്ദ്രങ്ങളില്ല. മഹിളാ സമാജങ്ങളുണ്ട്. സ്ത്രീധന പീഡനങ്ങളും, മദ്യപാനവും കൊണ്ടുള്ള പീഡനങ്ങളും നിലനിൽക്കുന്നു. മദ്യഷാപ്പുകൾ (ബീർപാർലറുകളടക്കം) അടച്ചുപൂട്ടണം. മൃഗപരിപാലനം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ സഹായം നൽകണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുകയും മുഴുവൻ കുട്ടികളേയും കേന്ദ്രങ്ങളിൽ എത്തിക്കുകയും വേണം. സി.ബി.എൻ.പി പ്രവർത്തനങ്ങൾ ഊർജിതമാക്കണം.

VI മരുതിൻചിറയിൽ `മേൽമുറി അമ്പർ ചർക്ക പരിശീലനകേന്ദ്രം' എന്ന പേരിൽ വനിതകൾക്കുമാത്രമായി ഒരു തൊഴിൽ കേന്ദ്രമുണ്ട്. ഇവിടെ കൂടുതൽ വനിതകൾക്കായി കേന്ദ്രം വികസിപ്പിക്കേണ്ടതാണ്. മഹിളാ സമാജങ്ങൾ സംഘടിപ്പിക്കണം. മറ്റു കുടിൽ വ്യവസായങ്ങൾ സംഘടിപ്പിക്കണം. വനിതകൾക്കായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. അങ്കണവാടികൾക്ക് കെട്ടിടം പണിയണം. സി.ബി.എൻ.പി പ്രവർത്തനങ്ങൾ ഊർജിതമാക്കണം.

VII മേൽമുറി മഹിളാസമാജം യാറത്തിങ്ങൽ അങ്കണവാടി കേന്ദ്രമായി പ്രവർത്തിക്കുന്നു. ചുള്ളിക്കാട്, മുക്കിലപീടിക പ്രദേശങ്ങളിൽ പുതുതായി അങ്കണവാടികൾ അനുവദിക്കണം. സി.ബി.എൻ.പി പ്രവർത്തനങ്ങൾ യാറത്തിങ്ങൽ നന്നായി പ്രവർത്തിക്കുന്നു. മേൽമുറിക്കാട് പ്രദേശത്ത് ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾക്കായി സ്വയം തൊഴിൽ കേന്ദ്രം സ്ഥാപിക്കണം. തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം. സി.ബി.എൻ.പി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സി.വി.മാർക്ക് പ്രചോദനം നൽകണം. മേൽമുറി മഹിളാസമാജത്തിന്റെ കീഴിൽ ഒരു തൊഴിൽ പരിശീലനം സ്ത്രീകൾക്കായി ആരംഭിക്കണം.

VIII പിലാത്തറ, കാടാമ്പുഴ പടിഞ്ഞാറേ നിരപ്പ് അങ്കണവാടികൾക്ക് കെട്ടിടം പണിയണം. മുഴങ്ങാണി, ലക്ഷം വീട് കോളനി, ആനപ്പാറ എന്നിവിടങ്ങളിൽ പുതുതായി അങ്കണവാടികൾ സ്ഥാപിക്കണം. കാടാമ്പുഴ കേന്ദ്രമാക്കി മഹിളാസമാജങ്ങൾ രൂപീകരിക്കണം. വനിതാപീഡനങ്ങൾ കുറക്കുന്നതിന് മദ്യവിൽപന കർശനമായി തടയണം. വരുമാനത്തിനായി സ്ത്രീകൾക്ക് യോജിക്കാത്ത തൊഴിലുകൾ(റോഡുപണി, ബിൽഡിംങ്ങ് വർക്ക്) ചെയ്യേണ്ടിവരുന്നു. കൂലിയിൽ വിവേചനം നിലനിൽക്കുന്നു. ഇത് പരിഹരിക്കണം. കയർ, കുട്ട, വട്ടി, പായ, തയ്യൽ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ, കിടയ്ക്ക, അച്ചാർ, മസാലപൊടി, ബേക്കറി തുടങ്ങിയ രംഗങ്ങളിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

IX വനിതകളുടെ സാമ്പത്തിക ഉന്നമനത്തിനായി കറിപൗഡർ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ചൂടിനിർമ്മാണം, പായനിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കുക, കോഴിവളർത്തൽ, ആട് വളർത്തൽ, പച്ചക്കറികൃഷി എന്നിവതുടങ്ങാൻ സാമ്പത്തികസഹായം നൽകണം. തുവ്വപ്പാറ, കരേക്കാട് റേഷൻ ഷോപ്പ്, തീണ്ടാർപ്പ്കോളനി അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിക്കുക. മുൻപ് സബ്സെന്ററിനു വിട്ടുകൊടുത്ത സ്ഥലം, സബ്സെന്റർ മറ്റൊരിടത്തേക്ക് പണിത സാഹചര്യത്തിൽ കരേക്കാട് റേഷൻഷോപ്പ്അങ്കണവാടിക്ക് ആവശ്യമായത്ര വിട്ടുകൊടുക്കാൻ നടപടികൾ സ്വീകരിക്കണം. സി.ബി.എൻ.പി. പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു. പ്രവർത്തകർക്ക് വേണ്ട സഹായം ചെയ്യണം.

X പത്താം വാർഡിൽ ഏതാനും വർഷങ്ങളായി വനിതാ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ DWCRA യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് അടുത്ത കാലത്ത് ഒരു മഹിളാ സമാജവും

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടുതൽ വനിതകൾക്കായി ഈ കേന്ദ്രത്തെ വികസിപ്പിക്കേണ്ടതുണ്ട് ഇതിനോടനുബന്ധിച്ച് കിടക്കകൾ സൂക്ഷിക്കാൻ ഒരു സ്റ്റോർ റൂം നിർമ്മിക്കണം. കിടക്കകളുടെ മാർക്കറ്റിംഗിനാവശ്യമായ സൗകര്യങ്ങളേർപ്പെടുത്തണം. പ്രസ്തുത കേന്ദ്രത്തിലേക്കാവശ്യമായ വൈദ്യുതി, ടെലഫോൺ സൗകര്യങ്ങൾ എർപ്പെടുത്തണം. ഇതിനോടനുബന്ധിച്ച് ഒരു തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

XI നിലവിലുള്ള പറപ്പൂർ അങ്കണവാടിക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം പണിയണം. കരുവഞ്ചേരി ഭാഗത്ത് അങ്കണവാടി സ്ഥാപിക്കണം. മഹിളാ സമാജങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവ ആരംഭിക്കണം.

വനിതാശിശുക്ഷേമ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹിളാ സമാജങ്ങൾ, അങ്കണവാടികൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചായത്ത് കാര്യമായി ശ്രദ്ധിക്കണം. എല്ലാ രംഗങ്ങളിലും പുരുഷൻമാർക്കൊപ്പം തങ്ങളുടെ കഴിവുകൾ വിനിയോഗിക്കാനും സാമ്പത്തികമായി സ്വയം പര്യാപ്തത നേടുവാനും കുടുംബങ്ങളുടെ ഈ വിളക്കുകൾക്ക് കൂടുതൽ തെളിഞ്ഞു കാണാൻ എല്ലാ ഭാഗത്തു നിന്നും സഹകരണം ആവശ്യമാണ്.





# സഹകരണം

1904-ലെ കോ - ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപികൃതമായ കാർഷിക വായ്പാസംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം കുറിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ മാറാക്കര വില്ലേജൽ ചേലക്കുത്ത് 1925-ൽ സ്ഥാപിതമായ ``വിവിദോദ്ദേശ ഐക്യ നാണയസംഘമാണ്'' സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പരേതനായ ശ്രീ: P. C നാരായണൻ നമ്പൂതിരിപ്പാടായിരുന്നു ഈ സംഘത്തിന് ബീജാപാപം ചെയ്തവരിൽ പ്രമുഖൻ. ഈ രംഗത്ത് സേവനം സമർപിച്ച ഒട്ടനവധി സഹകാരികളുണ്ട്

`വിവിധോദ്ദേശ സഹകരണസംഘം' 1964-ൽ മാറാക്കര സർവ്വീസ് സഹകരണ സൊസൈറ്റിയായും 19-1977 ൽ സർവീസ് സഹകരണ ബാങ്കുമായി.

1967-ൽ സ്ഥാപിതമായ `കൊട്ട വട്ടി സൊസൈറ്റി നഷ്ടത്തിലാണ് കലാശിച്ചത്. ആ സംഘത്തിന്റെ പ്രവർത്തനം പെട്ടെന്ന് അസ്തമിക്കുകയും ചെയ്തു.

ഖാദി മേഖലയിലെ ``സഹകരണ സോപ്പ് യൂണിറ്റ് ഇതുവരെ ഉൽപാദനം ആരംഭിച്ചിട്ടില്ല.

ഇന്ന് പ്രവർത്തിക്കുന്ന ഏക സഹകരണ സംഘത്തിൽ 5487 അഗംങ്ങളാണുള്ളത്. 5 സ്ഥിരം ജീവനക്കാരും രണ്ട് കളക്ഷൻ ഏജന്റുമാരുമുണ്ട്. സംഘത്തിന്റെ ഓഹരിമൂലധനമായി 198676 രൂപയുമുണ്ട്.

മൂന്ന് സ്കൂളുകളിൽ പാഠപുസ്തക വിതരണ സൊസൈറ്റികൾ നിലവിലുണ്ട്. കാടാമ്പുഴ L.P സ്കൂളിലെ സഹകരണസംഘമാണ് ഇവയിൽ ആദ്യത്തേത്. ഇപ്പോൾ മാറാക്കര U.P. സ്കൂളിലും രണ്ടത്താണി U.P.സ്കൂളിലും, മാറാക്കര ഹൈസ്കൂളിലും പാഠപുസ്തക വിതരണ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ:

1. സഹകാരികളുടെ അഭാവം.

2. സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള അജ്ഞതയും അവജ്ഞയും.

3. ലഭിക്കുന്ന കാർഷിക വായ്പകൾ അഗംങ്ങൾ ഉപയോഗിക്കുന്നത് മറ്റാവശ്യങ്ങൾക്കാണ്.

## നിർദ്ദേശങ്ങൾ:

1. മാറാക്കര സർവ്വീസ് സഹകരണ ബാങ്കിന് കാടാമ്പുഴയിലും രണ്ടത്താണിയിലും ഓരോ ശാഖ സ്ഥാപിക്കുക. എല്ലാ കർഷകരേയും മെമ്പർമാരാക്കുക.

2. നിലവിലുള്ള പാടശേഖര സമിതികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാഫിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3. വായ്പമേള നടത്തി മാറാക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ജനകീയ വൽക്കരിക്കുക.

4. സാധ്യതയുള്ള വാർഡുകളിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

5. മാറാക്കര പഞ്ചായത്തിൽ വില്ലേജടിസ്ഥാനത്തിൽ ഓരോ കാലിത്തീറ്റ വിതരണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6. കാടാമ്പുഴ കേന്ദ്രമാക്കി മത്സ്യവിൽപനക്കാരെ ഉൾപ്പെടുത്തി ``മത്സ്യ മാർക്കറ്റിംഗ് സൊസൈറ്റി'' രൂപീകരിക്കുക.


7. പഞ്ചായത്തു തലത്തിൽ കോഴിവളർത്തൽ സഹകരണ സംഘം രൂപീകരിക്കുക.

8. സഹകരണാടിസ്ഥാനത്തിൽ കശുവണ്ടി ഫാക്ടറി സ്ഥാപിക്കുക.

9. ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

10. ഔഷധ സസ്യം വളർത്താൻ വനിതാ സഹകരണ സംഘം രൂപീകരിക്കുക.

11. കരേക്കാട് മഖലയിൽ ഹരിജനങ്ങളെ ഉൾപ്പെടുത്തി സഹകരണ സംഘം സ്ഥാപിക്കുക.



# പട്ടികജാതി പട്ടികവർഗക്ഷേമം

അവശരും ആർത്തരും ആലംബഹീനരമായ പട്ടികജാതിക്കാരെ മുഖ്യധാരയലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇവിടെ ആദ്യമായി നടന്നത്. 1930-കളിൽ ആയിരുന്നു. ഇങ്ങിനെ അയിത്തം കൊടികുത്തി വാണിരുന്ന അക്കാലത്ത് ഹരിജനങ്ങജനങ്ങൾക്ക് ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള അവകാശം അഗീകരിക്കപ്പെട്ടു. എങ്കിലും നിരക്ഷരരും നിത്യ പട്ടിണിക്കാരുമായിരുന്ന പട്ടികജാതിക്കാർ സമൂഹമദ്ധ്യത്തിലേക്കു വരാൻ മടിച്ചു നിന്ന ഈ കാലഘട്ടത്തിലാണ് ഇവരെ അവകാശബോധമുള്ളവരാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നത്. കർഷക സംഘം നേതാവായിരുന്ന തെങ്ങിൽ ബാലനാണ് ആ ആത്മവിശ്വാസം പകർന്നത്.

ഒരു പക്ഷേ ക്ഷേമ പദ്ധതികൾക്കായി ഏറ്റവും കൂടുതൽ തുക ചിലവഴിക്കപ്പെട്ടത് പട്ടിക ജാതിയിൽപെട്ട വിവിധ വിഭാഗങ്ങളുടെ പുനരുദ്ധാരണ പരിപാടികൾക്കായിരിക്കും. എങ്കിലും `കോരന് ഇപ്പോഴും കഞ്ഞി കുമ്പിളിൽ തന്നെ' എന്നതാണ് അവസ്ഥ. സംസ്ഥാനത്തൊട്ടാകെ തന്നെ ഇന്നും അവഗണയുടേയും ചൂഷണത്തിന്റേയും പാത്രമായിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണിത്. ഇവർക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും വഴിയിൽ തങ്ങുന്നു.

സാക്ഷരതാ നിരക്ക് ഇവർക്കിടയിൽ വളരെ കുറവായതിനാൽ ക്ഷേമ പദ്ധതികളെ കുറിച്ച് ഇന്നും ഇവർ അജ്ഞരാണ്. അതുകൊണ്ട്തന്നെ വിവിധ വകുപ്പുകളിൽനിന്ന് ഇവർക്ക് ലഭിച്ച ആനുകൂല്യങ്ങൾ തുഛമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇപ്പോഴും ഓലക്കുടിലുകൾ പ്രധാനമായും കാണുന്നത് ഹരിജൻ കോളനികളിലാണ്. അടുത്ത കാലം വരെ അധ്വാനിച്ചു കിട്ടുന്ന വരുമാനത്തിൽ വലിയൊരു പങ്ക് മദ്യപാനത്തിനായി ഇവർ ചെലവഴിച്ചുവന്നു. മദ്യനിരോധനം മൂലം ഒരു പരിധിവരെ ഇതിനൊരു അറുതി വന്നിട്ടുണ്ട്.

വിദ്യാഭ്യാസ കാര്യങ്ങളിലും തൊഴിൽ മേഖലയിലും ഇവർക്ക് ഇനിയും കാര്യമായ പുരോഗതി കൈവരിക്കാനിരിക്കുന്നതേയുള്ളു. പഞ്ചായത്തിലെ പത്ത് ഹരിജൻ കോളനികളിലായി ആയിരത്തിലധികം പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. കോളനികൾ വികസന കാര്യത്തിൽ മുന്നേറ്റം നടത്തേണ്ടതുണ്ട്.

## വാർഡുതല നിർദ്ദേശങ്ങൾ

വാർഡ് I കോളനിയില്ല. ഹരിജനങ്ങൾ താമസിക്കുന്നുണ്ട്താനും. ഹരിജൻ വീടുകൾ വൈദ്യുതീകരിക്കണം. കുടിവെള്ളം ഉറപ്പുവരുത്തണം. എല്ലാ കുടുംബങ്ങൾക്കും വീടും കക്കൂസും ഉറപ്പുവരുത്തുകയും സഹകരണ അടിസ്ഥാനത്തിൽ കൊട്ട-വട്ടി യൂണിറ്റ് ആരംഭിക്കുകയും വേണം.

### വാർഡ് II

### വാർഡ് III

അഭ്യസ്ഥ വിദ്യരായ ഹരിജനങ്ങൾക്ക് സ്വയം തൊഴിൽ സാധ്യത കണ്ടെത്തണം.

2. ഏകദേശം 30 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന ഇവിടെ പത്തോളം കുടുംബങ്ങൾക്ക് വീടുകളില്ല. വൈദ്യുതീകരിക്കാത്ത 20 വീടുകളും കക്കൂസില്ലാത്ത 25 വീടുകളുമുണ്ട്.

സ്ഥിരമായി തൊഴിലില്ലാത്തവരാണ് അധികം പേരും. കുടിവെള്ളക്ഷാമം രൂക്ഷമാണ്. ആവശ്യമായ വീടുകളും കക്കൂസുകളും വൈദ്യുത കണക്ഷനുകളും കുടിവെള്ളവും ഉറപ്പുവരുത്തേണ്ടതാണ്. കുട്ടനെയ്ത്ത്, വട്ടിനെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ വികസപ്പിക്കുന്നതോടൊപ്പം കോളനിയിലോക്കുള്ള റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

### വാർഡ് IV

നാലാം വാർഡിലെ ചെറ്റാരക്കൽ ഹരിജൻ കോളനി പ്രദേശത്ത് നിരവധി ദരിദ്ര ഹരിജൻ കുടുംബങ്ങൾ വസിക്കുന്നു. സ്ഥിരമായ തൊഴിലില്ലാത്തതിനാൽ മിക്ക കുടുംബങ്ങളിലും ദാരിദ്ര്യം വിട്ടുമാറുന്നില്ല. കുടിവെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവരാണ് അധികവും. വീടില്ലാത്ത കുടുംബങ്ങൾക്ക് അവ നിർമ്മിച്ചു കൊടുക്കണം. സ്ഥിര വരുമാനം ലഭിക്കുന്ന തൊഴിലുകളിൽ ഏർപ്പെടാൻ പ്രസ്തുത കുടുംബങ്ങൾക്ക് അവസരമൊരുക്കേണ്ടതാണ്.

## വാർഡ് V

ഈ വാർഡിൽ പട്ടിക ജാതി കോളനികളില്ല. എങ്കിലും മാറാക്കര യു. പി സ്കൂൾ പ്രദേശത്ത് ഏതാനും കുടുംബങ്ങൾ താമസിക്കുന്നു. ആ കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു ഹരിജൻ സെറ്റിൽമെന്റ് അംഗീകരിക്കണമെന്നും ഗവൺമെന്റിൽനിന്ന് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

## വാർഡ് VI

പുതിയ വാർഡ് വിഭജനപ്രകാരം ആറാം വാർഡിൽ ഇപ്പോൾ ഹരിജൻ കോളനികൾ ഒന്നുമില്ല. കഴിഞ്ഞ തവണ ഇത് ഹരിജൻ വാർഡായിരുന്നു. കോളനിയില്ലെങ്കിലും ഈ വാർഡിന്റെ പൊട്ടഞ്ചോല ഭാഗത്ത് ഏഴോളം ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇത് ഹരിജൻ സെറ്റിൽമെന്റ് ആയി അംഗീകരിക്കാൻ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ഹരിജൻ വീടുകൾ വൈദ്യുതീകരിക്കണം.

## വാർഡ് VII

പഞ്ചായത്തിലെ ഏക ഹരിജൻ വാർഡാണ്. കാട്ടിലെപ്പെരുവഴി ഹരിജൻ കോളനി. മേൽമുറിക്കാട് കോളനി. മേൽമുറി ഹരിജൻ കോളനി. കുറ്റിപ്പാല കോളനി എന്നീ നാല് ഹരിജൻ കോളനികൾ ഇപ്പോൾ വാർഡിലുണ്ട്. ആകെ 50-ൽ പരം കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 13 കുടെംബങ്ങൾക്കേ ഗവൺമെന്റ് സഹായത്തോടെ വാസയോഗ്യമായ വീടുകൾ നിർമ്മിച്ചുട്ടുള്ളൂ. മുക്കിലപ്പീടിക ഹരിജൻ കോളനിയിൽ മിക്ക കുടുംബങ്ങൾക്കും വീടും കക്കൂസും വൈദ്യുതിയും ലഭിച്ചിട്ടുണ്ട്. മേൽമുറിക്കാട് പ്രദശത്ത് ഇത്തരം സൗകര്യങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ ഒരു പ്രദേശമാണിത്. കുന്നിൻചെരുവിൽ താമസിക്കുന്ന പ്രസ്തുത കുടുംബങ്ങൾക്ക് വീടും കക്കൂസും വൈദ്യുതിയും കുടിവെള്ളവും മറ്റും ലഭ്യമാക്കണം. പരമ്പരാഗത തൊഴിൽ മേഖലയിൽ ഇന്ന് ആരും ഏർപ്പെടുന്നില്ല. സ്ത്രീകൾക്ക് അനുയോജ്യമായ കുടിൽ വ്യവസായ സംരംഭങ്ങളായ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാർ നിർമ്മാണം, കുറ്റിമുല്ല കൃഷി എന്നിവ ഏർപ്പെടുത്താവുന്നതാണ്. കോളനിയിലേക്കുള്ള റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം.

## വാർഡ് VIII

ഈ വാർഡിൽ ഹരിജൻ കോളനികൾ ഇല്ലെങ്കിലും ഏതാനും കുടുംബങ്ങൾ താമസിക്കുന്നു. അവരെ ഉൾപ്പെടുത്തി ഹരിജൻ സെറ്റിൽമെന്റ് രൂപീകരിക്കണം.

## വാർഡ് IX

ഈ വാർഡിലാണ് തീണ്ടാർപ്പ് ഹരിജൻ കോളനി. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ കിടക്കുന്ന ഈ സ്ഥലത്ത് പഞ്ചായത്തിന്റെ വികസന പ്രവർനങ്ങൾ വളരെ പരിമിതമായ തോതിലെ വന്നിട്ടുള്ളൂ ദരിദ്രരായ ഇവിടുത്തെ പട്ടികജാതി കുടുംബങ്ങൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടത് പകർച്ച വ്യാധികൾ തടയുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ കോളനി പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ലബ്ബിന് പത്രവും ടെലിവിഷനും അനുവദിക്കേണ്ടത് കോളനിയിലെ ജനങ്ങളുടെ സാംസ്കാരിക വിജ്ഞാനപരമായ ഉന്നമനത്തിന് സഹയാകരമാകും. വിദ്യാഭ്യാസത്തിനായി കുട്ടികൾ ദീർഘദൂരം കാൽനടയാത്ര ചെയ്യേണ്ടതുണ്ട് ഇത് പരിഹരിക്കാൻ ഒരു സ്കൂൾ സ്ഥാപിക്കേണ്ടതാണ്. കുടിൽവ്യവസായങ്ങൾ തുടങ്ങേണ്ടത് കുടുംബങ്ങളുടെ ദാരിദ്ര്യം അകറ്റാൻ സഹായിക്കും ഇവിടേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും എടയൂർ പഞ്ചായത്തുമായി ബന്ധിക്കുന്നിടത്ത് ഒരു പാലം പണിയേണ്ടതുമാണ്.

## വാർഡ് X

പടിക്കൽ പറമ്പിൽ ഹരിജൻ കോളനി ഈ വാർഡിലാണ്. 10 ൽ കൂടുതൽ കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇവിടുത്തെ പട്ടികജാതിക്കാർക്കെല്ലാം തന്നെ കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ടതാണ്. കോളനിക്കടുത്ത കരേക്കാട് ജനവിദ്യാകേന്ദ്രത്തിൽ ഒരു ടെലിവിഷൻ സെറ്റ് അനുവദിക്കുന്ന പക്ഷം നിരക്ഷരരും അർദ്ധ സാക്ഷരരുമായ കോളനിനിവാസികൾക്ക് ഇത് ഒരു അനുഗ്രഹമായിരിക്കും. അഭ്യസ്ത വിദ്യരായവർക്ക് തൊഴിൽ പപരിശീലനം നൽകാൻ കോളനിയിൽ ഒരു കേന്ദ്രം സ്ഥാപിക്കണം. കോളനിയിലെ നിലവിലുള്ള കിണർ ആഴംകൂട്ടി കുടിവെള്ളക്ഷാമം പരിഹരിക്കണം.

## വാർഡ് XI

കോളനി ഇല്ല. ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നില്ല.

പട്ടികജാതി വിഭാഗങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് ലഭിച്ച വിവിധ ആനുകൂല്യങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

## സാമൂഹ്യക്ഷേമം

### പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് ഗവ. നൽകിയ വീടുകളും കക്കൂസുകളും കിണറുകളും (കുറ്റിപ്പുറം ബ്ലോക്ക് ഓഫീസ് രേഖ)

| വർഷം | വീട് | കക്കൂസ് | കിണർ |
|---|---|---|---|
| 1992-93 | - | - | - |
| 1993-94 | 2 | 20 | 3 |
| 1994-95 | 3 | 16 | 2 |
| 1995-96 | 13 | 10 | 3 |
| ആകെ | 18 | 46 | 8 |

## സ്വയം തൊഴിൽ സഹായം (IRDP)

**പട്ടികജാതി** (കുറ്റിപ്പുറം ബ്ലോക്ക് രേഖ)

| വർഷം | സഹായംലഭിച്ച കുടുംബങ്ങളുടെ എണ്ണം | ഓരോ കുടുംബത്തിനുംലഭിച്ച തുക | ഗവ. ചില വഴിച്ചതുക. |
|---|---|---|---|
| 1992-93 | 4 | 6392 | 25568 |
| 1993-94 | 17 | 8400 | 142800 |
| 1994-95 | 5 | 14333 | 71665 |
| 1995-96 | 3 | 16388 | 49164 |
| ആകെ | 29 | | 289197 |

## 1991 സെൻസസ് റിപ്പോർട്ട്

ഹരിജൻ കുടുംബങ്ങളുടെ എണ്ണം ഏകദേശം 114 (1991 സെൻസസ് പ്രകാരം ഹരിജൻ കുടുംബങ്ങളുടെ എണ്ണം വ്യക്തമല്ല)

| | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| ജനസംഖ്യ | 13295 | 14550 | 27845 |
| സാക്ഷരർ | 9472 | 9806 | 19278 |
| നിരക്ഷരർ | 3823 | 4744 | 8567 |
| പട്ടികജാതി | 555 | 584 | 1139 |

## ഹരിജൻകോളനി വൈദ്യുതീകരണം


(കുറ്റിപ്പുറം ബ്ലോക്ക് രേഖ)

| വാർഡ് നമ്പർ | കോളനിയുടെ പേര് | വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങളുടെഎണ്ണം | സൗജന്യസ്ലാബിൽ വൈദ്യുതിഉപയോഗിക്കുന്നവരുടെ എണ്ണം. | പണം നൽകി വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം. |
|---|---|---|---|---|
| II | ചക്കരചാമാട് കോളനി | 12 | - | 12 |
| VI | കാട്ടിലെപെരുവഴികോളനി | - | - | - |
| VII | മുക്കിലപീടിക കോളനി, മേൽമുറിക്കാട് കോളനി | 8 | - | 8 |
| VIII | കുറ്റിപ്പാല കോളനി | - | - | - |
| IX | തീണ്ടാർപ്പ് കോളനി | 15 | - | 15 |
| X | പടിക്കൽപറമ്പ് കോളനി | - | - | - |

### വിദ്യാഭ്യാസം:-

പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പ് 20% കുട്ടികളും സെക്കന്ററി ഘട്ടം പൂർത്തിയാക്കുന്നതിനുമുമ്പ് 17% കുട്ടികളും പഠനം നിർത്തുന്നു. കോളേജുകളിൽ എത്തുന്നവരിൽ 50% ത്തോളം ഇടക്ക് വെച്ച് പഠനം നിർത്തുന്നു.

അർഹതപ്പെട്ട ആനുകൂല്യങ്ങളിൽ ചോർച്ച സംഭവിക്കാതെ യഥാർത്ഥഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതുണ്ട്.



# വിഭവസമാഹരണം

മാറാക്കര ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം എടുത്തുപറയത്തക്ക വ്യവസായങ്ങളൊന്നും തന്നെ ഇല്ല. കുറച്ചു വർഷങ്ങൾക്കു മുമ്പുവരെ നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ പലതും നശിച്ചുകൊണ്ടിരിക്കുന്നു. ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യതകളുണ്ട്. വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സം, വോൾട്ടേജ് ക്ഷാമം എന്നിവയും വ്യവസായങ്ങൾ തുടങ്ങുന്നതിന് വിലങ്ങുതടിയായി നിൽക്കുന്നു.

എങ്ങനെയും ഗൾഫിലെത്താനുള്ള ജനങ്ങളുടെ ത്വര കാർഷികരംഗം താറുമാറാക്കി. കൃഷിഭൂമിയിൽ കൃഷി ചെയ്യാൻ ആരും തയ്യാറല്ല. കാർഷിക വൃത്തിക്ക് പ്രാധാന്യം നൽകുന്ന മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം. ഇതു ചെയ്യാതെ ഈ രംഗത്ത് വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല.

സർക്കാർ ഗ്രാന്റുകൾ സമയാസമയങ്ങളിൽ ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ ഭരണപ്രവർത്തനങ്ങൾ പലപ്പോഴും താറുമാറാകുന്നു. പല ഗ്രാന്റുകളും വർഷങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തിന് ലഭിക്കുന്നത്. തൻമൂലം ഫണ്ടുകൾ പലതും ദുരുപയോഗത്തിന് കാരണമാകുന്നു.

നമ്മുടെ പഞ്ചായത്തിൽ നിന്ന് ധാരാളം പേർ വിദേശത്ത് ജോലിതേടി പോയിട്ടുണ്ട്. പക്ഷേ അവരുടെ വ്യക്തമായ കണക്കുകളോ അവരിൽ നിന്ന് പഞ്ചായത്തിലെത്തിച്ചേരുന്ന വരുമാനത്തെകുറിച്ചുള്ള വിവരങ്ങളോ ലഭ്യമല്ല. ഇവരെകുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നത് പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് ഏറെ സഹായകമാവും.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളിൽ നിന്നും വേണ്ടസമയത്ത് ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നുണ്ടോ. എന്ന കാര്യം സംശയമാണ്. മുഴുവൻ കച്ചവടക്കാരും നികുതി കൊടുക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

### പട്ടിക 1.
### വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96
(മാറാക്കര പഞ്ചായത്ത് ഭരണ റിപ്പോർട്ട്)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|
| കെട്ടിടനികുതി | 1,59,748 | 1,59,748 |
| തൊഴിൽനികുതി | 75 450 | 75 450 |
| ചന്തവരവ് | 587 | 587 |
| ലൈസൻസ്ഫീസ് | 5418 | 5418 |
| വസ്തുകൈമാറ്റ നികുതി 75% | 177 743 | 177 743 |
| വസ്തുകൈമാറ്റ നികുതി 25% | 150000 | 150000 |
| മറ്റുവരവുകൾ | 4,20,240 | 4,20,240 |
| ഡെപ്പോസിറ്റ് | 29,717 | 29,717 |
| ആകെ. | | |

## പഞ്ചായത്തിന് ലഭിക്കുന്ന പ്രധാന നികുതികൾ

### കെട്ടിടനികുതി:-

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗമാണ് കെട്ടിടനികുതി. ഏതാണ്ട് 1,59 748 രൂപയാണ് ഒരുകൊല്ലം കെട്ടിടനികുതിയായി പഞ്ചായത്തിന് ലഭിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതി പിരിക്കുന്നത് ശാസ്ത്രീയമാണെന്ന് പറയുകവയ്യ. വീട്ട് നികുതിക്കടിസ്ഥാനമാക്കുന്നത് പലപ്പോഴും വീടിന്റെ വിസ്തൃതിമാത്രമാണ്. ഈ രീതി മാറ്റി ആഡംബരസ്വഭാവമുള്ള വസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന വീടുകൾക്ക് കൂടുതൽ നികുതി ചുമത്തേണ്ടതുണ്ട്. കെട്ടിട നിർമ്മാണത്തിലെ ധൂർത്ത് ഒരു പരിധിവരെ നിയന്ത്രിക്കാൻ ഇതു സഹായിക്കും. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

### തൊഴിൽനികുതി:-

പഞ്ചായത്തിൽ സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർ മാത്രമാണ് നികുതി നൽകിവരുന്നത്. (കച്ചവടക്കാർ, നിർമ്മാണതൊഴിലാളികൾ എന്നിവരെകൂടി ഉൾപ്പെടുത്തി നികുതി മേഖല വിപുലപ്പെടുത്തേണ്ടതാണ്.)

### ബാങ്ക് ഫൈനാൻയേഴ്സ്:-

പഞ്ചായത്തിൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരുശാഖയും മാറാക്കര സർവ്വീസ് സഹകരണ ബാങ്കുമാണുള്ളത്. കൂടാതെ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ ശാഖ രണ്ടത്താണിയിലും പ്രവർത്തിച്ചുവരുന്നു. ഈ ബാങ്കുകൾ പഞ്ചായത്ത് പരിധിയിൽ നിന്നും സമാഹരിക്കുന്ന ധനത്തിന്റെ 50% എങ്കിലും പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനത്തിന് വായ്പയായി നൽകണം.

### ചെലവുകൾ:-

പഞ്ചായത്തിന്റെ വരുമാനത്തിൽ കൂടുതലും ചെലവാക്കുന്നത് പൊതുമരാമത്തു പണികൾക്കാണ്. ഇതിൽ മൺറോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് ഏറിയ പങ്കും ചെലവാക്കുന്നത്. എല്ലാവർഷവും അറ്റകുറ്റപണികൾ നടത്തേണ്ട അവസ്ഥയാണുള്ളത്. ഈ ചെലവൊഴിവാക്കാൻ ഓരോ മൺറോഡിന്റേയും ഗുണഭോക്താക്കളായ ആളുകൾ സംഘടിച്ച് കാലവർഷത്തിനുമമ്പ് `അരുച്ചാലുകൾ' വൃത്തിയാക്കിയാൽ ഒരു വലിയ തുക ചിലവിനത്തിൽ ലാഭിക്കാം. പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്തു പണികൾ ജനകീയ മോണിറ്ററിംഗിനു വിധേയമാക്കണം.

### ഭൂനികുതി:-

ഭൂനികുതി പിരിക്കുന്നതിന്റെ ഘടന ശാസ്ത്രീയമായി പരിഷ്കരിക്കുക. ഭൂമിയുടെ വിസ്തൃതി മാനദണ്ഡമാക്കാതെ ഭൂമിയുടെ അവസ്ഥ, ഉദ്പാദനക്ഷമത എന്നിവ പരിഗണിച്ച് വ്യത്യസ്ഥ നിരക്കിൽ നികുതി ചുമത്താവുന്നതാണ്.

### മനുഷ്യാധ്വാനം:-

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ട മനുഷ്യവിഭവശേഷി സംഭാവന ചെയ്യാമെന്ന് പല വാർഡുകളിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ട്.

കൂടാതെ ധാരാളം സാമൂഹ്യസന്നദ്ധ സംഘടനകളുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

### വിഭവസമാഹരണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

1. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
2. സിനിമാശാലകൾ മറ്റു വിനോദോപാധികൾ എന്നിവ സ്ഥാപിക്കുന്നതിന് (സ്വകാര്യമേഖലയിൽ) പ്രോത്സാഹനം നൽകുക.
3. ഭൂനികുതി പിരിവ് ശാസ്ത്രീയമാക്കുക.
4. കാടാമ്പുഴയിൽ ഓഡിറ്റോറിയം സ്ഥാപിക്കുക.
5. കച്ചവടക്കാരെയും നിർമ്മാണത്തൊഴിലാളികളെയും നികുതിയുടെ പരിധിയിൽ കൊണ്ടുവരിക.
6. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന ആഡംബര വസ്തുക്കൾക്കളുടെ മൂല്യത്തിനനുസൃതമായി നികുതി പരിഷ്കരിക്കുക.

### 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 2,55846 |
| പൊതുമരാമത്ത് | 3,30257 |
| വിദ്യാഭ്യാസം | 7261 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 19,617 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 5628 |
| മറ്റുള്ളവ | 246569 |
| ആകെ | 865178 |

### 1.25 പൊതുസാമ്പത്തികനില

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ചകണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1767175 | 735000 | 50200 |
| ചെലവ് | 1040000 | 836000 | 53000 |

### 1.26 പൊതുമരാമത്ത്പണി സംബന്ധിച്ച വിവരങ്ങൾ. 1994-95 .

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ്തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചായത്ത്ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 298893 | 238642 | 299762 | |
| തോട് | 7653 | 7506 | | |
| കെട്ടിടം | - - | - | | |
| നടപ്പാലം | | 5000 | 3610 | |
| മറ്റുള്ളവ | | 12000 | 11956 | |



# ടൂറിസം

പ്രകൃതി രമണീയമായ മാറാക്കര പഞ്ചായത്തിൽ ടൂറിസവികസനത്തിന് നല്ല സാധ്യതയുണ്ട്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്താണ് പ്രസിദ്ധമായ ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. കാടാമ്പുഴയിൽ ദിനം പ്രതി ആയിരക്കണക്കിന് തീർത്ഥാടകർ ദേവീക്ഷേത്രത്തിൽ ദർശനത്തിനെത്തുന്നുണ്ട്. NH-17 ലുള്ള വെട്ടിച്ചിറയിൽ നിന്ന് 2.5 കിലോമീറ്റർ അകലെയാണ് ഈ ക്ഷേത്രം. ക്ഷേത്രത്തോട് ബന്ധപ്പെട്ടുകൊണ്ടാണ് ഈ പ്രദേശത്തിന്റെ പുരോഗതി ഉണ്ടായിട്ടുള്ളത്. ടൗൺ വികസിച്ചുകൊണ്ടുവരികയാണ്. യാത്രാ സൗകര്യവും താമസ സൗകര്യവും ഉണ്ട്.

കാടാമ്പുഴയെ ടൂറിസ്റ്റ് കേന്ദ്രമാക്കിയാൽ ചുറ്റുവട്ടത്തുള്ള ചില മനോഹരമായ പ്രദേശങ്ങളെ ഇതിനോട് ബന്ധപ്പെടുത്താം.

ഇത്തരം പ്രദേശങ്ങൾ താഴെ സൂചിപ്പിക്കുന്നവയാണ്:

### 1. കൂട്ടാർമട:-

പ്രകൃതിദത്തമായ ഗുഹയാണ് ഇത്. കൽപകഞ്ചേരി പഞ്ചായത്തിലുള്ള 'അതിരുമട' യുമായി ഇതിന് ബന്ധമുണ്ടെന്ന് പറയപ്പെടുന്നു.

### 2. ഈന്തിൻകുണ്ട്:-

പൊൻമള പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും പ്രകൃതി രമണീയമായ ഈ സ്ഥലത്തെ കാടാമ്പുഴയുമായി ബന്ധപ്പെടുത്താം. 3 കി.മി ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ ധാരാളം മയിലുകളുണ്ട്.

3. വെട്ടുതോട് വെള്ളച്ചാട്ടം.
4. മങ്ങാട്ടുചോല.
5. വട്ടപ്പറമ്പിലുള്ള കൂമൻകല്ല്.
6. മാടാമ്പിയാർകാവ്.
7. 11-ാം വാർഡിലെ നരിമട.
8. 3-ാം വാർഡിലെ വലിയനിരപ്പ്.
9. കണിയാട്ടിലെ കൂമൻകല്ല്.

# ഉപസംഹാരം

നാളിതുവരെ നമ്മൾ തുടർന്നുവരുന്ന വികസന കാഴ്ചപ്പാടുകളിലും വികസന രീതികളിലും ഒട്ടവനവധി പാളിച്ചകൾ ഉണ്ടായിരുന്നു. സിമന്റ്, കമ്പി, കല്ല് എന്നിവകൊണ്ട് വികസനം സൃഷ്ടിക്കാമെന്ന നമ്മുടെ ധാരണ മാറ്റിയേ തീരൂ. വികസനമെന്നാൽ ജനജീവിത നിലവാരം പടിപടിയായുയർത്തുന്ന പ്രക്രിയയാണെന്ന സമഗ്രനിലപാട് ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്. പ്രാഥമിക മേഖലയുടെ വളർച്ചകൊണ്ടുമാത്രമേ ഇത്തരത്തിലുള്ള വികസനം സാധ്യമാവൂ. നിലനിൽക്കുന്നതും ജനകീയാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതുമായ ഒരു പുത്തൻ വികസന തന്ത്രമാണിന്നാവശ്യം. അതേസമയം ഭൗമപ്രകൃതികൾക്ക് ഒട്ടും തന്നെ പോറലേൽക്കയുമരുത്. ഒരു ശാശ്വത വികസന പരിപ്രേക്ഷ്യം (Substainable Development perspective) ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണിനി നടക്കേണ്ടത്.

ഡിപ്പാർട്ട്മെന്റലിസത്തിന്റേയും സാമ്പത്തികച്ചോർച്ചകളുടേയും പിടിയിലമർന്നിരിക്കുന്ന വികസ പ്രവർത്തനങ്ങൾക്ക് പുതിയൊരു മുഖം നൽകണം. വികസന പ്രവർത്തനങ്ങൾ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്നതാവണം. സമൂഹത്തിലേക്കു തുറന്നുവച്ചിരിക്കുന്ന കണ്ണുകളുള്ള ഒരു ജനസമൂഹത്തിന് മാത്രമേ ഇ ദൗത്യം ഏറ്റെടുക്കാനാവൂ. അത്തരം ജനസമൂഹത്തെ വളർത്തിയെടുക്കുക എന്നുള്ളതാണ് അതിനുള്ള മാർഗ്ഗം.

വികസന പ്രവർത്തനങ്ങൾക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നത് പ്രധാനമായും സാമ്പത്തിക പ്രശ്നങ്ങളാണല്ലോ. പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താൻ നമുക്ക് കഴിയണം. സർക്കാറിതര ഏജൻസികളുടെ സഹായം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് നമുക്കീ വെല്ലുവിളിയെ നേരിടാൻ വിഷമമുണ്ടാവില്ല.

പദ്ധതികളുടെ നിർവ്വഹണം വസ്തുനിഷ്ഠ സമീപനത്തോടെയും, ശാസ്ത്രീയ അടിത്തറയോടെയുമാവണം. ആസൂത്രണത്തിന്റെ മികവ് നിലനിൽക്കുന്നതും പദ്ധതികൾ ലക്ഷ്യപ്രാപ്തിനേടുന്നതും വികസനോപാധികളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെയാണ്.

വികേന്ദ്രീകൃതാസൂത്രണം ജനങ്ങളുടെ ആഗ്രഹങ്ങളെ തലോടുന്ന പാഴ്വേലയല്ല. മറിച്ച് ജനജീവിതനിലവാരം അടിക്കടി ഉയർത്തുന്ന നിരന്തര പ്രക്രിയയാണ്.

മാറാക്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ ഹൃദയത്തിലേറ്റുവാങ്ങി, പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിറുത്തണം. കക്ഷിരാഷ്ട്രീയവും, മത- ജാതിഭേതങ്ങളും മറന്ന്, ഒരു ഗ്രാമം മുഴുവൻ ഒറ്റക്കെട്ടായി നിന്ന് പുതിയ വികസനരാഷ്ട്രീയത്തിന് വഴിയൊരുക്കിയാൽ വികസന പ്രവർത്തനങ്ങളുടെ അൽഭുതഫലങ്ങൾ സൃഷ്ടിക്കാൻ നമുക്കു കഴിയും.

വാനത്തോളമുയരുന്ന ഈ പ്രതീക്ഷ നിറവേറ്റാൻ വരും കാലങ്ങളിൽ നമുക്കു കഴിയുമെന്ന പ്രതീക്ഷയോടെ വേരറിയുന്ന അപഗ്രഥനത്തിനും, ചർച്ചക്കും, പ്രശ്നപരിഹാരനിർദ്ദേശങ്ങൾക്കുമായി മാറാക്കര ഗ്രാമപഞ്ചായത്തിന്റെ ``സമഗ്ര വികസന രേഖ'' ഈ സെമിനാറിനു മുമ്പോകെ സമർപ്പിക്കുന്നു.

# അധികാരം ജനങ്ങൾക്ക്



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും, ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം

- 9-ാം പദ്ധതി ജനകീയ പദ്ധതി

- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു

- ബഹുജന സഹകരണം അനിവാര്യം

# ജനകീയാസൂത്രണ പദ്ധതി

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസനരേഖ



**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

**അധികാരം ജനങ്ങളിലേക്ക്**

# കേരളം



Date ........
P.O. Kuttippuram
364

# അധികാരം ജനങ്ങളിലേക്ക്
# സമഗ്രവികസനരേഖ




## ജനകീയാസൂത്രണ പദ്ധതി

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

# സമഗ്ര വികസനരേഖ




**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

366



*ഇന്ത്യയുടെ ആത്മാവ്*
*ഗ്രാമങ്ങളിലാണ്*
*ഗ്രാമ പ്രദേശങ്ങളെ*
*അവഗണിച്ചുകൊണ്ടുള്ള ഒരു*
*വികസനവും സമ്പൂർണ്ണ ഗ്രാമ*
*സ്വരാജ് അഥവാ സ്വയം*
*പര്യാപ്ത ഗ്രാമങ്ങൾ എന്ന*
*ലക്ഷ്യത്തിലേക്കെത്തുകയില്ല.*

*-മഹാത്മാ ഗാന്ധി*


എഡിറ്റർ

രാജീവ്. വി. കെ

എഡിറ്റോറിയൽ ബോർഡ്

ജയൻ മാസ്റ്റർ. എം.
കുഞ്ഞാപ്പുട്ടി. എ. എ
സയ്യിദ് അലി അക്ബർ സഖാഫ് തങ്ങൾ
ഗിരിജാ വത്സരാജ്
ഷാജി. പി.
അബ്ദുൾ കരിം മാസ്റ്റർ കെ.
മാധവി. ഇ. വി.
പരമേശ്വരൻ. വി.പി.
സഫിയ



കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ്

N.C.C. കമ്പ്യൂട്ടർ ഗ്രാഫിക്സ്
കുറ്റിപ്പുറം., ഫോൺ : 888064

പ്രിൻറിംഗ്

ധന്യ പ്രിൻറേഴ്സ്., കുറ്റിപ്പുറം
ഫോൺ : 888272

## കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

367

### ഉൾത്താളുകളിൽ


1. ആമുഖം ........ 9
2. പഞ്ചായത്ത് പൊതുവിവരണം ........ 10
3. സാമൂഹിക-സാംസ്കാരിക ചരിത്രം ........ 11
4. ഭൂപ്രകൃതി- ജനപ്രകൃതി-ജലവിഭവം ........ 18
5. സാമൂഹിക സാമ്പത്തിക മേഖലകൾ ........

5-1 കൃഷിയും ജലസേചനവും 21

5-2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും 29

5-3 വ്യവസായം 36

5-4 വിദ്യാഭ്യാസം 40

5-5 പാർപ്പിടവും സാമൂഹ്യ ക്ഷേമവും 45

5-6 സംസ്കാരം 50

5-7 സഹകരണം 52

5-8 ടൂറിസം 54

5-9 കുടിവെള്ളം-പൊതുജനാരോഗ്യം 57

5-10 ഗതാഗതം-ഊർജ്ജം-മാർക്കറ്റ് 66

5-11 വനിത 79

5-12 വിഭവസമാഹരണം 82

5-13 പട്ടിക ജാതി/പട്ടിക വർഗ്ഗ ക്ഷേമം 88

6. ഉപസംഹാരം 91

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

## ഭരണസമിതി



കല്ലിങ്ങൽ മൊയ്തീൻ കുട്ടി (പ്രസിഡണ്ട്)



ടി. വി. അബ്ദുള്ളകുട്ടി(വൈസ് പ്രസിഡണ്ട്)



പി. മുഹമ്മദ് (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

മെമ്പർമാർ

ഇ. സരോജിനി
വി. വീരാൻ
കെ. ടി. തായുമ്മ
വേലായുധൻ. എം. വി.
അബ്ദുറം അസീസ്. കെ.
പി. എം. ആമിനകുട്ടി
കെ. വേണുഗോപാല മേനോൻ
പാഴൂർ മുഹമ്മദ് കുട്ടി
കെ. രാമചന്ദ്രൻ
എം. ഗിരിജ
പി. ശ്രീദേവി

സെക്രട്ടറി

കെ. ശ്രീധരൻ

## മുൻകാല സാരഥികൾ

1 കെ. ടി. അലവിക്കുട്ടി സാഹിബ്
2 ടി. കെ. അഹമ്മദ്
3 എം. ശിവരാമകൃഷ്ണൻ നായർ
4 കെ. ശങ്കരനാരായണൻ
5 എ. യാഹുട്ടി സാഹിബ്
6 കെ. രാമചന്ദ്രൻ
7 പുല്ലാട്ടിൽ ഹംസ
8 കെ. ഇ. ഹംസ ഹാജി
9 ഇ. വി. മാധവി
10 എസ്. സൗദാമിനി അമ്മ
11 ഒ. മുഹമ്മദ് കുട്ടി

370

# വികസന രേഖക്കു പിന്നിൽ

കൃഷി-ജലസേചനം
- രാജീവ്. വി. കെ.
- ജയൻ മാസ്റ്റർ. എം.
- കോമള ടീച്ചർ

മൃഗപരിപാലനം - മത്സ്യ ബന്ധനം
- ഷാജി. പി.
- പരമേശ്വരൻ. വി. പി.

വിദ്യാഭ്യാസം
- ജയൻ മാസ്റ്റർ. എം.
- കോമള ടീച്ചർ
- രാജീവ്. വി. കെ.

ആരോഗ്യം - കുടിവെള്ളം
- ശ്രീദേവി. പി.
- മുഹമ്മദലി. വി.
- ബെന്നി മാസ്റ്റർ

ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
- രാജീവ്. വി. കെ.
- ഗിരിജാ വൽസരാജ്
- ബാലൻ. ടി.പി.
- ഗിരീഷ് ബാബു. കെ. വി.

ഭവന നിർമ്മാണം - സാമൂഹ്യ ക്ഷേമം
- അബ്ദുറം കരിം മാസ്റ്റർ
- ഷാജി. പി.
- മുഹമ്മദ്. പി.
- ജയേഷ്. കെ. എം.

സംസ്കാരം
- രാമചന്ദ്രൻ. കെ
- വേണുഗോപാല മേനോൻ

വ്യവസായം
- സയ്യിദ് അലി അക്ബർ സഖാഫ് തങ്ങറം
- രാമചന്ദ്രൻ. കെ
- ആമിനക്കുട്ടി. വി. എം.


വനിത
- ഗിരിജാ വത്സരാജ്
- മാധവി. ഇ. വി.
- ഗിരിജ. എം.

സഹകരണം.
- സയ്യിദ് അലി അക്ബർ- സഖാഫ് തങ്ങറം
- പരമേശ്വരൻ. വി. പി.

പട്ടിക ജാതി - പട്ടിക വർഗ്ഗം
- അബ്ദുറം അസീസ്. കെ
- ഷാജി. പി.

വിഭവസമാഹരണം
- രാജീവ്. വി. കെ.
- മുഹമ്മദലി . വി.

സാംസ്കാരികചരിത്രം
- കുഞ്ഞാപ്പുട്ടി. എ. എ.
- വി. വീരാൻ



# 1

# ആമുഖം


ഇന്ത്യ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം നടന്ന് വന്നിരുന്ന 8 പഞ്ചവത്സര പദ്ധതികളും ഉദ്യോഗസ്ഥന്മാർ മേലെ തട്ടിൽ നിന്ന് കീഴ്പ്പോട്ട് അവരുടെ താൽപര്യ ത്തിനനുസരിച്ച് തീരുമാന മെടുക്കുകയും അത് താഴേതലത്തിൽ നടപ്പിലാക്കുകയും ചെയ്തിരുന്നു സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. ഇതിന്റെ ഫലമായി പലപ്പോഴും ഈ തീരുമാനങ്ങളിൽ നാടിന്റെ പ്രശ്നങ്ങൾ കാണാതെ പോകുന്നു. എന്നാൽ ഇപ്പോൾ 9ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ജനകീയാസൂത്രണ പദ്ധതിയായിരിക്ക യാണല്ലോ. പൊതു ജനത്തിന് അന്യമായിരുന്ന ആസൂത്രണം അവരുടെ കൂടി പങ്കാളിത്തത്തോടെ പഞ്ചായത്തുകളിൽ തുടങ്ങിയിരിക്കുന്നു. അതിന്റെ ഫലമായി ഇവിടെ എന്തു നടക്കണം അതിന് നാം എന്ത് ചെയ്യണം എന്ന് ജനങ്ങൾ കൂട്ടായ്മയോടെ ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ, ഇതിനാവശ്യമായ ഫണ്ടുകൾ ലഭ്യമാക്കാൻ നിലവിലുള്ള പല സാങ്കേതി കതടങ്ങളും മാറേണ്ടതുണ്ട്. അതോടൊപ്പം പ്രാദേശിക വിഭവ സമാഹരണവും കൂടി നടത്തേണ്ടതുണ്ട്.

ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഗ്രാമ സഭകൾ വിളിച്ച് ചേർത്ത് ഓരോ പ്രദേശത്തേയും വികസന കാര്യങ്ങൾ ചർച്ചചെയ്ത് അത് ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ പ്രശ്നങ്ങളും നിർദ്ദേശങ്ങളും മുൻഗണനാ ക്രമത്തിൽ തീരുമാനിച്ച് അഞ്ചു കൊല്ലം കൊണ്ട് പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായതും ജനകീയാസൂത്രണത്തിലെ ഏറ്റവും പ്രധാനഇനവുമായ വികസന സെമിനാർ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിന്നാവശ്യമായ വികസനരേഖ സർക്കാറിലേക്ക് നൽകുവാൻ ഗ്രാമ പഞ്ചായത്ത് മെമ്പർമാരും പറ്റു പരിശീലകരും കൂടിയിരുന്ന് ചർച്ച ചെയ്യുകയും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പര്യടനത്തിലൂടെ കാര്യങ്ങൾ പഠിച്ചും വിവിധ ആപ്പീസുകളിൽ നിന്നും ലഭിച്ച സ്ഥിതി വിവരങ്ങൾ ശേഖരിച്ചും തയ്യാറാക്കിയിരിക്കുകയാണ്.

ഈ വികസന റിപ്പോർട്ട് "ഭരണവും നമ്മൾ, പ്രജകളും നമ്മൾ" എന്ന നിലക്ക് നിലവിലുള്ള സ്ഥിതികളും ആവശ്യമായ നിർദ്ദേശങ്ങളും ഉൾകൊള്ളിച്ചുകൊണ്ട് കുറ്റിപ്പുറം പഞ്ചായ ത്തിനു വേണ്ടി സമർപ്പിക്കുന്നു.

എന്ന്


എഡിറ്റോറിയൽ ബോർഡ്



# 2

# കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് : പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുറ്റിപ്പുറം, നടുവട്ടം |
| ബ്ലോക്ക് പഞ്ചായത്ത് | : | കുറ്റിപ്പുറം |
| താലൂക്ക് | : | തിരൂർ |
| അസംബ്ലി മണ്ഡലം | : | കുറ്റിപ്പുറം |
| വിസ്തീർണ്ണം | : | 31.32 ചതുരശ്ര കി. മി |
| അതിരുകൾ | | |
| വടക്ക് | : | ആതവനാട്, വളാഞ്ചേരി പഞ്ചായത്തുകൾ |
| കിഴക്ക് | : | വളാഞ്ചേരി, ഇരിമ്പിളിയം പഞ്ചായത്തുകൾ |
| തെക്ക് | : | ഭാരതപുഴ |
| പടിഞ്ഞാറ് | : | തിരുന്നാവായ പഞ്ചായത്ത്, വലിയപറപ്പൂർ കായൽ |
| ജനസംഖ്യ | : | 37156 |
| പുരുഷൻ | : | 18047 |
| സ്ത്രീകൾ | : | 19109 |
| ജനസാന്ദ്രത | : | 1186 |
| വാർഡുകൾ | : | 14 |
| സാക്ഷരർ | : | 33456 |
| പ്രസിഡണ്ടിൻെറ പേര് | : | കല്ലിങ്ങൽ മൊയ്തീൻ കുട്ടി |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : | ടി.വി. അബ്ദുള്ള കുട്ടി |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | മുഹമ്മദ് എന്ന കുഞ്ഞിപ്പ മാസ്റ്റർ |
| സെക്രട്ടറി | : | കെ. ശ്രീധരൻ |



# 3

# സാമൂഹിക - സാംസ്കാരിക ചരിത്രം

**ഒമ്പതാം** പഞ്ചവൽസര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായിട്ടാണല്ലോ നടപ്പിലാക്കുന്നത്. ഇതിൻെറ ഭാഗമായി വാർഡ്തലത്തിൽ ഗ്രാമസഭകൾ വിളിച്ച് ചേർത്ത് അവരുടെ പ്രദേശങ്ങളിൽ ഇത്രയും കാലത്തിനുള്ളിൽ എന്തൊക്കെ നടന്നെന്നും ഇനി എന്തൊക്കെ നടക്കണമെന്നും അതിൽ എന്തൊക്കെ കാര്യങ്ങൾ പ്രാദേശിക വിഭവ സമാഹരണത്തിലൂടെ നടക്കുമെന്നും അവരിൽ നിന്നു തന്നെ മനസിലാക്കുന്നു. ഈ കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ അടുത്ത 5 കൊല്ലം കൊണ്ട് പൂർത്തിയാക്കുന്ന ഈ സംരംഭത്തിൽ ഓരോ പഞ്ചായത്തിലേയും ചരിത്ര പശ്ചാത്തലങ്ങളും ഉൾകൊള്ളിച്ചു കഴിഞ്ഞാൽ ഇപ്പോഴുള്ള തലമുറകൾക്കും വരും തലമുറകൾക്കും പഞ്ചായത്തിനെ കുറിച്ചുള്ള ചരിത്ര രേഖയാകുമെന്നതിൽ സംശയമില്ല.

പഞ്ചായത്തിലെ പഴയ തലമുറകളിൽ നിന്നുള്ള ചരിത്രങ്ങളും കഴിഞ്ഞ കുറെ തലമുറകളായി കൈമാറിവന്ന ഐതിഹ്യങ്ങളും പ്രധാന അവലംബമാക്കി കൊണ്ടുള്ളതും അതോടൊപ്പം ആധുനിക ചരിത്രങ്ങളുടെ ഒരേകദേശ രൂപങ്ങളും കൂട്ടിയിണക്കിയതാണ് ഈ പുസ്തകത്തിൽ എഴുതി ചേർക്കുന്നത്.

കുറ്റിപ്പുറം പഞ്ചായത്തിന് ഒരു ചരിത്രമുണ്ടോയെന്ന് പലർക്കും സംശയം. ഡോക്ടർ രാഘവവാര്യരും രാജൻഗുരുക്കളും (കാലിക്കറ്റ്യൂനിവേഴ്സിറ്റി) ചേർന്നെഴുതിയ കേരളചരിത്രമാണ് എറ്റവും പുതിയ ചരിത്രം. പല സ്ഥലത്തും ക്യാമ്പ് ചെയ്ത് പഠന പര്യടനം നടത്തിയാണവർ എഴുതിയത്. അതിൽ കുറ്റിപ്പുറം പഞ്ചായത്തിനെപ്പറ്റി കാര്യമായി ഇല്ലെങ്കിലും നിളയുടെ തീരത്ത് കുറ്റിപ്പുറത്തിന് ചരിത്രമില്ലാതില്ല .

ഊര് പ്രദേശങ്ങൾക്ക് ചരിത്ര പശ്ചാത്തലമുണ്ടല്ലോ . ആ നിലക്ക് കുറ്റിപ്പുറം പഞ്ചായത്തിൽ പേരശ്ശന്നൂർ, കഴുത്തല്ലൂർ, പൈങ്കണ്ണൂർ ,ചെല്ലൂർ ,പാഴൂർ,പകരനെല്ലൂർ, രാങ്ങാട്ടൂർ ഇതിനൊക്കെ ചരിത്രമുണ്ട്. തമിഴ് (പാണ്ടി), ചോള, ചേര, ബ്രാഹ്മണ അഗ്രഹാരങ്ങളുടെ ഗ്രാമങ്ങൾ ചരിത്രവുമായി ബന്ധപ്പെട്ടതാണല്ലോ. ഇതുപോലെ പേരശ്ശന്നൂരിൽ ചരിത്രത്തിൽ നമ്പിടിമാർക്ക് (മാടമ്പിമാർ) സാമൂതിരി രാജാവുമായുള്ള ബന്ധത്തിന് ചരിത്രപരമായ പ്രാധാന്യം ഉണ്ടായിരുന്നു.ക്ഷേത്രങ്ങളാണ് പഴയ ഗ്രാമ വ്യവസ്ഥിതി കേന്ദ്ര ബിന്ദു. പിന്നെ നാട്ടുവട്ടം ഇത് പിന്നീട് നടുവട്ടമായി. ചെല്ലൂർ, പാഴൂർ, പകരനെല്ലൂർ, രാങ്ങാട്ടൂർ, വലിയപറപ്പൂർ തുടങ്ങിയ ഊരുകളുമായി ബന്ധപ്പെട്ടതാണ് നാട്ടുവട്ടം. ആയോധനകലയിലെ നായകൻമാരുടെ ആവാസകേന്ദ്രം അവിടെയായിരുന്നു.

ഇവർ തുളുനാട്ടുകാരായിരുന്നു. ഇവരിൽ ഒരുവിഭാഗം ചോളരാജ്യത്തിലേക്ക് പടക്ക് പോയെന്നും, മടങ്ങിവരവെ 3 ഗുരുക്കൻമാരിൽ ഒരാാം നിളാതീരത്ത് കുറ്റിപ്പുറം - തിരുന്നാവായ എത്തിയപ്പോാം ഇനി ഞാനില്ലായെന്ന് പറയുകയും ചെയ്തു. ആ തുളുനാടൻ ഗുരുക്കളുടെ തലമുറയിൽ പെട്ടവരാണ് ചങ്ങമ്പള്ളി ഗുരുക്കന്മാർ. നാട്ടുവട്ടത്തുള്ള കരിങ്കമണ്ണ കുറുപ്പന്മാരും ഈ വിഭാഗത്തിൽ പെട്ടവരാണെന്ന് പറയുന്നു.

കേസരി ബാലകൃഷ്ണ പിള്ളയുടെ "സംസ്കാര കേരളത്തിനൊരാമുഖം" എന്ന ഗ്രന്ഥത്തിൽ ഉരുകളും ഇബ്രാഹീമിയനും (ബ്രാഹ്മണരും) തമ്മിലുള്ള ചരിത്ര ബന്ധം പരാമർശിക്കുന്നുണ്ട്. ആ നിലക്ക് കുറ്റിപ്പുറത്തിനും ചരിത്രപശ്ചാത്ത ലമുണ്ട് . മണക്കുന്നത്ത് കാർ (പാണ്ടി) ചോളഭരണ ത്തിൻെറ ചരിത്രാവശിഷ്ടവു മായി ബന്ധപ്പെട്ടവരാണ്. നായന്മാരുടെ ചരിത്രം പടയാളികളുമായി ബന്ധപ്പെട്ടതാണല്ലോ. കുറ്റിപ്പുറം നിളാതീരം വനപ്രദേശ ഭാഗങ്ങളിലാണുണ്ടാവുന്നത് . പിന്നെ സാമൂതിരി രാജാവിൻെറ സൈനികഭരണ ബന്ധങ്ങളിലൂടെ താമസമാരംഭിച്ചതോടെ യാണ് ഈ പ്രദേശം നാട്ടിൻ പ്രദേശമായി മാറിയത്. ആദിവാസി കളായിരുന്നു ഇവിടുത്തെ പൗരാണികർ. ഹരിജനങ്ങളും ഈഴവരും ഇതിന് ശേഷമാണ് ഇവിടെ എത്തിയത്. നായന്മാർക്ക് വളരെ മുമ്പ് പതിനൊന്ന് നമ്പൂതിരിമാരുടെ ഇല്ലങ്ങാം ഉണ്ടായിരുന്നു. തലക്കാട്ടുപടി, ചെങ്ങണയിൽ ഇതിൽ പെട്ടവരാണ്. മാമാങ്കം കഴിഞ്ഞ് പടനായകൻമാർ ആഴ്വാഞ്ചേരി തമ്പുരാൻെറ സൗകര്യത്തിന് വേണ്ടി അവരെ മറ്റ് സ്ഥലങ്ങളിലേക്ക് ഒഴിവാക്കിയെന്ന് പറയുന്നു. നാട്ടുവട്ടമാണ് പിന്നീട് അവരുടെ കേന്ദ്രം. പിന്നെ ഇരുമ്പിളിയം, വെണ്ടല്ലൂർ, കാട്ടിപ്പരുത്തി, തൊഴുവാനൂർ, വൈക്കത്തൂർ അങ്ങനെയുള്ള ഊരുതാവളങ്ങളിലേക്കും വ്യാപിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ കുറ്റിപ്പുറത്തിൻെറ പങ്കാളിത്തവും നിസ്സാരമല്ല. രണ്ട് രക്ത സാക്ഷികളെ സംഭാവന ചെയ്ത ചരിത്രമാണ് കുറ്റിപ്പുറത്തിൻെറത്. ആലുക്കൽ അവറാനും പൊറ്റാരത്ത് സൈതാലി മുല്ലയും. 1921 നിസ്സഹകരണ ഖിലാഫത്ത് പ്രസ്ഥാന കാലത്ത് കുറ്റിപ്പുറത്ത് നിന്നും അറസ്റ്റ് ചെയ്യപ്പെട്ടവരാണവർ. ബെല്ലാരിയിൽ വച്ചായിരുന്നു ബ്രിട്ടീഷ് ആരാച്ചാരന്മാർ അവരെ കശാപ്പ് ചെയ്തത്. കുറ്റിപ്പുറത്ത് കലാപം ഒന്നും നടന്നിരുന്നില്ല. വളരെ സൗഹൃദത്തിലായിരുന്നു ഇതര സമുദാ യങ്ങളും. ഇതിനൊരുദാഹരണ- മാണ് മലബാർ ലഹളകാലത്ത് ആഴ്വാഞ്ചേരി മന കൊള്ള ചെയ്യാൻ വരുന്നു എന്ന കിംവദന്തി പരക്കുകയും തമ്പ്രാക്കാം ഭയപ്പെടുകയും ചെയ്തു. അങ്ങനെ കുറ്റിപ്പുറത്ത് വന്ന് പൊറയത്തെ ഹാവു നായർ, രാമൻ നായർ എന്നിവരെ സമീപിച്ച് ഉടൻ തിരുവനന്തപുരത്ത് എത്തണമെന്ന് തമ്പ്രാക്കാം ആവശ്യപ്പെടുകയും ചെയ്തു. മമ്മിയും കുഞ്ഞിമുഹമ്മദും തുടങ്ങി കുറെ മുസ്ലീങ്ങാം മഞ്ചൽ കൊണ്ടുവന്ന് തമ്പ്രാനെ മൂക്കോല അമ്പലത്തിൻെറ അവിടെ എത്തിക്കുകയും അവിടെ നിന്ന് പട്ടാളക്കാരും മറ്റും ചേർന്ന് തിരുവനന്തപുരത്തേക്ക് കൊണ്ട് പോകുകയും ചെയ്തു. ഇത് സമുദായ മൈത്രിയുടെയും ഇതര സമുദായങ്ങാം പരസ്പരം സ്നേഹത്തിൽ കഴിയുന്നതി ൻെറയും മകുടോദാഹരണമാണ്. മലബാർ കലാപകാലത്ത് മുസ്ലിംങ്ങാംക്ക് അഭയം നൽകിയിരുന്നത് ഹിന്ദുക്കളായിരുന്നു. കുറ്റിപ്പുറത്തെ റയിൽ പൊളിച്ച് നീക്കിയതും സ്റ്റേഷനിലേക്കും, രജിസ്ട്രർ ഓഫീസ് അംശകച്ചേരി എന്നിവിടങ്ങളിലെ റെക്കോ ഡുകാം നശിപ്പിച്ചതുമായ സംഭവ ങ്ങളാണ് ഇതിന് കാരണം. അതും വടക്ക് നിന്ന് വന്ന കലാപ കാരികളായിരുന്നു .

1940 കാലങ്ങളിൽ മദിരാശി പ്രധാന മന്ത്രിമാർ (മുഖ്യമന്ത്രിമാർ) സി. രാജഗോപാലാചാരി, പ്രകാശം പൊതുമരാമത്ത് മന്ത്രി യാക്കൂബ് ഹസ്സൻ, വിദ്യാഭ്യാസമന്ത്രി ഭക്തവത്സലം, സി. ഗോപാല റെഡ്ഡി , അളകേശൻ മുതലായവരുടെ സന്ദർശനം ചരിത്രബന്ധം പരാമർശി- ക്കുന്നുണ്ട്. മുൻ

രാഷ്ട്രപതിമാരായ വി.വി.ഗിരി, ഫക്രുദീൻ അലിഅഹമ്മദ്, മദിരാശി മുഖ്യമന്ത്രി കാമരാജ് നാടാർ തുടങ്ങിയ മന്ത്രിമാരൊക്കെ കുറ്റിപ്പുറത്ത് വന്നിട്ടുണ്ട്. 1938 ൽ യാക്കൂബ് ഹസ്സൻ വന്നതും കുറ്റിപ്പുറം പാലത്തിൻെറ അതിർത്തിക്ക് അംഗീകാരം നൽകാനാണ്. ഇത് സംബന്ധിച്ച കാര്യത്തിന് തന്നെയാണ് രാജഗോപാലാചാരി വന്നതും പണി ഉത്ഘാടനം ചെയ്യപ്പെട്ടതും. രണ്ടാം ലോകമഹായുദ്ധം കാരണമാണ് പണി നിർത്തിവക്കാൻ ഇടയായത്. യുദ്ധാനന്തരം പണി പുനരാരംഭിച്ചത് പി.കെ. മൊയ്തീൻ കുട്ടി സാഹിബിൻെറ കൂടി ശ്രമഫല മായിരുന്നു. 1937 ൽ രാജാജി മന്ത്രിസഭയുടെ കാലത്താണ് സ്വാതന്ത്ര്യസമര സേനാനിയായ പി.കെ. മൊയ്തീൻ കുട്ടി സാഹിബ് സ്വതന്ത്രനായി ജയിച്ച് എം. എൽ. എ ആയത്. പിന്നെ അസംബ്ലിയിൽ കോൺഗ്രസ് ലെജിസ്ലേറ്റീവ് പാർട്ടിയിൽചേർന്നു. വലിയ പ്രക്ഷോഭകാരിയും പാർല മെൻററി യനുമായിരുന്ന അദ്ദേഹത്തെ രാജാജി വിശേഷിപ്പിച്ചിരുന്നത് "ചീനമുളക്" എന്നായിരുന്നു. 1947 ൽ ആണ് കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യമായി കുറ്റിപ്പുറത്ത് രൂപീകരിച്ചത്. 1945-46 കാലത്താണ് മുസ്ലിം ലീഗ് ഘടകം ഉണ്ടായത്. 1940 ൽ കോൺഗ്രസ് ഘടകം ഉണ്ടായെങ്കിലും അതിൻെറ പ്രവർത്തനം നിലനിന്നില്ല. 1952 ലാണ് ആർ. എസ്. പി ഘടകം ഉണ്ടായത് . കൊല്ലം ജില്ല കഴിഞ്ഞാൽ ആർ. എസ്. പി . ശക്തി കേന്ദ്രം കുറ്റിപ്പുറത്താ-യിരുന്നു വെന്നാണ് മദിരാശി സർക്കാറിൻെറ രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് ചെയ്തത്. മലബാറിലെ റെയിൽവെ തൊഴിലാ ളികളുടെ സംഘടന ഏറ്റവും ശക്തം കുറ്റിപ്പുറത്തായിരുന്നു. മലഞ്ചരക്ക് വ്യാപാരവുമായി ബന്ധപ്പെട്ട ചരിത്രത്തിന് 800 വർഷത്തിലധികം പഴക്കമുണ്ട്. നിളാ നദി വഴിക്കാണ് തുറമുഖ നഗരപ്രവേശനം. ചെങ്ങണയിൽ കടവ്, കാങ്കപ്പുഴക്കടവ്, മല്ലൂർ കടവുകൾ മുതലായവ ചെറിയ തുറമുഖങ്ങൾ തന്നെയായിരുന്നു. കൂടാതെ ഇതിലെ ടിപ്പു പടയോട്ടവും നടത്തിയിട്ടുണ്ട്. കുറ്റിപ്പുറം-ചെമ്പിക്കൽ-തിരൂർ റോഡിന് " ടിപ്പു-സുൽത്താൻ റോഡ്" എന്നപേര് വരാൻ കാരണം ഇതാണ്.

കൊല്ലവർഷം 1900-ാം മാണ്ടിൽ കുറ്റിപ്പുറത്ത് ഉൽക്ക വീണ ചരിത്രമുണ്ട്. ഇത് കൽക്കത്താ മ്യൂസിയത്തിൽ പ്രദർശനത്തിന് ഇപ്പോഴുമുണ്ട്. കുറ്റിപ്പുറം ഒരു പ്രധാന വാണിജ്യ-കേന്ദ്രമായിരുന്നു. വളാഞ്ചേരി, വെങ്ങാട്, കുളത്തൂർ, രണ്ടത്താണി, കുമ്പിടി, ആനക്കര, കുമരനെല്ലൂർ, തൃത്താല, പറക്കുളം, മാണൂർ, തവനൂർ, നരിപ്പറമ്പ്, കണ്ടനകം,മേലഴിയം, ചേകനൂർ, വട്ടംകുളം, എടപ്പാൾ, ചങ്ങരംകുളം, കാരത്തൂർ, തിരുന്നാവായ , എടക്കുളം മുതലായ പ്രദേശങ്ങളിലേക്ക് ഇവിടെ നിന്നായിരുന്നു ചരക്ക് കൊണ്ടു പോയിരുന്നത്. ശനിയാഴ്ച ചന്ത പ്രധാനമായിരുന്നു. കന്നുകാലിചന്തയു മുണ്ടായിരുന്നു. മരക്കച്ചവടത്തിൽ മുൻപന്തിയിൽ കുറ്റിപ്പുറമായിരുന്നു. അതുപോലെ മാങ്ങ, ചക്ക, മുതലായ പഴവർഗ്ഗങ്ങൾ വാഗണുകളിലും, ലോറികളിലും അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും കുറ്റിപ്പുറം മുൻപന്തിയി- ലായിരുന്നു. റെയിൽവേക്ക് ആവശ്യമായ സ്ലീപ്പർ, കരിങ്കൽ മുതലായവ കുറ്റിപ്പുറത്തു നിന്നായിരുന്നു നല്കിയിരുന്നത്. മദ്രാസ്, മുംബൈ തുടങ്ങിയ സ്ഥലങ്ങളിലേക്കും കുറ്റിപ്പുറത്തു നിന്നാണ് മരം കയറ്റിയിരുന്നത്.. കുറ്റിപ്പുറം പഞ്ചാ യത്തിലെ അടക്കക്ക് പ്രത്യേകം പ്രാധാന്യം ഉണ്ടായിരുന്നു. കൂടുതൽ വിലയും കിട്ടിയിരുന്നു. കേരളത്തിലെ ഒരു വലിയ നെല്ലുകുത്തുമില്ല് (പ്രകാശ് മിൽ) കുറ്റിപ്പുറത്തായിരുന്നു. ഇവിടെ അടയ്ക്ക മാർക്കറ്റിംഗ് സൊസൈറ്റി ഉണ്ടായിരുന്നു. മുൻ രാഷ്ട്രപതി വി.വി. ഗിരിയാണ് അതിൻെറ ഉദ്ഘാടനം നിർവ്വഹിച്ചത്. വടക്കൻ പ്രദേശങ്ങളിലെ തീർത്ഥാടകർക്ക് ഗുരുവായൂർ, കാടാമ്പുഴ, മലമക്കാവ് തുടങ്ങിയ അമ്പലങ്ങളിലേക്കും , പുത്തൻപള്ളി, ചെറിയ മക്കയെന്നറിയപ്പെടുന്ന പൊന്നാനി മുതലായ സ്ഥലങ്ങളിലേക്ക് റെയിൽ മാർഗ്ഗം വരുന്നവർക്ക് കുറ്റിപ്പുറം സ്റ്റേഷനിലാണ്

ഇറങ്ങേണ്ടത്. അത് കൊണ്ടാണ് പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഈ ലൈനിൻെറ സർവ്വെ പണികഴിപ്പിച്ചത്. ഈ വർഷം 29 കോടി രൂപ വകയിരുത്തിയതും. കേരളത്തിലെപ്രധാന റയിൽവേസ്റ്റേഷനുകളിലൊന്നാണ് കുറ്റിപ്പുറം. പൊന്നാനി കടൽ തുറമുഖ പ്രദേശത്തേക്കും വാണിജ്യ സുഗന്ധവിളകളുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്ന പ്രദേശങ്ങളിൽ ഒന്ന് കുറ്റിപ്പുറ- മായിരുന്നു . കുറ്റിപ്പുറം പാലമാണ് ചരിത്രത്തിൻെറ ഗതിക്ക് മാറ്റം കുറിച്ചത്. നാഗപറമ്പിൽ കൈരളീ വായനശാല നിൽക്കുന്ന പറമ്പിൽ അഞ്ചും ,ആറും അടി താഴ്ച്ചയുള്ള ഗുഹകൾ കാണുന്നു. കുറ്റിപ്പുറത്തെ ചുള്ളക്കാട്ടിൽ പറമ്പിൽ ഒരു കുടുംബത്തിന് കഴിയാനുള്ള ഗുഹയുണ്ട്.

കേരളത്തിലെ അറിയപ്പെടുന്ന കവികളിൽ ഒരാളായ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർക്ക് ജന്മം നൽകിയത് കുറ്റിപ്പുറമാണ്. തൻെറ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ആലപ്പുഴയിലേക്ക് പോവുകയും അവിടെ മുല്ലക്കൽ ക്ഷേത്രത്തിന് സമീപം ഒരു ക്ലബ്ബുണ്ടാക്കുകയും ചെയ്തു. അവിടെ നിന്നാണ് ഈ രംഗത്തേക്കുള്ള ആദ്ദേഹത്തിൻെറ ഉയർച്ച. വക്കീൽ ഗുമസ്തനായതും അവിടെനിന്നാണ്. അതിന് ശേഷം പൊന്നാനിയിൽ ഗുമസ്ത ജോലി ചെയ്യുകയും പൂത്തില്ലത്ത് നിന്ന് കല്ല്യാണം കഴിച്ച് അവിടെ സ്ഥിരതാമസമാക്കുകയു ചെയ്തു. സുപ്രസിദ്ധകവിയും നടനും നാടകകൃത്തും സംവിധായകനും പ്രശസ്ത സാമൂഹ്യ-സാംസ്കാരികനായകനും കുറ്റിപ്പുറം സ്വദേശിയുമാണ് ഇടശ്ശേരി. അളകാവലി, ലഘുഗാനങ്ങൾ, കാവിലെ പാട്ട്, ഒരു തത്വശാസ്ത്രമുറങ്ങുമ്പോൾ, പുത്തൻ കലവും അരിവാളും എന്നിവ കവിതാ സമാഹാരങ്ങളാണ്. കൂട്ടുകൃഷി, നൂലാമാല, ചാലിയത്തി, കളിയും ചിരിയും, എണ്ണിച്ചുട്ട അപ്പം, ഞെടിയിൽ പടരാത്ത മുല്ല എന്നിവയും ഒന്നര ഡസനിലേറേ നാടകഗ്രന്ഥങ്ങളുമുണ്ട്. കൂട്ടുകൃഷി എല്ലാ ഇന്ത്യൻ ഭാഷകളിലും, പല ലോക ഭാഷകളിലിം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ പ്രഗൽഭൻമാർക്കും ജന്മസ്ഥലത്ത് പല സ്മാരകങ്ങളും ഉയർന്നെങ്കിലും ഈ മഹാ വ്യക്തിക്ക് ഇവിടെ ഇന്നേവരെ സ്മാരകം ഉയർന്നിട്ടില്ല.

സുരാസു (ബാലഗോപാൽ)

കുറ്റിപ്പുറം പഞ്ചായത്തിലെ നടുവട്ടം സ്വദേശിയാണ്. കരിങ്കമണ്ണ കുടുംബാംഗം, അറിയപ്പെടുന്ന സിനിമാനടൻ, നാടകനടൻ, നാടകകൃത്ത്, നാടക സംവിധായകൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയനായിരുന്നു. എ. എ. മലയാളിയുടെ "ഇബിലീസിൻെറ മക്കൾ" എന്ന നാടകത്തിലൂടെയായിരുന്നു തുടക്കം. ഇപ്പോൾ താമസം കോഴിക്കോട് ജില്ലയിലെ മുക്കത്താണ്.

കലാമണ്ഡലം കല്ല്യാണി കുട്ടിയമ്മ

പ്രശസ്ത നർത്തകിയും, മോഹിനിയാട്ടം അദ്ധ്യാപിക(കലാമണ്ഡലം പ്രാഫസർ) വിദേശികളടക്കം പ്രശസ്തരായ ധാരാളം ശിഷ്യ സമ്പത്തുകൾക്കുടമയാണ്. വിദേശ നാടുകളിൽ മോഹിനിയാട്ടം അവതരിപ്പിച്ചു. കുറ്റിപ്പുറം പഞ്ചായത്തിലെ നടുവട്ടം സ്വദേശിനിയാണ്.
സുരാസുവിൻെറ മാതൃ സഹോദരിയുമാണ്.

താമറ്റാട്ട് ഉണ്ണികൃഷ്ണൻ

കവിയും ഗ്രന്ഥകാരനുമായിരുന്നു. പൂമൊട്ടുകൾ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ്. കുറ്റിപ്പുറം സ്വദേശി. അകാലത്തിലായിരുന്നു അന്ത്യം.

കോടമ്പി അഹമ്മദ് കുട്ടി

കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചലം സ്വദേശി മാപ്പിള കവി, മാപ്പിളപ്പാട്ട് രചയിതാവ്, ഗായകൻ, ജീവിച്ചിരിപ്പില്ല.

കെ. എസ്. മേനോൻ

പ്രസിദ്ധ ഭാരത സർക്കസ്സ് ഉടമ. ലോക പ്രശസ്ത സർക്കസ്സ്സംവിധായകൻ. പല വിദേശഭാഷകളും കൈകാര്യം ചെയ്തിരുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ സർക്കസ്സുകളിലൊന്നായ ഭാരത സർക്കസ്സിൻെറ ഹെഡ്ഡാഫീസ് കുറ്റിപ്പുറത്താ യിരുന്നു.

പറക്കുന്നൻ ചേന്നൻ

പ്രശസ്ത ചെണ്ട വാദ്യ വിദഗ്ധനായിരുന്നു. പല പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

പി. ചന്ദ്രശേഖരൻ, പി. കുഞ്ഞാപ്പു, എ. കെ. അബ്ദുള്ള, എ. കെ. ബാവ, കെ. പി. കുട്ടികൃഷ്ണൻ നായർ തുടങ്ങിയ അഞ്ച് പേരും കുറ്റിപ്പുറത്തെ പ്രധാന ഫുട്ബാൾ കളിക്കാരായിരുന്നു . ചന്ദ്രശേഖരൻ ഇന്ത്യൻ ടീമിന് വേണ്ടി കളിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര പ്രശസ്തിയാർജിച്ച ചിത്രകാരൻ കെ. പി. കൃഷ്ണ കുമാർ കുറ്റിപ്പുറം സ്വദേശിയാണ്. അന്താരാഷ്ട്ര ചിത്ര മത്സരത്തിൽ പുരസ്കാരങ്ങൾ നേടുകയും തൻെറ ചിത്രങ്ങൾക്ക് ലക്ഷങ്ങൾ കിട്ടുകയും ചെയ്തിട്ടുണ്ട്. 1989 ൽ മരിച്ചു.

കുറ്റിപ്പുറത്തെ ആദ്യത്തെ വായനശാല എം. പി പോൾ സ്മാരക വായനശാല യായിരുന്നു. ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രശസ്തരാ- യവരുടെകൃതികളടക്കം നൂറുകണക്കിന് പുസ്തകങ്ങൾ ഈ ലൈബ്രറിയിൽ ഉണ്ടായിരുന്നു. തുടർന്ന് ഈ പ്രദേശത്തെ രാഷ്ട്രീയ-സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ രാഷ്ട്രീയത്തിനതീതമായി രൂപം കൊടുത്ത സാംസ്ക്കാരിക സ്ഥാപനമാണ് എലൈറ്റ് ഗ്രന്ഥശാല ആൻറ് സ്പോർട്സ് ആർട്സ് ക്ലബ്ബ്. മുപ്പത്തഞ്ചോളം വർഷത്തെ ചരിത്രമാണ് ഇതിന്. ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രശസ്തരായവരുടെ നൂറ് കണക്കിന് കൃതികൾ ഈ സ്ഥാപനത്തിലുണ്ട്. ഗ്രന്ഥശാലാ സംഘത്തിൻെറ ഗ്രാൻറ് കിട്ടി കൊണ്ടിരിക്കുന്നു. നിരവധി നാടക മത്സരങ്ങൾ നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ ഒട്ടേറേ നാടക മത്സരങ്ങളിൽ പങ്കെടുക്കുകയും പുരസ്ക്കാരങ്ങളും മറ്റും കിട്ടുകയും ചെയ്തിട്ടുണ്ട്. ഇതിൻെറ സ്ഥാപകരിൽ ഒരാളായ അന്തരിച്ച മൊയ്തീൻ മാസ്റ്റർ സാംസ്ക്കാരിക രംഗത്ത് ഒട്ടേറേ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രശസ്ത കവിയായ ശ്രീ ഒ. എൻ. വി . കുറുപ്പ് കുറ്റിപ്പുറം പഞ്ചായത്തിലെ നടുവട്ടം കൊള്ളൻചേരി പുത്തൻ വീട്ടിൽ നിന്നാണ് വിവാഹം കഴിച്ചിരിക്കുന്നത്. കുറ്റിപ്പുറമായിരുന്നു എം. ടി. വാസുദേവൻ നായരുടെ ബാഹ്യലോകം.

നടുവട്ടത്തെ കൈരളീഗ്രന്ഥശാലയും പ്രശസ്തമായ രീതിയിൽ നടക്കുന്നു. ഗ്രന്ഥശാലാ സംഘത്തിൻെറ ഗ്രാൻറ് കിട്ടുന്നുണ്ട്. പതിറ്റാണ്ടുകളുടെ ചരിത്രം ഈ വായനശാലക്കുണ്ട്.

കുറ്റിപ്പുറം പഞ്ചായത്തിൽ മൂന്നാം വാർഡിലുള്ള പഞ്ചായത്തിൻെറ സാംസ്-ക്കാരിക നിലയം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പ്രശസ്തരുടെ ആയിരക്കണക്കിന് കൃതികൾ ഈ സ്ഥാപനത്തിലുണ്ട്. അച്ചിപ്പുറം തങ്ങൾ, മാതം കുഴി കുഞ്ഞാവ മുസ്ല്യാർ, താണിക്കാട് രാമൻ നമ്പ്യാർ, ശ്രീധരപണിക്കർ, സയ്യിദ് കെ. പി. എസ്. തങ്ങൾ എന്നിവർ സാംസ്ക്കാരിക രംഗത്തെ ഉന്നതരായിരുന്നു.

കുറ്റിപ്പുറം നൊട്ടനാലുക്കൽ ഭഗവതി ക്ഷേത്രത്തിന് 500 ൽ പരം വർഷത്തെ ചരിത്ര പശ്ചാത്തലമുണ്ട്. നൊട്ടൻ എന്ന ആൾ ഒരു മന്ത്രവാദി കുടുംബത്തിലെ അംഗമായിരുന്നു. ഇക്കാര്യത്തിൽ നൊട്ടൻ അഛനേക്കാൾ മുന്നിലായിരുന്നു. അത് കൊണ്ട് അഛനത് സഹിച്ചില്ല. ഒരു ദിവസം അനുനയത്തിൽ മകനെ സമീപിച്ച് പുഴ തീരത്തേക്ക് കൂട്ടി കൊണ്ട് വരുകയും പുഴയിലേക്ക് തള്ളുകയുമാണ് ചെയ്തത്. പുഴയിൽ വീണ നൊട്ടൻ തൻെറ ദൃഷ്ടിയിൽപ്പെട്ട ഒരു ആലിൻ കൊമ്പിൽ പിടിക്കുകയും കീഴ്പ്പോട്ട് ഒഴുകുകയും ചെയ്തു. കുറ്റിപ്പുറം ഭാരതപ്പുഴയിൽ പാറക്കൽ എന്ന സ്ഥലത്ത് അലക്കികൊണ്ടിരുന്ന മണ്ണാൻമാർ ഇത് കാണുകയും തുണികൾ ഏച്ചുകെട്ടി നൊട്ടന്

എറിഞ്ഞ് കൊടുക്കുകയും നൊട്ടൻ അതിൽ പിടിച്ചു കയറുകയുമാണ് ചെയ്തത് . മണ്ണാൻമാർ നൊട്ടനെ മാരായത്തേക്ക് കൂട്ടികൊണ്ട് പോവുകയും ചെയ്തു. അവിടെ നിന്ന് നൊട്ടന് കുടിക്കുവാൻ പാൽ നൽകി. അത് കുടിക്കുകയും ചെയ്തു. അതിന് ശേഷം ആലിൻ കൊമ്പ് അവിടെ കുത്തി തൻെറ ഇഷ്ടദേവതയെ ധ്യാനിക്കുകയും മണ്ണാൻമാരുടെ അടുത്തേക്ക് തന്നെ മടങ്ങിപോവുകയും ചെയ്തു. അവിടെ കുറച്ചുകാലം താമസിച്ചു. അപ്പോഴേക്കും ഈ പ്രദേശത്ത്കാർക്ക് നൊട്ടനെ വലിയ കാര്യമായി. എല്ലാവിധ അസുഖങ്ങൾക്കും നൊട്ടൻ മന്ത്രിച്ചൂതിയാൽ മതിയെന്ന അവസ്ഥ വന്നു.

കുറ്റിപ്പുറം സാമൂതിരിയുടെ കീഴിലായിരുന്നു. സാമൂതിരിയുടെ പ്രധിനിധി മണക്കുന്നത്തെ നമ്പിടിമാരായിരുന്നു. അവിടെ ഒരുകുട്ടിക്ക് അപസ്മാരത്തിൻെറ അസുഖം വന്നു. എല്ലാചികിത്സയും കഴിഞ്ഞ് മാറാതെ വന്നപ്പോഴാണ് നൊട്ടനെപ്പറ്റി കേട്ടത്. നൊട്ടനെ ആളയച്ച് വരുത്തുകയും കുട്ടിയെ കാണിക്കുകയും ചെയ്തു. നൊട്ടൻ കുറച്ച് ഭസ്മം വിതറിയപ്പോൾ അസുഖം മാറുകയും ചെയ്തു. അങ്ങനെ നമ്പിടിക്ക് നൊട്ടനോട് വളരെ സ്നേഹം തോന്നുകയും നൊട്ടനോട് ഇടയ്ക്കിടക്ക് വരണമെന്നും, വരുമ്പോൾ ഓണപ്പുടവകൾ നൽകുകയും ചെയ്തിരുന്നു. ഇതിൽ അസൂയ തോന്നിയ കാര്യസ്ഥൻമാർ നമ്പിടിയോട് നൊട്ടൻ കുട്ടിയുമായി പോകുവാനുള്ള എല്ലാ ഏർപ്പാടും ചെയ്തിരിക്കുന്നുവെന്നറിയിച്ചു. ഇതറിഞ്ഞ നമ്പിടി കൈപ്പത്തുരുത്തിൽ കൊണ്ട് പോയി നൊട്ടനെ ശിരഛേദം ചെയ്യാൻ കൽപ്പിക്കുകയും ചെയ്തു. ജ്ഞാന ദൃഷ്ടിയിൽ ഇതറിഞ്ഞ നൊട്ടൻ മണക്കുന്നത്ത് ഇടവഴിയിൽകൂടി നിളാ തീരം കടന്ന് മേലഴിയത്ത് എത്തുകയും അവിടം കൊച്ചി രാജാവിൻെറ അധീനതയിലായത് കൊണ്ട് നമ്പിടിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അങ്ങനെ നൊട്ടൻ മേലഴിയത്ത് വെച്ച് മരണപ്പെടുകയും മരണപ്പെട്ട സ്ഥലത്ത് നൊട്ടൻെറ പേരിൽ ഒരു ക്ഷേത്രം അവിടുത്തുകാർ ഉണ്ടാക്കുകയും ചെയ്തു. 20 വർഷത്തിന് ശേഷം കുറ്റിപ്പുറത്ത് എല്ലാവർക്കും വസൂരി ഉണ്ടായി മരിക്കുവാൻ തുടങ്ങി . ഗത്യന്തരമില്ലാതെ ഇവിടുത്തെ നാട്ടുപ്രമാണിമാർ ആലിൻ കൊമ്പ് കുത്തിയ സ്ഥലത്ത് പ്രശ്നം വപ്പിക്കുകയും അത് പ്രകാരം നൊട്ടൻെറ ഇഷ്ടദേവതയെ അവർ ധ്യാനിക്കുകയും തറ കെട്ടിവേലകഴിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം മേലഴിയത്ത് നിന്ന് ചോപ്പനെ എഴുന്നെള്ളിച്ച് കോണ്ടു വന്നു. ഇതാണ് ഇവിടുത്തെ വേലയുടെയും ക്ഷേത്രത്തിൻേറയും ഐതീഹ്യം.


ഇപ്പോൾ ഈ ക്ഷേത്രത്തിലേക്ക് പല സ്ഥലത്തു നിന്നും വരവുകൾ ഉണ്ട്. പൂക്കാവടി, കാവടിയാട്ടം മുതലായ തമിഴ്നാട്ടിലെ ദൃശ്യകലാ രൂപങ്ങൾ ഇതിന് മാറ്റുകൂട്ടുന്നു. മുൻകാലങ്ങളിൽ ഇവിടെ കോഴികളെ ബലി അറുത്തിരുന്നു. ഈ ക്ഷേത്രത്തിൻെറ ഊരാളന്മാർ ആഴ്വാഞ്ചേരിമന, ഇരിങ്ങാവൂർ കോട്ല് നമ്പിടി, കിഴക്കേപ്പാട്ടുകാർ, പേരശ്ശനൂർ നമ്പിടി എന്നിവരായിരുന്നു. നടുവട്ടത്തുള്ള പറമ്പത്തു കോവിൽ ക്ഷേത്രത്തിന് 2500 വർഷത്തെ ചരിത്ര പശ്ചാത്തലമുണ്ട്. ഈ ക്ഷേത്രത്തിൻെറ ഊരാളന്മാർ പുതിയണ്ണൂർ മന, പാണ്ടൻ പറമ്പത്ത് മന എന്നിവരായിരുന്നു. പറക്കുന്നത്ത് ക്ഷേത്രത്തിന് 1500 വർഷത്തെ പഴക്കമുണ്ട്. കൊല്ലോടിക്കാരായിരുന്നു ഊരാളന്മാർ. നടുവട്ടത്തെ രുദിരമഹാകാളൻ ക്ഷേത്രത്തിന് 1500 വർഷത്തെ ചരിത്രമുണ്ട്. കരിങ്കമണ്ണ കുറുപ്പന്മാരായിരുന്നു ഊരാളന്മാർ.

കുറ്റിപ്പുറം കഴുത്തല്ലൂർ നേർച്ചയോട് ചെറുപ്പക്കാർക്ക് വളരെ താത്പര്യമായിരുന്നു. അവിടെ മറപ്പെട്ടിരിക്കുന്നത് അച്ചിപ്ര തങ്ങളാണ് (മുഹമ്മദ് കോയ) എന്നതാണ് അതിന് പറയപ്പെടുന്ന കാരണം. അദ്ദേഹം ഒരു ജനകീയനായിരുന്നു. നാനാ മതസ്ഥരുടേയും ഇഷ്ടനായ തങ്ങൾ കാളപൂട്ട്, ദഫ്മുട്ട്, അറവന മുട്ട്, പരിചമുട്ട്, കോൽക്കളി, പടകളി ഇത്യാദി കലകളോട് ഏറ്റവും അടുപ്പമുള്ള ഒരു സാധാരണ വ്യക്തിയായിരുന്നു. ഓർമ്മ

വച്ചനാഠ മുതൽ അദ്ദേഹം ഇവിടെയുണ്ട്. അച്ചിപ്രയാണ് സ്വദേശം. അദ്ദേഹം ഇവിടെ പ്രത്യക്ഷപ്പെട്ട കാലത്ത് നിളാ തീരത്തെ പഴയ ജുമാ അത്ത് പള്ളി മാത്രമേ ഉണ്ടായിരുന്നുള്ളു. അതിന് ശേഷമാണ് കഴുത്തല്ലൂർ മഹൽ വന്നത്. ഇതിൻെറ ഉദ്ഘാടന കർമ്മം നിർവ്വഹിക്കാനുള്ള ഭാഗ്യം സിദ്ധിച്ചത് ഖാൻ ബഹാദൂർ കിളിയ മണ്ണിൽ ഉണ്ണീൻകുട്ടി സാഹിബ് അവർകൾക്കായിരുന്നു. ഇക്കാല ത്തൊക്കെ ഈ അച്ചിപ്ര തങ്ങൾ പ്രതാപിയായ ഒരു ദിവ്യനായിരുന്നു.

കഴുത്തല്ലൂർ നേർച്ച ആഘോഷത്തോടെ കഴിച്ചിരുന്നു . ഇതിന് കാലമെത്രയെന്ന് ആർക്കുമറിയില്ല. അന്ന് ദൂരെ വടക്ക് അവിഭക്ത പഞ്ചാബിലെ പത്താൻകോട്ലെ പാഠാൻ ഔലിയ മലബാർ പര്യടനവേളയിലാണ് ഇവിടെയെത്തി ഭാര്യാപുത്രസമേതം മരണമടഞ്ഞത്. മൂന്നുപേരുടേയും ഖബറുകൾ തൊട്ടുതൊട്ട-ടുത്താണ് അന്ത്യവിശ്രമം കൊള്ളുന്നത്. പക്ഷേ കുറേകാലം കഴിഞ്ഞ് ഇവിടെ നേർച്ച നടക്കാതായി. അതിനുശേഷമാണ് ജാറത്തി ൻെറ ഉദ്ഭവവും നേർച്ചയുടെ ആരംഭവും . അദ്ദേഹം മതസൗഹാഹൃദത്തിൻെറ പ്രതീക - മായിരുന്നു. അതിൻെറ തെളിവായിരുന്നു കുറ്റിപ്പുറം നൊട്ടനാലുക്കൽ താലപ്പൊലിയുടെ ആദ്യ ദിവസത്തിലുള്ള ചാത്തപ്പൻെറ വരവും മേലഴിയത്തിൽ നിന്നു ആച്ചു ചോപ്പൻെറ വരവും. ചാത്തൻ ചോപ്പൻേറത് ഉച്ചക്കും ആച്ചു ചോപ്പൻെറ മഞ്ഞപ്പയറ്റ് ഉച്ചതിരിഞ്ഞും ആ യിരുന്നു. ഈ രണ്ടവസരത്തിലും ഓരോ പട്ട് അദ്ദേഹം അവർക്ക് എറിഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു. മുൻകാലങ്ങളിൽ 2 ജാറങ്ങളിലും നേർച്ച ആഘോഷമായി കൊണ്ടാടിയിരുന്നു.

ഇതുപോലെ തന്നെ ചെല്ലൂർ മുടാലിൽ പഴയ കാലത്തെ ഓർമ്മിപ്പിച്ചു കൊണ്ടുള്ള പൈതൽ ജാറവും, ഊരോത്ത് പള്ളിയാലിൽ ശൈഖ് അലി ബാവ ജാറവും നില നിൽക്കുന്നു.



80

# 4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ മൂന്ന് ഭാഗവും ഭാരതപ്പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്നു. കേരളത്തിലെ നദികളിൽ ഏറ്റവും കൂടുതൽ ജലസമ്പത്ത് നൽകുന്നത് ഭാരതപുഴയാണ്. 209കി.മീ. നീളമുള്ള ഭാരതപുഴ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലെ ആനമലയിൽ നിന്ന് 1904 മീറ്റർ ഉയരത്തിൽ നിന്ന് ഉൽഭവിക്കുന്നു. ഗായത്രിപുഴ, കണ്ണാടിപ്പുഴ, കല്പാത്തിപ്പുഴ, തൂതപ്പുഴ, കരിമ്പിൻപുഴ എന്നിവയാണ് ഭാരതപ്പുഴയുടെ പ്രധാന പോഷക നദികൾ. എന്നാൽ ഈ പുഴയിലെ ഭൂരിഭാഗം ജലവും ആസൂത്രണത്തിന്റെ അഭാവത്തിൽ കൃഷിക്ക് ഉപയുക്തമാകാതെ അറബിക്കടലിൽ പതിക്കുന്നു.

നടുവട്ടം പാടം, ഇരുവപ്പാടം, കായൻപാടം, കൊളത്തോൾപാടം, കുന്താണി പാടം, പാഴൂർ പാടം, പൂങ്കോറ പാടം, ചെല്ലൂർ പാടം, കഴുത്തല്ലൂർ പാടം, എടച്ചലം പാടം, പേരശനൂർ പുഞ്ചപ്പാടം, പൈങ്കണ്ണൂർ പാടം, കുളക്കാട് പാടം എന്നിവയാണ് പഞ്ചായത്തിലെ പ്രധാന നെൽകൃഷി സ്ഥലങ്ങൾ. ഈ പാടശേഖരങ്ങളിലും കഴിഞ്ഞകാലങ്ങളിൽ ഭാരതപ്പുഴയിൽനിന്നും വെള്ളം കയറി കൃഷി നശിക്കുന്നു. എന്നാൽ ഇന്ന് മലമ്പുഴ ഡാമിന്റെ നിർമ്മിതിയും, മഴയുടെ കുറവും, മറ്റുള്ള ചെറുകിട ജലസേചനപദ്ധതികളും കാരണം വെള്ളപ്പൊക്കം ഭാഗികമായി മാത്രമെ ഉണ്ടാകുന്നുള്ളു.

ഭൂപ്രകൃതി അനുസരിച്ച് ഗ്രാമപഞ്ചായത്തിനെ പ്രധാനമായും അഞ്ച് മേഖലകളാക്കിത്തിരിക്കാം

1. നിളാ തീരം
2. സമതലം
3. ഉയർന്ന സമതലം
4. ചെറു ചെരിവ്
5. കുന്നിൽ പ്രദേശം

## പട്ടിക 1

| S. No | ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം ഏക്കറിൽ |
|---|---|---|
| 1 | നീളാ തീരം | 945.83 |
| 2 | സമതലം | 1981.25 |
| 3 | ഉയർന്ന സമതലം | 4017.09 |
| 4 | ചെറുചെരിവ് | 67.36 |
| 5 | കുന്നിൻ പ്രദേശം | 115 |

സമുദ്രനിരപ്പിനെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പിനെ 15 മീറ്ററിൽ താഴേ 50 മീറ്ററിൽ താഴെ, 150 മീറ്ററിൽ താഴെ, 300 മീറ്ററിൽ താഴെ എന്നിങ്ങനെ തരം തിരിക്കാം. പഞ്ചായത്തിലെ പ്രധാന കുന്നിൻ പ്രദേശങ്ങൾ കരിയാർ കുന്ന്, പുള്ളിയാൻമാട് കുന്ന്, മൂടാൽ എടച്ചലം കുന്ന്, മോസ്കോ കുന്ന്, പേരശനൂർ കുന്ന് എന്നിവയാണ്. ഇതിൽ പുളിയൻ മാട് കുന്നിൽ ബ്രിട്ടീഷ് ഭരണകാലത്ത് പട്ടാളക്കാർക്ക് സിഗ്നൽ നൽകുന്നതിന് വേണ്ടി നിർമ്മിച്ച "അഴിയും കുറ്റിയും" ഇന്നും K.S.D.C. പരിസരത്ത് കാണാൻ കഴിയും. ഇതു കൂടാതെ ചെറിയ കുന്നിൻ പ്രദേശങ്ങളായ നടുവട്ടം കുന്ന്, കൊളക്കാട് ചെറ്റാരി കുന്ന്, ചെരട്ടക്കുന്ന്, പറങ്ങൻ ബംഗ്ലാവ് കുന്ന്, കുനിയൻകുന്ന് എന്നിവയും ഉണ്ട്. ഇതിൽ ഉയരത്തിന്റെ കാര്യത്തിൽ മുൻപിൽ നിൽക്കുന്നത് പുളിയൻമാട് കുന്നാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളും കുന്നിൻ പ്രദേശം ഉൾക്കൊള്ളുന്നതാണ്.

പഞ്ചായത്തിൽ അഞ്ചു തരത്തിലുള്ള മണ്ണുകൾ കാണുന്നു.

1. മണൽ
2. മണൽ കലർന്ന കളിമണ്ണ്
3. ചുവന്ന മണ്ണ്.
4. ചരൽ മണ്ണ്.
5. വെട്ടുപാറ

ഇതുകൂടാതെ കരിങ്കൽപാറയുമുണ്ട്.

## പട്ടിക 2

| S. No | മണ്ണിനങ്ങൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | മണൽ | 420 |
| 2 | മണൽ കലർന്ന മണ്ണിനങ്ങൾ | 830 |
| 3 | ചുമന്ന മണ്ണ് | 16850.3 |
| 4 | ചരൽമണ്ണ് | 95 |
| 5 | വെട്ടുപാറ | 29.9 |
| 6 | കരിമ്പാറ | 72 |

382

## ജനപ്രകൃതി

1991ലെ ജനസംഖ്യാ സെൻസസ് പ്രകാരം 37156 ആളുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 18047 പുരുഷൻമാരും, 19109 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 1062 സ്ത്രീകളാണ് കൂടുതൽ. പഞ്ചായത്തിൽ ആകെ 14 വാർഡുകൾ ആണ് ഉള്ളത്. 8495 വീടുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ജനസാന്ദ്രത ശരാശരി ചതുരശ്ര കി.മീ.ക്ക് 1186 ആകുന്നു. ശരാശരി വീടൊന്നിന് 4.4 ആളുകൾ വീതമുണ്ട്. പട്ടികജാതി ജനസംഖ്യ 3706 ആണ്. ഇതിൽ പുരുഷൻമാർ 1845ഉം സ്ത്രീകൾ 1861 ഉം ആകുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഒരു വലിയ മുന്നേറ്റം നടത്താൻ ഇപ്പോഴും പഞ്ചായത്തിന് വേണ്ടത്ര സാധിച്ചിട്ടില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പോരായ്മയും, അക്കാദമിക് തലങ്ങളിൽ ശരിയായ മൂല്യനിർണ്ണയത്തിന്റെ അഭാവവും ആണ് ഇതിന്റെ പ്രധാനകാരണമായി ചൂണ്ടി കാണിക്കുന്നത്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കാർഷിക രംഗം ആണ്. പല കാരണങ്ങളാൽ ഈ രംഗം ആദായകരമല്ലാതായതോടെ ഈ മേഖലയിലെ കാർഷിക തൊഴിലാളികളിൽ ഭൂരിഭാഗവും നിർമ്മാണതൊഴിൽ മേഖലയിലേക്ക് തിരിഞ്ഞിരിക്കുന്നു. പ്രധാനമായും കാർഷിക മേഖലയിലെ അഭിവൃദ്ധിക്ക് ഉപയോഗിക്കേണ്ടിയിരുന്ന ഭാരതപുഴയടക്കം കെട്ടിട നിർമ്മാണ മേഖലയുടെ ആവശ്യവസ്തുവായ മണൽ എടുക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഇതു നിമിത്തം ഒട്ടേറെ തൊഴിലാളികൾ ഈ മേഖലയിലേക്കും തിരിയുന്നു. പരമ്പരാഗത തൊഴിൽ മേഖലയിൽ പെടുന്ന മൺപാത്ര തൊഴിലാളികളും പഞ്ചായത്തിന്റെ വിവിധ വശങ്ങളിൽ ഉണ്ട്

ജാതിപരമായ ഉച്ചനീചത്വങ്ങൾ പൊതുജീവിതത്തിലില്ലെങ്കിലും സ്വകാര്യജീവിതത്തിൽ ഇന്നും നിലനിൽക്കുന്നു നിക്കുന്നു. ഇതിന്റെ പ്രധാന കാരണമായി നിൽക്കുന്നത് സമൂഹത്തിലെ ചില മേഖലകളിൽ കാണപ്പെടുന്ന വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പരാധീനതകളാണ്. ഇതിനെതിരെ 1950 കളിൽ ശക്തമായ പ്രക്ഷോഭങ്ങൾ പഞ്ചായത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതിന് പ്രസിഡണ്ട് താമി തുടങ്ങിയ വ്യക്തികൾ നേതൃത്വം നൽകിയിട്ടുണ്ട്. ഈ രൂപത്തിലുള്ള പ്രക്ഷോഭങ്ങൾ നടന്നു കഴിഞ്ഞ് നാല് ദശാബ്ദങ്ങൾ പിന്നിട്ടിട്ടും ഇന്നും ഇതിന്റെ അവശിഷ്ടങ്ങൾ സമൂഹത്തിൽ ചില മേഖലകളിൽ കണ്ടുവരുന്നു.

## ജലവിഭവം

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. പഞ്ചായത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളിൽ ഭാരതപുഴയും പടിഞ്ഞാറ് ഭാഗത്ത് 70 ഹെക്ടറോളം വരുന്ന വലിയ പറപ്പൂർ കായലും ആണ്. 30 കി.മീ. വരുന്ന 5 തോടുകളും ഉണ്ട്. ഇതിൽ പ്രധാന തോട് ആതവനാടുനിന്ന് വരുന്ന കൊളത്തോൾ തോടാണ്. പഞ്ചായത്തിന്റെ കണക്കിൽ പെട്ട 27 കുഴൽകിണറുകളും 16 പൊതുകിണറുകളും ഉണ്ട്. പഞ്ചായത്തിന്റെ നടുവട്ടം വില്ലേജിൽ 3 പൊതുകുളങ്ങൾ ഉണ്ട്. ഇതിൽ വെള്ളം കിട്ടിയിരുന്ന നരിക്കുളം ഇപ്പോൾ ഉപയോഗപ്രദം അല്ല. കൈയേറ്റം നടക്കുന്നു. കഴിഞ്ഞകാലങ്ങളിൽ വെള്ളം ലഭിച്ചിരുന്നതടക്കം 6 ചോലകൾ ഉണ്ട്.

ഇതെല്ലാം ഉണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിലും, ജലസേചനത്തിന്റെ കാര്യത്തിലും കുറ്റിപ്പുറം പഞ്ചായത്ത് കുറേയേറെ പ്രയാസം അനുഭവിക്കുന്നുണ്ട്. ഇതിന്റെ പ്രധാനകാരണം ദീർഘവീക്ഷണത്തോടുകൂടിയ ജലസേചനപദ്ധതികൾ സമയനിഷ്ടത പാലിച്ച് നടപ്പിൽ വരാത്തതാണ്. അര ഏക്കറിൽ കൂടുതൽ വിസ്തൃതിയുള്ളതും, ശുദ്ധജല മത്സ്യകൃഷിക്ക് പറ്റിയതുമായ 15 ഓളം കരിങ്കൽ ക്വാറികൾ പഞ്ചായത്തിലുണ്ട്.



# 5 സാമൂഹിക സാമ്പത്തിക മേഖലകൾ

## 5-1 കൃഷിയും ജലസേചനവും

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് കാർഷിക വ്യാവസായിക സ്വഭാവമുള്ള ഒരു പ്രദേശമാണ്. 11ഓളം കുന്നിൻ പ്രദേശങ്ങളും അവയുടെ താഴ്‌വരകളും ഭാരതപ്പുഴയോട് ചേർന്ന്കിടക്കുന്ന സമതലപ്രദേശങ്ങളും അടങ്ങിയതാണ് ഈ പ്രദേശം. ഭൂമിയുടെ നിമ്നോന്നതയെ അടിസ്ഥാനമാക്കി 25 മീ. മുതൽ 300 മീറ്റർ വരെ ഉയരത്തിൽ കിടക്കുന്ന ഭൂവിഭാഗമായി ഇവയെ തരംതിരിക്കാം. ഏറ്റവും ഉയർന്നു നിൽക്കുന്നത് കെ.എസ്.ഡി.സി. അടങ്ങുന്ന പുളിയമ്മാട് കുന്നും പേരശ്ശനൂർ, എടച്ചലം, ആവക്കാട് കുന്നുമാണ്. ഈ കുന്നിൻ പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന തോടുകൾ മുഴുവനും ഭാരതപ്പുഴയിൽ ചെന്നുചേരുന്നു. കൊളത്തോൾ തോട് മാത്രം തിരൂർ പുഴയിൽ ചെന്ന് അവസാനിക്കുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമകളും ഒരു ഏക്കറിൽ താഴെ ഭൂമി ഉള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം പട്ടിക 1ൽ ചേർത്തിരിക്കുന്നു.

**പട്ടിക 1**

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| വില്ലേജിന്റെ പേര് | ഉടമസ്ഥരുടെ എണ്ണം (സെന്റ്) 1-10 | 10-25 | 25-50 | 50-100 | (ഏക്കർ) 1-2 | 2-5 | 5ന് മേൽ |
|---|---|---|---|---|---|---|---|
| നടുവട്ടം | 426 | 512 | 615 | 376 | 298 | 325 | 28 |
| കുറ്റിപ്പുറം | 803 | 702 | 900 | 602 | 305 | 292 | 117 |
| ആകെ | 1229 | 1214 | 1515 | 978 | 603 | 617 | 145 |

നെല്ല്, തെങ്ങ് കമുങ്ങ് എന്നിവയാണ് പ്രധാന കൃഷികൾ. ഇടവിളയായി കിഴങ്ങു വർഗ്ഗങ്ങൾ , വാഴ, വെറ്റില മുതലായവ കൃഷി ചെയ്യുന്നു. ഉയർന്ന പ്രദേശങ്ങളിലും പുരയിടങ്ങളിലുമായി ഇഞ്ചി, മഞ്ഞൾ, കുരുമുളക് മാവ്, കശുമാവ്,പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും കൃഷിചെയ്യുന്നു. പള്ളിയാൽ പോലുള്ള പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, എള്ള് ,പച്ചക്കറികൾ തുടങ്ങിയവയും കുറഞ്ഞ അളവിൽ കൃഷിചെയ്യുന്നു.

ആദ്യകാലങ്ങളിൽ ശ്രദ്ധ കൊടുത്തിരുന്നത് നെൽകൃഷിയ്ക്കായിരുന്നു. മഴയെ ആശ്രയിച്ചായിരുന്നു കൃഷിനടന്നിരുന്നത്. കൃഷിക്കാർ പരസ്പരം സഹകരിച്ച് തോടുകൾ ചിറ കെട്ടുകയും കുളങ്ങളിൽ നിന്ന് വെള്ളം തേവിയുമായിരുന്നു ജലസേചനം നടത്തിയിരുന്നത്. പഞ്ചായത്തിൽ 30% ത്തോളം ഭൂമിയും നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. ജല സേചന മാർഗ്ഗമായ തോടുകൾ വേണ്ടരീതിയിൽ സംരക്ഷിക്കപ്പെടാതിരുന്നത് നിമിത്തം വരമ്പുകൾ വർഷക്കാലങ്ങളിൽ പൊട്ടി വയലുകളിൽ ചരൽ മണ്ണ് നിറയുകയും കൃഷി നശിക്കുകയും ചെയ്തിരുന്നു. ഇത് വയലുകളെ ഉയർന്ന പ്രദേശമാക്കി മാറ്റി. കുളങ്ങൾ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടാത്തതുമൂലം തൂർന്നു പോയി. പാഴൂർ, ചെല്ലൂർ, കുറ്റിപ്പുറം, എടച്ചലം, കൊളക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ പല കൃഷിയിടങ്ങളും പൂർണ്ണമായും

മണ്ണടിച്ച് തൂർത്ത് പുരയിടങ്ങളാക്കി മാറ്റിയിരിക്കുന്നു.

നടവട്ടം വില്ലേജിൽ കൊളത്തോൾ വലിയ തോട് 16 കിലോമീറ്ററോളവും,പകരനെല്ലൂർ തോട് 3 കിലോമീറ്ററോളവും,ചെല്ലൂർ തോട് 4കിലോമീറ്ററോളവും, കൊളക്കാട് തോട് 3 കിലോമീറ്ററോളവും കുറ്റിപ്പുറം വില്ലേജിൽ എടച്ചലം തോട് 3കിലോമീറ്ററോളവും,പൈങ്കണ്ണൂർ തോട് 4 കിലോമീറ്ററോളവും ദൂരം വ്യാപിച്ചു കിടക്കുന്നു. ഈ തോടുകളിലെ ജലം ഉപയോഗിച്ച് 600 ഹെക്ടറോളം സ്ഥലത്തെ കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയും. പേരശ്ശനൂർ മേഖലയിൽ 103 ഹെക്ടർ കൃഷി സ്ഥലത്തിന് ഉപയോഗപ്രദമാകുന്ന രീതിയിൽ 1992- ൽ ഒരു ചെറുകിട ജലസേചന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. 9 ലക്ഷത്തോളം രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും പണി പൂർത്തിയായിട്ടില്ല.

നദീതീര പ്രദേശങ്ങളിൽ മണൽ കലർന്ന കളിമണ്ണും,കുന്നിൻ താഴ്‌വരകളിൽ ചെമ്മണ്ണും, കുന്നിൻ പ്രദേശങ്ങളിൽ ചരൽ മണ്ണും, വെട്ടുപാറയും കാണപ്പെടുന്നു. 65% ഭൂമിയും കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളുമാണ്.

## ഭൂവിനിയോഗം

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 31.32 Sq.Km ആണ്. ഇതിൽ 2229.8 ഹെക്ടർ കൃഷിയോഗ്യമായ ഭൂമിയാണ്. ബാക്കിയുള്ള പ്രദേശങ്ങൾ റോഡ്, പുഴ, റെയിൽ, പുറമ്പോക്ക് ഭൂമികൾ, തോട്, ജലാശയങ്ങൾ, പട്ടണം, വ്യവസായശാലകൾ, വാണിജ്യവ്യാപര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

പട്ടിക

| വില്ലേജിന്റെപേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| നടുവട്ടം | 1792ഏ | 1001ഏ | 307ഏ | 67ഏ | 3668ഏ |
| | 90സെ | 25സെ | 32സെ | 36സെ | 83സെ |
| കുറ്റിപ്പുറം | 2225ഏ | 980ഏ | 864ഏ | - | 4069.5ഏ |

വിവിധ കാർഷിക മേഖലകളിലായി നെൽകൃഷി 830 ഹെക്ടർ സ്ഥലത്തും, തെങ്ങുകൃഷി 580 ഹെക്ടർ സ്ഥലത്തും, കമുങ്ങ് കൃഷി 258 ഹെക്ടർ സ്ഥലത്തും, കുരുമുളക് കൃഷി 52 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി 100 ഹെക്ടർ സ്ഥലത്തും, മാവ് കൃഷി 120 ഹെക്ടർ സ്ഥലത്തും, പ്ലാവ് കൃഷി 42 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തുവരുന്നു. തേക്ക്, പുളി, നെല്ലി, ആര്യവേപ്പ്, ഞാവൽ തുടങ്ങിയ പടുവൃക്ഷങ്ങൾ 15 ഹെക്ടറോളം സ്ഥലത്തും കൃഷി ചെയ്യുന്നു. ഇവകൂടാതെ മഞ്ഞൾ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില, വാഴ, എള്ള്, പയർ എന്നിവ ഇടവിളയായും കൃഷി ചെയ്യുന്നു.

## നെൽകൃഷി

മൊത്തം കൃഷിഭൂമിയിൽ 830 ഹെക്ടർ സ്ഥലവും നെൽ കൃഷിക്കായി ഉപയോഗിക്കുന്നു. എന്നാൽ ഭൂരിഭാഗം കൃഷിസ്ഥലത്തും കൃഷി നടക്കുന്നില്ല. പഴയ വിത്തുകളും കൃഷിരീതികളും ഉപയോഗിച്ചുള്ള കൃഷി ലാഭകരമല്ല എന്നുള്ളതാണ് ഒരു കാരണം. വർഷക്കാലത്തെ വെള്ളക്കേടും, വേനൽക്കാലത്തെ വരൾച്ചയും കൃഷി ലാഭകരമല്ലാതാക്കുന്നു. കർഷകത്തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകളിലേക്ക് കുടിയേറിയത് കാരണം സമയത്ത് കൃഷിയിറക്കാൻ പ്രയാസം അനുഭവപ്പെടുന്നു. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കാനുള്ള വിഷമവും, നെല്ലിനെ ബാധിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനമില്ലായ്മയും ഈ രംഗത്ത് നിന്ന് കർഷകനെ പുറകോട്ട് നയിക്കുന്നു. അതുപോലെ തന്നെ തക്ക സമയങ്ങളിൽ വളപ്രയോഗം നടത്തുന്നതിനുള്ള അറിവില്ലായ്മയും ഇതിന് കാരണമാകുന്നു. നെൽകൃഷിയെ അപേക്ഷിച്ച് തെങ്ങ് കൃഷിക്ക് അധ്വാന ഭാരവും പരിചരണവും കുറവാണ് എന്നതു കൊണ്ട് കൃഷിക്കാരുടെ ശ്രദ്ധ തെങ്ങുകൃഷിയിലേക്കും മറ്റും തിരിയുന്നു.

പട്ടിക 3

(കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 350 ഹെക്ടർ |
| 2. | നെല്ല് (രണ്ടാം വിള) | 420 ഹെക്ടർ |
| 3. | നെല്ല് (മൂന്നാം വിള) | 60 ഹെക്ടർ |

പഞ്ചായത്തിലെ പ്രധാന വിളയായ തെങ്ങുകൃഷി അനാകർഷക മായിക്കൊണ്ടിരിക്കുകയാണ്. 580 ഹെക്ടറോളം സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നുണ്ട്. 20% സ്ഥലത്ത് ജലസേചന സൗകര്യമുണ്ട്. പേരശ്ശനൂർ, എടച്ചലം പ്രദേശത്ത് തെങ്ങുകൃഷി കുറവാണ്. തേങ്ങക്ക് വേണ്ടത്ര വിപണന സൗകര്യമില്ലാത്തതിനാൽ കൃഷിക്കാർ ഉല്പാദനം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള വളപ്രയോഗം നടത്തുന്നില്ല. തേങ്ങയുടെ വിലയിടിവും, ഉല്പാദനം കുറയുന്നതും, തെങ്ങുകൃഷി ഒരു കൃഷി എന്ന രീതിയിൽ പരിഗണിക്കാത്തതും, ജലദൗർലഭ്യവും ഈ മേഖലയെ ലാഭകരമല്ലാതാക്കിത്തീർക്കുന്നു. ഇതെല്ലാം ഉണ്ടെങ്കിലും തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് വർദ്ധിക്കുന്നു. ഇതനുസരിച്ച് തെങ്ങുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും ഉല്പാദനക്ഷമത വർദ്ധിക്കുന്നില്ല.

തെങ്ങുകൃഷി കഴിഞ്ഞാൽ അടുത്ത പ്രധാന കൃഷി കമുങ്ങ് കൃഷിയാണ്. 260 ഹെക്ടറോളം സ്ഥലത്ത് കമുങ്ങ്കൃഷി ചെയ്യുന്നു. ഈ മേഖലയിൽ പഴയ കൃഷിരീതികളാണ് ഇന്നും തുടരുന്നത്. ഇതുകാരണം ഉല്പാദനം കുറവാണ്. എങ്കിലും ഗുണനിലവാരമുണ്ട്. പുതിയ കൃഷിരീതിക ളും അത്യുല്പാദന ശേഷിയുള്ള തൈകളും ഉപയോഗിച്ചുള്ള കൃഷി രീതി സ്വീകരിക്കാൻ ഭൂരിഭാഗം കർഷകരും തയ്യാറാവുന്നില്ല. ഗുണനിലവാരം കുറയും എന്നതാണ് കർഷകർ ഈരീതി അവലംബിക്കാതിരിക്കാൻ കാരണം. ജലസേചന സൗകര്യം ഈ കൃഷിയുടെ നിലനില്പിന് ആത്യാവശ്യമാണ്. ഏപ്രിൽ-മെയ് മാസങ്ങളിലെ ജലദൗർലഭ്യം ഉല്പാദനക്ഷമത കുറക്കാനും കമുങ്ങ് ഉണങ്ങി നശിക്കാനും ഇടവരുന്നു. ഈ കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ മഹാളി (കുമിൾ രോഗം), വഴുക്കല്ലരിക്കേട് എന്നിവയാണ്. മഹാളി രോഗം വെള്ളം കെട്ടി നിൽക്കുന്ന നീർവാർച്ചയില്ലാത്ത സ്ഥലങ്ങളിലാണ് കണ്ടുവരുന്നത്.

തെങ്ങിന്റെയും കമുങ്ങിന്റെയും ഇടവിളയായും തൊട്ടുകിടക്കുന്ന പള്ളിയാൽ പ്രദേശങ്ങളിലും പ്രധാനമായി കൃഷി ചെയ്യുന്നത് വെറ്റിലയാണ്. ഈ കൃഷിക്ക് ജൈവ വളമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. 'ആഭ്യന്തര ഉപയോഗത്തിനുള്ള നാടൻ വെറ്റിലയും, വിദേശത്തേക്ക് കയറ്റി അയക്കുന്നതിനും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ഉപയോഗത്തിനുമുള്ള കുഴിക്കൊടി (കൂട്ടക്കൊടി) വെറ്റിലയും കൃഷി ചെയ്തുവരുന്നു. ഇതിന്റെ വില അസ്ഥിരമാണ്. ഇതിന് ഉയർന്ന വില ലഭിക്കുന്നത് പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ അയൽ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി സാധ്യതയെ ആശ്രയിച്ചിരിക്കുന്നു. ഇതിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കണ്ണി ചീയലും വള്ളി ചീയലും ആണ്.

**പട്ടിക-4**

വിള വിസ്തീർണ്ണവും ഉല്പാദനവും
(കൃഷിഭവൻ രേഖ)

| നമ്പർ | വിളവിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| 1 തെങ്ങ് | 580ഹെക്ടർ | 44,66,000 | 7700 nuts /He |
| 2.കമുങ്ങ് | 258ഹെക്ടർ | 258 M.T. | 1000 kg/He |
| 3.പയർ | 40ഹെക്ടർ | 20 M.T | 500 kg/He |
| 4.എള്ള് | 10ഹെക്ടർ | 800k.g | 80kg/He |
| 5.പച്ചക്കറി | 25ഹെക്ടർ | 30 M.T | 1200 kg/He |
| 6. വാഴ | 110ഹെക്ടർ | 2200 M.T | 20 M.T/He |
| 7.മരച്ചീനി | 47ഹെക്ടർ | 564 M.T | 12 M.T/He |
| 8.കുരുമുളക് | 52 ഹെക്ടർ | 18200 kg(Dry) | 350 kg/He |
| 9.പ്ലാവ് | 42 ഹെക്ടർ | 210 M.T | 5 M.T/He |
| 10.കശുമാവ് | 100 ഹെക്ടർ | 50 M.T | 500 kg/He |
| 11.മാവ് | 120ഹെക്ടർ | 960 M.T | 8 M.T/He |
| 12.റബ്ബർ | .3 | - | - |
| 13.വെറ്റില | 6 ഹെക്ടർ | - | ലഭ്യമല്ല |
| 14.മറ്റുള്ളവ | 15ഹെക്ടർ | 4500kg | 300kg/He |

**വളം**

നെൽകൃഷിക്ക് മാത്രമാണ് കാര്യമായി രാസവളം ഉപയോഗിക്കുന്നത്. തെങ്ങിനും കമുങ്ങിനും കൂടുതലായി ജൈവവളമാണ് ഉപയോഗിക്കുന്നത്. രാസവള പ്രയോഗം തീരെ ഇല്ലെന്നുതന്നെ പറയാം. തെങ്ങുകൃഷിയും കമുങ്ങ്കൃഷിയും കൂടുതലും ജൈവവളത്തെ ആശ്രയിച്ച് ആണ് നടത്തുന്നത്. പാരമ്പര്യ ജൈവവളങ്ങളുടെ ലഭ്യതക്കുറവും,

രാസവളപ്രയോഗത്തെക്കുറിച്ചുള്ള അജ്ഞതയും, ഈ മേഖലയുടെ ഉല്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. കുറ്റിപ്പുറം അങ്ങാടിയിൽ സ്ഥിതിചെയ്യുന്ന സ്വകാര്യ മേഖലയിലുള്ള ഒരു വളം ഡിപ്പോ മാത്രമാണ് ഈ പഞ്ചായത്തിന്റെ ഏക ആശ്രയം. കുറ്റിപ്പുറം സർവ്വീസ് സഹകരണബാങ്കിൻ കീഴിൽ ഒരു വളംഡിപ്പോ ഉണ്ടായിരുന്നു. ഇപ്പോഴില്ല.

### കീടനാശിനി

നെല്ല്, കമുങ്ങ്, പച്ചക്കറികൾ, വാഴ, കുരുമുളക് എന്നിവയ്ക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. നെൽച്ചെടിക്ക് കേടുവരുത്തുന്ന ഞണ്ടിനെ നശിപ്പിക്കുന്നതിന് വരമ്പുകളിൽ വിതറുന്ന ഫ്യൂറഡാൻ പോലുള്ള കീടനാശിനികൾ പാടശേഖരങ്ങളിലെ ജൈവ ശൃംഖലയെ നശിപ്പിക്കുന്നു. ഇതുകാരണം ഈ പാടശേഖരങ്ങളിലേയും സമീപതോടുകളിലേയും കുളങ്ങളിലേയും മൽസ്യസമ്പത്തിനെ നശിപ്പിക്കുന്നു. ഈയിടെ ശുദ്ധജല മൽസ്യങ്ങൾക്ക് ബാധിച്ച കാൻസർ പോലുള്ള രോഗത്തിനു കാരണം ഇത്തരം കീടനാശിനി പ്രയോഗമാണെന്നു സംശയിക്കുന്നു.

### കാർഷിക ഉപകരണങ്ങൾ

പഞ്ചായത്തിൽ 5 ട്രാക്ടർ, 2ട്രില്ലർ, 44 റോക്ക്സ്പെയർ,145 നാപ് സ്റ്റാക്ക് സ്പ്രെയർ6-ാം വാർഡിൽ 2തെങ്ങുകയറ്റ യന്ത്രം, 11-ാം വാർഡിൽ ഒരു മെതിയന്ത്രം എന്നിവയാണുള്ളത്. 342 നാടൻ കലപ്പ പഞ്ചായത്തിൽ ഉണ്ടെന്നാണ് കണക്ക്. (കൃഷിഭവൻ രേഖ)

### പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും കൃഷിക്കാരുടെ കൂട്ടായ്മക്കും വേണ്ടി രൂപീകരിക്കപ്പെട്ട 7 പാടശേഖര സമിതികളാണുള്ളത്. പാടശേഖര സമിതികൾ വേണ്ടത്ര സജീവമല്ല. കഴുത്തല്ലൂർ, പാഴൂർ, നടുവട്ടം, എടച്ചലം, പേരശ്ശനൂർ, പകരനെല്ലൂർ, വലിയ പറപ്പൂർ കായൽ എന്നിവയാണ് ഈ പാടശേഖരസമിതികൾ. കേരകർഷകസമിതികളും വിവിധ വാർഡുകളിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തനം സജീവമല്ല.

### കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. ഇതിന് പ്രധാന കാരണം നിർമ്മാണതൊഴിൽ മേഖലയിലെ ആകർഷകമായ കൂലിനിരക്കും,കാർഷികമേഖലയിൽ സ്ഥിരമായുള്ള തൊഴിലവസരങ്ങളുടെ കുറവുമാണ്. ലഭിക്കുന്ന തൊഴിലിന് പുരുഷൻമാർക്ക് 110രൂപയും സ്ത്രീകൾക്ക് 70രൂപയും ലഭിക്കുന്നു. കാർഷിക മേഖലയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം. എന്നാൽ 30 %ത്തോളം കുടുംബങ്ങൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നു.

### കാർഷിക വായ്പ

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് അടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവ നാലും കാർഷിക മേഖലയിൽ വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. വളാഞ്ചേരിയിൽ സ്ഥിതിചെയ്യുന്ന കാർഷിക വികസന സഹകരണ ബാങ്കിൽ നിന്നും പഞ്ചായത്തിൽ വായ്പകൾ ലഭിക്കുന്നുണ്ട്. കൃഷിക്ക് വിതരണം ചെയ്യുന്ന വായ്പകൾ പലപ്പോഴും ഉദ്ദേശിച്ച രീതിയിലല്ല ഉപയോഗിക്കുന്നത്.



387

പട്ടിക 5

## കാർഷിക വായ്പാ വിവരം

| നമ്പർ | ബാങ്കുകൾ | 91-92 | | 92-93 | | 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | സംഖ്യ ലക്ഷം | എണ്ണം | സംഖ്യ ലക്ഷം | എണ്ണം | സംഖ്യ ലക്ഷം | എണ്ണം | സംഖ്യ ലക്ഷം | എണ്ണം | സംഖ്യ ലക്ഷം |
| 1. | ഗ്രാമീണ ബാങ്ക് | 818 | 18.68 | 753 | 23.55 | 575 | 18.26 | 924 | 29.38 | 697 | 25.24 |
| 2. | സഹകരണ ബാങ്ക് | 42 ലോൺ 5 വർഷം 229520/- | | | | | | | | | |
| 3. | സ്റ്റേറ്റ് ബാങ്ക് | | | | | | 1255148 | | 2140668 | | 4825745 |
| 4. | ഫെഡറൽ ബാങ്ക് | 26 | 1.93 | 28 | 1.72 | 36 | 2.92 | 34 | 2.56 | 21 | 2.24 |

# ജലസേചനം

മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടക്കുന്നത്. തോടുകളും, കുളങ്ങളും ചോലകളും ആണ് ജലത്തിന്റെ മറ്റ് ഉറവിടങ്ങൾ. മിക്കവാറും തോടുകളും ഭാരതപ്പുഴയിൽ ചെന്ന് ചേരുന്നു. ജനുവരിമാസം അവസാനം വരെ മാത്രമെ തോടുകളിൽ വെള്ളം ഉണ്ടാകു. പഞ്ചായത്തിന്റെ മൂന്നതിരുകളും ഭാരതപ്പുഴയാണ്.

### തോടുകൾ

പഞ്ചായത്തിൽ ആകെ തോടുകളുടെ നീളം 27 കി.മീറ്ററാണ്. ഇതിൽ പ്രധാന തോടായ കൊളത്തോൾ തോടിന് 16 കി.മീ. നീളം വരും. എന്നാൽ ഇത്രയും നീളത്തിനുള്ളിൽ ഒരു ചീർപ്പ് മാത്രമാണുള്ളത്. ജനുവരി അവസാനത്തോടുകൂടി ഈ തോടുകളിൽ നീരൊഴുക്ക് ഇല്ലാതാകുന്നു. ചെല്ലൂർ തോടിന് ഒരു ചീർപ്പ് മാത്രമാണുള്ളത്. ഈ തോടുകളിലെ വെള്ളം ഒഴിഞ്ഞുപോകുന്നതിന് ഭാരതപ്പുഴയിലേക്ക് ഒരു ഡ്രൈനേജ് ചാനലുണ്ട്. ഇത് പുഴയുമായി ചേരുന്ന ഭാഗത്ത് പുഴയിൽ നിന്ന് വെള്ളം കയറാതിരിക്കാൻ നിർമ്മിച്ചിട്ടുള്ള ചീർപ്പ് പ്രവർത്തനക്ഷമമല്ല. പകരനെല്ലൂർ തോട് ചെല്ലൂർ തോടുമായി ചേരുന്നു. എടച്ചലം തോട്, കളക്കാട് തോട്, പെങ്കണ്ണൂർ തോട് എന്നിവ ഭാരതപുഴയിൽ ചേരുന്നു.

### കുളങ്ങൾ

പഞ്ചായത്തിൽ 5,8,10 വാർഡുകളിലുള്ള മൂന്ന് പൊതുകുളങ്ങളും, സ്വകാര്യവ്യക്തികളുടെ കയ്യിലുള്ള 100 ഓളം കുളങ്ങളുമുണ്ട്. ഇവയിൽ പലതും ഉപയോഗശൂന്യമാണ്. മിക്കതും കുളിക്കാൻ മാത്രം ഉപയോഗിക്കുന്നവയാണ്. 50സെന്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള 15 ഓളം കരിങ്കൽ ക്വാറികൾ കുളങ്ങളായി രൂപാന്തരപ്പെട്ടുകിടക്കുന്നു.

തോടുകളിലും കുളങ്ങളിലും പത്തുവർഷം മുമ്പുവരെ മാർച്ച് മാസങ്ങളിൽ പോലും വെള്ളം ലഭിച്ചിരുന്നു. ഇപ്പോൾ ജലം ലഭിക്കാതിരിക്കാൻ കാരണം, തോടുകളുടെ ഉൽഭവപ്രദേശമായ കുന്നിൻപുറ

ങ്ങളിലെ മരങ്ങൾ വെട്ടിനശിപ്പിച്ചതാണ്. ഇതുകാരണം വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തി വർദ്ധിക്കുന്നു. ഇത് ജലം മണ്ണിലേക്ക് താഴ്ന്നുപോകുന്നത് ഇല്ലാതാക്കുന്നു. കരിങ്കൽ ക്വാറികൾ തോടുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവ് കുറക്കാനിടയാക്കുന്നു.

## കൃഷിഭവൻ

പഞ്ചായത്തിലെ കാർഷികമേഖലയ്ക്കാകെ വിദഗ്ധ നിർദ്ദേശങ്ങൾ നൽകാനുള്ള ഏക സർക്കാർ സ്ഥാപനമാണ് കൃഷിഭവൻ. കൃഷിഭവന്റെ സഹായം എപ്പോഴും സാധാരണ കൃഷിക്കാരന് ലഭ്യമല്ല.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് പ്രധാനതടസ്സം ജലസേചനസൗകര്യങ്ങളുടെ അഭാവവും, വർഷക്കാലങ്ങളിൽ വെള്ളം കെട്ടിനിന്ന് കൃഷി നശിക്കലുമാണ്. ആധുനിക കൃഷി രീതിക്ക് അത്യാവശ്യമായ മണ്ണ് പരിശോധനക്കുള്ള സൗകര്യം പഞ്ചായത്തിൽ ലഭ്യമല്ല. ആധുനിക കൃഷി രീതി, വിളവിറക്കുന്ന സമയത്ത് ഓരോ പ്രദേശത്തിനും അനുയോജ്യമായ വിത്തുകൾ, ആവശ്യമായ വളങ്ങൾ എന്നിവ തക്കസമയത്ത് ബന്ധപ്പെട്ട അധികൃതരിൽ നിന്ന് കർഷകർക്ക് ലഭിക്കുവാനുള്ള സൗകര്യമില്ല. അതുകാരണം കൃഷി ലാഭകരമാവുന്നില്ല.

കാർഷിക ഉൽപ്പന്നങ്ങൾക്ക് ആകർഷകമായ വില ലഭിക്കുന്നില്ല. ഇവിടുത്തെ ഉയർന്ന കൂലിനിരക്ക്, വിപണന കേന്ദ്രത്തിന്റെ അഭാവം എന്നിവ ഈ മേഖലയെ അനാകർഷകമാക്കുന്നു.

തെങ്ങ് കൃഷി മേഖലയിൽ ചിലവിനെ അടിസ്ഥാനമാക്കി ഉൽപ്പന്നത്തിന് വിലലഭിക്കായ്കയായാൽ ഇതിന് ഒരു കൃഷി എന്ന രീതിയിലുള്ള പരിഗണന നൽകുന്നില്ല. പഞ്ചായത്തിൽ ഒരു വിപണന-സംസ്കരണ കേന്ദ്രം ഇല്ല എന്നുള്ളതും ഒരു പ്രശ്നമാണ്.

കവുങ്ങുകൃഷി മേഖലയിൽ കേരളത്തിൽ തന്നെ അടക്ക ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു വ്യവസായം ഇല്ലാത്തതിൽ ഇതിന്റെ അസ്ഥിരമായ വിലക്ക് കാരണമാകുന്നു. ശാസ്ത്രീയമായ കൃഷിരീതി തീരെ അവലംബിക്കാത്ത മേഖലയാണ് ഇതെന്ന് പറയാം. ഇതും ഉത്പാദനക്ഷമതയെ ബാധിക്കുന്നു.

വെറ്റിലകൃഷിക്ക് ആവശ്യമായ പ്രോൽസാഹനവും, വിപണന സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ട് ഈ മേഖലയിലേക്ക് കർഷകർ പ്രവേശിക്കുവാൻ മടിക്കുന്നു. പച്ചക്കറി കൃഷി സമ്പ്രദായത്തിൽ ഏറ്റവും ആദായകരമായി ചെയ്യാവുന്ന ചില ഇനങ്ങളാണ് കൈപ്പ, പടവലം എന്നിവ. ഇന്നത്തെ സാഹചര്യത്തിൽ ഇവക്കാവശ്യമായ വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ലഭ്യത കുറവും ഇതിന്റെ ഉപയോഗരീതിയെക്കുറിച്ചുള്ള അറിവില്ലായ്മയും ഈ മേഖലയിൽ കൃഷിയിറക്കാൻ കർഷകർ മടിക്കുന്നു.

## നിർദ്ദേശങ്ങൾ

1. നടുവട്ടം വില്ലേജിൽ ചെല്ലൂർ, പകരനെല്ലൂർ തോടുകളുടെ ഉൽഭവസ്ഥാനങ്ങളിൽ നീർമറി (Water shed) നിർമ്മിക്കുക. തോടിന്റെ ഇരുവശത്തുമുള്ള ഭിത്തികൾ ശരിയാക്കി ഭാരതപുഴയിലേക്കുള്ള ഡ്രൈനേജ് ചാനലുമായി ബന്ധപ്പെടുത്തുക
2. കൊളത്തോൾ തോടിന്റെ ഉൽഭവ സ്ഥാനത്ത് ചെക്ക് ഡാം നിർമ്മിച്ച് വെള്ളം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ ഇതിന്റെ ഉപഭോക്താക്കളായി ആതവനാട്, കുറ്റിപ്പുറം പഞ്ചായത്തുകൾ കൂട്ടായ്മയോടെ നിർവ്വഹിക്കുക. ഈ തോടിന്റെ നടുവട്ടം വില്ലേജിന്റെ പരിധിയിൽ വരുന്ന 1കി.മീ. ദൂരം ഇരുവശവും ഭിത്തികെട്ടി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഈ തോട് ചെമ്പിക്കൽ ഉള്ള ഡ്രൈനേജുമായി ബന്ധപ്പെടുത്തുക.
3. ഈ തോടുകൾക്ക് ഓരോ കിലോമീറ്റർ ഇടവിട്ട് തടയണകൾ നിർമ്മിക്കുക.
4. ചെമ്പിക്കലുള്ള ഡ്രൈനേജ് കനാൽ പുഴയിൽ ചേരുന്ന ഭാഗത്ത് ഒരു ചെറുകിട ജലസേചനപദ്ധതി ആരംഭിച്ചാൽ വേനൽക്കാലത്ത് ഈ മൂന്ന് തോടുകളിലേക്കും വെള്ളം പമ്പ് ചെയ്ത് നടുവട്ടംവില്ലേജിലെ മുഴുവൻ പാടശേഖരങ്ങളിലും ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയും. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ നടുവട്ടം വില്ലേജിലെ മുഴുവൻ പാടശേഖരങ്ങളിലും മൂന്ന് വിള കൃഷി നടത്താൻ സാധിക്കും.

ഇതിനോട് തൊട്ടുകിടക്കുന്ന ജനങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമവും ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

5. പാടശേഖരങ്ങളിലുള്ള കുളങ്ങളും, കിണറുകളും മണ്ണെടുത്ത് വർഷക്കാലത്ത് തൂർന്നുപോകാത്ത രീതിയിൽ സംരക്ഷിച്ചാൽ ജലക്ഷാമം പരിഹരിക്കാം.

6. പാടശേഖരങ്ങളിലെ കൈത്തോടുകളിലൂടെ വർഷക്കാലത്ത് അധികമുള്ള ജലം പ്രധാന തോടുകളിലേക്ക് എത്തിക്കത്തക്ക രീതിയിൽ പുനർനിർമ്മിക്കുക. ഇത് പാടശേഖരങ്ങളിലെ വെള്ളപ്പൊക്കം ഒഴിവാക്കാൻ സഹായിക്കുകയും, വേനൽക്കാലത്ത് ജലസേചനത്തിന് ഉപയോഗിക്കുകയും ചെയ്യാം.

7. തെങ്ങുകൃഷിക്ക് കിണറു കുഴിക്കുന്നതിനും, ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കുമുള്ള സാമ്പത്തിക സഹായങ്ങളെ കുറിച്ചുള്ള വിവരം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞാൽ ഉൽപാദനം ഗണ്യമായി വർദ്ധിക്കും.

8. കുറ്റിപ്പുറം വില്ലേജിലുള്ള വെള്ളപ്പാട്ട് ചോല കുരുവള്ളിചോല, കിടാപ്പ് ചോല, കുളക്കാട് ചോല, ഏരിയാൽ ചോല എന്നീ ചോലകളിൽ നീർമറി (Water Shed) നിർമ്മിക്കുക. അതോടു ബന്ധപ്പെട്ടു വരുന്ന തോടുകളുടെ ഭിത്തികൾ സംരക്ഷിക്കുക. ഈ തോടുകളെല്ലാം പുഴയിലാണ് അവസാനിക്കുന്നത്. ഭാരതപ്പുഴയിൽ ചേരുന്ന ഭാഗത്ത് ചെറുകിട ജലസേചനപദ്ധതിക്ക് രൂപം നൽകിയാൽ ഈ തോടുകൾ ഉപയോഗിച്ച് കുറ്റിപ്പുറം വില്ലേജിലെ മുഴുവൻ പാടശേഖരങ്ങളിലും ജലസേചനം നടത്താൻ കഴിയും.

9. ഏരിയാൽ ചോലക്ക് തടയിണ നിർമ്മിച്ച് ജലസേചനയോഗ്യമാക്കുക.

10. മുള്ളൂർ പാടം, കഴുത്തല്ലൂർ പാടം എന്നീ പാടശേഖരങ്ങളിൽ ഓരോ കുളങ്ങൾ കുഴിക്കുക.

11. ഈ പാടശേഖരങ്ങളിലുള്ള കുളങ്ങളും കിണറുകളും മണ്ണെടുത്ത് വർഷക്കാലത്ത് തൂർന്നുപോകാത്ത രീതിയിൽ ജലസേചനത്തിന് അനുയോജ്യമാക്കുകയും, എടച്ചലം കിടാപ്പ് ചോല ഉൽഭവിക്കുന്ന പരിയങ്ങാട് കുളം നന്നാക്കി കൃഷക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യണം.

12. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തനക്ഷമമായാൽ ഈ പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കപ്പെടും.

13. കൃഷി ഭവന്റെ പ്രവർത്തനം ജനകീയമാക്കുക.

14. കൃഷി ഭവന്റെ പ്രവർത്തനം വാർഡ് തലങ്ങളിൽ എത്തിക്കുന്നതിനും, മണ്ണുപരിശോധനക്കുള്ള സൗകര്യം വാർഡ്തലങ്ങളിൽ എത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. വർഷത്തിൽ രണ്ടു തവണ ഓരോ വാർഡിലും മണ്ണു പരിശോധനക്കുള്ള സൗകര്യം ലഭിക്കത്തക്ക രീതിയിൽ മൊബൈൽ സംവിധാനം (മണ്ണ് പരിശോധന യൂണിറ്റ്) ഏർപ്പെടുത്തുക.

15. വിത്തും, വളവും, കീടനാശിനികളും വാർഡ് തലങ്ങളിൽ ലഭിക്കുന്നതിന് സഹകരണസ്ഥാപനങ്ങളുടെ സഹായം ഉപയോഗിച്ച് സംവിധാനം ഉണ്ടാക്കുക.

16. കൃഷി ലാഭകരമാക്കുന്നതിനും, കൃഷിഭവനിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വാർഡ് മെമ്പർമാർ കൺവീനറായി എല്ലാ പാടശേഖര സമിതികളും, കേരവികസന സമിതികളും പുനഃസംഘടിപ്പിക്കുക.

17. എല്ലാ വാർഡുകളിലും വിവിധയിനം കൃഷി ചെയ്യുന്ന കർഷകരെ ഉൾപ്പെടുത്തി വാർഡുമെമ്പർ കൺവീനറായി കാർഷികവികസന ഉപദേശക സമിതികൾ രൂപീകരിക്കുക.

18. പച്ചക്കറിത്തോട്ടം, അടുക്കളത്തോട്ടം, പൂകൃഷി, ഔഷധ സസ്യകൃഷി എന്നിവ ഓരോ വീടുകളുമായി ബന്ധപ്പെടുത്തി നടത്തുന്നതിന് വിത്തും വളവും വിദഗ്ദ നിർദ്ദേശങ്ങളും ലഭ്യമാക്കുക.

19. റോഡിന്റെ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.

20. നാളികേര കൃഷിക്കാരുടെ സഹകരണസംഘം രൂപീകരിച്ച് കൊപ്രസംഭരണ-സംസ്കരണ യൂണിറ്റ് ആരംഭിക്കുക. കവുങ്ങ് കൃഷിക്കാരെ സഹായിക്കുന്നതിന് അടക്കസംഭരണ യൂണിറ്റ് ആരംഭിക്കുന്നതിന് പഞ്ചായത്തോ, സഹകരണസംഘങ്ങളോ മുൻകൈ എടുക്കുക.

21. വട്ടംകുളം പഞ്ചായത്തിലെ കോക്കനട്ട് കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുന്നതിന് ഇതിനോട് ബന്ധപ്പെട്ടു കിടക്കുന്ന പഞ്ചായത്തുകൾ മുൻകൈ

എടുത്ത് ഒരു സംവിധാനം ഏർപ്പെടുത്തുക. ഇത് ഈ മേഖലയിലെ തെങ്ങ്കൃഷിക്കാർക്ക് പ്രയോജനപ്പെടും.

22. സംസ്ഥാനത്തിൽ തന്നെ അടക്ക ഉപയോഗിച്ച് ഒരു വ്യവസായമില്ല. നമ്മുടെ ജില്ല കേന്ദ്രമാക്കി അടക്ക അസംസ്കൃത വസ്തുവായി ഉപയോഗിച്ചുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ചാൽ പുതിയ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനോടൊപ്പം കേരളത്തിലെ കവുങ്ങ് കൃഷിക്കാർക്ക് പ്രയോജനപ്പെടും.

23. തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്ന് വെറ്റില കയറ്റുമതി ചെയ്യുന്നതിന് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുക. തിരുനാവായ റെയിൽവെ സ്റ്റേഷനിൽകൂടി ഇതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ വെറ്റിലകൃഷിക്കാർക്ക് സാമ്പത്തികമായി ഉപകരിക്കും.

24. പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന കാർഷികവായ്പകൾ കൂടുതൽ കാര്യക്ഷമമാക്കുകയും, ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

25. കുരുമുളക് കൃഷിയെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവാൻമാരാക്കുകയും അതിനു ലഭിക്കുന്ന സഹായങ്ങൾ മെമ്പർമാർ കൺവീനർമാരായ കാർഷികവികസന ഉപദേശകസമിതികളിലൂടെ വിതരണം ചെയ്യുകയും ചെയ്താൽ ഈ മേഖലയിൽ വമ്പിച്ച ഒരു മുന്നേറ്റം ലഭിക്കും.

26. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിന് അതാത് ഭാഗങ്ങളിലേക്ക് ആവശ്യമായ റോഡുകൾ നിർമ്മിക്കുക.

27. പാടശേഖര സമിതികളുടെ മുഖ്യ ലക്ഷ്യമായ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഈ സമിതികളെ ഉപയോഗപ്പെടുത്തി നടപ്പിലാക്കുക.

28. പട്ടുനൂൽ വ്യവസായവുമായി ബന്ധപ്പെട്ട മൾബറികൃഷി നടത്തുന്നതിന് പറ്റിയ മേഖലയാണ് ഈ പ്രദേശം. ഇതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ഖാദി ബോർഡുമായി ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

ജില്ലാ സെറികൾച്ചർ ഓഫീസർ
ജില്ലാ സെറിഫെഡ് ഓഫീസ്
മൂന്നാം പടി, മലപ്പുറം 676 505

പച്ചക്കറി കൃഷിക്ക് ഏറ്റവും അനുയോജ്യമായ ഭൂ പ്രദേശങ്ങൾ ധാരാളം ഉള്ള പഞ്ചായത്താണ് കുറ്റിപ്പുറം. ഇതിന് തെളിവായി പഞ്ചായത്തിലെ എടച്ചലം ഭാഗത്ത് 5 ഏക്കർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുന്നു. എന്നാൽ ഈ കൃഷി ചെയ്യുന്നത് മൂർക്കനാട് പഞ്ചായത്തിൽ നിന്നും വന്ന കൃഷിക്കാരാണ്. ഇവർ പറഞ്ഞതനുസരിച്ച് 1995ലെ വിളവെടുപ്പിൽ ഒരു ലക്ഷം രൂപ മുടക്കി, രണ്ട് ലക്ഷം രൂപയുടെ പച്ചക്കറി വിറ്റഴിക്കാൻ സാധിച്ചു എന്നാണറിഞ്ഞത്. ആവശ്യമായ സാമ്പത്തിക സഹായവും, വിദഗ്ധ നിർദ്ദേശങ്ങളും ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിൽ പച്ചക്കറിയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാം. വേനൽകാലങ്ങളിൽ ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിൽ ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ്.



5-2

# മൃഗസംരക്ഷണം മത്സ്യ ബന്ധനം



കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകതൊഴിലാളികളും ആണ്. അതുകൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഈ രംഗത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കണം.

മൃഗപരിപാലനരംഗത്ത് കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദക്കാലത്തിനിടയ്ക്ക് വന്നിട്ടുള്ള മാറ്റങ്ങൾ ഹ്രസ്വമായി പരിശോധിക്കുന്നത് നന്നായിരിക്കും. ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം അത്യുത്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനയുമാണ്.

കേരളത്തിലെ പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അനുസ്യൂതമായ വികസനമുണ്ടായിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിലെ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

1. മൃഗ ചികിത്സാ സേവനവും, മൃഗാരോഗ്യവും എന്ന പദ്ധതിയിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വെറ്റിനറി ഡിസ്പെൻസറികളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുകയും പുതിയ മൃഗാശുപത്രികൾക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്യുക.

2. കൃത്രിമ ബീജ സങ്കലന ഉപകേന്ദ്രങ്ങളുടെ ദൈനംദിന നടത്തിപ്പും അതുമൂലം നാടൻ പശുക്കളുടെ വർഗോദ്ധാരണം നടത്തി ഉൽപാദനം വർദ്ധിപ്പിക്കുകയും കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്യുക.

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക്, കർഷകത്തൊഴിലാളികൾക്കും നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ നൽകി കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ഉൽപാദനം വർദ്ധിപ്പിക്കുക.

4. വെറ്റിനറി സബ്സെന്ററുകൾ മൃഗാശുപത്രികളായി ഉയർത്തുകയും മൃഗ ചികിത്സയും, മൃഗ ചികിത്സാ സേവനവും മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക. സങ്കരയിനം പശുക്കുട്ടികൾക്ക് വിര ശല്യത്തിനെതിരായി മരുന്നുകൾ നൽകുക, പകർച്ച വ്യാധികളിൽ നിന്നും മൃഗങ്ങളെ രക്ഷിക്കുക. ഗ്രാമപ്രദേശങ്ങളിൽ ഗോരക്ഷാ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിച്ച് മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക, എല്ലാ വളർത്തു നായ്ക്കൾക്കും പേ വിഷബാധക്കെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ മൃഗാശുപത്രികൾ വഴി നടപ്പിലാക്കുക.

ഉത്പാദനോപാധികൾ കർഷകർക്കും, ലഭ്യമാക്കുന്നതോടൊപ്പം ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണം, എന്നിവയ്ക്ക് മുൻഗണന നൽകുന്ന പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ ആസൂത്രണം ചെയ്തു വരുന്നത്. എന്നാൽ ഇതിന്റെ നേട്ടങ്ങൾ ഗ്രാമീണ ജനതയുടെ പ്രതീക്ഷക്കൊത്ത് താഴെ തട്ടിലെത്തിക്കാൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്നത് പരിശോധനയർഹിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ കാണാൻ കഴിയുന്ന പരമ പ്രധാനമായ ന്യൂനത ഈ മേഖല തെല്ലും സ്വയം പര്യാപ്തമല്ല എന്നതാണ്. ആയതിനാൽ കേരളം വൻ തോതിൽ മറ്റുസംസ്ഥാനങ്ങളെ ആശ്രയിച്ചു വരുന്നു.

കഴിഞ്ഞ രണ്ടു ദശാബ്ദകാലയളവിൽ മൃഗസംരക്ഷണ രംഗത്ത്, പ്രധാനമായും പാലിന്റെ ഉത്പന്നത്തിലും ഉപഭോഗത്തിലും, അസൂയാവഹമായ വളർച്ച കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നാടൻ പശുക്കളുടെ ഉപത്പാദനം 30 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനി തക ഗുണമുള്ള സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉത്പാദനം 80 ശതമാനം വരെ ഉയരുകയുണ്ടായി. ക്ഷീര വിപണന രംഗത്തുണ്ടാക്കിയ ഘടനാപരമായ മാറ്റങ്ങളും ശ്രദ്ധേയമായിരിക്കുന്നു. സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിൽ മുട്ട, മാംസ ഉത്പാദനമേഖലയിലും വിപ്ലവകരമായി മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിയും.

ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള അഭ്യസ്ത വിദ്യരുടെ വിമുഖത, ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉൽപാദനചെലവ്, അത്യുത്പാദനശേഷിയുള്ള തനതായ കാലിജനുസുകളുടെ സ്വയം പര്യാപ്തക്കുറവ്, തീറ്റപ്പുൽ കൃഷിയിൽ ഉണ്ടായ മാന്ദ്യത, കാലിത്തീറ്റയുത്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, കാലിത്തീറ്റ രംഗത്തേക്കുള്ള ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ. ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളും ഒപ്പം കന്നുകാലികൾക്കും, കോഴികൾക്കും വേണ്ട കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുവാനുള്ള പുതിയ സംരംഭങ്ങളും ഉണ്ടാവണം. ശുദ്ധമായ മാംസോത്പാദനം പൊതു ജനാരോഗ്യ കാരണങ്ങളാൽ ശ്രദ്ധപതിയേണ്ട മേഖലയാണ്.

## നടപ്പു പദ്ധതികൾ
### പോരായ്മകൾ, മാറ്റങ്ങൾ

പ്രധാന നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേ വിഷ നിയന്ത്രണ പദ്ധതി
3. കാലിവസന്ത നിർമ്മാർജ്ജനപദ്ധതി
4. കാലിരോഗ നിയന്ത്രണ പദ്ധതി
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ
6. പന്നി വളർത്തൽ വികസന പദ്ധതി
7. ആടുവളർത്തൽ
8. വികസനവും പരിശീലനവും, വിജ്ഞാന വ്യാപനവും
9. കാലിത്തീറ്റ മിശ്രണം
10. സമീകൃതാഹാര നിർമ്മാണം
11. മുയൽ ഉത്പാദന പദ്ധതി
12. ഇറച്ചികോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി
13. വീട്ടുവളപ്പിലെ കോഴിവളർത്തൽ
14. താറാവ് കൃഷി വികസനം കാടയുത്പാദനം
15. ബീജ സങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
16. വാക്സിൻ നിർമ്മാണം.
17. രോഗ ഗവേഷണം
18. സ്വകാര്യമേഖലയിൽ ഹാച്ചറിയും, കന്നുകാലിവളർത്തലും.

പോരായ്മകൾ

1. ഓരോവർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല.
2. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.
3. സർക്കാറിന്റെ നടപ്പുപദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള സംവിധാനമില്ല. പഞ്ചായത്ത് മെമ്പർമാരുടെ സഹകരണത്തോടെ ജനങ്ങളെ ബോധവൽക്കരിക്കാൻ ആവശ്യമായ ജനകീയ സമിതികൾ രൂപീകരിക്കണം. സന്നദ്ധ സംഘടനകളുടെയും വിദഗ്ധരുടെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
4. അനുയോജ്യമായ മൃഗസംരക്ഷണ രീതി ഏത് എന്ന് തീരുമാനിയ്ക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതികൾ പങ്കാളിത്തം ഉറപ്പുവരുത്തണം.

### പേവിഷ നിയന്ത്രണം:-

1. വളർത്തുനായ്ക്കളുടെ പ്രതിരോധ കുത്തിവെയ്പ്പ്.
2. അലഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ നശിപ്പിയ്ക്കണം.
3. വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കണം.
4. വർഷം തോറും നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തണം.
5. വാർഡ് തല സ്ക്വാഡുകൾ, പഞ്ചായത്ത് തല സമിതികളും രൂപീകരിക്കണം.

പഞ്ചായത്തിൽ പ്രധാനപ്പെട്ട വളർത്തുമൃഗങ്ങൾ പശു, ആട്, എന്നിവയാണ്. ചെറിയ തോതിൽ ഏരുമ, ഉഴവുകാള എന്നിവയും അപൂർവ്വമായി മുയലുകളെയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ വളർത്തുപക്ഷികളിൽ പ്രധാനമായും കോഴികളാണ്. ചുരുക്കം ചില വീടുകളിൽ താറാവ്, കാട എന്നിവയെയും വളർത്തുന്നുണ്ട്. ദേശാടന പക്ഷികളിൽപ്പെട്ട എരണ്ട കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി പഞ്ചായത്തിലെ പലയിടങ്ങളിലും ധാരാളം കണ്ടുവരുന്നുണ്ട്. വംശനാശം സംഭവിച്ച്കൊണ്ടിരിക്കുന്നു. ദേശീയ പക്ഷികയായ മയിൽ പഞ്ചായത്തിലെ 10,11 വാർഡുകളിലായി ഇരുപതോളം എണ്ണത്തെ കണ്ടുവരുന്നു.

ഏകദേശം പഞ്ചായത്തിൽ 1240 ഓളം നാടൻ പശുക്കളും 300ഓളം സങ്കര വർഗ്ഗ പശുക്കളുമുണ്ട്. ഇവയിൽ ഏകദേശം 628 നാടനും 228 സങ്കരവർഗ്ഗവും കറവുള്ളവയാണ്. പഞ്ചായത്തിലുള്ള 30 ഏരുമകളിൽ 20 എണ്ണം കറവുള്ളവയാണ്.

കാർഷിക മേഘലയുടെ വിസ്തീർണ്ണം കുറഞ്ഞതും ഈ മേഖലയിലെ യന്ത്രവൽക്കരണവും, പരമ്പരാഗത കാലിത്തീറ്റകളായ പുല്ല്, വൈക്കോൽ എന്നിവയുടെ വില വർദ്ധനവും പൊതുവിൽ കന്നുകാലി വളർത്തലിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിച്ചിട്ടുണ്ട്. മൃഗസംരക്ഷണത്തിന് കഴിഞ്ഞ വർഷം പദ്ധതി വിഹിതമായി 400/- രൂപയും പദ്ധതിയേതര വിഹിതമായി 4500/- രൂപയും മാത്രമാണ് പഞ്ചായത്ത് ചിലവഴിച്ചത്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് കുറ്റിപ്പുറം വില്ലേജിലാണ്. ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വേണ്ടത്ര ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ 6,7,8,9,10,11,12,13,14 എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ 5ഉം 6ഉം കി.മീ. അകലെയുള്ള കുറ്റിപ്പുറം മൃഗാശുപത്രിയിലേക്ക് മൃഗങ്ങളെ എത്തിക്കുവാൻ പ്രയാസപ്പെടുന്നുണ്ട്. ഇത് മൂലം യഥാസമയം ചികിത്സ കിട്ടാതെ കാലികൾ ചത്തുപോകുന്ന സാഹചര്യം പലപ്പോഴും ഉണ്ടായിട്ടുണ്ട്.

പൊതുവെ കാലികൾക്ക് കണ്ടുവരുന്ന അസുഖങ്ങൾ ദഹനസംബന്ധമായവ, അകിടുവീക്കം, കുളമ്പുരോഗം, പ്രത്യുത്പ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട എന്നിവയാണ് ചികിത്സ കിട്ടാത്തതും കർഷകരുടെ അറിവില്ലായ്മയും കാലികളുടെ മരണത്തിന് പലപ്പോഴും കാരണമായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റ് ഇല്ലാ എന്നത് കർഷകരുടെ ഇതു സംബന്ധിച്ച് അജ്ഞതയാണ് കാണിക്കുന്നത്. ഒരു വീട്ടിലെ പാചകത്തിനും, വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാന്റിലൂടെ ഉണ്ടാക്കാൻ കഴിയും. കൃഷിവകുപ്പു മുഖേന ഗോബർഗ്യാസ് പ്ലാന്റിന് സബ്സിഡി ഉണ്ടെങ്കിലും ഇതൊന്നും കർഷകരിലേക്ക് വേണ്ടത്ര എത്തിയിട്ടില്ല.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാവീടുകളിലും മുട്ടക്കും മാംസത്തിനും വേണ്ടി ധാരാളം കോഴികളെ വളർത്തിയിരുന്നു എന്നാൽ ഇത് നമുക്കാവശ്യമായി വരുന്ന മുട്ട മാംസം എന്നിവ മറ്റുസ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. കോഴിവളർത്തലിന് വൻസാധ്യതയുണ്ടെന്ന് ഇതിൽ നിന്നും

മനസ്സിലാക്കാൻ സാധിക്കും. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ എല്ലാവിധ പ്രതിരോധ ചികിത്സകളും നടത്തി രണ്ട് മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന വിധം "എഗ്ഗർ നേഴ്സറി" പദ്ധതിക്ക് വളരെയധികം സാധ്യതയുണ്ട്. മുയൽ വളർത്തൽ പഞ്ചായത്തിൽ തീരെയില്ലാതായിരിക്കുന്നു. ഹോബിക്ക് വേണ്ടി വളർത്തുന്ന ചിലർ മാത്രമാണ് ഇപ്പോഴുള്ളത്. വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഉൽപ്പാദനം തീരെ ഇല്ലാ എന്നുതന്നെ പറയാം.

## ആടുവളർത്തൽ

ആടുവളർത്തൽ ഒരു വിപുലമായ പദ്ധതിയാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇത് നന്നേ കുറവാണ്. ചുരുക്കം ചില വീടുകളിൽ IRDP തുടങ്ങിയ വായ്പാപദ്ധതി പ്രകാരം ആടുകളെ വളർത്തുന്നുണ്ട്. ആടുകൾക്ക് വേണ്ട മേച്ചിൽ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. പ്രത്യേകിച്ച് നടുവട്ടം വില്ലേജിൽ വ്യാവസായികാടിസ്ഥാനത്തിൽ തന്നെ ആടുവളർത്താൻ പറ്റിയ പ്രദേശങ്ങളുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

കാലിത്തീറ്റകളുടെ വിലക്കയറ്റവും ചികിത്സാരംഗത്തെ അപര്യാപ്തത, പോഷകാഹാരത്തിന്റെ കുറവ്, പേപ്പട്ടി ശല്യം, സമയാസമയത്തുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പിന്റെ അഭാവം, ക്ഷീരവിപണനത്തിനുള്ള സൗകര്യത്തിന്റെ കുറവ്, കാലികളെ വളർത്താനുള്ള സാമ്പത്തീക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം ഇവയെല്ലാമാണ് മൃഗങ്ങളെ വളർത്തുന്നതിനുള്ള പ്രയാസം.

## സാധ്യതകൾ

1. കുറ്റിപ്പുറം പഞ്ചായത്തിലെ രണ്ട് വില്ലേജുകളിലുമായി മൊത്തം പ്രവർത്തന അധികാരമുള്ള ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. ഇപ്പോൾ ദിവസം പ്രതി ഏകദേശം 600ലിറ്റർ പാൽ പുറത്തുനിന്നും കുറ്റിപ്പുറം പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. ഓരോ വാർഡുകളിലും ചുരുങ്ങിയത് രണ്ട് പാൽ സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിച്ച് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുകയും കൂടുതൽ ഉൽപാദനത്തിനായി പശുക്കളെ വാങ്ങാനും മറ്റുമായി കർഷകർക്ക് സഹായം നൽകുകയും ചെയ്താൽ പഞ്ചായത്തിലേക്ക് ആവശ്യമായ പാൽ ഉൽപ്പാദിപ്പിക്കുവാൻ നമുക്ക് സാധിക്കും. പാൽ മിച്ചം വന്നാൽ തൈര്, മോര്, വെണ്ണ, പേട എന്നിവയാക്കി മാറ്റാനുള്ള സംവിധാന വും ഉണ്ടാക്കണം. വീടുകളിൽ പശുക്കളെ വളർ ത്തുന്നതിനുള്ള സംവിധാനം ഉണ്ടാവുന്നതോടെ ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനും വീടുകൾക്കാവശ്യമായ ഊർജ്ജ ഉൽപാദനത്തിൽ പുരോഗതി കൈവരിക്കാനും കഴിയും.

2. പാൽ സംഭരണവും വിപണനവും സംഘം വഴി മാത്രമായിരിക്കണം. ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സഹായധനം നൽകുന്നത് ക്ഷീരസംഘ ഉത്പാദകരിൽ നിന്ന് മാത്രം തിരഞ്ഞെടുക്കുക. അതിന് അർഹമായ കർഷകർക്ക് മാത്രം സഹായം നൽകുക.

3. ക്ഷീര ഉത്പാദനം, വിപണനം എന്നീ മേഖലകളിൽ വനിതകൾക്ക് മുൻതൂക്കം നൽകുക.

4. പഞ്ചായത്തുതലത്തിൽ ക്ഷീര വികസന ഓഫീസുകൾ സ്ഥാപിക്കുക.

8. പാൽവിതരണത്തിന് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

6. കുറ്റിപ്പുറം പഞ്ചായത്തിൽ മൃഗചികിത്സ പരിപാടികൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടുവട്ടം വില്ലേജിൽ ഒരു മൃഗാശുപത്രിയും കൂടി സ്ഥാപിക്കുക. കുറ്റിപ്പുറം വില്ലേജിൽ ഒരു Sub Center അനുവദിക്കുക.

7. കുറ്റിപ്പുറം പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന "എഗ്ഗർ നഴ്സറി" സ്ഥാപിക്കുക.

8. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവത്കരണവും നൽകുക.

## മത്സ്യബന്ധനം

15കി.മി വളഞ്ഞ് പുളഞ്ഞ് കിടക്കുന്ന ഭാരതപ്പുഴ കുറ്റിപ്പുറം പഞ്ചായത്തിന്റെ മത്സ്യ സമ്പത്തിന്റെ പ്രധാന സ്രോതസ്സാണ്. 30കി.മി നീളം വരുന്ന 5 തോടുകളും ധാരാളം കുളങ്ങളും, പഞ്ചായത്തിലെ മത്സ്യ സമ്പത്തിന്റെ ഉറവിടങ്ങളാണ്. ഭാരത പ്പുഴയിൽ നിന്നും വാള, ചെമ്പല്ലി, നരിമീൻ, മഞ്ഞൽ, മഞ്ഞിൽ വാലത്താൻ, പരൽ, ആരാൽ, പൂഴാൻ, കോലാൻ എന്നീ മത്സ്യങ്ങൾ ലഭിക്കുന്നു. കണ്ണൻ, മുശ്ശ് എന്നിവ കുളങ്ങളിൽ നിന്നും ലഭിക്കുന്നു.

അശാസ്ത്രീയമായ മീൻപിടുത്തം ഭാരതപ്പുഴയിലെ മത്സ്യസമ്പത്ത് നശിക്കാൻ കാരണമാകുന്നു. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യ കൃഷിക്ക് സാധ്യതകളുണ്ടെങ്കിലും യാതൊരു വിധ പ്രോത്സാഹനങ്ങളും ലഭിക്കുന്നില്ല. പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും ചില കാലങ്ങളിൽ കണ്ടുവരുന്ന മത്സ്യ രോഗങ്ങൾ ഈ പഞ്ചായ ത്തിലെ മത്സ്യ സമ്പത്തിനെ സാരമായി ബാധിക്കുന്നു. കുറ്റിപ്പുറം പഞ്ചായത്തിലെ ആവശ്യ മായ ഉപഭോഗത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ നമ്മുടെ ജലാശങ്ങളിൽ നിന്ന് ലഭിക്കു ന്നുള്ളു. ബാക്കി മുഴുവൻ പുറമെ നിന്ന് വരുന്ന കടൽ മത്സ്യ വിപണനത്തെ ആശ്രയിച്ചിരിക്കുന്നു. മത്സ്യപ്പിടുത്തം ഒരു പ്രധാന ജീവിത മാർഗ്ഗമായി ഇവിടെ സ്വീകരിച്ചിട്ടില്ല. മറുനാട്ടിൽ നിന്നും (പുറമെനിന്നും) കൊണ്ടുവരുന്ന മത്സ്യവിതരണം ധാരാളം പേർക്ക് തൊഴിലവസരം നൽകുന്നു. കുറ്റിപ്പുറം ടൗണിൽ ഒരു മത്സ്യമാർക്കറ്റ് ഉണ്ടെങ്കിലും, കച്ചവടക്കാർ അവിടെ കച്ചവടം നടത്താൻ താത്പര്യപ്പെടുന്നില്ല. നാഷണൽ ഹൈവേയുടെ വക്കിലും, സൈക്കിളിലും, തലച്ചുമടുമായി കച്ചവടം നടത്തുന്നു.



ചമ്രവട്ടം ക്രോസ്‌വേ പ്രയോജനപ്പെടുത്തി ഭാരതപ്പുഴയിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും.

സാധ്യതകൾ

1.കുറ്റിപ്പുറം പഞ്ചായത്തിലെ ഉപയോഗയോഗ്യമല്ലാത്ത കൂപ്പുകളിൽ ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി ആരംഭിക്കുക.

2.ഉൾനാടൻ മത്സ്യതൊഴിലാളിക ളുടെ ക്ഷേമത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികൾക്ക് ഗ്രാൻറ് നൽകുക.

3.ദേശീയ മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യതൊഴി-ലാളികൾക്ക് ഗ്രാൻറ് നൽകുക.


4.കുറ്റിപ്പുറം പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ ഇടയിലും ഈ ക്ഷേമപദ്ധതി നടപ്പിലാക്കുക.

മുയൽവളർത്തൽ

പത്ത് പെൺ മുയലുകളും രണ്ടാൺ മുയലുകളുമടങ്ങുന്നതാണ് ഒരു യൂണിറ്റ് . നമ്മുടെ പഞ്ചായത്തിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന 50 കുട്ടികളെ വീതം ഒരോവർഷവും തെരഞ്ഞെടുത്ത് അവർക്ക് ഒരു ആൺ മുയലും രണ്ട് പെൺമുയലു മടങ്ങിയ ഒരോയൂണറ്റ് വീതം നൽകി, ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും എത്തുമ്പോൾ ഒരു ജോഡി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകുന്ന പദ്ധതി ആവിഷ്ക്കരിക്കാം. അവയെ വീണ്ടും വിതരണം ചെയ്യാം.

ചെറുകിട കാലിത്തീറ്റാ യൂണിറ്റുകൾ

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇന്നുവരെ ഇത്തരത്തിലുള്ള ഒരു സ്ഥാപനവു മില്ല. പഞ്ചായത്തിൽ വാണിജ്യാടിസ് ഥാനത്തിൽ തീറ്റപ്പുല്ല് വളർത്തുകയും അതേ പഞ്ചായത്തിൽ കാലിത്തീറ്റയുണ്ടാക്കുകയും ചെയ്യുന്നത് പശു വളർത്തലിൽനിന്നുള്ള ആദായം വർദ്ധിപ്പി ക്കാൻ വഴിയൊരുക്കും.



## കുറ്റിപ്പുറം പഞ്ചായത്ത് വളർത്തു മൃഗങ്ങളും, പക്ഷികളും

| | | | |
|---|---|---|---|
| പശു | നാടൻ | കറവുള്ളത് | 628 |
| പശു | നാടൻ | കറവില്ലാത്തത് | 610 |
| പശു | സങ്കരം | കറവുള്ളത് | 220 |
| പശു | സങ്കരം | കറവില്ലാത്തത് | 79 |
| എരുമ | | കറവുള്ളത് | 20 |
| എരുമ | | കറവില്ലാത്തത് | 10 |
| പോത്ത് | | | 78 |
| താറാവ്, കോഴി, പക്ഷി (മറ്റുള്ളവ) | | | 21824 |

### മൃഗങ്ങളുടെ രോഗവിവരങ്ങൾ

| | പശു | എരുമ |
|---|---|---|
| ദഹന സംബന്ധമായ അസുഖം | 100 | 60 |
| ധാതുലവണങ്ങളുടെ അഭാവം | 50 | |
| പ്രത്യുത്പാതനവുമായി ബന്ധപ്പെട്ടത് | 40 | 40 |
| അകിടുവീക്കം | 200 | 100 |
| കുളമ്പ് രോഗം | ഉണ്ട് | ഉണ്ട് |
| മുടന്തൻ പനി | ഉണ്ട് | ഉണ്ട് |

### പേവിഷബാധ - പ്രതിരോധ ചികിത്സ


ഒരു മാസത്തെ രോഗ പ്രതിരോധം

| പശു | എരുമ | ആട് | പട്ടി | പൂച്ച |
|---|---|---|---|---|
| 6 | 4 | 2 | 3 | ഇല്ല |

കടിയേറ്റതിന് ശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം : പട്ടി 8

ഒരു ദിവസത്തിൽ മൊത്തം ചികിത്സക്ക് 12 ഓളം മൃഗങ്ങൾ വരുന്നു. ഇതിൽ കൂടുതലും പശുക്കളാണ്. ദേശാടന പക്ഷിയായ എരണ്ട , ദേശീയ പക്ഷിയായ മയിൽ എന്നിവയടക്കം 50 ൽ പരം ഇനം പക്ഷികൾ ഈപഞ്ചായത്തിൻെറ പ്രത്യേകതയാണ്

398



# 5-3

## വ്യവസായം

കുറ്റിപ്പുറം പഞ്ചായത്തിന് വ്യവസായിക രംഗത്ത് 1975ന് ശേഷമാണ് ചില തുടക്കങ്ങൾ ഉണ്ടായിട്ടുള്ളത്. 1980തുകൾ ആയപ്പോഴേക്കും പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഒരു പുതിയ ചലനം വ്യവസായിക രംഗത്തുണ്ടായി. കുറ്റിപ്പുറം K.S.D.C. എൽമക് കപ്പാസിറ്റേഴ്സ്, പ്ലാസ്റ്റിക് കമ്പനി, വഞ്ചിനാട് തുകൽ ഫാക്ടറി, കെൽട്രോൺ, കൃഷ്ണാ കെമിക്കൽസ് തുടങ്ങിയ ആധുനിക രീതിയിലുള്ള വ്യവസായങ്ങൾക്ക് തുടക്കമിട്ടു. ഏറ്റവും ഒടുവിൽ ഒരു സ്പിന്നിംഗ് മില്ലും പഞ്ചായത്തിനോട് തൊട്ട് സ്ഥാപിതമായിട്ടുണ്ട്.

1985ന് ശേഷം തുടങ്ങിയ കമ്പനികൾ പലതും രോഗഗ്രസ്ഥങ്ങളായി. എൽമക് കപ്പാസിറ്റേഴ്സ്, വഞ്ചിനാട് തുകൽ ഫാക്ടറി, പ്ലാസ്റ്റിക് കമ്പനി, കൃഷ്ണാ കെമിക്കൽസ്, തുടങ്ങിയ കമ്പനികൾ കൊട്ടിയടക്കപ്പെട്ടു. അവശേഷിച്ച ഏക പൊതുമേഖലാസ്ഥാപനമായ K.S.D.C.യിൽ പലവിധ കാരണങ്ങളാൽ ഇടയ്ക്കിടെ ഉല്പാദനത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്നു. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഖാദിബോർഡിന്റെയും മറ്റും സഹായത്തോടെ ചെറുകിട ഉല്പാദന സംരംഭങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ നടുവട്ടം മൺപാത്ര വ്യവസായ സഹകരണ സംഘം മാത്രമാണ് ഇന്നും നിലനിൽക്കുന്നത്. നടുവട്ടം ഫൈബർ യൂണിറ്റ്, അവിടെ തന്നെ പട്ടിക ജാതിക്കാർക്ക് തൊഴിൽ നൽകാനുള്ള ഒരു കുടിൽ വ്യവസായ യൂണിറ്റ്, പാഴൂർ D.W.C.R.A യൂണിറ്റ് (നോട്ടുപുസ്തക നിർമ്മാണം) രാങ്ങാട്ടൂർ D.W.C.R.A യൂണിറ്റ് (മിഠായി നിർമ്മാണം) എന്നീ ചെറുകിട ഉല്പാദന സംരംഭങ്ങൾ പൂട്ടിയിടപ്പെട്ടിരിക്കുന്നു.

വ്യക്തിഗത വ്യവസായങ്ങളായി കുറെ ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ചെമ്പിക്കൽ മൈദ മിൽ, പ്രകാശ് മിൽ, രാങ്ങാട്ടൂർ ഐഷ ക്രഷർ യൂണിറ്റ്, പകരനെല്ലൂർ ക്രഷർ യൂണിറ്റ്, മലബാർ ക്രഷർ യൂണിറ്റ്, ചെല്ലൂരിലെ ഹരിജൻ സഹകരണ സംഘത്തിന്റെ കീഴിലുള്ള വനിതാ മെറ്റൽ ഉടക്കൽ, ചെമ്പിക്കൽ ഹോളോ ബ്രിക്സ്, കുറ്റിപ്പുറം ഹോളോ ബ്രിക്സ്, തുടങ്ങിയവയാണ്. അച്ചടിശാല, അടയ്ക്കാ സംസ്കരണം, തുടങ്ങിയവയുമുണ്ട്.

എഞ്ചിനീയറിംഗ് വ്യവസായ രംഗത്തെ കുറ്റിപ്പുറം പട്ടണത്തെ കേന്ദ്രീകരിച്ച് ടയർ റീസോളിംഗ് യൂണിറ്റ്, മെക്കാനിക്കൽ വർക്ഷാപ്പ്, ഇലക്ട്രിക് വർക്ഷാപ്പ് എന്നിവയും ഫർണിച്ചർ നിർമ്മാണം, ആഭരണ നിർമ്മാണം, മരമില്ല് തുടങ്ങിയവയുമുണ്ട്. പരമ്പരാഗത വ്യവസായം, മൺപാത്ര നിർമ്മാണം, കൊട്ട, പായ നെയ്ത്ത്, കല്ല്വെട്ട്, കൊല്ലപ്പണി, ഓട്ടുപാത്ര നിർമ്മാണം എന്നിവയുമുണ്ട്. കരിങ്കൽ ക്വാറിയും, മണൽവാരൽ എന്നീ മേഖലകളിലും ഒട്ടനവധി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ബേക്കറി, ഹോട്ടൽ, സോഡാനിർമ്മാണം, ഭക്ഷ്യധാന്യങ്ങൾ

പൊടിക്കുന്ന മില്ലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. മൊത്തം വ്യവസായത്തിൽ മുന്നൂറോളം തൊഴിലാളികൾ ജോലിചെയ്യുന്ന KSDC എന്ന സ്ഥാപനമൊഴിച്ച് ബാക്കിയെല്ലാം 25ൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്നു. അടക്ക സംഭരണ കേന്ദ്രം,ക്രഷർ യൂണിറ്റ്,അച്ചടി, മൺപാത്രനിർമ്മാണം, കൊട്ട, പായനെയ്ത്ത്, കെട്ടിടനിർമ്മാണം,എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. സ്ത്രീ ജനസംഖ്യയുടെ 11.5 % വരും ഈ വിഭാഗം.

## വ്യവസായിക പ്രശ്നങ്ങൾ:-

പരമ്പരാഗത മേഖലകളായ കൊട്ട, പായ, മൺപാത്ര നിർമ്മാണം, പപ്പടം, തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവർ ഉണ്ട്. മൺപാത്ര നിർമ്മാണം തകർച്ചയെ നേരിടുകയാണ്. ലോഹ, പ്ലാസ്റ്റിക് പാത്രങ്ങളുടെ അമിതമായ ഉപയോഗവും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് ഇതിന് കാരണം.

1. വൈദ്യുതിയുടെ ദൗർലഭ്യം (വോൾട്ടേജ് ക്ഷാമം)

2. ജലവിതരണത്തിലുള്ള അപാകത

3. സാങ്കേതിക പരിജ്ഞാനക്കുറവ്

4. ശരിയായ മാനേജ്മെന്റിന്റെ അഭാവം.

5. ഗവൺമെന്റ് ഏജൻസികളിൽ നിന്നും, ബാങ്കുകളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള പ്രയാസം.

6. വനിതാ തൊഴിൽ പരിശീലനത്തിന്റെ അപര്യാപ്തത

7. ശാസ്ത്രീയ പരിശീലന ബോധവൽക്കരണക്കുറവ്

8. വിപണന സംബന്ധമായ പരിശീലനക്കുറവ്.

9. ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗക്കുറവ്

10. ചെറുകിട കുടിൽ വ്യവസായ ഉല്പന്നങ്ങൾക്ക് വിപണനകേന്ദ്രത്തിന്റെ കുറവ്.

11. ഉൾപ്രദേശങ്ങളിലേക്കുള്ള ചെറുകിട വ്യവസായ ഉല്പാദന കേന്ദ്രങ്ങളിലേക്കുള്ള ഗതാഗത സൗകര്യക്കുറവ്.

12. നികുതിപിരിവ് സംബന്ധിച്ച നൂലാമാലകൾ

## സാധ്യതകൾ:-

കുറ്റിപ്പുറം പഞ്ചായത്തിൽ വൻകിട ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ഒരുപാട് സാധ്യതകളുണ്ട്. റെയിൽവേ സൗകര്യം, നാഷണൽ ഹൈവേ, കടലുമായുള്ള സാമീപ്യം, കേരളത്തിലെ പ്രധാന പട്ടണങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടാനുള്ള വാർത്താവിനിമയ ഗതാഗത സൗകര്യങ്ങൾ, ഗൾഫ് മേഖലകളിൽ നിന്നുള്ള സാമ്പത്തിക വരുമാനം എന്നിവയെല്ലാം വ്യവസായത്തിന് ആവശ്യമായ അനുകൂല ഘടകങ്ങളാണ്. ഇത്തരം അനുകൂല ഘടകങ്ങളെ വേണ്ടുന്ന രീതിയിൽ ഉപയോഗിക്കാതിരുന്നതാണ് ഇതുവരെ ഉണ്ടായിരുന്നിട്ടുള്ള വ്യവസായിക മുരടിപ്പിനു കാരണം.

1. അടക്ക, കശുവണ്ടി, നാളികേരം തുടങ്ങിയ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.
2. ചക്ക, മാങ്ങ, കശുമാങ്ങ തുടങ്ങിയ ഫലങ്ങൾ ഉപയോഗിച്ച് ഒരു ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിന് സാധ്യതയുണ്ട്.

3. ഈ പഞ്ചായത്തിൽ സുലഭമായി കണ്ടുവരുന്ന കരിമ്പാറ, മണൽ, കളിമണ്ണ്, എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുവാനുള്ള സാധ്യതകളുണ്ട്.

4. ഗൃഹാലങ്കാരം, പൂച്ചട്ടി നിർമ്മാണം, തുടങ്ങിയ ആവശ്യങ്ങളെ ഉപയോഗപ്പെടുത്തിയാൽ ഒരു പരിധി വരെ മൺപാത്ര വ്യവസായത്തെ പരിപോഷിപ്പിക്കാം.

നമ്മുടെ പഞ്ചായത്തിനെ വ്യവസായികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് വേണ്ടി ഇന്നുള്ള സാധ്യതകൾ പരമാവധി ഉപയോഗിക്കുകയും പോരായ്മകൾ പരിഹരിക്കുകയും വേണം. അതിനായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ കൂടെത്തന്നെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഒരു വ്യവസായിക മനോഭാവവും സാങ്കേതിക പരിജ്ഞാന പരിചയപ്പെടുത്തലും വ്യവസായിക സ്ഥാപനങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള സന്ദർശന പരിപാടികളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഒരു വ്യവസായിക സംസ്കാരം വളർന്നു വരുന്ന തലമുറയിൽ സൃഷ്ടിച്ചെടുക്കാൻ സാധിക്കുന്നതാണ്. ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ വിവിധ വ്യവസായങ്ങളെ നാലായി തരംതിരിക്കാം.

1. വൻകിട വ്യവസായം

2. ഇടത്തരം വ്യവസായം

3. ചെറുകിട വ്യവസായം

4. പരമ്പരാഗതവും, കുടിൽ വ്യവസായവും

**നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് തുടങ്ങാവുന്ന വൻകിട വ്യവസായങ്ങൾ.**

1. കോൾ കാസ്റ്റിംഗ് യൂണിറ്റ്, സ്ലീപ്പർ കാസ്റ്റിംഗ് സ്ലാബുകൾ, സിമന്റ് കട്ടകൾ, നിർമ്മിതി വീടുകൾക്ക് ആവശ്യമായ കട്ട, ജനൽ, തുലാം, കൈവരി ബ്ലോക്ക് തുടങ്ങിയ നിർമ്മിക്കുന്ന കമ്പനിയിൽ ഉദ്ദേശം 1000ത്തിൽ പരം പേർക്ക് തൊഴിൽ ലഭിക്കും. ഇവയ്ക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളായ കല്ല്, മണൽ,വെള്ളം തുടങ്ങിയവ ആവശ്യാനുസരണം പഞ്ചായത്തിൽ തന്നെ ലഭ്യമാണ്.

2. മിനി സ്റ്റീൽ പ്ലാന്റ്,മിനി റീസോളിംഗ് മിൽ; ഇവയ്ക്ക് ആവശ്യമായ പഴയ ഇരുമ്പ്, തകരം,പേപ്പർ,കാർഡ്ബോർഡ് തുടങ്ങിയവ ധാരാളമായി ഇവിടെ ലഭിക്കും.

3. തുകൽ ഫാക്ടറി

4. അടയ്ക്ക സംഭരണശാല,നാളികേര സംഭരണ സംസ്കരണശാലക്ക് വളരെയധികം സാധ്യതകളുണ്ട്.

മേൽപറഞ്ഞ വ്യവസായങ്ങൾ സ്വകാര്യ മേഖലയിലും, പൊതു മേഖലയിലും, സഹകരണ മേഖലയിലും ആരംഭിക്കാം.

**ഇടത്തരം വ്യവസായങ്ങൾ:-**

കുറ്റിപ്പുറം പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ധാരാളം ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും. നാടൻ ഫലവർഗ്ഗങ്ങൾ ഉപയോഗിച്ച് ഒരു സംസ്കരണ യൂണിറ്റ് (ചക്ക, മാങ്ങ, ഇളനീർ,കശുമാങ്ങ, വാഴപ്പഴം, കൈതച്ചക്ക, ഞാവൽപ്പഴം തുടങ്ങിയവയെല്ലാം ഉപയോഗിക്കാം. ഭാരതപ്പുഴയിലെ മണൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഒരു ഗ്ലാസ്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ സാധിക്കും.

മേൽക്കൊടുത്ത ഇടത്തരം വ്യവസായങ്ങൾ സഹകരണ മേഖലയിൽ ഉൾപ്പെടുത്തി ആരംഭിക്കാവുന്നതാണ്.

**ചെറുകിട വ്യവസായങ്ങൾ:-** കുറ്റിപ്പുറം പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ കുറവാണെങ്കിലും ഇത്തരം വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർ ധാരാളമുണ്ട്. ഇത്തരം വ്യവസായം ചെറു സംഘങ്ങളായോ സഹകരണാടിസ്ഥാനത്തിലോ നടത്താവുന്നവയാണ്.

**പഞ്ചാത്തിൽ ചെറുകിട വ്യവസായത്തിന് സാധ്യതയുള്ളവ:-**

1. നോട്ടുപുസ്തക നിർമ്മാണം

2. ഹെർബൽ ബാത്ത് സോപ്പ്

3. ഹക്കിംഗ് നിർമ്മാണ യൂണിറ്റ്

4. P.V.C. ഫിറ്റിംഗ്സ്

5. തുകൽ ബാഗ്, ചെരുപ്പ് നിർമ്മാണം

6. പ്ലാസ്റ്റിക് കളിപ്പാട്ട നിർമ്മാണം

7. റെഡിമെയ്ഡ് ഗാർമെന്റ്

8. മെറ്റൽ യൂണിറ്റ്

9. മൾബറി തേനീച്ച വളർത്തൽ

10. ചിരട്ട കൊണ്ട് കരകൗശല വസ്തുക്കൾ

11. ബേക്കറി ഭക്ഷണങ്ങൾ

12. അച്ചാർ നിർമ്മാണം

13. കാർഷിക ഉപകരണ നിർമ്മാണ യൂണിറ്റ്

14. അടയ്ക്ക ഉപയോഗിച്ചുള്ള വ്യവസായിക യൂണിറ്റ്

15. കാലിത്തീറ്റ നിർമ്മാണം

16. മെഴുകുതിരി നിർമ്മാണം

## പരമ്പരാഗത കുടിൽ വ്യവസായം

1. മൺപാത്ര നിർമ്മാണം

2. കൊട്ട, പായ നെയ്ത്ത്

3. ഓട്ടുപാത്ര നിർമ്മാണം

4. പപ്പട നിർമ്മാണം

ഇവയുടെ വിജയത്തിനും ഈ വിഭാഗത്തിലെ തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തിനും വേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

## വനിതാ വ്യവസായിക സംരംഭങ്ങൾ:-

നമ്മുടെ പഞ്ചായത്തിൽ വനിതകൾ നടത്തുന്ന

സംരംഭങ്ങൾ ഇല്ലാ എന്നു തന്നെ പറയാം. ചില പദ്ധതികൾ ആരംഭിച്ചെങ്കിലും വേണ്ടത്ര വിജയം കണ്ടിട്ടില്ല. ഈ പഞ്ചായത്തിൽ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകയാണെങ്കിൽ വനിതകളുടെ തൊഴിൽ ശേഷി പരമാവധി ഉപയോഗപ്പെടുത്താം. ഇത്തരം സംരംഭങ്ങൾക്ക് തയ്യാറായി ഒരുപാട് സ്ത്രീകൾ മുന്നോട്ടുവന്നുട്ടുണ്ട്.

**ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിയുന്ന വനിതാ വ്യവസായിക സംരംഭങ്ങൾ:-**

1. അച്ചാർ, കറി പൗഡർ നിർമ്മാണം
2. ടൈലറിംഗ് ഗാർമെന്റ് യൂണിറ്റ്
3. തുകൽ-ചെരുപ്പ് ബാഗ് നിർമ്മാണം
4. സ്വിച്ച് ബോർഡ് നിർമ്മാണം
5. കളിപ്പാട്ട നിർമ്മാണം
6. പാക്കിംഗ് കവർ നിർമ്മാണം
7. നോട്ടു പുസ്തക നിർമ്മാണം
8. ഡിറ്റർജൻറ് പൗഡർ നിർമ്മാണം
9. മിനറൽ വാട്ടർ യൂണിറ്റ്
10. ഹാർഡ്ബോർഡ് പെട്ടി നിർമ്മാണം.
11. ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണം.

ഇവ വനിത സഹകരണ മേഖലയിൽ ആരംഭിക്കാൻ സാധിക്കും.

**കുറ്റിപ്പുറം പഞ്ചായത്തിൽ വ്യവസായ രംഗത്ത് നടപ്പിലാക്കേണ്ട പ്രധാന നിർദ്ദേശങ്ങൾ.**

1. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് കുറ്റിപ്പുറത്ത് കാർത്തലയിൽ പണിയാൻ ഉദ്ദേശിക്കുന്ന 66kv സബ്സ്റ്റേഷൻ നിർമ്മാണം ഉടൻ പൂർത്തീകരിക്കുക.

2. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുക. അതിനായി വാർഡ് മെമ്പർ കൺവീനറായി വാർഡ് തലത്തിൽ സംരംഭകരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ വിദഗ്ദ പരിശീലനം നൽകുകയും പരിശീലനം നല്കുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കുകയും അവരെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ജില്ലാ വ്യവസായ കേന്ദ്രം, ചെറുകിട വ്യവസായ കേന്ദ്രം (തൃശൂർ), ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ(തൃശൂർ)

3. ബാങ്ക്, ഗവൺമെന്റ് ഏജൻസികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവിധ ധന സഹായം, നിർദ്ദേശങ്ങൾ ലഭിക്കുന്നതിന് ഒരു വിദഗ്ദ സമിതി രൂപീകരിക്കുക. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസും മറ്റ് സർക്കാർ നിയന്ത്രണങ്ങളും ലഘൂകരിക്കുക. പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ പറ്റി പഠനം നടത്തി ആവശ്യമായ വിവരം ശേഖരിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുക.

4. KSDC യിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തിൽ താൽപര്യമുള്ളവരെ സഹകരിപ്പിച്ച് ഒരു വിപണന സഹകരണ സംഘം തുടങ്ങാവുന്നതാണ്.

5. പഞ്ചായത്തിൽ കേരകർഷകർ വളരെയധികമുള്ള നടുവട്ടം വില്ലേജിൽ സഹകരണ മേഖലയിൽ ഒരു നാളികേര സംഭരണ സംസ്കരണ സംഘം ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ കൃഷിഭവനെ ഉപയോഗപ്പെടുത്താം.



402



# 5-4 വിദ്യാഭ്യാസം

ഭൂപ്രകൃതി, ഗതാഗത സൗകര്യങ്ങളുടെ അഭാവം, ഭൂരിഭാഗം ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു. എങ്കിലും പി. കെ. മൊയ്തീൻ കുട്ടി സാഹിബ്, എം. ഗോവിന്ദൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മ തുടങ്ങി കലാസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ഉന്നത സ്ഥാനീയരായിട്ടുള്ളവരെ വളർത്തിയെടുത്ത പഞ്ചായത്താണിത്.

ഒരു നൂറ്റാണ്ടോളം പഴക്കമുള്ള കുറ്റിപ്പുറം ജി. എൽ. പി സ്കൂൾ, നടുവട്ടം എൽ. പി., നോർത്ത് എൽ. പി., സൗത്ത് എൽ. പി. എന്നിവയാണ് ഈ പഞ്ചായത്തിലെ ആദ്യകാല ഔപചാരിക വിദ്യാലയങ്ങൾ. ഒരു ടെക്നിക്കൽ ഹൈസ്കൂളടക്കം 4 ഹൈസ്കൂളുകളും 7 യു.പി. സ്കൂളുകളും 16 എൽ. പി. സ്കൂളുകളും 5 നഴ്സറികളും 3 പാരലൽ കോളേജുകുളുമാണ് ഇവിടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

പട്ടിക A
വിദ്യാർത്ഥികൾ - അധ്യാപകർ

| നമ്പ്ര് | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1. | ജി. എച്ച്. എസ്. കുറ്റിപ്പുറം UP | Govt. | 515 | 426 | 941 | 11 | 15 | 26 |
| | HS | " | 1231 | 1167 | 2398 | 32 | 37 | 69 |
| 2. | ജി. എച്ച്. എസ് പേരശ്ശനൂർ LP | " | 169 | 177 | 346 | | | |
| | UP | | 253 | 250 | 503 | | | |
| | HS | | 220 | 260 | 480 | | | |
| 3. | ടി.എച്ച്. എസ്. കുറ്റിപ്പുറം HS | " | 66 | 24 | 90 | | | |
| 4. | എം.എം.എം. ഹൈസ്കൂൾ കുറ്റിപ്പുറം അൺഎയിഡഡ് | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. എ.യു.പി. എസ്. നടുവട്ടം | | എയിഡഡ് | 497 | 403 | 900 | 6 | 25 | 31 |
| 6. എ.എം.യു പി. എസ്. പാഴൂർ | LP | | 156 | 148 | 304 | | | |
| | UP | " | 146 | 168 | 314 | 2 | 20 | 22 |
| 7. കെ.എം.യു.പി. എസ്. ചെല്ലൂർ | UP | " | 201 | 188 | 389 | 7 | 9 | 16 |
| 8. എൻ.ഐ.യു. പി.എസ്. കഴുത്തല്ലൂർ | UP | " | 209 | 136 | 345 | 3 | 10 | 13 |
| 9. ജി. എൽ.പി.എസ് മാണിയങ്കാട് | LP | Govt. | 33 | 75 | 108 | 1 | 4 | 5 |
| 10. ജി.എൽ.പി.എസ് നടുവട്ടം | LP | " | 293 | 239 | 532 | 3 | 11 | 14 |
| 11. എ.എം.എൽ.പി. എസ് കൊളത്തോൾ | LP | എയിഡഡ് | 99 | 102 | 201 | 3 | 5 | 8 |
| 12. ജി. എൽ.പി. എസ് ചെല്ലൂർ | LP | Govt. | 215 | 182 | 397 | 5 | 6 | 11 |
| 13. പി.എസ്.എം.എൽ. പി.എസ്. പകരനെല്ലൂർ | LP | എയിഡഡ് | 100 | 85 | 185 | 2 | 4 | 6 |
| 14. കെ.എസ്.എം.എ. എൽ.പി.എസ്. കഴുത്തല്ലൂർ | LP | എയിഡഡ് | 54 | 77 | 131 | 2 | 3 | 5 |
| 15. എ.എൽ.പി.എസ് കുറ്റിപ്പുറം സൗത്ത് | LP | " | 165 | 169 | 334 | 2 | 10 | 12 |
| 16. ജി.എൽ.പി.എസ് കുറ്റിപ്പുറം | LP | Govt. | 97 | 67 | 164 | 1 | 6 | 7 |
| 17.ജി.എൽ.പി.എസ് കുറ്റിപ്പുറം നോർത്ത് | LP | " | 194 | 170 | 364 | 3 | 7 | 10 |
| 18.ജി.എൽ.പി. എസ് പെരുമ്പറമ്പ് മൂടാൽ | LP | " | 120 | 135 | 255 | 1 | 5 | 6 |
| 19. എ.എൽ.പി.എസ് പൈങ്കണ്ണൂർ | LP | എയിഡഡ് | 150 | 154 | 304 | 6 | 5 | 11 |
| 20. എ. എൽ.പി. എസ് എടച്ചലം | LP | " | 115 | 118 | 233 | 2 | 7 | 9 |
| 21. ജി. എൽ.പി.എസ്. കുളക്കാട് | LP | Govt. | 154 | 181 | 335 | 6 | 4 | 10 |

*അവലംബം സെക്കണ്ടറി ഡാറ്റാ.*

1962ൽ സ്ഥാപിച്ച പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ കുറ്റിപ്പുറം ജി.എച്ച്. എസ്. ആണ്. 1983ൽ സ്ഥാപിച്ച പേരശ്ശനൂർ ഹൈസ്കൂളും കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളും 1995ൽ നിലവിൽ വന്ന അൺഎയിഡഡ് എം.എം.എം. ഹൈസ്കൂളും ആണ് ഈ പഞ്ചായത്തിലെ മറ്റ് ഹൈസ്കൂളുകൾ

പട്ടിക 1B

| മൊത്തം | | | ഹൈസ്കൂൾ | | | | യു.പി. | | | | എൽ.പി | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പെൺകുട്ടികളുടെ% | ആൺ | പെൺ | ആകെ | പെൺകുട്ടികളുടെ% | ആൺ | പെൺ | ആകെ | പെൺകുട്ടികളുടെ% |
| 5452 | 5101 | 10553 | 1517 | 1451 | 2968 | 48.88 | 1821 | 1571 | 3392 | 46.3 | 2114 | 2079 | 4193 | 49 |

പഞ്ചായത്തിലെ 10553 വിദ്യാർത്ഥികളിൽ 48 ശതമാനം പെൺകുട്ടികളാണ്. 15 ഓളം ഹരിജൻ കോളനികളുള്ള ഈ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവരുടെ എണ്ണം വിരലിലെണ്ണാവുന്നതേയുള്ളൂ.

പട്ടിക 1c

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 4193 | 415 | 9.9 | 3392 | 284 | 8.37 | 2968 | 225 | 758 |

മാത്തം സ്കൂളുകളിൽ 3 ഹൈസ്കൂളുകളും 2 യു.പി സ്കൂളുകളും 8 എൽ.പി. സ്കൂളുകളും സർക്കാർ സ്കൂളുകളാണ്. എയിഡഡ് മേഖലയിൽ 4 യു.പി. സ്കൂളുകളും 7 എൽ.പി. സ്കൂളുകളും ഉൾപ്പെടുന്നു. ഒരു ഹൈസ്കൂൾ 1 യു.പി., 1 എൽ.പി. എന്നിവ അൺ എയിഡഡ് മേഖലയിലുണ്ട്. 5 സ്വകാര്യ പ്രീ പ്രൈമറി വിദ്യാലയങ്ങളുണ്ട്. ഇതു കൂടാതെ 500 ൽ പരം കുട്ടികൾ മറ്റു പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠനം നടത്തുന്നു. ഈ പഞ്ചായത്തിൽ നടുവട്ടം വില്ലേജ് മേഖലയിലുള്ള ഭൂരിഭാഗം വിദ്യാർത്ഥികളും ഹൈസ്കൂൾ പഠനത്തിന് 7 കി.മീറ്ററുകൾ വരെ സഞ്ചരിച്ച് തിരുന്നാവായ, ആതവനാട്, ചേരൂലാൽ എന്നീ ഹൈസ്കൂളുകളിലേക്കാണ് പോകുന്നത്. എന്നു മാത്രമല്ല കുറ്റിപ്പുറം ഹൈസ്കൂളിൽ എത്തുന്നതിനും ഈ പ്രയാസങ്ങൾ സഹിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ എസ്.എസ്.എൽ.സി എഴുതുന്ന വിദ്യാർത്ഥികളിൽ 20% താഴെ മാത്രമാണ് വിജയം കൈവരിക്കുന്നത്. എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 60% വും 40%ത്തിൽ താഴെ മാർക്കു നേടുന്നവരാണ്. അത് യു.പി. വിഭാഗത്തിൽ എത്തുമ്പോൾ 70% വും ഹൈസ്കൂളിൽ എത്തുമ്പോൾ 80% മായും വർദ്ധിക്കുന്നു. ഉപരിപഠനത്തിന് മണിക്കൂറുകളോളം കാൽനടയായി യാത്രചെയ്ത ശേഷം ബസ്സുകളേയും മറ്റുവാഹനങ്ങളേയും ആശ്രയിക്കേണ്ട സ്ഥിതിയാണ് കുറ്റിപ്പുറം അങ്ങാടിയുമായി ബന്ധപ്പെട്ടുകിടക്കുന്ന 1ഉം 2ഉം 3ഉം വാർഡ് ഒഴികെയുള്ള മറ്റു 11 വാർഡുകളുടേയും വിദ്യാർത്ഥികളുടെ ഗതി. ഇതു കാരണം ഭൂരിഭാഗം പെൺകുട്ടികളും പത്താം ക്ലാസോടുകൂടി പഠനം നിർത്തുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 2 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ കുറ്റിപ്പുറം ടൗണിലുണ്ട്. ഇത് പരമാവധി ഉപയോഗപ്പെടുത്തുന്നു. ഇതിൽ അധ്യയനം നടത്തുന്നവരിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തെപ്പറ്റി പറയുമ്പോൾ സ്ഥാപിച്ച അന്നു മുതൽ ഇന്നേ വരെ 100% വിജയം കൈവരിച്ചു വരുന്ന ടെക്നിക്കൽ ഹൈസ്കൂളിന്റെ കാര്യം എടുത്തു പറയാവുന്നതാണ്. എന്നാൽ ഇന്നും 8 ഏക്കറോളം ഭൂമിയുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി തൊഴിൽ എടുത്തു കൊണ്ട് പഠനം നടത്തുന്നതിനുള്ള സൗകര്യം പ്രിന്റിംഗ് പ്രസ്സുകൾ, വർക്ക്ഷോപ്പുകൾ, ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിമുണ്ട്. 100 ഓളം പേർ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു. ഇതിന് ഹരിജൻ കുട്ടികൾക്ക് ബ്ലോക്കുകളിൽ നിന്ന് സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്.

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ 34 അംഗനവാടികൾ പ്രവർത്തിക്കുന്നു. എങ്കിലും 500 ഓളം കുട്ടികൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കാരണം അംഗനവാടികളിൽ എത്തിച്ചേരാനുള്ള ദൂരം കൂടുതലാണ്. അംഗനവാടികളുടെ പ്രവർത്തനം പ്രൈമറി വിദ്യാഭ്യാസത്തിന് ഗുണം ചെയ്യുന്നുണ്ട്.

ഹൈസ്കൂളിൽ 5000ൽ പരം പുസ്തകങ്ങളുള്ള ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ഹൈസ്കൂളുകളിൽ ലൈബ്രറിക്ക് പ്രത്യേകം മുറിയുണ്ട്. പേരശ്ശനൂർ ഹൈസ്കൂളിൽ സൗകര്യമില്ല. യു.പി. സ്കൂളുകളിൽ 3000ൽ പരം പുസ്തകങ്ങളുള്ള ലൈബ്രറികളുണ്ട്. പക്ഷെ ഇവക്ക് പ്രത്യേകം മുറികളോ, പുസ്തകംസൂക്ഷിക്കുവാനോ ഉള്ള സൗകര്യങ്ങൾ കുറവാണ്. എൽ.പി. സ്കൂളുകളിൽ ലൈബ്രറി പ്രവർത്തനം ഇല്ലെന്നു പറയാം. ഇന്നത്തെ അവസ്ഥ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതാണ്.

കുറ്റിപ്പുറം പഞ്ചായത്തിൽ പൊതുവായ മൂന്നു വായനശാലയാണുള്ളത്. 3 ാം വാർഡിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന വായനശാല, 1ാം വാർഡിലെ എയ്ലൈറ്റ് വായനശാല, 13ാം വാർഡിലെ കൈരളി വായനശാല എന്നിവയാണ്. ഇവയുടെ പ്രവർത്തനം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

ഹൈസ്കൂളുകളിൽ പ്രത്യേകം മുറികളുള്ള ലബോറട്ടറികൾ ഉണ്ട്. യു.പി. സ്കൂളുകളിൽ പ്രത്യേകം മുറികളില്ലെങ്കിലും പരിമിതമായ തോതിൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. എൽ.പി. സ്കൂളുകളിൽ ലാബോറട്ടറി സൗകര്യമില്ല.

പഞ്ചായത്തിലെ ഒരു സ്കൂളിലും ആവശ്യത്തിന് മൂത്രപ്പുരകളും കക്കൂസുകളും ഇല്ല. 9 സ്കൂളുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. 7ഓളം സ്കൂളുകളിൽ കുടിവെള്ള സൗകര്യമില്ല. മിക്കവാറും സ്കൂളുകൾക്ക് ചുറ്റുമതിലില്ല. സർക്കാർ സ്കൂളുകളിൽ ആവശ്യമായ കെട്ടിടമില്ല. കുറ്റിപ്പുറം പേരശ്ശനൂർ ഷിഫ്റ്റ് സമ്പ്രദായമാണ്. പ്രൈമറി സ്കൂളുകളിൽ ഭൂരിഭാഗം ക്ലാസ്സുകളും മുറികളായി തിരിച്ചിട്ടില്ല.

രക്ഷാകർതൃ സമിതിയും മാതൃ സമിതിയും എല്ലാ വിദ്യലയങ്ങളിലുമുണ്ട്. ഇവയുടെ പ്രവർത്തനം സജീവമാണെന്ന് പറയാൻ വയ്യ. സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് സ്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം ആശാവഹമല്ല. സബ് ജില്ല, ജില്ലാ കലാ കായിക മേളയിൽ പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളും പങ്കെടുക്കാറുണ്ട്.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. ജനസംഖ്യാനുപാതം കണക്കിലെടുക്കാതെ കുട്ടികൾക്ക് ചുരുങ്ങിയ സമയം കൊണ്ട് എത്തിച്ചേരത്തക്ക രീതിയിൽ ഒരു വാർഡിൽ 4 എന്ന തോതിൽ അംഗനവാടികൾ ഏർപ്പെടുത്തുക. അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടവും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിൽ ഇന്ന് നിലവിലുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക. അംഗനവാടികളെ പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുക.

2. ഒരു വാർഡിൽ 1 എൽ. പി. സ്കൂൾ എന്ന തോതിൽ അനുവദിക്കുക. നിലവിലുള്ള എൽ.പി. സ്കൂളുകളിൽ കുട്ടികൾക്ക് എത്തിച്ചേരുന്നതിന് കൂടുതൽ യാത്ര ചെയ്യണമെങ്കിൽ അങ്ങനെയുള്ള വാർഡുകളിൽ ഓരോ സ്കൂളുകൾ അനുവദിക്കുക. പ്രീ പ്രൈമറി , എൽ. പി. സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാക്കുക. ഈ രംഗത്ത് മലയാളം മീഡിയം മാത്രം നടപ്പിലാക്കുക.

3. 4,5,7,8 എന്നീ വാർഡുകളിൽ യു.പി. സ്കൂൾ അനുവദിക്കുക. 13,9 വാർഡുകളിലെ നിലവിലുള്ള യു.പി.സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം. കുറ്റിപ്പുറം ടൗണുമായി ബന്ധപ്പെട്ട് ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുക, കുറ്റിപ്പുറം വില്ലേജിലെ കുട്ടികൾക്ക് ഉപയോഗ പ്രദമാകുന്ന രീതിയിൽ ഹൈസ്കൂൾ, വി.എച്ച്.എസ് സ്കൂളായി ഉയർത്തുക.

4. നടുവട്ടം വില്ലേജിലും ആതവനാട്, തിരുന്നാവായ എന്നീ പഞ്ചായത്തുകളിൽ അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള 13 ാം വാർഡിലെ യു.പി. സ്കൂൾ ഈ പദ്ധതി അവസാന നടുവട്ടവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങൾക്കും ഉപയോഗമാകുന്ന രീതിയിൽ അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള 13 ാം വാർഡിലെ യു.പി. സ്കൂൾ ഈ പദ്ധതി അവസാന ഘട്ടത്തിൽ വി. എച്ച്. എസ്. സ്കൂളായി ഉയർത്തുക.

5. കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് ഐ.ടി.ഐ, പോളിടെക്നിക എന്നിവ ഉൾക്കൊള്ളുന്ന ടെക്നിക്കൽ കോംപ്ലക്സാക്കി ഉയർത്തുക.

6. കുറ്റിപ്പുറം ടൗണുമായി ബന്ധപ്പെട്ട് ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുക.

എല്ലാ എൽ.പി., യു.പി. സ്കൂളകൾക്കും അത്യാവശ്യയി 2 കക്കൂസുകളും 15 കുട്ടികൾക്ക് ഒരേ സമയം ഉപയോഗിക്കാവുന്ന രീതിയിൽ 2 മൂത്രപ്പുരകളും നിർമ്മിക്കുക. ഹൈസ്കുളുകളിൽ 4 കക്കൂസുകളും 15 കുട്ടികൾക്ക് ഒരേ സമയം ഉപയോഗിക്കാവുന്ന രീതിയിൽ 4 മൂത്രപ്പുരകളും നിർമ്മിക്കുക. പ്രൈമറി സ്കൂളുകൾക്ക് ക്ലാസ്സുകൾ ഇടഭിത്തി നിർമ്മിക്കുക. സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക. കുടിവെള്ള സൗകര്യമില്ലാത്ത സ്കൂളുകൾക്ക് കിണറുകുഴിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. എല്ലാ വിദ്യാലയങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക. ഈ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്ത് സഹകരിക്കുകയാണെങ്കിൽ മോട്ടോർ വെച്ച് കുടിവെള്ള സൗകര്യം ഉണ്ടാക്കുന്നതിന് പി.ടി.എ കൾ തയ്യാറാണ്. സ്കൂളുകളുടെ അറ്റകുറ്റ പണികൾ ഏപ്രിൽ , മെയ് മാസങ്ങളിൽ തീർക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. ഇതു പരിശോധിക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുക.

ഹൈസ്കൂളുകളിൽ ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കുന്നതിന് ആവശ്യമായ സൗകര്യം ലഭിക്കുന്നതിന് ലൈബ്രേറിയനെ നിയമിക്കുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം വായന മുറികൾ നിർമ്മിക്കുക. യു.പി. സ്കൂളുകളിൽ ലൈബ്രറിക്കും വായനയ്ക്കുമായി പ്രത്യേക മുറി നിർമ്മിക്കുക. യു.പി. സ്കൂളുകൾക്ക് ഒരു ക്ലാസ്സ് നടക്കാവുന്ന രീതിയിൽ സൗകര്യങ്ങളുള്ള പ്രത്യേകം ലാബോറട്ടറികൾ നിർമ്മിക്കുക.

ആവശ്യമായ പാഠ പുസ്തകങ്ങൾ സമയത്തിന് സ്കൂളിൽ എത്തിക്കുക.അധ്യാപകർക്ക് ആവശ്യമായ ഇൻസർവീസ് കോഴ്സുകൾ വേണ്ട സമയത്ത് നടത്തുക. ഇത് അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുക. സ്കൂൾ കോംപ്ലക്സുകൾ സജീവമാക്കി ഇതിനാവശ്യമായ നിർദ്ദേശങ്ങൾ അധ്യയന വർഷത്തിന്റെ അവസാനത്തിൽ തയ്യാറാക്കുക.

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഏകീകൃത സിലബസ്സ് നടപ്പിലാക്കുക. കോംപ്ലക്സ് തലത്തിൽ അധ്യാപകർക്ക് പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ഒരു ശില്പശാല അവധിക്കാലത്ത് സംഘടിപ്പിക്കുക. ഇത് തുടർന്നു വരുന്ന അധ്യയന വർഷത്തിൽ ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനു ആവശ്യമായ രീതിയിലായിരിക്കണം.

പി.ടി.എ, എം.പി.ടി.എ, ക്ലാസ്റൂം പി.ടി.എ എന്നിവയുടെ പ്രവർത്തനം സജീവമാക്കണം. വാർഡ് മെമ്പർമാരുടെ സജീവ പങ്കാളിത്തത്തോടുകൂടി ഈ സമിതികൾ മാസത്തിലൊരിക്കൽ ചേർന്ന് പാഠ്യവും പാഠ്യേതരവുമായ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനും സംവിധാനം ഉണ്ടാക്കണം.

ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം. കൊഴിഞ്ഞു പോക്കും വിദ്യാഭ്യാസ നിലവാര തകർച്ചയും ഒരു പരിധി വരെ പരിഹരിക്കുന്നതിന് രണ്ടാം ഘട്ട സാക്ഷരതാ പരിപാടി സഹായിക്കും. ഇതിന് സഹായകമാകുന്ന വിധത്തിൽ നിർജ്ജീവമായി കിടക്കുന്ന സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി സജീവമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. ഈ പ്രവർത്തനം സുഗമമായി നടക്കുന്നതിന് വാർഡ് മെമ്പർമാർ കൺവീനർമാരായി സാക്ഷരതാ സമിതികൾ പുന: സംഘടിപ്പിക്കുക.

അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക. എൽ.പി. വിഭാഗത്തിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1: 25 ആക്കിയാൽ പഠനനിലവാരം വളരെയധികം മെച്ചപ്പെടുത്താം. എന്നു മാത്രമല്ല തുടർന്നു വരുന്ന ക്ലാസ്സുകളിൽ അനുപാതം ഇന്നത്തെ രീതിയിൽ തുടരുകയും ചെയ്യാം. സ്കൂൾ പി.ടി. എ കളിൽ രക്ഷിതാക്കളും അധ്യാപകരും കൂടാതെ പ്രദേശത്തെ കലാ സാംസ്കാരിക സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്നവരെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കണം. ഈ രൂപത്തിൽ വന്നാൽ മാത്രമാണ് പി.ടി.എ കൊണ്ട് എന്ത് ഉദ്ദേശിക്കുന്നുവോ അത് സാക്ഷാത്ക്കരിക്കാൻ കഴിയുകയുള്ളൂ.പി.ടി. എ, എം.പി.ടി.എ, ക്ലാസ് റൂം പി.ടി.എ എന്നിവയുടെ പ്രവർത്തനം സജീവമാക്കുക യാണെങ്കിൽ വിദ്യാഭ്യാസ രംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

# 5 - 5

# പാർപ്പിടവും സാമൂഹ്യക്ഷേമവും



കുറ്റിപ്പുറം പഞ്ചായത്തിൽ കുറ്റിപ്പുറം , നടുവട്ടം എന്നിങ്ങനെ 2 വില്ലേജുകൾ അടങ്ങിയതാണ്. 14 വാർഡുകളിലായി 8495 വിടുകൾ ഉണ്ട്. കോൺക്രീറ്റ്, ഓല, ഓട് എന്നിവയെല്ലാം ഇതിൽപെടും. നടുവട്ടം വില്ലേജിൽ ഒരു ലക്ഷംവീട് കോളനിയും. കുറ്റിപ്പുറം വില്ലേജിൽ 2 ലക്ഷംവീട് കോളനിയുമാണ് ഉള്ളത്. ഇത് കൂടാതെ 18 ഹരിജൻ കോളനികളും ഉണ്ട്. 18 കോളനികളിലുമായി 298 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 1845 പുരുഷൻമാരും 1861 സ്ത്രീകളുമടക്കം 3706 ആളുകളാണ് ഉള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 37156 ആണ്. മുഴുവൻ കുടുംബങ്ങൾക്കും താമസിക്കാനുള്ള പാർപ്പിട സൗകര്യങ്ങൾ ഇവിടെയില്ല.

ഗൾഫ് പണത്തിന് ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും എന്നാൽ ഈ പണം വികസന രംഗത്തേക്ക് തിരിച്ചുവിടാൻ ആവശ്യമായ യാതൊരു നിർദ്ദേശങ്ങളോ പ്രോത്സാഹനമോ നൽകാൻ കഴിയുന്നില്ല. ഇത് കൊണ്ട് തന്നെ ഈ പണം മുഴുവനും കെട്ടിട നിർമ്മാണ രംഗത്തു മാത്രം ചെലവഴിക്കുന്നു എന്നാൽഇതിന്റെ മറുവശ ത്താകട്ടെ കൂലി പണിയെടുത്ത് കുടുംബ ജീവിതം നടത്തുന്നവരാണ്. അതു കൊണ്ട് തന്നെ പഞ്ചായത്തിലെ ഇടത്തരക്കാരായ ഭൂരിഭാഗം പേരും കുടിലുകളിലും ഇടത്തരം വീടുകളിലുമാണ് താമസിക്കുന്നത്.

പട്ടിക

| വാർഡ് ആകെ | | ഓട് | കോൺക്രീറ്റ് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 761 | 590 | 54 | - | 1405 |
| 2 | 551 | 141 | 110 | 3 | 805 |
| 3 | 671 | 56 | 74 | - | 801 |
| 4 | 411 | 51 | 221 | - | 683 |
| 5 | 384 | 90 | 242 | | 716 |
| 6 | 388 | 78 | 226 | | 692 |
| 7 | 476 | 43 | 44 | 2 | 565 |
| 8 | 377 | 21 | 151 | | 549 |
| 9 | 410 | 56 | 146 | - | 612 |
| 10 | 276 | 20 | 180 | 1 | 477 |
| 11 | 360 | 67 | 207 | - | 476 |
| 12 | 276 | 100 | 176 | - | 634 |
| | | | | | 52 |
| | 5341 | 1313 | 1831 | 6 | 391 |

ഈ വീടുകളിൽ ചെറിയൊരു വിഭാഗം മാത്രം നിർമ്മിതി കേന്ദ്രങ്ങളുടെ ചിലവു കുറഞ്ഞ മോഡൽ വീടുകൾ നിർമ്മിക്കുന്നു. അതേ സമയം കോൺക്രീറ്റു വീടുകൾക്ക് നിർമ്മാണ ചിലവ് വളരെയധികം കാണുന്നു. അതോടൊപ്പം ഈ വീടുകൾ ഭൂരിഭാഗവും ടാർ റോഡുകൾക്ക് സമീപം നിർമ്മിക്കുന്നതായാണ് കാണുന്നത്. അതുപോലെ തന്നെ വയലുകൾ നികത്തി വീടുവെയ്ക്കുന്നതായും കാണുന്നു.

ഭവന നിർമ്മാണ രംഗത്ത്, വളാഞ്ചേരിയിലെ ഭൂപണയ ബാങ്ക്,കുറ്റിപ്പുറം സർവ്വീസ് സഹകരണ ബങ്ക് എന്നിവ വായ്പ വിതരണം ചെയ്യുന്നു.

**പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

1. ഭവന നിർമ്മാണത്തിനായി സർക്കാർ മേഖലയിലും, സഹകരണ മേഖലയിലും ഉള്ള ധനകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന വായ്പകൾ കൂടുതൽ ലഭ്യമാകത്തക്ക വിധത്തിൽ ഇന്ന് നിലവിലുള്ള സാങ്കേതിക വൈഷമ്യങ്ങൾ ഇല്ലായ്മ ചെയ്യേണ്ടതാണ്.

2. ഭവന നിർമ്മാണത്തിനായി സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശനിരക്ക് 10% ആയി കുറയ്ക്കുക.

3. ദുർബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കാനും, പുതുക്കി പണിയാനും കൂടുതൽ സഹായങ്ങൾ ലഭിക്കണം.

4. ഭവന നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

5. ദുർബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കാൻ നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം ഇന്നത്തെ നിലവിലുള്ള ഭവന നിർമ്മാണ സാമഗ്രികളുടെയും, കൂലിനിരക്കിന്റെയും അനുപാതത്തിൽ വർദ്ധിപ്പിക്കുക.

6. വിവിധ സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ കൃത്യമായ കണക്ക് പഞ്ചായത്ത് സൂക്ഷിക്കുക.

7. ചെലവു കുറഞ്ഞ വീടുകൾക്ക് എല്ലാവിധ പ്രചരണവും നൽകുക.

പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് പഞ്ചായത്ത് നൽകിയ വീടുകളുടെ പട്ടിക

പട്ടിക II

| വർഷം | പദ്ധതി | എണ്ണം |
|---|---|---|
| 90-91 | J.R.Y | 11 |
| 91-92 | " " | 5 |
| 92-93 | " " | 8 |
| 93-94 | " " | 13 |
| 94-95 | " " | 2 |
| 95-96 | " " | 6 |

**ഭവന നിർമ്മാണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.**

1. കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമന്റ്, ഓട്, കല്ല്, കമ്പി, എന്നിവയ്ക്ക് കഴിഞ്ഞ 5 വർഷ കാലത്തിനിടയിൽ 50%ത്തിലേറെ വിലവർദ്ധനവ് വന്നു. അതോടൊപ്പം അത്യാവശ്യ സാധനങ്ങളുടെ വിലയിലും വർദ്ധനവ് വന്നു. ഇതെല്ലാം കണക്കിലെടുത്താൽ കൂലിപ്പണിക്കാരും, ഇടത്തരക്കാരുമായ സാധാരണക്കാരന് പാർപ്പിടത്തിനാവശ്യമായ തുക മിച്ചം വെയ്ക്കാൻ സാധിക്കുന്നില്ല.

2. ഏകകുടുംബ വ്യവസ്ഥ സമൂഹത്തിൽ വ്യാപകമായി നിലവിൽ വന്നതിനാൽ ഭൂമിക്ക് വന്ന ലഭ്യതക്കുറവും അതോടൊപ്പം തന്നെ ഭൂമിയുടെ വൻ വിലവർദ്ധനവും വലിയ പ്രശ്നമാകുന്നു. ഇതിന് ഒരു പരിധി വരെ ഗൾഫ് പണം ഉപയോഗിച്ച് തെറ്റായ രൂപത്തിലുള്ള കോൺക്രീറ്റ് മാളികകളുടെ നിർമ്മാണവും കാരണമാണ്.

3. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ധനസഹായം കൂടുതൽ കാര്യക്ഷമവും ലളിതവുമാക്കണം.

മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ കണക്കിലെടുത്താൽ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണത്തിൽ മുഖ്യ ശ്രദ്ധ നൽകേണ്ടത് കുടിലുകൾ മാറ്റിയെടുക്കാനും, ഭവനരഹിതരായവർക്ക് വിവിധ ഏജൻസികൾ മുഖേനയും വീടുകൾ നിർമ്മിച്ചു കൊടുക്കുകയാണ് വേണ്ടത്. ഇതിൽ പ്രധാനം ഇതിനാവശ്യമായ ഭൂമി നൽകലാണ്.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിച്ചു കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സാമൂഹിക ക്ഷേമരംഗത്ത് ഗ്രാമവികസനാപ്പീസിനു താഴെ കുറ്റിപ്പുറം, നടുവട്ടം, വില്ലേജിൽ 3 മേഖലകളാണ് ഉള്ളത്. പേരശനൂർ, കുറ്റിപ്പുറം, നടുവട്ടം എന്നിവയാണവ. 3 മേഖലകളിലുമായി, 3 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുണ്ട്. 1995-96 I.R.D.P. സർവ്വേ പ്രകാരം 2073 പേരാണ് ദാരിദ്ര രേഖക്ക് താഴെ എന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതാകട്ടെ 81 SC കുടുംബങ്ങളിലായാണ് ഉള്ളത്. 271 പേർ വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ലഭിച്ചവരാണ്. 113 SC കുടുംബങ്ങളും ഇതിൽ പെടുന്നു. 158 കുടുംബങ്ങളെ വിവിധ സാമ്പത്തിക സഹായങ്ങൾ കൊടുത്ത് സഹായിച്ച് ദാരിദ്ര രേഖക്ക് മുകളിൽ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. 1995-96 സാമ്പത്തിക വർഷത്തിൽ 20 പേർ എംബ്രോയ്ഡറി, പ്ലംബിംഗ്, കുടനിർമ്മാണം എന്നിവയിലായി തൊഴിൽ പരിശീലനം നേടിയിട്ടുണ്ട്. ഇതിൽ 12 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും 8പേർ ഇതര തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## പട്ടിക III

**D.W.C.R.A പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.**

| | തൊഴിൽ സംരംഭത്തിന്റെ ഇനം | അനുവദിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1. | ബുക്ക് ബൈന്റിംഗ് | 1992 | ഇല്ല | പരാജയം |
| 2. | മിഠായി ഉല്പാദനം | 1992-93 | ഇല്ല | പരാജയം |
| 3. | ആട് | 1994-95 | 10+15 | തരക്കേടില്ല |
| 4. | കരിങ്കൽ ഉടക്കൽ | 1994-95 | 10+15 | തരക്കേടില്ല |

10-ാം വാർഡിൽ തുടങ്ങിയ ബുക്ക് ബൈന്റിംഗ് സ്ഥാപനം ഉണ്ടാക്കുന്ന നോട്ടുപുസ്തക വിതരണത്തിനുള്ള ബുദ്ധിമുട്ടുകൾ കാരണം നിർത്തേണ്ടി വന്നു. അതുപോലെ അസംസ്കൃത വസ്തുക്കളുടെ അമിതമായ വിലയും കാരണമാണ്.

കുറ്റിപ്പുറം പഞ്ചായത്തിലെ പതിനാല് വാർഡുകളിലായി മുപ്പത്തിനാല് അംഗൻ വാടികൾ പ്രവർത്തിച്ചുവരുന്നു. 5 അംഗൻ വാടികൾക്ക് മാത്രമെ സ്ഥിരമായ കെട്ടിടമുള്ളൂ. 2449 കുട്ടികൾ (3 വയസ്സിനു താഴെ – 5 വയസ്സിന് മുകളിൽ) ഈ സ്ഥാപനങ്ങളിൽ വരുന്നുണ്ട്.

## പട്ടിക IV

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗൻ വാടികളുടെ എണ്ണം | 3 | 3 | 3 | 3 | 3 | 2 | 2 | 3 | 1 | 3 | 1 | 2 | 2 | 3 |
| കെട്ടിടങ്ങൾ ഉള്ളവ | 1 | | | | 1 | | | | | | | 1 | | |

**5 വയസ്സിനു താഴെയുള്ള കുട്ടികളുടെ വിവരം. പട്ടിക V**

| പ്രായം | എണ്ണം |
|---|---|
| ഒരു വയസ്സിനു താഴെ | 751 |
| ഒരു വയസ്സിനും 3 വയസ്സിനും താഴെ | 1550 |
| 3 വയസ്സിനും 5 വയസ്സിനും താഴെ | 2449 |

**ഗർഭിണികളെ കുറിച്ചുള്ള വിവരങ്ങൾ**

പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 271.

പ്രത്യേക പരിചരണം ആവശ്യമുള്ളവർ - 138

മുലയൂട്ടുന്ന അമ്മമാർ - 293.

അനുപൂരക പോഷകാഹാരം ലഭിയ്ക്കുന്ന കുട്ടികളുടെ എണ്ണം - 1412

അനുപൂരക പോഷകാഹാരം ലഭിയ്ക്കുന്ന ഗർഭിണികളുടെ എണ്ണം - 126

അനുപൂരക പോഷകാഹാരം ലഭിയ്ക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം - 149.

**സി.ബി.എൻ.പി. ആന്റ് വി.എ.പി.**

**സാമൂഹ്യാധിഷ്ഠിത പോഷകാഹാര ദാരിദ്ര്യ ശമന പരിപാടി.**

കുറ്റിപ്പുറം പഞ്ചായത്തിൽ 14.9.94ന് നടത്തിയ സർവ്വേ പ്രകാരം 1948 കുടുംബങ്ങളെയാണ് ദാരിദ്ര്യം അനുഭവിയ്ക്കുന്നവരായി കണ്ടെത്തിയിട്ടുള്ളത്. ഈ കുടുംബങ്ങളടങ്ങുന്ന 62 അയൽ കൂട്ടങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 25 അയൽ കൂട്ടങ്ങൾ മാത്രമേ ശരിയായി പ്രവർത്തിക്കുന്നുള്ളൂ. 5ഉം 6ഉം അയൽ കൂട്ടങ്ങൾ അടങ്ങിയ 9 ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റികളും,പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളും ഉണ്ട്. 425 കുടുംബങ്ങൾ മാത്രമേ ഇപ്പോഴും ഇതിൽ മെമ്പർമാരായിട്ടുള്ളൂ. 60000ത്തോളം രൂപ അവരുടെ ലഘു സമ്പാദ്യമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ നിന്നും ചെറിയ സംഖ്യകൾ ലോണായിയെടുത്ത് ഈ കുടുംബങ്ങളുടെ സ്വയം സഹായത്തിനായി ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 23 കക്കൂസുകൾ നിർമ്മിക്കുന്നതിന് ജില്ല, സി.ഡി.എസ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ 25ഓളം സന്നദ്ധ സംഘടനകളും 3 ഓളം മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നു. ഇതിൽ ദേശീയ മഹിളാസമാജത്തിന്റെ കീഴിൽ ഒരു തുന്നൽ ക്ലാസ് നടത്തിവരുന്നു.

**പ്രശ്നങ്ങൾ.**

1. ഡി.ഡബ്ളിയൂ.സി.ആർ.എ. യൂണിറ്റുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തത് ബോധവൽക്കരണത്തിന്റെ കുറവും സ്ത്രീകളുടെ പിന്നോക്കാവസ്ഥയുമാണ്.

2. ഈ യൂണിറ്റുകൾ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് പൊതുമാർക്കറ്റിലെ വിലയുമായി പൊരുത്തപ്പെടാൻ കഴിയുന്നില്ല.

3. ട്രൈസം പരശീലനം കഴിഞ്ഞുവരുന്നവർ സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുകൊണ്ടും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായങ്ങൾ കിട്ടാത്തതുമൂലവും തുടങ്ങിയിടത്തുതന്നെ നിൽക്കുന്നു.

4. അംഗൻ വാടി ജീവനക്കാരെ ഉപയോഗിച്ച് പലവിധത്തിലുള്ള സർവ്വേയടക്കം വലിയൊരു ജോലി തന്നെ ചെയ്യിപ്പുക്കുന്നു. എന്നാൽ ഇവയ്ക്കാവശ്യമായ സ്ഥലമോ, കെട്ടിടമോ ലഭിക്കുന്നില്ല. ഒരു തൊഴിൽ എന്നുള്ള നിലയിൽ അതിനനുയോജ്യമായ വേതനവും കിട്ടുന്നില്ല.

5. സന്നദ്ധ സംഘടനകൾക്ക് അർപ്പണ മനോഭാവവും,പൊതു മേഖലയോടുള്ള ഉത്തര വാദിത്വത്തിലും കാര്യമായ മാറ്റം വരുന്നതിനാവശ്യമായ ബോധവൽക്കരണം നൽകേണ്ടതാണ്.

6. സാമൂഹിക വകുപ്പിൽ നിന്നും മറ്റു സർക്കാർ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളെപറ്റി സന്നദ്ധ സംഘടനകൾ അറിയുന്നില്ല.


**നിർദ്ദേശങ്ങൾ.**

1. യൂണിറ്റുകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റ് കണ്ടെത്തേണ്ടതുണ്ട്.

2. ട്രൈസം പരശീലനം കഴിഞ്ഞുവരുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ നൽകുന്നതിനെ പറ്റിയും, അതിനാവശ്യമായ വായ്പാ സമ്പ്രദായങ്ങളും കാര്യക്ഷമമാക്കണം.

3. നെഹ്റു യുവകേന്ദ്ര, സാമൂഹ്യക്ഷേമ അഡ്വൈസറി ബോർഡ് എന്നിവയിൽ കൂടി നടപ്പിലാക്കുന്ന പദ്ധതികളെപറ്റി സന്നദ്ധസംഘടനാ പ്രവർത്തകർക്ക് ആവശ്യമായ വിവരങ്ങൾ കിട്ടത്തക്ക വിധത്തിലുള്ള മാറ്റങ്ങൾ ആവശ്യമാണ്.

4. അംഗൻവാടി ഹെൽപ്പർമാരെയും, വർക്കർമാരെയും,സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. ഇത് ഇവരുടെ അർപ്പണ ബോധത്തിലും, കുട്ടികളുമായ ബന്ധപ്പെടുന്ന തൊഴിലായതു കൊണ്ട് മാനസികമായ വികാസത്തിലും സാരമായ മാറ്റം വരുത്തും.



# 5-6 സംസ്കാരം

പരമ്പരാഗതമായ രീതിയിൽ സംസ്കാരം എന്ന വാക്കിനെ നിർവചിക്കുമ്പോൾ വ്യത്യസ്ത കാഴ്ചപ്പാടുകൾ കാണാം. നമുക്ക് സുപരിചിതമായ ഹിന്ദു സംസ്കാരം, മുസ്ലിം സംസ്കാരം, ക്രിസ്ത്യൻ സംസ്കാരം തുടങ്ങിയ മതാധിഷ്ഠിത സംസ്കാര വാദങ്ങൾ മാധ്യമങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതാണ് ആധുനിക കാലഘട്ടത്തിൽ ബൂർഷ്വാ സംസ്കാരം, തൊഴിലാളി സംസ്കാരം എന്നിങ്ങനെയും സംസ്കാരത്തെ തരം തിരിക്കുന്നു. സംസ്കാരത്തിന്റെ നിർവചനം എന്തുതന്നെയായാലും സംസ്കാരം സ്വയം ഭൂവായി ഉത്ഭവിച്ചതല്ല. സമൂഹത്തിന്റെ ഉത്പാദന ബന്ധങ്ങളുമായി അതിനുള്ള നാഭീനാളി ബന്ധം കാണാതിരുന്നുകൂടാ. ഉദാഹരണമായി പ്രാകൃത ഉത്പാദന വ്യവസ്ഥയായ ശിലായുഗത്തിലെ മാനവ സംസ്കൃതിയും ആധുനിക കമ്പ്യൂട്ടർയുഗത്തിലെ മാനവ സംസ്കാരവും തുലനം ചെയ്യേണ്ടതുണ്ട്. ഉത്പാദന വ്യവസ്ഥയിലെ സാമ്പത്തിക പദവിക്കനുസരിച്ച് ഉപ സംസ്കാരങ്ങളും ഉരുത്തിരിഞ്ഞ് വരുന്നത് കാണാം.

സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ള വ്യവസായികൾ ഉദ്യോഗസ്ഥ മേധാവികൾ, ഭൂപ്രമാണികൾ എന്നിവരുടെ സാംസ്കാരിക സമീപനങ്ങളും സാധാരണ ജനങ്ങളുടെ പൊതു ജീവിത സമീപനവും വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്നു. ഈ സാഹചര്യത്തിൽ പരിശോധിക്കുമ്പോൾ കുറ്റിപ്പുറം പഞ്ചായത്തിലെ സാംസ്കാരിക ജീവിതത്തിൽ ഗ്രാമീണ സംസ്കൃതിയുടെ സ്വാധീനമാണ് മുന്നിട്ടു നിൽക്കുന്നത്. പാശ്ചാത്യ സംസ്കാരമാണ് ആധുനിക സംസ്കാരമെന്നുള്ള ധാരണയും ചില വിഭാഗത്തെ സ്വാധീനിച്ചിട്ടുണ്ട്. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക ജീവിതത്തിന് വർണ്ണപ്പൊലിമ നൽകുന്നത് ഉത്സവാഘോഷങ്ങളാണ്. കലാ സാംസ്കാരിക സംഘടനകൾ, വായനശാലകൾ സ്കൂൾ വാർഷികങ്ങൾ മുതലായവ ജനങ്ങളുടെ സാംസ്കാരിക ജീവിതത്തിന്റെ പ്രകടിത രൂപങ്ങളാണ്. ജാതി മതാതീതമായ ഒരു സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന ഒരു പ്രദേശമാണ് കുറ്റിപ്പുറം പഞ്ചായത്ത്. മതപരമായ ആഘോഷങ്ങൾക്കു പോലും അന്യമതസ്ഥരുടെ സജീവ പങ്കാളിത്തത്തിന്റെ മതാചാരങ്ങളോടുള്ള പരസ്പര ബഹുമാനവും ഇവിടെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ ആദ്യകാലത്ത് ഉണ്ടായിരുന്ന എം.പി.പോൾ സ്മാരക വായനശാലയും (1955) നിലവിൽ സ്ഥാപിതമായ നടുവട്ടം വായനശാലയും ആ പ്രദേശത്തെ സാംസ്കാരിക സമന്വയത്തിന് ആക്കം കൂട്ടി. വീടുകൾ തോറും ലൈബ്രറി പുസ്തകം എത്തിക്കുന്ന ഒരു സംവിധാനം ലൈബ്രറിക്കുണ്ടായിരുന്നു. കുറ്റിപ്പുറം ടൗണിൽ എലൈറ്റ് വായനശാലയും പ്രവർത്തിക്കുന്നുണ്ട്. ഒരു ക്ലബ്ബ് എങ്കിലും ഇല്ലാത്ത വാർഡുകൾ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. ടെലിവിഷൻ, റേഡിയോ, സിനിമ തുടങ്ങിയ സാംസ്കാരിക മാധ്യമങ്ങൾ ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയോട് കൂടിയാണ് ഉൾപ്രദേശത്തുകൂടി ഒരു മതേതര സംസ്കാരം ഉയർന്നു വന്നത്.

ബ്രിട്ടീഷ് ആധിപത്യത്തോടുകൂടെ പടിഞ്ഞാറൻ ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങുകയും ആധുനിക വിദ്യാഭ്യാസം ജനങ്ങളുടെ ജീവിതരീതിയിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. തുഞ്ചൻ കൃതികളും

മോയിൻകുട്ടി വൈദ്യരുടെ ഇശലുകളും നിറഞ്ഞു നിന്ന അന്തരീക്ഷത്തിലേക്ക് ഇടശ്ശേരി കവിതകളുടെ വരവ് ഒരു പുത്തൻ ആസ്വാദന തലം സൃഷ്ടിച്ചു. കാർഷിക മേഖലയിലെ ജൻമി കുടിയാൻ ബന്ധത്തിന്റെ ജീർണ്ണത ഇതിന് പശ്ചാതലമേകി. ദേശീയ പ്രസ്ഥാനവും പുരോഗമന പ്രസ്ഥാനങ്ങളും ജനങ്ങളിൽ ഒരു പുത്തൻ ഉണർവ് നൽകി. കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നടന്നതുപോലെ ജന്മികുടിയാൻ ലഹളകൾ പ്രത്യക്ഷത്തിൽ ഇവിടെ നടന്നില്ലെങ്കിലും സ്കൂൾ വായനാശാലാ വാർഷികങ്ങളിൽ അവതരിപ്പിച്ചിരുന്ന നാടകങ്ങളിൽ ജന്മിത്ത വിരുദ്ധ ആശയങ്ങൾ നിറഞ്ഞു നിന്നു. ഇത് ആ പ്രദേശത്തെ ജനങ്ങളിൽ ഒരു പുതിയ അവബോധം സൃഷ്ടിച്ചു.

മോഹിനിയാട്ടത്തെ ലോക പ്രശസ്തിയിലേക്ക് ഉയർത്തിയ മഹാകവി വള്ളത്തോൾ കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മ എന്ന മോഹിനിയാട്ട കലാകാരിയെ കണ്ടെത്തിയത് ഈ ഗ്രാമത്തിൽ നിന്നായിരുന്നു. കലയോടുള്ള അഭിനിവേശത്തിന് മുമ്പിൽ നടുവട്ടം, കരിങ്ങമണ്ണ തറവാടിന്റെ പ്രൗഢി നിസാരമാക്കി തറവാട് വിട്ടിറങ്ങി കലാമണ്ഡലം തറവാട്ടിൽ അഭയം പ്രാപിച്ച കല്ല്യാണിക്കുട്ടിയമ്മയുടെ ജന്മം കൊണ്ട് ഈ ഗ്രാമം ധന്യമായിരിക്കുന്നു.

സുപ്രസിദ്ധ നാടക സിനിമാ താരം സുരാസു പിച്ച വെച്ച് വളർന്നതും ഈ ഗ്രാമത്തിൽ തന്നെ. കുറ്റിപ്പുറം പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിച്ചിട്ടുണ്ട്. അതിലൊരു വായന ശാലയും ഗ്രാന്ഥശാലയും ഒരു ലൈബ്രറിയനും അടങ്ങുന്നതാണ് സാംസ്കാരിക നിലയം

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ കുറ്റിപ്പുറം സാംസ്കാരിക നിലയം എലൈറ്റ് വായനശാല, നടുവട്ടം കൈരളി എന്നീ വായനശാലകളാണ് ഉള്ളത്. ഇതിൽ കുറ്റിപ്പുറം സാംസ്കാരിക നിലയവും കൈരളി വായനശാലയും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കുറ്റിപ്പുറം പഞ്ചായത്തിൽ സജീവ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന പതിനൊന്നിൽ അധികം ക്ലബ്ബുകൾ ഉണ്ട്. രാങ്ങാട്ടൂർ റിതം, നടുവട്ടം പ്രണവും, ദീപം, പകരനല്ലൂർ മിനർവ, പാഴൂർ സരസ സാംസ്കാരിക കലാവേദി, കുറ്റിപ്പുറം എലൈറ്റ്, സരിഗമ, ആക്റ്റ് പേരശ്ശനൂർ സെവൻസ് സ്റ്റാർ, ഷൈൻ സ്റ്റാർ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.


കൊളക്കാട് സാംസ്കാരക കമ്മറ്റി, എലൈറ്റ് സ്പോർട്സ് ക്ലബ്ബ്, കുറ്റിപ്പുറം വീക്ഷണം , അത്താണി നിള, എടച്ചലം ഫോക്കസ് എന്നിവയുമുണ്ട്.

പഞ്ചായത്തിലെ ജീവിച്ചിരിക്കുന്ന സാംസ്കാരിക നായകൻമാരിൽ പ്രമുഖരാണ് നടുവട്ടം രവീന്ദ്രൻ (ആനുകാലികങ്ങളിൽ എഴുതിക്കൊണ്ടിരിക്കുന്നതും അറിയപ്പെടുന്ന കവിയും അധ്യാപകനും) കൊളത്തോൾ രാഘവൻ (അഗ്നി എന്ന സിനിമയുടെ സഹ സംവിധായകനും നാടകകൃത്തും നോവലിസ്റ്റും ആയ കോളത്തോൾ ഇപ്പോൾ ദർശനഭൂമിയുടെ പത്രാധിപരുമാണ്)

ഡോ. മുഹമ്മദ് ഇക്ബാൽ (കുറ്റിപ്പുറം സ്വദേശിയും യുവകഥാകൃത്ത് , സിനിമാ സ്ക്രിപ്റ്റ് രചയിതാവ്, മാതൃഭൂമി, കലാകൗമുദി മുതലായ വാരികകളിലെ എഴുത്തുകാരനും) എ. എ. മലയാളി (വിപ്ലവകാരി, സാഹിത്യകാരൻ, നാടകസംവിധായകൻ)

ഇതിനോടൊപ്പം പുരോഗമന കലാ സാഹിത്യ സംഘം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്രീയ വീക്ഷണത്തിലൂടെ സമൂഹത്തെ വീക്ഷിക്കുന്നതിലും തൽപരരായ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റേയും പ്രവർത്തനവും സജീവമാണ്.





# 5-7 സഹകരണം

കേരളത്തിൽ ഏറെ ജനസ്വാധീനം നേടിയ മേഖലയാണല്ലോ സഹകരണ പ്രസ്ഥാനങ്ങൾ. സാധാരണ ജനങ്ങളുടെ അത്യാവശ്യങ്ങളെ ചൂഷണം ചെയ്യുകയെന്നതാണ് ഇന്നത്തെ സാമ്പത്തിക സഹകരണ സ്ഥാപനങ്ങളെന്ന് ഭൂരിഭാഗം ജനങ്ങളും വിശ്വസിക്കുന്നു. അതിന്ന് കാണുന്ന കാരണങ്ങൾ മാറി മാറി വരുന്ന ഭരണ സമിതികളുടെ ദീർഘദൃഷ്ടിയില്ലാത്ത സ്വാർത്ഥ താല്പര്യത്തിന് വേണ്ടിയുള്ള നീക്കങ്ങളാണ്. ഒരു പ്രദേശത്ത് എല്ലാ മേഖലകളിലും വിവിധ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തന ക്ഷമമമായാൽ സ്വയം പര്യാപ്തതയെന്ന് മനോഹരമായ സ്ഥിതിവിശേഷം നമുക്ക് കൈവരിക്കാം.

ഗുജറാത്തിലെ 'അമുൽ' എന്ന പാൽ സംസ്കരണ കമ്പനി ഇന്ന് ലോകപ്രശസ്തമാണ്. ഒരു കൂട്ടം കർഷകരുടെ പാൽ സംഭരണ സഹകരണ സംഘമായി ആരംഭിച്ച 'അമുൽ' ഇന്ന് എത്താത്ത വീടുകളില്ല. അത് പോലെ കേരളത്തിലെ 'മിൽമ' പലതരം ഉല്പന്നങ്ങൾ വിപണിയിലിറക്കി നമ്മുടെ മുന്നിൽ സഹകരണത്തിന്റെ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അപൂർവ്വം ചില സ്ഥാപനങ്ങൾ മാത്രമെ സഹകരണ പ്രസ്ഥാനങ്ങൾക്ക് മുന്നിൽ തലഉയർത്തി നിൽക്കുന്നുള്ളൂ. അനേകായിരം ചെറു സഹകരണ സ്ഥാപനങ്ങൾ രോഗബാധിതമായോ മൃതപ്രായമായോ ഇനിയെന്ത് എന്ന ചിന്തയിലുമാണ് എത്തിനിൽക്കുന്നു. സഹകരണ സ്ഥാപനങ്ങൾ വിജയിക്കണമെങ്കിൽ ആദ്യം എല്ലാ വിഭാഗം ജനങ്ങളുടേയും വിശ്വാസം ആർജ്ജിക്കണം. അതിന്നായി എല്ലാവർക്കും പങ്കാളിത്തവും ഇവയെ സംബന്ധിച്ചുള്ള ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കണം.

1940 ൽ കുറ്റിപ്പുറം കൂടി ഉൾപ്പെടുത്തികൊണ്ട് വളാഞ്ചേരിയിൽ വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘം നിലവിൽ വന്നിരുന്നു. 1947 ൽ കുറ്റിപ്പുറത്ത് മണ്ടായപുറത്ത് കൊച്ചുണ്ണി മൂപ്പൻ പ്രഥമ പ്രസിണ്ടന്റായി ഒരു പി. സി. സി. സൊസൈറ്റി രൂപം കൊണ്ടു. റേഷൻ അരി കച്ചവടമായിരുന്നു മുഖ്യ ബിസിനസ്സ്. ഇത് പിന്നീട് രൂപാന്തരപ്പെട്ടിട്ടാണ് വളാഞ്ചേരി ആസ്ഥാനമായി കുറ്റിപ്പുറം സർവ്വീസ് സഹകരണ ബേങ്ക് നിലവിൽ വന്നത്. ഇതിന്റെ പ്രഥമ പ്രസിഡണ്ടായിരുന്നത് അക്കിരാമൻ നമ്പൂതിരിയായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ കാര്യമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളായ കുറ്റിപ്പുറം സഹകരണ ബേങ്ക്, നടുവട്ടം മൺപാത്ര നിർമ്മാണ സഹകരണ സംഘം, ചെല്ലൂർ പട്ടികജാതി സഹകരണ മെറ്റൽ നിർമ്മാണ കേന്ദ്രവുമാണ്.

ഇനിയും കുറേ മേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. സാധ്യതകളുള്ള സഹകരണ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെ അത്യാവശ്യമാണ്. ഉദാ: സഹകരണ ആശുപത്രി. ഇപ്പോൾ സഹകരണ ബാങ്കിന്റെ രണ്ട് ബ്രാഞ്ചുകൾ (മെയിൻ ബ്രാഞ്ച്, ഈവനിംഗ് ബ്രാഞ്ച്) കുറ്റിപ്പുറത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ 21 പേർ ജോലി ചെയ്യുന്നു. സ്ത്രീ പ്രാധിനിധ്യം കുറവാണ്. മൺപാത്ര സഹകരണ മേഖലയിൽ 40 ൽ പരം ആളുകൾ ജോലി ചെയ്യുന്നു. ചെല്ലൂരിൽ പട്ടിക ജാതി സഹകരണ സംഘത്തിന്റെ കീഴിൽ 10 ൽ പരം കുടുംബക്കാർ മെറ്റൽ പണിയും എടുക്കുന്നു. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തന പരിധി നമ്മുടെ പഞ്ചായത്ത് കൂടി ഉൾപ്പെട്ടതാണ്.

1995 - 96 ൽ ഏകദേശം 4500/ രൂപയാണ് കാർഷിക വായ്പയായി കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് വിതരണം ചെയ്തത്. ഇതിൽ നിന്നും തന്നെ കാർഷികാവശ്യത്തിന് ചിലവഴിച്ച തുക പരിമിതമാണെന്ന് കാണാം. ഏകദേശം 2500 ഓളം കർഷക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് കുറ്റിപ്പുറം. മുഖ്യമായി കാർഷിക വായ്പയാണ് വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ രീതിയിൽ വായ്പ നൽകുവാൻ ഈ സഹകരണ സംഘത്തിന് സാധിക്കുന്നില്ല. സാങ്കേതികമായ പല പ്രശ്നങ്ങളുമാണ് ഇതിന് കാരണം. പഞ്ചായത്തിലെ മുഴുവൻ കർഷകരും ഈ ബേങ്കിൽ അംഗങ്ങൾ അല്ലാ എന്നതും ഒരു ന്യൂനതയായി അവശേഷിക്കുന്നു. കൃത്യസമയത്ത് വായ്പ തിരിച്ചടവ് വരാത്തതും ബേങ്കിന്റെ വായ്പാ വിതരണത്തിന് തടസ്സം നിൽക്കുന്നു.

സഹകരണ മേഖലയിലെ വിവിധ സംഘങ്ങൾ വഴിയും മറ്റു ഏജൻസികൾ വഴിയുമാണ് കുറ്റിപ്പുറം പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഭവന നിർമ്മാണ വായ്പകൾ കുറഞ്ഞ തോതിലെങ്കിലും ലഭിക്കുന്നത്. കുറ്റിപ്പുറം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് , തിരൂർ റൂറൽ ഹൗസിംഗ് സഹകരണ ബാങ്ക് എന്നിവയും ഈ രംഗത്ത് വായ്പകൾ നൽകുന്നുണ്ട്. എന്നാൽ ഫണ്ടുകളുടെ അപര്യാപ്തതയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല.

നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഖാദി മേഖലയിലോ മറ്റ് ഒരു മേഖലയിലും സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.

**വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിർദ്ദേശങ്ങളും.**

1. സഹകരണ ബാങ്കുകൾ കർഷകരെ സംബന്ധിച്ച് പൂർണ്ണവിവരങ്ങളോട് കൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പ തിട്ടപ്പെടുത്തേണ്ടതുമാണ്.

2. K S D C യിലെ ഉൽപ്പന്നങ്ങളും മറ്റു ഗവൺമെന്റ് ഏജൻസികളുടെ ഉൽപന്നങ്ങളും വിറ്റഴിക്കുന്നതിനായി വനിതാ സഹകരണ സംഘം ആരംഭിച്ച് വിൽപന നടത്തേണ്ടതാണ്.

3. കാർഷിക മേഖലയിലെ എല്ലാ കർഷകരേയും അംഗങ്ങളാക്കി അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി പഞ്ചായത്തിൽ ഒരു സഹകരണ മാർക്കറ്റ് ആരംഭിക്കുക.

4. പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ വാർഡുകളിലേയും ജനങ്ങളേയും ഉൾപ്പെടുത്തി സഹകരണ മേഖലയിൽ " ലേബർ കോൺട്രാക്റ്റ് സൊസൈറ്റി" രൂപീകരിക്കുക.

5. ക്ഷീര സംസ്കരണ മേഖലയിൽ എല്ലാ കുടുംബങ്ങളേയും സംഘടിപ്പിച്ച് സഹകരണ സംഘം ഉണ്ടാക്കി ക്ഷീര സംഭരണ സഹകരണ കേന്ദ്രം ആരംഭിച്ച് ചില്ലിംഗ് പ്ലാന്റ് നിർമ്മിച്ച് മിൽക്ക് വിതരണം നടത്തുക.

6. നാളികേര കർഷകരെ സംഘടിപ്പിച്ച് നാളികേര സംസ്കരണ സംഭരണ കേന്ദ്രം സഹകരണ മേഖലയിൽ സ്ഥാപിക്കുക.

7. പഞ്ചായത്തിൽ പുതുതായി ആരംഭിക്കുകയും ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന സഹകരണ സംഘം ഉണ്ടാക്കി ഉല്പന്നങ്ങൾ വിറ്റഴിക്കുക.

8. സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭിക്കുന്ന കാർഷിക വായ്പ കിട്ടുവാനുള്ള നിബന്ധനകൾ ഉദാരമാക്കുക.

9. കുറ്റിപ്പുറം സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്കിൽ കൺസ്യൂമർ വിഭാഗം സ്ഥാപിക്കുക.

10. സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകരണ സെൽ സ്ഥാപിക്കുയും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നടപ്പിലാക്കുക.

11. നടുവട്ടത്തും പേരശ്ശന്നൂരിലും കുറ്റിപ്പുറം സഹകരണ ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക യാണെങ്കിൽ പഞ്ചായത്തിലെ കാർഷികരംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ ഒരുക്കുവാനും സാധിക്കും.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ കുറ്റിപ്പുറം പഞ്ചായത്തിന്റെ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള വികസന റിപ്പോർട്ട് ചർച്ച കൾക്കും മുൻഗണനാ നിശ്ചയി ക്കുന്ന തിനുമായി സമർപ്പിക്കുന്നു.

416

5-8

# ടൂറിസം

കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് വിനോദസഞ്ചാര വികസനത്തിന് വളരെയധികം സാധ്യതകളുള്ള ഒരു പ്രദേശമാണ്. ഏതാണ്ട് കേരളത്തിന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഇവിടേക്ക് റോഡ്, റെയിൽ മാർഗ്ഗം ഇന്ത്യയുടെ ഏത് ഭാഗത്തുനിന്നും നേരിട്ട് എത്തിച്ചേരാൻ സാധിക്കുന്നു. ഏതാണ്ട് 40 കി.മീ. ദൂരത്തിൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്നു. പൊന്നാനി തുറമുഖത്തേക്ക് ഇവിടെനിന്ന് ഏകദേശം 15 കി.മീ. മാത്രമെ ദൂരമുള്ളു.

ചരിത്രത്തിൽ താരതമ്യമില്ലാത്ത അർപ്പണ ബോധത്തിന്റെ മൂർത്തീകരണമായ മാമാങ്കം തിരുനാവാ നിളാ മണപ്പുറത്തെ ഓർമ്മകളിൽ ഇന്നും സജീവമായി നിലനിൽക്കുന്നു. നിളയുടെ എല്ലാ സൗന്ദര്യവും, പ്രൗഢിയും, ഗാംഭീര്യവും, ശാലീനതയും സമദർശിക്കാവുന്നത് കുറ്റിപ്പുറം പഞ്ചായത്തിലാണ്. നിളാനദിക്കരയിലെ സമതലവും, കുന്നിൻപ്രദേശങ്ങളും, തോപ്പുകളും, വയലുകളും, വിനോദ സഞ്ചാരികൾക്ക് ഒരനുഭവമായിരിക്കും. ആഗസ്റ്റ് മാസം മുതൽ മെയ്മാസം വരെ പലതരം ദേശാടനപക്ഷികളും ഭാരതപുഴയുടെ വിശാലമായ മണൽത്തട്ടിൽ സ്വൈരവിഹാരം നടത്തുന്നത് കാണാം. ഭാരതപുഴയുടെ തീരത്ത് രൂപം കൊണ്ടിരിക്കുന്ന ചെറുവനങ്ങൾ സൂര്യൻ കത്തിജ്ജ്വലിക്കുന്ന വേനൽക്കാലത്ത് സന്ദർശകർക്ക് വിശ്രമിക്കാൻ പറ്റിയ നല്ല ഒരു സങ്കേതമാണ്. തെക്കും-വടക്കും കേരളത്തെ ബന്ധിപ്പിക്കുന്ന കുറ്റിപ്പുറം പാലം ടെക്നോളജിയുടെ മികവിനോടൊപ്പം നിളാനദിക്ക് ഒരലങ്കാരം കൂടിയാണ്. ഏത് വേനൽക്കാലത്തും അഗാധമായ കയങ്ങളോടുകൂടിയ ഒരു കൊച്ചു തടാകം പാലത്തിന്റെ ചുറ്റും സ്ഥിതിചെയ്യുന്നു. ഈ നീലതടാകത്തിന്റെ വശ്യതയിൽ മോഹിക്കപ്പെട്ട് വാരിപ്പുണരാൻ എത്തിയവരിൽ പലർക്കും സ്വന്തം ജീവൻ വിലയായി നൽകേണ്ടി വന്നു. കുറ്റിപ്പുറം പാലത്തിനു സമീപം സ്ഥിതി ചെയ്യുന്ന മല്ലൂർ ശിവക്ഷേത്രവും, അരയാലും, പാറക്കെട്ടുകളും നാഷ്ണൽ ഹൈവേയിൽക്കൂടി ചീറിപ്പാഞ്ഞുപോകുന്ന വാഹനങ്ങളെ അവരറിയാതെ ബ്രേക്കിട്ട് നിർത്തി യാത്രക്കാരെ വിശ്രമത്തന് പ്രേരിപ്പിക്കുന്നു.

പഞ്ചായത്തിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന തിരുനാവായ ക്ഷേത്രം ഐതിഹ്യങ്ങളും ചരിത്രങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്നു. ത്രിമൂർത്തി സംഗമത്താൽ കേരളത്തനിമയുടെ അപൂർവ്വത ദർശിച്ച് ഋഗ്വേദ മന്ത്രസൂക്തങ്ങൾ മനനം ചെയ്യുന്ന ഓത്തൻമാർ മഠം, ഇത് എല്ലാം സന്ദർശകർക്ക് മനസ്സിന് ആനന്ദം പകരുന്നു. തീർത്ഥാടക സന്ദർശകർ അമാവാസികളിൽ തിരുനാവായിലെ നിളാതീരത്ത് പിതൃദർപ്പണത്തിനായി എത്തുന്നു. വിശാലമായ സ്വർണ്ണനിറമുള്ള മണൽത്തിട്ടുകൾ ഭാരതപുഴയിൽ പ്രത്യേകിച്ച് കുറ്റിപ്പുറം പഞ്ചായത്ത് മുതൽ തൃപ്രംകോട് പഞ്ചായത്ത് അതിർത്തിവരെ കാണുന്ന ഒരു പ്രത്യേകതയാണ്. കുറ്റിപ്പുറം മുതൽ കൊടക്കൽ വരെ നീണ്ടുകിടക്കുന്ന ഏതാണ്ട് നൂറ് മീ ഉയർന്നു കിടക്കുന്ന നിരപ്പായ കുന്നിൻ പ്രദേശങ്ങളും, താഴ്വരകളും, പഞ്ചായത്തിൽ ഒറ്റപ്പെട്ട ചിലകുന്നിൻ പ്രദേശങ്ങളും, താഴ്വരകളും വിനോദസഞ്ചാരത്തിന് വേണ്ടി പ്രകൃതി കനിഞ്ഞു നൽകിയതോ എന്ന് തോന്നുമാറ് വളർത്തിയെടുക്കാൻ യോജിച്ച സ്ഥലങ്ങളാണ്. ഈ കുന്നുകളുടെ താഴ്വരകളായ ചെല്ലൂർ, പകരനല്ലൂർ, കുളത്തോൾ ഭാഗങ്ങൾ മൈലുകളോളം കാണപ്പെടുന്നു. ചെല്ലൂരിലെ ചേലക്കാട് ചോല, കൊളത്തോൾ ചിങ്കിളി മട, പകരനെല്ലൂർ മുള്ളൻമട, നിരപ്പറമ്പിൽ

മുകളിൽ നിന്നുള്ള ഭാരതപ്പുഴയും, അറബിക്കടൽ മുതൽ കുറ്റിപ്പുറം പാലം വരെയുള്ള ഭാരതപ്പുഴയുടെ ദൃശ്യം, കുറ്റിപ്പുറം NH Over Bridge ന്റെ മുകളിൽ നിന്നുള്ള സൂര്യാസ്തമയം ഇവയെല്ലാം സന്ദർശകരെ മോഹിപ്പിക്കുന്ന കാഴ്ചകളാണ്.

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന തൃക്കൈത്യകോവിൽ ഒരു ഗുഹാക്ഷേത്രമാണ്. പഞ്ചായത്തിൽ ഉയർന്ന ചെങ്കൽ പ്രദേശങ്ങളിൽ പ്രത്യേകിച്ച് നാഗപ്പറമ്പിൽ ധാരാളം വെട്ടിയുണ്ടാക്കിയ ചെങ്കൽ ഗുഹ കണ്ടുവരുന്നു. മണ്ണിനടിയിൽനിന്ന് ധാരാളം നന്നങ്ങാടികളും ലഭിക്കാറുണ്ട്. നടുവട്ടം രുധിരമഹാകാളൻ ക്ഷേത്രത്തിന്റെ കൽമണ്ഡപം പ്രസിദ്ധമാണ്. കൈതൃക്കോവിലിലെ ശില്പം ചോള പാണ്ഡ്യ ശില്പകലകളോട് സാദൃശ്യം ഉണ്ട്. പഴയ കാലത്ത് ക്ഷേത്രത്തിന്റെ ചുമരുകളിൽ ചുമർചിത്രങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു.

കുറ്റപ്പുറം, തിരുനാവായ പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന 75 ഓളം ഏക്കർ വരുന്ന ശുദ്ധജലതടാകം താമരക്ക് പ്രസിദ്ധിയാർജ്ജിച്ചവയാണ്. ഈ കായലിനെ സംബന്ധിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ട്. തിരുനാവായ ക്ഷേത്രത്തിലെ നിത്യപൂജക്ക് ഈ കായലിലെ താമര ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു നിവേദ്യമാണ്. കോട്ടക്കൽ ആര്യവൈദ്യശാലക്ക് ആവശ്യമായിട്ടുള്ള മുഴുവൻ താമരയും ഇവിടെനിന്നാണ് കൊണ്ടുപോകുന്നത്. വലിയ പറപ്പൂർ കായലിലെ താമര അന്യദേശങ്ങളിൽ പോലും പ്രസിദ്ധിയാർജ്ജിച്ചവയാണ്. ഇവിടെ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് താമരപ്പൂ കയറ്റി അയക്കുന്നു. കുറ്റിപുറം, തിരുനാവായ പഞ്ചായത്തുകളിൽ കിടക്കുന്ന വലിയപറപ്പൂർ കായലിന്റെ ഉൽഭവത്തെ സംബംന്ധിച്ചുള്ള ഐതിഹ്യം രസകരമാണ്. ഒരു ദിവസം തിരുനാവായ ക്ഷേത്രത്തിലേക്ക് ഷാരസ്യാർ താമരയുമായി ചെന്നപ്പോൾ ക്ഷേത്ര നട അടഞ്ഞുകിടക്കുന്നതായി കണ്ടു. ക്ഷേത്ര നിവേദ്യം മാത്രം ആശ്രയിച്ച് ജീവിക്കുന്ന ആ സാധ്വി താമരയുമായി മടങ്ങി. തന്റെ കുടുംബം വീണ്ടും പട്ടിണിയായല്ലോ എന്ന വേവലാതിയിൽ വീട്ടിലേക്ക് അവശയായി മടങ്ങിപ്പോകുമ്പോൾ വഴിയിൽ ഒരു ഹരിജനെ കണ്ടുവത്രെ. എന്താണ് തമ്പുരാട്ടി ഇങ്ങനെ വ്യസനിച്ചുപോകുന്നത് എന്ന് ചോദിച്ചപ്പോൾ ഷാരസ്യാർ പറഞ്ഞു "ഈ താമരപ്പൂവ് ക്ഷേത്രത്തിൽ നൽകിയാണ് എന്റെ കുടുംബത്തിന് വിശപ്പടക്കാനുള്ള നിവേദ്യം ലഭിക്കാറ്. ഇന്നത് നടന്നില്ല. ഞാൻ ക്ഷേത്രത്തിൽ എത്തിയപ്പോഴേക്കും ക്ഷേത്രനട അടച്ചിരുന്നു." അപ്പോൾ ഹരിജൻ പറഞ്ഞു എന്റെ കയ്യിലുള്ള തിന സ്വീകരിച്ച് താമരപ്പൂ ക്ഷേത്രത്തിൽ കൊണ്ടുചെന്ന് ചാർത്താൻ ആവശ്യപ്പെട്ടു. ഷാരസ്യർ അപ്രകാരം താമരപ്പൂകൊടുത്ത് തിന സ്വീകരിച്ച് അന്നത്തെ പട്ടിണി ഒഴിവാക്കി. കാലങ്ങൾ കടന്നുപോയി. തിരുവിതാംകൂർ മഹാറാണിക്ക് ഒരു കുട്ടി ജനിച്ചു. കിരീടാവകാശിയായ മകൻ വളർന്നിട്ടും അത്തിനക്കിത്തിന എന്നല്ലാതെ മറ്റൊന്നും സംസാരിക്കാത്തതിൽ രാജകുടുംബം വളരെ സങ്കടപ്പെട്ടു. സുപ്രസിദ്ധ കണിയാൻമാരായ പാഴൂർ കണിയാന്മാർ പ്രശ്നം വെച്ച് പരിഹാരം കണ്ടെത്തി. തിനകൊടുത്ത ഹരിജനാണ് തിരുവിതാങ്കൂർ രാജകുമാരനായി പുനർജനിച്ചതെന്ന് പ്രശ്നത്തിൽ മനസ്സിലായി. അവരുടെ ഓർമ്മക്കുവേണ്ടി തിരുനാവായ ക്ഷേത്രത്തിനു വേണ്ട താമരപ്പൂക്കൾ സുലഭമായി കിട്ടുന്നതിനു വേണ്ടി തിരുവിതാംകൂർ രാജാവ് നിർമ്മിച്ചതാണത്രെ ഈ കായൽ. ഈ കായലിനു പടിഞ്ഞാറുവശം തിരുനാവായ റെയിൽവെ സ്റ്റേഷനു സമീപം ഉള്ള തിരുത്തി എന്നു പറയുന്ന സ്ഥലം ഈ കായൽ കുഴിച്ച മണ്ണുകൊണ്ട് നികത്തിയ സ്ഥലമാണ് എന്നാണ് ഐതിഹ്യം

## നിർദ്ദേശങ്ങൾ

എതിഹ്യത്തിന്റെ പ്രസക്തി എന്തായിലും കുറ്റപ്പുറം, തിരുനാവായ പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന ഈ ശുദ്ധജലതടാകവും അതിൽ നിറഞ്ഞുനിൽക്കുന്ന താമരകളും ഏതൊരു സന്ദർശകനെയും ആകർഷിക്കുന്നതാണ്. കായലിലെ പായലുകൾ നീക്കം ചെയ്താൽ ജൂൺ മാസം മുതൽ ഫെബ്രുവരി വരെ കായലിൽക്കൂടി ബോട്ടിൽ ഉല്ലാസയാത്രക്ക് അനുയോജ്യമാണ്. കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകി വേനൽക്കാലങ്ങളിൽ തിരുനാ


വായ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് വെള്ളം കായലിലേക്ക് തിരിച്ചുവിടുകയാണെങ്കിൽ വർഷം മുഴുവനും കായലിൽ ശുദ്ധജലം നിറഞ്ഞ് ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതാണ്.

നിർദ്ദിഷ്ട ചമ്രവട്ടം പദ്ധതി നടപ്പിലാവുകയാണെങ്കിൽ കുറ്റിപ്പുറം പാലം വരെ ഭാരതപുഴ ശുദ്ധജല തടാകമായി മാറും. ഭാരതപ്പുഴയുടെ വടക്കേ തീരത്ത് കുറ്റിപ്പുറം മുതൽ കൊടക്കൽ വരെ സമാന്തരമായി തിരൂർ വരെ ഒരു റോഡ് കടന്നു പോകുന്നു. ഇതിന്റെ വടക്കു ഭാഗത്തുകൂടി ഇതിനു സമാന്തരമായിതന്നെ റെയിലും കടന്നു പോകുന്നു. ഇതിനനുസരിച്ച് പുഴ, റോഡ്, റെയിൽപാളം എന്നിവ സമാന്തരമായി കിടക്കുന്നു. പുഴക്കും റോഡിനും ഇടയിലുള്ള പുഴത്തിണ്ടിൽ തണൽമരങ്ങൾ വെച്ചു പിടിപ്പിക്കുകയും, ഉദ്യാനങ്ങൾ നിർമ്മിക്കുകയും ചെയ്യുക. കുട്ടികൾക്ക് കളിക്കാവുന്ന ഉപകരണങ്ങളും നിർമ്മിക്കാവുന്നതാണ്. ഭാരതപുഴയിൽ സ്വയം രൂപപ്പെട്ടുവരുന്ന തുരുത്തുകൾ പാർശ്വഭിത്തികെട്ടി സംരക്ഷിച്ച് തുരുത്തുകൾക്കിടയിൽ വിശ്രമസങ്കേതങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ടൂറിസ്റ്റുകൾക്ക് വേണ്ടി കുറഞ്ഞ ചിലവിൽ ഹോട്ടലുകൾ നിർമ്മിക്കുവാൻ കുറ്റിപ്പുറം ഭാഗങ്ങളിൽ ധാരാളം സ്ഥലങ്ങൾ ഉണ്ട്.

കുറ്റിപ്പുറം പഞ്ചായത്തിലും പരിസരങ്ങളിലും ചരിത്രപ്രധാനമായ ധാരാളം സ്ഥലങ്ങൾ ഉണ്ട്. നാരായണീയ കർത്താവായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്, തുഞ്ചത്തെഴുത്തച്ഛന്റെ ജന്മകർമ്മങ്ങൾ കൊണ്ടനുഗ്രഹീതമായ തുഞ്ചൻ പറമ്പ്, ചരിത്ര പ്രസിദ്ധമായ മാമാങ്കം നടന്നിരുന്ന തിരുനാവായ, കൊടക്കൽ മണിക്കിണർ, ഗാന്ധി സ്മൃതികൾ ഉറങ്ങുന്ന തവനൂർ ഗ്രാമം വൈദിക ആധികാരത്തിന്റെ അധിപതിയായ ആഴ്വാഞ്ചേരി മന, പ്രസിദ്ധമായ തൃക്കൈത്യക്കോവിൽ ക്ഷേത്രം, ചെല്ലൂർ പറക്കുന്നത്ത് ഭഗവതീക്ഷേത്രം, കാക്കപ്പുഴ കടവിനു സമീപമുള്ള മുസ്ലീം പള്ളി എന്നിവ അതിൽ ചിലതാണ്. കൂടാതെ ഫ്യൂഡൽ കാലഘട്ടത്തിൽ നാട്ടുരാജാക്കൻമാരുടെ പടയോട്ടത്തിന്റെ അവശിഷ്ടങ്ങളും കുറ്റിപ്പുറം പഞ്ചായത്തിലെ പല കുന്നിൻ പ്രദേശങ്ങളിലും കാണാൻ കഴിയുന്നതാണ്. പടയാളികൾക്ക് തമ്പടിക്കാൻ വേണ്ടി കൂടാരങ്ങൾ നിർമ്മിക്കുന്നതിനുള്ള കാലുകൾ ഉറപ്പിക്കുന്നതിന് പടുകുഴികൾ പല കുന്നിൻ പ്രദേശങ്ങളിൽ ഇന്നും കാണാവുന്നതാണ്. ഇത് കൗതുകപരമായ ഒരു കാഴ്ചയാണ്.

### സാദ്ധ്യതകൾ

1. വലിയ പറപ്പൂർ കായൽ പ്രായോഗിക ചിന്തയോടെ രണ്ടു പഞ്ചായത്തുകളും സഹകരിച്ച് സംരക്ഷിച്ചാൽ ഒരു വലിയ താമര പൊയ്കയാക്കി മാറ്റാൻ സാധിക്കും.
2. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചാൽ ഭാരതപുഴയിൽ ബോട്ട് ഗതാഗതം ആരംഭിക്കാം
3. ഭാരതപുഴയിൽ ചില കാലങ്ങളിൽ മാത്രം കാണപ്പെടുന്ന ദേശാടനപക്ഷികൾ ഈ പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയാണ്.



5
9

# കുടി വെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധവായു, വെള്ളം, പാർപ്പിടം, ഭക്ഷണം, വസ്ത്രം എന്നിവയാണ് ജനങ്ങളുടെ ആരോഗ്യത്തിനുള്ള അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ടവ. കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. കുറ്റിപ്പുറം പഞ്ചായത്തിലെ ഏറ്റവും പ്രധാന ആവശ്യം കുടിവെള്ളമാണ്. പഞ്ചായത്തിന്റെ മൂന്നുവശവും ഭാരതപ്പുഴയാണെങ്കിലും പുഴയിലെ വെള്ളം ഉപയോഗിച്ച് ശരിയായ രീതിയിൽ ആസൂത്രണം ചെയ്ത ഒരു പദ്ധതി ഇതുവരെ ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും കുടിവെള്ളക്ഷാമംകൊണ്ട് ബുദ്ധിമുട്ടുന്നവയാണ്. വിശേഷാൽ ഗ്രാമസഭയിൽ നിന്നുയർന്നുവന്ന പ്രധാന പ്രശ്നവും ഇതു തന്നെയാണ്. അതുകൊണ്ട് തന്നെ ഏറ്റവും കൂടുതൽ മുൻഗണന നൽകേണ്ടത് കുടിവെള്ളത്തിനാണ്.

ബംഗ്ലാംകുന്ന്, ചിരട്ടകുന്ന്, അത്താണിക്കൽ; ചെല്ലൂർ കഴുത്തല്ലൂർ തെക്കുംവടക്കുമുള്ള കുന്നിൻചെരിവുകൾ, മൂന്നാം വാർഡിലെ ലക്ഷം വീടുകോളനി, പേരശന്നിലൂർ മോസ്കോ, എടച്ചലം മുണ്ടൻമാരിൽ കോളനി, പാഴൂർ നിലപ്പറമ്പ്, പകരനെല്ലൂർ ഹരിജൻ കോളനി, പറക്കുന്ന് കോളനി, ഊരോത്ത് പള്ളിയാൽ കോളനി, കൈതൃക്കോവിൽ, പാലുക്കുഴി, കൊടലംകുഴി, തെക്കെ നാഗപറമ്പ്, രാങ്ങാട്ടൂർ തുടങ്ങിയവയാണ് അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ.

ഭൂരിഭാഗം വീടുകളിലും കിണറുകൾ ഉണ്ടെങ്കിൽ തന്നെയും അധികവും വേനൽക്കാലമായാൽ വരണ്ടുപോകുന്നു. പഞ്ചായത്തിന്റേതായി ആകെ നാൽപത്തിമൂന്ന് കിണറുകളാണുള്ളത്. ഇതിൽ തന്നെ ഇരുപത്തി ഏഴ് എണ്ണം കുഴൽ കിണറുകളാണ്. ബാക്കിയുള്ള പതിനാറെണ്ണം സാധാരണ കിണറുകളും.

പഞ്ചായത്തിൽ ആകെ എട്ട് മിനിവാട്ടർ സ്കീം ആണുള്ളത്. (നിർമ്മാണത്തിലിരിക്കുന്നതും, പരാജയപ്പെട്ടതുമടക്കം) മാണിയംകാട്, അമ്പലപറമ്പ്, പൂങ്ങോറ, പൈങ്കണ്ണൂർ, കാളാട്ട് ചോല, കൊളക്കാട്, കാങ്കപ്പുഴ, കഴുത്തല്ലൂർ, തുടങ്ങിയവയാണ് ഇവ. ഇതിൽ പൂങ്ങോറ പദ്ധതി പരാജയപ്പെട്ടിരിക്കുകയാണ്. അമ്പലപ്പറമ്പ് പദ്ധതി ഉൽഘാടനം പ്രതീക്ഷിച്ചിരിക്കുകയാണ്. കുറ്റിപ്പുറം പട്ടണത്തിലെ ശുദ്ധജല വിതരണത്തിന് ഒരു പരിധിവരെ സഹായിക്കുന്ന കഴുത്തല്ലൂർ പദ്ധതി നിർമ്മാണത്തിലിരിക്കുകയാണ്. 4 ഹരിജൻ കോളനികൾക്കായി നരിക്കുളം പദ്ധതി ടെന്റർ ചെയ്തിരിക്കുകയാണ്.

ഈ പദ്ധതികളിൽ നിന്നെല്ലാമായി ആകെ അമ്പത്തിരണ്ട് പൊതു ടാപ്പുകളും, നൂറ്റി എൺപത് ഹൗസ് കണക്ഷനുമാണുള്ളത്. ഇതിൽ നിന്നു തന്നെ ഈ പദ്ധതികളൊന്നും ശുദ്ധജലക്ഷാമത്തിന് പരിഹാരമായില്ലെന്ന് മനസ്സിലാക്കാം. ആകെയുള്ള ഇരുപത്തിഏഴ് കുഴൽ കിണറുകളിൽ ആറെണ്ണം പ്രവർത്തന രഹിതമാണ്.

പഞ്ചായത്തിൽ, ഒരു ടാപ്പുപോലുമില്ലാത്ത എത്രയോ സ്ഥലങ്ങൾ ധാരാളമായി കാണാൻ സാധിക്കും. ഒന്നാംവാർഡിൽ മാത്രമാണ് ജലക്ഷാമം അനുഭവിക്കാത്തത്. കുടിവെള്ള ക്ഷാമം മാറ്റാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട്തന്നെ ജനങ്ങളുടെ ശക്തമായ പ്രതിഷേധം ഉണ്ടായിട്ടുണ്ട്.

പല പദ്ധതികളുടെ പേരിൽ ലക്ഷങ്ങൾ മുടക്കിയിട്ടുണ്ടെങ്കിലും അവയിലൂടൊന്നും തന്നെ പൂർണ്ണമായ ഒരു പരിഹാരം ഇതുവരെ ലഭിച്ചിട്ടില്ല.

## പ്രശ്നപരിഹാരങ്ങൾ

കേരളത്തിലെ ഏറ്റവും വലിയതും ഏറ്റവും കൂടുതൽ വെള്ളമൊഴുകുന്നതുമായ പുഴയാണ് ഭാരതപ്പുഴ. കുറ്റിപ്പുറം പഞ്ചായത്തിന്റെ മൂന്നതിരുകളും ഈ ഭാരതപുഴയാണ്. എന്നിട്ടും അത് വേണ്ട രീതിയിൽ ഉപയോഗിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അതുകൊണ്ട് ഭാരതപ്പുഴയിലെ വെള്ളം ഉപയോഗിച്ച് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കത്തക്ക രീതിയിലുള്ള ഒരു ബൃഹൃത് പദ്ധതിക്ക് രൂപം നൽകേണ്ടത് അത്യാവശ്യമാണ്. കിണറുകൾ വർഷാവർഷങ്ങളിൽ കേടുപാടുകൾ തീർക്കുക.

ചിരട്ടക്കുന്നിലെ പഞ്ചായത്ത് കിണർ ഉപയോഗയോഗ്യമാക്കുക. ലക്ഷം വീട് കോളനിയിലെ പഞ്ചായത്ത് കിണറിന്റെ അറ്റകുറ്റ പണികൾതീർത്ത് ഉപയോഗയോഗ്യമാക്കണം. ചെറിയ പദ്ധതിയായ കൊളക്കാട് ചെറുകിട ജലസേചന പദ്ധതി വിപുലീകരിച്ച് പഞ്ചായത്തിലെ രണ്ട്, മൂന്ന്, നാല് വാർഡുകൾ കൂടി കിട്ടത്തക്ക രീതിയിൽ പുനർനിർമ്മാണം നടത്തുക. KSDC പരിസരത്ത് ഒരു മെയിൻ ടാങ്ക് നിർമ്മിക്കുക. വർഷങ്ങളോളം പഴക്കം വരുന്ന പൈപ്പുകളാണ് ഇപ്പോൾ ഉള്ളത്. ഇത് മാറ്റി പകരം പുതിയവ സ്ഥാപിച്ച് കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിപ്പിച്ചാൽ കൂടുതൽ ഉപയോഗയോഗ്യമായി തീർക്കാൻ സാധിക്കും. പഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന ചെറുകിട ജലസേചന പദ്ധതിയിൽ നിന്നും ലഭിക്കുന്ന വെള്ളം അഞ്ചാം വാർഡിലെ എടച്ചലം പ്രദേശത്തേക്ക് കൂടി വ്യാപിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ അഞ്ചാം വാർഡിലെ ശുദ്ധജല ക്ഷാമം ഒരുപരിധിവരെ മാറ്റാൻ സാധിക്കും. പുഴയിൽ ഒരു കിണർ കുഴിച്ച് കൊളക്കാട് പമ്പ്ഹൗസുമായി ബന്ധിപ്പിക്കുകയാണെങ്കിൽ കുളക്കാട് പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. അതോടൊപ്പം തന്നെ കാളാട്ട് ചോലയിൽ ഇപ്പോൾ നിലവിലുള്ള ടാങ്ക് വലുതാക്കി കൂടുതൽ വെള്ളം ഉൾക്കൊള്ളിക്കാൻ കഴിയുന്ന രീതിയിൽ പുനർനിർമ്മാണം നടത്തണം.

പേരശന്നൂർ മോസ്കോ, ഹൈസ്ക്കൂൾ മേഖലകളിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്.

ഏഴാം വാർഡിലെ വെള്ളപാട്ടു ചോലയുടെ വഴികൾ വൃത്തിയാക്കി സ്വതന്ത്രമായി വെള്ളം ഒഴുകുന്നതിനുവേണ്ട വഴിയൊരുക്കിയും അതോടൊപ്പം തന്നെ അതിന്റെ സഞ്ചാരമാർഗ്ഗങ്ങളിൽ ഇടക്കെട്ടുകൾ കെട്ടുകയും വേണം.

ഇപ്പോൾ ഈ ചോലയിൽ മാർച്ച് മാസം വരെ ശുദ്ധജലം ലഭിക്കാറുണ്ട്. ചോലവെള്ളം പതിക്കുന്ന സ്ഥാനത്ത് മണ്ണ് നീക്കം ചെയ്ത് അവിടെ ഒരു കിണർ കുഴിച്ചാൽ ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഒരു വലിയ അനുഗ്രഹമായിതീരും. ഈ പദ്ധതിയിലൂടെ ഏഴാം വാർഡിലെ ഒരു പരിധിയോളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും.

എട്ടും, ഒമ്പതും വാർഡുകളിലെ ഭൂരിഭാഗവും കുന്നിൻ പ്രദേശങ്ങളാണ്. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ സ്രോതസ്സ് കുറവാണ്. ഈ രണ്ട് വാർഡുകളിലേക്കുമുള്ള കുടിവെള്ളമെത്തിക്കാനുള്ള മാർഗ്ഗം ഒമ്പതാം വാർഡിലെ അത്തിക്കൽ കുളം ശുചിയാക്കി ആഴവും, വിസ്തൃതിയും വർദ്ധിപ്പിച്ച് ഒരു മിനിവാട്ടർ സ്കീം അനു[illegible]ദിക്കുകയാണ്. ഈ കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ചെല്ലൂർ കുന്നിൽ മുകളിൽ ടാങ്ക് നിർമ്മിച്ചാൽ എട്ട്, ഒമ്പത് എന്നീ വാർഡുകളിലെ എല്ലാ പ്രദേശങ്ങളിലേക്കും വെള്ളം എത്തിക്കാൻ സാധിക്കും.

പത്താം വാർഡിലെ നരിക്കുളത്ത് ഒരു കിണർ കുഴിച്ച് അവിടെ നിന്നും വെള്ളം പമ്പ് ചെയ്ത് കരിയാറകുന്നത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി വാർഡിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. പതിനൊന്നാം വാർഡിലേക്കും ഈ പദ്ധതിയിലൂടെ തന്നെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും.

പഞ്ചായത്തിലെ പതിനാലാം വാർഡിൽ രാങ്ങാട്ടൂർ പ്രദേശത്ത് കുടിവെള്ളക്ഷാമത്തിന് ഒരു

പദ്ധതിയും ഇതുവരെ ഉണ്ടായിട്ടില്ല. ആകെ ഒരു കുഴൽ കിണർ മാത്രമാണുള്ളത്. അതിനാൽ ഒന്നു കിൽ ഈ കുഴൽകിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കുകയോ അല്ലെങ്കിൽ തിരുന്നാവായ് പഞ്ചാ യത്തിൽ നിന്നും പള്ളിപ്പടിവരെ എത്തിനിൽക്കുന്ന പൈപ്പ്ലൈൻ ഏകദേശം ഒരു നൂറുമീറ്റർ കൂടി നീട്ടി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന രാങ്ങാ ട്ടൂരിലെ ഉയർന്ന പ്രദേശത്തെ ക്ഷാമം ഒരു പരിധി വരെ തീർക്കാൻ സാധിക്കും. മാണിയങ്കാട്ടിലെ നില വിലുള്ള ടാങ്ക് 25,000 ലിറ്ററിന്റേതാക്കുക.

## ഇടത്തരം പദ്ധതികൾ


കുറ്റിപ്പുറം പഞ്ചായത്തിൽ രണ്ട് വില്ലേജുക ളാണുള്ളത്. അതുകൊണ്ട് രണ്ടു വില്ലേജുകൾക്കും പ്രത്യേകം പ്രത്യേകം ഇടത്തരം പദ്ധതികൾ തയ്യാ റാക്കാൻ സാധിക്കും.

1. കെ.എസ്.ഡി.സി. പരിസരത്ത് ടാങ്ക് നിർമ്മിച്ച് കൊളക്കാടിന്റെ താഴത്ത് ഭാരതപ്പുഴയുടെ തീരത്തു നിന്നോ, മല്ലൂർകടവിൽ നിന്നോ വെള്ളം പമ്പ് ചെയ്ത് കുറ്റിപ്പുറം വില്ലേജിലെ മുഴുവൻ പ്രദേ ശങ്ങളിലേക്കും വെള്ളം എത്തിക്കാൻ സാധിക്കും.

2. കുറ്റിപ്പുറം പഞ്ചായത്ത് അവസാനിക്കുന്ന രാങ്ങാട്ടൂരിൽ ഭാരതപ്പുഴയിൽ നിന്നും വെള്ളം പമ്പ്ചെയ്ത് പെൺമാടൽ കുന്നത്ത് ടാങ്ക് നിർമ്മി ച്ചാൽ പൈപ്പ് ലൈൻ വഴി വെള്ളം നട്ടുവട്ടം വില്ലേ ജിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കാൻ സാധിക്കും.

## പഞ്ചായത്ത്തല പദ്ധതി

പഞ്ചായത്തിലെ 80% ജനങ്ങളും കുടി വെള്ളക്ഷാമം കൊണ്ടു ബുദ്ധിമുട്ടുന്നവരാകയാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ ഒരു വലിയ പദ്ധതി ആവശ്യമാണ്. അതിനായി രാങ്ങാട്ടൂരിൽ ഭാരതപ്പുഴക്ക് ഒരു തടയിണ നിർമ്മിച്ച് ഉയർന്ന പ്രദേശമായ വെൺമാടൻ കുന്നത്തോ ചെല്ലൂർ കുന്നിൻമേലോ ഒരു വലിയ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ കുറ്റിപ്പുറം പഞ്ചായത്തിലെ മുഴു വൻ പ്രദേശങ്ങളിലും വെള്ളം എത്തിക്കാൻ സാധി ക്കും. തൻമൂലം ചെറിയ, ചെറിയപദ്ധതികൾക്കായി ലക്ഷക്കണക്കിന് രൂപ വെറുതെ കളയേണ്ടതായി വരുകയില്ല.



# കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1. | മുല്ലൂർക്കടവ്, പുഴനമ്പ്രം. | നിലവിലുള്ള പൈപ്പ് ലൈൻ വ്യാപിപ്പിക്കുക. |
| 2. | ബംഗ്ലാംകുന്ന്, ചെരട്ടക്കുന്ന് | കുറ്റിപ്പുറത്തെ ഏറ്റവും ഉയർന്ന പ്രദേശമായ കെ.എസ്.ഡി.സി. പരിസരത്ത് ടാങ്കുകെട്ടി കുറ്റിപ്പുറത്ത്, ഭാരതപ്പുഴയിൽ കക്കയം ഭാഗത്തുനിന്നും വെള്ളം പമ്പുചെയ്ത് ഈ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. ഇത് എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. ഇതിന്റെ ജോലി പൂർത്തിയാവും വരെ നിലവിലുള്ള പ്ലോട്ടുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. പിന്നീട് നിലവിലെ പൈപ്പുകളിലേക്ക് പുതിയ പ്രോജക്ട് ബന്ധിപ്പിക്കാവുന്നതാണ്. |
| 3. | ലക്ഷം വീട് കോളനി, റസ്റ്റ് ഹൗസ് പരിസരം | |
| 4. | കുളക്കാട് | |
| 5. | എടച്ചലം, പെരുമ്പറമ്പ് | |
| 6. | പേരശ്ശന്നൂർ, ചാത്തൻപറമ്പ്, ഹൈസ്ക്കൂൾ പരിസരം | |
| 7. | പൈങ്കണ്ണൂർ | സ്ഥിരമായി ജലമുള്ള വെള്ളപ്പാട്ട് ചോലയിലെ ജലം തടയണകെട്ടി സംരക്ഷിക്കുകയും, അതൊടൊപ്പം മണ്ണെടുത്ത് ശുദ്ധീകരിക്കുകയും ചെയ്താൽ ചോലയിൽ നിന്നൊഴുകിയെത്തുന്ന ജലം വിവിധാവശ്യങ്ങൾക്ക് ഉപയുക്തമാക്കാവുന്നതാണ്. |
| 8. | വെല്ലൂർ, മർക്കസ് മുടാൽ, ഈസ്റ്റ് കോളനി വെസ്റ്റ് കോളനി, പറക്കുന്ന് കോളനി | KSDC പദ്ധതി പ്രയോജനപ്പെടുത്തുക. |
| 9. | കഴുത്തല്ലൂർ തെക്കേചെരുവ്, വടക്കേ ചെരുവ് | കെ.എസ്.ഡി.സി. പദ്ധതിവ്യാപിപ്പിക്കുക. അത്തിക്കൽ കുളം മണ്ണെടുത്ത് ജലവിതരണത്തിനുപയുക്തമാക്കുക. |
| 10. | പാഴൂർ കര്യാറക്കുന്ന് പ്രദേശം | രാങ്ങാട്ടൂരിൽ ഭാരതപ്പുഴയിൽ നിലവിലുള്ള കേരള വാട്ടർ അതോറിട്ടിയുടെ കിണർ ഉപയോഗപ്പെടുത്തി ജലം, നടുവട്ടം വില്ലേജിലെ ഉയർന്ന പ്രദേശത്തിൽ ടാങ്കുകെട്ടി പമ്പ് ചെയ്ത് വിതരണം നടത്തുക. അല്ലെങ്കിൽ ചെമ്പിക്കൽ കിണർ കുഴിച്ച്, കരിയാക്കുന്നത്ത് ടാങ്കു നിർമ്മിച്ച്, വെള്ളം പമ്പ്ചെയ്ത് വിതരണം നടത്തുക. ഈ പദ്ധതികൾ നിലവിലുള്ള പൈപ്പ് ലൈനുകളുമായി ബന്ധിപ്പിക്കുകയും വിപുലീകരണം നടത്തുകയും ചെയ്യുക. |
| 11. | പകരനെല്ലൂർ കോളനി, ഊരത്ത് പള്ളിയാൽ കോളനി | |
| 12. | കൊടലംകുഴിഭാഗം, പാലുക്കുഴി കൈതൃക്കോവിൽ, തെക്ക് വടക്ക് ഭാഗങ്ങൾ | |
| 13. | കൊമ്പത്ത്പാറ, തെക്കേനാഗപറമ്പ് | |
| 14. | രാങ്ങാട്ടൂർ, മാണിയങ്കാട് | |

**N.B: കുറ്റിപ്പുറം പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുവാൻ ഒന്നോ രണ്ടോ വാർഡുകളിൽ ഒതുങ്ങി നിൽക്കുന്ന ചെറുകിട പദ്ധതികൾ അപര്യാപ്തമാണ്. ആയതിനാൽ മേൽ നിർദ്ദേശിച്ച പദ്ധതികൾ അടിയന്തിര പ്രാബല്യത്തോടുകൂടി നിർമ്മിച്ച് പ്രവർത്തനമാരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.**

# ആരോഗ്യം

കുറ്റിപ്പുറം പഞ്ചായത്തിലുള്ളവർക്ക് ആദ്യ കാലങ്ങളിൽ നാടൻ ചികിത്സയാണ് കിട്ടിയിരുന്നത്. ഇവരിൽ പ്രധാനമായും തിരുന്നാവായ മൂസ്സത്, ചങ്ങമ്പള്ളി ഗുരുക്കൻമാർ, പെരിങ്ങാട്ടുതൊടി വൈദ്യൻമ്മാർ, എന്നിവരുടേതായിരുന്നു. കൂടാതെ മന്ത്രവാദ ചികിത്സയും നിലവിലുണ്ടായിരുന്നു. 1950-52 കാലങ്ങളിൽ രണ്ട് സ്വകാര്യ അലോപ്പതി ഡോക്ടർമ്മാർ ഉണ്ടായിരുന്നു. തൃത്താലയിലുള്ള പി.ടി. ഗോപാലൻനായർ ആലുവായിലെ അഹമ്മദ് സേഠും പിന്നെ ഏക ആശ്രയം പൊന്നാനി, തിരൂർ എന്നിവടങ്ങളിലെ സർക്കാർ ആശുപത്രികളാണ്. 1962ൽ സർക്കാർ വക ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം കുറ്റിപ്പുറം ടൗണിൽ പ്രവർത്തനമാരംഭിച്ചു. 62-63 കാലങ്ങളിൽ നാട്ടുകാർ ആശുപത്രിക്കാവശ്യമായ സ്ഥലവും സാമ്പത്തിക സഹായവും നൽകി. ഇപ്പോൾ ആശുപത്രി നിലനിൽക്കുന്ന സ്ഥലത്ത് സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റുകയും രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള 14 കിടക്കകളുള്ള ഒരു വാർഡ് ഉണ്ടാക്കുകയും ചെയ്തു. ഇത് പ്രദേശത്തെ രോഗികൾക്കൊരനുഗ്രഹം തന്നെയായിരുന്നു. ഒരു ദിവസം 600ൽ പരം ഒ.പി.യും 100 ഐ.പി.യും ഉണ്ടായിരുന്നു. രോഗികളെ പുറത്തും മറ്റും കിടത്തിയായിരുന്നു ചികിത്സിച്ചിരുന്നത്. ഫാമിലി പ്ലാനിംഗിന് ഈ ആശുപത്രി മുൻ നിരയിലായിരുന്നു. 3 തവണ സംസ്ഥാന ജില്ലാ റോളിംഗ് ട്രോഫി ഈ സ്ഥാപനം കരസ്ഥമാക്കിയിട്ടുണ്ട്. 1990ൽ ഈ സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുകയും ചെയ്തു. പക്ഷെ ഇതുവരെ ഇതിനാവശ്യമായ സ്റ്റാഫൊ മറ്റ് സംവിധാനങ്ങളൊ ഉണ്ടായിട്ടില്ലായെന്നു മാത്രമല്ല മുൻകാലങ്ങളിൽ കിട്ടിയിരുന്ന ചികിത്സയും കിട്ടുന്നില്ല. ആവശ്യത്തിന് സ്റ്റാഫും ഇല്ല. 1980ന് ശേഷം ഈ സെന്ററിനൊരു I.P.P. III 10 ബെഡ്ഡുകളുള്ള ഒരു വാർഡും ഓപ്പറേഷൻ തിയേറ്റർ, സെമിനാറുകൾ നടത്താനുള്ള ഒരു ഹാൾ, ഡോക്ടേഴ്സ് മുറികൾ പണിയുകയും ചെയ്തു.

**ഈ സെന്ററിലേക്ക് ആവശ്യമായ മൊത്തം സ്റ്റാഫ് 40.**
**നിലവിലുള്ളത് 32 അംഗങ്ങൾ.**

| | | |
|---|---|---|
| മൊത്തം ഡോക്ടർമ്മാർ | 3 | ഉള്ളത് 1 |
| സ്റ്റാഫ് നേഴ്സ് | 2 | ഉണ്ട് |
| JPHN | 11 | ഉണ്ട് |
| ഫാർമസിസ്റ്റ് | 1 | ഉണ്ട് |
| ലാബ്ടെക്നീഷ്യൻ | 1 | ഉണ്ട് |
| ഹെൽത്ത് സൂപ്പർ വൈസർ | 1 | നിലവിലില്ല. |
| ലേഡി ഹെൽത്ത് സൂപ്പർ വൈസർ | 1 | നിലവിലില്ല |
| ലെഡി ഹെൽത്ത് ഇൻസ്പെക്ടർ | 2 | ഉണ്ട് |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Grade I. | 3 | നിലവിൽ ഇല്ല. |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II. | 2 | നിലവിലുണ്ട്. |
| നേഴ്സിംഗ് അസിസ്റ്റന്റ് | 2 | ഉണ്ട് |
| ഹോസ്പിറ്റൽ അറ്റൻഡർഗ്രേഡ് II. | 1 | ഉണ്ട്. |
| പാർട്ട് ടൈം സ്വീപ്പർ | 1 | ഉണ്ട് |
| ഓപ്താൾവിക് അസിസ്റ്റന്റ് | 1 | ഉണ്ട് |
| യു.ഡി. ക്ലാർക്ക് | 1 | ഉണ്ട് |
| എൽ.ഡി ക്ലാർക്ക് | 2 | ഉണ്ട് |
| പ്യൂൺ | 1 | ഉണ്ട് |
| ഡ്രൈവർ | 2. | 1 ഇല്ല. |

അടുത്തകാലത്ത് മാത്രം ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താൻ തുടങ്ങിയ കുറ്റിപ്പുറം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുപുറമേ, 31-12-1978 ൽ ഹോമിയോ ഡിസ്പെൻസറിയും പിൻക്കാലത്ത് ആയുർവേദ ആശുപത്രിയും ഇ.എസ്.ഐ. ഡിസ്പെൻസറിയും സ്ഥാപിതമായി. ഇതിനുപുറമേ സ്വകാര്യമേഖലയിൽ 3 അലോപ്പൊതി സ്ഥാപനങ്ങളും ഒരു മർമ്മ ചികിത്സാകേന്ദ്രവും പതിനാറ് ആയുർവ്വേദ ഔഷധസ്ഥാപനങ്ങളും ഉണ്ട്. ആരോഗ്യ രംഗത്ത് മികച്ച ചികിത്സാരീതികൾ ലഭ്യമല്ലാത്ത കുറ്റിപ്പുറം പഞ്ചായത്തിൽ മിക്ക രോഗങ്ങൾക്കും മറ്റിടങ്ങളിൽ പോയി ചികിത്സ തേടേണ്ട അവസ്ഥയാണുള്ളത്. വിശേഷാൽ ഗ്രാമസഭകളിലെല്ലാം തന്നെ ആശുപത്രിയുടെ ശോച്യാവസ്ഥയും ജീവനക്കാരുടെ അനാസ്ഥയും ഉയർന്നുവന്നു. സർക്കാർ ആശുപത്രിയുടെ നിഷ്ക്രിയത്വം പരോക്ഷമായി സ്വകാര്യ ആശുപത്രികൾക്ക് അനുഗ്രഹമായി മാറുന്ന പ്രവണത കണ്ടുവരുന്നു. ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ കീഴിൽ സ്ഥാപിച്ച 10 കിടക്കകളുള്ള കമ്മ്യൂണിറ്റിഹാളോടുകൂടിയ കെട്ടിടം ഉപയോഗിക്കാനാരുമില്ലാതെ അനാഥമായികിടക്കുന്നു.

പഞ്ചായത്തിൽ ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ 6 സബ്സെന്ററുകളും സ്വകാര്യമേഖലയിൽ ഒരു പ്രസവശുശ്രൂഷാകേന്ദ്രവുമുണ്ട്. പാരമ്പര്യ ആയുർവ്വേദ ചികിത്സാരംഗത്ത് രണ്ടു സ്ഥാപനം നടത്തുന്നു. ഉഴിച്ചിൽ, പിഴിച്ചിൽ തുടങ്ങിയ പരമ്പരാഗത ചികിത്സാരീതികളാണ് ഇവിടെയുള്ളത്.

രോഗം വന്നാൽ ചികിത്സിക്കുക എന്നതിനോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് രോഗപ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും, ഇത് പ്രാവർത്തികമാക്കുന്നത് പ്രാഥമികാരോഗ്യകേന്ദ്രവും അതിനോടുചേർന്നുള്ള സബ്സെന്ററുകളുമാണ്. "രോഗം ഒരു പാപമല്ല, രോഗിയായിത്തീരുന്നവൻ ഒരു പാപിയുമല്ല" ഈ ബോധം ജനങ്ങളിലെത്തിക്കേണ്ടത് രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഒരു പ്രധാനഭാഗമാണ്. രോഗപ്രതിരോധചികിത്സാരംഗത്ത് ഒരു വയസ്സിന്ന് താഴെയുള്ള കുട്ടികളിൽ പകുതിപോലും മുഴുവൻ പ്രതിരോധ ചികിത്സക്കെത്തുന്നില്ല. ഇതിന്ന് കാരണം രക്ഷിതാക്കൾക്ക് വേണ്ടത്ര ആരോഗ്യ വിദ്യാഭ്യാസം ലഭിക്കുന്നില്ലാത്തതുകൊണ്ടാണെങ്കിൽ, ബോധവൽക്കരണം അത്യാവശ്യമാണ്. ഇതിന് പ്രധാന കാരണം ജനങ്ങളിൽ വേണ്ടത്ര ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നും വരുന്ന ഗുരുതരമായ അലംഭാവമാണ്.

പോഷകക്കമ്മിയാണ് ആരോഗ്യരംഗത്തെ മറ്റൊരു വെല്ലുവിളി. മിതമായ പോഷണക്കുറവുള്ളവർ 312 പേരും മോശമായ ഗുരുതരമായ പോഷണക്കുറവുള്ളവർ 10പേരും ഉണ്ടെന്ന് കാണുമ്പോൾ ഈ രംഗത്തും ശ്രദ്ധിക്കേണ്ടതാണ്. വളരെ താഴ്ന്ന സാമ്പത്തികാവസ്ഥയിലുള്ളവരാണിവർ. ഇവിടേയും പോഷകാഹാരത്തിനെപ്പറ്റിയുള്ള ബോധവൽക്കരണം ആവശ്യമാണ്.

ആരോഗ്യരംഗത്ത് വളരെ മുന്നിലായ കേരളത്തിൽ വർഷങ്ങൾക്ക് മുമ്പ് നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ തിരിച്ചുവരുന്നുവെന്ന അവസ്ഥ വരുമ്പോഴാണ് പരിസര മലിനീകരണം കൊണ്ടുള്ള ദോഷഫലങ്ങൾ ശ്രദ്ധിക്കേണ്ടത്. ഇതു പറയുമ്പോഴാണ് പഞ്ചായത്തിലെ 4 പേരെക്കൊണ്ട് ഈ പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും വൃത്തിയാക്കേണ്ട ചുമതലയെപ്പറ്റി ചിന്തിക്കേണ്ടത്. പഞ്ചായത്തിലെ പ്രധാന കവലകളിലും മറ്റു സ്ഥലങ്ങളിലും ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള ചവറ്റുകുട്ടകൾ ഇല്ല. ചവറുകൾ നിറഞ്ഞാൽ നീക്കാനുള്ള സംവിധാനവുമില്ല. പരിസര ശുചിത്വം ഉറപ്പുവരുത്തണമെങ്കിൽ ഇതിനുള്ള സംവിധാനം അത്യാവശ്യമാണ്. വീടും പരിസരവും വൃത്തിയാക്കുക എന്നത് ഓരോ വ്യക്തിയുടെയും ബാധ്യതയാണ്. ഭക്ഷണാവശിഷ്ടങ്ങളും മറ്റുമുള്ള മാലിന്യങ്ങളുമുപയോഗിച്ച് കമ്പോസ്റ്റ് കുഴിയുണ്ടാക്കുവാനും അടുക്കളത്തോട്ടം ഉണ്ടാക്കുവാനും പരിശീലിപ്പിക്കുകയാണെങ്കിൽ പരിസരമലിനീകരണം ഒഴിവാക്കുവാനും, പച്ചക്കറികൾ ഉപയോഗിച്ചാൽ പോഷകാഹാരക്കുറവ് പരിഹരിക്കാനും കഴിയും. മലിനജലം കെട്ടി നിൽക്കുന്നത് ഒഴിവാക്കിയാൽ കൊതുക് പെരുകുന്നത് തടയുവാനും ഇതുവഴി കൊതുക് പരത്തുന്ന മസ്തിഷ്ക ജ്വരം, മന്ത്, മലമ്പനി, ഇപ്പോൾ കണ്ടു തുടങ്ങുന്ന ഡെംക്യൂ പനി തുടങ്ങിയ മാരക രോഗങ്ങൾ തടയുവാനും കഴിയും. ഭക്ഷണാവശിഷ്ടങ്ങൾ കുന്നുകൂടിയാൽ

ഈച്ച പെരുകാനും അതു മൂലം ഭക്ഷ്യജലജന്യരോഗങ്ങൾ വർദ്ധിക്കാനും സാദ്ധ്യതയുണ്ട്. ഇതു പരിഹരിച്ചാൽ അത്തരം രോഗങ്ങളും ഭൂരിഭാഗവും തടയാൻ കഴിയും.

പഞ്ചായത്തിൽ, പഴവർഗ്ഗങ്ങൾ, ശീതളപാനീയങ്ങൾ തുടങ്ങിയവ വിൽക്കുന്നുണ്ട്. ശുചിയായി വൃത്തിയായി ഇത്തരം ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ ശുചിത്വ പരിശോധന അത്യാവശ്യമാണ്. സാക്രിൻ കലർത്തിയ ശീതളപാനീയങ്ങൾ, വിലകുറഞ്ഞ മോശമായ പാക്കറ്റ് അച്ചാറുകൾ, വേണ്ട വിധം ശുചിത്വമില്ലാതെ കൊണ്ടുനടന്നുവിൽക്കുന്ന ഐസ് ഉൽപ്പന്നങ്ങൾ എന്നിവ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. സ്കൂൾ പരിസരത്ത് വിൽക്കുന്ന ഇത്തരം ഉൽപ്പന്നങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ രക്ഷിക്കാൻ വേണ്ട സംവിധാനം ഉണ്ടാകണം.

അതുപോലെ പഞ്ചായത്തിലെ ഭൂരിഭാഗം ഹോട്ടലുകളും വൃത്തിഹീനമാണ്. കിണറുകളും പഴകിയതും വൃത്തിഹീനവുമായ ഭക്ഷ്യപദാർത്ഥങ്ങളും വിൽപനക്ക് വെക്കുന്നുണ്ട്. ഇവയൊന്നും തന്നെ പരിശോധനക്ക് വിധേയമാകാറില്ല. അതുകൊണ്ട് ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾ പരിശോധിക്കാൻ വേണ്ട നടപടികളുണ്ടാവണം.

പഴകിയ മത്സ്യം, ഗുണനില്വാരം കുറഞ്ഞ മാംസം എന്നിവ ഉപയോഗിക്കുന്നതും ആരോഗ്യത്തിന് ഹാനികരമാകും. അതുകൊണ്ട് മാംസത്തിനുപയോഗിക്കുന്ന മൃഗങ്ങളെ പരിശോധിക്കാനും ഗുണനിലവാരമുള്ളവ തിരഞ്ഞെടുക്കാനും സംവിധാനമുള്ള അറവുശാല പഞ്ചായത്തിലുണ്ടാകണം അറവുശാലകളും മാംസം വിൽക്കുന്ന സ്ഥലവും വൃത്തിയുള്ളതും അവയുടെ അവശിഷ്ടങ്ങൾ പക്ഷിമൃഗാദികൾക്ക് കിട്ടാത്ത വിധത്തിൽ സംസ്ക്കരിക്കപ്പെടേണ്ടതുമുണ്ട്. ഇതുകൊണ്ട് പരിസരത്തുള്ള അലഞ്ഞു തിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം കുറക്കുവാനും പരിസരമലിനീകരണം ഒഴിവാക്കുവാനും സാധിക്കും.

പഞ്ചായത്തിൽ ഏകദേശം 35 ശതമാനത്തോളം പേർക്ക് കക്കൂസ് ഇല്ല ഏതാണ്ട് 15 ഓളം ഹരിജൻ കോളനികളും ഉണ്ട്. തുറസ്സായ സ്ഥലത്തുള്ള മലവിസർജ്ജനം ഭക്ഷ്യജന്യ രോഗങ്ങൾക്ക് കാരണമാകുന്നു. കക്കൂസിന്റെ അഭാവത്തിന് കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. സാമ്പത്തികമായി താഴ്ന്നതട്ടിലുള്ളവരാണ് ഈ പഞ്ചായത്തിൽ പകുതി ജനങ്ങളും. അംഗനവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിലും കക്കൂസുകൾ സ്ഥാപിക്കണം. ഹരിജൻ കോളനികളിൽ കക്കൂസില്ലെങ്കിൽ അടിയന്തരമായി പൊതു കക്കൂസുകളെങ്കിലും സ്ഥാപിക്കണം. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. പരിസര ശുചിത്വത്തിനും ജല ഭക്ഷ്യജന്യ രോഗങ്ങൾ തടയുവാനും ഈ പദ്ധതി കഴിയുമ്പോഴേക്കും ഓരോ വീട്ടിലും ഒരു കക്കൂസ് എന്ന സ്ഥിതി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിൽ ഏകദേശം ഇരുപത് ശതമാനത്തോളം പേർ പുകവലി, പുകയില കൂട്ടിമുറുക്കൽ, മദ്യപാനം എന്നിവക്ക് അടിമപ്പെട്ടവരാണ്. മനുഷ്യന് ദോഷകരമായ ഇത്തരം ദുഃശ്ശീലങ്ങൾ ഒഴിവാക്കുവാൻ ശക്തമായും ബോധവൽക്കരണം അത്യാവശ്യമാണ്. ചാരായം നിരോധിച്ചെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനധികൃതമായ ചാരായം വാറ്റും വിൽപനയും നടക്കുന്നുണ്ട്.

ജനങ്ങൾക്കും ആരോഗ്യത്തിനും വലിയ രീതിയൽ ഭീഷണിയുയർത്തുന്ന പലവിധത്തിലുള്ള സാമൂഹ്യവരുദ്ധ, സദാചാരവിരുദ്ധ ലംഘന പ്രവണതകൾ ഭാഗങ്ങളിലും ഇന്ന് നിലനിൽക്കുന്നുണ്ട്. അതു പൂർണ്ണമായും തുടച്ചുമാറ്റാൻ അധികാരികളുടെ സമൂഹത്തിന്റെയും ശ്രദ്ധ തിരിയേണ്ടതാണ്. അതിന്ന് ജനങ്ങളുടെ കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

ആരോഗ്യംമെച്ചപ്പെടുത്താൻ ശുദ്ധജലം പരിസരശുചിത്വം, ശുദ്ധമായ ഭക്ഷണം, പോഷകാഹാരം എന്നീ ഘടകങ്ങൾക്ക് വളരെയേറെ സ്വാധീനമുണ്ട്. ഇത് ജനങ്ങളിൽ എത്തിക്കാൻ ബോധവൽക്കരണംകൊണ്ട് മാത്രമേ കഴിയൂ. അതു നടപ്പിലാക്കുവാൻ ആരോഗ്യവകുപ്പ് ജീവനക്കാരും കലാസാഹി

ത്യ, സാംസ്കാരിക സാമൂഹ്യ സംഘടനകളും മറ്റു വ്യക്തികളും ചേർന്ന് കൂട്ടായ യജ്ഞത്തിൽ കൂടി നടപ്പിലാക്കിയാൽ ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയൂ "ആരോഗ്യമുള്ള വ്യക്തി രാജ്യത്തിന്റെ സമ്പത്താണ് എന്ന മുദ്രാവാക്യം സാക്ഷാൽകരിക്കുന്നതിന് ആശുപത്രികളുടെ സേവനവും ആവശ്യമാണ്. കുറ്റിപ്പുറം പഞ്ചായത്തിന്റെ ഗതാഗത പ്രശ്നവും അവികസിത മേഖലയുമായ 12, 13,14 വാർഡുകളിൽ ഹോമിയോ ആയുർവേദ മേഖലയിലെ ഒരു ഡിസ്പൻസറികളോ സ്ഥാപിക്കാൻ വേണ്ട നടപടികൾ എടുക്കണം.

## പ്രശ്നങ്ങൾ

1. കുറ്റിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെ സേവനം, രോഗികൾക്ക് അത്യാവശ്യ മരുന്ന്, കിടത്തി ചികിത്സിക്കാനുള്ള സൗകര്യം എന്നിവയുടെ അഭാവം.
2. നിലവിലുള്ള സബ്സെന്ററുകളിൽ സേവനം കാര്യക്ഷമമാക്കാൻ പ്രതിരോധചികിത്സ എല്ലാ കുട്ടികൾക്കും ലഭിക്കുന്നില്ല.
3. പോഷകാഹാരക്കുറവ്.
4. പരിസരമലിനീകരണം.
5. പാകം ചെയ്ത ഭക്ഷണ സാധനങ്ങൾ, സ്കൂൾ പരിസരത്ത് വില കുറഞ്ഞ ഭക്ഷണസാധനങ്ങളുടെ വിൽപന തുടങ്ങിയവയുടെ പരിശോധനയിലുള്ള അലംഭാവം.
6. ഹോട്ടലുകളിലെ ശുചിത്വമില്ലായ്മ.
7. പഴകിയ മത്സ്യം, മാംസവിൽപന, പൊതു അറവുശാലയുടെ അഭാവം.
8. കക്കൂസിന്റെ പോരായ്മ.
9. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, സദാചാര നിഷേധ പ്രവണതകൾ.
10. നടുവട്ടം വില്ലേജിൽ ഒരു ഹോമിയോ അല്ലെങ്കിൽ ആയുർവേദ ഡിസ്പൻസറിയില്ലായ്മ.

## സാധ്യതകൾ

1. കുറ്റിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ക്വാർട്ടേഴ്സിൽ ഒരു ഡോക്ടർ താമസിച്ച് രോഗികൾക്ക് മുഴുവൻ സമയസേവനവും ലഭ്യമാക്കണം. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്തണം. ഇവിടെ ചികിത്സക്കായിവരുന്ന രോഗികൾക്ക് അത്യാവശ്യമരുന്നുകൾ ലഭ്യമാക്കണം. ചികിത്സിക്കാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

2. നിലവിലുള്ള സബ്സെന്ററുകളിൽ പ്രതിരോധ ചികിത്സ കൃത്യമായും നടത്തണം. ജനങ്ങൾക്ക് വിമുഖതയുണ്ടെങ്കിൽ ആരോഗ്യവിദ്യാഭ്യാസ ബോധവൽക്കരണത്തിൽ കൂടി ഈ പ്രശ്നം പരിഹരിച്ച് മുഴുവൻ കുട്ടികളേയും പ്രതിരോധ ചികിത്സക്ക് വിധേയരാക്കണം.

3. പോഷകാഹാരത്തിന്റെ കുറവിനുള്ള കാരണവും വിലകുറഞ്ഞതും എളുപ്പം ലഭ്യമാകുന്നതുമായ പോഷകാഹാരത്തിനെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ വേണ്ട സൗകര്യങ്ങൾ. 5 വയസ്സിന് താഴെയുള്ള കുട്ടികളെ അംഗനവാടികളിൽ ചേർക്കാൻ ബോധവൽക്കരിക്കൽ, വിളർച്ച, ജീവകം എന്നിവയുടെ കുറവാണെങ്കിൽ ഉപകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുവാൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം. അടുക്കളത്തോട്ട നിർമ്മാണത്തിന് വീട്ടമ്മമാരെ പ്രോത്സാഹിപ്പിക്കണം.

4. പരിസരമലിനീകരം ഒഴിവാക്കുവാൻ വേണ്ടത്ര തൂപ്പുകാരെ നിയമിക്കൽ. പ്രധാനപ്പെട്ട കവലകളിൽ ചവറ്റുകൊട്ട സ്ഥാപിക്കൽ. മലിനജലം ഒഴിവാക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തൽ. മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ കൊതുക് നശീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ, വീടുകളിൽ DDT സ്പ്രേയിങ്ങ് നടത്താൻ വേണ്ട സൗകര്യം ചെയ്യൽ. അടുക്കളത്തോട്ട നിർമ്മാണം പരിശീലിപ്പിക്കൽ.

5. ഹോട്ടലുകൾ, ഭക്ഷണ സാധനങ്ങൾ വിൽക്കൽ എന്നിവ പരിശോധനക്ക് വിധേയമാക്കണം. സ്കൂൾ പരിസരത്തെ മിഠായി, അച്ചാർ എന്നിവ വില്പന തടയൽ. ഹോട്ടലിലെ കിണറുകൾ വൃത്തിയായി സൂക്ഷിക്കാൻ വേണ്ട നടപടികൾ എന്നിവ കൈക്കൊള്ളണം.

6. പൊതു അറവുശാല നിർമ്മിക്കൽ മാംസ വിൽപന നടത്തുന്ന സ്ഥലങ്ങൾ വൃത്തിയുള്ളവയും, പക്ഷി മൃഗാദികൾക്ക് അപ്രാപ്യമായ രീതിയിൽ നടത്താ

നും നടപടികൾ സ്വീകരിക്കൽ.

7. കക്കൂസില്ലാത്തവർക്ക് കക്കൂസ് ഉണ്ടാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ സന്നദ്ധ പ്രവർത്തനം വഴി കഴിയുമെങ്കിൽ അതിന്ന് വേണ്ട പ്രവർത്തനം.

8. ലഹരി പദാർത്ഥങ്ങൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കൽ, പുകവലി, മദ്യപാനം, മയക്കുമരുന്ന്, മറ്റ് സദാചാരവിരുദ്ധ പ്രവർത്തനങ്ങൾകൊണ്ടുള്ള ദോഷങ്ങൾ അതുമൂലമുണ്ടാകുന്ന രോഗങ്ങൾ എന്നിവക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗുണകരമായ മാറ്റം വരുത്താൻ സാധിക്കും.

9. നടുവട്ടം വില്ലേജിൽ ഒരു ആയുർവ്വേദമോ ഹോമിയോപ്പതിയോ ആയ ഗവ. ഡിസ്പൻസറി സ്ഥാപിക്കൽ. ഇതുമൂലം 5 വാർഡുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.



# ഗതാഗതം:- ഊർജ്ജം - മാർക്കറ്റ്

## റോഡ്:-

31.32 ചതുരശ്രകിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചു കിടക്കുന്ന കുറ്റിപ്പുറം പഞ്ചായത്തിൽ ആകെ നൂറുകിലോ മീറ്റർറോഡാണ് ഉള്ളത്. ഇതിൽ 27 കിലോമീറ്റർ ടാർറോഡും 74.5 കിലോമീറ്റർ മൺറോഡും ആണുള്ളത്. പഞ്ചായത്തിലെ 14 വാർഡുകളിലും റോഡുകളുണ്ടെങ്കിലും ഗതാഗത സൗകര്യം ഉള്ളവ വളരെ കുറവാണ്. കാലങ്ങളായി ഇട വഴികളായും നടപ്പാതകളായും ഉപയോഗിച്ചിരുന്ന പലതും ഇന്ന് റോഡുകളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. വികസനം, എന്നാൽ റോഡാണ് എന്ന ചിന്തയുടെ ഫലമായി, പൊതു ഫണ്ടിൽ ഭൂരിഭാഗവും റോഡിനായാണ് ഉപയോഗിക്കുന്നത്. എന്നിട്ടുപോലും വാഹനസൗകര്യമുള്ള റോഡുകൾ വളരെ പരിമിതമാണ്.

ഈ പഞ്ചായത്തിൽ ബസ്ഗതാഗതമുള്ള റോഡിൻെറ വ്യാപ്തി വെറും 14 കിലോമീറ്റർ മാത്രമാണ്. കുറ്റിപ്പുറം പട്ടണത്തിൻെറ രാജവീഥിയായ നാഷണൽ ഹൈവേയും തിരൂർ റോഡിലെ പി.ഡബ്ലിയു.ഡി റോഡുമാണ് ഈ റോഡുകൾ. പഞ്ചായത്തിലെ തന്നെ പേരശ്ശന്നൂർ, എടച്ചലം, നടുവട്ടം ഭാഗങ്ങളിലേക്ക് തീരെ ഗതാഗതസൗകര്യം ഇല്ല. ജീപ്പും ഓട്ടോറിക്ഷയുമാണ് ഈ പ്രദേശത്തുകാരുടെ ആകെ ആശ്രയം. വർഷക്കാലങ്ങളിൽ പഞ്ചായത്തിലെ മിക്ക റോഡുകളും സഞ്ചാരയോഗ്യമല്ലാതാവുകയും ഗതാഗതം മുടങ്ങുന്ന സാഹചര്യം സംജാതമാവുകയും ചെയ്യുന്നു. കുറ്റിപ്പുറത്തുനിന്ന് ബസ്സർവ്വീസുകൾ നടത്തുന്നത് എടപ്പാൾ, വളാഞ്ചേരി, തവനൂർ, തിരൂർ ഭാഗങ്ങളിലേക്കാണ്. മറ്റിടങ്ങളിൽ ജീപ്പും ഓട്ടോറിക്ഷയുമാണ് ഗതാഗതത്തിനായി ഉപയോഗിക്കുന്നത്.

പഞ്ചായത്തിൽ 100 കിലോമീറ്ററോളം റോഡുകളുണ്ടെങ്കിലും അവയുടെ അവസ്ഥ ഏറെ പരിതാപകരമാണ്. അറ്റകുറ്റപ്പണികൾ ശരിയായ രീതിയിൽ നടക്കാത്തത് കൊണ്ടും ഓവുചാലുകൾ വേണ്ടത്ര നിർമ്മിക്കാത്തതു കൊണ്ടും റോഡുകളിൽ വെള്ളം കെട്ടിനിൽക്കാൻ ഇടവരുകയും ഇതുമൂലം റോഡിലെ മണ്ണും മെറ്റലും ഒഴുകിപ്പോവുകയും ചെയ്യുന്നു.

### പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | യാത്രാ സൗകര്യം |
|---|---|---|---|---|
| 1 | കുറ്റിപ്പുറം പാലം - പൈങ്കണ്ണൂർ | N.H. | 6 | ഉണ്ട് |
| 2 | കുറ്റിപ്പുറം - രാങ്ങാട്ടൂർ | P.W.D | 6 | ഉണ്ട് |
| 3 | ചെമ്പി - ഊരത്ത് പള്ളിയാൽ | പഞ്ചായത്ത് | 4 | ഇല്ല |
| 4 | നടുവട്ടം-പാഴൂർ പാടം | " | 2 1/2 | " |
| 5 | പകരനല്ലൂർ ഊരത്ത്പള്ളിയാൽ | പഞ്ചായത്ത് | 5 | ഇല്ല |
| 6 | P.H.Cമുക്കിലപീടിക M.L.Aറോഡ് | P.W.D. | 2 1/2 | " |
| 7 | മാണിയംകാട്- പഞ്ചായത്തതിർത്തി | പഞ്ചായത്ത് | 1 | " |
| 8 | കുറ്റിപ്പുറം - കാങ്കപ്പുഴ | " | 1 | " |
| 9 | കുറ്റിപ്പുറം - മല്ലൂർകടവ് | " | 2 | " |
| 10 | കുറ്റിപ്പുറം - പുഴനമ്പ്രം | " | 1 | " |
| 11 | K.P.S.തങ്ങൾ റോഡ് | ഫ്ളഡ് സ്കീം | 600മീ. | ഉണ്ട് |
| 12 | N.H.കായൽപാടം റോഡ് | " | 200 മീ | " |

## റെയിൽവെ:-

കുറ്റിപ്പുറം പഞ്ചായത്തിൽ രണ്ട് റെയിൽവേ സ്റ്റേഷനുകൾ ഉണ്ട്. മലപ്പുറം ജില്ലയിലെ തന്നെ യാത്രക്കാരുടെ എണ്ണത്തി ലും വരുമാനത്തിൻെറ കാര്യത്തിലും രണ്ടാം സ്ഥാനത്ത് നിൽക്കുന്ന റയിൽവേസ്റ്റേഷനാണ് കുറ്റിപ്പുറം റയിൽവേ സ്റ്റേഷൻ. എന്നാൽ ഇതേ പഞ്ചായത്തിലെ തന്നെ മറ്റൊരു റയിൽവേസ്റ്റേഷനായ പേരശ്ശന്നൂരിൽ ആവശ്യത്തിന് യാത്രാസൗകര്യങ്ങളും ജീവനക്കാരും സ്റ്റേഷൻ സൗകര്യവും ഒരു പോരായ്മയാണ്. പഞ്ചായത്തിലെ മൊത്തം റയിൽപാത യുടെ നീളം 10.5 കി.മീ. ആണ്. ഇതിലൂടെ ആഴ്ചയിലൊരിക്കൽ കടന്ന് പോവുന്ന "നവയുഗ എക്സ്പ്രസ്സ്" (ജമ്മുകാഷ്മീർ-മംഗലാപുരം) ഒഴികെ ബാക്കിയെല്ലാ വണ്ടികളും കുറ്റിപ്പുറം റയിൽവേസ്റ്റേഷനിൽ നിർത്തുന്നവയാണ്. കേന്ദ്രസർക്കാരിൻെറ സർവ്വെ കഴിഞ്ഞു കിടക്കുന്ന കുറ്റിപ്പുറം - ഗുരുവായൂർ റയിൽവേ ലൈനിൻെറ തുടക്കം കുറ്റിപ്പുറത്തുനിന്നാണ്. കുറ്റിപ്പുറം FCI - ഗോഡൗണിലേക്കുള്ള അരി എത്തിച്ചേരുന്നത് റയിൽ മാർഗ്ഗമാണ്.

### റയിൽവെസ്റ്റേഷനിലെ വരുമാനം

| വർഷം | വരുമാനം | Parcel |
|---|---|---|
| 92 - 93 | 1,10,70,445 | 49117 |
| 93 - 94 | 1,10,90,800 | 64582 |
| 94 - 95 | 1,24,21,511 | 46767 |
| 95 - 96 | 1,37,39,634 | 47819 |

## പ്രശ്നങ്ങൾ

ബസ്സുകളെ അപേക്ഷിച്ച് വണ്ടിക്ക് യാത്രാക്കൂലി കൂടുതലാണെങ്കിലും ഡബിൾ ലൈനിൻെറ അഭാവം മൂലം പലപ്പോഴും വണ്ടി സമയത്തിനെത്തുന്നില്ല. സമയം നഷ്ടപ്പെടുന്നതിനാൽ ജനങ്ങൾക്ക് ആവശ്യത്തിനനുസരിച്ച് ലക്ഷ്യത്തിലെത്താൻ കഴിയാതെ വരുന്നു. ക്രോസിംഗിന് മണിക്കൂറുകളോളം കാത്തുനിൽക്കേണ്ടിയും വരാറുണ്ട്.

യാത്രാത്തിരക്കിനനുസരിച്ച് റയിൽവേ സ്റ്റേഷനിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല. റയിൽവേ മേഖലയിൽ കുറ്റിപ്പുറം ഗുരുവായൂർ റയിൽവെ ലൈൻ കുറ്റിപ്പുറത്തുകാർ ഏറ്റവും കൂടുതൽ പ്രതീക്ഷയോടെ നോക്കി കാണുന്നു കുറ്റിപ്പുറത്തുനിന്നും പാലക്കാട് ജില്ലയിലൂടെ 36 കി.മീ. ദൂരം കടന്ന് ഗുരുവായൂരിൽ എത്തുന്നു. ഇത് പിന്നീട് തൃശ്ശൂരിലേക്കും. ഇതിൻെറ സർവെയും ഈ പാതയുടെ അവശ്യകത മനസ്സിലാക്കി കൊണ്ടുള്ള പ്രഖ്യാപനവും നടന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ റയിൽ പാത ഇന്നും ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. അതുപോലെ റയിലുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്രശ്നം കുറ്റിപ്പുറത്തെ ലെവൽക്രോസിംഗ് ആണ്. ഈ പ്രശ്നത്തിൽ നിരവധി ആഫീസുകളിലെ ജീവനക്കാരും ജനങ്ങളും സ്കൂളുകളിലെ വിദ്യാർത്ഥികളും ഇത് കാരണം വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്.

## റോഡുനിർമ്മാണം:-

പ്രധാനറോഡുകളായ നാഷണൽ ഹൈവേ, പി.ഡബ്ല്യു.ഡി എന്നിവയുടെ ഉപയോഗം വളരെ കുറച്ച് വാർഡുകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. 14 വാർഡുകളിലും റോഡുകളുണ്ടെങ്കിലും ഭൂരിഭാഗവും ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. സുഗമമായ യാത്രാസൗകര്യം ഉദ്ദേശിച്ചുകൊണ്ടാണോ റോഡുകൾ നിർമ്മിക്കുന്നതെന്ന കാര്യത്തിൽ സംശയമുണ്ട്. റോഡുകൾക്ക് കാന ഇല്ലാത്തതും ലക്ഷ്യബോധമില്ലാതെയുള്ള റോഡ് നിർമ്മാണവും ജനങ്ങളുടെ അഭിവൃദ്ധിക്ക് തന്നെ തടസ്സമായി നിൽക്കുന്നു. വിശേഷാൽ ഗ്രാമസഭകൂടിയപ്പോൾ 13 വാർഡുകളിലും റോഡിൻെറ ആവശ്യം പ്രധാനമായി ഉന്നയിക്കപ്പെട്ടു. റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനുവേണ്ട ഒട്ടനവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇടവഴികൾ റോഡാക്കി മാറ്റാനും ആവശ്യപ്പെട്ടിരിക്കുന്നു.

**സാദ്ധ്യതകൾ:-**

(a) റയിൽവഴിയുള്ള യാത്ര കൂടുതൽ ആകർഷകമാക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ കുറ്റിപ്പുറം റയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തുക.

(b) ഡൽഹിപോലുള്ള സ്ഥലങ്ങളിലേക്ക് റിസർവേഷൻ ബർത്ത് കുറവും, ആവശ്യക്കാർ കൂടുതലുമാണ്. അതിനാൽ റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുക.

(c) സ്റ്റേഷനിലെ വെയിറ്റിംഗ് റൂമുകൾ മുഴുവൻ യാത്രക്കാർക്ക് തുറന്നുകൊടുക്കുക.

(d) സർക്കാർ പുതിയതായി പ്രഖ്യാപിച്ച ഡബിൾ റയിൽവെ ലൈനിൻെറയും കുറ്റിപ്പുറം - ഗുരുവായൂർ റയിൽവെ ലൈനിൻെറയും പണി ഉടനെ ആരംഭിക്കുക.

റോഡ് ഗതാഗതം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവരികയുണ്ടായി. അവ താഴെ ചേർക്കുന്നു.

(a) ടാർ ചെയ്ത റോഡിൻെറ തന്നെ വീതി വർദ്ധിപ്പിച്ച് ടാർ ചെയ്യുകയും എഡ്ജ് ഇല്ലാത്ത രീതിയിൽ നിർമ്മിക്കുകയും ചെയ്യുക.

(b) റയിൽവെ ഗേറ്റിനു സമീപം ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.

(c) കുറ്റിപ്പുറം - ചെമ്പിക്കൽ - ഊരത്ത് പള്ളിയാൽ വഴി ആതവനാട്ടേക്ക് ബസ് ഗതാഗതം ആരംഭിച്ചാൽ ഈ ഭാഗങ്ങളിലെ ജനങ്ങൾക്കിത് വലിയ ആശ്വാസമായിരിക്കും.

(d) കുറ്റിപ്പുറത്ത് നിന്നും നാഷണൽ ഹൈവേ ജംഗ്ഷനിൽ ചേരുന്ന ഭാഗത്ത് ഒരു ട്രാഫിക്- ഐലൻറ് സ്ഥാപിക്കുക.

(e) കുറ്റിപ്പുറം ടൗണിൽ പഞ്ചായത്ത് ഏറ്റെടുത്ത നാഷണൽ ഹൈവേ സ്ഥലം ഇരുവശവുമുള്ള സ്ഥലം കൂട്ടിയെടുത്ത് ബസ് സ്റ്റാൻറ് വിപുലീകരിക്കുക. അതോടൊപ്പം ടാക്സി സ്റ്റാൻറ് ഓട്ടോറിക്ഷ സ്റ്റാൻറ് എന്നിവ നിർമ്മിച്ചാൽ പഞ്ചായത്തിന് വലിയ വരുമാനമാർഗ്ഗവും, ടൗണിലെ വാഹനങ്ങളുടെ തിരക്ക് മൂലം ഇന്നനുഭവപ്പെടുന്ന ഗതാഗതതടസ്സം ഒഴിവാക്കുകയും ചെയ്യാം.

(f) പഞ്ചായത്തിന് സ്വന്തമായി ഒരു ആമ്പുലൻസ് വാങ്ങുക.

(g) ജില്ലയിലെ K.S.R.T.C ബസ്സുകളെല്ലാം കടന്ന് പോകുന്ന ചുരുക്കം ചില പഞ്ചായത്തുകളിലൊന്നാണ് കുറ്റിപ്പുറം പഞ്ചായത്ത് . മാത്രമല്ല, കോഴിക്കോട്, എറണാകുളം ഭാഗങ്ങളിലേക്ക് ദിനംപ്രതി ആയിരത്തോളം ആൾക്കാർ കുറ്റിപ്പുറം ടൗണിൽനിന്നും പുറപ്പെടുന്നുണ്ട്. എന്നാൽ ടൗണിലെ ഗതാഗതക്കുരുക്കും ബസ് സ്റ്റാൻറിലെ സൗകര്യക്കുറവും കാരണം K.S.R.T.C ബസ്സുകൾ നാഷണൽ ഹൈവേ ജംഗ്ഷനിൽ നിന്ന് ബസ് സ്റ്റാൻറിലേക്ക് വരാതെ നേരെ പോവുകയാണ് ചെയ്യുന്നത്. അതിനാൽ പുതിയതായി നിർമ്മിച്ച ഓവർബ്രിഡ്ജിന് താഴെ ഉള്ള സ്ഥലം ഉപയോഗപ്പെടുത്തി ഒരു K.S.R.T.C ബസ് സ്റ്റാൻറ് നിർമ്മിക്കണം.

(h) കുറ്റിപ്പുറത്ത് നിന്നും എടച്ചെലം - പേരശ്ശന്നൂർ, വളാഞ്ചേരി വഴി മലപ്പുറത്തേക്ക് ഓടിക്കൊണ്ടിരുന്ന K.S.R.T.C ബസ്സുകൾ വീണ്ടും ഓടിക്കണം.

(i) മാണിയംകാട്- തോട്ടായി പാലത്തിനോട് ചേർന്ന റയിൽവെ ലൈനിന് മുകളിലൂടെ നടപ്പാലം നിർമ്മിക്കുക.

(j) നടുവട്ടം ഭാഗത്തുള്ളവർക്ക് ബസ് ഗതാഗതത്തിന് ഏകമാർഗ്ഗമായ കമ്പനിപ്പടിയിലേക്കുള്ള വഴിയിൽ ഇപ്പോൾ നിലവിലുള്ള താൽക്കാലിക പാലം മാറ്റി, പുതിയ നടപ്പാലം നിർമ്മിക്കുക.

(k) പഞ്ചായത്തിലെ ഗതാഗതസൗകര്യം താരതമ്യേന കുറവായ 8, 9 വാർഡുകളായ ചെല്ലൂർ ഭാഗത്തേക്ക് K.S.D.C മൂടാലിൽനിന്ന് തുടങ്ങുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുക.

(l) നാഷണൽ ഹൈവേ റോഡിൽ നിന്ന് 60 മീറ്ററോളം ഉയരമുള്ള ബംഗ്ലാംകുന്നിൽ താമസിക്കുന്നവർ ക്ക് റോഡിലേക്കിറങ്ങുന്നതിന് വേണ്ടി കൽപ്പടവും, കൈവഴിയും നിർമ്മിച്ചാൽ ഇവരുടെ പ്രശ്നങ്ങൾ ദുരീകരിക്കാം.

(m) നടുവട്ടം ഭാഗത്തുനിന്നും വളാഞ്ചേരി ടൗണുമായി ബന്ധപ്പെടാൻ ഏറ്റവും എളുപ്പമാർഗ്ഗമായ ഊരത്തുപ

ള്ളിയാൽ സ്പിന്നിംഗ് മിൽ വഴി മർക്കസ് മൂടാൽ റോഡ് നിർമ്മിച്ചാൽ ഇവിടത്തുകാർക്ക് വലിയ ഉപകാരമായിരിക്കും.

**ടാർ ചെയ്യേണ്ട റോഡുകൾ**

| എണ്ണം | റോഡിന്റെ പേര് | ദൂരം (കി.മീ) | വാർഡ് |
|---|---|---|---|
| 1 | രാങ്ങാട്ടൂർ - പേരൊഴിപ്പടി | 1 | 14 |
| 2 | നടുവട്ടം - തെക്കെ നാഗപറമ്പ് | 2 1/2 | 13 |
| 3 | ചെമ്പിക്കൽ - ആതവനാട് | 1.4 | 10+12 |
| 4 | ഊരോത്ത് പള്ളിയാൽ പകരനല്ലൂർ | 2 1/2 | 11 |
| 5 | മൂടാൽ - പറക്കുന്ന് - GLP - UP | 3 | 9 |
| 6 | K.S.D.C -പൂക്കോറ - പകരനല്ലൂർ | 3 | 8 |
| 7 | മോസ്കോ - ചെനപ്പറമ്പ് | 2 | 6 |
| 8 | പെരുമ്പറമ്പ് കരിമ്പന പീടിക - M.L.A റോഡ് | 3 | 5 |
| 9 | കിഴക്കേകര റോഡ് | 2 | 4 |
| 10 | N.H.കോരൻപടിറോഡിൽ കുഞ്ഞിമോൻ തങ്ങൾപറമ്പ് മുതൽ പാടം വരെ | 1 | 3 |
| 11 | കഴുത്തല്ലൂർജുമാമസ്ജിദ് വടക്ക്വശംറോഡ്- അലവികുട്ടിപറമ്പ് | 315mtr. | 3 |
| 12 | ബംഗ്ലാംകുന്ന് അത്താണി ബസാർ- അച്ചൻ കോരൻ പടി | 2 | 2 |
| 13 | KSDC മിച്ചള്ളി റോഡ് | 380M | 3 |
| 14 | മാരായത്ത് റോഡ് | 5 | 1 |

| റീടാർ ചെയ്യേണ്ട റോഡുകൾ | ദൂരം KM |
|---|---|
| പള്ളിക്കൽ ബസാർN.H -കുളക്കുണ്ട് സെന്റർ | 1 KM |
| ചെമ്പിക്കൽ- ഊരോത്ത് പള്ളിയാൽ | 4 |
| മാണിയംകാട് - കുറ്റിപ്പുറം പഞ്ചായത്ത് അതിർത്തി വരെ | 2 1/2 |
| മുക്കില പീടിക - പേരശ്ശന്നൂർ- PHC | 6 |
| മൂടാൽ ചുങ്കം - പാഴൂർ റോഡ് (1994) ടെൻറർ കൊടുത്തെങ്കിലും കോൺട്രാക്ടർ ഇന്നേവരെ പണി പൂർത്തിയാക്കി യിട്ടില്ല. | 4 |

മേൽപ്പറഞ്ഞ റോഡുകളെല്ലാം അടിയന്തിരമായി പണിപൂർത്തിയാക്കേണ്ടവയാണെന്ന് വിശേഷാൽ ഗ്രാമസഭകൾ വഴിയും പഠനപര്യടനത്തിലൂടെയും വ്യക്തമായി.

## വിവിധതരം റോഡുകൾ

ലഭ്യമാവുന്ന പണത്തിൽ ഭൂരിഭാഗവും ചിലവഴിക്കുന്നത് റോഡിന് വേണ്ടിയാണെങ്കിലും ഇത്മൂലം കാര്യമായ നേട്ടങ്ങളൊന്നും ജനങ്ങൾക്ക് കിട്ടുന്നില്ല. പ്രധാനമായും രണ്ട് തരം റോഡാണ് ഇന്ന് നിലവിലുള്ളത്.

(1) ടാർ ചെയ്തതും അടിയന്തിരമായി ടാർ ചെയ്യേണ്ടതുമായ റോഡുകൾ.

(2) മൺറോഡുകൾ:

പഞ്ചായത്തിലെ പതിനാല് വാർഡുകളിലായി37156 - ജനങ്ങൾക്ക് ഉപയോഗിക്കാനുള്ളത് 100.89 കിലോമീറ്റർ റോഡാണ്. ടാർ റോഡും മൺ റോഡുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. ടാറോഡുകളിൽ തന്നെ ഉപയോഗപ്രദമായവയും വേണ്ടത്ര അറ്റകുറ്റപണികൾ നടത്താത്തവയും ഉണ്ട്. മൺറോഡുകളിൽ ഉപയോഗയോഗ്യമായവ വളരെക്കുറവും ഉപയോഗയോഗ്യമല്ലാത്തവ കൂടുതലുമാണ്. വർഷക്കാലങ്ങളിലാണ് ഈ റോഡുകൾ തീരെ ഉപയോഗിക്കാൻ കഴിയാതെ വരുന്നത്.

| മൺറോഡ് | പഞ്ചായത്ത് | P.W.D | N.H. | ആകെ |
|---|---|---|---|---|
| 74.16 | 3.66 | 16 | 7 | 100.82 |

## റോഡ് നിർമ്മാണത്തിൽ ജനങ്ങളുടെ പങ്ക്

കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ പഞ്ചായത്തിലെ ഒട്ടേറെ ഇടവഴികൾ, വാഹനങ്ങൾക്ക് പോകാൻ പറ്റാവുന്ന തരത്തിലുള്ള മൂന്നു മീറ്ററിൽ കുറയാത്ത റോഡുകളായി മാറിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും ജനങ്ങളുടെ ആവശ്യ പ്രകാരമുള്ള വാഹനഗതാഗതസകര്യത്തിന് ഉതകുന്നരീതിയിലുള്ള ടാർ റോഡുകളാക്കി മാറ്റാൻ സാധിച്ചിട്ടില്ല. ഇതിന് ഓരോ പ്രദേശത്തുമുള്ള ചെറിയ പ്രതിസന്ധികൾ തുടങ്ങി സാമ്പത്തിക പരാധീനതവരെ കാരണമാ യിത്തീരാറുണ്ട്. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ - നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മയും കഴിയാവുന്നതരത്തിലുള്ള പ്രാദേശിക ധനസമാഹരണ വും ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ഇതൊടൊപ്പം തന്നെ റോഡുകളടക്കമുള്ള പൊതുസ്ഥാപനങ്ങൾ സംര ക്ഷിക്കുന്നതി ന് ജനങ്ങളിൽ ഉത്തരവാദിത്വബോധം വർദ്ധിപ്പിക്കാൻ പറ്റാവുന്നതരത്തിലുള്ള ബോധവൽക്കരണം ആവശ്യമാണ്.

വരുന്ന 5 വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ട നിലവിലുള്ള റോഡുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.


| വാർഡ് | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | കലുങ്ക് | കലുങ്ക് വേണ്ടവ | ശ്രമം ദാനം നടന്നവ |
|---|---|---|---|---|---|---|---|
| 1 | വൺവേ റോഡ് | 150m | ഉണ്ട് | ഇല്ല | ഇല്ല | വേണം | അല്ല |
| 2 | ബംഗ്ലാംകുന്ന്- അത്താണിബസാർ- അച്ചൻ കോരൻപടി | 2km | ഇല്ല | " | " | " | ആണ് |
| 3 | N.Hറോഡ്അബ്ദുള്ളപ്പടി- | 2km | " | " | " | വേണ്ട | അല്ല |
| | അബ്ദുള്ളപ്പടി കായൽപാടം | 250m | " | " | " | വേണം | " |
| | K.P.S.തങ്ങൾ- വാരിയത്ത്പടി | 300m | " | " | " | " | " |
| | ലക്ഷംവീട് - എരിയാൽചോല | 200m | " | " | " | " | " |
| | K.S.D.C. മിച്ചഭൂമി | 400m | " | " | " | " | " |
| | റെസ്റ്റ്ഹൗസ് - ബംഗ്ലാംകുന്ന് ഇടവഴി സ്റ്റെപ്പ് കെട്ടൽ | 200m | " | " | " | " | " |
| | ലക്ഷംവീട് - കായൽപാടം | | | | | | |
| 4 | കിഴക്കെ ജുമാഅത്ത് പള്ളി-എൽ.പി.എസ്. | 500m | " | " | " | " | " |
| | കുള്ളക്കാട്മാനുട്ടിപടി - GLPS | 1km | " | " | " | " | " |
| | കുളക്കാട്സെൻട്രൽ-GLPS ബ്യൂട്ടിക്കോറ | 3km | " | " | " | " | " |
| | മൂടാൽ- പീച്ചാംകുന്ന്- കുളക്കാട് സെൻട്രൽ | 2.5km | " | " | " | " | " |
| | കണ്ണാംപറമ്പ് റോഡ് | 250m | " | " | " | " | " |
| | കൊടിക്കുന്ന് -ഗോവിന്ദൻബസാർ- പെരുമ്പറമ്പ് | 1km | " | " | " | " | " |


| വാർഡ് നമ്പ് | റോഡിൻെറ പേര് | ദൂരം | ടാർ | ഓട | കലുങ്ക് | കലുങ്ക് വേണ്ടവ | ശ്രമദാനം നടന്നവ |
|---|---|---|---|---|---|---|---|
| 5 | നെല്ലിക്കപറമ്പ്-അമ്പലപറമ്പ് | 4km | " | " | ഉണ്ട് | വേണം | " |
| | ചോലക്കൽ മദ്രസ്സ-ആച്ചക്കാട് | 1km | " | " | " | " | ആണ് |
| | കാളാട്ട്ചോല-കള്ളത്തിപ്പടി | 1½km | " | " | ഇല്ല | വേണം | അല്ല |
| | എടച്ചലം റോഡ്- എൽ.പി സ്കൂൾ- ഗൾഫ് റോഡ് | 1km | " | " | " | " | " |
| | മൂടാൽ-കിടാപ്പ്ചോല | 3km | " | " | " | വേണ്ട | " |
| 6 | ഗൾഫ് റോഡ്- എം.എൽ.എ.റോഡ് | 3km | " | " | " | " | " |
| | ചെനക്കപ്പറമ്പ്- ഹരിജൻ കോളനി | 2km | " | " | " | " | " |
| 7 | പൂങ്ങോട്ടുപടി റോഡ് (രണ്ടാംഘട്ടം) | 700m | " | " | " | " | " |
| | തൊട്ടിയിൽപടി- മാധവൻനായർ റോഡ് | 1km | " | " | " | " | " |
| | NH -കുണ്ടുകാട് റോഡ് | 1.5km | " | " | " | " | " |
| 8 | മൂടാൽ-പറുന്ന്-പകരനല്ലൂർ | 3km | " | ഉണ്ട് | ഉണ്ട് | " | " |
| | KSDCചെല്ലൂർ-അത്താണിക്കൽ പൂക്കുറ റോഡ് | 2km | " | ഇല്ല | ഉണ്ട് | " | ആണ് |
| | മൂർദ്ധാവ്- ഹരിജൻ കോളനി | 1km | " | " | ഇല്ല | " | അല്ല |
| | മൂടാൽ-പുത്തിരിക്കുഴി | 1.5km | " | " | " | വേണം | " |
| | മാമ്പാറ-പിലാശ്ശേരി | 800m | " | " | " | " | ആണ് |
| | മാമ്പാറ-നടുമ്യൃക്കക്കാട് | 2km | " | " | " | " | അല്ല |
| | രാമച്ചൻവാൽറോഡ്- ഹരിജൻ കോളനി | 1.5km | ഇല്ല | ഇല്ല | ഇല്ല | വേണം | ആണ് |
| | മർക്കസ് മൂടാൽ -മ്യൃക്കക്കാട് | 1.5km | " | " | " | " | " |
| 9 | ജി.എൽ.പി.എസ്.-മാമ്പാറ | 1.25km | " | " | " | വേണ്ട | " |
| | ജിഎൽപിഎസ്‌വെള്ളത്യപറമ്പ് കോളനി | 1.5km | " | " | " | " | " |
| | യു.പി.എസ്-അത്താണിക്കൽ | 2km | " | " | " | വേണം (2) | " |
| | ബദർപള്ളി-ജി.എൽ.പി.എസ് ലിങ്ക് റോഡ് | 1km | " | " | " | " | " |
| | പൂക്കോറ-ബദർപള്ളി | 2km | " | " | " | " | " |
| | കഴുത്തല്ലൂർ-അബ്ദുള്ളപ്പടി- കായൽപാടം റോഡ് | 1½km | " | " | " | " | " |
| 10 | മൂടാൽ-ചുങ്കം-പാഴൂർ റോഡ് | 4½km | " | ഉണ്ട് | " | വേണ്ട | അല്ല |
| 11 | വാളാഞ്ചിച്ചിറ-കുളമ്പിൽപ്പടി | 1km | " | ഇല്ല | " | വേണം | ആണ് |
| | ഊരത്ത്പള്ളിയൽ-പറതൊടി ജാറം റോഡ് | 2½km | " | " | " | വേണ്ട | അല്ല |
| | കുളത്ത്പടി-പുളിക്കൽപറമ്പ് | 750m | " | ഉണ്ട് | " | " | " |
| | പകരനെല്ലൂർ ഹരിജൻ കോളനി റോഡ് | | | | | | |
| 12 | ചെമ്പിക്കൽ- ആതവനാട്- അത്താണി | 1½km | " | " | ഉണ്ട് | " | " |
| | ശ്രീദേവിപടി പകരനെല്ലൂർ ലിങ്ക് റോഡ് | 1km | " | " | " | " | " |
| | വെള്ളാറമ്പ്-കൈതൃക്കോവിൽ | 1km | " | ഇല്ല | ഇല്ല | " | " |
| | പൊറ്റമ്മൽപള്ളി- വെള്ളാരംകുന്ന് | 1km | " | " | " | " | " |
| | കൈതൃക്കോവിൽ- നാഗപറമ്പ് | 1km | " | " | " | " | " |
| 13 | നാഗപറമ്പ്-തെക്കെനാഗപറമ്പ് | 2km | " | " | " | " | " |
| | മണ്ടകപറമ്പ് പടിഞ്ഞാറ് വശം-വലിയ പറപ്പൂർ കായൽ | 300m | ഇല്ല | ഇല്ല | ഇല്ല | വേണ്ട | ഇല്ല |
| | മണ്ടകപറമ്പ് കിഴക്കുവശം- വലിയപറപ്പൂകായൽ | 300m | " | " | " | " | ആണ് |
| | ഹെൽത്ത് സെൻറർ- കള്ളത്തിൽപടി റോഡ് | 300m | " | " | " | " | അല്ല |
| | രാജൻപീടിക-ചെറുവപ്പാടം റോഡ് | 200m | " | " | " | " | ആണ് |
| | രുധിരമഹാകാളൻകാവ്- അമ്പലപ്പറമ്പ് ഹരിജൻകോളനി | 1km | " | " | " | " | " |
| 14 | മാണിയങ്കാട്-നാഗപറമ്പ്- പഞ്ചായത്തതിർത്തി | 2½km | ഉണ്ട് | ഉണ്ട് | ഉണ്ട് | " | അല്ല |
| | മാണിയംകാട്- വലിയപറപ്പൂർ കായൽ | 1km | ഇല്ല | ഇല്ല | ഇല്ല | " | " |
| | രാങ്ങാട്ടൂർ- പേരൊഴിപ്പടി | 1km | " | " | " | " | " |
| | പള്ളിപ്പടി-പഞ്ചായത്ത് കിണർ | 200m | " | " | " | " | " |
| | സബ്സെൻറർ- അംഗനവാടി | 750m | " | " | " | " | " |
| | എരുമപ്പാറ-ഭഗവതി ക്ഷേത്രം- അംഗൻവാടി റോഡ് | 800m | " | " | " | " | " |

കുറ്റിപ്പുറം പഞ്ചായത്തിലെ നിലവിലുള്ളതും പണിപൂർത്തിയാക്കേണ്ടതുമായ റോഡുകളുടെ പട്ടികയാണ്മുകളിൽ ചേർത്തിരിക്കുന്നത്. ജനങ്ങളുടെ ആവശ്യാർത്ഥം പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | റോഡിൻെറ പേര് | ദൂരം കി.മീ. |
|---|---|---|
| 1 | മല്ലൂർക്കടവ് - മാലിദ്വീപ് | 1 |
| 1-2 | ചെങ്ങണക്കടവ്-തെക്കെ അങ്ങാടി | 1 1/2 |
| 2 | ഹെൽത്ത് സെൻറർ-മാടാണിക്കുന്ന് റയിൽവെ | 1 |
| 3 | വളച്ചെട്ടിപ്പടി-NH Over Bridge | |
| | കുളത്ത് എടവഴി - Shifa Clinic | 400m |
| | സൂറത്ത്പറമ്പ് - KPS തങ്ങൾ റോഡ് | |
| | ചോലേക്കാവ് സ്റ്റെപ്പ് കെട്ടൽ | 200m |
| | മായപ്പൻ ചാല് -കുളത്ത്എടവഴി | 300m |
| | NH റോഡിനുമുകളിൽ സംരക്ഷണഭിത്തി റോഡ് | 100m |
| 4 | ചെറ്റാരിക്കുന്ന് - സ്കൂൾ പടി | 500m |
| | കൊടിക്കുന്ന് - മണലിപാടം | 500m |
| | കണ്ണംപറമ്പ് - ചെറ്റാലിക്കുന്ന് | 1 Km |
| | എടച്ചലം- ചെറ്റാലിക്കുന്ന് | 1 Km |
| | കുളക്കാട് - പുള്ളക്കാട് | 2 Km |
| | മുറുതൊടി- പെരുമ്പറമ്പ് | 2 Km |
| | എടച്ചലം ചോലക്കൽ മദ്രസ്സ- ആവക്കാടം റോഡ് | 1 Km |
| 5 | എടച്ചലം പള്ളി ഹരിജൻ കോളനി -പേരശന്നൂർ | 1Km |
| | കുമ്പളാംകുന്ന്- ലക്ഷംവീട് കോളനി | 1 1/2Km |
| 6 | പുഞ്ചപ്പാടത്ത് കൂടി പുതിയറോഡ് | 4 Km |
| 7 | മാധവൻനായർപടി- കണ്ണൻപറമ്പ് റോഡ് | 1.300'' |
| | നെയ്തംകാട്ട് കൊളമ്പ്- കുണ്ടുകാട് റോഡ് | 1.5 Km |
| | ബാവഹാജി പ്പടി- വെളിപറമ്പ് വഴി എം.എൽ.എ.റോഡ് | 2 Km |
| | പൂങ്ങോട്ടുപ്പടി- നാലാമ്പുഴ പുഞ്ചപ്പാടം റോഡ് | 300 m |
| | എൻ.എച്ച്. പാലക്കൽ മുഹമ്മദ്പടി റോഡ് | 1 Km |
| | ചെട്ടിയാർപടി- പടിഞ്ഞാറത്ത് റോഡ് | 600m |
| 9 | പൂക്കോറ- ചെമ്പിക്കൽ | 2Km |
| | കഴുത്തല്ലൂർ- കായൽപാടം- റെയിൽവെ ലൈൻ | 2 Km |
| | പകരനെല്ലൂർ എൽ.പി.സ്കൂൾ മുതൽ നരിക്കുളം | 1½Km |
| | കൊളത്തോൾ - കരിയാറക്കുന്ന് ഹരിജൻ കോളനി റോഡ് | 1Km |
| 10 | കരിയാറക്കുന്ന് ഹരിജൻ കോളനിറോഡ് | |
| 11 | ഊരത്ത് പള്ളിയാൽ- ഹരിജൻ കോളനി | 1Km |
| | ഊരത്ത് പള്ളിയൽ- സ്പിന്നിംഗ്മിൽ | 3 Km |
| | താഹാമസ്ജിദ്- നടുപ്പാടം | 1½Km |
| 12 | ഊരത്ത് പള്ളിയാൽ- കൊളത്തോൾ- നാഗപറമ്പ് | 1½Km |
| | നയാത്തുൽ ഇസ്ലാം മദ്രസ്സ-കൊളത്തോൾ ജുമാമസ്ജിദ് | 1Km |
| 13 | മണ്ടകപറമ്പ് ഹരിജൻ കോളനി തെക്കെ നാഗപറമ്പ് | 1Km |
| | കൈരളി വായനശാല- തെക്കെനാഗപറമ്പ് | 1Km |
| 14 | ആനപ്പടി- വലിയ പറപ്പൂർ കായൽ (മില്ലിന് പിൻവശം) | 1Km |

# കുറ്റിപ്പുറം പഞ്ചായത്ത്






## നിർദ്ദിഷ്ട കുറ്റിപ്പുറം - പള്ളിപ്പുറം റോഡ്

ത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഉയർന്ന സ്ഥലങ്ങളാണ്. കോരൻപടി - വടക്കളത്തിൽ കയറ്റം ഈ വിഭാഗത്തിൽപെടുന്നു. ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന ഈ ഭാഗം ഉയരം കുറക്കുകയാണെങ്കിൽ ജനജീവിതത്തിന് യോജിച്ചതായിമാറാൻ സാധ്യതയുണ്ട്. ഇത്പോലെത്തന്നെ ബംഗ്ലാംകുന്ന് - NH. approach road ന് മുകളിൽ അഴിയും കുറ്റിയും നിർമ്മിക്കുക, വളച്ചെട്ടി - തട്ടാൻ കോളനി വരെ 150 മീറ്ററോളം ദൂരത്തിൽ നടപ്പാത നിർമ്മിക്കുക, NH. rest house എടവഴി Step കെട്ടുക മുതലായവയെല്ലാം തന്നെ ജനജീവിതം സുഗമമാക്കാൻ സഹായിക്കുന്നവയാണ്.

പഞ്ചായത്തിനുള്ളിലെ ഗതാഗതത്തെക്കുറിച്ചാണ് ഇതേവരെ വിവരിച്ചത്. പഞ്ചായത്തിൻെറ പുരോഗതിക്ക് സഹായിക്കുന്ന പഞ്ചായത്തിനോട് ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ കൂടി മുന്നോട്ട് വെക്കുന്നു.

മംഗലാപുരം മുതൽ കുറ്റിപ്പുറം വരെയും പട്ടാമ്പിമുതൽ മദ്രാസ്‌വരെയും റയിലിന്ന് സമാന്തരമായി ഒരു റോഡ് ഇപ്പോൾ നിലവിലുണ്ട്. എന്നാൽ കുറ്റിപ്പുറം മുതൽ പള്ളിപ്പുറം വരെ ഒരു റോഡ് പുതിയതായി നിർമ്മിക്കുകയാണെങ്കിൽ തിരൂരിൽനിന്നും പട്ടാമ്പിക്കുള്ള ദൂരം വളരെയേറെ കുറക്കാൻ കഴിയും. അതിനും പുറമെ കുറ്റിപ്പുറത്തിൻെറ അസൂയാവഹമായ വികസനത്തിന് അത് കാരണമാവുകയും ചെയ്യും. ഇപ്പോൾ കുറ്റിപ്പുറത്ത് നിന്നും പട്ടാമ്പിക്ക് പോവണമെങ്കിൽ ഒന്നുകിൽ വളാഞ്ചേരി - കൊപ്പംവഴിയോ അല്ലെങ്കിൽ കുറ്റിപ്പുറം കുമ്പിടി വഴിയോ പോകേണ്ടതിനാൽ ചുരുങ്ങിയത് പത്ത് കിലോമീറ്റർ ദൂരം കൂടുതൽ സഞ്ചരിക്കണം. ആയതിനാൽ കുറ്റിപ്പുറം കുളക്കാട്‌വഴി തൂതപ്പുഴയിൽ ഒരു പുതിയ പാലം നിർമ്മിച്ച് പള്ളിപ്പുറംവഴി പട്ടാമ്പിക്ക്റോഡ്നിർമ്മിക്കുകയാണെങ്കിൽ റോഡ്കടന്നുപോകുന്ന ഉൾനാടുകളുടെ വികസനവും സാധ്യമാവുന്നു.

കേരളത്തിലെ വടക്കൻ ജില്ലകളിൽ നിന്ന് തെക്കൻ ജില്ലകളിലേക്ക് കുറ്റിപ്പുറം വഴി NH. 17 നിലവിലുള്ളതിനാൽ കുറ്റിപ്പുറം - പട്ടാമ്പിറോഡ് നിർമ്മിക്കുകയാണെങ്കിൽ വടക്കൻ ജില്ലകളിൽ നിന്ന് കുറ്റിപ്പുറം വഴി കിഴക്കൻ ജില്ലകളിലേക്കും ഒരു പുതിയ റോഡ് ഗതാഗതമാർഗ്ഗം തുറന്നുകിട്ടുന്നതാണ്. അതിനാൽ ഇതേവരെനിലവിലില്ലാത്തതും എന്നാൽ അത്യന്താപേക്ഷിതവുമായ കുറ്റിപ്പുറം - പട്ടാമ്പി Missing link അടിയന്തിരമായി പണി തുടങ്ങേണ്ടതാണ്.

---

കുറ്റിപ്പുറം പഞ്ചായത്ത് നിലവിൽ വന്നതിനു ശേഷം 1964 ലാണ് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തിച്ചേർന്നത്. ഇപ്പോൾ പഞ്ചായത്തിലേക്ക് വേണ്ടുന്ന വൈദ്യുതി കുറ്റിപ്പുറം, തിരൂർ, വഞ്ചിനാട്, ഫീഡറുകളിൽ നിന്നാണ് എത്തുന്നത്. തിരൂർ, എടപ്പാൾ സബ്സ്റ്റേഷനുകൾ ഇതിനായി ഉപയോഗിക്കുന്നു. കുറ്റിപ്പുറത്തങ്കാർത്തലയിൽ 1994-ൽ ഒരു പുതിയ സബ് സ്റ്റേഷൻ തറക്കല്ലിട്ടെങ്കിലും ഇപ്പോഴും പണി അതേ ഘട്ടത്തിൽ തന്നെ നിൽക്കുകയാണ്. സ്ഥലം എടുത്തതല്ലാതെ മറ്റുപണികൾ ഒന്നും തന്നെ നടന്നിട്ടില്ല.

കുറ്റിപ്പുറം പഞ്ചായത്തിലെ പതിനാല് വാർഡുകളിലായിആകെ നാലായിരത്തി ഒരുനൂറിൽ പരം വൈദ്യുതി കണക്ഷനുകൾ നിലവിലുണ്ട്. അതിൽ വ്യാപാരാവശ്യാർത്ഥം 800ൽപരവും വ്യാവസായികമായി 55ൽ പരവും, കാർഷികാവശ്യത്തിനായി 400ൽ പരവും ബാക്കി ഗാർഹികാവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്.

കൊളത്തോൾ, മണിയങ്കാട് നാഗപറമ്പ് തുടങ്ങിയ പ്രദേശത്ത്കാർക്ക് പുത്തനത്താണി മേജർ സെക്ഷൻ ആഫീസുമായി ബാക്കി പ്രദേശത്തുകാർക്ക് വളാഞ്ചേരി ആഫീസിലുമാണ് ബന്ധപ്പെട്ടത്. രണ്ട് മേജർ സെക്ഷനുകളിലായാണ് പഞ്ചായത്തിലെ കണക്ഷനുകൾ പുത്തനത്താണി മേജർ സെക്ഷനുമായി ബന്ധപ്പെടുവാൻ വഴരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. വളാഞ്ചേരി മേജർ സെക്ഷൻെറ ഒരു കൗണ്ടർ കുറ്റിപ്പുറത്ത് തുറന്നിട്ടുണ്ടെങ്കിലും ബില്ല് അടക്കാൻ മാത്രമാണ് ഇതുപകരിക്കുന്നത്.പേപ്പർ വർക്കുകൾ മുഴുവൻ നടത്തണമെങ്കിൽ വളാഞ്ചേരി ആഫീസുമായി ബന്ധപ്പെടണമെന്നത് ഒരു വലിയ പ്രശ്നമാണ്.

ഈ പഞ്ചായത്ത്നേരിടുന്ന പ്രധാന ഊർജ്ജപ്രതിസന്ധി വോൾടേജ്ക്ഷാമമാണ്. 10വോൾട്ട്പോലുംലഭിക്കാത്ത പ്രദേശങ്ങൾ ഉണ്ടിവിടെ. വിശേഷാൽ ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രധാനപ്രശ്നമാണ് രൂക്ഷമായ വോൾടേജ്ക്ഷാമം. കുറ്റിപ്പുറം പഞ്ചായത്തിൽതന്നെയുള്ള ചെമ്പി, രാങ്ങാട്ടൂർ, ഊരോത്ത് പള്ളിയാൽ, ചെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ രാത്രി 6.30 മുതൽ 10 മണി വരെ ലൈനിൽ 15 വോൾടേജ്പോലും ലഭിക്കാത്ത സ്ഥിതിയാണ്.

തിരൂർസബ്സ്റ്റേഷൻെറ അവസാനം ഈ സ്ഥലങ്ങളിലാണ്. അത്കൊണ്ട് തന്നെ എല്ലാവരും ഉപയോഗിച്ചതിൻെറ ബാക്കി മാത്രമെ ഇവിടത്തുകാർക്കു ലഭിക്കുന്നുള്ളൂ.

കുറ്റിപ്പുറം പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി മൊത്തം 20 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. വിവിധ കപ്പാസിറ്റി ഉള്ളതാണിവ. എന്നിരുന്നാലും ഇതുകൊണ്ട് ഒന്നും തന്നെ പഞ്ചായത്തിലെ വോൾട്ടേജ്ക്ഷാമത്തിനറുതി വരുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിനെ കീറിമുറിച്ചു കൊണ്ട്റയിൽപാത കടന്നുപോകുന്നതുകൊണ്ട്റയിലിനു മറുവശത്ത് പാടത്ത് ഒറ്റപ്പെട്ട ധാരാളം വീടുകളുണ്ട്. ഇവയിലൊന്നും തന്നെ വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

അവയുടെ കപ്പാസിറ്റിയും അവ സ്ഥാപിച്ച സ്ഥലങ്ങളും താഴെ പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 100KVA | മഞ്ചാടി | 11 | 100KVA | J.T.Jപരിസരം |
| 2 | 100" | പാഴൂർ | 12 | 63" | പെരുമ്പറമ്പ് |
| 3 | 160" | എടച്ചലം | 13 | 63" | സാധു |
| 4 | 160" | മൂടാൽ (ചെല്ലൂർ East) | 14 | 63" | പകരനെല്ലൂർ |
| 5 | 63" | പ്ലാസ്റ്റിക്കമ്പനി പരിസരം.കാങ്കപ്പുഴ | 15 | 63" | രാങ്ങാട്ടൂർ |
| 6 | 250" | കുററിപ്പുറം | 16 | 100" | രാങ്ങാട്ടൂർ |
| 7 | 160" | കുറ്റിപ്പുറം | 17 | 100" | ചെല്ലൂർ (പറക്കുന്ന്) |
| 8 | 100" | കുളക്കാട് | 18 | 100" | അത്താണിക്കൽ |
| 9 | 100" | നടുവട്ടം | 19 | 100" | കൊളത്തോൾ |
| 10 | 100" | നടുവട്ടം West | 20 | 100" | മാണിയംകാട് |

നമ്മുടെ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റിനത്തിൽ കറൻറ് ബില്ല് 4317 രൂപ അടക്കുന്നുണ്ടെങ്കിൽ തന്നെയും അതിനനുസരിച്ച യാതൊരു ഫലവും തന്നെ ലഭിക്കുന്നില്ല. വേണ്ടത്ര വെളിച്ചം ഇല്ലാത്ത വിളക്കുകളാണ് ഇവിടെയുള്ളത്.

വിവിധ വാർഡുകളിലായി പഞ്ചായത്തിലാകെ തെരുവുവിളക്കുകളായി 205 ബൾബുകളും 32 ട്യൂബുകളും ഉണ്ട് എന്ന് വൈദ്യുതിആഫീസിൽ നിന്നുള്ള രേഖകൾ കാണിക്കുന്നു. എന്നാൽ 75 ശതമാനം തെരുവുവിളക്കുകളും ഉപയോഗശൂന്യമാണ്. അതിൽ 32 ട്യൂബുകളും പാടെ അപ്രത്യക്ഷമാണ്

പുതിയതായി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണം

| വാർഡ് | സാധാ ബൾബ് | സോഡിയം വേപ്പർ ലാമ്പ് |
|---|---|---|
| 1 | 20 | 10 |
| 2 | 18 | 10 |
| 3 | 10 | 5 |
| 4 | 10 | 4 |
| 5 | 9 | 4 |
| 6 | 10 | 5 |
| 7 | 15 | 5 |
| 8 | 12 | 4 |
| 9 | 14 | 5 |
| 10 | 10 | 5 |
| 11 | 12 | 5 |
| 12 | 15 | 5 |
| 13 | 13 | 5 |
| 14 | 15 | 6 |
| | 183 | 78 |

## പ്രശ്നങ്ങൾ:

1 പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിൽ പലതും കപ്പാസിറ്റിയിൽ കൂടുതൽ ലോഡ് വഹിക്കുന്നവയാണ്.

2. അറ്റകുറ്റപണികൾ വേണ്ട സമയത്ത് ചെയ്യുന്നില്ല.

3. ഗുണമേന്മയുള്ള സാധനങ്ങൾ തന്നെയാണോ ഉപയോഗിക്കുന്നത് എന്ന് സംശയമാണ്.

4. ആവശ്യസമയത്ത് ജീവനക്കാരെ ലഭിക്കുന്നില്ല.

5. ലൈനിലെ തടസ്സങ്ങളൊന്നും വേണ്ട സമയത്ത് വെട്ടി മാറ്റുന്നില്ല.

ഗാർഹിക ഉപഭോക്താക്കളുടെ പ്രധാന പ്രശ്നം വോൾടേജ് ക്ഷാമമാണ്. 2 മേജർ സെക്ഷനുകളിലാണ് പഞ്ചായത്തിലെ വൈദ്യുതി പ്രശ്നങ്ങൾ മുഴുവനും. ഭൂരിപക്ഷം പ്രദേശങ്ങളിലും സെൽഫ് റീഡിംങ്ങ് സീസറ്റുമാണ് നിലവിലുള്ള ത് . ഗ്രാമസഭകളിൽ നിന്നും ഉയർന്ന പ്രധാനപ്രശ്നവും കുടിവെള്ളം കഴിഞ്ഞാൽ വോൾടേജ് ക്ഷാമമാണ്. അതുപോലെ തന്നെ മുഴുവൻ പ്രദേശം സെൽഫ് റീഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തണം.

വൈദ്യുതീവൽക്കരിക്കാത്ത ധാരാളം വീടുകൾ കുറ്റിപ്പുറം പഞ്ചായത്തിലുണ്ട്. സാമ്പത്തികമായി വളരെയധികം പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലാണ് വൈദ്യുതി ഇല്ലാത്തത്. അതുപോലെതന്നെ പല സാങ്കേതിക പ്രശ്നങ്ങളും സാമഗ്രികളുടെ ലഭ്യതക്കുറവും കാരണം സാമ്പത്തിക സൗകര്യമുള്ള കുടുംബക്കാർക്കും കണക്ഷൻ ലഭിക്കുന്നില്ല. പിന്നോക്കാവസ്ഥയിലുള്ളവർക്ക് സൗജന്യമായി കണക്ഷൻ നല്കാനുള്ള സംവിധാനം ഉണ്ടാക്കണം. പഞ്ചായത്തിലെ ഭൂരിഭാഗം ഹരിജൻ കോളനികളിലും വൈദ്യുതി ഇല്ല.

1. എല്ലാ വാർഡുകളിലും എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. 2 മേജർ സെക്ഷനിലായതു കാരണം സാങ്കേതിക തടസ്സങ്ങൾ ഉണ്ടാക്കുന്നു.

3. ഒരു വാർഡിനു ശരാശരി 6സ്ട്രീറ്റ് ലൈറ്റുകൾ മാത്രമെ ഉള്ളൂ.

4. അപായനിലയിലുള്ള പോസ്റ്റുകൾ മാറ്റിയിട്ടില്ല.

5. ലൈനുകൾ താഴ്ന്നു കിടക്കുന്നവ ഉയർത്തി വലിച്ചിട്ടില്ല.

6. വൈദ്യുതി കണക്ഷൻ കിട്ടാൻ കാലതാമസം നേരിടുന്നു.

## പരിഹാരങ്ങൾ:

1. കൂടുതൽ ലോഡുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കൂടുതൽ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. അറ്റകുറ്റപണികൾ സമയനിഷ്ഠ അനുസരിച്ച് നടത്തുക.

3. താഴ്ന്നു പോകുന്ന ലൈനുകൾ ഉയർത്തി വലിക്കുക.

4. 2 വശങ്ങളുള്ള ഓരോ വീട്ടിലും ഓരോ ഗോബർഗ്യാസ് പ്ലാൻറ് തുടങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. കൂടുതൽ ട്യൂബുകൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

6. ഗുണമേന്മയുള്ള സാധനങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

7. വൈദ്യുതി പാഴാക്കാതിരിക്കാൻ മഹിളാ സംഘടനകൾ മുഖേന വീട്ടമ്മമാർക്ക് കൂടുതൽ ബോധവർക്കരണം നടത്തുക.

8. കുറ്റിപ്പുറം (കാർത്തല) സബ്സ്റ്റേഷൻെറ പണി ഉടൻ പൂർത്തിയാക്കുക.


9. എടപ്പാൾ- തിരൂർ ലൈനിൻെറ പണി ഉടൻ പൂർത്തീകരിക്കുക.

10. വൈദ്യുതി ഉപഭോഗത്തിൽ സമൂഹത്തിൽ പൊതുവെ കാണുന്ന ഉത്തരവാദിത്തകുറവ് തരണം ചെയ്യുന്നതിന് ആവശ്യമായ. ബോധവൽക്കരണത്തിന് സർക്കാരിൻെറകഴിയാവുന്ന മാധ്യമങ്ങളെല്ലാം ഉപയോഗിക്കുക.

11. പുതുതായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ഉടൻ ചാർജ് ചെയ്യുക



പഞ്ചായത്ത് പഠന പര്യടനം



Kuttippuram Railway Station


## DOUBLING OF KUTTIPPURAM - GURUVAYUR SECTION

Guruvayur also called the Dwaraka of the South and an important pilgrim centre of India was connected to the rail network when 23 Kms New BG line between Trichur and Guruvayur was inaugurated by the Hon'ble Prime Minister Shri. P.V. Narasimha Rao on 9th Jan 1994 duly fulfilling the long felt need of devotees of Lord Guruvayurappan.

In the first phase of the Project for the construction of a ne BG line between Kuttippuram and Trichur via Guruvayur, the Trichur-Guruvayur line was taken up in the year 1989 at a cost of Rs. 25.48 crores. The line was opened for the passenger traffic in January 1994.

The Second phase of this project connecting Guruvayur and Kuttippuram, covering a length of 36 Kms. will cost about Rs. 60 crores. This work is to be undertaken under the new scheme called BOLT(BUILD OPERATE LEASE AND TRANSFER). The proposed new BG line between Guruvayur and Kuttippuram will traverse through Kunnamkulam, an active business centre, Pazhanji, where the aricanut cultivation is plenty and Kumaranallur, an ancient temple town. Alternate routs, namely, Guruvayur-Tirunavaya and Guruvayur - Tirur are also being Surveyed, based on which the joining point of the Shornur-Mangalore line will be chosen for the construction

The Proposed line between Kuttippuram and Guruvayur which connects Trichur will serve as an alternative route to the Shornur-Trichur section. This will also pave way for pilgrims from the northern part of Kerala to reach Guruvayur directly without touching Trichur. The section between Shornur and Trichur is already conjusted with heavy traffic. With the Commissioning of Konkan Railway from middle of next year, the traffic towards the southern part of Kerala is bound to increase and this will serve as a parallel route to the existing line.




Guruvayur Railway Station



Shri. SURESH KALMADI
Hon'ble Union Minister of State for Railways



Shri. P.V. NARASIMHA RAO
Hon'ble Prime Minister




Shri. K.KARUNAKARAN
Hon'ble Union Minister for Industries

# LAYING THE FOUNDATION STONE FOR THE DOUBLING OF KUTTIPURAM - GURUVAYUR SECTION





SOUTHERN RAILWAY


## മലപ്പുറം ജില്ല
## വികസനത്തിന്റെ പാതയിലേക്ക്



റെയിൽവേ സ്കെച്ച് തയ്യാറാക്കിയത് : വർഗീസ് നീലങ്കാവിൽ



### നിർദ്ദിഷ്ട ഗുരുവായൂർ - കുറ്റിപ്പുറം റെയിൽ പാത



# മാർക്കററ്

ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് മുമ്പ് പേരുകേട്ട ഒന്നായിരുന്നു.കുററിപ്പുറത്ത് ശനിയാഴ്ചതോറും നടത്തി വരുന്ന ആഴ്ചച്ചന്ത. അന്നേ ദിവ സം ഇവിടെ ഒരു ഉത്സവ ത്തിൻെറ പ്രതീതിയായിരുന്നു. ഈ പ്രദേശത്തെ കുടിൽ വ്യവസായികളും, പരമ്പരാഗത വ്യവസായങ്ങളിലേർ പ്പെട്ടവരും അവരുടെ ഉല്പന്ന ങ്ങൾ വിററഴിക്കാനുള്ള ഒരു കമ്പോളമായി ഉപയോഗിച്ചിരുന്നത് ഇത്തരം ചന്തകളാണ്. റഡിമെയ്ഡ്തുണിത്തരങ്ങൾ മുതൽ അത്യാവശ്യവീട്ടുസാധ നങ്ങളെല്ലാം തന്നെ ഇവീടെ നിന്നും ലഭിക്കുമായിരുന്നു. ഓണം,ബക്രീദ് മുതലായ ദേശീയാത്സവസമയങ്ങളിൽ കുററിപ്പിറത്തെ ശനിയാഴ്ചച്ചന്തകളിൽ തിരക്കേറിയിരുന്നു. കളിമൺ പാത്രങ്ങൾ, കയറുല്പന്നങ്ങൾ,മുരം, വള്ളി ക്കൊട്ടവീട്ടാവശ്യത്തിനുള്ള ആയുധങ്ങൾ കരിങ്കൽ നിർമ്മി തമായ അമ്മി, ഉരൽ, ആട്ടുകല്ല്, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ എന്നിവയെല്ലാം തന്നെ ഇവിടെ വിററഴിക്ക പ്പെട്ടിരുന്ന പ്രധാന ഉല്പന്നങ്ങളാണ്. ഇത്തരം വസ്തുക്കൾ വിററ ഴിക്കപ്പെടിന്നതിന് ഇന്നത്തെപ്പോലെ പ്രത്യേക കച്ചവ ടകേന്ദ്രങ്ങളൊന്നും അന്നുണ്ടായിരുന്നില്ല.ഒരു പ്രത്യേക വിഭാഗംമായ കുറവന്മാർ തങ്ങളുടെ തുണിത്തരങ്ങളുമായി ഇവിടെ എത്തുമായിരുന്നു. ഇവരോടൊപ്പം എത്തി ച്ചേർ ന്നിരുന്ന കുറത്തികൾക്കുമുണ്ട്ഒരുതൊഴിൽ. അന്ധവി ശ്വാസികളും, യഥാസ്ഥിതികചിന്താഗതിക്കാരുമായ മനുഷ്യ രുടെ ഒരു വിശ്വാസമായ കൈ നോട്ടം ഇവരുടെ ഉപജി വനോപാധിയായിരുന്നു. കുശവന്മാരാണ് മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിരുന്നത് സ്ത്രികളും, പുരിഷ ന്മാരുമെല്ലാം മൺപാത്രങ്ങൾവിററഴിക്കുന്നതിൽ പങ്കു വഹിച്ചിരുന്നു. ഇത്തരക്കാരുടെ ഉല്പന്നങ്ങൾക്ക് വിപണന സാധ്യതകൂടുതലുണ്ടായിരുന്നത്. ആകാലഘട്ടങ്ങളി ലായിലുന്നു.

മററു പഞ്ചായത്തുകളിൽ നിന്നുപോലും കയറു ൽപനങ്ങൾ വിററഴിക്കാൻ ശനിയാഴ്ചതോറും കച്ചവടക്കാർ കുററിപ്പുറത്ത് എത്തിച്ചേർന്നിരുന്നു. മുള കൊണ്ടുണ്ടാ ക്കുന്ന കൊട്ട, മുറം എന്നിവ കുലത്തൊഴി ലായിരുന്നു.


എന്നാൽ ഇന്ന് ഈ അവസ്ഥമാറി ചന്തകളുടെ പേരും പ്രശസ്തിയും കുറഞ്ഞുപോയി. പേരിനുമാത്രം ആഴ്ച ച്ചന്ത ഇന്നും നിലനിൽക്കുന്നു എന്ന് മാത്രം . ഇന്ന് പുതിയ തരം ഉല്പ ന്നങ്ങൾ പലതും ഇവയുടെ സ്ഥാനം കരസ്ഥമാക്കി യിരിക്കുന്നു. കുടിൽ വ്യവസായങ്ങളിലും, ചെറുകിട വ്യവ സായങ്ങളിലും ഏർപ്പെട്ടിരുന്നവർ ഇപ്പോൾ പുതിയ തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കാനും, മാമൂൽ വിട്ട് ചിന്തിക്കാനും തുടങ്ങിയിരിക്കുന്നു.

കുററിപ്പുറം പഞ്ചായത്തിലെതന്നെ നടുവട്ടം വില്ലേജിനോട് തൊട്ടു തിരുനാവായ പഞ്ചായത്തിലെ കുണ്ടിലങ്ങാടിയിൽ ഒരു ആഴ്ചച്ചന്ത ഉണ്ടായിരുന്നു. വെററില വിപണനം കാര്യമായി നടന്നിരുന്നത് ഇവിടെ വെച്ചായിരുന്നു. എന്നാൽ ഇന്ന് ഈചന്ത അപ്രത്യക്ഷമായിരിക്കുന്നു.

## പ്രശ്നങ്ങൾ:-

പരമ്പരാഗത വ്യവസായങ്ങളുടെയും, കുടിൽ വ്യവസായങ്ങളുടെയും സ്ഥാനത്ത് കൂടുതൽ ഗുണമേന്മയുള്ള യന്ത്രനിർമ്മിതമായ ഉല്പന്നങ്ങൾ കമ്പോളങ്ങളിൽ നിന്നും ലഭ്യമാണ്. അതിനാൽ ഇത്തരം വ്യവസായങ്ങൾ നശിച്ചു കൊണ്ടിരിക്കുന്നു.


നഗരവൽക്കരണത്തിൻെറ ഭാഗമായി ചന്തകൾക്ക് സ്ഥാനമില്ലാതായി. ആധുനികമനുഷ്യൻെറ ആവശ്യങ്ങൾക്കനുസരിച്ച് ഉല്പന്നങ്ങളുടെ ഗുണത്തിലു, രൂപത്തിലും മററു വ്യത്യാസങ്ങൾ വരുത്തുവാൻ ഇത്തരം വ്യവസായങ്ങൾക്ക് സാധ്യമല്ല. ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ ഗുണമേന്മകൂടിയ ഉല്പന്നങ്ങൾ മററു കമ്പോളങ്ങളിൽ പോയി വാങ്ങിക്കുവാനാണ് ജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നത്. ഇറക്കുമതി ചെയ്യപ്പെടുന്ന ഉല്പന്നങ്ങൾക്ക് ഗുണ മേന്മ കൂടുമെന്ന ഒരു വിശ്വാസവും ജനങ്ങളിലുണ്ട്.



## സാധ്യതകൾ :-

മററു സംസ്ഥാനങ്ങളിൽ നിന്നു കയററിവരുന്ന ഉല്പന്നങ്ങൾ വിററഴിക്കാനുള്ള ഒരു പ്രധാന കമ്പോവമായി മാറിയിരിക്കുന്നു ീഈ പഞ്ചായത്ത് . ശരിയായ ബോധവൽക്കരണത്തിൽ ക്കുടി ഇവിടെ നിർമ്മിക്കപ്പെടുന്നതായ ഉല്പന്നങ്ങൾ തന്നെ വാങ്ങിക്കാൻ ജനങ്ങൾ തയ്യാറാവണം . അങ്ങനെ വന്നാൽ നശിച്ചുകൊണ്ടിരിക്കുന്ന കുടിൽ വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും വീണ്ടും സജീവമാവാനും ധാരാളം പേർക്ക് ഇത് മൂലം തൊഴിൽ ലഭിക്കാനും സാധ്യതയുണ്ട്. കൂടാതെ ഏറെക്കുറെ സ്വയം പര്യാപതമായ ഒരു പഞ്ചായത്തായി ഇവിടം മാറുകയും ചെയ്യും.

പച്ചക്കറികൾ, വിത്തിനങ്ങൾ എന്നിവ മാർക്കററുകൾ വഴി വിററഴിക്കാനുള്ള സാധ്യതയും ഏറെയുണ്ട്. നടുവട്ടം വില്ലേജിൽ ഊരത്ത്പള്ളിയാൽ കേന്ദ്രമാക്കി ഒരു പുതിയ മാർക്കററ് നിർമ്മിക്കണം പഞ്ചായത്ത് മുൻകൈ യ്യെടുത്ത് കൊണ്ട് നടുവട്ടം വില്ലേജിലെ കേരകർഷകർക്ക് സഹായകമാവുന്ന രീതിയിൽ ഒരു നാളികേര സംഭരണ കേന്ദ്ര ത്തിന് മാർക്കററുകൾ വഴി തുടക്കം കുറിക്കാ വുന്നതാണ്. കുററിപ്പുറത്തെ കൃഷിക്കാരും കൃഷിഭവനും, പഞ്ചായത്തും മുൻകൈ യ്യെടുത്ത് പ്രവർത്തിച്ചാൽ നല്ല ഒരു മാർക്കററിന് കുററി പ്പുറത്ത് എല്ലാവിധസാധ്യതകളും ഉണ്ട്.



# വനിത

ധാരാളം വനിതാ വിമോചന പ്രസ്ഥാനങ്ങൾ ഇന്ന് നിലവിലുണ്ട്. ഇതിൻെറ ചില ശാഖകളെല്ലാം കുററിപ്പുറത്തും സജീവമായി പ്രവർത്തിക്കുന്നു. എന്നാൽ ബഹുഭൂരിഭാഗം സ്ത്രീകളും ഇന്നും അടുക്കളയിൽത്തന്നെ ഒതുങ്ങിക്കൂടുകയാണ്. സാമൂഹ്യരംഗത്ത് പ്രവർത്തിക്കാൻ തയ്യാറുള്ള സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവാണ്. പഴയ ക്കാലത്തെ അപേക്ഷിച്ച് കൂടുതൽ പെൺക്കുട്ടികൾ ഇന്ന് വിദ്യാഭ്യാസത്തിനായി സ്ക്കൂളുകളിൽ എത്തിച്ചേരു ന്നുണ്ട്. ബഹുഭൂരിഭാഗം കുട്ടികളും പത്താം ക്ലാസ് വരെ പഠനം തുടരുന്നു. ഉയർന്ന വിദ്യാഭ്യാസം നേടുന്ന മുസ്ലിം പെൺ ക്കുട്ടികളുടെ എണ്ണം വളരെ ചുരുക്കമാണ്. 18ാം വയസ്സിൽ വിവാഹിതരാകുന്ന മുസ്ലിം പെൺക്കുട്ടികളാണ് കൂടുതലും. മുസ്ലിം പെൺക്കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനായി പല ആനുകൂല്യങ്ങളും സർക്കാർ നൽക്കുന്നുണ്ട്. അതുപോലെ തന്നെ താഴ്ന്ന ജാതിക്കാരായ വിദ്യാർത്ഥിനികളുടെ ഉന്നമനത്തിനായും ധാരാളം പദ്ധതികൾ ഇന്ന് നിലവിലുണ്ട്. തൊഴിൽ മേഖലകളിലും ഈ പഞ്ചായത്തിൽ സ്ത്രീ പങ്കാളിത്തം പൊധുവെ കുറവാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ആഘോഷങ്ങളിലും പൊതു പരിപാടികളിലും കൂടുതൽ സ്ത്രീകൾ എത്തിച്ചേരുന്നുണ്ട്. ഏകദേശം അരനൂററാണ്ടുകൾക്ക് മുമ്പ് കെട്ടുകല്ല്യാണ സമ്പ്രാദായം കുററിപ്പുറത്ത് നിലനിന്നിരുന്നു. പത്തും, പന്ത്രണ്ടും വയസ്സ് പ്രായമുള്ള പെൺക്കുട്ടികൾ പുരുഷൻെറ അടിമയായി, വീട്ടു തടങ്കലിലാവുന്ന സമ്പ്രദായമായിരുന്നു ഇത്. ഈ അവസ്ഥക്ക് ഇന്ന് വളരെയേറെ മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. കുററിപ്പുറം പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ എണ്ണം 19109 ആണ്. പഞ്ചായത്തിലെ മൊത്തം പുരഷൻമാരുടെഎണ്ണത്തേക്കാൾ 1062 കൂടുതലാണ്. സ്ക്കൂൾ വിഭാഗത്തിൽ 5101- പെൺ കുട്ടികളുണ്ട്. ആൺ കുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം താര തമ്യേന കുറവാണ്.

20-ാം നൂററാണ്ടിൻെറ ആദ്യഘട്ടങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടിയ സത്രീകൾ പഞ്ചായത്തിൽ പൊതുവെ കുറവായിരുന്നു. പഞ്ചായത്തിലെ സ്ക്കൂളിലെ മൊത്തം അധ്യാപികമാരുടെ എണ്ണം 193ഉം, അധ്യാപകർ 98 ഉം ആണ്. തൊഴിൽമേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന ഇന്നു നിലനിൽക്കുന്നു. സ്ത്രികളെ എല്ലാം നിലയിലും ശക്തിപ്പെടുത്തിയാൽ മാത്രമേ അവർക്കെതിരായുള്ളവ സാമൂഹ്യ പ്രതിലോമ ശക്തികളെ തടുക്കാനാവുകയുള്ളൂ.

പഞ്ചായത്തിൽ ഗ്രാമീണ മേഖലയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള സഹകരണ സംഘങ്ങളിലൂടെ സ്ത്രീ കൾക്ക് കൂടുതൽ തൊഴിൽ നൽക്കാനുള്ള സാധ്യതയുണ്ട്. അച്ചാർ നിർമ്മാണം, മെഴുക് തിരിനിർമ്മാണം, സോപ്പ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, നോട്ട്ബുക്ക്, പേപ്പർകവർ, അടുക്കളത്തോട്ടം, എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

പഞ്ചായത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മഹിളാസംഘടനകളിൽ ജനാധിപത്യ മഹിളാ അസോസിയേഷൻ, കേരള മഹിളാ സംഘം മഹിളാകോൺഗ്രസ്സ് എന്നിവയും മറ്റ് സാമുദായിക വനിതാ പ്രസ്ഥാനങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ആകെയുള്ള വനിതകളിൽ വളരെ ചെറി യൊരു ശതമാനം മാത്രമേ ഈ സംഘടനകളിലൂടെ സാമൂ ഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുള്ളൂ. മഹിളാ സമാജം പഞ്ചായത്തിലുണ്ടെങ്കിലും സജീവമായി സ്ഥിതിയിലില്ല. പഞ്ചായത്ത് ഭരണ സമിതിയിലേക്കുള്ള വനിതാസംവരണം ഒരു പരിധി വരെ സാമൂഹ്യപ്രവർത്തനത്തിൽവനിതകളെ ഭാഗമാക്കാൻ സാഹായിച്ചിട്ടുണ്ട്.

സ്ത്രീക്കൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവെ ഈ പഞ്ചായത്തിൽ കുറവാണ്. എന്നാൽ അടുത്ത കാലത്തായി സ്ത്രീപീഡനങ്ങൾ ആശാങ്കാജനകമായ തര ത്തിൽ വർദ്ധിച്ചുവരികയാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ എണ്ണം കുറ വാണെങ്കിലും പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള 34 അംഗനവാടികളിലായി 68 സ്ത്രീകൾ ജോലിചെയ്യുന്നു.കെട്ടിട നിർമ്മാണത്തിന് ഹെൽപ്പർ ജോലി, എംബ്രോയിഡറി, വീട്ട് ജോലി, മെററൽ വർക്ക്, തുന്നൽ, കൃഷിപണി, തുടങ്ങിയ ജോലികളിലാണ് കൂടുതൽ പേർ ജോലി ചെയ്യുന്നത്. ഇവ സ്ത്രീജനസംഖ്യയുടെ 10 ശതമാനത്തോളമേ വരികയുള്ളൂ. കൂലി നിരക്ക് പുരുഷൻമാരേക്കാൾ പാടെ കുറവാണ്.

ഭർത്താക്കൻമാർ ഉണ്ടെങ്കിലും കുടുംബഭാരം സ്വന്തം ചുമലിലുള്ള അനേകം കുടുംബിനികളുണ്ട് നമ്മുടെ പഞ്ചായത്തിൽ. ഭർത്താക്കൻമാർ ഇല്ലാത്തവരും, അനാഥകളും ഈ പഞ്ചായത്തിൽ പരിശോധിച്ചാൽ കാണാം പല തരത്തിലുള്ള ആവലാതികൾ അലട്ടുന്ന ഇവരെ വിവിധ മേഖലകളിലുള്ളവർ ചൂഷണം ചെയ്യുന്നുമുണ്ട്.

കുടിവെള്ളക്ഷാമം രൂക്ഷമാവുന്ന മാസങ്ങളിൽ ഊണും ഉറക്കവും ഒഴിവാക്കി കിലോ മീറ്ററുകളോളം നടന്ന് ക്ഷീണിച്ച് വെള്ളം കെട്ടിവലിച്ച് കൊണ്ട് വരുന്ന സ്ത്രീകൾ, ഓരോ പ്രദേശങ്ങളിൽ ചെന്നപ്പോഴും ഗ്രാമസഭകളിൽ നിന്നുയർന്ന ആവശ്യങ്ങളിലും ഏററവും ഉയർത്തിയ ആവശ്യം കുടിവെള്ളത്തിനായുള്ള ഈ നടത്തം അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണമെന്നാണ്.

വിവിധ തരത്തിലുള്ള പെൻഷനുകൾ സ്ത്രികളിൽ 20 ശതമാനവും വാങ്ങുന്നുണ്ടെങ്കിലും യഥാസമയത്ത് അവ ലഭിക്കുന്നില്ല. ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ തൊഴിലില്ലായ്മ വേതനം കിട്ടിയിട്ട്തന്നെ കുറെ മാസങ്ങളായി. വനിതാ സംവരണബില്ലുകൊണ്ട് ഒരുപാട് മാററങ്ങൾ വന്നിട്ടുണ്ടെങ്കിലും കൂടുതൽ പേർ പൊതുരംഗത്തേക്ക് വരു

ന്നതിൽ പിറകിലാണ്. കാരണം സാമുദായിക വിശ്വാസാചാരങ്ങൾ അവരെ ഈ രംഗത്ത് നിരുത്സാഹ പ്പെടുത്തുന്നു

സ്ത്രീകൾകൂട്ടമായി നടത്താവുന്ന പല മേഖലകൾ ഉണ്ടെങ്കിലും യാതൊരു പദ്ധതികളും നിലവിലില്ല. ഇത്തരം സംരംഭങ്ങൾക്ക് ഇന്നേ വരെ ഒരു സംഘടനകളും മുൻകൈ എടുത്തിട്ടില്ല എന്നതാണിതിന്ന കാരണം.

## വനിതാക്ഷേമത്തിനുള്ള സാധ്യതകൾ

വനിതകൾക്കായി സാധ്യതകളുള്ള കുറെ സംരംഭങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

1) **ചെറുകിട വ്യവസായ യൂണിററുകൾ.**

1)എംബ്രോയിഡറി

2)മിനറൽ ഡിസ്ററലർ വാട്ടർ നിർമ്മാണം

3)കോഴി വളർത്തൽ

4)പച്ചക്കറി കൃഷി

5)മെഴുകുതിരി നിർമ്മാണം

6)അച്ചാർ,കറി പൗഡർ നിർമ്മാണം

7) ഡിററർജൻറ് നിർമ്മാണം

8)ബുക്ക് ബെയ്ൻറിംഗ് അച്ചടി ശാല

9)മിഠായി നിർമ്മാണം

10)ചോക്ക് നിർമ്മാണം

11)ഇലക്ട്രോണിക്സ് ഐറ്റംസ് അസംബ്ലിംഗ് യൂണിററ് തുടങ്ങിയവ

2) **സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നവ**

1) ഹോസ്ററൽ

2) ക്ഷീരസംഭരണം ,സംസ്കരണം

3) പച്ചക്കറികൃഷി

4) ആരോഗ്യക്ലിനിക്കുകൾ

5) ക്രഷർ യൂണിററ്

6) ഇടത്തരം വ്യവസായങ്ങൾ

## പ്രശ്നങ്ങൾ

സാമൂഹ്യരംഗത്ത്വളരെകാലമായിപിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവമായ തഴയലുകളായിരുന്നു ഇവർ പൊതുരംഗത്ത് വരാതിരിക്കാൻ ഏറെ കാരണമായിട്ടുള്ളത്. ഏറെറടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും നടത്താൻ കഴിയുമെങ്കിലും ജോലികൾ ഏറെറടുക്കുന്നതിനുള്ള വൈമനസ്യം സ്ത്രീകളിലും ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താല്പര്യകുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്. തൻേറടത്തോടുകൂടിയും ചുണയോടുകൂടിയും കാര്യങ്ങൾ നടത്താനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കണ്ടത് സ്ത്രീകൾ തന്നെയാണ്. അതിന് ചർച്ചകളും ക്ലാസുകളും മാത്രം പോരെങ്കിലും മററ് സംവിധാനങ്ങൾകൂടി കണ്ടെത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ പ്രാധിന്നി ത്യം ഉണ്ടെങ്കിലും ഉദ്യോഗതലങ്ങളിൽ പ്രാധിനിധ്യം കുറവാണ്. അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏതു രംഗത്തും ജന വിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെ വിമോചനത്തിനായി തെരെഞ്ഞടുക്കേണ്ടതായുണ്ട്.

1. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമായി മുന്നോട്ടു വരുന്നില്ല.

2. തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. (പ്രോത്സാഹനം അത്യാവശ്യം)

3. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യം ലഭിക്കുന്നില്ല.

4. വനിതാ വികസനകോർപ്പറേഷൻെ റ വ്യക്തമായ ഉദ്ധേശ ലക്ഷ്യങ്ങൾ മനസ്സിലാക്കിയിട്ടില്ല.

5. അംഗനവാടി ജീവനക്കാർ ന്യായമായ വേതനം കിട്ടാ തെ വിഷമിക്കുന്നു.

6. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയമായ ബോധം സ്ത്രീകളിൽ കുറവാണ്.അതിനാൽ ശാസ്ത്രീയമായ പരിജ്ഞാനം കുടുതൽ ലഭ്യമാക്കുക.

## വനിതാക്ഷേമത്തിന്നായി താഴെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സ്വയം തൊഴിൽ പരമായ എല്ലാ ചെറുകിട ഉല്പാദന പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന മുൻകൈ എടുക്കുക.

2. തൊഴിൽയൂണിററ്തുടങ്ങുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നൽകുകയും പരിശീലനം നൽകുകയ ചെയ്യുക.

3. കൂലി നിരക്ക് വ്യത്യാസം ഏകീകരിക്കുവാൻ മുകൈഎടുക്കുക.

4. തൊഴിൽ നിയമങ്ങൾ പഠിപ്പിക്കുക.

5. വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കുള്ള ധന സഹായം ലഭ്യമാക്കുക.

6.എല്ലാവിധ പെൻഷനുകളും തൊഴിലില്ലായ വേതനവും മുറക്ക് കിട്ടുന്നതിനായി സെൽ രൂപീകരിക്കുക .

7. അംഗനവാടി ജോലിക്കാരുടെ വേതനം കൂട്ടു ന്നതിനായി ശ്രമിക്കുക.

8. സ്ത്രീകളുടെ വിദ്യാഭ്യാസപരമായ ഉയർച്ചക്കായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുക.

9. വിവാഹധനസഹായങ്ങൾ പഞ്ചായത്തിഘ കൂടി വിതരണം ചെയ്യുക.

10. വനിതാവികസന കോർപ്പറേഷൻെറ മുഴുവൻ ഉദ്ദേശലക്ഷ്യങ്ങളുടെയും ലഭിക്കുന്ന വായ്പകളുടെയും വിശദവിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക.

11. വിവിധ ചെറുകിട കുടിൽ വ്യാവസായം തുടങ്ങുവാൻ താല്പര്യമുള്ള വനിതായൂണിററുകൾ കണ്ടെത്തി അവക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ വനിതാ വികസന

സെൽ രൂപീകരിക്കുക.

**അനുബന്ധം** :- മുൻകാലങ്ങളിൽ നമ്മുടെ സാമൂഹികപരിഷ്കർത്താക്കളുടെ അക്ഷീണ പ്രയത്ന ത്തിൻെറ ഫലമായി അകററിനിർത്തപ്പെട്ടിരുന്ന പല അ നാചാരങ്ങളും പൂർവ്വാധികം ശക്തിയോടെ നമ്മുടെ സ്ത്രീസമൂഹത്തിൽ സന്നിവേശിക്കപ്പെട്ടിരിക്കുന്നു.

സ്ത്രീത്വത്തിൻെറ വാണിജ്യവല്ക്കരണമാണ് മറെറാരു പ്രശ്നം. ഇതിനെതിരെ ചെറി യൊരു ചലനം പോലും പഞ്ചായത്തിൽ സ്ത്രീവിഭാഗത്തിൽ നിന്നുണ്ടാ വുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. ഭരണ തലത്തിൽ 30% അംഗത്വം സ്ത്രികൾക്കു വേണ്ടിനീക്കി വെച്ചിട്ടുപോലും ആ ആനുകുല്യംഫലപ്രദമായിഉപയോഗി ക്കാൻ വനിതാ സമൂഹത്തിനാവു ന്നില്ല. വർദ്ധിച്ചുവരുന്ന സ്ത്രീധനമാണ്മറെറാരുപ്രശ്നം.വിവാഹക്കമ്പോളത്തിൽ വെറുമൊരു ഉപഭോഗ ഉല്പന്നം മാത്രമായി സ്ത്രികൾ മാറിയിരിക്കുന്നു. ഗൾഫ് സ്വാധീനമുള്ള പഞ്ചായത്തായ തിനാൽ സ്ത്രീധനത്തിൻെറ തുകയിലും കല്യാണത്തിൻെറ ആർഭാടങ്ങളിലും ഏറെവർ ദ്ധന വ്ദ്യ ശ്യമാണ്. മൂല്യസ ങ്ങളെപ്പററിയും ദർശനങ്ങളെ പ്പററിയുമുള്ള ആ ഉൽബോധനം നമ്മുടെ സമൂഹത്തിൽ അത്യാവ ശ്യമായിവന്നിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം നല്കുന്ന തി ലൂടെ നവീനാശയ ങ്ങൾ പരിചയപ്പെടുത്തി ക്കൊടു ക്കാൻ നാമിനിയും വൈകിക്കൂടാ. കാരണവരും വരും തലമുറ യെങ്കിലും ഇത്തരത്തിലുള്ള സാമൂഹി കജീർ ണ്ണ തകളിൽ നിന്നും മുക്തമാക്കേണ്ട ചുമതല നമുക്കുണ്ട്.



5

12

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് പ്രധാനമായും നേരിടുന്ന പ്രതിസന്ധി വ്യാവസായിക മേഖലകളിലെ നിശ്ചലാവസ്ഥയാണ്. പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ പലതും കുറ്റിപ്പുറം പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നു. എന്നാൽ പലവിധ കാരണ ങ്ങളാൽ അവയിൽ പലതും നാമാവശേഷമായി രിക്കുന്നു. ഇതുകൂടാതെ പല മേഖലകളിലായി പ്രവർത്തിക്കുന്ന ഒട്ടേറെ ചെറുകിട വ്യവസായങ്ങളും, മറ്റു പാരമ്പര്യ വ്യവസായങ്ങളും പഞ്ചായത്തിലുണ്ട്. ഈ മേഖലകൾ ലാഭകരമായി നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കാണേണ്ടതാണ്.

വ്യവസായ മേഖലയിലെ മുരടിപ്പിന്ന് ഒരു പരിധിവരെ ധനകാര്യസ്ഥാപനങ്ങളുടെ നിരുത്ത രവാദ പരമായ സമീപനവും, വൈദ്യുതി മേഖലയിലെ പ്രശ്നങ്ങളും കാരണമാണ്. ഇതിൽ തന്നെ ലോഡ് ഷെഡ്ഡിങ്ങ്, അപ്രഖ്യാപിത പവർക്കട്ട് എന്നിവ ചെറുകിട വ്യവസായങ്ങൾക്ക് പ്രധാനമായി നിൽക്കുന്ന തടസ്സങ്ങൾ. ഇത് പരിഹരിക്കുന്നതിന് വേണ്ടി നിലവിലുള്ള നയങ്ങളിൽ ആവശ്യമായ മാറ്റങ്ങളും, അതോടൊപ്പം വിഭവസമാഹരണം ഒരു മുഖ്യലക്ഷ്യമായി കൊണ്ട് പഞ്ചായത്തും, മറ്റ് സാമൂഹിക, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കു ന്നവരും മുൻകൈയ്യെടുത്ത് രംഗത്ത് വരണം.

കാർഷിക രംഗത്തെ മുരടിപ്പും വിഭവസ്മാ ഹരണത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറുന്നതും, കൃഷിചെയ്യുന്ന സ്ഥലങ്ങളിലാകട്ടെ ഉത്പാദനക്ഷമത കുറഞ്ഞു വരുന്നതും കർഷകരെ കാർഷിക വൃത്തിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. ഇതോടൊപ്പം കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവും പ്രശ്നമാകുന്നു.

**പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| 1 | പഞ്ചായത്ത് ബിൽഡിംഗ് | കുറ്റിപ്പുറം | 33 സെന്റ് | 6600/- |
| 2 | സാംസ്കാരിക നിലയം | കുറ്റിപ്പുറം | 25 സെന്റ് | 20000/- |
| 3 | ബസ്സ്റ്റാന്റ് | കുറ്റിപ്പുറം | 19 സെന്റ് | 14250/- |
| 4 | നേഴ്സറി സ്കൂൾ | കുറ്റിപ്പുറം | 30 സെന്റ് | 27,000/- |
| 5 | ശ്മശാനം | നടുവട്ടം | 70 സെന്റ് | 29,750/- |
| 6 | കളിസ്ഥലം | നടുവട്ടം | 50 സെന്റ് | 32,000/- |
| 7 | മാർക്കറ്റ് | കുറ്റിപ്പുറം | 43 സെന്റ് | 3,37,183/- |

## വിവിധ മേഖലകളിലെ വരുമാനം

| Sl. No | ഇനം | 91-92 | 95-96 | വ്യത്യാസം |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 110290 | 471976 | 361736 |
| 2. | തൊഴിൽ നികുതി | 129512 | 177765 | 78253 |
| 3 | വിനോദ നികുതി | 141522 | 164515 | 22993 |
| 4. | പ്രദർശന നികുതി | 1436 | 3432 | 1996 |
| 5. | ലൈസൻസ് ഫീസ് | 14146 | 18059 | 3913 |
| 6. | വസ്തുകൈമാറ്റ നികുതി | 240530 | 317390 | 76860 |
| 7. | ഉപാധി രഹിത ഫണ്ട് | 160637 | 261000 | 100363 |
| 8. | J.R.Y | 437200 | 366989 | 70211 |
| 9. | ഗ്രാൻറുകൾ, സംഭാവനകൾ | 112450 | 304652 | 192202 |
| | | **1347723** | **2085778** | **908527** |

ഈ രണ്ടു മണ്ഡലങ്ങളും (കൃഷിയും, വ്യവസായങ്ങളും) സംരക്ഷിക്കുകയും ഈ മേഖലകൾ വിജയപ്രദമാക്കുന്നതിനാവശ്യമായ പ്രോത്സാഹനങ്ങളും, തയ്യാറെടുപ്പുകളും ചെയ്തെങ്കിൽ മാത്രമെ വിഭവസമാഹരണം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം പ്രാദേശിക വിഭവസമാഹരണത്തിനുള്ള മേഖലകൾ കണ്ടെത്തുകയും വേണം.

ഓരോ വർഷങ്ങളിലും വിവിധ വകുപ്പുകളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രാന്റുകൾ പിരിക്കുന്ന സമയങ്ങളിൽ തന്നെ പഞ്ചായത്തിന്റെ വിഹിതം ലഭിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തണം. (ഉദാ:- വില്ലേജ്, റോഡ് മെയിന്റനൻസ്, ഗ്രാന്റ് വെഹിക്കിൾ, ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്, ഭൂനികുതി, സ്റ്റാമ്പ് ഡ്യൂട്ടി) ഇന്ന് നിലവിലുള്ള സ്ഥിതിയിൽ ഇവയെല്ലാം കിട്ടിക്കൊണ്ടിരിക്കുന്നത് ഓരോ സാമ്പത്തികവർഷവും അവസാനിച്ചതിന് ശേഷമാണ്. ഇത് പലപ്പോഴും ഈ ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നുണ്ട്. ഈ സ്ഥിതി മാറ്റിയെടുത്ത് യഥാസമയങ്ങളിൽ തന്നെ പഞ്ചായത്തിന് ലഭിക്കുകയാണെങ്കിൽ ഈ ഫണ്ട് വകസന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജ സ്വലമാകും.

കുറ്റിപ്പുറം ടൗണിൽ, തിരൂർ റോഡ് ജംഗ്ഷൻ മുതൽ ആശുപത്രിവരെ NH ന് ഇരുവശവുമുള്ള ഒരു ഏക്കറോളം ഭൂമി 96 ഒക്ടോബർ തിയ്യതികളിൽ പഞ്ചായത്തിന് ലഭിച്ചിരുന്നു. ഈ സ്ഥലത്ത് ഇന്ന് നിലവിലുള്ള കച്ചവടസ്ഥാപനങ്ങൾ മാറ്റുകയും, അതിനു പകരം പഞ്ചായത്ത് ബങ്കുകൾ കെട്ടി കച്ചവടക്കാർക്ക് വാടകയിനത്തിൽ നൽകുകയും ചെയ്യാം. യാത്രക്കാർക്കും, വാഹനങ്ങൾക്കും അസൗകര്യമായി തീർന്ന ബസ്സ്റ്റാന്റ് സൗകര്യപ്രഥ മാക്കുകയും ചെയ്യാം. അതോടൊപ്പം ടാക്സി സ്റ്റാന്റ്, ഓട്ടോസ്റ്റാന്റ്, ലോറി സ്റ്റാന്റ് എന്നിവയും ഏർപ്പെടുത്താം. ഇതിനു പുറമെ ഒരു കമ്മ്യൂണിറ്റി ഹോളോടുകൂടിയ ഷോപ്പിങ്ങ് കോംപ്ലക്സും വിഭവ സമാഹരണത്തിനുപകരിക്കും.

ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ ഏകദേശം 15% പഞ്ചായത്തിലുണ്ട്. എന്നാൽ ഭൂരിഭാഗം ഉയർന്ന സാമ്പത്തിക ഭദ്രതയിൽ അല്ലെന്നാണ് ഗ്രാമസഭാറിപ്പോർട്ടിൽ വന്ന അഭിപ്രായം. ഇവരിലൂടെ വരുന്ന പണം പഞ്ചയത്തിന്റെ അഭിവൃദ്ധിക്ക് എത്തരത്തിൽ

ഉപയോഗപ്പെടുത്താം എന്ന കാര്യം പഞ്ചായത്ത് ഗൗരവമായി ചിന്തിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 2 വൻകിട വ്യവസായവും, 65 ചെറുകിട വ്യവസായവും, 553 കച്ചവട സ്ഥാപനങ്ങളും ഉണ്ട്. ആരോഗ്യരംഗത്ത് സർക്കാർ മേഖലയിൽ 3 ആശുപത്രികളും, സ്വകാര്യ മേഖലയിൽ 2 ക്ലിനിക്കുകളും, ഒരു പ്രസവശുശ്രൂഷ കേന്ദ്രവും ഉണ്ട്. വിദ്യാഭ്യാസ മേഖലയിൽ 3 ഹൈസ്കൂളുകളും, 7 യു.പി. സ്കൂളുകളും, 16 എൽ.പി. സ്കൂളുകളും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ 17393 രൂപ പിരിച്ചെടുക്കാൻ സാധിച്ചു. ഇതിൽ പഞ്ചായത്തിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ലൈസൻസിങ്ങ് സമ്പ്രദായം കർശനമാക്കാനും സാധിച്ചിട്ടില്ല. ഇതുകൊണ്ടുതന്നെ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട വരുമാനത്തിലെ ഗണ്യമായ ഒരു ഭാഗം ലഭിക്കാതിരിക്കുകയാണ്. ഇത് പരിഹരിക്കുവാനും, ഇതിലൂടെ ഒരു വിഭവസമാഹരണം നടത്തുവാനും മുഴുവൻ വാർഡിലും വാർഡ് മെമ്പർ കൺവീനറായിട്ടുള്ള വാർഡ് വികസന സമിതികൾ നടത്തേണ്ടതാണ്.

## നികുതിയിനങ്ങൾ

### 1. തൊഴിൽ നികുതി:-

പഞ്ചായത്തിൽ സർക്കാർ മേഖലകളിലും, എയ്ഡഡ് മേഖലകളിലും മാത്രമാണ് തൊഴിൽ നികുതി ഈടാക്കുന്നത്. എന്നാൽ വലിയ വരുമാനമുള്ള നല്ലൊരു വിഭാഗം ഈ നികുതി ദായകരിൽ നിന്ന് പുറത്ത് നിൽക്കുന്നു.

### 2. വിനോദനികുതി:-

പഞ്ചായത്തിൽ ഒരു സിനിമാ തിയ്യേറ്റർ മാത്രമാണുള്ളത്. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന പല ക്ലബുകളും പഞ്ചായത്തിനകത്ത് പല പരിപാടികളും നടത്താറുണ്ട്. എന്നാൽ ഇവക്കാവശ്യമായ മൈതാനങ്ങളോ, പ്രദർശനശാലകളോ പഞ്ചായത്തിൽ ഇല്ല. ഇവ നിർമ്മിക്കുകയാണെങ്കിൽ പ്രദർശനങ്ങൾക്കുള്ള സാദ്ധ്യതകൾ വർദ്ധിക്കുകയും, ഇതുപയോഗപ്പെടുത്തി പല തരത്തിലുള്ള ധനാഗമ മാർഗ്ഗങ്ങൾ കൈവരിക്കുകയും ചെയ്യാം. ഇതോടൊപ്പം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിനോദനികുതി ഏർപ്പെടുത്തുന്നത് ശരിയായ രീതിയിലാണോ എന്ന പരിശോധിക്കുകയും വേണം.

### 3. കെട്ടിട നികുതി:-

ഇന്ന് നിലവിലുള്ള രീതിയിൽ കെട്ടിടനികുതി പിരിക്കുന്നത് വ്യക്തമായ മാനദണ്ഡം അനുസരിച്ച് തന്നെയാണോ എന്ന് സംശയമുണ്ട്. അതോടൊപ്പം കഴിഞ്ഞ വർഷത്തിൽ നികുതി പിരിച്ചതിൽ പഞ്ചായത്ത് രേഖയനുസരിച്ച് 6% പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഗ്രാമസഭാ റിപ്പോർട്ട് അനുസരിച്ച് നികുതിനിശ്ചയിക്കുന്നതിൽ പല അപാകതയും ഉണ്ടെന്നാണ്. പലപ്പോഴും ഒരുനിലക്കെട്ടിടത്തിനും, നാലുനിലക്കെട്ടിടത്തിനും ഒരേ തരത്തിലുള്ള നികുതി നിശ്ചയിക്കപ്പെടുന്നു. ഇതിലൂടെ പഞ്ചായത്തിന് നഷ്ടമാകുന്നത് പതിനായിരങ്ങളാണ്.

### 4. ലൈസൻസ് ഫീസ്:-

പഞ്ചായത്തിൽ 800 ഓളം കടകൾ ഉണ്ടെങ്കിലും ഇതിൽ ഭൂരിഭാഗത്തിനും ലൈസൻസില്ല. അതിനാൽ ലൈസൻസ് ഫീസ് ഇനത്തിൽ തന്നെ പഞ്ചായത്തിന് ഗണ്യമായ സാമ്പത്തിക നഷ്ടമാണ് വരുന്നത്. ഈ നഷ്ടം നികത്തുന്നതിന് കച്ചവട സാദ്ധ്യത അനുസരിച്ച് ഓരോ കടയുടെയും മേൽ ചെറിയൊരു ഫീസ് എടുപ്പിക്കുന്നതിന് സാദ്ധ്യമായ നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

## ലേലവരുമാനങ്ങൾ

മണൽ:- പഞ്ചായത്തിലെ മണൽസമ്പത്ത് പഞ്ചായത്തിന് വൻ തോതിൽ സാമ്പത്തികലാഭം നേടിക്കൊടുക്കുന്നു. എന്നാൽ ഇപ്പോൾ നിലവിലുള്ള സ്ഥിതിയനുസരിച്ച് മണൽ അതിന്റെ ആവശ്യകത അനുസരിച്ചും, നിർമ്മാണപ്രവർത്തനത്തിൽ മണലിനുള്ള പ്രാധാന്യം മനസ്സിലാക്കിയും തന്നെയാണ് ലേലം നടക്കുന്നത് എന്ന കാര്യം പുനർചിന്ത നീയമാണ്. ഗ്രാമസഭാ റിപ്പോർട്ട് അനുസരിച്ച് വിഭവസമാഹരണരംഗത്ത് ഏറ്റവും കൂടുതൽ സാദ്ധ്യതയുണ്ടാകണമെങ്കിൽ ഇന്ന് നിലവിലുള്ള മണൽലേല രീതിയിൽ കാര്യമായ മാറ്റം ആവശ്യമാണ്. ഇതോടൊപ്പം മണൽ എടുക്കുന്നതും പലപ്പോഴും യാതൊരു തത്വദീക്ഷയുമില്ലാതെയാണ്. ലേലം നടന്നുകഴിഞ്ഞാൽ പിന്നെ ഒരിക്കലും

അധികൃതർ പുഴയിലേക്ക് തിരിഞ്ഞുനോക്കാറില്ല. അയൽ സംസ്ഥാനങ്ങളിലേക്ക് മണൽ വ്യാപകമായ തോതിൽ കയറ്റി അയക്കുന്നു. ഇത് പലപ്പോഴും പുഴയുടെ ഏത് ഭാഗത്ത്നിന്ന് മണൽ എടുക്കണ മെന്നോ അതിന്റെ അളവ് എത്രയെന്നോ പോലും നിഷ്കർഷിക്കപ്പെടാറില്ല. ഇത് പലതരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്.

എന്നാൽ ഈ ചിലവ് സമൂഹ ദൃഷ്ടിയിൽ നോക്കിക്കാണുമ്പോൾ ഇതിൽ പല മേഖലക്കായി നീക്കിവെച്ച ഫണ്ടുകളിൽ കുറച്ചെങ്കിലും പാഴായിപോകുന്നില്ലേ എന്ന സംശയം ഉടലെടുക്കാം. നിർമ്മാണരംഗത്തേക്ക് നീക്കിവെച്ച സംഖ്യ ചിലവഴിച്ചിട്ടും ഇക്കാലമത്രയും ജനാഭിലാഷ ത്തിനൊത്ത് ഉയരാനായിട്ടില്ല. റോഡുകളിൽ

### ലേല വരുമാനം

| No. | ഇനം | 92-93 തുക | 95-96 തുക | വർദ്ധനവ് |
|---|---|---|---|---|
| 1. | മണൽ | 27685 | 127950 | 103265 |
| 2. | ബസ്സ്റ്റാന്റ് | 72525 | 75050 | 2525 |
| 3. | ഷോപ്പിംഗ് കോംപ്ലക്സ് | 150876 | 172704 | 21828 |
| | ആകെ | **248086** | **375704** | **127618** |

ലേല ഇനത്തിൽ പ്രധാനമായും വരുമാനം ലഭിക്കുന്നത് മണൽ, ബസ്സ്റ്റാന്റ്, ഷോപ്പിങ്ങ് കോംപ്ലക്സ് എന്നിവയിൽ നിന്നാണ്. ഇതിൽ മണൽ, ബസ്സ്റ്റാൻ എന്നിവയുടെ ലേലം ഒരുതരത്തിലും നീതീകരിക്കാനുവുന്നില്ല. ബസ് സ്റ്റാന്റിൽനിന്ന് ഉദ്ദേശം 2 ലക്ഷം രൂപയും, മണലിൽ നിന്നും 5 ലക്ഷം രൂപയും നഷ്ടം സംഭവിക്കുന്നു.

## ചിലവുകൾ:-

വളരെ ഭാരിച്ചതുകയാണ് പഞ്ചായത്ത് വിവിധ ഇനങ്ങളിൽ ചെലവഴിക്കുന്നത്. ഇതിൽ നിർമ്മാണ മേഖല വിദ്യാഭ്യാസ സാമൂഹ്യമേഖല എന്നിവയെല്ലാം ഉൾപ്പെടുമെങ്കിലും ഉത്പാദന മേഖലയിൽ എത്ര ചിലവഴിക്കുന്നു എന്നത് പുനരാലോചിക്കേണ്ടതാണ്. ഇതിൽ ഭരണരംഗത്ത് 35%വും വിദ്യാഭ്യാസരംഗത്ത് 2% പൊതുമരാമത്ത് മേഖലയിൽ 40% വും ആണ് പ്രധാനമായി ചിലവഴിക്കുന്നത്. ഇതുകൂടാതെ സാമൂഹ്യക്ഷേമ രംഗത്തും 10% വും തുക ചിലവഴിക്കുന്നത്. ആകെ വരുമാനത്തിന്റെ 75% ഓളം ചിലവഴിക്കുന്നത് നിർമ്മാണ രംഗത്തുമാണ്.

ഭൂരിഭാഗവും ഗതാഗത യോഗ്യമല്ല. ഇതിന് പലപ്പോഴും ഹേതുവായിത്തീരുന്നത് പൊതുജനസഹകരണം കുറവായതിനാലാണ്. ഈ ചിലവുകൾ അനുസരിച്ച് ഉത്പാദനരംഗത്തേക്ക് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ടതും ഇതിനാവശ്യമായ തുക കണ്ടെത്തേണ്ടതും അത്യാവശ്യമായിരിക്കുന്നു.

## പുതിയ വിഭവസമാഹരണ മേഖല

**കരിങ്കല്ല്:-** യാതൊരുവിധ തത്വദീക്ഷയുമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്യപ്പെടുന്ന ഒരു മേഖലയാണിത്. സാങ്കേതികമായും, നിയമപരമായും വളരെയധികം വിഷമതകൾ നിലനിൽക്കുന്നണ്ടെങ്കിൽ തന്നെയും ഈ മേഖലയിൽ പ്രകൃതിയെ ചൂഷണം ചെയ്ത്കൊണ്ട് വ്യാപകമായി ഖനനം നടക്കുന്നു.അതോടൊപ്പം നിർമ്മാണരംഗത്ത് ഒഴിച്ചുകൂടാനാവാത്ത അവശ്യവസ്തുവാണ് കരിങ്കല്ല് എന്നതിനാലും, പൂർണ്ണമായും നിയമശാസനകൾ നടപ്പിൽ വരുത്താൻ കഴിയാറില്ല. എന്നിരുന്നാൽ

പോലും പഞ്ചായത്തിന് ഈ രംഗത്ത് നിന്നും യാതൊരുവിധ വരുമാനവും ലഭ്യമല്ല. ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ച് ക്വാറി നടത്തിപ്പുകാരെ കൂടാതെ നിയമപാലകർ കൂടി ചെറിയതോതിൽ ഈ രംഗത്തുനിന്നും വരുമാനം സമ്പാദിക്കുന്നു. ജോലി നടന്നുകൊണ്ടിരിക്കുന്ന 10 ഓളം ക്വാറി പഞ്ചായത്തിലുണ്ട്. ജോലി അവസാനിപ്പിച്ച 15 ഓളം ക്വാറികൾ വലിയ കുളങ്ങളായി കിടക്കുന്നു.

## ധനകാര്യ സ്ഥാപനങ്ങൾ

സഹകരണ മേഖലയിൽ ഒരു ബാങ്കടക്കം പഞ്ചായത്തിന് 4 ബാങ്കുകളാണ് ഉള്ളത്. ഈ ബാങ്കുകൾക്ക് പഞ്ചായത്തിന്റെ ഉത്പാദനമേഖല പരിപോഷിപ്പിക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കാൻ കഴിയും. ഈ ബാങ്കുകൾ പല വായ്പകളും നൽകി പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായി ഉത്പാദനമേഖല ശ്രദ്ധിക്കുന്ന രീതിയിൽ ആകണം.

### പഞ്ചായത്തിലെ വിവിധ ബാങ്കുകൾ കാർഷിക വ്യാവസായിക മേഖലയിൽ നൽകിയ വായ്പ സംബന്ധിച്ച വിവരം

| വർഷം | ഗ്രാമീണ ബാങ്ക് | | സ്റ്റേറ്റ് ബാങ്ക് | | ഫെഡറൽ ബാങ്ക് | | സഹകരണ ബാങ്ക് | |
|---|---|---|---|---|---|---|---|---|
| | കാർഷികം | ചെ.വ്യവസായം | കാർഷികം | ചെ.വ്യവസായം | കാർഷികം | ചെ.വ്യവസായം | കാർഷികം | ചെ.വ്യവസായം |
| എണ്ണം<br>1991/92 | 818<br>18.68 | 468<br>28.07 | | | 26<br>1.93 | 1<br>0.25 | 91-95 | 91-95 |
| എണ്ണം<br>1992/93 | 753<br>23.55 | 297<br>42.91 | | | 28<br>1.72 | 4<br>2.30 | 42 | 344 |
| എണ്ണം<br>1993/94 | 575<br>18.26 | 626<br>74.88 | 1255148 | 3721618 | 36<br>2.92 | 5<br>2.28 | 229520 | 20200507 |
| എണ്ണം<br>1994/95 | 924<br>29.38 | 957<br>96.73 | 4825745 | 5931639 | 34<br>2.56 | 3<br>1.65 | | |
| എണ്ണം<br>1995/96 | 697<br>25.24 | 507<br>101.72 | 2140668 | 4512413 | 21<br>2.74 | 2<br>0.78 | | |

### നിർദ്ദേശങ്ങൾ

1. കാർഷികമേഖലയിലെ ഉൽപാദനം വർദ്ധിക്കുന്നതിന് പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളും, കൃഷിഭവനും, പഞ്ചായത്തും കൂട്ടായ്മയോടെ പ്രവർത്തിക്കണം. ഇങ്ങനെ വന്നാൽ വിവിധ മേഖലകളിൽ നടപ്പാക്കേണ്ട കാര്യങ്ങൾ കാര്യക്ഷമമായും, മുൻഗണനാടിസ്ഥാനത്തിലും നിർവ്വഹിക്കാം.

2. വിവിധ സ്കീമുകളിൽ നിന്ന് ഓരോ വർഷവും പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം പലപ്പോഴും സാമ്പത്തികവർഷം കഴിഞ്ഞതിന് ശേഷമാണ് ലഭിക്കുന്നത്. ഇത് അതേ വർഷം തന്നെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ വേണം.


3. കെട്ടിടനികുതി പിരിക്കുന്നതിൽ കാര്യപ്രസക്തമായ മാറ്റം വരുത്തുക.


4. മണൽ ലേലത്തിനുള്ള റവന്യൂ വകുപ്പിന്റെ അധികാരം പിൻവലിക്കുക. മണൽലേലം പൂർണ്ണമായി നിറുത്തൽ ചെയ്യുക. മണലിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ലഭിക്കുന്ന രീതിയിലും, പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ടും മണൽ മേഖലയിലെ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുക. ഇതിലൂടെ പഞ്ചായത്തിന്റെ വിഭവസമാഹരണം ഉറപ്പുവരുത്തുക. ഇതിലൂടെ പഞ്ചായത്തിന്റെ വിഭവസമാഹരണം വർദ്ധിപ്പിക്കുക.

5. ബസ്സ്റ്റാന്റ് ലേലത്തിൽ ഇന്നുള്ള തിരിമറികൾ മാറ്റിക്കൊണ്ട് വരുമാനത്തിൽ ഏതാണ്ട് ഒക്കുന്ന രീതിയിലായിരിക്കണം സ്റ്റാന്റ് ലേലം നടത്തുന്നത്.

6. കരിങ്കല്ല് ഖനനത്തിനുള്ള അനുവാദം (ലൈസൻസല്ല) കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭിക്കണം. ഇതിലൂടെ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് യാതൊരു അടിസ്ഥാ നവുമില്ല. മാത്രമല്ല ഒരുവിധ നിയന്ത്രണവുമില്ലാതെ നടത്തുന്ന ഖനനത്തിന് ചെറിയ നിയന്ത്രണം ഏർ പ്പെടുത്തണം. സ്വകാര്യ വ്യക്തിയുടെ കൈവശം ഉള്ളതാണെങ്കിലും കരിങ്കല്ല് പൊതുവായി കണ്ട് പഞ്ചായത്തിന്റെ നിർമ്മാണ രംഗങ്ങളിൽ ഈ മേഖലയിൽ ഉള്ള വരെകൂടി കൂട്ടി ഒരു പുത്തൻ രീതി നോക്കണം.







5-13

# പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംസ്ഥാനത്ത് ഒരു ക്ഷേമ ബോർഡുണ്ടെങ്കിലും അവയുടെ ഉപയോഗം ഇന്നാട്ടിലെ ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല. ഇവരുടെ ഉന്നമനത്തിനായി പല ബൃഹത്തായ പദ്ധതികളുണ്ടെങ്കിലും അവയുടെ ഒരു ശതമാനം പോലും ഇവർക്ക് കിട്ടുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 10:5 ശതമാനത്തോളം പട്ടികജാതിക്കാരുണ്ട്. പട്ടികവർഗ്ഗക്കാരൊന്നും നമ്മുടെ പഞ്ചായത്തിലില്ല. 19 അംഗീകൃത കോളനികളുണ്ട്. ഇവയിലായി 3706 പേരാണ് കഴിയുന്നത്. 1845 പുരുഷന്മാരും 1861 സ്ത്രീകളുമാണ്. അടിസ്ഥാനസൗകര്യങ്ങളൊന്നും കടന്നുചെല്ലാത്ത പല കോളനികളുണ്ട്. വെള്ളം, വെളിച്ചം, റോഡ്, കക്കൂസ് തുടങ്ങി സൗകര്യങ്ങൾ അപര്യാപ്തവുമാണ്. കുടിവെള്ളത്തിനായി വളരെ ദൂരം പോകേണ്ടിവരുന്നു. വിദ്യാഭ്യാസ സാമൂഹിക രാഷ്ട്രീയ മേഖലകളിലൊന്നും ഈ വിഭാഗക്കാർ നേതൃത്വത്തിലില്ല. വിദ്യാഭ്യാസത്തിന് സ്കൂളുകളും, കുട്ടികൾക്കായി അംഗനവാടികളുമുണ്ടെങ്കിലും വളരെ പേർക്ക് ഈ സൗകര്യം ലഭിക്കുന്നില്ല. സാമ്പത്തിക രംഗത്ത് യാതൊരു പുരോഗതിയും നേടാത്ത ഇവർക്ക് കൂലിപ്പണി ചെയ്തും, കൃഷിപ്പണിയും മറ്റ് വീടുകളിൽ വേലക്ക് നിന്നും നിർമ്മാണ ജോലികൾക്ക് പോയുമാണ് വരുമാനമാർഗ്ഗം കണ്ടെത്തുന്നത്. മുൻകാലങ്ങളിൽ അനുവദിച്ച് വന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ ഇന്നവർക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റു സമുദായക്കാർ ഇവരുടെ എല്ലാവിധ ആഘോഷപരിപാടികളിലും പങ്കെടുക്കുന്നു.

ഈ വിഭാഗക്കാരുടെ ഉന്നമനത്തിനു വേണ്ടി സർക്കാർ പലതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കർശനമായ നിയമവ്യവസ്ഥയും അജ്ഞതയും ഇതിനൊരു കാരണമാണ്. പഞ്ചായത്ത് തലത്തിൽ ഇവർക്കൊരു മാർഗ്ഗരേഖ നൽകാൻ പറ്റിയ പ്രസ്ഥാനവുമില്ല.

പാർപ്പിടമായി കൂടുതൽ പേർ കഷ്ടപ്പെടുന്നുണ്ടെങ്കിലും സ്വന്തമായി സ്ഥലമുള്ളവർ കുറവാണ്. മിച്ചഭൂമിക്കായി അപേക്ഷിച്ചിട്ടുള്ളവർ അത് ലഭിക്കുന്നതിനായി കാത്തിരിക്കുന്നുമുണ്ട്. ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. വേണ്ടത്ര സൗകര്യങ്ങളൊന്നുമില്ലാത്ത വീടുകളാണിത്. പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിലും അവക്ക് വിവിധ ലോണുകൾ ശരിയാക്കിക്കൊടുക്കുന്നതിനുള്ള ഒരു സെൽ അത്യാവശ്യമാണ്.

കോളനികളില്ലാതെ തന്നെ പല സ്ഥലങ്ങളിലായും ഇവർ അങ്ങിങ്ങായി താമസിക്കുന്നുണ്ട്. സർക്കാർ സർവ്വീസിൽ, ജോലിക്കാരായ ഇവരുടെ എണ്ണം വളരെ മോശമാണ്. വിദ്യാഭ്യാസ ചിന്താഗതി താരതമ്യേനെ കൂടിവരുന്ന ഇവരുടെ ഇടയിൽ വരും കാലങ്ങളിൽ വലിയ മുന്നേറ്റം പ്രതീക്ഷിക്കാം.

| നമ്മുടെ പഞ്ചായത്തിൽ അംഗീകരിച്ച കോളനികൾ | | | |
|---|---|---|---|
| പേര് | കുടുംബം | പേര് | കുടുംബം |
| 1 നടുവട്ടം | 15 | 9 എടച്ചലം(മുണ്ടമ്മാരിൽ) | 23 |
| 2 ബങ്കളാംകുന്ന് | 22 | 10 മൂങ്ങാവിക്കൽ | 13 |
| 3 ചിരട്ടക്കുന്ന് | 11 | 11 പൈങ്കണ്ണൂർ | 11 |
| 4 പുഴമ്പ്രം | 14 | 12 കൊളത്തോൾ | 10 |
| 5 പാഴൂർ (ശബര്യാശ്രമം) | 11 | 13 കരിയറക്കുന്ന് | 10 |
| 6 മാണിയംകാട് | 22 | 14 തെക്കേനാഗപ്പറമ്പ് | 10 |
| 7 അമ്പലപ്പറമ്പ് | 40 | 15 ചെറുകുന്ന് | 13 |
| 8 ചെനക്കപ്പറമ്പ് പേരശനൂർ | 19 | 16 തെണ്ടൻ കാട് | 11 |

പുതിയ ഹരിജൻ കോളനികൾ — 1. വെളുന്നപറമ്പ് (കുറ്റിപ്പുറം) 12, 2. പടിഞ്ഞാറെക്കര (പാണ്ടികശാല) 32, 3. വീരിപ്പുഴാരി കോളനി 10

കഴിഞ്ഞ 95-96 വർഷക്കാലയളവിൽ നമ്മുടെ പഞ്ചായത്ത് പട്ടികജാതിക്ഷേമത്തിനായി 3147 രൂപ ചിലവഴിച്ചിട്ടുണ്ട്. ഇനിയും ഒരുപാട് ഫണ്ടുകൾ ലഭിക്കാനും ഉണ്ട്.

## നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ

1. കോളനികളിൽ അടിസ്ഥാന സൗകര്യമില്ലായ്മ.
2. ദാരിദ്ര്യം, പട്ടിണി.
3. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കായ്മ.
4. വിദ്യാഭ്യാസ, സാമൂഹിക പിന്നോക്കാവസ്ഥ.
5. തൊഴിൽപരമായ പിന്നോക്കാവസ്ഥ.

ഈ വിഭാഗക്കാർക്ക് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് കാലതാമസം വരുത്താതെ അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ഒരു കൂട്ടായ യത്നം തന്നെ ആവശ്യമാണ്.

നടുവട്ടത്ത് പട്ടികജാതി സഹകരണസംഘത്തിന്റെ കീഴിൽ കല്ല് ഉടക്കൽ കേന്ദ്രത്തിൽ 10ൽ പരം കുടുംബക്കാർ ജോലി ചെയ്യുന്നുണ്ട്. എങ്കിലും മറ്റു മേഖലകളിൽ ഇവർക്കായി മാത്രം ഒരു പദ്ധതിയും നടന്നിട്ടില്ല.

## നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലേക്കും പട്ടികജാതിക്കാർക്കായി പ്രത്യേകം തുക നീക്കിവെക്കുക.
2. എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വെളിച്ചം, കക്കൂസ്, ആരോഗ്യ പരിപാലനത്തിനുള്ള കേന്ദ്രം എന്നിവ സ്ഥാപിക്കുക.
3. 10,13,14 എന്നീ വാർഡുകളിലെ സബ് സെന്ററുകളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിയാൽ ഇവിടുത്തെ കോളനികളിൽ താമസിക്കുന്ന ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാവും.
4. പട്ടികജാതി പെൺകുട്ടികൾക്ക് തൊഴിൽപരിശീലനം നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് കൈകൊള്ളുക.
5. ശ്മശാനം രൂപീകരിക്കുക.
6. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
7. കോളനികളിൽ മിനിലൈബ്രറി സ്ഥാപിക്കുക.
8. സാക്ഷരതാ പദ്ധതിയുടെ തുടർവിദ്യാഭ്യാസ പരിപാടി കോളനികളിൽ പ്രവർത്തനം തുടങ്ങുക.
9. കോളനികളിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി TV സെറ്റ് സ്ഥാപിക്കുക.
10. പട്ടികജാതി സർവ്വീസ് സഹകരണസംഘമുണ്ടാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കുക.
11. ഗവ: ഏജൻസികളിൽ നിന്നും ഇവർക്ക് ലഭിക്കുന്ന വിവിധതരം ലോണുകൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രത്യേകസെൽ രൂപീകരിക്കുക.

452

12. കോളനികളിൽ മിനി ജലസേചനപദ്ധതികൾ നടപ്പിലാക്കുക.


13. ലക്ഷംവീട് കോളനികളിലും പട്ടികജാതികോള നികളിലും ഉള്ള വീട് പുതുക്കിപ്പണിയുന്നതിനും, ഓടു മേയുന്നതിനും ധനസഹായം അനുവദിക്കുക.

14. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും, വീടും ഇല്ലാത്തകുടുംബങ്ങളെ സഹായിക്കുക.

15. വിവാഹ ധനസഹായങ്ങൾ വർദ്ധിപ്പിച്ച് നൽകുക.

16. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് കൈകൊള്ളുക.

മേൽ കൊടുത്ത ക്ഷേമപദ്ധതികൾക്കായുള്ള നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗക്കാർക്ക് ഏറെ ആശ്വാസം ലഭിക്കുന്നതാണ്. അതിനായി പ്രത്യേക ഫണ്ട് തന്നെ കണ്ടെത്തി നടത്തണം.



# ഉപസംഹാരം

1950-51 കാലഘട്ടങ്ങളിൽ ഇന്ത്യയിലെ ആദ്യത്തെ പഞ്ചവത്സര പദ്ധതികളും ആസൂത്രണവും ആരംഭിക്കുന്ന കാലത്തു തന്നെ ഇന്ത്യയിലെ ഏറ്റവും മികച്ച സാമ്പത്തികശാസ്ത്രജ്ഞൻ ഡോ. മഹലാനോബിസ് അഭിപ്രായപ്പെട്ടത് ജനങ്ങളുടെ വിശിഷ്യാ ഗ്രാമീണ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കുവാനുമാണ് ആസൂത്രണം എന്നായിരുന്നു. എന്നാൽ നാല് ദശകങ്ങൾക്ക് ശേഷവും ഈ ദർശനം വെറും സ്വപ്നം മാത്രമായി അവശേഷിക്കുന്നു. ഈ കാഴ്ചപ്പാടിലേക്കുള്ള നടന്നടുക്കലാണ് ജനകീയാസൂത്രണം.

സമൂഹത്തിലെ ഇന്നുള്ള വികസനകാഴ്ചപ്പാടിനെ പാടെ അട്ടിമറിച്ച് പുതിയൊരു വീക്ഷണം ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വികസനം എന്ന ആശയം വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനമാണ് പരിമിതമായ വിഭവങ്ങളുപയോഗിച്ച് ആധുനികമനുഷ്യന്റെ അനന്തമായ ആഗ്രഹങ്ങളെ ഒരു പരിധിവരെ, മുഴുവനാളുകളുടെയും കൂട്ടായ്മയിലൂടെ സംതൃപ്തമാക്കാനുള്ള ശ്രമമാണിത്. ഈ സമ്പൂർണ്ണവികസനപ്രക്യയയിൽ ആരും ഒഴിഞ്ഞുനിൽക്കുവാനോ, ആരെയും അകറ്റിനിർത്താനോ പാടില്ല.

ദീർഘവീക്ഷണവും, ബഹുജനശക്തിയും, ഇച്ഛാശക്തിയും ഒന്നിച്ചാൽ അസാദ്ധ്യമായതും സംഭവ്യമാണെന്ന് ചരിത്രം നമ്മളെ പഠിപ്പിക്കുന്നു. 'ഫണ്ടില്ല' എന്ന പഞ്ചായത്തുകളുടെ പഴമൊഴി പതിരാക്കാൻ അദ്ധ്വാനം നല്കി വികസനപ്രക്യയക്ക് ആക്കം കൂട്ടാൻ ജനങ്ങൾ മുന്നോട്ട് വരുന്നു.

ആധുനിക ഔദ്യോഗിക സംവിധാനങ്ങളിലെ അഴിമതി കണക്കറ്റതാണ്. 'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യത്തിന്റെ സാർത്ഥകത ഈ ഔദ്യോഗിക ദുഷ്പ്രവണതയെ കടിഞ്ഞാണിട്ടു നിർത്താൻ പര്യാപ്തമാണ്. ഇടത്തട്ടുകാരുടെയും, മദ്ധ്യവർത്തികളുടെയും നീരാളിക്കൈകളിൽ നിന്ന് നമ്മുടെ ഓഫീസ് സംവിധാനവും മറ്റും മോചിപ്പിച്ചെടുക്കലും ഈ പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്.


നിലവിൽ ലഭ്യമായ വിഭവങ്ങളെ പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുമ്പോഴാണ് ആസൂത്രണം അർത്ഥവത്താകുന്നത്. പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവയുടെ ഫലപ്രദമായ ഉപയോഗം അത്യന്താപേക്ഷിതമാണ്. സർക്കാരിന്റെ പദ്ധതിവിഹിതത്തോടൊപ്പം തന്നെ പഞ്ചായത്തുകളിലെ വിഭവങ്ങളും ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് സാരം.

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലേക്കാണ്. അതുകൊണ്ടുതന്നെ അവഗണിക്കപ്പെട്ടുകിടക്കുന്ന അവശവിഭാഗങ്ങൾക്ക് ഇതുമൂലം പരിഗണന ലഭിക്കുന്നു. വ്യക്തികളുടെ സൂക്ഷ്മമായ ആവശ്യങ്ങളും അപേക്ഷകളും വരെ ഈ പ്രസ്ഥാനത്തിലൂടെ പൊതുസദസ്സുകളിൽ അവതരിപ്പിക്കപ്പെടുന്നു.


നമ്മുടെ ഗ്രാമങ്ങൾ വീണ്ടും ചലനാത്മ കമാവുകയാണ്, ഗ്രാമസഭകളിലൂടെ. പുതിയൊരു കൂട്ടായ്മയുടേതായ വികസനസംസ്കാരം രൂപ പ്പെടുന്നു. കേരളത്തിന്റെ വികസനമാതൃക, ആരോഗ്യ രംഗത്തെ ഊർജ്ജസ്വലമായ മുന്നേറ്റം, വിദ്യാഭ്യാസ രംഗത്തെ വ്യാപകമായ പുരോഗതി, വികസിതമായ സഹകരണമേഖല, അതുപോലെ കേരളം വീണ്ടും ഇന്ത്യക്കുമുൻപിൽ അനുകരിക്കത്തക്കതായ മാതൃക യാവുന്നു, ജനകീയാ സൂത്രണത്തിലൂടെ.

സമൂഹത്തിലെ ജീർണ്ണിച്ച അനാചാര ങ്ങൾക്കും, സാംസ്കാരിക ജടിലമായ ശീലങ്ങളുടെ ആക്രമണങ്ങൾക്കും എതിരേയുള്ള വജ്രാ യുധ മാണിത്. കേരളം പൊരുതി നേടിയ വിശാലമായ, സഹിഷ്ണുതാപരമായ പുരോഗമനാ ശയങ്ങളുടെ സംസ്ഥാപനയും, കേരളപ്പഴമയുടെ പാരമ്പര്യ ത്തിലൂന്നി പുതിയൊരു വികസനസംസ്കാരത്തി ലേക്കുള്ള അനസ്യൂതമായ പ്രയാണമാണ് ജനകീയാസൂത്രണം.

ജനകീയാസൂത്രണം ഒരു പ്രവാഹമാണ്, ഈ ഒഴുക്കിൽനിന്നും ആരെങ്കിലും മാറിനിന്നാൽ ഒറ്റപ്പെടലായിരിക്കും ഫലം. ഇനിയുള്ള വികസനം കൂട്ടായ്മകളിലൂടെയാണ്. ഈ നൂതനമായ വികസന അദ്ധ്യായത്തിലൂടെ മുന്നോട്ടുവെച്ച ആശയങ്ങൾ നിറവേറ്റാൻ കൂട്ടായ ചർച്ച ആവശ്യമാണ്. മഹ ത്തായ ഈ ആശയങ്ങൾ നിറവേറാൻ നമുക്ക് കഴിയും എന്നുള്ള പ്രത്യാശയോടെ ഈ സമഗ്രവിക സനരേഖ കുറ്റിപ്പുറം പഞ്ചായത്തിനുമുൻപാകെ അവതരിപ്പിക്കുന്നു. ഇതൊരു പൂർണ്ണമായ ഒന്നല്ല. തേച്ചുമിനുക്കി ചിന്തേരിടുവാൻ നാമോരുരുത്തരും ബാദ്ധ്യതരാണ്.


ഇന്ത്യ
കേരളം

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്




**അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം**

**൯ ാം പദ്ധതി ജനകീയ പദ്ധതി**

**40 % പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്**

**വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു**


**ബഹുജന സഹകരണം അനിവാര്യം**

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്


# വളാഞ്ചേരി ഗ്രാമപഞ്ചായത്ത്

## സമഗ്രവികസന റിപ്പോർട്ട്



## വളാഞ്ചേരി പഞ്ചായത്ത് [സ്പെഷ്യൽ ഗ്രേഡ്]

### ഭൂപടം - വാർഡുകൾ




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വളാഞ്ചേരി ഗ്രാമപഞ്ചായത്ത്


## വികസന സെമിനാർ

# സമഗ്ര വികസന റിപ്പോർട്ട്

# പഞ്ചായത്ത് സാരഥികൾ.



പ്രസിഡന്റ്
C.H. അബൂയൂസുഫ് ഗുരുക്കൾ



വൈസ് പ്രസിഡന്റ്
U. അബ്ദുൾ അസീസ് എന്ന മണി.

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
പാലാറ ഹംസ ഹാജി.

# പഞ്ചായത്ത് മെമ്പർമാർ



| | | |
|---|---|---|
| 1. | കൊളമംഗലം | കളപ്പുലാൻ കുഞ്ഞാപ്പുഹാജി. |
| 2. | വൈക്കത്തൂർ. | പി. ഹംസഹാജി. |
| 3. | വളാഞ്ചേരി ടൗൺ . | U. അബ്ദുൾ അസീസ്. |
| 4. | കൊട്ടാരം. | ടി. സുലൈഖ. |
| 5. | മുക്കിലപീടിക | A. നന്ദിനി,. |
| 6. | കാട്ടിപ്പരുത്തി. | C.H. അബുയൂസുഫ് ഗുരുക്കൾ |
| 7. | കടുങ്ങാട്. | ഭവാനി ടീച്ചർ. |
| 8. | കക്കാട്ട് പാറ. | T.P. മൊയ്തീൻകുട്ടി. |
| 9. | കാവുംപുറം. | K.P. പാത്തുമ്മ ടീച്ചർ |
| 10. | കാർത്തല. | എം. മൊയ്തീൻകുട്ടി എന്ന കുഞ്ഞുട്ടി. |
| 11. | മൂച്ചിക്കൽ. | T. കൃഷ്ണൻ |
| 12. | വട്ടപ്പാറ. | മൂർക്കത്ത് മുസ്തഫ. |

## ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ.

1. ജ. എം. സൈതാലിക്കുട്ടി ഹാജി

2. ശ്രീമതി. എം. പി. സഫിയ ടീച്ചർ.

## ജില്ലാ പഞ്ചായത്ത് മെമ്പർ.

ജ. അശ്റഫ് കോക്കൂർ.

## എം. എൽ. എ

ജ. പി.കെ. കുഞ്ഞാലിക്കുട്ടി


## ഓഫീസ് സ്റ്റാഫ്

1. Smt. N. ഇന്ദിര (സ്പെഷൽ ഗ്രേഡ് സെക്രട്ടറി.)
2. Sri. A.R. ഭരതൻ (ജെ.എസ്)
3. Sri. N.V. രാമചന്ദ്രൻ (ഹെഡ് ക്ലാർക്ക്)
4. Sri. M. അബ്ദുൾഖാദർ (യു. ഡി. സി.)
5. Sri. N.P. മാധവൻ ( " )
6. Sri. T.P. ഹംസ ( " )
7. Sri. K.B. സുന്ദരേശപണിക്കർ
8. Sri. P. ചന്ദ്രൻ
9. Sri. P. രാജൻ (അസി: എൻജിനിയർ.)
10. Smt. K. ലീലാവതി ഓവർസിയർ (അഡി: ചാർജ്ജ്)
11. Sri. K.K. ചന്ദ്രൻ പ്യൂൺ **(H.G)**
12. Sri. K.P. ശങ്കരൻ ( " )
13. Smt. P.V. ദേവകി **(L.D.C)**
14. " C. പുഷ്പലത ( " )
15. Sri. ജിമ്മി ഡേവിഡ് ചാക്കിയാത്ത് ( " )
16. Smt. V. കമലം ( " )
17. Sri. E. അയ്യപ്പൻ (FTS)
18. Sri. K. വേലുക്കുട്ടി ( " )
19. Smt. ആനന്ദവല്ലി .K ( " )
20. Smt. I.K. കല്ല്യാണി ( " )
21. Smt. P. പത്മാവതി (F.T.S.W)
22. Smt. B.K.നിർമ്മല (P.T.P.K)
23. Smt. P. നഫീസ (P.T.O.S)
24. Sri. R. മനോഹരൻ (ഡ്രൈവർ)

# എഡിറ്റോറിയൽ ബോർഡ്



അജ്മൽ മുണ്ടശ്ശേരി


എൻ. മാനവേന്ദ്രനാഥ്


വേണുഗോപാൽ. എൻ



കെ.എം. അബ്ദുൽ ഗഫൂർ


ഇ. ബാലൻ മാസ്റ്റർ


സി. ദാവൂദ്


വി. താരാനാഥൻ മാസ്റ്റർ


വി.കെ. ബഷീർ


ശശികുമാർ. പി.കെ.


വി.ടി. മുസ്തഫ

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളാണ്."

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല ജനായത്തം. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം."

ഗാന്ധിജി

"ആശയങ്ങളാണ് പ്രവർത്തനത്തിന് അനുപേക്ഷണീയമായ അടിസ്ഥാനം. എന്നാൽ ആശയങ്ങൾക്കു പിന്നിൽ അവ നടപ്പാക്കേണ്ട മനുഷ്യർ ഉണ്ടാവണം."

ജവഹർലാൽ നെഹ്റു

ഡി.ടി.പി, ലേ ഔട്ട് & ഡിസൈനിംഗ്
ഡാറ്റാവേൾഡ് തിരൂർ

കവർ & ഫോട്ടോസ് :
ശശികുമാർ പൈങ്കണ്ണൂർ

# താളുകളിലൂടെ.......


1. ആമുഖം................................................................ 8

2. നമ്മുടെ പഞ്ചായത്ത്.............................................. 10

3. ചരിത്രത്തിലേക്കൊരെത്തിനോട്ടം............................ 11

4. പ്രകൃതി വിഭവങ്ങളും ജനങ്ങളും.............................. 16

5. വികസന മേഖലകൾ

1. കൃഷിയും ജലസേചനവും........................ 21

2. മൃഗസംരക്ഷണം.......................................... 26

3. വ്യവസായം.................................................. 29

4. വിദ്യാഭ്യാസം.............................................. 33

5. കുടിവെള്ളം - പൊതുജനാരോഗ്യം............. 38

6. ഗതാഗതവും ഊർജ്ജവും.............................. 43

7. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും... 52

8. സാംസ്കാരികം............................................ 55

9. വനിതാ ക്ഷേമം.......................................... 58

10. സഹകരണം.............................................. 60

11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.................. 63

12. വിഭവ സമാഹരണം.................................... 66

6. ഉപസംഹാരം.......................................................... 71

## ആമുഖം

**വൈ**ദേശികാധിപത്യത്തിൽ നിന്നും നമ്മുടെ നാട് സ്വതന്ത്രമാകുമ്പോൾ നമുക്ക് കുറെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. അവ സാക്ഷാത്കരിക്കുന്നതിന് ജനാധിപത്യത്തിലും മതേതരത്വത്തിലും അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടന മുറുകെ പിടിച്ച് കൊണ്ട് പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇന്ന് എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിലേക്ക് നാം നീങ്ങുകയാണ്. കാർഷിക വ്യവസായിക രംഗങ്ങളിലും സാമൂഹ്യസേവന രംഗത്തും നാം ഒട്ടേറെ മുന്നേറി. ശാസ്ത്രസാങ്കേതിക രംഗത്തും വമ്പിച്ച പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" എന്ന സങ്കൽപം സാധൂകരിക്കാൻ നമുക്ക് കഴിയാതെ പോയി. റോഡുകളും കൂറ്റൻ അണക്കെട്ടുകളും അംബരചുംബികളായ മണിമന്ദിരങ്ങളും നമ്മുടെ നാട്ടിൽ ഉയർന്നു വന്നു. വികസനം നാടിന്റെ ചില പ്രത്യേക മേഖലകളിലും പ്രത്യേക വ്യക്തികളിലും കേന്ദ്രീകരിക്കപ്പെട്ടു. മഹാ ഭൂരിപക്ഷത്തിന് വികസനത്തിന്റെ ഗുണഭോക്താക്കളാകാൻ വേണ്ടത്ര കഴിഞ്ഞില്ല. ഇതിന് കാരണം ഇന്നേ വരെയുള്ള ആസൂത്രണത്തിന്റെ കാതലായ ചില പോരായ്മകളാണ്. അവയിൽ ഒന്ന് ആസൂത്രണത്തിലെ ഉദ്യോഗസ്ഥമേധാവിത്വം, രണ്ട് പ്രാദേശിക സ്ഥാപനങ്ങൾക്ക് അടിസ്ഥാനപരമായ അധികാരമല്ലായ്മ, മൂന്ന് തങ്ങൾക്ക് വേണ്ടത് എന്താണെന്ന് മുൻഗണനാക്രമം നിശ്ചയിക്കാൻ പൊതുജനങ്ങൾക്ക് ഇല്ലാതിരുന്ന പങ്കാളിത്തം ഇവയാണ്.

പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് 73,74 ഭരണഘടനാ ഭേദഗതിയോടുകൂടി ഒട്ടേറെ അധികാരങ്ങൾ ലഭിച്ചു. ജനങ്ങൾക്ക് ആസൂത്രണത്തിൽ നേരിട്ട് പങ്കാളിയാകാൻ കഴിഞ്ഞു എന്നത് ജനകീയാസൂത്രണത്തിന്റെ സവിശേഷമായ ഒരു ഘടകമാണ്. 1997 ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കുന്ന ഒമ്പതാം പദ്ധതി, അത് കൊണ്ട് തന്നെ കേരളത്തിന്റെ ജനകീയപദ്ധതിയാണ്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് വകയിരുത്തുന്ന 35-40 ശതമാനം ഫണ്ടുകൾ ത്രിതല പഞ്ചായത്തുകൾക്ക് നൽകാൻ കേരള സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇത്രയും ഫണ്ടുകൾ കൊണ്ട് പദ്ധതികൾ ആവിഷ്കരിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തുകൾക്ക് ഉണ്ട്. ആ ഭാരിച്ച ചുമതല നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾ ഒരു മഹത്തായ ലക്ഷ്യം മുൻനിർത്തി വികസനോന്മുഖ ആസൂത്രണത്തിൽ പങ്കാളികളാകുക എന്നതാണ്.

ജന പങ്കാളിത്തം പരമാവധി ഉറപ്പ് വരുത്താൻ വിവിധഘട്ടങ്ങളിലായി സംസ്ഥാന സർക്കാറിന്റേയും ആസൂത്രണ ബോർഡിന്റേയും വിപുലമായ പഠന പ്രചരണ പ്രവർത്തനം നടന്നു വരികയാണ്. നാടിന്റെയും നാട്ടുകാരുടെയും ക്ഷേമത്തിന് വേണ്ടി അർപ്പണമനോഭാവത്തോടെ ഒരു പുത്തൻ രാഷ്ട്രീയ സാംസ്കാരത്തിന്റെ സന്ദേശ വാഹകരായി സ്വയം സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുന്ന ജനസേവകരായി മാറാൻ ജനകീയ ആസൂത്രണത്തിലൂടെ നമ്മുടെ പഞ്ചായത്തിന്ന് കഴിഞ്ഞിട്ടുണ്ട്.

1996 സപ്തമ്പർ 11 മുതൽ 13 വരെ തിയ്യതികളിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള ജില്ലാതല പരിശീലന ക്യാമ്പ് തിരൂർ ഡയറ്റിൽ വെച്ച് നടന്നു. ഇതിൽ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ആറ് പേർ പങ്കെടുത്തു. 19-9-96 ന് വളാഞ്ചേരി പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ലോക്കൽ റിസോഴ്സ് പേഴ്സൺമാർക്കുള്ള പഞ്ചായത്ത് തല ശില്പശാല നടത്തിയതിൽ വിവിധ വാർഡുകളിൽ നിന്നായി 78 പുരുഷന്മാരും 7 സ്ത്രീകളുമടക്കം 85 പേർ പങ്കെടുത്തു. തുടർന്ന് 17-9-96 ന് D.R.Pമാരുടെയും പഞ്ചായത്ത് ജനപ്രതിനിധികളുടെയും യോഗം ചേരുകയും 12 വാർഡുകളിലെ ഗ്രാമസഭ സപ്തംബർ 27 മുതൽ ഒക്ടോബർ രണ്ടോടു കൂടി പൂർത്തീകരിക്കുകയും ചെയ്തു. ഗ്രാമ സഭകൾക്ക് LRP മാർ വിവിധ വാർഡുകളിൽ പ്രചരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഗ്രാമ സഭകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

### ഗ്രാമ സഭകളുടെ പങ്കാളിത്തം ( പട്ടിക.1)

| വാർഡ്. | തിയ്യതി. | പുരുഷൻ. | സ്ത്രീ. | ആകെ. |
|---|---|---|---|---|
| 1 | 27-9-96 | 117 | 28 | 145 |
| 2 | 28-9-96 | 128 | 19 | 147 |
| 3 | 2-10-96 | 61 | 14 | 75 |
| 4 | 29-9-96 | 92 | 40 | 132 |
| 5 | 29-9-96 | 101 | 13 | 114 |
| 6 | 27-9-96 | 130 | 10 | 140 |
| 7 | 2-10-96 | 150 | 125 | 275 |
| 8 | 27-9-96 | 77 | 05 | 82 |
| 9 | 29-9-96 | 60 | 10 | 70 |
| 10 | 2-10-96 | 95 | 65 | 160 |
| 11 | 28-9-96 | 65 | 25 | 90 |
| 12 | 27-9-96 | 80 | - | 80 |
| | | 1156 | 354 | 1510 |

ഗ്രാമസഭകളിലെ പങ്കാളിത്തം പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പ്രാതിനിധ്യം 7-ാം വാർഡ് ഗ്രാമ സഭയിലാണ്.

രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 14-10-96 ന് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വാർഡ്തല കൺവീനർമാരും DRP മാരും സന്നദ്ധ സേവകരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഒത്തു ചേർന്നു ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കലാജാഥ വിവിധ വാർഡുകളിൽ പര്യടനം നടത്തി.

ഒക്ടോബർ 28,29,30 തിയ്യതികളിൽ രണ്ടാം ഘട്ട ജില്ലാ പരിശീലനം തിരൂർ ബോയ്സ് ഹൈസ്കൂളിൽ വെച്ച് നടന്നു. 2-11-96 ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് LRP മാർക്കുള്ള രണ്ടാം ഘട്ട പരിശീലനം നല്കി. സെക്കന്ററി ഡാറ്റ കലക്ഷന് വേണ്ടി വിവിധ സർക്കാറാഫീസുകളിലേക്കു വേണ്ട സ്കോഡുകൾ രൂപീകരിച്ചു സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചു . ഭൂപ്രകൃതിയെ കുറിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പഠനസംഘം പ്രകൃതി സുന്ദരമായ കല്യാണഒറുവിൽ നിന്ന് പ്രയാണമാരംഭിച്ചു. വയനാടൻ കുന്നുകളുടെ ശാലീനതയും സൈലന്റ് വാലിയുടെ നിശ്ശബ്ദതയും ഓർമ്മിപ്പിക്കുന്ന താഴ്വാരങ്ങളിലൂടെ ചുള്ളിചോലയുടെ സംഗീതം നുകർന്നു പര്യടനസംഘം പഞ്ചായത്തിലാകെ പര്യടനം പൂർത്തിയാക്കി.

ഏത് പ്രവർത്തനത്തിലും സഹകരിക്കാൻ രാഷ്ട്രീയജാതിമത ബന്ധങ്ങൾക്കതീതമായി സമൂഹത്തിന്റെ ഉന്നമനത്തിന്ന് വേണ്ടി സ്വയം സമർപ്പിക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ശ്രമഫലമാണ് വളാഞ്ചേരി പഞ്ചായത്തിന്റെ പുതിയ ഒരു ചരിത്രത്തിന്റെ തുടക്കം കുറിക്കുന്ന ഈ വികസന രേഖ.

ഇന്നലകളുടെ നേട്ടങ്ങളെ സ്വാംസ്വീകരിച്ചും ഇന്നിന്റെ വെല്ലുവിളികളെ ജനശക്തി കൊണ്ട് നേരിട്ടും വരും കാല വികസന ചക്രം ദൃഢപ്രതിജ്ഞയോടും ആത്മ വിശ്വാസത്തോടുകൂടി കറക്കി പുതിയൊരു വികസന പാന്ഥാവിലേക്ക് നമുക്ക് ഒന്നിച്ചു മുന്നേറാം.

# നമ്മുടെ പഞ്ചായത്ത്

| | |
|---|---|
| പേര് | : വളാഞ്ചേരി ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വില്ലേജ് | : കാട്ടിപ്പരുത്തി |
| ബ്ലോക്ക് ഡിവിഷൻ | : കാട്ടിപ്പരുത്തി, തൊഴുവാനൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : കുറ്റിപ്പുറം |
| താലൂക്ക് | : തിരൂർ |
| അസംബ്ലി മണ്ഡലം | : കുറ്റിപ്പുറം |
| വിസ്തീർണ്ണം | : 10.64 ച. കി. മീ |
| ജനസംഖ്യ | : 30,845 ( 91-ലെ സെൻസസ് പ്രകാരം) |
| വാർഡുകൾ | : 12 |
| അതിരുകൾ | : **വടക്ക്** - മാറാക്കര പഞ്ചായത്ത് |
| | **തെക്ക്** - കുറ്റിപ്പുറം, ഇരിമ്പിളിയം പഞ്ചായത്തുകൾ |
| | **കിഴക്ക്** - എടയൂർ, ഇരിമ്പിളിയം പഞ്ചായത്തുകൾ |
| | **പടിഞ്ഞാറ്** - കുറ്റിപ്പുറം, ആതവനാട് പഞ്ചായത്തുകൾ |

## ചരിത്രത്തിലേക്കൊരു എത്തി നോട്ടം.

**കേ**രളചരിത്രത്തിൽ എടുത്തു പറയത്തക്ക നേട്ടങ്ങളോ മഹത്വങ്ങളോ അവകാശപ്പെടാനില്ലെങ്കിലും, സാമൂഹ്യ രാഷ്ട്രീയ, സംസ്കാരിക, കലാ-സാഹിത്യ രംഗങ്ങളിൽ തനതായ വ്യക്തിത്വവും ശൈലിയും പുലർത്തിപ്പോരാൻ കഴിഞ്ഞിട്ടുള്ള ഒരു കൊച്ചുഗ്രാമ പഞ്ചായത്താണ് വളാഞ്ചേരി. ഏക ദേശം രണ്ട് പതിറ്റാണ്ടുകൾക്കു മുമ്പ് വരെ, ഓല മേഞ്ഞ കൊച്ചു കൂരകൾക്ക് താഴെ ചെറിയ ചെറിയ കച്ചവട പീടികകളും ആഴ്ചയിലൊരിക്കൽ അവശ്യ വസ്തുക്കൾ ലഭ്യമാവുന്ന ചന്തയും കൊണ്ട് ഗ്രാമ വാസികൾ സംതൃപ്തരായിരുന്നു. മരത്തണലുകൾ കനിഞ്ഞനുഗ്രഹിച്ച റോഡുകളിലൂടെ കാളവണ്ടികളുടെ ഞെങ്ങി ഞെങ്ങിയുള്ള യാത്രകൾ, വല്ലപ്പോഴും ശബ്ദ കോലാഹലങ്ങളുണ്ടാക്കിയോടുന്ന മോട്ടോർ വാഹനങ്ങൾ, തിരക്കൊഴിഞ്ഞ മനുഷ്യരുടെ പച്ചയായ സ്നേഹം, ലോസഞ്ചർ മിഠായിയും നിലക്കടലയും കോലുമിഠായിയും കടിച്ച് പറിക്കുന്ന സ്കൂൾ കുട്ടികൾ — പുറകിലേക്ക് നോക്കുമ്പോൾ എവിടക്കെയോ എന്തെല്ലാമോ നഷ്ടപ്പെട്ടു പോയ പ്രതീതി!. ഇന്ന് വളാഞ്ചേരി ഏറെ വളർന്നിരിക്കുന്നു. ഈ വളർച്ചയിൽ അഭിമാനിച്ചു കൊണ്ട് നമുക്ക് കഴിഞ്ഞ കാലത്തിന്റെ തിരശ്ശീല നീക്കി നോക്കാം.

മൂത്തമന പുരുഷോത്തമൻ നമ്പൂതിരി സ്ഥാപക മാനേജരായുള്ള വൈക്കത്തൂർ എൽ. പി. സ്കൂളായിരുന്നു ഈ പ്രദേശത്തെ ഏക വിദ്യാഭ്യാസ സ്ഥാപനം. നൂറ്റാണ്ട് പഴക്കമുള്ള ഈ സ്ഥാപനം പിന്നീട് യു.പി. സ്കൂളായി ഉയർത്തപ്പെട്ടു. എട്ട് പത്ത് നാഴിക ചുറ്റളവിൽ വിദ്യാഭ്യാസത്തിനായി ഈ സ്കൂൾ മാത്രമാണുണ്ടായിരുന്നത്. അന്ന് 8-ാം ക്ലാസ്സ് പരീക്ഷയായിരുന്നു യു. പി വിദ്യാഭ്യാസം. 1951 ൽ കൊളമംഗലത്തെ പുത്തൻ കളത്തിൽ ആരംഭിച്ച വളാഞ്ചേരി ഹൈസ്കൂളിന്റെ സ്ഥാപക മാനേജർ ശ്രീ. സി.എം. രാമക്കുറുപ്പായിരുന്നു. തുടർന്ന് മൈലാടിക്കുന്നിലേക്ക് മാറിയ ഈ സ്ഥാപനം നാഴികകൾ താണ്ടിയെത്തിയ വിദ്യാർത്ഥികൾക്ക് അനുഗ്രഹമായി. ശ്രീ. മഠത്തിൽ ബാലകൃഷ്ണൻ നായർ ഈ സ്ഥാപനത്തിന്റെ മാനേജരായി നിരവധി വർഷങ്ങൾ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ തിരൂർ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും വലിയ സ്കൂളാണ് ഇന്ന് വളാഞ്ചേരി ഹൈസ്കൂൾ. അതിനു വേണ്ട സ്ഥലം മഴവഞ്ചേരി മന സംഭാവന ചെയ്തു. ഈ വിദ്യാഭ്യാസ സ്ഥാപനത്തെപ്പോലെത്തന്നെ അന്നും വളാഞ്ചേരിയിൽ പോലീസ് സ്റ്റേഷനും പോസ്റ്റോഫീസും ഉണ്ടായിരുന്നു. നൂറ്റാണ്ടോളം പഴക്കവുമായി ഇന്നും നിലനിൽക്കുന്ന സ്ഥാപനങ്ങൾ. ആദ്യത്തെ തപാൽ പോസ്റ്റ്മാസ്റ്റർ മഴുവഞ്ചേരി ദാമോദരൻ നമ്പൂതിരിയായിരുന്നു. ഇദ്ദേഹം ഇവിടുത്തെ പഞ്ചായത്ത് കോടതിയുടെ അധ്യക്ഷനായി

ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. അന്ന് പഞ്ചായത്ത് കോടതിയുടെ തീരുമാനങ്ങൾക്കുള്ള അപ്പീൽ അധികാരം ഹൈക്കോടതിക്കു മാത്രമായിരുന്നു.

നെല്ലക്കോട്ട്, കുഞ്ഞാനിക്കാട്ട്, ഊരാടപടിഞ്ഞാറേതിൽ എന്നിവ നൂറ്റാണ്ടുകൾ പഴക്കമുള്ള പൗരാണിക കുടുംബങ്ങളാണ്. ഇതിൽ നെല്ലേക്കാട്ട് കുടുംബക്കാർക്ക് ദേശപ്രമാണിമാരുടെ സ്ഥാനവുമുണ്ടായിരുന്നു. അവർണ്ണകുടുംബങ്ങളിലെ വിവാഹാദികർമ്മങ്ങൾക്ക് ഈ വീട്ടുകാരുടെ അനുമതിയും സാന്നിദ്ധ്യവും നിർബ്ബന്ധമായിരുന്നു. പിൽക്കാലത്താണ് വെള്ളാട്ട് കുടംബക്കാരുടെ വരവും പ്രശസ്തിയും.

1921-ലെ മലബാർകലാപം നടന്ന ഒരു പ്രദേശമാണ് വളാഞ്ചേരി. ചില കൊലകളും നിരവധി ജയിൽവാസവും അന്നത്തെ ഭീകരതയുടെ ഓർമ്മകളാണ്. ഓട്ടുപാത്ര വ്യവസായവും അതിന്റെ പ്രവത്തിക്കാരായ കമ്മാളന്മാരും വളാഞ്ചേരിയുടെ ചരിത്രത്തിൽ മുഴച്ചു നിൽക്കുന്നു. ചങ്ങമ്പള്ളി ഗുരുക്കന്മാരുമായി ഇവരെ ബന്ധപ്പെടുത്തി പല ചരിത്ര കഥകളുമുണ്ട്. ചങ്ങമ്പള്ളി മമ്മുഗുരുക്കൾ ആയോധന കലയിലും നാഡിചികിത്സയിലും പേരെടുത്തു പറയാവുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

1932-ൽ ഇവിടെ രാഷ്ട്രീയവീക്ഷണം വിതക്കാൻ പറ്റിയ ചില കാരണങ്ങളുണ്ടായി. ഗുരുവായൂർക്ഷേത്രസത്യാഗ്രഹവും, ശ്രീ. കേളപ്പന്റെ ഉപവാസത്തിനുശേഷം പൊന്നാനി താലൂക്കിലെ സവർണ്ണ ഹിന്ദുക്കളുടെ അഭിപ്രായമാരായാൻ ഒരു റഫറണ്ടം നടത്തി. റഫറണ്ടത്തിന്റെ കേന്ദ്ര ഓഫീസ് വളാഞ്ചേരിയായിരുന്നു. ഈ സന്ദർഭത്തിലാണ് കസ്തൂർഭായി ഗാന്ധി, സി.ആർ.ദാസിന്റെ സഹോദരി ഊർമ്മിളാ ദേവി, സദാശിവറാവു, രാജാജി, യു.ഗോപാലമേനോൻ തുടങ്ങിയ പ്രശസ്തർ ഇവിടെ സന്ദർശിച്ചത്. വി.ടി. ഭട്ടതിരിപ്പാടും ഈ കൂട്ടത്തിൽ എടുത്തു പറയേണ്ട വ്യക്തിയാണ്. വി. പരമേശ്വരൻ, വി. പത്മനാഭമേനോൻ, എൻ. ദാമോദരൻ എന്നിവർ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ആദ്യത്തെ രണ്ടുപേർ ജയിൽവാസം വരിക്കയുമുണ്ടായി. ഇതിൽ വി. പരമേശ്വരൻ രാഷ്ട്രീയത്തിന്റെ ഉന്നതങ്ങളിൽ എത്തിച്ചേർന്നു. അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷൻ ജോ. സെക്രട്ടറി, ഇന്ത്യൻ സമാധാന കൗൺസിലിൽ സെക്രട്ടറി, ലോകസമാധാന കൗൺസിലിന്റെ ജോ.സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച് ഒരു വർഷം മുമ്പ് എറണാകുളത്ത് നിര്യാതനായി.

1936-ലാണ് വളാഞ്ചേരിയിലെ ആദ്യത്തെ കോൺഗ്രസ്സ് കമ്മിറ്റി രൂപീകരിച്ചത്. വെള്ളാട്ട് ദാമോദരമേനോൻ ആയിരുന്നു പ്രസിഡണ്ട്. കോൺഗ്രസ്സ്-കർഷക പ്രവർത്തനങ്ങൾ സജീവമായിരുന്ന കാലമായിരുന്നു അത്. കൂടാതെ വെള്ളാട്ട് കേശവമേനോൻ പ്രസിഡണ്ടും എൻ. ദാമോദരൻ സെക്രട്ടറിയുമായി ഒരു സാംസ്കാരിക സമിതിയും പ്രവർത്തിച്ചിരുന്നു. ടി.പി. നാരായണൻ, ചേക്കുമാസ്റ്റർ, കുഞ്ഞിമൊയ്തു മാസ്റ്റർ, എൻ. കുട്ടിശങ്കരൻ നായർ തുടങ്ങിയവർ അന്നത്തെ പ്രധാന കോൺഗ്രസ്സ് പ്രവർത്തകരായിരുന്നു. അന്ന് എയ്ഡഡ് അധ്യാപകരെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നും ബ്രിട്ടീഷ് സാമ്രാജ്യത്വം തടഞ്ഞിരുന്നില്ല! അതൊരത്ഭുതമായിരുന്നു. അക്കാലത്തെ പൊന്നാനി താലൂക്ക് അദ്ധ്യാപകയൂണിറ്റിന്റെ ആസ്ഥാനവും വളാഞ്ചേരിയായിരുന്നു. എം.പി.കൃഷ്ണമേനോൻ, കാഞ്ഞിരങ്ങാട്ട് ബാലകൃഷ്ണൻ നായർ, കാക്കുണ്ണി നമ്പ്യാർ, വി.വി. രാഘവവാര്യർ, ടി.പി.നാരായണൻ, ചേക്കു മാസ്റ്റർ, ഇ.പി. ഗോവിന്ദൻ നായർ എന്നിവരനുഷ്ടിച്ച ത്യാഗങ്ങൾ നിരവധിയായിരുന്നു.

1938-ലാണ് വളാഞ്ചേരിയിൽ മുസ്ലിം ലീഗിന്റെ ആവിർഭാവമുണ്ടായത്. ഒരനാഥ ബാലനായിരുന്ന കുഞ്ഞുമൊയ്തുവിന് ലാഹോറിൽവെച്ച് വിദ്യാഭ്യാസം ലഭിക്കാനിടയായി. (ഇദ്ദേഹത്തിന്റെ പിതാവ് മലബാർ കലാപത്തിൽപെട്ട് ജയിൽ ശിക്ഷയനുഭവിക്കുമ്പോൾ അന്തരിക്കുകയാണുണ്ടായത്). വിദ്യാഭ്യാസാനന്തരം തിരിച്ചെത്തിയ കുഞ്ഞിമൊയ്തുവാണ് ഇവിടെ മുസ്ലിം ലീഗിന്റെ പ്രവ്രാത്തനമാരംഭിച്ചത്. തുടർന്ന് ഈ നാട്ടുകാരനും മതപണ്ഡിതനും ശാന്തശീലനുമായിരുന്ന പി.സി.എസ്സ്. മൗലവിയുടെ അനുഗ്രഹാശിസ്സുകളോടെ ലീഗ് പ്രവർത്തനം തുടങ്ങി. മൂച്ചിക്കലിനടുത്ത് ഒരു പുറമ്പോക്ക് സ്ഥലത്ത് സീതിസാഹിബിന്റേയും ഹൈദ്രോസ്സ് സാഹിബിന്റേയും ഉജ്ജ്വല പ്രഭാഷണത്തോടെ ലീഗ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ ലീഗ് സമ്മേളനത്തിൽ കോൺഗ്രസ്സുകാരനായ ചേക്കു മാസ്റ്റർ ലീഗിനെ വിമർശിച്ചു പ്രസംഗിച്ചത് ഒരപശബ്ദമായി കോളിളക്കം സൃഷ്ടിച്ചു. അങ്ങിനെ 1930-കളുടെ മദ്ധ്യം തൊട്ട് വളാഞ്ചേരി രാഷ്ട്രീയത്തിന്റെ ചൂടുപിടിച്ച പ്രദേശമായി. ലീഗിന്റെ പിൽക്കാല ചരിത്രത്തിൽ ദീർഘകാലം അതിന്റെ നേതൃത്വം ജ: സി.എച്ച്. ആലികുട്ടി ഗുരുക്കൾക്കായിരുന്നു.

കാർഷികമേഖലയിൽ വളാഞ്ചേരിക്ക് എടുത്തുപറയാവുന്ന നേട്ടങ്ങൾ അവകാശപ്പെടാനില്ല. പണ്ട് കേരളത്തിൽ ഒരു വർഷത്തെ മൊത്തം ചെലവിനുള്ള ധാന്യങ്ങളുടെ 8 മാസത്തേക്കുള്ള വക ഇവിടെ തന്നെ ഉൽപ്പാദിപ്പിച്ചിരുന്നു. ബാക്കി കാലങ്ങളിലേക്കുള്ളവ മാത്രമായിരുന്നു യു.പി., ആന്ധ്ര തുടങ്ങിയിടങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിരുന്നത്. എന്നാൽ ഇന്നത് 4 മാസത്തേക്കു മാത്രമുള്ളത് ഇവിടെ കൃഷിചെയ്ത് ബാക്കിയുള്ളവക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നമുക്കുള്ളത്. ഇത് വളാഞ്ചേരിക്കും ബാധകമാണ്. അന്ന് പച്ചപിടിച്ച നെൽപ്പാടങ്ങൾ മിക്കതും ഇന്ന് കെട്ടിടങ്ങളുണ്ടാക്കാൻ ഉപയോഗിച്ചതാണ് ഇതിന് ഒരു കാരണം. കുതിച്ചുയർന്ന കൂലിയും കൃഷിയിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കാൻ കാരണമായി. അടുക്കള തോട്ടങ്ങളിൽ ശ്രദ്ധിച്ചിരുന്ന കുടുംബങ്ങൾ ഇന്ന് പച്ചക്കറിക്ക് ഇറക്കുമതിയെ

ആശ്രയിക്കുകയാണ്. അരിയുടെ വില കുതിച്ചുയർന്ന കാലഘട്ടത്തിൽ 'വളാഞ്ചേരി മട്ടഅരി' പത്രങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

സാഹിത്യ സാംസ്ക്കാരിക രംഗത്ത് ഏകദേശം എഴുപതിൽപരം വർഷങ്ങൾക്കുമുമ്പുതന്നെ വളാഞ്ചേരി പേരെടുത്തിരുന്നു. ദൃശ്യകലാ പ്രധാനമായ പുരാണ സംഗീത നാടകങ്ങൾ എല്ലാ വേനൽകാലങ്ങളിലും ശ്രീ. വി.വി. രാമവാരിയരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്നു. ആ പ്രസ്ഥാനത്തിൽ നിന്നും മുളച്ചുപൊന്തിയ വ്യക്തിയായിരുന്നു പിൽക്കാലത്ത് കേരളം മുഴുവൻ വളാഞ്ചേരിയുടെ പേരെത്തിച്ച ഹാസ്യകലാനടൻ ശ്രീ. എൻ.കുട്ടിശങ്കരൻ നായർ 1940-കളിൽ മലബാറിലെ മുഴുവൻ ഇടതുപക്ഷ രാഷ്ട്രീയക്കാരുടെ സദസ്സുകളിൽ അദ്ദേഹം വിജയക്കൊടി നാട്ടി. വളാഞ്ചേരി കുട്ടിശങ്കരൻ നായരുടെ പേരുകേട്ടാൽ ജനം തള്ളിക്കയറുമായിരുന്നത്രെ. 1990-ലെ കേരള സാഹിത്യ അക്കാദമി അവാർഡും 1993-ലെ സി.ജെ.സ്മാരക ട്രസ്റ്റിന്റെ ഫാ. എബ്രഹാം വടക്കേൽ സ്മാരക അവാർഡും നേടിയ ശ്രീ. എൻ ദാമോദരൻ രാഷ്ട്രീയത്തിനതീതമായി ഇന്നും തൂലികയിലൂടെ പോരാടുന്ന വ്യക്തിയാണ്. വളാഞ്ചേരിയിൽ നിരവധി കലാസാംസ്കാരിക സംഘടനകൾ രൂപപ്പെടുകയും ഈയാം പാറ്റകളെപ്പോലെ മറഞ്ഞ് പോവുകയും ചെയ്തിട്ടുണ്ട്. ഇതിൽ എടുത്തുപറയാവുന്ന ഒന്നാണ് 1970-കളിൽ പ്രവർത്തിച്ചിരുന്ന കലാസാഗർ തിയ്യറ്റേഴ്സ്. യുവാക്കൾക്ക് തൊഴിലും ത്വരയും ഉണ്ടാവുമ്പോൾ മറഞ്ഞുപോകുന്ന ഇത്തരം സംഘടനകളെ ഏറ്റെടുക്കാൻ തിരക്കുപിടിച്ച പുതിയ യുവതലമുറക്ക് സമയമെവിടെ? 1960-കളുടെ അവസാനം രൂപീകരിച്ച ദേവേശ സ്മാരക ട്രസ്റ്റിന്റെ പ്രവർത്തനവും ഇന്ന് മന്ദീഭവിച്ചതായി തോന്നുന്നു.

ശ്രീ. മുഴുവഞ്ചേരി ദാമോദരൻ നമ്പൂതിരിയുടെയും മറ്റും ശ്രമഫലമായി വളാഞ്ചേരിയിൽ ഒരു ഐക്യനാണയസംഘം പ്രവർത്തിച്ചിരുന്നു. യുദ്ധാനന്തരം മലബാറിൽ, ശ്രീ. കേളപ്പന്റെ പരിശ്രമഫലമായി ഫർക്കാ അടിസ്ഥാനത്തിൽ ഉൽപാദക ഉപഭോക്ത സഹകരണ സംഘം നിലവിൽ വന്നപ്പോൾ ശ്രീ. വെള്ളാട്ട് ദാമോദരമേനോൻ സെക്രട്ടറിയും ടി.കെ.സി. മൊയ്തീൻ കുട്ടി പ്രസിഡണ്ടുമായി വളാഞ്ചേരിയിലും ഒരെണ്ണം നിലവിൽ വന്നു. അതിന്റെ തുടർച്ചയാണ് ഇന്നത്തെ കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്.

1950കളിൽ കമ്യൂണിസം പാർലിമെന്ററി സമ്പ്രദായം സ്വീകരിച്ചതോടെ ഇവിടെ ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തനം സജീവമായി. 1940ൽ കൊട്ടാരത്ത് വെച്ച് ഏതാനം പേർ കൂടി ചേർന്ന് കൂടി ഒരു ചെറിയ ചർച്ചയിലൂടെയാണ് വളാഞ്ചേരിയിൽ കമ്യൂണിസം ആരംഭിക്കുന്നത്. ഇക്കാലത്ത് കമ്മ്യൂണിസം നിരോധിച്ച കാലമായിരുന്നു. വി. പരമേശ്വരൻ വെണ്ടല്ലൂർ, മഠത്തിലെ ഗോവിന്ദൻ കുട്ടി (ഇദ്ദേഹം അദ്ധ്യാപക സമരത്തിൽ ജയിലിൽ പോയ അദ്ധ്യപക നല്ലാത്ത ഒരു വ്യക്തിയായിരുന്നു.), ദാമോദരമേനോൻ, പത്മനാഭ മേനോൻ എന്നിവർ പങ്കെടുത്തിരുന്നു. ഗോവിന്ദൻ കുട്ടി പിന്നീട് ദേശാഭിമാനി പത്രത്തിന്റെ മാനേജരായിരുന്നിട്ടുണ്ട്. 1948-ൽ നടന്ന സമരത്തിൽ ശ്രീ. ഇ രാമൻ നായർ പോലീസിന്റെ ഭീഷണിക്ക് വിധേയനായിട്ടുണ്ട്. 1950-കളിൽ ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ വളാഞ്ചേരിയിൽ താമസിച്ച് പ്രവർത്തിച്ചിരുന്നു. തുടർന്നുണ്ടായിട്ടുള്ള വളാഞ്ചേരിയിലെ എല്ലാ ഇടതുപക്ഷ കർഷക സമരങ്ങളിലും ശ്രീ. ഇ. രാമൻനായർ, വിക്കരൻ മാസ്റ്റർ, ടി.പി. നാരായണൻ, ഇ.പി. ഗോവിന്ദൻ നായർ, ടി. ആർ. കൃഞ്ഞികൃഷ്ണൻ തുടങ്ങി നിരവധിപേർ നേതൃത്വം നൽകിയിട്ടുണ്ട്.

മത വലതുപക്ഷ രാഷ്ട്രീയവും അപ്രധാനമല്ലാതെ വന്നു. 1959-ലാണ് ആദ്യത്തെ കൈ പൊക്കി വോട്ടെടുക്കുന്ന സമ്പ്രദായത്തിലുള്ള പഞ്ചായത്ത് നിലവിൽ വന്നത്. ശ്രീ. വള്ളാട്ട് പത്മനാഭ മേനോനായിരുന്നു. ആദ്യത്തെ പ്രസിഡണ്ട് ഇന്നത്തേതു പോലെ അന്നും പ്രസിഡണ്ടിന് എക്സിക്യൂട്ടീവ് അധികാരമുണ്ടായിരുന്നു. 1964-ൽ നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം പരാജയപ്പെട്ടു. തുടർന്ന് അക്കിരാമൻ നമ്പൂതിരി, പാലാറ കുഞ്ഞറമുട്ടി ഹാജി, കെ.കെ. ഇസ്മയിൽ, പാലാറ ഹംസ ഹാജി, മാരാത്ത് അബ്ദു ഹാജി തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടുമാരായിരുന്നു.

1980-ൽ സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ കാട്ടിപ്പരുത്തി പഞ്ചായത്ത് 1981-ൽ പേര് മാറ്റി വളാഞ്ചേരി പഞ്ചായത്തായി. 10.64 സ്ക്വയർ കിലോമീറ്റർ ചുറ്റളവുള്ള ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ (1991- ലെ സെൻസസ്സ് പ്രകാരം) 30010 ആണ്. ഇതിൽ 2839പേർ പട്ടികജാതിക്കാരാണ്. ഇന്ന്, എഞ്ചിനീയറിംഗ് (സ്വാശ്രയ കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജ് (ഈ കോളേജിന്റെ സംസ്ഥാപനത്തിൽ പരേതനായ ഡോ. എൻ. കെ. മുഹമ്മദ് സ്തുത്യർഹമായ സേവനം നടത്തീട്ടുണ്ട്.), ടീച്ചേഴ്സ് ട്രൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈസ്ക്കൂൾ, മൂന്ന് യു.പി. സ്ക്കൂളുകൾ, ഏഴ് എൽ.പി സ്ക്കൂളുകൾ, ഗവ.ആശുപത്രി, ആയുർവ്വേദാശുപത്രി, നാല് സ്വകാര്യ ആശുപത്രികൾ, ബ്ലോക്ക് ആപ്പീസ്, ദേശസാൽകൃത-സ്വകാര്യ-സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനമുള്ള വളാഞ്ചേരി പഞ്ചായത്ത് സമ്പന്നമാണ്. നിരവധി സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്ക്കാരിക സന്നദ്ധ സംഘടനകളും വളാഞ്ചേരിയുടെ പുരോഗതിയിൽ സ്തുത്യർഹമായ പങ്ക് വഹിക്കുന്നു. 12 വാർഡുകളും 17847 വോട്ടർമാരുമുള്ള ഈ സ്പെഷൽ ഗ്രേഡ് പഞ്ചായത്തിന്റെ ഇന്നത്തെ ഭരണ സാരഥി ശ്രീ. സി.എച്ച്. അബൂയൂസഫ് ഗുരുക്കൾ ആണ്.


എല്ലാ നേട്ടങ്ങൾക്കുപുറകിലും എന്തെങ്കിലും കോട്ടങ്ങളുണ്ടാവുക സ്വാഭാവികമാണ്. ഗ്രാമത്തിന്റെ മണവും സൗന്ദര്യവും നഷ്ടപ്പെട്ട്

വളാഞ്ചേരി, പട്ടണമായി മാറിക്കൊണ്ടിരിക്കുകയാണ്. കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളും തിരക്കേറിയ ബസ്സ് സ്റ്റാന്റും കുതിച്ചോടുന്ന മോട്ടോർ വാഹനങ്ങളും, ഉള്ള ജീവിതം എത്രയും വേഗം ജീവിച്ചു തീർക്കാനുള്ള ത്വരയോടെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കോടിയകലുന്ന ജനസമൂഹവും വളാഞ്ചേരിയെ വീർപ്പ് മുട്ടിക്കുന്നു. പക്ഷേ വളാഞ്ചേരി ഏറെ വലുതായിരിക്കുന്നു; സമ്പന്നമായ ഒരു കൊച്ചു പട്ടണമായിട്ട്. ഈ വളർച്ചയിൽ മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ പഴയ തലമുയോട് നാം കടപ്പെട്ടിരിക്കുന്നു.........

ഇത് വളാഞ്ചേരി പഞ്ചായത്തിന്റെ സമഗ്രമായ ഒരു ചരിത്രമല്ല, ഓർമ്മയിൽ വരുന്നതും അന്വേഷിച്ച് ലഭിച്ചതുമായ കുറച്ചുവസ്തുതകൾ മാത്രം. ഓർമ്മക്ക് കൂട്ടു നിൽക്കാത്ത അനേകം സംഭവങ്ങളേയും വ്യക്തികളേയും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ഇനിയും ഒരു പാട് വികസനങ്ങൾ കാത്ത് ഇവിടെ താമസിക്കുന്ന ഗ്രാമവാസികൾക്കു മുന്നിൽ ഈ ചെറിയ ചരിത്രം അവതരിപ്പിക്കുന്നു.

തയ്യാറാക്കിയത്

**മാനവൻ**


വളാഞ്ചേരിപഞ്ചായത്ത് [സ്പെഷ്യൽഗ്രേഡ്]
ഭൂപ്രകൃതി
കുന്നിൻ പ്രദേശങ്ങൾ
കുന്നിൻ ചരിവുകൾ
സമതലങ്ങൾ
പാടശേഖരങ്ങൾ

# പ്രകൃതിവിഭവങ്ങളും ജനങ്ങളും

**ഭൂ**പ്രകൃതി അനുസരിച്ച് വളാഞ്ചേരിപഞ്ചാത്തിനെ നാലായി തരം തിരിക്കാം.

1. കുന്നിൻ പ്രദേശങ്ങൾ
2. കുന്നിൻ ചെരുവുകൾ
3. സമതല പ്രദേശങ്ങൾ
4. പാടങ്ങൾ

## ഉയർന്ന നിരപ്പുള്ള പ്രദേശങ്ങൾ

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾ അധികവും ചെങ്കൽ പ്രദേശങ്ങൾ ആണ്. കശുവണ്ടിയും പടുമരങ്ങളും മറ്റു ഇടകൃഷികളും നടക്കുന്ന പ്രദേശങ്ങളാണിത്. ഗതാഗതയോഗ്യമായ ഈ പ്രദേശങ്ങളിൽ ധാരാളം വീടുകളും ചെങ്കൽ കോറികളും നടക്കുന്നുണ്ട്. രണ്ടാം വാർഡ് ഒഴികെയുള്ള മറ്റെല്ലാ വാർഡുകളിലും കുന്നിൻ പ്രദേശങ്ങൾ ഉണ്ട്.

## കുന്നിൻ ചെരുവുകൾ

കുന്നിൻ ചെരുവുകളിൽ പ്രധാനകൃഷി തെങ്ങാണ്. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ചെരുവുകളിൽ സമൃദ്ധിയായി വളരുന്നുണ്ട്.

## സമതല പ്രദേശങ്ങൾ

കുന്നിൻ ചെരുവുകളുടെ താഴ്വാരപ്രദേശങ്ങളായ ഈ പ്രദേശത്ത് കൂടുതൽ ജനനിബിഡമാണ്. തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, വെറ്റില, പച്ചകറികൾ എന്നിവ കൃഷിചെയ്യുന്ന ഈ പ്രദേശം ഫലഭൂയിഷ്ടമാണ്. നീർച്ചാലുകളേയും മഴയേയും ആശ്രയിച്ചാണ് ഈ പ്രദേശത്തെ കൃഷിയെങ്കിലും കാർഷിക രംഗത്തെ ഉൽപാദനത്തിന്റെ എഴുപത്തഞ്ച് ശതമാനവും ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നു. അശാസ്ത്രീയമായ കൃഷിയും കുന്നിൻ ചെരുവുകളിലെ നിർമ്മാണ പ്രവർത്തനങ്ങളും പരമ്പരാഗതമായ ചോലകളിലെ നീരുറവയെ വളരെയേറെ ബാധിക്കുന്നത് കൊണ്ട് ഈ പ്രദേശവും വരൾച്ചയുടെ ഭീഷണിയെ നേരിടുന്നു.

## നെൽപാടങ്ങൾ.

താഴ്വാരത്തോട് ചേർന്നുകിടക്കുന്ന ഈ പ്രദേശത്ത് പ്രധാനകൃഷിനെല്ലാണ്. വീട് പണിയുന്നതിന് വേണ്ടിയും കുടിവെള്ളം കിട്ടുമെന്നത് കൊണ്ടും വയൽപ്രദേശങ്ങൾ നികത്തി തെങ്ങ്, കവുങ്ങ്, വാഴ മുതലായ കൃഷിയിലേക്ക് കർഷകർ ഒരുങ്ങുന്നത് കൊണ്ടും പതിനഞ്ച് ശതമാനത്തോളം വരുന്ന ഫലഭൂയിഷ്ഠമായ ഈ പ്രദേശം വിസ്തൃതി ചുരിങ്ങികൊണ്ടിരിക്കുകയാണ്. നെൽകൃഷിക്ക് വർദ്ധിച്ച് വരുന്ന കാർഷിക ചെലവ് കൊണ്ട് കൃഷി ഇറക്കാൻ മടിച്ചും ഭൂവിലയിൽ പറമ്പുകൾക്കാണ് കൂടുതൽ വില എന്നത് കൊണ്ടും പാടം നികത്തി പറമ്പുകൃഷിയിലേക്ക് തിരിയുന്ന കർഷകർ നാൾക്കുനാൾ കൂടികൊണ്ടുവരുന്നു. മഴയേയും ചെറുതോടുകളേയും ആശ്രയിച്ചാണ് ഈ പ്രദേശത്തെ കൃഷി.

രണ്ടും മൂന്നും വിള നടന്നിരുന്ന ഈ പ്രദേശങ്ങൾ ഒറ്റവിള തന്നെ കഷ്ടിച്ച് നടത്തുന്ന രീതിയായി മാറിയിരിക്കുന്നു.

## മണ്ണിന്റെ സ്വഭാവം

കുന്നിൻ മണ്ടകളിൽ കടുപ്പമേറിയ വെട്ടുകൽ മണ്ണാണ്. സ്ഥിരമായ ഒരു കൃഷിയും ഈ പ്രദേശങ്ങളിൽ ഇല്ല. ഇത്തരം പ്രദേശങ്ങൾ ഏറ്റവും കൂടുതൽ കണ്ടുവരുന്നത് 8,10,12 വാർഡുകളിലാണ്. രണ്ടാമതായി ചരൽ മണ്ണാണ്. കുന്നിൻ താഴ്വാര പ്രദേശങ്ങളും ചെരുവുകളും ഈ ഇനത്തിൽ പെടുന്നു. എല്ലാ വാർഡുകളിലും ഇത്തരം മണ്ണ് കണ്ടുവരുന്നു. മൂന്നാമതായി ചളിമണ്ണാണ്. പാടങ്ങളിലും പള്ളിയാലിലും സമതലങ്ങളിലും കണ്ടുവരുന്ന ഈ മണ്ണ് പശയുള്ളതും വളക്കൂറുള്ളതുമാണ്.

## ജനസംഖ്യ

1991ലെ കാനേഷുമാരി കണക്ക് പ്രകാരം വളാഞ്ചേരി പഞ്ചായത്തിലെ ജനസംഖ്യ 30010 ആണ്. എന്നാൽ 93-94ലെ ICDS - ന്റെ കണക്കു പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 32084 ആണ്. 4593 വീടുകളിലായി 15324 സ്ത്രീകളും 14686 പുരുഷന്മാരുമാണ്. അതിൽ 2842 പട്ടികജാതിക്കാരും 17 പട്ടിക വർഗ്ഗക്കാരും ഉൾപ്പെടുന്നതാണ് ജനസംഖ്യ. ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണ്. പത്ത് ശതമാനത്തോളം പട്ടികജാതി പട്ടിക വർഗ്ഗക്കാരുമാണ്. 72ശതമാനം ജനങ്ങളും സാക്ഷരരാണ്. പുരുഷന്മാരിൽ 74ശതമാനവും സ്ത്രീകളിൽ 70 ശതമാനവും സാക്ഷരരാണ്. കനേഷ്മാരി കണക്കനുസരിച്ച് തൊഴിലെടുക്കുന്നവരുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

### തൊഴിലെടുക്കുന്നവരുടെ എണ്ണം.

| തൊഴിൽ ഇനം | സ്ത്രീ. | പുരുഷൻ | ആകെ. |
|---|---|---|---|
| 1. മുഖ്യതൊഴിലുകൾ | 892 | 5541 | 6433 |
| 2 ഭാഗികതൊഴിലുകൾ | 259 | 299 | 588 |
| ആകെ. | 1151 | 5840 | 6991 |

### തൊഴിൽ പങ്കാളിത്ത നിരക്ക്

തൊഴിലുകളുടെ എണ്ണം വിവിധ മേഖലകളിൽ

| നമ്പർ | മുഖ്യ തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|---|
| 1. | കൃഷിക്കാർ | 499 | 32 | 531 | 7.59 |
| 2. | കർഷക തൊഴിലാളികൾ | 1136 | 398 | 1534 | 21.95 |
| 3. | മത്സ്യ ബന്ധനം മൃഗപരിപാലനം | 89 | 08 | 97 | 1.38 |
| 4. | ഖനനം പാറപൊടിക്കൽ | 124 | 13 | 137 | 1.96 |
| 5. | കുടിൽ വ്യവസായം | 94 | 09 | 103 | 1.47 |
| 6. | കെട്ടിട/റോഡ്- നിർമ്മാണം | 253 | 04 | 257 | 3.68 |
| 7. | വാണിജ്യം | 1211 | 21 | 1232 | 17.62 |
| 8. | ഗതാഗതം, വാർത്താ വിനിമയം | 625 | 11 | 636 | 9.09 |
| 9. | കുടിലേതര വ്യവസായം | 581 | 28 | 609 | 8.71 |
| 10. | സേവന മേഖല | 919 | 378 | 1297 | 48.56 |
| 11. | മറ്റു സേവനങ്ങൾ | 299 | 259 | 558 | 7.98 |
| ആകെ തൊഴിലെടുക്കുന്നവർ | | 5840 | 1151 | 6991 | 100 |
| | ജോലി ഇല്ലാത്തവർ | 8856 | 14163 | 23019 | |

(അവലംബം 1991 ലെ സെൻസെസ് റിപ്പോർട്ട്)

NB:ഇതിൽ ഉൾപ്പെട്ട 2000ത്തോളം ഗൾഫ് ജോലിക്കാരുണ്ട്.

ഈ പട്ടികയിൽ നിന്നും സ്ത്രീകളുടെയും പുരുഷന്മാരുടെയും തൊഴിൽ പങ്കാളിത്തത്തിന്റെ ഭീമമായ അന്തരം വ്യക്തമാകും. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തനിരക്ക് 83.5 % ആകുമ്പോൾ സ്ത്രീകളുടേത് വെറും 16.5 ശതമാനമാണ്. എന്നാൽ കുടുംബവുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന സ്ത്രീകളുടെ കണക്ക് ഈ റിപ്പോർട്ടിൽ ഇല്ല. വിശദമായി പരിശോധിച്ചാൽ കുടുംബജോലി കൂടി ഉൾപ്പെടുത്തിയാൽ പുരുഷന്മാരേക്കാൾ ജോലി ചെയ്യുന്നത് സ്ത്രീകളാണ് എന്ന് കാണാം. നിർമ്മാണ മേഖലകളിൽ ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ട് നിർമ്മാണരംഗത്ത് പണിയെടുക്കുന്ന ധാരാളം സ്ത്രീകളുണ്ട്. കാർഷികരംഗത്ത് നിന്നും ഈ രംഗത്തേക്ക് വൻ ഒഴുക്ക് തന്നെ ഉണ്ടായിട്ടുണ്ട്. STD ബൂത്തുകൾ, സെയിൽസ് ഗേളുകൾ, റെഡിമേഡ് രംഗം, വസ്ത്രവ്യാപാരം എന്നീ രംഗത്തേക്കും സ്ത്രീ പ്രാതിനിധ്യം കൂടി വന്നിട്ടുണ്ട്. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിലെ കർഷകരുടെയും കർഷകതൊഴിലാളികളുടെയും എണ്ണം കുറയുന്നതും കാർഷിക രംഗത്തെ മുരടിപ്പ് വിളിച്ചോതുന്നുണ്ട്. പട്ടിക ജാതി കുടുംബങ്ങളെ ഒഴിവാക്കിയാൽ എല്ലാ ജാതിയിലും മതത്തിലും പെട്ട ആളുകൾക്കിടിയിലും പാവപ്പെട്ടവരേയും പണക്കാരെയും കാണാം. പട്ടിക ജാതി വിഭാഗത്തിൽ 1428 പുരുഷന്മാരും 1414 സ്ത്രീകളുമാണുള്ളത്. ഇത് ആകെ ജനസംഖ്യയുടെ പത്ത് ശതമാനത്തിന് താഴെ വരും. തൊഴിലില്ലാത്ത 8856ൽ രണ്ടായിരത്തോളം പുരുഷന്മാർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. അത് കൊണ്ട് തൊഴിലില്ലായ്മയുടെ രൂക്ഷത പഞ്ചായത്തിൽ മറ്റു ഭാഗങ്ങളിലെന്ന പോലെ അനുഭവപെട്ടിട്ടില്ല. എന്നാൽ ഗൾഫ് മേഖലയുടെ അടുത്ത കാലത്തുണ്ടായ മാന്ദ്യം പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളേയും മറ്റും ബാധിച്ചു തുടങ്ങിയിട്ടുണ്ട്.

## ജലവിഭവം.

പഞ്ചായത്തിൽ നിലവിലുള്ള കാർഷിക വ്യവസ്ഥ മഴയെ ആശ്രയിച്ച് മാത്രം നിലകൊള്ളുന്നു. ജൂൺ ജൂലായ് മാസങ്ങളിലാണ് അധികവും മഴകിട്ടാറ്. മഴവെള്ളം തടഞ്ഞു നിർത്തി കൃഷിക്കുപയോഗമാക്കുന്ന പദ്ധതികൾ ഒന്നും പഞ്ചായത്തിൽ ഇല്ല. എന്നാൽ ഇടമഴ കിട്ടാതിരുന്നാൽ കൃഷിക്കെന്നല്ല കുടിവെള്ളത്തിനുപോലും പ്രയാസം നേരിടുന്ന പ്രദേശങ്ങളാണ് അധികവും.

എടയൂർ പഞ്ചായത്തില കരേക്കാട് നിന്നും ഉത്ഭവിക്കുന്ന കോതേതോട് 1,2,4,7 വാർഡുകളിലൂടെ ഒഴുകി ഇരിമ്പിളിയം പഞ്ചായത്തിലേക്ക് കടന്ന് ഭാരതപ്പുഴയിൽ ലയിക്കുന്നു. ഒന്നാം വാർഡിൽ കോതേതോടിൽ ചേരുന്ന മനക്കൽപടി തോടും ഒഴുകുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുകൂടി തെക്ക് വടക്കായി ഒഴുകുന്ന പ്രധാന തോടാണിത്. പഞ്ചായത്തിന്റെ ഏകദേശം നടുവിലൂടെ വടക്കു ഭാഗത്തുള്ള മാറാക്കര പഞ്ചായത്തിലെ അതിർത്തിയിൽ നിന്ന് ഉത്ഭവിക്കുന്ന കല്യാണ ഉറുതോടും പാറക്കൽ ചെറുതോടും ആറാം വാർഡിലൂടെ ഒഴുകുന്ന കാട്ടപ്പരുത്തി കൈതോടും കൂടി ഒന്നിച്ച് തെക്കോട്ട് ഒഴുകി ഇരുമ്പിളിയം പഞ്ചായത്തിലെ മൂന്നാകുണ്ടിൽ ലയിക്കുന്നു. 12,8,9,11ന്റെ ഓരത്തിലൂടെയും 5,6 വാർഡുകളുടെ പാർശ്വത്തിലൂടെയും കടന്നു വരുന്ന ഈ തോടും കൃഷിക്കാരുടെ ഏക ആശ്രയമാണ്. ഈ തോടുകളിൽ കാര്യമായ പൊതു ചിറയകളോ തടയിണകളോ വേണ്ടത്ര ഇല്ലാത്തതിനാൽ കർഷകർ പരമ്പരാഗത ചിറകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ മൊത്തം തോടുകളുടെ നീളം പന്ത്രണ്ട് കി.മീറ്ററാണ്.

ഒന്നാം വാർഡിലെ കമ്മുട്ടിക്കുളവും 3,4 വാർഡുകളിലെ ഓരോ കുളങ്ങളും 6-ാം വാർഡിലെ കറ്റട്ടി കുളവും വലിയകുളം പെരിങ്കായ കുളവും 7-ാം വാർഡിലെ താമരക്കുളവും 8-ാം വാർഡിലെ കാളിയാലക്കുളവും 9-ാം വാർഡിലെ തൈക്കാട്ടുകുളവും വേളികുളവും 10,11 വാർഡിലെ മൂന്ന് കുളങ്ങളും അടക്കം മൊത്തം പഞ്ചായത്തിൽ പന്ത്രണ്ട് കുളങ്ങൾ ഉണ്ട്. എന്നാൽ 32 സെന്റിൽ അധികം വിസ്തീർണ്ണമുള്ള വേളികുളം മണ്ണടിഞ്ഞുകിടക്കുകയാണ്. സ്വകാര്യ വ്യക്തികളുടെയും ആരാധാനാലയങ്ങളുടെയും കുളങ്ങൾ വേറെയുമുണ്ട്. ഭൂഗർഭ ജലം സുലഭമായി ലഭിക്കുന്ന പഞ്ചായത്ത് വക 39 കുഴൽ കിണറുകളും അതിലധികം സ്വകാര്യ കുഴൽ കിണറുകളുമുണ്ട്.

## തോടുകൾ

| ക്രമ നമ്പർ | തോടുകളുടെപേർ | നീളം കിമീ | വീതി മീ | വാർഡുകൾ |
|---|---|---|---|---|
| 1 | കടുങ്ങാട് നടുത്തൊടി | 4 | 8-12 | 1,2,7,4. |
| 2. | കമ്മുട്ടിക്കുളം ആറുകുണ്ട് കൊട്ടാരം വലിയ തോട് | | | |
| 3. | കല്യാണൊറു- പാറക്കത്തോട് വലിയകുളം-പുന്നം പള്ളിയാൽ പടി- കാർത്തലത്തോട് | 8 | 8-12 | 12,8,6,11 3,10,9 |
| ആകെ വിസ്തീർണ്ണം | | 63-92 | (വില്ലേജ് കണക്ക്) | |

**ജലവിഭവം** (പഞ്ചായത്തിലെ കുളങ്ങൾ)

| വാർഡ് | 10 സെ. താഴെ | 10–20 | 20–30 | 30നു മീതെ |
|---|---|---|---|---|
| 1. | 1 | | | |
| 2. | ഇല്ല | | | |
| 3. | 1 | | | |
| 4. | 1 | | | |
| 5. | ഇല്ല | | | |
| 6. | ഇല്ല | 2 | | |
| 7. | ഇല്ല | 1 | | |
| 8. | 1 | | | |
| 9. | 1 | | | |
| 10. | 2 | | | |
| 11. | 1 | | | |
| 12 | | | | |
| | 8 | 3 | | |

# വികസന മേഖലകൾ

# കൃഷിയും ജലസേചനവും



**1957** ലെ കാർഷിക പരിഷ്കരണ നിയമം നടപ്പാക്കുന്നത് വരെ ജന്മികളുടെ ഭൂമിയിൽ കൈവശ കൃഷിക്കാരായിരുന്നു ഭൂരിഭാഗവും. ഭൂവുടമകൾക്കെതിരെ നമ്മുടെ പഞ്ചായത്തിലും ചില്ലറ അലോസരങ്ങൾ ഉണ്ടായിട്ടുണ്ട്. കൃഷിഭൂമി കൃഷിക്കാരനായതോടുകൂടി ജന്മികൾ നാമാവശേഷമാവുകയും ഭൂരിപക്ഷം വരുന്ന ഇടത്തരം കർഷകർക്ക് അവന്റെ ജന്മാവകാശം കിട്ടിയതോടു കൂടി കാർഷിക രംഗത്ത് ഒരു പുത്തൻ ഉണർവ്വുണ്ടായി. വളാഞ്ചേരി പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. വില്ലേജ് ഓഫീസിലെ ബി.ടി. റജിസ്ട്രർ പ്രകാരം 2053 ഹെക്ടർ പുരയിടവും 340 ഏക്കർ നിലവും മൂന്ന് ഏക്കർ കാടും 18 ഏക്കർ തരിശും നാല് ഏക്കർ കൃഷിയോഗ്യമല്ലാത്ത തരിശുമാണ്. തരിശു ഭൂമി വളരെ ചെറിയ ഒരു ശതമാനമേ വളാഞ്ചേരി പഞ്ചായത്തിൽ ഉള്ളൂ. ഇതിൽ നിന്നും മൊത്തം ഭൂമിയുടെ 14-06 ശതമാനം വയലുണ്ടെന്ന് മനസ്സിലാക്കാം. എന്നാൽ വയലിന്റെ പട്ടികയിൽ കാണുന്ന പല സ്ഥലങ്ങളും നികത്തി ഇന്ന് പുരയിടമോ റോഡോ ആയിമാറിയിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. ഫലത്തിൽ മൊത്തം ഭൂമിയുടെ പത്തോ പതിനൊന്നോ ശതമാനം ഭൂമി മാത്രമേ ഇന്ന് വയലായി അവശേഷിക്കുന്നുള്ളൂ. അതിലും നല്ലൊരു ശതമാനം നെൽകൃഷിയിൽ നിന്ന് തോട്ട വിളയിലേക്ക് മാറ്റപ്പെടുന്നുണ്ട് എന്നുള്ളതും ശ്രദ്ധേയമാണ്. നെൽകൃഷിക്ക് ലഭ്യമായ മുഴുവൻ സ്ഥലവും വിളവുകളെയും കർഷകർ ഇന്ന് ഉപയോഗപ്പെടുത്തുന്നില്ല. ജലസേചന സൗകര്യമില്ലായ്മ കർഷകനെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളിൽ ജല സംഭരണ ശേഷിയുള്ള ചിറകളോ തടയണകളോ ഇല്ല. രണ്ടും മൂന്നും വിളകയെടുക്കുന്ന പാടങ്ങൾ കഷ്ടിച്ച് ഒരു വിളയിറക്കി പിന്നീട് തരിശാക്കി മാറ്റുന്ന രീതിയാണ് പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും. വർദ്ധിച്ചവരുന്ന കൂലിച്ചെലവും ആധുനിക കൃഷിസമ്പ്രദായത്തിന്റെ അപര്യാപ്തയും തുണ്ടംതുണ്ടാക്കി കൃഷിഭൂമി വിഭജിച്ചതും വളം സാങ്കേതിക പരിജ്ഞാനം തുടങ്ങിയവ വേണ്ടവിധം ലഭ്യമാകാത്തതും തുടങ്ങി കർഷന്റെ പ്രശ്നങ്ങൾ നിരവധിയാണ്. പണ്ട് ഉഴവുകാളകൾ മുതൽ വിത്ത് വരെ പരസ്പരം കൈമാറിയിരുന്ന ഒരു നാടൻ സൗഹൃദ ബന്ധം കൃഷിക്കാർക്കിടയിലുണ്ടായിരുന്നു. ഈ സഹകരണം ഇല്ലാതായതും കൃഷിയെ ബാധിച്ചു. പുരയിടങ്ങളിൽ പ്രധാന കൃഷി തെങ്ങാണ്. യാതൊരു ശാസ്ത്രീയ ബോധവുമില്ലാതെ തലങ്ങും വിലങ്ങുമുള്ള തെങ്ങ് നടൽ തുണ്ടുതുണ്ടായ ഭൂമിയുടെ ഉടമസ്ഥത മണ്ണൊലിപ്പ് തടയാൻ വേണ്ട നടപടി ഇല്ലായ്മ ജലസേചന സൗകര്യമില്ലായ്മ, ജൈവവളത്തിനും രാസവളത്തിനും ഉണ്ടാകുന്ന അനിയന്ത്രിതമായ വില, കൂലി വർദ്ധന, ഉൽപന്നത്തിന്റെ വിപണിയിലുണ്ടാകുന്ന വിലയിടിവ് എന്നിവ തെങ്ങ് കൃഷിയേയും സാരമായി ബാധിക്കുന്നു. പുരയിടങ്ങളിൽ കണ്ടുവരാറുള്ള ധാന്യകൃഷികളായ ചാമ, മുത്താരി, മോടൻ എന്നിവയും കപ്പ, കിഴങ്ങ്, കാച്ചിൽ, ചേമ്പ്, പയർ, എള്ള്, കൂർക്ക, മധുരക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ തുടങ്ങിയ പല വിളകളും ഇന്ന് അപ്രത്യക്ഷമായി കൊണ്ടരിക്കുന്നു. ഭൂമി തുണ്ട് തുണ്ടാക്കി പത്ത് സെന്റും പുരയിടവും കാശുണ്ടെങ്കിൽ അങ്ങാടിയിൽ നിന്ന് ആനയേയും വാങ്ങാം എന്ന നിലയിലാണ് ജനങ്ങളുടെ ചിന്ത. മണ്ണിനോടും കൃഷിയോടുമുള്ള കൂറും സ്നേഹവും കുറഞ്ഞ് കമ്പോളത്തെ ആശ്രയിക്കുന്ന ഒരു കമ്പോളവൽക്കരണ സ്വഭാവം ജനങ്ങളിൽ വളരാൻ കാരണം ആമുഖത്തിൽ വിവരിച്ച ഗൾഫ് പണത്തിന്റെ സ്വാധീനംതന്നെയാണ്..

വേനൽ പാടങ്ങളിൽ പണ്ടുകാലത്ത് സജീവമായിരുന്ന പച്ചക്കറി കൃഷി പാടശേഖരങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഒറ്റപ്പെട്ട വ്യക്തികളെ കൊണ്ട് ഇവ മാറ്റി എടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കൂട്ടായ സംരംഭവും സഹായവും സമ്മർദ്ദവും കൊണ്ട് മാത്രമെ കാർഷിക രംഗത്തെ ഈ ഭൂസ്ഥിതി പരിഹരിക്കാനാകൂ. ഇതിന് ബന്ധപ്പെട്ട ഏജൻസികൾ സങ്കേതിക പ്രചരണങ്ങളിൽ ഒതുങ്ങിയ നില്ക്കാതെ താഴെ ജനങ്ങളിലേക്ക് ഇറങ്ങി വരേണ്ടതുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ച കളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്തു പരിഗണിക്കേണ്ട മുഖ്യ വസ്തുതകൾ താഴെ പറയുന്നവയാണ്.

1. ജലസേചന സൗകര്യം അപര്യാപ്തമാണ്.
2. ഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനം കൃഷിയെ ആദായകരമാക്കുന്നില്ല.
3. കുളങ്ങളും തോടുകളും നശിച്ച്കൊണ്ടിരിക്കുന്നു.
4. ശാസ്ത്രീയമായ കൃഷി സമ്പ്രദായം നടക്കുന്നില്ല.
5. മെച്ചപ്പെട്ട വിത്തിനങ്ങൾ സമയത്തിനുലഭിക്കുന്നില്ല.
6. കാർഷികോപകരണങ്ങളും യന്ത്രങ്ങളും വേണ്ട സമയത്ത് ലഭിക്കുന്നില്ല.
7. വിദഗ്ധരായ കർഷക തൊഴിലാളികളുടെ അപര്യാപ്തതയും കൂലി വർദ്ധനവും.
8. മണ്ണൊലിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടി എടുക്കാൻ കർഷകന് കഴിയുന്നില്ല.
9. വായ്പാ ഏജൻസികൾ ഉണ്ടെങ്കിലും കാർഷിക വായ്പ സമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല.
10. മണ്ണ് പരിശോധനക്ക് കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

11. രോഗബാധ തടയാൻ ഫലപ്രദമായ നടപടികൾ ഇല്ല.

12. കൃഷി ഭവന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വേണ്ടത്ര കിട്ടുന്നില്ല.

13. നെൽകൃഷി ബോണസ് അപര്യാപ്തമാണ്

14. നെൽപാടം നികത്തുന്നതിനെതിരെ നടപടിഎടുക്കുന്നില്ല.

15. കാലഘട്ടത്തിനനുസരിച്ച് കൃഷിയെ സംബന്ധിച്ച് പഠിക്കാൻ കർഷകർക്ക് യാതൊരു സംവിധാനവുമില്ല.

16. ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന ഏജൻസികൾ ഇല്ല.

17. ജൈവ രാസവളങ്ങൾ ന്യായവിലക്ക് ലഭ്യമല്ല.

18. ഉൽപന്നങ്ങളുടെ അസ്ഥിരമായ വിലയിടിവ്.

## സാദ്ധ്യതകൾ

1. ആവശ്യം വേണ്ട സ്ഥലങ്ങളിൽ പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാനപ്പെട്ട രണ്ട് തോടുകൾക്ക് ചിറകെട്ടി കർഷകർക്ക് വെള്ളം ലഭ്യമാക്കാം.

2. പഞ്ചായത്തിലുള്ള പന്ത്രണ്ടിലധികം കുളങ്ങളിൽ വേളികുളം പോലെയുള്ള പല കുളങ്ങളും മണ്ണടിഞ്ഞ് അന്യാധീനപ്പെട്ടുപോകുന്നു. അവ സംരക്ഷിച്ച് കൃഷിക്ക് വെള്ളം ലഭ്യമാക്കാം.

3. നെൽവയലുകളിൽ തോടുകളുടെ പാർശ്വഭിത്തി കെട്ടി വയലുകളെ സംരക്ഷിക്കുക.

4. വെള്ളം കെട്ടിനിൽക്കുന്ന പാഠശേഖരങ്ങളിൽ നിന്ന് വെള്ളം പോകുന്നതിനായി വേണ്ടത്ര ഓവുചാലുകൽ നിർമ്മിക്കുക.

5. കൃഷിക്കാർക്ക് കൃഷി ലാഭകരമാകാൻ കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുക.

6. കാർഷിക യന്ത്രങ്ങളായ മെതിയന്ത്രങ്ങൾ ട്രാക്ടർ, ട്രില്ലർ തുടങ്ങിയവ വാങ്ങി കർഷകർക്ക് വാടകക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

7. സ്വകാര്യവ്യക്തികൾ സ്വയം തയ്യാറായി പഞ്ചായത്തിനെ ഏൽപിക്കാൻ തയ്യാറായ കുളങ്ങൾ ഏറ്റെടുത്ത് കൃഷിക്ക് ഉപയുക്തമാക്കുക.

8. നെൽകൃഷി വിളവെടുപ്പ് കഴിഞ്ഞാൽ പാടങ്ങളിൽ പച്ചക്കറി കൃഷിയും ജലം ആവശ്യമില്ലാത്ത ധാന്യകൃഷികളും നടത്തുക.

9. മേത്തരം വിത്തുകളും വളങ്ങളും കീടനാശിനികളും ലഭ്യമാക്കുന്നതിന് കൃഷി ഭവനുകളെ ജനകീയവൽകരിക്കുക.

10. കല്യാണഒറു, ചുള്ളിചോല എന്നിവിടങ്ങളിൽ ചെറുകിട അണക്കെട്ടുകൾ നിർമ്മിക്കുക.

11. ജലസമ്പത്തുള്ള സ്വകാര്യ കുളങ്ങളും ചോലകളും നന്നാക്കി ജലസേചനം ലഭ്യമാക്കാം.

12. മണ്ണ് പരിശോധനക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യമുണ്ടാക്കാം.

13. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പരമാവധി നെൽപാടങ്ങളെ ഒഴിവാക്കാം.

14. കാർഷിക വിളകൾ സംസ്ക്കരിക്കാനും വില്പന നടത്താനും സംഭരണ സംസ്കരണ വിതരണസംഘങ്ങൾ ഉണ്ടാക്കാം.

15. യന്ത്രങ്ങൾ ഇറക്കാൻ സൗകര്യമില്ലാത്ത പാടങ്ങളിൽ അതിന് വേണ്ട സൗകര്യം ഉണ്ടാക്കാം.

16. ആധുനിക കൃഷി സമ്പ്രദായത്തെക്കുറിച്ച് ബോധവൽകരണം നടത്താം.


17. നമ്മുടെ തെങ്ങിൽ തോപ്പുകൾക്ക് അനുയോജ്യമായ മൾബറി കൃഷി പ്രോത്സാഹിപ്പിക്കുക.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 340 ഹെക്ടർ |
| പുരയിടം (പറമ്പ്) | 2053 ഹെക്ടർ |
| ഫോറസ്റ്റ് | 3 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 18 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 4 ഹെക്ടർ |
| ആകെ | 2418 ഹെക്ടർ |

വളാഞ്ചേരി പഞ്ചായത്ത് [സ്പെഷ്യൽ ഗ്രേഡ്]

ഭൂവിനിയോഗം / കൃഷി - ജലലഭ്യത



## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| സെന്റ് | | | | ഏക്കർ | ഏക്കർ | 5-നു മുകളിൽ |
|---|---|---|---|---|---|---|
| 1-10 | 10-25 | 25-50 | 50-100 | 1-2 | 2-5 | |
| 1900 | 2400 | 2005 | 245 | | 64 | 18 |

ആകെയുള്ള ഭൂവുടമകളിൽ ബഹുഭൂരിപക്ഷവും 10 സെന്റിനും 50 സെന്റിനും ഇടയിൽ ഉള്ളവരാണ്. ഒരേക്കറിന് മേലെ ഭൂമിയുള്ള ഭൂവുടമകൾ ആകെ 82 പേരാണ്. ഇതിൽ നിന്നും വൽകിട ഇടത്തരം കൃഷിക്കാർ നമ്മുടെ പഞ്ചായത്തിൽ വിരളമാണെന്ന് കാണാം.

| നാമമാത്ര കർഷകർ | വൻകിട കർഷകർ |
|---|---|
| 248 10ഹെ. മുതൽ 2 ഹെ. വരെ | 394-2 ഹെക്ടറിന് മീതെ |

**പഞ്ചായത്തിൽ കൃഷിചെയ്യുന്ന പ്രധാന കാർഷികോൽപന്നങ്ങളും അവയുടെ ഉൽപാദനക്ഷമതയും താഴെകൊടുക്കുന്നു. അവലംബം കൃഷിഭവൻ രേഖ.**

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടർ | ഉത്പാദനം M.T |
|---|---|---|---|
| 1. 1-ാംവിള | നെല്ല് | 310 | 697.5 |
| 2. 2-ാംവിള | നെല്ല് | 340 | 850 |
| 3. 3-ാംവിള | നെല്ല് | 20 | 60 |
| 4. | പയർ | 50 | 1500 Q |
| 5. | എള്ള് | 15 | 1500 Q |
| 6. | പച്ചക്കറികൾ | 20 | 40 T |
| 7. | തെങ്ങ് | 805 | 322000 Nos |
| 8. | വാഴ | 60 | 500 |
| 9. | മരച്ചീനി | 46 | 300 |
| 10. | കുരുമുളക് | 36 | 36 |
| 11. | കവുങ്ങ് | 45 | 945 |
| 12. | കശുമാവ് | 32 | 14 |
| 13. | പ്ലാവ് | 20 | |
| 14. | മാവ് | 30 | |
| 15. | റബർ | 13 | |
| **16. | വെറ്റില | 10 | |

** അവലംബം പര്യടനം

### പാഠശേഖര കമ്മറ്റികൾ

| ക്രമ നമ്പർ | പേര് | വാർഡ് | ഉപകരണങ്ങൾ |
|---|---|---|---|
| 1. | കാട്ടിപ്പരുത്തി | 6 | സെപ്രയർ, മറ്റായുധങ്ങൾ. |
| 2, | കൊട്ടാരം | 4 | |
| 3, | വൈക്കത്തൂർ | 2 | ട്രില്ലർ |
| 4. | കുളമംഗലം | 1 | സ്പെയർ |
| 5, | തൊഴുവാനൂർ | | " |
| 6, | കാർത്തില | 10 | " |

പോരായ്മകൾ അനവധിയുണ്ടെങ്കിലും വളാഞ്ചേരി പഞ്ചായത്തിന് കാർഷിക ഉത്പാദന ക്ഷമതയിൽ ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്നകാര്യം ശുഭോതക്കമാണ്. ഉൽപാദനക്ഷമത കൈവരിക്കാൻ കൃഷി ഭവനും മറ്റും മേഖലയം നൽകിയ സഹായ സഹകരണ സംഘം ഇത്തരുണത്തിൽ സ്മരണിയമാണ്. തീർമറി പ്രദേശത്തന്റെ പ്രവർത്തന പരിധിയിൽ വരുന്ന 12,8,10,11,7,6, വാർഡുകളിൽ വേണ്ടത്ര ജാഗ്രത കാണിച്ചാൽ ഒട്ടേറെ മുന്നേറാൻ കഴിയും.

## നടീൽ വസ്തു വിതരണം


| | ഇനം | 93–94 | 94–95 | 95–96 |
|---|---|---|---|---|
| 1. | തെങ്ങ് | 345 | 610 | 650 |
| 2. | കശുമാവ് | 640 | 1600 | 1456 |
| 3. | കുരുമുളക് | 5000 | 7500 | 4000 |
| 4. | കവുങ്ങ് | 140 | 250 | 200 |
| 5. | വാഴ | 2000 | — | — |
| 6. | നെല്ല് | 902 | 1215 | 16 |

അവലംബം: കൃഷിഭവൻ രേഖ

## ദുരിതാശ്വാസ വിതരണം

| കൊല്ലം | സഹായം ലഭിച്ചവരുടെ എണ്ണം | സംഖ്യ (രൂപ) |
|---|---|---|
| 93–94 | 7 | 1038 |
| 94–95 | 56 | 7084 |
| 95–96 | 12 | 579 |
| വെറ്റില ഇൻഷുറൻസ് | 8 | 4480 |

# മൃഗസംരക്ഷണം



കാർഷിക ഗ്രാമമായ വളാഞ്ചേരി പഞ്ചായത്തിൽ മുൻകാലങ്ങളിൽ കൃഷിക്ക് വേണ്ടി കാളകളെ വളർത്തിയിരുന്നു. അതോടൊപ്പം വീടുകളിലെ നിത്യവരുമാനവും കാലി പരിപാലനം കൊണ്ട ലഭിച്ചിരുന്നു. കുന്നിൻ മേടകളിലും ചെരുവുകളിലും അവ നിർബ്വാധം മേഞ്ഞു നടന്നിരുന്നു. എന്നാൽ ഭൂമി തുണ്ടുംതുണ്ടമായി മാറുകയും കുടികിടപ്പായി മാറുകയും ചെയ്തതോടെ മേച്ചിൽ പുറങ്ങൾ ചുരുങ്ങി വന്നത് കന്നുകാലി വളർത്തിലിന് ഒട്ടേറെ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. കാലികളിൽ നിന്ന് കൃഷിയെ സംരക്ഷിക്കാൻ വേലികെട്ടിയിരുന്നു. കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു. ജൈവവളങ്ങളുടെ അക്കാലത്തെ മുഖ്യ ഉറവിടവും കാലികളായിരുന്നു. ഇന്ന് ആ രീതിയിലൂള്ള കാലിവളർത്തൽ സമ്പ്രദായത്തിൽ നിന്നും കാതലായ മാറ്റം വന്നു. പുതിയ സാഹചര്യത്തിന്നനുസരിച്ച് കന്നുകാലികളെ വളർത്താൻ നമുക്ക് കഴിയുന്നില്ല. അത് കൊണ്ട് തന്നെ നാം നമുക്കാവശ്യമുള്ള പാലിനും മാംസത്തിനും കാലികളെ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുകയാണ് ചെയ്യുന്നത്. മൃഗാശുപത്രിയിൽ നിന്ന് കിട്ടിയ കണക്ക് വെച്ച് പരിശോധിച്ചാൽ മോശമല്ലാത്ത ഒരു കാലി സമ്പത്ത് നമ്മുടെ പഞ്ചായത്തിനുണ്ടെന്ന് കാണുന്നു. എന്നാൽ പഞ്ചായത്തിലെ ഉപഭോഗമെടുത്ത് പരിശോധിച്ചാൽ വളരെ ചെറി ശതമാനമേ നമ്മുടെ ആവശ്യത്തിന് ഇവിടെ നിന്ന് ലഭിക്കുന്നുള്ളൂ എന്ന് കാണാം.

പാലിനായാലും മാംസത്തിനായാലും പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറണമെങ്കിൽ ധാരാളം ഇറക്കുമതി വേണ്ടിവരുന്നു. ജനസംഖ്യാനുപാതികമായി പഞ്ചായത്തിൽ കാലി വളർത്തൽ വർദ്ധിക്കുന്നില്ല. പഞ്ചായത്തിൽ നിലവിലുള്ള കാലികളുടെ കണക്ക് പട്ടികയിൽ ചേർത്തിട്ടുണ്ട്. മേച്ചിൽസ്ഥലങ്ങളുടെ കുറവ്, തീറ്റപ്പുല്ലിന്റെ അപര്യാപ്തത കൃത്രിമ കാലിതീറ്റകളുടെ വിലവർദ്ധന, നെൽകൃഷിയുടെ കുറവ്കൊണ്ട് ഇറക്കുമതി ചെയ്യേണ്ടിവരുന്ന വൈക്കോലിന്റെ ഭാരിച്ച വില കാലികളെ കഴുകാനും കുളിപ്പിക്കാനുമുള്ള സ്ഥലമില്ലായ്മ, ആധുനിക സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രികളുടെ അപര്യാപ്തത, വെറ്റിനറി രംഗത്തെ ഡോക്ടർമാരുടെയും മറ്റും സേവനം വേണ്ട വിധത്തിൽ ലഭ്യമാകായ്ക, ക്ഷീരനിർമ്മാണ യൂണിറ്റുകളുടെ അപര്യാപ്തത എന്നിവ മൃഗസംരക്ഷണ രംഗത്ത് നമ്മുടെ പഞ്ചായത്ത് നേരിടുന്ന ഭീഷണിയാണ്.

പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷികോഴിയാണ്. വ്യാവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ പഞ്ചായത്തിലില്ല. ഒറ്റപ്പെട്ട വീടുകളിൽ താറാവുകളേയും വളർത്തുന്നുണ്ട്. കോഴി വസന്ത പോലെയുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയാത്തത് ഈ രംഗത്ത് ഗുരുതരമായ പ്രതിസന്ധിയാണ്. ആടുമാടുകളെപോലെ തന്നെ കോഴിമുട്ടയും കോഴി ഇറച്ചിയും പഞ്ചായത്തിൽ അവശ്യമായതിന്റെ പത്ത് ശതമാനം പോലും ഉൽപാദിപ്പിക്കപ്പെടുന്നില്ല.

## പ്രധാന പ്രശ്നങ്ങൾ

1. ഇപ്പോഴുള്ള മൃഗാശുപത്രി കൊണ്ട് കന്നുകാലികൾക്ക് വേണ്ടത്ര സംരക്ഷണം കിട്ടുന്നില്ല. അത് കൊണ്ട് അതൊരു പോളിക്ലിനിക്കായി ഉയർത്തുക.
2. കാലി തീറ്റയും കോഴി തീറ്റയും വേണ്ട വിധത്തിൽ ലഭ്യമല്ല.
3. പാലുൽപാദന യൂണിറ്റുകളോ ക്ഷീരസംഘങ്ങളോ പഞ്ചായത്തിൽ ഇല്ല.
4. കന്നു കാലികളെയും കോഴി, താറാവുകളേയും വളർത്തുന്നതിന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല. ലഭിക്കുന്ന സഹായംതന്നെ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്ന പരിശോധനയും ഇല്ല.
5. ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ.

1. ദിവസവും ടൺ കണക്കിന് ആട് മാട് ഇറച്ചി പഞ്ചായത്തിന്റെ മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നു. ഇത് സുഗമമായ ഒരു വലിയ വിപണിയാണ്. അതേപോലെ തന്നെ ടൺ കണക്കിന് കോഴിയും വളാഞ്ചേരിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഇതും ആ രംഗത്ത് സുഗമമായ ഒരു വിപണിയാണ്.
2. പാൽ വിപണന രംഗത്ത് ഇന്ന് പാൽപൊടികളേയും ടിന്ന് പാലിനേയുമാണ് ആശ്രയിക്കുന്നത്. മിൽക്ക് സൊസൈറ്റി രൂപീകരിച്ച് ആടുമാടുകളെ വിതരണം ചെയ്ത് ഇ രംഗത്തെ പ്രതിസന്ധി പരിഹരിക്കാം.
3. കന്നുകാലികൾക്കും കോഴികൾക്കും വേണ്ടകാലിതീറ്റയും കോഴിതീറ്റയും സംസ്ക്കരിച്ചെടുക്കുന്നതിന് സാദ്ധ്യതയുള്ള പഞ്ചായത്താണ് കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ തീറ്റപുല്ലും

മൽസ്യ മാർക്കറ്റുകളിലേയും അറവുശാലക ളിലേയും വേസ്റ്റേജ് ഉപയോഗിച്ച് കോഴി ത്തീറ്റയു മറ്റും സംസ്കരിച്ചെടുക്കാവുന്ന താണ്.

4. കാർഷിക രംഗത്ത് മൃഗ പരിപാലനം കൊണ്ട് ജൈവ വളങ്ങളുടെ അപര്യപ്തതയും പരിഹി ക്കാൻ കഴിയും

## വളർത്തു മൃഗങ്ങളുടെ പട്ടിക

| കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|
| 172 | 361 | 439 | 2170 | 23 | 144 | 3713 | 143 |

## വളർത്തു പക്ഷിളുടെ പട്ടിക

| പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 3811 | 39590 | 20000 | 239 | 1003 | 142 |


(അവലംബം: മൃഗാശുപത്രിരേഖ)

## കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1262 | 846 | 105 |
| കിടാരി | 848 | 243 | 34 |
| എരുമ | 24 | 18 | 3 |

പേ വിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് : പട്ടികൾ (80 എണ്ണം)

# വ്യവസായം



കേരളത്തിലെ തൊഴിൽ മേഖല എടുത്തു പരിശോധിച്ചാൽ പരമ്പരാഗതമായി കുലത്തൊഴിലുകളായിട്ടാണ് നിലനിന്നിരുന്നത് എന്ന് കാണാം. വളാഞ്ചേരി പഞ്ചായത്തും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. വളാഞ്ചേരി പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ വളാഞ്ചേരി എന്ന പേരുവരുന്നതിനു മുൻപ് കാട്ടിപ്പരുത്തി പഞ്ചായത്ത് എന്നാണ് അറിഞ്ഞിരുന്നത്. വടക്കൻ മലബാറിൽ കാട്ടിപ്പരുത്തി എന്ന പേർകേട്ടാൽ തന്നെ ഓട്ടുപാത്രകച്ചവടക്കാരുടെ സ്ഥലമാണെന്ന് മറ്റാരും പറഞ്ഞു കൊടുക്കേണ്ടതായ ആവശ്യമില്ല. പരമ്പരാഗതമായി മൂശാരി, ആശാരി,കൊല്ലൻ, ഷുരകൻ, കമ്മാളൻ, പറയൻ തുടങ്ങിഅനുഷ്ഠാനകർമ്മരംഗങ്ങളിൽ വരെ ഈ തൊഴിൽ സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഒട്ടുമിക്ക മേഖലകളിലും ഈ സമ്പ്രദായത്തിന് മാറ്റംവന്നു തുടങ്ങിയിട്ടുണ്ട്. മാറ്റമില്ലാതെ തുടരുന്ന പണിയാണ് ആശാരി, കൊല്ലൻ,ക്ഷുരകൻ, മൂശാരി തുടങ്ങിയ തൊഴിലുകൾ.

ഗൾഫ് പണതിതന്റെ സ്വാധീനം കൊണ്ട് ചില ഘട്ടങ്ങളിൽ ആശാരിപ്പണിക്ക് ആളെ കിട്ടാൻ ഇല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. ഇന്നത്തെ ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നു വരുന്നില്ല. പഞ്ചായത്തിലെ മറ്റൊരുപ്രധാനപ്പെട്ട തൊഴിൽ മേഖല കെട്ടിടനിർമ്മാണവും ആതുമായി ബന്ധപ്പെട്ടതുമാണ്. കാർഷികരംഗത്തെ പിന്നോട്ടടിയും മറ്റും കാരണം കർഷകത്തൊഴിലാളികളിൽ നിന്നുതന്നെ വലിയ ഒരു ഒഴിച്ചുപോക്ക് ഈ മേഖലയിലേക്ക് ഉണ്ടായിട്ടുണ്ട്.

കല്ലുവെട്ടൽ, പാറപൊട്ടിക്കൽ, കോൺഗ്രീറ്റ് തുടങ്ങി ഈ മേഖലയിൽ അടുത്ത കാലം വരെ തൊഴിൽ തിരക്കിന്റെ നാളുകളായിരുന്നു. എന്നാൽ അടുത്തിടെയായി ഗൾഫ് പണത്തിന്റെ മാന്ദ്യം ഈ രംഗത്തേയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെതൊഴിൽ മേഖലയെടുത്ത് പരിശോധിച്ചാൽ അടിസ്ഥാനതൊഴിൽ മേഖലയായ കൃഷിയും അതുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർ 29 % മാണ്. ഇത് പഞ്ചായത്തിൽ മറ്റു ചെറുകിട വ്യവസായങ്ങൾ വളർന്നുവരേണ്ടതായ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. നിർമ്മാണ രംഗത്ത് കൂലിക്ക് തൊഴിലെടുക്കുന്നതിനുപകരം കരാർവ്യവസ്ഥയിൽ തൊഴിലെടുക്കാനാണ് വളർന്നുവരുന്ന തലമുറകൾക്ക് താൽപര്യം. ഇത് പുതിയ തൊഴിൽ ബന്ധങ്ങളെ സൃഷ്ടിക്കുന്നു. കായികാ ധ്വാനത്തോട് പുതിയ തലമുറക്ക് ഭ്രമം കുറഞ്ഞുവരുന്നതായി കാണാം. ഈ പ്രവണത മാറ്റിയെടുക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വാണിജ്യസിരാകേന്ദ്രമായിരുന്ന വളാഞ്ചേരി ചന്തയിൽ ഈ പഞ്ചായത്തിലേയും തൊട്ടടുത്ത പഞ്ചായത്തുകളിലേയും ഗ്രാമീണ കൈത്തൊഴിലുകാരുടെ ഉത്പന്നമായ കൊട്ട, മുറം, പനമ്പ്, തഴപ്പായ, തുടങ്ങിയവ പഴയകാലങ്ങളിൽ ചന്തദിവസം വില്പനക്കെത്തിയിരുന്നു. ആ മേഖലകളിൽ ധാരാളം സ്ത്രീ തൊഴിലാളികൾ പണിയെടുത്ത് ഉപജീവനം കഴിച്ചിരുന്നു. എന്നാൽ ആധുനിക സംസ്കാരം സമ്പാദിച്ച പുതിയ മനുഷ്യന്റെ എല്ലാം എളുപ്പമാക്കുക എന്ന ബോധം പാളക്കുണ്ടകളെ വഴിമാറിപ്ലാസ്റ്റിക് യുഗത്തിലേക്ക് നാം എത്തിച്ചേർന്നു. അതിന്റെ ഫലമായി ലളിതമായ അൻപതു പൈസകൊണ്ട് ഒരു പ്ലാസ്റ്റിക് സഞ്ചി വാങ്ങിയാൽ നമുക്കുവേണ്ട എല്ലാ സാധനങ്ങളും വീട്ടിലെത്തുകയും അതുവലിച്ചെറിഞ്ഞ് പിറ്റേദിവസം വീണ്ടും പുതിയത് വാങ്ങി പ്രകൃതിമുഴുവൻ പ്ലാസ്റ്റിക്കിന് അടിമപ്പെടുന്ന ഒരു പ്രവണതയാണ് ഇന്ന് കാണുന്നത്. ഇത് നമ്മുടെ തൊഴിലിനേയും പ്രകൃതിയേയും വളരെയേറെ ബാധിച്ചിട്ടുണ്ട്.

തൊഴിൽ മേഖലയിൽ വാണിജ്യവും.ഗതാഗതരംഗവുമായി ബന്ധപ്പെട്ട് ഇരുപത്തിയേഴ് ശതമാനത്തോളം പേർ ഉപജീവനം കഴിക്കുന്നുണ്ട്. ബോംബെ കന്യാകുമാരി ദേശീയപാത പഞ്ചായത്തിന്റെ ഏകദേശം കേന്ദ്രത്തിലൂടെ കടന്നുപോകുന്നു. അതുകൊണ്ടുതന്നെ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു പട്ടണമായി വളാഞ്ചേരി മാറികൊണ്ടിരിക്കുന്നു. ഇത് വാണിജ്യഗതാഗതരംഗത്ത് പുതിയ സാധ്യതകൾ ഉണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ ഭൂവിലയിൽ കേരളത്തിൽ ഒരു ഗ്രാമത്തിലും, വൻ നഗരങ്ങളിൽ പോലും ഇല്ലാത്തതുമായ ഭൂവിലയാണ് വളാഞ്ചേരി പ്രദേശത്ത്. ഇത് പുതിയ വ്യാപാര സംരംഭങ്ങൾക്കും വളർച്ചക്കും വിഘാതം സൃഷ്ടിക്കുന്നു.

പൊതുമേഖലയിലോ സ്വകാര്യ മേഖലകളിലോ വ്യവസായികസംരംഭങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ആറ് മരമില്ലുകളും നാല് ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റുകളും, ആറ് ചെറുകിട ഇരുമ്പുസാനധനങ്ങൾ ഉണ്ടാക്കുന്നതായ ഇൻഡസ്ട്രീസുകളും, ഏഴ് ധാന്യമില്ലുകളും മൂന്ന് ഓയിൽ മില്ലുകളും, സ്വകാര്യ തുണിഷാപ്പുടമുകൾ നടത്തുന്ന നാലോളം വരുന്ന റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകളും പത്തോളം വരുന്നതായ മോട്ടോർ വർക്ക് ഷോപ്പുകളും അടങ്ങുന്നതാണ് പഞ്ചായത്തിലെ ചെറുകിട വ്യവസായ മേഖല.

മുൻകാലങ്ങളിൽ ബീഡിവ്യവസായത്തിന് വളാഞ്ചേരി വളരെ മുന്നിലായിരുന്നു. അതിന്റെ ഫലമായി സഹകരണ മേഖലയിൽ ഒരു ബീഡിവ്യസായ സഹകരണ സംഘം കുറ്റിപ്പുറം ബ്ലോക്ക് പ്രവർത്തനപരിധിയായ വളാഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ മറ്റുതൊഴിൽ മേഖലകളിലെ കൂലിയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ മേഖലയിലെ തൊഴിൽ സ്വഭാവവും വേതനവും വളരെ പുറകിലായതുകൊണ്ടും, പുതിയ തലമുറ ഈ രംഗത്തേക്ക് കടന്നു വരാത്തതുകൊണ്ടും, അശാസ്ത്രീയമായ ഡ്യൂട്ടിനയം കാരണം സിഗരറ്റുകൾ വിപ

ണികയ്യടിക്കിയതുകൊണ്ടും ഈ മേഖലയും ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്.

## പ്രശ്നങ്ങൾ

1. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഓട്, ചെമ്പ്, അലൂമിനിയ പാത്രനിർമ്മാണ വ്യവസായം സംരക്ഷിക്കപ്പെടണം.

2. ഫർണ്ണിച്ചർ വ്യവസായത്തിന് ആധുനിക സംവിധാനത്തിലൂടെ നടപ്പിലാക്കാൻ വേണ്ട സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.

3. പായ, കൊട്ട, മുറം നിർമ്മാണ തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങളായ ഈറ്റയും, മുളയും, കിട്ടുവാനുള്ള വിഷമത.

4. ആധുനികയുഗത്തിനനുയോജ്യമായ ഇലക്ട്രോണിക് ഇലക്ട്രിക്കൽ സർവ്വീസ് യൂണിറ്റുകൾ ഒന്നുംതന്നെയില്ല.

5. ടെക്സ്റ്റൈൽസ് രംഗത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്തും മറ്റും ആധുനിക രീതയിലുള്ള പരിശീലനമോ സംരംഭങ്ങളോ ഇല്ല.

6. പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലെയ്റ്റ്, കാർഡ് ബോഡ്, പേക്കിംഗ് പെട്ടികൾ മെഴുകുതിരി എന്നീ ഹ്രസ്വ മൂലധന വ്യവസായം സംരക്ഷിക്കപ്പെടുന്നില്ല.

7. പരമ്പരാഗത വ്യവസായം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനരുദ്ധരിക്കാൻ സംരംഭങ്ങളില്ല.

8. ഇഷ്ടിക, സോപ്പ്, നാളികേര വികസനം, കശുവണ്ടി വികസനം എന്നിവ അടിസ്ഥാനമാക്കിയ സംരംഭങ്ങളില്ല.

9. പാലും, പാലുൽപന്നങ്ങളും, ലഭ്യമാക്കുന്നതിനും സ്വരൂപിക്കുന്നതിനും ഡയറിസംഘങ്ങളില്ല.

10. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

11. കൊപ്രസംസ്കരണയൂണിറ്റുകൾ ഇല്ല.

12. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ ഇല്ല.

13. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.

14. സാങ്കേതിക പരിശീലനം ലഭ്യമാക്കുവാനുള്ള ഏജൻസികൾ ഇല്ല.

15. ഖാദി മേഖലയോ കൈത്തറി സഹകരണ സംഘങ്ങളോ നിലവിലില്ല.

16. ചെറുകിട വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്ന രീതിയിൽ ബാങ്കിംഗ് നയം ഉദാരമല്ല.

17. വ്യാവസായിക വികസനത്തിന് ആവശ്യമായ വിദ്യുഛക്തി ലഭിക്കാൻ വേണ്ടതായ സബ്സ്റ്റേഷനുകൾ പഞ്ചായത്തിലില്ല.

മേൽപറഞ്ഞ വ്യവസായ രംഗങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വ്യക്തമായ ധാരണയും വിവിധവകുപ്പുകൾ ജനകീയമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്താൽ ഒട്ടേറെ പരിഹാരം കാണാൻ സാദ്ധ്യതയുള്ള പഞ്ചായത്താണ് വളാഞ്ചേരി പഞ്ചായത്ത്. ആസാദ്ധ്യതകളെ കണക്കിലെടുത്തു കൊണ്ടുവേണം പരിഹാരം തേടേണ്ടത്.

## സാദ്ധ്യത

1. വളാഞ്ചേരി പഞ്ചായത്തിലെ പ്രധാന സാദ്ധ്യത ഉത്പാദന വസ്തുക്കൾ ഏതിനത്തിൽ പെട്ടതായാലും വിറ്റഴിക്കാൻ സൗകര്യപ്രദമായ ഒരു വലിയ മാർക്കറ്റ് ഉണ്ട് എന്നുള്ളതാണ്. ഏതു ഉൽപന്നത്തേയും ബാധിക്കുന്ന പ്രശ്നം വിപണിയാണല്ലോ എന്നാൽ വളാഞ്ചേരി പഞ്ചായത്തിന്റെ പ്രശ്നം വിപണിക്കാവശ്യമായ അഥവാ ഉപഭോക്താക്കൾക്കാവശ്യമായ വസ്തുക്കളുടെ പത്തുശതമാനം പോലും ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്നതാണ്.

2. മറ്റൊന്ന് ക്രയശേഷിയുള്ള യുവതീയുവാക്കളുടെ ലഭ്യതയും വളാഞ്ചേരി പഞ്ചായത്തിലെ വ്യവസായ വികസനത്തിന് സാദ്ധ്യത വർദ്ധിപ്പിക്കുന്നു.


3. സഹകരണ മേഖലയിലും, പൊതു മേഖലയിലും, സ്വകാര്യ മേഖലയിലും ഉള്ള ധാരാളം ബേങ്കിങ് സ്ഥാപനങ്ങൾ വളാഞ്ചേരി പഞ്ചായത്തിലുണ്ട്. ഇവർ സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 50% എങ്കിലും ഇവിടെ വിനിയോഗിച്ചാൽ വ്യവസായ വികസനത്തിന് സഹായകമാകും.

4. ദേശീയപാത കടന്നു പോകുന്നതുകൊണ്ടും പഞ്ചായത്തിലെ ഒട്ടേറെ എല്ലാ ഭാഗങ്ങളും റോഡുമായി ബന്ധിപ്പിച്ചിട്ടുള്ളതുകൊണ്ടും വ്യവസായ വികസനത്തിന് അനുയോജ്യമായ ഗതാഗത സൗകര്യങ്ങളുണ്ട്.


5. ഗ്രമസഭകളിൽ നിന്നും ചർച്ചകൾകാണിക്കുന്നത്, ആവശ്യമായ സഹായം ചെയ്തുകൊടുത്താൽ സ്വകാര്യ വ്യക്തികൾതന്നെ മൂലധനം മുടക്കാൻ തയ്യാറുണ്ട് എന്നതാണ്.

7. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും സഹകരണ ബാങ്കുമായി ബന്ധപ്പെടുന്നവരാണ്. ആയതിനാൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാദ്ധ്യതയുള്ള പഞ്ചായത്താണ് വളാഞ്ചേരി പഞ്ചായത്ത്.

8. മൾബറി കൃഷി, പട്ടുനൂൽപുഴു വളർത്തൽ കൊക്കൂൺ സംസ്കരണം, നൂൽ നൂൽപ്പ് എന്നിവയിൽ പരിശീലനം നൽകുകയും ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക.



# വിദ്യഭ്യാസം



ഭാരതത്തിൽ നിലനിന്നിരുന്ന ഗുരുകുല വിദ്യാഭ്യാസത്തിന്റെ അവസാന രൂപമായ കുടിപ്പള്ളിക്കൂടങ്ങൾ പഞ്ചായത്തിൽ നിലനിന്നിരുന്നു. എഴുത്തച്ഛൻമാർ എന്നറിയപ്പെട്ടിരുന്ന നിലത്തെഴുത്താശാൻമാരുടെ പ്രത്യേകസമുദായം തന്നെ ഈ പഞ്ചായത്തിലുണ്ടായിരുന്നതായി കാണാം. എന്നാൽ ചില പ്രത്യേക വ്യക്തികൾക്കും സാമ്പത്തികമായി ഉന്നത കുലജാതർക്കും മാത്രമേ ആ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. ഇന്ന് സ്ഥിതി ആകെ മാറി. ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇന്ന് പഞ്ചായത്തിൽ ആറ് എയ്ഡഡ് L.P സ്ക്കൂളുകളും, രണ്ട് സർക്കാർ എൽ.പി. സ്ക്കൂളുകളുമടക്കം എട്ട് എൽ.പി. സ്ക്കൂളുകളും, രണ്ട് എയ്ഡഡ് യു.പി. സ്ക്കൂളുകളും, ഒരു എയ്ഡഡ് ഹൈസ്ക്കൂളും, ഒരു സ്വകാര്യ ആർട്സ് & സയൻസ് കോളേജും ഒരു സ്വകാര്യ ടീച്ചേഴ്സ് ട്രൈനിംഗ് സ്ക്കൂളും, ഒരു സ്വാശ്രയ എൻജിനിയറിംഗ് കോളേജും, നാല് പാരലൽ കോളേജുകളും, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് രണ്ട് കമ്പ്യൂട്ടർ സെന്ററുകളും, സ്വകാര്യ മേഖലയിൽ ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂളും അടങ്ങുന്ന രീതിയിൽ വിദ്യാഭ്യാസ മേഖല വികസിച്ചിരിക്കുന്നു.

12 വാർഡുകളുള്ള പഞ്ചായത്തിൽ പതിനൊന്നു വാർഡുകളിലും ഏതെങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനമുണ്ട്. എന്നാൽ 12-ാം വാർഡിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവും ഇല്ല എന്നു മാത്രമല്ല പിഞ്ചുകുഞ്ഞുങ്ങൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് വേണ്ടി മൂന്നു കിലോമീറ്ററോളം നടക്കേണ്ടതായ ഗതികേടുമുണ്ട്. വളാഞ്ചേരി പോലുള്ള ഒരു പഞ്ചായത്തിൽ ഇത് ഒരു വിരോധാഭാസമായി തോന്നാം.

1987-ൽ ആരംഭിച്ച സാക്ഷരതാ പ്രസ്ഥാനം നിരക്ഷരരായവരെ പ്രാഥമികമായ അറിവിലേക്ക് കൊണ്ടുവരുവാൻ കഴിയുമാറ് ശക്തമായ ജനകീയാടിത്തറയോടെ പഞ്ചായത്തിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ 1991-ന് ശേഷം ഈ രംഗത്തുവന്ന പരാജയം നിരക്ഷരരെ സംബന്ധിച്ചിടത്തോളം ഒരു മഹാപാതകം തന്നെയായിരുന്നു.

വിദ്യാലയ സർവ്വേയുടെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണെന്നു കാണാവുന്നതാണ്. ഇതിൽ തന്നെ മറ്റൊരു പ്രത്യേകത സർക്കാർ സ്ക്കൂളുകൾ എണ്ണത്തിൽ വളരെ കുറവും. ഉള്ളതുതന്നെ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തായതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ സർക്കാറിനും നാട്ടുകാർക്കും കഴിയാത്തതുമാണ്. ഇതിനു വലിയൊരു ഉദാഹരണമാണ് പഞ്ചായത്തിലെ ഏക സർക്കാർ യു.പി. സ്ക്കൂളായ പൈങ്കണ്ണൂർ ജി.യു.പി. സ്ക്കൂൾ. ഇത് ഒരു ഹൈസ്ക്കൂൾ പൈങ്കണ്ണൂർ ജി.യു.പി. സ്ക്കൂൾ സാദ്ധ്യതകളും ആവശ്യകതയും ഉണ്ട്. എന്നാൽ സ്ഥലവും, കെട്ടിടവും സ്വകാര്യ വ്യക്തിയുടേയും സ്ക്കൂൾ സർക്കാറിന്റേയുമാണ്. വേണ്ടത്ര കെട്ടിടമില്ലാത്തതിനാൽ രണ്ടായരത്തോളം വരുന്ന കുട്ടികളുള്ള ഈ സ്ക്കൂൾ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് മൂച്ചിക്കൽ മുണ്ടിയന്തറ എൽ.പി. സ്ക്കൂളുകളും. സ്വകാര്യ സ്ക്കൂളുകളിൽ മെച്ചമായ സൗകര്യങ്ങൾ ഉള്ളവരും ഇല്ലാത്തവയും പഞ്ചായത്തിൽ ഉണ്ട്. ഇവയെ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. കക്കൂസ്, മൂത്രപ്പുര ആവശ്യമായ പഠനോപകരണങ്ങൾ എന്നിവ വിദ്യാർത്ഥി അനുപാതത്തിനനുസരിച്ച് മിക്ക സ്ക്കൂളുകളിലും ഇല്ലെന്നു തന്നെപറയാം.

സർക്കാർ സ്ക്കൂൾ പരിപൂർണ്ണമായും സർക്കാറിന്റെ നിയന്ത്രണത്തിലാണെങ്കിൽ P.T.A. ക്കും ജനങ്ങൾക്കും കൂടിചേർന്ന് വിഭവസമാഹരണം നടത്തി കെട്ടിടങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കാമായിരുന്നു. മിക്ക സ്ഥലങ്ങളിലും അതിന് തയ്യാറുള്ളവരും ഉണ്ട്. എന്നാൽ മേൽപറഞ്ഞതായ സാങ്കേതിക കരുക്കുകൾ അതിനും വിഘാതം സൃഷ്ടിക്കുന്നുണ്ട്.

പഠനനിലവാരക്കണക്കുകൾ പരിശോധിച്ചാൽ നാൽപതിനും മുപ്പതിനും ഇടയിൽ മാർക്ക് വാങ്ങുന്നവരാണ് ഭൂരിഭാഗം കുട്ടികളും. മറിച്ച് സ്കോളർഷിപ്പുകൾ വാങ്ങുന്ന കുട്ടികളും വളരെ വിരളമാണ്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിന്റെ പഠന നിലവാരം വളരെയേറെ മോശമാണെന്നുള്ളത് എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. വിദ്യാർത്ഥിസമരമോ അതുപോലുള്ള കാര്യങ്ങളെ കൊണ്ടോ അദ്ധ്യയന വർഷം മുടങ്ങാറില്ലാത്ത വളാഞ്ചേരി ഹൈസ്ക്കൂളിന്റെ നിലവാര തകർച്ചയുടെ കരണം മറ്റെന്തോ ആണെന്നുള്ളത് വ്യക്തമാണ്. ഇത് പരിശോധിക്കുമ്പോൾ താഴെപറയുന്ന കാരണങ്ങൾ മുഖ്യമായി കാണാവുന്നതായണ്.

1. സാമൂഹികമായി പിന്നോക്കാവസ്ഥ

2. ബോധന സമ്പ്രദായത്തിലെ പാളിച്ചകൾ

3. അദ്ധ്യാപനത്തിലെ അർപ്പണബോധമില്ലായ്മ.

4. വിദ്യാർത്ഥികളും, രക്ഷിതാക്കളും, അദ്ധ്യാപകരും തമ്മിലുള്ള ബന്ധത്തിന്റെ കുറവ്.

5. ഒരു പ്രൊഫഷൻ എന്ന രീതിയിൽ ഉയർന്ന സംഖ്യ കോഴ നൽകി അദ്ധ്യാപനവൃത്തിയിൽ പ്രവേശിക്കുന്നവരാണ് അദ്ധ്യാപകർ. അവർക്ക് സ്ഥാപനത്തോട് ഒരു ബിസിനസ്സ് കടപ്പാട് മാത്രമേ കാണുന്നുള്ളൂ. ആയതിനാൽ ഗുണനിലവാരവും അർപ്പണബോധവും, ആത്മാർത്ഥതയുമുള്ള അദ്ധ്യാപകരെ വളരെ വിരളമായേ അദ്ധ്യാപനത്തിന് ലഭിക്കുന്നുള്ളൂ.

6. ഗൾഫിലെ തൊഴിൽ സാദ്ധ്യതയും ട്രാൻസ്പോർട്ട് വ്യവസായത്തിലെ തൊഴിൽ സാദ്ധ്യതയും ഈ രംഗത്തെ തിരിച്ചടിക്ക് കാര

ണമാണ്.

7. മറ്റൊന്ന് ഉയർന്ന അദ്ധ്യാപക-വിദ്യാർത്ഥി ബാഹുല്യവും സ്ക്കൂളിനെ നിയന്ത്രിച്ചുകൊണ്ടുപോകുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന ഒരു വലിയ പ്രശ്നമാണ്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ പലരും അൺ എയിഡഡ് സ്ക്കൂളുകളെതന്നെ ആശ്രയിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഒട്ടുമിക്ക സ്ക്കൂളുകളിലും പഠനോപകരണങ്ങളുടെ കാര്യത്തിൽ വളരെ പുറകിലാണ്. ലൈബ്രറി, ലാബ്, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ കളിക്കളങ്ങൾ എന്നിവ വളരെ പരിമിതമാണ്. P.T.A കമ്മിറ്റികളുടെ കാര്യക്ഷമതയില്ലായ്മയും വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമാണ്. ഡിപ്പാർട്ട്മെന്റിലായി മാത്രം കാര്യങ്ങൾ മുന്നോട്ടുപോകുന്ന ഈ സ്ഥിതിക്ക് മാറ്റം വന്നേ പറ്റൂ. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അന്യോന്യം അറിഞ്ഞും പ്രശ്നങ്ങൾ പഠിച്ചും കുട്ടികളെ അറിഞ്ഞും വിദ്യാഭ്യാസം നല്കേണ്ടതായ ഒരുനാൾ അതിക്രമിച്ചിരിക്കുന്നു. അങ്ങിനെ കളിച്ചും പഠിച്ചും അറിഞ്ഞും രസിച്ചും നമ്മുടെ തലമുറ അറിവിന്റെ ലോകത്തെത്തണം. അക്ഷരം അറിയാത്ത കുട്ടികൾക്കെങ്കിലും ക്ലാസ്സ് കയറ്റം നല്കുന്ന സമ്പ്രദായം നിർത്തലാക്കുവാൻ നമുക്ക് കഴിയണം. മോശക്കാരായ കുട്ടികളെ പ്രത്യേകം കണ്ടെത്തി അവർക്ക് പ്രത്യേക ക്ലാസ്സുകൾ നൽകാൻ സംവിധാനം ഉണ്ടാക്കണം. അഭിരുചിയില്ലാത്ത വിഷയങ്ങളിലേക്ക് ആകർഷിപ്പിക്കാൻ സിലബസ്സ് ഘടനയിൽ തന്നെ ചില സമൂലമായ മാറ്റങ്ങൾ ആവശ്യമാണ്. പുസ്തകത്തിലെ അക്ഷരങ്ങളുടെ നിഴൽ പതിപ്പിക്കുന്ന സ്റ്റാമ്പ് പാഡായി മാറുന്ന അദ്ധ്യാപനരീതിയും അദ്ധ്യാപകപരിശീലനവും മാറ്റിയെടുക്കേണ്ടതാണ്. ആവശ്യം വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കാത്ത സക്കൂളിലെ പുതിയ നിയമനം നടത്തുമ്പോൾ ഇത് ഉറപ്പ് വരുത്തുവാൻ നമുക്ക് കഴിയണം. അദ്ധ്യാപക നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം നടപ്പിലാക്കാൻ നിയമനങ്ങൾ പി.എസ്.സിക്ക് വിടണം. ഇതിന്റെ മുന്നോടിയായി സ്വകാര്യ കോളേജ് അദ്ധ്യാപകനിയമനത്തിലുള്ള വ്യവസ്ഥകളെങ്കിലും സ്ക്കൂൾ അദ്ധ്യാപകനിയമനത്തിൽ നടപ്പിലാക്കണം. അദ്ധ്യാപകരുടെ ഗുണനിലവാരം ഉയർത്താൻ ഇത് സഹായിക്കും.

വിദ്യാഭ്യാസരംഗത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കണം. ഉച്ചഭക്ഷണ പരിപാടി പരിപൂർണ്ണമായി P.T.A യുടെ നിയന്ത്രണത്തിലാക്കണം. P.T.A പ്രതിനിധിയും ഗ്രമപഞ്ചായത്ത് പ്രതിനിധിയും വിദ്യാഭ്യാസ വകുപ്പുപ്രതിനിധിയും ഉൾപ്പെടുന്ന പ്രാദേശിക ജനകീയ കമ്മറ്റികൾ രൂപവൽക്കരിച്ച് സ്ക്കൂൾ പഠനനിലവാരവും മറ്റും പരിശോധിക്കുന്ന രീതിയിലേക്ക് എത്തിച്ചാൽ അദ്ധ്യാപക രംഗത്തുനിന്ന് പഠിപ്പിക്കുന്നതിൽ ശ്രദ്ധയുണ്ടാകാനിടയുണ്ട്. ഇവർക്ക് അതാത് രംഗത്തെ പ്രശ്നങ്ങളും കുട്ടികളുടെ പ്രശ്നങ്ങളും ചർച്ചചെയ്യാനും പരിഹാരം നിർദ്ദേശിക്കാനും കഴിയണം.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്തെ കച്ചവടവത്ക്കരണം, ബിസ്സിനസ്സ് താത്പര്യത്തിനനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും മാറ്റുകയും ചെയ്യുന്ന മാനേജവളരെ വിരളമായേമെന്റിന്റെ ബിസിനസ്സ് താൽപര്യം.

ഉദാ: വളാഞ്ചേരി സ്വാശ്രയ എൻജിനീയറിംഗ് കോളേജ്

2. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജാതികളുടേയും മതന്യൂനപക്ഷങ്ങളുടേയും വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല.
3. സ്ക്കൂളുകളിലെ പഠനനിലവാരം പൊതുവെ തൃപ്തികരമല്ല.
4. ഹൈസ്ക്കൂൾ വിദ്യാഭ്യാസരംഗത്ത് ആവശ്യമായത്ര ഹൈസ്ക്കൂളുകൾ ഇല്ല.
5. ആവശ്യമായത്ര യു.പി. സ്ക്കൂളുകളും, ചില വാർഡുകളിൽ L.P സ്ക്കൂളുകളും ഇല്ല.
6. അക്കാദമിക് അവലോകനം കാര്യക്ഷമമല്ല.
7. P.T.A കൾ സജ്ജീവമല്ല.
8. വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര മുതലിറക്കുന്നില്ല.
9. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമല്ല.
10. അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ വേണ്ടത്രനടക്കുന്നില്ല.
11. അദ്ധ്യാപകരെ അക്കാദമിക്ക് ഇതരവിഷയങ്ങളിൽ ബന്ധപ്പെടുത്തുന്നതുകൊണ്ട് സമയാനുസൃതമായി പാഠഭാഗങ്ങൾ തീർക്കുവാൻ കഴിയുന്നില്ല.
12. സ്ക്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല.
13. S.S.L.C വജയശതമാനം ഒട്ടും തൃപ്തികരമല്ല.
14. പാഠപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും കുട്ടികൾക്ക് യഥാസമയം ലഭിക്കുന്നില്ല.

ഇതോടൊപ്പം നമ്മൾ കണക്കിലെടുക്കേണ്ട ഒരു വസ്തുത കൂടിയുണ്ട്. അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടേയും റിട്ടയേർഡ് അദ്ധ്യാപകരുടേയും ഒരു നീണ്ട നിര തന്നെ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ ഉപയോഗിച്ച് വിദ്യാഭ്യാസം എങ്ങിനെ പരിപോഷിപ്പിക്കാമെന്ന് നാം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

# വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

| വാർഡ് | ഹൈസ്കൂൾ | യു.പി. | എൽ. പി. | കോളേജ് | ടെക്നിക്കൽ | പാരലൽ കോളേജ് | | നഴ്സറി |
|---|---|---|---|---|---|---|---|---|
| 1 | – | – | 1 എയ്ഡഡ് | – | – | – | – | |
| 2 | – | – | – | – | – | 2 | 1 | സ്വകാര്യം |
| 3 | – | 1 എയ്ഡഡ് | | – | – | – | 1 | – |
| 4 | – | – | 1 എയ്ഡഡ് | 1 സ്വകാര്യം | **2സ്വകാര്യം | – | | – |
| 5 | – | 1 ഗവ : | – | – | – | – | | – |
| 6. | – | – | 1 ഗവ : | | – | – | | – |
| 7. | 1 എയ്ഡഡ് | 1 എയ്ഡഡ് | | – | – | 1 | – | – |
| 8. | – | – | 1 എയ്ഡഡ് | – | – | – | | – |
| 9. | – | – | 1 എയ്ഡഡ് | – | – | – | | – |
| 10. | – | 1 എയ്ഡഡ് | | – | – | – | – | – |
| 11. | – | – | 1 ഗവ : | | – | – | | – |
| 12. | ഇല്ല | – | – | – | – | – | | – |
| ആകെ | 1 | 3 | 8 | 1 | 2 | 4 | | 1 |

** സ്വാശ്രയ കോളേജ് T.T.I

# അക്കാദമിക്നിലവാരം

സ്കൂളിന്റെ പേര് :വളാഞ്ചേരി ഹൈസ്കൂൾ

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതു നിലവാരം: 30% താഴെ കുട്ടികൾ | 30 - 40% മാർക്ക് നേടുന്നവർ | 40 -50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | S.S.L.Cവിജയ ശതമാനം: 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 288 | 28 | 146 | 58 | 35 | 21 | | | | | |
| 6 | 316 | 40 | 148 | 64 | 36 | 28 | | | | | |
| 7 | 371 | 35 | 144 | 124 | 34 | 34 | | | | | |
| 8 | 858 | 88 | 331 | 240 | 111 | 88 | | | | | |
| 9 | 765 | 86 | 270 | 221 | 101 | 87 | | | | | |
| 10 | 511 | 84 | 119 | 109 | 104 | 95 | | | | | |
| SSLC96 പരീക്ഷ എഴുതിയവർ | 453 | 363 | 25 | 21 | 26 | 18 | 21 % | 23% | 19% | 16% | 20% |

# വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് : വളാഞ്ചേരി ഹൈസ്കൂൾ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/STകുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ: SC/STകുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ: SC/STകുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 5. | 158 | 138 | 296 | 5 | 5 | 10 | 2 | 2 | 4 | 3 | 4 | 7 | 2 | 1 | 3 | 4 | 1 | 5 | 8 |
| 6. | 173 | 151 | 324 | 19 | 16 | 35 | 3 | 2 | 5 | 6 | 3 | 9 | 0 | 1 | 1 | 3 | 4 | 7 | 8 |
| 7. | 212 | 167 | 379 | 20 | 19 | 39 | 5 | 4 | 9 | 7 | 5 | 12 | 3 | 1 | 4 | 2 | 2 | 4 | 8 |
| 8. | 443 | 442 | 885 | 50 | 38 | 88 | 7 | 6 | 13 | 13 | 11 | 24 | 4 | 5 | 9 | 11 | 7 | 18 | 27 |
| 9. | 373 | 416 | 789 | 37 | 41 | 78 | 4 | 2 | 7 | 11 | 9 | 20 | 2 | 5 | 7 | 8 | 9 | 17 | 24 |
| 10. | 241 | 280 | 521 | 27 | 34 | 61 | | | | | | | 1 | 3 | 4 | 2 | 4 | 6 | 10 |
| ആകെ | 1600 | 1594 | 3196 | 158 | 153 | 311 | 21 | 17 | | 40 | 32 | 72 | 12 | 16 | 28 | 30 | 27 | 57 | 85 |

# കുടിവെള്ളം – പൊതുജനാരോഗ്യം



## കുടിവെള്ളം

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്നത് പ്രധാനമായും കിണറുകളെയാണ്. 7000 -ത്തോളം വരുന്ന വീടുകളിൽ പകുതിയിലധികം വീടുകളിലും കിണറുകൾ ഉണ്ടെങ്കിലും രൂക്ഷമായ വേനൽ കാലത്ത് കിണറുകൾ ഉള്ളവർക്കും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയാണ് പഞ്ചായത്തിൽ ഉള്ളത്. കുന്നിൻ പ്രദേശങ്ങളിൽ കിണർ കുഴിക്കുക എന്നുള്ളത് ശ്രമകരമായ ഒരു ജോലിയാണ്. അഥവാ കുഴിച്ചാൽ തന്നെ വർഷം മുഴുവൻ കുടിക്കാനുള്ള വെള്ളം ഇല്ലാത്ത സ്ഥിതിയുമുണ്ട്. നദികളോ വൻ ജലസ്രോതസ്സുകളോ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. കിണറുകളും കുഴൽ കിണറുകളും ആശ്രയിച്ചാണ് ഭൂരിഭാഗം ജനങ്ങളും കുടിവെള്ളം ലഭ്യമാക്കുന്നത്. കുടിവെള്ളം എത്തിക്കുന്നതിന് രണ്ട് S.C.P പദ്ധതികളും വാട്ടർ അതോറിറ്റിയുടെ കറ്റട്ടിക്കുളം പദ്ധതിയും അടക്കം മൂന്ന് പദ്ധതികൾ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ കറ്റട്ടിക്കുളം പദ്ധതിയിൽ നിന്നും വെള്ളമെടുക്കുന്ന 2,3,4, വാർഡുകളിലെ ഉപഭോക്താക്കൾക്ക് ആ പദ്ധതിയുടെ തകരാറുമൂലം ഇപ്പോൾ വെള്ളം ലഭിക്കാത്ത അവസ്ഥയാണ്. ഇതിൽ നിന്ന് ഹൗസ് കണക്ഷൻ എടുത്തിട്ടുള്ള 47 കുടുംബങ്ങൾക്കും വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. ഈ പദ്ധതിയിലെ വെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനവും, അറ്റകുറ്റപണികൾ നടക്കാത്തതും പഞ്ചായത്തിന്റെ നഗരഭാഗത്ത് ജലക്ഷാമം രൂക്ഷമാക്കിയിട്ടുണ്ട്. ഏഴാം വാർഡിൽ ഹൈസ്ക്കൂൾ നിരപ്പിന് തൊട്ടടുത്തുള്ള ടാങ്കിൽ നിന്നാണ് മൈലാടിക്കുന്ന് പ്രദേശത്തെ കുടിവെള്ളം എത്തുന്നത്. എന്നാൽ അംബേദ്കർ കോളനിയിലും, കടുങ്ങാട്, കതിരുകുന്ന് പറമ്പ്, തച്ചൻകുന്ന് ഭാഗം ഇവിടെയൊന്നും ഇതിൽ നിന്നുമുള്ള കുടിവെള്ളം ലഭ്യമല്ല.

അഞ്ചാം വാർഡിൽ നാട്ടുകാരുടെ ശ്രമഫലമായും ബ്ലോക്കിന്റെ സഹായത്തോടും കൂടിപാടത്ത് കിണർ കുഴിച്ച് മഠത്തിൽ പറമ്പ് ഹരിജൻ കോളനിയിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ചെറുകിട ജലവിതരണ സംവിധാനംകൊണ്ട് ഒട്ടേറെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാണ്. എന്നാൽ സപ്ലൈ പമ്പും സ്റ്റോറേജിനും ഒരേ ലൈൻ ആയതുകൊണ്ട രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുന്നിൻ പ്രദേശമായനിപ്പിൽ കുടിവെള്ളം കിട്ടാതെ വരുന്നു. ഇവിടെ തന്നെ കരിമ്പനകുന്ന്, നാനാഴിക്കാട്, ആലുക്കൽ പടി, മമ്മൂപ്പടി തുടങ്ങിയ പ്രദേശങ്ങളിലേക്ക് വെള്ളം എത്തുന്നില്ല. വെള്ളം ധാരാളമുള്ള ഒരു കിണറാണിത്. മഠത്തിൽ പറമ്പ് ഹരിജൻ കോളനിയിൽ ഒരു വലിയ ടാങ്ക് കെട്ടി ജലം വിതരണത്തിനും ടാങ്കിലേക്കും വേറെവേറെ ലൈനുകൾ സ്ഥാപിച്ച് ജലക്ഷാമം നേരിടുന്ന മേൽപറഞ്ഞ പ്രദേശങ്ങളിലേക്കും തൊട്ടടുത്ത ആറ്, മൂന്ന് വാർഡുകളിലേക്കും കുടിവെള്ളം നൽകാൻ ഈ പദ്ധതി വിപുലീകരിച്ചാൽ സൗകര്യപ്രദമാകും.

പഞ്ചായത്തിൽ 39 കുഴൽ കിണറുകളും 30 പൊതുകിണറുമടക്കം 69 കിണറുകൾ എല്ലാ വാർഡുകളിലുമുണ്ടെങ്കിലും കുടിവെള്ളപ്രശ്നപരിഹാരത്തിന് ഒരു ചെറിയ അംശം പോലും ഇത് പരിഹാരമായിട്ടില്ല. ഇതു കാണിക്കുന്നത് ഒറ്റപ്പെട്ട കുഴൽകിണറുകളോ, കിണറുകളോ കൊണ്ട് പരിഹരിക്കാവുന്നതല്ല വളാഞ്ചേരി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം എന്നതാണ്. നിലവിലുള്ള 5,6,7 വാർഡുകളിലെ ചെറുകിട ജലവിതരണ പദ്ധതി തൊട്ടടുത്ത വാർഡുകളിലേക്ക് വിപുലപ്പെടുത്തുകയും മൂന്നോ നാലോ വാർഡുകൾ ചേർന്ന് ചെറുകിട ജലവിതരണ പദ്ധതി പൊതുകിണറോ, കുഴൽ കിണറുകളോ കുഴിച്ച് പരിഹരിക്കാവുന്ന രീതിയിൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് സമഗ്രമായ പ്ലാനിംഗ് ആവശ്യമാണ്. ഇത്തരം ചെറുകിട പദ്ധതികൾക്ക് മേൽ സൂചിപ്പിച്ച കിണറുകളും കുഴൽ കിണറുകളും വാർഡിൽ അഞ്ചും പത്തും വീതം കുഴിക്കുന്ന സംഖ്യയേ ചെലവു വരുകയുള്ളൂ. അതിൽ തന്നെ നല്ലൊരു ശതമാനം മനുഷ്യാധ്വാനം സംഭാവന നൽകാൻ പഞ്ചായത്തിലെ ജനങ്ങൾ തയ്യാറുമാണ്. ഈ രീതിയിൽ ജലസ്രോതസ്സ് കണ്ടെത്തി മിനിവാട്ടർ സപ്ലൈസ്കീം പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്. കുടിവെള്ള ക്ഷാമത്തിന് മറ്റൊരു പരിഹാരം 'ഡാനിഡ' യുടെ ഇരുമ്പിളയം, വളാഞ്ചേരി, എടയൂർ പഞ്ചായത്തുകൾക്ക് സംയുക്തമായി ഉണ്ടായിട്ടുള്ള തിരുവേഗപ്പുറ പുഴ വാട്ടർ സപ്ലൈസ്കീം ആണ്. ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ പഞ്ചായത്തിലെ വീടുകൾക്ക് വാട്ടർ കണക്ഷൻ നല്കിയാൽ കരം ഇനത്തിൽ ഇതിന്റെ പദ്ധതി ചെലവ് വസൂലാക്കാവുന്നതുമാണ്.

കുന്നുകളും ചോലകളും കുളങ്ങളും നിരന്ന നമ്മുടെ പഞ്ചായത്തിന്റെ ജലവിഭവശേഷി നാൾക്കുനാൾ കുറഞ്ഞു വരുന്നതായി കാണാം. പെയ്യുന്ന മഴവെള്ളം മുഴുവൻ ഭൂമിയിൽ താഴാതെ ഒലിച്ചുപോകുന്നതും അശാസ്ത്രീയമായ ഭൂവിനിയോഗരീതിയും ഇതിനൊരളവോളം കാരണമായിട്ടുണ്ട്. പാടങ്ങളും കുളങ്ങളും നികത്തുന്നതും പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ വറ്റി വരളാൻ കാരണമാണ്.

രണ്ട് കുന്നുകൾക്കിടയിലുള്ള പ്രദേശങ്ങളിൽ ഇട

യണകൾ നിർമ്മിച്ചും പറമ്പുകളും കുന്നിൽ ചെരുവകളും ഭിത്തികെട്ടി വെള്ളം ഇവിടെങ്ങളിൽ തന്നെ താഴുന്നതിന് സൗകര്യമുണ്ടാക്കിയും കുളങ്ങളേയും ചിറകളേയും സംരക്ഷിച്ചും നമ്മുടെ ജലസ്രോതസ്സുകളെ നമുക്ക് വീണ്ടെടുക്കാൻ കഴിയണം.

**ജലവിവരണപ്പട്ടിക**

| വാർഡ് | കിണർ | കുഴൽക്കിണർ | ടാപ്പ് ഹൗസ് കണക്ഷൻ |
|---|---|---|---|
| 1. | 3 | 3 | — |
| 2. | 5 | 3 | — |
| 3. | 2 | 3 | — |
| 4. | 6 | 4 | — |
| 5. | 2 | 4 | — |
| 6. | 1 | 4 | — |
| 7. | 3 | 4 | — |
| 8. | 3 | 3 | — |
| 9. | 2 | 3 | — |
| 10. | 2 | 4 | — |
| 11. | 0 | 1 | — |
| 12. | 1 | 3 | — |
| | 30 | 39 | 47 (2,3,4 എന്നീ വാർഡുകളിൽ മൊത്തം) |

## പൊതുജനാരോഗ്യം

നാട്ടുവൈദ്യൻമാരും പരമ്പരാഗത ചികിത്സാരീതിയും നിലനിന്നിരുന്ന ഒരു പഞ്ചായത്താണ് വളാഞ്ചേരി പഞ്ചായത്ത്. ആയുർവ്വേദത്തിനും ഉഴിച്ചിൽ ചികിത്സക്കും പേരും പ്രശസ്തിയും സിദ്ധിച്ച കാട്ടിരിത്തി ഗുരുക്കൻമാരുടെ ചികിത്സ പ്രസിദ്ധമാണ് ആധുനിക രീതിയിലുള്ള ആരോഗ്യ സംരക്ഷണ പരിപാടികളും വിദ്യാഭ്യാസ രംഗത്തുണ്ടായ ഉയർച്ചയും നാട്ടുവൈദ്യർ, മന്ത്രവാദം എന്നിവയിൽ നിന്ന് ജനങ്ങളെ മോചിപ്പിച്ച് ആയുർവ്വേദ ചികിത്സക്ക് ഇന്നും പ്രചാരവും അടിത്തറയും ഉള്ള ഒരു പഞ്ചായത്താണ് വളാഞ്ചേരി പഞ്ചായത്ത്.

ഈ പഞ്ചായത്തിൽ രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമാണ് ഉള്ളത്. അഞ്ചുസ്വകാര്യ ആശുപത്രികളും ഒരു സ്വകാര്യ ആയുർവ്വേദ നഴ്സിംഗ് ഹോമും നിരവധി സ്വകാര്യ മെഡിക്കൽ പ്രാക്ടീഷണർമാരും ഉള്ള ഒരു മേഖലയാണ് വളാഞ്ചേരി.

നിലവിലുള്ള സർക്കാർ ആശുപത്രിയുടെ ശോച്യാവസ്ഥയും കാര്യക്ഷമതയില്ലായ്മയും സ്വകാര്യമെഡിക്കൽ രംഗത്തെ ബിസിനസ്സ് താത്പര്യം വളർത്തുവാൻ ഇടയാക്കിയിട്ടുണ്ട്. സ്വകാര്യ ചികിത്സാരംഗം വളാഞ്ചേരിയെ സംബന്ധിച്ചിടത്തോളം ഒരു വലിയ ബിസിനസ്സ് ആയി മാറിയിരിക്കുന്നു. കാർത്തല ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടനിർമ്മാണത്തിനും വിഭവസമാഹരണത്തിനും നാട്ടുകാർ തയ്യാറാണ്. ധാരാളം ഗ്രാമീണർ ഈ ആരോഗ്യ കേന്ദ്രത്തെ ആശ്രയിക്കുന്നവരാണ്. മരുന്നും മറ്റു സൗകര്യങ്ങളും ലഭ്യമായാൽ ഈ സ്ഥാപനം ആയുർവ്വേദ ആരോഗ്യരംഗത്തെ ഒരു വലിയ മുതൽ കൂട്ടായി മാറും.

അംഗൻവാടികളുടേയും കുടുംബക്ഷേമകേന്ദ്രങ്ങളുടേയും ആരോഗ്യ സംരക്ഷണ പരിപാടികളുടെ പോഷകാഹാരം വൈറ്റമിൻ ഗുളികൾ എന്നിവ അർഹതപ്പെട്ട മുഴുവൻ ജനങ്ങൾക്കും എത്തിക്കാൻ കഴിയുന്നില്ല. എട്ട് ചാപ്പിള്ള ജനനവും ഒരു വയസ്സിനു താഴെ പ്രയത്തിൽ മൂന്നു കുട്ടികൾ കഴിഞ്ഞ വർഷത്തിൽ മരിക്കുകയും ചെയ്തപ്പോൾ കഴിഞ്ഞ വർഷം 499 കുഞ്ഞുങ്ങൽ പുതുതായി ജനിച്ചു. മരണനിരക്ക് 125ആണ്.

അങ്ങാടികളിൽ പൊതുകക്കൂസും മൂത്രപ്പുരയും ഇല്ല എന്നുള്ളത് ആരോഗ്യരംഗത്തെ ഒരു പ്രശ്നം തന്നെയാണ്. ബസ്റ്റാൻഡിൽ നിലവിലുള്ള കക്കൂസും മൂത്രപ്പുരയും വേണ്ടത്ര സംരക്ഷിക്കപ്പെടാത്തതിനാൽ മലിനമാണ്. സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ച് ടോക്കൺ സമ്പ്രദായത്തിൽ കക്കൂസും മൂത്രപ്പുരയും വേണ്ടത്ര സംരക്ഷിച്ചാൽ പൊതുജനങ്ങൾക്ക് സൗകര്യവും പഞ്ചായത്തിന് ആദായകരവും ആകും. ചപ്പുചവറുകൾ നിക്ഷേപിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. അവ നീക്കം ചെയ്യാൻ ഡംബിംഗ് ഗ്രൗണ്ട് ഉണ്ടെങ്കിലും പരിസരത്ത് ജനവാസം ഉള്ളതുകൊണ്ട് അതിനും അസൗകര്യം നേരിടുന്നു.

മത്സ്യമാർക്കറ്റും ഇറച്ചിമാർക്കറ്റും ഒന്നിച്ചായതിനാലും വളാഞ്ചേരിയുടെ സാദ്ധ്യതക്കനുസരിച്ച സൗകര്യമില്ലായ്മയും ഒരു പരിധിവരെ പഞ്ചായത്തിലെ ആരോഗ്യ പരിപാലനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

വികസിച്ചുവരുന്ന വളാഞ്ചേരി പട്ടണത്തിനനുസരിച്ച് മാംസമാർക്കറ്റും, പച്ചക്കറി മാർക്കറ്റും പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

1313കുടുംബങ്ങൾക്ക് മലമൂത്ര വിസർജ്ജനത്തിനായി കക്കൂസുകൾ ഇല്ല എന്നുള്ളതിനും പരിഹാരം കാണേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1, സർക്കാർ ആശുപത്രിയിൽ വേണ്ടത്ര മരുന്നോ, പരിചരണമോ, കാര്യക്ഷമതയോ, ഇരുപത്തിനാലുമണിക്കൂറും സേവനമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ല-കുടിവെള്ളം, ഇല്ലായ്മ, സ്റ്റാഫ് നേഴ്സ് ഇല്ലാത്തത്.ആശുപത്രി വാഹനം ഇല്ലാത്തും, പാർട്ട് ടൈം സ്വീപ്പർ ഇല്ലാത്തതും മരുന്ന് സൂക്ഷിക്കുന്ന റൂമിന് സീലിങ് ഇല്ലാത്തതും നമ്മുടെ ആരോഗ്യ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

2, സ്വകാര്യ ആശുപത്രികളിൽ ഫീസ് നിരക്കിൽ ഏകീകരണമോ നിയന്ത്രണമോ ഇല്ല.

3, ജനസംഖ്യാനുപാതികമായി അംഗൻ വാടികൾ തുടങ്ങാൻ സൗകര്യം ലഭിക്കുന്നില്ല.

4, നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളോ, മരുന്നുകളോ, സേവനമോ ലഭ്യമല്ല.

5, വളാഞ്ചേരി ടൗണിൽ സൗകര്യപ്രദമായ രീതിയിൽ പൊതുകക്കൂസും മൂത്രപ്പുരയും ഇല്ല.

6, ചപ്പുചവറുകളും മറ്റു അവശിഷ്ടങ്ങളും സംഭരിക്കാനും സംസ്കരിക്കാനുമുള്ള ആധുനിക സംവിധാനങ്ങൾ ഇല്ല.

7, മത്സ്യ-മാംസ പച്ചക്കറി മാർക്കറ്റുകൾക്ക് വേണ്ടത്ര സൗകര്യമില്ല.

8, മലിന ജലം ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.

9, ശുദ്ധജലക്ഷാമം

### പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

| Sl.No: | പേര് | സ്വകാര്യം | പൊതു |
|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം വളാഞ്ചേരി | | സർക്കാർ |
| 2. | പ്രാഥമിക ആയുർവേദ കേന്ദ്രം കാർത്തല | | സർക്കാർ |
| 3. | നിസാർ ക്ലിനിക്വളാഞ്ചേരി | | |
| 4. | കരുണഹോസ്പിറ്റൽ വളാഞ്ചേരി | | |
| 5. | നടക്കാവിൽ ഹോസ്പിറ്റൽ വളാഞ്ചേരി | | |
| 6. | മേരി മാതാ ഹോസ്പിറ്റൽ | | |
| 7. | ലൈഫ്ഹോസ്പിറ്റൽ | | |
| 8. | ചങ്ങമ്പള്ളി ആയുർവേദ നഴ്സിംഗ്ഹോം | | |
| | ആകെ | 6 എണ്ണം | 2 എണ്ണം |


### കുട്ടികളുടെ ആരോഗ്യനിലവാരം

| പ്രായം | നോർമൽ | | ഒന്നാംഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | | നാലാം ഗ്രേഡ | |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 129 | 116 | 53 | 50 | 39 | 29 | – | – | – | – |
| 1–3 | 199 | 153 | 112 | 113 | 44 | 41 | – | – | – | – |
| 3–6 | 272 | 231 | 145 | 155 | 61 | 59 | – | – | – | – |

# പൊതുജനാരോഗ്യം

| വാർഡ് നമ്പർ | ജീവനക്കാർ | മൂത്രപ്പുര | കക്കൂസ് | ടാപ്പ് | ഹൗസ് കണക്ഷൻ | പൊതു കുഴൽകിണർ | പൊതു കിണർ | കുളിക്കടവ് | ശ്മശാനം | അറവുശാല | ഡംബിങ് ഗ്രൗണ്ട് |
|---|---|---|---|---|---|---|---|---|---|---|---|
| 1. | -- | - | - | - | - | 3 | 3 | - | 1 | 1 | 1 |
| 2. | - | - | - | - | 2, | 3 | 5 | - | - | - | - |
| 3. | - | - | - | - | 3. | 3 | 2 | - | - | - | - |
| 4. | - | - | - | - | 4 | 4 | 6 | 1 | - | - | - |
| 5. | - | - | - | - | വാ | 4 | 2 | - | - | - | - |
| 6. | - | - | - | - | ർ | 4 | 1 | - | - | - | - |
| 7. | - | - | - | - | ഡു | 4 | 3 | - | - | - | - |
| 8. | - | - | - | - | ക | 3 | 3 | - | - | - | - |
| 9. | - | - | - | - | ൾ | 3 | 2 | - | - | - | - |
| 10. | - | - | - | - | മാ | 4 | 2 | - | - | - | - |
| 11. | - | - | - | - | ത്രം | 1 | - | - | - | - | - |
| 12. | - | - | - | - | - | 3 | 1 | - | - | - | - |
| | | | | 40 | 47 | 39 | 30 | 1 | 1 | 1 | 1 |

# ഗതാഗതവും ഊർജ്ജവും



## ഊർജ്ജം

110 KV എടപ്പാൾ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതിയാണ് പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് ഉപഭോക്താക്കൾ വളരെ കുറഞ്ഞ സമയത്തുണ്ടായിരുന്ന അതേ സംവിധാനം തന്നെയാണ് വൈദ്യുതിരംഗത്ത് ഇന്നും നിലവിലുള്ളത്. അതുകൊണ്ടുതന്നെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നിലവിലുള്ള ഒരു പഞ്ചായത്താണിത്.

നിർദ്ദിഷ്ട കാർത്തല 110 KV സബ്സ്റ്റേഷനുവേണ്ടി സ്ഥലമെടുപ്പും കല്ലിടലും കഴിഞ്ഞ് ഒരു തുടർനടപടികളും ഇല്ലാതായിട്ട് വർഷങ്ങൾ നാലായി. അത് പണിപൂർത്തീകരിച്ചാൽ മാത്രമേ ഈ മേഖലയിലുള്ള വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ. പഞ്ചായത്തിലെ 4712 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന നിരക്കാണ്. ഇത് 70% ത്തിൽ അധികം വരും. 1070 വ്യാപാര സ്ഥാപനങ്ങൾക്കും 48 ചെറുകിട വ്യവസായസ്ഥാപനങ്ങൾക്കും 724 കാർഷിക കണക്ഷനുകളും വൈദ്യുതി മേഖലയിൽ ഈ പഞ്ചായത്തിനു നല്കിയിട്ടുണ്ട്. പുതുതായി വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷകരായിട്ടുള്ളത് 400-ൽ താഴെയാണ്. പുതുതായി വൈദ്യുതി ലഭിക്കേണ്ട കേന്ദ്രങ്ങൾ പ്രധാനമായും ഹരിജൻ കോളനികളാണ്. പഞ്ചായത്തിലെ കോളനികളിൽ വെറും നാലെണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ എന്ന വസ്തുത ഈ രംഗത്തെ ശോചനീയാവസ്ഥ പ്രകടമാക്കുന്നു.

പന്ത്രണ്ട് വാർഡുകളിലായി 24 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും പ്രേക്ഷണ വിതരണ രംഗം കുറ്റമറ്റതാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് വക തെരുവു വിളക്കുകളായി വിവിധ വാർഡുകളിൽ 145 ബൾബുകളും, 25 ട്യൂബ് ലൈറ്റുകളും, 35 സോഡിയം വേപ്പർ ലാമ്പുകളുമാണുള്ളത്. സാദ്ധ്യതക്കനുസരിച്ച് ഈ രംഗത്ത് ഉയർന്നിട്ടില്ലെന്നു വേണം കാണാൻ.

### പ്രശ്നങ്ങൾ

1. പ്രസരണത്തിനായി 110KV സബ്സ്റ്റേഷനുകൾ അടുത്തെങ്ങും തന്നെയില്ല.
2. ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.
3. മുഖ്യ ഊർജ്ജ സ്രോതസ്സായി വീടുകളും, ഹോട്ടൽകാരും അശ്രയിക്കുന്നത് വിറകു തന്നെയാണ്. ഇത് നമ്മുടെ വൃക്ഷസമ്പത്ത് ആകെ നശിക്കുന്നതിന് കാരണമായിത്തീരും.
4. കൂടുതൽ പേർക്കും പാചക ഇന്ധനം ഒരു പ്രശ്നമാണ്.
5. സോളാർ, ബയോഗ്യാസ്, പ്രകൃതിവാതകം, പുകയില്ലാത്ത അടുപ്പ് എന്നിവയുടെ ഉപയോഗം പഞ്ചായത്തിൽ തീരെയില്ല.

**വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ** (നിലവിലുള്ള ഉപഭോക്താക്കൾ)


| ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം |
|---|---|---|---|
| 4710 | 1070 | 48 | 724 |

**സൗജന്യ സ്ലാബിലുള്ള വൈദ്യുതി ഉപഭോക്താക്കൾ**

| | |
|---|---|
| മാടത്തിയാർ കുന്ന് | 1 |
| അംബേദ്കർ കോളനി | 9 |
| മയിലാടിപ്പറമ്പ് | 2 |
| ആകെ | 12 |

**തെരുവ് വിളക്ക് സംബന്ധിച്ച കണക്ക്**

| ബൾബ് | ഫ്ളൂ ട്യൂബ് | വേപ്പർ ലാംബ് |
|---|---|---|
| 145 | 25 | 35 |


വളാഞ്ചേരി പഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)
റോഡുകൾ – കനാലുകൾ
പഞ്ചായത്ത് അതിർത്തി.
വാർഡ് അതിർത്തി.
N.H. 17
P.W.D. മെയിൻ റോഡ്
പഞ്ചായത്തുവക റോഡുകൾ
തോടുകൾ
N.H. 17 കോഴിക്കോട്
N.H. 17

## ഗതാഗതം

വളാഞ്ചേരി പഞ്ചായത്തിലെ റോഡ് ശൃംഖല 71.37 കി.മീ. ആണ് ഉള്ളത്. ഇതിൽ 41.22 കച്ച്റോഡും, 28.95 കി.മീ. പക്കറോഡും, 1.200 കി.മീ. മെറ്റൽ റോഡും, 6½ കി.മീറ്ററോളം വരുന്ന ദേശീയ പാത 17ഉം, 5കിലോമീറ്റർ PWD റോഡും അടങ്ങുന്നതാണ് പഞ്ചായത്തിലെ റോഡ് മേഖല. പഞ്ചായത്തിന്റെ എല്ലാ മുക്കും മൂലയുമായി ബന്ധപ്പെടാൻ ഇന്ന് റോഡുകൾക്ക് സാധിച്ചിട്ടുണ്ട്. പഞ്ചായത്തുറോഡുകളിൽ മിക്കവയും ഗതാഗത യോഗ്യമാണ് എങ്കിലും കാലാനുസൃതമായ അറ്റകുറ്റപണികൾ നടത്താത്തതിനാൽ യാത്ര വിഷമകരമാണ്.

ഗ്രാമസഭകളിൽ നടത്തിയ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന പ്രകാരം പഞ്ചായത്തിലെ റോഡ് പണികൾക്ക് മുൻഗണന കൊടുക്കേണ്ടതിനായി താഴെ പറയും പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

1. കുളമംഗലം പള്ളിപ്പടിമുതൽ വെള്ളിമാൻ കുന്ന് വരെ റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
2. കാട്ടുബാവപ്പടിമുതൽ പഴുതുരുത്തി തോടുവരേയും തോടിന് പാലം നിർമ്മിച്ച് ട്രെയിനിംഗ് സ്ക്കൂൾ വരേയും ഉള്ള റോഡ് ഗതാഗത യോഗ്യമാക്കുക.
3. വളാഞ്ചേരി വില്ലേജ് ഓഫീസ് മുതൽ കുവ്വക്കാട് വരെയുള്ള റോഡ് പണിപൂർത്തീകരിക്കുക.
4. കരിങ്കല്ലത്താണി പള്ളിക്ക് സമീപത്തുനിന്നും ആരംഭിക്കുന്ന റോഡ് കാട്ട് ബാവ പ്പടി പഴുതുരുത്തി വഴി ട്രെയിനിംഗ് സ്ക്കൂൾ 500 മീറ്റർ പൂർത്തികരിക്കുക.
5. കരിമ്പനക്കുന്ന് റോഡ് ടാറിടുക.
6. അബുദാബി കണക്കന്തററോഡ് മെറ്റലിടുക.
7. പാർത്ഥസാരഥി റോഡിൽ നിന്നും പറശ്ശേരിപ്പറമ്പുവഴി ബ്ലോക്ക് റോഡുമായി ബന്ധിപ്പിക്കുക.
8. കാളിയാല താണിയാപ്പൻ കുന്ന് റോഡ് യാത്രാ യോഗ്യമാക്കുക.
9. കോതോൽ റോഡ് ടാർ ചെയ്യുക.
10. പള്ളിപ്പറമ്പ് കക്കാംകുളം റോഡ് പൂർത്തീകരിക്കുക.
11. മൂച്ചിക്കൽ സ്ക്കൂൾ, കൂവ്വക്കാട് - നീലംപതി റോഡ് പണി പൂർത്തീകരിക്കുക.
12. മൂർക്കമ്പാട്ടേൽ കള്ളിക്കാട് റോഡ് NH 17-ൽ ബന്ധിപ്പിക്കുക.

**രണ്ടാംഘട്ടം**

1. കുളമംഗലം LP സ്ക്കൂൾ മുതൽ വെള്ളിമാഠ കുന്ന് വരെ റോഡ് നിർമ്മിക്കുക.
2. കൊട്ടാരം കിഴക്കേകര റോഡ് പാലക്കാട് പെരിന്തൽ മണ്ണ റോഡിലേക്ക് ബൈപാസ് ആയി ഉപയോഗിപ്പെടുത്തുക.
3. പാലച്ചുവട് NH ൽ നിന്നും 400 മീറ്റർ മേൽപ്പോട്ട് ഇടവഴി ഗതാഗത യോഗ്യമാക്കുക.
4. കരിക്കല്ലത്താണി കിഴക്കേകരറോഡ്ടാർചെയ്യുക.
5. G.U.P സ്ക്കൂൾ താഴേക്കള്ള റോഡ് 500 മീറ്റർ ടാറിംഗ്.
6. കാട്ടിപ്പരുത്തി പെരുങ്കായിക്കുളം റോഡ് മെറ്റൽ ചെയ്യുക.
7. പണിക്കർ മൂലപഞ്ചായത്ത് അതിർത്തിവരെയുള്ള റോഡ് മെറ്റൽ ചെയ്യുക.
8. ചോലക്കൽ താന്നിയാപ്പൻ ഇറക്കം റോഡ്.
9. കരിങ്കലുത്താണി താമരക്കുളം ഹൈസ്ക്കൂൾ റോഡ്.
10. കല്ലരു അമ്പലപ്പറമ്പ് റോഡ്.
11. കരിങ്കലത്താണി വടക്കംമുറി റോഡ്.
12. പീറയിൽ പടി-കൊട്ടക്കുണ്ട് റോഡ് ടാർ ചെയ്യുക.

**മൂന്നാം ഘട്ടം**

കുളമംഗലം അങ്ങാടി-കുണ്ടൂർ പടി റോഡ്. കരിങ്കല്ലത്താണി- കൂരൂടിത്തോട് റോഡ്, NH-ൽ നിന്നും ഓട്ടോമൊബൈൽസിന്റെ അരികിൽ കൂടിപോകുന്ന ഇടവഴി നടപ്പാതയാക്കുക. കൊട്ടാരം തങ്ങൾ പടി മുക്കില പീടിക ബൈപാസ് റോഡ് ഉണ്ടാക്കുക, മടത്തിൽ പടി ഹരിജൻ കോളനി റോഡ്, തിണ്ടലം-കടുങ്ങാട് കോളനി വഴി LP സ്ക്കൂൾ പരിസരത്തേക്ക് റോഡ് നിർമ്മിക്കുക. വടക്കേപറമ്പ് പാലക്കാപള്ളിയാൽ റോഡ്, കാവും പുറം പാറക്കൽ തോട് റോഡ്, ചൂരക്കോട്ടുകുളം കാർത്തല L.P സ്ക്കൂൾ റോഡ്, കരിങ്കല്ലത്താണി–നെഹ്റുജി കോളനിറോഡ്, കഞ്ഞിപ്പുര കാടാമ്പുഴ റോഡ് ടാർ,

ചെയ്യുക. കമ്പത്തുപടി-പള്ളിപ്പടി ക്രോസ്സ് റോഡ്. ഗവ: ആശുപത്രി മുതൽ കിഴക്കേ കരവരെ ഫുട്ട്പാത്ത്. പരുതിച്ചോല റോഡ്. താഴെയങ്ങാടി പുറങ്ങാട് റോഡ് മൂടാൽ റോഡിനോട് ബന്ധിപ്പിക്കുക. പാർത്ഥസാരഥി റോഡിൽ നിന്നും മയിലാടി വഴി ബ്ലോക്കു റോഡുമായി ബന്ധിപ്പിക്കുക. കാളിയേലതിണ്ടലം റോഡ്. മൈലാടിക്കുന്ന് ഹൈസ്ക്കൂൾ റോഡ്, കൊച്ചുപടി വെള്ളച്ചപ്പറമ്പ് റോഡ്, പഴുക്കപ്പാറ കമ്മാളൻകുന്ന് കല്ലിങ്ങൾ പടിറോഡ്, തോണിക്കൽ താണിയാപ്പൻ കുന്ന് റോഡ്, എന്നിവ നിർമ്മിച്ച് അറ്റകുറ്റപ്പണികൾ നടത്തുക.

## നാലാംഘട്ടം

മനക്കൽ പടി മാടത്തിയാർകുന്ന് റോഡ്, കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിന്റെ കിഴക്കും പടിഞ്ഞാറും ഉള്ള റോഡുകൾ, അമ്പലം പെരിന്തൽമണ്ണ റോഡിലും താമരക്കുളം ഹൈസ്ക്കൂൾ റോഡിലും ബന്ധിപ്പിക്കുക. കരിമ്പനക്കുന്ന് റോഡ് ബാലവാടി വരെനീട്ടുക. ആലുക്കത്തോട് കാസാം കുന്ന് റോഡ്, തച്ചൻ കുന്ന് റോഡ്, കക്കാട്ടുപാറ കുന്നത്ത് ഫുട്ട്പ്പാത്ത്, നിരപ്പിൽപാറ കാട്ടിപ്പരുത്തി റോഡ്–കാർത്തലപ്പാടം വരെ, കാശാംകുന്ന് ചീനിക്കുളമ്പ് ആനപ്പടി റോഡ്, മുരിങ്ങത്താഴം കള്ളിക്കാട് റോഡ്.

## അഞ്ചാംഘട്ടം

ഒന്നാം വാർഡ് അതിർത്തിപഞ്ചായത്ത് റോഡ് മുതൽ കുയിലിക്കാട് ഹരിജൻ കോളനി വരെയുള്ള റോഡ്, NH-ൽ നിന്നും കരിമ്പനക്കുന്നിലേക്കുള്ള ഇട വഴി ഫുട്ട്പാത്ത് ആക്കുക. ആലുക്കത്തോട് കാശാം കുന്ന് റോഡ്, കാളിയാല-നെല്ലി കൂടം റോഡ്, പള്ളി പറമ്പ്- മയങ്ങൻകണ്ടം റോഡ്, കളത്തിൽ തൊടി കാശാം കുന്ന് റോഡ്, കഞ്ഞിപ്പുര-കല്ല്യാണൊറു റോഡ്, ബാവപ്പടി വെള്ളി മാൻകുന്ന് റോഡ്, NH നിരപ്പ് മമ്മുപ്പടി വഴി ഇടവഴി റോടാക്കുക, ശുദ്രമഠം കളത്തിൽ പടി ചുങ്കം റോഡ് പാലം കെട്ടുക, കാഞ്ഞിരത്തടം കുരുവിറോഡ് മുട്ടിക്കുക. രായിൻ ഹാജിപ്പടി-കൂവ്വക്കാട് കരിങ്കല്ലത്താണി റോഡ്, കൊച്ചുപടി കാർത്തലച്ചുങ്കം റോഡ്, മുരിങ്ങത്താഴം മൂക്കമ്പാട്ട് റോഡ്, തേവർ പറമ്പ് കാശാം കുന്ന് റോഡ്, മുക്കിലത്തോട്- കൃഷ്ണൻ പടിറോഡ്, പുറയംകാട് പനങ്കായിക്കാട് റോഡ്, ചീനിക്കുളമ്പ്-ഇട്ടിരിപ്പറമ്പ് റോഡ് എന്നിവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

## പ്രശ്നങ്ങൾ

1. തിരക്കേറിയ വട്ടപ്പാറവളവിൽ റോഡ് വീതികൂട്ടി ഡിവൈഡർ സ്ഥാപിച്ച് വാഹനാപകടങ്ങൾ നിയന്ത്രിക്കണം.
2. ബസ്സ് സ്റ്റോപ്പുകളും വെയിറ്റിംഗ് ഷെഡുകളും വേണ്ടത്രയില്ല.
3. നൂറുകണക്കിന് സ്വകാര്യ ജീപ്പുകളും ഓട്ടോറിക്ഷകളുംകാറുകളും ഉള്ള വളാഞ്ചേരി പട്ടണത്തിൽ ടാക്സി-ഓട്ടോസ്റ്റാൻഡ് ഇല്ലാത്തതു കൊണ്ട് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു.
4. ടൗണിന്റെ വികാസത്തിന്നനുസരിച്ച് ബസ്റ്റാൻഡിന്റെ സൗകര്യം പര്യാപ്തമല്ല.
5. ഇടവഴികൾ പലതും സഞ്ചാര യോഗ്യമല്ല.
6. റോഡിനോട് ചേർന്ന് കെട്ടിട നിർമ്മാണം റോഡിന്റെ ഈടിനെ ബാധിക്കുകയും വെള്ളച്ചാലുകൾ തൂർന്ന് റോഡുകൾ നാശമാകുന്നതിനും കാരണമാകുന്നു.
7. പൊതുവഴികളുടെയും റോഡുകളുടെയും പാർശ്വങ്ങളിൽ സ്വകാര്യവ്യക്തികളുടെ മതിൽ നിർമ്മാണവും കെട്ടിടനിർമ്മാണവും റോഡിന്റേയും വഴികളുടേയും വികസനത്തിനും മറ്റു ഗതാഗത സൗകര്യം വിപുലീകരിക്കുന്നതിനും വിഘാതമാകുന്നു.

## ഗ്രാമീണ റോഡ്തരംതിരിവ്

| കച്ച മറ്റുള്ളവ | പക്ക | മെറ്റൽ | PWD | NH | |
|---|---|---|---|---|---|
| 4.22 | 28.95 | 71.37 | 3 K.M | 6 ഗ.ങ | ചശഹ |

# നിലവിലുള്ള റോഡുകളെ സംബന്ധിച്ച വിവരം


| SL No. | വാർഡ് | റോഡിന്റെ പേര് | ഇനം | ദൂരം | വീതി | അതോറിറ്റി |
|---|---|---|---|---|---|---|
| 1. | 5 | മുക്കിലപീടിക-ആലുക്കൽ പടി റോഡ് | ടാർറോഡ് | 0.60 | 8.00മീ | പഞ്ചായത്ത് |
| 2. | 4 | കൊട്ടാരം - മാടത്തിയാർ കുന്ന് | | 0.44 | 4.50 | |
| 3. | | കരിങ്കല്ലത്താണി-പിരളിപ്പാടം | | 1 | 4 | |
| 4. | 2 | പെരിന്തൽമണ്ണ റോഡ്- ഗവ ഹോസ്പിറ്റൽ | | 0.24 | 4 | |
| 5. | 9 | മീമ്പാറ - ഹൈസ്കൂൾ | | 0.80 | 8 | |
| 6. | 9 | കാവുംപുറം - പാറക്കത്തോട് | മൺ | 0.28 | 4.50 | |
| 7. | 9 | കാവുംപുറം - വല്ലടിത്തോട് | | 0.40 | 6.50 | |
| 8. | 7 | വൈക്കത്തൂർ ടി.ബി. - ഹൈസ്കൂൾ റോഡ് | ടാർ | 0.69 | 8.00 | |
| 9. | | ചുങ്കം - സ്രാമ്പിക്കൽ പറമ്പ് | | 0.65 | 4 | |
| 10. | 1 | കുളമംഗലം - വടക്കുംമ്പുറം അതിർത്തി | | 0.33 | 6 | |
| 11. | 10 | കാർത്തല പാടം - മുണ്ടക്കപ്പറമ്പ് | | 0.48 | 4 | |
| 12. | 4 | പാലാട്ടുപടി - വെണ്ടല്ലൂർ | | 1.00 | 6 | |
| 13. | | ചുങ്കം - നിരപറമ്പ് | | 0.43 | 7 | |
| 14. | | നിരപറമ്പ്- പാലക്കാട്ടു കുളമ്പ് | | 0.43 | 7 | |
| 15. | | കുളമംഗലം സ്കൂൾ - എടയൂർ | | 0.40 | 7 | |
| 16. | | പെരുമ്പറമ്പ്-പാലക്കാട്ടു കുളമ്പ് | | 0.53 | 7 | |
| 17. | | എടയൂർ പഞ്ചായത്ത് അതിർത്തി -കമ്മുട്ടിക്കുളംപാലം | | 0.45 | | |
| 18. | | കാവുംപുറം-തെക്കാട്ട് ജാറം | | 0.40 | 6 | |
| 19. | | കാരാട്ടുതോട്- കാരാട്ടു പറമ്പ് | | 0.27 | 6 | |
| 20. | | തെക്കാട്ട്ജാറം-കൊങ്ങിണിപ്പറമ്പ് | | 0.20 | 6 | |
| 21. | | കോട്ടപ്പുറം- ഇരിമ്പിളിയം | | 0.47 | 6 | |
| 22. | 5 | പൈങ്കണ്ണൂർ സ്കൂൾ-നിരപ്പ് | | 0.32 | 4 | |
| 23. | 5 | നിരപ്പറമ്പ്റോഡ് | | 0.30 | 6 | |
| 24. | | നിരപ്പറമ്പ്-പുന്നംപള്ളിയാൽപടി | | 0.44 | 4 | |
| 25. | | കാവുംപുറം പിലാത്തറ-കാർത്തല റോഡ് | | 0.91 1/2 | 4 | |
| 26. | | വെളിച്ചപ്പറമ്പ്-മുക്കൂത്ത്പ്പറമ്പ് | | 0.60 | 4 | |
| 27. | | കമ്മുട്ടിക്കളം-മനക്കൽപടി | | 0.75 | 4 | |
| 28. | | ട്രെയിനിംഗ്സ്കൂൾ-വലിയ പള്ളിയാൽ | | 0.15 | 6 | |
| 29. | | കാട്ടിപ്പരുത്തി-ചുങ്കം | | 0.75 | 5 | |
| 30. | | കഞ്ഞിപ്പുര-കല്ല്യാണ ഒറു റോഡ് | | 0.85 | 4 | |
| 31. | | വളാഞ്ചേരി ഹൈസ്കൂൾ-വടക്കുംപുറം | മൺ | 0.67 1/2 | 3 | |
| 32. | | കമ്മുട്ടിക്കുളം- മനപ്പടി | | 0.45 | 4 | |
| 33. | | വട്ടപ്പാറ-മൂരിങ്ങത്താഴം റോഡ് | | 0.80 | 5 | |
| 34. | | ശ്മശാനം റോഡ് | ടാർ | 0.80 | 5 | |
| 35. | | നമ്പൂതിരിപ്പടി-കുമൺകല്ല്റോഡ് | | 0.28 1/2 | 5 | |

| | | | | | |
|---|---|---|---|---|---|
| 36. | | പെരിന്തൽമണ്ണ റോഡ്-ഗവ. ആശുപത്രി അഡീഷനൽ | | 0.28 | 4 |
| 37. | | മനക്കൽപടി-ട്രെയിനിംഗ്സ്കൂൾ | | 0.2812 | 5 |
| 38. | | ബാവപ്പടി- എടയൂർ | | 0.3412 | 3 |
| 39. | 11 | പെരിന്തൽമണ്ണ റോഡ്- കുരുടിത്തോട് | മൺ | 0.53 | |
| 40. | | പതിനൊന്നാം മൈൽ-വെള്ളിമാട് കുന്ന് | | 0.10 | |
| 41. | | കുളമംഗലം പാറ-മാടത്തിയിൽ കുന്ന് | ടാർ | 0.32 | |
| 42. | | മൂച്ചിക്കൽ-വെണ്ടല്ലൂർ ഫൂട്ട്പാത്ത് | മൺ | 1.40 | |
| 43. | | കരിങ്കല്ലത്താണി - പെരിന്തൽമണ്ണ റോഡ് | മൺ | 0.72 | |
| 44. | 6 | കാട്ടിപ്പരുത്തി സ്കൂൾ -പിറളിപ്പാടം | | 0.51 | |
| 45. | | പിറളിപ്പാടം - നടുപ്പറമ്പ് - ഫുട്ട്പാത്ത് | | 0.20 | |
| 46. | 3 | കാട്ടിപ്പരുത്തി വില്ലേജ് - പൂച്ചക്കുന്ന് | | 0.16 | |
| 47. | 5 | പൈങ്കണ്ണൂർ സ്കൂൾ - നിരപ്പറമ്പ് | | 0.13 | |
| 48. | | പുത്തൻകളം മൊയ്തീൻകുട്ടിപ്പറമ്പ് - പുലാക്കാട്ട്പള്ളിയിൽ | | 0.46 | |
| 49. | | കുറ്റിപ്പുറം റോഡ്- മുള്ളൻമട | ടാർ | 0.56 | |
| 50. | | മുണ്ടിയൻതറ പെരുങ്കാവ് | മൺ | 0.51 | |
| 51. | | മുക്കിലങ്ങാടി - ആലുക്കൽപടി | മൺ | 0.24 | |
| 52. | | മാരാംകുന്ന്പറമ്പ്- നടപ്പാടം | | 0.15 | |
| 53. | | തിരുവേഗപ്പുറ റോഡ് 14/7 - കിഴക്കോട്ടുപടി | | 0.74 | |
| 54. | | എളൻപുലാവിൽ പടി- കൈത്തോട്ട് | | 0.71 | |
| 55. | | കുറ്റിപ്പുറം റോഡ് മൈൽ 13 -കരിമ്പനക്കുന്ന് | | 0.33 | |
| 56. | | കരിങ്കല്ലത്താണി - കല്ലുവരമ്പ്തോട് | | 0.60 | |
| 57. | | വൈക്കത്തൂർ ടി.ബി. - വടക്കുംപുറം | | 0.56 | |
| 58. | | കമ്മുട്ടിക്കുളം -മുത്തപ്പൻകുന്ന് | | 0.49 | |
| 59. | | മുക്കിലങ്ങാടി - പേരശ്ശനൂർ കുമ്മായക്കുഴി | | 0.47 | |
| 60. | | നട്ടംപുറം പള്ളിയിൽ | | 0.51 | |
| 61. | | പൈങ്കണ്ണൂർ സ്കൂൾ പടിഞ്ഞാറു ഭാഗം - നിരപ്പറമ്പ് | | 0.20 | |
| 62. | | തിരൂർ റോഡ്ബാങ്ക്പടി - ഹൈസ്കൂൾ | | 0.35 | |
| 63. | | പുറയങ്ങാട്ട്നടവഴി | | 0.24 | |
| 64. | | യു. മുഹമ്മദ്വീട്- പൂവക്കുന്ന് | | 0.07 | |
| 65. | | തിരൂർ റോഡ്- പൂവക്കുന്ന് | | 0.21 | |
| 66. | | വൈക്കത്തൂർ എൽ.പി.എസ് -പെരിന്തൽമണ്ണ | മൺ | 0.28 | |
| 67. | | കൈത്തോട്-മേൽപറമ്പ് | | 0.23 | |
| 68. | | വൈക്കത്തൂർ ടി.ബി.-പഴുതുരുത്തി | | 1.09 | |

| | | | |
|---|---|---|---|
| 69. | | കല്ലിങ്ങൽ തോട് ഫുട്ട്പാത്ത് | 0.09 |
| 70. | | വട്ടപ്പാറ നടവഴി | 0.36 |
| 71. | | വെള്ളാട്ട്തോട്- ആതവനാട് അക്കരത്തോട്നടവഴി | 0.64 |
| 72. | | അക്കരമ്മൽ തോട്- മനപടി | 0.15 |
| 73. | | എടത്തോട്-ചിനച്ചേരിപ്പറമ്പ് | 0.26 |
| 74. | | കൂത്തൻ വടിക്കിലാത്ത്പറമ്പ് | 0.12 |
| 75. | | വലിയ പള്ളിയാൽ-പന്നിയാം കുഴി | 0.11 |
| 76. | | കുത്തുകല്ല്മുണ്ടിയാംതറ പനമ്പൻ റോഡ് | 0.36 |
| 77. | | ചെട്ടിയാർപടി-മൂച്ചിക്കൽ | 0.87 |
| 78. | 5 | കൈത്തോട്-കരിമ്പനക്കുന്ന് | 0.45 |
| 79. | | കോതാളിച്ചെരു- അക്കരത്തോട് | 0.31 |
| 80. | | കിനാത്തിങ്ങൽ പള്ളിയിൽ -കോതോളിച്ചിറ | 0.22 |
| 81. | | കാർത്തലപ്പാടം- ഇടിയിട്ടുപറമ്പ് | 0.52 1/2 |
| 82. | | കമ്മാളൻതൊടി നടവഴി | 0.17 |
| 83. | | ചൂരക്കാട്ട്കുളം-നിരപ്പറമ്പ് | 0.21 |
| 84. | | ജന്മം പറമ്പ്-നിരപ്പറമ്പ് | 0.62 1/2 |
| 85. | | കുണ്ടംപള്ളിയിൽ നിരപ്പറമ്പ് | 0.45 |
| 86. | | അലക്കത്തൊടി- കാശാംകുന്ന് | 0.45 |
| 87. | | 5 കൈത്തോട്-കുളമ്പ് | 0.47 |
| 88. | | കാളിയാല-കക്കാട്ടപ്പാറ | 0.39 |
| 89. | | കാളപൂട്ടുകണ്ടം- അരിക്കത്ത്ചോല | 0.25 |
| 90. | | കടുങ്ങാട്ട്ചിറ-വലിയപാടം | 0.49 |
| 91. | | ചോലക്കൽ -കാഞ്ഞിരംപള്ളിയിൽ | 0.28 |
| 92. | | വടക്കത്ത്പറമ്പ്കൂത്തൻ നിലം | 0.08 |
| 93. | | കൂത്തൻ - ഇടത്തൻ നിലം (നടവരമ്പ്) | 0.06 |
| 94. | | ഇടത്തൻ നിലം - നടവരമ്പ് | 0.01 |
| 95. | | വട്ടപ്പാറ അടി-തടിയൻ കോട്ടുപടി | 0.31 |
| 96. | | പഴുക്കംപാറ-ചാഴിയൂർ പള്ളിയിൽ | 0.06 |
| 97. | | തിരൂർ റോഡ്ബാങ്ക്ബിൽഡിംഗ് -കൂവ്വക്കാട്മൺ | 0.16 1/2 |
| 98. | | കടുങ്ങാട്നടവഴി | 0.42 |
| 99. | | തടയങ്ങോട്ടുപടി-കുന്നൻകാട്ടുകുളം | 0.38 1/2 |
| 100. | | നിരപ്പിൽ പന-തേവർപറമ്പ് | 0.74 |
| 101. | | കരിങ്കല്ലത്താണി-പിരളിപ്പാടം | 0.87 |
| 102. | | തോരക്കാട്ട്പടി-കന്നൻകാട്ടു കുളം | 0.38 1/2 |
| 103. | | പാലാട്ടുപടി-കാട്ടിപ്പരുത്തി | 0.19 1/4 |
| 104. | | തിണ്ടലം റോഡ്കടുങ്ങാട്ട് | 0.06 |
| 105. | | എടത്തറ-തോട്ടുവരമ്പ് | |
| 106. | | ഓണിയൻപാലം-പുന്നംപള്ളിയാലിൽപടി | 0.240 5 |

| | | | | | |
|---|---|---|---|---|---|
| 107. | | ഇളംപിലാവ്കൈത്തോട്പാലാത്തോട്ടം | | 267 | 4 |
| 108. | | മൂരിങ്ങാത്താഴം-കള്ളിക്കാട് | | 257 | 5 |
| 109. | | മുള്ളൻമട-പാലക്കൽപടി റോഡ് | | 387 | 3 |
| 110. | | വഴുക്കപ്പാറ-കമ്മാളൻകുന്ന്റോഡ് | | 300 | 3.5 |
| 111. | 5 | എൻ.എച്ച് ഞാവലിൻകാട്റോഡ് | | 300 | 3 |
| 112. | 5 | മുക്കിലപ്പീടിക എൻ.എച്ച് കരിമ്പനക്കുന്ന്കുളമ്പ് | | 230 | 3 |
| 113. | 1 | മനക്കൽപടി കാരയിൽപടി | | 162 | 3 |
| 114. | 6 | താഴത്തങ്ങാടി-മഞ്ഞത്തോട്ടം റോഡ് | | 400 | 4 |
| 115. | 4 | കൊട്ടാരം-മാടത്തിയാർകുന്ന് നിരപ്പ് | | 91 | 2 |
| 116. | 2 | ഗവ. ഹോസ്പിറ്റലിനു വടക്കു പടിഞ്ഞാറു വശം | | 130 | 3 |
| 117. | 8 | കാരാട്ടുപടി പൂവ്വത്തിക്കുണ്ട്റോഡ് | | 584 | 3.10 |
| 118. | 2 | പോലീസ്റ്റേഷൻ റോഡ് | ടാർ | 110 | 3.30 |
| 119. | | കരിങ്കല്ലത്താണി-നരിപ്പൊറ്റ-ആക്കിപ്പാലം റോഡ് | മൺ | | |
| 120. | | കമ്മുട്ടിക്കുളം - കുരങ്ങൻ ഇടവഴി | | 273 | 2.50 |

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും



# ഭവനനിർമ്മാണം

പഞ്ചായത്തിലെ 57.30 ശതമാനം വീടുകളും ഓടു മേഞ്ഞവയും, 22.57 ശതമാനം വീടുകളും കോൺ ഗ്രീറ്റ് കെട്ടിടങ്ങളും, 20.12 ശതമാനം ഓലപ്പുരകളു മാണ്. കുടിലുകൾ പഞ്ചായത്തിൽ പുറമ്പോക്കുക ളിലും ദുർല്ലഭം ചില സ്ഥലങ്ങളിലും കാണപ്പെടു ന്നുണ്ട്. കോൺഗ്രീറ്റു വീടുകളുടെ നിർമ്മാണ ത്തിൽ ഗൾഫ് പണം കാര്യമായി സ്വാധീനം ചെലു ത്തിയിരിക്കുന്നു.

ലക്ഷം വീട് കോളനി പത്താം വാർഡിൽ ഒന്നുമാ ത്രമാണ്. വർദ്ധിച്ച ഭൂവില കൊണ്ട് ഭൂമിവാങ്ങാൻ പണമില്ലാത്തതു കൊണ്ടും സാമ്പത്തിക ബുദ്ധിമു ട്ടുകൊണ്ടും സ്വന്തമായി വീടുണ്ടാക്കുക എന്നു ള്ളത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വളരെ വിഷമകരമാണ്. നിർമ്മാണത്തൊഴിലാളിക ളുടെ കൂലിയും നിർമ്മാണ വസ്തുക്കളുടെ അനി യന്ത്രിതമായ വിലക്കയറ്റവും അന്തിയുറങ്ങാൻ ഒരു വീട് എന്ന സാധാരണക്കാരന്റെ സ്വപ്നത്തിന് മങ്ങ ലേൽപിക്കുന്നു. നിർമ്മാണത്തൊഴിലാളികളുടെ കൂലി പുരുഷന്മാർക്ക് 100 രൂപ മുതൽ 150 രൂപ വരും സ്ത്രീകൾക്ക് 75 രൂപ മുതൽ 100 രൂപവരെ യുംമാണ്.

## പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ രംഗത്ത് വിതരണം ചെയ്യുന്നത് കാർഷിക വികസന ബാങ്ക് ആണ്. 10 സെന്റു വരെ ഭൂമിയുള്ളവർക്ക് ഈ വായ്പ അതു കൊണ്ടുതന്നെ ലഭ്യമല്ല.

2. ഭവന നിർമ്മാണ സഹകരണ സംഘങ്ങളൊന്നും പഞ്ചായത്തിലില്ല.

3. കുറഞ്ഞ ചിലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ഉള്ള സാങ്കേതിക ജ്ഞാനമുള്ളവരും ഏജൻസികളും വിരളമാണ്. അത്തരം അസം സ്കൃത വസ്തുക്കളുടെ ലഭ്യതയും കുറ വാണ്.

4. സർക്കാരിന്റെയോ മറ്റു ഏജൻസികളുടെയോ ഭവന നിർമ്മാണ പദ്ധതി ഏറ്റെടുത്തു നടത്താ ൻ സന്നദ്ധ ഏജൻസികളുടെ അഭാവം.

5. വിവിധതരം കോളനികളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡും, പട്ടയവും ലഭിച്ചിട്ടില്ല.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ചിട്ടയായ ഒരു പ്രവർത്ത നവും നടക്കുന്നില്ല എന്നുതന്നെ പറയാം. അടുത്ത കാലത്തായി CBNP യുടെ പ്രവർത്തന മുണ്ടെങ്കിലും അതും വേണ്ടത്ര തൃപ്തികരമല്ല.

സന്നദ്ധ സംഘടനകളും ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അജ്ഞതയുടെയും നിസ്സഹായതയു ടേയും പേരിൽ സർക്കാർ നല്കുന്ന സാമൂഹ്യ ക്ഷേമരംഗത്തെ സഹായങ്ങൾ അർഹതപ്പെട്ട പലർക്കും ലഭ്യമാകുന്നില്ല എന്നത് പെൻഷൻ ധന സഹായം സംബന്ധിച്ച രേഖകൾ നോക്കിയാൽ അറിയാവുന്നതാണ്. വികലാംഗർക്കും, അഗതി കൾക്കും, വിധവകൾക്കും, വാർധക്യം ബാധിച്ച വർക്കും ഫാമിലി ബെനിഫിറ്റ് സ്കീമും വളാഞ്ചേരി പഞ്ചായത്തിൽ നിന്ന് പുതിയ കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം ശുപാർശ ചെയ്തിട്ടില്ല എന്നാണ് കാണുന്നത്. ഇതുവരെ ആകെ 28 വിധവാ പെൻഷനും, 12 വികലാംഗ പെൻഷൻ, ഒരു വാർധക്യ കാല പെൻഷൻ, 11 ക്ഷയരോഗ പെൻഷനും, ഒരു കുഷ്ഠരോഗ പെൻഷനും, രണ്ട് കാൻസർ പെൻഷനും ആണ് പഞ്ചായത്തിലെ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം.

കർഷകത്തൊഴിലാളി പെൻഷനും, തൊഴിലില്ലായ്മ വേതനവും വാങ്ങുന്നവർ ഉണ്ട്. (കണക്കു ലഭ്യമല്ല.)

പത്തൊമ്പത് അംഗനവാടികൾ നമ്മുടെ പഞ്ചായ ത്തിൽ ഉണ്ട്. സ്ഥലലഭ്യത ഇല്ലാത്തതു കൊണ്ട് പുതിയ അംഗൻവാടികൾ തുടങ്ങാൻ കഴിയാത്ത

### വീടുകളുടെ എണ്ണം

| നമ്പർ | ഇനം | എണ്ണം | ശതമാനം |
|---|---|---|---|
| 1. | ഓടിട്ടത് | 4006 | 57.30 % |
| 2. | ഓല | 1407 | 20.12 % |
| 3. | കോൺഗ്രീറ്റ് | 1578 | 22.57 % |
| 4. | കുടിൽ | ലഭ്യമല്ല | |
| | ആകെ | 6991 | |

സ്ഥിതി ഉണ്ടെന്നു പറഞ്ഞാൽ അതൊരു വിരോധാഭാസം തന്നെയാണ്.

ക്ഷേമനിധികളിൽ പലതിലും അർഹതപ്പെട്ടവരാരും തന്നെ അംഗങ്ങളായിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധിയും, ആർട്ടിസാൻസ് ക്ഷേമനിധിയുമാണ് പഞ്ചായത്തിൽ പ്രധാനമായി അംഗങ്ങളായിട്ടുള്ള ക്ഷേമനിധികൾ. ഇതിൽ തന്നെ ബഹുഭൂരിഭാഗവും ഇനിയും ചേർന്നിട്ടില്ല എന്നത് വസ്തുതയാണ്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധന സഹായങ്ങൾ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. IRDP ലിസ്റ്റ് പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള 2077 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അതിൽ 124 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. വിവിധ തൊഴിലുകൾക്കായി 218 കുടുംബങ്ങൾക്ക് ഇതുവരെ സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 123 കുടുംബങ്ങൾ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്.

## പ്രശ്നങ്ങൾ

1. വൃദ്ധമന്ദിരങ്ങളും വികലാംഗർക്കുള്ള സ്ഥാപനങ്ങളും ഇല്ല.
2. സാമൂഹ്യ ക്ഷേമ പ്രവർത്തനം തൃപ്തികരമല്ല.
3. കക്കൂസുകൾ ഇല്ലാത്ത വീടുകൾ നിരവധിയാണ്.
4. എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമനിധിയെ സംബന്ധിച്ച് അറിവോ ബോധമോ ഇല്ല.
5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം വേണ്ടത്ര യില്ല.
6. സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ ഇല്ല.

## ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

| പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിൽ | അവശേഷിക്കുന്നവർ |
|---|---|---|---|
| 23 | 2 | 7 | 14 |

# സാംസ്കാരികം



പുരാതനകാലത്ത് കലകളുടെ ആസ്ഥാനം ഇല്ല ങ്ങളും മനകളും ക്ഷേത്രങ്ങളുമായിരുന്നു. അടിസ്ഥാനവർഗ്ഗങ്ങൾ കാവുകൾ നിർമ്മിച്ച് തിറയും, പൂതനും കെട്ടി വേലയും, ആട്ടും ആഘോഷിച്ചിരുന്നു. ചവിട്ടുകളിയും, ഞാറ്റുപാട്ടും, ഓണപ്പാട്ടും ഇന്ന് സിനിമക്കും, ടി.വി. സീരിയലുകൾക്കും വഴി മാറിക്കൊടുത്തു. പള്ളികളിലും നേർച്ചസ്ഥലത്തും കണ്ടിരുന്ന ദഫ്മുട്ടും, കോൽക്കളിയും, ഒപ്പനപ്പാട്ടുകളും മത്സര സ്റ്റേജുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഗ്രാമശീലിൽ നിന്നും പട്ടണപരിഷ്കാരത്തിന്റെ പിന്നാലെ പോയ നമുക്ക് ഒന്നിനും സഹായമില്ലാത്ത ആധുനിക ലോകത്തിന്റെ തിരക്കു പിടിച്ച നിമിഷങ്ങളിൽ സ്വതന്ത്രമായി ആസ്വദിക്കുന്നിനുള്ള കലാമൂല്യങ്ങൾ തന്നെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു.

നാടകരംഗത്തെ കുട്ടിശങ്കരൻ മാസ്റ്ററും എഴുത്തുകാരൻ എൻ. ദാമോദരനും കഥാപ്രസംഗ രംഗത്തെ പഞ്ചവടി വാസനും സംഗീത നാടക രംഗത്തെ കുട്ടപ്പക്കുറുപ്പുമെല്ലാം വളാഞ്ചേരിയുടെ കലാ-സാംസ്കാരിക രംഗത്തെ പ്രഗത്ഭരായിരുന്നു. വളാഞ്ചേരിയിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു പൊതുജന വായനശാല നാമാവശേഷമായത് ആ രംഗത്ത് നമുക്കുണ്ടായ അപചയത്തെ സൂചിപ്പിക്കുന്നു. 1987-90 കാലഘട്ടത്തിൽ വളാഞ്ചേരി കോളേജിനു സമീപം പന്ത്രണ്ടിനപരിപാടിയുടെ ഭാഗമായി പഞ്ചായത്തുവക ഒരു സാംസ്കാരിക നിലയം തുറക്കുകയുണ്ടായി. ഇതിൽ വായനശാലയും ടെലിവിഷനും ഉണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രധാന കേന്ദ്രമായ പട്ടണത്തിൽ നിന്നും അകലെയാണെന്നതും പഞ്ചായത്തിന്റെ ഒരറ്റത്താണെന്നതുകൊണ്ടും വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

ഇലക്ട്രോണിക് ഉപകരണങ്ങളുടെ കടന്നുകയറ്റവും മറ്റും കാരണം വായന എന്ന നല്ല സ്വഭാവത്തിന് ഏൽപിച്ച ക്ഷതമാണ് ഗ്രന്ഥശാലകളുടെ പ്രവർത്തനമാന്ദ്യത്തിന് മുഖ്യകാരണം. അടിയന്തിരാവസ്ഥക്കുശേഷം ഗ്രന്ഥശാലാ പ്രസ്ഥാനത്തിനേറ്റ മുരടിപ്പും, പാശ്ചാത്യ പൈങ്കിളി സാഹിത്യ തള്ളിക്കയറ്റവും വായനക്കാരുടെ ഗൗരവം കുറച്ചു. നമ്മുടെ മനസ്സും മസ്തിഷ്കവും മരവിക്കുകയും, മലീമസമാവുകയും ചെയ്യുന്ന അവസ്ഥയിൽ നിന്ന് മോചനം നേടാൻ ഓരോ മനസ്സും സ്വയം പരിഹാരം കണ്ടെത്തി പക്വമാകേണ്ടതാണ്. നിരവധി ക്ലബ്ബുകളും, കലാസംഘടനകളും മുളച്ച് പൊന്തുകയും ആരംഭശൂരത്വം കാട്ടി തകരുകയും ചെയ്യുന്ന അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. കായികരംഗത്തെ അവസ്ഥയും ഇതിൽ നിന്നൊട്ടും വിഭിന്നമല്ല. കായികരംഗത്ത് വേനൽകാലത്ത് ഫുട്ബോൾ പ്രേമികൾ ചില്ലറ മത്സരങ്ങൾ നടത്താറുണ്ട്. പഞ്ചായത്തിൽ തന്നെ സെവൻസ് ഫുട്ബോൾ മത്സരം അരങ്ങേറുന്നുണ്ടെങ്കിലും അത് പഞ്ചായത്തിലെ കായിക പ്രതിഭകൾക്ക് ഉപയുക്തമാക്കാനോ പഞ്ചായത്തിന് വരുമാനമാർഗ്ഗമാക്കിത്തീർക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഫുട്ബോൾ കായികരംഗത്ത് അഭ്യാസം നടത്താനും കായികരംഗത്തെ പരിപോഷിപ്പിക്കുന്നതിനും ഗ്രൗണ്ടുകൾ ഇല്ല എന്നുള്ളതും ഈ രംഗത്തെ വികസനത്തിന് തടസ്സമാകുന്നു.

1987 മുതൽ പഞ്ചായത്തിടിസ്ഥാനത്തിൽ ഗ്രാമോത്സവങ്ങൾ നടത്താറുണ്ടെങ്കിലും അതും ഒരു ഒഫിഷ്യൽ പ്രോഗ്രാം ആയി മാറുന്നുണ്ട്. സമയപ്പെടുത്തി പ്ലാൻ ചെയ്യായ്ക, ജനപങ്കാളിത്തം ഉണ്ടാക്കാൻ വേണ്ടതായ പ്രവർത്തനങ്ങൾ നടത്തായ്ക ഇവയെല്ലാം ഈ രംഗത്തെ ന്യൂനതകളാണ്. എന്നിരുന്നാലും ഒന്നുമില്ലാത്ത അവസ്ഥക്ക് മാറ്റമായി ഇതിനെ നമുക്ക് കാണാം.

## നിർദ്ദേശങ്ങൾ

1. വളാഞ്ചേരി ബസ്റ്റാൻഡിൽ പുതുതായി നിർമ്മിക്കുന്ന ഷെഡിൽ ഒരു വായനശാല നിർമ്മിക്കാവുന്നതാണ്. അതിന്റെ ബാദ്ധ്യതയിൽ പകുതി പൊതുജനങ്ങൾ വഹിക്കും.

2. വളാഞ്ചേരി പാടത്ത് കൊല്ലംതോറും പഞ്ചായത്തിന്റെ നികുതിയിളവിന്റെ ആനുകൂല്യത്തിൽ ഫുട്ബോൾ പ്രേമികൾ മത്സരം സംഘടിപ്പിക്കുയും ഗ്രൗണ്ട് സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഏറ്റെടുത്ത്പഞ്ചായത്ത് സ്റ്റേഡിയം നിർമ്മിക്കണം.

3. പഞ്ചായത്തിൽ കുട്ടികൾക്കായി ഒരു മിനിപാർക്ക് ഉണ്ടാക്കണം.

4. യുവജനമേളകൾ കാലേകൂട്ടി പ്ലാൻ ചെയ്യുകയും മുന്നോടിയായി വാർഡ് തല മേളകൾ സംഘടിപ്പിക്കുകയും വിജയികളെ പാരിതോഷികങ്ങൾ നല്കി അനുമോദിക്കുകയും വേണം. ഇത് ഗ്രാമത്തിലെ മുഴുവൻ ജനങ്ങളുടേയും ഉത്സവമാക്കിമാറ്റുന്ന രീതിയിൽ പഞ്ചായത്ത് ഉത്സവങ്ങളാക്കണം.

5. വാർഡുകൾ തോറും മഹിളാസംഘങ്ങളും കലാ കായിക ക്ലബ്ബുകളും, വായനശാലകളും രൂപീകരിക്കണം.

6. വിഭവശേഷി തരാൻ തയ്യാറാകുന്ന വാർഡുകളിൽ സാംസ്കാരിക നിലയങ്ങളോ പൊതുവായനശാലകളോ നിർമ്മിക്കുന്നതിന് സഹായം നല്കണം.

## ക്ലബ്ബുകൾ/സാംസ്കാരിക യുവജന സംഘടനകൾ

| നമ്പർ | പേര് | സ്ഥലം | വാർഡ് | റെജി. നമ്പർ |
|---|---|---|---|---|
| 1. | നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | പൈങ്കണ്ണൂർ | 5 | 25/86 |
| 2. | പുലരി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | കൊട്ടാരം | 4 | 266/94 |
| 3. | സരിഗ കലാവേദി | കരിങ്കല്ലത്താണി | 3 | 614/92 |
| 4. | വളാഞ്ചേരി ആർട്ട്സ് & സ്പോർട്ട്സ് കൾച്ചറൽ ഓർഗനൈസേഷൻ | വളാഞ്ചേരി | 2 | 111/85 |
| 5. | ബ്രസീൽ | കൊട്ടാരം | 4 | |
| 6. | പ്രതികരണവേദി | വൈക്കത്തൂർ | 2 | 407/97 |

# വനിതാക്ഷേമം



പഞ്ചായത്തിലെ ജനസംഖ്യിൽ 50% ത്തിലധികം സ്ത്രീകളാണ് വിദ്യാഭ്യാസയോഗ്യതയിലും തൊഴിൽ മേഖലയിലും സ്ത്രീകൾ പുറകിലാണ്. ഭൂരിഭാഗം സ്ത്രീകളും വീട്ടുജോലികളിൽ വ്യാപൃതരായികഴിയുന്നു. പത്താം തരം വരെ പഠിച്ച സ്ത്രീകളിൽ അധികവും 15-നും 35നും വയസ്സിനിടയിൽ പ്രായമുള്ളവരാണ്, ഇവരെ ഉൾക്കൊള്ളാൻ പറ്റിയ വ്യാവസായിക സംരംഭങ്ങളൊന്നും പഞ്ചായത്തിൽ ഇല്ല. IRDP പദ്ധതിപ്രകാരം DWCRA യൂണിറ്റുകൾ രൂപീകരിച്ചു എങ്കിലും ഐക്യമില്ലായ്മയും പരസ്പരമുള്ള പൊരുത്തക്കേടുകളും, ലീഡർഷിപ്പിന്റെ അഭാവം കൊണ്ടും അവയിൽ ചിലത്. തകർന്ന സ്ഥിതിയാണ് പഞ്ചായത്തിൽ ഉള്ളത്.

പഞ്ചായത്തിൽ കാവുംപുറത്ത് ബിസ്മില്ല മഹിളാ സമാജത്തിന്റെ ടൈലറിംഗ് യൂണിറ്റാണ് മഹിളാ സംഘം നടത്തുന്ന പ്രധാന തൊഴിൽ സംരംഭം. വനിതകൾക്കായി പാൽ വിതരണ യൂണിറ്റ് കോഴി വളർത്തൽ യൂണിറ്റ്, തുന്നൽ-റെഡിമെയ്ഡ് വസ്ത്ര നിർമ്മാണകേന്ദ്രങ്ങൾ. ചെരുപ്പ്, മെഴുകുതിരി, പപ്പട നിർമ്മാണം, സോപ്പു നിർമ്മാണം, പേക്കിംങ് സാമഗ്രികളുടെ നിർമ്മാണം, ബുക്ക് ബൈന്റിംഗ്, അഗ്രിക്കൾച്ചറൽ നെഴ്സറി എന്നീ രംഗങ്ങളിൽ സംഘടിത ശ്രമം നടത്തുകയാണെങ്കിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടാക്കാൻ കഴിയും

സ്ത്രീകൾക്ക് എതിരായി വരുന്ന അതിക്രമങ്ങൾക്ക് എതിരായികുടുംബകോടതികൾ സ്ഥാപിച്ചും, അറുപതുവയസ്സുകഴിഞ്ഞ വൃദ്ധകൾക്ക് പെൻഷൻ നല്കിയും, വനിതകൾക്ക് സ്വയം തൊഴിലിന് വായ്പ സൗകര്യങ്ങൾ ഏർപ്പെടുത്തിയും വനിതാ ക്ഷേമത്തിനായി പ്രവർത്തികണം.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളെ തന്നെ ദ്രോഹിക്കുന്ന സ്ത്രീധന സമ്പ്രദായവും ഒരു പരിധിവരെ സ്ത്രീകളുടെ തന്നെ മുൻകൈയ്യോടെയാണ് നമ്മുടെ നാട്ടിൽ നടമാടുന്നത്. ഇതിനെതിരായി സ്ത്രീകൾ തന്നെ ഉദ്ബുദ്ധരായി മുന്നോട്ടിറങ്ങണം.

## പ്രശ്നങ്ങൾ

1. പെൺകുട്ടികൾക്ക് മാത്രമായി തൊഴിൽ സംരംഭങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല.

2. മദ്യനിരോധനവും സ്ത്രീധന നിരോധന നിയമവും നിലനിൽക്കുന്നുവെങ്കിലും ഫലപ്രദമായിട്ടില്ല.

3. DWCRA യൂണിറ്റികൾ വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല.

4. പൊതുരംഗത്തും തൊഴിൽ മേഖലയിലും സ്ത്രീ പങ്കാളിത്തം വിരളമാണ്.

5. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾ മറ്റുള്ളവരെ അപേക്ഷിച്ച് വിഷമങ്ങൾ നേരിടുന്നു.

6. ഭർത്താവുപേക്ഷിച്ച സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതിന് മാർഗ്ഗങ്ങളില്ല.

7. സ്ത്രീകൾക്ക് നേരെ സാംസ്കാരികവും, ശാരീരികവുമായ ആക്രമണം നടക്കുന്നു.


8. അന്ധവിശ്വാസങ്ങളേയും സ്ത്രീകൾക്കുനേരെയുള്ള ആക്രമങ്ങൾക്കും പ്രേരകമാകുന്ന പരസ്യങ്ങളും മാധ്യമങ്ങളും സമൂഹത്തിൽ ജീർണ്ണത വളർത്തുന്നു.

9. മഹിളാ സംഘങ്ങൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല.

## നിലവിലുള്ള മഹിളാ സംഘങ്ങൾ

1. പൈങ്കണ്ണൂർ മഹിളാസമാജം.
2. തൊഴുവാനൂർ മഹിളാസമാജം
3. ബിസ്മില്ല മഹിളാ സമാജം.

# സഹകരണം



അനൗദ്യോഗികമായി ഗ്രാമീണർ നടത്തിയിരുന്ന ഗ്രാമീണ സഹകരണ രൂപമായിരുന്നു. ചായക്കുറികളും, പണപ്പയറ്റും. അതിനു ശേഷം നാനാ വിധമായ വായ്പാ ആവശ്യം ഉയർന്നുവന്നതോടെ ഗുണ്ടിപ്പലിശും ഭൂപണയവും ഇല്ലായ്മ ചെയ്ത് സാധാരണ ജനങ്ങൾക്ക് വായ്പ ലളിതവും ഔദാര്യവും ആക്കുന്നതിന് ഐക്യനാണയസംഘങ്ങൾ പഞ്ചായത്തിൽ രൂപപ്പെട്ടു. ഐക്യനാണയസംഘം സർവ്വീസ് സഹകരണബേങ്ക് ആയി മാറിയതോടെ സഹകരണ രംഗത്ത് ഒരുകുതിച്ചുചാട്ടം തന്നെ പഞ്ചായത്തിനുണ്ടായി. അങ്ങിനെയാണ് കുറ്റിപ്പുറം വളാഞ്ചേരി പഞ്ചായത്തുകൾ പ്രവർത്തന മേഖലയായിട്ടുള്ള കുറ്റിപ്പുറം സർവ്വീസ് സഹകരണ ബേങ്ക് നിലവിൽ വന്നത്. ഇന്ന് വളാഞ്ചേരി പഞ്ചായത്തിൽ ഈ ബേങ്കിന് മൂന്ന് ശാഖകൾ ഉണ്ടെന്നുള്ളത് ഈ രംഗത്തെ വളർച്ച പ്രകടമാക്കുന്നു. രണ്ടു ലക്ഷം രൂപ വരെ കാർഷികേതര വായ്പ ലഭ്യമാക്കാൻ സഹകരണ ബേങ്കിനെക്കൊണ്ട് കഴിയുന്നുണ്ട്. എന്നാൽ വിപണന രംഗത്തും ഉപഭോകൃത രംഗത്തും സഹകരണ പ്രസ്ഥാനത്തിന്റെ അഭാവം പഞ്ചായത്തിന്റെ ആ മേഖലകളെ ഒട്ടേറെ ബാധിക്കുന്നുണ്ട്.

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബേങ്കിൽ പഞ്ചായത്തിലെ 8478 പേർ അംഗങ്ങളാണ്. ഇതിനു പുറമെ കാർഷികവികസന ബേങ്കിന്റെ ഒരു ശാഖയും,ജില്ലാ സഹകരണ ബേങ്കിന്റെ ഒരു ശാഖയും, ക്രെഡിറ്റ് മേഖലയിൽ വളാഞ്ചേരി പഞ്ചായത്തിലുണ്ട്. ഇവയൊക്കെയുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന ബ്ലെയിഡു കമ്പനികളുടെ വളർച്ചയും എണ്ണവും പരിശോധിച്ചാൽ വായ്പാ രംഗത്ത് നമ്മുടെ ആവശ്യം പൂർണ്ണമായി പരിഹരിക്കാൻ ഈ സ്ഥാപനങ്ങളെ കൊണ്ട് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം മനസ്സിലാകുന്നതാണ്.

വാണിജ്യ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന വളാഞ്ചേരി പട്ടണത്തിലെ ചെറുകിട വ്യവസായങ്ങൾക്കും, ബിസിനസ്സുകാർക്കും വായ്പ ലഭ്യമാകാൻ സഹകരണരംഗത്തിന് ഇനിയും മുന്നേറേണ്ടതുണ്ട്.

കാർഷിക വായ്പാ രംഗത്ത് 95-96 ൽ ഇരുപത്തിയെട്ടു പേർക്കായി 165450 രൂപ വായ്പ നല്കിയെങ്കിൽ കാർഷികേതര മേഖലയിൽ 447 പേർക്കായി 12520000/= രൂപ കുറ്റിപ്പുറം സർവ്വീസ് കഹകരണ ബേങ്ക് നൽകിയിട്ടുണ്ട് എന്ന് കാണാം. സ്വർണ്ണപ്പണയത്തിന്മേലുള്ള കടം ഇതിനം എത്രയോ അധികം വരും. കാർഷിക വായ്പയിൽ നിന്നും കാർഷികേതര വായ്പയിലേക്ക് ചുവടുമാറുന്ന ഈ രീതി പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിന്റെ കാർഷികേതര വായ്പയുടെ ആവശ്യകത മനസ്സിലാകും.

കൺസ്യൂമർ രംഗത്ത് വളാഞ്ചേരി,കുറ്റിപ്പുറം ഇരുമ്പിളിയം പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന വളാഞ്ചേരി കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വളാഞ്ചേരിയിൽ ഉണ്ടെങ്കിലും അതും പ്രവർത്തനക്ഷമമല്ല.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘവും വളാഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്. ചില്ലറ തുണി വിതരണവും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്, ആയിരം രൂപക്ക് താഴെയുള്ള കടം വായ്പയും ആ സംഘം നൽകുന്നുണ്ട്. കാർഷിക രംഗത്ത് പണിയെടുക്കുന്നതിനായി ട്രാക്ടറുകളും . ചില്ലറ കാർഷിക ഉപകരണങ്ങളും ഈ സംഘത്തിലുണ്ട്.

വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഏക സംഘമായ കുറ്റിപ്പുറം NES ബ്ലോക്ക് പ്രവർത്തന പരിധിയുള്ള കുറ്റിപ്പുറം ബ്ലോക്ക് ബീഡി സഹകരണ സംഘത്തിന്റെയും ആസ്ഥാനം വളാഞ്ചേരിയാണ്. ബീഡിത്തൊഴിലാളികളുടെ കൂലിയും പണിയും ഉറപ്പുവരുത്തുന്നതിന് ഒട്ടേറെ ഈ സംഘത്തിന് കഴിഞ്ഞുവെങ്കിലും ബീഡി വ്യവസായത്തിന്റെ പ്രതിസന്ധിയും ആ തൊഴിലിനോടുള്ള വിമുഖതയും കാരണം ഈ സംഘത്തിന്റെ പ്രവർത്തനത്തിനും അടുത്ത കാലത്തായി വേണ്ടത്ര മുന്നേറ്റമില്ല.

## പ്രശ്നങ്ങൾ

1. വിപണന സംഘങ്ങളും കർഷക സഹകരണ സംഘങ്ങളും സഹകരണ മാവേലി സ്റ്റോറുകളും ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, സ്പെയർ പാർട്ട് കട , സഹകരണ മെഡിക്കൽ സ്റ്റോർ എന്നിവക്ക് സാദ്ധ്യതയുണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.
2. കൊപ്ര സംഭരണവും, വിളവു വായ്പയും കാര്യക്ഷമമല്ല.
3. ഡയറി- ഖാദി, ഇൻഡസ്ട്രിയൽ, വനിതാ സംഘങ്ങൾ സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു.
4. നിർമ്മാണ രംഗത്തും സഹകരണ സ്ഥാപനങ്ങൾക്ക് സാദ്ധ്യതയുണ്ടെങ്കിലും അത്തരം സംരംഭങ്ങൾ ഉണ്ടായിട്ടില്ല.
5. ഗ്രാമീണ ഓട്ടു പാത്ര വ്യവസ്ഥയത്തിന് അടിത്തറയുള്ള പഞ്ചായത്തിൽ അവർക്കായി ഒരു സഹകരണ സംഘം സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു.
6. കാർഷിക വായ്പകൾ ലളിതവും പലിശ കുറച്ചും സമയത്ത് ലഭ്യമാക്കാൻ വേണ്ട പദ്ധതികൾ സഹകരണ ബേങ്കിലൂടെ നടപ്പാക്കേണ്ടിയിരി

സഹകരണ ബേങ്കിലൂടെ നടപ്പാക്കേണ്ടിയിരിക്കുന്നു.

## സഹകരണ സ്ഥാപനങ്ങൾ

1. കാർഷിക വികസന ബാങ്ക് ശാഖ. 1
2. കുറ്റിപ്പുറം സർവ്വീസ് കഹസരണ ബാങ്ക് 3
3. മലപ്പുറം ജില്ലാബാങ്ക് ശാഖ. 1
4. കുറ്റിപ്പുറം ബ്ലോക്ക് ബീഡി സഹകരണ സംഘം 1

ക്രഡിറ്റ് 5

നോൺ ക്രഡിറ്റ് 1

മൊത്തം 6



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



ചേറിലും മണ്ണിലും പണിയെടുക്കുന്ന അടിസ്ഥാനവർഗ്ഗം അടിയാളരായും ഭൂവുടമകൾ യജമാനരായും വാണിരുന്ന കാലത്തിന് അറുതി വന്നുകൊണ്ട് അടിസ്ഥാന വർഗ്ഗത്തിന് അവന്റെ ചാളക്കുപോലും ജന്മാവകാശം കിട്ടിയത് കുടിക്കിടപ്പാവകാശ സമരത്തിനു ശേഷമാണ്. യജമാനന്മാരെ മക്കളേക്കാൾ ഉപരി സ്നേഹിക്കുകയും മണ്ണിനെ ജീവനേക്കാൾ ഉപരി സംരക്ഷിക്കുകയും ചെയ്തിരുന്ന, ചാളകളിൽ കരിക്കാടി മോന്തി അന്തിയുറങ്ങിയിരുന്ന ഈ വർഗ്ഗത്തിന്റെ സൗഹൃദബന്ധം മുതലെടുത്ത് പ്രീണിപ്പിച്ച് കുന്നിൻ മുകളിലോ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലോ എത്തിക്കാൻ ഭൂവുടമകൾക്ക് കഴിഞ്ഞതിന്റെ ഫലമായി മിക്ക പട്ടികജാതി പട്ടികവർഗ്ഗ കോളനികളും കുന്നിൻ മണ്ടയിലോ മറ്റു ദുർഘട സ്ഥാനങ്ങളിലോ ആയി എന്നത് നമ്മുടെ പഞ്ചായത്തിലെ കോളനികൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലെ 25 കോളനികളിലായി 2842 പട്ടികജാതിക്കാർ താമസിച്ചു വരുന്നു. മൊത്തം ജനസംഖ്യയുടെ 9.47 ശതമാനം പട്ടികജാതി വിഭാഗത്തിൽപെടുന്നവരാണ്. സാമൂഹിക സാമ്പത്തികരംഗത്ത് ഈ വിഭാഗം വളരെ പുറകിലാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി അക്ഷരം പഠിക്കാൻ കഴിഞ്ഞു എങ്കിലും പട്ടികജാതി വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി വിജയശതമാനം വളരെ ചുരുങ്ങിയതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് അതുകൊണ്ടുതന്നെ വേണ്ടത്ര മുന്നോട്ടു വരാൻ ഇവർക്കു കഴിയുന്നില്ല. ജാതി വ്യവസ്ഥ നിലനിൽക്കുന്നില്ലെങ്കിലും മറ്റുള്ളവരോടൊപ്പം തല നിവർത്തി നിൽക്കാൻ മടിക്കുന്നവർ ഇന്നും ഈ വിഭാഗത്തിലുണ്ട്.

സർക്കാർ അനുവദിക്കുന്ന സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ വേണ്ടത്ര ഇവർക്ക് കഴിയുന്നില്ല. ഒരു അംബദ്ക്കർ കോളനിയും ഒരു ഐ.എച്ച്.ഡി.പി. കോളനിയും ഈ പഞ്ചായത്തിലുണ്ട്. പരിപൂർണ്ണമായി പട്ടികജാതിക്കാർക്ക് സർക്കാർ സഹായത്തോടെ വീട് നിർമ്മിച്ചു കൊടുക്കാൻ പഞ്ചായത്തിലെ 5-ാം വാർഡിലും വൈക്കത്തൂർ വാർഡ് 2 മൂച്ചിക്കൽ വാർഡ് 3 ലും കഴിഞ്ഞിട്ടുണ്ട്. മറ്റു പല കോളനികളിലും വീടില്ലാത്തവരും കക്കൂസില്ലാത്തവരുമായ കോളനി നിവാസികൾ ധാരാളമുണ്ട്. ഹരിജൻ കോളനികൾ ബഹുഭൂരിപക്ഷവും വൈദ്യുതീകരിക്കാത്തവയും അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്തതും കുടിവെള്ളക്ഷാമം നേരിടുന്നവയുമാണ്. പഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി ഒരു വിവിധോദ്ദേശ്യ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പട്ടികജാതികക്കാർ തിങ്ങിപ്പാർക്കുന്ന ചില പ്രദേശങ്ങളെ ഇനിയും കോളനികളായി പ്രഖ്യാപിച്ചിട്ടില്ല.
2. വീടു നിർമ്മിക്കാൻ സർക്കാർ അനുവദിക്കുന്ന സംഖ്യ തീർത്തും അപര്യാപ്തമാണ്.
3. സാമൂഹ്യക്ഷേമ പദ്ധതികൾ വേണ്ടത്ര ഇവരിലേക്ക് ഇനിയും ഇറങ്ങിച്ചെന്നിട്ടില്ല.
4. വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.
5. സർക്കാർ നൽകുന്ന ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളും മറ്റും കൈമാറ്റം ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
6. ബഹുഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങൾക്കും മിച്ചഭൂമി വിതരണം ചെയ്തുവെങ്കിലും കാലാവധിക്കു മുമ്പ് തന്നെ അന്യാധീനപ്പെടുത്തുകയും വിൽപ്പന നടത്തുകയും ചെയ്യുന്നതു മൂലം ഇവർ വീണ്ടും ഭൂരഹിതരായിത്തീരുന്നു.
7. കുടിവെള്ളവും വൈദ്യുതിയും ലഭിക്കുന്നില്ല.
8. പട്ടികജാതി ക്ഷേമ ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച് യഥാസമയം അറിയുന്നില്ല.
9. ഹരിജൻ ഹോസ്റ്റൽ ഉണ്ടെങ്കിലും അടിസ്ഥാന സൗകര്യമില്ല.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിവരം

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | പുത്തൻപറമ്പിൽ പട്ടികജാതി കോളനി | 5 |
| 2. | ആലുക്കപ്പടി കോളനി | 5 |
| 3. | മഠത്തിൽപറമ്പ്കോളനി | 5 |
| 4. | കൊട്ടാരം പട്ടികജാതി കോളനി | 4 |
| 5. | കൊട്ടാരം കുറവൻകോളനി | 4 |
| 6. | കോഴിക്കോട്ടുപടി കോളനി | 4 |
| 7. | നെഹ്രുജി കോളനി നരിപ്പൊറ്റ | 3 |
| 8. | മൂച്ചിക്കൽപട്ടികജാതി കോളനി | 3 |
| 9. | കടുങ്ങാട്കോളനി | 1 |
| 10. | കുന്നത്തമ്മാരിൽ കോളനി | 1 |
| 11. | മനക്കൽ പടി കോളനി | 1 |
| 12. | മാടത്തിയാർ കുന്ന്കോളനി | 1 |
| 13. | കാറളംകാട്കോളനി | 8 |
| 14. | കാരാട്ട്പട്ടികജാതി കോളനി | 8 |
| 15. | താന്നിയപ്പൻ കുന്ന്കോളനി | 8 & 12 |
| 16. | തെങ്ങിൻപറമ്പ്പുലാക്കോളിൽ കോളനി | 9 & 12 |
| 17. | കോതോളിൻ കോളനി | 9 & 12 |
| 18. | കള്ളിക്കാട് കോളനി | 9 & 12 |
| 19. | മൂർഖൻ പാട്ടിൽ കോളനി | 9 & 12 |
| 20. | പട്ടേരി പറമ്പിൽ കോളനി | 10 |
| 21. | മൈലാടി പറമ്പിൽ കോളനി | 7 |
| 22. | വൈക്കത്തൂർ അംബേദ്കർ ഗ്രാമം കോളനി | 7 |
| 23. | പൂളക്കൽ പറമ്പ്കോളനി | 7 |
| 24. | ഇല്ലത്തുപടി കോളനി | |
| 25. | വാക്കപ്പറമ്പ്കോളനി | 6 |

# വിഭവസമാഹരണം



പഞ്ചായത്തിന്റെ വികസനരംഗത്ത് ഇന്ന് നേരിടുന്ന മേൽസൂചിപ്പിച്ച വെല്ലുവിളികളെ നേരിടാൻ കോടിക്കണക്കിന് രൂപ ചിലവഴിക്കേണ്ടിവരുമെന്നത് നിസ്തർക്കമൊണ്. വികസന പ്രശ്നങ്ങൾക്ക് പരിഹാരം നേടുകയെന്നു വെച്ചാൽ അതിനുള്ള സ്രോതസ്സ് കണ്ടെത്തുക എന്നുള്ളതാണല്ലോ. സർക്കാരിൽ നിന്നും ലഭ്യമാകുന്ന പദ്ധതി വിഹിതത്തിന്റെ രണ്ടോ മൂന്നോ ഇരട്ടി ചില വഴിച്ചാലും പരിഹാരം കാണാത്തത്ര നീണ്ടതാണ് നമ്മുടെ വികസന രംഗത്തിന്റെ പ്രശ്നങ്ങൾ.

ആയതിനാൽ വിഭവങ്ങൾ നാം സ്വയം കണ്ടെത്തിയേതീരൂ. വിഭവങ്ങൾ കണ്ടെത്തുക എന്നുവച്ചാൽ ആത്യന്തികമായി എല്ലാ വികസന പദ്ധതികളുടേയും കേന്ദ്രബിന്ദു മാനുഷികാധ്വാനം തന്നെയാണ്. മനുഷ്യ വിഭവം നമ്മുടെ പഞ്ചായത്തിൻ വേണ്ടത്ര ഉണ്ടെന്നുള്ളതും വാസ്തവമാണ്. വാർഡ് തലങ്ങളിൽ നിന്നു വന്ന വികസന ചർച്ചകൾ സൂചിപ്പിക്കുന്നത് എന്തിനും സന്നദ്ധതയും പ്രതിബദ്ധതയും ഉള്ള അധ്വാന ശക്തിയുള്ള യുവജനങ്ങൾ സന്നദ്ധ പ്രവർത്തനത്തിന് ഒരുക്കമൊണ് എന്നുള്ളതാണ്.

രാഷ്ട്രീയ-ജാതീമത ചിന്തകൾകധീതമായി സർവ്വം മറന്ന്, കൈമെയ് മറന്ന് അധ്വാനിക്കാൻ തയ്യാറായ പ്രതിഫലേച്ഛ ഇല്ലാത്തയുവജനങ്ങളെ നാം ശ്ലാഘിക്കതന്നെ വേണം. ഇവരുടെ കഴിവുകൾ സാമ്പത്തിക മേഖലയിലെ ഉൽപാദന പ്രക്രിയകൾക്കായി പ്രയോജനപ്പെടുത്തുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ് കരിക്കപ്പെടേണ്ടിയിരിക്കുന്നു. പതിനൊന്നു വകസന മേഖലകളിലും സന്നദ്ധ പ്രവർത്തനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നുള്ളത് ആശാവഹമാണ്.

പന്ത്രണ്ടാം വാർഡിൽ സ്കൂൾ സ്ഥാപിക്കുന്നതിനായി കെട്ടിടവും പഠനോപകരണങ്ങളും സ്ഥലവാസികൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ശുദ്ധജലവിതരണ രംഗത്തും പദ്ധതിക്കാവശ്യമായ സ്ഥലവും മാനുഷിക ശക്തിയും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഗതാഗതരംഗത്ത് റോഡുകൾ നിർമ്മിക്കുന്നതിനും വിദ്യഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും, കോളനികളിൽ കിണർ കുഴിക്കുന്നതിനും, അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനും കൃഷിക്കാവശ്യമായ കുളങ്ങൾ മണ്ണെടുക്കുന്നതിന്നും ധാരാളം മനുഷ്യാധ്വാനവും സംഭാവനകളും സ്ഥലങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിനും ഇവ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

വളാഞ്ചേരി പ്രൈമറി ഹെൽത്ത് സെന്റർ വിപുലപ്പെടുത്തുന്നതിനും പാവപ്പെട്ടരോഗികൾക് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനും സംഭാവനകളും സ്പോൺസറുകളും മാനുഷികാധ്വാനങ്ങളും ഉപയോഗപ്പെടുത്താം.

ഇന്ന് തൊഴിൽ നികുതിപിരിക്കുന്നത് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും അതുപോലുള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ്. പഞ്ചായത്തിലെ സ്ഥാപന രജിസ്റ്റർ പരിശോധിച്ചാൽ സ്വകാര്യ ആശുപത്രികളിലെ മുഴുവൻ ജീവനക്കാരും ഇതിൽ വന്നിട്ടില്ല അതുപോലെ തന്നെ പട്ടണത്തിലുള്ള ഹോട്ടലുകളിൽ വെറും ലൈസൻസ് ഫീ മാത്രമാണ് പിരിക്കുന്നത്. അഞ്ചു മുതൽ പത്തുവരെ ജോലിക്കാരുള്ള ഹോട്ടലുകളും വാണിജ്യ സ്ഥാപനങ്ങളും പട്ടണത്തിലുണ്ട്. ഇവയിൽ നികുതിയും രജിസ്റ്ററും വെക്കുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനവും വിഭവസമാഹരണവും നട്തതാവുന്നതാണ്.

വളാഞ്ചേരി ടൗണിൽ ആയിരക്ണക്കിനു രൂപയുടെ ബിസിനസ്സുനടത്തുന്ന വിദേശ മദ്യഷാപ്പിലെ തൊഴിലാളികൾക്കും, പഞ്ചായത്തിലെ മറ്റു മദ്യവ്യവസായ മേഖലയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി സംഭരിക്കാവുന്നതാണ്.

ബസ്സ് സ്റ്റാൻഡിൽ നിലവിലുള്ള കംഫർട്ട് സ്റ്റേഷൻ വിപുലീകരിച്ച് കരാറിടിസ്ഥാനത്തിൽ ഏജൻസികളെ ഏല്പിച്ച് വരുമാനമുണ്ടാക്കാം.

നൂറുകണക്കിന് ഓട്ടോ, ടാക്സി, ജീപ്പ് എന്നിവക്ക് പാർക്കിങ് സൗകര്യമില്ലാതെവിർപ്പുമുട്ടുന്ന വളാഞ്ചേരിയിൽ ഓട്ടോ ടാക്സി സ്റ്റാൻഡ് നിർമ്മിച്ച് വണ്ടികളിൽ നിന്നും ഫീസ് ഈടാക്കാവുന്നതാണ്.

കോൺക്രീറ്റ് വീടുകളുടേയും, സ്വകാര്യ വാടകകെട്ടിടങ്ങളുടേയും ബിൽഡിംഗ് ടാക്സ് പുനർനിർണ്ണയം ചെയ്യുക. നിർമ്മാണ ചെലവ് കണക്കാക്കി നികുതികണക്കാക്കുക.

പഞ്ചായത്ത് റോഡുകളും പൊതുവഴികളും തടസ്സപ്പെടുത്തുന്നരീതിയിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റു പ്രവർത്തികൾക്കും നിർബന്ധ പിഴ ഈടാക്കുക.

പട്ടണത്തിൽ പരിസര മലിനീകരണം നടത്തുന്ന രീതിയിൽ റോഡിൽ ചപ്പുചവറുകളും മറ്റു മലിന വസ്തുക്കളും അശ്രദ്ധമായി വലിച്ചെറിയുന്നതു തടയാനും ഇല്ലാതാക്കാനും അങ്ങിനെ ചെയ്യുന്നവരെ കണ്ടെത്തി പിഴഈടാക്കുക. ഇത് പട്ടണത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും നിർബന്ധമായും ബാധകമാക്കുക.

പഞ്ചായത്തിലെ കുളങ്ങളിലെ മത്സ്യങ്ങൾലേലം ചെയ്യുക. പഞ്ചായത്തുവക പുറംമ്പോക്കുകളിലും റോഡരുകുകളിലും വൃക്ഷത്തൈകൾ വെട്ടുപിടിപ്പിച്ച് അവയുടെ ഇലയും തടിയും ലേലും ചെയ്ത് വരുമാന മുണ്ടാക്കാം.

കൃഷിനിലങ്ങൾ നികത്തിപറമ്പാക്കുന്നതിന് പിഴ ഈടാക്കുക. വിദേശപണം പഞ്ചായത്തിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുക. പഞ്ചായത്തിന്റെ ഷോപ്പിംങ് കോംപ്ലക്സ് നിർമ്മാണത്തിനോ കല്യാണ മണ്ഡപം, ലോഡ്ജ്, കുട്ടികളുടെ പാർക്ക് സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനോ പഞ്ചായത്തിന്റെ വ്യവസായസംരംഭങ്ങൾക്കോ താൽപര്യമുള്ള വിദേശ ഇന്ത്യക്കാരുടെ നിക്ഷേപം സ്വീകരിക്കുക. അവർക്ക് ഒരു നിശ്ചിത പലിശ കണക്കാക്കി നിശ്ചിത കാലാവധിക്ക് സംഖ്യ മടക്കി കൊടുക്കുകയോ അല്ലെങ്കിൽ നിക്ഷേപം അവരുടെ ഓഹരികളാക്കി മാസാമാസം അവർക്ക് വരുമാനത്തിന്റെ ഒരംശം ഷെയർ അനുപാതത്തിൽ കൊടുക്കുകയോ ചെയ്യുക.

വികസന പ്രവർത്തനത്തിനുവേണ്ടി പഞ്ചായത്തിലെ മതസ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

സാധാരണക്കാരെ ബാധിക്കാത്ത പുതിയ നികുതികൾ ചുമത്താം.

ലൈസൻസ് ഫീസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുക. പഞ്ചായത്ത് നമ്പർ ഇടാതെ റൂമുകളിൽ കച്ചവടം നടത്തുന്ന സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുക.

നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ വലുതാക്കി ഒന്നാം നില റൂമുകളാക്കി വാടകക്ക് കൊടുക്കുകയും മുകളിൽ എല്ലാ സൗകര്യങ്ങളോടുകൂടിയ ഒരു ഹാൾ പണിയുകയും ചെയ്യുക. സ്വകാര്യ പണമിടപാടുക സ്ഥാപനങ്ങൾക്ക് ഫീസ് ചുമത്തുക.

പഞ്ചായത്തിനെ ഏൽപിച്ച ടി.ബി. കോമ്പൗണ്ടിൽ ടൂറിസ്റ്റ് ബംഗ്ലാവ് പണിയുകയോ ഫ്ളാറ്റുകൾ നിർമ്മിച്ച് വാടകക്ക് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

വളാഞ്ചേരി പഞ്ചായത്തിന്റെ ഇതുവരെയുള്ള ധനാഗമ മാർഗ്ഗങ്ങൾ കെട്ടിട നികുതിയും, ലൈസൻസ് ഫീസും, തൊഴിൽ നികുതിയും, ഷോപ്പിംഗ് കോംപ്ലക്സ് കമ്മ്യൂണിറ്റിഹാൾ, നിത്യമാർക്കറ്റ്, ആഴ്ചചന്ത, അറവുശാല, ബസ്റ്റാൻഡ്, വിനോദനികുതി, എന്നിവയാണ്. സാമാന്യം നല്ലവരുമാനവും അതിനനുസരിച്ച ചിലവുകളുമുള്ളൊരുപഞ്ചായത്താണ് വളാഞ്ചേരി പഞ്ചായത്ത് അതുകൊണ്ടുതന്നെ പുതിയ വഭവസമാഹരണ ശ്രോതസ്സുകളിൽ കൂടി സാമൂഹിക, സാമ്പത്തിക മേഖലയിൽ പുതിയ മുന്നേറ്റത്തിന് ജനകീയ ആസൂത്രണത്തിലൂടെ മുന്നേറാം.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | സംഖ്യ |
|---|---|
| 1. കെട്ടിട നികുതി | 476328.94 |
| 2. സർവ്വീസ്ചാർജ്ജ്(ലൈബ്രറി) | 23655.91 |
| 3. തൊഴിൽ നികുതി | 127314.00 |
| 4. വിനോദ നികുതി | 983071.89 |
| 5. അഡീഷണൽ വിനോദ നികുതി | 589025.84 |
| 6. പ്രദർശന നികുതി | 8230.00 |
| 7. " സർചാർജ്ജ് | 2002.50 |
| 8. ചന്ത | 177000.00 |
| 9. ലൈസൻസ് ഫീ | 13600.50 |
| 10.വസ്തു കൈമാറ്റ നികുതിയുടെ 75% | 35211.00 |
| 11.സർക്കാർ ഗ്രാന്റ് | 383532.00 |
| 12.ഡിപ്പോസിറ്റ് | 318378.00 |
| 13.മറ്റു വരവ് | 997478.61 |
| ആകെ | 4134890.19 |

## പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. കുറ്റിപ്പുറം സർവ്വീസ്സഹകരണ ബാങ്ക് | 3 ശാഖ | സഹകരണം |
| 2. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 1 | സഹകരണം |
| 3. കനറാ ബാങ്ക് | 1 | പൊതു സ്ഥാനം |
| 4. സ്റ്റേറ്റ്ബാങ്ക് ആഫ്ട്രാവൻകൂർ | 1 | പൊതു സ്ഥാനം |
| 5. ധന ലക്ഷ്മി ബാങ്ക് | | സ്വകാര്യം |
| 6. സബ്ട്രഷറി | 1 | സർക്കാർ |
| 7. സൗത്ത് ഇൻഡ്യൻ ബാങ്ക് | 1 | സ്വകാര്യം |
| 8. കേരള സ്റ്റേറ്റ്ഫിനാൻഷ്യൽ എന്റർപ്രൈസസ് | 1 | സർക്കാർ |
| 9. കാർഷിക വികസന ബാങ്ക്ശാല | 1 | സഹകരണം |

## ചിലവ്സംബന്ധിച്ച വിവരങ്ങൾ

| | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1. | ഭരണം | 9,90,165.00 |
| 2. | പൊതുമരാമത്ത് | 28,37,514.00 |
| 3. | വിദ്യാഭ്യാസം | 21,905.00 |
| 4. | ജലവിതരണം – പൊതുജനാരോഗ്യം | 22051.00 |
| 5. | മറ്റുള്ളവ | 8,95,586.00 |
| | ആകെ | 48,20,343.00 |

സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ

| | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റുസേവന മേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ |
| സ്ഥാപനങ്ങൾ | 3 | - | 14 | 17 | 3 | - | 5 | 8 | 17 | 4 | 9 | 30 |
| ജീവനക്കാർ | 53 | - | 270+23 | 346 | 28 | - | 33 | 61 | 216 | 52 | 47 | 315 |

## സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| വക വിവരം | വില്ലേജ് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|
| 1. പഞ്ചായത്ത് ഓഫീസ് | കാട്ടിപ്പരുത്തി | 13 സെൻറ് | 13 ലക്ഷം |
| 2 ബസ്സ്റ്റാന്റ് | ' | 79 സെൻറ് | 79 " |
| 3.മാർക്കറ്റ് | ' | 61 ' | 61 ' |
| 4.ഷോപ്പിംഗ്സെൻറർ | | ' | 40 ' |
| 5.സാംസ്കാരിക നിലയം | ' | 10 ' | 1 ലക്ഷം |
| 6.ശ്മശാനം | ' | 64 ' | 1 .5 ലക്ഷം |
| 7. ഡംബിങ്ഗ്രൗണ്ട് | | 28 ' | 10ലക്ഷം |
| 8. വെറ്റിംഗ്ഷെഡ് | ' | 7 ' | ' |
| 9. തരിശ്മൈലാടി | ' | 61 ' | 3 ലക്ഷം |
| 10. ടി.ബി. കോമ്പൗണ്ട് | ' | 63 ' | 1 2 ലക്ഷം |

'

# ഉപസംഹാരം

നമ്മുടെ നാളിതുവരെയുള്ള വികസന സമീപനം അശാസ്ത്രീയ മാണെന്ന് ഇന്നോളമുള്ള അനുഭവത്തിൽ നിന്നും ജനകീയ സംവേദത്തിൽനിന്നും നമുക്ക് ബോധ്യമായല്ലോ. ഒരു പറ്റം ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ ഒതുങ്ങിയിരുന്ന പദ്ധതികളുടെ ആസൂത്രണം മാറ്റി ശാസ്ത്രീയവും ജനകീയവുമായ ഒരു വികസന തന്ത്രം രൂപപ്പെടുത്തുന്നതിന്റെ മുന്നോടിയായി നടക്കുന്ന പ്രവർത്തനമാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ നാം കൈവരിച്ചിരിക്കുന്നത്. വികസനം ഏതാനും വ്യക്തികളിലോ പ്രദേശങ്ങളിലോ കേന്ദ്രീകരിക്കപ്പെട്ടുകൂടാ. അതു മുഴുവൻ ജനങ്ങൾക്കും അർഹിക്കുന്ന വിധത്തിൽ ലഭ്യമാക്കുകതന്നെ വേണം. അതിന് നമുക്ക് ഇന്നേവരെ കേന്ദ്രീകരിക്കപ്പെട്ട അധികാരത്തെ വികേന്ദ്രീകരിച്ചേ മതിയാകൂ.

വികസനം ജനകീയ വത്കരിച്ചേമതിയാകൂ. അധികാരവികേന്ദ്രീകരണം അതിന് അത്യന്താപേക്ഷികമാണ്. വികേന്ദ്രീകരിക്കപ്പെടാത്ത അധികാരം ഫാഷിസമാണ്. അത് നമ്മെ ഉന്മത്തരാക്കും. ആ സ്ഥിതി നമുക്ക് വന്നുകൂടാ. 'ഒൻപതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യത്തിലൂടെ അധികാരവികേന്ദ്രീകരണത്തിനുള്ള അവസരം നമുക്ക് ലഭിച്ചിരിക്കുകയാണ്. ഇത് നിലനിർത്തി കൂടുതൽ ഫലപ്രദവും ജനാധിപത്യപരവുമാക്കി മാറ്റാനുള്ള ബാദ്ധ്യത ജനങ്ങൾക്കാണ്. അവരത് ചെയ്തില്ലെങ്കിൽ നാം കൈവരിച്ചതാകെ നഷ്ടമാകും. വീണ്ടും അധികാരം കേന്ദ്രീകരിക്കപ്പെടും. അതിനാൽ നാം അയൽ കൂട്ടങ്ങളും, നാട്ടുകൂട്ടങ്ങളും, ഗ്രാമസഭകളും, ഗ്രാപഞ്ചായത്തും പുതിയ ഒരു പ്രതിജ്ഞയെടുക്കണം. നമ്മൾക്ക് വേണ്ടത് നമ്മൾ നടപ്പിലാക്കും.

ഓരോ പ്രദേശത്തിന്റേയും അനുയോജ്യവും പ്രവർത്തനക്ഷമവുമായ നല്ല പദ്ധതികൾ ആസൂത്രണം ചെയ്യാൻ നമുക്കുകഴിയണം. അതിനുള്ള അറിവും പ്രാപ്തിയും നാം കൈവരിക്കണം. നമ്മുടെ പഞ്ചായത്തുകളിലെ വിഭവങ്ങളെ കുറിച്ച് വ്യക്തമായ ധാരണയും നമ്മുടെ ആവശ്യങ്ങളെ കുറിച് സമഗ്രമായ ചർച്ചയും പുതിയ ആശൂത്രണ തന്ത്രത്തിന്റെ പ്രധാനഘടകങ്ങളാണ്. നാല്പതുശതമാനം പദ്ധതിവിഹിതം ഒൻപതാം പദ്ധതികാലത്ത് വിവിധ തലത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് ലഭ്യമാകാൻ പോവുകയാണ്. ഇത് മൊത്തം പദ്ധതിതുകയായ 14800കോടി രൂപയുടെ 40% ശതമാനമായ 5920 കോടിരൂപയാണ് ഇതിന്റെ പകുതിയും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കാൻ പോകുന്നു എന്നത് നിസ്സാരമായ കാര്യമല്ല. എഴുപത്തഞ്ചുലക്ഷംത്തോളം രൂപ പ്രതിവർഷം ഈ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നു എന്നുവന്നാൽ അത് നിസ്സാരമല്ല. നമ്മുടെ വിഭവവും പ്രസ്തുത സംഖ്യയും ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന ആശകൾക്കും ആവശ്യങ്ങൾക്കും പ്രാവർത്തിക രൂപം നല്കണമെങ്കിൽ ഇനിയും ഒട്ടേറെ വിഭവസമാഹരണമേഖല നാം കണ്ടെത്തിയേതീരൂ. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ പുതിയ പുതിയ മേഖലകളിലേക്ക് എത്തേണ്ടതായിട്ടുണ്ട്. ഏതു വികസനത്തിന്റേയും കേന്ദ്രബിന്ദുമാനുഷിക അദ്ധ്വാനവും കഴിവും തന്നെയാണ്. ആധുനിക ലോകത്തെ കെട്ടിപടുത്ത മാനവരാശിക്ക് ഇന്ന് കർമ്മപഥത്തിലിറങ്ങാൻ ക്രയശക്തിയുള്ള യുവജനശക്തിയുണ്ടെന്നുള്ളത് നമുക്ക് അറിയാമല്ലോ?

തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ലക്ഷങ്ങളുടെ നാടായ നമ്മുടെ കേരളത്തിൽ അതുകൊണ്ടുതന്നെ നമുക്ക് സംഭരിക്കാൻ കഴിയാവുന്ന ഏറ്റവും വലിയ വിഭവശക്തിമാനുഷിക അദ്ധ്വാനം തന്നെയാണ്. എന്നാൽ ഉപകരണങ്ങളും ഉല്പന്നങ്ങളും പുതിലക്ഷ്യത്തിലെത്താൻ ഒട്ടേറെ വേണ്ടതുണ്ട്. അതിനാൽ മറ്റുവിഭങ്ങളും കണ്ടെത്തണം. അതിലേക്ക് വഴി തുറക്കുന്ന ഇന്നേവരേയുള്ള വിഭവങ്ങളെ സംബന്ധിച്ചും അവ ഉയോഗിച്ചുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു പുതിയ വിഭവമേഖലകൾ എങ്ങിനെയെല്ലാം ഉണ്ടാക്കാം എന്നതിനെ കുറിച്ചും വഴിതെളിയിക്കുന്ന സമഗ്രമായ ഒരു ചർച്ചയിലേക്ക് വഴികാട്ടേണ്ടതുണ്ട്.

ഈ റിപ്പോർട്ട് ആ അർത്ഥത്തിൽ പരിശോധിച്ചാൽ സമ്പുഷ്ടമാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. നിങ്ങളുടെ അറിവിലേക്ക് വെളിച്ചം പകരാനും ആ അറിവിലൂടെ കിട്ടുന്ന കാര്യങ്ങൾ ഉൾക്കൊണ്ട് സമ്പുഷ്ട മാക്കുന്നതിനും ഒരു ചെറിയ വിവരണം എന്നതിലുപരി നമ്മുടെ പഞ്ചായത്തിന്റെ വളർച്ചയും പ്രകൃതിയും ജനങ്ങളും അവരുടെ നാനാവിധമായ വികസന പ്രശ്നങ്ങളും പരിഹാരങ്ങലും വേണ്ടവിധത്തിൽ പരാമർശിച്ചു എന്ന അഭിപ്രായം ഞങ്ങൾക്കില്ല. പോരായമകളുണ്ട്..........അതുകൊണ്ട്...............ഒന്നും ചെയ്യാതിരിക്കാൻ നമുക്കാവില്ല...........ഈകാലം നമ്മോടുപറയന്നു............ഈനാട് നമ്മളെ വിളിക്കുന്നു.............ഇല്ല................ഈ കേരളത്തെ ഒരു ഉപഭോഗ ചന്തയാക്കി മാറ്റാൻ ഞങ്ങളനുവദിക്കില്ല. ഹരിതാമായ നാടേ.............നിന്റെ മടിയിൽ പ്രകൃതിതന്ന സമ്പത്ത് കൊണ്ട് ധന്യമായ ഒരു രാഷ്ട്രമാക്കി കാർഷിക, വ്യവസായിക, വിദ്യാഭ്യാസ, ആരോഗ്യ, മറ്റിതരമേഖലകളേയും ഞങ്ങൾ സമ്പുഷ്ടമാക്കും എന്ന പ്രതിജ്ഞയോടെ അതിനായി ആയിരമല്ല കോടികണക്കിന് കൈകൾ കൊടിനിറഭേദങ്ങൾ മാറ്റി കർമ്മപഥത്തിൽ ഇതാ ഒരു പുതിയ സംസ്കാരത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് മുന്നോട്ടുവരികയായി. ഈ അവസരത്തിന് തുടക്കം കുറിച്ചവരോട് ഞങ്ങൾ കൃതാർത്ഥരാണ്.........................നന്ദിയുള്ളവരാണ്.......................

## ഗ്രാമസ്വരാജിന്റെ സാക്ഷാത്ക്കാരം


# അധികാരം ജനങ്ങൾക്ക്

"നാമറിയുക നമ്മളെ നാടിനെ

നാം നിശ്ചയിക്കുക. നമ്മൾക്കുവേണ്ടതും

നാം ഉറക്കെപ്പറയുക

നാം പുതുക്കിപണിയുമീ നാടിനെ


വള്ളാഞ്ചേരി പഞ്ചായത്ത്
കാസർഗോഡ്
കണ്ണൂർ
വയനാട്
കോഴിക്കോട്
മലപ്പുറം
പാലക്കാട്
തൃശ്ശൂർ
എറണാകുളം
ഇടുക്കി
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം.